
Sri. C. V. Iyyu: He has not done so publicly.

Mr. Speaker: That does not matter.

Sri. C. V. Iyyu: Then I would raise a point of order that it was not proper that the Speaker allowed him to take the oath of office privately. I want a ruling from the Chair in the matter.

Mr. Speaker: There is nothing wrong in the procedure followed in regard to this matter.

Sri. C. V. Iyyu: I move that:—

After the word 'Assembly' the following sentences may be added:..

"but regrets that the speech do not contain the efficient ways and means to solve the following problems which have confronted Your Highness's Government:—

(*i*) the effective methods of procurement, import, and distribution of foodgrains;

(*ii*) the hardships due to the bringing in the new secondary education scheme as it is at present;

(*iii*) the administration of medical department;

(*iv*) the maintenance of law and order in the State;

(*v*) the discontent prevalent in the policy of administration as far as certain classes of Government servants;

[Sri C. V. Iyyu]

(*vi*) the injustice done towards the inhabitants of certain areas of the State ;

(*vii*) the hardships likely to happen due to the introduction of the token land tax in the Cochin area.

രാജപ്രമുഖൻ തിരുമനസ്സിലേക്കു് സമർപ്പിക്കുന്നതിനുള്ള അനുമോദനപത്രത്തിൽ ഈ രാജ്യത്തിന്റെ ഭരണത്തിനാവശ്യമായ പല സംഗതികളും വിട്ടുപോയിട്ടുള്ളതായി കാണുന്നതിൽ എനിക്കു നിർവ്യാജം വ്യസനിക്കാതിരിക്കാൻ തരമില്ല. അതിൽ ഏററവും പ്രധാനമായിട്ടുള്ളതു് രാജ്യത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ അതിപ്രധാനമായ (ഇപ്പോഴത്തെ പരിതഃസ്ഥിതി അടിസ്ഥാനപ്പെടുത്തി) ഭക്ഷണസാധനങ്ങൾ ശേഖരിക്കുക, അവ ഇറക്കുമതി ചെയ്യുക, വേണ്ടതരത്തിൽ വിതരണം ചെയ്യുക, എന്ന വിഷയത്തിൽ ഗവമ്മെണ്ടു് കാര്യക്ഷമരഹിതമായി നടത്തുന്ന പ്രവർത്തനത്തെയാണു് ഞാൻ ആദ്യം വിമർശിക്കുന്നതു്. രാജ്യവാസികൾക്കു് ഏററവും പ്രധാനമായി ആവശ്യമായ ഭക്ഷണസാധനം നമ്മുടെ രാജ്യത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നതിനു് എത്ര ശ്രമിച്ചാലും സാധിക്കുമോയെന്നുള്ള കാര്യം സംശയമാണു്. സാധിക്കുകയില്ലെന്നുതന്നെ പരിപൂർണ്ണമായി വിശ്വസിക്കാൻ പല കാരണങ്ങളുമുണ്ടെന്നു് എനിക്കറിയാവുന്നതുപോലെ മററെല്ലാപേക്കുമറിയാം. എന്നാൽ ക്ഷേമോൽപ്പാദനത്തിനു് ദീർഘകാലപദ്ധതികൊണ്ടു് കുറെയൊക്കെ സാധിച്ചെന്നു വരാം. കൂടാതെ ഹ്രസ്വകാലപദ്ധതികൊണ്ടു് അല്പം ചിലതൊക്കെയും സാധിച്ചേക്കാം. എന്നല്ലാതെ നൂറു ശതമാനവും ഭക്ഷ്യധാന്യങ്ങൾ എത്ര ശ്രമിച്ചാലും ഇവിടെ ഉണ്ടാക്കാൻ സാധിക്കുകയില്ല. എന്നാൽ നമുക്കു് കയററുമതി ചെയ്യുന്നതിനു് സൗകര്യമുള്ള ധാരാളം സാധനങ്ങൾ ഇവിടെ കൃഷിചെയ്തു ഉൽപ്പാദിപ്പിക്കുന്നതിനു് സാധ്യതയുള്ള ഭൂപ്രദേശങ്ങൾ ധാരാളമുണ്ടു്. അങ്ങിനെയുള്ള പ്രദേശങ്ങളിൽ കുരുമുളകു്, റബ്ബർ, തേയില, ഏലം, ഇഞ്ചി മുതലായ സാധനങ്ങൾ കൃഷി ചെയ്തുണ്ടാക്കി വിദേശങ്ങളിലേക്കയച്ചു് ഡാളർ സമ്പാദ്യം ഉണ്ടാക്കുവാൻ കഴിവുള്ള രാജ്യമാണു് നമ്മുടെ സ്റ്റേററു്. ഇൻഡ്യയിൽ മറെറവിടത്തേക്കാളും ഡാളർ സമ്പാദിക്കുന്നതിനു് സാദ്ധ്യതയുള്ള നമ്മുടെ സ്റ്റേററിൽ അങ്ങനെ ഡാളർ ഉണ്ടാക്കി ഭക്ഷണസാധനങ്ങൾ പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന കാര്യത്തിലാണു് ഗവമ്മെൻറു് ബുദ്ധിപൂർവ്വമായി പ്രവർത്തിക്കേണ്ടതു്. അതുകൊണ്ടു് ഇന്നുള്ള ജലസേചനപദ്ധതി വേണ്ടെന്നു വയ്ക്കണമെന്നോ അതു ഇല്ലാതാക്കണമെന്നോ ഞാൻ അഭിപ്രായപ്പെടുന്നില്ല. ഇൻഡ്യാഗവമ്മെൻറു് ഭക്ഷണ—ധാന്യോൽപ്പാദനത്തിനുവേണ്ടി അനുവദിച്ചിരുന്ന ഇരുപതുലക്ഷം രൂപായോളം അതായതു് പഴയ കൊച്ചിപ്രദേശത്തെ മൈനർ ഇറിഗേഷനും മററുമായി തരാമെന്നു് നിശ്ചയിച്ചിരുന്ന ൨൦ ലക്ഷം രൂപാ മുഴുവനും ലാപ്സാക്കിക്കളഞ്ഞു. എന്നാൽ ലാപ്സാക്കിക്കളഞ്ഞില്ലായെന്നു് മരാമത്തുമന്ത്രി പറയുന്നുവെങ്കിലും യഥാർത്ഥത്തിൽ അതു ലാപ്സായിപ്പോയെന്നാണു് എന്റെ സൂക്ഷ്മമായ അറിവു്. മറെറാരുവിധത്തിൽ പറയുകയാണെങ്കിൽ ഗവമ്മെൻറിന്റെ അനാസ്ഥകൊണ്ടുമാത്രം ആ തുക മുഴുവനും ജനങ്ങൾക്കു് നഷ്ടപ്പെട്ടുപോയിയെന്നുള്ളതാണു് സങ്കടകരം. ആ തുക മുഴുവനും കൊച്ചിരാജ്യത്തുതന്നെ ചെലവിടേണ്ടതായിരുന്നു. തിരുവിതാംകൂർ—കൊച്ചി സംയോജനത്തിൽ പററിയിട്ടുള്ള വലിയ ദൂഷ്യങ്ങളിലൊന്നാണു് കൊച്ചിക്കു കിട്ടാനുള്ള ഇരുപതുലക്ഷം രൂപ നഷ്ടപ്പെടുത്തിയെന്നുള്ളതു്. ഭക്ഷണധാന്യശേഖരത്തെ സംബന്ധിച്ചു് ഇപ്പോഴത്തെ ലവിസിസ്റ്റം സംയോജനത്തെ എതിർത്തിരുന്ന എന്നെപ്പോലെയുള്ളവർ കൊച്ചിയിലെ നെല്ലു് തിരുവിതാംകൂറിന്റെ ഉപയോഗത്തിനു

കൊണ്ടുവരുന്നതിന് ഒരു പ്രതിബന്ധവും ഇല്ലാതാക്കിതീർക്കാനുള്ള ഒരു ഉപാധിയെന്നാണ് വിശ്വസിക്കുന്നത്. കൊച്ചീക്കാരെ നിരുപാധികമായി ദ്രോഹപ്പെടുത്തുന്ന ഒരു നയമാണ് ഇത്. അതുകൊണ്ട് എനിക്കു പറയാനുള്ളത്, കൊച്ചിയിലെ ജനപ്രതിനിധികൾ ആത്മാർത്ഥതയും ധൈര്യവും ഉള്ളവരാണെങ്കിൽ ഉടനെതന്നെ വിയോജനത്തിനുള്ള പരിശ്രമം തുടങ്ങേണ്ടതാണെന്നാണ്.

സർ, ലെവി സിസ്റ്റം സഫലമായിത്തീരുകയില്ലെന്നും അതുകൊണ്ട് അതു നടപ്പിൽവരാൻപോകുന്നില്ലെന്നും മുൻപുണ്ടായിരുന്ന ഭക്ഷ്യകാര്യമന്ത്രി ശ്രീ. ഗോവിന്ദമേനോനുതന്നെ ബോദ്ധ്യമുണ്ടെന്ന് പല പ്രസ്താവനകൾമൂലം തെളിയിച്ചിട്ടുള്ളത് മിക്കവർക്കും അറിയാം. എന്റെ സ്നേഹിതൻ മി. ബാലകൃഷ്ണമാരാർ രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തെ താങ്ങി കുറെയൊക്കെ പറയേണ്ടിവന്നുപോയതിൽ വിഷമിക്കുന്നുണ്ടായിരിക്കാം. പറഞ്ഞതുതന്നെ ഗവമ്മെന്റിന്റെ വക്കാലത്തുപിടിച്ചുകൊണ്ടാണെന്നു തോന്നിപ്പോകുന്നു. ഏതു പക്ഷക്കാരൻ എന്ന നിലക്കു എനിക്കു അതിനെ എതിർക്കാതിരിക്കാൻ തരമില്ല. ഏതായാലും ഈ സിസ്റ്റം അനുസരിച്ച് നോക്കുകയാണെങ്കിൽ കൊച്ചിയിലെ കർഷകരുടേയും തൊഴിലാളികളുടേയും പ്രയത്നഫലം അന്യായമായി തിരുവിതാംകൂർകാർ ചൂഷണം ചെയ്യുകയാണ് ഇതു എന്നു വിശ്വസിക്കാവുന്നതാണ്. ഈ സിസ്റ്റത്തിൽ ഒരു വിശേഷമുള്ളത് ചെറുകൃഷിക്കാരിൽനിന്നും നെല്ലെടുക്കുന്നില്ലെന്നുള്ളതാണ്. ആ ഏർപ്പാടു തിരുവിതാംകൂർകാർക്കു കുറെക്കൂടി സഹായകമാണ്. കാരണം, തിരുവിതാംകൂറിലെ പല കൃഷിക്കാരും കുടുംബഭാഗത്താൽ നിലം തുണ്ടുതുണ്ടാക്കി കൃഷിചെയ്തുവരുന്നവരാണ്. അതായത് അവർ മിക്കവാറും ഒരേക്കറിന് താഴെയുള്ളവരാണ്. എന്നാൽ കൊച്ചിയിൽ അങ്ങിനെയല്ല. ഒരു ഏക്കർ സ്ഥലമുള്ളവൻ നാലൊ അഞ്ചോ ഏക്കർ സ്ഥലംകൂടി പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നു. അങ്ങിനെവരുമ്പോൾ ഈ സിസ്റ്റപ്രകാരം അവൻ ഗവമ്മെണ്ടിലേക്ക് ഉള്ള നെല്ല് കൊടുക്കേണ്ടതായിവരുന്നു. ഗവമ്മെൻണ്ടു വിചാരിക്കുന്നതുപോലെ ഒരു വിഡ്ഢിയും പ്രദർശനത്തിന്ന് കൊണ്ടുനടക്കുന്നതുപോലെ വില്ലാതെ നെല്ല് ഒരു പ്രദേശത്തും കൊണ്ടുനടക്കുകയുമില്ല. ഏതായാലും ഈ ഏർപ്പാടുകൊണ്ട് കൊച്ചിയിൽ ഉൽപ്പാദിക്കപ്പെടുന്ന നെല്ല് ഇവിടെ കൊണ്ടുവരാൻ കൂടുതൽ സൗകര്യമുണ്ടാക്കിയെന്നേ എനിക്കു പറയുവാനുള്ളു.

ഇനിയും മറെറാരു സംഗതി പറയുവാനുള്ളത്, ഈ അടുത്തകാലത്തു രൂപീകരിച്ച സെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസപദ്ധതിയെപ്പററിയാണ്. ഈ പദ്ധതി നടപ്പിൽ വന്നതിന്റെ ഫലമായിട്ട് രാജ്യത്തു പൊതുവെ അദ്ധ്യാപകന്മാർക്ക് ശമ്പളം കിട്ടാതെയും കിട്ടുന്നതു വേണ്ട സമയങ്ങളിൽ കിട്ടാതെയും വളരെ വിഷമതകൾ അനുഭവിക്കുന്നു. തന്നിമിത്തം വിദ്യഭ്യാസവിഷയത്തിൽ ഒരു സ്തംഭനംതന്നെ ഉണ്ടായിട്ടുണ്ടു. സ്വകാര്യമാനേജ്മെന്റിൽ ഉള്ളതായ സെക്കണ്ടറി സ്കൂളുകളിലാണ് ഈ വിഷമങ്ങൾ. അങ്ങിനെയുള്ള സ്കൂളുകളിലെ അദ്ധ്യാപകന്മാർ അവരുടെ മുഴുവൻ സമയവും അദ്ധ്യയനത്തിന് ചെലവാക്കാതെ പ്രക്ഷോഭണത്തിന്നായി ഉപയോഗപ്പെടുത്തുന്നു. ഈ പദ്ധതിയനുസരിച്ച് പ്രവൃത്തിക്കാത്ത പ്രൈവററ സെക്കണ്ടറിസ്കൂളുകളിലെ അദ്ധ്യയനം ശരിക്കു നടക്കാനുംകൂടി ഗവമ്മെണ്ടു നിവൃത്തിമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കേണ്ടതായിരുന്നു. ഇതിന്റെയും പുറമെ ഈ പദ്ധതി നടപ്പിൽവരുത്തിയതിന്റെ അനന്തരഫലമായി പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് അവരുടെ ഗ്രാൻറും നഷ്ടപ്പെട്ടു. അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം നന്മ ചെയ്യുന്ന ഗവമ്മെണ്ടാണെന്നു പറഞ്ഞുകൊണ്ട് അവർക്കു ഗ്രാൻറുകൂടി കൊടുക്കാതിരിക്കുന്നത് വളരെ സങ്കടമുള്ള ഒരു കാര്യമാണ്. അരപ്പട്ടിണിക്കാരായ ഈ അദ്ധ്യാപകന്മാർക്ക് ശമ്പളം കിട്ടുന്നതിനുംവേണ്ടിയെ

[Sri. C. V. Iyyu]

യെങ്കിലും ഈ റൂൾ ഭേദപ്പെടുത്തുന്നതു് നന്നായിരിക്കും. ഇതിനുംപുറമെ പുതിയ പദ്ധതി നടപ്പിൽ വന്നിട്ടും കൊച്ചിയിൽ തിരുവിതാംകൂറിനെക്കാളും കൂടുതൽ ഫീസ് പിരിച്ചുവരുന്നു. അവിടത്തെ സെക്കണ്ടറിസ്കൂളിൽ പ്രതിമാസം അഞ്ചേകാൽ രൂപ ഫീസും അതല്ലാതെ കൊല്ലംതോറും കൂടുതലായി മൂന്നു രൂപയും കൊടുക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ അങ്ങിനെയില്ല. അതുപോലെതന്നെ ലോവർ സെക്കണ്ടറി സ്കൂളിൽ കൊച്ചിയിൽ പ്രതിമാസം മൂന്നു രൂപയും തിരുവിതാംകൂറിൽ ഒന്നര രൂപയുമാണു്. ഈ ഒരു അസമത്വം എത്രയും വേഗത്തിൽ മാറ്റേണ്ടതാണു്. കൊച്ചിയിൽ ഈ വിധത്തിൽ കൂടുതൽ ഫീസു പിരിക്കുന്നതുകൊണ്ടു് സാധുക്കളായ പല കുട്ടികൾക്കും മാനേജ്മെൻറ് സ്കൂളുകളിൽ പഠിക്കാൻ സാധിക്കാതെവരുന്നു. ആയതുകൊണ്ടു് ഈ കാര്യങ്ങൾ ആലോചിച്ചു് സ്കൂളുകളെ സംബന്ധിച്ചിടത്തോളം തൽക്കാലത്തേക്കെങ്കിലും നിലവിലിരിക്കുന്ന വ്യവസ്ഥ ഒന്നു മാറ്റേണ്ടതാണെന്നു് ഞാൻ ഗവൺമെൻറിനോടു് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും ൨ മണിക്കു കൂടുന്നതുമാണു്.

The House adjourned for lunch at 1.00 p.m. and re-assembled at 2.00 p.m., with Mr. Speaker in the Chair.

Sri. C. V. Iyyu: It was not 1o'clock when you adjourned the House.

Mr. Speaker: The House adjourned for lunch at 1 and has now assembled at 2.

Sri. C. V. Iyyu: I did not take 15 minutes.

Mr. Speaker: Order, order. The member did actually take 15 minutes. Does the member want a little more time? If so, he may say so.

Sri. C. V. Iyyu: Yes, sir. (Laughter).

ഒടുവിൽ എനിക്കു അത്യാവശ്യമായി പറയുവാനുള്ളതു് കൊച്ചി-തിരുവിതാംകൂർ സംയോജന ഫലമായി സർവ്വീസ്സ് ഇൻറിഗ്രേഷൻ അഥവാ സർവ്വീസ് സംയോജനം എന്നു പറയുന്ന ഒരു കാര്യത്തെപ്പററിയാണു്. സർവ്വീസ് സംയോജനം എന്നു പറഞ്ഞു ഇതിനുമുമ്പു് പല അവസരങ്ങളിലും ഇതിനെക്കുറിച്ചു പ്രസ്താവന ഉണ്ടായിട്ടും ഉണ്ടു്. എനിക്കു കിട്ടിയിടത്തോളം അറിവുവച്ചുകൊണ്ടു നോക്കുകയാണെങ്കിൽ സർവ്വീസ് സംയോജനത്തിൻെറ ഗുണകരമായ ഭാഗങ്ങൾ മിക്കവാറും തിരുവിതാംകൂർ വിഭാഗത്തിൽ ഉള്ള ഉദ്യോഗസ്ഥഗണങ്ങളുടെ നന്മയെ പരിഗണിച്ചാണു് തീരുമാനിക്കപ്പെട്ടിട്ടുള്ളതെന്നു ശരിയായൊ തെററായൊ പലരും വിശ്വസിക്കുന്നുണ്ടു്, അവരിൽ ഒരാളാണു് ഞാനും. ഇതിൻെറ ഫലമായി കൊച്ചിക്കാർ തിരുവിതാംകൂർകാരുടെ അടിമകളായി തീരത്തക്കവണ്ണമാണു് ഈ സംയോജനം കലാശിച്ചിരിക്കുന്നതു്. കൊച്ചിക്കാരായ ഉദ്യോഗസ്ഥന്മാർക്കു ഇതുകൊണ്ടു വളരെ പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടു്. പബ്ലിക്കു സർവ്വീസുകമ്മീഷൻ മുഖാന്തിരം ആളുകളെ തിരഞ്ഞെടുക്കുന്ന വിഷയത്തിലും എല്ലാ ആനുകൂല്യങ്ങളും തിരുവിതാംകൂർകാർക്കു മാത്രം കിട്ടുന്നുണ്ടു്. സർവ്വീസ് കമ്മീഷനിലെ കൂടുതൽ അംഗങ്ങൾ തിരുവിതാംകൂർകാരായതുകൊണ്ടാണു് ഇങ്ങനെ വരുന്നതു്. ഞാൻ പറയുന്നതു് കൊച്ചിക്കാരായ ക്രിസ്ത്യാനികൾക്കു കൊടുക്കണമെന്നല്ല. ജാതിവിഭാഗമനുസരിച്ചു കൊടുക്കണമെന്നല്ല ഞാൻ പറയുന്നതു്. എല്ലാം നായന്മാരായാലും ശരി എല്ലാം മഹമ്മദിയരായാലും ശരി, എല്ലാം ഈഴവരായാലും ശരി കൊച്ചിക്കാർക്കു് ഇതിൽ ശരിയായ അവർ അർഹിക്കുന്ന വിഹിതത്തിൻെറ പ്രാതിനിധ്യം കിട്ടിയെ കഴിയൂ. അടുത്തകാലത്തു മജിസ്റ്റ്രേട്ടന്മാരുടെ തെരഞ്ഞെടുപ്പു നടന്നു. പഴയ തിരുവിതാംകൂർകാരായ അപേക്ഷകരെപ്പോലെയുമോ

അവരെക്കാളും എത്രയോക്കൂടുതൽ പരീക്ഷായോഗ്യതകളുള്ള അനവധി അപേക്ഷകന്മാർ പഴയകൊച്ചിക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. സർവീസ്കമ്മീഷനിലെ അംഗങ്ങളും സ്വർഗ്ഗത്തുനിന്നും വന്ന ആളുകളല്ല. അവരിൽ ഒരാളും കൊച്ചിയിലെ ഒരു തമ്പുരാൻ ആണെന്നുള്ളതു് ശരിതന്നെ. എന്നാൽ തമ്പുരാൻ ആയതുകൊണ്ടാണു് കൂടുതൽ അബദ്ധം. അദ്ദേഹത്തിന്റെപേരു പറഞ്ഞുകൊണ്ടു് സർവീസ്കമ്മീഷനിലെ മററംഗങ്ങളും പഴയ തിരുവിതാംകൂർകാരായ അപേക്ഷകരെ അനുകൂലിക്കുകയാണു് ചെയ്യുന്നതു്. മുൻസിഫന്മാരുടെ സെലക്ഷൻ നടന്നു. പഴയകൊച്ചിക്കാരായ രണ്ടുമൂന്നു മുൻസിഫന്മാരെ തെരഞ്ഞെടുത്തു. അതിൽ കൊച്ചിക്കാരനായ രണ്ടുമൂന്നാളെ മുൻസിഫായി തെരഞ്ഞെടുത്തതു് ഹൈക്കോടതി ജഡ്ജിമാരുടെ കൂട്ടത്തിൽ ഒരു കൊച്ചിക്കാരനും ഉണ്ടായിരുന്നതുകൊണ്ടാണു്. പ്രതിമാസം എൺപതു രൂപാക്കുമുകളിൽ ശമ്പളമുള്ള ഒരു ഉദ്യോഗത്തിലും സ്റ്റേററു് സംയോജനം കഴിഞ്ഞു പുതുതായി ഒരു കൊച്ചിക്കാരനേയും നിയമിച്ചിട്ടില്ല. ഞാൻ ഇതിനെസംബന്ധിച്ചു് പല അവസരങ്ങളിലും നിയമസഭയിൽ ചോദിച്ചിട്ടുണ്ടു്. അതിനു് ശരിയായിട്ടുള്ള മറുപടി കിട്ടിയിട്ടില്ല. ഒരിക്കൽ മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറഞ്ഞു, എന്നാൽ അവിടെ ചെന്നുനോക്കിയപ്പോഴും കണ്ടില്ല. ഏതായാലും സംയോജനംകൊണ്ടു് കൊച്ചിക്കാർ കുറെ പേർ ഇവിടെ മെമ്പറന്മാരായിട്ടുണ്ടു്, ഒരു മന്ത്രിയും ഉണ്ടു്. എന്നാൽ സംയോജനത്തിനു് സമ്മതിച്ച ഈ മഹാനുഭാവന്മാർ കൊച്ചിയെ ഒരു കുടുക്കിലാക്കിയിരിക്കയാണു്. ഈ രീതിക്കു ഒരു പത്തുപതിനഞ്ചുകൊല്ലം കഴിയുമ്പോഴും തിരു-കൊച്ചി സ്റ്റേററിൽ തിരുവിതാംകൂർകാരായ ഉദ്യോഗസ്ഥന്മാരല്ലാതെ കൊച്ചിക്കാർ ആരും കാണുകയില്ല. അടുത്തകാലത്തു സർവീസ്കമ്മീഷൻ മുഖാന്തിരം എട്ടു വില്ലേജ് ഉദ്യോഗസ്ഥന്മാർ നിയമിക്കപ്പെട്ടു. അതിൽ കൊച്ചിക്കാർ ആരുമില്ല. ശിപായിമാരുംകൂടി കൊച്ചിക്കാരായി പുതിയ നിയമനങ്ങളിൽ അധികം കാണുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്. അടുത്ത പൊതുതിരഞ്ഞെടുപ്പു കഴിയുമ്പോഴും തിരുവിതാംകൂർ-കൊച്ചി നിയമസഭയിൽ അനുദ്യോഗസ്ഥന്മാരായി തനി പഴയ കൊച്ചിക്കാരിൽനിന്നും ഉദ്ദേശം ൧൪ മെമ്പറന്മാർ മാത്രമെ കാണുകയുള്ളു.

Sri. R. Sankar stood up.

Minister for Education, Labour and Civil Supplies

(Sri. Panampilli Govinda Menon:) Before the hon'ble Member moves his amendment, I wish to raise a point of order. In the motion standing in the name of Mr. Sankar, there is the use of the words "hesitant and cowardly educational and labour policy." I wish to know, Sir, whether it is parliamentary on the part of this hon'ble Member to call a Government policy 'cowardly.'

Mr. Speaker: In regard to the word "cowardly" probably some more appropriate expressions could have been used. But I cannot say it is un-parliamentary in so far as the word is made applicable not to a Minister but to the policy.

Sri. R. Sankar: Sir, I move *:*

"Modify the full stop at the end of the resolution into a semi-colon and add the following :—

'but regrets that by their indiscreet, inconsistent and vague policy in handling the food problem of the State, by their hesitant and cowardly educational and labour policy; by their unscrupulous interference in the recruitment and promotion of public servants resulting in grave discontent and corruption among them: by their incapacity to give security to life and property and sacred places of worship; by their reckless squandering of public money in the name of industrialization, nationalization and grow more food schemes; and by their allowing persons of doubtful integrity to occupy positions of the highest responsibility contravening all healthy constitutional precedents; Your Highness's Government have not only failed to inspire confidence in the public but also have undermined the very foundations of **democracy.**' "

[Sri. R. Sankar]

സർ, എന്റെ പാർട്ടിക്കുവേണ്ടി ഞാൻ ഹാജരാക്കിയിട്ടുള്ള ഈ ഭേദഗതിയിലെ പല വിഷയങ്ങളെ സംബന്ധിച്ചും സംസാരിക്കേണ്ടതുണ്ടെങ്കിലും എല്ലാററിനെയുംപ്പററി അല്പമെങ്കിലും പറയുന്നതിന് എനിക്കു നിശ്ചയിച്ചിട്ടുള്ള സമയം മതിയാകാത്തതുകൊണ്ട് ആ കാര്യങ്ങളുടെ ചില വശങ്ങളെപ്പററിമാത്രമെ സംസാരിക്കുന്നുള്ളു. സർ, ഈ രാജ്യത്തു മൂന്നു വർഷങ്ങൾക്കുമുമ്പ് ജനകീയഭരണം നിലവിൽ വന്നതിനുശേഷം ഇവിടത്തെ ജനങ്ങൾ അന്ന് അനുഭവിച്ചുവന്നിരുന്ന പല അവശതകൾക്കും അവമതികൾക്കും സമൂലമായ ഒരു പരിഹാരമുണ്ടാകുമെന്ന് ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ എല്ലാവിധ അവശതകൾക്കും ഒരു പരിഹാരം ഉണ്ടാകുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അന്ന് ആളുകൾ ഉത്തരവാദഭരണത്തിനുവേണ്ടി ആത്മാർത്ഥമായ പിൻതുണ നല്കിക്കൊണ്ടിരുന്നതു്. ആ പ്രതീക്ഷകൾ വച്ചുകൊണ്ടു മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ അന്ന് ഇവിടെ നടന്ന സ്വാതന്ത്ര്യസമരത്തിനു ആത്മാർത്ഥമായ പിൻതുണ ഇവിടത്തെ ജനങ്ങൾ നല്കുകയുണ്ടായിട്ടുണ്ട്. അങ്ങനെയാണ് കാൺഗ്രസ് ഇവിടെ അധികാരത്തിൽ വന്നതു്. കാൺഗ്രസ് അധികാരത്തിൽവന്നു ഈ മൂന്നുകൊല്ലക്കാലംകൊണ്ട് എന്തു വ്യത്യാസമാണ്, എന്തു നിരാശയാണ് ജനങ്ങളിൽ ഉണ്ടായിട്ടുള്ളതു് എന്ന് യാതൊരു പാർട്ടിയിലും ഉൾപ്പെടാത്ത ആളുകൾക്കുപോലും അറിയാവുന്ന സംഗതിയാണ്. ഇന്ന് ജനകീയഭരണം നടത്തപ്പെടുത്തുന്ന രീതിമൂലം, പാർട്ടിയോടുമാത്രമല്ല ജനകീയഭരണത്തോടുപോലും ആളുകൾക്ക് വിശ്വാസം ഇല്ലാതായിത്തീർന്നിട്ടുണ്ട്. അന്നു കിരാതനെന്ന് വർണ്ണിക്കപ്പെട്ടുവന്ന സർ, സി. പി. യുടെ ഭരണവും ഇന്നു ജനകീയമെന്നു പറഞ്ഞുവരുന്ന ഇപ്പോഴത്തെ ഭരണവും നോക്കുകയാണെങ്കിൽ ജനങ്ങൾ കിരാതഭരണം കൂടുതൽ ആത്മാർത്ഥമായി സ്വാഗതം ചെയ്യുകയില്ലെ എന്നുപോലും സംശയിക്കത്തക്കവണ്ണം ഇന്നത്തെ ഭരണം അത്ര അധഃപതിച്ചുപോയിട്ടുണ്ടെന്നു ഞാൻ വ്യസനസമേതം പറയുന്നു. അധികാരത്തിലിരിക്കുന്ന പാർട്ടിയെ എതെങ്കിലും തരത്തിൽ എതിർക്കണമെന്ന ഒരു ഉദ്ദേശത്തിലല്ല ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നതു്. ആത്മാർത്ഥമായ രാജ്യസ്നേഹം വച്ചുകൊണ്ട് ഞാൻ ചിലതുപറയുകയാണ്. എനിക്കു പറയുവാനുള്ള ചില കാര്യങ്ങൾ എന്റെ സ്നേഹിതന്മാർക്ക് വിട്ടുകൊടുത്തുകൊണ്ട് രണ്ടുമൂന്നു വിഷയത്തെപ്പററി മാത്രമെ ഞാൻ ഇപ്പോൾ പറയുവാൻ ഉദ്ദേശിക്കുന്നുള്ളു. എനിക്കു ആദ്യമായി ഗവമെൻറിന്റെ വിദ്യാഭ്യാസനയത്തെപ്പററിയാണ് പറയുവാനുള്ളതു്. ഈ രാജ്യത്തു് ഏതാനും വർഷങ്ങൾക്കു മുമ്പ്—ജനകീയഭരണം വരുന്നതിനുമുമ്പ്—സ്വേച്ഛാധിപത്യത്തിന്റെ കാലമായിരുന്നപ്പോൾ വിദ്യാഭ്യാസകാര്യത്തിൽ ഒരു പദ്ധതിയുണ്ടായി. ഞാൻ ഉദ്ദേശിക്കുന്നതു് പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചാണ്. ഈ രാജ്യത്തെ കുഞ്ഞുങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമായി നല്കുന്നതിന് ഗവമെൻറ് പരിപൂർണ്ണമായ ചുമതല എടുക്കുകയും ഗവമെൻറാഭിമുഖ്യത്തിൽതന്നെ അതു് കൊടുക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. പത്തുവർഷംകൊണ്ട് നിശ്ചിതമായ ഒരു പദ്ധതിയനുസരിച്ചു ഇപ്പോഴത്തെ തിരുവിതാംകൂർ മുഴുവനും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് തക്കവിധത്തിലാണ് അതു് ആസൂത്രണം ചെയ്തിരുന്നതു്. ആണ്ടുതോറും മൂന്നു താലൂക്കുകളിൽ ഇതു് വ്യാപിച്ചു അങ്ങനെ പത്തുകൊല്ലത്തിൽ ഇതു് പൂർത്തിയാക്കണമെന്നായിരുന്നു ഗവമെൻറ് ഉദ്ദേശിച്ചിരുന്നതു്. കുറേ കഴിഞ്ഞതിനുശേഷമാണ് ജനകീയഗവമെൻറ് വന്നതു്. ആദ്യത്തെ മന്ത്രിസഭ ആ നയത്തിന് വിപരീതമായി ഒന്നും ചെയ്തില്ലെന്ന് പറയേണ്ടിയിരിക്കുന്നു. വളരെ ആത്മാർത്ഥമായി അവർ

ഈ വിഷയത്തിൽ പ്രവർത്തിച്ചുവന്നിരുന്നുവോ എന്നുള്ളതു് സംശയാസ്പദമാണെങ്കിലും വിപരീതമായി ഒന്നും ചെയ്തില്ല. എന്നാൽ രണ്ടാമതു് അധികാരത്തിൽ വന്ന, അതായതു് ഇന്നു് അധികാരത്തിലിരിക്കുന്ന ഗവൺമെണ്ടു് വന്നതോടുകൂടി ആ കാര്യത്തിൽ മൗലികമായ വ്യത്യാസം വരുത്തി എന്നുള്ളതിനു് സംശയമില്ല. വളരെ ചെറിയ ഒരു വ്യത്യാസം മാത്രമേ വരുത്തിയിട്ടുള്ളു എന്നാണു് അവർ പറയുന്നതു്. അതായതു് State auspicious-ൽ എന്നു മാററി എങ്കിലും ആ നയം തുടർന്നുകൊണ്ടിരിക്കുന്നു എന്നു് അവർ പറയുന്നു. അങ്ങനെ പറയാറുണ്ടെങ്കിലും വാസ്തവത്തിൽ ഇതു് ഒരു വലിയ മാററമാണു്. വിദ്യാഭ്യാസം ദേശവൽക്കരിക്കുക എന്നുള്ളതു് വളരെ പ്രയാസമേറിയ ഒരു കാര്യമാണെന്നു് ഇവിടത്തെ അനുഭവംകൊണ്ടു കാണുന്നു. മററു ദേശവൽക്കരണ പദ്ധതികൾ ഏതെങ്കിലും എടുക്കുന്നതിനുമുമ്പേ ദേശവൽക്കരിക്കേണ്ടതാണു് വിദ്യാഭ്യാസം. എന്നാൽ അതു് മുഴുവൻ ചെയ്യുവാൻ ഇവിടെ ആരും മുതിർന്നിട്ടില്ല. പ്രാഥമിക വിദ്യാഭ്യാസം മാത്രമേ ഇവിടെ എടുത്തുള്ളു. അതു് രാജ്യസ്നേഹികൾ എല്ലാവരും സ്വാഗതം ചെയ്യുന്ന ഒരു സംഗതിയുമാണു്. എത്രയോ സ്ഥാപനങ്ങളും വ്യക്തികളും അവരുടെ വിദ്യാലയങ്ങൾ നാമമാത്രമായ ഒരു പ്രതിഫലം പററിക്കൊണ്ടു് അതു് വിട്ടുകൊടുക്കുകയാണു് ചെയ്തിട്ടുള്ളതു്. അങ്ങനെ ഈ രാജ്യത്തു ജനങ്ങൾ ആത്മാർത്ഥമായി സ്വാഗതം ചെയ്ത ഒരു പദ്ധതിയെ ഒരു ന്യൂനപക്ഷത്തിൽപെട്ട ആളുകൾ, അതായതു് ഒരു പ്രത്യേകമായ വിഭാഗം, വിദ്യാഭ്യാസകാര്യം അവരുടെ പ്രത്യേകാവകാശമാണെന്നുള്ള ഒരു വാദവുമായി മുന്നോട്ടുവന്നു് തകിടംമറിക്കുവാൻ ശ്രമിക്കുകയുണ്ടായി. ആ വാദങ്ങളുടെ അടിയിൽ ഇരിക്കുന്ന തത്വങ്ങൾ എന്താണെന്നു് നാം ആലോചിക്കേണ്ടതാണു്. ഒരു വിഭാഗത്തിനുമാത്രം പ്രത്യേകമായ അന്തരീക്ഷത്തിൽ വിദ്യാഭ്യാസം നടത്തുന്നതിനു് അവകാശമുണ്ടെന്നുള്ള വാദമാണു് ഇതിൽ അടങ്ങിയിട്ടുള്ളതു്. ഇന്നത്തെ ഗവൺമെണ്ടു് അതു് എത്രമാത്രം അർത്ഥശൂന്യമാണെന്നു് ആലോചിക്കാനും തയ്യാറില്ല. അങ്ങനെ ഒരു വിഭാഗക്കാരുടെ അവകാശങ്ങളുടെ ന്യായം പറഞ്ഞുകൊണ്ടാണു് ഈ പദ്ധതി താറുമാറായി ചീന്തിക്കിടക്കുന്നതു്. ഇങ്ങനെയാണെങ്കിൽ ദേശീയപദ്ധതികൾ ഒന്നുംതന്നെ ഇവിടെ വളർന്നുവരുവാൻ സാദ്ധ്യമല്ല. ആദ്യം ഉണ്ടായിരുന്ന പദ്ധതി കളഞ്ഞു എന്നു മാത്രമല്ല ആ പദ്ധതിയെ എതിർത്തവരെ ഗ്രാൻറു കൂട്ടി കൊടുത്തു സഹായിക്കയും ചെയ്തു. ഗ്രാൻറു് കൂടുതൽ കൊടുക്കുന്നതുകൊണ്ടു് അദ്ധ്യാപകന്മാരുടെ ശമ്പളം അവർ കൂട്ടുകയാണെങ്കിൽ ഞാനും അതിനനുകൂലിയാണു്. എന്നാൽ ഗവൺമെണ്ടു് അധീനതയിൽ ഈ വിദ്യാലയങ്ങൾകൊണ്ടുവരികയും എന്നാൽ അതേസമയം അദ്ധ്യാപകന്മാർക്കു് ശമ്പളം കൂട്ടിക്കൊടുക്കുവാനുള്ള ഒരു പദ്ധതി ഉണ്ടാക്കയും ചെയ്തിരുന്നെങ്കിൽ നന്നായിരിക്കുമായിരുന്നു. അതിനുപകരം പദ്ധതിയിൽനിന്നു് പിന്നോട്ടു മാറുകയാണു് ഗവൺമെണ്ടു് ചെയ്തതു്. ഇതു് പൊതുജനാഭിപ്രായത്തെ ആദരിച്ചാണു് ചെയ്യുന്നതെന്നു് വിദ്യാഭ്യാസമന്ത്രി പറയുകയുണ്ടായി.

ഞാൻ ചോദിക്കുന്നതു് ഈ പൊതുജനങ്ങൾ ആരാണെന്നാണു്. ഈ ഇഷ്യുവിന്മേൽ രാജ്യത്തു് ഒരു റഫറണ്ടം നടത്തുന്നതിനു് ഗവൺമെൻറാ മന്ത്രിയോ തയ്യാറാണോ എന്നു ഞാൻ ചോദിക്കുന്നു. അങ്ങനെ ഒരു റഫറണ്ടം എടുക്കുന്നപക്ഷം ഇവിടത്തെ മുക്കാൽഭാഗം ആളുകളും പദ്ധതിയിൽ വ്യതിയാനം വരുത്തിയ ഗവൺമെണ്ടിനു് എതിരായിട്ടായിരിക്കും നിൽക്കുക. അതുപോലെ തന്നെ ഈയിടെ വരുത്തിയ സെക്കൻഡറി വിദ്യാഭ്യാസപദ്ധതിയും. ആ പദ്ധതിയിൽ ദേശവൽകരണമൊന്നും ഞാൻ കാണുന്നില്ല. എന്നിരുന്നാലും കുറച്ചു ഗുണം അതുകൊണ്ടു് അദ്ധ്യാപകന്മാർക്കു ഉണ്ടാകുന്നുണ്ടു്. ഒരുവിധം സംതൃപ്ത

[Sri. R. Sankar]

രായി കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ഒരു സാഹചര്യം ആ പദ്ധതികൊണ്ടു ഉണ്ടാകുമായിരുന്നു. അതിനേയും മുൻപറഞ്ഞ വിഭാഗക്കാർ ചില മൗലികാവകാശങ്ങളുടെ പേരിൽ എതിർക്കുകയാണു് ചെയ്യുന്നതു്. തികഞ്ഞ ദേശീയവാദികളാണെന്നു ഭാവിക്കുകയും അല്പമെങ്കിലും ദേശീയമായ പദ്ധതിയെ എതിർക്കുകയും ചെയ്യുന്നു. ആ എതിർപ്പിനു് ഇതുവരെ കീഴ്പ്പെട്ടിട്ടില്ലെന്നു വിദ്യാഭ്യാസമന്ത്രി ചിലടത്തുവച്ചു് പ്രഖ്യാപിച്ചിട്ടുണ്ടു്. ഈ പദ്ധതി നാലഞ്ചുമാസം മുമ്പു ആരംഭിച്ചതാണു്. ഫീസ് പിരിവിന്റെ ൨൦ ശതമാനം ട്രഷറിയിൽ അടക്കണമെന്നുള്ളതിനെ വകവക്കാതെ പണം ഇഷ്ടംപോലെ വിനിയോഗിക്കുന്ന മാനേജരന്മാരുടെ പേരിൽ എന്തെങ്കിലും നടപടി എടുക്കാൻ ഇതുവരെ ഗവമ്മെണ്ടു് മുതിന്നിട്ടില്ല. അതിലേക്കു് ആവശ്യമായ എന്തെങ്കിലും നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഭാവം ഈ സെഷനിലും ഉള്ളതായി തോന്നുന്നില്ല. എങ്കിലും വിദ്യാഭ്യാസമന്ത്രി വളരെ ധൈര്യമായി പ്രഖ്യാപിക്കുന്നതു് ഒരിഞ്ചുപോലും വിട്ടുകൊടുക്കാൻ പോകുന്നില്ലെന്നാണു്. വിട്ടുകൊടുക്കാത്തതുകൊണ്ടുമാത്രം അവരെ ഒടുവിൽ വഴിക്കു വരുത്തുന്നതിൽ കവിഞ്ഞു് ഒന്നുമില്ലെങ്കിലും ഈ ചെറിയ പദ്ധതിയെങ്കിലും ഉറപ്പോടുകൂടി പ്രയോഗത്തിൽ വരുത്തട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

ഇവിടത്തെ ഉന്നത വിദ്യാഭ്യാസത്തിൽ ചില പരിഷ്കാരങ്ങൾ നാലഞ്ചു കൊല്ലങ്ങൾക്കു മുമ്പു വരുത്തി. ആട്ടിലും സൈൻസിലും ഉന്നത വിദ്യാഭ്യാസം ചെയ്യുന്നതിനു് പ്രാപ്തിയും വാസനയും ഉള്ളവരെമാത്രം തെരഞ്ഞെടുക്കുകയും, മററുള്ളവക്കായി ഒരു ടെക്നോളജിക്കൽ ഇൻസ്ററിററ്യൂട്ടു നടത്തണമെന്നു തീരുമാനിക്കുകയും ചെയ്തു. അതിലേക്കാണു് ഒരു പ്രീയൂണിവേഴ്സിററി ഏപ്പാടും ത്രിവത്സരഡിഗ്രികോഴ്സും ഉണ്ടായതു്. അതും പിന്നീടു് നിറുത്തുകയും ചെയ്തു. ടെക്നോളജിക്കൽ എഡ്യൂക്കേഷൻ ഇപ്പോഴും തുടങ്ങിയിട്ടില്ല. വിദ്യാഭ്യാസനയം അങ്ങനെ എന്നും മാറിക്കൊണ്ടിരിക്കുകയാണു്.

രണ്ടാമതായി എനിക്കു പറയാനുള്ളതു് രാജ്യത്തെ ജനങ്ങൾക്കു് അവരുടെ ജീവനും മാനവും വസ്തുവകകളും അവരുടെ ക്ഷേത്രങ്ങൾ മുതലായ ആരാധനാസ്ഥലങ്ങളും ഒരുവിധം സുരക്ഷിതമായിരിക്കുന്നുവെന്നുള്ള ബോധം ഇല്ലാതിരിക്കുന്നു എന്നുള്ളതിനെപ്പററിയാണു്. കഴിഞ്ഞ സെഷനിൽ ലാക്കപ്പുകളിൽ നടന്ന മർദ്ദനങ്ങളെപ്പററിയും അതിന്റെ ഫലമായി നടന്ന മരണങ്ങളെപ്പററിയും ഇവിടെ പല ചോദ്യങ്ങളും ചോദിക്കുകയുണ്ടായി. അന്നു അന്വേഷണങ്ങൾ നടത്തുന്നുണ്ടു്; ഗവമ്മെണ്ടിന്റെ ശ്രദ്ധ തീവ്രമായി അതിൽ പതിച്ചിട്ടുണ്ടെന്നാണു് പറഞ്ഞതു്. ചിലടത്തൊക്കെ അന്വേഷണത്തിന്റെ ഒരു പ്രഹസനം നടക്കുകയുണ്ടായി. എന്നാൽ അതിന്റെ ഫലമെന്തായി എന്നു അറിയുന്നില്ല. കൊട്ടാരക്കര സുരേന്ദ്രൻ ലാക്കപ്പിൽവെച്ചു് മരിച്ചതിനെപ്പററിയുള്ള അന്വേഷണത്തിന്റെ റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞു. പൊതുജനങ്ങളോടു ബഹുമാനമുണ്ടെങ്കിൽ ആ സംഗതിയിൽ ഇത്ര അലസത കാണിക്കേണ്ട ആവശ്യമുണ്ടോ? റിപ്പോട്ടു് കിട്ടിക്കഴിഞ്ഞാൽ ആരെങ്കിലും കുററക്കാർ ആണെന്നു കണ്ടിട്ടുണ്ടെങ്കിൽ അവരെ മാതൃകാപരമായി ശിക്ഷിക്കാതിരിക്കുന്നതു വളരെ തെററാണു്. റിപ്പോർട്ടു സമർപ്പിച്ചു ഇത്രയും ദിവസമായിട്ടും അതു സംബന്ധിച്ചു് ഒരു വിവരവും വെളിക്കുവന്നിട്ടില്ല.

ശബരിമല ക്ഷേത്രത്തിനും അതുപോലെ മററു പതിനേഴു ക്ഷേത്രങ്ങൾക്കും ആപത്തുണ്ടായി. അതിനെപ്പററിയുള്ള അന്വേഷണങ്ങൾ വികൃതമായിരുന്നു എന്നുള്ള കാര്യം ഞാൻ ഈ സഭയെ അറിയിക്കുന്നു. വളരെ വലിയ കാര്യമെന്നോണം

ചീഫ്മിനിസ്റ്ററും വേറെ ഒരു മന്ത്രിയും ശബരിമലക്ഷേത്രത്തിൽ പോവുകയും ആ കേസ് സംബന്ധിച്ച തെളിവ് പെട്ടെന്നുതന്നെ ഉണ്ടാകുമെന്നും അപരാധികളെ ബുക്കുചെയ്യുമെന്നും പറയുകയും ചെയ്തിരുന്നു. അവിടെ പോയിരുന്ന ഐ. ജി.യും അപ്രകാരംതന്നെ ഒരു സ്റ്റേറ്റുമെൻറ് പുറപ്പെടുവിച്ചു. പക്ഷെ കുറെ ദിവസം കഴിഞ്ഞപ്പോൾ അതിൽനിന്നും തെറിച്ചു മാറുകയാണ് ചെയ്തതു്. പിൽക്കാലത്തു് ഇവിടത്തെ ഐ. ജി. ക്കു് ഈ കേസ് സംബന്ധിച്ച് യാതൊരു ചുമതലയും കൊടുത്തിരുന്നില്ല.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்</u>: அப்படியானால் ஐ. ஜி. க்கு அந்தக் கேசை கண்டுபிடிப்பதற்குள்ள சாமர்த்தியம் இல்லையென்று சொல்கிறீர்களா?

<u>ശ്രീ. ആർ. ശങ്കർ</u>: സാമർത്ഥ്യം ഇല്ലെന്നു വിചാരിച്ചാണോ സാമർത്ഥ്യം കൂടിപ്പോയെന്നു വിചാരിച്ചാണോ എന്നറിയാൻ പാടില്ല. ഒരു സ്പെഷ്യലാഫീസറെ ഈ കേസിൻെറ അന്വേഷണത്തിന് ഗവൺമെണ്ട് വരുത്തുകയും ആ ആഫീസർക്ക് ഈ ജോലിമാത്രം കൊടുക്കുകയും ചെയ്തു. അദ്ദേഹം അന്വേഷണത്തിനുശേഷം ഒരു റിപ്പോർട്ട് ഗവൺമെണ്ടിന് സമർപ്പിച്ചിട്ട് അന്തർദ്ധാനം ചെയ്യുകയാണുണ്ടായതു്. അദ്ദേഹത്തിൻെറ പ്രവർത്തനത്തെപ്പററിയും ദാക്ഷ്യക്ഷമതയെപ്പററിയും ഈ അസംബ്ലിയിൽതന്നെ ഗവൺമെണ്ട് ഭാഗത്തുനിന്നും വളരെ ഭംഗിയായി പറഞ്ഞിട്ടുണ്ടു്. എന്നാൽ അങ്ങനെയുള്ള ആൾ കേസ് അന്വേഷണം കഴിഞ്ഞശേഷം അന്തർദ്ധാനം ചെയ്യുകയാണുണ്ടായതു്. ആ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് എന്തായി എന്നറിയാൻ പാടില്ല. ഇപ്പോൾ അതിനെപ്പററി ആരു് അന്വേഷണം നടത്തുന്നു എന്നും അറിയാൻപാടില്ല. ആ കേസിന് ഉണ്ടാകുമായിരുന്ന തെളിവുകൾപോലും ഉണ്ടാകാതിരിക്കുന്നതിനാണ് ഗവൺമെണ്ട് ശ്രമിച്ചിട്ടുള്ളതെന്നു ഈ രാജ്യത്തെ ജനങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ ഒരു വിശ്വാസം ജനങ്ങളിൽ വരുത്തിയതാണ് വളരെ കഷ്ടം. ഇക്കാര്യത്തെപ്പററി പറഞ്ഞു പൊളിററിക്കൽ ക്യാപ്പിററൽ എടുക്കുന്നു എന്നു ചിലർ പറയുന്നുണ്ടു്. ഇങ്ങനെ പറയുന്നതിനേക്കാൾ ഒരു തോൽവി ഒരു ഗവൺമെണ്ടിനും ഉണ്ടാകാനില്ല. അതുകൊണ്ടു് ആരെങ്കിലും പൊളിററിക്കൽ ക്യാപ്പിററൽ എടുക്കുന്നു എന്നു പറയുന്നതുകൊണ്ടു് ഒരു വിശേഷവും ഇല്ല. തിരുവിതാംകൂറിൽ പല ക്ഷേത്രങ്ങളിൽ കള്ളേററം ഉണ്ടായി. ആലപ്പുഴവെച്ചു് ഒരാൾ ഒരു ക്ഷേത്രം കുത്തി ഇടിച്ചുകൊണ്ടിരുന്നപ്പോൾ ആയുധത്തോടുകൂടി അയാളെ പിടികൂടി. പിറേറദിവസത്തെ മനോരമയിൽ ആ ആൾ ഭ്രാന്തനാണെന്നു ഒരു റിപ്പോർട്ട് കണ്ടതിൽ കൂടുതലായി ഒന്നുംതന്നെ അതിനെപ്പററി അറിവില്ല. മറെറാരു കേസിലെ ഒരു പ്രതിയെ രാഷ്ട്രീയകാരണങ്ങളാൽ ചീഫ്മിനിസ്റ്റർ മോചിപ്പിച്ചതായി ഒരു പത്ര റിപ്പോർട്ടും കാണുകയുണ്ടായിട്ടുണ്ടു്. അതു സംബന്ധിച്ചു് പബ്ലിക്ക് റിലേഷൻസ് ആഫീസറുടെ ഒരു നിഷേധവും വന്നു. പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെണ്ടിൽനിന്നും എന്തെങ്കിലും പറഞ്ഞാൽ ജനങ്ങൾ അതിനാസ്പദമായ കാര്യത്തെ ഒന്നുകൂടി വിശ്വസിക്കുകയേയുള്ളു. ഗവൺമെണ്ടിന് വിഷമം ഉള്ള കാര്യമാണെന്നു കണ്ടാൽ അതിനെ നിഷേധിക്കുകയാണ് ആ ഡിപ്പാർട്ടുമെൻറ് ചെയ്യുന്നതു്. ആ സ്ഥിതിക്ക് ആ ഡിപ്പാർട്ടുമെണ്ടു് നിറുത്തൽ ചെയ്യുന്നതായിരിക്കും നല്ലതു്. ഒന്നു രണ്ടു ക്രൈസ്തീയ ദേവാലയങ്ങളിലും കള്ളേററമുണ്ടായതായി റിപ്പോർട്ടുകൾ കണ്ടു. അതുസംബന്ധിച്ചുള്ള അന്വേഷണങ്ങൾ വളരെ ഊർജ്ജിതത്തിൽ നടത്തിവരുന്നു എന്നും സമീപദേശത്തുള്ള പാവപ്പെട്ട പല ഹിന്ദുക്കളേയും കേസെടുക്കാതെതന്നെ പോലീസ് ഉപദ്രവിക്കുന്നു എന്നും

[Sri. R. Sankar]

റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. ആ വിവരം ഐ. ജി. അവർകളെ ഞാൻ അറിയിച്ചു. അദ്ദേഹം അതിനെപ്പററി അന്വേഷിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. കായംകുളത്തു് ഒരു ഫാത്തിമാ മാതാവിന്റെ പ്രതിമ കല്ലെറിഞ്ഞു് ഉടച്ചെന്നോ മറേറാ കേട്ടു. അതിനെ തുടർന്നു അവിടെ ഒരു ലഹളതന്നെ ഉണ്ടായി.

മി. സ്പീക്കർ: ആ കാര്യം ഇവിടെ സംഗതമല്ല.

ശ്രീ. ആർ. ശങ്കർ: ഏതായിരുന്നാലും ആ പ്രതിമ സൂക്ഷിക്കാൻ ഇപ്പോഴും പോലീസ് കാവൽ നില്ക്കുന്നുണ്ടു്. ഇവിടത്തെ പല ക്ഷേത്രങ്ങൾക്കും ആപത്തു വന്നിട്ടു് സൂക്ഷിക്കുന്നതിനും കാവൽ നില്ക്കുന്നതിനും ശ്രദ്ധയില്ലെന്നു മാത്രമല്ല അതിനെപ്പററി അന്വേഷിക്കുന്നതിനും ആരുമില്ല.

സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തുതന്നെ യുദ്ധംമൂലം വളരെ വൈഷമ്യങ്ങളുണ്ടായിരുന്നെങ്കിലും ഒരുവിധം എല്ലാ മാസങ്ങളിലും നൂലും തുണിയും ഇവിടെ വിതരണം ചെയ്യുന്ന ഏർപ്പാടുണ്ടായിരുന്നു. ജനകീയം വന്നതിനുശേഷം അക്കാര്യങ്ങൾ പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണു്. അന്നു ആയിരത്തി അഞ്ഞൂറ ബേൽ നൂൽ കോട്ടാ ഇവിടെ കിട്ടിക്കൊണ്ടിരുന്നു. ഇപ്പോൾ കേൾക്കുന്ന കണക്കു് അതിനു് താഴെയാണു്. ജനകീയം വന്നതിന്റെ ഫലം ഇതാണോ എന്നാണു് ജനങ്ങൾ ചോദിക്കുന്നതു്. ഏതാണ്ടു് ഒരു ലക്ഷത്തോളം കുടുംബങ്ങൾ ജീവിക്കുന്നതിനു് ഉപകരിക്കുന്ന ഒരു തൊഴിലാണു് നെയ്ത്തു തൊഴിൽ എന്നു പറഞ്ഞാൽ അതിൽ യാതൊരു അതിശയോക്തിയുമില്ല. ഇപ്പോൾ ആ തൊഴിൽകാർക്കു് ഏതാണ്ടു് രണ്ടും മൂന്നും മാസത്തിലൊരിക്കൽ ഒരു കഴി അതായതു അര റാത്തൽ നൂലാണു് കൊടുക്കുന്നതു്. അതു് കൊടുക്കുന്നതിനേക്കാൾ ഭേദം കൊടുക്കാതിരിക്കുകയാണു്. പല പ്രാവശ്യവും തറികളുടെ സെൻസസ് എടുക്കുകയും മററും ചെയ്യുന്നുണ്ടെങ്കിലും നൂൽ അവർക്കു് കൊടുക്കുന്നില്ല. ഈ സംസ്ഥാനത്തുണ്ടാക്കുന്ന നൂൽ വിതരണം ചെയ്യുന്നതിനു് നൂൽ ഉണ്ടാക്കുന്നവരെത്തന്നെ ഏല്പിച്ച വിചിത്രമായ ഒരു കഥയുണ്ടു്. അവർ സ്വല്പം നൂൽ വിതരണം ചെയ്യുകയും ബാക്കി ബ്ലാക്കുമാർക്കററിൽ വില്ക്കുകയും ചെയ്യുന്നു എന്നാണു് ജനങ്ങൾ വിശ്വസിക്കുന്നതു്. എന്തെന്നാൽ ബ്ലാക്കുമാർക്കററിലാണെങ്കിൽ നൂൽ കിട്ടും. തുണിയുടെ കാര്യം പറയുകയാണെങ്കിൽ ഈ നഗരത്തിൽ തന്നെ പഴവങ്ങാടിയിലുള്ള ചിത്രാമിൽ ഡിപ്പോവിൽ പത്തായിരമാളുകൾ തുണിവാങ്ങുന്നതിനായി തള്ളിക്കേറുന്നതായി കണ്ടു. അടുത്തകാലത്തു് ഇൻഡ്യാഗവൺമെൻറു് ശർക്കരക്കു് ഒരു നിയന്ത്രണംവച്ചു. അതോടുകൂടി ശർക്കര കിട്ടാതായിരിക്കുന്നു. വൈദ്യന്മാർക്കു് ഔഷധങ്ങൾ ഉണ്ടാക്കുന്നതിനുപോലും ശർക്കര കിട്ടാതെ വിഷമിക്കുകയാണു് ചെയ്യുന്നതു്. അവർ വളരെ വിഷമിച്ചു അമിതമായ വില കൊടുത്താണു് ഇപ്പോൾ ശർക്കര വാങ്ങുന്നതു്. തൊണ്ടിനു് ഒരു നിയന്ത്രണം വെക്കാൻ പോകുന്നു എന്നു പറഞ്ഞതോടുകൂടി തൊണ്ടിന്റെ വിലയും കൂടുന്നുണ്ടു്. ഇപ്പോൾ അല്പം കുറഞ്ഞിരിക്കുന്നതു് കയറിന്റെ വിലക്കുറവുകൊണ്ടാണു്.

ഇവിടെ കോവാപ്പറേററീവ് സൊസൈററി പ്രസ്ഥാനം ഉണ്ടായിട്ടു് ഒരു തലമുറയോളം ആയി എന്നാണു് എനിക്കു തോന്നുന്നതു്. ഇവിടത്തെ മണ്ണിൽ ശരിയായി വിളയാത്ത ഒരു ലക്ഷണമാണു് അതിനു് കാണുന്നതു്. പല ആളുകളും അതിനെ ദുരുപയോഗപ്പെടുത്തിയിട്ടുണ്ടു്. അപൂർവ്വം ചില സൊസൈററികൾ മാതൃകാപരമായി പ്രവർത്തനം നടത്തിയിട്ടുമുണ്ടു്. ഈ അടുത്ത കാലത്തു് ഇവിടെ കെട്ടിടം കെട്ടുന്നതിനു് കോവാപ്പറേററീവ് സൊസൈററീസിനെ

എല്ലിക്കുകയും, ഭൂമി പതിച്ചു സൊസൈററിസിനു് കൊടുക്കുകയും ചെയ്യുന്നുണ്ടു്. അങ്ങനെ ആകുമ്പോൾ ഒരു വ്യക്തിയെ സഹായിച്ചു എന്നു വരുന്നതല്ലല്ലോ. എന്നാൽ രണ്ടു മൂന്നു പേർ ചേൎന്നു ഒരു സൊസൈററി രജിസ്റ്റർ ചെയ്തു് സൊസൈററിക്കു കിട്ടാനുള്ള ആനുകൂല്യങ്ങളെല്ലാം വാങ്ങി കുറെ വ്യക്തികൾ അനുഭവിക്കുകയാണു് ചെയ്യുന്നതു്. കഴിഞ്ഞ സെഷനിൽ കയറു വ്യവസായം സംബന്ധിച്ചുണ്ടാകുന്ന കോവാപ്പറേററീവു് സൊസൈററിയെപ്പററി ചോദിച്ചപ്പോൾ ധനവാന്മാക്കു് അതിൽ ആവശ്യമുള്ളിടത്തോളം ഷെയർ എടുക്കുന്നതിനു് തടസ്സമായി യാതൊന്നുമില്ലെന്നാണു് പറഞ്ഞതു്. ചുരുക്കിപ്പറഞ്ഞാൽ അതും ഒരു വലിയ പരാജയത്തിൽ എത്താൻ പോവുകയാണു്. ഇപ്പോൾ ഡെമോക്രസിയിൽപോലും ഈ രാജ്യത്തെ ജനങ്ങൾക്കു വിശ്വാസമില്ലാത്ത ഒരു സ്ഥിതിയാണു് വന്നിരിക്കുന്നതു്. കോവാപ്പറേററീവു് സൊസൈററി പ്രസ്ഥാനത്തെപ്പററിപ്പോലും ജനങ്ങൾക്കു് ഒരവജ്ഞ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിനെല്ലാം ഉത്തരവാദികൾ ഗവമ്മെണ്ടാണു്. ഈ ജനകീയ ഗവമ്മെണ്ടിനു് ഇതുപോലെയുള്ള കുററങ്ങൾ പരിഹരിച്ചു മുന്നോട്ടുപോവാൻ ധാരാളം അവസരം ഉണ്ടായിരുന്നു. ആ അവസരം ഉപയോഗിച്ചിട്ടില്ലെന്നു മാത്രമല്ല അധികാരത്തിലിരിക്കുന്ന പാർട്ടിയിലെ പ്രമുഖന്മാരായ അംഗങ്ങൾ തമ്മിൽ പരസ്പരം ചീത്ത പറഞ്ഞു് പാർട്ടിയെപ്പററിയും ജനകീയ ഗവമ്മെണ്ടിനെപ്പററിയും ജനങ്ങൾക്കു് ബഹുമാനമില്ലാത്ത ഒരവസ്ഥയാണു് സൃഷ്ടിച്ചിരിക്കുന്നതു്. ഈയിടെ മുൻമന്ത്രിയായിരുന്ന കുമാരി ആനിമസ്ക്രീൻ ശ്രീ. ജാൺ ഫിലിപ്പോസിനെപ്പററി ഒരു സ്റ്റേററുമെണ്ടു് പരസ്യം ചെയ്തു. കുറെ ദിവസത്തേക്കു് അതിനെപ്പററി മാത്രമായിരുന്നു പത്രങ്ങളിൽ ഉള്ള എഴുത്തെല്ലാം. ആ പത്രങ്ങളിൽ പലതിലും മുഖപ്രസംഗങ്ങളും എഴുതിയിട്ടുണ്ടായിരുന്നു. ആ സ്റ്റേററുമെണ്ടിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട മന്ത്രി മി. ഫിലിപ്പോസിനു് രണ്ടിലൊന്നു മാത്രമെ ചെയ്യാനുണ്ടായിരുന്നുള്ളു. ഒന്നുകിൽ രാജിവെച്ചു മാറുക; അല്ലെങ്കിൽ ശ്രീമതി മസ്ക്രീനെ പ്രാസിക്യൂട്ടുചെയ്തു തന്റെ നിരപരാധിത്വം തെളിയിക്കുക. ബഹുമാനപ്പെട്ട മന്ത്രി അതുരണ്ടും ചെയ്തില്ല. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി നിരപരാധിയാണെന്നു കാണിച്ചു് ഗവമ്മെണ്ടു് ഒരു പ്രസ്സ്നോട്ടു് ഇറക്കി. അങ്ങനെ മന്ത്രിസഭ മുഴുവൻ അതിനെ ഏറെറടുത്തു് ഒരു പ്രസ്സ്നോട്ടു് ഇറക്കുകയാണു് ചെയ്തതു്. ഇൻഡ്യാഗവമ്മെണ്ടു് പ്രൈംമിനിസ്റ്ററോടു് ഈവക ആരോപണങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു് ഒരു ഉദ്യോഗസ്ഥനെ അയച്ചുതരണമെന്നു കമ്പിമൂലം ആവശ്യപ്പെട്ടിട്ടുള്ളതായി ചീഫ്മിനിസ്റ്റർ പ്രഖ്യാപിച്ചു. പല കമ്പികളും സ്റ്റേററുമിനിസ്ട്രിയിൽ പോയാൽ തങ്ങിക്കിടക്കും. അതുപോലെ ഇതും തങ്ങിക്കിടക്കുകയാണോ എന്നു സംശയിക്കുന്നു. പണ്ഡിററു ജവഹർലാൽ നെഹ്റുവിനു് ഇങ്ങനെ ഒരു അറിയിപ്പു കിട്ടിയാൽ അതിനു് മറുപടി പോലും അയക്കാതിരിക്കുമെന്നു ആൎക്കും വിശ്വസിക്കാൻ കഴിയുന്നതല്ല. എനിക്കു് ഏററവും സ്നേഹവും ബഹുമാനവുമുള്ള ഒരാളാണു് ശ്രീ. ഫിലിപ്പോസ്. അദ്ദേഹം ഈ മന്ത്രിസഭയിൽ ഇരിക്കുന്നതു് ഈ രാജ്യത്തിന്റെ ഉത്തമ താല്പൎയ്യങ്ങൾക്കും ഡെമോക്രസിയുടെ പ്രീസിഡൻറിനും നല്ലതാണോ എന്നു എല്ലാവരും ആലോചിക്കണം.

ഋണബാദ്ധ്യതയുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ കടങ്ങൾ തീൎത്തതിനുശേഷമല്ലാതെ ഉദ്യോഗത്തിൽ തുടരുന്നതിനു് അനുവദിക്കയില്ല. ഒരു പോലീസ് ഇൻസ്പെക്ടരുടെ കാൎയ്യം എനിക്കറിയാം. അദ്ദേഹത്തിന്റെ പേർ ഇപ്പോൾ എനിക്കോൎമ്മയില്ല. അദ്ദേഹത്തിന്റെ കടങ്ങൾ തീൎത്തതിനുശേഷം ജോലിയിൽ

[Sri. R. Sankar]

പ്രവേശിച്ചാൽമതിയെന്നു പറഞ്ഞു് ജോലിയിൽനിന്നും വിട്ടുനിറുത്തിയിരുന്നു. ഋണബാദ്ധ്യതയുള്ള ഉദ്യോഗസ്ഥൻ ജോലിയിൽ ഇരിക്കുന്നതായാൽ ദോഷാരോപണങ്ങൾക്കും വിമർശനങ്ങൾക്കും ഇടയാകുമെന്നുള്ളതു് തീർച്ചയാണു്. ടി. എസ്. ആർ-ൽ തന്നെ അങ്ങനെയൊരു നിയമമുണ്ടു്. ഈപ്രകാരമുള്ള ഒരു പരിതഃസ്ഥിതിയിൽ ഉദ്യോഗസ്ഥന്മാർ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നതു് ശരിയല്ലെങ്കിൽ ഒരു മിനിസ്റ്റർ ഇരിക്കുന്നതു് ശരിയാണോ എന്നാണു ബഹു. മന്ത്രിയും ഈ സഭയും ആലോചിക്കേണ്ടതു്. എത്ര ആരോപണങ്ങളും സഹിച്ചു് ഇങ്ങനെ അധികാരത്തിൽ തുടർന്നുകൊണ്ടു് പോകുന്നതുകൊണ്ടു് ഡെമോക്രസിയോടുതന്നെ വെറുപ്പും വിദ്വേഷവും ഉണ്ടാകാൻ ഇടയുണ്ടെന്നുള്ള സംഗതി ഈ സഭയുടെ ശ്രദ്ധയിൽ പെടണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ എന്റെ ഭേദഗതിയെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Speaker: Does the Government Member desire to say anything at this stage?

Sri. Panampilli Govinda Menon: It can be done later.

ശ്രീ കളത്തിൽ വേലായുധൻ നായർ: എന്റെ ബഹുമാന്യസ്നേഹിതൻ മി. ശങ്കർ ഇവിടെ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. അദ്ദേഹം പറഞ്ഞതായ സംഗതികൾ ആവർത്തിക്കാതെ ആ ഭേദഗതിയിലുള്ള മറ്റു ചില സംഗതികളെ സംബന്ധിച്ചു രണ്ടുവാക്കു പറയാമെന്നു ഞാൻ വിചാരിക്കുന്നു. ഇന്നു ഈ രാജ്യത്തെ അഭിമുഖീകരിച്ചിരിക്കുന്ന ഏററവും വലിയ പ്രശ്നം ഭക്ഷ്യപ്രശ്നമാണു്. അതു സംബന്ധിച്ചു അല്പം പ്രയോജനപ്രദമായും ആവശ്യമായും ഉള്ള കാര്യങ്ങളെ പരാമർശിച്ചു എന്തെങ്കിലും സ്വല്പം പറയാമെന്നു ഞാൻ ഉദ്ദേശിക്കുന്നു. അതായതു ഭക്ഷ്യപ്രശ്നം സംബന്ധിച്ചു് ഗവൺമെന്റു ഇവിടെ നൂതനമായി വരുത്താൻ ഉദ്ദേശിക്കുന്നതായ പ്രൊക്യൂർമെന്റ് പദ്ധതിയെ പരാമർശിച്ചു അല്പം ചില സംഗതികൾ പറയാമെന്നു വിചാരിക്കുന്നു. യുദ്ധം ഉണ്ടായ കാലംമുതൽ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി പല പദ്ധതികളും ആവിഷ്കരിച്ചു് നടപ്പിൽവരുത്തുന്നതായി ആണ്ടുതോറും പറയാറുണ്ടു്. അതിനുവേണ്ടി വലിയ തുകകൾ ചെലവാക്കുന്നതായും കഴിഞ്ഞ പത്തുകൊല്ലക്കാലത്തെ റിപ്പോർട്ടുകൾകൊണ്ടു നാം മനസ്സിലാക്കിയിട്ടുണ്ടു്. മാത്രമല്ല, ഒരുപത്തു കൊല്ലംകൊണ്ടു നമ്മുടെ രാജ്യം ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തമാകാൻ സാധിക്കുമെന്നും പറഞ്ഞിട്ടുണ്ടു്. എന്നാൽ കഴിഞ്ഞ പത്തുകൊല്ലം മുമ്പു് എത്ര മാത്രം നെല്ലു ഈ രാജ്യത്തുണ്ടാകുമായിരുന്നോ അത്രമാത്രമേ ഇപ്പോഴും ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളു എന്നു നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ഈ രാജ്യത്തു ഭക്ഷ്യോല്പാദനത്തിനെന്നുള്ള വ്യാജേന ധാരാളം പണം ഉത്തരവാദിത്വശൂന്യമായ വിധത്തിൽ ചെലവാക്കിയിട്ടും യാതൊരുതരത്തിലും അതു ഈ രാജ്യവാസികൾക്കു പ്രയോജനപ്പെട്ടിട്ടില്ലെന്നുവേണം നാം മനസ്സിലാക്കേണ്ടതു്. ഇപ്പോഴും അതിലേക്കു പല പദ്ധതികളും ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു. ഭക്ഷ്യക്ഷാമം നാടൊട്ടുക്കു വർദ്ധമാനമായിക്കൊണ്ടിരിക്കുമ്പോൾ ഈ പദ്ധതികൾകൊണ്ടുമാത്രം ഈ രാജ്യത്തിനെന്തെങ്കിലും പ്രയോജനമുണ്ടാകുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ പദ്ധതികൾമൂലം ഈ നാട്ടിലെ ജനങ്ങൾക്കു പ്രയോജനകരമായവിധത്തിൽ ഭക്ഷ്യക്ഷാമം നേരിടുന്നതിനു സാധിക്കുമോ എന്നുള്ള അടിസ്ഥാനത്തിൽ വേണം നാം പ്രവർത്തിക്കേണ്ടതു്. ഈ രാജ്യത്തു ഭക്ഷ്യക്ഷാമം

പരിഹരിക്കുന്നതിലേക്കു് ശരിയായി ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മാറ്റങ്ങൾ വേണം നാം ആദ്യമായി ചിന്തിക്കുവാൻ. അങ്ങനെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി പുറത്തുനിന്നും ഈ രാജ്യത്തു് ഭക്ഷണസാധനങ്ങൾ ഇറക്കുമതിചെയ്യുന്നുണ്ടു്. അതിനുംപുറമെ ഈ രാജ്യത്തെ കൃഷിക്കാരിൽനിന്നും നെല്ലെടുക്കുന്നുമുണ്ടു്. എന്നാൽ അങ്ങനെ കർഷകരിൽനിന്നും നെല്ലെടുക്കുന്ന സമ്പ്രദായത്തിൽ ഒരു വ്യതിയാനം വരുത്തുന്നതിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതായി പ്രസ്സ് നോട്ടുകളിൽനിന്നും നമുക്കു മനസ്സിലാക്കുവാനിടയായി. അതായതു എക്സസ് ബേസിസ്സിൽ പ്രൊക്യുവർ ചെയ്യുക എന്നുള്ളതാണു്. ഇതിനുമുൻപു്, കർഷകനു് കൃഷിയാവശ്യങ്ങൾക്കും ഉണ്ണുന്നതിനും അവകാശപ്പെടാവുന്ന നെല്ലുകഴിച്ചു്, ബാക്കിയുള്ള നെല്ലു മുഴുവനും സർക്കാരിലേക്കു എടുക്കുക എന്നുള്ള തത്വത്തെ അടിസ്ഥാനമാക്കി എടുത്തുവരികയായിരുന്നു. എന്നാൽ അതു ഭൂമി ഉടമസ്ഥന്മാർക്കും ഭൂമി കൃഷിചെയ്യുന്നവർക്കും ഉപകാരപ്രദമല്ലെന്നും, അതുകൊണ്ടു ഇപ്പോൾ ഒരു പുതിയ വ്യവസ്ഥയനുസരിച്ചു് കർഷകരിൽനിന്നും നെല്ലു പ്രൊക്യുവർചെയ്യുന്നതിന്നായി ആലോചന നടത്തുന്നതായും പ്രസ്സ് നോട്ടു മുഖേന മനസ്സിലായി. ഈ പ്രസ്സ് നോട്ടു് അനുസരിച്ചു് സ്വീകരിക്കുവാൻപോകുന്ന പ്രൊക്യുവർമെൻറ സിസ്റ്റവും ഈ രാജ്യത്തു ഗുണകരമായിത്തീരുമോ എന്നു പറയുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. മുൻപുണ്ടായിരുന്ന പദ്ധതി എന്തുകൊണ്ടു വിജയകരമായി നടത്താൻ സാധിച്ചില്ല എന്നുള്ളതാണു നാം ചിന്തിക്കേണ്ടതു്. മുൻപുണ്ടായിരുന്ന പദ്ധതിയനുസരിച്ചു് ഒരു കർഷകനു് ആവശ്യമുള്ളതായ നെല്ലു കൊടുത്തുകഴിഞ്ഞാൽ ബാക്കിയുള്ളതു ഗവമ്മെണ്ടിലേക്കു വാങ്ങിക്കുക എന്ന നിയമത്തിൽ യാതൊരു തെററും ഉണ്ടായിരുന്നില്ല. അതു പ്രയോഗത്തിൽ വരുത്തിയതിലുള്ള തെററുകൊണ്ടാണു്, എക്സസ് ബേസിസ്സിൽ നെല്ലെടുത്താൽ കർഷകനു് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്നും, അതു തുടരുന്നതുമൂലം ദൂഷ്യങ്ങൾ ഉണ്ടാകുന്നുവെന്നും അതുകൊണ്ടു മറെറാരു പദ്ധതി സ്വീകരിക്കണമെന്നും അഭിപ്രായങ്ങൾ ഉണ്ടായതു്. അങ്ങനെയുള്ള വാദങ്ങളെ അടിസ്ഥാനമാക്കിയാണു് രണ്ടാമതു പ്രഖ്യാപിതമായ ഇപ്പോഴത്തെ പുതിയ സമ്പ്രദായം—അതു ഏതു തരത്തിലാണെന്നുള്ളതിനെപ്പററി ശരിയായ അറിവു എനിക്കു ലഭിച്ചിട്ടില്ല—സ്വീകരിച്ചിരിക്കുന്നതു്. അതിനെ സംബന്ധിച്ചുള്ള റൂളുകളും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. അപ്രകാരം ആവശ്യമായ റൂളുകൾ ഉണ്ടാക്കാതെയിരിക്കുന്നതും ഗവമ്മെണ്ടിൻെറ വലുതായ അനാസ്ഥകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു. അതുമാത്രമല്ല, ഇതിലേക്കാവശ്യമായ റൂളുകൾ യഥാകാലം ഉണ്ടാക്കാത്തതുകൊണ്ടു വളരെ ബുദ്ധിമുട്ടുകൾ കൃഷിക്കാർക്കു നേരിടുന്നതും ഗവമ്മെണ്ടിലേക്കു നെല്ലെടുക്കുന്നതിനു് സാധിക്കാതെ വരുന്നതുമാണു്. കുട്ടനാടു മുതലായ പ്രദേശങ്ങളിൽതന്നെ ഇതുസംബന്ധിച്ച യാതൊരു പരിചയവും സിദ്ധിക്കാത്ത ഉദ്യോഗസ്ഥന്മാരെയാണു നിയമിച്ചിരിക്കുന്നതു്. മാത്രമല്ല, ഉദ്യോഗസ്ഥന്മാർക്കു് അവരുടെ ഡിസ്ക്രിഷൻ അനുസരിച്ചു് പ്രൊക്യുവർമെൻറ നടത്താമെന്നാണു ഇപ്പോഴത്തെ പുതിയ സമ്പ്രദായംകൊണ്ടു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. ഇങ്ങനെ ശരിയായ വിധത്തിൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ സാധിക്കാത്ത ഏതു സമ്പ്രദായവും വിജയിക്കുവാൻപോകുന്നില്ല. അതുമാത്രമല്ല, ഈ സമ്പ്രദായം നടപ്പിൽവരുത്തി അതിൻെറ ഗുണദോഷങ്ങളെപ്പററി ഒരു പരീക്ഷണം നടത്താൻ നമുക്കു അവസരമുണ്ടോ? ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ചു് പറയുന്നകൂട്ടത്തിൽ ഇതിൻെറ കുററങ്ങളും കുറവുകളും ആവശ്യമെന്നു തോന്നുന്നപക്ഷം നമുക്കു ഭേദഗതിചെയ്യാമെന്നും പറയുന്നു. ഈ പദ്ധതിമൂലം ഈ രാജ്യത്തിനാവശ്യമായ നെല്ലുണ്ടാക്കാൻ കഴിയു

[Sri. Kalathil Velayudhan Nayar]

മെന്നും ഇവിടെ ഭരിക്കുന്ന കക്ഷി തീരുമാനം ചെയ്തതായും പറയുന്നു. എന്നാൽ ഇതിലേക്കാവശ്യമായ റൂളുകൾ പാർട്ടിയിൽ തീരുമാനിച്ചിട്ടുണ്ടോ എന്നുള്ളതിനെപ്പററി പറഞ്ഞിട്ടില്ല. ഇപ്രകാരം ശരിയായ റൂളുകൾ ഉണ്ടാക്കാതെ മുൻപുണ്ടായിരുന്നതായ വ്യവസ്ഥകൾ മാററി പുതിയ സമ്പ്രദായം നടപ്പാക്കുന്നതിനു തീരുമാനിച്ചതു വളരെ ഗർഹണീയമായ ഒരു നയമാണെന്നാണു ഞാൻ പറയുന്നതു്. മുൻപുണ്ടായിരുന്ന നയത്തെ ആർക്കും കുററം പറയാൻ സാധിക്കയില്ല. തത്വം മാത്രം പ്രഖ്യാപിക്കുന്നതുകൊണ്ടു എന്തു പ്രയോജനമാണു ഈ രാജ്യത്തുണ്ടാകുവാൻ പോകുന്നതു്? അതുകൊണ്ടു ഞാൻ പറയുന്നതു ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്ന ലെവി സമ്പ്രദായത്തെ സംബന്ധിച്ച റൂളുകൾ എത്രയും നേരത്തെ പ്രഖ്യാപിക്കേണ്ടതായിരുന്നു എന്നാണ്. ഇതു സംബന്ധിച്ച പരിപൂർണ്ണമായ നിയമങ്ങൾ ഉണ്ടാക്കേണ്ടതാണ്. അല്ലാതെ നിയമങ്ങൾ ഉണ്ടാക്കിയതിനുശേഷം അതു ഭേദഗതി ചെയ്യുന്നതു തെററാണെന്നാണു എന്റെ അഭിപ്രായം.

അടുത്തതായി എനിക്കു പറയാനുള്ളതു് ഈ രാജ്യത്തെ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിനെ സംബന്ധിച്ചാണ്. അതിൽ പല ക്രമക്കേടുകളും കാണുന്നുണ്ടു്. ചില പ്രദേശങ്ങളിൽ ഒന്നരണ്ടാഴ്ചകളിൽ ഒട്ടുംതന്നെ റേഷൻ കൊടുക്കാത്ത സ്ഥലങ്ങളുമുണ്ടു്. ഇങ്ങനെ കൊടുക്കാതിരിക്കുന്നതിനു യാതൊരു ന്യായങ്ങളും ഗവൺമെണ്ടിനു പറയാൻ സാധിക്കയില്ല എന്നാണ് എനിക്കു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ ഏതെങ്കിലും തത്വം അനുസരിച്ചു ഗവൺമെണ്ടു നെല്ലു് പ്രൊക്യൂവർ ചെയ്യുന്നുണ്ട്. അതു പൂർണ്ണമായി വിതരണം ചെയ്യുന്നതിനു് ആവശ്യമായ ഉദ്യോഗസ്ഥന്മാരെയും, അതിനു വേണ്ടതായ മററു സജ്ജീകരണങ്ങളും ഈ രാജ്യത്തുണ്ടാക്കിയിട്ടുണ്ടു്. ഇന്നലെത്തന്നെ ഞാൻ പത്രങ്ങളിൽ വായിച്ചു ഇനിയും ഏതാനും ഡെപ്യൂട്ടി കമ്മീഷണർമാരെക്കൂടി ഈ ഡിപ്പാർട്ടുമെണ്ടിലേയ്ക്കു് നിയമിക്കാൻ പോകുന്നു എന്നു്. ഏതാനും ദിവസങ്ങൾക്കുമുമ്പു് ഏതോ പത്രങ്ങളിൽ വായിക്കുകയുണ്ടായി വള്ളങ്ങൾ കിട്ടാനുള്ള പ്രയാസം നിമിത്തം അരി വരുത്തുന്നതിനും വിതരണം നടത്തുന്നതിനും താമസം നേരിടുന്നു എന്നു്. അതു വെറും ഒരു മുടന്തൻ വാദമായി സ്വീകരിക്കാമെന്നല്ലാതെ മറെറാന്നുമല്ല. ജനങ്ങൾക്കു് ഏററവും ആവശ്യമായ ഭക്ഷണസാധനങ്ങൾ കൊടുക്കേണ്ട സമയത്തു കൊടുക്കാതിരിക്കുന്നതിനു ഇപ്രകാരമുള്ള സമാധാനങ്ങൾകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഇതും ഗവൺമെണ്ടിന്റെ അനാസ്ഥകൊണ്ടുണ്ടായിട്ടുള്ളതാണെന്നുള്ളതിനൊരു തെളിവാണ്. മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് പബ്ലിക്ക് സർവ്വീസിനെപ്പററിയാണ്. ഇന്നെന്താണ് ഇവിടത്തെ സ്ഥിതിയെന്നു നമുക്കു നോക്കാം. വളരെ കൊല്ലങ്ങൾക്കുമുമ്പു ഇവിടെ സ്വേച്ഛാധിപത്യം നിലവിലിരുന്ന കാലത്തുണ്ടായിരുന്നതിനേക്കാൾ വളരെ വലിയ പിശകുകൾ ഇന്നത്തെ പബ്ലിക്ക് സർവ്വീസിൽ ഉണ്ടു്. അങ്ങിനെ ഉണ്ടായിട്ടുള്ളതു പരമാർത്ഥമാണെങ്കിൽ അതു പരിഹരിക്കേണ്ടതു ഭരണാധികാരികളുടേയും ഈ നിയമസഭയുടേയും ബാദ്ധ്യതയാണെന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നതു്. ഇവിടെ ജനകീയഭരണം വന്നതിനുശേഷം ജനകീയഭരണസിദ്ധാന്തമനുസരിച്ചു ഈ ഗവൺമെണ്ടിന്റെ നിയമനങ്ങൾ, പ്രമോഷൻ മുതലായ കാര്യങ്ങളെപ്പററി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തീരുമാനങ്ങൾ ചെയ്യേണ്ടതാണെന്നു ഈ നിയമസഭ തീരുമാനിച്ചു. അതനുസരിച്ചു ഒരു പബ്ളിക്ക് സർവ്വീസ് കമ്മീഷനെ നിയമിക്കയുമുണ്ടായി. എന്നാൽ വോട്ടിനു വിധേയമായി രാജ്യഭരണം നടത്തുന്ന ഗവൺമെണ്ടിനെ, ഭരണാധികാരികൾ അവരുടെ അധികാരങ്ങൾകൊണ്ടു ഏതാനും വ്യക്തികളെ തൃപ്തി

പ്പെടുത്തുന്നതിലേയ്ക്കു ശ്രമിച്ചേക്കുമെന്നും, നിയമനകാര്യങ്ങളിൽ കക്ഷിപിടിത്തവും പരിഗണനകളും ഉണ്ടാകുവാൻ ഇടയുണ്ടെന്നും കരുതിയാണ്, ഇമ്മാതിരി കാര്യങ്ങളിൽ യാതൊരു പരിഗണനകൾക്കും ഇടയില്ലാത്ത തരത്തിൽ ഒരു കമ്മിഷൻ ഉണ്ടാക്കണം എന്നു നാം തീരുമാനിച്ചതു്. എന്നാൽ ഈ രാജ്യത്തെന്താണുണ്ടായതു്? ഈ പബ്ളിക്ക് സർവ്വീസ് കമ്മീഷൻതന്നെ ഉണ്ടായതു്, രാഷ്ട്രീയമായും സാമുദായികമായ പരിഗണനകളാലും നിയമിക്കപ്പെട്ട ഒന്നാണെന്നുള്ളതു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഈ രാജ്യത്തുള്ളതായ ഒരു പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നിയമമനുസരിച്ചു നടത്തിയിട്ടുള്ള നിയമനങ്ങളാണെങ്കിൽ അതിൽ എന്തു തെറ്റാണുണ്ടാകാൻ പോകുന്നതു്. അപ്രകാരം നടത്തുന്ന നിയമനങ്ങളിൽ ആളുകൾക്കു് വിശ്വാസമില്ലെന്നു വരുന്നതു് ഒരിക്കലും ശരിയുമല്ല. അങ്ങനെ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയിട്ടുള്ളതായ നിയമനങ്ങൾ ഗവമ്മെണ്ടിൽ അംഗീകാരത്തിനു വിധേയമാണെന്നുള്ളതിനു് രണ്ടു സംഗതികൾ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇവിടെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെണ്ടിൽ അസിസ്റ്റന്റ് കമ്മീഷണറന്മാരെ നിയമിക്കുന്നതിനു ആളുകളെ തെരഞ്ഞെടുക്കുവാൻ പബ്ളിക്ക് സർവ്വീസ് കമ്മീഷണരോടു് ആവശ്യപ്പെട്ടതനുസരിച്ചു അവർ തെരഞ്ഞെടുപ്പു നടത്തുകയും മി. ഈശോയെയും മി. ഭാസ്കരപിള്ളയെയും തെരഞ്ഞെടുക്കുകയും ചെയ്യുകയുണ്ടായി. അവരെ നിയമിച്ചതനുസരിച്ചു് ഉദ്യോഗത്തിൽ പ്രവേശിച്ചു് മൂന്നോ നാലോ ദിവസം കഴിഞ്ഞപ്പോൾ ഗവമ്മെണ്ടിൽനിന്നും അവരുടെ സ്ഥാനങ്ങളിലേക്കു് നിയമനം നടത്തുകയും അവരെ അവിടെനിന്നും അയയ്ക്കുകയും ഉണ്ടായി. അതിനു ഗവമ്മെണ്ടിൽനിന്നും ചില സാങ്കേതികമായ കാരണങ്ങൾ പറയുകയുണ്ടായി. ഇതു അനീതിയല്ലേ. ഇപ്രകാരമുള്ള ഒരു നിയമനത്തിനു ഗവമ്മെണ്ടു പറയുന്നതു് ഗവമ്മെണ്ടു അനീതി ചെയ്തില്ലെന്നും സാങ്കേതികമായ കാരണങ്ങളാൽ ഇപ്രകാരം നിയമനം നടത്തുകയാണു് ചെയ്തതെന്നുമാണു്. ഇങ്ങനെയാണെങ്കിൽ ഒരു സർവ്വീസ് കമ്മീഷൻ ഇല്ലാതിരിക്കുകയാണു് ഭേദം. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെണ്ടിൽ കുറെ അധികം ഉദ്യോഗനിയമനങ്ങൾക്കായി അപേക്ഷകൾ ക്ഷണിച്ചു. അനവധി ആളുകൾ ഫീസൊടുക്കി അപേക്ഷകൾ അയച്ചു. അവരുടെ ഒരു ഇൻറർവ്യൂ തിരുവനന്തപുരത്തുവെച്ചു നടത്തി. അതനുസരിച്ചു് പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നിയമനത്തിനു് ഒരു ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ഇത്രയും ഒക്കെ കഴിഞ്ഞതിനു ശേഷം ഗവമ്മെണ്ടു പബ്ളിക്ക് സർവ്വീസ് കമ്മീഷനോടു ആ നിയമനങ്ങൾ നിറുത്തിവയ്ക്കുവാൻ ആവശ്യപ്പെട്ടു. നിയമനങ്ങൾ ഗവമ്മെണ്ടുതന്നെ നടത്തിക്കൊള്ളാമെന്നു് അവരെ അറിയിക്കുകയുംചെയ്തു. ഇതെന്തൊരു അഴിമതിയാണു, സർ? അവരുടെ അപേക്ഷാഫീസ് തിരിച്ചു കൊടുക്കുകയോ യാത്രക്കൂലി കൊടുക്കുകയോ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ധാർമ്മികമായി ഇതു എന്തൊരു അബദ്ധമാണു് എന്നു് നാം ആലോചിക്കേണ്ടതാണു്. ഗവമ്മെണ്ടു താഴ്ന്നതരം ഉദ്യോഗസ്ഥന്മാരോടു ഈ വിധത്തിൽ പെരുമാറിയാൽ പബ്ളിക്ക് സർവ്വീസ് എങ്ങിനെയാണു് സമാധാനം ഉണ്ടാകുന്നതെന്നു ഞാൻ ചോദിക്കുന്നു. നീതിപൂർവ്വകമായ ഉദ്യോഗനിയമനങ്ങളും പ്രമോഷനുകളും നടക്കുന്നതിനു് നിഷ്പക്ഷമായ ഒരു പബ്ളിക്ക് സർവ്വീസ് കമ്മീഷൻ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്ന തത്വം നാം അംഗീകരിക്കുകയും, അതനുസരിച്ചു് ഒരു പബ്ളിക്ക് സർവ്വീസ് കമ്മീഷനെ നിയമിക്കുകയുംചെയ്തതിനുശേഷവും ഉദ്യോഗനിയമനകാര്യങ്ങളിലും പ്രമോഷൻകാര്യങ്ങളിലും ഗവമ്മെണ്ടു ഇടപെടാൻ ഉദ്ദേശിക്കുന്നു എന്നുവന്നാൽ അതിനു രാഷ്ട്രീയമായ പരിഗണനകൾ ഇല്ലെന്നു എങ്ങിനെയാണു് വിശ്വസിക്കുക? അതാണു് ഇന്നത്തെ ഇവിടത്തെ സ്ഥിതി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷനെ നിയമിച്ചതിനുശേഷം ഗവൺമെന്റ് നേരിട്ട് നിയമനം നടത്തിയതിന് ഒരു ഉദാഹരണമെങ്കിലും ചൂണ്ടിക്കാണിക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഞാൻ ഇപ്പോൾ പറഞ്ഞവതന്നെ ഉദാഹരണങ്ങളാണ്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയ രണ്ടു നിയമനങ്ങളെ ഗവൺമെന്റിൽനിന്നും റദ്ദ്ചെയ്തിട്ട് ഗവൺമെന്റ് പുതിയ നിയമനങ്ങൾ നടത്തി. സെയിൽസ് ടാക്സിൽ നിയമിക്കുന്നതിനുവേണ്ടി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയതിനുശേഷം അതു നിറുത്തിവെച്ചിട്ട് വേറെ നിയമനങ്ങൾ ഗവൺമെന്റ് നേരിട്ട് നടത്തിക്കൊള്ളാമെന്നുവച്ചു. ഇങ്ങനെ പത്തോ നാല്പതോ നിയമനങ്ങൾ ഉദാഹരണമായി പറയാൻ സാധിക്കും. ഏതായാലും ക്യാബിനറ്റിലെ ഒരു മന്ത്രിതന്നെ ഗവൺമെന്റു നടത്തിയ ഈവക കാര്യങ്ങൾ അറിഞ്ഞിട്ടില്ലെന്നു കാണുന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു.

Mr. Speaker: The honb'le Member has made a statement that he could cite about forty instances in which the recruitments made by the Public Service Commission have been interfered with by Government. The member, in fairness to himself, the House and to all concerned may, if he feels so inclined furnish, a list of those instances. The list can be placed on the table of the House. This is but a mere suggestion which may or may not be availed of.

Sri. Kalathil Velayudhan Nayar :They may be lawful according to Government. So I think there is no necessity for placing such a list before the House (Laughter) ഒരു സംഗതികൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. വ്യാവസായികവികസനത്തിനുവേണ്ടി ഗവൺമെന്റിൽനിന്നും എത്രയോലക്ഷം രൂപ മുടക്കി ഇവിടെ ചില സ്ഥാപനങ്ങൾ ആരംഭിച്ചു നടത്തിവരുന്നുണ്ട്. ഈ സ്ഥാപനങ്ങൾ എങ്ങിനെയാണ് പ്രവർത്തിക്കുന്നതെന്നും അവ കാലം കഴിയുംതോറും പുരോഗതിയിലേക്കുതന്നെ നീങ്ങിക്കൊണ്ടിരിക്കുകയാണൊ എന്നും ആലോചിക്കേണ്ടതു നമ്മുടെ ചുമതലയാണ്. രാജപ്രമുഖൻ തിരുമനസ്സിലെ ഇപ്പോഴത്തെ പ്രസംഗത്തിലും വ്യാവസായികവികസനത്തിനായി കൂടുതൽ പണം ചിലവാക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റിൽനിന്നും പണം മുടക്കി നടത്തുന്ന റബ്ബർ ഫാക്ടറി, പ്ലൈവുഡ് ഫാക്ടറി, സിറാമിക്ക് ഫാക്ടറി മുതലായ വ്യാവസായികസ്ഥാപനങ്ങൾ നമുക്കുണ്ട്. ഈ മാതിരി സ്ഥാപനങ്ങൾ ഇൻഡ്യയുടെ ഇതരഭാഗങ്ങളിലെല്ലാം മേൽക്കുമേൽ വിജയകരമായി പ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ നമ്മുടെ രാജ്യത്തുമാത്രം ഇവ പരാജയമടയുന്നതു എന്തുകൊണ്ടാണെന്നുള്ള കാര്യം ഗവൺമെന്റു അവഗാഢമായി ചിന്തിക്കേണ്ടതാണ്. പരമാർത്ഥം പറഞ്ഞാൽ ഈ കാര്യത്തിലും ഗവൺമെന്റിനു പരാജയംപറ്റിയിരിക്കയാണ്. കൂടുതലായി ഈ അവസരത്തിൽ ഒന്നും പറയണമെന്ന് ഉദ്ദേശിക്കുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ടു ശ്രീ. ശങ്കർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുമാരനാശാരി: സർ, രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ ഈ രാജ്യത്തിന്റെ ഭരണപരമായ കാര്യങ്ങളെപ്പറ്റിയും രാജ്യത്തു ആരംഭിച്ചിട്ടുള്ള വമ്പിച്ച പദ്ധതികളെപറ്റിയും ഭക്ഷ്യക്ഷാമം ദൂരീകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തുടങ്ങിയിട്ടുള്ള കാര്യങ്ങളെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഈ രാജ്യത്തെ തൊഴിലില്ലായ്മയെപ്പറ്റിയും ഇവിടത്തെ തൊഴിലാളികളിൽ ഒരു പ്രധാന വിഭാഗമായ നെയ്ത്തു തൊഴിലാളികളുടെ അവശതകളെപ്പറ്റിയും മറ്റൊരുതരം ന്യൂനപക്ഷതൊഴിലാളികൾ ഈ രാജ്യ

ത്തുള്ളവർ ഇന്നനുഭവിച്ചുപോരുന്ന വിഷമങ്ങളെപ്പററിയും യാതൊന്നുംതന്നെ പ്രസ്താവിച്ചുകാണുന്നില്ല. അതുകൊണ്ട് ഞാൻ ഉൾപ്പെടുന്ന പാർട്ടിയുടെ ലീഡർ ശ്രീ. ശങ്കർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയോടു പൂർണ്ണമായി യോജിച്ചുകൊണ്ട് ഒന്നുരണ്ടു കാര്യങ്ങൾ പറയണമെന്നു ഞാനുദ്ദേശിക്കുന്നു. ഭയങ്കരമായ തൊഴിലില്ലായ്മയിലേക്കും ദാരിദ്ര്യത്തിലേക്കും ഭക്ഷണക്ഷാമത്തിലേക്കും ജനങ്ങൾ അതിവേഗം എത്തിച്ചേർന്നുകൊണ്ടിരിക്കയാണ്. ഏതൊരു രാഷ്ട്രത്തേയും പ്രധാനമായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണല്ലോ തൊഴിലില്ലായ്മ. അതിൻെറ പരിഹാരത്തിനുവേണ്ടി ഏതൊരു പരിഷ്കൃതരാഷ്ട്രവും വരുമാനത്തിൻെറ ഒരു വലിയ ഭാഗം ചെലവാക്കിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ഇന്ന് ഈ രാജ്യത്തെ അഭിമുഖീകരിച്ചിരിക്കുന്ന ഭയങ്കരമായ തൊഴിലില്ലായ്മയെ നേരിടുന്നതിനുവേണ്ടി ഇവിടത്തെ ഗവൺമെൻറ എന്താണ് ചെയ്യുന്നതെന്ന് ഞാൻ ചോദിക്കുന്നു. ഇവിടത്തെ സാധുതൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കുള്ള ഒരേ ഒരായുധമായ സംഘടനാശക്തിയെപ്പോലും ഇല്ലാതാക്കി അവരെ മുതലാളിവർഗ്ഗത്തിൻെറ വെറും പിണിയാളുകളാക്കി തീർത്തിരിക്കുകയാണ്. അവരുടെ പ്രവർത്തനസ്വാതന്ത്ര്യവും സംഘടനാസ്വാതന്ത്ര്യവും ഇന്നു ഒരു പ്രകാരത്തിൽ തടഞ്ഞിരിക്കുകയാണ്. ഈ രാജ്യത്തുള്ള നെയ്ത്തുതൊഴിലാളികളുടെ സ്ഥിതി ആലോചിച്ചാൽ അതു എത്രയും ദയനീയമാണ്. രാജ്യത്തിൻെറ നാനാഭാഗങ്ങളിലായി ചിന്നിച്ചിതറികിടക്കുന്ന അനവധി നെയ്ത്തുതൊഴിലാളികൾ ഈ രാജ്യത്തു തൊഴിൽ ചെയ്തുപോരുന്നുണ്ട്. അവർക്കാവശ്യമായിട്ടുള്ളതു് ഇരുപതാംനമ്പർ നൂലാണ്. ആ ഇനം നൂല് ഇവിടത്തന്നെ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. എങ്കിലും അവർ നൂലുകിട്ടാതെ ഇന്ന് തൊഴിലില്ലായ്മയിലും പട്ടിണിയിലും അകപ്പെട്ടു നട്ടം തിരിയുകയാണ്. അവരുടെ പരിതാപകരമായ അവസ്ഥക്ക് പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെൻറ എന്താണ് ചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു. അവരുടെ അവശതാപരിഹാരത്തിനു അവക്ക് ഏററവും പ്രധാനമായി ആവശ്യമുള്ള സംഘടനാശക്തി നിലനിറുത്തിക്കൊണ്ടുപോകുന്നതിനോ അവരുടെ ട്രേഡു യൂണിയൻ പ്രവർത്തനങ്ങൾ സ്വതന്ത്രമായി പുരോഗമിപ്പിച്ചുകൊണ്ടു പോകുന്നതിനോ സാധ്യമല്ലാത്ത ഒരു പരിതസ്ഥിതിയിൽ അവരെ ഈ ഗവൺമെൻറ ഇന്നെത്തിച്ചിരിക്കുകയാണ്. അവരുടെ ട്രേഡ് യൂണിയൻ പ്രവർത്തകരേയും യൂണിയൻ സെക്രട്ടറിമാരേയും ജയിലിൽ അടച്ചുകൊണ്ട് അവരുടെ സംഘടനകളിൽനിന്നും ഗവൺമെൻറിലേക്ക് അയക്കേണ്ട "റിട്ടേൺസ്" യഥാസമയം കിട്ടുന്നില്ലെന്നുള്ള വ്യാജേന പല യൂണിയനുകളുടേയും ലൈസൻസ് റദ്ദ് ചെയ്തിരിക്കയാണ്. ഇങ്ങനെ തൊഴിലാളികളുടെ താല്പര്യസംരക്ഷണത്തിനും അവശതാപരിഹാരത്തിനും വേണ്ടതു പ്രവർത്തിക്കുവാൻ സന്നദ്ധതയില്ലാത്ത ഒരു ഗവൺമെൻറാണ് ഇവിടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് പറയാതെ തരമില്ല. കൂടാതെ ഇവിടത്തെ യാന്ത്രിക തന്ത്രങ്ങളുടേയും വ്യവസായശാലകളുടേയും അതുപോലുള്ള മററസ്ഥാപനങ്ങളുടേയും പുരോഗതിക്കും നിലനിൽപ്പിനും ഏററവും പ്രയോജനപ്രദമായ വഴികളിൽകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗം തൊഴിലാളികൾ ഈ രാജ്യത്തുണ്ട്. ഇവിടത്തെ വിശ്വകർമ്മതൊഴിലാളികളെയാണ് ഞാൻ ഉദ്ദേശിക്കുന്നതു്. മരംകൊണ്ടും ലോഹംകൊണ്ടും അതുപോലുള്ള മററു സാധനങ്ങൾകൊണ്ടും പലമാതിരി ഉപകരണങ്ങൾ നിർമ്മിക്കുന്ന തൊഴിലിലാണ് അവർ ഏർപ്പെട്ടിരിക്കുന്നതു്. അതിൽനിന്നും കിട്ടുന്ന വരുമാനംകൊണ്ടാണ് അവർ ഉപജീവിക്കുന്നതു്. മാസം പത്തോ പതിനഞ്ചോ ദിവസത്തെ ജോലിമാത്രമേ സാധാരണയായി അവർക്കു കിട്ടാറുള്ളു. അതിൽനിന്നും കിട്ടുന്ന

[Sri. P. K. Kumaran Achari]

വരുമാനംകൊണ്ടു് കുടുംബം സംരക്ഷിച്ചുകൊണ്ടുപോകുന്നതിനോ തങ്ങളുടെ കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനോ അവർക്കു കഴിയുന്നില്ല. പൊതുവേ പറഞ്ഞാൽ വിശ്വകർമ്മ തൊഴിലാളികൾ ഇന്നു വളരെയധികം കഷ്ടതകൾ അനുഭവിച്ചുകൊണ്ടിരിക്കയാണു്. മൂന്നരലക്ഷം ജനസംഖ്യയുള്ള വിശ്വകർമ്മസമുദായത്തിൽ കഷ്ടിച്ചു് നാലു പേർ മാത്രമേ ബിരുദധാരികളായിട്ടുള്ളു. ഈ സഭയിലുള്ള മൂന്നംഗങ്ങളെയും മററു രണ്ടുപേരെയും കൂടാതെ ഉന്നതവിദ്യാഭ്യാസം ചെയ്തു ഗവമ്മെൻറുദ്യോഗത്തിൽ പ്രവേശിക്കുന്നതിനു സാധിച്ചിട്ടുള്ള ൩൩ പേർ മാത്രമേ ഈ സമുദായത്തിൽ ഇന്നുള്ളു. വിശ്വകർമ്മസമുദായത്തിന്റെ സാമ്പത്തികവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ അവശതകളുടെ പരിഹാരത്തിനായി എത്രയോപ്രാവശ്യം ഞങ്ങൾ ഗവമ്മെൻറിനെ സമീപിച്ചിട്ടുണ്ടു്. എത്രയോ നിവേദനം നടത്തുകയും മൂന്നു മെമ്മോറാണ്ടം സമപ്പിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അതിനൊന്നും യാതൊരു പരിഹാരങ്ങളും ഉണ്ടായിട്ടില്ല. ഈ നില തുടരുകയാണെങ്കിൽ വളരെ താമസിയാതെ തന്നെ ഇവിടുത്തെ വിശ്വകർമ്മസമുദായം വളരെ അധഃപതിച്ചു്, ഇവിടുത്തെ ഹരിജനങ്ങളുടെ തന്നെയും പുറകിലായി പോയേക്കാൻ ഇടയുണ്ടെന്നാണു് ഞങ്ങൾ ഭയപ്പെടുന്നതു്. അങ്ങിനെയുള്ള ഒരപകടത്തിൽനിന്നും അവരെ രക്ഷിക്കുന്നതിനു് ഗവമ്മെൻറിനല്ലാതെ മററാക്കും സാദ്ധ്യമല്ല. വിശ്വകർമ്മ സംഘടനകൾപോലും ഇന്നതിനുള്ള കഴിവുണ്ടോ എന്നു് സംശയമാണു്. അതുകൊണ്ടു സംഘടിതരായ വിശ്വകർമ്മ തൊഴിലാളികളുടെ അവശതകൾ ഏതെല്ലാമാണെന്നു ശ്രദ്ധാപൂർവ്വം ആരാഞ്ഞറിഞ്ഞു് അവയുടെ പരിഹാരത്തിനു് ആവശ്യമായ മാർഗ്ഗങ്ങൾ ഗവമ്മെൻറു സ്വീകരിച്ചില്ലെങ്കിൽ ഇവിടുത്തെ കോൺഗ്രസ് വിരുദ്ധകക്ഷികളോടു അവർ ചേർന്നുനിന്നുകൊണ്ടു് അവരുടെ അവകാശസംരക്ഷണത്തിനുവേണ്ടി സമരംചെയ്യാൻ നിർബ്ബന്ധിതരായിത്തീരുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. കാര്യം എങ്ങിനെയായാലും ഇന്നത്തെ തൊഴിലാളിലോകം, ഇവിടത്തെ ഗവമ്മെൻറു് ഒരു മുതലാളിത്വ പൗരോഹിത്യ കൂട്ടുകെട്ടിൽപ്പെട്ടിരിക്കയാണെന്നും അതുകൊണ്ടു് അവരുടെ അവശതാപരിഹാരത്തിനായി ഈ ഗവമ്മെൻറിനു ഒന്നുംതന്നെ ചെയ്യാൻ സാദ്ധ്യമല്ലെന്നും വിശ്വസിക്കുന്നുണ്ടു്. ഈ നില തുടന്നുപോയാൽ ഈ രാജ്യം ദാരിദ്ര്യത്തിൽനിന്നും ഭീകരമായ ദാരിദ്ര്യത്തിലേക്കും അധഃപതനത്തിൽനിന്നും അധഃപതനത്തിലേക്കും തൊഴിലില്ലായ്മയിൽനിന്നും തൊഴിലില്ലായ്മയിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുകയേ ഉള്ളു എന്ന പരമാത്ഥം വിസ്മരിക്കാതെ രാജ്യത്തിന്റെ മുതലെടുപ്പിൽ ഒരു നല്ലവിഭാഗം ഇവിടത്തെ തൊഴിലാളികളുടെ നന്മക്കും പുരോഗതിക്കും വേണ്ടി വിനിയോഗിക്കേണ്ടതാണെന്നു് ഞാൻ ഗവമ്മെൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ രാജ്യത്തു ഇന്നു നിലവിലിരിക്കുന്ന ദുഷിച്ചുനാറിയ സാമൂഹ്യവ്യവസ്ഥിതിയിൽനിന്നുകൊണ്ടു് ഭരണം നടത്തിക്കൊണ്ടുപോകുന്ന കോൺഗ്രസ്സിനു്, രാജ്യത്തെ അഭിമുഖീകരിക്കുന്ന വമ്പിച്ച പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ സാദ്ധ്യമല്ലെന്നുള്ള വിശ്വാസം പൊതുവേയും, തൊഴിലാളികളുടെയിടയിൽ പ്രത്യേകിച്ചും അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കയാണു്. തന്നിമിത്തം ജനങ്ങൾക്കു കോൺഗ്രസ്സിലുള്ള വിശ്വാസം ഒന്നിനൊന്നു നശിച്ചുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു എനിക്കു പറയാനുള്ളതു് ഇന്നത്തെ കോൺഗ്രസ്സ ഗവമ്മെൻറു ഒന്നുകിൽ ഈ മുതലാളിത്വ പൗരോഹിത്യ കൂട്ടുകെട്ടിൽനിന്നു മാറി നിന്നുകൊണ്ടു് സാമാന്യജനങ്ങളുടെ അവശതാപരിഹാരങ്ങൾക്കായി, ഉന്നമനത്തിനായി പ്രവത്തിക്കാൻ സന്നദ്ധമാകണമെന്നും അതിനുപകരിക്കുന്ന ഒരു സാമ്പത്തിക സമീകരണപദ്ധതി ആ

സൂത്രണം ചെയ്യണമെന്നും, അല്ലെങ്കിൽ പീലാത്തോസിനെപ്പോലെ കൈകഴുകി ശുദ്ധമാക്കി ഈ രംഗത്തുനിന്നും മാറണമെന്നുമാണ്. സാമാന്യജനങ്ങളുടെ താല്പര്യസംരക്ഷണത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിൽവരുത്തണമെങ്കിൽ അതിനു അനുയോജ്യമായ ഒരു സാഹചര്യം ഇവിടെ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ഈ സഭയിലെ വിഭിന്നകക്ഷികൾ ഗവൺമെൻറിൽ പങ്കെടുക്കുന്നതിനുള്ള ഒരവസരം ഈ രാജ്യത്തുണ്ടായെങ്കിലേ അങ്ങിനെ ഒരു സാഹചര്യം ഇവിടെ ഉണ്ടാകുകയുള്ളു എന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ; ഒരു സംയുക്തഗവൺമെൻറു ഇവിടെ ഉണ്ടായെങ്കിലേ ജനസാമാന്യത്തിന്റെ അവശതാപരിഹാരത്തിനു വേണ്ടതു പ്രവർത്തിക്കാൻ കഴിയൂ എന്ന് ബലമായി വിശ്വസിക്കുന്നവരിൽ ഒരാളാണ് ഞാൻ. അപ്രകാരമുള്ള ഒരു നവ്യവ്യവസ്ഥിതിയിലേക്ക് നമ്മുടെ രാജ്യം നീങ്ങിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കോൺഗ്രസ്സ് ഇന്നത്തെ സാമൂഹ്യഘടനയിൽനിന്നും, ദുഷിച്ച വ്യവസ്ഥിതിയിൽനിന്നും അകന്നു രക്ഷ പ്രാപിക്കുകയോ അല്ലാത്തപക്ഷം ഈ സ്ഥാനത്തുനിന്നു എത്രയും വേഗത്തിൽ ഒഴിഞ്ഞുമാറുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ஸ்ரீ. ஏ. ராமசுப்பிரமண்யக் கரையாளர்: ஸார், முன் மந்திரியாயிருந்த ஸ்ரீமதி ஆனிமஸ்கரீன் அவர்கள், தற்போது மந்திரியாக இருக்கும் ஸ்ரீமான் பிலிப்போஸ் அவர்களைப்பற்றி பெரிய குற்றச்சாட்டு சொன்னார்கள். அதைப்பற்றி எனக்குமுன்னால் பேசிய இரண்டு நண்பர்கள், ஒன்றில் ஸ்ரீமான். பிலிப்போஸ் அவர்கள் தான் நிரபராதி என்று நிரூபிக்கவேண்டும்; இல்லாவிட்டால் மந்திரி பதவியிலிருந்து ராஜிநாமா செய்யவேண்டுமென்று. அதை நான் ஆமோதிக்கின்றேன். இந்த சமஸ்தானத்திலே Nepotism, Favouritism, இவைகள் தாண்டவமாடுகின்றதென்று சொல்கிறார்கள். மந்திரிகளே லட்சக்கணக்காக பணங்களை கொள்ளை அடிக்கிறார்களென்று சொல்கிறார்கள். அப்படியிருக்கும் பொழுது மற்ற உத்தியோகஸ்தர்களின் நிலை எப்படியிருக்கும் என்று நாம் ஆலோசித்துப் பார்க்கவேண்டும். கூடுதலாக நான் சொல்லவிரும்புவது என்னவென்றால், இங்கிருப்பது Nepotism–ம், Favouritism–ம், மாத்திரமல்ல. இன்னொன்றும் இருக்கிறது. அதுதான் Anti-Tamilism. தமிழ் மக்களை, தமிழ் உத்தியோகஸ்தர்கள் எங்கிருக்கிறார்களோ, அவர்களைக் குற்றப்படுத்தவேண்டும், அவர்களை இழிவு படுத்தவேண்டும், அவர்களுக்கு உயர்வு கொடுக்கக் கூடாதென்றெல்லாம் நினைத்து அப்படியே நடத்தியும் வருகிறார்கள். இதற்குச் சான்றுகள், எங்கள் தலைவர் நேசமணி அவர்கள் வெகு அழகாக, ஆணந்தமாக எடுத்துச் சொன்னார்கள். தேவிகுளத்தில் கமிஷணராயிருக்கும் என். எஸ். கிருஷ்ணபிள்ளையை, அங்கிருந்து உடனே மாற்றவேண்டுமென்று நாங்கள் பலமுறை இச்சபையில் எடுத்துச் சொல்லியும், அது இந்த அரசாங்கத்தின் காதில் விழுந்ததாகத் தெரியவில்லை. நாங்கள் போடும் சப்தம் "செவிடன் காதில் ஊதிய சங்கு போல்" இருக்கிறது. ஆகவே, இனிமேலாவது அவர்களது கண்கள் திறந்து தமிழர்களுக்குத் தீங்கு விளைவிக்கமாட்டார்களென்று நினைக்கிறேன், அடுத்தபடியாக, நான் சொல்ல விரும்புவது என்னவென்றால், உணவு உற்பத்தியைப் பெருக்க வேண்டும். அதற்கு வேண்டிய சௌகரியங்கள் எல்லாம் செய்து கொடுக்கப்படுமென்று ராஜப்பிரமுகரின் Address–ல் கூறப்பட்டிருக்கிறது.

[Sri.A. P. Subramonia Karayalar]

"In our own State, there was drought in the taluks of Shencotta and Chittur, while about 12,000 acres of paddy lands in Kuttanad were affected by breaches due to tidal action. My Government are making strenuous efforts to meet the situation. New land is being brought under cultivation.

இந்தத் திருவிதாங்கூர்–கொச்சி சமஸ்தானத்திலுள்ள நாஞ்சில்நாடு, செங்கோட்டை, சித்தூர், இப்பகுதிகளை எடுத்துக்கொண்டால், இவைகள் தான் இந்த நாட்டின் முதுகெலும்பு போலிருக்கிறது. இவைகள், இப்பகுதிகள் கொடுக்கும் தானியத்தினால் தான் இந்த நாடு க்ஷேமமாயிருக்கிறது. மேலும் உங்களுக்கு தென் திருவிதாங்கூரிலிருந்துதான் பயிர் கொடுக்கிறார்கள். ஆகவே, உப்பிட்டவரை ஒருபோதும் மறக்கக் கூடாது. அப்படிப்பட்டவர்களுக்கு நீங்கள் ஒருபோதும் தீங்கு விளைவிக்கக் கூடாதென்று கேட்டுக் கொள்கிறேன். அடுத்தபடியாக, செங்கோட்டையில் தண்ணீர் தட்டுப்பாடு உண்டு. அந்தத் தட்டுப்பாட்டைத் தீர்த்து செங்கோட்டையைப் பாதுகாக்க ஒரு சரியான திட்டம் வேண்டுமென்று நாங்கள் பல முறை இவ்வரசாங்கத்தினிடம் கேட்டுக்கொண்டோம். ஒரு தடவை, முன் மந்திரியாக இருந்த ஸ்ரீமான். இக்கண்டவாரியர் அவர்கள் அங்கு வந்திருந்தார்கள். நாங்கள் சென்று சில இடங்களைப் பார்வையிட்டோம். அச்சன் கோவில் ஸ்கீம், கல்லார் ஸ்கீம், குளத்துப்புழை ஸ்கீம் முதலிய ஸ்கீம்களைப் பற்றி சர்ச்சை செய்தோம். எல்லாவற்றிற்கும் வேண்டியனச் செய்து தருகிறோமென்று அவர்கள் சொன்னார்கள். ஆனால் இதுவரையிலும் அதற்கு வேண்டிய ஒரு ஏற்பாடும் செய்ததாகத் தெரியவில்லை. கல்லார் ஸ்கீமை எடுத்துக்கொள்வோம். அது நடைமுறையில் வந்தால், செங்கோட்டைக்கு மட்டுமல்ல, சென்னை மாகாணத்திலுள்ள திருநெல்வேலி ஜில்லாவிலிருக்கும் சங்கரன் கோவில் தாலுகாவிற்கும் தண்ணீர் சப்ளை செய்ய முடியும். அதைப்பற்றி சென்னை அரசாங்கம் இவ்வரசாங்கத்திற்கு எழுதி அதற்கு வேண்டிய ஏற்பாடுகளும் நடப்பதாக அறிகிறேன். ஆகவே, சென்னை அரசாங்கமும், நம்முடைய அரசாங்கமும் சேர்ந்து ஒரு திட்டம் போட்டு அதை அமலுக்குக் கொண்டு வந்தால், சென்னை மக்களுக்கு ஒரு பெரிய உபகாரம் செய்தவர்களாவதோடு மட்டுமல்லாமல் நம்முடைய உற்பத்தியையும் பெருக்கிக் கொள்ளலாம். Kulathupuzha River இருக்கிறது. அது சுமார் 20, 30 மைல் நீளம் ஓடி, கடைசியில் ஒன்றிற்கும் உதவாமல் போகிறது அந்த நதி. அந்த நதியில் எல்லாக் காலத்திலும், கடுங்கோடையிலும் கூட அதில் தாராளமாக தண்ணீர் ஓடிக்கொண்டிருக்கிறது. அந்தத் தண்ணீரை ஒரு அணை போட்டு Diverge செய்தால் தண்ணீர் பஞ்சமே வராது. ஆதலால் உடனே அதைப்பற்றி Investigate செய்து வேண்டியவைகளை செய்ய முன் வரவேண்டுமென்று நான் கேட்டுக் கொள்கிறேன். இப்பொழுது, வருடா வருடம் நாங்கள், செங்கோட்டை மக்கள் ஆகாயத்தைப் பார்த்துக்கொண்டேயிருக்கின்றோம். மழையில்லாமல் சரிவு உண்டாகிக் கொண்டிருக்கிறது. இந்நிலை நிவர்த்தியாகவேண்டுமென்றால், குளத்துப்புழை ஸ்கீமை செய்து முடிக்கவேண்டும். இதை இவ்வரசாங்கம் உடனடியாகச் செய்ய வேண்டும். சென்னை அரசாங்கம் அதற்கு வேண்டிய ஒத்தாசைகளைச் செய்துதரத் தயாராக இருக்கிறார்கள். ஆகவே, இந்த இரண்டு அரசாங்கங்களும், அதாவது சென்னை அரசாங்கமும், நம்முடைய திருவிதாங்கூர்–கொச்சி அரசாங்கமும் சேர்ந்து இந்த கல்லார் ஸ்கீம், குளத்துப்புழை ஸ்கீம்

இவைகளைச் செய்து முடித்தால் இரண்டு சமஸ்தானங்களுக்கும் அதனால் மிகவும் பயனுண்டு. அதனால் நமக்கும் கூடுதல் ஆயிரக்கணக்கான ஏக்கர்களில் உற்பத்தி செய்ய முடியும். ஆகையால் நம்முடைய அரசாங்கம் இதற்கு வேண்டிய ஒத்தாசைகள் செய்யும் என்று நம்புகிறேன். ராஜப்பிரமுக் அவர்களின் சொற்பொழிவில்,

"Top priority is being given to irrigation works. Supply of manures is being assured to every ryot." etc., என்று சொல்லப்பட்டிருக்கிறது. இதற்கெல்லாம் வேண்டியவைகளை செய்து தர வேண்டுமென்று கேட்டுக்கொண்டு எனது சிற்றுரையை முடித்துக்கொள்கிறேன்.

ஸ்ரீ. ஆர். செல்லஸ்வாமி நாடார்: ஸர், ஸ்ரீமான். நேசமணி அவர்களுடைய திருத்தப் பிரேரணையை நான் ஆதரிக்கிறேன். மாட்சிமை தங்கிய ராஜப்பிரமுக் அவர்களின் சொற்பொழிவில், சமாதான பரிபாலனத்தைப் பற்றி சொல்லியிருக்கிறார்கள். ஆனால் இங்கு, சமாதான பரிபாலனம் என்ற பெயரால் போலீஸ் செய்யும் அட்டூழியங்களைப் பற்றி நான் கொஞ்சம் சொல்ல விரும்புகிறேன். தென் திருவிதாங்கூரில், குழித்துறையில் சென்ற தேர்தல் காலத்தில், தமிழ் மக்களை அடித்து உபத்திரவித்து அவர்களின் வோட்டுகளை வாங்குவதற்கென்று அங்கே கொஞ்சம் ரிஸர்வ் போலீஸைக் கொண்டு போட்டார்கள். இன்னும் அப்போலீஸ் அங்கிருக்கிறது. தேர்தல்கள் கழிந்தும், இப்பொழுது அங்கு தமிழ்நாடு காங்கிரஸ் குழப்பங்களோ, ஸ்டேட் காங்கிரஸ்—தமிழ்நாடு காங்கிரஸ் குழப்பங்களோ ஒன்றும் இல்லாமலிருக்கும் தருவாயிலுங்கூட அந்த ரிஸர்வ் போலீஸை அங்கிருந்து மாற்றவில்லை. அங்கு அவர்கள் செய்யும் அட்டூழியங்களை சொல்லி முடியாது. ஆற்றங்கரைக்கு பெண்களுக்குக் குளிக்கப் போக முடியாது. குளிக்கப் போகும் பெண்களை உபத்திரவிக்கிறார்கள். இதைப்பற்றி எவ்வளவோ பராதிகள் கொடுத்தபோதிலும், இதுவரையிலும் அதற்கு ஒரு பரிகாரமும் காணவில்லை. அடுத்தபடியாக, இந்தப் போலீஸ்காரர்கள், யாராவது நெல், அரிசி முதலிய சாமான்களை தங்கள் சொந்த அவசியத்திற்காக கொண்டு போவதைக் கண்டாலுங்கூட, அவைகளை அடித்துப் பறித்து கொண்டுபோய் அவர்கள் பிளாக் மார்க்கெட்டில் விற்று வருவதாக பெரும் பேச்சு இருந்து வருகிறது. அதைப்பற்றி அனுவேஷித்ததில் அது சரியென்றே காணப்படுகிறது. அதைப்பற்றி பராதி சொன்னதில் இதுவரையிலும் அது சம்பந்தமாக யாதொரு நடவடிக்கையும் எடுத்ததாகக் காணவில்லை. அடுத்தபடியாக நீர்ப்பாய்சன திட்டங்கள். பெருஞ்சாணியைப் பற்றிச் சொல்கிறார்களே தவிர அதைப் பூர்த்தி செய்வதாகக் காணவில்லை. இந்தப் பெருஞ்சாணித் திட்டம் இந்த காங்கிரஸ் சர்க்கார் வந்த பின் தொடங்கியதல்ல. இத்திட்டம் ஸர். ஸி. பி. ராமஸ்வாமி அய்யர் அவர்களால் தொடங்கி வைக்கப்பட்டதாகும். அதனால் தானோ என்னமோ, இந்த சர்க்கார் வந்த பிறகும் அத்திட்டம் முடிவு பெறவில்லை. இந்தப் பெருஞ்சாணித் திட்டம், கோதையாறு திட்டத்தின் ஒரு Extension-ஆக கருதப்படுகிறது. கோதையாறிலிருந்து வரும் வெள்ளம் தோவாளை முதலிய இடங்களுக்கே திகையாமலிருக்கிறது. ஆகவே இப்பெருஞ்சாணித் திட்டம் பூர்த்தியானால் மீதி வரும் வெள்ளத்தை விளவங்கோடு தாலுகாவில் குழித்துறை நதிக்கு கிழக்கு பக்கத்திலுள்ள இடங்களுக்குக் கொண்டுபோக கால்களும் வெட்ட வேண்டுமென்று நாங்கள் அரசாங்கத்தினிடம் கேட்டுக் கொண்டிருக்கின்றோம்.

[Sri. A. Chidambaranatha Nadar]

இந்த Investigation, sanction செய்யப்பட்டதாக அறிகிறோம். அடுத்தபடியாக ஒரு Lift Irrigation scheme வேண்டுமென்று ஒரு application கொடுத்தோம். அதை Investigate செய்து ஒரு வருடத்திற்கு மேலாயிற்று. ஆனால் இது வரையிலும் அங்கு ஒன்றும் ஆனதாகத் தெரியவில்லை. அது, இப்பொழுது வந்திருந்தால் கழிந்த பூ-வில் ஒரு லட்சம் பறை நெல் நமக்குக் கூடுதலாகக் கிடைக்குமாயிருந்தது. ஆக, இந்த வெள்ளத் தட்டால் ஒரு பூ-வில் ஒரு லட்சம் பறை நெல்லிற்குக் கூடுதலாக நஷ்டம் வந்திருக்கிறது. ஆதலால் அதை உடனடியாகச் செய்து தரவேண்டுமென்று Government-னிடம் கேட்டுக்கொள்கிறேன். அடுத்தபடியாக, பொதுமக்களின் நன்மைக்காக இந்த சர்க்கார் செய்து வரும் காரியங்களெல்லாம், பொதுமக்களுக்கு தின்மையாகவே காணப்படுகிறது. உதாரணமாக, டிரான்ஸ்போர்ட்டென்றொரு வகுப்பை தேசியமாக்கினார்கள். இன்று அங்கு நடைபெறுவதைப் பார்த்தால், அதனால் பொதுமக்கள் படும் கஷ்டத்தை சொல்லிமுடியாது. நாகர்கோவிலிலிருந்து திருவனந்தபுரத்திற்கு வருவதற்காக நாம் stand-க்கு 10 மணிக்குப் போனால் மணி 12, 1, 2, அடித்தாலும் பஸ் கிடைக்காது. Transport Non Pensionable Employees Union-லிருந்து, ஒரு பஸ்ஸில் இத்தனை ஆட்களுக்குக் கூடுதலாக ஆட்களை ஏற்றக்கூடாதென்று கட்டளையிட்டிருக்கிறார்கள். ஆகவே அவர்கள் ஒரு பஸ்ஸில் 48 பிரயாணிகளைத் தான் கொண்டு வருகிறார்கள். அதனால் மிகவும் அவசரமாக வரவேண்டிய அனேகம் ஆட்களுக்கு சமயத்தில் வர முடியாமலிருக்கிறது. இப்படியாக, பொதுமக்கள் படும் கஷ்டங்கள் சொல்லிமுடியாது. ஆதலால் நீங்கள் கூடுதலாக பஸ்கள் போடவேண்டுமென்றும் கேட்டுக் கொண்டு முடித்துக்கொள்கிறேன்.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸார், இந்தக் காங்கிரஸ் சர்க்கார்வந்து மூன்று வருடங்களான பின்னும், இந்த மூன்று வருடங்களாக நாங்கள் இந்த சபையில் பல முறைகள் சொல்லியும் இதுவரையிலும் ஒரு காரியத்திலாவது இந்த சர்க்கார் தமிழர்களை நல்ல முறையில் நடத்தவில்லை. போலீஸ் அதிகாரிகளின் அட்டூழியங்கள் இன்னும் நின்றபாடில்லை. இதைப் பற்றி நாங்கள் பல தடவைகள் சொற்பொழிவாற்றியும் ஒரு பயனுமில்லை. ஆகையால், இன்று நான் சொல்லப்போகிறதால் ஏதாவது பயன் வரப் போகிறதென்று நம்பிக்கை எனக்கில்லை. என்னுடைய கடமை என்ற காரணத்திற்காகவும், நான் பிரதிநிதித்துவம் வகிக்கும் நியோஜக மண்டலத்திலுள்ள மக்களுக்கு, அவர்களது நியோஜக மண்டலத்தின் பிரதிநிதி அசெம்பிளியில் சென்று உறங்கி விட்டார் என்ற சந்தேக மனப்பான்மை வராமலிருக்கவேண்டுமென்ற காரணத்திற்காகவுந்தான், இன்று மேன்மை தங்கிய ராஜப் பிரமுக் அவர்களின் சொற்பொழிவின் மேல் ஸ்ரீமான். நேசமணி அவர்கள் கொண்டுவந்திருக்கும் திருத்தத்தை ஆதரித்து சில வார்த்தைகள் பேசலாமென்று நினைக்கிறேன். மேன்மை தங்கிய ராஜப் பிரமுக் அவர்களின் சொற்பொழிவு, அழகான சொற்களால் அலங்கரிக்கப்பட்டு, அதனுள்ளே ஒன்றுமில்லாத நிலையில் "யானை விழுங்கிய விளாங்காய்" போலிருக்கிறது. அதற்கு ஒன்றிரண்டு சான்றுகள் சொல்கிறேன்.

உணவுப் பெருக்குத் திட்டம். மனிதப் பிறவி எடுத்த எவனுக்கும், உண்ண உணவும், உடுக்க உடையும், கிடக்க இடமும் இல்லாவிட்டால் அவன்

மனிதனாக இந்நாட்டில் வாழமுடியாது. இதில் ஏதாவது ஒன்று இல்லாமலிருந்தாலும் அவனால் அவனது வாழ்க்கையைச் செல்லாக்க முடியுமா? இம்மூன்றும் ஒரு மனிதனுக்கு இல்லாமலிருக்கும் நிலையில், மக்கள் கஷ்டப்படுகிறார்களே என்று கூட இம்மந்திரிகள் நினைத்துப் பார்த்ததாகத் தெரியவில்லை. இரண்டாவதாக நெல்லெடுப்பு முறையைப் பற்றிச் சொல்லுமிடத்து இம்மந்திரிமார்கள் எத்தனையோ முறைகளைக் கையாண்டு விட்டார்கள். கடைசியில் லெவி ஸிஸ்டத்தைக் கொண்டு வந்திருக்கின்றார்கள். எனது கொச்சி நண்பர்கள் அந்த ஸிஸ்டத்தை எதிர்த்தாலும் நாங்கள் அதை ஆதரிக்கிறோம். ஆனால், இந்த 'லெவி' முறை 'லெவி' முறையாக—விருக்கிறதா? இன்னும் அவ்வுத்தியோகஸ்தர்களின் மனப்பான்மை மாறவில்லை. முன் காலத்தில் செய்ததைப் போலவே அவ்வுத்தியோகஸ்தர்கள் இன்னும் மக்களை சரியான முறையில் கஷ்டப்படுத்தி, அம்மக்கள் தங்களது நெற்றி வேர்வை நிலத்தில் சிந்தப் பாடுபட்டுக் கொண்டு வந்த நெல்லை கொள்ளை அடித்துக் கொண்டு போகிறார்கள் என்று நான் இந்த இடத்தில் எடுத்துச் சொல்ல ஆசைப்படுகிறேன். செங்கோட்டை, நாஞ்சில்நாடு, சித்தூர் முதலிய இடங்களிலுள்ள மக்கள் எவ்வளவோ பாடுபட்டு, கஷ்டப்பட்டு விளைவித்து, அடித்தெடுத்து கொண்டு வரும் நெல்லை, அவர்களிடமிருந்து ஒரு காரணமும் இல்லாமல், நடு ராத்திரிகளில் ரிஸர்வ் போலீஸுடன் சென்று நெல்லை எடுத்துக்கொண்டு செல்கிறார்கள். அப்படி அந்தச் சண்டாளர்கள் எடுத்துச் சென்ற பின்னர் நாய் கூட விரும்பாத நாற்றமுள்ள அரிசியை தின்னுங்கள், தின்னுங்கள் என்று சொல்கிறார்கள். இதுதானா நியாயம்! இதுதானா ஜனநாயகத் தத்துவம்! என்று கேட்கிறேன். அரிசி தின்பதில் மலையாளி, தமிழன் என்ற பேச்சில்லை. அதற்கு திருவிதாங்கூர்காரன், கொச்சிக்காரன் என்ற பேச்சில்லை. சபாநாயகர் அவர்களிடம் சொல்கிறேன், திட்டம், திட்டமென்று சொல்கிறார்கள். இரண்டு மணிக்கூறுக்கு முன்னர் ஸ்ரீ. இய்யு அவர்கள், கொச்சிக்காரர்களுக்கு ஒன்றுமே செய்யவில்லையென்று கூக்குரலிட்டார்கள். நானும் அதே காரணத்தால், திருவிதாங்கூர்காரர்களுக்கு ஒன்றுமே செய்யவில்லையென்று கூக்குரலிடவில்லை. ஆனால் ஸ்ரீ. செல்லஸ்வாமி அவர்கள் சொன்னதைப் போல், பெருஞ்சாணித் திட்டம் 1943-ம் வருடத்தில் ஆரம்பித்து வருடங்கள் 8 ஆன பிற்பாடும் அதைப்பற்றி ஏன் என்று கேட்பாரில்லை. ஸ்ரீ. பிலிப்போஸ் அவர்களும் அதை வந்து பார்வையிட்டிருக்கிறார்கள். ஆனால் அதற்காக என்ன செய்தார்கள்? சட்டம் எங்கே என்று கேட்கிறேன். மடைக்காக ஏதாவது ஏற்பாடுகள் செய்யப்பட்டிருக்கிறதா என்று பார்த்தால் இந்த சர்க்கார் உறங்குகிறது. ஏனென்று கேட்டால், அங்கே இருப்பவர்கள் தமிழர்கள். அதனால் கேட்பதற்கு ஆளில்லை. ஆக, நீங்கள் என்ன செய்தாலும், தமிழர்கள் சகித்துக் கொள்வார்கள் என்ற மனப்பான்மை உங்களுக்கு இருந்தால், இந்த சர்க்காரை எதிர்க்கும் மனப்பான்மையுடன் நாங்கள் புறப்படுவோம், என்று நான் மார்புதட்டிச் சொல்கிறேன். இந்த சபை 25000 பேர்களைப் பிரதிநிதித்துவம் செய்யும் 54 கொச்சின் அங்கத்தினர்களையும் கொண்டது. சாலக்குடி, பீச்சி ஸ்கீம்களுக்காக வேண்டி மந்திரிமார்கள் தங்கள் உயிரையே விடத் தயாராயிருக்கிறார்கள். அதே சமயத்தில் தமிழர்களாகிய நாங்களும் 15 லட்சம் பேர்கள் இருக்கிறோம். நான் 50,000 பேர்களைப்

[Sri. R. Chellaswamy Nadar]

பிரதிநிதித்துவம் செய்யும் எனக்கு விலை இல்லையென்றால், 25,000 பேர்களைப் பிரதிநிதித்துவம் செய்யும் இப்பு அவர்களுக்கு இவ்வளவு வீரமா? அதுதான் எனக்கு வேதனையைத் தருகிறது. அடுத்ததாக, விநியோகம் என்ற முறையில் ஒரு வார்த்தை சொல்ல நினைக்கிறேன். எங்கு பார்த்தாலும் கருஞ்சந்தை தாண்டவமாடுகிறது என்று சொல்கிறார்கள். ஸ்ரீமான். பனம்பள்ளி கோவிந்த மேனோன் அவர்கள் இந்த உணவு இலாகாவின் மந்திரியாயிருந்தார்கள். தற்போது புதன் மந்திரியவர்கள் அந்த இலாகாவின் மந்திரியாயிருக்கிறார்கள். இந்த பிடத்தில் நான் சொல்ல விரும்புவது என்னவெனில், ஜி. பி. (G. P.) தாசில்தார்களின் கருஞ்சந்தை என்று நிற்குமோ அன்று மக்கள் சுபிட்சமாய் வாழ்வார்கள். ரேஷன் கடைக்காரர்களை குற்றம் சொல்லலாம். ஒருவன் கன்னியாகுமரி பகுதியிலிருந்தால் அவனுக்கு Authority கொடுப்பது வடசேரி பகுதியில். அதேசமயத்தில் கன்னியாகுமரி பகுதியிலுள்ளவனுக்கு நீண்டகரையில். அப்படியாக, தன் ஊரில் நெல் முதலியவைகள் இருக்கும்போது, அவன் நெல் வாங்குவதற்கென அடுத்தபகுதிகளில் வந்து தாமதித்தால் எத்தனை ரூபாய் அவன் செலவு செய்ய வேண்டும். Authority எழுதிக் கொடுக்க ஜி. பி. தாசில்தாரின் கிளார்க்கின் மேஜைக்குள் 25. ரூபாயைப் போட வேண்டும். இவ்விதமாக, நீங்கள் நடத்தி வரும் தாலுகா கச்சேரிகளிலேயே கருஞ்சந்தை தாண்டவமாடுமானால் மக்களிடையே நடக்கும் கருஞ்சந்தையை நீங்கள் எவ்விதம் நிறுத்தப் போகிறீர்களென்று கேட்கிறேன். இனி, மருத்துவ இலாகாவைப் பற்றி ஒன்றிரண்டு வார்த்தைகள் சொல்ல விரும்புகிறேன். ராஜப்பிரமுக் அவர்களின் சொற்பொழிவில் ஆயுர்வேத சிகிச்சையைப் பற்றியும், ஆங்கில சிகிச்சையைப்பற்றியும் அழகாக சொல்லப்பட்டிருக்கிறது. அந்த பிடத்திலும் இந்தச் சண்டாள சர்க்கார் மாற்றான் தாய் மனப்பான்மையை தமிழர்களிடம் காட்டிக்கொண்டிருக்கிறார்கள். 15 லட்சம் தமிழர்களாகிய எங்களிடையே தலைமுறை தலைமுறையாக சித்த வைத்தியம் இருந்து வருகிறது. எங்களிடையே 2000 வைத்தியர்கள் இருந்தபோதிலும் அவர்கள் சொல்வதைக் கேட்பதற்கு, இந்த ஸ்ரீ. ஏ. ஜெ. ஜான் அவர்களுக்கோ, அல்லது மருத்துவ இலாகா அதிகாரிகளுக்கோ முடியவில்லை. நான் கேட்கிறேன், இந்த Medical Council-ல் தமிழன் ஒருவனாவது இருக்கிறானா? சித்த வைத்தியத்தைப் பிரதிநிதித்துவம் செய்ய அங்கு ஒருவன் இருக்கிறானா? ஏன்? தமிழனாய் பிறந்தது அவன் குற்றமா? இல்லை, தமிழன் வைத்தியம் படித்தது குற்றமா? யென்று கேட்கிறேன். கல்வி இலாகா. கட்டாயக் கல்வித் திட்டம் நமது நாட்டில் ஒன்பது தாலுகாக்களில் நடப்பில் வந்திருக்கிறதென்று சொன்னார்கள். ராஜப்பிரமுக் அவர்கள், இன்னும் இரண்டு தாலுகாக்களிலும் கூடக் கொண்டு வந்து ஊழலை உண்டாக்கப் போகிறேன் என்று சொன்னார்கள். கல்வி இலாகா மந்திரியவர்களிடம் நான் கேட்கிறேன், கட்டாயக் கல்வியுள்ள இடங்களில் எதெல்லாம் இடங்களில் நீங்கள் வெற்றி கண்டீர்கள்? ''நிர்பந்தம்'' என்பதற்கு அர்த்தம் என்னவென்று கேட்கிறேன். 'பிராதமீயம்' என்று கதறுகிறீர்களே; அதற்கு என்ன அர்த்தமென்று கேட்டேன். சட்டங்களை உண்டாக்கி மக்களின் மனப்பான்மை மாறும் நிலையில் நீங்கள் இன்னும் இந்த சர்க்காரை நடத்திச் செல்லலாம் என்று நினைத்தால், நான் சொல்கிறேன் நீங்கள் அதை மறந்து விடுங்களென்று.

உங்களை அறியாமலேயே நீங்கள் கீழே விழப் போகிறீர்கள், என்று நான் இந்த இடத்தில் தெள்ளத் தெளிய சொல்ல ஆசைப்படுகிறேன். கடைசியாக, Law & Order. நாட்டில் அமைதியையும் சட்டத்தையும், நியாயத்தையும் நிலை நிறுத்துவதற்கென ஒரு போலீஸ் இலாகா அமைக்கப் படுகிறதென்று பலர் சொல்லிக் கேள்விப்பட்டிருக்கிறேன். புஸ்தகங்களில் படித்துமிருக்கிறேன். மந்திரியவர்கள் சொல்லியும் அறிந்திருக்கிறேன். இன்று திருவிதாங்கூர்-கொச்சி சமஸ்தானத்தில் சட்டத்தையும், நியாயத்தையும் நடத்திக்கொண்டிருக்கின்ற போலீஸ் இலாகா, ஸ்ரீ. சந்திரசேகரன் நாயர் அவர்களின் தலைமையின் கீழ் அமைதியை நிலை நாட்டவில்லை. ஆனால் அமைதியைக் குலைத்து, குழப்பத்தை உண்டாக்குகிறது என்று நான் தைரியமாய் சொல்கிறேன். ஸ்ரீ. பட்டம் தாணுபிள்ளை அவர்கள் பிரதானமந்திரியாய் இருந்தபொழுது எங்கள் தமிழ் நாட்டில் போலீஸார்கள் செய்த அட்டூழியங்கள், இன்னும் அங்கே தாண்டவமாடிக்கொண்டிருக்கின்றன. கழிந்த வருடத்தில் ஒன்றுமில்லாமலிருந்தது. ஆனால் அது தற்சமயத்தில் தேவிகுளத்தில் நடக்கிறது. அங்கே நடக்கிறது ஸ்ரீ. என். எஸ். கிருஷ்ணபிள்ளை அவர்களின் தாண்டவம். என். எஸ். கிருஷ்ணபிள்ளை அவர்களை உடனே செங்கோட்டைக்கோ அல்லது நாகர்கோவிலிற்கோ அனுப்பித் தாருங்கள் என்று நான் கேட்கிறேன். தேவிகுளத்தில் சப்-இன்ஸ்பெக்டராக இருக்கும் போலீஸ் அதிகாரி, நான் கேட்டளவில், ஸ்ரீ. சந்திரசேகரன் நாயர் அவர்களின் சொந்தக்காரன் என்ற நிலைமையில் அவரும் அங்கே தாண்டவமாடுகிறார். அது சரியல்ல. மனிதன் எவனாக இருந்தாலும் சரி, உத்தியோகஸ்தன் யாராயிருந்தாலும் சரி, அவர்களைச் சரியாக ஒன்றுபோல் நடத்தவேண்டும். நாளை அவர்களை ஆள வருவது என்னைப்போன்ற ஒரு நாடாராய் இருக்கலாம். உடனே அவர் மற்றவர்களை நாயர் என்பதற்காக உபத்திரவிக்கலாமா? ஆகவே, இந்த ஸ்ரீ. சந்திரசேகரன் நாயர் அவர்கள் இனிமேலாவது சட்டத்திற்கும், நீதிக்கும், நியாயத்திற்கும், தர்மத்திற்கும் முரண்படாத நிலையில் அவர்களுடைய இலாகாவில் நடக்கக் கூடிய எல்லா ஊழல்களையும் நிறுத்தி, மேற்சொன்னபடி நீதிக்கும், நியாயத்திற்கும், தர்மத்திற்கும் முரண்படாத நிலையில் அவர்களது இலாகாவை நடத்திச் செல்வார்களென்ற நம்பிக்கையோடு எனது பிரசங்கத்தை முடித்துக் கொள்கிறேன்.

Sri. P. S. Nataraja Pillai : Sir, this Government very often boasts itself that it is a welfare State. It is one of the fundamental duties of a welfare State to look after the food and clothing of its citizens. I will just now illustrate how they are dealing with the clothing problem in the country. I think it is well known and within the knowledge of the Treasury Benches too, that the prices of handloom cloth have gone up during the last one month by over fifty per cent or so and yarn price has also similarly soared high. The control price of yarn, 20s is Rs. 17—4—9 for 10 lbs. but the prevailing rate is Rs. 55 to 60. The control price of 6 os. is Rs. 61—10 -0 but the market rate is Rs. 110. Why such abnormal prices prevail for yarn is a question for the Treasury Benches to answer. The quantity they have distributed during January 1951 is only 508 bales, of which they have held back something like 65 bales. For the requirement of the State, according to the figures we have and according to the number of bales we were distributing previously, is 1,400 bales a month. When the need is for 1,400 bales, this Government has complacently distributed 450 bales and claims that they are providing for

[Sri. P. S. Nataraja Pillai]

the weavers the yarn they need. In this there is another curious and serious fact for consideration. In Travancore we are producing something like 1.100 bales of yarn per month from the four mills that are working in this country. If this State was able to secure the control of 1,100 bales produced in this country, we would be in a position to meet the needs of the handloom industry at least to 75 per cent. I know what the reply from the Treasury Benches would be. That is the yarn produced by these Mills is controlled by the Centre and goes into the Central pool and we are allotted quotas according to the whims and fancies of the Centre. Foodgrains is a controlled article as well. But the Government of India is controlling only the excess from the States for the Central pool and re-distribute it to the deficit areas. Then why this control over whole production of yarn? When we have got 4 mills and 1,100 bales of yarn and when we require 1,400 bales per month, I do not see the logic or reason behind the pooling our whole production. By this we suffer deficit. I think this is due to the callous indifference of the Treasury Benches to appreciate the real difficulty of the handloom industry and their failure to represent facts to the Union Government in the proper form and perspective. There is another impression among the public that under the Rules now in force the mills are allowed to open their own depots and charge 10 per cent as profit for distribution. By this the Ex. Mill prices fixed by the Government of India are exceeded and the Mills with their capitalistic organisation are making a larger profit. They are even allowed to export different products out of the State. As a matter of fact the Mills which are capitalistic concerns, have some sort of influence on the Treasury Benches. I think I am not wrong in inferring that opportunities are given by this Government to capitalist concerns to exploit the puplic. That is one aspect of the matter, as far as clothing problem is concerned and how Government are handling it?

Then look at the rationing of food. While in some parts of the State there is full rationwe in Trivandrum and adjoining Taluks get only partial ration. People in the adjoining taluks, *viz.*, Chirayinkil and Nedumangad got only 15 per cent o their ration in December. In the month of January there appeared newspaper reports that the distribution of ration would fail if adequate supply of rice is not received very soon. I seriously ask Sir, that while there was a shortage of stock how could it be that certain areas in the State were able to get the full ration and certain other areas no ration. Is there any doubt that it is due to the inefficiency of the Department concerned?

Sir. one word about procurement. The paddy procurement scheme was a source of harrassment and trouble to the paddy producer at the hands of the lower subordinates of the Department. Now a new scheme has been formulated, the success of which depends upon the honesty and probity of the subordinate officers. As long as the agency that works these schemes is not honest and conscientious the difficulties of the people will not be redressed. Thus in the ultimate analysis the whole matter reduces itself to the honestly and probity of the administration.

Sir, a hon'able Member of this House openly alleged charges of corruption on one of the members of the Ministry. Sir, the head of the Ministry realised that the charge has to be enquired into and he said that the matter is going to be looked into. But the method suggested is a most wonderful one. After realising that the charge is one fit for enquiry, the Chief Minister comes to the conclusion to wire to the Prime Minister of India to depute some one to enquire into the matter. I cannot understand the constitutional propriety of that decision. Is he entitled to make such a request to the Prime Minister? I ask. Sir, this Council of Ministers are responsible to this House and to this House only. We are by Constitution an

autonomous unit having full powers with certain limitations. I remember under Section 371 of the Constitution the Centre has the right to control and advise our Government. But this House had unanimously decided that that section should not be made applicable to this State. The Ministers were parties to that decision—Can they now go behind that and approach the Union Government for an enquiry into the activities of one of them—Certainly not. But a charge of corruption alleged on a Member of the Ministry is a matter within the jurisdiction of this House to decide. It is not a matter of another body to enquire into. Therefore as honest men, as self-respectable citizens, the Ministry ought to have moved for a Committee to go into the question openly, come to a decision and present their report here in this House. The right of this House has to be maintained. Again, Sir, as long as the suspicion is not cleared up, is the Minister entitled to remain in the Treasury Benches, can the Cabinet continue in office? As long as the charges are not enquired into and the suspicion remains, this Cabinet will not be able to enforce any discipline on the Government servants. There will not be any moral force for their orders. I think it is time for the members of the Cabinet to wake up in their own interest and to meet this situation honestly and squarely and to clear themselves.

In this connection there is one other matter which I would like to point out to this House. It was openly alleged that in the recent election at Nedumangad and Neyyattinkara the Government interferred in the elections. Sir, in the newspaper "Navasakthi", dated 24th January 1951, published by Sri. Balaramapuram Raman Pillai, this passage occurred:

അവർ നിത്യമെന്ന വിധം ജനങ്ങളുടെ മുമ്പിൽ പകൽ സമയം കള്ളം പറയുന്നു. അതിനുള്ള ഒടുവിലത്തെ ഉദാഹരണമാണ് അരകനാട്ടു ശാസ്താക്ഷേത്ര ധ്വംസകനെ ജാമ്യത്തിൽ വിട്ട കാര്യം. യഥാർത്ഥത്തിൽ മന്ത്രിമാരുടെ പ്രേരണ ജാമ്യക്കാര്യത്തിൽ ഉണ്ടായിരുന്നെന്ന് ഇതെഴുതുന്ന ആളിനു ധൈര്യമായി പറയാൻ കഴിയും. അതു് ഇലക്‌ഷനുവേണ്ടി ചെയ്തതുമായിരുന്നു.

Sir, interference in the judiciary is wrong and should be put an end to. Here is an allegation that the Government interfered in the recent elections and that the Ministers actively helped to get bail to a man involved in a criminal case for the purpose of getting votes in the election. This is an interference in the judiciary of the worst type for an illegal purpose. And that is, I say, one of the worst crimes any Government can do. No principle, no self-interest can justify this.

Sri. D. Gnanasigamony : Is the interference........................... ...
....

Sri. P. S. Nataraja Pillai : I am not yielding. We talk of democracy. What is democracy when elections are interfered with by the executive? They are interfering in the work of judiciary, they are interfering in the elections. This Cabinet has betrayed the country and themselves. Therefore I once more implore to the members of the Cabinet to clear themselves from the allegations that have been made and set up a precedent which will be wholesome and correct.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: സർ, ഞാൻ ശ്രീ. ആർ. ശങ്കറിന്റെ ഭേദഗതിയോട് അനുകൂലിക്കുന്നു. അതോടുകൂടി ഏതാനും ചില സംഗതികൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ഈ സംസ്ഥാനത്തെ—പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഇന്നത്തെ ഗവൺമെണ്ട് അനുവർത്തിച്ചുവരുന്ന നയത്തെസംബന്ധിച്ച് എന്തെങ്കിലും പറയുക എന്നതു ഏററവും ലജ്ജാവഹമായ സംഗതിയാണ്. അവശതയനുഭവിക്കുന്ന സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള ഏതെങ്കിലും പരിപാടി ഗവൺമെണ്ടിന്റെ ആലോചനയിൽ പെട്ടിട്ടുണ്ടോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

[Sri. P. K. Krishnan Sastri]

ഈ സമ്മേളനം ഉൽഘാടനം ചെയ്ത രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് തിരുവിതാംകൂർ രാജ്യത്തിലെ മഹാരാജാവായിരുന്നപ്പോൾ അദ്ദേഹം പിന്നോക്കസമുദായക്കാരുടെ പ്രത്യക്ഷദൈവം ആയിരുന്നു എന്നുള്ളതു് ഒരു പരമാത്ഥം മാത്രമാണു്. പിന്നോക്കസമുദായങ്ങളുടെ ഇന്നു കാണുന്ന ഉൽക്കർഷത്തിനുള്ള പ്രധാന കാരണക്കാരനും അദ്ദേഹമാണു്. അദ്ദേഹം രാജ്യത്തെ വിവിധങ്ങളായ മാറ്റങ്ങളിൽകൂടി അഭിവൃദ്ധിപ്പെടുത്തുന്നതിനും മററും വളരെ ശ്രദ്ധിച്ചിട്ടുണ്ടു്. എന്നാൽ പിന്നോക്കസമുദായക്കാരുടെ ഉന്നമനത്തിനു് എന്തെങ്കിലും ചെയ്യുന്നതായിട്ടോ ചെയ്യാൻ പോകുന്നതായിട്ടോ ഒന്നുംതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാണുന്നില്ല. മുമ്പു് അങ്ങനെ പ്രവത്തിച്ചു വന്നിരുന്നു എന്നു മാത്രമേ അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നുള്ളു. വ്യക്തമായി അദ്ദേഹം പറയുകയുണ്ടായി, അദ്ദേഹത്തിന്റെ ഗവമ്മെണ്ടു് പിന്നോക്കസമുദായക്കാരുടെ ഉന്നമനത്തിനുവേണ്ടി പ്രവത്തിച്ചുകൊണ്ടിരുന്നു എന്നു്. എന്നാൽ ഇന്നു് അതു ഉപേക്ഷിച്ചിരിക്കയാണു്. പിന്നോക്കസമുദായങ്ങളെക്കുറിച്ചു് പറയുന്ന അദ്ദേഹത്തിന്റെ പ്രസംഗഭാഗം ഞാൻ വായിക്കാം. "പിന്നോക്കസമുദായങ്ങളുടെ സാമുദായികവും സാമ്പത്തികവും ആയ സ്ഥിതിയുടെ ഉന്നമനം എന്റെ ഗവമ്മെണ്ടിന്റെ മുമ്പിൽ എപ്പോഴും ഉണ്ടായിരുന്ന ലക്ഷ്യങ്ങളിൽ ഒന്നാണു്". 'ഉണ്ടായിരുന്ന' എന്നാണദ്ദേഹം ഉപയോഗിച്ചതു്. അതു് സത്യവുമാണു്. എന്നാൽ ഇന്നു ഗവമ്മെണ്ടു് ഈ കായ്യത്തിൽ ഏതു നിലയാണു് അനുവത്തിച്ചുവരുന്നതു് എന്നു പ്രസംഗത്തിൽനിന്നും വ്യക്തമാണു്. പിന്നോക്കസമുദായക്കാരുടെ ഉന്നമനത്തിനുവേണ്ടി ൧൯൫൦–൫൧-ലെ ബഡ്ജററിൽ പന്ത്രണ്ടു ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇതുവരെയായിട്ടും ഈ കായ്യത്തിൽ മൂന്നുലക്ഷം രൂപായോളം മാത്രമേ ചെലവാക്കിയിട്ടുള്ളു, ബാക്കിയുള്ളതു് ലാപ്സായിതീരുന്നതുമാണു്. ഗവമ്മെണ്ടിലേക്കു് തിരിയെ ചെന്നു ചേരുന്നതും ആണു്. പിന്നോക്കസമുദായോന്നമനത്തിനു് ഇതുപോലെതന്നെ ഭീമമായ തുകകൾ നീക്കിവെയ്ക്കുന്നു എന്നു ആ വകുപ്പിന്റെ മന്ത്രി പറയും. ഇതുമാത്രമാണു് ഗവമ്മെണ്ടു് ചെയ്യുന്നതും. ഇപ്രകാരമുള്ള ഒരേപ്പാടുകൊണ്ടു് യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. അനുവദിക്കുന്ന തുകതന്നെ മതിയാകാതിരിക്കെ അതു് ലാപ്സാക്കി കളയുകയുംചെയ്താൽ ആ കായ്യത്തിൽ എന്തു പ്രവത്തനമാണു് നടത്താൻ സാധിക്കുക. ഈ കൊല്ലം അവസാനിക്കാറായി. കൂടിയാൽ ഒന്നൊന്നര മാസത്തോളം മാത്രമേ ഉള്ളു. ഇതിനിടക്കു് എന്തു ചെലവാക്കാൻ സാധിക്കും? രണ്ടുമൂന്നുലക്ഷം രൂപാകൂടി ഇക്കാര്യത്തിൽ ചെലവാക്കുന്നതിനുള്ള ഒരു സ്കീം ഗവമ്മെണ്ടിനുണ്ടെന്നു പറയുന്നു; അതു് ഗസററിലും മററും പരസ്യം ചെയ്തിട്ടുമുണ്ടു്. എന്നാൽ ഇതിൽ ഒരു കൊച്ചുകാശുപോലും ഈ വഷം ചെലവാകുകയില്ല. ഈ കായ്യങ്ങൾ വച്ചുനോക്കുകയാണെങ്കിൽ ഗവമ്മെണ്ടു് പിന്നോക്കസമുദായക്കാരോടു് ഒരു ചിററമ്മനയമാണു് അനുവത്തിച്ചുവരുന്നതെന്നു് കാണാൻ കഴിയുന്നതാണു്. സർ, പിന്നോക്കസമുദായക്കാരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉയച്ചയ്ക്കുവേണ്ടി പറയത്തക്ക എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു പറയുവാൻ, ഞാൻ പിന്നോക്കസമുദായ സംരക്ഷണത്തിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രിയോടും ക്യാബിനററിനോടും ചോദിച്ചുകൊള്ളുന്നു. അവരുടെ സാമ്പത്തികോന്നമന വിഷയത്തിൽ എന്താണു് പ്രവത്തിച്ചിട്ടുള്ളതു്? ഒന്നും അവക്കുവേണ്ടി ഈ ഗവമ്മെണ്ടു് ചെയ്തിട്ടില്ലെന്നു് തീത്തുപറയാം. ഗവമ്മെണ്ടിന്റെ പ്രത്യേക മേൽനോട്ടത്തിൽ നടന്നിട്ടുള്ള നിയമനങ്ങൾ മുതലായവയിൽനിന്നും ഈ വസ്തുത കാണാൻ കഴിയുന്നതാണു്. പോലീസ് ഇൻസ്പെക്ടരുടെ സെലക്ഷൻ നടന്നു.

അതിനെപ്പററി നാം പത്രങ്ങളിൽ വായിച്ചു. അധികാരത്തിലിരിക്കുന്ന കക്ഷിനേതാക്കളുടെ അടുത്ത ബന്ധുക്കളേയും മററും നിയമിക്കുന്നതിലുണ്ടായ പ്രത്യേകതയും, തൻനിമിത്തം പാർട്ടിയോഗങ്ങളിൽ ഉണ്ടായ കശപിശകളും നമുക്കറിയാം. അടുത്തകാലത്തു് മജിസ്റ്റ്രേട്ടന്മാരുടെ തിരഞ്ഞെടുപ്പു് നടന്നു. ആ കൂട്ടത്തിൽ പിന്നോക്കസമുദായത്തിൽ നിന്നും യോഗ്യതകളുള്ള ഒരു അപേക്ഷകനുണ്ടായിരുന്നു. അദ്ദേഹം ഒരു ബി. എൽ. ബിരുദധാരിയാണു്. സെക്രട്ടറിയേററിൽ സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്തു് നിയമിക്കപ്പെട്ട ആളും എന്നാൽ ജനകീയ ഗവമ്മെണ്ടു് വന്നതോടുകൂടി പിരിച്ചുവിടപ്പെട്ട ആളുമാണദ്ദേഹം. ആ ഒരു ഒററ വ്യക്തിമാത്രമാണു് പ്രൊബേഷണറി മജിസ്റ്റ്രേട്ടായി നിയമിക്കപ്പെടുന്നതിനു് അപേക്ഷിച്ചിട്ടുള്ളതു്. ഈ അപേക്ഷയെ ഗവമ്മെണ്ടു് എങ്ങനെ കരുതി എന്നു ഞാൻ ചോദിക്കുന്നു. ഒരു മജിസ്റ്റ്രേട്ടാകാനുള്ള സകല യോഗ്യതയും അദ്ദേഹത്തിനുണ്ടു്. അദ്ദേഹം മാത്രമാണു് അവശസമുദായത്തിൽ നിന്നും ഇതിനപേക്ഷിച്ചിട്ടുള്ള ഒരു വ്യക്തി. അദ്ദേഹം മുമ്പു് സെക്രട്ടറിയേററിൽ ഉദ്യോഗം ഉണ്ടായിരുന്ന ആളുമാണു്. എന്നിട്ടും അദ്ദേഹത്തിനു് ഒരു ചാൻസ്സുകൊടുക്കുവാൻ ഈ ഗവമ്മെണ്ടിനു് കഴിഞ്ഞില്ല. ഇതൊക്കെ വച്ചുകൊണ്ടാണു് ഞാൻ പറയുന്നതു് പിന്നോക്കസമുദായക്കാരോടു് ഗവമ്മെണ്ടു് ഒരു ചിററമ്മനയമാണു് അനുവർത്തിച്ചുവരുന്നതെന്നു്.

പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറിനെ ഉപദേശിക്കുന്നതിനായിട്ടു് ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ടു എന്നു് ഗവമ്മെണ്ടു് പറയും, ആ കമ്മിററി എത്ര തവണ കൂടിഎന്നും, എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ എന്നും ഞാൻ ചോദിക്കുന്നു. ഇൻഡ്യൻ ഭരണഘടനയിൽ പിന്നോക്കസമുദായക്കാരുടെ ഉന്നമനം പത്തുകൊല്ലംകൊണ്ടു് സാധിക്കണമെന്നു് പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് അവരുടെ സാമ്പത്തികവും സാമുദായികവും വിദ്യാഭ്യാസപരവുമായ സ്ഥിതിഗതികളെപ്പററി പഠിച്ചു റിപ്പോർട്ടുസമർപ്പിക്കുന്നതിനു് ഒരു കമ്മിററി ഉണ്ടാക്കണമെന്നുള്ള ഒരു പ്രമേയം കഴിഞ്ഞ അസംബ്ലിയിൽ അവതരിപ്പിക്കുകയും അതിനെക്കുറിച്ചു് ചർച്ചചെയ്യുകയും ഉണ്ടായിട്ടുണ്ടു്. ഇതിനുമുമ്പുണ്ടായിരുന്ന നിയമസഭയിലും ഇതുപോലെ ഒരു പ്രമേയം വാദപ്രതിവാദത്തിനു വന്നിട്ടുണ്ടു്. ആ സന്ദർഭങ്ങളിൽ എല്ലാം തന്നെ ഇതിനു് ഒരു മറുപടി പറയുന്നതിനുള്ള സന്മനസ്സുപോലും ഈ ഗവമ്മെണ്ടിനുണ്ടായിട്ടില്ല. ഇന്നത്തെ അധികാരികളുടെ സേവകരായ ചിലരെ ചേർത്തു ഒരു കമ്മിററി രൂപീകരിച്ചിട്ടുള്ളതായി കേൾക്കുന്നു. ഈ കമ്മിററി എന്തെങ്കിലും റിപ്പോർട്ട് സമർപ്പിക്കുകയോ, അതേപ്പററി പര്യാലോചിക്കുകയോ ഇന്നുവരെ ചെയ്തിട്ടില്ലെന്നും പ്രത്യുത ഭീമമായ ഒരു തുക ഈ കമ്മിററി ചെലവാക്കിയിട്ടുണ്ടെന്നു് കേൾക്കുകയും ചെയ്യുന്നു. അവർ എന്താണു് ചെയ്യുന്നതു എന്നു് ആർക്കും അറിഞ്ഞുകൂടാ. സർ, ഇത്തരത്തിൽ പിന്നോക്കസമുദായക്കാർ ഒരു വലിയ വൈഷമ്യം അനുഭവിക്കുകയാണു്. അതുപോലെതന്നെ കുടിയേറിപ്പാർക്കുവാൻ വസ്തു ഇല്ലാതെ വിഷമിക്കുന്ന പിന്നോക്കസമുദായക്കാരുടെ കാര്യത്തിലും കാര്യമായി ഒന്നും പ്രവർത്തിച്ചുവരുന്നതായി കാണുന്നില്ല. നാട്ടിൽ തുണികിട്ടാതെ ആളുകൾ വിഷമിക്കുന്നതിനെപ്പററി പ്രത്യേകിച്ചു പറയണമെന്നില്ല. ഇത്ര വൈഷമ്യം ഈ കാലഘട്ടത്തിൽ ഉണ്ടാകുവാനുള്ള കാരണങ്ങൾ പ്രത്യേകം അന്വേഷിക്കേണ്ടതു് ഗവമ്മെണ്ടിൻെറ ഒരു കടമയാണു്.

എനിക്കു ഇനി പറയുവാനുള്ളതു് ഇന്നത്തെ ഗതാഗതസൗകര്യത്തെ സംബന്ധിച്ചാണു്. ഗതാഗതസൗകര്യത്തെ സംബന്ധിച്ചാണെങ്കിൽ ഇക്കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങളായി യാത്രക്കാർക്കു് നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ബസ്സിൽ സഞ്ചരിക്കുന്നവർക്കുമാത്രമേ അറിയാൻ സാധിക്കുകയുള്ളു. ഇന്നു് നെയ്യാ

[Sri P. K. Krishnan Sastri]

ററിൻകരമുതൽ തിരുവനന്തപുരംവരെ വിദ്യാർത്ഥികൾ ബസ്സുകൾക്കുവേണ്ടി പല സ്ഥലങ്ങളിലുംനിന്ന് കൈകാണിച്ചുകൊണ്ടിരുന്നു. എന്നാൽ ആ സ്ഥലങ്ങളിൽ എല്ലാം അവർക്ക് നിരാശപ്പെടേണ്ടിവന്നു. ഒറ്റസ്ഥലത്തും ബസ്സുകൾ നിറുത്തിയില്ല. ഞാൻ ബസ്സിൽ വരുന്ന അവസരത്തിൽ ഇരുപതു ഇരുപത്തഞ്ചു വിദ്യാർത്ഥികൾ ഒരു ബസ്സു തടഞ്ഞുനിറുത്തിയിരിക്കുന്നു. അവർക്കും കാളേജിൽ പോകുവാനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അവരെ വണ്ടിയിൽ കയറുകയും ഇല്ല. ഇന്ന് 30 പേരെ മാത്രമേ കയററാൻ പാടുള്ളുവെന്നു നിശ്ചയിച്ചിരിക്കുന്നതായി കേട്ടു. എന്നാൽ അതേസമയംതന്നെ കൂടുതൽ ബസ്സുകളുമില്ല. ഇങ്ങനെയാണ് ഇപ്പോഴത്തെ സ്ഥിതി. ഉത്തരവാദിത്വമുള്ള ജനകീയഭരണം കിട്ടിക്കഴിഞ്ഞതിനുശേഷം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് കയ്യുംകണക്കുമില്ല. ഇതുപോലെ എത്രഎത്ര സംഗതികൾ വേണമെങ്കിലും പറയുവാനുണ്ടാകും. ഈ നിലയിലുള്ള ഭരണം തുടൎന്നുപോകുന്നതു് ഏററവും ആപൽകരമാണു്.

വിദ്യാഭ്യാസവും, തൊഴിലും, സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, ഇന്നു് ഇവിടെ നടന്ന വാദപ്രതിവാദത്തിനു് മറുപടി പറയുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് ഹാജരാകാൻ കഴിഞ്ഞിട്ടില്ല. അതു് അദ്ദേഹത്തിന്റെ ഈ ബഹുമാനപ്പെട്ട സഭയോടുള്ള ആദരക്കുറവുകൊണ്ടാണെന്നു് ആരും തെററിദ്ധരിക്കരുതു്. ഒഴിച്ചുകൂടാൻ പാടില്ലാത്ത ചില ചടങ്ങുകൾ അദ്ദേഹത്തിന്റെ മാതാവിന്റെ നിര്യാണം സംബന്ധിച്ചു് അദ്ദേഹത്തിനു് നിർവ്വഹിക്കേണ്ടതുള്ളതുകൊണ്ടാണു് അദ്ദേഹത്തിനു് ഇവിടെ ഹാജരാകാൻ കഴിയാഞ്ഞതു്. അദ്ദേഹം ഇവിടെ ഹാജരില്ലാത്തതുകൊണ്ടു് അദ്ദേഹം മാത്രം പറയേണ്ട പല കാര്യങ്ങളെപ്പററിയും ഇന്നു് പറയുവാൻ അസൗകര്യം ഉണ്ടു്. എങ്കിലും സാമാന്യമായി ഇവിടെ ഉന്നയിച്ച ചില കാര്യങ്ങളെപ്പററി ചില വിശദീകരണങ്ങൾ നല്കുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്നു. പല വിഷയങ്ങളെപ്പററിയും ആക്ഷേപങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ടു്. മൂന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ അതായതു് ശ്രീ. അമ്പുക്കൻ, ഇയ്യു, ശങ്കർ—ഈ മൂന്നു മെമ്പറന്മാരും സാമാന്യം ഗവമ്മേണ്ടിന്റെ ഇപ്പോഴത്തെ വിദ്യാഭ്യാസനയത്തെപ്പററി പ്രസ്താവിക്കുകയുണ്ടായി. സെക്കൻററി വിദ്യാഭ്യാസനയത്തെപ്പററി ശ്രീ. ഇയ്യു പറഞ്ഞതു് അതു് വേഗം നടപ്പിൽ വരുത്തണമെന്നാണു്. ശ്രീ. ശങ്കർ അതിനെപ്പററി ആക്ഷേപം ഒന്നും പറഞ്ഞില്ല, കഥ ഒന്നും ഇല്ലെങ്കിലും അതിൽ ആക്ഷേപം ഒന്നും ഇല്ലെന്നാണു് അദ്ദേഹം പറഞ്ഞതു്. ഈ അഭിപ്രായത്തിനു് ഞാൻ അവരോടു് കൃതാർത്ഥതയുള്ളവനാണു്. ശ്രീ. അമ്പുക്കൻ പറഞ്ഞതു് തെററാണു്. അതു് അദ്ദേഹംതന്നെ പറയേണ്ട ഒരു കാര്യമാണു്. അദ്ദേഹം ഒരു കല്ലേറു നടത്തിയിട്ടു് ഇവിടെനിന്നും പോയിരിക്കയാണു്. അദ്ദേഹം പണ്ടു് ഒരു വാദ്ധ്യാർ ആയിരുന്നു എന്നു കേട്ടിട്ടുണ്ടു്. അങ്ങനെ ഒരു വാദ്ധ്യാരായിരുന്നതിനുശേഷം ആ പുഴുവിൽനിന്നു് വികസിച്ചു് എം. എൽ. എ. ചിത്രശലഭമായി തീൎന്നിരിക്കുകയാണു്. പണ്ടു് ഒരു കവി പറഞ്ഞിട്ടുണ്ടു്, ചിത്രശലഭം അതിന്റെ പുരാതന നിലയായ പുഴുവിനെ പുച്ഛിക്കുമെന്നു്. അതിനു പകരമാണു് ചിത്രശലഭത്തിനു് അല്പായുസ്സു് വിധിച്ചിട്ടുള്ളതു്. അതുകൊണ്ടു് അദ്ദേഹത്തോടു് എനിക്കു് ഒന്നും പറയുവാനില്ല. അദ്ദേഹത്തിന്റെ പുഴുക്കൾ അദ്ദേഹത്തിനോടു് സമാധാനം പറഞ്ഞുകൊള്ളുമെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. പ്രൈമറി വിദ്യാഭ്യാസത്തിന്റെ കാര്യം ആശാസ്യമല്ലെന്നും മററും ശ്രീ. ശങ്കർ ആക്ഷേപിക്കുകയുണ്ടായി. ഈ സംഗതി ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണു്. പ്രൈമറി

വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്നുള്ള നയത്തിൽനിന്ന് ഗവൺമെണ്ട് പിൻമാറിയിട്ടില്ല. നേരെമറിച്ച് ഈ കൊല്ലം രണ്ടു താലൂക്കുകളിൽക്കൂടി അതു വ്യാപിപ്പിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുമുമ്പ് പ്രൈമറി വിദ്യാഭ്യാസത്തെപ്പററി ഈ ഗവൺമെണ്ട് എടുത്തിട്ടുള്ള ചില നയങ്ങളെപ്പററി അദ്ദേഹം ആക്ഷേപിക്കുകയുണ്ടായി. പ്രധാനമായി ചെയ്തത് കഴിഞ്ഞകൊല്ലം പ്രൈമറി വിദ്യാഭ്യാസം പുതിയ താലൂക്കുകളിലേക്ക് പ്രചരിപ്പിച്ചില്ല. ഷിഫ്ററു സിസ്റ്റം നിറുത്തൽ ചെയ്യുന്നതാണെന്നു പ്രഖ്യാപനം ചെയ്തു. പ്രൈവററു പ്രൈമറി സ്കൂളിലെ വാദ്ധ്യാന്മാരുടെ ഗ്രാൻറു് അല്പം വർദ്ധിപ്പിച്ചു. ഇതെല്ലാം കേവലം സ്വേച്ഛയായി ഞാൻ ചെയ്തതല്ല. അങ്ങനെ ചെയ്യുന്നതിനുമുമ്പ് ആ വിധത്തിൽ ചെയ്യാൻ ഗവൺമെണ്ടിനെ വളരെ ശക്തിയായി ഉദ്ബോധിപ്പിക്കുന്ന ഒരു റിപ്പോർട്ട് ഗവൺമെണ്ടിന്റെ കൈവശം ഉണ്ടായിരുന്നു. ആ റിപ്പോർട്ടിൽ അടങ്ങിയിരുന്ന വസ്തുതകൾ ഗ്രാൻറു വർദ്ധിപ്പിക്കണം, മററു താലൂക്കുകളിലേക്ക് കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ വ്യാപിപ്പിക്കുന്നതിനുമുമ്പ് ഗവൺമെണ്ടു കുറച്ച് ആലോചിക്കണം എന്നെല്ലാമായിരുന്നു. ഷിഫ്ററു സിസ്റ്റം നിറുത്തണമെന്നും ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് എഴുതിയവരിൽ എന്റെ ബഹുമാന്യന്മാരായ പല മിത്രങ്ങളും ഉണ്ട്. പക്ഷെ അവർ മാത്രമാണു ആ റിപ്പോർട്ട് എഴുതിയിരുന്നതെങ്കിൽ ഞാൻ ഇത്രമാത്രം അതിനെ ആദരിക്കയില്ലായിരുന്നു. ഇന്നത്തെ ഡെമോക്രാററിക്ക് പാർട്ടിയിലെ ഒരു പ്രമുഖാംഗംകൂടി അതിൽ ഒപ്പുവച്ചിട്ടില്ലായിരുന്നെങ്കിൽ എനിക്ക് അല്പം ശങ്ക തോന്നിയേനേ.

ശ്രീ. ആർ. ശങ്കർ: ആ മെമ്പർ അതിൽ ഒപ്പുവച്ചിട്ടുണ്ടോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. ഇവിടത്തെ കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ പുതിയ താലൂക്കുകളിലേക്കു വ്യാപിപ്പിക്കുന്നതിനുമുമ്പ് കുറച്ച് ആലോചിക്കണം, വാദ്ധ്യാന്മാർക്ക് ശമ്പളം കൂട്ടികൊടുക്കണം എന്നൊക്കെ പറഞ്ഞതിനുശേഷം അതു ചെയ്തതുകൊണ്ട് ഗവൺമെണ്ടിന്റെ വിദ്യാഭ്യാസനയം 'ഹെസിറേറൻറു്' ആണെന്നും 'കവേർഡിലി' ആണെന്നുമൊക്കെ പറഞ്ഞാൽ പാർലമെൻററി ഭാഷ ഉപയോഗിച്ച് അതിനു മറുപടി പറയാൻ എനിക്കു സാദ്ധ്യമല്ല. അതുകൊണ്ട് ഞാൻ അക്കാര്യം വിട്ടിട്ട് അടുത്തതിലേക്കു കടക്കാം

രണ്ടു മൂന്നു മെമ്പറന്മാർ തുണിയുടേയും നൂലിന്റേയും ക്ഷാമത്തെപ്പററി ശക്തിയായി ആക്ഷേപിക്കുകയുണ്ടായി. ആ ആക്ഷേപങ്ങളെല്ലാം യാതൊരു ഉപാധികളും കൂടാതെ ഞാൻ സമ്മതിക്കുന്നു. കാരണം ആക്ഷേപങ്ങളിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ മിക്കതും ശരിയാണ്. മാത്രമല്ല ആ ആക്ഷേപങ്ങൾ സ്വീകരിച്ചാൽ മാത്രമേ അതു നേരെയാക്കാൻ സാധിക്കയുള്ളുവെന്നും ഞാൻ കരുതുന്നു. നിർഭാഗ്യവശാൽ വേണ്ടിടത്തോളം നൂലും തുണിയും വിതരണം ചെയ്യുന്നതിനു് നമുക്കു കിട്ടുന്നില്ല. സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് കിട്ടിയിരുന്നു, ഇപ്പോൾ കിട്ടുന്നില്ല എന്നുള്ളതും വാസ്തവമാണ്. നൂലിന്റെയും തുണിയുടേയും കാര്യത്തിൽ ഇപ്പോൾ ഇൻഡ്യയിൽ വലിയ വ്യത്യാസം വന്നിട്ടുണ്ട്. അവ കിട്ടുന്നതിനു് ഇപ്പോൾ ബുദ്ധിമുട്ടു കൂടുതലുണ്ട്. അങ്ങനെ കിട്ടുന്നതിനു് ബുദ്ധിമുട്ടുണ്ടായതു് പുതുതായിവന്ന കാൺഗ്രസ് ഗവൺമെണ്ടുകളുടെ കൊള്ളരുതായ്മകൾ കൊണ്ടാണെന്നു സോഷ്യലിസ്ററുകാരോ മറേറാ പറയുകയാണെങ്കിൽ അതിനു മറുപടി പറയാൻ എനിക്കു ശക്തിയില്ല. അതുകൊണ്ടു് ഞാൻ അതിനു മറുപടി പറയുന്നില്ല. ഇൻഡ്യക്ക് ഫോറിൻ എക്സ്ചേഞ്ച് വാങ്ങാൻ ഇവകൾ കയററി അയക്കുന്നെന്നും അതു തെററാണെന്നും പറഞ്ഞാൽ അതിനു മറുപടി പറയുക എന്നാൽ സാദ്ധ്യമല്ല. എന്തെന്നാൽ ആവക കാര്യ

[Sri. Panampilli Govinda Menon]

ങ്ങൾ നിയന്ത്രിക്കാനുംമററും ശക്തിയുള്ള ഒരു ഗവമ്മെണ്ടിലെ അംഗമല്ല ഞാൻ. നമുക്ക് നൂലും തുണിയും മതിയാകാത്തതിനെപ്പററി ശക്തിയായി ഇൻഡ്യാ ഗവമ്മെണ്ടിനോട് നിവേദനം നടത്തുന്നതിന് ധനകാര്യമന്ത്രി ഡൽഹിയിൽ പോയപ്പോൾ ഏർപ്പാട് ചെയ്തിരുന്നു. അദ്ദേഹത്തിൻെറ നിവേദന ഫലമായിട്ട് കൂടുതൽ തുണിയും നൂലും അലോട്ട് ചെയ്തുതരാമെന്ന വാഗ്ദാനം കിട്ടിയിട്ടുണ്ട്. അതിനാൽ ഉടൻതന്നെ കാര്യങ്ങൾക്ക് ഒരു തീരുമാനമുണ്ടാകുമെന്ന ഞാൻ വിശ്വസിക്കുന്നു. ശ്രീമാൻ നടരാജപിള്ള ചെയ്ത വിമർശനങ്ങളിൽ ചില അബദ്ധങ്ങൾ വന്നിട്ടുണ്ട്. അദ്ദേഹം തിരുവിതാംകൂറിൽ ഇരു മില്ലുകളുണ്ട്, അതിലെല്ലാംകൂടി ഇത്ര തുണി ഉണ്ടാക്കുന്നുണ്ട്, ഇതു ചെയ്യുന്നതു മുഴുവൻ ഇൻഡ്യാഗവമ്മെണ്ടാണ്, അതുകൊണ്ട് ഈ ഗവമ്മെണ്ടിന് ഒരു നിവൃത്തിയുമില്ല എന്നൊക്കെ പറഞ്ഞു. നൂലിൻെറയും തുണിയുടേയും കാര്യത്തിൽ നമ്മുടെ ഗവമ്മെണ്ടിന് പ്രാദേശികമായി യാതൊന്നും തനിച്ചു ചെയ്യാൻ പാടില്ല. ഇവിടെയുള്ള മില്ലുകളിലുണ്ടാക്കുന്ന നൂലും തുണിയും മുഴുവൻ നാം എടുക്കുകയാണെങ്കിൽ ആ മില്ലുകൾക്ക് പരുത്തി കിട്ടിയില്ലെന്നുവരും. അതുകൊണ്ട് ഈവക കാര്യങ്ങളെല്ലാം അഖിലേന്ത്യാ അടിസ്ഥാനത്തിൽ പ്രവൃത്തിക്കുകേ നിവൃത്തിയുള്ളു. അതിനാൽ ചിലപ്പോൾ ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. അതു നമുക്കു തടുക്കാവുന്നതല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: നാം കടം കൊടുത്തിട്ടുള്ള മില്ലുകളിൽ ഉണ്ടാക്കുന്ന നൂൽ നമുക്കു തരണമെന്ന പറയാൻ പാടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. പാടില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അങ്ങനെ ടെക്സ്റ്റയിൽ കമ്മീഷണറാഫീസിൽ എഗ്രിമെൻറ് എഴുതണമെന്ന വ്യവസ്ഥയില്ലായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതല്ല പ്രശ്നം. ഇൻഡ്യയിൽ ഉണ്ടാക്കുന്ന നൂൽ മുഴുവൻ പൂൾ ചെയ്ത് അതിൽനിന്നും ഓരോ സ്ഥലത്തേക്കും അലോട്ട് ചെയ്യുകയാണു ചെയ്യുന്നത്. നമ്മുടെ രാജ്യത്ത് കൂടുതൽ നൂൽ ഉണ്ടാക്കുന്നുണ്ടെങ്കിൽ അന്യ സ്റ്റേറ്റുകളിലേക്ക് അത് അലോട്ട് ചെയ്യേണ്ടിവരും. ഇവിടെ പോരെന്നുണ്ടെങ്കിൽ വേറെ സ്റ്റേറ്റുകളിൽ ഉണ്ടാക്കുന്ന നൂൽ നമുക്കു തരും. ഇൻഡ്യാ-പാക്കിസ്ഥാൻ വിഭജനത്തെ തുടർന്നു നൂലിൻേറയും പരുത്തിയുടേയും കാര്യത്തിൽ പല വിഷമതകളും ഉണ്ടായിട്ടുണ്ട്. ആ വിഷമങ്ങൾ ഇന്നുള്ളവരല്ലാതെ മററു വല്ലവരുമായിരുന്നെങ്കിൽ കൂടുതൽ ശരിയായി തരണം ചെയ്യുമായിരുന്നോ എന്നു ഇപ്പോൾ അറിഞ്ഞുകൂടാ. അങ്ങനെയുള്ളവർ വരുമ്പോൾ മാത്രമേ അതിനെപ്പററി പറയാൻ നിവൃത്തിയുള്ളു. ഈ ഗവമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ കഴിഞ്ഞ രണ്ടു മൂന്നു മാസമായി നൂലും തുണിയും ആവശ്യത്തിനു കിട്ടിയിട്ടില്ല. കൂടുതൽ കിട്ടാനുള്ള പല പരിശ്രമങ്ങളും നടത്തിയിട്ടുണ്ട്. ആ പരിശ്രമങ്ങൾ മിക്കവാറും വിജയിച്ചിട്ടുമുണ്ട്.

അടുത്തതായി എനിക്കു പറയുവാനുള്ളത് ഭക്ഷ്യകാര്യത്തെപ്പററിയാണ്. ഭക്ഷ്യകാര്യത്തെപ്പററി പല മെമ്പറന്മാരും വാദിച്ചപ്പോൾ ഈ നിയമസഭയിലും പത്രങ്ങളിലുമൊക്കെ നടക്കുന്ന വാദപ്രതിവാദങ്ങൾ മിക്കതുംതന്നെ നെല്ലെടുപ്പിനെപ്പററിയാണെന്നു കാണാം. നെല്ലെടുപ്പ് എങ്ങനെയാണ് വേണ്ടത്, കൂടുതലെടുക്കണമോ കുറവെടുക്കണമോ എന്നുള്ള കാര്യത്തെപ്പററി കലശലായ വാദപ്രതിവാദം നടക്കുന്നുണ്ട്. ഈ നാട്ടിലെ വൃ൫ ലക്ഷം ജനങ്ങളിൽ ഭൂരിപക്ഷം ജനങ്ങളും നെല്ല് സ്വന്തമായി ഇല്ലാത്തവരാണ്. അങ്ങനെയുള്ളവർക്ക്

ആഹാരത്തിനു് നെല്ലു് അല്ലെങ്കിൽ അരി വിതരണം ചെയ്യാതെ നിവൃത്തിയില്ല. അപ്രകാരം ചെയ്യേണ്ടതു് ഗവൺമെന്റിന്റെ ചുമതലയുമാണു്. അതിലേക്കു് രണ്ടു വഴികളിൽക്കൂടി മാത്രമേ ചരക്കുകൾ കിട്ടാനുള്ളു. ഒന്നു ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും തരുന്ന ചരക്കു്; മറ്റൊന്നു് ഇവിടത്തെ കൂടുതലായി ഉല്പാദിപ്പിക്കുന്ന കൃഷിക്കാരിൽനിന്നും എടുക്കുന്ന നെല്ലു്. ഇവിടെ നടന്ന വിമർശനങ്ങളിലെല്ലാംകണ്ടതു് എടുക്കേണ്ട നെല്ലു് എങ്ങനെയാണെന്നാണു്. അല്ലാതെ പാവപ്പെട്ടവനു് നെല്ലോ അരിയോ കിട്ടുന്നുണ്ടോ എന്നുള്ള പ്രശ്നത്തെപ്പറ്റി അധികമാരും പറഞ്ഞുകേട്ടില്ല. എല്ലാവർക്കും നെല്ലോ അരിയോ കിട്ടാൻ ഉതകുന്ന വിധത്തിലായിരിക്കണം ഇവിടത്തെ ഫുഡ് ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനം നടക്കേണ്ടതു്. ചില ആളുകൾ നെല്ലെടുപ്പിനെപ്പറ്റി പറഞ്ഞുകേൾക്കുമ്പോൾ അവർ നെല്ലു് എടുപ്പു് വിരുദ്ധസംഘത്തിന്റെ പ്രതിനിധികളാണോ എന്നു തോന്നിപ്പോകും. ശ്രീമാൻ നേരമണി റൂറൽ ഏരിയായിൽ ഡീറേഷനിംഗ് വേണമെന്നു പറയുകയുണ്ടായി. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനംപോലെയുള്ള ഒരു രാജ്യത്തു് റൂറൽ പ്രദേശങ്ങളിൽ ഡീറേഷനിംഗ് നടത്തുന്നതു് ആപല്ക്കരമാണു്. അങ്ങനെയുള്ള റൂറൽ പ്രദേശങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടോ എന്നുതന്നെ സംശയമാണു്. ഇവിടെ കന്യാകുമാരിമുതൽ ചെറുതുരുത്തിവരെ ഒരു നഗരമാണു്. തിരുവനന്തപുരം പട്ടണത്തിൽ റേഷൻ കൊടുക്കണമെന്നും കഴക്കൂട്ടത്തു റേഷൻ കൊടുക്കാൻ പാടില്ലെന്നും പറഞ്ഞാൽ അതു ശരിയാകുന്നതല്ല. എല്ലാവർക്കും റേഷൻ കൊടുക്കണം. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ആ പദ്ധതി ഒരിക്കലും സ്വീകരിക്കത്തക്കതല്ല.

ലെവി സിസ്റ്റത്തെപ്പറ്റിയും ഇവിടെ ആക്ഷേപങ്ങൾ ഉണ്ടായി. ചിലർ കൂടുതൽ നെല്ലെടുക്കുന്നു എന്നു പറഞ്ഞു് ആക്ഷേപിക്കുന്നു. ശ്രീമാൻ ബാലകൃഷ്ണമേനോൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഈ ലെവി സിസ്റ്റം വലിയ അബദ്ധമാണു് എന്നു പറയുകയുണ്ടായി. ശ്രീ. നടരാജപിള്ളയാണെങ്കിൽ ഈ സിസ്റ്റത്തെപ്പറ്റി അല്പം തൃപ്തിയോടുകൂടി സത്യസന്ധന്മാരായ ആഫീസറന്മാരെ വയ്ക്കണമെന്നാണു് പറഞ്ഞതു്. ഇതാണു് വടക്കാഞ്ചേരി സോഷ്യലിസവും തിരുവനന്തപുരം സോഷ്യലിസവും തമ്മിലുള്ള വ്യത്യാസം.

Sri. P. S. Nataraja Pillai: I said both were wrong. I never decried one party or the other. I said it was not run properly by the officers.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഈ ലെവി സിസ്റ്റത്തെപ്പറ്റി രാഷ്ട്രീയപാർട്ടിതന്നെ ഓരോ പ്രദേശത്തു് ഓരോ വിധത്തിലാണു് പറയുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സോഷ്യലിസ്റ്റു് പാർട്ടിക്കു് ഒരേഅഭിപ്രായമേയുള്ളു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവൺമെണ്ടിനെ സംബന്ധിച്ചിടത്തോളം ഗവൺമെണ്ടിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള പ്രസ്നോട്ടു നോക്കിയാൽ അറിയാം ഓരോരുത്തരുടേയും കൈയ്യിൽ നിന്നെടുക്കുന്ന നെല്ലിനു് ഒരു സുനിശ്ചിതത്വം വേണമെന്നു്. സർക്കാരിലേക്കല്ലാതെ വേറെ ആർക്കും നെല്ലു വില്ക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടു്. കൃഷിക്കാർക്കു് എന്താണു വേണ്ടതു്. അവരുടെ സ്വന്തം ആവശ്യത്തിനും കൃഷി ആവശ്യത്തിനും ഉള്ള നെല്ലുവേണം. അതു കഴിച്ചു് സർക്കാരിലേക്കു് അളക്കുന്ന നെല്ലിനു് തക്കതായ ഒരു വിലയും കിട്ടണം. എത്ര നെല്ലാണു് സർക്കാരിലേക്കു കൊടുക്കേണ്ടതെന്നുള്ള അനിശ്ചിതാവസ്ഥ അവർക്കു് ഉണ്ടാകാൻ പാടില്ല. ഇവയല്ലാതെ നെല്ലു് സർക്കാരിലേക്കു് കൊടുക്കരുതെന്ന ഉദ്ദേശം പ്രസ്നോട്ടിൽ കാണുന്നില്ല. ആ പ്രസ്നോട്ടുപോലും വായി

[Sri. Panampilli Govinda Menon]
ക്കാതെയാണ് ചിലർ ഇതിനെപ്പററി ആക്ഷേപിച്ചിട്ടുള്ളത്. ശ്രീ. ബാലകൃഷ്ണമേനോൻ മാത്രമേ അതിനെപ്പററി പറഞ്ഞുള്ളു എന്നു തോന്നുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: വടക്കാഞ്ചേരി സോഷ്യലിസത്തേയും തിരുവനന്തപുരം സോഷ്യലിസത്തേയും പററി പറഞ്ഞതല്ലോ. തിരുവിതാംകൂർ കാൺഗ്രസുകാരും കൊച്ചി കാൺഗ്രസുകാരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചപ്പോൾ പറയേണ്ടതായിരുന്നു. അതുകൊണ്ടു് എനിക്കു പറയാനുള്ളതു്, ഭക്ഷ്യവിതരണം ചെയ്യേണ്ട കാര്യത്തിൽ ഗവമ്മെണ്ടിനു് എല്ലാചുമതലയും ഏറെറടുക്കാതെ നിവൃത്തിയില്ല. അതിനുവേണ്ടി നെല്ലെടുക്കുകയും ചെയ്യണം. നെല്ലെടുപ്പു് വലിയ കഷ്ടമാണെന്നു തെക്കൻ തിരുവിതാംകൂറിൽ നിന്നുവന്ന ചിലർ പറയുകയുണ്ടായി. അതു സാധാരണ കേൾക്കാറുണ്ടു്. എന്തായാലും നെല്ലു് സക്കാരിലേക്കു് എടുക്കാതെ നിവൃത്തിയില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: சிலர் அல்ல. தென் திருவிதாங்கூரி லுள்ள அத்தனை பேர்களும் சொல்கிறார்கள்.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാവരും അതു ശരിയാണെന്നു വിശ്വസിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ചിലരെങ്കിലും നല്ലതാണെന്നു വിശ്വസിക്കുമെന്നു ഞാൻ വിചാരിച്ചു. ഇന്നു സക്കാരിൽനിന്നും നെല്ലും അരിയും ഇല്ലാത്തവക്കു കൊടുക്കുന്നതുകൊണ്ടാണു് നെല്ലുള്ളവരുടെ അറയിൽ ഇന്നു നെല്ലു ഭദ്രമായി ഇരിക്കുന്നതു്. അതു് സക്കാരിലേയ്ക്കു എടുക്കരുതെന്നു പറയുന്നതിന്റെ അത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. ഇതു് മററുള്ളവക്കു ഭക്ഷണത്തിനുള്ള നെല്ലും അരിയും ഞങ്ങൾ വിതരണം നിവ്വഹിച്ചുകൊള്ളാമെന്നു പറയുന്നതിനു തുല്യമാണു്. അങ്ങിനെയുള്ള വാദം വളരെ അബദ്ധവുമാണു്. മററുള്ള സംസ്ഥാനങ്ങളോടു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഉപമിക്കരുതു്. മററുള്ള സംസ്ഥാനങ്ങളിൽ കിട്ടുന്നതുപോലെ അല്ല നമ്മുടെ സംസ്ഥാനത്തു ഈ ഭക്ഷ്യധാന്യങ്ങൾ കിട്ടുന്നതു്. ൧൯൫൦-ൽ ഈ സംസ്ഥാനത്തു നാലുലക്ഷത്തിൽ ചില്വാനം ടൺ നെല്ലാണു് റേഷൻ ഷാപ്പുകൾ മുഖാന്തിരം വിതരണം ചെയ്തിട്ടുള്ളതു്. അതിൽ മൂന്നുലക്ഷത്തിലധികം ടൺ നെല്ലു വിദേശങ്ങളിൽനിന്നും കിട്ടിയതാണു്. അപ്പോൾ ഇവിടം എത്ര കമ്മിപ്രദേശമാണെന്നാണു് നാം ചിന്തിക്കേണ്ടതു്. ഇത്രയധികം കമ്മിയുള്ള ഒരു രാജ്യത്തു ആവശ്യക്കാക്കു നെല്ലും അരിയും കൊടുക്കാനുള്ള ചുമതല കൃഷിക്കാരെമാത്രം ഏല്പിക്കുവാൻ ഗവമ്മെണ്ടിനു നിവൃത്തിയില്ല. അതുമാത്രമല്ല കുറച്ചു സ്ഥലങ്ങളിൽ എങ്കിലും അപ്രകാരം കൊടുക്കുവാനും പാടില്ല. അതിൽനിന്നും വലിയ കുഴപ്പങ്ങൾ ഉണ്ടാകും. അങ്ങിനെ വരുത്തരുതെന്നു വിചാരിച്ചാണു് ഗവമ്മെണ്ടു് ആ ചുമതല മുഴുവനും ഏറെറടുത്തിരിക്കുന്നതു്.

ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ പുറപ്പെടുവിച്ച ആക്ഷേപങ്ങളിൽ ചിലതുകൂടി സ്പർശിച്ചാൽ കൊള്ളാമെന്നു ഞാൻ വിചാരിക്കുന്നു.

Sri. P. S. Nataraja Pillai: I would like to know from the hon'ble Minister whether uniformity in rationing was maintained throughout the State?

Sri. Panampilli Govinda Menon: I do not recollect.

ബഹു. വടക്കാഞ്ചേരി മെമ്പർ, അദ്ദേഹത്തിന്റെ പ്രമേയത്തിൽ ഇവിടെ ഒരു സോഷ്യലിസ്ററ വ്യവസ്ഥിതി വരുത്താനായി അപേക്ഷിച്ചു. അദ്ദേഹം അപ്രകാരം പ്രസംഗിച്ചതു് ഒരു സോഷ്യലിസ്ററു് പുതുകൃസ്ത്യാനിയായി മാർഗ്ഗം കൂടിയ ആവേശത്തോടുകൂടിയാണു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഈ ര

ജ്യത്തു നെല്ലും അരിയും ശരിയായി വിതരണം ചെയ്യാൻ സാദ്ധ്യമാകത്തക്ക വ്യവസ്ഥിതി നടപ്പാക്കാൻ സാധിക്കാത്തപക്ഷം ഇവിടെ ഭരണം നടത്തുന്ന മന്ത്രിമാർ രാജിവെയ്ക്കണമെന്നാവശ്യപ്പെട്ടു. ഒരിക്കൽ അദ്ദേഹം അങ്ങിനെ ആവശ്യപ്പെട്ടതു കേട്ടതുകൊണ്ടു ഒരബദ്ധം പററി. ഞാൻ ഒരിക്കൽ മന്ത്രിയായിരിക്കുമ്പോൾ എന്നോടു രാജിവയ്ക്കു എന്നു പറഞ്ഞു. അന്നു ഭക്ഷ്യകാര്യത്തിൻെറ ചുമതല ഞാൻ വഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. പിന്നീടു വേറെ ചില കാരണങ്ങൾകൊണ്ടു് ഞാൻ രാജിവെച്ചു. അദ്ദേഹം മന്ത്രിയായപ്പോൾ റേഷൻ നാലൗൺസു് അരിയായി. ഈ കാര്യങ്ങൾ എല്ലാം ചിന്തിച്ചുനോക്കുന്നപക്ഷം ഇന്നദ്ദേഹം പറയുന്നതുപോലെ ഉടനെതന്നെ രാജിവയ്ക്കുവാൻ നിവൃത്തിയില്ലെന്നു അദ്ദേഹത്തോടു ബഹുമാനപൂർവ്വം അറിയിച്ചുകൊള്ളുന്നു.

പിന്നെ വേറെ ഒരു സംഗതി കൂടി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനു സാധിക്കാതെവന്നപ്പോൾ കപ്പൽ ഇല്ലാ എന്നും മററും പറയുന്നു എന്നും ഈ മാതിരിയുള്ള അവസരങ്ങളിൽ അതില്ല, ഇതില്ല എന്നെല്ലാം സമാധാനങ്ങൾ പറഞ്ഞൊഴിയുന്നു എന്നൊക്കെയാണു് അദ്ദേഹത്തിൻെറ മറെറാരാക്ഷേപം. അതിനുള്ള സമാധാനം ശ്രീ. ജയപ്രകാശ് നാരായണൻെറ ഭാഷയിൽതന്നെ പറയാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇന്നു കാൺഗ്രസ്സു ഭരണമാണു് നടക്കുന്നതു്. അതു മാറി ഒരു സോഷ്യലിസ്ററു ഭരണം വന്നാൽതന്നേയും കപ്പൽ ഇല്ലാത്തിടത്തു കപ്പൽ ഉണ്ടാക്കുന്നതിനും, അരിയില്ലാത്തിടത്തു അരിയും; തുണിയില്ലാത്തിടത്തു തുണിയും, നൂൽ ഇല്ലാത്തിടത്തു നൂലും കൊടുക്കുന്നതിനേപ്പററിയും നാലു ദിവസം മുമ്പു മദ്രാസ്സിൽവച്ചു് അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൽ അർത്ഥപുഷ്ടമായി പ്രസ്താവിക്കപ്പെടുകയുണ്ടായി. സോഷ്യലിസ്റ്റായ മിസ്റ്റർ മേനോൻ അതിൻെറ പാഠങ്ങൾ മുഴുവൻ പഠിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഇപ്രകാരം പറയുന്നതാണു്. (ചിരി).

ശ്രീ. ജയപ്രകാശ് ചെയ്തതായ പ്രസംഗത്തിൻെറ ഏതാനും ഭാഗം ഈ സഭയുടെ അറിവിലേയ്ക്കായി ഞാൻ വായിക്കാം.

"Earlier Mr. Jayaprakash Narayan referred to the numerous internal problems facing the country and stated that the Socialist Party had well defined and clearcut policies with regard to the major problems, although its plans were not so readily laid in regard to all the difficulties facing us to-day.".....

ഇതാണു്. അരി, നെല്ലു്, തുണി, നൂലു ഈ സാധനങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിനു് തല്ക്കാലം സോഷ്യലിസ്ററു പാർട്ടിക്കു പ്ലാൻ ഒന്നുമില്ല എന്നാദ്ദേഹം പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു്, ബുദ്ധിപൂർവ്വമായും പരിചയം വച്ചുകൊണ്ടും നോക്കുന്നപക്ഷം അദ്ദേഹം പറഞ്ഞിട്ടുള്ള രീതിയിൽ ഞങ്ങൾക്കു് പ്രവർത്തിക്കുവാൻ നിവൃത്തിയില്ല. അവസാനമായി, ഈ രണ്ടേതൊന്നാളുകളുള്ള ഒരു പാർട്ടിയുടെ അഭിപ്രായം പത്തുനൂറോളം ആളുകൾ ഉള്ള ഒരു പാർട്ടിയെ റെപ്രസൻറ ചെയ്ത ഭരണം നടത്തുന്ന ഒരു ഗവൺമെൻറു് ആദരിക്കണമെന്നു പറയുന്നതിൽ എന്തൊരു വകതിരിവാണുള്ളതെന്നാണു് ഞാൻ ചോദിക്കുന്നതു്.

പിന്നീടെനിക്കു പറയുവാനുള്ളതു്, നിയമസമാധാനപാലനത്തെ സംബന്ധിച്ചാണു്. നിയമസമാധാനപാലനത്തെപ്പററി രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്ന ഒരു വാചകം ബഹുമാനപ്പെട്ട രണ്ടു മെമ്പറന്മാർ ഉദ്ധരിക്കയുണ്ടായി. ഏതു സന്ദർഭത്തിലാണു് അതു് പറഞ്ഞിട്ടുള്ളതു് എന്നു ശ്രദ്ധിക്കാതെയാണു് അവർ അതിവിടെ പറയുകയുണ്ടായതു്. അവർ ഇവിടെ വായിച്ച വാചകം ഇതാണു്.

"Extraordinary evils call for extraordinary remedies. My Government will not hesitate to exercise to the fullest extent necessary the powers which the law has placed in their hands to rid the country of all subversive forces."

[Sri. Panampilli Govinda Menon]

ആ വാചകം വായിക്കുന്നതിനുമുമ്പുള്ള രണ്ടു വാചകങ്ങൾകൂടി അവർ വായിച്ചിരുന്നുവെങ്കിൽ ഇപ്രകാരം അവർ പറയുകയില്ലായിരുന്നു. അതിനുമുമ്പുള്ള രണ്ടു വാചകങ്ങൾ ഇതാണ്.

"The Constitution has conferred on every citizen of the State certain invaluable rights and privileges like freedom of speech, freedom of association and freedom of the Press. No one is more jealous than my Government in maintaining these rights and privileges unimpaired. But my Government cannot tolerate the licentiousness which passes for freedom of speech or freedom of the Press. It undermines the decencies of public life and tends to create ill-will and hatred among the different classes of the community. Extraordinary evils call for extraordinary remedies."

അതായതു്, ഈ അടുത്തകാലത്തു ആഭാസങ്ങളായി പ്രസംഗിക്കുകയും എഴുതി പരസ്യപ്പെടുത്തുകയും മററും ധാരാളമായി നടന്നുവരുന്നതുകൊണ്ടു് വർഗ്ഗീയ കലഹങ്ങളോ മററോ ഉണ്ടാകുന്നതിനിടയാവുകയാണെങ്കിൽ അങ്ങിനെയുള്ള അസാധാരണ പരിതസ്ഥിതികളിൽ അവയെ നേരിടുന്നതിനു വേണ്ട നടപടികൾ എടുക്കുമെന്നാണു് പറഞ്ഞിട്ടുള്ളതു്. അതേപ്പററി ആക്ഷേപിക്കാൻ യാതൊരു കാരണവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

പിന്നെ നിയമസമാധാനങ്ങൾ പാലിക്കുന്നില്ല എന്നൊരാക്ഷേപവും പുറപ്പെടുവിക്കയുണ്ടായി. ഇപ്പോൾ ഏതു കാര്യങ്ങൾക്കും ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതൊരു ഫാഷനായിത്തീർന്നിട്ടുണ്ടു്. ഞാൻ ഈ നിയമസഭയിൽ വന്നതുമുതൽ ശ്രീമാൻ ചിതംബരനാഥനാടാർ, ഇൻസ്പെക്ടർ ജനറൽ ശ്രീമാൻ ചന്ദ്രശേഖരൻനായരെ ആക്ഷേപിക്കുന്നതു കേട്ടിട്ടുണ്ടു്. അതു് അദ്ദേഹത്തിൻെറ എല്ലാ പ്രസംഗങ്ങളിലും ഉണ്ടാകാറും ഉണ്ടു്. അതുപോലെതന്നെ മിസ്റ്റർ നേശമണിക്കു് ദേവികുളം കമ്മീഷണറെ സംബന്ധിച്ചും. തമിഴ്നാട്ടിലെ . . . . .

Sri. A. Nesamoni : Can the hon'ble Minister deny the incident that took place during the last month at Devicolam ?

Sri. Panampilli Govinda Menon : Several incidents might have taken place.

Sri. A. Nesamoni : That is why I put that specific point. Whenever I say so the hon'ble Members of the Treasury Bench characterise it as propaganda. Now I ask, have the Ministers inquired into that matter ? I know they are not prepared to do that.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പിന്നെ തെക്കൻ തിരുവിതാംകൂറിൽ അഴിമതി ഉണ്ടായി എന്നെല്ലാം പറയുകയുണ്ടായി. ഇന്നു് നിയമസമാധാനകുഴപ്പങ്ങൾ എല്ലാദിക്കിലും ഉണ്ടാകുന്ന കാലമാണു്. ഇവിടേയും ഉണ്ടാകുന്നുണ്ടു്. പ്രധാനമായി ഇവിടെ അമ്പലങ്ങൾ നശിപ്പിച്ച കാര്യങ്ങളെപ്പററിയാണു്. അതിനെ സംബന്ധിച്ചു അന്വേഷണത്തിൽ ഗവമ്മെണ്ടിനു ലഭിച്ചിട്ടുള്ള വിവരങ്ങൾ ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം ഏകദേശം ഇരുപത്തിയഞ്ചു കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. അതിൽ ഇരുപത്തിരണ്ടു കേസുകളുടെ ഇൻവെസ്റ്റിഗേഷനിൽ കുററം ചെയ്തതിൻെറ മോട്ടീവു് കളവാണെന്നും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. പതിനാറു കേസുകൾ ഇതിനകം ഡിറെക്ഷനിൽ കൊണ്ടുവന്നിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കർ: ഈ ഇരുപത്തിരണ്ടു കേസുകളും എങ്ങിനെയാണു് അതിൻെറ മോട്ടീവു് കളവാണെന്നു മനസ്സിലാക്കിയതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പോലീസിന്റെ ഇൻവെസ്റ്റിഗേഷനിൽനിന്നും ലഭിച്ചിട്ടുള്ള കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്.

ശ്രീ. കെ. അയ്യപ്പൻ: അതിലെ ആളുകൾ ആരാണെന്നും ഏതു ജാതിക്കാരാണെന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൽ പല ആളുകളും ഉണ്ട്. അതിന്റെ ശരിയായ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: മതി, മതി, ഞങ്ങൾക്ക് തൃപ്തിയായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുതന്നെയല്ല ഓർക്കാനുള്ളത്, രാജപ്രമുഖൻ തിരുമനസ്സു ഓരോ നിയമസഭ തുടങ്ങുമ്പോഴും ഒരു പ്രസംഗം ചെയ്യുകയെന്നുള്ളത് ഒരു പതിവാണ്. അതിനു നന്ദിപറയുന്നതിനു ഔദ്യോഗികഭാഗത്തുനിന്നും ഒരു പ്രമേയം കൊണ്ടുവരികയും അതിനു ഓപ്പസിഷൻ പാർട്ടികളിൽനിന്നും ഇന്നയിന്ന ദോഷങ്ങൾ ഉണ്ടെന്നു ചൂണ്ടിക്കാണിക്കേണ്ടതും ആണ്. ഇതിനൊക്കെയുള്ള വ്യവസ്ഥ നമ്മുടെ കാൺസ്റ്റിറ്റ്യൂഷനിൽ ഉണ്ട്. എന്നാൽ ഇതിനെല്ലാം മറുപടി പറഞ്ഞാലും തൃപ്തിയാകയില്ല. എല്ലാം തൃപ്തിയായി എന്നു പറഞ്ഞാൽ മാത്രം പോരല്ലോ. ഇതിനെല്ലാം വേണ്ടിയാണ് കാൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കിയിട്ടുള്ളത്. ഇവിടെ ഏതുകാര്യത്തിനും എതിരു പറയുകയെന്നുള്ളത് ആപ്പസിഷൻ പാർട്ടിയുടെ ഒരു ചടങ്ങായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ട് അതിൽ അത്ര ആക്ഷേപമൊന്നുമില്ല.

ശ്രീ. ആർ. ശങ്കർ: അപ്പോൾ ആപ്പസിഷൻ പാർട്ടിയുടെ പ്രസ്താവനകൾക്ക് ഒരു ചടങ്ങിൽ കവിഞ്ഞ പ്രാധാന്യമില്ലെന്നാണോ ബഹു. മന്ത്രി പറയുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആപ്പസിഷൻ പാർട്ടിക്കാർ ഏതു കാര്യങ്ങളിലും എതിരു പറയുന്നതും ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതും കാണുന്നതിൽ അതൊരു ചടങ്ങായിത്തീർന്നിരിക്കുന്നു എന്നൊരാക്ഷേപം എനിക്കുണ്ട്.

സാധാരണ ഒരു ചടങ്ങാണെന്നുള്ള മട്ടിൽ എന്റെ ചില സുഹൃത്തുക്കൾ ഗവമ്മെണ്ടിനെ എപ്പോഴും കുറ്റം പറയാറുണ്ട്. ഞാൻ പറയുന്നത് ഗവമ്മെണ്ടു നല്ല കാര്യങ്ങൾ ചെയ്താൽ അതു സമ്മതിക്കണമെന്നാണ്. കുറ്റം പറയുന്നതു നല്ലതാണ്. അതിൽ എനിക്കു പരാതിയില്ല. കുറ്റം പറഞ്ഞാൽ അതു തിരുത്തേണ്ടതാണെങ്കിൽ ട്രഷറി ബെഞ്ചിലുള്ളവർക്കു അതു മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയും. ഗവമ്മെണ്ടിനു ഇന്ന കുറ്റം ഉണ്ടെന്നു ചൂണ്ടിക്കാണിക്കേണ്ടതു സഭയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ചുമതലയാണ്.

ஸ்ரீ. அ. சிதம்பரநாத நாடார்: இதுவரையில் ஏதாவது ஒரு குற்றத்தையாவது நீங்கள் ஒப்புக்கொண்டிருக்கின்றீர்களா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നുതന്നെ ഞാൻ ഒരു കുറ്റം സമ്മതിച്ചുവല്ലോ. നൂലിന്റെയും തുണിയുടേയും കാര്യത്തിൽ ഗവമ്മെണ്ടിന്റെ കുറ്റം ഞാൻ സമ്മതിച്ചിട്ടുള്ളതാണ്. അതുമാതിരിയുള്ള കുറ്റം പറഞ്ഞാൽ ഇനിയും സമ്മതിക്കും. പക്ഷെ ചെയ്യാത്ത കാര്യം പറഞ്ഞാൽ എങ്ങിനെയാണ് സമ്മതിക്കുന്നത്? ഗവമ്മെണ്ടു ഒരു നല്ല കാര്യം ചെയ്താൽ അതു ഒരു നല്ല കാര്യമാണെന്നു നിങ്ങളും സമ്മതിക്കണം.

ശ്രീ. കെ. കെ. കുഞ്ഞൻ: നല്ലകാര്യങ്ങൾ ചെയ്യാതെ എങ്ങിനെയാണ് ചെയ്തു എന്നു പറയുക?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇങ്ങനെയുള്ള മനസ്ഥിതിവരുമ്പോഴാണ് നല്ലകാര്യങ്ങളൊന്നും കാണാൻ കഴിയാതെ വരുന്നത്. ഇവിടെ

[Sri. Panampilli Govinda Menon]
നടക്കുന്നതൊന്നും കാണാനുള്ള കണ്ണ് കണ്ണുനപോലും ഇല്ലെങ്കിൽ പിന്നെ എന്തു പറയാനാണ്! ഈ മട്ടിൽ എതിർവാദം ഇവിടെ ഒരു ചടങ്ങായിട്ടു തീർന്നിരിക്കയാണ്. ശബരിമലക്ഷേത്രം തീവച്ചു. ഏതോ അക്രമികളുടെ അന്യായപ്രവർത്തനമാണ് അതിനു കാരണം. ആ സംഭവം അനേകലക്ഷം ആളുകൾക്ക് ഹൃദയവേദന ഉണ്ടാക്കിയിട്ടുണ്ട്. അനേകം ആളുകളുടെ ഒരു തീർത്ഥാടനസ്ഥലവും അനേകലക്ഷം ജനങ്ങളുടെ ഭക്തിയും ആദരവും ആർജ്ജിച്ചിരുന്ന ഒരു കേന്ദ്രവുമാണ് ശബരിമല. നിർഭാഗ്യവശാൽ അതു നശിപ്പിക്കപ്പെട്ടു. അതിനെ സംബന്ധിച്ചു ഒരു തുമ്പും ഉണ്ടാക്കുവാൻ പോലീസ്സിനു കഴിഞ്ഞിട്ടില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: அப்படியானுல் இங்குள்ள போலீஸ் காரர்களுக்கு சாமர்த்தியம் இல்லை என்று மந்திரி அவர்கள் சம்மதிக்கிறீர்களா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേക്ക് ഞാൻ വരികയാണ്. പോലീസിനു അതിനെ സംബന്ധിച്ച് ഒരു തുമ്പും ഉണ്ടാക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു ഞാനും സമ്മതിക്കുന്നു. ഇത്രയുമാണ് പരമാർത്ഥം. പക്ഷെ അതുകൊണ്ട് പോലിസിനു കഴിവില്ലെന്നോ ശക്തിയില്ലെന്നോ പറയാൻ സാദ്ധ്യമല്ല. ഇത്രയുമാണ് വസ്തുത. പിന്നെയുള്ളതെല്ലാം ഈ വസ്തുതകൾവച്ചുകൊണ്ടുള്ള വ്യാഖ്യാനങ്ങളും ആക്ഷേപങ്ങളുമാണ്. അതിനു മറുപടി പറയാൻ തുടങ്ങിയാൽ അവസാനിക്കുകയില്ല. ഇതു ഗവമെണ്ടിന്റെ അനാസ്ഥകൊണ്ടാണ്, അല്ലെങ്കിൽ ശക്തിഹീനതകൊണ്ടാണ്, അല്ലെങ്കിൽ തന്ത്രമാണു ഇങ്ങനെ എല്ലാം പറയുകയാണെങ്കിൽ അതിനു ഒരു മറുപടി പറഞ്ഞു അവസാനിപ്പിക്കുക സാദ്ധ്യമല്ല. ഈ വാദങ്ങളെല്ലാം പലരും പൊതുയോഗങ്ങളിൽ പലതവണ ആവർത്തിച്ചിട്ടുള്ളവയും ഗവമെണ്ടിൽനിന്നും പ്രസ്നോട്ടുകൾവഴി നിഷേധിച്ചിട്ടുള്ളവയുമാണ്. അതിൽ കൂടുതലായി ഞാൻ ഇതിനെപ്പററി വല്ലതും പറഞ്ഞിട്ടു കാര്യമുണ്ടോ? അതേ വാദങ്ങൾതന്നെ എന്റെ സ്നേഹിതൻ ശ്രീ. ശങ്കർ ഇന്നിവിടെ ആവർത്തിക്കുകയും അതുസംബന്ധിച്ചു തെററിദ്ധാരണകൾ ജനങ്ങൾക്കു മാറിയിട്ടില്ലെന്നമട്ടിൽ ഞാൻ അതിനു വീണ്ടും മറുപടി പറയുകയും ചെയ്യുന്നതുകൊണ്ടു വല്ല വിശേഷവുമുണ്ടോ? ഞാൻ പറഞ്ഞതത്രയും വസ്തുതകളാണ്. അതേററവും നിർഭാഗ്യകരമായ ഒരു സംഭവമാണ്. ഗവമെണ്ടിനെ അവഹേളിക്കാനും മററുള്ളവരുടെ ദൃഷ്ടിയിൽ കൊച്ചാക്കി കാണിക്കാനും ഇടയാക്കിയ ഒരു അനിഷ്ടസംഭവമാണ് അതു. പക്ഷെ കുററക്കാർ ആരാണെന്നറിയാൻ നിവൃത്തിയില്ല, മി. കേശവമേനോന്റെ റിപ്പോർട്ടു കുററം തെളിയിക്കുന്നതിനു സഹായകമല്ല. ഇൻഡ്യാഗവമെണ്ടു നേരിട്ടു അന്വേഷണം നടത്തിയാൽ കൊള്ളാമെന്നു ഈ ഗവമെണ്ടു ആവശ്യപ്പെട്ടു. പക്ഷെ അതും ഫലപ്പെട്ടില്ല. കുന്തംപോയാൽ കുടത്തിലും നോക്കണം എന്നുള്ളമട്ടിൽ ഇപ്പോഴും ഗവമെണ്ടു മററു ചില അന്വേഷണങ്ങൾ തുടർന്നുകൊണ്ടിരിക്കയാണ്. ഇത്രയുമൊക്കെയാണ് വസ്തുതകൾ. ഇതുപറഞ്ഞാൽ എന്റെ സുഹൃത്തുക്കൾ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളക്കും, ശ്രീ. ശങ്കറിനും മററു ചിലർക്കും തൃപ്തിയാകുന്നില്ല. അവരെ തൃപ്തിപ്പെടുത്താൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നുമില്ല. അതുകൊണ്ടു ഈ രാജ്യത്തു നിയമസമാധാനങ്ങൾ പരിപാലിക്കപ്പെടുന്നില്ലെന്നു പറയുന്നതു ശരിയല്ല. നിർഭാഗ്യവശാൽ ഇയ്യിടെയായി ഈ രാജ്യത്തു വർഗ്ഗീയവൈരം വർദ്ധിച്ചുവരികയാണ്. അതിനു ചില കാരണങ്ങളും കണ്ടേക്കാം. ക്രിസ്ത്യാനികളുടെ ചില ദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടു. ചില ഹിന്ദുദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടു. ഇതെല്ലാം പരമാർത്ഥങ്ങളാണ് പക്ഷെ എനിക്കൊന്നു പറയാനുള്ളതു്

കററം പറയുന്നതോടൊപ്പംതന്നെ ഇനിമേൽ ഈ രാജ്യത്തു ഇമ്മാതിരിയുള്ള ഒരു പരിത:സ്ഥിതി ഉണ്ടാകാതിരിക്കാനുള്ള ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനു് എല്ലാവരും സഹകരിച്ചു് ജാഗ്രതയായി പ്രവത്തിക്കണമെന്നാണു്. അതിനുവേണ്ട സഹകരണം നിങ്ങൾ തരുക. ആ സഹകരണം നിങ്ങളിൽനിന്നും ഉണ്ടാകുകയാണെങ്കിൽ ഗവമ്മെണ്ടു ഒരിക്കലും പിന്നോക്കം പോകയില്ലെന്നും, ഏതെല്ലാം വിധത്തിലുള്ള പ്രവത്തികളും നടപടികളും കൊണ്ടാണു് ഈ അനാശാസ്യമായ അന്തരീക്ഷത്തെ രാജ്യത്തുനിന്നും തിരോധാനം ചെയ്യിക്കാൻ സാധിക്കുക, ആ എല്ലാ പ്രവൃത്തികളും നടപടികളും എടുക്കുവാൻ ഗവമ്മെണ്ടും ഗവമ്മെണ്ടിനെ പിന്താങ്ങുന്ന കൃഷിക്കാരും തയ്യാറാണെന്നും വിളംബരം ചെയ്യുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഒരു കൊല്ലംമുമ്പു നടന്ന ഈ സംഭവത്തെ സംബന്ധിച്ചു് ഒരു തുമ്പും കിട്ടാത്തതു ഗവമ്മെണ്ടിന്റെ കററം കൊണ്ടല്ലെന്നു ഞാൻ ഒന്നുകൂടി ആവത്തിച്ചു പറയുന്നു. ഈശ്വരന്റെ നാമധേയത്തിലായാലും, മതത്തിന്റെ നാമധേയത്തിലായാലും സമുദായത്തിന്റെ നാമധേയത്തിലായാലും നാം ഇതെല്ലാം ചെയ്യുന്നതു പൊതുവേ ജനസമുദായത്തിന്റെ നന്മയെ കരുതിയാണു്, നാടുനന്നാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്, ഈ വിഷയത്തിൽ ഇന്നു നാം വളരെ അധ:പതിച്ചിട്ടുണ്ടെന്നുള്ളതു സമ്മതിക്കാതിരുന്നിട്ടു പ്രയോജനമില്ല. പക്ഷെ നാം സഹകരിച്ചു പ്രവത്തിക്കുകയാണെങ്കിൽ ഈ അധ:പതനത്തിൽനിന്നു നമുക്കു മോചനം ലഭിക്കും. ഇതിൽ ക്രുദ്ധരായി ആ ആക്ഷേപങ്ങൾക്കു ഒരു മറുപടി പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല.

പബ്ലിക്കു് സവ്വീസു് കമ്മീഷന്റെ കാര്യം ശ്രീ. കളത്തിൽ വേലായുധൻ നായർ പറയുകയുണ്ടായി. ഇതിനുമുമ്പു കേട്ടിട്ടില്ലാത്ത ഒരാരോപണമാണതു്. ഈ ഗവമ്മെണ്ടിന്റെ പേരിൽ ധാരാളം ആരോപണങ്ങളും കുററങ്ങളും കേട്ടിട്ടുണ്ടു്. എങ്കിലും ഗവമ്മെണ്ടു പബ്ലിക്കു് സവ്വീസ് കമ്മീഷനെ ധിക്കരിച്ചു നിയമനങ്ങൾ നടത്തി എന്നുള്ള ആക്ഷേപം ഇപ്പോൾ ആദ്യമായിട്ടു കേൾക്കുകയാണു്. എനിക്കു തോന്നി, ശ്രീ. വേലായുധൻ നായർ ഭരണഘടനയുടെ വശങ്ങൾ മറിച്ചുനോക്കി ഇനി ഏതെല്ലാം വകുപ്പുകളനുസരിച്ചാണു് ഗവമ്മെണ്ടിനെ ആക്ഷേപിക്കാൻ സാധിക്കുക എന്നു് നോക്കികൊണ്ടിരിക്കുകയായിരുന്നു എന്നു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഭരണഘടനയുടെ ഏതു വകുപ്പിലാണു് സെയിൽസ് ടാക്സിലെ ഉദ്യോഗങ്ങളെപ്പററി പറഞ്ഞിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പബ്ലിക്കു് സവ്വീസ് കമ്മീഷന്റെ ഉപദേശം അനുസരിച്ചുതന്നെയാണു് നിയമനങ്ങൾ നടത്തിയിട്ടുള്ളതു്. ഞാൻ ഇതു പറയുന്നതു കമ്മീഷൻ സിക്രട്ടറിയോടു ചോദിച്ചിട്ടാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: പബ്ലിക്കു് സവ്വീസ് കമ്മീഷൻ ആദ്യം മറെറാരു തരത്തിൽ ശുപാർശ ചെയ്തിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാര്യം മനസ്സിലാക്കിയിട്ടു ചോദ്യങ്ങൾ ചോദിച്ചാൽ ഞാൻ മറുപടി പറയാം. ആദ്യം സെയിൽസ് ടാക്സു് ഇവിടെ ഒരു പ്രത്യേകം ഡിപ്പാർട്ടുമെന്റായിരുന്നു. അതിലേക്കു് ഒന്നുരണ്ടാളുകളെ പബ്ലിക്കു് സവ്വീസ് കമ്മീഷൻ തെരഞ്ഞെടുത്തു. പക്ഷെ അതിനിടക്കു സെയിൽസ് ടാക്സും അഗ്രിക്കൽച്ചറൽ ഇൻകംടാക്സും കൂടി കൂട്ടിച്ചേത്തു ഒരു ഡിപ്പാർട്ടുമെന്റുണ്ടാക്കി. അങ്ങിനെ ഉണ്ടാക്കിയ പുതിയ ഡിപ്പാർട്ടുമെന്റിലേക്കു ആദ്യത്തെ രണ്ടാളുകളെ മാററി വേറെ രണ്ടാളുകളെ നിയമിച്ചയക്കണമെന്നു് ആവശ്യപ്പെടുകയാണുണ്ടായതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആദ്യത്തെ രണ്ടുപേരും ചാർജ്ജെടുത്തു മൂന്നുദിവസം കഴിഞ്ഞതിനുശേഷമാണു് തിരിച്ചയച്ചതെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവർ ചാർജെടുത്തതിനു ശേഷമാണു് രണ്ടു ഡിപ്പാർട്ടുമെൻറുകളും കൂടി കൂട്ടിച്ചേർത്തതു്. അതുകൊണ്ടു് പുതിയ നിയമനങ്ങൾ നടത്താൻ പബ്ളിക്ക് സർവ്വീസ് കമ്മീഷനോടു ആവശ്യപ്പെട്ടു എന്നല്ലാതെ ഗവർമ്മെണ്ടു കമ്മീഷനെ യാതൊരു പ്രകാരത്തിലും ധിക്കരിച്ചിട്ടില്ല. എന്നുമാത്രമവുമല്ല, അതു അത്ര എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന ഒരു കുററവുമല്ല. ഭരണഘടനയനുസരിച്ചു് നിയമനങ്ങളെ സംബന്ധിച്ചു ഒരു റിപ്പോർട്ടു് സർവ്വീസ് കമ്മീഷനു് നേരിട്ടുതന്നെ രാജപ്രമുഖൻ തിരുമേനിവഴി ഈ നിയമസഭക്കു് അയക്കാമെന്നു വ്യവസ്ഥയുണ്ടു്. അങ്ങിനെ റിപ്പോർട്ടു ചെയ്യുന്നതിനുള്ള അധികാരം ഭരണഘടനയനുസരിച്ചു് കമ്മീഷനുതന്നെ കൊടുത്തിരിക്കുന്നതുകൊണ്ടു് ഈ കുററം അത്ര എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന ഒന്നല്ല. അനേകം കുററങ്ങൾ പറയാനുണ്ടല്ലോ. നിത്യാവശ്യസാധനങ്ങൾക്കു പോലും വളരെ ക്ഷാമമുള്ള ഇക്കാലത്തു, കൺട്രോൾ കൊണ്ടും മററുവിധത്തിലും ധാരാളം കുഴപ്പങ്ങളുള്ള ഇക്കാലത്തു്, സ്വാതന്ത്ര്യംകിട്ടി പുതുതായ ഒരു രീതി ആരംഭിച്ചു് അതിൻെറ ശൈശവാവസ്ഥയിൽ സംഭാവ്യമായ നിരവധി കുഴപ്പങ്ങളുള്ള ഈ ഘട്ടത്തിൽ, തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചതിനുശേഷം അതിൽനിന്നു പുതുതായി ഉണ്ടായിട്ടുള്ള പലവിധ കുഴപ്പങ്ങളും തീർന്നിട്ടില്ലാത്ത ഈ ഘട്ടത്തിൽ ഗവർമ്മെണ്ടിനു ഉള്ള കുററങ്ങൾതന്നെ ധാരാളം പറയാനുണ്ടല്ലോ. ആലോചനക്കുറവുകൊണ്ടും, ശ്രദ്ധക്കുറവുകൊണ്ടും, തൻേറടക്കുറവുകൊണ്ടും ഉണ്ടായിട്ടുള്ള യഥാർത്ഥകുററങ്ങൾ ധാരാളം ഉണ്ടായിരിക്കേ ഇല്ലാത്ത കുററങ്ങൾകൂടി സൃഷ്ടിച്ചു പറയേണ്ട ആവശ്യം വല്ലതുമുണ്ടോ? എന്തെങ്കിലും തെററുകളും കുററങ്ങളും ആക്ഷേപങ്ങളും പറഞ്ഞു എതിനേയും എതിർക്കാതെ നിവൃത്തിയില്ലെന്നുള്ള ഒരു നില വിടണം. ഇങ്ങനെയുള്ള ആക്ഷേപങ്ങൾ കാണുമ്പോൾ അറിവുള്ള ജനങ്ങൾ വിചാരിക്കുന്നതു്, ഇവർ ഇനി എന്തുതന്നെ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയില്ല എന്നാണു്. ഇങ്ങനെ ഇല്ലാത്ത ആക്ഷേപങ്ങൾ പറഞ്ഞു പറഞ്ഞു ഉള്ള ആക്ഷേപം പറഞ്ഞാലും ജനങ്ങൾ വിശ്വസിക്കുകയില്ലെന്നുള്ള മന്ത്രിമാർക്കു അനുകൂലമായ ഒരു സ്ഥിതിയാണു് ഇന്നിവിടെ ഉണ്ടായിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങിനെ ഈ കുററങ്ങളെല്ലാം വെറുതേ പറയുന്നതാണെന്നു ജനങ്ങൾ മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണോ തെരഞ്ഞെടുപ്പിനു ചെല്ലുമ്പോൾ തോൽവി സംഭവിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതൽ വോട്ടു മറുഭാഗത്തേക്കു് വാങ്ങുവാൻ മറുഭാഗത്തുള്ളവർക്കു ശേഷിയുണ്ടായിരുന്നു എന്നു മാത്രമേ അതിനു് അർത്ഥമുള്ളു. അതിൽ എന്താണു് ആക്ഷേപം? തെരഞ്ഞെടുപ്പിനു തോററു എന്നു കരുതി ആരെങ്കിലും ആക്ഷേപിക്കാറുണ്ടോ? അതു പറഞ്ഞു ക്ഷീണിപ്പിക്കാനും നോക്കേണ്ട. തെരഞ്ഞെടുപ്പിനു രണ്ടുപേർ നിന്നാൽ ആരെങ്കിലും ഒരാൾ തോൽക്കുമെന്നുള്ളതു നിശ്ചയമാണു്. തെരഞ്ഞെടുപ്പിനു നിൽക്കുന്ന ആൾ വല്ല വെടി പൊട്ടിക്കുകയോ അമിട്ടു പൊട്ടിക്കുകയോ ചെയ്താൽ ആക്ഷേപിക്കാറുണ്ടു്. അതല്ലാതെ തോററുപോയി എന്നു പറഞ്ഞു ആക്ഷേപിക്കാറുണ്ടോ? കാൺഗ്രസ്സിനു് ചിലപ്പോൾ ഒരു സീററും കിട്ടിയില്ലെന്നുവരും. അതിൽ അവമാനം വല്ലതുമുണ്ടോ? അതുകൊണ്ടു എനിക്കു പറയുവാനുള്ളതു് തെരഞ്ഞെടുപ്പിലെ ജയാപജയങ്ങൾ വച്ചുകൊണ്ടു് എല്ലാ കാര്യങ്ങളും തീർച്ചയാക്കുക എന്നു വന്നാൽ വളരെ ബുദ്ധിമുട്ടാകും എന്നാണു്. ഇത്രമാത്രമേ എനിക്കു് പറയുവാനുള്ളു. സഹായകരവും സൃഷ്ടിപരവുമായ എല്ലാ വിമർശനങ്ങളേയും അഭിപ്രായങ്ങളേയും ഞാൻ സ്വാഗതം ചെയ്യുകയും അവയ്ക്കു നന്ദി പ്രദർശിപ്പിക്കുകയും അല്ലാത്തുള്ളവയെ തിരസ്കരിക്കുകയും ചെയ്യുന്നു.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸ்ரீமான் பனம்பள்ளி கோவிந்த மேனோன் அவர்கள் கொச்சியிலிருந்து இங்கு இறக்குமதி ஆகி வந்த பிறகு, நாஞ்சில் நாட்டில் நெல் எடுக்கப்படும் இடங்களுக்கு நீங்கள் ஏதாவது சலுகை காண்பித்ததுண்டா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്, ഉവ്വ്.

മി. സ്പീക്കർ: ഭേദഗതികൾ മുഴുവനും ഓരോന്നായി വോട്ടിനിടാമെന്ന് വിചാരിക്കുന്നു.

സാഹിബ് ബഹദൂർ ടി. എ മൈയ്തീൻകുഞ്ഞു: സർ, ഞാൻ നേരത്തെ പ്രസംഗിക്കുവാൻ എഴുന്നേറ്റപ്പോൾ മന്ത്രിക്ക് മറുപടി പറയുവാനുള്ള സമയമായെന്നു പറയുകയുണ്ടായി. മന്ത്രിയുടെ പ്രസംഗം കഴിയുമ്പോൾ എനിക്ക് പ്രസംഗിക്കുവാനുള്ള അനുവാദം കിട്ടുമെന്നും വിചാരിച്ചിരിക്കുകയായിരുന്നു.

മി. സ്പീക്കർ: അങ്ങിനെയാണ് വിചാരിച്ചിരുന്നതെങ്കിൽ അതു ശരിയല്ല. ഇനി സമയമില്ല.

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു: ഞാൻ ഈ ഭേദഗതികളെ എല്ലാം എതിർക്കാനിരിക്കുകയായിരുന്നു.

മി. സ്പീക്കർ: എതിർക്കാനായാലും അനുകൂലിക്കുന്നതിനായാലും ഇനി സമയമില്ല.

The amendment moved by Sri. R. K. Ram was put and lost.

The amendment moved by Sri. T. Kochukrishna Pillai was put and lost.

The amendment moved by Sri. Ittiera Ambooken was put and lost.

The amendment moved by Sri. A. Nesamony was put to vote.

Sri. T. Kochukrishna Pillai: The mover of the amendment is not now in his seat. Is it necessary that his amendment should be put to vote.

Mr. Speaker: The amendment was duly moved and discussed in the House and as such the Member's absence is not material. The amendment will be put to vote.

Sri. T. Kochukrishna Pillai: Sir, I want to know whether it is in order to put the amendment to vote when the mover of the amendment is absent?

Mr. Speaker: Once when an amendment has been moved by a Member, the House is seized of the motion which has therefore to be put to vote unless withdrawn by the member with the leave of the House.

Amendment moved by Sri. A. Nesamoni was put and lost.

Amendment moved by Sri. K. Balakrishna Menon was put and lost.

Amendment by Sri. C. V. Iyyu was put and lost.

Amendment moved by Sri. R. Sankar was put and lost.

The motion of thanks moved by Sri. K. Balakrishna Marar was put and carried.

The Assembly adjourned at 4-45 p. m. to meet again at 11 a. m. on Friday, the 23rd February 1951.

V. KRISHNAMOORTHI AIYAR

Secretary to the Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION 1951

Friday, *the 23rd February 1951*

Vol. III] OFFICIAL REPORT [No. 3

The Assembly met again in the Legislative Chamber, Trivandrum, at Eleven of the Clock, on Friday, the 23rd February, 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

Oral Answers

SPEECH AT THE MALAYALI CONFERENCE AT MADRAS

*1. [1] **Sri. D. Gnanasigamony:** Will the Hon'ble Chief Minister be pleased to state: whether Government are aware of a speech made at a recent Malayali Conference at Madras by the wife of the ex-Vice-Chancellor of the Travancore University charging corruption and nepotism to this Government?

Chief Minister **(Sri. T. K. Narayana Pillai):**

Government have seen reports in some papers that she made some such speech. She had issued a contradiction which also appeared in some Madras papers.

Sri. D. Gnanasigamony: May I know from the Chief Minister whether, apart from this denial, Government have made any enquiry as to whether, as a matter of fact, such a speech was made?

Sri. T. K. Narayana Pillai: Government did not think it necessary to make such an enquiry because of the contradictory statements issued by the lady who is alleged to have made such a speech.

Sri. D. Gnanasigamony: Did the Government influence that lady to make a denial?

Sri. T. K. Narayana Pillai: No Sir. Government did not think it worthwhile to exert any influence on that lady to issue a contradictory statement.

Sri. D. Gnanasigamony: Are the Government aware that the Indian Express which published this denial had a foot-note there expressing surprise?

Sri. T. K. Narayana Pillai: The Indian Express might have published her speech and her contradictory statement, but the "Hindu" has not published such a speech.

Sri. D. Gnanasigamony: Is her husband a close relation of the Chief Minister?

Sri. T. K. Narayana Pillai: Not to say close, he is no relation at all.

Sri. C. V. Iyyu: May I know whether Mrs. Menon is a Government servant?

Sri. T. K. Narayana Pillai: She is not a Government servant so far as this State is concerned. I do not know whether she is a Government servant so far as the Government of India is concerned.

ശ്രീ. എ. കെ. പാച്ചുപിള്ള: അതിൽ പറഞ്ഞിരിക്കുന്ന ആരോപണങ്ങളെപ്പററി ഗവണ്മെണ്ടിന് എന്തെങ്കിലും പറയുവാനുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ചോദിക്കുമ്പോൾ പറയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ ചോദിക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരു ചോദ്യമായിട്ടു വരുമ്പോൾ മറുപടി പറയാം.

ശ്രീ. കെ. എൻ. ശങ്കുണ്ണിപിള്ള: മിസിസ്സ് നന്ദൻമേനവന് പ്രസംഗസ്വാതന്ത്ര്യം ഇല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രസംഗസ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടു്. മിസ്സ് നന്ദൻമേനവനും ഉണ്ടു്.

DR. KOSHI

*2. [2] **Sri. D. Gnanasigamony:** Will the Hon'ble Chief Minister be pleased to state.—

(*a*) whether any direction has been received from the Centre to reinstate Dr. Koshi (former Director of Public Instruction) or to refer his case for consideration by the Public Service Commission;

(*b*) if so, the date of such direction;

(*c*) what action has Government taken on the same?

Chief Minister **(Sri. T. K. Narayana Pillai:**

(*a*) No such direction has been received.

(*b*) and (*c*) Do not arise.

Sri. G. P. Nilakanta Pillai: Was there any communication between this Government and the Government of India regarding this matter?

Sri. T. K. Narayana Pillai: Correspondence is still going on with the Central Government and it is in a confidential stage.

Sri. K. P. Nilakanta Pillai: Has he made any representation to the Government of India?

Sri. T. K. Narayana Pillai: Yes. He has made a representation and that has necessitated this correspondence.

Sri. K. P. Nilakanta Pillai: May I know whether any officer of this State is within his rights to make a representation to the Central Government regarding his service?

Sri. T. K. Narayana Pillai: That is a matter which the Government do not propose enquiring into.

സാമ്പത്തികസ്ഥിതി

*൩. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ ബഡ്ജററുവർഷത്തിൽ എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്;

(സി) കഴിഞ്ഞവർഷം ഇതുസംബന്ധമായി വല്ല നടപടിയും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്തു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഒരു ദീർഘമായ സ്റ്റേറ്റമെണ്ടാണ്. അതു് മേശപ്പുറത്തു വച്ചാൽ മതിയെങ്കിൽ അങ്ങിനെ ചെയ്യാം.

(സി) കൊച്ചി-തിരുവിതാംകൂർ സംയോജനത്തിനുശേഷം ആദ്യമായി അവതരിപ്പിച്ച ബഡ്ജററാണ് ൧൯൫൦-ലേതു്. അതിൻ വ്യാപാരഅഭിവൃദ്ധിയെ ലാക്കാക്കി കരച്ചുങ്കം നിറുത്തലാക്കി. അതല്ലാതെ പറയത്തക്ക പദ്ധതികളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ടുകൾ ആരംഭിച്ചിരുന്ന സാമ്പത്തിക പദ്ധതികൾ തുടരുകയുണ്ടായിട്ടുണ്ട്.

Statement placed on the table in answer to part (b) of the question

(ബി) ൧. മദ്യനിരോധനം പത്തനാപുരം താലൂക്കിലും കൊട്ടങ്ങല്ലൂർ താലൂക്കിലും കൂടി നടപ്പിൽ വരുത്തി.

൨. വണ്ടൻമേട്ടിൽ കുറെ പുൽമേടുകൾ കൃഷിക്കുപയുക്തമാക്കി പതിച്ചുകൊടുക്കുന്നുണ്ട്.

൩. വൈശ്ശേരിക്കണ്ടം എന്ന റിസർവ്വ് വനത്തിലും കുറച്ചുഭൂമി മേൽ പ്രകാരം പതിച്ചുകൊടുക്കുന്നുണ്ട്.

൪. വേമ്പനാട്ടു കായലിൽ കുറച്ചുസ്ഥലം നെൽകൃഷിക്കുപയോഗ യോഗ്യമാക്കിത്തീർക്കുന്നുണ്ട്.

൫. കൃഷി ആവശ്യത്തിലേക്കുവേണ്ടി വെള്ളം സംഭരിക്കുവാൻ വടക്കാഞ്ചേരി പുഴയിൽ അണ കെട്ടുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

൬. നെയ്യാർ ഇറിഗേഷൻ പദ്ധതിയെപ്പററി പ്രാരംഭപരിശോധനകൾ നടത്തുന്നുണ്ട്.

൭. മൈനർ ഇറിഗേഷൻ (minor irrigation) പദ്ധതി അനുസരിച്ചു കഴിഞ്ഞ വർഷത്തിൽ തുടങ്ങിവെച്ച പണികൾ പൂർത്തിയാക്കിയതിനു പുറമെ ൧൦൬൪ എണ്ണംകൂടി ഈ ബഡ്ജററ വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്; അവ ഈ വർഷാവസാനത്തോടുകൂടി മിക്കവാറും പൂർത്തിയാകുന്നതാണ്.

൮. വളം കുറഞ്ഞ വിലയ്ക്കു വിതരണം ചെയ്യുന്നുണ്ട്.

൯. കമ്പോസ്റ്റ് വളത്തിന്റെ ഉപയോഗം നാട്ടുകാരുടെ ഇടയിൽ പ്രചരിപ്പിക്കുന്നുണ്ട്.

൧൦. നല്ല ഇനം വിത്തുകൾ ഉണ്ടാക്കി കൃഷിക്കാർക്കു വിതരണം ചെയ്യുന്നതിന് പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ട്.

൧൧. കൃഷി ആവശ്യത്തിലേക്കു കിണറുകളും കുളങ്ങളും കുഴിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ സഹായധനം കൊടുക്കുന്നുണ്ട്.

൧൨. കരിനിലങ്ങൾ നന്നാക്കുന്നതിനുവേണ്ടി ശാസ്ത്രീയ വളം കുറഞ്ഞ വിലയ്ക്കു വിതരണം ചെയ്യുന്നുണ്ട്.

൧൩. ലിഫ്റ്റ് ഇറിഗേഷൻ (lift irrigation) പദ്ധതികൾ പുതിയ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും കൃഷിയിറക്കുന്ന വേമ്പനാട്ടുകായൽ പ്രദേശങ്ങളിൽ വെള്ളം വററിക്കുന്ന പമ്പുകൾക്ക് ഇലക്ട്രിസിററി (Electricity) നല്കുകയും ചെയ്യുന്നുണ്ട്.

൧൪. സഹകരണ ഭവനനിർമ്മാണ പദ്ധതിയനുസരിച്ചും അവശസമുദായാംഗങ്ങൾക്ക് പ്രത്യേകിച്ചും ഭവനങ്ങൾ നിർമ്മിക്കുന്നുണ്ട്.

൧൫. കയർവ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

൧൬. വ്യാവസായികാഭിവൃദ്ധിക്കുവേണ്ടി പല വ്യവസായശാലകളും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. Monazite Factory, Caustic Soda Plant, Sewing

Thread Factory, Shark liver Oil Factory, എന്നിവ പ്രത്യേകം പ്രസ്താവ്യമാണ്.

മേൽപറഞ്ഞ പദ്ധതികൾക്കു പുറമെ മുൻകൊല്ലങ്ങളിൽ ആരംഭിച്ചിട്ടുള്ള കോതയാർ പദ്ധതി, പെരുഞ്ചാനി പദ്ധതി, പീച്ചി റിസർവോയർ പദ്ധതി, ചാലക്കുടി പദ്ധതി, പെരിങ്ങൽക്കുത്തു പദ്ധതി, പള്ളിവാസൽ പദ്ധതിയുടെ രണ്ടാം ഘട്ടം, ശെങ്കുളം പദ്ധതി മുതലായവ ഇക്കൊല്ലത്തിലും തുടർന്നുപോകുന്നുണ്ട്. കുറഞ്ഞ വിലക്കുള്ള ഭക്ഷ്യധാന്യവിതരണം, തുണിയുടെ നിയന്ത്രണം മുതലായവയും പൊതുജനങ്ങളുടെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഉതകുന്നുണ്ട്.

ശ്രീ. സി. പി. ഗോപാലപ്പണിക്കർ

* ൪. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

ശ്രീ. സി. പി. ഗോപാലപ്പണിക്കരുടെ പേരിൽ നടത്തിയ കേസ്സിനു ഗവർമ്മെണ്ടിൽനിന്നും എത്ര രൂപാ ചെലവായി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ: പല അധികാരികളും ഉദ്യോഗസ്ഥന്മാരും ആ വിചാരണയിൽ പങ്കെടുത്തിട്ടുണ്ട്. അവരുടെ ഓരോരുത്തരുടേയും പേർക്കു ഈ വിചാരണ സംബന്ധമായി ചിലവായിരിക്കുന്ന പണത്തുകയുടെ വിവരമായ കണക്കു കിട്ടിയിട്ടില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ കേസിനു എന്തു ചിലവായിട്ടുണ്ട്?

ശ്രീ എ. ജെ. ജോൺ: ചിലവായ സംഖ്യയുടെ ക്ലിപ്തമായ കണക്കു ഇതേവരെ കിട്ടിയിട്ടില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ കേസ് തീർന്നിട്ടു എത്ര മാസമായി?

ശ്രീ. എ. ജെ. ജോൺ: അഞ്ചാറുമാസമായി.

ശ്രീ. ജോസഫ് ജോൺ; ശ്രീ. ജി. ആർ. പിള്ള

* ൫. (൫) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ശ്രീ. ജോസഫ് ജോൺ, ശ്രീ. ജി. ആർ. പിള്ള എന്നിവരുടെ പേരിലുള്ള കേസ്സിനു ഇതിനകം എത്ര രൂപാ ചെലവായി;

(ബി) ഇതിനുവേണ്ടിയുള്ള സ്പെഷ്യൽ കോടതിയിൽ ഗവർമ്മെണ്ടു ഭാഗം കേസ്സു നടത്തുന്ന അഡ്വക്കേററു ആരാണ്;

(സി) അദ്ദേഹത്തിന്റെ ശമ്പളമെന്ത്;

(ഡി) ശമ്പളത്തിനുപുറമേ അദ്ദേഹത്തിനു പ്രത്യേകം അലവൻസു നല്കുന്നുണ്ടോ;

(ഇ) പ്രത്യേക അലവൻസു പ്രതിദിനക്കണക്കിനാണു നല്കുന്നതെങ്കിൽ ദിവസംപ്രതി എത്ര രൂപാ;

(എഫ്) ഈ ഡിസംബർമാസാവസാനം വരെ എത്ര രൂപാ അദ്ദേഹത്തിനു നല്കിയിട്ടുണ്ട്;

(ജി) ഇനിയും എത്ര ദിവസംകൂടി കേസു നടത്തേണ്ടതായി വരും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:

(എ) അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ നിശ്ചിത തുക അറിവില്ല. കണക്കു തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ശ്രീ. ടി. ആർ. ബാലകൃഷ്ണയ്യർ.

(സി) ശമ്പളം ൨൦൦—൩൦൦ക.

(ഡി) (ഇ) നിയമപ്രകാരമുള്ള സഞ്ചാരപ്പടിക്കുപുറമെ കേസുകൾക്ക ഹാജരാകുന്ന ദിവസം ൫൦ രൂപാവീതം നല്കുന്നതിനുള്ള അനുവാദവും കൊടുത്തിട്ടുണ്ട്.

(എഫ്) പ്രസ്തുത കേസുകൾക്ക ഹാജരാകുന്നതിനു ഒന്നും കൊടുത്തു കഴിഞ്ഞിട്ടില്ല.

(ജി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മൈതീൻകുഞ്ഞു: ജോസഫ് ജോണിന്റെ പേരിലുള്ള കേസു കഴിഞ്ഞ് അതിന്റെ അന്വേഷണ റിപ്പോർട്ട് ഗവമെണ്ടിലേക്ക കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: രണ്ടു ദിവസത്തിനുമുമ്പാണ് അതിന്റെ റിപ്പോർട്ട് ഗവമെണ്ടിലേക്ക കിട്ടിയിരിക്കുന്നതു്.

ക്ഷേത്രധ്വംസനം

*൩. (൩) ശ്രീ. എൻ.കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെയ്യാററിങ്കര മൂന്നാം നിയോജകമണ്ഡലത്തിലെ കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിനു് ഏതാനും ദിവസംമുമ്പ്, ആ നിയോജകമണ്ഡലത്തിൽപ്പെട്ട കുന്നത്തുകാൽ പകുതിക്കടുത്തുള്ള അരകനാട്ട ശാസ്താക്ഷേത്രത്തിലെ വിഗ്രഹം തല്ലിപ്പൊട്ടിച്ചതായി സംശയിക്കപ്പെട്ട ഒരാളുടെമേൽ ഒരു കേസു ചാർജ്ജുചെയ്തിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിലെ പ്രതി ആരു്;

(ബി) ആ പ്രതി, മിസ്റ്റർ നേശമണി എം. എൽ. എ.-യുടെ ഒരു ബന്ധുവാണോ;

(സി) അറസ്ററുചെയ്യപ്പെട്ട ആ പ്രതിയെ വിട്ടുവിക്കാൻ ചീഫ് മിനിസ്റ്റർ ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസിനു നിർദ്ദേശം നൽകിയോ;

(ഡി) ആ കേസ്സു എങ്ങനെ അവസാനിച്ചു?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കേസ്സ് ചാർജ്ജ് ചെയ്തിട്ടില്ല. ൪ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ബന്ധുവാണെന്നാണ് ഇപ്പോൾ അന്വേഷണത്തിൽ അറിയുന്നതു്.

(സി) പോലീസുകാർ ആ ബെയിൽ ആപ്ലിക്കേഷൻ ഒപ്പോസ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളതു്.

(ഡി) നാലു പ്രതികളിൽ മൂന്നുപേർ ഒളിവിലാണ്. അവരെ അന്വേഷിച്ചു വരികയാണ്. കേസ്സ് അധികം താമസിയാതെ ചാർജ്ജുചെയ്യുന്നതാണ്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം ഈ പ്രതികൾക്ക് ജാമ്യം അനുവദിച്ചു എന്നു് ഒരു പത്ര പ്രസ്താവന ഉണ്ടായതു് ഗവമെണ്ടു കാണുകയുണ്ടായോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പത്രപ്രസ്താവനയെ നിഷേധിച്ചുകൊണ്ടു് ചീഫ് മിനിസ്റ്റർതന്നെ ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പുകാലത്തു് മന്ത്രിമാരുടെ പ്രേരണമൂലമാണു് ആ പ്രതികളെ ജാമ്യത്തിൽ വിട്ടതെന്നു് ഒരു പ്രസ്താവനയുണ്ടായതു് ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്.

Sri. D. Gnanasigamony: May I know whether it is the Inspector-General of Police who grants the bail?

Sri. T. K. Narayana Pillai: No. It is the court that grants the bail.

Sri. D. Gnanasigamony: May I know whether it was not a fact that the bail application was opposed but the Magistrate had to issue a punitive order granting the bail?

Sri. T. K. Narayana Pillai: No. It was on appeal that the bail was granted subject to certain conditions.

Sri. D. Gnanasigamony: May I know whether an appeal was filed before the Sessions Court at Nagercoil?

Sri. T. K. Narayana Pillai: Yes. The bail was granted by an appellate court.

Sri. D. Gnanasigamony: May I know who made the report that the accused was a close relative of Mr. Nesamony?

Sri. T. K. Narayana Pillai: I did not say that he was a close relative of Mr. Nesamony. I said only that he was a "bandhu". A "bandhu" need not have any close relationship.

Sri. D. Gnanasigamony: May I inform the Chief Minister that the man bears no relationship at all with Mr. Nesamony?

Sri. T. K. Narayana Pillai: I am prepared to accept that.

Sri. D. Gnanasigamony: May I inform further that this is a malicious propaganda carried on by interested police officers?

Mr. Speaker: That is not a question and therefore does not call for an answer.

DESCECRATION OF TEMPLES AND CHURCHES

*7. (7) **Sri. N. D. Jose:** Will the hon'ble Minister for Law and Order be pleased to state.—

(*a*) the number of temples and churches and mosques descecrated since the integration of Travancore-Cochin;

(*b*) the number of cases in which the culprits have been found under each of these heads; and

(c) the number of cases sentenced so far?

Chief Minister **(Sri. T. K. Narayana Pillai):** (*a*) Temples—35, Churches—8, Mosques—Nil.

(*b*) Temples—24, Churches—4, Mosque—Nil.

(c) Temples—3, Churches—Nil, Mosque—Nil.

LEVY SYSTEM

*8. (8) **Sri. N. D. Jose:** Will the hon'ble Minister for Food be pleased to state.—

(*a*) the amount of food grains procured through the former system of excess procurement;

(*b*) the amount of food grains expected to be collected through the Levy System;

(*c*) whether any ceiling price would be fixed for the sale of the grain left over with the producers after such procurement; and

(*d*) the merits of the "Levy System" over the excess procurement system?

Chief Minister **(Sri. T. K. Narayana Pillai):** (*a*) As the period or the crop regarding which the information is required has not been specified, no definite answer can be furnished. The quantity procured has varied from year to year. In 1125, 72, 90, 612 paras from Travancore area and 59, 63, 924 paras from Cochin area, were procured.

(*b*) The Levy system of monopoly procurement has been introduced only very recently. Until the necessary statistics are collected under this system, the quantity that could be procured cannot definitely be stated. However, Government expect to purchase more than what has been purchased in the past.

(*c*) Private sale or purchase of paddy is prohibited. The question of fixing a ceiling price does not therefore arise.

(*d*) The levy system is expected to give a greater incentive to food production, reduce the chances of harassment of cultivators by the subordinate Revenue Staff, and increase the quantity procurable by Government.

ശ്രീ. പി. കെ. ഡീവർ: കൊച്ചി ഭാഗത്തുനിന്നു ൬൦ ലക്ഷം പറ നെല്ല് പ്രൊക്യൂർ ചെയ്യുമ്പോൾ തിരുവിതാംകൂർ ഭാഗത്തുനിന്ന് ൭൩ ലക്ഷം പറ നെല്ലാണ് പ്രൊക്യൂർ ചെയ്യുന്നതെന്നു പറഞ്ഞു.

ശ്രീ. ടി. കെ. നാരായണപിള്ള: എന്നു ഞാൻ പറഞ്ഞിട്ടില്ല. അതു് നേരെ മറിച്ചാണ്.

ശ്രീ. പി. കെ. ഡീവർ: ഈ വ്യത്യാസത്തിന് കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: വ്യത്യാസത്തിനു പല കാരണങ്ങളും ഉണ്ടായിരിക്കും.

ശ്രീ. പി. നാണു: ഇപ്പോൾ നെല്ല് വാങ്ങുന്നതു് ഏതു നിലയ്ക്കാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ലെവിസിസ്റ്റം അനുസരിച്ച് നെല്ല് പ്രൊക്യൂർ ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളതു്.

ശ്രീ. പി. നാണു: ഇപ്പോൾ ഓരോ കൃഷിക്കാരനും കൊടുക്കേണ്ടനെല്ല് ഇത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. പി. നാണു: എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് നിശ്ചയിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടു നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ചിട്ടുള്ള നെല്ലു ഓരോ കൃഷിക്കാരനും ഗവമ്മെണ്ടിലേയ്ക്കു കൊടുക്കണം.

ശ്രീ. പി. നാണു: ഈ തോതു് നിശ്ചയിക്കുന്നതാരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രേയിൻപർച്ചയിസിംഗ് തഹശീൽദാരാണ്.

ശ്രീ. പി. നാണു: ഓരോ കൃഷിക്കാരനും ഗവമ്മെണ്ടിലേയ്ക്കു കൊടുക്കേണ്ട നെല്ലിന്റെ തുക എപ്പോഴാണ് തിട്ടപ്പെടുത്തുവാൻ പോകുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കൃഷിക്കാർകൊടുക്കേണ്ട നെല്ല് ഇത്രയെന്ന് തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. ഇതിനെപ്പററി വല്ല പരാതിയും ഉണ്ടെങ്കിൽ ഗവമ്മെണ്ട അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. പി. എം. വർഗ്ഗീസ്: ലെവിസിസ്റ്റം അനുസരിച്ച് നെല്ല് വാങ്ങുകയാണെങ്കിൽ കൂടുതൽ നെല്ല് വാങ്ങാമെന്നും അതു് കൃഷിക്കാർക്കു് വലിയ ലാഭമായിരിക്കുമെന്നും പറയുവാൻ കാരണമെന്താണ്?

Mr. Speaker: The member is entering upon a discussion which is not allowed.

ശ്രീ. ഇട്ടീര അമ്പുക്കൻ: ലെവിസിസ്റ്റപ്രകാരം ഓരോ കൃഷിക്കാരനും കൊടുക്കേണ്ട നെല്ലിൻെറ തുക തിട്ടപ്പെടുത്തുന്നതു എന്തു് മാനദണ്ഡം വച്ചു കൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: മൂന്നു മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണു് തുക തിട്ടപ്പെടുത്തുന്നതു്. അതായതു് പ്രൊഡക്റ്റിവിറ്റി, പ്രൊക്യൂർമെൻറ, പ്രൊട്ടക്ഷൻ ടു കൾട്ടിവേററർ (Productivity, Procurement, Protection to Cultivator.)

ശ്രീ. ഇട്ടീര അമ്പുക്കൻ: തിരുവിതാംകൂർ ഭാഗത്തെ കൃഷിക്കാർക്കു് വല്ല പ്രത്യേക മാനദണ്ഡവും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തേയ്ക്കു ഒററ മാനദണ്ഡംതന്നെയാണു്.

ശ്രീ. പി. ചാക്കോ: തിരുവിതാംകൂർ ഭാഗത്തു് ഒരു കൊല്ലത്തിൽ ഒട്ടാകെ എത്ര പറ നെല്ലു് വിളയുമെന്നും കൊച്ചിഭാഗത്തു് എത്ര വിളയുമെന്നും ഗവമ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിനറിയാം. അതിൻെറ സ്ഥിതി വിവരക്കണക്കുകൾ ഇപ്പോൾ ഗവമ്മെണ്ടിൻെറ കയ്യിൽ ഇല്ല.

Sri. K. Sivarama Pillai: May I know whether the Government do no propose to publish the instructions issued to the Tahsildars?

Sri. T. K. Narayana Pillai: Only temporary instructions have been issued. When these instructions are finalised Government would seriously think of publishing them.

ശ്രീ. എൻ. വി. ചാക്കോ: അങ്ങനെ വിളയുന്ന നെല്ലിൻെറ എത്രഅംശമാണു് ഓരോ ഭാഗത്തുനിന്നും ഇപ്പോൾ എടുക്കുന്നതു് എന്നു് ഗവമ്മെണ്ടിനു പറയാമോ?

ശ്രീ ടി. കെ. നാരായണപിള്ള: ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Sri. D. Gnanasigamony: Are we to understand that by this levy system, the discretion of fixing the quota is vested with the purchasing officer?

Sri. T. K. Narayana Pillai: No. It does not. That is what I have stated already.

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ലെവിസിസ്റ്റം അനുസരിച്ചു് നെല്ലു് എടുത്തുതുടങ്ങിട്ടു എത്ര ദിവസമായി?

ശ്രീ. ടി. കെ. നാരായണപിള്ള: ഫെബ്രുവരി ൧-ാം തീയതിമുതൽ ലെവിസിസ്റ്റം അനുസരിച്ചു് നെല്ലെടുക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കർ: അടുത്ത മകരപ്പൂവിനു് ഈ സിസ്റ്റം അനുസരിച്ചു് നെല്ലെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ എടുക്കുന്നുണ്ടു്.

ശ്രീ. ആർ. ശങ്കർ: പുതിയ സിസ്റ്റം അനുസരിച്ചാണോ ഇപ്പോൾ നെല്ലെടുക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പുതിയ സിസ്റ്റം അനുസരിച്ചു് നെല്ലെടുക്കണമെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. ആർ. ശങ്കർ: ഈ പുതിയ സിസ്റ്റം അനുസരിച്ചു് ഇപ്പോൾ നെല്ലെടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പുതിയ സിസ്റ്റം അനുസരിച്ചു് നെല്ലു് എടുക്കുന്നുണ്ടെന്നാണു ഗവമ്മെണ്ടിന്റെ അറിവു.

Sri. K. Sivarama Pillai: May I know whether Government are aware that procurement is being carried on without the proper issuing of demand notices to the parties?

Sri. T. K. Narayana Pillai: Government are aware that the quota has been fixed and the necessary demand notices are issued before carrying out procurement.

ശ്രീ. എം. ഐ. പോൾ: കൊച്ചിരാജ്യത്തു് ലെവിസിസ്റ്റം വേണ്ടാ എന്നു വയ്ക്കുവാൻ ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

Mr. Speaker: That question does not arise out of the answer to the main question.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇപ്പോഴത്തെ ലെവിസിസ്റ്റത്തിൽ വീട്ടാവശ്യത്തിനു് ഓരോ വീട്ടുകാരനും സൂക്ഷിക്കേണ്ട നെല്ലു് എത്രയാണെന്നുള്ളതു് പർച്ചേസ് തഹശീൽദാരന്മാർ തീരുമാനിക്കുമെന്നു ഗവമ്മെണ്ടു വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ എക്സസ്സ്ബേസിസ് സിസ്റ്റവും ഇപ്പോഴത്തെ ലെവിസിസ്റ്റവും തമ്മിൽ മൗലികമായി എന്തു വ്യത്യാസമാണുള്ളതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ലെവി സിസ്റ്റവും എക്സസ്സ്ബേസിസ് സിസ്റ്റവും തമ്മിൽ എന്തു വ്യത്യാസമാണുള്ളതെന്നു ബഹുമാനപ്പെട്ട മെമ്പർക്കു തന്നെ അറിയാവുന്നതാണു്.

ശ്രീ. വി. ഗംഗാധരൻ നായർ: ലെവിസിസ്റ്റമനുസരിച്ചു് കുട്ടനാട്ടിൽനിന്നും ഇതിനുമുൻപു എടുത്തുകൊണ്ടിരുന്ന തോതനുസരിച്ചുള്ള നെല്ലു് ഇപ്പോൾ എടുക്കേണ്ടിവരികയില്ല എന്നു ഗവമ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഗവമ്മെണ്ടിനു അറിവില്ല.

ശ്രീ. സി. വി. ഇട്ടു: കൊച്ചിയിൽ മുൻപു നിലവിലിരുന്ന എക്സസ്സ്ബേസിസ് സിസ്റ്റത്തെക്കാൾ കൂടുതൽ നെല്ലു് ഇപ്പോഴത്തെ ലെവിസിസ്റ്റമനുസരിച്ചു കൊടുക്കേണ്ടതായി വരുമെന്നു ഗവമ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ഡീറ്റെയിൽസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എം. ഐ. പോൾ: ലെവിസിസ്റ്റം നടപ്പാക്കണമൊ വേണ്ടയൊ എന്നു ഗവമ്മെണ്ടു ആലോചിച്ചുകൊണ്ടിരിക്കുന്ന കാലത്തല്ലേ ചീഫ് മിനിസ്റ്റർ ഫുഡ് ഡിപ്പാർട്ട്മെന്റിന്റെ ചാർജ്ജ് ഏറ്റെടുത്തതു്?

Mr. Speaker: That is a matter of detail which could be ascertained otherwise.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ലെവിസിസ്റ്റത്തെ കൊച്ചിവിഭാഗക്കാർ എതിർക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അറിഞ്ഞുകൂടാ. നേരെമറിച്ചു് ലെവിസിസ്റ്റത്തെ ഒരു വലിയ വിഭാഗം ജനങ്ങൾ സ്വാഗതം ചെയ്യുന്നതായി ഗവമ്മെണ്ടിനറിയാം.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഏതു ഭാഗത്തുനിന്നാണു് ലെവിസിസ്റ്റത്തെ സ്വാഗതം ചെയ്യുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും സ്വാഗതം ചെയ്യുന്നുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: മദ്രാസിൽ ഈ ലെവിസിസ്റ്റം പരാജയപ്പെട്ടതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. എം. ഐ. പാൾ: കൊച്ചിക്കാർ ഈ ലെവിസിസ്റ്റത്തെ സ്വാഗതം ചെയ്യുന്നില്ലെന്ന് ഗവൺമെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പററി തീരുമാനമായി അറിയാൻ നിവൃത്തിയില്ല.

ശ്രീ. സി. സി. പ്രസാദ്: തിരുവിതാംകൂറിൽ മുമ്പ് ലെവിസിസ്റ്റം ഏർപ്പെടുത്തിയിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. സെററിൽമെൻറുപാട്ടം അനുസരിച്ച് നെല്ലുകൊടുക്കണമെന്നുള്ള വ്യവസ്ഥയാണുണ്ടായിരുന്നത്.

ஸ்ரீ. ஸ்ரீ. வி. தாஸ்: ஒரு ஏக்கரோ அல்லது அதற்குக் குறைந்த நிலங்களிலிருந்து நெல் அளக்கக் கூடாது என்று Press Note கூறுகிறது. அப்படியிருக்கும்போது இந்த நிலங்களிலிருந்து நெல் அளக்கப்படுவது தெரியுமா?

கனம் ஸ்ரீ. டி. கெ. நாராயணபிள்ளை: தெரியாது.

ஸ்ரீ. ஸ்ரீ. வி. தாஸ்: ஏதாவது பராதி வந்ததுண்டா?

கனம் ஸ்ரீ. டி. கெ. நாராயணபிள்ளை: பராதி இது வரையில் கிடைக்கவில்லை.

ஸ்ரீ. ஸ்ரீ. வி. தாஸ்: ஒரு அஸம்பிளி மெம்பர் இந்த மாதம் 15-ம் தேதி அப்படி அளந்திருப்பதாக மந்திரியிடம் பராதி செய்ததுண்டா?

கனம் ஸ்ரீ. டி. கெ. நாராயணபிள்ளை: ஞாபகமில்லை.

ശ്രീ. എം. ഐ. പാൾ: ഈ രാജ്യത്ത് ഒരു പുതിയ സമ്പ്രദായം നടപ്പാക്കാൻപോകുമ്പോൾ, അതായത്, ഒരു പുതിയ സമ്പ്രദായമായ ലെവിസിസ്റ്റം നടപ്പാക്കുമ്പോൾ സെൻട്രൽ ഗവൺമെന്റിന്റെ അനുമതികൂടി ആവശ്യമല്ലേ?

Mr. Speaker: That question is disallowed.

ശ്രീ. കളത്തിൽ വേലായുധൻനായർ: ലെവിസിസ്റ്റം ഏർപ്പെടുത്തിയതിനെപ്പററി ഈ സഭയിൽ സംസാരിക്കുവാൻ ഒരവസരം ഉണ്ടാക്കിത്തരുന്നതിന് വിരോധമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വിരോധമില്ല.

Sri. D. Gnanasigomony: Is it not on account of the failure of the excess basis system that this levy system is being adopted?

Mr. Speaker: That is a matter of opinion.

ശ്രീ. ടി. വി. തേവൻ: കുട്ടനാടൻ പ്രദേശങ്ങളിൽ കൊയ്യുന്നതിനും മററുമായി വരുന്ന പുലയർക്ക് റേഷൻ കൊടുക്കുന്നില്ലെന്നു പറയുന്നുണ്ട്. അതിനുള്ള കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അവർക്കും റേഷൻ കൊടുക്കുന്നതിന് ഏർപ്പാടു ചെയ്തിട്ടുണ്ട്. മുമ്പുതന്നെ അതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇപ്പോഴും അതു തുടർന്നുവരുന്നു.

ശ്രീ. കെ. കെ. കണ്ണൻ: ലെവിസിസ്റ്റം ഏർപ്പെടുത്തുമ്പോൾ ഗവണ്മെണ്ടിലേക്ക് കൊടുത്തുകഴിഞ്ഞു് ബാക്കിവരുന്ന നെല്ല് ഒരു താലൂക്കിൽനിന്നും മറ്റൊരു താലൂക്കിലേക്ക് കൊണ്ടുപോകുവാൻ ഗവണ്മെണ്ട് അനുവദിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രൊക്യൂവമെണ്ട് സീസണിൽ അങ്ങനെ ചെയ്യുവാൻ അനുവദിക്കുകയില്ല.

ശ്രീ. കെ. കെ. കണ്ണൻ: ലെവിസിസ്റ്റത്തിന്റെ വ്യവസ്ഥകൾ കാണിച്ചു പ്രസിദ്ധപ്പെടുത്തിയ പ്രസ്നോട്ടിൽ ഇങ്ങനെ കൊണ്ടുപോകുവാൻ അനുവദിക്കപ്പെടുന്നതാണെന്നു് പറഞ്ഞിരിക്കുന്നതു് എന്തു ഉദ്ദേശത്തോടുകൂടിയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു താലൂക്കിൽനിന്നും മറ്റൊരു താലൂക്കിലേക്ക് കൊണ്ടുപോകുവാൻ അനുവദിക്കുമെന്നു് പ്രസ്നോട്ടിൽ പറഞ്ഞിട്ടില്ല.

ശ്രീ. കെ. കെ. കണ്ണൻ: ഫെബ്രുവരി ൩-ാംനു-യിലെ പ്രസ്നോട്ടിൽ അങ്ങനെ പറഞ്ഞിട്ടുണ്ടെന്നാണു് ഞാൻ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു തെറ്റാണെന്നാണു് ഞാനും പറയുന്നതു്.

ശ്രീ. കെ. എ. മാത്യു: ഗവണ്മെണ്ടു് എടുക്കുന്ന നെല്ലിനു് എന്തു വില കൊടുക്കണമെന്നാണു് തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അക്കാര്യം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുകയാണു്.

ശ്രീ. കെ. എ. മാത്യു: ഇപ്പോൾ എന്തു വില കൊടുക്കുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു പറ നെല്ലിനു് ൧ രൂ. ൧൨ ണ. ൩ പൈ വിലവച്ചു കൊടുക്കുന്നു. നെല്ലിനു് വില കൂടുന്നപക്ഷം കുംഭപ്പൂവിൽ എടുക്കുന്ന നെല്ലിനുകൂടി ആ വില കിട്ടത്തക്കവണ്ണം വ്യവസ്ഥ ചെയ്യുന്നതാണു്.

Sri. K. Sivarama Pillai: How long does the Government expect the procurement season to last?

Sri. T. K. Narayana Pillai: That depends a good deal upon the weather.

ശ്രീ. വി. ഗംഗാധരൻനായർ: ലെവിസിസ്റ്റം ഏർപ്പെടുത്തി ഈ രാജ്യത്തു പ്രൊക്യൂർമെൻറിനു് അയവു വരുത്തണമെന്നാണോ ഗവണ്മെണ്ടു് വിചാരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രൊക്യൂർമെൻറു് കൂടുതൽ കാര്യക്ഷമമാക്കണമെന്നാണു് ഗവണ്മെണ്ടിന്റെ വിചാരം.

തിരുവിതാംകൂർ നാണയം

*൩. (൩) ശ്രീമതി ദേവകിഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫൈനാൻസുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ നാണയം പിൻവലിക്കുന്നതുകൊണ്ടു് തിരുവിതാംകൂർ-കൊച്ചി ഗവണ്മെണ്ടിനെന്തെങ്കിലും നഷ്ടം വരാൻ ഇടയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നഷ്ടം ആരു വഹിക്കും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) നാണയം പിൻവലിക്കുന്നതു സംബന്ധിച്ചു് ഗവണ്മെണ്ടിനു് യാതൊരു നഷ്ടവും ഉണ്ടാകുന്നതല്ല.

(ബി) എ.യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ആശുപത്രി മരുന്നിന്റെ വില

*൧൦. (൧൦) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവൺമെൻറാശുപത്രികളിൽ ൧൧൨൫-ൽ മരുന്നിന്റെ വില ഈടാക്കിയ ഇനത്തിൽ കിട്ടിയ സംഖ്യ എത്രയാണെന്ന് പറയുവാൻ ദയവുണ്ടാകുമോ?

(ബി) കൊച്ചിവിഭാഗത്തിൽ മരുന്നിന് സർക്കാർ ആശുപത്രികളിൽ വില വാങ്ങുന്ന പതിവുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) മരുന്നിന്റെ വിലയായി ൧൨,൪൩൯ രൂപ ഈടാക്കിയിട്ടുണ്ട്.

(ബി) ആശുപത്രികളിൽ കിടക്കുന്ന രോഗികളുടെ ധനസ്ഥിതിയനുസരിച്ച് മരുന്നിന്റെ വില ഈടാക്കിവരുന്നുണ്ട്. ധനസ്ഥിതിയിൽ പിന്നോക്കം നില്ക്കുന്ന രോഗികളിൽനിന്നും മരുന്നുവില ഈടാക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ പന്തീരായിരം രൂപ എത്ര രോഗികളിൽനിന്നാണ് ഈടാക്കുന്നത്?

ശ്രീ. എ. ജെ. ജാൺ: അതിന്റെ കണക്ക് എന്റെ കൈവശമില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ സംഖ്യ എത്രയും തുച്ഛമായിരിക്കെ ഇങ്ങനെ മരുന്നിന്റെ വില ഈടാക്കുന്ന സമ്പ്രദായം നിറുത്തുന്നതിനെപ്പറ്റി ഗവൺമെണ്ട് ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ: തുച്ഛമായ സംഖ്യയാണെങ്കിലും ധനവാന്മാരുടെ പക്കൽനിന്നുമാണ് മരുന്നുവില ഈടാക്കുന്നത്. നൂറുരൂപാ പ്രതിമാസം വരവുള്ള ഒരാളിന് ഇന്ന റേററ്, അഞ്ഞൂറുരൂപാ വരവുള്ളവർക്ക് ഇന്ന റേററ്, എണ്ണൂറു രൂപാ വരവുള്ളവർക്ക് ഇന്ന റേററ്, എന്നിങ്ങനെ ഓരോ റേററനുസരിച്ചാണ് മരുന്നുവില ഈടാക്കുന്നത്. അൻപതു രൂപയിൽ താഴെ വരവുള്ളവരിൽനിന്നും മരുന്നുവില ഈടാക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: എന്നാൽ പ്രയോഗത്തിൽ ഇങ്ങനെ വരവുള്ളവരിൽനിന്നും മരുന്നുവില ഈടാക്കുന്നില്ലെന്നും, നേരെമറിച്ച് സാധുക്കളായവർ ചിലപ്പോൾ കൊടുക്കേണ്ടതായി വരുന്നുവെന്നും ഗവൺമെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: ആ വിവരം ഗവൺമെണ്ടിനറിഞ്ഞുകൂടാ. സാധുക്കളിൽനിന്നും മരുന്നുവില ഈടാക്കരുതെന്ന് ഗവൺമെണ്ട നിർബ്ബന്ധമായി നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഇത്രയും തുക ഈടാക്കുവാൻ ഗവൺമെണ്ടിന് എത്ര രൂപയുടെ കടലാസ്സ് ചെലവായിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. എ. ജെ. ജാൺ: എന്തായാലും അതു ഇത്രയും വരികയില്ല.

ശ്രീമതി ദേവകീഗോപിദാസ്: ആശുപത്രികളിൽ ഇപ്പോൾ നല്ല മരുന്നുകൾ ലഭിക്കുന്നില്ലെന്ന് ഗവൺമെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: നല്ല മരുന്നുകളും വില കൂടിയ മരുന്നുകളും ആശുപത്രിയിൽനിന്ന് ലഭിക്കുന്നുണ്ട്. എന്നാൽ ചിലപ്പോൾ ഇംപോർട്ടിംഗ് ലൈസൻസു കിട്ടാനുള്ള വൈഷമ്യംകൊണ്ട് ചില മരുന്നുകൾ കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

ശ്രീ. ടി. വി. തേവൻ: ആശുപത്രികളിലെ ഡാക്ടർമാർ ഷാപ്പുകളിൽ നിന്നും മരുന്നു വാങ്ങിക്കാനായി കുറിച്ചുകൊടുക്കുന്നുണ്ടെന്നുള്ള വിവരം ഗവമെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: ചിലപ്പോഠം അങ്ങനെ വന്നേക്കാം. മെഡിക്കൽ സ്റ്റോറിൽ ഇല്ലാത്ത ചില മരുന്നുകളായിരിക്കും അങ്ങനെ കുറിച്ചു കൊടുത്തയയ്ക്കുന്നതു്.

ശ്രീ. പി. കെ. ഡീവർ: എറണാകുളത്തുള്ള ആശുപത്രികളിൽ മരുന്നുകളില്ലെന്നുള്ള വിവരം ഗവമെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഞാൻ മുൻപു പറഞ്ഞതുപോലെ ഇംപോർട്ടിംഗ് ലൈസൻസ് കിട്ടാനുള്ള വിഷമംകൊണ്ടു് ചില മരുന്നുകഠംക്കു് ക്ഷാമം ഉണ്ടായിട്ടുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ മരുന്നുകഠംക്കു് ഗവമെണ്ടിൽനിന്നും വില്പനനികുതി ഈടാക്കുന്നുണ്ടോ?

ശ്രീ. എ. ജെ ജാൺ: ഷാപ്പുകളിൽനിന്നാണു മരുന്നുകഠം വാങ്ങിക്കുന്നതെങ്കിൽ വില്പനനികുതി ഈടാക്കുന്നുണ്ടു്. എന്നാൽ രോഗികഠംക്കു് ഡോക്ടർമാർ കൊടുക്കുന്ന മരുന്നുകഠംക്കു് വില്പനനികുതി ഈടാക്കുന്നില്ല.

ശ്രീ. പി. കെ. ഡീവർ: എറണാകുളത്തുള്ള ജനറലാശുപത്രിയിൽ ഇൻറിഗ്രേഷനുമുമ്പു് കിട്ടിക്കൊണ്ടിരുന്ന പല മരുന്നുകളും ഇൻറിഗ്രേഷനുശേഷം കിട്ടുന്നില്ലെന്നുള്ള വിവരം ഗവമെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഗവമെണ്ടിനു് അറിവില്ല. ഏതായാലും അങ്ങനെ വരരുതെന്നു കരുതി ഓരോ പ്രാവശ്യവും അഞ്ഞൂറുരൂപയിൽ കവിയാതെ വരുന്ന തുകയ്ക്കുള്ള മരുന്നു് വെളിയിൽനിന്നും വാങ്ങുന്നതിനു് എറണാകുളം ആശുപത്രിയിലെ ഡാക്ടർക്കും സർജൻ ജനറലിനും നിർദ്ദേശം നൽകിയിട്ടുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ആശുപത്രികളിൽ മരുന്നു വാങ്ങാൻ വരുന്ന രോഗികളുടെ പ്രതിമാസആദായം ഇന്നതാണെന്നു് ഡാക്ടർമാക്കു എങ്ങനെ അറിയാൻ കഴിയും?

ശ്രീ. എ. ജെ. ജാൺ: അതു രോഗികളോടും പുറമെയുള്ളവരോടും അന്വേഷിച്ചു അറിഞ്ഞുകൊള്ളും.

സിലോണിലുള്ള തിരുവിതാംകൂറുകാർ

*൧൧. (൧൧) ശ്രീ. വി. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങഠംക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) സിലോണിൽ താമസക്കാരായ തിരുവിതാംകൂർകാക്കു് നാട്ടിലേക്കു് പണം അയക്കുന്നതിനുള്ള വൈഷമ്യങ്ങഠം ഗവമെണ്ടിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) നാട്ടിലേക്കു് പണം അയച്ചാൽ സിലോണിലെ പൌരത്വം നഷ്ടപ്പെടുന്നതാണെന്നു സിലോൺ ഗവമെണ്ടു് അടുത്തകാലത്തു ഉത്തരവു പാസ്സാക്കിയിട്ടുണ്ടോ;

(സി) നമ്മുടെ സംസ്ഥാനത്തെ എത്ര ആളുകഠം സിലോണിൽ ഇപ്പോഠം ജോലിയായി താമസിക്കുന്നുണ്ടു്?

ചീഫ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.

(ബി, സി) ഈ വിവരങ്ങഠം ഗവമെണ്ടിനു അറിവില്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഈ വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനു ഗവമ്മെണ്ടു എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാക്കു വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇപ്പോൾ എടുത്തുവരുന്ന സെൻസസിൽ വിദേശികളുടെ സെൻസസ് കൂടി എടുക്കുവാൻ ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു കേന്ദ്രഗവമ്മെണ്ടിന്റെ ജോലിയാണു്.

ലാൻഡുടാക്സ് കമ്മററിറിപ്പോർട്ട്

* ൧൨. (൧൨) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡുടാക്സ്കമ്മററി റിപ്പോർട്ട് സമർപ്പിച്ചുവോ;

(ബി) എന്നു്;

(സി) അതിന്മേൽ എന്തു നടപടി നടത്തി;

(ഡി) കമ്മിററിക്കു് എത്ര രൂപാ ചെലവായി?

ധനകാര്യവും, റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ലാൻഡ്ടാക്സ് കമ്മിററി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്.

(ബി) ൧൯൫൦ ജനവരി ൨-ാംനു.

(സി) റിപ്പോർട്ട് ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

(ഡി) ആ കമ്മിററിക്കു് ൧൭, ൭൫൫ രൂപാ ചെലവായിട്ടുണ്ടു്.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ കമ്മററി റിപ്പോർട്ടിന്മേൽ ഇതുവരെ നടപടി നടത്താതിരുന്നതു എന്തുകൊണ്ടാണു്?

ശ്രീ. എ. ജെ. ജാൺ: അതേപ്പററി ശരിയായി അന്വേഷിച്ചു നടപടി നടത്തണമെന്നു വിചാരിച്ചാണു്.

ലാൻഡ്പാളിസി കമ്മററി

* ൧൩. (൧൩) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിസദയം മറുപടി പറയുമോ.—

(എ) ലാൻഡ്പാളിസി കമ്മിററി എന്നാണു റിപ്പോർട്ട് സമർപ്പിച്ചതു്;

(ബി) കമ്മിററിക്കു് എത്ര രൂപ ചിലവായി?

ധനകാര്യവും, റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ലാൻഡ്പാളിസി കമ്മിററിറിപ്പോർട്ട് ൨൫—൧൦—൧൯൫൦-ൽ ആണു് സമർപ്പിച്ചതു്.

(ബി) ആ കമ്മിററിക്കു ചെലവായ തുക ൨൭,൩൩൧ രൂപ ൪ അണയാണു്.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റിപ്പോർട്ടിന്മേൽ എന്തു നടപടി എടുത്തു?

ശ്രീ. എ. ജെ. ജാൺ: അതും ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. കെ. ഡീവർ: ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഈ നിയമസഭയിൽ ഒരു ബില്ലു കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു എന്നു രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞതനുസരിച്ചു് ഗവമ്മെണ്ടു് ചെയ്യുമോ?

ശ്രീ. എ. ജെ. ജോൺ: ഗവൺമെന്റും അങ്ങനെ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ, ഈ നിയമസഭയിൽ ഒരു ബില്ലുകൊണ്ടുവരുവാൻ സാധിക്കുമോ എന്നകാര്യം സംശയമാണ്.

വളംവില്ക്കാൻ കടംവായ്പ

* ൧൪. (൧൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നംകുളത്തുള്ള ഒരു വ്യക്തിക്ക് വളംവാങ്ങി വില്ക്കുന്നതിനു ൨,൩൪,൦൦൦ രൂപയുടെ ഒരു കടവായ്പ ഗവൺമെണ്ടിൽനിന്നും കൊടുത്തുവോ;

(ബി) എന്തു വ്യവസ്ഥകളിലാണ് ഈ കടവായ്പ കൊടുത്തതു്;

(സി) ഗവൺമെണ്ടുവക വളംഡിപ്പോകൾവഴി വില്പനനടത്താതെ ഒരു വ്യക്തിയെ ആ ജോലി ഏല്പിക്കാൻ കാരണം എന്താണ്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി, സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: പത്രങ്ങളിൽ ഇങ്ങനെ ഒരു കടംവായ്പ കൊടുത്തിട്ടുള്ളതായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവിവരം ഗവൺമെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരിക്കാം. പക്ഷെ, അങ്ങനെ ചെയ്തിട്ടില്ല.

മത്സ്യവള്ളങ്ങൾക്കു തടി

* ൧൫. (൧൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചിറയിൻകീഴ്താലൂക്കിലുള്ള ഒരു വ്യക്തിക്ക് ൫൦ മത്സ്യവള്ളങ്ങൾക്കു ആവശ്യമായ തടി സൗജന്യനിരക്കിൽ കൊടുക്കുകയുണ്ടായോ;

(ബി) ഒരാൾക്കു ഇത്രയധികം തടി നൽകുന്നതിനു ഇതുസംബന്ധിച്ച ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അങ്ങനെയൊരു വ്യക്തിക്കു തടി സൗജന്യനിരക്കിൽ കൊടുത്തിട്ടില്ല.

(ബി) എ യുടെഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ഫുഡ്റേഷൻ

* ൧൬. (൧൬) സാഹിബ് ബഹദൂർ എ. മുഹമ്മദു മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ നിലവിലുള്ള ഫുഡ്റേഷൻ കുറവുചെയ്യണമെന്നു് കേന്ദ്രഗവൺമെണ്ടിൽനിന്നും എന്തെങ്കിലും നിർദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് ആ നിർദ്ദേശമെന്നു് പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) റേഷൻ പന്ത്രണ്ടു ഔൺസ് ആണെങ്കിൽ അതിൽനിന്നും ൨൫ ശതമാനം കുറവുചെയ്യണമെന്നാണ് കേന്ദ്രഗവമ്മെണ്ടിന്റെ നിർദ്ദേശം. എന്നാൽ ഇവിടെ പത്തു് ഔൺസിൽ കൂടുതൽ കൊടുക്കുന്നില്ല.

സാഹിബ് ബഹദൂർ എ. മുഹമ്മദു മുസ്തഫാ: ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന അളവിൽ ഇനിയും കുറവുവരുത്തണമെന്നു് വല്ല നിർദ്ദേശവും കേന്ദ്രഗവമ്മെണ്ടിൽനിന്നും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

സാഹിബ് ബഹദൂർ എ. മുഹമ്മദു് മുസ്തഫാ: ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന എട്ടു ഔൺസ് റേഷനിൽനിന്നും അല്പംകൂടി കൂട്ടികൊടുക്കുന്നതിനു ഈ അടുത്തകാലത്തെങ്ങാനും സാദ്ധ്യതയുണ്ടോയെന്നു് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ എ. മുഹമ്മദു് മുസ്തഫാ: ഗവമ്മെണ്ടിന്റെ കൈവശം ഇപ്പോൾ എത്ര നാളത്തേക്കു് റേഷൻ സ്റ്റാക്കു ഉണ്ടെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരാഴ്ചക്കുള്ള സ്റ്റാക്കു് ഇപ്പോൾ ഗവമ്മെണ്ടിന്റെ കൈവശമുണ്ടു്.

ശ്രീ. പി. കെ. ഡീവർ: അധ്വാനിക്കുന്ന തൊഴിലാളികൾക്കു് റേഷൻ പതിനാറു് ഔൺസ് ആക്കണമെന്നു് ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ഒരു തീരുമാനം ചെയ്തിട്ടുള്ളതായി ഗവമ്മെണ്ടിനറിവില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. പി. കെ. ഡീവർ: ആ കാര്യം ഇവിടത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നടപ്പിലാക്കാൻ വല്ല ആലോചനയും ഗവമ്മെണ്ടിനുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ആലോചനയില്ലെങ്കിലും അതു് ആലോചിക്കേണ്ട ഒരു വിഷയമാണു്.

സസ്പെൻഡ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാർ

* ൧൬. (൧൯) സാഹിബ് ബഹദൂർ എ. മുഹമ്മദു മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ ജനുവരി ൧-ാംനു-ക്കുശേഷം ഇതുവരെ എത്ര ഉദ്യോഗസ്ഥന്മാരെ അന്വേഷണത്തിനു വിധേയമായി സസ്പെൻഡ ചെയ്തിട്ടുണ്ടെന്നു പ്രസ്താവിക്കുമോ;

(ബി) അതിൽ എത്രപേരുടെ മേലുള്ള അന്വേഷണം പൂത്തിയായിട്ടുണ്ടെന്നും, എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്നും, ഇനിയും ഇതിൽ എത്രപേരുടെ മേൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അന്വേഷണത്തിനു വിധേയമായി ൩൦൫ പേരെ സസ്പെൻഡ ചെയ്തിട്ടുണ്ടു്.

(ബി) ൨൪൦ പേരുടെമേൽ ഉള്ള അന്വേഷണം പൂത്തിയായിട്ടുണ്ടു്.

൨൩൨ പേരെ ശിക്ഷിച്ചിട്ടുണ്ടു്. ൩൩൩ പേരുടെമേൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

സാഹിബ് ബഹദൂർ എ മുഹമ്മദ് മുസ്തഫാ: ഈ അന്വേഷണത്തിന്റെ ഫലമായി എത്ര ഉദ്യോഗസ്ഥന്മാർ നിർദ്ദോഷികളാണെന്നു തെളിഞ്ഞിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: ശിക്ഷിക്കപ്പെട്ടവരല്ലാത്തവരെല്ലാം നിർദ്ദോഷികളാണ്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: അന്വേഷണങ്ങൾ പൂർത്തിയായി, കുററക്കാരൻ എന്നു തെളിഞ്ഞു, എന്നിട്ടും സർവ്വീസിൽ വച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഏതെങ്കിലും ഉദ്യോഗസ്ഥനെ സർവ്വീസിൽ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മെമ്പറിന് ആ സംഗതി ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ പെടുത്താം.

ദേവാലയങ്ങളിൽ നടത്തിയിട്ടുള്ള അക്രമങ്ങൾ

*൫൮. (൨൦) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ ജനവരി ൧-ാം-നു-ക്കുശേഷം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു എത്ര ഹിന്ദുദേവാലയങ്ങളും ക്രൈസ്തവദേവാലയങ്ങളും ആക്രമിക്കപ്പെട്ടിട്ടുള്ളതായും എത്ര വിഗ്രഹങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുള്ളതായും ഗവമ്മെൻറിനു വിവരം ലഭിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

(ബി) ഈ സംഭവങ്ങൾക്ക് എന്തെങ്കിലും പ്രത്യേക കാരണമുള്ളതായി ഗവമ്മെൻറു ഗ്രഹിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ഹിന്ദു ദേവാലയങ്ങൾ ൩൯.
(ബി) ക്രിസ്ത്യൻ ദേവാലയങ്ങൾ ൮.
നശിപ്പിച്ചിട്ടുള്ള വിഗ്രഹങ്ങൾ ൧൦.
(ബി) ഇല്ല.

ശ്രീ. പി. എം. വർഗീസ്: ഈ വിധത്തിലുള്ള അക്രമങ്ങൾ നടക്കുന്നതിനുള്ള കാരണങ്ങളെന്താണെന്നു ഗവമ്മെൻറിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. അതിൽനിന്നും ഗവമ്മെൻറിനു മനസ്സിലാക്കാൻ സാധിച്ചതു് ഒരു പ്രത്യേക സംഘടനയുടേയോ സംഘടനകളുടേയോ മനഃപൂർവ്വമായിട്ടുള്ള പ്രവർത്തനമല്ലെന്നും എന്നാൽ മോഷണത്തിനുവേണ്ടി മാത്രം ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ളതാണെന്നുമാണ്. ഈ വിധത്തിലുള്ള പതിനാലു കേസുകളെപ്പററി അന്വേഷണം നടത്തിയതിൽ അവർ വെറും കൊള്ളക്കാരാണെന്നും അവരിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഹിന്ദുക്കളും ഉൾപ്പെട്ടിട്ടുള്ളതായും തെളിഞ്ഞിരിക്കുന്നു. അതല്ലാതെ മററു കാരണങ്ങൾ ഉണ്ടെന്നു് ഗവമ്മെൻറിനു ബോദ്ധ്യമില്ല.

ശ്രീ. പി. എം. വർഗ്ഗീസ്: അമ്പലങ്ങളും വിഗ്രഹങ്ങളും മററും നശിപ്പിച്ചിട്ടുള്ളതു് ഒരു പ്രത്യേക സമുദായക്കാരാണെന്നു് ഉള്ള പത്രപ്രസ്താവനകൾ ഗവമ്മെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: പെട്ടിട്ടുണ്ട്. ചില സമുദായ നേതാക്കന്മാരുടെ പ്രസ്താവനകളാണ് അവ. ഇവ സമുദായങ്ങൾതമ്മിൽ വൈരം വളർത്തുന്നതിന് പര്യാപ്തമാകുമെന്നു് ഗവമ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്.

Sri. P. S. Nataraja Pillai: May I know the number of such incidents in 1949?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൯൪൯ മുതലുള്ള സ്ഥിതിവിവരക്കണക്കുകൾ എന്റെ കൈവശമില്ല.

Sri. P. S. Nataraja Pillai: May I know whether he can give information from memory of any such incidents in 1949?

ശ്രീ. ടി. കെ. നാരായണപിള്ള: ക്ഷേത്രങ്ങളിൽ തീവയ്ക്കുന്ന പതിവ് ഇപ്പോൾ മാത്രമല്ല; കുറെ വർഷങ്ങൾക്കു മുമ്പുതന്നെ പല ക്ഷേത്രങ്ങളും അഗ്നിക്കു ഇരയായിട്ടുണ്ടു്. ഉദാഹരണമായി ഹരിപ്പാട്ടുക്ഷേത്രവും ശ്രീ പത്മനാഭസ്വാമിക്ഷേത്രം എന്നിവ എടുക്കാം. ഈ കാര്യങ്ങൾ ഞാൻ പറയാതെതന്നെ മെമ്പർക്കും അറിവുള്ളതാണു്.

Sri. P. S. Nataraja Pillai: They were isolated incidents. I want to know whether incidents of such frequent nature occurred during the recent past 10 years?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിൽ കൂടുതൽ എനിക്കു് ഒന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ: ഒരു ക്ഷേത്രം നശിച്ചാൽ അത്രത്തോളം അന്ധവിശ്വാസം നശിക്കുമെന്നുള്ള മി. സി. കേശവന്റെ പത്രപ്രസ്താവന ഈ തീവയ്പുകാർക്കു് പ്രചോദനം നൽകുന്നില്ലേ?

Mr. Speaker: That is not a regular question, but a matter of inference drawn by the member.

ശ്രീ. ഇട്ടീര അമ്പുക്കൻ: സർ, അതു് അന്വേഷിച്ചറിയേണ്ട ഒരു സംഗതിയായതുകൊണ്ടാണു് അതു് അങ്ങനെ ചോദിച്ചതു്.

Mr. Speaker: That question, rather suggestion, needs no answer.

<u>മി. സ്പീക്കർ:</u> പായന്റ് ഓഫ് ഓർഡർ ഉന്നയിച്ച ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചതുപോലെ ഇതുസംബന്ധിച്ച് മുൻപതിവ് എങ്ങിനെയെന്നു അറിയുന്നതിന് അധികമായിട്ടുകാണുമെന്നു തോന്നുന്നില്ല. അതുകൊണ്ടു പ്രിസിഡണ്ട് അടിസ്ഥാനമാക്കി തീരുമാനിക്കുന്നതു എളുപ്പമായിരിക്കയില്ല. ഒന്നുകിൽ ഇങ്ങനെ ചെയ്യുന്നതു് സർവസാധാരണമായിരിക്കാം. അതല്ലെങ്കിൽ ഇങ്ങനെ ഇതിനുമുമ്പു വേറെങ്ങും അധികമായിചെയ്തിട്ടില്ലായിരിക്കാം. ഇങ്ങനെ ചെയ്യുന്നതിൽ നിയമപ്രകാരം ആക്ഷേപകരമായി. ഒന്നും ഉണ്ടെന്നു തോന്നുന്നില്ല ആ സ്ഥിതിക്കു ഒരു മെമ്പറുടെ അവകാശത്തെ ഒരു റൂളിംഗ്കൊണ്ടു തടയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർമാർ ഈ സഭയിലെ അംഗങ്ങൾ എന്നനിലയിൽ അവർ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദത്വത്തിനും അവരിൽ പൊതുജനങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസത്തിനും അനുയോജ്യമായിവേണമെങ്കിൽ മററുതാല്പര്യങ്ങളെക്കൂടി ഉദ്ദേശിച്ച് അവരുടെ യുക്തിയും ധർമ്മബോധവും അനുസരിച്ച് പ്രവർത്തിക്കുക എന്നല്ലാതെ ഇക്കാര്യത്തിൽ ഒരു നിയന്ത്രണം ഉണ്ടാക്കണമെന്നു വിചാരിക്കുന്നില്ല.

The honourable member Mr. Gopala Panicker will enlighten the House as to whether in regard to this matter any petition or complaint has been filed before any court?

Sri. Kannara Gopala Panicker: No. Sir.

<u>മി. സ്പീക്കർ:</u> ഈ സംഗതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിലേക്ക് അതിനോടു ബന്ധപ്പെട്ട ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടതിൽ ഇതിനെപ്പററിയുള്ള അന്വേഷണങ്ങൾ നടത്തിവരുന്നു എന്നു മാത്രമേ അറിയിക്കുകയുണ്ടായുള്ളൂ. അടിയന്തിരപ്രമേയത്തിൽ വിവരിക്കുന്നതുപോലെ പകൽ സമയത്തു മിക്കവാറും പരസ്യമായിതന്നെ ഇങ്ങനെ ഒരു സംഭവം നടന്നതാണെങ്കിൽ അതിനു പലപരിഹാരമാർഗ്ഗങ്ങളും നിയമം അനുവദിക്കുന്നുണ്ടു്. വേണമെങ്കിൽ അക്രമം ചെയ്തിട്ടുള്ള പോലീസ്‌കാരെ പ്രതികളാക്കി ഒരു കേസ്‌കൊടുക്കാം. അതിനൊന്നും പോകാതെ കഴിഞ്ഞ മകരമാസത്തിൽ നടന്ന സംഭവത്തിന് ഈ സഭയുടെ സമയം വിനിയോഗിച്ച് ഒരു പരിഹാരം നേടാമെന്നു വിചാരിക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. ആ നിലയിൽ ഈ അടിയന്തിരപ്രമേയം അനുവദിക്കാൻ നിവൃത്തിയില്ല.

Sri. Kunjukrishnan has sent in an adjournment motion which is to discuss the situation caused on account of the unemployment consequent on the inadequate supply of yarn to weavers". Sri Nataraja Pillai has also sent in an adjournment motion "to discuss the serious situation of the handloom industry caused by the scarcity of yarn and the method of its distribution".

No doubt, this cannot be said to be a matter of recent occurrence. But I think it is an important matter which deserves immediate attention. Before I decide whether the motion should be allowed or not, I would like the Hon'ble Minister concerned to enlighten the House in regard to the relevant details of the matter.

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** The question raised in these motions is very important. But I am not in a position to say anything about its implication in detail just at present. I would therefore request you, Sir, to give a day's time to make a statement on this subject and if the hon'ble Members who moved the motion and the House are satisfied with the statement, a debate could be avoided. Otherwise, a debate can be held. I have not got the relevant facts and figures before me to enter into details.

Mr. Speaker: I think we had better wait for a day to hear the detailed statement on the matter promissed by the Hon'ble Minister before the question of a further discussion on the subject is decided upon.

ശ്രീ. പൊന്നറ ജി. ശ്രീധർ: റൂളിംഗ് തരുന്നതിനു മുമ്പ് ഒരു കാര്യം പറയുവാനുണ്ട്. അതായത് ഈ അടിയന്തിരപ്രമേയം അനുവദിക്കപ്പെടുന്നപക്ഷം അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റ് ഹാജരാക്കേണ്ടയാവശ്യമില്ല. ഇതേപ്പറ്റി ഞങ്ങൾക്കെന്തെങ്കിലും പറയുവാനുള്ളതിനു ഒരു സൗകര്യം കിട്ടുമെന്നുള്ളതുകൊണ്ടാണ്. അദ്ദേഹത്തിന്റെ സ്റ്റേറ്റുമെൻറ് എപ്പോഴും ചെലവാകും. ഇന്ന് ഈ മോഷൻ അലൗ ചെയ്യുന്നപക്ഷം ഏതെങ്കിലും ഒരു ദിവസം ഇതേസംബന്ധിച്ചു വാദപ്രതിവാദം നടത്താവുന്നതും അന്നു അദ്ദേഹത്തിനു സ്റ്റേറ്റുമെൻറു ഹാജരാക്കാവുന്നതുമാണ്. അതാണ് നല്ലതെന്നാണ് എനിക്കു പറയുവാനുള്ളത്. ദയവായി ഇതേസംബന്ധിച്ചു സ്പീക്കർ ഒന്നാലോചിച്ചാൽ കൊള്ളാമായിരുന്നു.

Sri. P. S. Nataraja Pillai: I only submit a word on that. The Hon'ble Minister may give us the facts, but on the basis of the facts, there might be conflicting suggestions from all parts of the House. Perhaps members of this House may not be in possession of facts, but on the facts available, the approach to solve the problem may be different from different sections. Since it is an important matter, it is a subject for discussion which, I think, the Hon'ble Minister will appreciate.

Mr. Speaker: I have not decided the question as to whether this is to be admitted as an adjournment motion or not. I wanted the help of the Hon'ble Minister to supply this House with all the relevant facts so that it may help me to decide this question of the admissibility of the motion. There is a shortage of yarn, and consequent upon that, shortage of cloth also which, it is stated, is causing distress in the country. I have to decide whether on the facts mentioned in the adjournment motion and on the facts that may be supplied to this House by the Hon'ble Minister, there is really a shortage of yarn and a shortage of cloth and whether consequent upon those circumstances, there is really distress in the country. That will be done, the requisite of urgency being waived.

Sri. K. K. Chellappan Pillai: Though it has not been moved as an adjurnment motion, a debate may be allowed in the House so that the members might give their suggestions with regard to the particular question, apart from the statement, because it is an urgent and very serious matter. Suggestions from the members may be placed before the House and it would be better to fix a day for the debate for it.

Mr. Speaker: There are provisions in the rules which would permit the hon'ble Member to move a motion for that purpose.

ശ്രീ. സി. വി. ഇട്ട്യ: സർ, ഒരു പോയിൻറ് ഓഫ് ഇൻഫർമേഷൻ. സർ, ഇന്നലെ ഇവിടെ വിദ്യാഭ്യാസമന്ത്രിയുടെ പ്രസംഗത്തിൽ അദ്ധ്യാപകവൃന്ദത്തെ പൊതുവെ പുഴക്കൾ എന്നു പ്രസ്താവിക്കുകയും മി: ബാലകൃഷ്ണമേനവന്റെ പ്രസംഗം ഒരു സോഷ്യലിസ്റ്റ് പുരുകസ്ത്യാനിയുടെ ആവേശത്തോടുകൂടിയുള്ളതായിരുന്നു എന്നും പറയുകയുണ്ടായി. അപ്രകാരം ഒരു പ്രസ്താവന ചെയ്തതിനെ സംബന്ധിച്ച് ഒരു എക്സ്പ്ലനേഷൻ ആ മന്ത്രിയിൽനിന്നും ഉണ്ടാകണമെന്നാവശ്യപ്പെട്ടുകൊള്ളുന്നു. ഇന്നലെ അദ്ദേഹത്തിന്റെ മറുപടി പ്രസംഗം നടന്ന അവസരത്തിൽ ഞാൻ ഇവിടെ ഇല്ലായിരുന്നു. എന്നാൽ മന്ത്രി അവർകൾ അദ്ധ്യാപകന്മാരെ പൊതുവെ പുഴക്കൾ എന്നു പറഞ്ഞിട്ടുള്ളതു രണ്ടുമൂന്നു പത്രങ്ങളിൽ രണ്ടുമൂന്നു തരത്തിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അങ്ങിനെ മന്ത്രി അ

[Sri. C. V. Iyyu]

വർകൾ പ്രസ്താവിച്ചതു് മി. അമ്പൂക്കനെ മാത്രം ഉദ്ദേശിച്ചാണോ, അതോ പൊതുവെ അദ്ധ്യാപകവൃന്ദത്തെ ഉദ്ദേശിച്ചാണോ എന്നും അങ്ങിനെയാണെങ്കിൽ അക്കൂട്ടത്തിൽ മി. മണ്ടശ്ശേരിയും മി. സബാസ്റ്റ്യൻ തോപ്പിലും കൂടി ഉൾപ്പെടുമെന്നും അതുകൊണ്ടു് ഇതു സംബന്ധിച്ചു് ഒരു എക്സ്പ്ലനേഷൻ മന്ത്രി തരണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

Mr. Speaker: The member is not allowed to make a speech.

Sri. C. V. Iyyu: I want to make an explanation, and not a speech.

ശ്രീ. ഇട്ടീര അമ്പൂക്കൻ: എന്നേ സംബന്ധിച്ചു പറഞ്ഞ ഒരു കാര്യമായതുകൊണ്ടു് അതെന്നേമാത്രമേ ബാധിക്കുകയുള്ളു. മുമ്പു ഞാൻ അദ്ധ്യാപകപുഴുവായിരുന്നുവെന്നും ഇന്നു എം. എൽ. എ. ചിത്രശലഭമായിത്തീർന്നിരിക്കുന്നു എന്നു പറഞ്ഞതിൽ എനിക്കാക്ഷേപമില്ല. അങ്ങനെ അങ്ങോട്ടും പറയുമ്പോൾ അതും കേട്ടാൽമതി.

Mr. Speaker: Unless the member wants to make a personal explanation in regard to a particular matter, the member will not be allowed to speak.

Sri. Ittiera Ambooken: This is only a personal explanation.

Mr. Speaker: Yes. The member may proceed.

ശ്രീ. ഇട്ടീര അമ്പൂക്കൻ: വ്യക്തിപരമായാണു് എന്നെ ആക്ഷേപിച്ചതെങ്കിൽ എനിക്കതിൽ യാതൊന്നുംതന്നെയില്ല. ശ്രീമാൻ ഇയ്യു അവർകൾ ആവശ്യപ്പെട്ടതു് എനിക്കുവേണ്ടിയല്ല. പക്ഷെ ഞങ്ങൾ അങ്ങോട്ടും ഇതുപോലെ പറയുമ്പോൾ ട്രഷറി ബഞ്ചിൽ ഇരിക്കുന്നവർ ഒരു Sportsman spirit ഓടുകൂടി അതും കേൾക്കണമെന്നേയുള്ളു.

മിസ്റ്റർ സ്പീക്കർ: മി. ഇയ്യു അവർകൾ പ്രസ്താവിച്ചതു്, ഇന്നലെ മന്ത്രി അവർകൾ പുഴുക്കൾ എന്നു പറഞ്ഞ അവസരത്തിൽ അദ്ദേഹം ഉണ്ടായിരുന്നില്ല എന്നും അതുകൊണ്ടു് അപ്രകാരം പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ അതിനൊരു എക്സ്പ്ലനേഷൻ വേണമെന്നമാണു്. ഈ വിധത്തിൽ എക്സ്പ്ലനേഷൻ ആവശ്യപ്പെടുത്തക്കതല്ല.

ശ്രീ. സി. വി. ഇയ്യു: പുഴുക്കസ്ത്യാനി എന്നു് ഈ സഭയിൽ ഉപയോഗിച്ചതു് പാർലിമെൻററിയാണോ?

മിസ്റ്റർ സ്പീക്കർ: പാർലിമെൻററിതന്നെ.

Committee on Petitions

മിസ്റ്റർ സ്പീക്കർ: നിയമസഭാ സ്റ്റാൻഡിംഗ് ആർഡർ ൪ ൻ (൧)-ാംവകുപ്പനുസരിച്ചു് ഒരു ഹർജി കമ്മിററിയെ നിയമിക്കേണ്ടതായിട്ടുണ്ടു് അതിലേക്കു താഴെ പറയുന്നവർ കമ്മിററിയിലെ അംഗങ്ങളായിരിക്കുന്നതാണെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

൧. ശ്രീ. അലക്സാണ്ടർ പറമ്പിത്തറ
൨. ,, വി. മാധവൻ
൩. ,, പി. കെ. കുമാരനാചാരി
൪. സാഹിബ് ബഹദൂർ വി. മായൻകുട്ടി മേത്തർ
൫. ശ്രീ. എ. പി. നമ്പ്യാർ.

ബഹു. മെമ്പർമാക്കു് വിതരണം ചെയ്തിട്ടുള്ള റിവൈസ്ഡ് പ്രോഗ്രാം അനുസരിച്ചു സഭ മാർച്ച് ൨൧-ാംതിയതിയും കൂടുന്നതാണല്ലൊ. മാർച്ച് ൧-ാംനു-യും ൨-ാംനു-യും സഭ കൂടുന്നതല്ല. അതിനാൽ മാർച്ച് ൧-ാംനു ഉത്തരം പറയാൻ

നോട്ടീസ് കൊടുത്തിട്ടുള്ള ചോദ്യങ്ങൾ മാർച്ച് ൨൫-ാംതു ഉത്തരം പറയാനായി മാററാവുന്നതാണ്. ഇതിന് സഭയ്ക്കു സമ്മതമുള്ളപക്ഷം അന്നത്തേക്കു പറയുന്നതിന് ഏർപ്പാടു ചെയ്യുന്നതാണ്. അതിൽ സഭയ്ക്കു അഭിപ്രായവ്യത്യാസമില്ലെന്നു വിശ്വസിക്കുന്നു. മാർച്ച് ഒന്നാംതിയ്യതിക്കു വെച്ചിരിക്കുന്ന ചോദ്യങ്ങൾ മാർച്ച് ൨൫-ാംതുക്കു മാററിയിരിക്കുന്നു.

ശ്രീ എൻ. വി. ചാക്കോ: മാർച്ച് ൫-ാംതു ചോദ്യോത്തരങ്ങൾ ഇല്ലാത്തതിനു കാരണമെന്താണ്?

ശ്രീ. സി. വി. ഇയ്യു: ഒരു പായിൻറ് ഓഫ് ഇൻഫർമേഷൻ. കൊടുങ്ങല്ലൂർ കോൺസ്റ്റിററ്യുവൻസിയിൽ നിന്നുള്ള മെമ്പറുടെ പ്രാതിനിധ്യം ഇവിടെ ഇല്ലാതെയാണിരിക്കുന്നതു്. അയാളുടെ നിയമസഭാമെമ്പർസ്ഥാനത്തിൻെറ കാലാവധി കഴിഞ്ഞിരിക്കുന്നുവെന്നും അയാളുടെ വേക്കൻസി എറൈസ് (arise) ചെയ്തിട്ടുണ്ടെന്നും തോന്നുന്നു. അതേപ്പററി ഒരു വിശദീകരണം നൽകിയാൽ കൊള്ളാമായിരുന്നു.

മിസ്റ്റർ സ്പീക്കർ: അതു സംബന്ധിച്ചു നിയമപരമായ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടു്. അറുപതു ദിവസത്തിൽ കൂടുതൽ അദ്ദേഹം നിയമസഭയിൽ ഹാജരാകാതെ ഇരുന്നതുകൊണ്ടു് നിയമപരമായി അദ്ദേഹത്തിൻെറ സീററ് വെക്കേററ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നുള്ളതാണ് ആലോചിക്കേണ്ടതു്. അതേപ്പററി ആലോചിച്ചു വരികയായിരുന്നു. മററു പ്രവിശ്യകളിലെ നിയമസഭകളിലും സെൻട്രൽ നിയമസഭയിലും എങ്ങിനെയാണ് ഇതുസംബന്ധിച്ചുള്ള നടപടികൾ എന്നുള്ളതിനെ സംബന്ധിച്ചു അന്വേഷിച്ചും നിയമവിദഗ്ദ്ധന്മാരുമായി ആലോചന നടത്തിയും വേണ്ട തീരുമാനത്തിൽ എത്തിയിട്ടുണ്ടു്. അതു് ഈ സഭയെ അറിയിക്കുന്നതാണ്. ഇപ്പോൾ അദ്ദേഹത്തിൻെറ ഒരു അപേക്ഷ ഇവിടെ കിട്ടിയിട്ടുണ്ടു. അതു ഈ അറുപതു ദിവസം നിയമസഭയിൽ ഹാജരാകാതെ ഇരുന്നതിനെ സഭ മാപ്പുചെയ്തു അദ്ദേഹത്തെ ഈ നിയമസഭയിൽ തുടരാൻ അനുവദിക്കണമെന്നാണ്. എന്നാൽ ഈ അപേക്ഷ കിട്ടിയതു് അറുപതു ദിവസം കഴിഞ്ഞതിനുശേഷമാണ്. അങ്ങനെ ചെയ്യുന്നതു് നിയമപരമായി സാധുവാണോ എന്നുള്ളതിനെപ്പററിയും നോക്കിക്കഴിഞ്ഞിട്ടുണ്ടു്. ഈ സംഗതിയും ഈ സഭയെ അറിയിക്കുന്നതും സഭയുടെ തീരുമാനമനുസരിച്ച് വേണ്ടതു ചെയ്യുന്നതുമാണ്.

ശ്രീ. സി. വി. ഇയ്യു: തെരഞ്ഞെടുപ്പിനു ശേഷം ഈ സഭയിൽ അദ്ദേഹം വിശ്വാസപ്രതിജ്ഞ ചെയ്തിട്ടില്ല എന്നുള്ളതുകൂടി ഒന്നു ചിന്തിക്കേണ്ടതാണ്.

ശ്രീ. സി. സി. പ്രസാദ്: അദ്ദേഹം ഈ സഭയിൽ ഹാജരാകാതിരിക്കുന്നതു് അദ്ദേഹത്തിൻെറ മനപൂർവ്വമാണോ അതോ ഈ ഗവമെൻറ നിമിത്തമാണോ എന്നുള്ളതുകൂടി ചിന്തിക്കേണ്ടതാണ്.

മിസ്റ്റർ സ്പീക്കർ: ഈ സംഗതി ഈ സഭയിൽ കൊണ്ടുവരുമ്പോൾ ആ കാര്യങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

ശ്രീ. സി. സി പ്രസാദ്: അദ്ദേഹം ഈ സഭയിൽിൽ ഹാജരാകാതിരിക്കുന്നതു് ഈ ഗവമെൻറ മൂലമാണെന്നുള്ള സംഗതി ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

The House adjourned for lunch at 12-30 p. m. and re-assembled at 2-30 p.m. with Mr. Speaker in the chair.

Papers laid on the Table

Minister for Education, Labour and Civil Supplies (**Sri. Panampilly Govinda Menon**): Sir, under Article 213 (2) read with Article 238 of the Constitution of India, I lay on the Table Ordinance XI* of 1950, namely the Chittoor-Tattamangalam Municipal Chairmen and Councillors (Term of Office Extension) Ordinance 1950 promulgated by His Highness the Rajpramukh on 7th December 1950.

Minister for Works and Communications (**Sri. E. John Philipose**): Sir, I lay on the Table the amendment* made to the Travancore-Cochin Motor Vehicles Rules 1950.

Sri. P. S. Nataraja Pillai: Sir, on a point of order. On the list of question for to-day, No. 84 was mine. Within the time available, it could not be orally put and as such I was searching for the answer for that on the table during the interval. Under the rules, questions for which answers could not be made available orally on the floor of the House, are to be treated as having been answered and the answers are to be placed on the table. Neither the question nor the answer to it was found on the table. So I would like to know the procedure that is being adopted in regard to this matter.

Mr. Speaker: Is it a starred or unstarred question?

Sri. P. S. Nataraja Pillai: It is a starred question.

Mr. Speaker: When questions could not be answered orally on the floor of of the House, answers to such questions are placed on the table as and when they are made available to the assembly office. I may inform the House that answers to starred questions are not always received in time. As the House knows, answers are to be got ready by the Ministers and supplied to the assembly office. Then only they could be placed on the table. In other words, until the answers are ready and duly received they cannot be placed on the table.

Sri. P. S. Nataraja Pillai: In this instance it is a starred question.

Mr. Speaker: Even in such cases, answers are some, times given to the effect that necessary information not having been received answers are not ready. If the requisite information has not been gathered by the Minister concerned, the answer could not be made available. The question put by the member may be an instance in point.

Sri. P. S. Nataraja Pillai: What I say is there must be a method by which members might know which of their question is answered or not answered. At least a note to that effect may be supplied.

Mr. Speaker: When answers are ready and laid on the table, I shall make arrangements to have the information conveyed to the members. We will now go to the Legislative Business.

LEGISLATIVE BUSINESS

The Travancore-Cochin Local Authorities Entertainment Tax Bill

Minister for Industries, Excise and Local-Self Government (**Sri. N. Kunjuraman**): Sir, I beg to present the Select Committee Report on the Travancore-Cochin Local Authorities Entertainment Tax Bill and move that the Bill as reported by the Select Committee be taken into consideration.

---

*Not printed in the days proceedings.

Minister for Finance and Revenue: **(Sri. A. J. John):** Sir, I second the motion.

The question that the Bill be taken into consideration was put and carried.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Sri. Kalathil Velayudhan Nair: Sir, I move,

At the end of clause 3, add the following proviso:

"Provided that no tax shall be levied on payments for admission which is less than annas eight for an individual."

ഈ നിയമം അനുസരിച്ചുള്ള നികുതി കൊടുക്കേണ്ടഭാരം അതാതുസ്ഥലത്തെ ജനങ്ങളുടെ ചുമലിലാണ് വന്നുചേരുന്നതു്. ഇപ്പോഴുള്ള നികുതികൾക്കുപുറമെയുള്ള ഒരു കൂടുതൽ നികുതി ചുമത്തലാണ് ഇതു്. വിനോദപ്രകടനങ്ങൾക്കു പോകുന്ന സാധാരണയാളുകൾ, അതായതു താഴ്ന്ന തരക്കാർ, പണം ഇല്ലാത്തവരായതുകൊണ്ടു് മിക്കവാറും എട്ടണക്കു താഴെയുള്ള താഴ്ന്ന ക്ലാസുകളിലാണ് ഇരിക്കാറുള്ളതു്. അങ്ങിനെയുള്ള ആളുകളെ ഇങ്ങനെ ഒരു നികുതി ചുമത്തി ബുദ്ധിമുട്ടിക്കുന്നതു കഷ്ടമാണെന്നു കരുതിയാണ് എട്ടണയ്ക്കു താഴെയുള്ള ടിക്കറ്റുകൾ വാങ്ങുന്നവരെ ഈ നികുതിയിൽനിന്നും ഒഴിവാക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്. ഇതിനു് കൂടുതൽ ഒരു വിശദീകരണം ആവശ്യമാണെന്നു തോന്നുന്നില്ല. ഈ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. വിനോദനികുതി ഏർപ്പെടുത്തുന്നതുതന്നെ മുനിസിപ്പാലിറ്റികൾക്കും വില്ലേജ് യൂണിയനുകൾക്കും കാർപ്പറേഷനുകൾക്കും നടത്തേണ്ടതായ പലമാതിരി ജോലികൾ ശരിയായി നിർവ്വഹിക്കപ്പെടുന്നതിനു് മതിയാകുന്ന ഒരു വരുമാനം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. ശ്രീ. വേലായുധൻ നായരുടെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഈ സ്ഥാപനങ്ങളുടെ സ്ഥായിയായ വരുമാനത്തിന്റെ ഒരു വലിയ വിഭാഗം നഷ്ടപ്പെട്ടുപോകുന്നതാണ്. എട്ടണക്കു താഴെയുള്ള ടിക്കറ്റുകൾക്കു് നികുതി ഈടാക്കാൻ പാടില്ല എന്നു വയ്ക്കുകയാണെങ്കിൽ പ്രായോഗികമായി ഈയിനത്തിൽ നികുതി ഒട്ടുംതന്നെ കിട്ടിയില്ലെന്നു വന്നേക്കും. സിനിമയ്ക്കോ നാടകത്തിനോ അതുപോലെയുള്ള മറ്റു പ്രകടനങ്ങൾക്കോ പോകുന്നവരിൽ അധികവും എട്ടണയ്ക്കു താഴെയുള്ള ടിക്കറ്റുകൾ വാങ്ങുന്നവരാണ്. സിനിമയ്ക്കാണെങ്കിൽ ബഹുഭൂരിപക്ഷവും എട്ടണയ്ക്കു താഴെയുള്ള ടിക്കറ്റുകൾ വാങ്ങുന്നവരാണ്. അതുകൊണ്ടു് ഈ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായി നടത്തിക്കൊണ്ടു പോകുന്നതിനു് ഒരു ധനാഗമമാർഗ്ഗമെന്ന നിലയിലാണ് നാം ഈ നികുതി ചുമത്താൻ ഉദ്ദേശിക്കുന്നതെങ്കിൽ ശ്രീ. വേലായുധൻ നായരുടെ ഭേദഗതി ആ ഉദ്ദേശത്തെതന്നെ അപ്പാടെ പരാജയപ്പെടുത്തുന്നതാണെന്നാണ് എനിക്കു പറയുവാനുള്ളതു്. എന്നുതന്നെയല്ല ഇവിടെയും മറ്റു പ്രവിശ്യകളിലും ഇന്നു നിലവിലിരിക്കുന്ന നിയമങ്ങളിലും ഇത്ര കൂടിയ ഒരു റേറ്റ്, അതായതു, എട്ടണ എന്നുള്ളതു് സ്വീകരിച്ചിട്ടില്ലെന്നു കാണുന്നു. ഇവിടെ ഇപ്പോൾ നിലവിലിരിക്കുന്ന മറ്റു നിയമങ്ങളിലും നിശ്ചയിച്ചിരിക്കുന്നതു മൂന്നണയോ രണ്ടണയോ ആണ്. ഈ നിലയ്ക്കു നോക്കുമ്പോൾ ഈ ഭേദഗതി സ്വീകരിക്കുവാൻ യാതൊരു നിർവ്വാഹവുമില്ല. ഭേദഗതി സ്വീകരിച്ചാൽ എന്തു

[Sri. N. Kunjuramam]

ദ്ദേശത്തോടുകൂടിയാണോ ഈ നിയമം ഉണ്ടായിരിക്കുന്നതു് ആ ഉദ്ദേശംതന്നെ തോല്പിക്കപ്പെട്ടുപോകുന്നതാണു്.

The amendment was put and lost.

Clause 3, 4, 5 and 6 were put and carried.

The Clauses were added to the Bill.

Clause 7

Sri. Kalathil Velayudhan Nayar: I move:

"In Clause 7, sub-clause (1) (d), delete the words 'without any charge on such proceeds for the expenses of the entertainment"

ഈ നിയമം അനുസരിച്ചു് ഏതാനും സംഗതികളെ വിനോദനികുതിയിൽനിന്നും ഒഴിവാക്കാമെന്നു പറഞ്ഞിട്ടുണ്ടു്. അതായതു ഏതെങ്കിലും ധർമ്മവിഷയകമായ കാര്യങ്ങൾക്കുവേണ്ടി ഒരു വിനോദപ്രകടനം നടത്തുകയാണെങ്കിൽ അതിനെ ഈ നികുതിയിൽനിന്നും ഒഴിവാക്കാമെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ അതിൽനിന്നും കിട്ടുന്ന പിരിവു് അതു നടത്തുന്നതിനുള്ള ചെലവു പോലും എടുക്കാതെ ആ സംഗതിക്കുവേണ്ടി ചെലവാക്കുകയാണെങ്കിലേ ഈ സൗജന്യം അനുവദിക്കുകയുള്ളു എന്നാണു് പറഞ്ഞിരിക്കുന്നതു്. സാധാരണയായി ഏതുകാര്യത്തിനായാലും നടത്തിപ്പിനുള്ള ചെലവുകഴിച്ചു് ബാക്കിയാണു് ഉദ്ദേശിച്ചിട്ടുള്ള ധർമ്മവിഷയകമായ കാര്യത്തിനു് വിനിയോഗിക്കുന്നതു്. അതില്ലാതെ ആരും അതിനു തയ്യാറാവുകയില്ല. അതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി ഹാജരാക്കുന്നതു്. അതു സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഞാൻ ഈ ഭേദഗതിയെ സ്വീകരിക്കുന്നു.

The amendment was put and carried.

The question that Clause 7 as amended stand part of the Bill was put and carried.

Clause 7 as amended was added to the Bill.

The question that Clauses 8 to 13 stand part of the Bill was put and carried.

Clauses 8 to 13 were added to the Bill.

The question that Clause 1 and Title stand part of the Bill was put and carried.

Clause 1 and Title were added to the Bill.

The question that the Preamble stand part of the Bill was put and carried.

The preamble was added to the Bill.

Sri. N. Kunjuraman: Sir, I move that the Third Reading of the Bill may be taken up tomorrow.

The motion was adopted.

The Travancore-Cochin Local Authorities Loans Bill

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman):** Sir, I beg to present the Select Committee report on the Travancore-Cochin Local Autherities Loans Bill and move that the Bill as reported by the Select Committee be taken into consideration.

Minister for Finance and Revenue **(Sri. A. J. John):** Sir, I second it.

The question that the Bill be taken into consideration was put and carried.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Sri. D. Gnanasigamoni: I move that

"In clause 3 (1) (v), delete the words 'in accordance with the law' occurring at the end of that clause."

Sir, Clause 3 relates to the borrowing powers of local authorities. A local authority may, subject to certain conditions, borrow from the Government or, with the previous sanction of Government, borrow from private bodies. One of the purposes for which the borrowing is permitted is for the repayment of money previously borrowed. I move to delete the words 'in accordance with law' occurring thereafter. To start with, I may submit that in the existing Act XXV of 1120 we do not find these words. The question may be asked why these words do not find a place in the present Act. There is a significant reason for that which I will give later.

Now, certain powers are granted to local bodies to raise loans and one of the purposes for which that may be done is the repayment of money previously borrowed. In respect of loans taken after the new Act comes into force, there is no difficulty, because it is provided in a later section, i. e., in Section 6, that 'except as provided by or under this Act, no local authority shall, for any purpose, borrow money, upon or otherwise charge its funds, and any contract otherwise made for that purpose after the passing of this Act shall be void.' Therefore, in respect of borrowings after the Act comes into force, these words are unnecessary. At the same time, it will raise serious difficulties in respect of loans taken prior to 1120. That is why I move to delete the words, In the existing Act, the words are specifically omitted.

No loan taken by a local body prior to 1120 could have been borrowed under the provision of any law as no law was then in force. So the provision in this bill with the additional words 'in accordance with law' cannot cover loans taken prior to 1120. So clearly loans taken prior to 1120 has been taken away from the purview of this bill. That could not be the intention of Government and so these words must be omitted to give effect to the intentions of Government.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ശ്രീമാൻ ജ്ഞാനശിഖാമണി പറഞ്ഞതു് ഗവമ്മെണ്ടിൽനിന്നും വാങ്ങിയിട്ടുള്ള കടങ്ങളെ സംബന്ധിച്ചും മററു രീതിയിലുള്ള കടങ്ങളെ സംബന്ധിച്ചും "in accordance with law" എന്നു പറയണമെങ്കിൽ വളരെ ബുദ്ധിമുട്ടുണ്ടാകും എന്നാണു്. 'In accordance with law' അല്ലാതെ ഗവമ്മെണ്ടിൽനിന്നു് ലോക്കൽ അതോറിട്ടീസിനു് കടംകൊടുക്കുവാൻ വഴിയില്ല. അതല്ലാതെ കാൺട്രാക്ച്വൽ റൈററു് അനുസരിച്ചു് ലോൺ വാങ്ങുവാനുള്ള അധികാരം ലോക്കൽ അതോറിട്ടീസിനുണ്ടു്. അവരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തിൽ കവിഞ്ഞു കടം വാങ്ങീട്ടുണ്ടെങ്കിൽ അതു "in accordance with law" ആകയില്ല. അതിനാൽ ഇതുകൊണ്ടു് യാതൊരു ദോഷവും വരുവാനില്ല. അതുകൊണ്ടാണു് ഞാൻ ഇതിനെ എതിർക്കുന്നതു്.

Sri. D. Gnanasigamoni: One question, Sir. Did the Government so far realise any difficulty in the absence of these words in the existing Act?

Sri. N. Kunjuraman: The existing Act has been very rarely applied.

Sri. D. Gnanasigamoni: This Act came into force only in 1120. The time for the repayment is not to exceed sixty years. So that there seems to be no necessity for these words.

ശ്രീ. എൻ. കുഞ്ഞുരാമൻ: ബാറോയിംഗ് ലിമിറ്റായിരിക്കണമല്ലോ?

The amendment was put and lost.

The question that clauses 3 and 4 stand part of the bill was put and carried. The clauses were added to the bill.

Clause 5

Sri. D. Gnanasigamoni: I move.

"Insert the words 'Notwithstanding anything contained in any other Act' at the beginning of clause 5 (1) before the word 'if'."

Even at the time of considering the principles underlying this Bill, I pointed out an inconsistency, namely, that this provision will come into conflict with Section 60 of the Panchayat Act. Under the Panchayat Act, certain powers are given to that body in respect of loans and similar matters. Section 60 of the Panchayat Act says:

"Government shall be entitled to recover in the manner provided in sub-section (3) of Section 38 of this Act or by suit any loan or advance made to any panchayat for any purpose to which its funds may be applied under this Act".

And Section 38 (3) in turn reads thus:

"If expenses which have been directed under sub-section (2) to be paid from the panchayat fund are not so paid, the Director, with the previous sanction of Government, may make an order directing the person having the custody of the panchayat funds to pay it in priority to any other charge against such funds except charges for the service of authorised loans".

Thus, there are two provisions in respect of loans applicable to Panchayats, one special, the other general. This Act applies to all local bodies, while the Panchayat Act applies specifically to Panchayats. The question, therefore arises, which of the two provisions, must prevail. It is the Special provision that must prevail. To get over this difficulty what the Select Committee has done is to repeal two words in Section 60 of the Panchayat Act, 'loan or'. See Section 7 in the present bill. Now let us see how Section 60 of the Panchayat Act will read with these two words omitted. It will read as follows:

"Government shall be entitled to recover in the manner provided in sub-section (3) of Section 38 of this Act or by suit any advance made to any panchayat for any purpose to which the funds may be applied under this Act".

It is clear, that the words 'loans' and 'advances' are used as synonymous. I do not think that that was what the Select Committee wanted to do nor has the Select Committee got over the difficulty by repealing the words 'loans or'. If my amendment is accepted, I feel the difficulty can be avoided. And the present provisions in the Panchayat Act can be retained as it is.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ ഭേദഗതിയേയും ഞാൻ എതിർക്കുകയാണ് ചെയ്യുന്നത്. കാരണം, ലോക്കൽ അതോറിട്ടീസിന് ചില ഉപാധികളിന്മേൽ കടം വാങ്ങുന്നതിനുള്ള വ്യവസ്ഥകളാണ് ഈ ആക്ടിൽ പറഞ്ഞിട്ടുള്ളത്. പഞ്ചായത്തു ആക്ടിലും കൊച്ചിയിലെ മുനിസിപ്പാൽ ആക്ടിലും അതിനുള്ള ചില വ്യവസ്ഥകൾ ഉണ്ടെങ്കിലും ആ വ്യവസ്ഥകൾ പര്യാപ്തമല്ലാത്തതുകൊണ്ടാണ് ഈ

ആക്റ്റിൽ ഇത്ര വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജ്ഞാനശിഖാമണി പറഞ്ഞതായ വിഷമം ഉണ്ടാകുന്നതു് ഈ ആക്റ്റിനെ സംബന്ധിച്ചിടത്തോളം, പഞ്ചായത്തു ആക്റ്റിനെ സംബന്ധിച്ചിടത്തോളം ൯൦–ാമത്തെ ക്ലോസിൽ പറഞ്ഞിരിക്കുന്ന ആ ബുദ്ധിമുട്ടു മനസ്സിലാക്കിയിട്ടാണു്. ഇതിന്റെ ഒടുവിലത്തെ പ്രൊവിഷനിൽ "loan or" എന്നതു എടുത്തുകളഞ്ഞിട്ടുണ്ടു്. ഒരു കാര്യം പ്രത്യേകം ഓർമ്മിക്കണം. ലോണും അഡ്വാൻസും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. ലോണും അഡ്വാൻസും ഒന്നാണെന്നു് മനസ്സിലാക്കിയിട്ടാണു് ഇതു മതിയാകയില്ല എന്നു അദ്ദേഹം വാദിച്ചതു്. വേറെ ഒന്നു അദ്ദേഹം പറഞ്ഞതു് ൩൨ (൧) ഉപവകുപ്പുപ്രകാരം പഞ്ചായത്തു ഡയറക്ടർക്കു് പണം ഈടാക്കുവാനുള്ള ചില വ്യവസ്ഥകൾ പഞ്ചായത്തു ആക്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണു്. എന്തെങ്കിലും ഒരു ജോലി ചെയ്യില്ലെങ്കിൽ ആ ജോലി ഗവണ്മെണ്ടിൽ ചെയ്യുന്നതിനു് ആ പണം ഈടാക്കും. അതും ലോണുമായിട്ടു് യാതൊരു ബന്ധവുമില്ല. അതുകൊണ്ടു് അദ്ദേഹം ഉന്നയിച്ച രണ്ടു വാദങ്ങളും അപ്രസക്തങ്ങളാണു്. ആവശ്യമായ വ്യവസ്ഥകൾ ഇതിന്റെ റിപ്പീൽ ക്ലോസിൽ ചേർത്തിട്ടുണ്ടു്. ആ നിലക്കു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that clauses 5 and 6 stand part of the Bill was put and carried.

Clauses 5 and 6 were added to the Bill

Clause 7

Sri. D. Gnanasigamoni: Sir, I move that in Clause 7, all the words occurring after the word 'repealed' in the third line of that clause, be omitted.

Sri. N. Kunjuraman: I oppose the amendment.

The amendment was put and lost.

The question that clause 7 stand part of the Bill was put and carried.

Clause 7 was added to the Bill.

Clause 1 was put and carried.

Clause 1 was added to the Bill.

The question that the preamble stand part of the Bill was put and carried.

The question that the title stand part of the Bill was put and carried.

Sri. N. Kunjuraman: Sir, I move that the third reading of the Bill may be taken up tomorrow.

Sri. A. J. John: I second the motion.

The motion was put and carried.

The Travancore-Cochin Places of Public Resort Bill

Minister for Industries, Excise and Local Self-Government (**Sri. N. Kunjuraman**): Sir, I beg to present the report of the Select Committee on the Travancore-Cochin Places of Public Resort Bill, and move that the Bill as revised by the Select Committee be taken into consideration.

Minister for Finance and Revenue (**Sri. A. J. John**): I second it.

The question that the Travancore-Cochin Places of Public Report Bill as revised by the Select Committee be taken into consideration was put and carried.

Clause 1

Sri. P. S. Nataraja Pillai: Sir, I move—

"In clause 1, sub-clause (3), omit para beginning with "it extends......Notifications", and insert—

"It extends to the City of Trivandrum and to all areas in the State of Travancore-Cochin which have been or may hereafter be declared to be Municipalities under the law relating to the constitution of Municipalities; and Government may by notification, extend to any other local area."

Sir, the wording as it is in the Bill now gives the right to Government that the Government may from time to time by notification in the Gazette "extend it permanently or for a time or for specified occasions only, from such date as may be specified in the Notification, to any other area in the State, and may cancel or modify any such Notification." So, a kind of wide discretion is being vested with the Government Sir, in one Bill which we have adopted today, namely, the Entertainment tax Bill, it has been provided that the Bill shall extend to the Municipalities and local authorities. I have practically adopted the wording in the Local Entertainment Tax Bill to be incorporated in this Bill as well. I think it would be better to have the same wording in a Bill dealing with Similar subjects. This is for licensing and controlling places of entertainment and public resort. The other Bill is for enforcing a tax on the entertainments in the local area. So, I think the definition of the area for the application of this Bill should be the same as that of the other Bill. It would therefore be better to adopt the same wording here, so that no difficulty may arise. And, moreover, the wording as it is so very cumbersome too. There was the same wording in both the bills when it was introduced. But the Select Committee introduced a new definition in the Entertainment Tax Bill which is now before the House. Somehow or other the Select Committee on this bill did not bestow careful thought over the definition. I think it would be better that the definition adopted in the Entertainment Tax Bill be adopted in the Public Resort Bill as well. The reading of the clause as it is will show how cumbersome it is. This bill extends to all over the State but latter part gives descretion to the Government to apply it to any area only and that for a specified period and then to another area and so on. It is difficult to determine who the licensing and controlling authority will be and question of application of this bill to any area will rest in their discretion. My amendment will bring definiteness. Sooner or later, there will be Panchayats all over the State and I think it is better to have a statutory body to control licensing and to supervise. I think my amendment will make matters clear and easy. I believe the Hon'ble Minister will find no difficulty in accepting my amendment.

<u>ശ്രീ. എൻ. കുഞ്ഞുരാമൻ</u>: സർ, ശ്രീ. നടരാജപിള്ളയുടെ ഭേദഗതിയെ ഞാൻ എതിർക്കുന്നു. കാരണം വളരെ വ്യക്തമാണു്. ലോക്കൽ അതോറിട്ടീസ് എൻറർടെയിൻമെൻറ് ആക്ടിൽ ലോക്കൽ അതോറിട്ടീസ് ഫങ്ഷൻ ചെയ്യുന്നതിനു് ആവശ്യമായ പണം ഉണ്ടാക്കുന്നതിലേക്കു് ടാക്സ് വയ്ക്കുന്നതിനും അതു ഈടാക്കുന്നതിനുമുള്ള വകുപ്പുകളാണു് കൊടുത്തിരിക്കുന്നതു്. ഇതാണെങ്കിൽ പബ്ലിക്കു് റിസോർട്ടുബില്ലാണു്. എല്ലാ സ്ഥലങ്ങളെയും ഒരുപോലെ ബാധിക്കേണ്ടതാണു്. ആ ഒരു വ്യത്യാസം ഈ രണ്ടു ആക്ടുകളെയും സംബന്ധിച്ചിടത്തോളം പ്രത്യേകം പരിഗണിക്കേണ്ടതായിരിക്കുന്നു. ലോക്കൽ അതോറിട്ടീസ് എൻറർടെയിൻമെൻറ് ആക്ടിൽ ഒരു വകുപ്പിൽ പറഞ്ഞിട്ടുള്ള അതേ വാചകങ്ങൾതന്നെയാണു് ഈ ബില്ലിലും കൊടുത്തിട്ടുള്ളതെങ്കിലും പബ്ലിക്കു് റിസോർട്ടിനെ സംബന്ധിച്ചിടത്തോളം ലോക്കൽ അതോറിട്ടീസിനെപ്പോലെ ഒരു പരിമി

തി വയ്ക്കുന്നതു ശരിയല്ല. പഞ്ചായത്തു നിയമം നടപ്പിൽ വരുത്തുന്നതിനു് ഇനിയും എത്രനാൾകാലംകൂടി വേണ്ടിവരുമെന്നാണു് തോന്നുന്നതു്. പുതിയ എലക്ടറൽ റോൾസുതന്നെ ജൂലൈ അവസാനത്തിലെ ഫൈനലൈസു് ചെയ്യാൻ സാധിക്കൂ എന്നു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഒരു ചോദ്യത്തിനുത്തരമായി ഡാക്ടർ അംബേദ്കർ ഈ വിവരം പാർലമെൻറിൽ പറഞ്ഞതു് നാം ഓർമ്മിക്കുന്നുണ്ടല്ലോ. അങ്ങനെ ഒരു നിയമം നടപ്പിലാകുന്നതുവരെയുള്ള ഒരു കാലഘട്ടത്തിൽ ശ്രീ. നടരാജപിള്ള ആവശ്യപ്പെടുന്ന ഈ ഭേദഗതി വകുപ്പു് ഒരു ഡെഡ്ലറ്റർ ആയിരിക്കണമൊ എന്നാണു് ഞാൻ ചോദിക്കുന്നതു്. രണ്ടു ആക്ടുകളുംതമ്മിൽ ഇക്കാര്യത്തിൽ മൗലികമായ വ്യത്യാസമാണുള്ളതു്.

പിന്നെ 'for a time or for specified occasions' എന്നെല്ലാം പറഞ്ഞിരിക്കുന്നതു് എന്തിനാണെന്നു ചോദിച്ചേക്കാം. പഞ്ചായത്തില്ലാത്ത സ്ഥലങ്ങളിൽ ഒരു വലിയ ഉത്സവമൊ മറ്റോ നടക്കുന്നു എന്നു വിചാരിക്കുക; വിശേഷിച്ചും എൻക്ലോസ്ഡായിട്ടുള്ള സ്ഥലങ്ങളിൽ അവിടെ അങ്ങനെ ഉത്സവങ്ങളൊ മറ്റെന്തെങ്കിലും പ്രകടനങ്ങളൊ നടത്തുന്ന അവസരത്തിൽ എന്തെങ്കിലും അത്യാഹിതങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ടിയാണു് അതു പറഞ്ഞിരിക്കുന്നതു്. ഇതു പോലെയുള്ള നിയമങ്ങൾ മററു രാജ്യങ്ങളിലുമുണ്ടു്. അതുകൊണ്ടു് ചില സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം ചില പ്രത്യേക കാലത്തേക്കോ, സന്ദർഭങ്ങളിലേക്കോമാത്രം ഈ നിയമം ഊർജ്ജിതത്തിൽ വരുത്തിയാൽ മതിയാകുന്നതാണു്. ആ ഘട്ടം കഴിഞ്ഞാൽ ഒരു നോട്ടിഫിക്കേഷൻമൂലം അതു പിൻവലിക്കാം. അങ്ങനെ ഗവമെണ്ടിൻെറ ഒരു നോട്ടിഫിക്കേഷൻമൂലം ഇതു നടപ്പിൽ വരുത്തുവാനും പിൻവലിക്കുവാനും പര്യാപ്തമായ സൗകര്യം ഈ നിയമത്തിനുണ്ടായിരിക്കേണ്ടതാവശ്യമാണു്. ഇക്കാരണങ്ങളാൽ ശ്രീ. നടരാജപിള്ളയുടെ ഭേദഗതിയോടു് യോജിക്കാൻ നിവൃത്തിയില്ല.

The amendment was put and lost.

Sri. D. Gnanasigamoni: Sir, I move for the deletion of the second paragraph of sub-clause (3) of clause 1. Sir, that sub-clause reads:

"Where Act is extended to any area declared as a Panchayat area under the Travancore-Cochin Panchayats Act, 1950, (II of 1950), the provisions herein contained shall apply, and so long as this Act remains in force in such area, Section 81 of the Travancore-Cochin Panchayat Act, 1950 shall have no application in that area." .

Section 81 of the Panchayats Act relates to the prohibition of Cinematographs and dramatic performance except in licensed premises. Every Panchayat ought to develop as a self-governing institution and that is one of the directive principles of State policy provided for by the Indian Constitution. Now, this privilege of issuing licenses is extended to Municipalities and corporations but not to Panchayats. Now, when this Act is extended to every area, to say that the Panchayat alone shall be excluded and that Section 81 of the Panchayat Act shall have no application whatever is to say the least a step-motherly treatment meted out to a self-governing institution like the Panchayat. I strongly plead that this clause may be deleted so that the Panchayat may develop into a self-governing institution and that it is put on the same level as Corporations and Municipalities.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഞാൻ ഭേദഗതിയെ എതിർക്കുന്നു. സബ് ക്ലാസ് (൩)-ൽ പറഞ്ഞിരിക്കുന്നതു് ഞാൻ ഇവിടെ വായിക്കാം:

"It extends to the city of Trivandrum............and the Government may from time to time by notification in the Gazette extend it...............to any other area in the State..........."

[Sri. N. Kunjuraman]

ഇവിടെ 'to any other area' എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഈ ആക്ട് പഞ്ചായത്തുകളിലേക്കു് വ്യാപിപ്പിക്കുന്നതിനു് യാതൊരു തടസവുമില്ല. ഈ ആക്ടും പഞ്ചായത്തു ആക്ടിലെ വ്യവസ്ഥകളും തമ്മിൽ യോജിക്കയുമില്ല. അതുകൊണ്ടു് ഇതു റിപ്പീൽ ചെയ്യേണ്ടതാണു്. ആയതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

Sri. P. S. Nataraja Pillai: Sir, I would like to support the amendment moved by Mr. Gnanasigamoni. Under the first paragraph if the Government is going to extend the application of this bill to any area which is under a Panchayat, the argument of the hon'ble Member is that the right of the Panchayat would be affected.

Sri. N. Kunjuraman: Not exactly.

Sri. P. S. Nataraja Pillai: It is the authority notified under this Act that will have to control it. That means that it is left to the discretion of the Minister in charge of the Department. The thin end of the wedge is driven here to take away the right granted to an elected body *viz.*, the Panchayat. As it is an elected body the right of that body is being sought to be taken away. The Panchayat is an executive authority and will have the right vested in them by the law, Now, in this bill under discussion Government made an indefinite definition of the area to which this bill is to be applied. That is why I said at the very outset that wherever there is a local authority let that local authority exercise the rights under this bill. But now to make a provision, to vest with the Government the rights conferred on the Panchayat by Section 81 of the Act is not correct. I would say that it is an incorrect procedure. We had considered the rights and powers of the Panchayat when considering that Bill and after due consideration the House has placed it on the statute book. We are now creating a conflict which is not necessary. In the name of that conflict we are repealing a provision which is on the statute book, and which has not yet come into force. The village panchayat is a very important institution and adequate powers are sought to be vested with it and panchayats are being built up. Therefore, I fully support the amendment.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഈ ഭേദഗതിക്കു് ഒരു വാക്കുകൂടി മറുപടിയായി പറയാമെന്നു് വിചാരിക്കുന്നു. പ്രാദേശികസ്വയംഭരണ സ്ഥാപനങ്ങൾക്കു് നിവൃത്തിയുള്ളിടത്തോളം കൂടുതൽ അധികാരങ്ങൾ കൊടുക്കണമെന്നുള്ളതാണു് ഗവൺമെണ്ടിന്റെ ഉദ്ദേശം. ഇതിനെപ്പറ്റി ശ്രീ. നടരാജപിള്ള പുറപ്പെടുവിച്ച അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നു. എന്നാൽ ഒരേ തരത്തിലുള്ള നിയമങ്ങൾ പാലിക്കുന്നതിനു് രണ്ടുനിയമങ്ങളുടെ രണ്ടുതരത്തിലുള്ള പ്രൊവിഷൻസ് ഉപയോഗപ്പെടുത്തുന്നതു് അത്ര ശരിയല്ല. എപ്പോഴാണോ വില്ലേജു് പഞ്ചായത്തിലേക്കു് ഈ ആക്ട് വ്യാപിക്കുന്നതു്, അപ്പോൾമുതൽ ലൈസൻസു് കൊടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകാർക്കു് കൊടുക്കണമെന്നുള്ളതിൽ എനിക്കു അഭിപ്രായവ്യത്യാസമില്ല. ആ സംഗതിയെപ്പറ്റി ഒരു അമൻഡ്മെന്റ് ഇവിടെ കൊണ്ടുവരുന്നുണ്ടു്. അപ്പോൾ അവയെക്കുറിച്ചു് ചർച്ച ചെയ്യുകയും ചെയ്യാം. അതിനുമുൻപു് ഈ ഭേദഗതിയോടു് യോജിക്കാൻ എനിക്കു നിവൃത്തിയില്ല.

The amendment was put and lost.

The question that Clause 1 stand part of the Bill was put and carried,

Clause 2

Sri. P. S. Nataraja Pillai: I move the following amendment.—

In Clause 2, add the following:—

"Place of public resort" shall mean any place, enclosure, building. tent, booth or other erection, whether permanent "or temporary and to which the public are admitted without payment of money.

Sir, the bill that we are considering is the public Resort Bill. Throughout the bill there is no definition of "public resort". Whether there is any necessity for defining places of public resort or not will be evident from a perusal of Clause 3, which says.—

> "Within any area in which this Act is in force, no enclosed place or building, whether permanent or temporary, having an area of five hundred square feet or upwards, shall be used for public resort 'or entertainment, unless a licence has been obtained in the manner hereinafter provided."

Two terms are being used; Places of public resort and place of entertainment. In the Bill only place of public entertainment is defined. In Clause 4 also, both terms are used. There may be a building in which the owner might like to have an entertainment and an enclosed place as public resort. Throughout the bill we find the usage of the two terms. In Clause 7 also both the terms are used. So the framers of the bill envisage two things; places of public resort and places of public entertainment. These are two different things. By the definition of one, you cannot hope to cover both. Inevitably you will have to define "public resort." So far I do not find a definition of that in the bill. So, I have taken the liberty of placing a definition before the House. It is based on the definition of "place of public entertainment," which is defined as a place where the public are admitted either on payment of money or with the intention that money may be collected from those admitted. So, I thought of defining "place of public resort" as a place where people are admitted without payment. Unless it is defined it will be impossible to enforce the provisions of this bill. I hope the Hon'ble Minister will consider that matter.

ശ്രീ. എൻ. കുഞ്ഞുരാമൻ. സർ, ഈ ഭേദഗതി അതേരൂപത്തിൽ സ്വീകരിക്കുവാൻ എനിക്കു നിവൃത്തിയില്ല. പബ്ലിക്ക് റിസോർട്ടിനെപ്പററി ഒരു നിർവ്വചനം ഈ ആക്ടിൽ ഇല്ല. എന്നാൽ ശ്രീ. നടരാജപിള്ളയുടെ പ്രസ്താവന കാംപ്രിഹെൻസീവു ആണെന്നു് ഞാൻ പറയുന്നില്ല. ബഹു. മെമ്പർ "പബ്ലിക്ക് റിസോർട്ട്" എന്ന പദത്തിനു് ഒരു നിർവ്വചനം കൊടുക്കാൻ ശ്രമിച്ചതു് അഭിനന്ദനാർഹമാണെങ്കിലും ഇവിടെ കൊണ്ടുവന്നിരിക്കുന്ന നിർവ്വചനം കാംപ്രിഹെൻസിവ് അല്ല. ഇതു സ്വീകരിക്കുകയാണെങ്കിൽ മററു തരത്തിലുള്ള ഒരു ആപത്തിനു് ഇടയുണ്ടാകും. അതായതു്,

"Place of public resort" shall mean any place, enclosure, building, tent, booth or other erection, whether permanent or temporary and to which the public are admitted without payment of money.

'any place എന്നാണ്.'

ആയതിനാൽ ഇതു സ്വീകരിക്കുന്നതു് വളരെ ആപത്തായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

Sri. P. S. Nataraja Pillai: May I point out that it is 'any place, enclosure or building' even according to the member's definition?

ശ്രീ. എൻ. കുഞ്ഞുരാമൻ: പബ്ലിക്ക് എന്റർടെയിൻമെന്റിനെ സംബന്ധിച്ചിടത്തോളം അങ്ങിനെയല്ല. അതായതു്: payment of money ഉണ്ടു്.

"Place of entertainment" shall mean any place, enclosure, building, tent, booth or other erection................and to which the public are admitted either on payment of money..............

ഒരു മീററിംഗിനൊ അല്ലെങ്കിൽ മററു വല്ല പ്രകടനങ്ങൾക്കൊ പണംകൊടുത്തു ടിക്കററു് എടുത്തുപോകുന്നതിനെ സംബന്ധിച്ചിടത്തോളം മി. നടരാജപിള്ളയുടെ അഭിപ്രായം ശരിയാണു്. എന്നാൽ പണം കൊടുക്കാതെയുള്ള മീററിംഗുകൾക്കു് കടൽപ്പുറത്തൊ അതുപോലുള്ള മററവിടെയെങ്കിലുമൊ വച്ചു നടത്തുന്ന ഒരു മീററിംഗിൽ പങ്കെടുക്കണമെന്നുണ്ടായിരുന്നാൽ ഈ ഭേദഗതി അതിനു ബാധകമായിരിക്കുന്നതാണു്. അതുകൊണ്ടു് ഞാൻ എതിർക്കുന്നു.

The amendment was put and lost.

The question that Clauses 2, 3 and 4 stand part of the Bill was put and carried.

Clause 5

Sri. D. Gnanasigamoni: I move the following amendment :—

"Recast clause 5 (*iii*) as follows :

" if the enclosed place or building is situated in any Panchayat area to which the provision of this Act is extended, to the Executive Authority of the Panchayat concerned, and in any other area to which the provisions of this Act is made applicable, to such authority as the Government may, by notification in the Gazette, specify in that behalf."

This relates to the authority to whom applications should be made for license. So far as the Corporation of Trivandrum is concerned, it is stated that the application should be made to the Commissioner of the Corporation. So far as the Municipalities are concerned, it stipulates that such application should be made to the Executive Authority of the Municipality. As regards the rest, it has been generally stated in sub-clause (*iii*) that "if the enclosed place or building is situated in any other area to which the provisions of this Act is extended to such authority as the Government may, by notification in the Gazette, specify in this behalf." Thus Panchayats are omitted and this is another instance of a stepmotherly treatment meted out to Panchayats. If the Commissioner of the Corporation as well as the executive authority of the Municipality can be trusted with such powers, I fail to see why the executive authority of the Panchayat should be excluded from the provisions of this Act. In the amendment, I have only recast the clause in such a way as to bring in the Panchayat and not to disturb or otherwise create any difficulties for the Government. My intention is only to enable the executive authority of the Panchayat also to exercise the same power in his area as is exercised by the corresponding authorities in the Municipalities. I do not think that the Hon'ble Minister will have any serious objection to this clause, because he has already admitted that there is no intention on the part of Government to prevent the development of Panchayat areas as real self-governing institutions.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഇപ്പോൾ നിലവിലുള്ള നിയമത്തിൽ തന്നെ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ടു്, ഗവർമ്മെണ്ടിനു യുക്തമെന്നു തോന്നുന്ന സമയത്തു് അതായതു് ആവശ്യമെന്നു കാണുന്ന സമയത്തു് prescribed authorityക്കു് അപേക്ഷിക്കേണ്ടതാണെന്നു പറയാനുള്ള വ്യവസ്ഥയുണ്ടു്. ഞാൻ ഈ ഭേദഗതി സ്വീകരിക്കാൻ തയാറാണു്; ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നു.

The amendment was put and carried.
The question that clause 5 as amended stand part of the Bill, was put and carried.
Clause 5 as amended was added to the Bill.
Clauses 6 to 9 were put and carried.
Clauses 6 to 9 were added to the Bill.

Clause 10

Sri. N. Kunjuraman : I move for sub-clause (2) of Clause 10, the following be substituted :—"(2) The appeal shall be preferred within 30 days of the date on which the order was passed".

ഇതു ഗവൺമെന്റിൽനിന്നും അവതരിപ്പിക്കുന്ന ഒരു ഭേദഗതിയാണ്. In Clause 10 (1) "Any person aggrieved may appeal from any order passed"

എന്നു പറഞ്ഞിട്ടുണ്ട്. ഇതിനു ചേരുന്നവിധത്തിൽ രണ്ടാമത്തെ ഈ വകുപ്പ് "The appeal shall be preferred within 30 days of the date on which order was passed"—

എന്നു ചേർക്കണം എന്നാണ് ഈ ഭേദഗതി. ആദ്യം ഉണ്ടായിരുന്ന ബില്ലിൽ അപ്പീൽ കൊടുക്കുന്നതിനുള്ള അവകാശം അതായത്, ലൈസൻസിംഗ് സംബന്ധിച്ച അപ്പീൽ കൊടുക്കുന്നതിനുള്ള അവകാശം അപേക്ഷകനു മാത്രമേ ഉള്ളു. എന്നാൽ സെലക്ട് കമ്മിററി സ്റ്റേജിൽ aggrieved party ക്ക് വേണമെന്നു തീരുമാനിച്ചു, അതനുസരിച്ച് ക്ലാസ്സ് ൧൦ (൨)-ൽ വേണ്ട മാററം വരുത്തുവാൻ സാധിച്ചില്ല. അതുകൊണ്ട് "The appeal shall be made within thirty days from the day on which the applicant received the order appealed against"
എന്നതിനു പകരം "The appeal shall be preferred within 30 days of the date on which the order was passed"

എന്നു ആക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

Sri. D. Gnanasigamoni : I move : "In clause 10 (4) in the second line between the words "council" and "and," insert the following :—
" in the Panchayat area to the Panchayat."

This is in consonance with the amendment I have just now moved and accepted by the Hon'ble Minister. So far as the Corporation of Trivandrum is concerned, the appeal shall be to the Standing Committee of the Corporation. So far as the Municipalities are concerned, the appeal is to the Council. Similarly, the appeal on any matter relating to license within the Panchayat area should naturally be to the Panchayat. This is all what I have to say on this amendment.

Sri. N. Kunjuraman : I accept the amendment.

The amendment was put and carried.

Sri. P. S. Nataraja Pillai : I do not move my amendment.

Clause 10, as amended was put and carried
Clause 10 was added to the Bill
Clauses 11 and 12 were put and carried
Clauses 11 and 12 were added to the Bill

New clause

Sri. D. Gnanasigamoni : I move that the following be added as clause 13, renumbering the others :

" 13. The Revenue Board may at any time, either of its own accord or on the application of any aggrieved party call for and examine the record of any case

[Sri. D. Gnanasigamoni]

disposed of by the District Magistrate and may pass such order in reference thereto as the Board thinks fit."

Under the Act the District Magistrate is made the final authority in matters arising under the provision of the Act. The Revenue Board, being the highest revenue authority it is only reasonable and proper that the final authority must vest with the Revenue Board. This is in consonance with the principles we have accepted in many other Acts we have passed making the Revenue Board the highest body to finally decide all matters relating to the collection of revenue.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇങ്ങനെ ഒരു അഡീഷണൽ ക്ലാസ്സ് ആവശ്യമില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. ഇതിൽതന്നെ ലൈസൻസ് കൊടുക്കുന്ന അതാറിററിയെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. ഇത് മിക്കവാറും, മുൻസിപ്പാലിററികളാണെങ്കിൽ എക്സിക്യൂട്ടീവ് അതാറിററിയും കാർപ്പറേഷനാണെങ്കിൽ കമ്മീഷണരും ആയിരിക്കും ഈ അതാറിററികൾ. അതിനുള്ള സ്റ്റാററ്യൂട്ടറിയായിട്ടുള്ള അപ്പീൽ പ്രൊവിഷനും ഉണ്ട്. ഇതിനുംപുറമെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്ക് റിക്കാർഡുകൾ വരുത്തുന്നതിനും പരിശോധിക്കുന്നതിനുംമററും ഉള്ള അധികാരം ഉണ്ടെന്നു പറഞ്ഞിട്ടുണ്ട്. സാധാരണ നിലയിൽ കഴിയുന്നതും പഞ്ചായത്തുകൾക്ക് പൂർണ്ണമായ അധികാരം കൊടുക്കണമെന്നു പറയുമ്പോൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ റവന്യൂ ബോർഡിന് അധികാരം കൊടുക്കണമെന്നു പറയുന്നതിൽ അല്പം പൊരുത്തക്കേട് ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നതിനുംപുറമേ ഇങ്ങനെ മൂന്ന് അപ്പീൽവരെ പ്രൊവൈഡ് ചെയ്യേണ്ട ആവശ്യംതന്നെ ഉണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. അതുകൊണ്ട് ഞാൻ ഇതിനോടു യോജിക്കുന്നില്ല. ഈ ഭേദഗതിയെ എതിർക്കുന്നു.

The amendmend was put and lost.

Clauses 13, 14 and 15 were put and carried.

The Clauses were added to the Bill.

The question that the preamble and title stand part of the Bill was put and carried.

[The Preamble and Title were added to the Bill]

Sri. N. Kunjuraman: I move that the Third Reading of the Bill may be taken up tomorrow.

Sri. A. J. John: I second it.

The motion was adopted.

Travancore-Cochin Suppression of Immoral Traffic Bill

Chief Minisier **(Sri. T. K. Narayana Pillai) :** I move that the Travancore-Cochin Suppression of Immoral Traffic Bill, as reported by the Select Committee be taken into consideration.

Minister for Finance and Revenue **(Sri. A. J. John) :** I second it.

The motion was put and carried and the Bill was taken into consideration

Sri. N. V. Chacko : Sir, I may be permitted to say that I have given notice of some amendments today. If the Bill is taken into consideration tomorrow, my amendments will come up for consideration. That will only mean that immoral traffic will continue for one day more. If, on the other hand, my amendments will be considered today, I have no objection to the Bill being taken up today.

Mr. Speaker : The amendments were received only to-day and out of time and therefore cannot be moved. Now that it is moved that the Bill be taken up for consideration, the hon'ble Member may make his suggestions.

Sri. N. V. Chacko : My suggestion is that the Hon'ble Minister may consider whether the amendments are really worthwhile or not. Most of them relate to punishments. For instance, where the offence is committed against the will of the women, the punishment is only imprisonment for two years with a fine of 1,000 rupees. It is a fundamental fact that no women chooses to do the crime willingly. It is out of poverty that women are compelled to do such offences. In such cases the punishment should not be severe. In one of my amendments I have suggested that the punishment should be reduced to one year imprisonment.

Mr. Speaker : If the hon'ble Member feels that the Bill should be recommitted to the Select Committee, that amendment may be moved.

Sri. N. V. Chacko : I would request the House to recommit the Bill for reconsideration for reasons given now. The punishments are very severe and have to be reduced.

<u>ശ്രീ. ടി. കെ. നാരായണപിള്ള</u>: റീകമ്മിററൽ എന്നാണു മോഷനെങ്കിൽ ഞാൻ അതിനെ എതിർക്കുന്നു. അതിന്റെ യാതൊരു ആവശ്യവുമില്ല. ഈ ബില്ലിലെ എല്ലാ വകുപ്പുകളും കൂലങ്കഷമായി സെലക്ട് കമ്മിററി പരിചിന്തിച്ചിട്ടുണ്ടു്. യാതൊരു ഭേദഗതികളും വരുത്തേണ്ടെന്നാണു സെലക്ട് കമ്മിററിയുടെ അഭിപ്രായം. ശ്രീമാൻ ചാക്കോ അവതരിപ്പിച്ചിട്ടുള്ളതായി പറയുന്ന ഭേദഗതികൾ കൊണ്ടുദ്ദേശിക്കുന്നതു് ശിക്ഷയെ സംബന്ധിക്കുന്ന ചില വ്യത്യാസങ്ങളാണു്. അതിലും അദ്ദേഹത്തിന്റെ വാദങ്ങൾക്കു് വലിയ അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ മോഷനെ ഞാൻ എതിർക്കുന്നു.

The motion was put and lost.

Clause 2

Sri. D. Gnanasigamoni : I move the following amendment:
"Delete clause 2 and in its place substitute the following:"

"2(*a*) it extends to the whole of the State of Travancore-Cochin.
(*b*) it shall come into force at once."

The existing clause arms Government with very wide powers in the application of the various provisions contained in the act. They include the power to apply all or any of the provisions of this act to the whole or any portion of the State of Travancore-Cochin by notification. Such a notification can be issued from time to time and can be modified as and when occasions arise. Government have also the power to notify that the said provisions shall take effect from a specified date given in that notification.

This Bill is practically word for word the Travancore Suppression of Immoral Traffic Act, 1117, and in that Act also, there is this identical provision. I have carefully gone through the subseqent volumes of the Acts and Proclamations of Travancore and I can assert that on no occasion was any notifications as contemplated under clause 2 of this Bill issued. This Act has been now on the statute book for the last 9 years and there has not been a single instance to show that it was ever brought into effect so that this statute has remained a dead letter all through its history. My only object in this amendment is to have the satisfaction of having given effect to this Bill and to test the sincerity of Government on this Bill.

This Bill was originally taken from the corresponding Madras Act and it can be seen from the Madras Act that the real object of that Act is to rescue minor

[Sri. D. Gnanasigamoni]

girls from houses of ill-fame and place them in rescue homes so that when they leave the rescue homes, they may be enabled to lead an honourable life. This objective is lost sight of by the framers of the original Act and it has now come back again with all its defects. That is the chief reason why this Act has thus remained a dead letter throughout its chequered history and that is the fate awaiting this Bill when it is passed into law. The Bill as it is, is difficult of application in the absence of these salutory provisions which I have just now mentioned. These additional provisions will necessarily involve the establishment of rescue homes and other provisions to give effect to this Bill. Without these salient features, the Bill is as good as useless.

The 2nd objection to this clause is the power vested in Government to apply the provisions of this Act to any portion of the State of Travancore-Cochin. That would be in effect the experience we are having in relation to the application of the Prohibition Act. Such a power therefore ought not to vest with Government.

In support of what I have said already, I would just refer to the provision of the corresponding Madras Act. Section 6 of the Madras Act makes provision for the removal and disposal of minor girls from brothels. This salutory provision is omitted here There is also the additional provision for keeping such girls in rescue homes until the girls attain the age of 21 years. Section 7 of the Madras Act is also omitted. That relates to the immediate custody of the girl. Again Section 8 relates to subsequent treatment of the girl committed to custody. There is provision for removal to proper custody if and when occasons arise. This provision is also found to have been omitted. Section 14 of the corresponding Madras Act is also omitted and that relates to the power to enter premises for the purpose of ascertaining whether an offence punnishable under this Act has been comitted. All these provisions are not found in the existing Act and that explains why it has so long remained a dead letter. There can be no doubt that this Bill also awaits the same fate in the absence of these provisions when it is passed into law.

These are the reasons that prompted me to move this amendment so that we may have at least the satisfaction of putting on the statute Book a living Act.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ഒരു ഭാഗം ഈ ഭേദഗതിയുമായി യാതൊരു സാംഗത്യവും ഇല്ലാത്ത ഒന്നാണ്. മദ്രാസിലെ ആക്ടിലുള്ള ചില വകുപ്പുകൾ ഈ ബില്ലിൽ ചേർത്തിട്ടില്ലെന്നു ഒരു ആക്ഷേപം ഉന്നയിക്കുകയുണ്ടായി. എന്നാൽ ആ വകുപ്പുകൾ ചേർക്കേണ്ട ആവശ്യത്തിലേക്ക് അദ്ദേഹം ഭേദഗതികൾ ഹാജരാക്കിയിട്ടുമില്ല. അതുകൊണ്ട് ആ വാദത്തിന് പ്രസക്തിയില്ല. രണ്ടാമതായി ഉന്നയിച്ച വാദം ഒരു ബില്ലായാൽ രാജ്യത്തു ആകമാനം നടപ്പിൽ വരുത്തേണ്ടതല്ലേ എന്നാണ്. അതിന് അദ്ദേഹം ഉപോൽബലകമായി പറഞ്ഞതു ൧൧൧൬-ൽ ഇവിടെ ഒരു ബിൽ പാസായിട്ട് യാതൊരു നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുള്ളതായി രണ്ടു പുസ്തകങ്ങൾ രാപ്പകൽ ഇരുന്നു നോക്കിയിട്ടും കാണാൻ സാധിച്ചില്ലെന്നാണ്. അതു ശരിയല്ല. അതു സംബന്ധിച്ചു നാഗർകോവിലിലും ആലപ്പുഴയിലും നോട്ടിഫിക്കേഷൻ ഉണ്ടായിട്ടുണ്ട്. ബില്ലിന്റെ പ്രവർത്തനം ആലുവാ മുതലായ പട്ടണങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ൧൧൧൬ ലുണ്ടായ ബിൽ അനുസരിച്ച് ഗവണ്മെണ്ടിന് ബോദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ബില്ലിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾ പരിശോധിക്കുന്നപക്ഷം ഏതെങ്കിലും ഒരു സ്ഥലത്ത് നിയമം നടപ്പിൽ വരുത്തേണ്ട ആവശ്യമാണെന്നു തോന്നുന്നപക്ഷം അപ്രകാരം

ചെയ്യുന്നതിനുള്ള അധികാരം ഗവണ്മെണ്ടിനുതന്നെയുണ്ടു്. ഈ ബില്ല് ഒന്നാം വായനക്കു വന്ന അവസരത്തിൽ ഉണ്ടായ ആക്ഷേപം പോലീസു് ഉദ്യോഗസ്ഥന്മാർക്കു് അസാധാരണമായ അധികാരം ഇതുമൂലം പ്രദാനം ചെയ്യുന്നു എന്നായിരുന്നു. പോലീസിനു് അസാധാരണമായ അധികാരങ്ങൾക്കു് ഇടനല്കുന്ന ഒന്നു രാജ്യവ്യാപകമായ നിലയിൽ എല്ലാ സ്ഥലങ്ങളിലും വ്യാപിപ്പിക്കാതെ ആവശ്യമുള്ള സ്ഥലത്തേക്കുമാത്രം ഉപയോഗിക്കാമെന്നുള്ള വിചാരമാണു് ഈ ക്ലാസു കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. അതിനാൽ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.
The question that Clause 2 stand part of the Bill was put and carried.
Clause 2 was added to the Bill.
The question that Clauses 3, 4, 5, 6, 7, 8, 9, 10, 11 and 12 stand part of the Bill was put and carried.
Clauses 3 to 12 were added to the Bill.
The question that Clause 1 of the Bill stand part of the Bill was put and carried.
Clause 1 was added to the Bill.
The question that the title and preamble of the Bill stand part of the Bill was put and carried.
The title and preamble were added to the Bill.

Sri. T. K. Narayana Pillai : Sir, I move that the Bill be passed.

Sri. A. J. John: Sir, I second it.

The question that the Travancore-Cochin Suppression of Immoral Traffic Bill be passed was put and carried.
The Bill was passed.

The Travancore-Cochin Easements Bill

Minister for Finance and Revenue **(Sri. A. J. John)**: Sir, I move that the Travancore-Cochin Easements Bill asreported by the Select Committee be taken into consideration.

No amendment to the Bill has been tabled by any Member.

Sri. T. K. Narayana Pillai : I second it.

The question that the Travancore-Cochin Easements Bill be taken into consideration was put and carried.

Mr. Speaker : There are no amendments and there is no objection to the Bill being taken up for consideration. There are altogether 64 clauses. So, I shall put clauses 2 to 64 to the vote of the House.

. *The question that Clauses 2 to 64 stand of part the Bill was put and carried.*
Clauses 2 to 64 were added to the Bill.
The question that clause 1 stand part af the Bill was put and carried.
Clause 1 was added to the Bill.
The question that the title and the preamble stand part of the Bill was put and carried.

The title and preamble were added to the Bill.

Sri. A. J. John: I move that the Bill be passed.

Sri. T. K. Narayana Pillai: I second it.

The question that the Travancore-Cochin Easements Bill be passed was put and carried.
The Bill was passed.

The Travancore-Cochin Treasure Trove Bill

Minister for Finance and Revenue **(Sri. A. J. John)**: Sir, I move that the Travancore-Cochin Treasure Trove Bill as reported by the Select Committee be taken into consideration.

The question that the Travancore-Cochin Treasure Trove Bill be taken into consideration was put and carried.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Sri. K. P. Nilakanta Pillai: Sir, I move: "In clause 3 (1), line 2, substitute the word 'Hundred' for 'ten'.

സർ, ഈ ബില്ലിലെ നിർദ്ദേശമനുസരിച്ചു ഭൂമിയുടെ അടിയിൽ ഒളിച്ചുവച്ചിട്ടുള്ളതും അടിഞ്ഞുകിടക്കുന്നതുമായ പത്തു രൂപയ്ക്കുമേൽ വിലയുള്ള ഏതെങ്കിലും വസ്തുക്കൾ ഉണ്ടെന്നു കണ്ടുപിടിക്കപ്പെടുകയാണെങ്കിൽ അതു ട്രഷറായി കരുതണമെന്നും അതിനെ ഈ ബില്ലിലെ നിർദ്ദേശപ്രകാരം മൂന്നു മുതൽ ഒൻപതുവരെ ക്ലാസുകൾ അനുസരിച്ചുള്ള നടപടികൾ നടത്തണമെന്നുമാണ് പറഞ്ഞിട്ടുള്ളതു്. ഇപ്പോൾ നിലവിലിരിക്കുന്ന തിരുവിതാംകൂറിലെ ൧൦൯൮-ലെ ആക്ടനുസരിച്ചു് ഈ പത്തുരൂപയ്ക്കു് പകരം ൫൦ രൂപാ എന്നാണ് കാണുന്നതു്. എന്റെ ഭേദഗതി ഈ ബില്ലിൽ പറയുന്ന പ്രകാരം പത്തു രൂപാ എന്നുള്ളതു മാററി ൧൦൦ രൂപാ എന്നാക്കണമെന്നാണ്. അതിന്റെ കാരണവും വ്യക്തമാണ്. ൧൦൯൮-ലെ ആക്ടിൽപോലും പറയുന്നതു ൫൦ രൂപായ്ക്കു് താഴെ വിലവരുന്ന ഏതു സാധനങ്ങളും ഭൂമിക്കടിയിൽ എവിടെയെങ്കിലും കിടന്നാൽ അതൊരു ട്രഷറായി കരുതാനോ അവകാശം നിർണ്ണയം ചെയ്യുന്നതിനോ യാതൊരു അധികാരവും ഇല്ലാ എന്നായിരുന്നു. എന്നാൽ ഇപ്പോൾ ട്രഷർ എന്നുള്ളതു് ഡിഫൈൻ ചെയ്തിരിക്കുന്നതു്. "'Treasure' means anything of any value hidden in the soil or in anything affixed thereto." എന്നാണ്

അങ്ങിനെ നോക്കുന്നപക്ഷം പത്തു രൂപയ്ക്കുമേൽ വിലയുള്ള ഏതു സാമാനങ്ങളും ഭൂമിക്കടിയിൽ കിടന്നാൽ അതു ട്രഷറായി കരുതി അതേ സംബന്ധിച്ചു വേണ്ട നടപടികൾ നടത്തണമെന്നാണ്. അതു ആവശ്യമില്ലാത്ത ഒരു ഉപദ്രവമാണെന്നു ഇതു കണ്ടുപിടിക്കപ്പെട്ട ആളിനും, അതുമാത്രമല്ല ഗവൺമെണ്ടിനു പോലും തോന്നുന്നതുമാണ്. ഒരു തോടൊ കുളമോ കുഴിക്കുമ്പോൾ അതിനടിയിൽ വല്ല കരിങ്കല്ലോ തടിയോ അതല്ലെങ്കിൽ കട്ടച്ചെളിയൊ കാണുന്നപക്ഷം അതൊക്കെ ട്രഷറായി കരുതിയാൽ അതിന്റെ അവകാശത്തെപ്പററി നിർണ്ണയിച്ചു അതിന്റെ ഓഹരി തിട്ടപ്പെടുത്തുകയും നടപടി നടത്തുകയും ചെയ്യുന്നതുകൊണ്ടു് യാതൊരുപയോഗവും ഇല്ല എന്നു പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. എന്നാൽ ഈ ബിൽ പാസ്സാക്കുകയല്ലാതെ അതു നടപ്പിൽ വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ എന്നു എനിക്കു സംശയമാണ്. ഇപ്പോൾതന്നെ ഇതുമാതിരി നിയമമുണ്ടെങ്കിൽ പുറമ്പോക്കുസ്ഥലങ്ങളിൽനിന്നും ചെളിയും മററും കോരാൻപാടില്ല എന്നു റൂളുകൾ ഉണ്ടു്. അങ്ങിനെയുള്ള ഉദാഹരണങ്ങൾ ഞങ്ങൾ പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിന്റേയും ഗവൺമെണ്ടിന്റേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ടു്. അതെനിക്കു ബോദ്ധ്യമുള്ള സംഗതിയുമാണ്. അതുകൊണ്ടു് പത്തു രൂപാ എന്നു ഈ ബില്ലിൽ വ്യവസ്ഥചെയ്യുന്നപക്ഷം അതു് സംബന്ധിച്ചു നടപടിനടത്തുന്നതിനു് പാർവ്വത്യകാരന്മാർക്കും കളക്ടർക്കും മററുദ്യോഗസ്ഥന്മാർക്കും ഉപദ്രവങ്ങൾ ഉണ്ടാകുന്നതാണ്. ട്രഷർ എന്നു പറയുമ്പോൾ നിധി എന്നാണ് പറയുന്നതു്.

ഇന്നു നൂറു രൂപാ നോട്ടിനുപോലും വിലയില്ലാത്ത സ്ഥിതിയാണ്. എന്നാൽ നിധി എന്നു പറയുമ്പോൾ അതിന് നൂറു രൂപാ നോട്ടിനേക്കാൾ വിലയുണ്ടെന്നാണ് ഞാൻ കരുതുന്നതു്. അപ്പോൾ ഈ പത്തു രൂപായിൽ കവിഞ്ഞു വിലയുള്ള സാധനങ്ങൾക്ക് ട്രഷർ എന്നു കരുതി നടപടി നടത്തണമെന്നു പറയുന്നതു് ശരിയല്ല. ൧൮൭൮-ലെ ആക്ടിൽ ൧൦ രൂപാ എന്നു വച്ചിരിക്കുന്നതു് ഇന്നു നൂറു രൂപാ ആക്കണമെന്നു പറയുന്നതു് ഒരു വലിയ തുകയല്ല. ഇന്നു ൧൦ രൂപാ എന്നുള്ളതു മാററി നൂറ് എന്നാക്കുന്നതു് പുരോഗമനമാണ്. നേരെമറിച്ച് ൧൦൦ എന്നുള്ളതു മാററി പത്തു എന്നാക്കുന്നതു് അധോഗമനമാണ്, പുരോഗമനമല്ല. അതുകൊണ്ട് നൂറു രൂപായാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതു് സ്വീകരിക്കണമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ഈ ഭേദഗതി ഹാജരാക്കുന്നതിനു മുമ്പ് ഈ ട്രഷർ എന്നുള്ളതിന്റെ ഡെഫനിഷൻ ഒന്നു വായിച്ചുനോക്കിയിരുന്നെങ്കിൽ ഈ ചെളിയും, കരിങ്കല്ലും മററും ട്രഷറായി കരുതും എന്നു പറയുമായിരുന്നോ എന്നെനിക്കു സംശയമുണ്ട്. ചെളി ട്രഷറായി ഒളിച്ചുവയ്ക്കുന്ന ഒരു സാധനമാണെന്നു ഞാൻ ഇതുവരെ അറിഞ്ഞിട്ടില്ല. കഴിക്കുന്ന അവസരത്തിൽ അതിനകത്തു വല്ല സാധനവും കഴിച്ചുവച്ചിട്ടുണ്ടെങ്കിൽ അതു മാത്രമേ ട്രഷറായി കരുതുകയുള്ളൂ.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ബഹു. മെമ്പർക്ക് അതേപ്പററി അറിവേയുള്ളൂ. വളരെ കാലങ്ങളായി വളരെ വിലപിടിപ്പുള്ള തടികളും മററും ചെളിയിൽ കിടപ്പുണ്ട്. അതു ചിലപ്പോൾ അഞ്ചും ആറും കണ്ടി മരങ്ങൾ കാണും. അതുപോലെതന്നെ ചിലപ്പോൾ വലിയ കരിങ്കല്ലുകൾ കണ്ടേയ്ക്കാം. അതുകൾ എല്ലാം ഈ ബില്ലിലെ ഡെഫനിഷൻ അനുസരിച്ചു ഒരു ട്രഷർ ആകുകയില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്.

ശ്രീ. എ. ജെ. ജോൺ: മനുഷ്യരുടെ പ്രവൃത്തികൊണ്ട് ഒളിച്ചുവയ്ക്കപ്പെട്ട ഏതെങ്കിലും സാധനങ്ങളെ സംബന്ധിച്ചുമാത്രമേ ഡെഫനിഷനകത്തു വരികയുള്ളൂ. അതു കൂടാതെ തിരുവിതാംകൂറിൽ ഉണ്ടായിരുന്ന നിയമത്തിൽ ൧൦ രൂപാ വരെ വിലയുള്ള സാധനങ്ങൾ എന്നു പറയുന്നതു് ഇപ്പോൾ പത്തു രൂപാ ആക്കിയിരിക്കുന്നു എന്നും പറയുകയുണ്ടായി.

ഇപ്പോഴത്തെ പണത്തിന്റെ വില വച്ചുനോക്കുന്നപക്ഷം അതു വളരെ കുറവായിപ്പോയി എന്നുമാണ് പ്രസ്താവിച്ചതു്. ഇപ്പോൾ കൊച്ചിയിൽ നിലവിലുള്ള നിയമത്തിൽ പത്തു രൂപാ എന്നാണ് വച്ചിരിക്കുന്നതു്. അതുമാത്രമല്ല ൧൮൭൮-ലെ ഇൻഡ്യൻ ട്രഷർ ട്രോവ് ആക്ടിലും ഈ പത്തു രൂപാ എന്നാണ് വച്ചിരിക്കുന്നതു്. അതുകൊണ്ട് ഈ ബില്ലിൽ ഈ പത്തു രൂപാ എന്നു വച്ചിരിക്കുന്നതു് തീരെ നിസ്സാരമായ തുക അല്ലെന്നു കാണുവാൻ കഴിയും.

പത്തു രൂപാ എന്നു പറഞ്ഞാൽ ഒരു നിധി ആകയില്ലേ എന്നാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നാം മനസ്സിലാക്കിയതു്. എന്നാൽ ഒരു നിയമം ഉണ്ടാക്കുമ്പോൾ അതു സാധാരണ ജനങ്ങളുടെ നിലയെക്കൂടി പരിഗണിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് പത്തു രൂപാ എന്നു ഈ ബില്ലിൽ കൊള്ളിച്ചിരിക്കുന്നതു്. ഈ കാരണങ്ങളാൽ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

Sri. D. Gnanasigamoni: One question Sir. Have any cases arisen under this Act?

ശ്രീ. എ. ജെ. ജോൺ: നിശ്ചയമില്ല.

The amendment was put and lost.

The question that clause 3 stand part of the Bill was put and carried.
Clause 3 was added to the Bill.
The question that clauses 4 to 7 stand part of the Bill was put and carried.
Clauses 4 to 7 were added to the Bill.

Clause 8

Sri. D. Gnanasigamoni: I move:

Rewrite clause 8 as follows:—

" 8 (i) If upon such enquiry the Collector sees no reason to believe that the treasure was so hidden, or

(ii) if, where a period is fixed under section 7, no suit is instituted as aforesaid within such period to the knowledge of the Collector, or

(iii) if such suit is instituted within such period and the plaintiff's claim is finally rejected,

the Collector may declare the treasure to be ownerless.

Any person aggrieved by a declaration made under sub-section (i) of section 8 may appeal against the same within two months from the date thereof to the Board of Revenue.

Subject to such appeal every such declaration shall be final and conclusive."

So far as the first portion of this clause is concerned, I have not made any change excepting to regroup them under clauses (*i*) to (*iii*). So far as the second portion is concerned, instead of making the cases coming under all the three clauses appealable under the second paragraph of that clause, I suggest that clause (*i*) of section 8 alone be made appealable. This is all the change that I have suggested.

Now, the clause as it stands is:

" If upon such enquiry the Collector sees no reason to believe that the treasur was so hidden, or

if, where a period is fixed under section 7, no suit is instituted as aforesaide within such period to the knowledge of the Collector, or

if such suit is instituted within such period and the plaintiff's claim is finally rejected,

the Collector may declare the treasure to be ownerless."

Three cases are contemplated under this provision. One is that where the Collector declares in his own right the treasure to be ownerless; secondly, where the Collector fixes a time for the party concerned to take a suit before the Civil Court and where such a suit not being instituted, and thirdly, where it contemplates a case where a time has been fixed by the Collector and the party concerned has taken the suit and the claim is finally rejected. In all these cases, an appeal has been provided for under this clause. It appears to me, in respect of matters covered by the last portion where a party has taken a suit and the claim is finally rejected, the order that is passed by the Collector is only a consequential order, and in such a case, no appeal is necessary. It is granted under the provisions of this Act that the matter, in case of dispute, will have to be finally settled by the Civil Court. So, in cases where the Collector fixed a time and the party takes a civil suit and the claim is finally rejected, the order passed by the Collector is merely consequential. So, in respect of that, it appears to me that no appeal is necessary, and the appellate authority cannot change, vary or modify that decision because it is a final adjudication by the Civil Court.

The other case is where the Collector fixed a time and the party concerned does not choose to take the matter to a Civil Court and so he gives up his right.

In such a case also, the order of the Collector can only be merely consequential. So, in respect of that also, no appeal need be provided for because the party concerned has given up the right of action before the Civil Court and the matter is thus practically concluded by the order of the Collector. On the other hand, the Collector takes the decision himself in respect of the first, and it is of course absolutely necessary that an appeal be provided for. That is why I have split up the clause into three parts. One, a case in which a Collector passes an order and where an appeal is necessary, and the other two cases where the party has taken the matter to a Civil Court and where the claims are rejected, or, finally adjudicated upon, and where no appeal need be provided for. That is why I say in the second portion, "Any person aggrieved by a declaration made under sub-section (*i*) of section 8 may appeal against the same within two months from the date thereof to the Board of Revenue." It appears to me that in respect of the first clause alone, an appeal is necessary. In respect of the other two clauses, an appeal is not necessary because the order passed by the Collector can only be consequential, and the appellate authority cannot question or otherwise vary the decision by a Civil Court. I sumbit that this amendment may be adopted.

ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ശ്രീ ജ്ഞാനശിഖാമണിയുടെ ഭേദഗതിയിൽ പറയുന്നതു് ഇതിൽ ഒന്നാമത്തെ ഉപവകുപ്പിനുമാത്രം അപ്പീൽ കൊടുക്കുന്നതിനുള്ള വ്യവസ്ഥ വച്ചാൽ മതിയെന്നും രണ്ടും മൂന്നും ഉപവകുപ്പിലെ കാര്യങ്ങൾക്കു് അപ്പീൽ അവകാശം വേണ്ടെന്നുമാണു്. ഇപ്പോൾ ഇരിക്കുന്നമാതിരിയാണെങ്കിൽ രണ്ടും മൂന്നും ഉപവകുപ്പുകളിലെ കാര്യങ്ങൾക്കും അപ്പീലിനു് അവകാശം വച്ചിട്ടുണ്ടു്. ഏതായാലും ഒരു കളക്ടരുടെ തീരുമാനത്തിന്മേൽ കക്ഷിക്കു് റവന്യൂബോർഡിൽ അപ്പീൽ ബോധിപ്പിക്കുന്നതിനു് അവകാശം നൽകുകയും ഒരു സിവിൽകേസിനു് പോകാതെതന്നെ റവന്യൂബോർഡിൽനിന്നും നിവൃത്തിമാർഗ്ഗം സമ്പാദിക്കുന്നതിനു് സൗകര്യമുണ്ടാക്കുകയുമാണു് ഈ വ്യവസ്ഥകൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്. അങ്ങിനെ ഒരു സിവിൽകേസിനു് പോകാതെതന്നെ കക്ഷിക്കു് നിവൃത്തിമാർഗ്ഗം ഉണ്ടാക്കാമെന്നുവരുന്നതു് കൂടുതൽ സൗകര്യമാണു്. അതുകൊണ്ടു് ഭേദഗതി സ്വീകരിക്കുവാൻ നിവൃത്തിയില്ല.

Sri. D. Gnanasigamoni: The Hon'ble Minister has not understood my point. Here, one of the clauses is: "If such suit is instituted within such period and the plaintiff's claim is finally rejected." In such a case, the order that is passed by the Collector is only consequential. The matter is finally adjudicated upon by the Civil Court. Then, what is the need for an appeal? That is the question that I put to the Hon'ble Mininster.

The amendment was put and lost.
Clause 8 was put and carried.
Cause 8 was added to the bill.

The question that clauses 9 to 14 stand part of the Bill was put and carried.
Clauses 9 to 14 were added to the Bill.

Clause 15

Sri. P. S. Nataraja Pillai: I move that in clause 15 the following proviso be added:—

"Provided the person entitled to payment under this Section, if he questions the value of the material or portion thereof fixed by the Collector, may, within two months from the date of the order of the Collector to acquire, institute a suit in the

[Sri. P. S. Nataraja Pillai].

Civil Court to have the value of such material fixed." The clause as it stands is: "The Collector may, at any time after making a declaration under Section 8, and before delivering or dividing the treasure as herein before provided, declare, by writing under his hand, his intention to acquire, on behalf of the Government, the treasure or any specified portion, thereof'. . . ." etc. I want the proviso added that: "Provided the person entitled to payment under this Section, if he questions the value of the material or portion thereof fixed by the Collector, may, within two months from the date of the order of the Collector to acquire, institute a suit in the Civil Court to have the value of such material fixed."

Sir, a treasure may have a monetary value or may not have a monetary value. It was said here by the Honourable mover himself that a treasure may be a hidden thing. Anything may lie hidden. We have heard excavations being hidden by natural causes and the things lying hidden will come under this provision. It need not necessarily be hidden by an individual. Things lying hidden through causes other than those of individuals will also, I presume, fall within the purview of this provision. Therefore, if a treasure is found and if the Government thinks of acquiring it for themselves for the purpose of exhibition and if that treasure is a very valuable relic or heirloom of a particular individual or family, then, the real value will depend upon the point of view of the approach. The Collector may fix a value. But an opportunity must be given to get a reasonable value for such things. Apart from the monetary value, certain objects may possess an intrinsic value. Their metal, or the workmanship displayed on the object, may fetch a very high value in the world as a piece of art or curio. So, if the District Collector says that an idol was made in brass or glass and assesses it to a particular price and secures that object for the Government, then it will be a substantial loss to the owner of that object since the owner may be able to fetch a far high price in the markets of the world, for that object, as a curio. So, the opportunity for the owner to recoup the value of the object and to get adequate compensation must also be provided. It should not be simply stated that the Collector, on behalf of the Government, may acquire it. That will be expropriation in one form.

ശ്രീ. എ. ജെ. ജോൺ: ട്രഷറിനെ സംബന്ധിച്ചു് ഞാൻ നേരത്തെ ഇവിടെ പറഞ്ഞ അഭിപ്രായം എന്റെ സ്നേഹിതൻ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളക്കു് അത്ര സ്വീകാര്യമായിട്ടു തോന്നിയില്ല. എന്നാൽ അദ്ദേഹം പറഞ്ഞതുപോലെ തടികളേയും മററും സംബന്ധിക്കുന്ന കാര്യം ഫോറസ്റ്റ് ആക്ടിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു് പല കോടതികളിൽനിന്നും അനേകം വിധികളും ഉണ്ടായിട്ടുണ്ടു്.

"The Act applies only to things which have been hidden. Timber found embedded in earthwork is covered by Section 45 of the Forest Act and not by this Act. Property not hidden is not treasure trove and belongs to the owner of land on which it is found."

ഇതനുസരിച്ചാണു് ട്രഷർ എന്നാൽ എന്താണെന്നു ഞാൻ നേരത്തെ പറഞ്ഞതു്.

Sri. D. Gnanasigamoni: Are they decisions of this State?

Sri A. J. John: No, no. They are British Indian decisions—Calcutta, Madras and other places.

നടരാജപിള്ളയുടെ ഭേദഗതി സ്വീകരിക്കാൻ എനിക്കു സമ്മതമാണു്. പക്ഷെ ആ ഭേദഗതിക്കു് അല്പം വ്യത്യാസം വരുത്തേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഇതിൽ പതിനാറാം വകുപ്പിലെ വ്യവസ്ഥയും ഇതും പരസ്പരവിരുദ്ധമായിപ്പോകുന്നതാണു്. അതുകൊണ്ടു് "Subject to the provisions of Section 15" എന്നുകൂടി

ക്ലാസ് ൧൬-നമ്പരിൽ ചേർക്കാമെങ്കിൽ ഇതു സ്വീകരിക്കുന്നതിനു വിരോധമില്ല. ബഹു. മെമ്പർക്ക് അതു സമ്മതമാണെങ്കിൽ ഞാൻ നിർദ്ദേശിച്ച ഭേദഗതിയോടുകൂടി ഈ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

Sri. P. S. Nataraja Pillai : I agree to the suggestion.

Mr. Speaker : The amendment is therefore accepted subject to the condition that a consequential amendment to clause 16 may be added.

Sri. A. J. John : There is one difficulty. There is another amendment to clause 16 by Sri. Gnanasigamoni, *i.e.*, to delete clause 16 and re-number. So, these amendments may be discussed together.

Mr. Speaker : Before I dispose of this amendment, I shall have the next amendment also gone into. Does the hon'ble member Mr. Gnanasigamoni move his amendment to clause 16 ?

Sri. D. Gnanasigamoni : I do not move that amendment.

Mr. Speaker : So I believe, this amendment, on the condition suggested by the Hon'ble Minister, may be accepted.

Sri. A. J. John : Yes.

The amendment was put and carried.
The question that Clause 15, stand part of the Bill was put and carried.
Clause 15, as amended, was added to the Bill.

Clause 16

Mr. Speaker : While accepting Sri. P. S. Nataraja Pillai's amendment to clause 15 a consequential amendment was proposed by the Hon'ble Minister as a condition precedent to accepting that amendment. What is the amendment proposed?

Sri. A. J. John : The words "Subject to the provisions of Section 15" be added before the words 'No decision..' in Clause 16.

The amendment was adopted.
The question that Clause 16 as amended stand part of the Bill was put and carried.
Clause 16 as amended was added to the Bill.
The question that Clause 17 stand part of the Bill was put and carried.
Clause 17 was added to the Bill.

Sri. D. Gnanasigamoni : I do not move my amendment to clause 18.

The question that Clauses 18 to 22 stand part of the Bill was put and carried.
Clauses 18 to 22 were added to the Bill.
The question that Clause 1 and Title stand part of the Bill was put and carried.
Clause 1 and Title were added to the Bill.
The question that the Preamble stand part of the Bill was put and carried.
The Preamble was added to the Bill.

Sri. A. J. John : I move that the Third Reading of the Bill be taken up tomorrow.

Sri. T. K. Narayana Pillai : I second the motion.

The motion was put and carried.

The Assembly adjourned at 4-35 p.m. to meet again at 11 a.m. on Saturday, the 24th February 1951.

V. KRISHNAMOORTHI AIYAR
Secretary to the Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Saturday, *the 24th February 1951*

VOL. III] OFFICIAL REPORT [No. 4

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock, on Saturday, the 24th February 1951, with Mr. Speaker in the chair.

ADJOURNMENT MOTIONS

Mr. Speaker: The adjournment motions * received here more or less relate to the same matter, namely, the serious situation of the handloom industry and the scarcity of yarn and cloth in the country. There are three adjournment motions. The Minister has promised to make a statement in respect of the subject-matter of the motions. After hearing him, the admissibility of the motions will be decided.

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, കഴിഞ്ഞ രണ്ടുമൂന്നുമാസമായി, പ്രത്യേകിച്ചും ഇക്കൊല്ലം ജനുവരിമാസത്തിൽ, നമ്മുടെ രാജ്യത്തേക്കു കിട്ടിയ നൂൽക്കോട്ട വളരെ കുറവാണ്. അതുമൂലം ഈ നാട്ടിൽ കൈത്തറി നെയ്ത്തുകൊണ്ട് ഉപജീവനം കഴിച്ചിരുന്ന അനേകം തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ബുദ്ധിമുട്ടു നേരിട്ടിട്ടുണ്ട്. മിനിഞ്ഞാന്നാൾ ഞാൻ, രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തെ സംബന്ധിച്ചുണ്ടായ വാദപ്രതിവാദത്തിൽ ചെയ്ത പ്രസംഗത്തിൽതന്നെ ഈ വസ്തുത സമ്മതിച്ചിട്ടുള്ളതാണ്. ജനകീയ ഗവൺമെൻറു വന്നതിനുശേഷം ദിവാൻ ഭരണമുള്ളകാലത്തു ഉണ്ടായിരുന്നിടത്തോളംപോലും നൂൽ ഇപ്പോൾ കിട്ടുന്നില്ല, അങ്ങിനെ ഈ ഭരണം ജനങ്ങളെ വിഷമിപ്പിക്കുന്നു എന്നു ചില ബഹു. മെമ്പറന്മാർ പ്രസ്താവിക്കുകയുണ്ടായി.

---

*The following are the three adjournment motions:

1. **Sri. K. K. Chellappan Pillai:**
   " I wish to move for the adjournment of the business of the House for discussing a definite matter of urgent public importance namely the acute shortage of cloth and yarn in the country and the consequent soaring up of prices, disappearance of stocks, irregularities and inequalities of distribution and consequent distress in the country."

2. **Sri. P. Kunjukrishnan:**
   " I move for an adjournment of the business of the House for the purpose of discussing a definite matter of urgent public importance, namely, the sufferings and privations of the weavers of the State due to unemployment consequent on the extremely inadequate supply of yarn to weavers."

3. **Sri. P. S. Nataraja Pillai:**
   " I beg leave to make a motion for an adjournment of the business of the House for the purpose of discussing a definte matter of urgent public importance, viz., the serious situation of the handloom industry caused by the scarcity of yarn and the method of its distribution."

Sri. K. P. Nilakanta Pillai. It would appear, Sir, that he is anticipating a speech to be made on this side of the House and replying it, We want a statement of facts.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. ആൻറിസിപ്പേററു ചെയ്യുതിനെപ്പററിയല്ല, കഴിഞ്ഞതിനെപ്പററിയാണു് ഞാൻ പറഞ്ഞതു്. കഴിഞ്ഞ ഏതാനും കാലമായി നൂലിനുണ്ടായ ക്ഷാമത്തെപ്പററി ആമുഖമായി ഞാൻ ഇത്രയും പ്രസ്താവിച്ചതാണു്. ആമുഖം കാണുമ്പോൾതന്നെ ബ: ഹൗ. മെമ്പർക്കു് ഇത്രയും ഭയമുണ്ടായതിൽ ഞാൻ അതിശയിക്കുന്നു.

൧൯൪൭ മുതൽക്കാണു് നൂലിനു കൺട്രോൾ തുടങ്ങിയതു്. അക്കാലത്തു ൧൯൫൫ ബെയിൽ നൂലാണു് നമ്മുടെ സംസ്ഥാനത്തേക്കു് അനുവദിച്ചിരുന്നതു്. അനുവദിക്കപ്പെട്ടിരുന്ന ഈ ക്വോട്ടതന്നെ മുഴുവനും നാം വാങ്ങിയിരുന്നില്ല. ൧൨൦൦ ബെയിലിൽ താഴെവരുന്ന നൂൽ മാത്രമേ നാം അന്നു വാങ്ങിയിരുന്നുള്ളു. അക്കാലത്തു ഇവിടെ കൈത്തറിത്തുണികൾ വളരെയധികം സ്റ്റാക്കുണ്ടെന്നുള്ള ആക്ഷേപംപോലും ഉണ്ടായി. ഇൻഡ്യാഗവമ്മെൻറിൻെറ അടുക്കൽ ഇവിടെയുള്ള കൈത്തറി തുണികൾ വാങ്ങിയാൽ കൊള്ളാമെന്നു് അന്നത്തെ ഗവമ്മെൻറു നിവേദനം നടത്തുകയും ചെയ്തു. ൧൯൪൯ ഫെബ്രുവരി മാസത്തിൽ നൂലിൻെറ റേഷനിംഗ് തന്നെ നിറുത്തി. അതു സംബന്ധിച്ചുള്ള ബ്ലാക്കുമാക്കററിംഗും ഇല്ലാതായി. വളരെ അധികം നൂൽസപ്ലൈ ഉണ്ടാകുകയും ചെയ്തു. പക്ഷെ ൧൯൫൦-ാമാണ്ടു് നൂലിനെ സംബന്ധിച്ചിടത്തോളം വിഷമമുള്ള ഒരു കൊല്ലമായിരുന്നു. പല കാരണങ്ങളെക്കൊണ്ടും ഇൻഡ്യാരാജ്യത്തിലെ നൂലിൻെറ ഉൽപ്പാദനത്തിൽ നല്ല ഒരു ഓഹരി വിദേശങ്ങളിലേക്കു് കയററി അയക്കേണ്ടതായിവന്നു. ൧൯൫൦ ആഗസ്റ്റ് മാസം മുതൽ നൂൽ ക്രമേണ കുറഞ്ഞു് ഒടുവിൽ ഡിസംബർ മാസത്തിൽ ൧൦൨൮ ബെയിലും ജനുവരി മാസത്തിൽ ൯൪൮ ബെയിലും നൂൽ മാത്രമേ നമുക്കു് ലഭിച്ചുള്ളു. ഇങ്ങനെ നൂൽ കുറയാനുള്ള കാരണം ഇൻഡ്യാ ഗവമ്മെൻറു കയററുമതി അനുവദിച്ചതുകൊണ്ടും നമുക്കു് വേണ്ടിടത്തോളം നൂൽ കിട്ടാത്തതുകൊണ്ടുമാണു്.

ഇതു സംബന്ധിച്ചു് ഇൻഡ്യാ ഗവമ്മെൻറിൻെറ അടുക്കൽ ഈ ഗവമ്മെൻറു ശക്തിയായി നിവേദനം നടത്തിയിട്ടുണ്ടു്. കഴിഞ്ഞ ഫെബ്രുവരി ൯-ാംനു നൂലിൻെറ സ്ഥിതിയെപ്പററി നിവേദനം നടത്തിയതിൻെറ ഫലമായിട്ടു് ഫെബ്രുവരിമാസത്തേക്കു് ൧൧൦൦-ൽപരം ബെയിൽ നൂലു് നമുക്കു് തരാമെന്നു് ബ: ഹൗ. മന്ത്രി ജോണിൻെറ അടുക്കൽ ഇൻഡ്യാഗവമ്മെൻറിനുവേണ്ടി ഉറപ്പുപറഞ്ഞിട്ടുണ്ടു്. മാർച്ചുമാസം മുതൽ രാജ്യത്തു നൂൽ ധാരാളം ഉണ്ടാകത്തക്കവിധത്തിൽ അതിൻെറ കയററുമതി നിരോധിക്കാമെന്നും പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് അടുത്ത മാർച്ചുമാസം മുതൽ നമുക്കു് നൂലിൻെറ ക്ഷാമം ഉണ്ടാകുകയില്ലെന്നും ഏപ്രിൽ മാസംമുതൽ സുലഭമായി നൂൽ കിട്ടുമെന്നുമാണു് ഗവമ്മെൻറു പ്രതീക്ഷിക്കുന്നതു്. അതുപോലെ തുണിയുടെ കാര്യത്തിലും ക്ഷാമമുണ്ടു്. അതിനെപ്പററിയും ഇൻഡ്യാഗവമ്മെൻറിൻെറ അടുക്കൽ നിവേദനം നടത്തി. അതിൻെറ ഫലമായി മിൽത്തരങ്ങൾ, ജഗന്നാഥൻ (കോറ) മുതലായ മിൽചരക്കുകൾ കൂടുതലായി നമുക്കു് തരാമെന്നു് ഇൻഡ്യാഗവമ്മെൻറു ഏററിട്ടുണ്ടു്. അതുകൊണ്ടു്, സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട അടിയന്തിരപ്രമേയങ്ങൾക്കു മറുപടിയായി എനിക്കു് പറയുവാനുള്ളതു്, കഴിഞ്ഞ ഏതാനും കാലങ്ങളിൽ ഈ രാജ്യത്തിനു നൂലിൻെറ കാര്യത്തിൽ ഉണ്ടായിട്ടുള്ള ക്ഷാമത്തിനു് നിവാരണം ഉണ്ടാക്കാൻ കഴിവുള്ള എല്ലാ നടപടികളും ഗവമ്മെൻറു എടുത്തിട്ടുണ്ടെന്നും വിജയകരമായ ഫലം ആ നടപടികൾക്കു് ഉണ്ടാകുമെന്നു് ഗവമ്മെൻറു

ആശിക്കുന്നുവെന്നുമാണ്. ഇന്നോ ഇന്നലെയോ തുടങ്ങിയ ക്ഷാമമല്ല ഇത്. അതുകൊണ്ട് ഏററവും അടിയന്തിരമായ ഒരു കാര്യം ആകുന്നില്ല ഇതെന്നുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: പ്രതിമാസം ൧൨൦൦ ബെയിൽ നൂൽ നമുക്ക് കിട്ടിയാൽ ഈ സംസ്ഥാനത്തുള്ള എല്ലാ തറിക്കാർക്കും എത്ര നൂൽവീതം കൊടുക്കാൻ കഴിയുമെന്ന് ഗവമെൻറ കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൪൯-ാമാണ്ടത്തെ കണക്കിൻപ്രകാരം ഇവിടത്തെ തറിക്കാർക്ക് വിതരണം ചെയ്തിട്ടുള്ളത് ൧൧൦൦ ബെയിൽ നൂലാണ്. ഇപ്പോൾ അല്പം നൂൽകൂടി കൂടുതൽ കൊടുക്കാൻ സാധിക്കും.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ൧൨൦൦ ബെയിൽ നൂൽ നമുക്കു കിട്ടുന്ന പക്ഷം ഓരോ തറിക്കാർക്കും എത്ര നൂൽവീതം വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് എൻെറ ചോദ്യം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൻെറ കണക്ക് എനിക്കു നിശ്ചയമില്ല. പൂർവ്വാനുഭവംകൊണ്ടു വിചാരിക്കേണ്ടതു ഒരു തറിയിൽ എത്ര നെയ്യാൻകഴിയുമോ അത്രയും നൂൽ കൊടുക്കാൻ സാധിക്കുമെന്നാണ്.

ശ്രീ. ആർ. ശങ്കർ: ഈ സംസ്ഥാനത്തു എത്ര തറികൾ ഉണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ഒരു സെൻസസ് എടുക്കുന്നുണ്ട്. ഇപ്പോൾ ഏകദേശം എണ്പതിനായിരം തറികൾ ഉണ്ടെന്നാണു തോന്നുന്നത്.

ശ്രീ. ആർ. ശങ്കർ: ഒരു ബെയിലിൽ എത്ര കെട്ടുണ്ടെന്നും ഒരു കെട്ടിൽ എത്ര കഴി നൂലുണ്ടെന്നും പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ അതിൻെറ കണക്കെടുത്തിട്ടില്ല.

ശ്രീ: കണ്ണമ്പറ ഗോപാലപ്പണിക്കർ: തറികളുടെ സെൻസസ് എടുക്കാൻ തുടങ്ങിയതു എന്നാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെൻസസ് ആരംഭിച്ചിട്ടില്ല. അതിനുള്ള നടപടി എടുത്തുവരികയാണ്.

Sri. P. S. Nataraja Pillai: The object of the motion which I have tabled is not only to speak on the shortage of yarn and cloth experienced now, about the system of control exercised, and the failure of organisation, but also to suggest ways and means so that the system may be of real use to the country. The shortage of yarn and cloth is felt throughout India. But in view of the fact that a large number of people in Travancore are dependent on this industry—it is one of the primary cottage industries of the State—it will be of very great use to have a general discussion on the subject. Therefore I feel that in spite of the statement by the Minister, there is the necessity for a discussion. Therefore the adjournment motion may be admitted.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: സർ, ഇതു വളരെ പ്രധാനമായ ഒരു കാര്യമാണ്. ൧൨൦൦ ബെയിൽ നൂൽമാത്രമേ ഇവിടെ കിട്ടുകയുള്ളു എന്നു ബഹു: മന്ത്രി പറയുകയുണ്ടായി. ഇതിനുമുൻപു വിതരണംചെയ്തിരുന്ന കണക്കനുസരിച്ചു ഒരു തറിക്കു കഷ്ടിച്ചു അരക്കെട്ടു നൂൽ മാത്രമേ ഇത്രയും നൂൽകൊണ്ടു വിതരണം ചെയ്യാൻ സാധിക്കുകയുള്ളു. ഒരു തറിക്കാരനു അവൻെറ കഷ്ടി

[Sri. P. Kunjikrishnan]

ച്ചുള്ള ആവശ്യത്തിനു കുറഞ്ഞപക്ഷം ഒരു മാസം അഞ്ചുകെട്ടു നൂലെങ്കിലും വേണ്ടതാണു്. നൂൽ കിട്ടുവാനുള്ള ക്ഷാമംകൊണ്ടു് ഇന്നു് അനവധി കൈത്തറി നെയ്ത്തുകാരും അവരുടെ കുടുംബക്കാരും പട്ടിണി അനുഭവിക്കുന്നു. ഏററവും ഗൗരവമായ ഈ കാര്യം ഈ സഭയുടെ വാദപ്രതിവാദത്തിനു് വിധേയമാക്കിത്തീർക്കണമെന്നാണു് എന്റെ അഭിപ്രായം. അതിനാൽ ഈ അടിയന്തിരപ്രമേയം അനുവദിക്കേണ്ടതാണു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: എത്ര ബയിൽ നൂലാണു് ഇപ്പോൾ ഇൻഡ്യാഗവമ്മെണ്ടിൽനിന്നും വരുത്തുവാൻ ആവശ്യപ്പെട്ടിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ആവശ്യപ്പെട്ടതു ൪൦൦൦ ബയിൽ നൂലാണു്. അത്രയും നൂൽ കിട്ടിയാൽ ശ്രീ. കുഞ്ഞുകൃഷ്ണൻ പറഞ്ഞതു പോലെ ഓരോ തറിക്കും അഞ്ചു കെട്ടു നൂൽ കൊടുക്കുവാൻ സാധിക്കും.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഈ സ്റ്റേററിൽ എത്ര ബയിൽ നൂൽ ഉല്പാദിപ്പിക്കുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സ്റ്റേററിലുള്ള മില്ലുകളിൽനിന്നും ൧൫൦ ബയിൽ നൂലാണു് കിട്ടുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: വിജയമോഹിനി മിൽസിൽനിന്നും നമുക്കു എത്ര നൂൽ ലഭിക്കുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിജയമോഹിനി മിൽസിൽനിന്നും ൨൬൦ ബയിൽ നൂലാണു് ഈ സ്റ്റേററിലേക്കു അലോട്ടുചെയ്തിരിക്കുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അവിടത്തെ എൻറയർ പ്രൊഡക്ഷൻ എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുവേണം.

മിസ്റ്റർ സ്പീക്കർ: ഒന്നിലധികം അടിയന്തിരപ്രമേയങ്ങൾ സഭയുടെ ചർച്ചയ്ക്കു് വിഷയമാക്കുന്നതിലേക്കുവേണ്ടി ഹാജരാക്കിയിട്ടുണ്ടെങ്കിലും അവയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരടിയന്തിരപ്രമേയമാണു് ശ്രീ. നടരാജപിള്ളയുടേതു്. അതിൽ അടങ്ങിയിരിക്കുന്ന വിഷയത്തെപ്പററി ബ. മന്ത്രി ഒരു വിശദീകരണം നൽകുകയുണ്ടായി. സഭയിൽ ഇതേസംബന്ധിച്ചു ഒരു വാദപ്രതിവാദം നടത്തുന്നതു് ഉപയോഗപ്രദമായിരിക്കുമെന്നു വിചാരിക്കുന്നു. നൂലിന്റേയും വസ്ത്രത്തിന്റേയും ക്ഷാമം ഈ നാട്ടിൽ മാത്രമല്ല ഇൻഡ്യയുടെ മററു പല ഭാഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ നാട്ടിലെ പരിതഃസ്ഥിതി പരിഗണിച്ചു് ഈ സഭയിലുള്ള ബ: എല്ലാ അംഗങ്ങളുടേയും അഭിപ്രായങ്ങൾ പരസ്പരം ധരിപ്പിക്കുകയും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ വരുത്തുകയും ചെയ്യുന്നതു നന്നായിരിക്കും. അതുകൊണ്ടു് മുന്നടിയന്തിരപ്രമേയങ്ങളുള്ളതിൽ ശ്രീ. നടരാജപിള്ളയുടെ അടിയന്തിരപ്രമേയം സഭയുടെ അനുമതിയോടുകൂടി അനുവദിക്കാവുന്നതാണു്. ആക്കും എതിരഭിപ്രായമില്ലെന്നു കാണുന്നു. പ്രമേയം വാദപ്രതിവാദത്തിനു എടുക്കുന്നതാണു്.

Sri. Panampilli Govinda Menon: Sir, the discussion may be had on a subsequent day, that is next working day.

Mr. Speaker I leave it to the House. If it is taken up to day we can commence the discussion early in so far as the other business of the House is likely to finish soon.

Sri. Panampilli Govinda Menon : Sir, I would request for time so that I can collect all the materials and place it before the House, particularly further materials regarding distribution of yarn,

Mr. Speaker: I in view of the circumstance that a fuller and more detailed discussion will be ensured by an adjournment I think, the House is agreeable to an adjournment to the next working day.

Sri. C. V. Iyyu: Sir, some members who are already in possession of information on this Matter desire to have it discussed today itself.

Sri. P. S. Nataraja Pillai: In the interest of all concerned, I think it would be better to have the discussion on Monday.

മിസ്റ്റർ സ്പീക്കർ: ഈ അടിയന്തിരപ്രമേയം അടുത്ത തിങ്കളാഴ്ച നാലുമണിക്ക് ചർച്ചയ്ക്കെടുക്കുന്നതാണ്.

Sri. P. S. Nataraja Pillai: There is not much work on Monday.

Mr. Speaker: If there is not sufficient work on Mondy, this motion will be taken up earlier, as soon as the rest of the business is over.

LEGISLATIVE BUSINESS

The Travancore-Cochin Local Authorities Entertainment Tax Bill— Third Reading of

Minister for Industries and Local Self-Government **(Sri. N. Kunjuraman):** Sir, I move that the Travancore-Cochin Local Authorities Entertainment Tax Bill be passed.

Minister for Finance and Revenue **(Sri. A. J. John):** I second the motion.

The motion was put and carried.

The Bill was passed.

The Travancore-Cochin Local Authorities Loans Bill— Third Reading of

Minister for Industries and Local Self-Government **(Sri. N. Kunjuraman):** Sir, I move that the Travancore-Cochin Local Authorities Loans Bill be passed.

Minister for Finance and Revenue **(Sri. A. J. John):** I second the motion.

The motion was put and carried.

The Bill was passed.

The Travancore-Cochin Places of Public Resort Bill— Third Reading of

Minister for Industries and Local Self-Government **(Sri. N. Kunjuraman):** Sir, I move that the Travancore-Cochin Places of Public Resort Bill be passed.

Minister for Finance and Revenue **(Sri. A. J. John):** I second the motion.

The motion was put and carried.

The Bill was passed.

The Travancore-Cochin Treasure Trove Bill— Third Reading of

Minister for Finance and Revenue **(Sri. A. J. John):** Sir, I move that the Travancore-Cochin Treasure Trove Bill be passed.

Minister for Industries and Local Self-Government **(Sri. N. Kunjuraman):** I second the motion.

Sri. K. P. Nilakanta Pillai: Sir, on a point of order, The motion made for the third reading of this bill is out of order as it is not mentioned whether there have been any amendments or not. If there were amendments passed by this House it should be stated when moving "the Bill may be passed subject to the amendments adopted by this House". Then only a Bill can be passed finally.

Mr. Speaker: I do not think that is necessary.

The motion was put and carried.

The Bill was passed.

The Travanccre-Cochin Public Accountants Bill

Minister for Finance and Revenue **(Sri. A. J. John):** Sir, I move that the Travancore-Cochin Public Accountants Bill, as reported by the Select Committee, be taken up for consideration.

Minister for Industries and Local Self-Government **(Sri. N. Kunjuraman):** I second it.

The motion was put and carried.

The Bill was taken up for consideration.

Clause 2

Sri. D. Gnanasigamoni: I don't move my amendment.

The motion that Clauses 2, 3 and 4 stand part of the Bill was put and carried.

Clauses 2 3, and 4 were added to the Bill.

Clause 5

Sri. K. P. Nilakanta Pillai: I don't move the amendment which stands in my name.

The question that Clause 5 stand part af the Bill was put and carried.

Clause 5 was added to the Bill.

Clause 6

Sri. D. Gnanasigamoni: I do'nt move the amendment.

The question that Clause 6 stand part of the Bill was put and carried.

Clause 6 was added to the Bill.

The question that Clauses 7 and 8 stand part of the Bill was put and carried.

Clauses 7 and 8 were added to the Bill

New Clause

Sri. D. Gnanasigamoni: Sir, I move an amendment for the addition of a New Clause to the Bill as follows :—

"Add as clause 7 the following and renumber the remaining clauses :—

'7. The Board of Revenue may, for sufficient reason, revise any orders passed, or proceedings taken by the Collector under the provisions of this Act :

Provided that no order shall be passed under this Section without previous notice to the party to be affected by such order :

Provided further that petitions for revision under this Section shall be preferred to the Board of Revenue within one month from the date of the order sought to be revised.' "

Sir, the reason for this amendment is clear from the amendment itself. The object of this Bill is to prevent loss to Government by the default or misconduct of Public Accountants. The matter involved in this legislation is purely a revenue matter for which the Revenue Board as the highest revenue authority is directly concerned and so the final authority should not vest with the Collector of a particular District. Before the constitution of the Board of Revenue, the Collector no doubt had been made the final authority in such matters so far as his District was concerned. Now with the constitution of the Revenue Board the final authority must vest with the Revenue Board and so I seek to introduce this amendment in consonance with the principles of the Revenue Board Act. All the proceedings under this Bill are either initiated by the Collector or under the requisition of others, but orders are passed by him only. Such being the case, the Revenue Board should have the right to look into the matter of the soundness or otherwise of the proceedings set afoot and thus it is absolutely necessary to have a check on the proceedings initiated by the Collector and the Revenue Board is the body that is competent to do that. Finality of any order passed ought not to vest with the collector but with the Revenue Board. Therefore, I move that the amendment may be accepted.

ശ്രീ. എ. ജെ. ജോൺ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അന്നു് കളക്ടറന്മാർ ഇവിടെ ഉണ്ടായിരുന്നപ്പോൾ ലാൻറ് റവന്യൂ കമ്മീഷണർ ഉണ്ടായിരുന്നു. അന്നുണ്ടായിരുന്ന വ്യവസ്ഥകളെല്ലാം ഇപ്പോൾ നിലവിലുള്ള ആക്ടിൽ ഇല്ല. കളക്ടറന്മാർക്കുതന്നെ ഇതിനു് അധികാരം കൊടുക്കണമെന്നു് നാം സമ്മതിക്കുകയുംചെയ്യുന്നു. എന്നാൽ റവന്യൂ ബോർഡിനു് അധികാരം കൊടുത്താൽ ഇനിയും ഇതുമാതിരിയുള്ള സംഗതികൾ ദീർഘകാലത്തേക്കു് നീട്ടിക്കൊണ്ടുപോകുവാൻ എളുപ്പമുള്ളതാണു്. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that clause 1 stand part of the Bill was put and carried.

Clause 1 was addad to the Bill.

The question that the preamble and title stand part of the Bill was put and carried.

The preamble and title were added to the Bill.

Sri. A. J. John: Sir, I move that the Bill be passed.

Sri. T. K. Narayana Pillai: I second it.

The question that The Travancore-Cochin Public Accountants Bill be passed was put and carried.

The Bill was passed.

The Travancore-Cochin Revenue Recovery Bill—*(cont.)*

Minsiter for Finance and Revenue **(Sri. A. J. John):** Sir, I move that the Travancore-Cochin Revenue Recovery Bill, as reported by the Select Committee be taken up for consideration at once.

Sri. T. K. Narayana Pillai: I second it.

The question that the Travancore-Cochin Revenue Recovery Bill, as reported by the Select Committee, be taken up for consideration at once was put and carried.

The BIll was taken up for consideration, clause by clause.

Clause 2

Sri. K. P. Nilakanta Pillai: In clause 2 (a) delete the explanation, "Pattom due on Kandukrishi and Sripadom lands are within the meaning of this definition".

Sir, actuated by several reasons I table this amendment. First of all I want to record a protest against the inactivity of the present Government in dealing with and coming to a final conclusion about matters of taxation and other principles that apply to land tenure as far as these Sripadom and Kandukrishi lands are concerned. The present aystem is causing a lot of hardship to the people. In this explanation, this Bill seeks to apply the provisions followed in the recovery of public revenne in the case of Kandukrishi and Sripadom lands also. We have been agitating for a long time for the settlement of a policy in these matters. We have been told for the past three years that these matters have been engaging the attention of Government. But nothing has come out of it. What I have to say is that since the principle is not settled these lands cannot be dealt with as other kinds of lands. As it is, the Bill enables the Revenue Officers to tax the Sripandaravaga, Kandukrirhi and Sripadom lands in the same way either in cash or in kind. Price of paddy is now realised in the case of certain lands. Tenants are not able to give paddy for prices above the rate fixed by Government.

Another point is that from time immemorial the Kandukrishi lands are being enjoyed on payment of a small sum as tax. But recently most of them have been taken back by Government. In some case the tenants were ordered to pay a certain amount, to Government. Those who failed to pay the money were deprived of the ownership of those lands. In these circumstances we are not concerned with

[Sri. K. P. Nilakanta Pillai]

the routine administration. Land problem is the most important problem that faces us today. We find very welcome measures adopted in other countries in this matter. Several complaints have been sent to Government. But they are not moving. There had been even satyagrahas. The present system is to give Kandukrishi and Sripadom lands to the highest bidder. The revenue authorities are given the power to realise these dues in a very strict and stringent way. To avoid that I want to eliminate this explanation from this clause. let those lands be left alone. Let the authorities collect these dues in any other way. What I suggest is to deal with these land-holders as they deal with other Jenmies. Therefore I move my amendment.

ശ്രീ. എ. ജെ. ജോൺ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഭേദഗതിയിൽ പറയുന്നതു് ക്ലാസ്സ് ൨-ലെ എക്സ്പ്ലനേഷൻ എടുത്തുകളയണമെന്നാണു്. അങ്ങനെയാണെങ്കിൽ കണ്ടുകൃഷി ഭൂമിയേയും ശ്രീപാദം വസ്തുക്കളേയും സംബന്ധിച്ചിടത്തോളം പിരിക്കേണ്ടതായ ഭൂനികുതി വേറെ ഒരു സിവിൽ വ്യവഹാരംമൂലം പിരിക്കേണ്ടതായിവരുന്നതാണു്. ശ്രീപാദം വസ്തുക്കൾ ഗവമ്മെണ്ടിന്റെ കൈവശം ഇപ്പോഴും കിട്ടിയിട്ടില്ല. ഇപ്പോഴും അതു് മഹാരാജാവു് തിരുമനസ്സിലെ കൈവശം ഉള്ളതാണു്. അതിനാൽ അതിനെ സംബന്ധിച്ചു് ഇതുവരെ നിലവിലുള്ളതായ നിയമം അനുസരിച്ചുതന്നെ ഈടാക്കേണ്ടതായിട്ടാണിരിക്കുന്നതു്. കണ്ടുകൃഷി, ഗവമ്മെണ്ടിന്റെ കൈവശം കിട്ടീട്ടുണ്ടെങ്കിലും അതിലേക്കാവശ്യമുള്ള വ്യവസ്ഥകളെല്ലാം പൂർത്തിയായിട്ടില്ല. കഴിയുന്നതും വേഗത്തിൽ അതിനുള്ള നടപടി എടുക്കുന്നതാണു്. ശ്രീപാദം വസ്തുക്കളെ സംബന്ധിച്ചും വേണ്ട സത്വര നടപടികൾ ഉടനെ എടുക്കുന്നതാണു്. അതിനാൽ ഈ ഭേദഗതി സ്വീകരിക്കാൻ ഇപ്പോൾ വഴി കാണുന്നില്ല. ഭേദഗതിയെ എതിർക്കുന്നു.

Sri. K. P. Nilakanta Pillai: May I know whether Government has done anything not to disturb the long enjoyment and possession of the Sripadom lands?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ ഗവമ്മെണ്ടിന്റെ അധികാരം ഇല്ലാതിരിക്കുകയാണു്. ഗവമ്മെണ്ടിന്റെ കൈവശം കിട്ടിയാൽ മാത്രമേ അതിൽ എന്തെങ്കിലും പ്രവർത്തിക്കാൻ സാധിക്കുകയുള്ളു. അതിനു് സത്വരനടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. നാണു: ഇതിനെ സംബന്ധിച്ചു ലജിസ്ലേഷൻ ചെയ്യാൻ ഈ സഭക്കവകാശമില്ലേ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോഴത്തെ നിയമമനുസരിച്ചു് ശ്രീപാദം രാജപ്രമുഖൻ തിരുമനസ്സിലെ കൈവശമാണു്. ഈ സഭയ്ക്കു് അതിനെസംബന്ധിച്ചു് നിയമമുണ്ടാക്കാൻ അധികാരമുണ്ടോ ഇല്ലയോ എന്നുള്ളതു് ഒരു വാദവിഷയമാണു്.

ശ്രീ. പി. നാണു: പാട്ടം ഇല്ലാതിരിക്കുമ്പോൾ ഈ ശ്രീപാദം വസ്തുക്കൾക്കു് വില ഏതുവിധത്തിലാണു് ഈടാക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: പാട്ടം എന്നു മാത്രമെ ഇതിൽ പറഞ്ഞിട്ടുള്ളു. അതു് ഈടാക്കുന്നതു് റവന്യൂ റിക്കവറി ആക്ടനുസരിച്ചാണു്. നെല്ലായിട്ടാണു് കൊടുക്കണമെന്നു വ്യവസ്ഥ എങ്കിൽ അങ്ങനെതന്നെ കൊടുക്കേണ്ടതാണു്.

ശ്രീ. പി. നാണു: നെല്ലായിട്ടു് കൊടുക്കാൻ സാധിച്ചില്ലെങ്കിൽ പണമായിട്ടു് ഈടാക്കാൻ വ്യവസ്ഥയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്.

ശ്രീ. പി. നാണു: ആരാണ് ഈ വില നിശ്ചയിക്കുന്നത്?

ശ്രീ. എ. ജെ. ജോൺ: കണ്ടുകൃഷിയെ സംബന്ധിച്ചിടത്തോളം ഗവണ്മെണ്ടാണ്. ശ്രീപാദത്തെ സംബന്ധിച്ചിടത്തോളം രാജപ്രമുഖനാണ് നിശ്ചയിക്കേണ്ടത്.

ശ്രീ. പി. നാണു: ശ്രീപാദത്തെ സംബന്ധിച്ചിടത്തോളം നിശ്ചയിക്കുന്ന വില അമിതമാണെങ്കിൽ അതിനെ സംബന്ധിച്ചുള്ള അപ്പീൽ ആരു കേൾക്കും?

ശ്രീ. എ. ജെ. ജോൺ: അതിനെ സംബന്ധിച്ചുതന്നെയാണ് ഞാൻ പറഞ്ഞത്. ഗവണ്മെണ്ടിന് പൂർണ്ണമായ അധികാരം ഇല്ലാത്തതുകൊണ്ട് രാജപ്രമുഖൻ തന്നെയാണ് അതു നിശ്ചയിക്കേണ്ടത്.

ശ്രീ. പി. നാണു: ഈ ആക്ട് അപ്ലൈ ചെയ്യുമ്പോൾ നെല്ലുവില നിശ്ചയിക്കുന്നതു ഗവണ്മെണ്ടുദ്യോഗസ്ഥന്മാർക്ക് ആകരുതോ?

ശ്രീ. എ. ജെ. ജോൺ: അതു ഇതുവരെയുള്ള എഗ്രിമെന്റനുസരിച്ചു പോകും, അത്രയേയുള്ളു.

Sri. K. P. Nilakanta Pillai: If this amendment is accepted, will it not enable the Sripadom authorities to surrender the lands to Government at the earliest opportunity?

ശ്രീ. എ. ജെ. ജോൺ: അതു ഇതുകൂടാതെതന്നെ നടത്താമെന്നാണ് ഗവണ്മെണ്ടുദ്ദേശിക്കുന്നത്.

Sri. P. S. Nataraja Pillai: Sir, I have to say a few words on the subject. It is admitted from the Government benches that Kandukrishi and Sripadom lands are not Government lands. According to certain arrangement these lands came wtihin the purview of the Government lands, but they stand as a separate category. As far as I was able to understand from the honourable Minister, he questions even the competence of the House to speak on the matter. Now steps are being taken to legislate a measure to collect the dues from those lands. If this House has no right to legislate on those lands, how can be legislate measures to realise the pattom from those lands? There is some inconsistency in the position taken by the honourable member. The honourable Minister's opinion that this House will not have the competence to legislate a law about Sripadom or Kandukrishi lands requires reconsideration.

Apart from that, Sir, as conditions are at present, it will be better that an exclusive right in opposition to Government should not be held by any person, however ancient that right may be. The exigencies of the time demand that all lands should be under the legislative control of this House and under the administrative control of Government, Therefore, the earlier this distinction between Sreepadam lands and other kinds of land is taken away, the better. That is a matter which the Goverment has to take up and solve as early as possible. I may even go to the extent of saying that as long as these things are not being adjusted early, it will be better for the Government and the House to accept the amendment of Sri. K. P. Nilakanta Pillai. If that is accepted, then the position will become clear that these lands should be surrendered to Government control. Otherwise things will not move properly. Controlling authorities will also be saved of a great deal of difficulty. That is why I press that the amendment should be accepted. Or we should be given an assurance that the Government will remove this anomaly as early as possible.

ശ്രീ. എ. ജെ. ജോൺ: ഈ എക്സ്പ്ലനേഷൻ എടുത്തുകളയുകയാണെങ്കിൽ ശ്രീപാദം ഭൂമിയെപ്പറ്റിയുള്ള അവസാന തീരുമാനം ഗവണ്മെണ്ടിന് ചെയ്യാൻ സാധിക്കുമെന്നു ബഹു. നടരാജപിള്ള പ്രസ്താവിക്കുകയുണ്ടായി. എന്നാൽ എ

[Sri A. J. John]

Mr. Speaker: In regard to that question, a point of order has already been raised and a ruling given. A continuation of discussion on that matter will not be allowed.

QUESTIONS AND ANSWERS

Oral Answers

(The numbers within brackets indicates the number in the list of admitted questions for the day)

പുരാതനവസ്തു സംരക്ഷണം

* ൧൦. (൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംയോജനത്തിനു ശേഷം പുരാതനവസ്തുസംരക്ഷണം സംബന്ധിച്ചു ഏതെങ്കിലും പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാം;

(സി) ഇതിൽ പ്രയോഗത്തിൽ വരുത്തിയ പദ്ധതികൾ ഏതെല്ലാം?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) സംയോജനത്തിനുശേഷം പഴയ പദ്ധതികൾതന്നെ തുടന്നു വരുന്നു.

(ബി) പുരാതന രേഖകളും പുരാതന സ്ഥാപനങ്ങളും സംരക്ഷിക്കുക.

(സി) ഈ പദ്ധതികളെല്ലാം പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുന്നവതന്നെ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ പദ്ധതികളുടെ സംപൂർണ്ണ ചുമതലകൾ കേന്ദ്രഗവമ്മെണ്ടു് ഏറെറടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. സംസ്ഥാനങ്ങളിലുള്ള ചില ancient monuments ഇൻഡ്യാഗവമ്മെണ്ടു് ഏറെറടുക്കണമെന്നാണു് തീരുമാനിച്ചിട്ടുള്ളതു്. അങ്ങനെ ഈ രാജ്യത്തു് ഏതെല്ലാമാണു് ഏറെറടുക്കേണ്ടതെന്നു തീരുമാനിച്ചിട്ടില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സംയോജനത്തിനു ശേഷം കൊച്ചി–തിരുവിതാംകൂർ പുരാതന വസ്തു സംരക്ഷിക്കുന്ന കാര്യങ്ങൾ ഏകീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. അവയെ എല്ലാം സംരക്ഷിച്ചുപോരുന്നുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ഈ ഡിപ്പാർട്ടുമെണ്ടിൻെറ അദ്ധ്യക്ഷൻ ആരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. അനിയൻ അച്ചൻ.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: അദ്ദേഹത്തിന്റെ ആപ്പീസ് എവിടെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൃശ്ശൂരാണ്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: അദ്ദേഹത്തിനു് അതിനാവശ്യമുള്ള യോഗ്യതകളില്ലെന്നു് പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരഭിപ്രായം മാത്രമാണ്. യോഗ്യതകളെപ്പററി ഓരോരുത്തർക്കും ഓരോ അഭിപ്രായമായിരിക്കും.

മരാമത്തു ജോലികൾ

*൭൧. (ഛ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജററ് വർഷത്തിൽ പുതിയ മരാമത്തു ജോലികൾ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജോലികൾ എതെല്ലാമായിരുന്നു;

(സി) അതിൽ എതെല്ലാം ജോലികൾ നിർവിഘ്നം നിർവ്വഹിക്കാൻ സാധിച്ചു?

പൊതുമരാമത്തും, ഗതാഗതവും, വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:)

(എ) ഉണ്ടു്.

(ബി) പ്രസ്തുത ജോലികൾ അടങ്ങിയ ലിസ്റ്റ് ൧൯൨൦—൧൯൩൧ ലെ ബഡ്ജററിൽ Appendix (A) ആയി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

(സി) പൂർണ്ണവിവരങ്ങൾ ആണ്ടു അവസാനിക്കുമ്പോൾ മാത്രമേ പറയുവാൻ നിവൃത്തിയുള്ളൂ. മിക്കവാറും ലാപ്സാകാതെ ചിലവാക്കിയിട്ടുണ്ടെന്നാണു് ഗവമ്മെണ്ടു് വിചാരിക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: എത്ര രൂപ ഇതുവരെ ചിലവായിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനെപ്പററി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇക്കൊല്ലത്തേക്കു് നിശ്ചയിച്ചിട്ടുള്ള ജോലികളിൽ ഭൂരിഭാഗവും തീർന്നുകഴിഞ്ഞോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പണി തീർക്കാനുള്ള തുക മുഴുവനും ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. പക്ഷെ കൊള്ളിച്ചിട്ടുള്ള തുക മുഴുവനും ചിലവാക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കഴിഞ്ഞവർഷത്തിൽ അതിനു മുമ്പിലത്തെ വർഷത്തിൽ ചെയ്തുകൊണ്ടിരുന്ന പണി വല്ലതും നിറുത്തിവെച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു് ബഡ്ജററിനെ ആസ്പദമാക്കിയിരിക്കും.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ആറൻമുളയിൽ ഒരു റോഡ് പകുതി ആക്കിയിരുന്നതു് മുഴുവനായില്ലെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനെക്കുറിച്ചു് പ്രത്യേകം ചോദ്യം അയച്ചാൽ അന്വേഷിച്ചു പറയാം.

ശ്രീ. എം. ഐ. പോൾ: ബഡ്ജററിൽ കൊള്ളിച്ചിട്ടും ഇന്നുവരെ പണി തീരാതെ ധാരാളം റോഡുകൾ കൊച്ചിയിലുണ്ടെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അങ്ങനെ എല്ലായിടത്തും ഉണ്ട്.

ശ്രീ. എം. ഐ. പോൾ: കൊച്ചിയിൽ ആ വിധത്തിൽ കൂടുതലുണ്ടെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. ജോർജ്ജ്: അങ്ങനെ പണി തീർന്നില്ലെങ്കിൽ ഈ തുക ലാപ്സായി പോകുകയില്ലേ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനുള്ള കമ്മററിയിൽ മെമ്പറുംകൂടി ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് ഇതിനെക്കുറിച്ച് മെമ്പർക്കുതന്നെ അറിയാവുന്നതാണ്.

ശ്രീ. എ. കെ. ജോർജ്ജ്: ലാപ്സായി പോവുകയില്ലെന്നാണോ പറയുന്നത്.

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: മിക്കവാറും ചിലവാക്കും.

Sri. A. K. George: Has the Government any idea of the amount that will lapse at the end of March?

Sri. E. John Philipose: Government is of the view, after a closescrutiny that this year, out of Rs. 1,64,00,000 that has been earmarked for the P. W. D, budget, an amount to the extent of Rs. 1,60,00,000 will be spent.

Sri. A. K. George: May I know whether all this amount will be spent on those works allotted or on such other works that Government may choose?

Sri. E. John Philipose: With respect to this the hon'ble Member knows that the practice of budgeting here has been to give certain token allocations to certain works and also to works for which correct estimates are not being obtained. In such cases it may not be possible for Government to spend that money in a purposeless way for that particular work. Such amounts may be diverted for other works which have been budgeted.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ജോലിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകകൾ ചെലവാക്കണമെന്നാണോ, അതോ യഥാകാലം ചെലവ്ചെയ്ത് പണികൾ പൂർത്തിയാക്കണമെന്നാണോ ഉദ്ദേശം?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിന് മറുപടിപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

VICE-CHANCELLOR

*72 [3] **Sri. D. Gnanasigamoni:** Will the Hon'ble Minister for Education be pleased to state:

(*a*) whether the Vice-Chancellor of the Travancore University has tendered his resignation;

(*b*) If so, the date of his resignation;

(*c*) whether the resignation has been accepted; and

(*d*) the reasons that led to the resignation?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** (*a*), (*b*), & (*c*). The Vice-Chancellor of the Travancore University has tendered his resignation on 31st January 1951 and his Highness the Chancellor has been pleased to accept the resignation.

(*d*) No specific reason has been assigned for the resignation.

Sri. D. Gnanasigamoni: May I know whether he was appointed for any definite term?

Sri. Panampilli Govinda Menon: Yes. He was given a term.

Sri. D. Gnanasigamoni: How long was the period of the term?

Sri. Panampilli Govinda Menon: I think it was two or three years. I must have notice to give the exact period of the term.

ശ്രീ. എ. കെ. പാച്ചുപിള്ള: ആ രാജിക്കത്തു് ഈ സഭയിൽ ഒന്നു വായിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴും ഏതായാലും രാജിക്കത്തു് എന്റെ കൈവശമില്ല. ഇനി ഏതെങ്കിലും അവസരത്തിൽ വായിക്കാമെന്നു് വാഗ്ദാനം നൽകുവാനും നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: യൂണിവേഴ്സിററി പ്രവർത്തനങ്ങളിൽ ഗവൺമെൻറ് കൈകടത്തുന്നുവെന്ന കാരണംകൊണ്ടാണു് അദ്ദേഹം രാജിവച്ചതു് എന്നുള്ള അദ്ദേഹത്തിന്റെ സ്റ്റേററ്മെൻറ് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നുവോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്റ്റേററ്മെൻറ് ഉണ്ടായിരുന്നുവോ എന്നു് എനിക്കറിഞ്ഞുകൂടാ. പക്ഷെ അങ്ങനെ ഉണ്ടായിരുന്നെങ്കിൽ അതു് യഥാർത്ഥമല്ല.

Sri. A. Thanu Pillai: With reference to the answer that he was given a term, may I take it that he was under no obligation to serve for a term? Was it left to his option to serve or not serve the specific term? Was there an obligation on his part to serve that term and a corresponding obligation on the part of the Government to keep him during that term?

Sri. Panampilli Govinda Menon: He was under an obligation to give three months' notice.

Sri. A.Thanu Pillai: Did he give notice?

Sri. Panampilli Govinda Menon: Yes.

Sri. A. Thanu Pillai: It was stated that he was free to leave without serving his full term. Will the Government consider the desirability of having a Vice-Chancellor for a definite period, at least, say, three years?

Sri. Panampilli Govinda Menon: I don't know that aspect has been considered. About any future policy I cannot say anything.

Sri. A. Thanu Pillai: Can any Government employee, say a clerk, be allowed to leave the service or be in service as he likes?

Mr. Speaker: It is developing into an argument. It is not a question for information.

Sri. Panampilli Govinda Menon: Sir, I would like to make a correction. The term of service of the Vice-Chancellor was for five years.

Sri. A. Thanu Pillai: Did the Government ascertain why he tendered his resignation?

Sri. Panampilli Govinda Menon: No, we did not.

Sri. A. Thanu Pillai: May I understand that the incumbent of such a high post was allowed to resign without the Government being informed of the reason?

Sri. Panampilli Govinda Menon: That is what was done in this case.

ശ്രീ. സി. വി. ഇസ്സു: ഫിലോസഫി പ്രൊഫസറുടെ നിയമനത്തിനു് സിൻഡിക്കേററു് ശുപാർശ ചെയ്തതു് സ്വീകരിക്കുന്നതിനു് ഗവൺമെൻറു് വിസമ്മതിച്ചുവെന്നു പത്രങ്ങളിൽ കണ്ടതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശരിയല്ല.

പുസ്തകക്കമ്മിററി

*൧൩. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൭-ലെ സ്കൂൾ വർഷത്തിലേക്കാവശ്യമായ പാഠപുസ്തകങ്ങൾ തെരഞ്ഞെടുത്ത പാഠ്യപുസ്തകക്കമ്മിററി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അടുത്ത വർഷത്തേയ്ക്കു പുതിയ പാഠ്യപുസ്തകക്കമ്മിററി നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) നിയമിച്ചു കഴിഞ്ഞിട്ടില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: പുതിയ പാഠ്യപുസ്തകക്കമ്മിററിയെ നിയമിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ലല്ലോ.

പാഠ്യപുസ്തകങ്ങൾ

*൧൪. (൫) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ സ്കൂൾവർഷം സമാരംഭിച്ച ഘട്ടത്തിൽ പാഠ്യപുസ്തകങ്ങൾ അച്ചടിച്ചു വില്പനയ്ക്കു തയാറായില്ല എന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടുത്ത വർഷത്തിലെങ്കിലും പരാതി ഉണ്ടാകാതിരിക്കത്തക്കവിധം എന്തെങ്കിലും നടപടി എടുക്കുന്നുണ്ടോ;

(സി) എന്തു നടപടിയാണ് അതിലേക്ക് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അങ്ങനെ ചില പരാതികൾ ഉണ്ടായിട്ടുണ്ടു്.

(ബി) കഴിഞ്ഞ സ്കൂൾ വർഷത്തിൽ തന്നെ പാഠപുസ്തകങ്ങളുടെ അച്ചടിയിലും വില്പനയിലും താമസം നേരിടാതിരിക്കാൻ വേണ്ട എല്ലാ നടപടികളും എടുത്തിട്ടുണ്ടായിരുന്നു. പരാതികൾ ഏറെക്കുറെ അടിസ്ഥാനരഹിതമായിരുന്നു. വേണ്ട നടപടികൾ അടുത്തവർഷവും തുടരുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു.

(സി) പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ചു് വില്പനക്കു തയാറാക്കുന്നതിനു് പ്രത്യേകമായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. സി. വി. ഇട്ടി: കഴിഞ്ഞകൊല്ലത്തെ പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നതിനു് യോഗ്യതയില്ലാത്തവയാണെന്നു പത്രങ്ങളിൽ വായിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: യോഗ്യത കുറവുതലായിരിപ്പോയി എന്നൊരു അഭിപ്രായം ഉണ്ടായിട്ടുണ്ടു്.

ശ്രീ. സി. വി. ഇയ്യു: തിരുവിതാംകൂർ കൊച്ചി സംയോജനത്തിനുമുമ്പുണ്ടായ തിരുവിതാംകൂർ ഭൂമിശാസ്ത്രമാണ് ഇപ്പോഴും പഠിപ്പിക്കുന്നതു് എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒന്നുമില്ല. അദ്ധ്യാപകന്മാരാണല്ലോ പഠിപ്പിക്കുന്നതു്. അവർ അതിലുള്ള കുറവു പരിഹരിച്ചുകൊള്ളും.

ശ്രീ. സി. വി. ഇയ്യു: അദ്ധ്യാപകന്മാർ പുസ്തകം തിരുത്താനാണെങ്കിൽ പുസ്തകത്തിൽ എന്തും എഴുതാമല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇനി എഴുതുന്ന പുസ്തകം ശരിയായ രീതിയിലുള്ളതായിരിക്കും.

വാഴിച്ചൽ ട്രേസ്

*൧൭. (൩) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

നെയ്യാററിൻകര താലൂക്കിൽ ഒററശേഖരമംഗലം പകുതിയിൽ വാഴിച്ചൽ ട്രേസ് നന്നാക്കാൻ എസ്റ്റിമേററ തയാറാക്കുകയും ആയതു് അനുവദിക്കുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി
(ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

എസ്റ്റിമേററ തയാറാക്കിയിട്ടുള്ളതിൽ കൂടുതലായി ഇതിനെപ്പററി നടപടികൾ യാതൊന്നും എടുത്തിട്ടില്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: എന്നാണ് എസ്റ്റിമേററ് തയാറാക്കിയതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ൧൯൫൦ ആഗസ്റ്റ് ൨-ാംനു ആണ്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: എസ്റ്റിമേററ തയാറാക്കിയിട്ട് ഇതുവരെ ജോലിതുടങ്ങാതിരിക്കുന്നതിനു് വല്ല കാരണവുമുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: എസ്റ്റിമേററ തയാറാക്കിയപ്പോൾതന്നെ ചീഫ് എൻജിനീയർ ഇപ്രകാരം എഴുതിയിട്ടുണ്ടായിരുന്നു.

"The work has no provision under the Budget. Therefore it is not possible to find funds in this year."

പബ്ലിക്ക് ഒഴിവുദിവസം

*൧൩. (൧) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇൻഡ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർപട്ടേലിൻെറ ചരമം പ്രമാണിച്ചു് പബ്ലിക്ക് ഒഴിവുദിവസം ഗവമെണ്ടിൽനിന്നും പ്രഖ്യാപനം ചെയ്തിട്ടും അതിനെ ആദരിക്കാതെ ചില സ്കൂളുകൾ നടത്തിയതായി ഗവമെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) അതേപ്പററി ഗവമെണ്ടു വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൾസപ്ലൈസും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അങ്ങനെ സ്കൂൾ നടത്തിയതായി ഗവമെണ്ടിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. നിവേദനം കിട്ടിയിട്ടുണ്ടു്.

(ബി) നടപടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏതു സ്കൂളാണ് ഇങ്ങനെ നടത്തിയെന്ന് നിവേദനം കിട്ടിയതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇംഗ്ലീഷ് ഹൈസ്കൂൾ, മഞ്ചിറ.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇതുസംബന്ധിച്ചുള്ള ആർഡർ രണ്ടുമൂന്നു ദിവസം താമസിച്ചാണ് കിട്ടിയതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മഞ്ചിറ സ്കൂളിൽ ഡിസമ്പർ മൂന്നാം തീയതി ഉച്ചക്ക് ൧൨ മണിക്കശേഷമാണ് ആർഡർ കിട്ടിയതെന്നും ഉടനെതന്നെ സ്കൂൾ അടച്ചുവെന്നും അറിയിച്ചിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആർഡർ നേരത്തെ അയക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആർഡർ നേരത്തേതന്നെ അയച്ചിരുന്നു. ചില ദിക്കിൽ അതു് വാങ്ങാൻ ആളില്ലാതിരുന്നതുകൊണ്ടോ മറ്റോ സമയത്തു കിട്ടിയില്ലെന്നു വന്നിരിക്കാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: ചെല്ലാനം സ്കൂളിൽ ആർഡർ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവമ്മെണ്ടിനു് അറിവില്ല.

പുതിയ വിദ്യാഭ്യാസപദ്ധതി

*൭൦. (വ്വ) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വിദ്യാഭ്യാസപദ്ധതി അംഗീകരിക്കാതെയും വിദ്യാലയങ്ങൾ ശരിക്ക നടത്താതെയുമുള്ള സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ കിട്ടണമെന്നു കാണിച്ച് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) അങ്ങനെ കിട്ടിയിട്ടുള്ള അപേക്ഷകൾ ഏതെങ്കിലും അനുവദിച്ചിട്ടുണ്ടോ ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ):

(എ) ശരിക്ക് പഠനം നടക്കാത്ത ചില വിദ്യാലയങ്ങളുടെ സ്ഥാനത്തു് വേറെ വിദ്യാലയങ്ങൾ നടത്തുന്നതിനു് അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) അങ്ങനെ കിട്ടിയ അപേക്ഷകൾ സ്വീകരിച്ചു വേറെ സ്കൂളുകൾ നടത്തുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: ഈ വിഷയത്തിൽ ഗവമ്മെണ്ട് എന്തെങ്കിലും നയം പ്രഖ്യാപിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. എതെങ്കിലും സ്കൂളുകൾ നടത്താത്തതുകൊണ്ട് ഒരൊററ കുഞ്ഞിനുപോലും വിദ്യാഭ്യാസം കിട്ടാതെവരികയില്ലെന്നു് പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: വിദ്യാഭ്യാസപദ്ധതി അംഗീകരിക്കുകയും എന്നാൽ ഫീസ് പിരിവിന്റെ ൫൦ ശതമാനം അടക്കാതിരിക്കുകയും ചെയ്യുന്ന സ്കൂളുകളെപ്പററി എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാളെ എന്തുചെയ്യാൻ പോകുന്നുവെന്ന് പറയാൻ നിവൃത്തിയില്ല. ഇപ്പോഴത്തെ എന്റെ പ്രവൃത്തി പുരാതനവസ്തുഗവേഷണം പോലെയാണ്.

ശ്രീ. എ. താണുപിള്ള : എത്ര സ്കൂളുകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അഞ്ചു.

പരീക്ഷാചോദ്യക്കടലാസ്

* ൧൮. (൩) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൪൯-ൽ യൂണിവേഴ്സിറ്റിയിലെ പരീക്ഷാചോദ്യക്കടലാസ് പുറത്തായതിനെപ്പറ്റി റിപ്പോർട്ട് ചെയ്യുവാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയോ;

(ബി) എന്താണ് റിപ്പോർട്ട്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൪൯-ൽ യൂണിവേഴ്സിറ്റിയിലെ പരീക്ഷാചോദ്യക്കടലാസ് പുറത്തായതിനെപ്പറ്റി അന്വേഷിക്കാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്.

(ബി) റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തിയില്ല. റിപ്പോർട്ടിലെ ശുപാർശകളെ മേൽ നടപടിക്കായി വൈസ്ചാൻസലർക്ക് അയച്ചുകൊടുക്കും.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റിപ്പോർട്ട് എപ്പോഴെങ്കിലും വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഇപ്പോഴത്തെ വൈസ്ചാൻസലർ ആരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ വൈസ്ചാൻസലർ ഇല്ല.

ശ്രീ. എ. താണുപിള്ള: വൈസ്ചാൻസലർ എന്നുണ്ടാകുമെന്നു പറയാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നു എനിക്ക് അതു പറയാൻ സാദ്ധ്യമല്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ചോദ്യക്കടലാസ് പുറത്താക്കിയവരുടെ പേരിൽ എന്തെങ്കിലും നടപടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തു നടപടിയാണ് നടത്തേണ്ടതെന്നു തീരുമാനിക്കുന്നതിനാണ് റിപ്പോർട്ട് യൂണിവേഴ്സിറ്റിക്കു അയച്ചുകൊടുക്കുന്നതു്.

ഗവമ്മെണ്ടു് പ്രസ്സ് സൂപ്രണ്ടു്

*൧൯. (൭൨) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തു ഗവമ്മെണ്ടു് പ്രസ്സ് സൂപ്രണ്ടിന്റെ സ്ഥാനം ഒഴിവായിട്ടു എത്ര കാലമായി;

(ബി) മിസ്റ്റർ ഫിലിപ്പിൻെറ അവകാശങ്ങളെ അവഗണിച്ചു മിസ്റ്റർ നാരായണൻനായരെ സൂപ്രണ്ടാക്കിയതിന്മേൽ കൊടുത്തിരുന്ന പരാതിയെ സംബന്ധിച്ചുള്ളതും അധികനാൾ കാണാനില്ലാതിരുന്നതുമായ റിക്കാർഡുകൾ കണ്ടുപിടിച്ചോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവനന്തപുരം ഗവമെൻറ് പ്രസ്സിലെ സൂപ്രണ്ട സ്ഥാനം ൧൧൨൫ മേ മാസം ൨ ൭-ാംനു- ഒഴിവുവന്നു.

(ബി) ശ്രീ. നാരായണൻനായരെ സൂപ്രണ്ടായി നിയമിച്ചിട്ടില്ല. എന്നാൽ സൂപ്രണ്ടിൻെറ ചാർജ് ശ്രീ. നാരായണൻനായർക്കു കൊടുത്തിരുന്നു. അങ്ങനെ ശ്രീ. നാരായണൻനായർക്കു ചാർജ് നല്കിയതിനെപ്പററി ഒരു ശ്രീ. ഫിലിപ്പു യാതൊരു പരാതിയും തന്നിട്ടില്ല. ആയതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

കായംകുളത്തെ വിദ്യാർത്ഥികളുടെ കല്ലേറ്

*൭൦. (൧൩) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞമാസത്തിൽ കായംകുളം ഹൈസ്കൂളിലെ ഏതാനും വിദ്യാർത്ഥികൾ ഒരു പ്രതിമക്കു കല്ലേറു നടത്തിയതിൽ ആ സ്കൂളിലെ അദ്ധ്യാപകന്മാർക്കും ഹെഡ്മാസ്റ്റർക്കും അനുഭാവമുണ്ടായിരുന്നു എന്നു സൂചിപ്പിച്ചുള്ള പത്ര റിപ്പോർട്ടുകൾ ഗവമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആ സംഭവത്തെപ്പററി ഗവമെൻറ് അന്വേഷണം നടത്തിയിട്ടുണ്ടോ?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഒരു പോയിൻറ ഓഫ് ഓർഡർ. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന കാര്യത്തെപ്പററി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് എനിക്കുള്ള അറിവ്. അങ്ങനെ റജിസ്റ്റർ ചെയ്തിരിക്കുന്ന ഒരു കേസിനു വിഷയമായിരിക്കുന്ന സംഭവം നടന്നതാണോ അല്ലയോ എന്ന ചോദ്യം ഈ സഭയിൽ ഉന്നയിക്കുകയും അതിനു മറുപടി പറയുകയും ചെയ്യുന്നതു് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: അങ്ങനെ ഒരു കേസ് ഉത്ഭവിച്ചിട്ടുള്ളതായിട്ടു ഇതിൽ കാണുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ഈ സഭയെ ആ വിവരം അറിയിച്ചിട്ടുണ്ട്. കല്ലേറു നടത്തിയതിൽ അദ്ധ്യാപകന്മാർക്കും ഹെഡ്മാസ്റ്റർക്കും അനുഭാവം ഉണ്ടായിരുന്നു എന്നു സൂചിപ്പിച്ചുള്ള പത്ര റിപ്പോർട്ടുകൾ ഗവമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നുള്ള ചോദ്യത്തിൽ ആക്ഷേപകരമായി ഒന്നുമില്ല. ഉത്തരം ചിലപ്പോൾ ആക്ഷേപകരമായി വന്നേയ്ക്കാം. അങ്ങനെ വന്നാൽ ആ ഉത്തരം അനുവദിക്കുകയൊ രേഖപ്പെടുത്തുകയൊ ചെയ്യുന്നതല്ല.

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഗവമെൻറ് അന്വേഷണം നടത്തിയിട്ടില്ല. ഡിപ്പാർട്ടുമെൻറ് അന്വേഷണം നടത്തിയിട്ടുണ്ട്.

REMITTING SCHOOL FEE COLLECTION TO GOVERNMENT

*81(14) **Sri. K. Ramachandran:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:

(*a*) the number of schools where 80 per cent of the fee collections have been remitted to Government as per Government orders and the number of schools where remittance is still pending; and

(*b*) what action Government have taken against the management who have violated these orders?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** (*a*) The number of schools where 80 per cent of the fee collections have been remitted to Government is 512; the number of schools where remittance is still pending is 413.

(*b*) Government have not taken any action.

Sri. K. Ramachandran: How long is it now since the order has been issued?

Sri. Panampilli Govinda Menon: Five months.

Sri. K. Ramachandran: May I know the reason for not taking any action by the Government?

Sri. Panampilli Govinda Menon: This is only a new scheme and only five months have elapsed since the order has been issued. We are thinking that we should give support to those institutions.

Sri. K. Ramachandran: Will the Government be pleased to take action in the near future in regard to this matter?

Sri. Panampilli Govinda Menon: I cannot say anything today. It is a matter which has been decided by this House.

ശ്രീ. എ. താണുപിള്ള: ഈ ൫൧൨ പള്ളിക്കൂടങ്ങളും ൫ മാസവും ൮൦ ശതമാനം ഫീസ് പിരിവ് ഒടുക്കിയവയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. എ. താണുപിള്ള: ൫ മാസത്തിൽ കുറഞ്ഞു ഫീസ് പിരിവു ഒടുക്കിയ സ്കൂളുകൾ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയും ചില സ്കൂളുകൾ കണ്ടേയ്ക്കാം.

ശ്രീ. എ. താണുപിള്ള: അപ്പോൾ ൫൧൨-ൽ കൂടുതൽ സ്കൂളുകൾ ഫീസ് പിരിവ് ഒടുക്കി എന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറച്ചു കൂടുതൽ കാണും.

ശ്രീ. സി. വി. ഇട്ട്യ: ഫീസ് പിരിവിന്റെ ൮൦ ശതമാനം ഖജനാവിൽ അടയ്ക്കാത്ത സ്കൂളുകളുടെ റെക്കഗ്നിഷൻ എടുത്തുകളയാമെന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഗവൺമെന്റ് പ്രൊസീഡിംഗ്സ് വായിച്ചു നോക്കിയാൽ അറിയാം.

ശ്രീ. സി. വി. ഇട്ട്യ: ഞാൻ വായിച്ചുനോക്കിയിട്ടു അങ്ങനെ കണ്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നാൽ അങ്ങനെ ഇല്ലായിരിക്കും.

ശ്രീ യു. കെ. വാസുദേവനാശാരി: ഫീസ് പിരിവു അടച്ച എല്ലാ സ്കൂളുകളിലെയും അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുത്തുകഴിഞ്ഞോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൫൧൨ സ്കൂളുകളിൽ ൪൯൮ സ്കൂളുകളിൽനിന്നു ശമ്പള ബില്ലുകൾ കിട്ടുകയും അതു് പാസാക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ൧൪ സ്കൂളുകളിൽ ഒഴികെ ബാക്കിയുള്ള സ്കൂളുകളിലെല്ലാം

ശമ്പളം കൊടുത്തിട്ടുണ്ട്. മററുള്ള സ്കൂളുകളിൽ ചിലതിന്റെ ബിൽ കിട്ടിയിട്ടില്ല. ചില ബില്ലുകൾ ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈ പുതിയ സ്കീം അനുസരിച്ചുള്ള ശമ്പള സ്കെയിൽ, ൮൦ ശതമാനം ഫീസ് ട്രഷറിയിൽ അടച്ചിട്ടുള്ള സ്കൂളുകളിലെ അദ്ധ്യാപകന്മാക്ക് കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ഗവമ്മെന്റ പറഞ്ഞിട്ടുള്ളത് പുതിയ സ്കീം അനുസരിച്ചു അദ്ധ്യാപകന്മാരുടെ ശമ്പളം എത്രയുണ്ടെന്നുള്ളതിനെപ്പററി തീരുമാനം ചെയ്തുകൊണ്ടിരിക്കുകയാണെന്നും അങ്ങനെ തീരുമാനിക്കപ്പെട്ടുകഴിഞ്ഞതിനുശേഷം ഇപ്പോൾ കൊടുക്കുന്നതിനേക്കാൾ കൂടുതലായി കൊടുക്കേണ്ടതുണ്ടെങ്കിൽ അതുകൂടി ഗവമ്മെന്റിൽനിന്നു കൊടുക്കുമെന്നുമാണ്.

ശ്രീ. സി. വി. ഇയ്യു: പ്രൈവററ സെക്കൻററി സ്കൂളുകളോടു ചേന്നു നടത്തിവരുന്ന പ്രൈവററ പ്രൈമറി സ്കൂളുകൾക്ക്, സെക്കൻററി സ്കൂളുകളിലെ ഫീസു പിരിവിന്റെ ൮൦ ശതമാനം ഗവമ്മെന്റിൽ അടയ്ക്കാത്തതുകൊണ്ട്, ഗ്രാന്റ മുതലായവ കൊടുക്കാതെ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ കൊടുക്കാത്ത സ്കൂളുകളില്ല.

MOTOR BOAT ACCIDENTS

*82 **(15) Sri. K. Ramachandran:** Will the Hon'ble Minister for Public Works & Communications be pleased to state:

(*a*) the number of motor boat accidents during the second half of 1950 and the nature of casualty of the recent boat accident between Alleppey and Ernakulam: and

(*b*) has Government instituted any public enquiry regarding the same and, if so, the result?

Minister for Public Works, and Communications **(Sri. E. John Philipose)** (*a*) Five cases of motor boat accidents were reported during the second half of the year 1950. Eleven persons in all, that is, one woman, eight adult males and two children died in the recent boat accident between Alleppey and Ernakulam.

(*b*) A public enquiry has been ordered. The enquiry has not been completed.

ശ്രീ. സി. വി. ഇയ്യു: ഈ ബോട്ടുകൾ ഇൻഷുർ ചെയ്തിട്ടുണ്ടോ?

Sri. E. John Philipose: I cannot say now.

ശ്രീ. സി. വി. ഇയ്യു: ഈ ബോട്ടു അപകടം മൂലം ആപത്തു സംഭവിച്ചവക്ക് വല്ല പ്രതിഫലവും കിട്ടാൻ മാർഗ്ഗമുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അവർ ഇൻഷുർ ചെയ്തിട്ടുണ്ടെങ്കിൽ അവക്ക് പണം കിട്ടും.

ശ്രീ. കെ. രാമചന്ദ്രൻ: ബോട്ടുകളിൽ എലക്ട്രിക് ലൈററിനുവേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിയിരിക്കണമെന്നു വല്ല നിർദ്ദേശവും ഗവമ്മെന്റ കൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: എല്ലാ ബോട്ടുകൾക്കും ഉണ്ടായിരിക്കമെന്നു പറയാൻ നിവൃത്തിയില്ല.

ഇലക്ട്രിക് പവ്വർ

*൨൩. (൧൬) സാഹിബ് ബഹദൂർ എ. മുഹമ്മദ മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പത്തനാപുരത്തു ഇലക്ട്രിക്ക് പവ്വർ അനുവദിച്ചു കിട്ടണമെന്നു അപേക്ഷിച്ചുകൊണ്ടു പൊതുജനങ്ങളിൽനിന്നും നിവേദനം ഗവമ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു പ്രസ്താവിക്കുമോ?

പൊതു മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ടു്.

(ബി) ഈ കാര്യം അടുത്തകൊല്ലം പര്യാലോചനയ്ക്കു് എടുക്കുന്നതാണെന്നു നിവേദകർക്കു് മറുപടി നൽകിയിട്ടുണ്ടു്.

പുതിയ വിദ്യാഭ്യാസപദ്ധതി

*൨൪. (൧൯) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈവററ സെക്കണ്ടറി വിദ്യാലയങ്ങളെ സംബന്ധിക്കുന്ന പുതിയ പദ്ധതിമൂലം ഗവമ്മെൻറിനു ഒരു വഷത്തിൽ എത്ര രൂപ കൂടുതൽ ചിലവുവരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

(ബി) ഈ പദ്ധതി ഇപ്പോൾ നടപ്പിൽ വരുത്തിക്കഴിഞ്ഞിട്ടുണ്ടോ?

(സി) എത്ര പ്രൈവററ വിദ്യാലയങ്ങൾ ഈ പദ്ധതി അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും എത്ര വിദ്യാലയങ്ങൾ അംഗീകരിച്ചിട്ടില്ലെന്നും പ്രസ്താവിക്കുമോ;

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉദ്ദേശം ൨൫ ലക്ഷം രൂപാ.

(ബി) ഈ പദ്ധതി ഇപ്പോൾ നടപ്പിൽ വരുത്തിക്കഴിഞ്ഞിട്ടുണ്ടു്.

(സി) ഈ പദ്ധതി അനുസരിച്ചു ൫൧൨ സ്കൂളുകൾ ഫീസിൻെറ ൨൦ ശതമാനം ഗവമ്മെൻറിൽ അടച്ചു കഴിഞ്ഞിട്ടുണ്ടു്. ബാക്കി പദ്ധതി അംഗീകരിക്കാത്ത സ്കൂളുകൾ ൪൧൩ ആണു്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: ഈ ൨൦ ശതമാനം ഫീസ് ഗവമ്മെൻറിൽ അടയ്ക്കാത്ത സ്കൂളുകളെകൊണ്ടു് അടപ്പിക്കുന്നതിനു് ഗവമ്മെൻറ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുത്തരം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. ഈ പുതിയ പദ്ധതി നടപ്പിൽ വരുത്തിയിട്ടു ഒരു മാസമേ ആയിട്ടുള്ളു എന്നും അതേപ്പററി ഗവമ്മെൻറ് ആലോചിച്ചുവരികയാണെന്നും പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. താണുപിള്ള: ൨൦ ശതമാനം ഫീസ് ട്രഷറിയിൽ അടയ്ക്കാത്ത സ്കൂളുകൾ നടത്തിക്കൊണ്ടുപോകുന്നതിനു തടസ്സം വല്ലതും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ തടസ്സമില്ല.

സാഹിബ് ബഹദൂർ ടി. എ. മൈദീൻ കുഞ്ഞ്: ൭൦ ശതമാനം ഫീസ് ഖജനാവിൽ അടച്ചു സ്കൂളുകൾ ഇത്രയും കാലം അതായത്, ഈ പദ്ധതി നടപ്പിൽ വന്നതു മുതൽ ഇതുവരെ മുഴുവൻ തവണയും അടച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാ തവണയും അടച്ചിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ൭൦ ശതമാനം ഫീസ് ഖജനാവിൽ അടയ്ക്കാത്ത സ്കൂളുകളെ എത്ര കാലത്തേയ്ക്കു് ഇപ്രകാരം തുടർന്നുകൊണ്ടുപോകുവാൻ ഗവമ്മെൻറ് അനുവദിക്കും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഒന്നുരണ്ടു ദിവസത്തേയ്ക്കെങ്കിലും അനുവദിക്കാതിരിക്കാൻ നിവൃത്തിയില്ല. (ചിരി)

ശ്രീ. ഏ. താണുപിള്ള: സെക്കൻററി സ്കൂളുകൾ ഈ ൭൦ ശതമാനം ഫീസ് ട്രഷറിയിൽ അടയ്ക്കാതിരിക്കുന്നതുകൊണ്ട് അവരുടെ മാനേജുമെൻറിലുള്ള പ്രൈമറി സ്കൂളുകളുടെ ഗ്രാൻറ് നിറുത്തുക മൂലം ചില പ്രൈമറി സ്കൂളുകൾ നടത്തുന്നതിനു തടസ്സം നേരിട്ടതായി ഗവമ്മെൻറിൻെറ അറിവിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ നിറുത്തിയിട്ടുള്ളതായി ഗവമ്മെൻറിനു റിപ്പോർട്ടു കിട്ടിയിട്ടില്ല.

തൊഴിൽ തക്കങ്ങൾ

*൭൫. (൧൭) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൪൯, ൧൯൫൦ ഈ വർഷങ്ങളിൽ എത്ര തൊഴിൽ തക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം ഓരോകൊല്ലവും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൻെറ ആർബിട്രേഷന് വിട്ടുകൊടുത്തിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൪൯-ൽ ആയിരത്തി അറുനൂററി എഴുപത്തി ഒൻപതു തൊഴിൽ തക്കങ്ങളും ൧൯൫൦-ൽ രണ്ടായിരത്തി അറുനൂററി എഴുപത്തിയൊൻപതു തൊഴിൽ തക്കങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ മുപ്പത്തിയഞ്ചെണ്ണം ൧൯൪൯-ലും മുപ്പത്തി ഒൻപതെണ്ണം ൧൯൫൦-ലും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു വിട്ടുകൊടുത്തിട്ടുണ്ട്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: ഏതെങ്കിലും തൊഴിൽതക്കം ഉണ്ടാകുന്നപക്ഷം അതുടൻ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു വിട്ടുകൊടുക്കുന്ന ഒരു പതിവുള്ളതുകൊണ്ടാണ് തൊഴിൽ തക്കങ്ങൾ വർദ്ധിക്കുന്നതു എന്നുള്ള സംഗതി ഗവമ്മെൻറിനറിയാമോ?

Mr. Speaker: That is an argument.

ശ്രീ. ഏ. താണുപിള്ള: ഈ കേസുകൾ തീരുമാനിക്കുന്നതിനു ശരാശരി എത്രകാല ദൈർഘ്യം വേണ്ടിവരുന്നുണ്ടെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശരാശരി നാലോ അഞ്ചോ മാസം വേണ്ടിവരും. ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക കാരണങ്ങളാൽ കൂടുതൽ സമയം വേണ്ടിവരും.

സൗജന്യവിദ്യാഭ്യാസം

*൮൩. (൧൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൪ വയസ്സുവരെ സൗജന്യവിദ്യാഭ്യാസം നൽകുന്നതിനുള്ള ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ചു വിദ്യാഭ്യാസം നൽകുന്നതിനു തിരുവിതാംകൂർ-കൊച്ചി ഗവമെൻറ വല്ല പദ്ധതിയും തയാറാക്കിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പതിനാലു വയസ്സുവരെ സൗജന്യവിദ്യാഭ്യാസം നൽകുന്നതിനുള്ള ഇൻഡ്യൻ ഭരണഘടനയിലെവ്യവസ്ഥ അനുസരിച്ചുള്ള വിദ്യാഭ്യാസം നൽകുന്നതിനു ഈ ഗവമെൻറ പദ്ധതികൾ ഒന്നും തയാറാക്കികഴിഞ്ഞിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങിനെ വല്ല പദ്ധതികളും തയ്യാറാക്കുന്നതിനു ഗവമെൻറിനു വല്ല ഉദ്ദേശവും ഉണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലോചനകൾ നടത്തിയിട്ടുണ്ടെങ്കിൽ അതു പുറത്താക്കുന്നതിനു നിവൃത്തിയില്ല.

സഹവിദ്യാഭ്യാസം

*൮൭. (൨൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ;—

(എ) സഹവിദ്യാഭ്യാസം നടത്തുന്ന രീതി സ്വീകരിക്കുന്നതിനെ സംബന്ധിച്ചു ഗവമെണ്ടു ആലോചിച്ചിട്ടുണ്ടോ;

(ബി) അങ്ങനെ ഒരു പ്രശ്നം ഗവമെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ-യും; ബി-യും) ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അതു നടപ്പിൽ വരുത്തുന്നതിനു വല്ല ആലോചനയും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ നടപ്പിലുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു് കൂടാതെ പ്രത്യേകമായി വല്ല നയവും ഗവമെണ്ടിൻെറ ആലോചനയിലുണ്ടോ എന്നാണു് എൻെറ ചോദ്യം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. പ്രത്യേകമായി നയമൊന്നും ആലോചനയിലില്ല. ഇപ്പോൾ ചില സ്കൂളുകളിൽ ആൺകുട്ടികൾ മാത്രമേയുള്ളു, ചില സ്കൂളുകളിൽ പെൺകുട്ടികൾ മാത്രമേയുള്ളു, മററ സ്കൂളുകളിൽ ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്നുണ്ടെന്നുമറിയാം.

KALLAR IRRIGATION PROJECT

*88. [21] **Sri. A. Ramasubrahmanya Karayalar:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government are investigating the Kallar Irrigation Project at the instance of the Madras Government;

(*b*) if so, the progress that has been made so far; and

(c) when will the investigation be completed?

Minister for Public Works and Communications **(Sri. E. John Philipose):**

(*a*) No.

(*b*) and (*c*) Do not arise in view of the answer to part (*a*).

Sri. A. Ramasubrahmanya Karayalar: May I know whether this Government were corresponding with the Madras Government as regards the scheme?

Sri. E. John Philipose: As regards the investigation of the Kallar Project, it was suggested personally to the Minister for Works by the Minister for Works of Madras. I understand that the Superintending Engineer had been here for discussing the matter with our Chief Engineer and that both of them decided that it would not prove to be an economic scheme.

SCHOOLS WHICH HAVE DEPOSITED FEE COLLECTIONS

*89. [22] **Sri. A. M. Thomas:** Will theHon'ble Minister for Education be pleased to state.—

(*a*) how many private secondary school managements have deposited 80 per cent of the fee collections;

(*b*) how many in the Cochin Division and how many in the Travancore Division; and

(*c*) have the salaries payable to the staff of the various schools which have deposited 80 per cent been paid?

Minister for Education Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) 512.

(*b*) Cochin Division .. 72;
Travancore Division .. 440.

(c) The salaries of the teachers of 498 schools have been already paid by Government. Arrangements are being made to disburse the salaries of the teachers in the remaining schools also, and probably by this time they might have been disbursed.

ശ്രീ. എ. താണുപിള്ള: ഈ പുതിയ പദ്ധതി അംഗീകരിച്ചു എന്നു പറഞ്ഞ ൫൧൨ സ്കൂളുകളിൽ മിഡിൽ സ്കൂളുകൾ എത്രയെന്നും ഹൈസ്കൂളുകൾ എത്രയെന്നും പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ് വേണം.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: ഇങ്ങനെ തിരുവിതാംകൂർ എന്നും കൊച്ചിയെന്നും രണ്ടായി വിഭജിച്ചു കണക്കെടുക്കുന്നതിനു വല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ പ്രത്യേക കാരണങ്ങൾ ഒന്നുമില്ല.

FUEL SUPPLY

*90. [23] **Sri. A. M. Thomas:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state what is the present scheme of fuel supply from Government forests?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** In the Cochin area, there was departmental collection and sale of fuel at controlled rates in important centres till 1st April 1950. On that date the Fuel Supply Division was abolished and control over firewood was lifted. In order to meet the scarcity of firewood due to the sudden lifting of control, an arrangement was made that the department can sell in small quantities at the forest site and in depots.

ശ്രീ. എ. എം. തോമസ്: ഇപ്പോൾ നടപ്പാക്കിയിരിക്കുന്ന ലേലസമ്പ്രദായംകൊണ്ട് വളരെ കുടുംബങ്ങൾ തൊഴിലില്ലാതെ കഷ്ടപ്പെടുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയുള്ളതായി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എ. എം. തോമസ്: ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വണ്ടിക്കാക്ക്, അതായതു്, ഫാറസ്റ്റിൽനിന്നും വിറകു വെട്ടിക്കൊണ്ടുപോകുന്നവക്ക്, തൊഴിൽ കിട്ടാതെ കുഴപ്പം ഉണ്ടായിട്ടുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവക്ക് തൊഴിൽ കുഴപ്പം നേരിട്ടിരിക്കുന്നതായി ഗവമ്മെണ്ടിന്റെ അറിവിൽ പെട്ടിട്ടില്ല.

Sri. A. K. George: Have the Gevernment got representations from people of the Cochin area and from certain institutions that the old fuel system must be restored?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയൊരഭിപ്രായവും ഉണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: കാടുകളിൽ വെട്ടിയിട്ടിട്ടുള്ള വിറകു് വളരെ കാലം കിടന്നു് നശിച്ചുതുടങ്ങിയിട്ടുള്ളതായി ഗവമ്മെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഞാൻ അത്ര ശ്രദ്ധിച്ചിട്ടില്ല.

Sri. A. K. George: Do not the Government propose to reorganise the system in the Cochin area at an early date?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഞാൻ ഇപ്പോൾ എങ്ങിനെ പറയാനാണു്?

Sri. A. K. George: Do the Government propose to reorgnise the system?

Mr. Speaker: That is a suggestion for future action.

പ്രൈവററ ബസ്സുകൾ

*൯൧. (൨൮) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) സ്റ്റേററട്രാൻസ്പോർട്ടു ബസ്സുകൾ ഓടുന്ന റോഡുകളിൽ മൂന്നു മൈലിൽ കൂടുതൽ പ്രൈവററ ബസ്സുകൾ എത്ര സ്ഥലങ്ങളിൽ ഓടുന്നുണ്ട്?

(ബി) ഓരോ സ്ഥലത്തും അനുവദിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണു്?

പൊതുമരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ൨൭ റൂട്ടുകൾ.

(ബി) നാലു മൈലിൽ കൂടുതൽ ഓവർലാപ്പിംഗ് അനുവദിക്കുന്നതല്ലെന്നു ട്രാൻസ്പോർട്ടു അതാറിട്ടി നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിനു മുമ്പ് നാലു മൈലിൽ കൂടുതൽ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്. ഡിസ്പ്ലേസ്ഡ് ബസ്സുകൾക്ക് പ്രത്യേക പരിഗണന ഇക്കാര്യത്തിൽ കാണിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു്: ഈ സ്ഥലങ്ങളിൽ പ്രൈവററ് ബസ്സുകൾക്ക് അനുവാദം നൽകരുതോ?

Mr. Speaker: That is only an opinion.

TRIPPUNITTURA CANAL

*92. [27] **Sri. K. W. Muralidhara Marar:** ‡ Will the hon'ble Minister for Public Works and Communications be pleased to state,—

(*a*) when the Government expect to complete the work of the Trippunittura Canal; and

(*b*) the reasons for the delay in completing the work?

Minister for Public Works and Communications **(Sri. E. John Philipose)**

(*a*) The work is in progress and is proposed to be completed by the next financial year.

(*b*) The delay is due to the acquisition of some lands for dumping earth.

APPOINTMENT AS TEACHERS

*93. [28] **Sri. Paul Thaliath:** Will the hon'ble Minister for Education be pleased to state.—

(*a*) the names of the private secondary school Managers, who requested the Government or the Department to secure the services of qualified hands for appointment as teachers in their schools;

(*b*) the number of applications so far received from qualified hands; and

(c) the number so far appointed, with the names of the schools concerned?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) The names of the managers of Private Secondary Schools who requested the Department for qualified teachers for their schools are given below:

The Managers of:
1. E. H. S., Balaramapuram;
2. „ Mayyanad;
3. „ Mezhuveli;
4. S. N. V. E. H. S., Nedumganda;
5. E. H. S., Karamveli;
6. St. George's H. S., Arakunnam;
7. Edava Muslim H. S., Venkulam and
8. E. H. S., Chiraynkil.

(*b*) The number of applications so far received from qualified hands is 200 from graduates and 3,000 from non-graduates.

(*c*) The Managers concerned were given copies of list of applicants for selection of candidates. The number selected and appointed so far has not yet been received.

ശ്രീ. പാഠം തളിയത്തു്: ഇതിനുമുമ്പ് ഏതെങ്കിലും സ്കൂളിൽനിന്നു യോഗ്യതയുള്ള ആളുകളെ ഗവമ്മെണ്ടു് തെരഞ്ഞെടുത്തുകൊടുക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നിശ്ചയമില്ല. സൂക്ഷ്മമായി പറയണമെങ്കിൽ നോട്ടീസുവേണം.

Sri. A. Thanu Pillai: How many hands did these managers altogether ask for?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ സ്കൂളിലും ഒന്നും രണ്ടും അദ്ധ്യാപകന്മാരുടെ കുറവുണ്ടു്.

ശ്രീ. പാഠം തളിയത്തു്: മാനേജുമെൻറിൽനിന്നുതന്നെ അപേക്ഷകരെ ക്ഷണിച്ചു് ആളുകളെ നിയമിക്കാൻ സാധിക്കാഞ്ഞിട്ടാണോ ഗവമ്മെണ്ടിനോടു് ആവശ്യപ്പെട്ടിട്ടുള്ളതു്?

‡ Put by Sri. A. M. Thomas with permission, the questioner being absent.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമപ്രകാരം യോഗ്യതയുള്ള ആളുകളെ സമ്പാദിക്കാൻ ശ്രമിച്ചിട്ടു ചില മാനേജുമെണ്ടുകൾക്ക് സാധിച്ചിട്ടില്ല. അങ്ങിനെവരുന്ന അവസരത്തിൽ അവരുടെ സ്കൂളുകൾക്ക് അംഗീകാരം നൽകാൻ പ്രയാസമുണ്ട്. അതുകൊണ്ട് ഈ എട്ടു സ്കൂളുകളിലെ മാനേജുമെൻറുകൾ ഗവമ്മെണ്ടിൽനിന്നുതന്നെ യോഗ്യതയുള്ള ആളുകളെ തിരഞ്ഞെടുത്തു കൊടുക്കണമെന്നു ആവശ്യപ്പെടുകയുണ്ടായി. ഗവമ്മെണ്ടിൽനിന്നും യോഗ്യതയുള്ള ആളുകളുടെ അപേക്ഷകൾ വാങ്ങിച്ച് ആ മാനേജുമെൻറുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. പാൾ തളിയത്ത്: ഗവമ്മെണ്ടിൽനിന്നും അങ്ങിനെ അയച്ചുകൊടുത്തിട്ടുള്ള അപേക്ഷകളെല്ലാം നിശ്ചിത യോഗ്യതകൾ ഉള്ളവരുടേതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ അതു സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. യു. കെ. വാസുദേവൻ ആശാരി: ഡിപ്പാർട്ടുമെണ്ടിൽനിന്നും അയച്ചുകൊടുത്തിട്ടുള്ള ലിസ്റ്റനുസരിച്ച് മെമ്മോ അയച്ചാൽ ആളുകൾ ഉദ്യോഗത്തിനു ഹാജരാകാറില്ലെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഉണ്ടായിട്ടുണ്ടോ എന്നറിവില്ല.

BOAT ACCIDENTS

*94. [29] **Sri. Paul Thaliath :** Will the hon'ble Minister for Public Works and Communications be pleased to state.—

(*a*) whether it has come to the notice of the Government, the leading article in the Hindu, with the heading 'Boat Accident';

(*b*) whether it is a fact that boat accidents are on the increase in the State; and

(*c*) whether the Government propose to take measures to prevent such accidents in future?

Minister for Public Works and Communications **(Sri. E. John Philipose) :**

(*a*) Yes.

(*b*) It cannot be said that Boat accidents are on the increase.

(*c*) Government have certain proposals for consideration.

ശ്രീ. പാൾ തളിയത്ത്: ആ പ്രപ്പോസൽസ് എന്തെല്ലാമാണെന്ന് പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു മുഴുവനായി കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പാൾ തളിയത്ത്: കണ്ടക്ടറന്മാർ, ഡ്രൈവറന്മാർ മുതലായവരുടെ പരിചയക്കുറവുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നുള്ള കാര്യം ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഡ്രൈവറന്മാക്കും കണ്ടക്ടറന്മാക്കും മററും ചില നിശ്ചിതയോഗ്യതകൾ ഉണ്ട്. കൂടാതെ തെരഞ്ഞെടുപ്പിനു പ്രത്യേകിച്ച് ടെസ്റ്റും നടത്തുന്നുണ്ട്.

ശ്രീ. പാൾ തളിയത്ത്: അതുകൊണ്ടും മതിയാകാത്തതുകൊണ്ടാണ് ഇമ്മാതിരി അപകടങ്ങൾ ഉണ്ടാകുന്നതെന്നു ഗവമ്മെണ്ട് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ചിലപ്പോൾ അങ്ങിനെയും ഉണ്ടാകുന്നുണ്ടായിരിക്കാം.

ശ്രീ. പാൾ തളിയത്ത്: അതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി എടുക്കുന്നുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിന് ചില വ്യവസ്ഥകൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. അതു കുറച്ചുകൂടി ഊർജ്ജിതപ്പെടുത്തണമെന്നേ ഉള്ളു. അതിൽ ശ്രദ്ധിക്കുന്നുണ്ട്.

PUBLIC WORKS DEPARTMENT

*95. (30) **Sri. Paul Thaliath:** Will the hon'ble Minister for Public Works be pleased to state.—

(*a*) whether the Committee to re-organise the Public Works Department has submitted its report;

(*b*) if so, the main recommendations in the report; and

(*c*) the nature of the action so far taken on the recommendations?

Minister for Public Works and Communications **(Sri. E. John Philipose):** No. An interim report was submitted on 4th September 1950 and on the basis of recommendations therein, two Superintending Engineers have been appointed.

ശ്രീ. പാൾ തളിയത്ത്: ഈ കമ്മിററി ഉണ്ടാക്കിയിട്ടു എത്ര കാലമായി എന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഏകദേശം നാലുമാസം കഴിഞ്ഞിട്ടുണ്ടെന്നാണ് തോന്നുന്നതു്.

ശ്രീ. പാൾ തളിയത്ത്: കമ്മിററിയുടെ റിപ്പോർട്ടു് എത്ര കാലത്തിനകം കിട്ടുമെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അടുത്ത മാസത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്.

அட்டக்குளம் தண்ணீர்.

*96 (31) ஸ்ரீ. ஸ்ரீ. வி. தாஸ்: கீழ்க் கண்ட வினாக்களுக்கு கனம் போக்குவரத்து மந்திரி விடை பகர்வார்களாக:

(a) அட்டக்குளத் (கடியபட்டணம்) திலிருந்து போகிற கழிவு வெள்ளம் உத்தேசம் எத்தனை ஏக்கர் நெல் வயல்களுக்கு போதுமானதாகும்?

(b) மேற் குறிப்பிட்டிருக்கும் கழிவு வெள்ளம் இப்பொழுது பாழாகக் கடலிற்குச் செல்வது உண்மை தானா?

(c) இது சம்பந்தமாக கடியபட்டணம் பகுதி வாசிகளும் நீண்டகரை (பி) பகுதி வாசிகளும் அரசாங்கத்தினிடம் மேற்படி காலை வெட்டித் தரவேண்டுமென மனுச் செய்திருக்கிறதுண்டா?

(d) உண்டுமானால் அது சம்பந்தமாக அரசாங்கம் என்ன நடவடிக்கை எடுக்க உத்தேசம்? என்ன நடவடிக்கை எடுத்திருக்கிறது?

(e) கல்குளம் தாலுகா உணவு உற்பத்திக் கமிட்டி மேற்படி காலை வெட்டுவதற்கு அரசாங்கத்திற்கு சிபார்சு செய்ததுண்டா?

(f) மேற்படி வேலைக்கு என்ன தொகை (estimate) செலவாகும்?

Minister for Public Works and Communications **(Sri E. John Philipose):**

(*a*) This has not been estimated.

(*b*) Yes.

(*c*) Yes.

(*d*) Government have been advised that the proposed channel is impractical.

(*e*) No.

(*f*) Does not arise in the light of the answer to (*d*)

ഒരു ബണ്ട്

*൯൭. (൩൨) ശ്രീ. ടി. എം. സന്നേലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചികണയന്നൂർ താലൂക്കിൽ പള്ളിപ്പുറം, കുഴുപ്പിള്ളി എന്നീ വില്ലേജുകളിൽ കടലിനോട്ട് വളരെ അടുത്തു കിടക്കുന്ന പുത്തൻപാടം നിലങ്ങളുടെ സംരക്ഷണത്തിനായി ഒരു ബണ്ട് ഇടുവാൻ വേണ്ടിവരുന്ന കരിങ്കല്ല് ഗവൺമെണ്ടിൽനിന്നും നല്കാമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(ബി) സമ്മതിച്ചിട്ടുണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച് വല്ല നടപടിയും എടുത്തിട്ടുണ്ടോ;

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): എ-യും ബി-യും അങ്ങിനെ സമ്മതിച്ചിട്ടുള്ളതായി റിക്കാർഡുകളിൽനിന്ന് കാണുന്നില്ല. പക്ഷെ അതിനെസംബന്ധിച്ചുള്ള നടപടികൾ ഇപ്പോൾ എടുത്തുകൊണ്ടിരിക്കയാണ്.

ശ്രീ. ടി. എം. സന്നേലൻ: ഈ പണി സത്വരമായി പൂർത്തിയാക്കിയില്ലെങ്കിൽ അവിടത്തെ ജനങ്ങൾക്ക് ജീവിതംതന്നെ സാദ്ധ്യമല്ലാതായി തീരുമെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നറിയാം.

ശ്രീ. ടി. എം. സന്നേലൻ: അതുകൊണ്ട് ദയവായി സത്വരമായ നടപടികൾ എടുക്കുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നടപടികൾ ഇപ്പോൾതന്നെ എടുത്തുകൊണ്ടിരിക്കയാണ്.

WORKS COMMITTEE

*98. [33.] **Sri. K. A. Mathew:** Will the hon'ble Minister for Public Works and Communications be pleased to state:

(*a*) whether P. W. D. Works Committees functioned in any taluk in the budget year 1950—51;

(*b*) why the Works Committee for Thiruvalla taluk did not at all meet during the year;

(*c*) whether there are any special reasons for the Government in not reconstituting the Works Committees?

Minister for Public Works and Communications **(Sri. E. John Philipose):**

(*a*) All the Taluk Works Committees have functioned during the year 1950-51. But some committees have not convened meetings regularly in view of the decision of Government to substitute Taluk Works Committees by committees organised on the basis of P. W. sub-divisions.

(*b*) The Works Committee for Thiruvalla taluk met twice, on 19th April 1950 and 1st May 1950.

(*c*) No. The matter is under the consideration of Government.

ശ്രീ. കെ. എ. മാത്യു: തിരുവല്ലായിലെ കമ്മിററി രണ്ടുപ്രാവശ്യം കൂടിയിട്ടുണ്ടെന്നാണോ പറയുന്നത്?

Sri. E. John Philipose: That is the information conveyed here. The Works Committee for Thiruvalla Taluk met twice, that is, on 19th April 1950 and 1st May 1950.

ശ്രീ. കെ. എ. മാത്യു: ഇയ്യാണ്ടത്തെ ബഡ്ജററിനുവേണ്ടി ആ കമ്മിററി ഒരിക്കലും കൂടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാം. അതിനെ സംബന്ധിച്ച് സമാധാനം ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ പുതിയ സബ്ഡിവിഷൻ അടിസ്ഥാനത്തിൽ കമ്മിററികൾ ഉണ്ടാക്കണമെന്ന് തീരുമാനിച്ചിരിക്കുന്നസ്ഥിതിക്ക് നിലവിലിരിക്കുന്ന കമ്മിററികൾ കൂടേണ്ടതില്ലെന്നുള്ള ഒരു തെററിദ്ധാരണയിന്മേലാണ് തിരുവല്ലായിലെ കമ്മിററി കൂടാതിരുന്നതു എന്ന സമാധാനമാണ് കിട്ടിയിട്ടുള്ളതു്.

ശ്രീ. കെ. എ. മാത്യു: സബ്ഡിവിഷൻ ബേസിസിൽ എന്തുകൊണ്ടാണ് ഇതേവരെ കമ്മിററികൾ രൂപീകരിക്കാത്തതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനു ചീഫ് എഞ്ചിനീയരുടെ നിർദ്ദേശങ്ങൾ ഇതുവരെ മുഴുവനായി രൂപീകരിക്കപ്പെട്ടിട്ടില്ല.

ശ്രീ. കെ. എ. മാത്യു: അതു ഇതുവരെ എന്തുകൊണ്ടാണ് പൂർത്തിയാകാഞ്ഞതെന്ന് ചീഫ് എഞ്ചിനീയരോട് ചോദിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനുവേണ്ട വിവരങ്ങൾ ചീഫ് എഞ്ചിനീയർ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ബസ്സപകടത്തിൽപെട്ടു മരിച്ചവർക്ക് കൊടുത്ത സംഖ്യ

*൯൯. (൩൮) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ ഇരിഞ്ഞാലക്കുടയിൽവച്ചുണ്ടായ ഇലക്ട്രിക്ക് ഷോക്ക് ബസ്സപകടത്തിൽപെട്ടു മരിച്ചുപോയവർക്ക് കൊടുത്ത Compensation സംഖ്യ എന്താണ്;

(ബി) ഇപ്രകാരം ഓരോരുത്തർക്കും കൊടുത്ത സംഖ്യ എന്താണ്;

(സി) ഈ സംഖ്യയുടെ വിഹിതം തീർച്ചയാക്കിയതാരാണെന്നും എന്തടിസ്ഥാനത്തിന്മേലാണെന്നും പറയുവാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി
(ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): ഇരിഞ്ഞാലക്കുടവച്ചുണ്ടായ ബസ്സപകടത്തിൽപ്പെട്ടവർക്ക് കാമ്പൻസേഷൻ കൊടുക്കുന്ന കാര്യം ഗവമ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കയാണ്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: ഈ അപകടം ഉണ്ടായതു് ഏതു തീയതിക്കാണെന്ന് പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: മുമ്പ് ഇതിനെ സംബന്ധിച്ച് ഒരു ചോദ്യം ഉണ്ടായിട്ടുണ്ട്. അന്നു ഈ വിവരങ്ങൾ എല്ലാം വിശദമായിട്ട് പറഞ്ഞിട്ടുണ്ട്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: കാമ്പൻസേഷൻ കൊടുക്കുന്നതിനു് ഗവമ്മെണ്ട് ഇതുവരെയായി എന്തുനടപടികൾ എടുത്തിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: സ്റ്റേറ്റ് ഇൻഷ്വറൻസ് ആഫീസർ അതിനെപ്പററി അന്വേഷണം നടത്തി ഒരു റിപ്പോർട്ടു ഗവൺമെണ്ടിലേക്കു് സമർപ്പിച്ചിട്ടുണ്ടു്. അതു പര്യാലോചനയിൽ ഇരിക്കയാണു്.

Sri. V. K. Achutha Menon: What is the amount recommended by the State Insurance Officer?

Sri. E. John Philipose: The State Insurance Officer has recommended an amount of Rs. 21,000 to be paid as compensation.

ലൈസൻസ് ഫീസ്

*൧൦൦. (൩൫) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഗവൺമെണ്ടിന്റെ കീഴിൽ വിദ്യാഭ്യാസജോലി നോക്കിവന്നിരുന്നെന്നു സ്ഥാപിക്കാൻ അദ്ധ്യാപകന്മാരോടു തിരുവിതാംകൂറിൽ അദ്ധ്യാപകജോലിയിൽ പ്രവേശിക്കുന്നതിനു വീണ്ടും ലൈസൻസുഫീസ് വസൂൽചെയ്യുന്നതിനു ഗവൺമെണ്ടു നടപടികൾ നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആയതു ന്യായീകരിക്കത്തക്കതാണോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ & ബി) കൊച്ചി ഗവൺമെണ്ടിന്റെ കീഴിൽ വിദ്യാഭ്യാസജോലി നോക്കിവന്നിരുന്ന അദ്ധ്യാപകന്മാരെ തിരുവിതാംകൂർ വിഭാഗത്തിൽ അദ്ധ്യാപകജോലിയിൽ പ്രവേശിപ്പിക്കുന്നതിനു് ആവശ്യമായ ലൈസൻസ് ഫീസ് വാങ്ങാൻ ഗവൺമെണ്ടിൽനിന്നും നടപടികൾ ഒന്നും എടുത്തിട്ടില്ല. എന്നാൽ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ താഴെ പറയുംപ്രകാരം ഒരു സർക്കുലർ അയച്ചതായി റിപ്പോർട്ടു കിട്ടിയിട്ടുണ്ടു്.

"As the present practice of the department is to have different rules for the Cochin and Travancore areas in matters regarding education, till new rules are set up for the United State, fresh licences have to be issued while a teacher is posted in a school from Travancore area to Cochin area and vice versa."

ഈ സർക്കുലറിനെപ്പററി പരാതി ലഭിച്ചു ഉടൻതന്നെ അങ്ങിനെ പുതുതായി ലൈസൻസോ, പെർമിറേറാ എടുക്കേണ്ട ആവശ്യമില്ലെന്നും തിരുവിതാംകൂറിൽ അദ്ധ്യാപകവൃത്തിക്കു് ഒരിക്കൽ എടുത്തിട്ടുള്ള ലൈസൻസ് കൊച്ചി വിഭാഗത്തിലെ അദ്ധ്യാപകജോലിക്കും, അപ്രകാരംതന്നെ കൊച്ചി വിഭാഗത്തിൽനിന്നും സിദ്ധിച്ചിട്ടുള്ള ലൈസൻസ് തിരുവിതാംകൂർ വിഭാഗത്തിലെ അദ്ധ്യാപകജോലിക്കും ഒരുപോലെ സാധുവായി പരിഗണിക്കേണ്ടതാണെന്നു് ഗവൺമെണ്ടിൽനിന്നും ഉത്തരവയച്ചിട്ടുണ്ടു്.

PRIVATE SECONDARY SCHOOL TEACHERS SCHEME

***101.** [36.] **Sry. Annie Mascarene:** Will the hon'ble Minister for Education be pleased to state:

(*a*) whether any directions have been received from the Central Government regarding the Private Secondary School Teachers' Scheme or any other aspect of Secondary education; and

(*b*) whether the Government have sought advice from the Central Government?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) No direction whatsoever has been received from the Government of India regarding the Private Secondary School Teachers Scheme or any other aspect of secondary education.

(*b*) Government have not sought any advice from the Government of India.

SUPPLY OF YARN TO CO-OPERATIVE SOCIETIES

***102.** [37] **Sry. Annie Mascarene:** Will the hon'ble Minister for Civl Supplies be pleased to state:

(*a*) how much yarn is supplied to the Co-operative Societies in the coastal area;

(*b*) how much yarn is supplied to Co-operative Society No. 2913; and

(*c*) whether it is a fact that the coastal Co-operative Societies do not get sufficient supplies of yarn?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) During the last three months yarn at the rate of 25 bales per month is supplied to the Co-operative societies in coastal areas. This is a lump allotment.

(*b*) Information is only being collected about the exact quantity supplied to individual co-operative societies and so the quantity given to this particular co-operative society cannot be stated now. The Superintendent of Fisheries makes the distribution from the allotment.

(c) I have not received any specific complaint to this effect.

NEW COLLEGES

***103.** [38] **Sri. E. P. Poulose:** Will the hon'ble Minister for Education Labour and Civil Supplies be pleased to state:

(*a*) whether applications for opening new colleges are now under the consideration of the University; and

(*b*) how long is it since these applications were received?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Yes.

(*b*) A statement showing the date of applications is placed on the table.

Sri. A. Thanu Pillai: Will the hon'ble Minister be pleased to give us the approximate number of applications received?

Sri. Panampilli Govinda Menon: I think there are about a dozen applications.

ശ്രീ. ഇ. പി. പൗലോസ്: ഒരു ഡസനെ ഉള്ളുവെങ്കിൽ അതൊന്നു വായിച്ചുകേട്ടാൽ കൊള്ളാം.

Sri. Panampilli Govinda Menon:

Name of applicant	..	N. S. S.
Place of starting the College	..	Karukachal
Institution for which permission is sought	..	Women's College

***Mr. Speaker:** The list may be placed on the table.

***Statement showing details of the various applications for permission to start New Colleges**

No.	Name of applicant	Place of starting the College	Institution for which permission is sought	Date of application
1	N. S. S.	Karukachal	Women's College	17 6 1949
2	N. S. S.	Karuvatta	Training College	19 6 1949
3	S. N. D. P. Yogam	Varkalai	1st Grade College	6 10 1949
4	S. N. D. P. Yogam	Alwaye	College of Commerce	6 10 1949
5	S. N. D. P. Yogam	Quilon	1st Grade College for Women	6 10 1949
6	The Travancore Co-operative Institute Ltd., Trivandrum	Trivandrum	College of Commerce	15 9 1949
7	The Most Rev. Augustine Kandathil, Archbishop of Ernakulam	Moovattupuzha	1st Grade College	20 9 1949
8	The Rev. K. T. Thomas, Manager St. Thomas English High School, Kozhencherry	Kozhencherry	1st Grade College	2 11 1949
9	The Most Rev. Mar Philoxenos, Metropolitan, Chengannur	Pathanamthitta	1st Grade College	15 10 1947
10	The Manager, Our Lady's Convent, Palluruthy	Palluruthy	Training College	17 10 1949
11	The Most Rev. Mar Poulose Athanasius, Metropolitan of Angamali and Kandanad and Malankara Metropolitan	Kothamangalam	1st Grade College	28 1 1950
12	The Most Rev. Joseph Mar Severios, Diocese of Thiruvella	Thiruvella	1st Grade College for Women	1 4 1950

പൊതുമരാമത്തുവേലകൾ

*൧൦൪. (൩൯) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂരിലും എടവിലങ്ങിലും ഇക്കൊല്ലം നടത്തുവാൻ ബഡ്ജററിൽ കൊള്ളിച്ചിരുന്ന വേലകളിൽ ഏതൊക്കെ പൂർത്തിയാക്കി;

(ബി) ഏതൊക്കെ വേലകൾ നടന്നുകൊണ്ടിരിക്കുന്നു;

(സി) ഏതെല്ലാം വേലകൾ ആരംഭിക്കാതെയുണ്ട്;

(ഡി) ആരംഭിക്കാത്തതിന് കാരണമെന്താണ്?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) പുല്ലൂററ റോഡിന്റെ മെററലിംഗ് പൂർത്തിയായി.

(ബി) കൊടുങ്ങല്ലൂർ ബോയ്സ് ഹൈസ്കൂളിന് തെക്കുപടിഞ്ഞാറുള്ള ഇടവഴി വീതികൂട്ടുന്ന ജോലി കുറെഭാഗം പൂർത്തിയായി. ബാക്കി ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. മേത്തല മലയാളം സ്കൂളിന്റെ മേൽപ്പുര നന്നാക്കുക, കാര—കോതപറമ്പു റോഡു നന്നാക്കുകയും മെററലിടുകയും ചെയ്യുക, അഴീക്കോട്ടു ഒരു ചെറിയ പാലം പണിയിക്കുക, അഴീക്കോട്ടു ജെട്ടിയിലുള്ള വെയിററിംഗ് ഷെഡ്ഡ് പണിയിക്കുക, കൊടുങ്ങല്ലൂരു കടൽത്തീരത്തു ഗ്രോയിൻസ് സ്ഥാപിക്കുക, എറിയാട്ടു കെ. വി. ഹൈസ്കൂൾ നന്നാക്കുക, ബ്ലാങ്കച്ചാൽ തോട്ടിലുള്ള പാലം വീണ്ടും പണിയിക്കുക, വിജയൻതോട്ടിന്റെ കരയ്ക്കുകൂട്ടാനുള്ള ഒരു കടവു പണിയിക്കുന്ന ജോലി ഇവ നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ഒന്നും ആരംഭിക്കാതെയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

WRITTEN ANSWERS

MIDDLE SCHOOL FOR GIRLS, SHENCOTTAH

*105. [42] **Sri. A. Ramasubramonia Karayalar:** Will the hon'ble Minister for Education, Labour and Civil Supplies be pleased to state.—

Whether the Government have received representations to raise the Shencottah Middle School for Girls to that of a High School?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** Yes.

വൈസ് ചാൻസലർ

*൧൦൬. (൪൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിന് ബഹു. വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഇവിടത്തെ യൂണിവേഴ്സിററിവൈസ് ചാൻസലറായിരുന്ന ശ്രീ. നന്ദൻ മേനോൻ രാജിവക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ശ്രീ. നന്ദൻമേനോൻ രാജിവക്കാനുണ്ടായ കാരണങ്ങൾ ഗവമ്മെണ്ടിനെ അറിയിച്ചിട്ടില്ല.

പ്രൈമറി മിഡിൽ സ്കൂൾ ഇൻസ്പെക്ടർ

*൧൦൧. (൪൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തുനാട്ട താലൂക്കിൽ പ്രൈമറി ആൻറ് മിഡിൽ സ്കൂൾ ഇൻസ്പെക്ടരെപ്പററി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരോപണങ്ങൾ എന്ത്;

(സി) അതിനു എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും തൊഴിലും സിവിൾ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ട്.

(ബി) പ്രധാനമായി ഗ്രാൻറ് സ്കൂൾ മാനേജ്മെൻറുമായിട്ടുള്ള കത്തിടപാടുകളും പെരുമാററവും അതൃപ്തികരമോ നിന്ദാപരമോ ആണെന്നാണ്.

(സി) വേണ്ട അന്വേഷണം നടത്തി. ഇൻസ്പെക്ടരുടെ നടപടികളിൽ പ്രതിഷേധാർഹമായി യാതൊന്നും കണ്ടില്ല. എന്നാലും ഇൻസ്പെക്ടർക്ക് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഗ്രാമീണറോഡ്

*൧൦൮. (൪൧) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗ്രാമീണറോഡുകളെപ്പററി വേണ്ടതു ചെയ്യുവാൻ നിയമിച്ചിരുന്ന ഉദ്യോഗസ്ഥൻ ഇതിനകം എന്തുചെയ്തു;

(ബി) ഗ്രാമീണറോഡുകൾ എല്ലാം ഗവമ്മെണ്ടിൽനിന്നും ഏറെറടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) സ്പെഷ്യലാഫീസർ ഗ്രാമീണറോഡുകളുടേയും റയട്ട്സ് റോഡുകളുടേയും സർവ്വേ നടത്തിയതിനുശേഷം ആവശ്യമുള്ള ലിസ്ററുകൾ തയാറാക്കി കഴിഞ്ഞു. ഫൈനൽ റിപ്പോർട്ട കിട്ടിയിട്ടില്ല.

(ബി) ബഡ്ജററിലെ തുക അനുവദിക്കുന്നിടത്തോളം ഗ്രാമീണറോഡുകളുടെ അററകുററപ്പണികൾ ചെയ്യുന്നതും സംരക്ഷണം ഗവമ്മെണ്ട കീഴിലാക്കുന്നതുമാണ്.

തോട്ടം തൊഴിലാളികളുടെ ശമ്പളവും ജോലിയും

൧൦൯. (൪൯) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തോട്ടം തൊഴിലാളികളുടെ കൂലി കുറവു പരിഹരിക്കുന്നതിനും ജോലിസ്ഥിരത നൽകുന്നതിനുംവേണ്ടി ഗവമ്മെണ്ട വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്താണെന്നും പറയുമോ.—

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): തോട്ടം തൊഴിലാളികളുടെ കൂലിയിൽ അടുത്തകാലത്തെങ്ങും കുറവുവരുത്തിയിട്ടില്ല. ൧൯൪൮ മേയ്മാസത്തിനുശേഷം റബ്ബർതോട്ടം തൊഴിലാളികൾക്ക് പ്രതിദിനം രണ്ടണ വീതവും തേയിലതോട്ടം തൊഴിലാളികൾക്ക് പ്രതിദിനം മൂന്നര അണ വീതവും ഡിയർനസ് അലവൻ

സ് കൂട്ടിയിട്ടുണ്ട്. കൂടാതെ ഒത്തുതീർപ്പുകൾ മുഖാന്തരവും മററും ചെറിയ തോട്ടങ്ങളിലെ കൂലിയും വർദ്ധിക്കുന്നുണ്ട്. ഓരോ തോട്ടത്തിലും തൊഴിലാളികൾക്ക ജോലി സ്ഥിരത നൽകുന്ന കാര്യത്തിൽ ലേബർ ഡിപ്പാർട്ടുമെൻറ ശ്രദ്ധിക്കുന്നു. ഓരോ വർഷത്തിലും പഴയ തൊഴിലാളികളെത്തന്നെ വീണ്ടും രജിസ്റ്റർചെയ്യുകയാണു പതിവ്. പ്രതിവർഷമുള്ള സെററിൽമെൻറ് ഏർപ്പാടു നിറുത്തുവാൻ തോട്ടം ഉടമകളോടു ലേബർ ഡിപ്പാർട്ടുമെൻറ ആവശ്യപ്പെടുന്നതാണ്.

ട്രാൻസ്പോർട്ടു ബസ്സുകളിലെ പരസ്യം

*൧൧൦. (൫൧) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ട്രാൻസ്പോർട്ടു ബസ്സുകളിൽ വച്ചിരിക്കുന്ന ഡിപ്പാർട്ടുമെണ്ടുവക പരസ്യങ്ങളല്ലാത്തവയ്ക്കു എന്തെങ്കിലും ആദായം പരസ്യക്കാരിൽനിന്നും ഈടാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പരസ്യങ്ങൾക്ക് ൧൧൨൬-ൽ എന്തു തുക ഗവമെണ്ടിനു ലഭിച്ചു?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ ജോൺ ഫിലിപ്പോസ്):

(എ) ൧൧൨൬ അവസാനംവരെ പരസ്യക്കൂലി ഈടാക്കിവന്നു. അതിനുശേഷം പുറമെ നിന്നും ഉള്ള പരസ്യങ്ങൾ ബസ്സിൽ വയ്ക്കാറില്ല.

(ബി) ൬൭൩ രൂപാ ൭ അണ.

APPOINTMENT OF TEACHERS

***111.** [52] **Sri. A. K. George:** Will the hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) has a recent notification been published by the Director of Public Instruction published in the State Gazette calling for applications for posts of teachers in private secondary schools;

(*b*) if so, is the Director of Public Instruction competent to issue such a notification under the new secondary education scheme the details of which have been embodied in the Government Press Note, dated 2nd November 1950;

(*c*) if not, has the Government enquired into the reasons for such a step taken by the Director;

(*d*) has the Government already taken steps to prevent such steps hereafter?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Yes.

(*b*) The notification issued by the Director of Public Instruction is not under the new Scheme of Revision of salaries of the Secondary School teachers.

(*c*) and (*d*) Do not arise in view of answer to part (*b*).

VICE-CHANCELLOR

***112.** [55] **Sri. Eapen Arackal:** Will the hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) the reasons for the resignation of Mr. Nandan Menon, the Vice-Chancellor;

(*b*) the term of his appointment and the salary he was drawing as Vice-Chancellor;

(*c*) do the Government intend to appoint any one as Vice-Chancellor;

(*d*) have any applications been received by the Government from any persons for appointment to this post;

(*e*) if so who are all such applicants ?

Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**):

(*a*) Government have not been informed of the reasons for the resignation;

(*b*) Sri. Nandan Menon was appointed for a period of five years on a pay of Rs. 1,250 per mensem with the usual allowances admissible under the rules and free furnished quarters.

(*c*) The question is under consideration.

(*d*) Yes.

(*e*) Dr. P. Narasimhayya, Secretary, University Grants Committee, New Delhi.

BHUTHATHANKETTU DAM

***113.** [56] **Sri. N. P. Verghese:** Will the hon'ble Minister for Works and Communications be pleased to state.—

(*a*) whether the investigation of the diversion Dam at Bhuthathankettu in the Periyar river is completed;

(*b*) what is the area estimated to be benefited;

(*c*) do the Government propose to take it up in 1951 ?

Minister for Public Works and Communications (**Sri. E. John Philipose**):

(*a*) Yes.

(*b*) 93,500 acres.

(*c*) No decision has been taken.

SHIFT SYSTEM

***114.** [60] **Sri. P. M. Verghese :** Will the hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) whether in the Primary Section there are two kinds of schools, *i.e.*, schools having shift system and those without shift;

(*b*) if it is not a fact that the standard of teaching in the schools differs.

(*c*) whether the Government intend making the standard uniform; and

(*d*) whether steps, if any, have been taken towards the same ?

Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**) :

(*a*) Yes.

(*b*) No.

(*c*) and (*d*) These do not arise in view of the answer to part (*b*) above.

WORKS BUDGETED FOR THE YEAR

***115.** [61] **Sri. P. M. Verghese:** Will the hon'ble Minister for Public Works be pleased to state.—

(*a*) whether all the works budgeted for the year ending have been taken up and completed;

(*b*) whether money on any budgeted item has lapsed due to negligence on the part of the Department;

(*c*) in case of lapse, the total amount that has so lapsed; and

(*d*) the reasons for the lapse?

Minister for Public Works and Communications (**Sri. E. John Philipose**):

(*a*) The majority of works budgeted for this year have been taken up and are in progress. Some works on the recommendation of the Central Advisory

Committee have not been taken up with a view to provide adequate funds for works in progress.

(*b*), (*c*) and (*d*) The question of lapse of budget provision arises only on the expiry of the year to which the budget relates and the amount of lapse, if any, can be ascertained only next year after the accounts are finally closed. It is expected that the provision made under the Revenue Budget will be spent in full.

പീടികത്തൊഴിലാളിനിയമം

൧൧൩. (൩൪) കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പീടികത്തൊഴിലാളിനിയമം നടപ്പിലാക്കിയിട്ട് എത്ര നാളായി;

(ബി) അതിന്റെ പ്രവർത്തനത്തിന് ഇൻസ്പെക്ടർമാരെ നിയമിച്ചോ?

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) എട്ടുമാസമായി (ഗവമ്മെണ്ടിന്റെ ൨൫—൬—൧൯൫൦-ലെ നമ്പർ എൽ. ൧/൨൯൦/൫൦/ഡി. ഡി. നോട്ടിഫിക്കേഷൻ അനുസരിച്ച് ൧൯൫൦ ജൂൺ ൧-ാംനു മുതലാണ് നടപ്പിലാക്കിയതു്.

(ബി) ഇല്ല.

(സി) ബി യുടെ ഉത്തരംകൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ല.

തുറമുഖതൊഴിലാളികൾ

൧൧൪. (൩൫) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചി തുറമുഖതൊഴിലാളികളുടെ അവശതകളെപ്പററി അന്വേഷിച്ച് സമപ്പിച്ച റിപ്പോർട്ടനുസരിച്ച് എന്തെങ്കിലും നടപടി ഗവമ്മെണ്ടു സ്വീകരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സ്വീകരിച്ചിട്ടുണ്ടു്.

സഞ്ചാരസൗകര്യം

൧൧൫. (൩൩) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

കുമ്പളം, കണ്ടന്നൂർ, പനങ്ങാട്, ചേപ്പനം, നെട്ടൂർ മുതലായ ദ്വീപുകൾ അടുത്തുള്ള പട്ടണങ്ങളോടു ഘടിപ്പിച്ച് സഞ്ചാരസൌകര്യം വർദ്ധിപ്പിക്കുവാൻ ഗവമ്മെണ്ടിനു ഒരു സ്കീം ഉണ്ടോ; എന്താണ് സ്കീം?

പൊതുമരാമത്തും ഗതാഗതവും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

ഉണ്ടു്. ഈ ദ്വീപുകളെ, എറണാകുളം, വില്ലിംഗ്ടൺ ദ്വീപ്, മട്ടാഞ്ചേരി ഈ സ്ഥലങ്ങളോടു ഘടിപ്പിക്കത്തക്കവണ്ണം, തൃപ്പൂണിത്തുറനിന്നു് വില്ലിംഗ്ടൺ ദ്വീപിലേക്കു് ഒരു റോഡ് തുറക്കുക എന്നുള്ളതാണ് പ്രസ്തുത സ്കീം.

ട്രാൻസ്പോർട്ട്

* ൧൧൯. (൭൨) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ എത്ര കണ്ടക്ടർമാരെ നിയമിച്ചിട്ടുണ്ട്;

(ബി) അതിൽ വിശ്വകർമ്മ സമുദായത്തിൽപെട്ടവർ എത്ര പേരുണ്ട്?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി
(ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ൯൩.

(ബി) ൪.

സാങ്കേതിക പരിശീലനത്തിനുള്ള അപേക്ഷകൾ

* ൧൨൦. (൭൩) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബി. ററി. കോളേജ്, ഇഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ് മുതലായ സാങ്കേതിക പരിശീലന സ്ഥാപനങ്ങളിലേക്കുള്ള അപേക്ഷകളുടെ തെരഞ്ഞെടുപ്പ് സർവ്വീസുകമ്മീഷന് വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) സർവ്വീസുകമ്മീഷന്റെ അധികാരപരിധിയിൽ ഈ കാര്യം പെടുന്നില്ല.

കൊച്ചുപാലം

൧൨൧. (൭൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കോട്ടയം തിരുവാർപ്പു റോഡിലുള്ള കൊച്ചുപാലം വാഹന ഗതാഗതയോഗ്യമല്ലാതെയും പൊളിഞ്ഞും കിടക്കുന്നുവെന്നും അതു നന്നാക്കി കിട്ടണമെന്നും കാണിച്ച് ആ ദേശവാസികളുടെ അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കാലമായി; എന്തു നടപടി കൈക്കൊണ്ടു?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി
(ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) പാലം നന്നാക്കി കിട്ടണമെന്നു കാണിച്ച് അപേക്ഷ കിട്ടിയിട്ടുണ്ട്.

(ബി) പാലത്തിന്റെ അററകുററങ്ങൾ താല്ക്കാലികമായി നന്നാക്കിയിട്ടുണ്ട്.

VICE-CHANCELLOR

***122.** [77] **Sri. K. A. Mathew:** Will the hon'ble Minister for Education, Labour and Civil Supplies be pleased to state whether it is a fact that Sri. Nandan Menon, the University Vice-Chancellor, left the service of the University owing to differences with the Government?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon:)**

Government are not aware.

ബസ്‌ലൈൻ

൧൨൩. (൩൨) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) എറണാകുളം മട്ടാഞ്ചേരിയും ഇടക്കൊച്ചി മട്ടാഞ്ചേരിയും ബസ് ലൈൻ ദേശവല്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ആലോചനയിൽ ഉണ്ട്.

(ബി) തീയതി തീച്ചപ്പെടുത്തിയിട്ടില്ല.

ശ്രീ. നന്ദൻമേനോൻെറ രാജി

* ൧൨൪. (൩൩) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

വൈസ് ചാൻസലർ ശ്രീ. നന്ദൻമേനോൻ തൻെറ ഉദ്യോഗം രാജി വയ്ക്കുവാനുള്ള കാരണമെന്താണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

രാജിവയ്ക്കാനുള്ള കാരണം ഗവമ്മെണ്ടിനെ അറിയിച്ചിട്ടില്ല.

കാളേജു പ്രവേശനം

* ൧൨൫. (൫൦) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) എറണാകുളം മഹാരാജാസ് കാളേജിലേയ്ക്കുള്ള പ്രവേശനക്കാര്യത്തിൽ ഉണ്ടാകുന്ന പരാതികളെ പരിഹരിക്കുവാൻ ചില വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടില്ലേ;

(ബി) അവ എന്തൊക്കെയാണ്;

(സി) അതിൽ റിസർവ് വ്യവസ്ഥ ഉൾപ്പെടുമോ; എങ്ങിനെ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ): (എ) ഉവ്വ്.

(ബി) വ്യവസ്ഥകൾ താഴെ കൊടുത്തിട്ടുണ്ട്.

(സി) ഉവ്വ്. ചട്ടങ്ങൾ രണ്ടുമുതൽ ഏഴുവരെ റിസർവ് വ്യവസ്ഥകൾ ആണ്.

RULES

1. Admission is open to all students belonging to geographical area covered by Cochin and Travancore.

2. Preference be given in the following order.—

(*a*) Students belonging to the area coming from schools and colleges situated within the area.

(*b*) Students belonging to the area coming from schools and colleges situated outside the area.

(c) Others.

3. Princes of the Cochin Ruling Family and Cranganur to be admitted, irrespective of marks into groups considered best by the Principal.

4. All depressed classes, Muslims and Jew women students to be admitted irrespective of marks into groups considered best by the Principal.

5. The depressed class, Muslims and Jew women students to be given a percentage of reservation of seats consistent with the proportion of applications received from them, taken separately, to the total number of applications registered for the group.

6. Children of local Government servants to be given some preference i. e., children of Government servants drawing a pay of Rs. 200 or less may be admitted provided they get a minimum of 50 per cent in the subject taken into consideration.

7. Children of local post, telegraph, telephone, railway, port, harbour, Army and Navy personnel to be given some preference, i. e., on a par with the students of Cochin and Travancore even though they may not be from this area.

8. Selection of all students inclusive of those under category (5) to be made on the basis of marks scored, the candidates being arranged in order of merit under each group of study.

UNSTARRED QUESTIONS AND ANSWERS

PRIVATE SECONDARY SCHOOL SCHEME

3. [1] **Sri. N. D. Jose:** Will the hon'ble Minister for Education be pleased to state.—

(a) the number of schools that have paid 80 per cent of the fees collected to the Treasury;

(b) the number of schools that have not done so;

(c) the number of private schools that were closed down or in whose cases recognition was withdrawn; and

(d) the number of teachers benefited by this scheme?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(a) 511.

(b) 414.

(c) 5.

(d) About 5,000 so far benefited.

SUB-DIVISION OFFICER, SHENCOTTAH

4. [6] **Sri. A. Ramasubramonia Karayalar:** Will the hon'ble Minister for Public Works and Communications be pleased to State.—

(a) whether the Government have received any report from anti corruption officer Mr. Rasaalam as regards the enquiry made in respect of the Shencottah Sub-Division Officer, Mr. Ahamed Kannu;

(b) how many times the said officer was transferred from Shencottah and why is it that every time the transfer order was cancelled?

Minister for Public Works and Communications **(Sri. E. John Philipose):**

(a) A petition received by Government was forwarded to the Inspector-General of Police for enquiry and he has sent a confidential report.

(b) He was given orders of transfer from Shencottah Sub-Division only once; and this was cancelled in the interests of service.

LIFT IRRIGATION

5. [11] **Sri. R. Chellaswami Nadar:** Will the hon'ble Chief Minister be pleased to state.—

(a) whether the Government have received representations from the public urging for the immediate execution of the Vilathura Lift Irrigation Scheme;

(*b*) how far has the investigation of the scheme progressed, so far ?

Chief Minis er **(Sri. T. K. Narayana Pillai) :**

(*a*) Yes.

(*b*) Investigation has been completed.

തിരുവാർപ്പിൽ ഒരു കിണറ്

൬. (൧) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വേനൽക്കാലത്തെ ശുദ്ധജല ദൗർലഭ്യത്തെ നേരിടുന്നതിനായി തിരുവാർപ്പിൽ ഒരു കിണറു കുഴിപ്പിച്ചുകൊടുക്കണമെന്നു കാണിച്ച് ആ ദേശവാസികളുടെ അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി കൈക്കൊണ്ടു?

ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) തിരുവാർപ്പു പകുതിയിൽ ഒരു കിണർ കുഴിക്കുന്ന കാര്യം ഗവണ്മെണ്ടിന്റെ അന്വേഷണത്തിൽ ഇരിക്കുന്നു.

LEAVE OF ABSENCE FROM THE HOUSE GRANTED TO SRI. E. GOPALAKRISHNA MENON

മിസ്റ്റർ സ്പീക്കർ: കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽനിന്നും ഈ സഭയിലെ ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ ഇൻഡ്യൻ ഭരണഘടന നടപ്പിലായ ൧൯൫൦ ജനുവരി ൨൬-ാം തീയതിക്കു ശേഷം നടന്ന ഒന്നും രണ്ടും സെഷനിൽ ഹാജരായില്ല. ഭരണഘടന ൧൯൦-ാം വകുപ്പ് ൪-ാം ഉപവകുപ്പനുസരിച്ച് നിയമസഭയിലെ ഏതെങ്കിലും ഒരംഗം തുടർച്ചയായി ൬൦ ദിവസത്തിനുമേൽ അനുവാദംകൂടാതെ ഹാജരാകാതിരുന്നാൽ സഭയ്ക്കു ആ അംഗത്തിന്റെ സാമാജികത്വം നഷ്ടപ്പെട്ടതായി പ്രഖ്യാപിക്കാവുന്നതാണു്. മേൽപറഞ്ഞ ചട്ടമനുസരിച്ച് ൧൯൫൦ നവംബർ ൨-ാം തീയതിവരെ കണക്കാക്കിയാൽ അതേവരെ ശ്രീ. ഗോപാലകൃഷ്ണമേനോൻ തുടർച്ചയായി ൬൦ ദിവസം ഹാജരാകാതിരുന്നിട്ടുണ്ട്.

ഇങ്ങനെയിരിക്കെ under-trial prisoner ആയിരുന്ന ശ്രീ. ഗോപാലകൃഷ്ണമേനോനിൽനിന്നും ഇരിങ്ങാലക്കുട സബ് മജിസ്ട്രേട്ട് മുഖാന്തിരം ഒരു ലറ്റർ നവംബർ ൧-ാം തീയതി കിട്ടി. അതിൽ നിയമസഭയിൽ ഹാജരാകാതിരുന്നതു് നിയന്ത്രണാതീതമായ കാരണങ്ങളാലാണെന്നും അതിനാൽ തന്റെ സാമാജികത്വം നഷ്ടപ്പെട്ടതായി പ്രഖ്യാപനം ഉണ്ടാകരുതെന്നും, ഇത്തരം സന്ദർഭങ്ങളിൽ അസംബ്ലിയിൽ ഹാജരാകാതിരുന്ന കാരണത്താൽ ബാംബയിലും മദിരാശിയിലും നിയമസഭകളിൽ മെംബറന്മാരുടെ അംഗത്വം നഷ്ടപ്പെടുത്തുകയോ സ്ഥാനം ഒഴിവു വന്നതായി പ്രഖ്യാപിക്കുകയോ ഉണ്ടായിട്ടില്ലെന്നും പ്രസ്താവിച്ചിരുന്നു. ഇതുപോലെയുള്ള സാഹചര്യത്തിൽ മദിരാശിയിൽ നടപടി ഒന്നും നടത്തിയിട്ടില്ലെന്നും ബാംബയിൽ മെംബർ തടങ്കലിൽ ഇരിക്കുന്നിടത്തോളംകാലം നിയമസഭയിൽ ഹാജരാകാതിരിക്കുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടെന്നും അന്വേഷണത്തിൽ അറിവായിട്ടുണ്ട്.

ഈ സഭയുടെ മൂന്നാമത്തെ സെഷനുള്ള നോട്ടീസ് ശ്രീ. ഗോപാലകൃഷ്ണമേനോനു് അയച്ചുകൊടുത്തതു് കൈപ്പറ്റി അതിനു മറുപടിയായി ൧൯൫൧ ജനുവരി ൩൧-ാം തീയതി വിയ്യൂർ സെൻട്രൽ ജയിൽ മുഖാന്തിരം അയച്ചിട്ടുള്ള ഒരപേക്ഷ ഫെബ്രുവരി ൧൦-ാം തീയതി ഇവിടെ കിട്ടിയിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു:

"I am in receipt of a summons dated 22nd January 1951, to the Legislative Assembly sessions commencing on the 21st February 1951. In this connection, I beg to inform you that I am undergoing imprisonment in Viyyur Central Jail being convicted by the Second Class Magistrate, Mukundapuram, for six months, simple imprisonment under sections 24 (1) and (2) of Act V of 1950. I have filed an appeal petition against this conviction in the Trichur District Magistrate's Court and I am expecting a decision on this appeal within a few days. But, if unfortunately the decision of the District Magistrate is not in favour of me, I may not be able to attend this session of the Assembly. Therefore, I request you to allow me permission to be absent from this session. Further, I beg to state that my failure to attend the sessions consecutively under circumstances beyond my control may not be allowed to cause disqualification in respect of my seat as per clause (4) of Article 190 of the Constitution."

ഈ എഴുത്തിലെ അപേക്ഷകൾ രണ്ടാണ്.—

൧. നിയമസഭയുടെ സെഷനിൽ ഹാജരാകാൻ സാധിക്കാത്തതുകൊണ്ട് അതിനു സഭയുടെ അനുവാദം വേണം എന്നും,

൨. നിയന്ത്രണാതീതമായ പരിതസ്ഥിതികളാൽ കഴിഞ്ഞ സെഷനുകളിൽ തുടർച്ചയായി ഹാജരാകാതിരുന്ന വീഴ്ചമൂലം ഭരണഘടന വ്യവസ്ഥയനുസരിച്ച് തന്റെ സ്ഥാനം ഒഴിവായതായി പ്രഖ്യാപിക്കാൻ ഇടവരരുതെന്നും ആണ്.

മേൽ ഉദ്ധരിക്കപ്പെട്ട ഭരണഘടന വ്യവസ്ഥയനുസരിച്ച് ൬൦ ദിവസത്തിൽ കൂടുതൽ തുടർച്ചയായി ഒരംഗം അനുവാദംകൂടാതെ സഭാനടപടികളിൽ പങ്കുകൊള്ളാതിരുന്നാൽ ആ അംഗത്തിന്റെ സ്ഥാനം നഷ്ടപ്പെട്ടിരിക്കുന്നതായി സഭയ്ക്കു പ്രഖ്യാപിക്കാമെങ്കിലും ഇതു് ഒരു നിർബ്ബന്ധിതമായ വ്യവസ്ഥയല്ല; സഭയുടെ ഇഷ്ടംപോലെ ചെയ്യാവുന്നതാണ്. ഹാജരാകാതിരിക്കാൻ അനുവാദത്തിനുള്ള അപേക്ഷ ൬൦ ദിവസം തികയുന്നതിനുമുമ്പുതന്നെ അയച്ചിരിക്കേണ്ടതാണെന്ന് ഖണ്ഡിതമായി ഒരു വ്യവസ്ഥയുള്ളതായി കാണുന്നില്ല. തത്സംബന്ധമായി സഭയുടെ പ്രഖ്യാപനം ഉണ്ടാകുന്നതിനുമുമ്പ് അപേക്ഷ വന്നിട്ടുണ്ട്. അതിനാൽ ശ്രീ. ഗോപാലകൃഷ്ണമേനോൻ ഇപ്പോൾ അയച്ചിട്ടുള്ള അപേക്ഷ സഭ അനുകൂലമായി പരിഗണിക്കുന്നതായാൽ അതിന് നിയമതടസ്സം ഒന്നും ഉണ്ടെന്നു തോന്നുന്നില്ല.

ഈ പരിതസ്ഥിതികളിൽ ശ്രീ. ഗോലാലകൃഷ്ണമേനോന്റെ അപേക്ഷപ്രകാരം സഭ അനുവാദം നല്കുന്നു എന്നു വിശ്വസിക്കുന്നു.

Sri. P. Balakrishnan Tampi : Sir, this is a matter in which the House may exercise its discretion. I think these things may be circulated among the members early enough so that the hon'ble Members may examine the matter in respect of its merits as to whether such a concession should be allowed or not. I am only making a suggestion.

Mr. Speaker : The usual practice is to read the letter to the House. No previous circulation of the paper is necessary.

Sri. C. V. Iyyu : Have the facts mentioned by Sri. Gopalakrishna Menon been found correct on reference to the Secretaries of the Madras and Bombay Legislatures?

Mr. Speaker : Yes.

ശ്രീ. സി. വി. ഇയ്യു: സർ, ഈ കാര്യത്തെക്കുറിച്ച് എനിക്ക് ഒരഭിപ്രായം പറയാനുണ്ട്. ശ്രീ. ഗോപാലകൃഷ്ണമേനോനെ അടുത്തകാലത്താണ് അറസ്റ്റ് ചെയ്തതു്. അറസ്റ്റ് ചെയ്യുന്നതിനു ഏകദേശം ൭ മാസമോ ഒരു കൊല്ലമോ മുമ്പ് അദ്ദേഹത്തെ നിയോജകമണ്ഡലം തെരഞ്ഞെടുത്തു. അദ്ദേഹത്തെ

[Sri. C. V. Iyyu]

തെരഞ്ഞെടുപ്പിനുശേഷം, അദ്ദേഹത്തെ അറസ്റ്റ് ചെയ്യുന്നതിനുമുമ്പ് ഈ സഭയിൽ ഹാജരാകുന്നതിനു അദ്ദേഹത്തിനു വല്ല തടസ്സവും ഉണ്ടായിരുന്നോ എന്നു ചില മെമ്പറന്മാർ ഇവിടെ ചോദിക്കുകയുണ്ടായി. അദ്ദേഹത്തിനു തോന്നുമ്പോഴോ അല്ലെങ്കിൽ അദ്ദേഹത്തിനു ഇഷ്ടമുള്ളപ്പോഴോ നിയമസഭയിൽ ഹാജരാകാവുന്നതാണെന്നും അദ്ദേഹത്തിനു നിയമസഭയിൽ ഹാജരാകുന്നതിനു യാതൊരു തടസ്സവുമില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. ആ സമയത്തൊക്കെ അദ്ദേഹം എവിടേയോ സഞ്ചരിക്കുകയാണുണ്ടായത്. അങ്ങിനെയുള്ള സമയം അദ്ദേഹത്തിന്നു ഇവിടെ ഹാജരാകാമായിരുന്നു. മദിരാശിയിലും ബോംബെയിലും നിയമസഭയിൽ ദീർഘകാലം ഹാജരാകാതിരുന്ന മെമ്പറന്മാരുണ്ടെങ്കിൽ അതു തങ്ങൾക്കു നിയന്ത്രണാതീതമായ കാരണങ്ങളാൽ ഡെററന്യൂകളായി അവരെ തടവിൽ വച്ചിരുന്നതുകൊണ്ടാണ്. അങ്ങിനെയുള്ള അംഗങ്ങളുടെ കാര്യത്തിലാണ് അതാതു നിയമസഭകൾ തീരുമാനം ചെയ്തിട്ടുള്ളതു് എന്നാണ് എന്റെ അന്വേഷണത്തിൽ അറിയുന്നതു്. ഇതുപോലെയുള്ള ഒരു കേസിലാണൊ അവിടെ തീരുമാനം ചെയ്തിട്ടുള്ളതെന്നു അന്വേഷിച്ചു് ഈ കാര്യം വീണ്ടും ആലോചനയ്ക്കു് എടുക്കാവുന്നതാണ്. ശ്രീ. ഗോപാലകൃഷ്ണമേനോനെ തെരഞ്ഞെടുപ്പിനുശേഷം ഒരിക്കൽപോലും അദ്ദേഹം ഇവിടെ ഹാജരായിട്ടില്ല. അങ്ങിനെയിരിയ്ക്കുന്ന സ്ഥിതിക്ക് ഇതുപോലെയുള്ള ഏതെങ്കിലും കേസിലാണൊ മദിരാശിയിലും ബോംബെയിലും തീരുമാനം ചെയ്തതു എന്നു അന്വേഷിച്ചുവേണം ഇതിനെപ്പററി ആലോചിക്കുവാൻ എന്നാണ് എനിക്കു പറയുവാനുള്ളതു്.

Sri. A. Thanu Pillai: Sir, I would like to say a few words on this question. I understand that Sri. Iyyu's point is that the sixty days would not have arisen if the member had cared to attend the session before he got imprisoned. But the point is that any member is at liberty to attend a meeting before the sixty days expire. In view of that position, Sri. Iyyu's contention does not seem to be serious and it has to be considered whether the member cannot be allowed to continue. This is a matter which has arisen after his election as a member of the Legislature. It does not affect his character or his qualification to continue as a member of the Legislature. Evidently, he is convicted for some trivial offence and I do not think it right to make that stand in the way of his being allowed to continue as a member. I think it is only right that the House should condone his inability to attend and allow him to continue as a member.

Sri. P. Balakrishnan Tampi: Sir, I wish to second the proposal of Sri. Thanu Pillai. I am very proud to do so as a member belonging to the Congress Party which has always stood for the cause of freedom of expression. We think it our duty that the freedom of the hon'ble Members to speak even the most unpalatable thing in the House should be preserved by the Congress Party. Therefore, I have very great pleasure in seconding the motion moved by Sri. Thanu Pillai for condoning the absence of Sri. Gopalakrishna Menon representing some party in India.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഇക്കാര്യത്തെ സംബന്ധിച്ചു ഒന്നുരണ്ടുവാക്ക് എനിക്കും പറയുവാനുണ്ട്. ഒരു കാര്യത്തിൽ സഭയുടെ ശ്രദ്ധപതിഞ്ഞാൽ കൊള്ളാമെന്നു ഞാനാഗ്രഹിക്കുന്നു. ഭരണഘടനയിൽ അറുപതുദിവസം അസംബ്ലിയിൽ ഹാജരാകാതെ ഇരിക്കുന്ന ഒരംഗത്തിനു് തന്റെ അംഗത്വം നഷ്ടപ്പെട്ടുപോകുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ അംഗത്വം എന്നു പറയുന്നതു്, ഒരു അംഗം സത്യപ്രതിജ്ഞ ചെയ്തതിനു ശേഷമേ

ഒരു ആളിനു ലഭിക്കുന്നുള്ളു. അതിനാൽ ഭരണഘടനയിൽ പറയുന്ന ആ നിയമം സത്യപ്രതിജ്ഞ ചെയ്തിട്ടുള്ള ഒരംഗത്തെ മാത്രമെ ബാധിക്കുകയുള്ളു എന്നാണെന്റെ അഭിപ്രായം. ഇവിടെ പരാമർശിച്ച അംഗത്തെപ്പററി ആ നിയമം ബാധകമാകുമോ എന്ന സംശയമാണ്. അദ്ദേഹം സത്യപ്രതിജ്ഞ ചെയ്യുന്നതുവരെ ഈ നിയമം അദ്ദേഹത്തിനു ബാധകമാകുകയില്ലെന്നാണ് എന്റെ അഭിപ്രായം. ശ്രീ. ഇയ്യു പറയുകയുണ്ടായി, അദ്ദേഹത്തെ അറസ്റ്റ്ചെയ്തു ജയിലിൽ അയയ്ക്കുന്നതിനു മുമ്പുതന്നെ വേണമെങ്കിൽ അദ്ദേഹത്തിനു ഈ നിയമസഭയിൽ ഹാജരാകാമായിരുന്നുവെന്ന്. അദ്ദേഹത്തിന്റെ പേരിൽ വാറണ്ടൊന്നും ഇല്ലായിരുന്നുവെന്നു പ്രധാനമന്ത്രി പറഞ്ഞുവെന്നും ശ്രീ. ഇയ്യു പറഞ്ഞു. എന്നാൽ ഒരു മെമ്പറിന്റെ ഇന്നത്തെ അവസ്ഥയിൽനിന്നുതന്നെ അദ്ദേഹത്തിന്റെ പേരിൽ വാറണ്ടുണ്ടായിരുന്നോ ഇല്ലയോ എന്നുള്ള വസ്തുത നമുക്കു മനസ്സിലാക്കാവുന്നതാണ്.

ശ്രീ. സി. വി. ഇയ്യു: പ്രധാനമന്ത്രി കളവു് പറഞ്ഞു എന്നാണോ പറയുന്നതു്?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: ഞാൻ എന്താണ് പറഞ്ഞതെന്നു ബഹുമാനപ്പെട്ട മെമ്പർക്കു മനസ്സിലായി എന്നു വിശ്വസിക്കുന്നു. ഏതായാലും ഇന്നു ആ മെമ്പർക്ക് അനിയന്ത്രിതമായ ഒരു പരിതസ്ഥിതിയാണുള്ളതു എന്നുള്ളതു വ്യക്തമാണ്. അതിനാൽ അദ്ദേഹത്തിന്റെ അംഗത്വം യാതൊരുവിധത്തിലും നഷ്ടപ്പെടുത്തിക്കൂടാത്തതാണെന്നാണു എന്റെ അഭിപ്രായം.

ശ്രീ. സി. വി. ഇയ്യു: സർ, മി. മൈതീൻകുഞ്ഞു പറഞ്ഞ കാര്യം വളരെ ഗൗരവമുള്ള ഒന്നാണ്. അതിനെ സംബന്ധിച്ചു മദ്രാസിൽ ഒന്നു എഴുതി ചോദിക്കേണ്ടതാണെന്നാണു എനിക്കു തോന്നുന്നതു്. ഒരു അംഗം സഭയിലെ മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടാൽ അദ്ദേഹത്തിനു സത്യപ്രതിജ്ഞചെയ്യാതെ എത്രകാലം ഇരിക്കാം എന്നറിയണം. ഇതു ഒരു പോയിൻറ് അഫ് ആർഡറായി ഞാൻ ഇവിടെ ഉന്നയിച്ചുകൊള്ളുന്നു. സത്യപ്രതിജ്ഞ ചെയ്യാതിരിക്കുന്ന ഒരു മെമ്പർ ഈ സഭയിലെ ഒരു മെമ്പറല്ല. അയാൾ സത്യപ്രതിജ്ഞ ചെയ്തിരുന്നുവെങ്കിൽ, അയാളുടെ കാര്യം ഈ സഭയിൽ ആലോചിക്കേണ്ടതായിരുന്നു. അതിനാൽ ഈ അംഗത്തെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ അംഗത്വം തന്നെ ഇല്ലെന്നാണു എനിക്കു തോന്നുന്നതു്. അതുകൊണ്ടു് ഇക്കാര്യം സഭയുടെ ആലോചനയ്ക്കുതന്നെ വിഷയമാക്കാവുന്നതല്ല.

മിസ്റ്റർ സ്പീക്കർ: ഈ വിഷയം സഭയുടെ ആലോചനയ്ക്കു് വിഷയമാക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ സഭയിൽ ഹാജരാകണമെന്നാവശ്യപ്പെട്ടതുകൊണ്ടു് സമൻസ് അയച്ചിട്ടുണ്ടു്. സത്യപ്രതിജ്ഞ ചെയ്യുന്നതിനു മുമ്പ് ഇങ്ങനെ സമൻസ് അയയ്ക്കുന്നതു് മെമ്പർ എന്നുള്ള നിലയ്ക്കാണ്. അതുപോലെ ശ്രീ. ഗോപാലകൃഷ്ണമേനോനും സമൻസു അയച്ചിട്ടുണ്ടു്. ശ്രീ. ഗോപാലകൃഷ്ണമേനോന്റെ അംഗത്വം അഭംഗമായിത്തന്നെ നിലകൊള്ളുന്നു. അതു ചോദ്യം ചെയ്യാവുന്നതല്ല. സത്യപ്രതിജ്ഞ ചെയ്തില്ലെങ്കിൽ അംഗമെന്നുള്ള നിലയിൽ സഭയിൽ പ്രവർത്തനം നടത്താൻ പാടില്ലെന്നു മാത്രമെ ഉള്ളു. അതിനാൽ ഇക്കാര്യം ഈ സഭയുടെ ആലോചനയ്ക്കും തീരുമാനത്തിനും വിധേയമാക്കാവുന്നതാണ്.

I take it that there is no objection to granting the member's request. ശ്രീ. ഗോപാലകൃഷ്ണമേനോന്റെ അപേക്ഷ സഭയുടെ അഭിപ്രായപ്രകാരം അനുവദിച്ചിരിക്കുന്നതായി ഞാൻ പ്രഖ്യാപിച്ചുകൊള്ളുന്നു.

Sri. N. V. Chacko: May I know whether allowance will be paid to him?

Mr. Speaker: It can be gone into when it arises.

Sri. N. V. Chacko: I want to know whether he has claimed it or not.

Mr. Speaker: No. That question has not been placed before the House. The question has not arisen.

RESIGNATION OF THE MINISTRY

മി. സ്പീക്കർ: മറെറാരു കാര്യംകൂടി എനിക്കു സഭയെ അറിയിക്കാനുണ്ടു്. ചീഫ്മിനിസ്റ്ററുടെ പക്കൽനിന്നും എനിക്കു രണ്ടെഴുത്തുകൾ കിട്ടിയിട്ടുണ്ടു്. സഭയുടെ അറിവിനായി ഞാൻ അതു വായിക്കാം.

Dated 25th February. "In view of the resignation of the Council of Ministers tendered by me to His Highness the Rajpramukh, it is not considered desirable that the Finance Minister of my Council should present the budget. I am therefore to r quest that the budget session of the Legislature may be adjourned for a fortnight from the 28th February, 1951."

That is the first letter. There is another letter.

"25th February 1951. I write to inform you that at 8-30 p.m. yesterday, the 24th February 1951, I submitted to His Highness the Rajpramukh my resignation of the office of the Chief Minister for this State. My colleagues in the Council of Ministers have also tendered their resignations. His Highness the Rajpramukh has acknowledged the receipt of my letter and has asked me and my colleagues in the Council of Ministers to continue in office until a new Council of Ministers is formed. We are accordingly doing so."

ചീഫ്മിനിസ്റ്ററും അദ്ദേഹത്തിന്റെ സഹമന്ത്രിമാരും രാജപ്രമുഖൻ തിരുമനസ്സിലെ അടുക്കൽ രാജിക്കത്തു സമർപ്പിച്ചിട്ടുണ്ടെന്നും അതിലേക്കു തിരുമനസ്സിലെ അക്നോളജ്മെൻറ കിട്ടിയിട്ടുണ്ടെന്നല്ലാതെ രാജി സ്വീകരിച്ചു കഴിഞ്ഞില്ല എന്നുംമററുമാണ് രണ്ടെഴുത്തിൽ പറയുന്നതു്. ആദ്യത്തെ എഴുത്തിൽ ഇങ്ങനെ രാജി സമർപ്പിച്ചിരിക്കുന്നതിനാൽ ബഡ്ജററ സെഷൻ കുറച്ചു നാളത്തേക്കു മാററിവയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. അതിനുള്ള കാരണവും എഴുത്തിൽ പറയുന്നുണ്ടു്. സഭയുടെ അനുവാദം കൂടാതെതന്നെ ഇങ്ങനെ സെഷൻ മാററിവയ്ക്കുവാനുള്ള അധികാരം നിയമപ്രകാരം സ്പീക്കർക്കുണ്ടു്. എന്നാൽ ഇപ്പോൾ നിയമസഭ കൂടിയിരിക്കുന്നതുകൊണ്ടു് സഭയുടെ അറിവു കൂടാതെ ആ അധികാരം പ്രയോഗിക്കുന്നതു വിഹിതമാണെന്നു കരുതുന്നില്ല. അതുകൊണ്ട് ചീഫ്മിനിസ്റ്ററുടെ അപേക്ഷപ്രകാരം ബഡ്ജററ സെഷൻ കുറേക്കാലത്തേക്കു മാററിവെക്കുന്നതിനെപ്പററിയുള്ള സഭയുടെ അഭിപ്രായം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

ഇതിനെപ്പററി ഒരു കാര്യംകൂടി പറയേണ്ടതായിട്ടുണ്ടു്. ബഡ്ജററിനെ സംബന്ധിച്ചുള്ള പൊതുതത്വവും പാളിസിയും ഈ സഭതന്നെ നിശ്ചയിച്ചു കഴിഞ്ഞു. ബഡ്ജററിനെപ്പററിയുള്ള പാളിസി ഏന്താണെന്നു ബഡ്ജററിനെപ്പററി റഫർചെയ്തുകൊണ്ടു് രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ചെയ്ത പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്. അതു ഈ സഭ അംഗീകരിച്ചിട്ടുള്ളതുമാണ്. നമുക്കെല്ലാം അറിയാവുന്നതുപോലെ ബഡ്ജററ് അവതരിപ്പിക്കുന്നതിനു ആവശ്യമായ അനുമതി, സെൻട്രൽ ഗവമെൻറിൽനിന്നും രാജപ്രമുഖൻ തിരുമനസ്സിൽനിന്നും കിട്ടേണ്ടതു കിട്ടുകയും ചെയ്തു. ബഡ്ജററിനെ സംബന്ധിച്ചുണ്ടാകുന്ന വാദപ്രതിവാദത്തിൽ രണ്ടുഭാഗങ്ങൾ ഉത്ഭവിക്കുന്നുണ്ടു്. ഒന്നു്, കഴിഞ്ഞ പ്രാവശ്യം നാം അനുവദിച്ചു കൊടുത്ത തുക എങ്ങിനെ ചെലവാക്കി എന്നു ഈ സഭയെ അറിയിക്കേണ്ടതുണ്ടു്. ആ ചുമതല നിർവ്വഹിക്കേണ്ടതു ഇപ്പോൾ നിലവിലുള്ള മന്ത്രിസഭയാണെന്നുള്ളതിനു സംശയമില്ലല്ലോ. കൂടാതെ ഇനി വ

രാൻ പോകുന്ന കൊല്ലത്തേക്ക് ആവശ്യപ്പെട്ടിരിക്കുന്ന തുക അനുവദിക്കണമൊ വേണ്ടയൊ എന്നുള്ളതും തീരുമാനിക്കണം. ഈ തീരുമാനവും പ്രധാനമായി കഴിഞ്ഞ കൊല്ലത്തിൽ ആവശ്യപ്പെട്ട സംഖ്യ എപ്രകാരം വിനിയോഗിച്ചു എന്നുള്ളതിനെക്കൂടി ആശ്രയിച്ചാണിരിക്കുന്നതു്. ഈവക കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട മെമ്പറന്മാർ ചിന്തിച്ചു ഇതു സംബന്ധിച്ചുള്ള അഭിപ്രായം അറിയുന്നതു നന്നായിരിക്കും. ഉടനെ ഒരഭിപ്രായം പറയുവാൻ സാദ്ധ്യമല്ലെങ്കിൽ നാളെ അറിയിച്ചാലും മതിയാകുന്നതാണു്. രാജിവച്ചിരിക്കുന്ന റിലയ്യു നിലവിലുള്ള മന്ത്രിമാർ കേവലം റുട്ടീൻബിസിനസു മാത്രമെ ചെയ്യാവൂ എന്നു ശ്രീ. താണുപിള്ള ഉന്നയിച്ച വാദത്തിനും നാളെ ഒരു തീരുമാനം എടുക്കാവുന്നതാണു്.

ശ്രീ. വി. ഗംഗാധരൻനായർ: സർ, രാജിക്കു ഹേതുവായ കാരണത്തെപ്പറ്റി ചീഫ്മിനിസ്റ്റർ ഒരു പ്രസ്താവന ചെയ്യുവാൻ അനുവദിക്കുമോ?

മിസ്റ്റർ സ്പീക്കർ: അങ്ങനെ ചീഫ്മിനിസ്റ്ററെ നിർബ്ബന്ധിക്കുവാൻ സ്പീക്കർക്കു് അവകാശമില്ല. ചീഫ്മിനിസ്റ്റർ ഒരു പ്രസ്താവന ചെയ്യുവാൻ തയ്യാറാകുന്നപക്ഷം അങ്ങിനെ ചെയ്യാവുന്നതാണു്

Sri. P. Balakrishnan Tampi: Is it the privilege of the Honourable Minister rather than the privilege of the House to make an announcement?

മിസ്റ്റർ സ്പീക്കർ: അതുകൊണ്ടാണു് ചീഫ്മിനിസ്റ്റർ ഒരു പ്രസ്താവന ചെയ്യുന്നപക്ഷം ഞാൻ അതിനെ തടുക്കുന്നില്ലെന്നു പറഞ്ഞതു്. പക്ഷെ അങ്ങിനെ ചെയ്യണമെന്നു അദ്ദേഹത്തോടു് ആവശ്യപ്പെടുന്നതിനു അവകാശമില്ല.

Sri. A. Thanu Pillai: May I point out to you one aspect of this matter? Now, anyway after having got the dates fixed for the presentation and consideration of the budget, the Chief Minister now requests you to adjourn the meeting of this House for that purpose. That certainly means that he is under an obligation to inform this House as to the circumstances which led to this request by him. I should personally think that in the absence of a statement by him of the circumstances that have necessitated this request, apart from all other things, if he does not make a statement that would certainly mean a disrespect, a slight, to this House. Now, after having fixed the date of the meeting for the presentation of the budget, and for the consideration thereof, he coolly comes and puts in a paper asking you, Sir, to put off consideration of the budget because he has resigned. Without letting this House know why he has resigned,—that I should think really means a gross disrespect to this House. He ought to have come forward with the circumstances in which he had to resign and made this request to you. That is what I wish to submit in this connection. We will of course consider what has fallen from the Chair.

ശ്രീ. സി. വി. ഇയ്യു: സർ, ഞാൻ മി. താണുപിള്ളയുടെ അഭിപ്രായത്തോടു യോജിക്കുന്നു.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സർ, എന്തു കാരണത്താലാണു് ബഹു. മന്ത്രിമാർ രാജിവച്ചതെന്നു് പറയുന്നില്ല. ഏതെങ്കിലും അവസരത്തിൽ ഒരു രാജിയുടെ ആവശ്യം നേരിടുമ്പോൾ അതിന്റെ കാരണം നിയമസഭയിൽ വിശദമാക്കേണ്ടതു് അവരുടെ കടമയല്ലേ?

മിസ്റ്റർ സ്പീക്കർ: ബഹു. മെമ്പർ പറയുന്നതുപോലെ രാജിവയ്ക്കാനുള്ള കാരണത്തെ സംബന്ധിച്ചു് എന്തെങ്കിലും പ്രസ്താവിക്കണമെന്നു ബഹു. മന്ത്രിമാർക്കു് താല്പര്യമൊ സമ്മതമൊ ഉള്ളപക്ഷം അതിനെ തടയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ മന്ത്രിമാർ ഇവിടെനിന്നും ഔദ്യോഗികമായി പിരിയുന്നതിനുമുമ്പ് പിരിയേണ്ടിവരുന്നതിനുള്ള കാരണങ്ങളെപ്പറ്റി ഒരു പ്രസ്താവന

[Mr. Speaker]

ചെയ്യുന്നതു അസ്ഥാനത്തു് ആയിരിക്കുകയില്ലേ എന്നു് ഞാൻ സംശയിക്കുന്നു. അതായതു് മിനിസ്ട്രി ഈ സ്ഥാനത്തുനിന്നും ഒഴിയുന്നതിന്റെ കാരണം ഇപ്പോൾ ചോദിക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. അതിനെപ്പററി സഭ തന്നെ ആലോചിക്കുകയും അനന്തരനടപടികളെപ്പററി തീരുമാനിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ് ഈ കാര്യം നാളത്തേയ്ക്കു മാററിയതു്. നാളെ അതിനെപ്പററി ആലോചിച്ചു തീരുമാനിക്കാവുന്നതാണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ചീഫ്മന്ത്രിയുടെ രാജിക്കത്തിൽ ബഡ്ജററ് അവതരിപ്പിക്കുന്നതിനുവേണ്ടി ഈ സഭ കുറെ നാളത്തേയ്ക്കു് മാററിവയ്ക്കണമെന്നു് കാണിച്ചിരിക്കുന്നു. എന്നാൽ രാജികാര്യത്തെപ്പററി നാളെ സഭയുടെ അഭിപ്രായമറിഞ്ഞു് തീരുമാനിക്കാമെന്നാണ് സ്പീക്കർ അവർകൾ പറഞ്ഞതു്. ചോദ്യോത്തരം മാത്രമാണ് നാളെവച്ചിരിക്കുന്നതു്. അതുകൊണ്ടു് ബഡ്ജററ് അവതരിപ്പിക്കുന്ന ദിവസത്തേയ്ക്കു് നാളത്തെ ചോദ്യോത്തരം കൂടി മാററിവയ്ക്കുകയാണെങ്കിൽ സഭയുടെ സമയം പാഴാകുകയില്ല. ആവശ്യമില്ലാതെ പണച്ചിലവുണ്ടാകുകയുമില്ല. അതുകൊണ്ടു് രാജിവക്കാനുണ്ടായ കാരണങ്ങൾ എന്താണെന്നുള്ളതു് ഇന്നുതന്നെ സഭയെ അറിയിക്കുകയും മററു നടപടികൾ ബഡ്ജററ അവതരിപ്പിക്കുന്ന ദിവസം എടുക്കുകയും ചെയ്യണമെന്നാണു് എനിക്കു സ്പീക്കർ അവർകളോടു പറയുവാനുള്ളതു്.

Sri. P. S. Nataraja Pillai: Sir, there seems to be a doubt whether resignation of the Ministry is accepted and whether that has taken effect. A reading of the letter from the Rajpramukh makes it very clear that the Ministers have been asked to continue in office till another Ministry is formed, or in other words, a new Ministry is appointed. The old Ministry has gone out but it has been asked to continue in office for the interim period. That means the present Ministry is only in charge of current duties till a new Ministry is appointed. On account of that phrase in the letter, it is clear that resignation of the Ministry has taken effect. After resignation has taken effect, the Leader of the House is at perfect liberty to make, and I think this House is entitled to ask for, a statement from him. The Leader of the House can certainly refuse to make a statement. That apart, I would say a word on one more point.

Mr. Speaker: What is the statement referred to?

Sri. P. S. Nataraja Pillai: I mean a statement from the Chief Minister himself. The fact he has resigned proclaims he has stepped out of office. He has no office now. A reading of the letter from the Rajpramukh makes it clear beyond doubt that the Ministry has gone out of office and therefore he has asked the present Ministers to continue in office till a new Ministry is appointed. That envisages the appointment of a new Ministry. Whether that Ministry is to be composed of A, B, or C or X, Y, Z is another question altogether. A new warrant of appointment has to be issued to that effect. In the face of the letter now before us, that is very clear. As regards the question whether the Ministers are in office today, I should say that they are only in charge of affairs for the interim period, *i.e.*, till a new Ministry is appointed. Therefore, there is no meaning in continuing the proceedings of this House further with them as representing Government. They are simply in charge of administration. That must be the conclusion to be arrived at because, if one Ministry has gone out of office, the letter from Rajpramukh says, that people who have occupied those places will continue till new men are put in. Therefore, there is absolutely no meaning in proceeding with the business of the House now.

I would also submit another fact for consideration of the House. Resignation of the Ministry is not due to anything which occurred in this House. A resignation of the Ministry can be brought about by a No-confidence motion in this House which is perfectly within its legitimate rights. The resignation of the present Ministry has occurred outside this House. Being responsible Ministers to this House they ought to make their position clear here and now. I ask whether this Government has a legally constituted Cabinet today. We are absolutely in the dark. Therefore I think it is for the Speaker to decide whether the House should continue to function and deal Government business without a legally constituted Cabinet. I ask, whether the House as such has a right to carry on business on behalf of Government in the present circumstances. The interim Ministry is after all to look after routine duties. Therefore I would request the Chair to decide whether it would be proper and right and constitutional to carry on discussion in this House with the present set up.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സർ, ഒരു പായിന്റ് ഓഫ് ആർഡർ. ഒരു മിനിസ്ട്രി രാജിവച്ചുകൊണ്ടുള്ള ഒരു കത്ത് നിയമസഭയിൽ ഹാജരാക്കുമ്പോഴാണോ അതോ, ആ രാജികത്ത് രാജപ്രമുഖൻ സ്വീകരിക്കുന്ന അവസരത്തിലാണോ അതിനുള്ള കാരണങ്ങളെപ്പററി ഒരു പ്രസ്താവന മന്ത്രിമാർ നിയമസഭയിൽ പുറപ്പെടുവിക്കേണ്ടതു്?

മിസ്റ്റർ സ്പീക്കർ: ഞാൻ അല്പംമുമ്പു പ്രസ്താവിച്ചതു് രാജിയ്ക്കുള്ള കാരണം ഇപ്പോൾ പ്രസ്താവിക്കണോ വേണ്ടയോ എന്നുള്ള കാര്യത്തെപ്പററിയായിരുന്നു. അതായതു് ബഹു. മന്ത്രിമാർ രാജിവച്ചു പിരിഞ്ഞുപോയിട്ട് പുതിയ മന്ത്രിമാർ ഭരണമേററശേഷമാണു മുൻമന്ത്രിമാക്കു എന്തെങ്കിലും പ്രസ്താവന ചെയ്യുവാനുള്ള അവസരം—അതിനു മുമ്പല്ല. അസംബ്ലി റൂളുകളിൽനിന്നു് ആ സംഗതി മനസ്സിലാക്കാവുന്നതാണു്. ആ ഭാഗം ഞാൻ ഇവിടെ വായിക്കാം.

Rule 31, proviso: "Provided that a Minister shall be entitled, after the member has made his statement, to make a statement pertinent thereto."

Sri. K. K. Chellappan Pillai: Sir, my hon'ble friends, Mr. Nataraja Pillai and Kalathil Velayudhan Nayar are confusing between legislative functions and executive functions. If the functions had been properly understood, they would not have put forth such arguments. The Cabinet has executive functions of a Legislature. That concerns with bills. But with regard to budget they have to answer questions of the Speaker. As has already been pointed out, the Ministers have to explain matters. That is an adjunct to the executive function of the Legislature. The real question is whether this Council of Ministers should stand the necessary criticism concerning the budget to be presented shortly or whether they have a right to postpone discussions relating to that. With regard to legislative functions of the Legislature, I am of opinion that though the Ministry has resigned, it continues to function as a caretaker Government. The fact that the Ministry has resigned has received no acknowledgment which means acceptance in other words. For the conduct of legislative business, whether this Ministry continues to function or otherwise, it has to enact law according to the will of the Legislature. There is no point in arguing that this Legislature cannot get on with this Council of Ministers though they have resigned. There is no meaning in contending that they should not continue to carry on legislative business. There is absolutely no want of reason or appropriateness in their functioning as representatives of the Legislature. That is my submission at this juncture.

Sri. K. N. Sankunni Pillai: On a point of order, Sir. ചട്ടപ്രകാരം, ഇവിടെ മൂന്നുഭാഷയിലെ സംസാരിക്കാവൂ:—മലയാളത്തിലോ, തമിഴിലോ ഇംഗ്ലീഷി

[Sri. K. N. Sankunni Pillai]
ഷോ. ഇപ്പോഴും ബഹു. മെമ്പർ സംസാരിക്കുന്നതു് ഏതുഭാഷയിലാണെന്നറിഞ്ഞാൽ കൊള്ളാം.

Sri. K. K. Chellappan Pillai: ഇതു് പത്രഭാഷയല്ല. പ്രസംഗഭാഷയാണു്.

Sri. A. Thanu Pillai: The suggestion that has now been made is that the House adjourns now to meet again for the budget discussion, on some future date. Sir, I agreed with that suggestion and the point of order I raised early this morning was to that effect. But then I took your ruling to mean that so far as questions are concerned, the House may go on because it is only a matter of giving information as to what the Government have done in the past. The answer to a question means only that. As no proposals for the future will be disclosed in the answers, no commitments will be made.

But the question of legislation is totally different. The ministers have really gone out of office. All that the Rajpramukh has asked is that they should carry on till the new ministry comes in, because there should not be a vacuum in the Government; somebody must be there. So he asked them, 'You carry on and continue to do the routine work'. They now come forward and say graciously "We will not take up legislative business, but leave it to the successor cabinet to take it up." Mr. Chellappan Pillai says this and that. Why should he say all that? His party has not put forward any leader to represent that party. There is nothing like that. In these circumstances, why should there be this insistence? By hair-splitting arguments we may come to the conclusion that it is the Legislature that is legislating. But after all what is happening here? Some proposal put forward by the ministers is accepted by the party and that being the majority party, has necessarily to be accepted by the Legislature. Has not that position changed now? Then why should we insist on these things? It is a new situation that we have to face; here we have to create new traditions. It is for you, Mr. Speaker, to give a lead. What is the step that we should take in such a situation as this? Should we insist on proceeding with legislation when there is no well-based Government? I think you should decide that it is not right and proper to pass permanent legislation in these circumstances. But routine has to continue and for that this ministry can continue. But permanent measures should not be taken by them now. I think it is for you to say now, 'I will not allow this. There is no well-based Government. The present ministry is only a caretaker." Seeing that there is a large volume of opinion against proceeding with legislative business, I think it is up to you to take that stand. The Chief Minister has also requested that the budget presentation may be put off till the 16th March. Why should we insist on continuing for a day or two more? Therefore I agree with the view that we rise today to meet again at a later day, and then deal with the legislative business standing over. I insist on this. That is the proper procedure. This is a new situation and what has happened elsewhere does not really matter.

It is up to the Chief Minister to give a statement. Of course, we cannot compel him to make one. But in fairness to this House, he should make a statement.

In regard to the other matters that you raised in your statement regarding the past and future in relation to the budget, I have to make this statement. The new budget is for 1951-52. What we are primarily concerned with is what that budget contains, and the course of action that they propose to take. Incidentally, no doubt, what has been done in 1950-51 may also arise. But if we are to split the budget provisions into these divisions, I have no hesitation in saying that 99 per cent of the

importance should be attached to what is to be done in 1951-52 and not even one per cent to what has been done in the past.

Then, in regard to the speech of the Rajpramukh. It may be contended that the content of that speech may not be relevant to the situation if we do not continue the present ministry. Although I was not present here on the occasion, I have read that speech. From what I have been able to see in that speech, there is precious little in regard to policy there, except perhaps the ordinary platitudes, that education will be proceeded with, industry will be encouraged, agriculture will be developed, the country will be bettered, etc. Beyond that there is nothing committing Government in any way. Then it will be for the incoming Ministers to adjust their policies and relate their activities and proposals to the speech that has already been delivered. That is a very slight matter.

Mr. Speaker : The Chief Minister, has in his letter to me, suggested that the consideration of the budget may be postponed to a future date. Hon'ble member Sri. Pattom Thanu Pillai also is strongly of that view. I do not see any hon'ble Member of the House who would suggest that it is desirable or necessary that the budget should be dealt with by the present Ministry. That seems to be the general sense of the House. The matter therefore does not admit of any further discussion. Hon'ble members who wish to make any further observations in connection with this subject may keep this in mind.

Sri. P. Balakrishnan Tampi : I am very grateful to you, Sir, in giving this house an opportunity to express its opinion on this matter. For the past one hour, I was trying to find out what the trouble was about. I want to congratulate the hon'ble Ministers for adopting the highest parliamentary tradition in informing you about the propriety of adjourning this House. Mr. P. S. Nataraja Pillai and Mr. Chellappan Pillai and other constitutional pundits went off the mark. I re-Member having read some chapters in an elementary book on Politics sometime back. mhat seems to be of help now. This Government represents the Rajpramukh. Tany members argued that the Rajpramukh is the supreme executive in the Muntry, that he has appointed these Ministers on behalf of the people and that coere can be no vacuum in the Ministry, etc. For the information of Mr. Chellappan thllai, I may state that the Ministry has only executive functions ; they have no Pidicial functions, they have no legislative functions. I would have liked to begin juith Montague and come down to Hobbes, Locke and Laski. But I do not want two take up much of the time of the House in giving a lecture on Elementary Politics There is nothing legally improper in this Ministry presenting the budget.

But beyond all this, there is a constitutional propriety. We are here proceeding according to the precedent of the Mother of Parliaments, the House of Commons. We have here only one team going out and another team coming in, from the same party. There is absolutely no change of policy. Yet our Ministers thaught that they should lay a very high precedent, conceived in the highest constitutional traditions, and they, therefore, came forward to suggest to the House that the meeting may be adjourned. That just shows their high sense of respect for the House.

In the words of Mr. Thanu Pillai and Mr. Chellappan Pillai, we are able to discover an eagerness to hear the speeches of the new leaders, to see the fire and fury of their speeches. I will conclude by informing Mr. Chellappan Pillai one thing. The Ministry represents the Rajpramukh. They are not our representatives in the legal sense. They act in the name of the Rajpramukh and so long as the Rajpramukh has not asked them to vacate, they are the Ministers.

I began my career as a schoolmaster and I never knew that one day I would be able to speak like this here (*Laughter*.)

The House adjourned for lunch at 1 p.m. and reassembled at 2 p.m. with Mr. Speaker in the Chair.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): സർ, ജനകീയ ഭരണത്തിന്റെ പ്രവർത്തനത്തിൽ മഹനീയങ്ങളായ പാരമ്പര്യങ്ങളും നടപടി ക്രമങ്ങളും സൃഷ്ടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ബഡ്ജററ് സെഷൻ നീട്ടിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ അങ്ങേക്ക് ഒരു കത്തയച്ചിട്ടുള്ളത്. ആ പാരമ്പര്യങ്ങളും നടപടിക്രമങ്ങളും സൃഷ്ടിക്കുന്നതിലേയ്ക്ക് നിയമ നിർമ്മാണ നടപടികളും മാററിവെക്കേണ്ടത് ആവശ്യമാണെന്നാണ് സഭയുടെ ആഗ്രഹമെങ്കിൽ അതിനോടു ഞങ്ങളും പരിപൂർണ്ണമായി അനുകൂലിക്കുന്നു. ഏതെങ്കിലും വിധത്തിൽ പുതിയ നിയമങ്ങൾ നിയമസഭയെ അടിച്ചേൽപ്പിക്കണമെന്നുള്ള ഉദ്ദേശം ഞങ്ങളെ ഒരു നിമിഷംപോലും തീണ്ടിയിട്ടില്ല.

മിസ്റ്റർ സ്പീക്കർ: നിയമ നിർമ്മാണ സംബന്ധമായ ഈ സഭയുടെ പ്രവർത്തനങ്ങൾ മാററിവെക്കണമെന്നു സഭക്കു അഭിപ്രായമുള്ളതായി കാണുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർക്കും അതു സമ്മതമാണെന്നു കാണുന്നു. അതിനാൽ അതു ഒരു തർക്കവിഷയമല്ല. ബഡ്ജററ് സംബന്ധമായ ജോലികൾ മാററിവയ്ക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതിനു പുറമെ ഇപ്പോൾ നിയമ നിർമ്മാണപരിപാടികളും മാററിവയ്ക്കുന്ന കാര്യവും അംഗീകരിച്ചിരിക്കുകയാണ്. അപ്രകാരം ചെയ്യുന്നതിൽ വിരോധമില്ല. അങ്ങനെ മാററിവെക്കാൻ പാടില്ലെന്നു ബഹു. മെമ്പറന്മാർക്കു ആർക്കും അഭിപ്രായം ഉള്ളതായും തോന്നുന്നില്ല.

ഇതു കൂടാതെ ഒരടിയന്തിരപ്രമേയം ഇന്നു വാദപ്രതിവാദത്തിനു വച്ചിട്ടുണ്ട്. നൂലും തുണിയും രാജ്യത്തു ഇല്ലാത്തതുകൊണ്ട് ഇവിടെ ഉണ്ടായിരിക്കുന്ന വൈഷമ്യത്തെപ്പററിയുള്ള ഒരു പ്രമേയമാണത്. അതിനെപ്പററിയുള്ള എല്ലാ വിവരങ്ങളും കഴിഞ്ഞ ദിവസം മന്ത്രിക്കു ലഭിച്ചിരുന്നില്ല. സഭയുടെ അഭിപ്രായമനുസരിച്ചു അതു ഇന്നു വാദപ്രതിവാദത്തിനു എടുക്കാവുന്നതാണെങ്കിൽ എടുക്കാം.

Sri. P S. Nataraja Pillai: Sir, I beg to submit with respect to my adjournment motion a few observations. The object of an adjournment motion is twofold. It is moved either as a censure on the Government or to draw their attention to a particular situation for remedying it. But both of these two things connot be done now with regard to my motion. I cannot censure the Government because it does not exist and for the same reason we cannot expect any remedy for any situation. So, I would request that the consideration of my adjournment motion may be postponed to a future date.

Mr. Speaker: Yes. The Adjournment Motion will be discussed on a later date.

STATEMENT REGARDING OFFICE OF PROFIT

Mr. Speaker: Now, I wish to make a statement with regard to another matter in connection with the acceptance of office by some of the members of this House I propose to refer to this matter in detail as all the information relating to this subject available here and elsewhere had been collected and got ready. The same question has arisen in Parliament and some of the Provincial Legislatures. At the Centre and in some of the States there is a proposal for introducing legislation on this matter and that is what Dr. Ambedkar has said in regard to the Centre. So far as this House is concerned, there is a large number of members who have accepted places in some Committee or other whose names are included in a list which I am placing on the table for the information of the members. * The list, besides showing the nature of the duties assigned to the members, also discloses the extent

*Not printed in the day's proceedings.

and nature of the remuneration allowed to them and as to who nominated or selected them—the Legislature or the Government and on what authority.

Sri. A. Chidambaranatha Nadar: What obout the hon'ble Member, Mr. P. T. Chacko ?

Mr. Speaker : Not only Mr. P. T. Chacko, but all the members who serve in some Committee or other or hold any office are included in the list. Now, on an analysis of the various types of offices, it is found that in most cases the question of disqualification may not arise, while in a few otherinstances the question may arise. On a broad analysis, the various categories of cases fall under four heads—viz.,

(1) membership of Committees elected by the Assembly or constituted under Rules made by the Assembly, e. g., Public Accounts Committee, Estimates Committee, Transport Committee, Public Works Committee, etc.

(2) membership of Committees constituted in accordance with the provisions of enactments passed by the Assembly which provide for the election of members by the Assembly either from among its members of from outsiders, e.g., Senate.

(3) membership of Committees or corporate bodies to which the appointments are made by Government and the members so appointed are paid either by Government or by the Body concerned, travelling and daily allowances only, e.g. Food Advisory Committees.

(4) membership of Committees or Statutory Bodies where the appointments are made by Government and the office carries with it emoluments payable either by Government or by the body concerned irrespective of the fact whether the holder of the office actually receives remuneration or waives it, e.g., Directors of Banks receiving sitting fees in addition to T. A., Public Prosecutors, etc.

Sri. A. Chidambaranatha Nadar: I wish to point out that in the case of Mr. P. T. Chacko he is not a member of any Committee. He was appointed as a Sirkar Vakil or Prosecutor of a case. My humble opinion is that his should be treated as a special case.

Mr. Speaker: We are concerned with a question of principle which is of general application. In regard to offices covered by the 4th category it may be said that in respect of the holders of those offices the question of their disqualification has arisen and that they are fit cases to be referred to the Rajpramukh. What the Centre proposes to do is to introduce legislation so as to cover these points. The House may decide whether it is desirable that we wait till the legislation at the Centre is passed so that we may see if a similar course may be adopted here also.

Sri. Kalathil Velayudhan Nair: May I know the names of the members who come under the fourth category?

Mr. Speaker: The member can refer to the list. It is kept on the Secretary's table now and will subsequently be placed on the library table.

Sri. Kalathil Velayudhan Nair: But option is given under clause 191 of the Constitution......

Mr. Speaker: It is open to the House. Hon'ble Members will see the list and consider whether any names in the list are or are not to be included in any of these categories.

Sri. Kalathil Velayudhan Nair: Is it a matter for this House to decide whether any particular member is disqualified or not?

Mr. Speaker: The House may say that a question has arisen and may refer the matter to the Rajpramukh, but cannot decide the question.

Sri. Kalathil Velayudhan Nair: My doubt is whether a particular member of the House can decide that such and such persons are disqualified. When a question is raised, is it the Speaker or a member of this House who is competent to decide?

Sri. P. Balakrishnan Tampi: The House is only helping the Speaker.

Mr. Speaker: We can only refer the matter to the Rajpramukh for decision. The Rajpramukh has to obtain the opinion of the Election Commission before making the decision.

Sri. P. Balakrishnan Tampi: In this connection Mr. Speaker has stated that this problem has arisen in theCentre and in all the States. Is it not an attempt to find fault with the doctrinaire nature of the supreme Constitution? Anyway difficulties have arisen and legislation is already being made, not only in the Centre but in the States as well. I am speaking from memory, I think such instances have arisen in the House of Commons also. They have liberalised the case from time to time. The whole object is that the members of the Legislature, in carrying out their duties should not be duly or unduly influenced by the Government. In many matters it is in the interests of the Legislature that individual members may make their talents available to the executive especially in many—committees. Therefore, the opinion seems to be unanimous that the rule should be so relaxed as not to deprive the Government of the service of the talented hon'ble Members of this House. This is a matter not only of academic importance but it is of real interest to Government especially when the matter has been taken up by the Central Legislature and therefore I think that it is superfluous for us to take any action in this particular matter.

I wish to refer to another aspect of the matter. Most hon'ble Members excepting the new hon'ble Members are serving on some committee or other. I think some of the new members are also members of the Public Works Committee. I am afraid the Speaker might feel that however high may be the position offered by the Government, it will not be sufficiently suitable to keep company with. Some members may feel that it is not at all good to keep company with the members of this House and they may go away accepting places offered by Government. Only a few members are not in any of the committees. I think every member of this House is almost *ipso facto* a member of the committee of some doubtful utility.

Sri. A. Thanu Pillai: There are members who have not accepted the membership of any committees.

Sri. P. Balakrishnan Tampi: We have to go to individual cases of acceptance and non-acceptance. With due respect to my hon'ble friend I may say that he is a member of the Public Works Committee at Trivandrum.

Sri. A. Thanu Pillai: I deny that.

Sri. P. Balakrishnan Tampi: On account of his multifarious duties, he did not attend the committee. I may apologise to the member for saying it here.

Sri. A. Thanu Pillai: Even now there has been an invitation for accepting membership of a committee. I have not accepted any membership.

Sri. P. Balakrishnan Tampi: That may be looked into. I dare to contradict. I am aware that his name is in the list. We shall not go into such questions almot at the fag end of the present session. Afterall those gentlemen are doing very useful work and this House should be grateful to them. The framers of the Constitution could not have anticipated the contingency. They expected to serve some useful purpose than these things. Anyway, I suggest the matter may be dropped here.

ശ്രീ. കളത്തിൽ വേലായുധൻ നായർ: എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീമാൻ ബാലകൃഷ്ണൻതമ്പി അഭിപ്രായപ്പെട്ടതുപോലെ ഫലിതരസ പ്രധാനമാക്കിക്കളയാവുന്ന ഒരു പ്രശ്നമല്ല ഇത്. ഇൻഡ്യൻ കാൺസ്റ്റിററിററ്യൂഷനനുസരിച്ച് ഒരു മെമ്പർക്ക് അംഗത്വം നഷ്ടപ്പെടുമോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു തീരുമാനമുണ്ടാക്കേണ്ടത് ഏററവും ആവശ്യമായ ഒരു സം

ഗതിയാണ്. അല്ലാതെ ഇപ്രകാരം ഫലിതരൂപത്തിൽ ഇത്ര പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയെപ്പററി ചിന്തിക്കേണ്ടതില്ല എന്നു പറയുന്നതു് ഒരു അഭിഭാഷകനു ചേർന്നതല്ല എന്നാണ് എന്റെ അഭിപ്രായം. എന്റെ ബഹുമാന്യസ്നേഹിതനായ മി. ഇക്കണ്ടവാര്യർ അവർകളുടെ അംഗത്വം സംബന്ധിച്ച് ഈ സഭയിൽ ഒരു പായിന്റ് ഓഫ് ഓർഡർ ഉന്നയിച്ചപ്പോൾ സഭയിൽ അതു ചർച്ച ചെയ്തു ഒരു തീരുമാനവും എടുക്കാതെ രാജപ്രമുഖന്റെ അഭിപ്രായത്തിനുവേണ്ടി സമർപ്പിച്ചതിനുശേഷം ഇതുവരെ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. അപ്രകാരം ചെയ്യുന്നതുകൊണ്ടു് ഭരണഘടനയിലെ ൧൯൨-ാംവകുപ്പനുസരിച്ച് വളരെ ഭവിഷ്യത്തുകൾ ഉണ്ട്. അതിനുശേഷം ശ്രീ. പി. ടി. ചാക്കോയെപ്പററിയുള്ള ഒരു പ്രശ്നം ഞാൻ തന്നെ ഇവിടെ ഉന്നയിക്കുകയുണ്ടായി. ആ പ്രശ്നം ഉന്നയിച്ചിട്ട ഇപ്പോൾ രണ്ടുമാസത്തോളം ആയി. അദ്ദേഹം ഇവിടെ ഹാജരാകുന്നതായാൽ വളരെ വിഷമങ്ങൾ ഉണ്ടു്. ഇത്രയുംകാലം അതിനെ സംബന്ധിച്ച് ഒരു റെഫറൻസുപോലും നടത്തുന്നതിനു സാദ്ധ്യമായില്ല. അദ്ദേഹത്തിന് ഇപ്പോൾ സഭയിൽ ഹാജരാകാൻ സാദ്ധ്യമല്ല. അങ്ങിനെ ഹാജരാകുന്നപക്ഷം അദ്ദേഹത്തിനു അംഗത്വം നഷ്ടപ്പെടുകയാണെങ്കിൽ ഈ പായിന്റ് ഓഫ് ഓർഡർ ഉന്നയിച്ച ദിവസം മുതൽ അദ്ദേഹം ഹാജരായ ദിവസങ്ങളിൽ ദിവസംപ്രതി അഞ്ഞൂറുരൂപാക്കണക്കിന് പിഴ ഒടുക്കേണ്ടതായി വരുമെന്നുള്ളതിനു ഭരണഘടനയിൽ വ്യവസ്ഥയുണ്ടു്. അങ്ങു പ്രസ്താവിച്ചതുപോലെ രണ്ടു കേസുകൾ ഇവിടെ ഉന്നയിച്ചിട്ടുണ്ടു്. ഈ നാലാമത്തെ ഇനത്തിൽപ്പെട്ട ആളുകളുടെ അംഗത്വം നഷ്ടപ്പെടുന്ന കാര്യത്തെപ്പററി പരിഗണിക്കേണ്ടതായി വന്നേയ്ക്കാം. അതിൽ വരുന്നതാണ് എന്റെ സ്നേഹിതൻ മി. പി. ടി. ചാക്കോയുടെ പേരും. അതു സംബന്ധിച്ചു തീർച്ചയായും ഈ സഭയുടെ അഭിപ്രായം അറിയേണ്ടതായ ആവശ്യമില്ല. അതുകൊണ്ടായിരിക്കാം ഈ രണ്ടു മാസംവരെ ഇതുസംബന്ധിച്ചു യാതൊരു നടപടിയും നടത്താതിരുന്നതു്. അതു മാത്രമല്ല, ഭരിപക്ഷം അംഗങ്ങൾക്ക് അനുകൂലാഭിപ്രായമുണ്ടെങ്കിൽതന്നെ അപ്രകാരം അദ്ദേഹത്തിന്റെ അംഗത്വം നഷ്ടപ്പെടാതെയിരിക്കുന്നതിനു അനുവാദം കൊടുക്കാൻ ഞങ്ങൾക്ക് അധികാരമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്?

ഭരണഘടന ൧൯൨-ാംവകുപ്പു്-൧-ൽ പറയുന്നതു്:

"If any question arises as to whether a member of a House of the Legislature of a State has become subject to any of the disqualifications mentioned in clause (i) of article 191 the question shall be referred for the decision of the Governor and his decision shall be final" എന്നാണ്.

ഇപ്പോൾ ഈ സഭ ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയാണെങ്കിൽ സർ, ഈ പ്രശ്നം അങ്ങേയ്ക്കു രാജപ്രമുഖനോടു റഫർ ചെയ്യാതിരിക്കുവാൻ സാധിക്കുമോ? ശ്രീ. ഇക്കണ്ടവാര്യരുടെ പ്രശ്നം ഇവിടെ ഉന്നയിച്ചപ്പോൾ ഈ മാതിരി സാങ്കേതിക തടസ്സങ്ങൾ ഒന്നും ഇവിടെ പറഞ്ഞുകണ്ടില്ല. എന്നാൽ മി. പി. ടി. ചാക്കോ ഭരിക്കുന്ന കക്ഷിയുടെ സെക്രട്ടറിയായതുകൊണ്ടാണോ ഈ പ്രശ്നം ഈ സഭയുടെ അഭിപ്രായത്തിനു വിടണമെന്നു പറയുന്നതു് എന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇതു് അങ്ങിനെ സഭയുടെ അഭിപ്രായത്തിനു വിധേയമാകേണ്ടാ എന്നുള്ളതിനു സംശയമില്ല. ഇതു സംബന്ധിച്ചു ഒരു പ്രൈമാഫേസി കേസുണ്ടെന്നു അങ്ങുതന്നെ സംശയിക്കുന്നു. അതുകൊണ്ടു് ഇതിന്മേൽ യാതൊരാലോചനയും കൂടാതെ ൧൯൨-ാം വകുപ്പനുസരിച്ചു നടപടി നടത്തണമെന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ സ്പീക്കർ: ഈ പ്രശ്നം ബഹു. മെമ്പർ മി. ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ തള്ളിക്കളയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ രാജപ്രമു

[Mr. Speaker]

ഖന്‍ റെഫര്‍ ചെയ്യുന്നതിനുമുമ്പ്, ഈ സഭയുടെ അഭിപ്രായം അറിഞ്ഞതിനു ശേഷം അതു റെഫര്‍ ചെയ്യണമോ വേണ്ടയോ എന്നു തീരുമാനിക്കാം.

Not only Mr. P. T. Chacko but there are other members also in the same category. There is room for doubt in their cases also. I would leave the matter for further consideration and in the meantime the House may go through the details supplied.

Sri. Kalathil Velayudhan Nair: May I know whether the Advocate-General has been consulted?

Mr. Speaker: Yes, he has been consulted twice. The materials collected from other Legislatures also will be placed before the members.

Sri. A. Chidambaranatha Nadar: In the case of Mr. P. T. Chacko, his appointment was notified in the Gazette by the Government, and therefore he should not be included in the group of members who are appointed or elected to committees by this House or by Government.

Mr. Speaker: That is why I said whether appointed by Government or nominated by Government. Remuneration to be received need not necessarily be from Government but may be from other sources. The list is here and the members may look into it.

We have now come to the decision not to have any further business to-day. The hon'ble Chief Minister has asked for an adjournment of the House for two weeks. I would like to know the opinion of the House—whether we shall adjourn it for two weeks or adjourn *sine die* so that we shall decide when we shall meet.

ശ്രീ. എ. ജെ. ജാണ്‍: മാര്‍ച്ച് ൧൨-ാംതിയതിക്കെങ്കിലും സഭ ആരംഭിച്ചില്ലെങ്കില്‍ ബഡ്ജററ ഏപ്രില്‍ ൧-ാംതിയതിക്ക് മുമ്പു മുഴുവന്‍ വാദപ്രതിവാദം ചെയ്തു പാസ്സാക്കാന്‍ സാധിക്കുമെന്നു തോന്നുന്നില്ല. ഏപ്രില്‍ ൧-ാംതിയതിക്കു മുമ്പ് ബഡ്ജററ പാസാക്കാന്‍ സാധിച്ചില്ലെങ്കില്‍ കേന്ദ്രത്തിലും മററും സ്വീകരിച്ചിട്ടുള്ളതുപോലെ 'vote on account' എന്ന നടപടി സ്വീകരിക്കേണ്ടിവരും.

ശ്രീ. കളത്തില്‍ വേലായുധന്‍ നായര്‍: ബഡ്ജററ മിക്കവാറും എന്നു അവതരിപ്പിക്കാന്‍ സാധിക്കുമെന്നു ചീഫ്മിനിസ്റ്റര്‍ പറയാന്‍ സാധിക്കുമെങ്കില്‍ അതു വളരെ സഹായകമായിരിക്കുമല്ലോ?

We cannot know now when a new group may come in. He will have to enlighten us when it will be possible to take this up.

Mr. Speaker: We cannot possibly adjourn the Assembly to a date later than 12th March.

ശ്രീ. എ. ജെ. ജാണ്‍: എന്നാലെ ഏപ്രില്‍ ൧-ാംതിയതിക്കു മുമ്പു ബഡ്ജററ പാസ്സാക്കാന്‍ സാധിക്കൂ. അല്ലെങ്കില്‍ "Vote on account" നടപടി വേണ്ടിവരും.

Mr. Speaker: The Budget has to be introduced before that. Having once introduced the Budget before the 1st April, then we can have recourse to a vote on account.

So I take it that the House agrees to an adjournment until the 12th March as desired by the Ministers.

The Assembly agreed to the above motion.

The House adjourned at 2-35 p.m. to meet again at 11 a. m. on the 12th March 1951.

V. KRISHNAMOORTHI AIYAR
Secretary to the Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Monday, *the 12th March 1951*

VOL. III | OFFICIAL REPORT | NO. 6

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Monday, the 12th March 1951, with Mr. Speaker in the Chair.

Oath or affirmation by members

Sri. E. Gopalakrishna Menon (Cranganore-General) took the oath and signed the rolls.

QUESTIONS AND ANSWERS

[The numbers within brackets indicate the serial numbers in the list of admitted questions]

Oral Answers

BUS ACCIDENTS

***126. [1] Sri. D. Gnanasigamoni:** Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) the number of State Transport bus accidents for the year 1950;
(*b*) of the persons involved in such accidents whether any case proved fatal;
(*c*) if so, the number; and
(*d*) whether these accidents are chiefly due to rash driving?

Minister for Education, Civil Supplies and Labour **(Sri. T. K. Narayana Pillai):**

(*a*) 48.
(*b*) Yes.
(*c*) 9.
(*d*) Accidents occurred due to the bad condition of roads, unforeseen mechanical troubles and failures besides negligence and rash driving.

Sri. D. Gnanasigamoni: May I know whether it is the practice of Government to enquire into the causes of these accidents?

Sri. T. K. Narayana Pillai: Enquiries have been made. In appropriate cases action has also been taken.

Sri. D. Gnanasigamoni: Is it true that in very many cases accidents had occurred consequent on the employment of drivers who have returned from war service?

Sri. T. K. Narayana Pillai: No, that is not a fact.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ആക്സിഡന്റ് സംഭവിച്ച കേസുകളിൽ കാമ്പൻസേഷൻ വല്ലതും കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില കേസുകളിൽ കാമ്പൻസേഷൻ കൊടുത്തിട്ടുണ്ട്. ചില കേസുകളിൽ അന്വേഷണം നടത്തിവരുന്നു.

Sri. A. P. Udayabhanu: The Minister has stated that accidents occurred due to the bad condition of roads. What is the action taken in such cases?

Sri. T. K. Narayana Pillai: Steps are being taken to repair the roads.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്. എന്തടിസ്ഥാനത്തിന്മേലാണ് കാമ്പൻസേഷൻ കൊടുക്കാറുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെ സംബന്ധിച്ചു് ചില റൂൾസ് ഉണ്ടു്. അതനുസരിച്ചാണു് കാമ്പൻസേഷൻ കൊടുക്കുന്നതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ ൻ മരണങ്ങളിൽ എത്ര എണ്ണം റാഷ് ഡ്രൈവിംഗ്കൊണ്ടു് ഉണ്ടായതാണു് എന്നു ഗവമെന്റിനു പറയുവാൻ സാധിക്കുമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ഇട്ടപ്പൻ അറയ്ക്കൽ: എങ്ങിനെയാണു് നഷ്ടം കൊടുക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അവർ ഗവമെന്റിനോടു നഷ്ടം ആവശ്യപ്പെടുമ്പോൾ ഗവമെന്റിന്റെ അന്വേഷണത്തിനുശേഷം ശരിയായ നഷ്ടം കൊടുക്കേണ്ടതു് അത്യാവശ്യമാണു്എന്നു ഗവമെന്റിനു തോന്നുന്ന കേസുകൾക്കു നഷ്ടം കൊടുത്തുവരികയാണു് ചെയ്യുന്നതു്.

ശ്രീ. വി. ഗംഗാധരൻനായർ: നഷ്ടം കൊടുക്കാത്തതിനു വല്ലവരും ഗവമെന്റിന്റെ പേരിൽ കേസ് കൊടുത്തിട്ടുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ബസ്സ്ചാർജ്ജ്

* ൧൮൧. (a) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പ്രൈവററ് ബസ്സ്സർവ്വീസുകളിലെ ചാർജ്ജിനെ സംബന്ധിച്ചു് ഗവമെന്റിൽനിന്നും പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ടൊ;

(ബി) അതിന്റെ നിരക്കു് highland-ലും lowland-ലും എങ്ങനെയെന്നു പറയാമോ;

(സി) അതനുസരിച്ചാണോ ഇന്നു പ്രൈവററ് ബസ്സ്സർവ്വീസുകാർ ചാർജ്ജ് ഈടാക്കുന്നതെന്നു ഗവമെണ്ടന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടില്ല. പക്ഷെ ഗസററ് നോട്ടിഫിക്കേഷൻ ഉണ്ടു്.

(ബി) സാധാരണ ബസ്സുകൾക്കു പ്ലെയിൻസിൽ മൈലിനു ഒരാൾക്കു ആറര പൈയും, ഹൈലവലിൽ ൩,൦൦൦ അടിവരെ മൈലിനു ൧൦ പൈയും, അതിനുമീതെ മൈലിനു ൧൨ പൈയും വീതമാകുന്നു.

(സി) ഉണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ ചാർജ്ജുകളെല്ലാം യൂണിഫോം ആണൊ?

ശ്രീ. ടി. കെ. നാരായണപിള്ള: യൂണിഫോം ആയിട്ടാണു് ഗവമെണ്ടു നോട്ടിഫൈ ചെയ്തിട്ടുള്ളതു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: യൂണിഫോം ആയിട്ടാണൊ പിരിക്കുന്നതു് എന്നു ഗവമെണ്ടിനു അറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്ഥലങ്ങളിൽനിന്നു വ്യത്യസ്ത ചാർജ്ജ് വസൂലാക്കുന്നുണ്ടു് എന്നു ഗവമെണ്ടിനു പരാതികിട്ടി. അതിനെപ്പററി ഗവമെണ്ടു നടപടി എടുത്തിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: വ്യത്യസ്ത റേററ് ഈടാക്കിയിട്ടില്ലെന്നു ഗവൺമെണ്ടിനു അറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: വ്യത്യസ്ത റേററ് പിരിക്കുന്നവരുടെമേൽ ഗവൺമെണ്ടു നടപടി എടുത്തിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: വ്യത്യസ്ത റേററ് പിരിക്കുന്ന ബസ്സിൻെറ പേരിൽ ശിക്ഷാനടപടി എടുക്കുന്നതാണെന്നു ഗവൺമെണ്ടു പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മോട്ടോർ വെഹിക്കിൾസ് ആക്ടിൽ അതിനു ചില വ്യവസ്ഥകൾ ഉണ്ട്. ആ വ്യവസ്ഥകൾ അനുസരിച്ച് നടപടി എടുക്കും.

ബസ്സ് ചാർജ്ജ്

* ൧൨൪. (൫) **ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) മദ്രാസിലും, മൈസൂറിലും മററും സാധാരണ സ്റ്റേററ് ട്രാൻസ്പോർട്ട് ബസ്സുകളിലേയും എക്സ്പ്രസ്സ് ബസ്സുകളിലേയും ചാർജ്ജ് ഒരു മൈലിനു എന്താണെന്നറിയാമോ;

(ബി) ഇവിടത്തെ ട്രാൻസ്പോർട്ട് ചാർജ്ജ് അതിൽനിന്നു വ്യത്യസ്തമാണോ;

(സി) ആണെങ്കിൽ അങ്ങനെ വ്യത്യസ്തമാകാൻ കാരണമെന്തു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) മദ്രാസിലെ സിററി സർവ്വീസിൽ ആദ്യത്തെ ഒരു മൈലിനു ഒരണയും പിന്നീടുള്ള ഓരോ മൈലിനും ആറു പൈവീതവുമാണ് ചാർജ്ജ്. മൈസൂറിലെ ചാർജ്ജ് നിരക്കിനെ സംബന്ധിച്ച് ഇപ്പോൾ അറിവില്ല.

(ബി) ഇവിടത്തെ സിററി സർവ്വീസിൽ ഏഴു പൈയും സാധാരണ സർവ്വീസിൽ ആറു പൈയും എക്സ്പ്രസ്സിൽ ഒമ്പതു പൈയും ആണ് ഒരു മൈലിനുള്ളതു്.

(സി) ഇവിടെയുള്ള സാമ്പത്തിക നിലയെ പരിഗണിച്ചാട്ടാണ് റേററ് നിശ്ചയിച്ചിട്ടുള്ളതു്. മദ്രാസിൽ എന്തു പരിഗണനയിലാണെന്നു അറിഞ്ഞുകൂടാ. അതുകൊണ്ടു രണ്ടുംതമ്മിലുള്ള വ്യത്യാസത്തിൻെറ കാരണവും വ്യക്തമല്ല

പഞ്ചായത്തു തിരഞ്ഞെടുപ്പു്

* ൧൨൯. (൩) **ശ്രീമതി ദേവകീഗോപിദാസ്:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗ്രാമപ്പഞ്ചായത്തു തെരഞ്ഞെടുപ്പ് എന്നു നടത്തണമെന്നാണ് ഗവൺമെണ്ട് ഉദ്ദേശിക്കുന്നതു്;

(ബി) സമ്മതിദായകരുടെ ലിസ്റ്റ് പൂർത്തിയായാലുടനെ ഗ്രാമപ്പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതാണെന്നു് ഗവൺമെണ്ട് പ്രസ്താവിച്ചിട്ടുണ്ടോ;

(സി) ലിസ്റ്റ് എന്നത്തേക്ക് പൂർത്തിയാകും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ:)

(എ) പഞ്ചായത്തു രൂപീകരണത്തിനു ശേഷം തിരഞ്ഞെടുപ്പു നടത്തുന്നതാണ്.

(ബി) ഉണ്ട്.

(സി) ജൂലൈ മാസത്തിൽ പൂർത്തിയാകുമെന്നു വിചാരിക്കുന്നു.

മദ്യനിരോധനം

* നമ്പ്ര ൦. (൭) ശ്രീമതി ദേവകീഗോപീദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ്സു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ മദ്യനിരോധനം പരിപൂർണ്ണമാക്കണമെന്ന് ഗവമ്മെണ്ട് വിചാരിക്കുന്നുണ്ടോ;

(ബി) അതു് എത്ര നാൾകൊണ്ട് പൂർണ്ണമാക്കണമെന്നാണ് ഗവമ്മെണ്ട വിചാരിക്കുന്നതു്;

(സി) മദ്യനിരോധനം തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ പരിപൂർണ്ണമാക്കിയാൽ ഒരു കൊല്ലം ഈ സ്റ്റേററിനു് എന്തു നഷ്ടം ഉണ്ടാകുമെന്ന് പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഇന്ന കാലാവധിക്കുള്ളിൽ എന്നു തീർച്ചപറയുവാൻ നിവൃത്തിയില്ല.

(സി) ഉദ്ദേശം മൂന്നു കോടി രൂപ.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അടുത്തകൊല്ലം ഏതെങ്കിലും താലൂക്കിൽ മദ്യനിരോധനം നടപ്പാക്കുവാൻ വിചാരമുണ്ടോ?

ശ്രീ. സി. കേശവൻ: ബഡ്ജററിലെ പ്രൊവിഷൻ അനുസരിച്ച് ചെയ്യുന്നതാണ്.

ശ്രീ. സി. വി. ഇയ്യു: പഴയ കൊച്ചിയിലെ തൃശ്ശിവപേരൂർ താലൂക്കിലേക്കും കൊച്ചി കണയന്നൂർ താലൂക്കിലേക്കും മദ്യനിരോധനം വ്യാപിക്കാത്തതിന്റെ കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: കൂടുതൽ സ്ഥലങ്ങൾ മദ്യനിരോധന മേഖലയാക്കണമെന്നു ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളപക്ഷം അവിടെയൊക്കെ മദ്യനിരോധനം നടപ്പാക്കുന്നതാണ്.

ശ്രീ. സി. വി. ഇയ്യു: പഴയ തിരുവിതാംകൂറിൽ കൂടുതൽ സ്ഥലത്തു മദ്യനിരോധനം നടപ്പാക്കുന്നതോടൊപ്പം കൊച്ചിയിലും നടപ്പാക്കുവാൻ ദയവുണ്ടാകുമോ?

Mr. Speaker: That has been answered.

ஸ்ரீ. எ. சிதம்பரநாத நாடார்: பழய கொச்சி, புதிய கொச்சி, பழய திருவிதாங்கூர், புதிய திருவிதாங்கூர் என்று இந்த நாட்டிலுண்டா?

Mr. Speaker: The Government cannot be called upon to explain those terms used in questions.

ഹരിജനോദ്ധാരണം

*നമ്പ്ര ൧. (൮) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജനോദ്ധാരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജററവർഷത്തിൽ ഹരിജനോദ്ധാരണപരമായി നാഗർകോവിൽ ഡിവിഷൻമുഖേന പ്രത്യേക പ്രവർത്തനങ്ങൾ നടത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനപരിപാടികൾ എന്തെല്ലാം?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ബഡ്ജററ് വർഷത്തിൽ ഇല്ല.

(ബി) മുൻ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കഴിഞ്ഞ ബഡ്ജററ് വർഷത്തിൽ ഈ ഡിവിഷനിൽ ഡിപ്പാർട്ടുമെണ്ട് മുഖേന യാതൊരു പ്രവർത്തിയും നടന്നിട്ടില്ലെന്നാണോ വിചാരിക്കേണ്ടതു്?

ശ്രീ. സി. കേശവൻ: എല്ലാ ഡിസ്ട്രിക്ടിലും കാര്യപരിപാടി അനുസരിച്ച് നടന്നിട്ടുണ്ട്. അതിനുപുറമെ ഈ ഡിസ്ട്രിക്ടിൽ ഒന്നും ചെയ്തിട്ടില്ലെന്നാണ് അർത്ഥമാക്കേണ്ടതു്.

വില്ലേജ് റോഡു്

*൧൩൨. (൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാററിങ്കര താലൂക്കിൽ വിളപ്പിൽ പകുതിയിൽ ചേന്പേയാട്–വെള്ളനാട റോഡു് ഡിപ്പാർട്ടുമെൻറിൽനിന്നും ഏറെറടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് ഏതു വർഷത്തിലായിരുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഏകദേശം ൧൨ കൊല്ലങ്ങൾക്ക മുമ്പ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ പന്ത്രണ്ടു കൊല്ലത്തിനുള്ളിൽ എത്ര പ്രാവശ്യം ഈ റോഡു് നന്നാക്കിയിട്ടുണ്ടെന്നു ഗവമ്മെണ്ടിന് അറിയാമോ?

ശ്രീ. സി. കേശവൻ: അവിടെ ക്രമപ്രകാരം ഉള്ള റിപ്പയേഴ്സ് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. താണുപിള്ള: ഈ റോഡു് ഉപയോഗയോഗ്യമല്ലെന്നു ഗവമ്മെണ്ടിന് അറിയാമോ?

ശ്രീ. സി. കേശവൻ: ഉപയോഗയോഗ്യമല്ലെന്നു ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുകൊണ്ട് അതു വിശ്വസിച്ച് അന്വേഷണം നടത്താം.

ഉദ്യോഗങ്ങൾ

*൧൩൩. (൧൦) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു്: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

സംസ്ഥാനത്തെ പബ്ലിക്ക് സർവ്വീസ് ചട്ടങ്ങൾക്ക് വിധേയമായിട്ടാണോ മുനിസിപ്പാലിററികളിൽ ഉദ്യോഗനിയമനങ്ങൾ നടത്തിവരുന്നതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): കൊച്ചി വിഭാഗത്തെ സംബന്ധിച്ചിടത്തോളം അങ്ങനെതന്നെയാണ്. എന്നാൽ തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല.

സാഹിബ് ബഹദൂർ ശ്രീ. ടി. എ. മൊയ്തീൻകുഞ്ഞു്: തിരുവിതാംകൂർ ഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ നില മാററുവാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: തിരുവിതാംകൂറിൽ ചില താലൂക്കുകളിൽ, അതായതു് തിരുവല്ല, കോട്ടയം മുതലായ മുനിസിപ്പാലിററികളിൽ, പബ്ലിക്ക് സർവ്വീസ് റൂൾസ് അനുസരിച്ചാണ് ഉദ്യോഗനിയമനം നടന്നുവരുന്നതു്. മററു മുനിസിപ്പാലിററികളുടെ കാര്യം ആലോചനാവിഷയമാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: മററു മുനിസിപ്പാലിററികളിലെ നിയമനങ്ങളുടെ ഉത്തരവാദിത്വം ആർക്കാണു്?

ശ്രീ. സി. കേശവൻ: എപ്പോഴും ഇപ്പോഴും മുനിസിപ്പാലിററികൾക്കു തന്നെയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: മുനിസിപ്പിലിററികൾതന്നെയാണോ നിയമനം നടത്തുന്നതു്?

ശ്രീ. സി. കേശവൻ: അതെ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഗവമ്മെണ്ടിനു് അതിൽ മേൽനോട്ടമില്ലെ?

ശ്രീ. സി. കേശവൻ: മേൽനോട്ടമില്ല

ശ്രീ. ഈപ്പൻ അറക്കൽ: മുനിസിപ്പാലിററികൾ നിയമനം നടത്തുന്നതു പബ്ലിക്ക് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ചാണെന്നു ഗവമ്മെണ്ടിനറിയാമോ?

ശ്രീ. സി. കേശവൻ: പബ്ലിക്ക് സർവ്വീസ് ചട്ടം അനുസരിച്ചു് നിയമനം നടത്തണമെന്നു ഗവമ്മെണ്ട് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. സി. വി. ഇയ്യു: കൊച്ചി വിഭാഗത്തേക്കു് എന്നു പറഞ്ഞാൽ, ഇപ്പോഴത്തെ പുത്തൻ കൊച്ചിയിൽ പറവൂരും ആലങ്ങാടും ഉൾപ്പെടുമോ?

ശ്രീ. സി. കേശവൻ: ആ ചോദ്യം ഇതിൽനിന്നു് ഉത്ഭവിക്കുന്നില്ല.

പഞ്ചായത്തു ജോലികൾ

* ൧൩൪. (൧൧) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പാഞ്ഞാൾ പഞ്ചായത്തിൻകീഴിൽ ഛേരകളും റിപ്പയർ ചെയ്യതു് ഏതു വർഷത്തിലാണു്?

(ബി) അതിലേക്കു് എത്ര സ്ഥലം സ്വകാര്യ ഉടമകളിൽനിന്നു് അക്വയർചെയ്തു?

(സി) ആവക സംഖ്യ ഗവമ്മെണ്ട് കൊടുത്തുതീർത്തിട്ടുണ്ടോ?

(ഡി) ഇല്ലെങ്കിൽ അതിനു കാരണമെന്തു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൧൨൩-ൽ.

(ബി) ൻ൱ സെൻറ്.

(സി) അതേ.

ശ്രീ. കെ. കുഞ്ഞുരാമമേനോൻ: ഇത്രയും കാലതാമസം വരുവാൻ കാരണമെന്താണു്?

ശ്രീ. സി. കേശവൻ: ഈ മാർച്ചുമാസം ൨൦-ാം തീയതിക്കകം അതു കൊടുക്കുവാനായിട്ടു നിശ്ചയിച്ചിരിക്കയാണ്.

ബസ്സ് ഇൻഷ്വറൻസ്

*൧൩൫. (൧൩) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ട്രാൻസ്പോർട്ടു ബസ്സുകൾ എല്ലാം സ്റ്റേററ് ഇൻഷ്വറൻസിൽ ഇൻഷ്വർ ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല. എന്നാൽ ഡിപ്പാർട്ടുമെണ്ടുവക ബസ്സുകളെല്ലാം ഇൻഷ്വർ ചെയ്യുന്നപക്ഷം വലിയ ഒരു തുക അടക്കേണ്ടിവരുന്നതാണ്. ആ തുക ഇൻഷ്വറൻസ് ഡിപ്പാർട്ടുമെണ്ടിലേക്ക് കൊടുക്കുവാൻ ഉത്തരവായിട്ടുണ്ട്.

മുനിസിപ്പാലിററി

*൧൩൬. (൧൭) ശ്രീ. റേച്ചൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മുനിസിപ്പാലിററികളിലെ കീഴ്ജീവനക്കാർക്ക് ഇപ്പോൾ കൊടുത്തുവരുന്ന ഏററവും കുറഞ്ഞ ശമ്പളനിരക്കെന്താണ്;

(ബി) ആ നിരക്ക് വർദ്ധിപ്പിക്കുന്നതിന് ഏതെല്ലാം മുനിസിപ്പാലിററികളിൽനിന്നും അനുവാദത്തിനപേക്ഷിച്ചിട്ടുണ്ട്;

(സി) ആ അപേക്ഷകളിൽ ഏതെല്ലാം മുനിസിപ്പാലിററികളുടേതു് തീരുമാനിക്കപ്പെട്ടിട്ടുണ്ട്;

(ഡി) തീരുമാനിക്കപ്പെടാത്ത അപേക്ഷകൾ എത്ര കാലമായി അങ്ങനെ കിടക്കുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ: ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ELECTIONS TO THE PANCHAYATS

***137.** [18] **Sri. E. P. Poulose**: Will the Hon'ble Minister for Industries be pleased to state.—

(*a*) whether Government are taking any steps for conducting elections to the Panchayats constituted under the Panchayat Act; and

(*b*) when does the Government hope to conduct the elections?

Chief Minister **(Sri. C. Kesavan):**

(*a*) Steps are being taken to conduct elections to the Panchayats.

(*b*) In about four months' time.

Sri. D. Gnanasigamoni: May I know whether Government have passed final orders on the delimitation of constituencies?

Sri. C. Kesavan: It has been published for public opinion and has not been finalised. It will be very soon finalised. And then steps will be taken for the election.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഇതുവരെ എടുത്തിട്ടുള്ള നടപടികൾ എന്താണെന്നു് പറയാമോ?

ശ്രീ. സി. കേശവൻ: പഞ്ചായത്തു ഡിലിമിറേറഷൻ കഴിഞ്ഞു് അതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനനിരൂപണത്തിനായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ നിരൂപണത്തിൻെറ വെളിച്ചത്തിൽ അവസാനമായി ഗവമ്മെണ്ടു

അതുസംബന്ധിച്ചുള്ള തീരുമാനങ്ങൾ നടത്തുന്നതായിരിക്കും. അതിനുശേഷം പഞ്ചായത്താക്ട് നടപ്പിൽ വരുത്തുന്നതുസംബന്ധിച്ച് വിവരം പരസ്യപ്പെടുത്തുന്നതാണ്. അതോടുകൂടി തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നതായിരിക്കും. അതിലേക്ക് ഇലക്ടറൽ റോൾസ് തയ്യാറാക്കേണ്ടിയിരിക്കുന്നു. ലജിസ്ലേറ്റീവ് ഇലക്ടറൽ റോൾസ് അവസാനമായി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയതിനുശേഷംമാത്രമേ പഞ്ചായത്ത് ഇലക്ടറൽ റോൾസ് ഉണ്ടാക്കാൻ കഴികയുള്ളൂ. ഇൻഡ്യാഗവമെന്റ് ചെയ്യേണ്ട ഒരു കാര്യമാണ് അത്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: പഞ്ചായത്ത് ഡീലിമിറ്റേഷൻ സംബന്ധിച്ച് എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായാൽ അതുസംബന്ധിച്ചുള്ള ആലോചനകൾ നടത്തുന്നതും തീരുമാനങ്ങൾ ചെയ്യുന്നതും ഡീലിമിറ്റേഷൻ കമ്മിറ്റിയായിരിക്കുമോ അതോ ഗവമെണ്ടായിരിക്കുമോ?

ശ്രീ. സി. കേശവൻ: ഡീലിമിറ്റേഷൻ കമ്മിറ്റിക്ക് ഇനി ഇതെപ്പറ്റി ആലോചിക്കേണ്ട കാര്യമില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: പഞ്ചായത്തുആക്ട് ഇതുവരെ നടപ്പിൽ വന്നിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. സി. കേശവൻ: ഇല്ല, നടപ്പിൽ വന്നിട്ടില്ല.

SALE OF COTTAGE INDUSTRIES PRODUCTS

***138.** [19] **Sri. E. P. Poulose:** Will the Hon'ble Minister for Industries be pleased to state?

whether and what steps have been taken to open emporia in other cities for the sale of our cottage industry products as suggested by the Cottage Industries Committee?

Minister for Education, Civil Supplies and Labour **(Sri. T. K. Narayana Pillai):** The recommendations of the Cottage Industries Committee are being considered by Government. It is only an interim report that has been submitted by the Committee.

CREMATION GROUND

***139.** [24] **Sri. P. Gopalan:** Will the Hon'ble Minister for Local Self Government be pleased to state.—

(*a*) whether representations were received from the Vaikom Municipal Council for sanctioning a public cremation ground in the Municipal area;

(*b*) if the answer to (*a*) is in the affirmative, what steps have been taken by the Government;

(c) whether the Vaikom Municipal Council have submitted any proposal for the same; and

(*d*) when was the proposal submitted and what action has been taken on it?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) The matter is engaging the attention of the Government.

(*c*) Yes.

(*d*) On 21—2—1950.

TAR-CRETING

***140.** **[25] Sri. P. Gopalan:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether there is a proposal for tar creting the main roads within the limits of all municipalities;

(*b*) whether the Government have received any representations from the Municipal Council, Vaikom, urging the immediate necessity of tar creting at least the

road from the northern junction up to Boat Jetty covering northern and western temple roads—a distance of nearly six furlongs; and

(c) if the answer to (b) is in the affirmative, what action has been taken on it?

Chief Minister **(Sri. C. Kesavan):**

(a) Government intend to give special surfacing to main roads within the State.

(b) Yes.

(c) The question of contribution to the municipalities is under the consideration of Government.

<u>ശ്രീ. പി. ഗോപാലൻ:</u> ഇതിനകം ഏതെല്ലാം മുനിസിപ്പൽ റോഡുകളിൽ താറിട്ടിട്ടുണ്ട്?

<u>ശ്രീ. സി. കേശവൻ:</u> അതിന്റെ വിശദവിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല.

<u>ശ്രീ. അമ്പാട്ട ഈച്ചരമേനോൻ:</u> തൃശൂർ മുനിസിപ്പാലിററി റോഡുകൾ നന്നാക്കാമെന്നു പറഞ്ഞിട്ട് ഇതുവരെ നന്നാക്കാഞ്ഞതു എന്താണ്?

Sri. C. Kesavan: I claim notice.

OPENING A ROAD

***141. [26] Sri. P. Gopalan:** Will the Hon'ble Minister for Public Works be pleased to state:

(a) whether there was a proposal for opening a road from Kumarakom to Vetchoor;

(b) in which year the budget provision for the construction of the above road was first made in the budget; and

(c) how far has it progressed and also state the reasons for so much delay in beginning the work?

Chief Minister **(Sri. C. Kesavan):**

(a) Yes.

(b) 1122 M. E.

(c) No substantial progress has been made. Proceedings for the acquisition of the required land for opening the road have not been completed.

<u>ശ്രീ. പി. ഗോപാലൻ:</u> പ്രോഗ്രസ് ഉണ്ടാകാത്തതു് എന്തുകൊണ്ടാണെന്നു പറയുമോ?

Sri. C. Kesavan: That is because land acquisition has not been completed. It is in progress.

<u>ശ്രീ. പി. ഗോപാലൻ:</u> ലാൻഡ് അക്വിസിഷന് ഉള്ള തടസ്സം എന്തു കാരണംകൊണ്ടാണ് ഉണ്ടായതു്?

<u>ശ്രീ. സി. കേശവൻ:</u> അതിന്റെ വിവരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല. തടസ്സമുണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് കാലതാമസം നേരിട്ടതു്.

Sri. Eapen Arakkal: Do the Government intend that land should be surrendered by the public in these cases?

Sri. C. Kesavan: No, that is not the policy of Government. Where land is freely given, Government accept it.

Sri. Eapen Arakkal: If it is the duty of Government to acquire land, why is it that Government do not look into the long delay?

Sri. C. Kesavan: Government will look into that.

തൊഴിലാളികൾ

*൧൪൨. (൨൭) ശ്രീ. പി. കെ. കുമാരൻആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്ത് എത്ര തൊഴിലാളികൾ ഉണ്ട്; അതിൽ എത്ര പേർ ഫാക്ടറിത്തൊഴിലാളികളാണ്;

(ബി) ചില ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നതുമൂലം തൊഴിലില്ലാത്തവരായിത്തീർന്നിട്ടുള്ളവർ എത്ര;

(സി) തൊഴിലില്ലാത്തവർക്ക് തൊഴിലുണ്ടാക്കി കൊടുക്കുന്നതിന് ഗവമ്മെണ്ട് എന്തെങ്കിലും ചെയ്യുന്നുണ്ടോ;

(ഡി) ഭവനനിർമ്മാണപദ്ധതിയനുസരിച്ച് എത്ര തൊഴിലാളികൾക്ക് ഭവനം ഉണ്ടാക്കി കൊടുത്തിട്ടുണ്ട്?

Minister for Education, Civil Supplies and Labour **(Sri. T. K. Narayana Pillai)** The answer is not ready.

ഗവമ്മെണ്ട് ഏറെറടുത്ത വ്യവസായങ്ങൾ

*൧൪൩. (൨൮) ശ്രീ. പി. കെ. കുമാരൻആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ട് ഏറെറടുത്തിട്ടുള്ള വ്യവസായങ്ങൾ ഏതെല്ലാം;

(ബി) ആ വ്യവസായങ്ങൾക്ക് ആകെ മുടക്കിയിട്ടുള്ള സംഖ്യ എത്ര;

(സി) ഓരോന്നിൽനിന്നും ആകെ കിട്ടിയിട്ടുള്ള ആദായമെത്ര?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :(എ), (ബി), (സി).

(൧) റബ്ബർ ഫാക്ടറി. മുടക്കിയിട്ടുള്ള സംഖ്യ ൪·൩൫ ലക്ഷം രൂപയാണ്. അതിൽനിന്നും ആകെ കിട്ടിയിട്ടുള്ള ആദായം, അതായത് ഗവമ്മെണ്ട് ഏറെറടുത്തതിനുശേഷം ൧൯൫൦ മാർച്ച് ൩൧-ാംനു- വരെയുള്ള ആദായം ൧൦,൮൦൮ രൂപയാണ്.

(൨) പ്ലൈവുഡ് ഫാക്ടറി, മുതൽമുടക്ക് ൧൦ ലക്ഷം രൂപ. ലാഭം ൪,൪൫,൩൦൭ രൂപ.

(൩) സിറാമിക്ക് ഫാക്ടറി. മുടക്ക് ൧൨,൩൨,൩൭൮ രൂപ ൧൨൦-മുതൽ ൧൨൫-വരെ കിട്ടിയിട്ടുള്ള ലാഭം ൭,൪൯,൩൩൮ രൂപ.

(൪) വഞ്ചി ക്ലേമയിൻസ്. മുടക്ക് ൨·൦൪ ലക്ഷം രൂപ. ഗവമ്മെണ്ട് ഏറെറടുത്തതിനുശേഷം ഇതിൻെറ പ്രവൎത്തനം നടന്നിട്ടില്ല. അതുകൊണ്ട് ആദായത്തെപ്പററി പറയാൻ നിവൃത്തിയില്ല.

(൫) ട്രാവൻകൂർ മിനറൽസ്. മുടക്ക് ൧൪ ലക്ഷം രൂപ. ഇതിൽനിന്നും റായൽററിക്കു പുറമേ ഗവമ്മെണ്ടിന് ൨,൩൩,൦൦൦ രൂപ ആദായം കിട്ടിയിട്ടുണ്ട്.

ശ്രീ. വി. ഗംഗാധരൻനായർ: ഗവമ്മെണ്ട് ഏറെറടുത്തതിനുശേഷം പ്രവൎത്തനം നടത്തിയിട്ടുള്ള ഇൻഡസ്ട്രീസ് ഏതെല്ലാമാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ വിവരങ്ങളാണ് ഇപ്പോൾ വായിച്ചത്. വഞ്ചി ക്ലേമയിൻസ് ഒഴികെ ബാക്കിയുള്ള ഇൻഡസ്ട്രീസ് എല്ലാം പ്രവൎത്തനം നടത്തുന്നുണ്ട്.

ശ്രീ. വി. ഗംഗാധരൻനായർ: ഏ. എം. സി. ഗവൺമെണ്ട് ഏറ്റെടുത്തതിനുശേഷം ഇതുവരെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ലെന്നു ഗവൺമെണ്ടിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏറ്റെടുത്തിട്ട് ഇപ്പോൾ ഏകദേശം മൂന്നാഴ്ചമാത്രമേ ആയിട്ടുള്ളൂ. അതിനകം പ്രവർത്തനത്തിനു് ആവശ്യമായ പ്രാരംഭജോലികൾ നടത്തിക്കൊണ്ടിരിക്കയാണു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഗവൺമെണ്ട് ഏറ്റെടുത്തതിനുശേഷം ഇന്നലെ വൈകിട്ടു ൪ മണിവരെ യാതൊരു പ്രവർത്തനവും അവിടെ നടന്നിട്ടില്ലെന്നു് ഞാൻ പറയുമ്പോൾ ഗവൺമെണ്ട് അതു വിശ്വസിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനിയുടെ പ്രവർത്തനത്തിനു് ആവശ്യമായ പ്രാരംഭനടപടികൾ, അതായതു് മെഷ്യനറികൾ വരുത്തുക, അതു സ്ഥാപിക്കുക, അതിലേക്കു് ആവശ്യമുള്ള കെട്ടിടങ്ങൾ തയ്യാറാക്കുക മുതലായവ ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: വഞ്ചി ക്ലേമയിൻസിന്റെ ജോലി ഇതുവരെ തുടങ്ങാതിരുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൯൫൧ മാർച്ചുമാസത്തിലാണു് വഞ്ചി ക്ലേമയിൻസ് ഗവൺമെണ്ട് ഏറ്റെടുത്തതു്. അതിനുമുമ്പുതന്നെ അവിടെ യാതൊരു പ്രവർത്തനവും നടക്കുകയുണ്ടായില്ല. മെസ്സേഴ്സ് ബ്ലൂബായി ആൻഡ് കമ്പനിയാണു് ഈ കമ്പനി നടത്തിക്കൊണ്ടുപോയതു. ഒടുവിൽ അവർ അതിട്ടിട്ടുപോയി. ഗവൺമെണ്ടിനു് അവരിൽനിന്നും ഏതാനും സംഖ്യ ഈടാക്കുവാനുണ്ടു്. ഈ തുക ഈടാക്കാൻ മറ്റുമാർഗ്ഗം ഒന്നും ഇല്ലായിരുന്നു. അതുകൊണ്ടാണു് ഗവൺമെണ്ടു ഈ കമ്പനി ഏറ്റെടുത്തതു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അതിന്റെ നടത്തിപ്പിനെപ്പറ്റി സിറാമിക്ക് എക്സ്പെർട്ടുമായി ഗവൺമെണ്ടു് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. വി. ഗംഗാധരൻനായർ: ഈ ഫാക്ടറി ഗവൺമെണ്ട് ഏറ്റെടുത്തിട്ടു രണ്ടുകൊല്ലമായെങ്കിലും ഇതുവരെ പ്രവർത്തനം തുടങ്ങിയില്ല. അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്നു എന്നു് ഗവൺമെണ്ടു പറഞ്ഞു. എന്നാണു് ഇതുസംബന്ധിച്ചുള്ള അവസാനതീരുമാനം ഉണ്ടാകുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗത്തിൽ ഉണ്ടാകും.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: പ്രൈവററു ഏജൻസികൾ ആരെങ്കിലും ഈ കമ്പനി ഗവൺമെണ്ടിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: വഞ്ചി ക്ലേമയിൻസ് സ്ഥാപിച്ച കമ്പനിക്കാർ അതിന്റെ പ്രവർത്തനം ആരംഭിക്കാതെയിരുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ഗവൺമെണ്ടിനു് നിശ്ചയമില്ല.

പുതിയ ബസ്സുകൾ

* ൧൮൪. (൨൬) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ൧൯൫൦-ൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ആവശ്യത്തിലേക്ക് എത്ര പുതിയ വണ്ടികൾ വരുത്തിയിട്ടുണ്ട്;

(ബി) അതിൽ എത്ര ഡീസൽ വണ്ടികളുണ്ട്;

(ഡി) അതിന്റെ വില എന്ത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൦-ൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിലേക്കായി ൧൧൦ പുതിയ മോട്ടോർ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) അതിൽ ൪൦ എണ്ണം ഡീസൽ വണ്ടികളാണ്.

(സി) മൊത്തംവില ക. ൮,൩൯,൩൧൧.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ വണ്ടികൾ ഏതു കമ്പനിയിൽനിന്നുമാണ് വരുത്തിയിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടു കമ്പനികളിൽനിന്നുമാണ് വരുത്തിയിട്ടുള്ളത്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: കമ്പനികളുടെ പേരു് പറയാൻ സാധിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഫോർഡ്, ആസ്റ്റിൻ ഈ കമ്പനികളിൽനിന്നുമാണ്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഗവമ്മെണ്ടിൽനിന്നും ഈ വണ്ടികൾക്ക് വിലയായി ഒരു വലിയ തുക കൊടുത്തിട്ടുള്ളതിനു എന്തെങ്കിലും കമ്മീഷൻ വാങ്ങിയിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ലെന്നാണ് തോന്നുന്നത്.

ശ്രീ. അലക്സാണ്ടർ വാകയിൽ: പ്രൈവറ്റ് ഏജൻസികൾക്ക് കൊടുക്കാറുള്ള കമ്മീഷൻ ഗവമ്മെണ്ടിനു കിട്ടുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. കെ. പാച്ചുപിള്ള: ൧൧൦ ബസ്സുകളിൽ എത്രയെണ്ണം ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നുവെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: മുഴുവനും ഇപ്പോൾ ഉപയോഗത്തിലിരിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അതിൽ ഒന്നിനും ഇതുവരെ ഒരു കേടും സംഭവിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: നിസ്സാരമായ വല്ല കേടും ഏതെങ്കിലും ബസ്സിനു് സംഭവിച്ചിട്ടുണ്ടോയെന്നുള്ളതു് സൂക്ഷ്മമായി പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. സി. വി. ഇട്ടു: ഈ ഗവമ്മെണ്ടു് മുൻപറഞ്ഞ കമ്പനികളിൽനിന്നും ബസ്സുകൾ നേരിട്ടു വരുത്തുകയാണോ ചെയ്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനികളുമായി നേരിട്ടല്ലാ വരുത്തിയിട്ടുള്ളതു്; ഇൻഡ്യാഗവമ്മെണ്ടുമായി നേരിട്ടു് എഴുത്തുകുത്തു നടത്തിയതിന്റെ ഫലമായിട്ടാണ് ഇവ വാങ്ങിയിട്ടുള്ളതു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇപ്പോൾ കമ്മീഷൻ വകയിൽ ന്യായമായി എന്തു കിട്ടാനുണ്ടെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം ൫ ൫ ശതമാനത്തോളം കമ്മീഷൻ വകയിൽ കിട്ടേണ്ടതായിട്ടുണ്ട്.

ശ്രീ. ഇട്ടീരഅയ്യക്കൻ: ആസ്റ്റിൻ കമ്പനിയിൽനിന്നും വരുത്തിയിട്ടുള്ള മോട്ടാർ വാഹനങ്ങളെ സംബന്ധിച്ചു മുൻമന്ത്രിണിയായിരുന്ന മിസ്. ആനിമസ്ക്രീൻ ചില ആരോപണങ്ങൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ? (അതായത് അതിൽ കുറെ പണം അപഹരിച്ചതായി).

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഗവമ്മെണ്ടിലേക്ക് വരുത്തിയിട്ടുള്ള ൫ ൫ ൦ ബസ്സുകളിൽ ഫോർഡ് എത്ര, ആസ്റ്റിൻ എത്ര എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പറയാം.

ഫോർഡ്	൭ ൦
ആസ്റ്റിൻ	൪ ൦

സഹകരണസംഘങ്ങൾ

* ൫ ൩ ൫. (൨ ൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നാളിതുവരെ എത്ര കയർ വ്യവസായസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി;

(ബി) ഓരോ സംഘത്തിനും എസ്റ്റാബ്ലിഷ്മെണ്ട് ചാർജിനും സംഘത്തിന്റെ പൊതു പ്രവർത്തനത്തിനും ആയി വല്ല ധനസഹായവും ഗവമ്മെണ്ട് ചെയ്യുകയുണ്ടായോ;

(സി) എന്തെങ്കിലും ധനസഹായം ചെയ്യുവാൻ ഗവമ്മെണ്ടുദ്ദേശിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) രണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. ശമ്പളച്ചിലവിനും മററുമായി ൨, ൦ ൦ ൦ രൂപയും അതിനുംപുറമെ ഓരോ സംഘത്തിനും ൫, ൦ ൦ ൦ രൂപാ വീതവും കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഏതെങ്കിലും സംഘത്തിന് ഇതുവരെ വല്ല തുകയും ഗവമ്മെണ്ടിൽനിന്ന് കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കൊടുത്തിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: മേൽപറഞ്ഞ സംഘങ്ങളുടെ റജിസ്ട്രേഷൻ നടത്തിയിട്ട് എത്ര കാലമായിയെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. വേണമെങ്കിൽ നോക്കിപറയാം.

ശ്രീ. സി. വി. ഇട്ടു: കൊച്ചിയിലുള്ള ഇത്തരം സംഘങ്ങൾക്കവേണ്ടി പുനഃരുദ്ധാരണപദ്ധതിയനുസരിച്ച് നിശ്ചയിച്ചിട്ടുള്ള സംഖ്യ എത്രയാണെന്നും അതു കൊടുക്കാൻ വല്ല ആലോചനയും ഗവമ്മെണ്ടിനുണ്ടോ എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: അതിനെപ്പററി സൂക്ഷ്മമായി അന്വേഷിച്ചിട്ടേ ഒരു മറുപടി നൽകാൻ സാധിക്കുകയുള്ളു.

പട്ടിണിത്തോട്

*൭൮൩. (൩൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പറവൂർ താലൂക്കിലെ പട്ടിണിത്തോട് നന്നാക്കി വള്ളം വഴിയുള്ള യാത്ര സൗകര്യപ്രദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അനേകകൊല്ലങ്ങളായി നിവേദനങ്ങൾ അയച്ചുകൊണ്ടിരിക്കുന്ന സംഗതി ഗവമ്മെണ്ടിനറിയാമോ;

(ബി) ഏതെങ്കിലും സംഖ്യ ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി കൊള്ളിച്ചിരുന്നോ;

(സി) ഉണ്ടെങ്കിൽ സംഖ്യയെത്ര; എത്ര ചെലവാക്കി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അറിയാം.

(ബി) ഇതിനുവേണ്ടി സംഖ്യ കൊള്ളിച്ചിട്ടുണ്ടായിരുന്നു.

(സി) ൭൨,൦൦൦ രൂപ. ഇതിൽനിന്നും ഇതുവരെ ഒന്നും ചിലവു ചെയ്തിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: യാതൊരു സംഖ്യയും ചിലവാക്കിയിട്ടില്ലായെന്ന് പറയുന്നു. അതിനുള്ള കാരണം എന്താണെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: വല്ല പണിയും നടത്തിയിട്ടുള്ളതായി കൺട്രാക്ടറന്മാർ യാതൊരു ബില്ലും ഹാജരാക്കിയിട്ടില്ല. അതുകൊണ്ടാണ് ചിലവാകാത്തത്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇതുവരെയായിട്ടും യാതൊരു പണിയും അവിടെ നടത്തിയില്ലായെന്നുള്ളത് ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി കേശവൻ: പണി നടത്തിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് ഗവമ്മെണ്ട് അന്വേഷിക്കാം.

ശ്രീ. എം. ഐ. പാഠം: പല മരാമത്തുവേലകൾക്കും ബഡ്ജറ്റിൽ പണം കൊള്ളിക്കുകയും വേല ആരംഭിക്കാതെ പണം ഒടുവിൽ ലാപ്സാക്കിക്കളയുകയുമാണ് ചെയ്യുന്നതെന്ന് അറിയാമോ?

ശ്രീ സി. കേശവൻ: ചിലപ്പോൾ അങ്ങനെ സംഭവിച്ചേക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പറവൂർ താലൂക്കിലെ പട്ടിണിത്തോടിന് എത്ര മൈൽ നീളമുണ്ടെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: അതിനു നോട്ടീസ് വേണം.

മദ്യനിരോധനം

*൭൮൪. (൩൨) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഈ സാമ്പത്തികവർഷത്തിൽ മദ്യനിരോധനം നിമിത്തം എത്ര സംഖ്യയാണ് ഗവമ്മെണ്ടിന് നഷ്ടം വന്നിട്ടുള്ളത്?

Chief Minister (**Sri. C. Kesavan**): I refer the hon'ble Member to the Report of the Board of Revenue, at Page 5.

ഉദ്ദേശം ൧൮ ലക്ഷം രൂപയാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇത്രത്തോളം ഭീമമായ ഒരു സംഖ്യ ആണ്ടുതോറും ഗവൺമെന്റിന് നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്ന സംഗതിയെപ്പററി ഗവൺമെന്റ് നല്ലതുപോലെ ആലോചിക്കുന്നുണ്ടോ? അതായത് മദ്യനിരോധനം നടപ്പാക്കുന്ന കാര്യത്തെപ്പററി?

ശ്രീ. സി. കേശവൻ: ആ കാര്യം ഇതുവരെ ഗവൺമെന്റിന്റെ ആലോചനയിൽ ഇല്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇൻഡ്യയിൽ മുമ്പ് മദ്യനിരോധനം നടപ്പിൽവരുത്തിയിട്ടുള്ള ഏതെങ്കിലും സ്ഥലത്ത് ഒടുവിൽ അത് പരാജയത്തിലാണ് കലാശിച്ചതെന്ന് ഗവൺമെന്റ് അറിഞ്ഞിട്ടില്ലേ?

ശ്രീ. സി. കേശവൻ: ഇല്ല.

Sri. Eapen Arakkal: Have the Government considered seriously the question that the enforcement of prohibition will be an infringement on the right of the individuals? *(Laughter)*. *(No Answer)*

ശ്രീ. വി. ഗംഗാധരൻ നായർ: മേലാൽ മദ്യനിരോധനം നടപ്പാക്കാൻ പാടില്ലെന്ന് ധനകാര്യമന്ത്രിയായ മി. ദേശമുഖിന്റെ വല്ല നിർദ്ദേശവും ഈ ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഒരു നിർദ്ദേശവും കിട്ടിയിട്ടില്ല.

Sri. Eapen Arakkal: Will the Government be pleased to consider the question that temperance will be a more desirable method than introducing prohibition?

Mr. Speaker: That is an argument which may lead to a discussion.

ശ്രീ. ഇട്ടിര അമ്പൂക്കൻ: മദ്യനിരോധനംമൂലം നമുക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടത്തിൽ എന്തെങ്കിലും ഒരു തുക കേന്ദ്രഗവൺമെന്റ് തന്നുകൊള്ളാമെന്ന് വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതുമില്ല.

ശ്രീ. എ. കെ. [illegible]ാച്ചുപിള്ള. പരിപൂർണ്ണമദ്യനിരോധനം എന്നുള്ളത് കോൺഗ്രസ്സ് ഗവൺമെന്റിന്റെ പ്രധാനമായ ലക്ഷ്യമല്ലേ?

ശ്രീ. സി. കേശവൻ: അതെ. ഗവൺമെന്റിന്റെ ലക്ഷ്യം അതുതന്നെയാണ്.

CONDUCTORS

*148. [33] **Sri. Eapen Arakkal**: Will the Honb'le Minister for Communications be pleased to state:—

(*a*) is it a fact that lack of bus conductors often creats difficulties in running extra buses even when buses are available;

(*b*) is it a fact that such difficulties are very often being experienced in the Alleppey Aroor transport route?

Minister for Education, Civil Supplies & Labour (**Sri. T. K. Narayana Pillai**):

(*a*) & (*b*): No. If and when extra buses are to be run, the requirement is met by putting the available conductors to work overtime.

Sri. Eapen Arakkal: My question is that even when buses are available, on occount of the absence of conductors—

Sri. T, K. Narayana Pillai: The question is definite. It is not owing to lack of conductors that any such difficulty has arisen.

Sri. Eapen Arakal: When extra buses have to be run, is the District Officer empowered to put in more buses than the number of buses normally plying on the route?

Sri. T. K. Narayana Pillai: The question is this: "is it a fact that lack of bus conductors often creates difficulties in running extra buses", etc.

Sri. Eapen Arakal: I have put a supplementary question: when more buses are required, when there is a rush of passengers, is the District Officer authorized to put in more buses than are scheduled to run on the particular line?

Sri. T. K. Narayana Pillai: As and when occasion arises.

Sri. Eapen Arakal: Is the District Officer really competent to do it?

Sri. T. K. Narayana Pillai: He has got absolute powers in that direction.

Sri. A. Thanu Pillai: Are the Government aware that most conductors are almost always compelled to do overtime work for lack of sufficient number of conductors?

Sri. T. K. Narayana Pillai: There have been such cases, and so the Government are seriously thinking of increasing the number of conductors.

PANAMBUKAD ROAD

***149.** [34] **Sri. M. I. Paul:** Will the Hon'ble Minister for Public Works and Communications be pleased to state how far the works of the Panambukad road have been progressed?

(Chief Minister) **Sri. C. Kesavan:** The work has not yet been started. The land acquisition papers and estimates are under preparation.

ശ്രീ. എം. ഐ. പോൾ: പനമ്പുകാട് റോഡിനുവേണ്ടി സംയോജനം കഴിഞ്ഞതിനുശേഷവും, നീക്കിവെച്ചിട്ടുള്ള തുക ലാപ്സാക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് ഗവൺമെണ്ടിനറിയാമോ?

ശ്രീ. സി. കേശവൻ: ലാപ്സാക്കിയോ ഇല്ലയോ എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: അതിനെപ്പറ്റി ഒന്നു പരിശോധിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: ലാൻഡ് അക്വിസിഷന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞു് റോഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ROAD FROM NEDUNGAD BRIDGE TO THE VYPEEN PALLIPURAM ROAD

***150.** [35] **Sri. M. I. Paul:** Will the Hon'ble Minister for Public Works and Communications be pleased to state whether the Government have taken any action to put up a road from Nedungad bridge to meet the Vypeen Pallippuram road; if so, what action?

(Chief Minister) **Sri. C. Kesavan:** Land acquisition papers and estimates for opening the road are under preparation. Work will be started as soon as budget proposals for 1951—52 are sanctioned.

ശ്രീ. എം. ഐ. പോൾ: കഴിഞ്ഞ തവണയും ഈ ചോദ്യത്തിന് ഈ ഉത്തരംതന്നെയാണ് തന്നിട്ടുള്ളത്. നിരന്തരമായ ഈ മറുപടികളല്ലാ ഞാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട ഗവൺമെണ്ടിന് അറിഞ്ഞുകൂടേ?

Mr. Speaker: No criticism of the answer is allowed. If necessary the member may ask a supplementary question for elucidation.

ശ്രീ. എം. ഐ. പോൾ: സർ, കഴിഞ്ഞ അസംബ്ലിയിലും ഇപ്പോഴത്തെ അസംബ്ലിയിലും തന്നിരിക്കുന്ന ഉത്തരം ഒന്നുതന്നെയാണ്

ശ്രീ. സി. കേശവൻ: ൧൯൫൮—൧൯൫൯-ലെ ബഡ്ജററിൽ ഇതിനുവേണ്ടി തുക കൊള്ളിച്ചിട്ടുണ്ടു്. ആ കാരണത്താൽ ജോലി തുടങ്ങുകതന്നെ ചെയ്യും.

പെരിങ്ങൽകുത്തു ജീവനക്കാർ

*൧൭൨. (൩൬) ശ്രീ. ഏ. എൽ. ജേക്കബ്. താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പെരിങ്ങൽകുത്തു ജീവനക്കാർക്കു അനുവദിച്ചിട്ടുള്ള അലവൻസുകൾ ഏതെങ്കിലും അടുത്തകാലത്തു നിറുത്തലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്തു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. കുഞ്ഞപ്പൻ: ഹിൽ അലവൻസ് നിറുത്തിയതോടുകൂടി കുറെ ആളുകൾ ശമ്പളം വാങ്ങാതിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ അറിവില്ല.

വിദ്യുച്ഛക്തി വിതരണം

*൧൭൩. (൩൧) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

൧൯൫൮-൧൯൫൯-ൽ കൂടുതൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളിൽനിന്നും എന്തു മാത്രംവീതം?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഉണ്ടു്. പള്ളിവാസൽ പദ്ധതിയിൽ ൩൯൦൦ കിലോവാട്ട്സ്, ചെങ്കുളം പദ്ധതിയിൽ ൧൨,൦൦൦ കിലോവാട്ട്സ്.

ചേർത്തല—ആലപ്പുഴ തോടു

*൧൭൪. (൩൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല—ആലപ്പുഴതോടു് വെട്ടിയിടത്തോളംഭാഗം താഴ്ത്തുന്നതിനു ഉദ്ദേശം എന്തു ചെലവുവരും;

(ബി) താഴ്ത്തുന്ന ജോലി ഇനി എന്നാരംഭിക്കും?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഏകദേശം അഞ്ചു ലക്ഷം രൂപാ.

(ബി) ഡ്രെഡ്ജറുകൾ വന്നുചേർന്നാ ഉടൻ പണി ആരംഭിക്കുന്നതാണു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഡ്രെഡ്ജറുകൾ അവിടെനിന്നും മാററിക്കൊണ്ടുപോയിരിക്കുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഡ്രെഡ്ജറുകൾക്കു കേടുവന്നതുകൊണ്ടു് കേടു തീർക്കാനായി മാററിയതാണു്. താമസിയാതെ വന്നുചേരും.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: കേടുവന്നിട്ടല്ല. വേറൊരു സ്ഥലത്തു് ജോലി ചെയ്യിക്കാനായി മാററിക്കൊണ്ടു പോയിരിക്കയാണെന്നറിയാമോ?

ശ്രീ. സി. കേശവൻ: ഏതായാലും ഡ്രെഡ്ജറുകൾ തിരിച്ചുകൊണ്ടുവന്നു് പണി പൂർത്തിയാക്കുന്നതാണു്.

CO-OPERATIVE INSTITUTE AND SAHAKARANA KARYALAYAM, TRICHUR

*154. [39] **Sri. R. Chellaswamy Nadar:** Will the Hon'ble Minister for the Industries, Excise and Local Self Government be pleased to state.—

(*a*) the annual grant paid to the Travancore Co-operative Institute and Sahakarana Karyalayam, Trichur; and

(*b*) whether the Government have any scheme to integrate them?

Chief Minister **(Sri. C. Kesavan):**

(*a*) For the Travancore Co-operative Institute, Rs. 29,600 and for Cochin Co-operative Institute, Rs. 1,000.

(*b*) Not at present.

DOUBLE-DECKER BUS

*155. [40] **Sri. R. Chellaswamy Nadar:** Will the Hon'ble Minister for the Public Works and Communications be pleased to state.—

(*a*) the cost incurred for constructing the body of the double-decker bus;

(*b*) the amount paid to Sri. Itticheria for his supervision in construction; and

(*c*) is there any plywood expert in the Transport Department?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Rs. 13,596—6—10.

(*b*) Rs. 2,000 has been sanctioned to be paid as fee.

(*c*) No.

ശ്രീ. പൊന്നറ ജി. ശ്രീധർ: ചേസിസിന്റെ വില കൂട്ടിയാണോ ഈ 13,596—6—10 രൂപാ?

ശ്രീ. ടി. കെ. നാരായണപിള്ള: ബാഡി നിർമ്മിച്ചതും ചേർത്താണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതിനെക്കാൾ വിലകുറച്ചു കമ്പനികളിൽ നിന്നു കിട്ടുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിക്കാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇനിയെങ്കിലും ഇതുമാതിരി ആളുകളെ ഈ മാതിരി കാര്യങ്ങളിൽ ഏർപ്പെടുത്താതിരിക്കുന്നതിന് ആലോചിക്കാമോ?

Mr. Speaker: That question is not allowed.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതിൽതന്നെ പേരുണ്ട് ഇട്ടിച്ചെറിയാ എന്ന്.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ വക സംഗതികളിൽ ഗവർമ്മെണ്ടിന് ഉപദേശം തന്നു വന്നിരുന്നത് ഇട്ടിച്ചെറിയായാണ്.

ശ്രീ. പട്ടം എ. താണുപിള്ള: ഇതിന്റെ സാധാരണ ബാഡിക്ക് എന്തു ചിലവാകും?

ശ്രീ. ടി. കെ. നാരായണപിള്ള: ഉദ്ദേശം ൭,൦൦൦ രൂപാ വരുമെന്നാണ് തോന്നുന്നത്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த மூன்று வருஷங்களாக ஸ்ரீ. இட்டிச்செரியாவைப் பற்றி பல வினக்கள் வருகிறதே, அதற்குக் காரணம் என்ன?

ஸ்ரீ. டி. கெ. நாராயண பிள்ளை: அதற்குக் காரணம் தெரியாது. மெம்பரைத்தான் கேட்கிறேன்.

മദ്യവില്പന

*൧൫൬. (൪൧) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട എക്സൈസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ആലപ്പുഴ മുതലായ ചില സ്ഥലങ്ങളിൽ കള്ളുഷാപ്പുകളിൽ ചെറുപ്പക്കാരികളായ സ്ത്രീകൾ വില്പനയ്ക്കു നില്ക്കുന്നതായി ഗവൺമെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): അങ്ങനെ ഉണ്ടെന്ന് ഒരു അറിവുണ്ടായിരുന്നു. അതു നിറുത്താൻ വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്നു.

ശ്രീമതി ദേവകി ഗോപിദാസ്: നിറുത്തിയോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അന്വേഷിച്ചിട്ടില്ല. പക്ഷെ അങ്ങനെ ഇപ്പോൾ ഇല്ലെന്നാണ് തോന്നുന്നത്.

ശ്രീ. സി. വി. ഇയ്യു: സ്ത്രീകൾ വില്പനക്കു നിൽക്കുന്നു എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. കള്ളുവില്പനക്കെന്ന് പറഞ്ഞിട്ടില്ല. കള്ളുഷാപ്പിൽ കൂട്ടുവാനും ആവശ്യമുണ്ട്. ഒരു പക്ഷെ കൂട്ടുവാൻ വിൽക്കാനായിരിക്കും നിൽക്കുന്നത്.

Mr. Speaker: The hon'ble Member is not allowed to carry on any argument as he is now doing.

COTTAGE INDUSTRIES

***157.** [42] **Sri. P. K. Krishnankutty Menon:** Will the Hon'ble Minister for Industries and Excise be pleased to state.—

(*a*) the steps taken by the Government in pursuance of the recommendations made by the Cottage Industries Enquiry Committee;

(*b*) whether the Government has set apart any amount for the improvement and starting of cottage industries in the State in 1951-52 and if so, how much; and

(*c*) whether representations have been made to Government for giving aid to Mahatma Grama Seva Kendram and if so the nature of the reply given by Government?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) The Cottage Industries Committee has submitted only an interim report. The recommendations embodied in that report are being considered by Government and no final decision has been taken.

(*b*) It is not desirable to disclose the contents of the budget at this stage.

(*c*) Yes, the matter is being considered by Government; no decision has yet been arrived at.

ശ്രീ. ഇട്ടീര അംബുക്കൻ: ഈ കമ്മററിയിൽ ഡാക്ടർ പി. ജെ. തോമസ് അല്ലാതെ മററു വിദഗ്ദ്ധന്മാർ ആരെല്ലാമാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: (൧) ശ്രീ. കുഞ്ഞയ്യപ്പൻ, ഈ നിയമസഭയിലെ അംഗം. (൨) മുമ്പ് കോവാപ്പറേറീവ് രജിസ്ട്രാർ ആയിരുന്നു റിട്ടയർ ചെയ്ത ശ്രീ. വൈദ്യലിംഗംപിള്ള.

ശ്രീ. ഇട്ടീര അംബുക്കൻ: ഇവർക്ക് കുടിൽവ്യവസായ സംബന്ധമായി വല്ല പരിചയവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുടിൽവ്യവസായങ്ങളിലും മററു വ്യവസായങ്ങളിലും ഇവർക്കു നല്ല വൈദഗ്ദ്ധ്യം ഉണ്ട്.

ശ്രീ. ഇട്ടീര അംബുക്കൻ: മററു വ്യവസായങ്ങൾ എന്നു പറയുന്നതെന്താണ്?

Sri. T. K. Narayana Pillai: Large scale industries.

PANCHAYATS

***158.** [43] **Sri. P. K. Krishnankutty Menon:** Will the Hon'ble Minister for Industries and Excise be pleased to state.—

(*a*) the number of Panchayats proposed to be constituted in this State under the Panchayat Act;

(*b*) whether the Government have decided upon the limits of each village panchayat and completed the delimitation of the several wards of each panchayat; and

(*c*) when does the Government propose to hold elections to the Panchayat in the State?

Chief Minister **(Sri. C. Kesavan):**

(*a*) Nearly 600.

(*b*) No.

(*e*) After the final constitution of Panchayats.

EXPORT OF PEPPER

***159.** [44] **Sri. N. P. Verghese:** Will the Hon'ble Minister for Industries be pleased to state.—

(*a*) what is the quantity of pepper exported from the State in 1949 and 1950;

(*b*) to which all countries the pepper is exported;

(*c*) what is the reason for the rise in price;

(*d*) what is the amount earned in dollars by the export of pepper from the State; and

(*e*) what portion of the dollar earning from pepper is allotted for import of machinery and food grains for the State by the Government of India?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) 60,509 cwt. and 37,003 cwt. were exported through the Travancore ports in 1949 and 1950 respectively. No information is available as regards the export through Cochin port.

(*b*) United Kingdom, Australia; United States of America, Mexico, Italy Switzerland, West Germany, Morocco, Canada and French Protectorate.

(*c*) Increased demand for pepper.

(*d*) No information is available.

(*e*) Government are not aware of any such allocation of revenue by the Central Government.

ശ്രീ. എൻ. പി. വർഗ്ഗീസ്: പെപ്പറിന്റെ പ്രൈസ് കുറയാതിരിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നെഗോഷിയേഷൻസ് നടത്തുകയുണ്ടായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. ന്യൂയാക്കിലെ ഇൻഡ്യാ ഗവൺമെന്റിന്റെ എംബസിയുമായി നെഗോഷിയേഷൻസ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്. ഈ വകയിൽ സെൻട്രൽ ഗവൺമെന്റിന് ഡ്യൂട്ടിയായി എന്തു സംഖ്യപോകും.

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം രണ്ടരക്കോടിയോ, മൂന്നുകോടിയോ വരും.

ശ്രീ. എൻ. പി. വർഗ്ഗീസ്: പെപ്പർ കൃഷി എൻകറേജ് ചെയ്യുന്നതിന് വല്ല പദ്ധതിയുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള. ഇല്ല.

EXPORT OF GINGER

***160.** [45] **Sri. N. P. Verghese:** Will the Hon'ble Minister for Industries be pleased to state.—

(*a*) the quantity of ginger exported from Travancore-Cochin State in 1949 and 1950;

(*b*) what is the amount of dollar earned by export of ginger in 1949 and 1950 by the State; and

(*c*) what is the rise in price due to?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) In 1949 — 2,069 tons.

,, 1950 — figures are not available.

(*b*) & (*c*) No information is available.

ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസ്

* ൧൬൧. (൪൬) ശ്രീ. ശങ്കരൻ നാടാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബാലരാമപുരത്തുനിന്നും വിഴിഞ്ഞത്തേക്ക പോകുന്ന റോഡുവഴി ഗവമ്മെണ്ട സർവ്വീസു നടപ്പിൽ വരുത്തണമെന്നു സ്ഥലവാസികൾ അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിലേക്ക എന്തു നടപടി എടുത്തു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ടു്.

(ബി) അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ഇലക്ട്രിക് ലൈൻ

* ൧൬൨. (൪൭) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നെയ്യാററിൻകര മുനിസിപ്പാലിററിയിൽ ഉൾപ്പെട്ട ആറാലുംമൂട്, അമരവിള, മുതലായ സ്ഥലങ്ങളിലേയ്ക്കു് ഇലക്ട്രിക് ലൈൻ നീട്ടുന്നതിനു ഗവമ്മെണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണു് അനുവാദം നല്കിയതു്; അതനുസരിച്ചു് ജോലി തുടങ്ങിയോ; ജോലി തുടങ്ങിയില്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) ൧൬—൮—൧൧൨൫-ൽ. ബഡ്ജററിൽ തുക അനുവദിച്ചിരുന്നതിൽ ബാക്കി ഇല്ലാതിരുന്നതിനാൽ സാധിച്ചില്ല. എങ്കിലും പണം ഡെവർട്ട് ചെയ്തു് ജോലി തുടങ്ങുന്നതിനു് ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ഇതിനെക്കുറിച്ചു് നെയ്യാററിൻകര മുൻസിപ്പാലിററിയിലെ മെമ്പറന്മാർ ഡെപ്യൂട്ടേഷൻ വന്നിട്ടുണ്ടായിരുന്നോ?

ശ്രീ. സി. കേശവൻ: ഉണ്ടായിരിക്കണം. അതുകൊണ്ടുകൂടിത്തന്നെയാണു് ഇതു് ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. ഈ. പി. പൗലോസ്സ്: ഈമാതിരി ഉള്ള ജോലികൾ ആരംഭിക്കുന്നതിനു് പ്രയോറിട്ടിലിസ്റ്റു് ഉണ്ടോ?

ശ്രീ. സി. കേശവൻ: അതു് നോട്ടീസു കൂടാതെ പറയാൻ സാധിക്കുകയില്ല.

നെയ്യാററിൻകര എലക്ട്രിസിററി വിതരണത്തിൽ നിന്നുള്ളവരവ്

* ൧൬൩. (൪൮) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

നെയ്യാററിൻകര മുനിസിപ്പൽ ടൌണിനകത്തുനിന്നും എലക്ട്രിക് ഡിപ്പാർട്ടുമെൻറിലേക്ക് പ്രതിവർഷം ലഭിക്കുന്ന വരവും ആ സ്ഥലത്തേക്ക് ഡിപ്പാർട്ടുമെൻറിനു വേണ്ടിവരുന്ന ചെലവും എത്ര?

ചീഫ്മിനിസ്റ്റർ ശ്രീ. സി. കേശവൻ:

വരവ്

൧൧൨൪-ൽ ൧൦,൫൫൮ രൂപാ ൧൨ ണ.
൧൧൨൫-ൽ ൧൦,൦൩൬ രൂപാ ൮ ണ. ൯ സ.
൧൯൫൦-൫൧-ൽ ൧൮,൬൭൮ രൂപാ ൧൪ ണ.

ചെലവ്

കാപ്പിററൽ—

൧൧൨൨-ൽ ൨൩,൫൮൧ രൂപാ ൪ ണ. ൮ സ.
൧൧൨൩-ൽ ൧൦,൫൬൧ രൂപാ ൧൧ ണ. ൧൦ സ.
൧൧൨൪-ൽ ൧൦,൫൬൧ രൂപാ ൧൧ ണ. ൧൦ സ.
൧൧൨൫-ൽ ൧,൯൫൧ രൂപാ ൧൦ ണ. ൬ സ.

മെയിൻറനൻസ് ചെലവ് ഈ സ്ഥലത്തേക്ക് പ്രത്യേകമായി വച്ചിട്ടില്ല

WRITTEN ANSWERS

IMPROVEMENT OF TANKS

***164** (52) **Sri. A. Gabriel Nadar**: Will the Hon'ble Minister for Public Works and Communications be pleased to state whether the Department is following any principle for taking up the work of improving the tanks?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**: Yes, the principle involved is to improve all tanks of public utility, priority being decided on the basis of increase in food production.

MAINTENANCE OF TANKS

***165** (53) **Sri A. Gabriel Nadar:** Will the Hon'ble Minister for Public Works be pleased to state the average number of years whithin which period the tanks once improved generally get filld up with silt and whether Government have contemplated any scheme to prevent soil erosion and silting up of tanks?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**: Tanks properly improved and maintained do not generally get filled up with silt. The latter part of the question does not arise.

STATEMENT RE: ADJOURNMENT MOTIONS

Mr. Speaker : Before we proceed to the next item on the agenda, namely Legislative Business, I may make a reference to the adjournment motions which have been received here. It is desirable that adjournment motions are not moved on subjects which will ordinarily come before the House in the course of other business. This consideration was kept in view in disposing of the adjournment motions received today. Now we will take up legislative business.

Note.—Written Answers to starred questions Nos. 166 to 436 and unstarred questions No. 7 to No. 28 were placed on the table, and are printed as appendix to the proceedings of this day at page 268.

RESIGNATION OF THE MINISTRY

Sri. A. Thanu Pillai: I wish to make a statement before we go on to legislative business. Last time when we met here, a request was made by the then Chief Minister that the House should be adjourned. The meeting had been convened specially for discussion of the budget. But before that was done, the House was adjourned we asked why the adjournment was necessary. The only answer that we could get was that the Ministers had resigned. Now we find transformations of some ministers and migrations of other ministers. We find the first seat occupied by a new Chief Minister. The erstwhile Chief Minister is occupying the second seat and the Finance Minister has migrated to the third. The other ministers have been transformed into members like us. We are interested in knowing what led to all this. It is all very strange. The House was asked to discuss the budget which was programmed to be placed before them in a day or two, when all of a sudden all these changes took place. I do not say that it is incumbent upon a minister to make a statement, but courtesy, propriety, ordinary decency requires that the House should be enlightened about the circumstances which led to all these transformations and migrations. We would like to know what all this means. Of course, we are now being ruled by a party—or, rather, by a group of people who call themselves a party. We read in the papers a good deal which is not certainly to the credit of the party, of things that are transpiring within that party, between groups of people, between individuals, between people who belonged to what was Travancore and what was Cochin—all manner of ugly things are reported in the papers. I think we have a right to know something about all these things. This House is really responsible for the administration of the country, although for a time, the party with its brute majority might have its own way. We have been agitating to have the elections conducted as early as possible, but that does not seem to be possible now. Anyway we are interested in knowing about the details of this business.

I would also make another statement which I think you are bound to take note of—or, which calls for a statement from you. We read in the papers that you were a candidate for the leadership of the Congress Party and the Chief Ministership. You are now the elected President of this House and it is a shame—if the report is true—that you should contest the election for the Chief Ministership, that you should take part in such political manoeuvres, that you should act like a common member of an intriguing party, deeply immersed in all manner of shameful activities.

Mr. Speaker: Does the hon'ble Member belive?—

Sri. A. Thanu Pillai: I say we have been reading in the papers. If it is true, we are only sorry.—

Sri. P. Balakrishnan Tampi: On a point of order, Sir. Under what Section are such remarks allowed?

Sri. A. Thanu Pillai: The natural rules of propriety and decency.

Mr. Speaker: The observations and remarks made by the member do not appear to be out of order.

Sri. P. Balakrishnan Tampi: It is not in order that an hon'ble Memer of the Opposition Benches..however indulgent the house might be to him—should indulge in such universal condemnation of his fellow members, the party and the House as a whole.

Mr. Speaker: I belive the member is only making an observation and not raising any point of order.

Sri. P. Balakrishnan Tampi: I am raising a point of order.

Mr. Speaker: I do not think that there is anything improper or irregular in the request for information made by the Leader of the Opposition on a matter which vitally concerns the House. It resulted in a change of the programme placed

[Mr. Speaker]

before the House and also led to an adjournment of the meeting. Information is asked for about the announced change of Ministry which the member points out has resolved itself into a change of some of the former Ministers. This is certainly a matter on which if any elucidation is forthcoming, it may not be out of place and will be welcomed by the House. No doubt, the condemnatory expressions referred to by the member as having been used in the statement may be irrelevant and could well have been avoided.

Sr. A. Thanu Pillai: I have finished.

Mr. Speaker: Rule 31 provides that a member who has resigned the office of Minister may make a personal statement in explanation of his resignation and with reference to such statement a Minister holding office may also make a statement. But there is no provision making it obligatory on the part of either, to offer any explanation or to make any statement as to the circumstances which led to the resignation. The House is free to draw its own inference from the statement if one is made or from the omission to make any statement.

ബഹു. ഓപ്പസിഷൻ ലീഡർ ശ്രീ. താണുപിള്ള ഈ സഭയിലെ സ്പീക്കർ, ലീഡർ സ്ഥാനത്തിനു നിന്നതായും അതിൽ വിജയം വരിക്കുന്നതിലേക്ക് വേണ്ട ശ്രമങ്ങൾ ചെയ്തതായും പത്രങ്ങളിൽ വായിച്ചു എന്നും ആ പത്രപ്രസ്താവനകൾ ശരിയാണെങ്കിൽ അതു ലജ്ജാകരമാണെന്നും പറയുകയുണ്ടായി. സ്പീക്കർ സ്ഥാനത്തു ഇരുന്നുകൊണ്ടു അങ്ങിനെ ഒരു ശ്രമം നടത്തിയെങ്കിൽ അതു ശരിയായ നടപടിയല്ലെന്നും അഥവാ ലജ്ജാകരമാണെന്നും മെമ്പർ വിചാരിച്ചതിൽ തെററില്ലായിരിക്കാം. എന്നാൽ ലജ്ജാകരമെന്നു മെമ്പർ വിശ്വസിക്കുന്ന ഒരു നടപടിക്ക് സ്പീക്കർ വിധേയനായതായി യഥാർത്ഥമെന്നു മെമ്പർക്കു നേരിട്ടു ബോദ്ധ്യപ്പെടുന്നതിനു സംഗതിയായിട്ടില്ലാത്ത ഒരു വാർത്ത ഈ സഭയിൽ പരസ്യമായി പ്രസ്താവിക്കുന്നതിനുമുമ്പു അതേപ്പററി സ്പീക്കറോടു ചോദിച്ചോ മററു വിധത്തിൽ അന്വേഷിച്ചോ അതിൽ അല്പം എങ്കിലും പരമാർത്ഥം ഉണ്ടോ എന്നറിയാൻ ശ്രമിക്കാതെ മെമ്പർ അങ്ങിനെ ഒരു പരസ്യപ്രസ്താവനക്ക് ഉദ്യമിച്ചതാണ് കൂടുതൽ ലജ്ജാകരമെന്ന് അല്പംകൂടി ആലോചിച്ചാൽ മെമ്പർക്കുതന്നെ ബോദ്ധ്യമാകുമെന്നാണു എന്റെ വിശ്വാസം. ബഹു. മെമ്പർ ഉന്നയിച്ച ഈ സംഗതിയെ സംബന്ധിച്ച് സഭയിൽവച്ച് സ്പീക്കർ പരസ്യമായി ഉത്തരം പറയുന്ന പതിവോ സ്പീക്കർക്ക് അങ്ങിനെ ഒരു ചുമതലയോ ഇല്ല. എന്നാൽ ഉത്തമവിശ്വാസം അടിസ്ഥാനമാക്കിയുള്ള തെററിധാരണ ആർക്കെങ്കിലും ഉണ്ടെങ്കിൽ അതു നീങ്ങുന്നതിനു എന്റെ പ്രസ്താവനകൾ കാരണമാകുമെങ്കിൽ ആകട്ടെ എന്നുള്ള വിചാരത്തിൽ ഇതു സംബന്ധിച്ച് അത്യാവശ്യമെന്നു എനിക്ക് തോന്നുന്ന ചില വിവരങ്ങൾ പറയാം.

ஸ்ரீ. ஏ. சிதம்பரநாத நாடார்: Speaker, leader ஆவது குற்றமா?

മിസ്റ്റർ സ്പീക്കർ: അതു കുററമാണോ അല്ലയോ എന്നുള്ള സംഗതി ഇപ്പോൾ ചർച്ചാവിഷയമല്ല, ആക്കണമെന്നു വിചാരിക്കുന്നുമില്ല. ലീഡർ സ്ഥാനത്തിനു ഞാൻ ഒരു സ്ഥാനാർത്ഥിയായി നിന്നു എന്നോ, നിന്നാൽ കൊള്ളാമെന്നു അല്പമായിട്ടെങ്കിലും എനിക്കു ആഗ്രഹമുണ്ടായിരുന്നു എന്നോ, ഒഴിവുവന്ന ലീഡർ സ്ഥാനത്തു എന്റെ ഒരു ശ്രമവും കൂടാതെതന്നെ എന്നെ ആക്കിയാൽ ആ സ്ഥാനം ഞാൻ സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നു എനിക്കു അഭിപ്രായം ഉണ്ടായിരുന്നു എന്നോ ആരെങ്കിലും പ്രസ്താവിക്കുന്നതായാൽ അതു യാതൊരു പരമാർത്ഥവുമില്ലാത്ത കേവലം അടിസ്ഥാനരഹിതമായ ഒരു പ്രസ്താവന ആയിരിക്കുന്നതാണ്.

കൂടാതെ ഈയിടെയുണ്ടായ മന്ത്രിസഭാമാററത്തേയും പുതിയ മന്ത്രിസഭയുടെ രൂപീകരണത്തേയും മററും പൊതുവെ അടിസ്ഥാനപ്പെടുത്തി സ്പീക്കർ ഇ

ങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടുന്നതു വിഹിതമായിരിക്കയില്ലെന്നു മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ഈ സംഗതിയിലും ആർക്കെങ്കിലും മെമ്പർ സൂചിപ്പിച്ചതുപോലെ സംശയമുണ്ടെങ്കിൽ അതും വെറും അടിസ്ഥാനരഹിതമായ സംശയമാണെന്നുള്ള പരമാർത്ഥം സഭയെ അറിയിക്കണമെന്നു ആഗ്രഹിക്കുന്നു. മന്ത്രിസഭയുടെ രാജിയെപ്പറ്റിയൊ, അതിനുണ്ടായ കാരണങ്ങളെപ്പറ്റിയൊ, പുതിയ ലീഡറെ തിരഞ്ഞെടുത്തതിനെപ്പറ്റിയൊ, ആ ലീഡർ അദ്ദേഹത്തിന്റെ കൂട്ടുമന്ത്രിമാരെ തിരഞ്ഞെടുത്തതിനെപ്പറ്റിയൊ സ്പീക്കർക്കു യാതൊരറിവുമുണ്ടായിരുന്നില്ല. ഈ സംഗതികളെപ്പറ്റി ആരും സ്പീക്കറുമായി ആലോചിച്ചിട്ടില്ല, ആലോചിക്കേണ്ട ആവശ്യവുമില്ല.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்:</u> ஸார், இன்று ஸ்பீக்கர் ஸ்தானத்திலிருக்கிற ஸ்ரீ டி. எம். வர்கீஸ் முதல் மந்திரி ஸ்தானத்திற்கு ஆசைப்பட்டதாயும், அதற்காக வேண்டி பிரயத்தனங்கள் செய்ததாகவும், இதை நாம் பத்திரிகை மூலம் அறிந்ததாக ஸ்ரீ. பட்டம் தாணுபிள்ளை சொன்னார்கள். அதை தாங்கள் ஒத்துக்கொள்ளாவிட்டால் இந்த மாதிரி பிரசாரங்களை தாங்கள் தடுக்க வேண்டாமா? அப்படி எழுதிய பத்திரிகைகளை கண்டிக்கவேண்டாமா என்று கேட்கிறேன்.

<u>മിസ്റ്റർ സ്പീക്കർ:</u> അതായതു് ഈ വാർത്തകൾ പ്രസിദ്ധപ്പെടുത്തിയ വർത്തമാനപത്രങ്ങളുടെ മേൽ നടപടി നടത്തണമെന്നാണോ പറയുന്നതു്, അതോ ആ വാർത്തകൾക്കു് ഒരു എതിർ പ്രസ്താവന പുറപ്പെടുവിക്കണമെന്നോ?

Sri. K. Sivarama Pillai: He has stated that action should be taken against the papers.

Mr. Speaker: That is, that action should be taken against the papers responsible for publishing unfounded reports on this matter. Is it so?

Sri. K. Sivarama Pillai: Yes. That is it.

<u>മിസ്റ്റർ സ്പീക്കർ:</u> അങ്ങിനെ നടപടി നടത്തണമെന്നു വിചാരിച്ചില്ല. സത്യവിരുദ്ധമായ പ്രസ്താവനകൾ പത്രത്തിൽ ചേർത്തതു ഉത്തമവിശ്വാസം അടിസ്ഥാനമാക്കി വന്നുപോയ പിശകാണെങ്കിൽ യാഥാർത്ഥ്യം പത്രക്കാർക്കു് ബോദ്ധ്യമാവുമ്പോൾ അവർതന്നെ യഥാവസരം വേണ്ട തിരുത്തലുകൾ പത്രത്തിൽ ചേർത്തുകൊള്ളുമെന്നു വിശ്വസിക്കാം.

<u>ശ്രീ. സി. സി. പ്രസാദ്:</u> ഈ പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതായ സംഭവവികാസങ്ങൾ കാൺഗ്രസ് പാർട്ടിക്കകത്തു നടന്നതല്ലേ?

<u>മിസ്റ്റർ സ്പീക്കർ:</u> പലടത്തു ഉണ്ടായതും നടന്നതും വികസിച്ചതുമായിരിക്കാം.

Sri. D. Gnanasigamoni: May I know whether any attempt was made to contradict these statements at least?

<u>മിസ്റ്റർ സ്പീക്കർ:</u> ഇല്ല. അതിലേക്കു എതിരായി ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ ശ്രമിച്ചിട്ടില്ല.

Sri. D. Gnanasigamoni: Sir, I wanted to know whether Mr. Speaker thought it desirable to contradict these statements after reading them from the papers.

<u>മി. സ്പീക്കർ:</u> അങ്ങിനെ ചെയ്യേണ്ടയാവശ്യമുണ്ടെന്നോ ചെയ്യുന്നതുകൊണ്ടു് ഉപയോഗമുണ്ടെന്നോ വിചാരിച്ചില്ല.

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ:</u> എല്ലാ പത്രങ്ങളും ഇങ്ങനെ അടിസ്ഥാനരഹിതങ്ങളായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനെ ജനങ്ങൾ വിശ്വ

[Sri. Kalathil Velayudhan Nair]

സിക്കാതിരിക്കുന്നതിലേക്ക് സെക്രട്ടറിയേററിൽനിന്നും അവ നിഷേധിക്കാതിരുന്നാൽ അതുമൂലം ഈ രാജ്യവാസികൾ മുഴുവൻ, സ്പീക്കറും ഇതിൽ ഒരു കക്ഷിയാണെന്നു വിശ്വസിക്കുമെന്നുള്ളതുകൊണ്ട് ആ പ്രസ്താവനകളെ നിഷേധിക്കാമായിരുന്നു.

മി. സ്പീക്കർ: വ്യക്തികളെമാത്രം സംബന്ധിക്കുന്ന വെറും അസത്യപ്രസ്താവനകൾ പ്രത്യേകിച്ചും യാതൊരു ഉത്തമവിശ്വാസവുമില്ലാതെ തല്പരകക്ഷികൾ അവരുടെ കാര്യസാദ്ധ്യത്തിനായി പ്രചരിപ്പിക്കുന്നതാണെന്നു കണ്ടാൽ സാധാരണയായി അതുകളെ നിഷേധിക്കുന്നതിനുപകരം കാലാന്തരത്തിൽ സത്യം വെളിപ്പെടുമെന്നുള്ള വിശ്വാസത്തിൽ അടങ്ങിയിരിക്കുന്നതായിരിക്കും നല്ലതെന്നു തോന്നുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ കോൺഗ്രസ് പാർട്ടിയിലെ ഒരംഗംതന്നെ ഇതെല്ലാം പരമാർത്ഥമാണെന്നു പറഞ്ഞിട്ടുണ്ടെന്നു ഞാൻ പറഞ്ഞാൽ അതങ്ങു വിശ്വസിക്കുമോ?

മി. സ്പീക്കർ: പരമാർത്ഥവിരുദ്ധമാണെന്നു എനിക്കു നേരിട്ടു പരിപൂർണ്ണമായി അറിവുള്ള സംഗതിയെ സംബന്ധിച്ചു വെറും ഊഹംമാത്രം അടിസ്ഥാനപ്പെടുത്തിചെയ്തിരിക്കാവുന്ന ഏതുപ്രസ്താവന ആരിൽനിന്നുവന്നതായാലും അതു വിശ്വസിക്കാൻ നിവൃത്തിയില്ല. എന്നാൽ അങ്ങിനെ ബഹുമാനപ്പെട്ട മെമ്പറോട് പറഞ്ഞിട്ടുണ്ടെന്നുള്ളതിനെ ഞാൻ വിശ്വസിക്കാം.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ പ്രസ്താവനകൾക്കെതിരായി ഗവമ്മെണ്ടിൽനിന്നും എതിർപ്രസ്താവനകൾ പുറപ്പെടുവിക്കാത്തതുകൊണ്ട് രാജ്യവാസികൾ അവ വിശ്വസിക്കുമെന്നറിയാമോ?

മി. സ്പീക്കർ: അങ്ങിനെ വിശ്വസിക്കുന്നെങ്കിൽതന്നെ കുറെ നാളുകൾ കഴിയുമ്പോൾ സത്യമനുസരിച്ചു ആ വിശ്വാസം മാറിപോകും ഇപ്പോൾതന്നെ അതു വിശ്വസിക്കാത്ത രാജ്യവാസികളും ധാരാളമുണ്ടെന്നറിയാം.

Sri. P. Balakrishnan Tampi: May I know whether it is such a disreputable thing for a Speaker to become Leader of the House? Is there any rule or convention preventing a Speaker who has political potentialities to become leader of the House or the Chief Minister ?

മി. സ്പീക്കർ: ഈ വിഷയത്തെസംബന്ധിച്ച വാദപ്രതിവാദം ഇനിയും ദീർഘിപ്പിക്കുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ബഹു. മെമ്പർ ശ്രീ. ബാലകൃഷ്ണൻ തമ്പി ചോദിച്ചതു സ്പീക്കർ ലീഡർ സ്ഥാനത്തിനു ഒരു സ്ഥാനാർത്ഥിയാകുന്നതിൽ വല്ല തെററുമുണ്ടോയെന്നാണ്. സ്പീക്കർ ആ സ്ഥാനം ഒഴിഞ്ഞതിനുശേഷം ലിഡർ സ്ഥാനത്തിനു സ്ഥാനാർത്ഥിയാകുന്നതിനു നിയമപ്രകാരം തെററുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഈ സംഗതിയിൽ ഇവിടെ ഒരു പാരമ്പര്യം സൃഷ്ടിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സ്പീക്കരുടെ നിയമസഭാമെമ്പർ സ്ഥാനം മിക്കവാറും എതിർപ്പിനു ഇടയാകാതെ തുടന്നുപോകുന്നതും, തിരഞ്ഞെടുപ്പിൽ ഏതു് കക്ഷി വിജയിച്ചാലും മുൻസ്പീക്കർതന്നെ തുടരുന്നതും സ്പീക്കർ നിയമസഭയ്ക്കകത്തും പുറത്തും കക്ഷി ഇടപെട്ട കാര്യങ്ങളിൽ ഒന്നിലും പ്രവേശിക്കാതെ കേവലം കക്ഷിരഹിതനായി മാത്രം വർത്തിക്കുന്നതുമായ പതിവു് ഇവിടെ എത്രകണ്ടു പ്രയോഗത്തിൽ വരുത്തുന്നു എന്നു അനുഭവപ്പെട്ടു അറിയേണ്ടതാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: സ്പീക്കറായിരുന്നയാൾ ആ സ്ഥാനം രാജിവെച്ചിട്ടു് മന്ത്രിയാകുക എന്ന ഒരു ദുഷിച്ച പാരമ്പര്യം ഇവിടെ ഉണ്ടായിട്ടുണ്ടെന്നു ബഹു. സ്പീക്കർക്ക് അറിയാമോ?

മി. സ്പീക്കർ: സ്പീക്കർസ്ഥാനത്തെ സംബന്ധിച്ച് ഇവിടെ ഒരു പാരമ്പര്യം എന്തെങ്കിലും ഉണ്ടായെന്നു പറയുവാൻ കാലമായിട്ടില്ല. മെമ്പർ സൂചിപ്പിക്കുന്ന സംഭവത്തെപ്പററി ഗുണദോഷനിരൂപണം ചെയ്തു അതു ഒരു ദുഷിച്ച പാരമ്പര്യം സൃഷ്ടിക്കുന്നതിനു പര്യാപ്തമാകുമൊയെന്നു തീരുമാനിക്കുന്നതു ആ സംഭവത്തോടു ബന്ധമുള്ള മററു സാഹചര്യങ്ങളുടെ ഗതി കണ്ടിട്ടുവേണ്ടതാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: സ്പീക്കർ ഇപ്പോൾ എതെങ്കിലും രാഷ്ട്രീയകക്ഷിയിലെ അംഗമാണോ?

മി. സ്പീക്കർ: ഞാൻ നേരത്തെതന്നെ കോൺഗ്രസ് പാർട്ടിയിലെ അംഗമാണ്. ഞാൻ രാജികൊടുത്തിട്ടില്ലാത്തതുകൊണ്ടു അംഗത്വം തുടരുന്നതായി വിചാരിക്കാം. എന്നാൽ സ്പീക്കർസ്ഥാനം ഏററതിനുശേഷം പാർട്ടിയുടെ പ്രവർത്തനത്തിലൊ പാർട്ടി ഇടപെട്ട മററു കാര്യങ്ങളിലൊ ഇടപെടുന്നില്ല. സ്പീക്കറന്മാരുടെ കോൺഫറൻസിൽ ഈ സംഗതി ചർച്ചയ്ക്കു വിഷയമായിട്ടുണ്ട്. അവിടെ പാസാക്കിയ പ്രമേയം ഭിന്നകക്ഷികൾ തമ്മിൽ അഭിപ്രായമാത്സര്യമുള്ള രാഷ്ട്രീയവിഷയങ്ങളിൽ സ്പീക്കർ നിവൃത്തിയുള്ളിടത്തോളം പങ്കെടുക്കാതിരിക്കണമെന്നാണ് (should not as far possible take part in controversial politics.)

ശ്രീ. സി. വി. ഇയ്യു: സർ, ഒരു വിശദീകരണം നൽകുവാൻ എന്നെ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. പി. നാണു: ശ്രീ. ടി. എം. വർഗ്ഗീസ് എന്ന പേരിൽ അങ്ങയെപ്പററി പത്രത്തിൽ കണ്ട ഏതോ കാര്യങ്ങളെപ്പററി ഒന്നു രണ്ടു മെമ്പറന്മാർ ഇവിടെ പറയുകയും അതു ഒരു വാദപ്രതിവാദവിഷയം ആക്കുകയും ചെയ്യുന്നതു ശരിയാണോ?

മി. സ്പീക്കർ: അതു വാദപ്രതിവാദവിഷയമാക്കാൻ പാടില്ല. എന്നാൽ സ്പീക്കറും ഈ ഹൌസുമായുള്ളതും ഉണ്ടായിരിക്കേണ്ടതുമായ ബന്ധത്തെ സ്പർശിക്കുന്ന ഒരു സ്റ്റേററുമെന്റ് ഈ ഹൌസിന്റെ ശ്രദ്ധയിൽ ഒരു മെമ്പർ കൊണ്ടുവന്നതിനെ തുടർന്നു ആ വിഷയത്തിന്റെ ചില പ്രധാനവശങ്ങളെ സംബന്ധിച്ചു ചുരുക്കമായി ചർച്ചകൾ നടന്നതു അസ്ഥാനത്തല്ല. Any way this matter stands closed. No further discussion on the subject is necessary now.

Sri. C. V. Iyyu: I do not wish to speak about the Speaker. I want to say something about the 'Manthrisabhathakarar'. I think it is open for discussion. Much of the time of this House has been spent on the subject. This 'Manthrisabhathakarars' occur every now and then. മന്ത്രിസഭാമാററങ്ങൾ ഇങ്ങനെ ധാരാളമായി ഉണ്ടാകുന്നുണ്ട്. അപ്പോഴെല്ലാം ഇതിനുവേണ്ടി സമയം കളയുന്നതു ശരിയായിരിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ സ്പീക്കർ: ഇതെ സംബന്ധിച്ചു ഒരു സ്റ്റേററുമെന്റ് ആവശ്യമാണെന്നാണ് ബഹു. മെമ്പർ ശ്രീ. പട്ടം താണുപിള്ള അഭിപ്രായപ്പെട്ടതു്.

ശ്രീ. സി. വി. ഇയ്യു: ഞാൻ പറയുന്നതു—

Mr. Speaker: The member has no permission to make any further statement on this matter which is closed.

Sri. C. V. Iyyu: I will explain the position. These are not discussions, but only explanations.

Mr. Speaker: No explanations and no discussions are allowed. We will now proceed to the Legislative business.

ശ്രീ. എം. ഐ. പോൾ: സർ, ഈ വിഷയം വാദപ്രതിവാദത്തിനെടുക്കുന്നതു് ശരിയാണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ചു എന്റെ സ്നേഹിതൻ ശ്രീ. പി നാണു ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയും അതു്

[Sri. M. I. Paul]
വാദപ്രതിവാദത്തിനെടുക്കുന്നതു തെററാണെന്ന ബഹു. സ്പീക്കർ റൂൾചെയ്യുകയും ചെയ്തതിനുശേഷവും അതിനെപ്പററിതന്നെ വാദപ്രതിവാദം തുടർന്നുകൊണ്ടു പോകുന്നതു ശരിയാണോ?

മി. സ്പീക്കർ: ഈ വിഷയത്തെപ്പററിയുള്ള ചർച്ചകൾ അവസാനിപ്പിച്ചിരിക്കുന്നതായി പ്രസ്താവിച്ചതിനുശേഷം വീണ്ടും അതു തുടരുന്നതിനുള്ള ശ്രമം വളരെ തെററാണ്.

LEGISLATIVE BUSINESS

The Travancore-Cochin Revenue Recovery Bill

Minister for Law, Finance and Revenue **(Sri. A. J. John):** I move that the Travancore-Cochin Revenue Recovery Bill, as amended during the second reading, be passed.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** I second it.

The motion that the Travancore-Cochin Revenue Recovery Bill, as amended during the second reading be passed, was put and carried

The Bill was passed.

The Holdings (Stay of Execution Proceedings) Act (Amendment) Bill

Minister for Law, Finance and Revenue **(Sri. A. J. John):** I beg to introduce the Holdings (Stay of Execution Proceedings) Act (Amendment) Bill.

Minister for Education, Food and Labour **(Sri. T. K. Narapana Pillai):** I second it.

ശ്രീ. എ. ജെ. ജോൺ: ഹോൾഡിംഗ്സ് സ്റ്റേ ഓഫ് എക്സിക്യൂഷൻ പ്രൊസീഡിംഗ്സ് ആക്ട് ഇപ്പോൾ നിലവിലുണ്ട്. ആ ആക്ടിൻെറ നാലാമത്തെ വകുപ്പിൽ പറയുന്നതു് ആ ആക്ട് ഒരു കൊല്ലത്തേക്കു നിലവിലിരിക്കുമെന്നാണ്. എന്നാൽ ആക്ടിൻെറ സെക്ഷൻ ൧(൨)ൽ പറഞ്ഞിരിക്കുന്നതു്,

"It shall be deemed to have come into force on the 25th day of March 1950."

എന്നാണ്. അതായതു് ൧൯൫൦ മാർച്ച് ൨൫-ാംനു ഈ നിയമം നടപ്പിൽ വന്നതായി വിചാരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നതു്. അതനുസരിച്ചു ൧൯൫൧ മാർച്ച് ൨൫-ാംനു ഈ നിയമത്തിൻെറ കാലാവധി അവസാനിക്കുന്നതാണ്. ഈ നിയമം അവതരിപ്പിച്ചു പാസാക്കിയപ്പോൾ തിരുവിതാംകൂർ-കൊച്ചിയിലെ ഭൂനയത്തെ സംബന്ധിച്ചു ഗവമ്മെണ്ടിൽനിന്നും നിയമിച്ചിട്ടുള്ള കമ്മിററിയുടെ റിപ്പോർട്ട് വന്നതിനുശേഷം പൊതുവായി എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകത്തക്കവണ്ണം ഒരു കൊല്ലത്തിനകം ഒരു ബില്ലെഴുതിയുണ്ടാക്കി പാസാക്കാൻ സാധിക്കുമെന്നാണ് വിചാരിച്ചിരുന്നതു്. പക്ഷെ ഭൂനയകമ്മിററിയുടെ റിപ്പോർട്ട് കിട്ടുന്നതിനു വളരെ താമസമുണ്ടായിരുന്നതുകൊണ്ടും റിപ്പോർട്ടിനെപ്പററി പര്യാലോചിച്ചു അവസാനമായ തീരുമാനങ്ങൾ എടുക്കുന്നതിന് ഗവമ്മെണ്ടിനു ഇതിനകം കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടും ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നാം ആഗ്രഹിച്ചപോലെയുള്ള ഒരു ബില്ലു അവതരിപ്പിക്കാൻ സാധിക്കാതെ വന്നിരിക്കയാണ്. അതുകൊണ്ടാണ് ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തിൻെറതന്നെ കാലാവധി ഒരു കൊല്ലത്തേക്കുകൂടി നീട്ടണമെന്നുള്ള ഈ ഭേദഗതിബിൽ ഹാജരാക്കാൻ ഇടയായിട്ടുള്ളതു്. സഭയുടെ സ്വീകരണത്തിനായി ഞാൻ ഇതവതരിപ്പിച്ചുകൊള്ളുന്നു.

Sri. D. Gnanasigamoni: Sir, am I to understand that the Government propose to bring another Bill within the course of two or three months?

ശ്രീ. എ. ജെ. ജോൺ: ഭൂനയകമ്മിററി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമഗ്രമായ ഒരു ബിൽ തയ്യാറാക്കി അവതരിപ്പിക്കണമെന്നു് ഉദ്ദേശിക്കുന്നുണ്ടു്.

Sri. D. Gnanasigamoni : I want to know whether the Government propose to bring such a Bill before this House gets dissolved?

ശ്രീ. എ. ജെ. ജോൺ: ഈ സഭ അവസാനിക്കുന്നതിനുമുമ്പു് അതു സാദ്ധ്യമാണെന്നു തോന്നുന്നില്ല. എന്നാൽ ഈ നിയമസഭ പിരിച്ചുവിടുന്നതിനു മുമ്പായിത്തന്നെ അതു് കൊണ്ടുവന്നാൽ കൊള്ളാമെന്നു ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടു്.

Sri. Eapen Arakkal: Will there be time given to bring amendments ?

ശ്രീ. എ. ജെ. ജോൺ: അതു് രണ്ടാംവായനസമയത്തു ആലോചിക്കേണ്ട കാര്യമാണു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഈ നിയമം ആദ്യമായി ഉണ്ടാക്കിയപ്പോൾ സ്ഥിരമായ ഒരു നിയമം ഉണ്ടാക്കിക്കൊള്ളാമെന്നുള്ള ഉദ്ദേശത്തിൽ തല്ക്കാലം ഒരു കൊല്ലത്തേക്കു മതി എന്നുവയ്ക്കുകയാണുണ്ടായതു്. ഒരു കൊല്ലത്തിനകം തന്നെ ഭൂനയകമ്മിററിയുടെ റിപ്പോർട്ടു വരുത്തി പര്യാലോചിച്ചു സ്ഥിരമായ ഒരു നിയമം പാസാക്കി എടുക്കാം എന്ന ആശയാണു് അന്നുണ്ടായിരുന്നതു്. എന്നാൽ അതു സാധിക്കാതെ വന്നിരിക്കയാണു്. ഇനിയും ഈ നിയമസഭ പിരിച്ചുവിടുന്നതിനുമുമ്പായി അങ്ങിനെ ഒരു നിയമനിർമ്മാണം സാദ്ധ്യമാകുമോ എന്നുള്ള കാര്യം വളരെ സംശയമാണു് ആ നിലയിൽ ഈ നിയമം ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതു് അത്ര ശരിയായിരിക്കുമോ എന്നു നാം ആലോചിക്കേണ്ടതാണു്. ഇപ്പോൾ ഒരു കൊല്ലത്തേക്കുകൂടി നീട്ടണമെന്നാണു് ഈ ഭേദഗതി ബില്ലുകൊണ്ടാവശ്യപ്പെടുന്നതു്. ഈ നിയമം കുറച്ചുപേർക്കുമാത്രം ഗുണമുണ്ടാക്കുന്നതും വളരെ അധികംപേർക്കു ഉപദ്രവമുണ്ടാക്കുന്നതുമാണു്. അതുകൊണ്ടു് ഒരു കൊല്ലത്തിനകംതന്നെ സ്ഥിരമായ ഒരു നിയമനിർമ്മാണം സാദ്ധ്യമാണോ എന്ന കാര്യം സംശയമായിരിക്കേ ഇതിന്റെ കാലാവധി നീട്ടുന്നതു കുറച്ചു ആലോചിച്ചുവേണമെന്നാണു് എന്റെ അഭിപ്രായം. ഈവക കാര്യങ്ങളെപ്പററി ആലോചിക്കുന്നതിനായി ഈ ബില്ലിന്റെ അവതരണംതന്നെ ഒരു രണ്ടുദിവസത്തേക്കു മാററിവച്ചാൽ തരക്കേടില്ലെന്നാണു് എനിക്കു തോന്നുന്നതു്.

മിസ്റ്റർ സ്പീക്കർ: ഇക്കാര്യങ്ങൾ ബില്ലു് ഔപചാരികമായി അവതരിപ്പിച്ചുകഴിഞ്ഞതിനുശേഷം പ്രമേയം മൂലമൊ അമെണ്ടുമെൻറുവഴിയൊ ബിൽ ഉടൻതന്നെ ആലോചനയ്ക്കു എടുക്കുകയൊ സെലക്ടു് കമ്മിററിക്കു അയക്കുകയൊ ചെയ്യുന്നതു സംബന്ധിച്ചുള്ള വാദപ്രതിവാദവേളയിൽ ഉന്നയിക്കേണ്ടതാണു്.

ശ്രീ. കെ. അയ്യപ്പൻ: ഈ നിയമം കുറച്ചുപേർക്കുമാത്രം ഗുണംചെയ്യുന്നതും വളരെപേർക്കു ദോഷം ചെയ്യുന്നതുമാണെന്നു പറയുന്നുണ്ടു്. അതിന്റെ പരിഹാരത്തിനായി എന്റെ സ്നേഹിതൻ സൂചിപ്പിച്ചതുപോലെ ഈ ബില്ലു ഭേദഗതി ചെയ്യാൻ സാധിക്കുമോ എന്നു് ആലോചിക്കുന്നതു കൊള്ളാം. എന്നാൽ അതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിന്റെ തത്വത്തിനുതന്നെ ഒരുപക്ഷെ വിരുദ്ധമായിത്തീരുമോ എന്നും സംശയിക്കേണ്ടതുണ്ടു്. അതുകൊണ്ടു് അതിനെപ്പററി ശരിയായി ഒന്നാലോചിക്കുന്നതിനു് ഈ ബില്ലിന്റെ അവതരണംതന്നെ ഒരു രണ്ടുദിവസത്തേക്കു മാററിവയ്ക്കുന്നതു നന്നായിരിക്കാം എന്നാണു് എന്റെയും അഭിപ്രായം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: പാട്ടവസ്തുക്കൾ കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽനിന്നും അതു് ഒഴിപ്പിച്ചെടുക്കാതിരിക്കുന്നതിനുവേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണു് ഈ നിയമം. ഇതുണ്ടാക്കിയപ്പോൾ ഒരു കൊല്ലത്തേക്കു

[Sri. Eapen Arakkal]

നടപ്പിൽ ഇരിക്കണം എന്നാണ് ഉദ്ദേശിച്ചിരുന്നത്. കഴിഞ്ഞ ഒരു കൊല്ലക്കാലമായി നടപ്പിലിരുന്ന ഒരു നിയമത്തിന്റെ പ്രവർത്തനകാലം ഒരു കൊല്ലത്തേക്കുകൂടി നീട്ടുക എന്നുള്ളതുമാത്രമാണ് ഈ ഭേദഗതി ബില്ലിന്റെ ഉദ്ദേശം. ഈ നിയമം എന്തു ഉദ്ദേശത്തോടുകൂടി നിർമ്മിച്ചുവോ ആ ഉദ്ദേശം ഇപ്പോഴും ശരിയായിട്ടു നിറവേറാതെയാണ് ഇരിക്കുന്നത്........

Sri. K. P. Nilakanta Pillai: Under the rules, I am afraid that no member is at liberty to start a discussion on the introduction of a Bill. I want a ruling on that.

മിസ്റ്റർ സ്പീക്കർ: ഇപ്പോഴും വാദപ്രതിവാദത്തിനുള്ള സമയമല്ല. അതനുവദിക്കത്തക്കതുമല്ല. ബില്ലിന്റെ ഔപചാരികമായ അവതരണം കഴിഞ്ഞിട്ട് അതിന്റെ തത്വങ്ങളെപ്പററി വാദപ്രതിവാദം ചെയ്യാം.

Sri. Alexander Parampithara: I am suggesting whether the introduction of this Bill it self cannot be postponed for one or two days so that amendments can be brought forward.

ശ്രീ. കെ. അയ്യപ്പൻ: സർ, ഈ ഇൻട്രഡക്ഷൻതന്നെ ഒന്നു നീട്ടിവക്കുവാൻ പാടില്ലയെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നത്. വളരെ പ്രധാനമായ ചില കാര്യങ്ങളെപ്പററി ആലോചിക്കുവാനുള്ളതുകൊണ്ട് ഈ ബില്ലിന്റെ ഇൻട്രഡക്ഷൻ നീട്ടിവക്കുവാനാണ് ആവശ്യപ്പെടുന്നത്.

Mr. Speaker: The introduction is only a formal matter. After the Bill is introduced, the Hon'ble Minister in charge will move for the consideration of the Bill and then amendments can be brought forward.

ശ്രീ. കെ. അയ്യപ്പൻ: ഒരു കൊല്ലത്തേക്കു എക്സിക്യൂഷൻ നടപടികൾ നീട്ടിവക്കുവാനുള്ള ഒരു ബില്ലായതുകൊണ്ട് ഈ ബിൽ ഇൻട്രഡ്യൂസ് ചെയ്തുകഴിഞ്ഞാൽ പിന്നെ മാററം വരുത്തുവാൻ പ്രയാസം വരുമെന്നുണ്ടെങ്കിൽ ഇൻട്രഡക്ഷൻ ഒന്നോ രണ്ടോ ദിവസത്തേക്കു നീട്ടിവക്കുകയോ ഗവൺമെണ്ടിൽനിന്നു വേറെ ഒരു ബിൽ കൊണ്ടുവരുകയോ ചെയ്യാവുന്നതാണ്.

മിസ്റ്റർ സ്പീക്കർ: വളരെ അടുത്ത ഒരു ദിവസം അതായതു് മാർച്ച് ൨൫-ാംനു- ഈ നിയമത്തിന്റെ കാലാവധി കഴിയുന്നതാണ്. രണ്ടു ദിവസത്തേക്കു ഇതിന്റെ അവതരണം മാററിവെക്കുകയാണെങ്കിൽ ധനാഭ്യർത്ഥനകൾക്കായി നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ ഈ വിഷയവും എടുക്കേണ്ടതായിവരും. അതുകൊണ്ടു ഈ ബിൽ ഇന്നുതന്നെ അവതരിപ്പിക്കുകയും കാലദൈർഘ്യത്തെ സംബന്ധിച്ചിടത്തോളം വേണ്ട ഭേദഗതികൾ കൊണ്ടുവരികയും ചെയ്യാവുന്നതാണ്.

ശ്രീ. കെ. അയ്യപ്പൻ: ഭേദഗതികളുടെ സ്കോപ്പിൽ കാലാവധി നീട്ടുന്നതോടൊപ്പം വേറെ പലതുംകൂടി അതിൽ ഉൾപ്പെടുത്തുവാൻ സാധിക്കുമോ എന്നാണ് സംശയം.

Sri. Eapen Arakkal: In the present Bill, amendments can be brought only in regard to the extension of the period. We cannot put in any amendment to the existing Act.

മിസ്റ്റർ സ്പീക്കർ: അതാണ് നിയമം.

Sri. Eapen Arakkal: We want to bring certain amendments to the Bill. So if the introduction of the Bill is done to-day, we will not be able to bring forward new amendments. That is why I suggest whether the introduction may not be postponed so that certain important points may be added on to the Bill.

മിസ്റ്റർ സ്പീക്കർ: ഒരു ഭേദഗതി ആക്ട് വരുമ്പോൾ ആ ഭേദഗതിയുടെ പരിധിയിൽ പെട്ടിട്ടില്ലാത്തതായ സംഗതികൾ വാദപ്രതിവാദത്തിനു വിധേയ

മാക്കുവാൻ പാടില്ല. ആ ലെജിസ്ലേഷനിലെ മററു വകുപ്പുകൾപോലും വാദപ്രതിവാദ വിഷയമാകുവാൻ പാടില്ല.

ശ്രീ. എ. ജെ. ജോൺ: സർ, ഈ ബില്ലിലെ വ്യവസ്ഥ ഇപ്പോൾ നിലവിലിരിക്കുന്നതായ ആക്ടിന്റെ വ്യവസ്ഥതന്നെ ഒരു കൊല്ലത്തേക്കുകൂടി ദീർഘിപ്പിക്കണം എന്നു മാത്രമേയുള്ളു. വേറെ യാതൊന്നും ഇതിലില്ല. എന്റെ ബഹുമാനപ്പെട്ട ചില സ്നേഹിതന്മാർ ഇവിടെ പ്രസ്താവിച്ചു, ഈ ബില്ല് അവതരിപ്പിക്കൽതന്നെ രണ്ടോ മൂന്നോ ദിവസത്തേക്ക് മാററിവെക്കുകയാണെങ്കിൽ ചില ഭേദഗതികൾ ഇതിൽ വരുത്തുവാൻ സാധിക്കുമെന്ന്. അതു സാദ്ധ്യമല്ല. ഇതിലേക്ക് ഒരു പുതിയ ബിൽ എഴുതി ഉണ്ടാക്കി പരസ്യംചെയ്തു ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ഇടയിൽ വിതരണം ചെയ്യേണ്ടിവരും. അതു എല്ലാം കഴിഞ്ഞുവരുമ്പോൾ മാർച്ച് ൨൮-ാം തീയതി കഴിഞ്ഞുപോകും. ഈ ബിൽതന്നെ പരസ്യം ചെയ്തിട്ട് കുറച്ചു ദിവസമായി. അപ്പോൾതന്നെ ബഹുമാനപ്പെട്ട മെമ്പറന്മാർ ഏതെങ്കിലും ഭേദഗതികൾ ചെയ്യണമെന്നു ആവശ്യപ്പെട്ടിരുന്നുവെങ്കിൽ അതിനുള്ള നടപടിയെടുക്കാമായിരുന്നു. ഇനി ഇതിന്റെ പര്യാലോചന മാററിവെച്ചാൽ ആക്ട്തന്നെ ഇല്ലാതാകുന്നതാണ്. അതുകൊണ്ടാണ് ഈ ബിൽ ഇപ്പോൾതന്നെ ആലോചനക്കെടുക്കണമെന്ന് ഞാൻ അഭിപ്രായപ്പെട്ടത്.

Sri. A. Thanu Pillai: I move that the Bill be referred to a Select Committee. There are some aspects of the matter that have to be carefully considered. The Hon'ble Minister now told us that the Bill was published days ago—I got a copy only on the 9th of this month and today is the 12th.

Now, Sir, there are certain Central laws whose effect we have to consider in relation to this Bill. There is the Civil Procedure Code that has now been made applicable to Travancore-Cochin and also to the whole of India. So far as our Civil Procedure Code is concerned, no doubt we can legislate on its provisions. But when it is a Central Act we cannot do anything on that. Mr. John says that it will come into operation from the first of April. But then what will be the effect of the law? That has to be considered. The Minister has not told us anything of that. What will be the position of this law that we are going to enact? The Central Act will supersede our Civil Procedure Code, and we will be powerless to enact a law contrary to the provisions of the Central Act.

Then there is the Transfer of Property Act which, I believe, will also be made applicable to Travancore-Cochin under the Adaptation of Laws Act. In the Constitution, the Civil Procedure Code is a concurrent subject. Land, except agricultural land, again comes within the concurrent list. There are these aspects of the matter to be considered. I thought that the Minister will explain what will be the position of the law then. But he has not come forward with any explanation. I am definitely of the view that these aspects should be looked into. At least for that matter the Bill should be considered by a Select Committee.

I know there is no use condemning our Ministers because they are really incorrigible. What about the history of this law? There was a law passed for six months, more than two years ago. That expired with the efflux of time. Then an ordinance was passed which was in force for six months. Thus one year passed. Then came the bill for the existing law. They wanted its life to be one year. After a good deal of discussion this House eventually agreed to that one year also. So the Ministers have taken full powers to bring forward the necessary Bill for enacting a legislation in respect of holdings. Of course they said that we are contemplating a comprehensive law affecting all lands. For that we want time. In the meanwhile, certain lease holdings are likely to be taken back by the owners.

[Sri. A. Thanu Pillai]

That would work hardship. Hence the necessity for an interim law. This House agreed to that in the hope that the Ministers will be reasonable. One is tempted to ask, what were they doing for the last two years? They appointed a committee. The report of the committee has been published. We know the report is really not worth the paper on which it is written. That report has been before the Government for the last five months. It was submitted by the committee in October last. Five months have elapsed. So all the while the subject has been supposed to be engaging the consideration of Government. They want merely to play for time and play with the rights of the people. Now the Minister comes forward with a request that this law may be extended for another year. Of course no amount of condemnation will be too much. This is really irresponsible work of a very violent type. I know my friend Mr. P. Balakrishnan Tampi, half awake and half asleep is coining phrases to condemn me. But no amount of condemnation can help the Government or his party. Simply they got a majority and so they think they can throw anything before us and say, "vote for this."

The House adjourned for lunch at 1-00 p.m. and re-assembled at 2-00 p.m., Mr. Speaker Presiding.

Reply to the Motion on the Address

Mr. Speaker: There is an announcement to be made:

ഈ സഭ പാസ്സാക്കിയിട്ടുള്ള കൃതജ്ഞതാപ്രമേയം, നിയമസഭാ ചട്ടങ്ങളിലെ ൧൭-ാം വകുപ്പ് ൧-ാം ഉപവകുപ്പ് അനുസരിച്ച്, സ്പീക്കർ രാജപ്രമുഖൻ തിരുമനസ്സിലേക്ക് സമർപ്പിച്ചതിന്മേൽ ലഭിച്ചിട്ടുള്ള മറുപടി ൨-ാം ഉപവകുപ്പനുസരിച്ച് സഭയിൽ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. മറുപടി ഇപ്രകാരമാണ്.

LEGISLATIVE BUSINESS

"I have great satisfaction for your resolution of thanks for the address with which I opened the Third Session of the Legislature on the 21st February 1951."

The Travancore-Cochin Revenue Recovery Bill—(*cont.*)

Mr. Speaker: Mr. Thanu Pillai.

Sri. A. Thanu Pillai: Sir, I was at the question of land legislation generally. Before proceeding with that, I would like also to place before the House one other fact, namely, that even our High Court, it appears, has decided cases in which they hold that some of the provisions of the existing Act are not valid. I have had no opportunity to verify it. But still I have been able to gather on fairly good authority that there are such rulings. When we try to extend the operation of this legislation for a longer period it would be fair to examine the opinions expressed by the Judiciary as well. It will not be right for us to proceed as if such decisions do not exist. Clearly, it will be wrong that the Legislature proceeds one way and the Courts the other way. We have the right to correct or modify the law in accordance with the High Court decisions. If any of the existing provisions are not valid and if there has been any ruling to this effect, certainly, we have to amend the provisions. And there is no necessity to say that the legislation should be continued.

Now, Sir, in regard to land acquisition, the principle undoubtedly should be that land should be equitably distributed. That is to say, large holdings should be cut short. Land should be taken away from holdings that have excess areas, and landless people and people in uneconomic areas should be given more lands. That is the principle that has generally been accepted now. But in regard to the provisions of this Bill, that principle has not been kept in view. It is a piece of legislation that cuts both ways. No doubt, poor people get some relief. But at the same time, there are large numbers of poor people who have leased out their lands to lessees who

are very rich people. Now, in those cases we prevent the small landholder from getting his rights from the rich capitalists. But such a piece of legislation would be permissible for a short period of time which is necessary to enact a permanent piece of legislation. Two years have elapsed and nothing has been done in this direction. That is why I say the Ministers are irresponsible in this matter. There are provisions in this Act unjust not only to the rich, but to the poor as well. Therefore, my stand is that the Bill should go before a Select Committee.

ശ്രീ. എ. ജെ. ജോൺ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. താണുപിള്ള ഇവിടെ ഉന്നയിച്ച പ്രധാന വാദം ഇൻഡ്യൻ സിവിൽ പ്രൊസീഡിയർകോഡ് ഉടനെതന്നെ തിരുവിതാംകൂർ കൊച്ചിസംസ്ഥാനത്തും ബാധകമായിത്തീരുമെന്നും ആ നിലക്ക് ഇപ്പോൾ ഈ നിയമം ഇവിടെ പാസ്സാക്കുന്നപക്ഷം അതിലെ വ്യവസ്ഥകൾ ഇൻഡ്യൻ സിവിൽ പ്രൊസീഡിയർകോഡിലെ വ്യവസ്ഥകൾക്കനുസരണമായിരിക്കത്തക്കവണ്ണം ഭേദഗതി ചെയ്യപ്പെടേണ്ടിവരുമെന്നും അല്ലാത്തപക്ഷം ഈ നിയമംതന്നെ അസാധുവായിപ്പോകുമെന്നുമാണ്. ഈ നിയമം ലാൻഡിനെ സംബന്ധിച്ചും ലാൻഡ് റജിസ്ട്രേഷനെ സംബന്ധിച്ചുമുള്ളതാണ്. അങ്ങനെ ഒരു നിയമം ഉണ്ടാക്കുവാൻ സ്റ്റേറ്റിന് പരിപൂർണ്ണമായ അവകാശവും അധികാരവും ഉണ്ട്. ഇൻഡ്യൻ ഭരണഘടനയിൽതന്നെ ആ അവകാശം പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. ഭരണഘടന ഷെഡ്യൂൾ ലിസ്റ്റ് II, സ്റ്റേറ്റ് ലിസ്റ്റ് ൧൮-ൽ വിവരിക്കുന്നുണ്ട്. "Land, that is to say, rights in or over land, land tenures including the relation of landlord and tenant, and the collection of rents; transfer and alienation of a_ricultural land; land improvent and agricultural loans; colonisation." ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ആവശ്യമായ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഓരോ സ്റ്റേറ്റിനും പരിപൂർണ്ണമായ അധികാരമുണ്ട്. അതിനാൽ ഏപ്രിൽ ഒന്നാംതീയതിമുതൽ ഇൻഡ്യൻ സിവിൽ പ്രൊസീഡിയർ കോഡ് ഈ സംസ്ഥാനത്തു നടപ്പിൽ വന്നാൽതന്നെ ഈമാതിരി നിയമങ്ങൾക്ക് അതു ബാധകമാവുകയില്ല. ഇതുസംബന്ധിച്ച്, കാൺസ്റ്റിറ്റ്യൂഷൻ ആക്ട് പാസായതിനുശേഷം കല്ക്കട്ടാ ഹൈക്കോടതിയിൽ ഒരു വിധിയും ഉണ്ടായിട്ടുണ്ട്. ആ വിധിയിൽ പാട്ടക്രമത്തെ സംബന്ധിച്ചും പാട്ടക്കുടിശ്ശികയെ സംബന്ധിച്ചും ആവശ്യമായ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് ഓരോ സ്റ്റേറ്റിനും അധികാരമുണ്ടായിരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. സിവിൽകോഡ് പ്രൊസീഡിയർ എന്നു പറയുന്നതു് ഒരു നടപടി നിയമം മാത്രമാണ്. അതിനാൽ ഈ നിയമത്തിന് വേണ്ടുവോളം നിയമസാധുത്വം ഉണ്ട്.

പിന്നീട് ട്രാൻസ്ഫർ ഓഫ് പ്രാപ്പർട്ടി ആക്ട് ഈ നിയമത്തിനു ബാധകമാകുമെന്നും ശ്രീ. താണുപിള്ള പറഞ്ഞു. അതും ഇവിടെ ഉണ്ടാക്കുന്ന ഈ നിയമത്തെ അടിസ്ഥാനമാക്കിയേ ഇരിക്കുകയുള്ളു. I may refer to the members to page 853 and 854 of D. D. Basu's Commentary on the Constitution of India "Mortgages of land properly fall under entry 18 of the State list in so far as they are mortgages of land though in certain respects they include elements of transfer of property and of contract." Again, "The Power to legislate with respect to the collection of rents includes the power to legislate with respect to the remission of rents as well as their collection or recovery. Hence the Provincial Legislature is competent to enact that decrees for rent are executable only in some particular manner." (D. L. R. 31) ഇതുപോലെയുള്ള വിധികളും ഉണ്ട്. അതിനാൽ ശ്രീ. താണുപിള്ള ഉന്നയിച്ച വാദങ്ങൾ ഒന്നും ഈ നിയമം പാസ്സാക്കുന്നതിന് തടസ്ഥമല്ല.

ഇതു് സെലക്ട് കമ്മിറ്റിക്കു അയക്കണമെന്നു പറഞ്ഞു. ഞാൻ അതിനു എതിരില്ല. ഞാൻ ആദ്യം പ്രസ്താവിച്ചതുപോലെ ഈ മാസം ൨൫-ാംനു-ക്കു്

[Sri. A. J. John]

മുമ്പു് ഈ നിയമം നടപ്പിൽ വരേണ്ടതുണ്ടു്. രണ്ടോ മൂന്നോ ദിവസത്തിനകം സെലക്ട് കമ്മററി റിപ്പോർട്ട് വരുത്തണമെന്നു നിർദ്ദേശിക്കുന്നപക്ഷം സെലക്ട് കമ്മററിക്കു അയക്കുന്നതിലും എനിക്കു വിരോധമില്ല.

Mr. Speaker: Shall I take it that the House is of the view that the matter may be referred to a Select Committee as suggested by Sri Pattom Thanu Pillai and as appears to have been almost agreed to by the Hon'ble Minister?

ശ്രീ. എ. ജെ. ജോൺ: സർ, അതിനും ഒരു കുഴപ്പം ഉണ്ടു്. സെലക്ട് കമ്മററിക്കു അയച്ചാൽതന്നെ അതിന്റെ റിപ്പോർട്ട് വാദപ്രതിവാദം ചെയ്യുവാനുള്ള സമയം കിട്ടുമോ എന്നു സംശയമാണു്. ൩൧-ാംനു-വരെ ബഡ്ജററിനെപ്പററിയുള്ള വാദപ്രതിവാദം നടക്കും. ഈ ബില്ലിനെപ്പററി പര്യാലോചിക്കണമെങ്കിൽ രാത്രിയിലോ മറേറാ സമയംവയ്ക്കണം. സെലക്ട് കമ്മററിക്കു അയച്ചാൽതന്നെ ബില്ലിലെ വ്യവസ്ഥയിൽ മൗലികമായ മാററങ്ങൾ ഒന്നും വരുത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. ഹോൾഡിംഗ്സ് എന്നതിന്റെ നിർവ്വചനംതന്നെ ഒന്നുകൂടി വിപുലപ്പെടുത്തണമെന്നു ഒരഭിപ്രായം ഉണ്ടായി. അതു് തല്ക്കാലം സാദ്ധ്യമല്ല. അതിനാൽ ഈ ബില്ല് സെലക്ട് കമ്മററിക്കു അയക്കാതെ ഇതിന്റെ രണ്ടും മൂന്നും വായന ഇപ്പോൾതന്നെ നടത്തിയാൽകൊള്ളാം.

Sri. P. S. Nataraja Pillai: Sir, In view of the statement on the question of law propounded here by the Leader of the Opposition and from the Government Benches, I would request the Chair to have the position cleared up by the Advocate-General who happens to be present here. His opinion may be very helpful and the House will be interested in knowing not only about this aspect, but about the decisions of our High Court on some of the provisions of the Act we are now considering. I would request the Chair to have the matter explained by asking the Advocate-General to give his opinion.

Mr. Speaker: I think the decisions of the High Court questioning the valaidity, of some of the provisions of the Act need not exactly have any bearing on the question of extending the provisions of this Act for one year more. Those rulings will not stand in the way of extending the Act. Anyhow, as suggested by Sri. Thanu Pillai and Sri. Nataraja Pillai, if the Advocate-Genaral has thought of the matter and is now in a position to advise the House with regard to the points raised, I have no objection to call upon him to speak.

Advocate-General: Sir, the question that has been raised is as to whether the extension of the Code of Civil Procedure for the B class States under the B Class States Act recently passed will affect the legislation of the nature now placed before the House. The relevant provision of the Constitution is Article 246 Clause (2), which says: "Notwithstanding anything in clause (3), Parliament, and subject to clause (1), the Legislature of any State specified in Part A or Part B of the First Schedule also, have power to make laws with respect to any of the matters enumerated in List III in the Seventh Schedule (in this Constitution referred to as the ("Concurrent List"). Clause 3 says, "Subject to clauses (1) and (2), the Legislature of any State specified in Part A or Part B of the First Schedule has exclusive power to make laws for such State......". The relevant entry in the Second Schedule is, as has been already pointed out, entry No. 18 which reads thus: "Land, that is to say, rights in or over land, land tenures including the relation of landlord and tenant, and the collection of rents; transfer and alienation of agricultural land; land improvement and agricultural loans; colonization". The first part of the entry is land in the general sense. "Land, that is to say, rights in or over land, land tenures including the relation of landlord and tenant, and the collection of rents". In the Concurrent List, item 13 is: "Civil Procedure, including all matters included in

the Code of Civil Procedure at the commencement of this Constitution, limitation and arbitration". The identical question arose under the 1935 Act as to when legislation in regard to land and land tenures and rent, scaling down of debts and other matters are undertaken by the State Legislature, whether that will not hit any of the provisions in the Concurrent List, and there are some decisions which cover the point exactly. For example, there is a decision under the 1935 Act which is reported in 1941 Federal Court 16. I am reading from an authority on the Constitution in which the decision itself has been extracted. It is from Basu's Constitution of India with a foreword by the hon'ble Dr. Ambedkar in which the particular passage has been extracted. It is on page 853. "The power to legislate with respect to the collection of rents includes the power to legislate with respect to the remission of rents, as well as their collection or recovery". Hence, a Provincial Legislature is competent to enact that decrees for rent are executable only in some particular manner".

There is a further decision after the Constitution namely, Parmananda versus Sankar, 1950 DLR (Cottack) 31, in which the position has been clarified thus: "There in no general express provision in the Constitution referring expressly to mortgages. But so important a subject as mortgages could not have been left out of the Constitution and left as a residual subject. Mortgages of land properly fall under entry 18 of the State List in so far as they are mortgages on land, though in certain respects, they include an element of transfer of property and of contract. Mortgages are properly to be classed not under the heading of "Contracts", but as a special "Transactions ancillary to the entry on land". Legislation expressly limited to the mortgage of agricultural land is wholly in the competence of the State Legislature".

There is a further case reported in 51, Calcutta Weekly Notes which bears on the identical question whether legislation undertaken with respect to land will conflict with the provisions of the Civil Procedure Code or any power to legislate and bring into force the provisions of the Indian Civil Procedure Code in the State. "The words in entry 18 are comprehensive enough to include the remedial as well as the procedural provisions concerning the release in respect of the several rights and liabilities enumerated in the entry. Of course, there is a separate entry for Civil Procedure but there, civil procedure is used in a general sense as the procedure applicable to litigation generally. It does not include a special law of procedure which is applicable only to a litigation regarding a special matter". I submit, therefore, that though incidentally procedural law may also be involved in an indirect manner, this is primarily a relief in relation to land holding and rent. The manner in which the rights over land could be adjudicated and exercised is a matter that is peculiarly within the competence of the State Legislature. So far as I am able to see the position in the light of the authorities both under the Government of India Act 1935 and under the new Constitution, the mere fact that the procedural law has been extended to the State from the 1st of April, 1951, affects only the law of procedure and in regard to other matters, namely, something that primarily affects land holding, rent, collection of rent, eviction from holdings, etc., which are directly concerned with the juridical relationship of landlord and tenant, legislation, with that primary object, although it may also involve an element of procedure therein, is something that is within the competence of the State Legislature and would come within entry 18 of the Seventh Schedule. I submit that in my humble view, Sir, the legislature is competent to proceed with this matter,

ശ്രീ. എ. കെ. പാച്ചുപിള്ള: ബഹുമാനപ്പെട്ട അഡ്വൊക്കേററ് ജനറൽ പുറപ്പെടുവിച്ച അഭിപ്രായം സ്വാഗതാർഹംതന്നെ. എന്നാൽ ഒരു വിശദീകര

[Sri. A. K. Pachu Pillai]

ണംകൂടി നൽകേണ്ടതു് ആവശ്യമായിത്തീന്നിരിക്കുന്നു. അതായതു് യൂണിയൻ ലിസ്റ്റ്, ആർട്ടിക്കിൾ ൯൫ എന്നു പറയുന്നതു് ഇതാണു്.

Item 95 of the Union List:

"Jurisdiction and powers of all courts, except the Supreme Court, with respect to any of the matters in this List; admiralty jurisdiction."

(*a*) Orders have been issued to absorb all such teachers in service but not all could be appointed in Government Schools by this time.

(*b*) As their eligibility has not been settled.

ക്ഷയരോഗ ക്ലിനിക്ക്

*൩൪൦. (൨൪) ശ്രീ. ഫിലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ—

(എ) ൧൧൨൪, ൨൫, ൨൬ ഈ കൊല്ലങ്ങളിൽ അടൂർ ഡിസ്പെൻസറിയിൽ ചെന്നിട്ടുള്ള രോഗികളിൽ എത്രപേർക്ക് ക്ഷയരോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടിട്ടുണ്ട്;

(ബി) മദ്ധ്യതിരുവിതാംകൂറിൽ എവിടെയെങ്കിലും ഒരു ക്ഷയരോഗ ക്ലിനിക്ക് സ്ഥാപിക്കുന്നതിനു വല്ല ആലോചനയും നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തായി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൧൧൨൪ .. ൧൧.
൧൧൨൫ .. ൧൭.
൧൧൨൬ .. ൯.

(ബി) ഉണ്ടു്. കോട്ടയത്തു ഒരു ക്ലിനിക്ക സ്ഥാപിച്ചിട്ടുണ്ടു്. മദ്ധ്യതിരുവിതാംകൂർ പ്രദേശത്തു കൂടുതലായി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ആലോചിച്ചു വരികയാണു്. ഒരു അവസാന തീരുമാനം എടുത്തിട്ടില്ല.

PRICE OF FUEL

***341.** [27] **Sri. A. K. George:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:—

(*a*) whether the price of fuel in Trichur and other towns has gone up when the Division was wound up;

(*b*) if so, is the Government going to take steps to sell fuel at moderate controlled rates to the consumers;

(*c*) whether the Government received memorials from the public in Cochin Division bringing to the notice of the Government this factor?

Chief Minister **(Sri. C. Kesavan:)**

(*a*) Yes, to some extent.

(*b*) Government do not propose to control the price of fire wood; but sufficient quantities of firewood are being diverted to all imported centres of consumption.

(*c*) Yes.

ADIMILI DISPENSARY

***342.** [28] **Sri. N. P. Varghese:** Will the Hon'ble Minister for Medical be pleased to state:—

(*a*) whether there is a Midwife or Nurse at the Adimili Government Dispensary;

(*b*) are Government in receipt of a representation from the people for the appointment of a midwife at Adimili?

Minister for Law, Finance and Revenue **(Sri. A. J. John)**:

(*a*) No.

(*b*) No.

ERNAKULAM MUNICIPAL SALES TAX OFFICER

***343.** [30] **Sr. Paul Thaliath**: Will the hon'ble Minister for Finance be pleased to state.—

(*a*) whether complaints have been received alleging bribery and other irregularities against the Ernakulam Municipal Sales tax Officer; and

(*b*) if so, the nature of the action taken on the same?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) No.

(*b*) This does not arise in view of the answer to Part (*a*).

ശ്രീ. നന്ദൻമേനോൻ

***൩൪൪.** (൩൨) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ശ്രീ. വി. കെ. നന്ദൻമേനോൻ അവർകളെ എന്തു് ഉദ്യോഗത്തിലാണു് ഐക്യസംസ്ഥാനത്തു നിയമിച്ചതു്;

(ബി) ഏതു തീയതിക്കാണു നിയമിച്ചതു്;

(സി) എത്ര കാലത്തേക്കാണ് നിയമിച്ചതു്;
(ഡി) അദ്ദേഹം രാജികൊടുത്തുവോ; സ്വീകരിച്ചുവോ;
(ഇ) എന്തു കാരണത്തിന്മേലാണ് അദ്ദേഹം രാജി കൊടുത്തതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. നന്ദൻമേനോനെ തിരുവിതാംകൂർ സർവ്വകലാശാലാ വൈസ് ചാൻസലറായിട്ടാണ് നിയമിച്ചതു്.
(ബി) [illegible].
(സി) അഞ്ചു കൊല്ലത്തേക്കാണ് നിയമിച്ചതു്.
(സി) രാജികൊടുത്തു. രാജി സ്വീകരിക്കയും ചെയ്തു.
(ഇ) ഗവമെണ്ടിനെ അറിയിച്ചിട്ടില്ല.

ആണററി വിസിറ്റേഴ്സ്

*൩൪൫. (൩൩) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ആയുർവ്വേദ വൈദ്യശാലകളിലേക്ക ആണററി വിസിറ്റേഴ്സിനെ ഐക്യസംസ്ഥാനത്തു നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും അത്തരം ആണററി വിസിറ്റേഴ്സിൻെറ അഭിപ്രായത്തെ ഗവമെണ്ടു് സ്വീകരിക്കുകയോ പ്രവൎത്തിപഥതിയിൽ വരുത്തുകയോ ചെയ്തിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) വൈദ്യശാലകളിൽ ആണററി വിസിറ്റേഴ്സിനെ നിയമിച്ചിട്ടില്ല. എന്നാൽ കൊച്ചി വിഭാഗത്തിലുള്ള ഗവമെണ്ടു ആയുർവ്വേദാശുപത്രികളിൽ ആണററി വിസിറ്റേഴ്സിനെ നിയമിച്ചിട്ടുണ്ടു്.

(ബി) അവരുടെ നിർദ്ദേശങ്ങളെ ആവുംവിധം നടപ്പിൽ വരുത്തുന്നതിന ശ്രമിച്ചിട്ടുണ്ടു്.

പെൻഷൻ

*൩൪൬. (൩൪) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവമെണ്ടു് സർവ്വീസ്സിൽനിന്നും പെൻഷൻ പററിയാൽ ആയതു് അനുവദിക്കുന്നതിന എത്ര കാലതാമസം വരുന്നുണ്ടെന്നു ഗവമെണ്ടു് അന്വേഷിക്കാറുണ്ടോ;

(ബി) ഇതു സംബന്ധിച്ചു സെൻട്രൽ ഗവമെണ്ടിൽനിന്നും വല്ല നിർദ്ദേശവും നമ്മുടെ ഗവമെണ്ടിനു നൽകിയിട്ടുണ്ടോ;

(സി) അതിൻെറ തത്വം ഗവമെണ്ടു് സ്വീകരിച്ചുവരുന്നുണ്ടോ?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പു് മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്. അനാവശ്യമായ കാലതാമസം നേരിടുന്നുണ്ടെന്നു ബോധ്യമായാൽ അതു പരിഹരിക്കുന്നതിന വേണ്ട നടപടികളും ഗവമെണ്ടിൽനിന്നും കൈക്കൊള്ളാറുണ്ടു്.

(ബി) ഇല്ല.

(സി) ബി.യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

പ്രാഥമിക വിദ്യാഭ്യാസം

*൩൪൭. (൩൭) ശ്രീ. പി. കെ. കുമാരനാചാരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഏതെല്ലാം താലൂക്കുകളിൽ നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിൽ വരുത്തിയിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോട്, തിരുവനന്തപുരം, നെടുമങ്ങാട്, കുന്നത്തൂർ, പത്തനാപുരം, പറവൂർ എന്നീ താലൂക്കുകളിൽ.

വിദ്യാഭ്യാസ ഡയറക്ടർ

*൩൪൮. (൩൮) ശ്രീ. ഏ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

വിദ്യാഭ്യാസഡയറക്ടരായിരുന്ന ശ്രീ. കോശിയെ തിരിയെ സർവ്വീസ്സിൽ പ്രവേശിപ്പിക്കുവാൻ കേന്ദ്രഗവർമ്മെണ്ടിൽനിന്നും വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

VICE-CHANCELLOR

***349.** [39] **Sri. P. Gopalan:** Will the hon'ble Minister for Education be pleased to state.—

(*a*) whether Sri. Nandan Menon, the University Vice-Chancellor has tendered his resignation;

(*b*) if the answer to (*a*) is in the affirmative, state whether the Government have accepted his resignation; and

(*c*) what are the reasons for his resignation?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) The resignation was accepted by His Highness the Chancellor.

(*c*) Government have not been informed.

REVENUE FERRY MEN

***350.** [40] **Sri. P. Gopalan:** Will the hon'ble Minister for Finance be pleased to state.—

(*a*) whether representations have been received from the Revenue Ferry Men of Vaikom that their salary for the last few months is in arrears; and

(*b*) if the answer to part (*a*) is in the affirmative, what are the reasons for it?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) Yes.

(*b*) Allotment sanctioned in the budget for the current year was insufficient to meet the arrear claims. Hence an additional allotment has been sanctioned recently and the Board of Revenue have instructions to arrange for the immediate disbursement of the arrear wages to the ferrymen.

മെഡിക്കൽ കോളേജ്

*൩൫൧. (൪൧) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതുതായി ആരംഭിക്കുവാൻ പോകുന്ന മെഡിക്കൽ കോളേജിന്റെ പണി എത്രമാത്രം പുരോഗമിച്ചു; എത്ര സംഖ്യ നാളിതുവരെ ചിലവാക്കി; എന്നേക്കു പണി പൂർത്തിയാകുമെന്നാണുദ്ദേശിക്കുന്നത്?

(ബി) അടുത്ത സ്കൂൾ വർഷത്തിൽ പ്രസ്തുത കോളേജിൽ പഠനം ആരംഭിക്കുവാനിടയുണ്ടോ;

(സി) എത്ര കുട്ടികൾക്കു പ്രവേശനം അനുവദിക്കും; ഫീസ്സ്നിരക്ക് എന്ത്;

(ഡി) ഈ കോളേജിലെ പ്രൊഫസർ ഉദ്യോഗത്തിനു വേണ്ട ഉപരിപഠനത്തിനായി ആരെയൊക്കെയാണ് വിദേശങ്ങളിലേക്കു അയച്ചിരിക്കുന്നത്; എന്തു വ്യവസ്ഥയിലാണ് ഇവരെ അയച്ചിരിക്കുന്നത്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) കോളേജ്കെട്ടിടത്തിന്റെ പ്ലമ്പിംഗ് വെള്ളയും ഒഴിച്ചുള്ള പണി മിക്കവാറും തീർന്നിരിക്കുന്നു. കോളേജിനും, നേഴ്സസ് സ്കൂളിനും ഹോസ്റ്റലിനും കൂടി ഈ വർഷാവസാനംവരെ ൧൫ ലക്ഷം രൂപ ചിലവാകുമെന്നു പ്രതീക്ഷിക്കുന്നു. കോളേജുപണി ഈ മാർച്ച്മാസാവസാനത്തിൽ പൂർത്തിയാകുമെന്നുദ്ദേശിക്കുന്നു.

(ബി) അടുത്ത കോളേജ്വർഷത്തിൽ പഠനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ൬൦ കുട്ടികൾക്ക്. ഫീസ്സ്നിരക്ക് തീരുമാനിച്ചിട്ടില്ല.

(ഡി) തൽക്കാലത്തേക്കു പ്രൊഫസർമാരായി മററു കോളേജുകളിൽനിന്നു പെൻഷൻ പററുന്നവരെയാണ് നിയമിക്കുന്നത്. ഉപരിപഠനത്തിന്നായി അയച്ചിട്ടുള്ളവർ പഠനം പൂർത്തിയാക്കി മടങ്ങി വന്നതിനുശേഷം ഈ പ്രൊഫസർമാരുടെ കീഴിൽ ജോലിചെയ്യുകയും യോഗ്യരെന്നു കണ്ടാൽ പിന്നീട് പ്രൊഫസർമാരായി ഉയർത്തപ്പെടുകയും ചെയ്യും. ഉപരിപഠനത്തിന്നായി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ.— ൧. ഡോക്ടർ. സി. എം. ഫ്രാൻസിസ്സ്, ൨. ഡോക്ടർ കെ. രാമചന്ദ്രൻപണ്ടാല, ൩. ഡോക്ടർ എൻ. രാധാകൃഷ്ണൻ, ൪. ഡോക്ടർ എം. സുകുമാരൻ, ഡോക്ടർ ഫ്രാൻസീസിനും ഡോക്ടർ രാമചന്ദ്രൻ പണ്ടാലക്കും ൨-ാംക്ലാസ്സ് യാത്രച്ചിലവും വർഷംതോറും ഓരോരുത്തർക്ക് ൪൦൦ പവൻവീതം രണ്ട് കൊല്ലത്തേക്ക് വേതനവും. ഡോക്ടർ രാധാകൃഷ്ണനും ഡോക്ടർ സുകുമാരനും, സർവ്വീസ്സിലിരുന്നവരായതുകൊണ്ട് ഇവിടെ സർവ്വീസ്സിൽ കിട്ടുന്ന ശമ്പളവും ൧൫൦ രൂപാവീതം പ്രതിമാസം രണ്ടു വർഷത്തേക്ക് വേതനവും രണ്ടാംക്ലാസ്സ് യാത്രച്ചിലവും.

DOCTORS

*352. [45] **Sri. Eapen Arakkal:** Will the hon'ble Minister for Finance and Revenue be pleased to state.—

(*a*) have the salary grades of Surgeons and Sub-Assistant Surgeons been lifted of late; if so what are the present scales of salary;

(*b*) have the Government succeeded in procuring the required number of doctors for service in the department in view of the recent enhancement of salary grades?

(c) how many doctors are scheduled to retire from service by the end of 1951;

(*d*) of these doctors who are about to retire how many are there with foreign and special medical qualifications and degrees: and

(*e*) do the Government think that the vacancies created by the retirement of these specialists and doctors with foreign degrees can be effectively filled up soon?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) Yes. The present grades and scales of pay of Medical Officers are

1. Civil Surgeon I Grade Rs. 450-50-750.
2. Do. II Grade Rs. 275-10-335-15-350-20-450.
3. Assistant Surgeon Rs. 100-5-130-10-250.
4. Specialists I Grade Rs. 450-50-750.
5. Do. II Grade Rs. 275-10-335-15-350-20-450.
6. Do. III Grade Rs. 100-5-130-10-250.

(*b*) There is at present a dearth of qualified hands. It is expected that the required number of hands will come up for appointment in view of the recent enhancement of salaries.

(*c*) 10.

(*d*) 5.

(*e*) Every endeavour will be made to see that these vacancies are filled up with suitable candidates.

LAND REVENUE

*353. [51] **Sri. P. K. Krishnankutty Menon:** Will the hon'ble Minister for Finance and Revenue be pleased to state.—

(*a*) the Land Revenue paid to Sirkar per acre of wet and dry lands in Cochin and Travancore areas separately;

(*b*) what steps have been taken by Government to make the land tax uniform throughout the State?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) A statement showing the rates of Land Revenue obtaining in the Cochin area in respect of wet and dry lands is placed on the table. The rate of Land Revenue in the Travancore area is Rs. 1—9—0 per acre in respect of both wet and dry lands.

(*b*) Orders will be issued in due course.

(VIDE ANSWER TO INTERPELLATION No. *353)

A. Wet lands

Tharams	Chittur Taluk						Other Taluks					
	Double crop			Single crop			Double crop			Single crop		
	Rs.			Rs.			Rs.			Rs.		
1 ..	11	4	0	9	0	0	9	6	0	7	8	0
2 ..	9	6	0	7	8	0	8	2	0	6	8	0
3 ..	8	2	0	6	8	0	6	14	0	5	8	0
4 ..	6	14	0	5	8	0	5	10	0	4	8	0
5 ..	5	10	0	4	8	0	4	6	0	3	8	0
6 ..	4	6	0	3	8	0	3	2	0	2	8	0
7 ..	3	2	0	2	8	0	2	8	0	2	0	0
8 ..	..			..			1	14	0	1	8	0
9 ..	..			..			1	0	0	1	0	0

Note:—The above is the Pandaravaka Verumpattam rate of assessment; in respect in Puravaka lands the assessment due is half the amount calculated at the above rate and in respect of Pandaravaka Kanam lands it is 2/3 the amount calculated at the above rate

B. Dry lands or Parambas

(a) *Payattupattam*—

Tharam		*Chittur Taluk* Rs.			*Other Taluk* Rs.		
1	..	2	0	0	1	8	0
2	..	1	8	0	1	0	0
3	..	1	0	0	0	12	0
4	..	0	12	0	0	8	0
5	..	0	8	0	0	6	0
6	..	0	6	0	0	4	0
7	..	0	4	0	0	2	0
8	..	0	2	0	..		

(b) *Vrikshapattam.*—This is based not on the extent but on the number of taxable trees, *viz.*, cocoanut, arecanut and jack trees on the plot subject to a maximum of 60 cocoanut trees in an acre of cocoanut garden and 480 arecanut trees in an acre of arecanut garden.

The rates are given below.—

			Rs.			
Cocoanut trees	I tract	..	0	3	6	per tree.
,,	II tract	..	0	3	0	
,,	III tract	..	0	2	0	
,,	IV tract	..	0	1	0	
Jack trees		..	0	4	0	
Areacanut trees		..	0	0	4	

(c) Reclamation rates Rs. 25 per acre.

Note:—The above is the Pandaravaka Verumpattam rate of assessment. In respect of Puravaka lands the assessment due is ½ the amount calculated at Pandaravaka Verumpattam rate and in respect of Pandaravaka Kanam lands it is 2/3 the amount calculated at Pandaravaka Verumpattam rate.

In addition to the assessment noted above Thirumulkazhcha at 6 pies per rupee in the full assessment at Pandaravaka Verumpattam is also payable (Vide Appendix IC to Cochin Land Revenue Manual and Article 54 of the Cochin Land Revenue Manual).

ഡെപ്യൂട്ടി കൺസർവേറ്റർ മിസ്റ്റർ ജോർജ്ജ്

*൩൭൪. (൭൨) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

ഡെപ്യൂട്ടി കൺസർവേറ്റർ മിസ്റ്റർ ജോർജ്ജിന്റെ പേരിലുള്ള കുററാരോപണത്തെ സംബന്ധിച്ച് അന്വേഷണം പൂർത്തിയായോ; ആരാണ് അന്വേഷണ ഉദ്യോഗസ്ഥൻ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല. ഹൈക്കോടതി ജഡ്ജി ശ്രീ. എസ്സ്. ഗോവിന്ദമേനോൻ.

കൊതുകുശല്യം

*൩൮൭. (൫൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തലയിൽ കൊതുകിന്റെ ശല്യം ഇപ്പോൾ വളരെ കലശലായി വർദ്ധിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) പബ്ലിക്ക ഹെൽത്ത് ഡിപ്പാർട്ട്മെണ്ടിന്റെ കീഴിൽ filarial section നിൽ പായൽ വാരൽ, മുതലായ ജോലികളിൽ ഏർപ്പെട്ടുകൊണ്ടിരുന്ന

കൂലിക്കാരും മേസ്തിരിമാരുമായി ൧൦൯ മുതൽ ൧൨൪ വരെ എത്ര പേരുണ്ടായിരുന്നു; ഇപ്പോഴും മേസ്തിരിമാരെത്ര; കൂലിക്കാരെത്ര; കുറവുചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്?

(സി) ചേർത്തലയുൾപ്പെട്ട കൊല്ലം ഡിസ്ത്രിക്ടിൽനിന്നും ഈ വകുപ്പിൽ ജോലിചെയ്യുന്ന വല്ല കൂലിക്കാരേയും മേസ്തിരിമാരേയും പിരിച്ചുവിടാൻ ഡയറക്ടരാഫീസ്സിൽനിന്നും വല്ല ഉത്തരവും ഉണ്ടായിരുന്നോ; എങ്കിൽ എന്നു്; എത്ര പേരെ പിരിച്ചുവിടാനായിരുന്നു ഉത്തരവു്; പിരിച്ചുവിടപ്പെട്ടവർ ഏതു താലൂക്കിൽ ജോലിചെയ്തുകൊണ്ടിരുന്നവരായിരുന്നു?

നിയമവും, ധനകാര്യവും റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ചേർത്തലയിൽ കൊതുകുശല്യം വർദ്ധിച്ചിട്ടില്ല.

(ബി) Filariasis section-നിൽ ജോലിചെയ്തിരുന്ന മേസ്തിരിമാരുടേയും കൂലിക്കാരുടേയും വിവരം അനുബന്ധമായി ചേർത്തിട്ടുണ്ടു്. വ്യയന്യൂനീകരണത്തിന്റെ അത്യാവശ്യകതയെ അടിസ്ഥാനപ്പെടുത്തി കഴിവുള്ള എല്ലാ മാർഗ്ഗങ്ങളിലും ചിലവു് ചുരുക്കുന്നതിനു് തീരുമാനിച്ചതുകൊണ്ടാണു്, ഈ staff-ലും കുറവു് ചെയ്യേണ്ടിവന്നതു്.

(സി) ൪—൩—൪൯-ലും, ൨൪—൬—൪൯-ലുമായി ൪ മേസ്തിരിമാരേയും, ൨൧ കൂലിക്കാരേയും പിരിച്ചുവിടുന്നതിനു ഡയറക്ടരാഫീസ്സിൽനിന്നും ഉത്തരവുണ്ടായിട്ടുണ്ടു്. അവരിൽ ൬ കൂലിക്കാർ അമ്പലപ്പുഴയിലും, ബാക്കിയുള്ളവർ ചേർത്തലയിലും ജോലി ചെയ്യുന്നവരായിരുന്നു.

APPENDIX

Statement showing the number of maistries and coolies engaged in Filariasis Control work under the Public Health Department

Taluks	Years																		*Remarks
	1109	1110	1111	1112	1113	1114	1115	1116	1117	1118	1119	1120	1121	1122	1123	1124	1125	1126	
1. Shertalai																			
Maistries ..	4	4	4	8	8	8	8	8	8	8	8	8	8	8	8	8	4	4	
Coolies ..	16	16	16	32	32	32	32	32	32	32	32	32	32	32	32	32	16	16	
2. Ambalapuzha	(Work was started in 1121)																		
Maistries ..													1	2	2	2	2	2	
Coolies ..													4	13	13	13	7	8	
3. Karthigappalli	(Work was started on 28th February 1950)																1950	1951	
Maistries ..																	3	3	
Coolies ..																	12	12	

From 1109 till 1111 the maistries and coolies were 4 and 16 respectively. From 1112, up to 30th Kumbham 1124 the number of maistries and coolies were 8 & 32 respectively. From 1st Meenam 1124 the stength was reduced to half as a measure of retrenchment ordered by Government.

2. The work was started with 1 maistry and 4 coolies. From 1st Medam 1124, 2 coolies were retrenched due to 7 per cent cut as per Accountant General's Circular Bud. 459/17—3—1949. In 1125 4 coolies were again curtailed for want of provision under "Pay of menials". From 1st June 1950 2 maistries and 8 coolies are continuing.

3. Work was started with 3 maistries and 12 coolies and continued up to the end of May 1950. Then they were disbanded, as during the monsoons the work is not to be continued. The work has been resumed from 10th January 1951 with the same strength of menial staff.

OPENING OF NEW COLLEGES

*356. (55) **Sri. N. P. Verghese:** Will the hon'ble Minister for Education be pleased to state.—

(a) the number of applications received for opening new Colleges and the Places where such colleges are sought to be opened pending in the University ;and

(b) what is the delay in considering and sanctioning them ?

Minister for Education, Food and Labour [Sri. **T. K. Narayana Pillai**]:

(a) A statement containing the information required is placed on the Table.

(b) The pending applications will be considered by the University after getting the necessary assurances from the parties regarding building and equipments.

Statement showing details of the various applications for permission to start New Colleges

Serial No.	Name of applicant	Place of starting the College	Institution for which permission is sought	Date of application
1	N. S. S.	Karukachal	Women's College	17 6 1949
2	N. S. S.	Karuvatta	Training College	19 6 1949
3	S. N. D. P. Yogam	Varkalai	1st Grade College	6 10 1949
4	Do.	Alwaye	College of Commerce	do.
5	Do.	Quilon	1st Grade College for Wemen	do.
6	The Travancore—Co-operative Institute Ltd., Trivandrum	Trivandrum	College of Commerce	15 9 1949
7	The Most Rev. Augustine Kandathil, Archbishop of Ernakulam	Moovattupuzha	1st Grade College	20 9 1949
8	The Rev. K. T. Thomas, Manager, St. Thomas English High School, Kozhencherry	Kozhencherry	1st Grade College	2 11 1949
9	The Most Rev. Mar Philaxenos, Metropolitan, Chengannur	Pothanamthitta	1st Grade College	15 10 1947
10	The Manager, Our Lady's Convent, Palluruthy	Palluruthy	Training College	17 10 1949
11	The Most Rev. Mar Poulose Athanasius, Metropolitan of Angamali & Kandanad & Malankara Metropolitan	Kothamangalam	1st Grade College	28 1 1950
12	The Most Rev. Joseph Mar Severios, Diocese of Thiruvella	Thiruvellah	1st Grade College for Women	1 4 1950

TEXT BOOKS

*357. (56) **Sri. N. P. Verghese:** Will the hon'ble Minister for Education be plesed to state.—

(*a*) do Government propose to prescribe new texts for school year 1951—52 for the primary and secondary schools in the State;

(*b*) have Government appointed any Committee for the selection of text books for the year 1951—52?

Minister for Education, Food and Labour **[Sri. T. K. Narayana Pillai]:**

(*a*) The question will be considered at the proper time.

(*b*) No.

ഫീസ്സാനുകൂല്യം

*൩൫൮. (൬൦) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പിന്നോക്ക ക്രൈസ്തവസമുദായ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കായി ഗവർമ്മെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള ഫീസ്സാനുകൂല്യങ്ങൾ ഗവർമ്മെണ്ടിൽനിന്നും പ്രൈമറി സെക്കൻററി സ്കൂളുകളെ സംബന്ധിച്ച് അടുത്തകാലത്തുണ്ടാക്കിയ സ്കീം സ്വീകരിച്ചിട്ടുള്ള പ്രൈമറി സെക്കൻററി സ്കൂളുകളിൽ പഠിക്കുന്നവർക്കുമാത്രമേ അനുവദിക്കാവൂ എന്നൊരു സർക്കുലർ വിദ്യാഭ്യാസഡയറക്ടർ ഈയിടെ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെയൊരു നിർദ്ദേശം കൊടുക്കാൻ കാരണം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ്മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

യാചകനിവാരണം

*൩൫൯. (൬൧) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

സംസ്ഥാനത്തിന് പൊതുവായ ഒരു യാചകനിവാരണനിയമം ഉണ്ടാകുവാൻ ലാ ഇൻറിഗ്രേഷൻ ഓഫീസ്സറോട് ആവശ്യപ്പെട്ടിരുന്നുവോ; ഉവ്വെങ്കിൽ എന്തെങ്കിലും നക്കലൊ നിയമമോ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പ്മന്ത്രി (ശ്രീ. ഏ. ജെ. ജോൺ): ലാ ഇൻറിഗ്രേഷൻ ഓഫീസ്സറോട് ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ ഇതു് സംബന്ധിച്ചുള്ള ബിൽ തയ്യാറാക്കിവരുന്നുണ്ട്.

Unstarred Questions posterd for Answer on 7th March 1951

PUBLIC LATRINE IN MULAVUKAD

15. (5) **Sri. M. I. Paul:** Will the hon'ble Minister for Public Health be pleased to state whether the Government have taken any action for having a few public latrines at Mulavukad; if so what action?

Minister for Law, Finance and Revenue **[Sri. A. J. John]:** Yes. Provision has been proposed in the Public Health Budget of 1951—52.

DISPENSARY AT MALIPUARM

16. [6] **Sri. M. I. Paul:** Will the Hon'ble Minister for Finance and Revenue be pleased to state what action has been taken in the matter of having a dispensary at Malipuram and which is the site selected for the same?

Minister for Finance, Law & Revenue **(Sri. A. J. John):** Action is being taken to get a suitable building for conducting the dispensary. The intention at present is to take the salt depot building at Malippuram for the purpose. This building is expected to fall vacant shortly.

FINANCIAL AID TO LEPER HOSPITAL

17. [10] **Sri. N. V. Chacko:** Will the Hon'le Minister for Finance be pleased to state:—

(*a*) whether the Government granted any financial aid to the Salvation Army Leper Hospital at Puthenkurusu in the Kunnathunad taluk;

(*b*) if so what the annual amount of such aid is;

(*c*) how many lepers were living as in-patients in the hospital during 1950;

(*d*) whether there were leper out-patients in the hospital, during 1950, if so, how many;

(*e*) how many lepers were cured and discharged in 1950;

(*f*) how many of the in-patients are incurable cases; and

(*g*) how many leper patients were newly admitted into the Hospital during 1950?

Minister for Law, Finance & Revenue **(Sri. A. J. John):**

(*a*) A per capita grant of Rs. 8—8—0 for adults and Rs. 4—8—0 per non-adults up to a maximum number of 200 patients is given by Government.

(*b*) A sum of Rs. 14,283—6—2 has been paid for 1950.

(*c*) 144.

(*d*) Yes, 9.

(*e*) 45.

(*f*) 2.

(*g*) 66.

സാനിട്ടറി ഇൻസ്പെക്ടർമാർ

൧൮. (൧൩) ശ്രീ. ജി. എം. ലോപ്പസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്ക ഹെൽത്ത ഡിപ്പാർട്ടുമെണ്ടിൽ സാനിട്ടറി ഇൻസ്പെക്ടർമാൎക്കും, സാനിട്ടറി അസിസ്റ്റൻറന്മാൎക്കും നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത, ശമ്പളനിരക്ക് ഇവ എന്താണ്;

(ബി) തിരുവിതാംകൂർ വിഭാഗത്തിൽപെട്ട സാനിട്ടറി ഇൻസ്പെക്ടർ ഉദ്യോഗം നിറുത്തൽചെയ്തു അവരെ സാനിട്ടറി അസിസ്റ്റൻറന്മാരാക്കാൻ ഗവമെൻറ് ആലോചിക്കുന്നുണ്ടോ?

നിയമവും, ധനകാൎയ്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ ജോൺ):

(എ) സാനിട്ടറി ഇൻസ്പെക്ടർമാൎക്ക നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത, Sanitary Inspector's test, Madras or Bombay, or L.M.P., ആണ്. പബ്ലിക്ക ഹെൽത്ത് ഡിപ്പാർട്ടുമെണ്ടിൽനിന്നും നടത്തുന്ന Vaccination and Sanitary test-ഉം Sanitary Inspector's test, Madras or Bombay-യുമാണ് Sanitary Assistantsന് നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത.

സാനിട്ടറി ഇൻസ്പെക്ടർമാർ ൪൫—൫—൭൫, ൩൦—൩—൪൫ എന്നീ രണ്ടു ഗ്രേഡുകളിലുണ്ടു്. സാനിട്ടറി അസിസ്റ്റൻറമാർ ൩൦—൩—൪൫, ൨൫—൧—൩൦ എന്നീ രണ്ടു ഗ്രേഡുകളിലുമുണ്ടു്.

(ബി) പബ്ലിക്ക ഹെൽത്ത ഡിപ്പാർട്ടുമെണ്ടിലെ Reorginisation അനുസരിച്ച സാനിട്ടറി ഇൻസ്പെക്ടർ എന്ന പേരിൽ ഉദ്യോഗം ഉണ്ടായിരിക്കയില്ല.

പൊതുസ്ഥലം

*൩൬൦. (൨) ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഒരു രജിസ്റ്റേർഡ് സ്ഥാപനമായ പുലയർ മഹാസഭക്ക് തിരുവനന്തപുരം പട്ടണത്തിൽ ഒരു പൊതു മന്ദിരം സ്ഥാപിക്കുന്നതിലേക്ക് സ്ഥലം ആവശ്യപ്പെട്ടുകൊണ്ടു അയച്ചിട്ടുള്ള അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിൽ എന്തു നടപടികൾ നടത്തി?

നിയമവും ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ലാ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ജി. മേനോൻെറ നിയമനം

*൩൬൧. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചീഫ് സെക്രട്ടറി ശ്രീ. കെ. ജി. മേനവനെ സംസ്ഥാന സർവ്വീസിൽ നിയമിച്ചതെന്നാണു്;

(ബി) എത്രകൊല്ലത്തേക്കായിരുന്നു നിയമനം;

(സി) അദ്ദേഹത്തിൻെറ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ;

(ഡി) അങ്ങിനെ നീട്ടിക്കൊടുത്തിട്ടുണ്ടെങ്കിൽ അതിനു പ്രത്യേക കാരണം വല്ലതും ഉണ്ടോ; കാരണം എന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൯൪൯ ജൂലായി ൫-ാംനു.

(ബി) ആദ്യമായി ഒരു കൊല്ലത്തേക്കു്.

(സി) ഉണ്ടു്.

(ഡി) അദ്ദേഹത്തിൻെറ സേവനം ഈ സംസ്ഥാനത്തിനു് കുറേക്കാലം കൂടി തുടരേണ്ടതാണെന്നു് കണ്ടതുകൊണ്ടു്.

PRICE OF PADDY

*362. [4] **Sri. D. Gnanasigamony**: Will the Hon'ble Chief Minister be pleased to state:

(*a*) whether it is a fact that the price now offered for procured paddy is uneconomical from the point of view of the cultivator;

(*b*) whether Government propose to take any steps to remedy this?

Minister for Education, Food & Labour **(Sri. T. K. Narayana Pillai):**

(*a*) & (*b*) The question is being looked into by the Government.

നിയമനം

*൩൬൩. (൫) ശ്രീ. വി. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) മന്ത്രിമാരുടെ ആരുടെയെങ്കിലും ബന്ധുക്കളെ അവർ മന്ത്രിമാരായതിനുശേഷം ഗവർമ്മെണ്ടുദ്യോഗത്തിൽ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേരും ഉദ്യോഗവും എന്താണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ)-യും (ബി)-യും ചോദ്യം ഈ രൂപത്തിൽ വളരെ അവ്യക്തമാണ്. അതുകൊണ്ട് ഉത്തരം പറയുക സാദ്ധ്യമല്ല.

കരിമ്പുകൃഷി

*൩൬൪. (൬) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരേക്കർ സ്ഥലത്തു കരിമ്പുകൃഷി ചെയ്യുന്നതിന് എന്തു ചിലവുണ്ട്;

(ബി) ഒരേക്കർ കരിമ്പുകൃഷി സ്ഥലത്തുനിന്നും എത്ര തുലാം ശക്കര കിട്ടും;

(സി) ഒരു തുലാം ശക്കരക്ക് എന്തുവിലയുണ്ട്?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഓരോ സ്ഥലത്തേയും പരിതഃസ്ഥിതിയനുസരിച്ചു കൃഷിച്ചിലവു വ്യത്യസ്തപ്പെട്ടിരിക്കും. ഏക്കറിന് ചിറയൻകീഴ് താലൂക്കിൽ ൧൫൩ രൂപായും തിരുവല്ല താലൂക്കിൽ ൧൨൫ രൂപായും പമ്പാ ഷുഗർ ഫാക്ടറിക്കാരുടെ കണക്കനുസരിച്ചു ൩൭൫ രൂപയും ചിലവാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) കൃഷിസ്ഥലത്തിന്റെ നന്മതിന്മയേയും കൃഷിയുടെ രീതിയേയും അനുസരിച്ചായിരിക്കും ശക്കരകിട്ടുന്നതു്. ഉദ്ദേശം ൨൫൦ മുതൽ ൩൦൦ തുലാം വരെ ശക്കര ഒരേക്കർ സ്ഥലത്തുനിന്നും ലഭിക്കുന്നതാണ്.

(സി) ഒരു തുലാത്തിന് (൨൫ പൗണ്ട്) ൭ക. ൭ണ. ൫ പൈസ വിലയുണ്ട്.

STATE FORCES

***365. [7] Sri. K. Ramachandran:** May I know from the Hon'ble Chief Minister the number of persons released from the State Forces recenlly and what Government are proposing to do in rehabilitating these displaced persons?

Chief Minister **(Sri. C. Kesavan):** 10 Officers and 1484 Other Ranks including civilians have been released. 16 Officers and 569 Other Ranks including 64 civilians are proposed to be retrenched in the near future.

Ten Officers and more than 100 Other Ranks have been absorbed in State Service. The Government of India have been requested to absorb the other surplus personnel and the Public Service Commission has been requested to give preference to these men in future selections for State Services. Government is also thinking of leasing out land for purposes of food production.

*366 * " * *

ദാമോദരൻ പിള്ളയുടെ മരണം

*൩൬൭. (൮൮) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഹരിപ്പാട്ട് തട്ടയ്ക്കാട്ടു ദാമോദരൻപിള്ളയുടെ മരണം പോലീസു മർദ്ദനം മൂലം ആണെന്നുള്ള പരാതിയിന്മേൽ ഗവമ്മെണ്ടോ ഡിപ്പാർട്ടുമെണ്ടോ എന്തെങ്കിലും അന്വേഷണം നടത്തിയോ;

(ബി) അന്വേഷണം നടത്തിയെങ്കിൽ വല്ല റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ടോ;

(സി) അന്വേഷണഫലം എന്താണെന്നു പരസ്യപ്പെടുത്തിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ഉദിക്കുന്നില്ല.

പരസ്യാന്വേഷണം

*൩൬൨ വൃ. (൧൨൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തട്ടയ്ക്കാട്ടു ദാമോദരൻപിള്ളയുടെ മരണം സംബന്ധിച്ചു ഒരു പരസ്യാന്വേഷണം നടത്തുന്നതിനു ഗവമ്മെണ്ടുത്തരവു ചെയ്തിട്ടുണ്ടോ;

(ബി) അതു ദാമോദരൻപിള്ളയുടെ മരണം കഴിഞ്ഞു എത്രനാൾക്കു ശേഷമാണ്.

(സി) പരസ്യാന്വേഷണം നടത്തി ഗവമ്മെണ്ടിലേക്കു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

(ഡി) റിപ്പോർട്ടിന്റെ ചുരുക്കം എന്താണെന്നു പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) രണ്ടാഴ്ചയ്ക്കുള്ളിൽ.

(സി) ഒരു പ്രാരംഭ അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്;

(ഡി) അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ പറയുവാൻ നിവൃത്തിയില്ല.

പ്രിവൻറീവ് ഡിറ്റൻഷൻ ആക്ട്

*൩൬൨ ൻ. (൧൨൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ൽ പ്രിവൻറീവ് ഡിറ്റൻഷൻ ആക്ടനുസരിച്ചു അറസ്റ്റു ചെയ്തവരിൽ ആരെയെങ്കിലും വിട്ടയയ്ക്കാതെയുണ്ടോ;

(ബി) ൧൯൫൧-ൽ പ്രിവൻറീവ് ഡിറ്റൻഷൻ ആക്ടനുസരിച്ചു ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ,

(സി) ആരെയെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

ഉദ്യോഗാർത്ഥികൾ

*൩൭൦. (൧൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിലെ ഉദ്യോഗാർത്ഥികളിൽ തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്നും പരീക്ഷ പാസായവർക്ക് ഉദ്യോഗദാന വിഷയത്തിൽ മുൻഗണന നൽകുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല.

PUBLIC RELATIONS SECTION IN THE SECRETARIAT

***371.** [16] **Sri. A. M. Thomas:** Will the Hon'ble the Chief Minister be pleased to state :—

(*a*) Is it a fact that petitions and complaints from the public are not attended to in time and promptly dealt with even after constituting the Public Relations Section in the Secretariat; and

(*b*) if so, what steps does the Government intend to take in that direction?

Chief Minister **(Sri. C. Kesavan):**

(*a*) No. An "Enquiries Section" has been formed in the Government Secretariat to attend to the petitions and complaints from the public promptly. All possible steps are being taken to avoid inordinate delay.

(*b*) Does not arise in view of answer to (*a*).

INTEGRATION OF SERVICES

***372.** [18] **Sri. E. P. Poulose:** Will the Hon'ble Chief Minister be pleased to state:—

(*a*) whether representations have been made to Government by officers of erstwhile Travancore Government complaining against the proposed principles of integration of services and settlement of seniority claims;

(*b*) what action has been taken on it?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) They will be considered, along with similar representations from the staff of the erstwhile Cochin Government, when ranks are fixed.

TOURIST COMPANY

***373.** (21) **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleased to state:

(*a*) whether any individual or company has applied to the Government for permission to start a Tourist Company in the State;

(*b*) if so, the names of the parties concerned;

(*c*) whether the Government propose to render any help to start such a company; and

(*d*) if so, the nature of the help?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) 1. The Travels, (India), Ltd., Trivandrum.

2. The Travancore-Cochin Travel Bureau, Ltd., Trivandrum.

(*c*) & (*d*) This is under consideration.

DISTRICT FOOD COMMITTEES

*374. (22) **Sri. Paul Thaliath:** Will the hon'ble the Chief Minister be pleased to state:—

(*a*) whether District Food Committees are still functioning;

(*b*) if so, when those committees were constituted; and

(*c*) the names of the members of the Trichur District Food Committee?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) There are no District Food Committees.

(*b*) This does not arise in view of answer to part (*a*).

(*c*) This does not arise in view of answer to part (*a*).

AUDIT OF CO-OPERATIVE INSTITUTIONS

*375. (24) **Sri. Paul Thaliath:** Will the Hon'ble Minister for Co-operative Societies be pleased to state:—

(*a*) whether the special audit by the Government of some of the Co-operative institutions in the Trivandrum City has been completed; and

(*b*) if so, the nature of the action taken on the report of the Auditor?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) In pursuance of the audit report the Officer concerned has been placed under suspension and an enquiry is now proceeding into the charges framed against him.

വാഴാനി പദ്ധതി

*൩൭൬. (൨൬) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരിയിലെ വാഴാനി പദ്ധതിക്ക് ഇതേവരെ എന്തു സംഖ്യ ചിലവു ചെയ്തിട്ടുണ്ട്;

(ബി) ഈ പദ്ധതിക്ക് ഭൂമി അക്വയർ ചെയ്യുവാൻ എന്തു സംഖ്യ കൊടുത്തിട്ടുണ്ട്;

(സി) സംഖ്യകൾ എല്ലാം കക്ഷികൾക്ക് കൊടുത്തു തീർത്തുവോ?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൧ ജനവരി അവസാനംവരെ ക. ൧൪,൩൮൪—൧൫—൩.

(ബി) ആറ് (സി) ഇതുവരെ അക്വയർ ചെയ്തിട്ടില്ല.

ശബരിമലക്ഷേത്രം

*൩൭൭. (൩൨) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രം തീവച്ചു നശിപ്പിച്ചതിനെപ്പററിയുള്ള അന്വേഷണം പൂർത്തിയായോ;

(ബി) ആ കേസന്വേഷണത്തിനായി പ്രത്യേകം നിയുക്തനായ ഉദ്യോഗസ്ഥനെ പിരിച്ചയയ്ക്കുവാൻ കാരണമെന്ത്;

(സി) ഇപ്പോൾ അന്വേഷണം എങ്ങിനെയിരിക്കുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) തന്നെ മദ്രാസ് സർവ്വീസിലേക്കുതന്നെ തിരിച്ചയയ്ക്കണമെന്നു ശ്രീ മേനവൻ അപേക്ഷിച്ചതുകൊണ്ട്.

(സി) അന്വേഷണം നടന്നുവരുന്നു.

COPRA MARKETING SOCIETY

***378.** [35] **Sri. P. Gopalan:** Will the Hon'ble Minister for Industries be pleased to state:—

(*a*) the year in which the Copra Marketing Society was started at Vaikom;

(*b*) is it still functioning, if not when has it stopped functioning;

(*c*) whether the Government have audited the accounts of the Society;

(*d*) what is the total amount of loss sustained by this Society;

(*e*) whether this Society was getting any help or support from this Government or from the Cocoanut Committee;

(*f*) if the answer to part (*e*) is in the affirmative, what was the nature of the support;

(*g*) whether the Government have made enquiries to find out the nature of the mismanagement which resulted in the fall of the Society; and

(*h*) what action has been taken by the Government against the responsible persons?

Chief Minister **(Sri. C. Kesavan):**

(*a*) 1946 (1121 M.E.)

(*b*) No. Stopped functioning from 1st December 1950.

(*c*) Yes, by Departmental officers.

(*d*) Rs. 24,840.

(*e*) Yes, from both.

(*f*) Government and the I. C. C. C. were meeting the average annual expenditure of Rs. 5,520 on equal proportions.

(*g*) Yes.

(*h*) The matter is under consideration.

ആരാധനസ്ഥലങ്ങളും, ശ്മശാനസ്ഥലങ്ങളും

*൩൭൯. (൩൬) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൧൨൫-ൽ ആരാധന സ്ഥലങ്ങളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിക്കയുണ്ടായി;

(ബി) ഈ അപേക്ഷകളിൽ എത്രയെണ്ണം തള്ളിക്കളഞ്ഞു; അതിനുള്ള കാരണങ്ങൾ എന്താണ്;

(സി) ഇൻഡ്യൻ ഭരണഘടനയിൽ പരിപൂർണ്ണമായ ആരാധനസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്ന സ്ഥിതിക്കു ആരാധനാസ്ഥലങ്ങളും ശവക്കോട്ടകളും നിർമ്മിക്കുന്നതിൽ ഇവിടെയുള്ള നിയന്ത്രണങ്ങൾ എന്തുകൊണ്ട് വച്ചിരിക്കുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൭൨.

(ബി) ൨൮.

(i) ൻ എണ്ണം അപേക്ഷകന് നിർദ്ദിഷ്ടവസ്തുവിന്മേൽ ഉടമസ്ഥാവകാശം ഇല്ലാത്തതുകൊണ്ട്,

(ii) ൪ എണ്ണം പരിഗണനയ്ക്കു് അർഹങ്ങളായ ആക്ഷേപങ്ങൾ മററുകക്ഷികളിൽ നിന്നും ഉള്ളതുകൊണ്ടു്.

(iii) ൧൦ എണ്ണം സാങ്കേതികന്യൂനതകളെ പരിഗണിച്ചു്.

(iv) ൧ അപേക്ഷ അപേക്ഷകൾക്കു് വേറെ ആരാധനസ്ഥലം പരിസരപ്രദേശത്തുതന്നെ ഉണ്ടായിരുന്നതുകൊണ്ടു്.

(സി) സമാധാന പരിപാലനത്തേയും പൊതുജന താല്പര്യങ്ങളേയും പൊതുജനാരോഗ്യത്തേയും പരിഗണിച്ചു്.

റേഷൻ

*൩൮൦. (൩൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും, ഭക്ഷ്യവും റവന്യൂവും വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തിൽ പ്രായപൂർത്തിവന്ന ഒരു വ്യക്തിക്കു് എത്ര ഔൺസ് അരിയാണു് കൊടുത്തുവരുന്നതു്;

(ബി) ഈ നിസ്സാരറേഷനിൽ എന്തെങ്കിലും കുറവു വരുത്തുവാൻ ഇടയുണ്ടോ;

(സി) റേഷനായി നൽകുന്ന അരിയുടെ വില കൂട്ടുവാനോ കുറയ്ക്കുവാനോ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പ്രതിദിനം ഏഴ് ഔൺസ് അരി കൊടുത്തുവരുന്നു.

(ബി) ഇല്ല.

(സി) അരിവില കുറയ്ക്കുവാൻ ഇന്നത്തെ പരിതഃസ്ഥിതിയിൽ സാദ്ധ്യമല്ല. വില കൂട്ടുവാനും ഇപ്പോൾ ഉദ്ദേശം ഇല്ല.

കേസ്സുകളുടെ അന്വേഷണം

*൩൮൧. (൪൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മെ. ഗോപാലപ്പണിക്കർ, ജോസഫ ജോൺ, ജി. ആർ. പിള്ള, എന്നിവരുടെ പേരിലുള്ള കേസുകളുടെ അന്വേഷണം പൂർത്തിയായോ;

(ബി) പൂർത്തിയായെങ്കിൽ ഓരോരുത്തരുടേയും പേരിലുള്ള കുററങ്ങൾ എന്തെല്ലാമാണു്;

(സി) എന്തു ശിക്ഷയാണു് ഓരോരുത്തർക്കും നൽകിയിട്ടുള്ളതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ശ്രീ. സി. പി. ഗോപാലപ്പണിക്കരുടെ പേരിലുള്ള അന്വേഷണം പൂർത്തിയായി. മററു രണ്ടുപേരുടേയും പേരിലുള്ള അന്വേഷണം പൂർത്തിയായില്ല.

(ബി)-ഉം (സി)-ഉം ൧൯൫൧ ജനവരി ൧൩-ാംനു- ലെ ഗവമ്മെൻറു ഗസററ് ഒന്നാംഭാഗം പുറം ൪൧ ലേക്കു് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

MONOZITE FACTORY

*382. [43] **Sri M. I. Paul:** Will the Hon'ble Minister for Industries be pleased to state:—how far the works of the monozite factory at Alwaye have progressed and when it will be completed?

Chief Minister **(Sri. C. Kesavan):** Construction of the factory buildings has already been taken up and it is expected that it will be completed within six months.

INDUSTRIAL CO-OPERATIVE SOCIETIES

***383.** [44] **Sri. M. I. Paul:** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state whether the Government have received several representations for excluding the Industrial Co-operative Societies from Income-tax, if so what action has been taken?

Chief Minister **(Sri. C. Kesavan):** Yes. The Central Government have been addressed in the matter.

ഫോർട്ട് കൊച്ചി

*൩൮൪. (൪൫) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഫോർട്ട് കൊച്ചി, തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിൽ ലയിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവമ്മെണ്ടിൽനിന്നും സെൻട്രൽ ഗവമ്മെണ്ടിലേക്ക് വല്ല നിവേദനവും അയച്ചിരുന്നോ; അതിന് എന്തു മറുപടി ലഭിച്ചു;

(ബി) ആവശ്യപ്പെട്ടിരുന്നതു ഫോർട്ടുകൊച്ചിയെ സംബന്ധിച്ചു മാത്രമായിരുന്നോ; അതോ അതോടുചേർന്നുള്ള പാട്ടഭൂമികളേയും ഉൾപ്പെടുത്തിയിരുന്നോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അയച്ചിരുന്നു. മദ്രാസ് ഗവമ്മെണ്ടിന്റേയും തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ടിന്റേയും പ്രതിനിധികൾ യോഗം ചേർന്നു ഇക്കാര്യത്തെപ്പററി ആലോചിക്കണമെന്നു ഇന്ത്യാഗവമ്മെണ്ടിൽനിന്നും നിർദ്ദേശം ലഭിച്ചിരുന്നു. അതനുസരിച്ചു ചേർന്ന യോഗത്തിൽ ഫോർട്ടുകൊച്ചിയെ സംബന്ധിച്ചു അവസാനതീരുമാനം ഉണ്ടായില്ല. തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ട് ആവശ്യപ്പെട്ടിരുന്ന സ്ഥലങ്ങളിൽ ഫോർട്ടുകൊച്ചിയും അതോടുചേർന്ന പാട്ടഭൂമികളും ഒഴിച്ച് ബാക്കി സ്ഥലങ്ങൾ വിട്ടുതന്നുകൊണ്ട് ഇന്ത്യാഗവമ്മെണ്ടിൽനിന്നും അവസാനമറുപടിയും ലഭിച്ചു.

(ബി) ഫോർട്ടുകൊച്ചിയും പാട്ടഭൂമികളും, അഞ്ചുതെങ്ങ്, തങ്കശ്ശേരി, പണകുടി മുതലായ സ്ഥലങ്ങളും ഉൾപ്പെടുത്തിയിരുന്നു.

റിസർവ്വ് പോലീസ്

*൩൮൫. (൪൬) സാഹിബ് ബഹദൂർ വി. ചേലാഡിറാവുത്തർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

കൊച്ചി ഡിസ്ട്രിക്ട് രാമപുരത്ത് റിസർവ്വ് പോലീസുകാർ നാട്ടുകാരെ പ്രത്യേകിച്ച് സ്ത്രീകളെ അനാവശ്യമായി ദേഹോപദ്രവം ഏല്പിക്കുന്നതായി വല്ല ആക്ഷേപവും ഐ. ജി. അവർകൾക്കോ ഗവമ്മെണ്ടിലേക്കോ കിട്ടിയിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഗവമ്മെണ്ടിലേക്ക കിട്ടിയിട്ടുണ്ട്.

POLICE CONSTABLES

*386. [56] **Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state: whether the Government have given instructions to the Police Constables not to exhibit their number (mark of identification).

Chief Minister **(Sri. C. Kesavan):**
No.

MUVATTUPUZHA BUS STAND

*387. [61] **Sri. N. P. Verghis:** Will the Hon'ble Minister for Local Self-Government be pleased to state:

(*a*) Is it a fact that the Village Union urinal near the Muvattupuzha Bus Stand is a source of public nuisance for want of cleaning proper sanitary arrangements; and

(*b*) Have the recommendations of the Village Union authorities seeking permission to repair it and to allow funds for converting it to a sanitary latrine been sanctioned?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) A proposal has been received from the Director of Panchayats and it is being considered.

ക്ഷേത്ര നശീകരണം

*൩൮൮. (൬൨) ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കൊച്ചി കണയന്നൂർ താലൂക്കിൽ കുമ്പളം വില്ലേജിൽ ഉദയത്തുംവാതൽ എന്ന പ്രദേശത്തു ഒരു ഹിന്ദു ദേവാലയം നശിപ്പിച്ചോ; ആയതിനെ സംബന്ധിച്ചു ക്ഷേത്രാധികാരികൾക്ക പുറമെ വല്ലവരും ആവലാതി ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) ആരാണ് ക്ഷേത്രം നശിപ്പിച്ചതു്;

(സി) അതിനെസംബന്ധിച്ചു് ഗവമ്മെണ്ടു് വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്. കൊച്ചി ദേവസ്വം ബോർഡു്.

(ബി) അറിവായിട്ടില്ല.

(സി) അന്വേഷണം നടത്തിവരുന്നുണ്ടു്.

MEMORANDUM BY KANAMDARS

*389. [65] **Sri. N. V. Chacko:** Will the Hon'ble Chief Minister be pleased to state:

(*a*) whether a memorandum has been submitted to him by certain tenants of the Taluks of Changanacherry, Kottayam, Peermade, etc., praying that legislation should be effected without delay preventing redemption of properties enjoyed under tenure which partake of the incidences of Kanapattom, though not strictly or technically coming under the definition of Kanapattom;

(*b*) whether a number of suits in which such redemption is prayed for are mentioned in the memorandum.

Minister for Finance, Law and Revenue **(Sri. A. J. John):**

(*a*) Yes.

(*b*) Yes.

LEVY SYSTEM

***390.** [67] **Sri. N. V. Chacko:** Will the Hon'ble Chief Minister be pleased to state:—

(*a*) in what ways, the Government think the monopoly levy system of purchase will be more advantageous to paddy cultivators than the excess system; and therefore be more helpful to growing more food;

(*b*) do the Government expect to procure more paddy under the monopoly levy system than under the other system?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) 1. It gives a greater incentive to food production and

2. It reduces the chances of harassment of small cultivators by the subordinate staff.

(*b*) Yes.

PADDY ALLOWED TO PADDY CULTIVATORS

***391.** [68] **Sri. N. V. Chacko:** Will the Hon'ble Chief Minister be pleased to state:—

(*a*) what amount of paddy or rice is being allowed to an adult member of an agriculturist's family (1) in the Travancore area and (2) in the Cochin area;

(*b*) if the quantities are different, whether there is any reason for maintaining such difference?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) and (*b*) The allowance for domestic consumption has now been fixed throughout the State at 36 paras per adult per year.

ഹൈക്കോടതി ജഡ്ജിമാർ

*൩൯൨. (൬൩) ശ്രീ. കളത്തിൽ വേലായുധൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ഹൈക്കോടതിയിലെ ജഡ്ജിമാരുടെ എണ്ണം ഇപ്പോഴത്തേതിൽനിന്നും വർദ്ധിപ്പിക്കുന്നതിന് ആലോചനയുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഉണ്ട്.

Unstarred questions posted for Answer on 8th March 1951

നെല്ല് സംഭരണം

൧൯. (൫) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦-ൽ തിരുവിതാംകൂർ വിഭാഗത്തിൽനിന്നും എടുത്ത നെല്ലെത്ര;

(ബി) ൧൯൫൦-ൽ കൊച്ചി വിഭാഗത്തിൽനിന്നും എടുത്ത നെല്ലെത്ര;

(സി) തിരുവിതാംകൂറിൽ നെൽകൃഷി ചെയ്യുന്ന സ്ഥലം എത്ര ഏക്കർ;

(ഡി) കൊച്ചിയിലെത്ര?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

തിരുവിതാംകൂർ

(എ) ൧൫, ൦൫,൧൩൮൪ പറ

കൊച്ചി

(ബി) ൫൯,൩൯,൯൦൦ പറ

തിരുവിതാംകൂർ

(സി) ൫,൯൫,൧൦൦ ഏക്കർ.

കൊച്ചി

(ഡി) ൨,൦൦,൦൦൦ ഏക്കർ

നെല്ലെടുപ്പും റേഷനിംഗും

൨൦. (൩) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

നെല്ലെടുപ്പും, റേഷനിംഗും തുടങ്ങിയതു മുതൽ ൧൧൨൫ അവസാനം വരെ പ്രതിവർഷം തിരുവിതാംകൂർ വിഭാഗത്തിൽനിന്നും കൊച്ചി വിഭാഗത്തിൽനിന്നും എടുത്തിട്ടുള്ള നെല്ലിന്റെ ഒരു പട്ടിക മേശപ്പുറത്തു് വയ്ക്കുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

Period	*Travancore* *In paras.*	*Cochin* *In paras.*
1118 M. E. (1942—43) A.—D.	3,899,864	3,393,715
1119 (1943—44)	9,910,437	5,343,136
1120 (1944—45)	8,556,744	5,757,307
1121 (1945—46)	5,075,620	5,992,956
1122 (1946—47)	9,598,391	6,426,368
1123 (1947—48)	7,491,859	5,030,025
1124 (1948—49)	7,750,588	5,879,624
(1—1—1125) 17—8—1949 to 31—12—1949	2,588,734	2,925,054
1950	7,505,738	5,939,900

സൈന്യ സംയോജനം

൨൧. (൪) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സാംസ്ഥാനിക സൈന്യ സംയോജനഫലമായി ട്രേറ്റ് ഫോഴ്സിൽനിന്നും എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്;

(ബി) പിരിച്ചുവിട്ടവരിൽ എത്രപേർക്കു് മററു ഉദ്യോഗങ്ങൾ കൊടുത്തിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൩൦ ആഫീസറന്മാരേയും, ൩൪൮൪ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരേയും പിരിച്ചുവിട്ടുകഴിഞ്ഞു. കൂടാതെ ൩൫ ആഫീസറന്മാരേയും, ൭൩൯ താഴ്ന്ന ഉദ്യോഗസ്ഥന്മാരേയും അടുത്തുതന്നെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടെന്നു് അറിയുന്നു.

(ബി) പിരിച്ചു വിട്ടവരിൽ ൩൦ ആഫീസറന്മാക്കും നൂറിൽ കൂടുതൽ ശിപായിമാർക്കും മററുദ്യോഗങ്ങൾ ഇതിനകം നൽകിയിട്ടുണ്ടു്.

പോലീസ് അഴിമതികളും അക്രമങ്ങളും

൨൨ (൬) ശ്രീ. ടി. എസ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കുന്നംകുളം പോലീസ് സബ് ഇൻസ്പെക്ടർ നാരായണൻ നമ്പീശൻ ഒരു കടുത്ത അഴിമതിക്കാരനും, അക്രമക്കാരനുമാണെന്നു കാണിച്ചു് ഗവമ്മേൻറിലേക്കു വല്ല ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) കരിക്കാട്ട് കുടിയിറക്ക് (വെള്ളത്തേടത്തു രാമുണ്ണിനായരുടെ കുടുംബത്തെ) പഴനാന പുലയൻ ചക്കനെ കുടിയിറക്കിന്റെ പേരിൽ നടത്തിയ മർദ്ദനം, ചെമ്മംതട്ട ശിശുവധക്കേസ്സ് ചൂമത്തി നിരപരാധികളായ സ്ത്രീകളെ മർദ്ദിക്കൽ തുടങ്ങിയ പരാതികൾ ഗവമ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ആവക ആക്ഷേപങ്ങളെക്കുറിച്ചു് ഗവമ്മെൻറ് എന്തു നടപടിയാണു് നടത്തിയിട്ടുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) അന്വേഷണത്തിലിരിക്കയാണു്.

റേഷൻ ഷാപ്പുകൾക്കു വേണ്ടിയുള്ള ലൈസൻസു്

൨൩. (൩൩) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പുതുതായി റേഷൻ ഷാപ്പുകൾ നടത്തുന്നതിനുള്ള ലൈസൻസുകൾക്കുവേണ്ടി എത്ര അപേക്ഷകൾ ഇക്കൊല്ലം ലഭിച്ചിട്ടുണ്ടു്;

(ബി) ആ അപേക്ഷകൾ അനുസരിച്ചു് എത്ര ഷാപ്പുകൾ ഇക്കൊല്ലം തുടങ്ങിയിട്ടുണ്ടു്;

(സി) എത്ര അപേക്ഷകൾ നിലവിലുണ്ടു്;

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൩൧൦.

(ബി) ൧.

(സി) ൩൭൪.

Starred Questions posted for Answer on 9th March 1951

ക്ഷാമനിവാരണം

*൩൯൩. (൨) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ ബഡ്ജററ വർഷത്തിൽ പുതുതായി ഏതെങ്കിലും ക്ഷാമനിവാരണ നടപടികൾ നടത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികളുടെ ഇനവിവരം ഏതെല്ലാം;

(സി) ഇതിലേക്കു് ആകെ എത്ര ഉറുപ്പിക ചെലവായി;

(ഡി) പ്രസ്തുത സംഖ്യ കഴിഞ്ഞ വർഷത്തേതിൽ കൂടുതലോ കുറവോ;

(ഇ) ൧൧൨൬-ൽ ഈ നടപടി തുടന്നു നടത്തുവാൻ ആലോചിച്ചിട്ടുണ്ടോ;

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

CROW MORE FOOD SCHEME

*394 [4] **Sri. D. Gnanasigamoni:** Will the Hon'ble the Chief Ministe be pleased to state:

(*a*) whether the efforts taken by the Government under the Grow More Food Scheme have to any appreciable extent resulted in increase in the production of paddy;

(*b*) if so, to what extent?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) An additional production of about 29,423 tons of rice in 1949—50.

പാട്ടത്തിനു സ്ഥലം

*൩൯൫. (൫) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം നെയ്യാററിങ്കര താലൂക്കിൽ നേമം പകുതിയിൽ നീറമൺകര കണ്ടുകൃഷിത്തോട്ടവും, പാപ്പനംകോടു താളിവിളത്തോട്ടവും ഗവണ്മെൻറിൽ നിന്നും പാട്ടം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാം, എന്തുകൊണ്ടു്;

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

സംയോജനത്തിനുശേഷം നെയ്യാററിൻകര താലൂക്കിൽ നേമം പകുതിയിൽ നീറമൺകര കണ്ടുകൃഷിത്തോട്ടം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടില്ല. പാപ്പനംകോടു താളിത്തോട്ടം ശ്രീപാദം വകയാണു്. അതിനെക്കുറിച്ചു് കൂടുതൽ വിവരങ്ങൾ ഗവണ്മെൻറിനു അറിവില്ല.

LAND COMMITTEE REPORT

*396. [6] **Sri. N. D. Jose:** Will the Hon'ble Minister for Revenue be pleased to state:—

(*a*) whether the Government has considered the report of the Land Committee; and

(*b*) the recommendations proposed to be implemented?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) and (*b*) The report is under consideration.

LAND COMMITTEE

***397.** [7] **Sri. N. D. Jose:** Will the Hon'ble Minister for Revenue be pleased to state the total amount spent for the Land Committee for preparing its report and the time taken for it?

Minister for Law, Finance and Revenue **(Sri. A. J. John):**
Rs. 28,631—0—4.
One year and one month.

ഡിസ്മിസ്സൽ ഉത്തരവ്

*൩൯൮. (൮) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ കൊച്ചി ഗവമ്മെൻറ് സർവീസ്സിൽ ഇരിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനെ ഡിസ്മിസ്സൽ ചെയ്താൽ ആ വിവരവും ഡിസ്മിസ്സൽ ഉത്തരവിൻെറ ൨ ൦ ൦ കോപ്പികളും കേന്ദ്രഗവമ്മെൻറിന് അയച്ചു കൊടുക്കണമെന്ന് കേന്ദ്രഗവമ്മെൻറിൽനിന്നു നിർദ്ദേശം കിട്ടിയിട്ടുണ്ടോ;

ചീഫ് മിനിസ്റ്റർ ശ്രീ. സി. കേശവൻ:

ഡിസ്മിസ്സൽ ഉത്തരവിൻെറ ൨൨൫ പ്രതികൾ ഇൻഡ്യാഗവമ്മെൻറിൻെറ ധനകാര്യവകുപ്പിന് അയച്ചുകൊടുക്കണമെന്ന ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

പെരിയാർ തടാകം

*൩൯൯. (൧൦) ശ്രീ. പി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ:—

(എ) പെരിയാർ തടാകത്തിൻെറ ഉടമസ്ഥാവകാശം ഇപ്പോൾ ആർക്കാണ്;

(ബി) മദ്രാസ് ഗവമ്മെൻറിന് അതിന്മേൽ എന്തെങ്കിലും അവകാശമുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെന്താണ്;

ചീഫ്മിനിസ്റ്റർ ശ്രീ. സി. കേശവൻ:

(എ) തിരു-കൊച്ചി ഗവമ്മെൻറിന്.

(ബി) ഉണ്ട്.

(സി) ൧൮൮൬-ലെ ഉടമ്പടിപ്രകാരം ഈ തടാകം പെരിയാർ ജലസേചനപദ്ധതിക്കു വേണ്ടി ൯൯൯ കൊല്ലക്കാലത്തേക്കു മദ്രാസ് ഗവമ്മെൻറിനു പാട്ടത്തിന് കൊടുത്തിരിക്കയാണ്.

VENEREAL DISEASES

***400.** [12] **Sri. K. Ramachandran:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) whether Government possess any statistics to show the state of infection of venereal diseases in the State;

(*b*) what extra measures have Government adopted to counteract this social disease?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) No.

(*b*) Education of the Public by the use of cinema films and pamphlets is conducted. Cases are treated in hospitals.

സസ്പെൻഷൻ

*൪൦൭. (൧൩) സാഹിബ് ബഹദൂർ എ. എം. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഒരു ഉദ്യോഗസ്ഥനെ അന്വേഷണത്തിനു വിധേയമായി സസ്പെൻറു ചെയ്യുന്നതിനു മുൻപ് അയാളുടെ സമാധാനം ചോദിക്കാറുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ)

പ്രഥമദൃഷ്ടിയിൽതന്നെ ശരിയായ ഒരു കേസുണ്ടെന്ന് (a strong prima facie case) ഗവമ്മെൻറിനു ബോദ്ധ്യമാകുന്ന പക്ഷം ഉദ്യോഗസ്ഥനെ സസ്പെൻഷനിൽ നിറുത്തുകയും അതിനുശേഷം ഉദ്യോഗസ്ഥൻെറ സമാധാനം വാങ്ങിയും വേണ്ട അന്വേഷണങ്ങൾ (enquries)നടത്തി മേൽ നടപടികളെപ്പററി തീരുമാനിക്കുകയുമാണ് പതിവ്.

ഭക്ഷ്യധാന്യ ഡിപ്പോകൾ

*൪൦൮. (൧൪) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഹോൾസെയിൽ ഭക്ഷ്യധാന്യഡിപ്പോകൾ തിരുവിതാംകൂർ വിഭാഗത്തിൽ, ഏതെല്ലാം താലൂക്കുകളിൽ ഇതിനകം നിറുത്തലാക്കിയിട്ടുണ്ട്;

(ബി) ഈ ഡിപ്പോകൾ വീണ്ടും ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പു മന്ത്രി:
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കുന്നത്തുനാട്, പറവൂർ, കോട്ടയം, ചങ്ങനാശ്ശേരി, അമ്പലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ താലൂക്കുകളിൽ.

(ബി) ഇല്ല.

ശബരിമല സംഭവം

*൪൦൯. (൧൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

ശബരിമല സംഭവത്തെ സംബന്ധിച്ച് അന്വേഷിക്കുന്നതിന്ന് മദ്രാസ് ഗവമ്മെൻറിൽനിന്നോ ഇൻഡ്യാ ഗവമ്മെൻറിൽനിന്നോ പ്രത്യേകം ഉദ്യോഗസ്ഥന്മാരെ അയച്ചുതരണമെന്നു തിരുവിതാംകൂർ കൊച്ചി ഗവമ്മെൻറു ആവശ്യപ്പെട്ടിട്ടുണ്ടോ;

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ)

ഇല്ല.

സ്റ്റേററ് ഗസ്ററുകൾ

*൪൦൪. (൧൬) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) സഞ്ചാരികളെ തിരുവിതാംകൂർ കൊച്ചിയിലേക്കു ആകർഷിക്കുന്നതിനു എന്തെങ്കിലും പദ്ധതി തയാറാക്കാൻ ഗവമ്മെണ്ട് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ൧൯൫൦-ൽ സ്റ്റേററ് ഗസ്ററുകളായി എത്ര സഞ്ചാരികൾ തിരുവിതാംകൂറിൽ വന്നിട്ടുണ്ട്;

(സി) അവർക്കുവേണ്ടി എന്തു സംഖ്യ ചെലവായി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ൭൨.

(സി) ൧൩,൮൭൩ രൂപ ൩൬ ണ. ൧൧ പൈ.

BUTHATHANKETTU SCHEME

***405.** [19] **Sri. E. P. Poulose:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the investigation of the Bhuthathankettu Scheme has been completed and any report submitted to Government;

(*b*) if so, whether Government have considered this report and taken any action to start work on this scheme?

Chief Minister **(Sri. C. Kesavan):** (*a*) Yes.

(*b*) The report is under the consideration of Government.

വളം വിതരണം

*൪൦൬. (൨൧) ശ്രീ. പിലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦-ൽ കുന്നത്തൂർ താലൂക്കിൽ എത്ര ടൺ വളം കൃഷിയാവശ്യങ്ങൾക്ക വിതരണം ചെയ്തിട്ടുണ്ട്;

(ബി) ഏതെല്ലാം ഏജൻസികൾ മുഖാന്തിരമാണ് വിതരണം നടത്തിയിട്ടുള്ളത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) 84 Tons, 16 cwts, 77 lbs. വളം വിതരണം ചെയ്തിട്ടുണ്ട്.

(ബി) സഹകരണസംഘങ്ങളുടെ മേൽമുഖ്യത്തിൽ നടത്തപ്പെടുന്ന പതിമൂന്ന ഏജൻസി ഡിപ്പോകൾ മുഖാന്തിരമാണ് വിതരണം ചെയ്യപ്പെട്ടിട്ടുള്ളത്.

DELIMITATION COMMITTEE

***407.** [23] **Sri. A. K. George:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) is it true that as T.A. the Chairman of the Government instituted Delimitation Committee was given an amount lower than those of other members;

(*b*) if so, what is the reason for that incongruity?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) The Chairman of the Delimitation Committee has not drawn any T.A. till now. He was granted T.A. and D.A. at the rates admissible to First Class Officers of Government.

(*b*) In view of the answer to part (*a*) the question does not arise.

ALLOWANCE TO THE PRESIDENT OF THE FOOD PRODUCTION BOARD

***408.** [25] **Sri. Paul Thaliath:** Will Hon'ble the Chief Minister be pleased to state.—

(*a*) whether any daily allowance is given to the President of the Food Production Board when he is on duty;

(*b*) if so, the rate of the daily allowance; and

(*c*) whether any decrease or increase has been made in the daily allowance since appointed?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) The Chairman is given T.A. admissible to the members of the Legislative Assembly.

(*b*) Rs. 15 per day when he is away from headquarters.

(*c*) No.

എടുക്കാത്ത നോട്ടുകൾ

*൪൦൯. (൨൭) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂരിൽനിന്നും പുറപ്പെടുന്ന 'എക്സ്പ്രസ്സ്' പത്രത്തിൽ ൧൭—൧—൧൯൫൧-ൽ 'എടുക്കാത്ത നോട്ടുകൾ' എന്ന തലക്കെട്ടിലെ പരസ്യം ഗവർമ്മെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം എടുക്കാത്ത നോട്ടുകളുടെ പരസ്യംമൂലം പൊതുജനങ്ങൾക്കു കഷ്ടപ്പാടുകൾ സംഭവിച്ചതായി അറിഞ്ഞിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ

(എ) ഉണ്ടു്.

(ബി) ഇല്ല. എന്നാൽ ആ വാർത്തയിൽ കാൺപൂർ (Kanpur) എന്നച്ചടിച്ചു രൂപാ നോട്ടുകൾ സ്വീകരിക്കുകയില്ല എന്ന ഭാഗം പൊതുജനമദ്ധ്യത്തിൽ തെററിദ്ധാരണയുളവാക്കാൻ പര്യാപ്തമാണെന്നു് ഗവർമ്മെണ്ടിനു ബോദ്ധ്യമാകയാൽ, പ്രസ്തുത തെററിദ്ധാരണ ദൂരീകരിക്കുന്നതിനും, സംഗതിയുടെ വാസ്തവസ്ഥിതി പൊതുജനങ്ങളെ അറിയിക്കുന്നതിനുമായി ഗവർമ്മെണ്ടു് ഒരു പ്രസ്സ് നോട്ടു് ഇറക്കിയിട്ടുണ്ടു്.

ആയുർവ്വേദാശുപത്രി കെട്ടിടം

*൪൧൦. (൨൯) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തലപ്പിള്ളി താലൂക്കിൽ ചെറുതുരുത്തിയിൽ സ്ഥിതിചെയ്യുന്ന ഗവർമ്മെണ്ടുവക ആയുർവ്വേദാശുപത്രിവക കെട്ടിടങ്ങൾക്കു് പഴയ കൊച്ചി ഗവർമ്മെണ്ടു് എത്ര സംഖ്യ ചിലവുചെയ്തു വാങ്ങിച്ചതാണു്;

(ബി) അതിൽ എത്ര കെട്ടിടങ്ങൾ ഉണ്ടു്;

(സി) അവിടെനിന്നും ൧൯൪൯, ൧൯൫൦ ഈ വർഷങ്ങളിൽ വാടക വല്ലതും ഗവർമ്മെണ്ടിലേക്കു് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൩൨,൬൪൧—൦—൦.

(ബി) ൧൩.

(സി) ഉണ്ടു്. ൧൯൪൯-ൽ ൨൦൭—൧൪—൦.
൧൯൫൦-ൽ ൨൬൨— ൪—൦.

സബ്സിഡി

*൪൧൧. (൩൦) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

സെൻട്രൽ ഗവണ്മെണ്ടിൻെറ സബ്സിഡി കാര്യത്തിൽ ഗവണ്മെണ്ട് വല്ല പ്രഖ്യാപനവും ചെയ്തിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): ഇല്ല.

ഇടപ്പള്ളി ഡിസ്പെൻസറി

*൪൧൨. (൩൫) ശ്രീ. ഏ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ ഏതെങ്കിലും ഗവണ്മെണ്ട് ഡിസ്പെൻസറി നിറുത്തലാക്കിയിട്ടുണ്ടോ;

(ബി) ഇടപ്പള്ളി ബൈ വീക്കിലി ഡിസ്പെൻസറി നിറുത്തലാക്കുവാൻ കാരണമെന്തു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) ഇടപ്പള്ളി ബൈ വീക്കിലി ഡിസ്പെൻസറി ജനങ്ങൾ വാടകകൂടാതെ നൽകിയ ഒരു കെട്ടിടത്തിലാണ് ഡിസ്പെൻസറി നടത്തിയിരുന്നതു്. ഈ കെട്ടിടത്തിൻെറ ഉടമസ്ഥൻ സ്ഥലം മടക്കികിട്ടേണമെന്നാവശ്യപ്പെട്ടു. കെട്ടിടത്തിനു വാടക കൊടുക്കുവാനൊ, വേറൊരു കെട്ടിടം ഡിസ്പെൻസറിക്കുവേണ്ടി തരുവാനൊ ജനങ്ങൾ സന്നദ്ധരായിരുന്നില്ല. അതുകൊണ്ട് ഈ ഡിസ്പെൻസറി നിറുത്തുകയാണുണ്ടായതു്.

DISPENSARIES

***413.** [36] **Sri. Eapen Arakkal:** Will the Hon'ble Minister for Finance be pleased to state.—

(*a*) do the Government propose to open any new dispensary or hospital in the State this year (1951);

(*b*) if so, in what all places will such dispensaries or hospitals be opened; and

(*c*) what amount has been set apart in the Budget under this head?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) Yes.

(*b*) **Dispensaries**

1.	Anjengo.	7.	Kaniakulangara.
2.	Cherpu.	8.	Niranom.
3.	Perumpalam.	9.	Airoor.
4.	Vengoor.	10.	Kumarapuram.
5.	Puthenchira.	11.	Kizhakken Othera.
6.	Paripally.	12.	Veli.

Hospitals

Women and Children's Hospital at Alleppey.

(c) The amount may be noted from the budget of 1951-52.

INTEGRATION OF TRAVANCORE AND COCHIN SECRETARIAT

***414.** [38] **Sri. Sree V. Das:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the integration of Travancore and Cochin Secretariat has been completed and if not how long it will take;

(*b*) whether Mr. Gopalaswamy from Madras submitted any proposal regarding integration and what action taken thereon;

(*c*) whether Mr. Ramunni Nayar was asked to review or revise Mr. Gopalaswamy's proposals;

(*d*) whether Mr. Ramunni Nayar has submitted any report and if not how long will it take for him to finalise his proposals?

Chief Minister **(Sri. C. Kesavan):**

(*a*) The integration of Travancore-Cochin Secretariat has been completed. The integration of services in the Secretariat has not been completed, and it may take some more time.

(*b*) Yes. Government have approved certain general principles for purposes of integration.

(*c*) & (*d*) No. He is proceeding with the actual integration and his proposals are under consideration.

എം. എൽ. എ. മാരുടെ ചോദ്യങ്ങൾ

*൪൧൭. (൩൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അസംബ്ലിയിൽ മെമ്പറന്മാരുടെ ചോദ്യങ്ങൾക്കു ഉത്തരം നൾകുന്നതു സംബന്ധിച്ചു ഗവമ്മെണ്ടിലേക്കു വല്ല ചെലവും ഉണ്ടാകുന്നുണ്ടോ, എങ്കിൽ അതു എങ്ങനെയെന്നും, ഏതെല്ലാം ഇനങ്ങളിലെന്നും വ്യക്തമാക്കുമോ;

(ബി) ചെലവുണ്ടാകുന്നുണ്ടെങ്കിൽ ൧൯൫൦ ഒക്ടോബർ ൧൬-ാംനു ആരംഭിച്ചു നവമ്പർ ൧൪-ാംനു അവസാനിച്ച സമ്മേളനത്തിൽ അതു സംബന്ധിച്ചു എന്തു ചെലവുവന്നിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്. പോസ്റ്റേജ്, ടെലഫോൺ, ടെലഗ്രാഫ് എന്നീ ഇനങ്ങളിൽ ചിലവുവരുന്നുണ്ട്.

(ബി) പ്രത്യേക കണക്കുകൾ ഒന്നും വച്ചിട്ടില്ല.

കളവായി കൊണ്ടുപോയ നെല്ല്

*൪൧൮. (൪൦) സാഹിബ് ബഹദൂർ വി. ചേലാദി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പാഴൂർ പിറക്കൽപാലത്തിനു സമീപംവച്ചു വണ്ടിയിൽ കയററിപോയിരുന്ന ഉദ്ദേശം ൪൫ പറ നെല്ല് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പിടിക്കുകയുണ്ടായോ;

(ബി) ഈ നെല്ല് അവിടെനിന്നു എക്കായിരുന്നുവെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(സി) വല്ല കേസും ഇതിനെപ്പററി ചാർജ്ജ് ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൬—൧൧—൧൯൫൦-ൽ ഒരു വള്ളത്തിൽ ൪൪.൪ പറ നെല്ല് അനധികൃതമായി കൊണ്ടുപോകുമ്പോൾ ഗ്രെയിൻപർച്ചേസ് ഫീൽഡ് സ്റ്റാഫ് പിടിക്കയുണ്ടായി.

(ബി) ഉണ്ട്.
(സി) ഉണ്ട്.

റേഷൻ

*൪൧൭. (൪൩) സാഹിബ് ബഹദൂർ വി. ചെല്ലാദി റാവുത്തർ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ:—

അരി റേഷൻ ഇന്നത്തെ ൧൨ ഔൺസിൽനിന്നും എന്നത്തേക്ക് കൂടുതൽ നൽകുവാൻ സാധിക്കും?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ വിതരണം ചെയ്യുന്ന അരി റേഷൻ ൧൨ ഔൺസ് അല്ല. എട്ട് ഔൺസ് ആണ്. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ അരി റേഷൻ എന്നത്തേക്ക് വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്ന് ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല.

PAY OF POLICE CONSTABLES

*418. [44] **Sri. M. I. Paul:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Government have received representations for raising the pay of the Police Constables of the State;

(*b*) if so, what action has been taken thereon; and

(*c*) what was the minimum pay formerly given to Constables in Cochin and in Travancore and what is their present pay?

Chief Minister **(Sri. C. Kesavan):**

(*a*) No.

(*b*) Does not arise.

(*c*) (*i*) Minimum pay of the Constables of erstwhile Cochin State was Rs. 25 in the scale of Rs. 25-½-35.

(*ii*) Minimum pay of the Constables of erstwhile Travancore State was Rs. 20.

(*iii*) The present pay of the Constables is:

		Rs.
First class	..	35
Second class	..	31
Third class	..	28
Fourth class	..	25

STATE FORCES

*419. [45] **Sri. A. K. George:** Will the Hon'ble the Chief Minister be pleased to state.—

(*a*) has the Government sent out some officers and men from the State Forces as a result of its having been taken over by the Central Government;

(*b*) is the Government going to continue this policy of disbandment; and

(*c*) is there any truth in the recent press reports that as a result of the talks the Hon'ble Chief Minister had with Sri. V. P. Menon of the States Ministry at Bangalore, this Government had got an assurance from the Central Government that every one from the State Forces would be absorbed by the Central Government?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No. The retrenchment is ordered by the Government of India after having taken over the State Forces.

(*b*) Does not arise.

(*c*) the matter is still under correspondence with the Government of India.

INTEGRATION OF SERVICES

***420. (49) Sri. P. K. Krishnankutty Menon:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the Government have finalised the principles upon which the integration of services has to be effected;

(*b*) the departments wherein service integration has been completed; and

(*c*) the date by which the service integration in all departments will be completed?

Chief Minister **(Sri. C. Kesavan):**

(*a*) Certain general principles have been accepted by Government, but where difficulties become apparent, they are being considered by Government.

(*b*) Service integration is proceeding in all Departments, but has not been completed in any Department.

(*c*) In the course of the year 1951.

MINT

***421. (55) Sri. N. V. Chacko:** Will the Hon'ble Minister for Finance be pleased to state what the functions of the Mint are after 1949?

Minister for Law, Finance and Revenue **(Sri. A. J. John):** The Government Mint was abolished on 15th June 1949 and is not discharging any function at present consequent on coinage becoming a Central Subject.

പാൽപ്പൊടി

*൪൨൨. (൫൩) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

ഐക്യരാഷ്ട്രസംഘടനയിൽനിന്നു നമുക്ക വാഗ്ദാനം ചെയ്തിരുന്ന രണ്ടു ലക്ഷം പൌണ്ട് പാൽപ്പൊടിയും നമുക്ക കിട്ടിയോ; എവിടെയെല്ലാം അതു വിതരണം ചെയ്യാൻ കഴിഞ്ഞു?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഐക്യരാഷ്ട്രസംഘടനയുടെ അന്തർദേശീയ അടിയന്തിര ശിശുസംരക്ഷണനിധി (United Nations International Children's Emergency Fund) യിൽ നിന്നും ൪,൫൬,൩൨൫ പൌണ്ട് പാൽപ്പൊടി വാഗ്ദാനം ചെയ്തിട്ടുള്ളതിൽ ൩,൫൬,൦൬൭ പൌണ്ട് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രധാനപ്പെട്ട ആസ്പത്രികൾ ഉൾപ്പെടെ ൨൦൫ വിതരണകേന്ദ്രങ്ങളിലും, ൧൨൭ പ്രാഥമിക വിദ്യാലയങ്ങളിലും ഇപ്പോൾ വിതരണം നടത്തിവരുന്നുണ്ട്.

Unstarred questions posted for Answer on 9th March 1951

ഡിസ്പെൻസറി

൨൪. (൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

കുമ്പളങ്ങി ഡിസ്പെൻസറിയിൽ ഉള്ള എട്ടു കട്ടിലുകൾക്ക് വേണ്ട മെത്തയും മറവും കൊടുക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): നിവേദനം ലഭിച്ചിട്ടില്ല. കുമ്പളങ്ങി ഡിസ്പെൻസറിയിൽ ഉള്ള വ്യ കുട്ടി ലൂകൾക്ക് മെത്തയും മററും കൊടുക്കണമെന്നു കാണിച്ചു ഇൻഡൻറ് കിട്ടിയിട്ടുണ്ടു്. മെത്ത സ്റ്റോക്ക് ഇല്ലാതിരുന്നതിനാൽ കൊടുക്കാത്തതാണു്.

MATTANCHERI HOSPITAL

25. (5) **Sri. M. I. Paul:** Will the Hon'ble Minister for Finance and Revenue be pleased to state whether the Government have received complaints against the Surgeon in charge of the Mattancheri hospital, if so what are the complaints and what action has been taken on those matters ?

Minister for Law, Finance and Revenue (**Sri. A. J. John**): The Surgeon General has received certain complaints against the Surgeon in charge of the Mattancheri Hospital. The complaint is that she is troubling the contractor, T. D. Chandy by rejecting the articles supplied by him and indenting for articles that are not immediately available in the market. His bill for December 1950 was detained without arranging payment. A personal enquiry was made by the Surgeon General. It was found that the Contractor was at fault.

26. (13) **Sri. C. V. Iyyu:** Will the Hon'ble Minister for Finance be pleased to state.—

(*a*) the total amount of arrears of T. A. to be paid to the non-official members of various Government Committees accrued from 1st July 1949 to 2nd February 1951; and

(*b*) the total amount due to Government subordinates whose basic pay is below Rs. 50 during the above period ?

Minister for Law, Finance and Revenue (**Sri. A. J. John**):

The time and labour involved in collecting information is not justified by the possible advantage to be derived there from.

Starred Questions posted for Answer on 10th March 1951

TRADE DISPUTES

***423.** (1) **Sri. D. Gnanasigamoni:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) the number of trade disputes referred for adjudication in 1950; and

(*b*) whether these disputes were on the increase as compared with the previous year ?

Minister for Education, Food and Labour (**Sri. T. K. Narayana Pillai**):

(*a*) 41 including 6 disputes that arose on complaints filed by parties.

(*b*) The disputes were on the increase.

അസ്പൃശ്യത (Untouchability)

*൪൨൪. (൩) ശ്രീമതി ദേവകി ഗോപിദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) അസ്പൃശ്യത ആചരിക്കുന്നവരെ ശിക്ഷിക്കുന്നതിനു് എന്തെങ്കിലും നിയമം ഇന്നു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നിലവിലുണ്ടോ;

(ബി) അതിലേക്ക് ഒരു ബിൽ അവതരിപ്പിക്കുവാൻ ഗവമ്മേണ്ടിനു് സന്മനസ്സു് ഉണ്ടാകുമോ; അടുത്ത ഭാവിയിൽ അവതരിപ്പിക്കുമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ജാതിയേയൊ, മതത്തേയൊ അടിസ്ഥാനമാക്കി മററൊക്കെങ്കിലും അവശതയുണ്ടാക്കുന്ന വിധത്തിൽ അസ്പൃശ്യത ആചരിക്കുന്നതു് ശിക്ഷാർഹ

മാക്കിക്കൊണ്ടുള്ള നിയമം ഇന്ന് നിലവിലുണ്ട്. (Removal of Social Disabilities Removal Act VIII of 1125) നോക്കുക.

(ബി) അസ്പൃശ്യത ആചരിക്കുന്നവരെ ശിക്ഷിക്കുന്നതിന് കൂടുതലായി നിയമം ഉണ്ടാക്കേണ്ട ആവശ്യം ഉണ്ടെന്ന് ഗവൺമെന്റിന് തോന്നുന്നില്ല.

പാഠപുസ്തകങ്ങൾ

*൪൨൫. (൧൩) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) അടുത്തകൊല്ലത്തെ പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനെപ്പറ്റി വല്ല പദ്ധതിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്ത്;

(സി) കഴിഞ്ഞകൊല്ലം സ്വീകരിച്ച പദ്ധതിയെപ്പറ്റി എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടായിരുന്നോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ടായിരുന്നതായി അറിവില്ല.

TRANSPORT DEPARTMENT

*426. [13] **Sri. K. Ramachandran:** Will the Hon'ble Minister fot Public Works and Communications be pleased to state the nature of allowances made available to the running staff of the Transport Department and the amount of batta and the rate at which overtime is given to the drivers and conductors of the department ?

Minister for Education, Food and Labour (**Sri. T. K. Narayana Pillai**): The running staff of the Transport Department are getting the following allowances.

(*a*) *Allowance in lieu of war allowance at the rates mentioned below.*—

1. Employees drawing a pay of Rs. 20—25 per mensem	Rs. 20 per mensem.
2. Those drawing above Rs. 25 up to Rs. 30	Rs. 24 per mensem.
3. „ Rs. 30 „ Rs. 35	„ 25 „
4. „ Rs. 45 „ Rs. 75	„ 30 „
5. „ Rs. 75 „ Rs. 75	„ 40 „

(*b*) *Special allowance to Drivers.*—An allowance of Rs. 5 per mensem is being paid to the Drivers additionally in view of the arduous nature of their job.

(c) *Special allowance to staff stationed at Alwaye*—The staff stationed at Alwaye including running staff are getting the following special allowances also.

(1) *Compensatory allowance.*—

Employees getting monthly pay up to Rs. 50	15 per cent of their pay.
Those getting above Rs. 50 ..	10 per cent of their pay.

(2) *House Rent allowance.*— 25 per cent of pay for all.

(3) *Night stay allowance.*—The Drivers and Lorry attenders who may have to stop at the High Ranges on duty over night, are given night stay allowances at the rates mentioned below.

Drivers	10½ Chs.
Lorry attenders	7 Chs.

(4) *Special allowance—Alwaye Munnar Lorry service.*—The Drivers operating the above service are given a special allowance of Rs. 15 per mensem.

(*d*) *Batta.*—Batta is being paid at the following rates.—

Inspectors	..	12 Annas per day.
Drivers	..	8 ,,
Conductors	..	8 ,,
Lorry attenders	..	6 ,,
Parcel attenders	..	6

(*e*) *Overtime allowance.*—The Drivers and conductors are being paid overtime allowance at the rate of 1½ times their normal wages for actual hours of extra work done.

ഓവർലോഡ്

* ൪൨൧. (എ ൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ടു ബസ്സുകളിലും പ്രൈവറ്റ് സർവ്വീസ് ബസ്സുകളിലും ഓവർലോഡ് കയറുന്നതിനെ സംബന്ധിച്ചു എന്തെങ്കിലും റൂളോ സർക്കുലറൊ ഉണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(ബി) ആ റൂളിനെ അതിലംഘിച്ചു പ്രൈവറ്റ് ബസ്സുകളിൽ ഓവർലോഡ് കയറുന്നതായി ഗവൺമെണ്ടിനറിയാമോ;

(സി) അതിനെ നിയന്ത്രിക്കുന്നതിനു് ഗവൺമെണ്ടു് എന്തെങ്കിലും ചെയ്യുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്. മോട്ടോർ വെഹിക്കിൾസ് റൂൾ 341 (iv) (2).

(ബി) അറിയാം.

(സി) ഉണ്ടു്. റൂളിനെ അതിലംഘിച്ചു ഓവർലോഡ് കയററിയാൽ പ്രോസിക്യൂഷനൊ ഡിപ്പാർട്ടുമെൻറലായി വണ്ടിയുടെ പെർമിററു റദ്ദു്ചെയ്യുക, ഡ്രൈവരുടെ ലൈസൻസ്സു് റദ്ദു്ചെയ്യുക, കണ്ടക്ടരുടെ പാസ് ബുക്കു് റദ്ദു് ചെയ്യുക മുതലായ ശിക്ഷകളോ കൊടുക്കുന്നുണ്ടു്.

ഓവർലോഡ്

* ൪൨൨. (എ ൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) എക്സ്പ്രസ് ബസ്സിൽ ഓവർലോഡ് കയറുന്നതു് സംബന്ധിച്ചു എന്തെങ്കിലും സർക്കുലറൊ റൂളോ ഉണ്ടോ;

(ബി) സാധാരണ ബസ്സുകളിൽ ഓവർലോഡ് ആകാമെന്നും എക്സ്പ്രസ്സിൽ ഓവർലോഡ് പാടില്ലെന്നും വച്ചിരിക്കുന്നതു് മുതലാളിമാരായ യാത്രക്കാരുടെ സുഖസൌകര്യങ്ങൾക്കു് ഭംഗം വരരുതെന്നു ഉദ്ദേശിച്ചാണോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഓവർലോഡ് കയററാൻ പാടില്ല എന്നു റൂൾ ഉണ്ടു്.

(ബി) അല്ല.

കണ്ടക്ടർമാർ

*൪൨൯. (൧൯) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റേററ് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെണ്ടിൽ സർവ്വീസ്സുള്ള പഴയ കണ്ടക്ടർമാരുടെ ആകെ എണ്ണം എത്ര;

(ബി) ഇവരിൽ ആരെയെങ്കിലും ചെക്കിംഗ് ഇൻസ്പെക്ടറന്മാരായി പ്രമോട്ടു ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൨൧.

(ബി) ഇല്ല.

പുതിയ റോഡുകൾ

*൪൩൦. (൨൩) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ കഴിഞ്ഞ വർഷത്തിലെ പുതിയ റോഡുകൾക്കു എത്ര സംഖ്യ അനുവദിച്ചിരുന്നു;

(ബി) അതു മുഴുവൻ ചിലവു ചെയ്തോ;

(സി) സംഖ്യ പോരാതെ പൂർത്തീകരിക്കാത്ത റോഡുകൾക്കു വരുന്ന കൊല്ലത്തെ ബഡ്ജററിൽ വക കൊള്ളിക്കുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൯൫൦—൫൧-ലെ ബഡ്ജററിൽ ഗതാഗതങ്ങൾ എന്ന ഇനത്തിൽ രണ്ടാം ഭാഗം പുതിയ ജോലികൾക്കായി നീക്കിവച്ചിരുന്ന തുക ൨൧,൧൭,൯൦൦ രൂപയാകുന്നു.

(ബി) ഈ തുക ഇനിയും മുഴുവൻ ചിലവായിട്ടില്ല. ബഡ്ജററ് വർഷാവസാനത്തോടുകൂടി മുഴുവൻ ചിലവാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) ഈ വർഷം പൂർത്തിയാക്കാൻ സാധിക്കില്ലെന്നു പ്രതീക്ഷിക്കുന്ന ജോലികൾക്കെല്ലാമായി ൫൧—൫൨-ലെ ബഡ്ജററിൽ കഴിയുന്നത്ര തുക അതിലേക്കു നീക്കിവെച്ചിട്ടുള്ള ഗ്രാൻറിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഭൂതത്താൻകെട്ടണ

*൪൩൧. (൩൫) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

പെരിയാററിൽ കെട്ടുവാനുദ്ദേശിക്കുന്ന ഭൂതത്താൻ കെട്ടണയുടെ പണി എന്നാരംഭിക്കും; ആ അണയുടെ പണിക്കു ഉദ്ദേശം എന്തു ചിലവുവരും?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഈ പദ്ധതി ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്. പണി എന്നാരംഭിക്കുമെന്നു ഇപ്പോൾ പറവാൻ നിവൃത്തിയില്ല. പദ്ധതിക്കു ഉദ്ദേശം ൩൫൭ ലക്ഷം ഉറപ്പിക ചിലവുവരും.

വൈസ് ചാൻസലർ

*൪൩൨. (൪൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈസ് ചാൻസലർ ശ്രീ. നന്ദൻമേനോൻ തൽസ്ഥാനം രാജി വെച്ചുകൊണ്ടുള്ള എഴുത്തു ഗവമ്മെണ്ടിലേക്ക് സമപ്പിച്ചു എന്നു കേൾക്കുന്നതിൽ വല്ല വാസ്തവവുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) പകരം ആരെയാണ് നിയമിക്കുവാൻ ഉദ്ദേശിക്കുന്നതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവമ്മെണ്ടിലേക്ക് സമപ്പിച്ചില്ല. രാജി സമപ്പിച്ചതു് ചാൻസലർ തിരുമനസ്സിലേക്കാണ്.

(ബി) ഗവമ്മെണ്ടിനെ അറിയിച്ചിട്ടില്ല.

(സി) ആ കാര്യം തീരുമാനിച്ചിട്ടില്ല.

പണിമുടക്കുകളും ലാക്കൗട്ടുകളും

*൪൩൩. (൪൮) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ.—

പണിമുടക്കുകളും ലാക്കൗട്ടുകളും അസാദ്ധ്യമാക്കിത്തീക്കുന്ന ഒരു ഉത്തരവ് കമ്മ്യൂണിസ്റ്റ് ചൈനാ ഗവമ്മെണ്ട് പുറപ്പെടുവിച്ചിരിക്കുന്നതായും, ആ ഉത്തരവ് ഏതുപ്രകാരമെന്നു വിവരിച്ചും ൧൯൫൦ നവമ്പർ ൩൦-ാംനു-യിലെ മലയാളമനോരമയിൽ പ്രസിദ്ധം ചെയ്തിരുന്ന വാത്ത ഗവമ്മെണ്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

ഉണ്ട്.

ഇൻഡ്യാഗവമ്മെണ്ടിലേക്ക് തടി

*൪൩൪. (൪൯) സാഹിബ് ബഹദൂർ വി. ചേലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വനംവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.

തിരു-കൊച്ചി സംസ്ഥാനത്തിൽനിന്നും കുറെ മരം ഇൻഡ്യാ ഗവമ്മെണ്ടിലേക്ക് കൊടുക്കാമെന്നു ഇയ്യിടെ വല്ല കരാറും ഉണ്ടായിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇന്ത്യാഗവമ്മെണ്ടിന്റെ സപ്ലൈ വകുപ്പിലെ ആവശ്യത്തിലേക്ക് ൪൭൫൦ ടൺ പാഴ് മരപ്പലക (softwood planks) വില്ക്കുന്നതിനു് ൧൯൫൦-ൽ ഒരു കരാറിൽ ഏപ്പെട്ടിട്ടുണ്ട്.

KOTTAPADY PRIMARY SCHOOL

*435. (60) **Sri. N. P. Verghese:** Will the Hon'ble Minister for Education be pleased to state. –

(*a*) whether the people of North Kottapady in Muvatupuzha taluk applied for a primary school in North Kottapady in 1121.

(*b*) whether Government agreed to sanction the school if the people put up the necessary building;

(*c*) whether the people put up a building and offered to surrender it to Government in 1125 Medam:

(*d*) is it a fact that the South Kottapady school has 14 classes and 900 pupils and the school building could not accommodate all the pupils?

Minister for Education, Food and Labour (**Sri. T. K. Narayana Pillai**):

(*a*) Yes.

(*b*) Yes.

(*c*) Yes. It was however too late in the year to open the school.

(*d*) The school has only 13 class divisions and a total strength of 480 pupils.

PRIMARY SCHOOL TEACHERS

***436.** (62) **Sri. P. K. Krishnankutty Menon:** Will the Hon'ble Minister for Education and Labour be pleased to state.—

(*a*) whether the salary and service conditions of primary school teachers in the Travancore and Cochin areas of the State are the same; and

(*b*) if not whether the Government intends to evolve a uniform scheme in regard to their salary and service and if so, when?

Minister for Education, Food and Labour (**Sri. T. K. Narayana Pillai**):

(*a*) No.

(*b*) Yes. The matter is under consideration.

Unstarred questions posted for Answer on 10th March 1951

ഇലക്ട്രിക്ക് ലയിൻ

൨൧. (ന) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പറവൂർ പട്ടണത്തിന്റെ തെക്കെ അതൃത്തിവരെ ഇട്ടിരിക്കുന്ന ഇലക്ട്രിക്ക ലയിൻ കോട്ടുള്ളിവഴി വരാപ്പുഴയ്ക്ക് നീട്ടി പൊതുജനങ്ങളുടെ ആവശ്യം സാധിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ലഭിക്കയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) ലയിൻ നീട്ടുന്നതിലേക്ക ഒരു എസ്റ്റിമേററ് അനുവദിച്ചിട്ടുണ്ട്.

കുററപ്പുഴ തോടിന്റെ പണി

൨൨. (ര) ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിലുള്ള കുററപ്പുഴ തോടിന്റെ പണി എന്നാണ് ആരംഭിച്ചതു്;

(ബി) എന്നു പണി തീരുമെന്നാണ് പ്രതീക്ഷിക്കുന്നതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) കുററപ്പുഴ തോടു് ൩—൩—൧൯൨൬-ൽ വെട്ടാൻ ആരംഭിച്ചു

(ബി) എന്നു തീരുമെന്നു ക്ലിപ്തമായി പറയുവാൻ നിവൃത്തിയില്ല. ഇതിന്നു ആവശ്യമായ സ്ലൂസ് റഗുലേററുകൾ (Sluice regulators) കിട്ടുവാനുള്ള താമസംകൊണ്ടാണു് ജോലി പൂർത്തിയാക്കുവാൻ സാധിക്കാതിരിക്കുന്നതു്.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Thursday, *the 15th March 1951*

Vol. III] **OFFICIAL REPORT** **[No. 7**

The Assembly met in the Legislative Chamber, Public Offices, Trivandrum, at eleven of the clock on Thursday, the 15th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

Oral Answers

ലൈവ്സ്റ്റാക്ക്

*൪൩൧. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലൈവ്സ്റ്റാക്കിന്റെ നില അഭിവൃദ്ധിപ്പെടുത്തുന്നതിന് ഗവമ്മെണ്ടിനു് വല്ല പരിപാടിയുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു്;

(സി) പരിപാടി നടപ്പിൽ വരുത്തുവാൻ എന്തു നടപടി ഇതിനകം നടത്തിയിട്ടുണ്ടു്;

(ഡി) ഈ സംസ്ഥാനത്തുള്ള ലൈവ്സ്റ്റാക്കിന്റെ കണക്കു് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(*b*) (1) Pilot Key Village Scheme for cattle improvement. (2) Poultry development scheme. (3) Goat improvement scheme.

(സി) ഈ പദ്ധതികൾ എല്ലാം ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിനു് പരിശോധനക്കു് അയക്കുകയും അവരുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടു്. അവ ഉടനെ നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭനടപടികൾ എടുത്തുവരികയാണു്.

(ഡി) ഉണ്ടു്.

(ഇ) ൪൨,൨൩,൭൭൧.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഗവമ്മെണ്ടു് എടുത്തിട്ടുള്ള പ്രാരംഭനടപടികളുടെ രൂപം എന്താണെന്നു പറയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിലേക്ക് ആവശ്യമുള്ള കേന്ദ്രങ്ങൾ തെരഞ്ഞെടുത്തുകഴിഞ്ഞിട്ടുണ്ട്. കൂടാതെ പുതിയ തരത്തിലുള്ള കന്നുകാലികളെ വരുത്തുന്നതിനും വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. കെ. രാമകൃഷ്ണപിള്ള : ഇതിലേക്കവേണ്ടി എത്ര കേന്ദ്രങ്ങളാണ് ഇപ്പോൾ തെരഞ്ഞെടുത്തിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള : തല്ക്കാലം രണ്ടു കേന്ദ്രങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

ശ്രീ. കെ. രാമകൃഷ്ണപിള്ള : അവ ഏതെല്ലാമാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : ഒന്ന് തിരുവനന്തപുരത്ത് ഉള്ളൂര് എന്ന സ്ഥലത്തും മറ്റൊന്ന് തൃശ്ശൂരുമാണ്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : ഇതിന്റെ ചിലവിലേക്കായി ഇൻഡ്യാഗവമെണ്ടിൽനിന്നും വല്ല സഹായവും ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്. പകുതി ചിലവ് ഇൻഡ്യാഗവമെണ്ടാണ് വഹിക്കുന്നത്.

ശ്രീ. സി. വി. ഇയ്യു : കൃത്രിമോല്പാദനം പ്രചരിപ്പിക്കുന്നതിന് ഗവമെണ്ടിൽനിന്നും വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു ഇപ്പോൾ എറണാകുളത്ത് നടത്തുന്നുണ്ട്. തിരുവനന്തപുരത്തും അതു തുടങ്ങുന്നതിന് തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്.

GUNS IN POLICE CUSTODY

*438. [2] **Sri. D. Gnanasigamoni :** Will the Hon'ble Chief Minister be pleased to state.—

(*a*) the number of guns deposited in police stations in the Trivandrum District pursuant to a Government Order in 1122 to that effect;

(*b*) the number of guns returned to owners since then;

(*c*) whether Government propose to return the rest to the respective owners; and

(*d*) whether the guns in police custody are properly cared for or allowed to rust?

Chief Minister **(Sri. C. Kesavan) :**(*a*) 726;

(*b*) 207;

(*c*) In deserving cases guns under deposit will be returned on application by owners;

(*d*) Yes; they are properly cared for.

Sri. D. Gnanasigamoni : May I know the reasons that led Government to make an order for the deposit of guns?

Sri. C. Kesavan : That is a periodical necessity. Owing to political disturbances, guns may not have been returned to the owners.

Sri. D. Gnanasigamoni : In a very large number of cases do the Government know that guns owned by owners are needed by them for protecting their forest areas and for other kinds of protection?

Sri. C. Kesavan : Yes. I am also an owner of a gun like that.

Sri. D. Gnanasigamoni : Are the Government aware that in spite of applications from owners, guns have not been returned to them?

Sri. C. Kesavan : In many cases, they have been returned to the owners on application and for obvious reasons some guns may not have been returned.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഈ തോക്കുകൾ പോലീസ്സ്റ്റേഷനിൽ ഇരിക്കുമ്പോൾ അവ ഉപയോഗിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥന്മാർക്ക് അധികാരമുണ്ടോ?

ശ്രീ. സി. കേശവൻ: തീർച്ചയായിട്ടും ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അർഹതയുള്ള കേസുകളിൽ തോക്കുകൾ തിരിച്ചു കൊടുക്കുന്നതാണെന്നു പറഞ്ഞു. അർഹത ഉണ്ടോ ഇല്ലയോ എന്നു നിശ്ചയിക്കുന്നതു് ആരാണ്?

ശ്രീ. സി. കേശവൻ: അതു ലൈസൻസിംഗ് അതാറിട്ടിയാണ്.

ശ്രീ. പി. എം. വർഗ്ഗീസ്: പൊലീസ്സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള തോക്കുകൾ സൂക്ഷ്മക്കേടുകൊണ്ടു് കേടുവന്നുപോയാൽ അതിന് ഗവമ്മെണ്ടിൽനിന്നും നഷ്ടപരിഹാരം കൊടുക്കുമോ?

ശ്രീ. സി. കേശവൻ: സൂക്ഷ്മക്കേടുകൊണ്ടു് തോക്കുകൾക്ക് കേടുവന്നതായി അറിവില്ല. അവ ശരിയായിത്തന്നെ സൂക്ഷിക്കുന്നുണ്ടു്.

ശ്രീ. പി. എം. വർഗ്ഗീസ്: പൊല്ലീസ്സ്റ്റേഷനിലിരുന്നു തോക്കുകൾ കേടു സംഭവിച്ചുപോകാതെയെങ്കിലും അവ അതിന്റെ ഉടമസ്ഥന്മാർക്ക് തിരിച്ചു കൊടുത്തുകൂടേ?

ശ്രീ. സി. കേശവൻ: പൊല്ലീസ്സ്റ്റേഷനുകളിൽ തോക്കുകൾ ശരിയായി സൂക്ഷിച്ചിട്ടുണ്ടു്. സൂക്ഷ്മക്കേടുകൊണ്ടു് തോക്കുകൾക്ക് യാതൊരു കേടും വരുന്നതല്ല.

ശ്രീ. പി. എം. വർഗ്ഗീസ്: ചീത്തയായിപ്പോകുന്ന തോക്കുകൾ അവയുടെ കേടുതീർക്കുവാൻ ഉടമസ്ഥന്മാരെ അനുവദിക്കുമോ?

ശ്രീ. സി. കേശവൻ: തോക്കുകൾ നന്നാക്കണമെന്നുള്ളവർ ആവശ്യപ്പെട്ടാൽ സ്റ്റേഷനിൽവച്ചുതന്നെ അതു ചെയ്യുന്നതിന് അനുവാദം കൊടുക്കുന്നതാണ്.

Sri. Eapen Arakkal: May I know, whether it is true that such guns have been sold in auction?

Sri. C. Kesavan: Not these guns, but others which have not been owned by anybody.

ശ്രീ. സി. വി. ഇട്ടൂപ്പ്: രാഷ്ട്രീയവൻതോക്കുകൾ വല്ലതും പൊല്ലീസ് കസ്റ്റടിയിലുണ്ടോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം ഉത്തരം അർഹിക്കുന്നില്ല.

ശ്രീ. ഏ. താണുപിള്ള: അഞ്ഞൂററിൽ ചില്വാനം തോക്കുകൾ തിരിയെ കൊടുക്കാനുള്ളതിൽ എത്ര തോക്കുകൾക്ക് അപേക്ഷ കിട്ടിയിട്ടുണ്ടു്?

ശ്രീ. സി. കേശവൻ: അതു നോട്ടീസുകൂടാതെ പറയുവാൻ സാധ്യമല്ല.

Sri. N. P. Verghese: Sir, I may be permitted to put the questions standing in the name of Sri. V. K. Verghese.

Mr. Speaker: Usually it is better that previous instruction is given by any member who wants to put a question standing in the name of a member who is absent. In this case however I allow the hon'ble Member to put the questions standing in the name of Sri. V. K. Verghese.

Sri. N. P. Verghese: Question No. 3, Sir.

പുകയില വില്പന നികുതി

* ൩ നം. (൧) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ —

പുകയിലയ്ക്കു് നാലണ വില്പനനികുതിയാക്കിയതിനുശേഷം മുൻപുണ്ടായിരുന്ന മൂന്നു പൈസാ വില്പനനികുതി നിലവിലുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) : മൂന്നുപൈസവീതം വില്പനനികുതി ഈടാക്കിക്കൊണ്ടിരുന്നതു് നിറുത്തലാക്കിയിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദു് : ഇതിൽനിന്നും പ്രതീക്ഷിച്ചപോലെയുള്ള തുക ഇപ്പോൾ ഈടാകുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ : അതിന്റെ ശരിയായ കണക്കുകൾ ഇതുവരെ കിട്ടിയിട്ടില്ല. മിക്കവാറും പ്രതീക്ഷിച്ചപോലെതന്നെ കിട്ടുമെന്നാണു് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള : മൂന്നുപൈസ നികുതി നിറുത്തലാക്കിയതു് ഏതു തീയതിക്കാണു്?

ശ്രീ. എ. ജെ. ജോൺ : ൧൯൫൧ ഫെബ്രുവരി ൧൫-ാംനു-യിലാണു്.

ശ്രീ. സി. വി. ഇയ്യു : മദ്രാസു് മുതലായ മററു സംസ്ഥാനങ്ങളിലെങ്ങും ഇല്ലാത്ത ഇങ്ങനെ ഒരു നികുതിഭാരം ഇവിടത്തെ ജനങ്ങളുടെമേൽ കെട്ടിവയ്ക്കുന്നതുകൊണ്ടു് ഇവിടത്തെ സാധുക്കളായ ആളുകൾക്കു് വളരെ കഷ്ടതയുണ്ടെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ : അത്ര വളരെ കഷ്ടതയുള്ളതായി ഗവമ്മേണ്ടിനു് ബോദ്ധ്യമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : ഒരു പായിൻറിൽ കൂടുതൽ നികുതി ഈടാക്കിവരുന്നു എന്നു് ചങ്ങനാശേരിയിൽനിന്നും പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഒരു പായിൻറിൽ കൂടുതൽ നികുതി ഈടാക്കാവുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : എത്ര പായിൻറുവരെ ഈടാക്കാമെന്നു വല്ല ക്ലിപ്തവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ : നാലണ നിരക്കു് ഒരു പായിൻറിൽ ഈടാക്കാവൂ. മൂന്നുപൈസയായിരുന്നപ്പോൾ രണ്ടോ മൂന്നോ പായിൻറിൽ ഈടാക്കാമായിരുന്നു. അതിപ്പോൾ നിറുത്തലാക്കിയിരിക്കുകയാണു്.

സാഹിബ് ബഹദൂർ മുഹമ്മദു് മുസ്തഫാ : മൂന്നുപൈസ ഈടാക്കികൊണ്ടിരുന്നതു് നിറുത്തിയതിനുശേഷവും ചില സ്ഥലങ്ങളിൽ അതു ഈടാക്കിയിട്ടുള്ളതു് അറിഞ്ഞുകൊണ്ടുതന്നെയാണോ, അതോ പിശകായിട്ടാണോ? .

ശ്രീ. എ. ജെ. ജോൺ : ൧൯൫൧ ഫെബ്രുവരി ൧൫-ാംനു-ക്കുശേഷം അങ്ങിനെ ഈടാക്കിയിട്ടുണ്ടെങ്കിൽ അതു പിശകായിട്ടാണു്.

സാഹിബ് ബഹദൂർ മുഹമ്മദു് മുസ്തഫാ : അങ്ങിനെ പിശകായി ഈടാക്കിയിട്ടുള്ള തുക തിരിച്ചുകൊടുക്കാൻ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

Mr. Speaker: The member may put a separate question.

സാഹിബ് ബഹദൂർ മുഹമ്മദു് മുസ്തഫാ : പിശകായി ഈടാക്കിയിട്ടുള്ളതാണെന്നു ഗവമ്മേണ്ടിനു് ബോദ്ധ്യപ്പെട്ടാൽ അതു തിരിച്ചുകൊടുക്കേണ്ടതല്ലേ?

മിസ്റ്റർ സ്പീക്കർ : അതു പിശകായി ഈടാക്കിയിട്ടുണ്ടെന്നു് ബോദ്ധ്യപ്പെട്ടതിനുശേഷമുള്ള കാര്യമാണു്. അങ്ങിനെ ഉണ്ടെന്നു പറഞ്ഞില്ല.

സാഹിബ് ബഹദൂർ കെ. ഏ. മുഹമ്മദ്: പുകയിലയെ സംബന്ധിച്ചിട ത്തോളം നാലണവീതമുള്ള നികുതി ഈടാക്കുന്നതിന് എക്സൈസ് ഡിപ്പാർട്ടു മെൻറുകാർ സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെൻറുകാരെ സഹായിക്കുന്നില്ലെന്ന് പറയുന്നതു് ശരിയാണോ?

Mr. Speaker: That is a new point not within the scope of the original question or the answers already given.

Sri. D. Gnanasigamoni: Have the Government received any representation from the public to do away with this Act?

Sri. A. J. John: No.

ശ്രീ. എം. ഐ. പോൾ: പിശകായി ഈടാക്കിയിട്ടുണ്ടോ എന്നു് ഗവർ മെണ്ടു പരിശോധിച്ചതിനുശേഷം അങ്ങിനെ ഉണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അതു തിരിച്ചുകൊടുക്കുവാൻ ഗവമെണ്ടു ഏർപ്പാടുചെയ്യുമോ?

Mr. Speaker: That is a hypothetical question which is therefore disallowed.

മുൻസിഫന്മാർ

*൪൪൦. (൪) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾ ക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) മുൻസിഫ് സ്ഥാനത്തേക്കു് എത്രപേരെ ൧൯൫൦-ൽ പബ്ലിക്കു സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്തു;

(ബി) അതിൽ എത്രപേർക്കു് ഉദ്യോഗം കൊടുത്തു;

(സി) എന്തു കാരണത്തെ അടിസ്ഥാനമാക്കിയാണ് തിരഞ്ഞെടുത്തവരു ടെ സംഖ്യ ക്ലിപ്തപ്പെടുത്തിയതു്;

(ഡി) തിരഞ്ഞെടുക്കപ്പെട്ടവരിൽ ആർക്കെങ്കിലും ഉദ്യോഗം ലഭിക്കുന്നതി നുമുൻപു ൩൫ വയസ്സു പൂർത്തിയായാൽ നിയമനം ലഭിക്കുന്നതിനുള്ള അവരുടെ അവകാശം നഷ്ടപ്പെടുമോ;

(ഇ) തിരഞ്ഞെടുക്കപ്പെട്ടവക്കു് നിയമനത്തിനുള്ള അവകാശത്തിന് എ ന്തെങ്കിലും കാലക്ലിപ്തത ഉണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൨൨.

(ബി) ൨.

(സി) പലപ്പോഴുമായി ആ സ്ഥാനത്തേക്കുള്ള ഒഴിവുകളിൽ നിയമിക്കു ന്നതിനുവേണ്ടിയാണ് ൨൨ പേരെ തെരഞ്ഞെടുത്തിട്ടുള്ളതു്.

(ഡി) ഇല്ല.

(ഇ) ഇല്ല.

ശ്രീ. എ. താണുപിള്ള: എപ്പോഴാണ് ഈ ൨൨ പേരെ തെരഞ്ഞെടുത്ത തു് എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ഏകദേശം രണ്ടുമാസം മുമ്പാണ്.

ശ്രീ. എ. താണുപിള്ള: തെരഞ്ഞെടുത്തകാലത്തു ആ തീയതിമുതൽ ഒരു കൊല്ലത്തിനകം എത്ര ഒഴിവുകൾ വരുമെന്നാണ് ഉദ്ദേശിച്ചിരുന്നതു്?

ശ്രീ. എ. ജെ. ജോൺ: അതിൻെറ കണക്കുകൾ ഇപ്പോൾ എൻെറ കൈ വശം ഇല്ല.

ശ്രീ. എ. താണുപിള്ള: ഉദ്ദേശമായിട്ടെങ്കിലും പറയാൻ സാധിക്കയില്ലേ?

ശ്രീ. എ. ജെ. ജോൺ: ഒരു നാലോ അഞ്ചോ ഒഴിവുകൾ വരുമെന്നാണ് ഉദ്ദേശിച്ചിരുന്നതു്.

ശ്രീ. എ. താണുപിള്ള: നാലോ അഞ്ചോ ഒഴിവുകളേ ഉണ്ടാവുകയുള്ളു എന്നിരിക്കെ ൧൨ പേരെ തെരഞ്ഞെടുക്കാനുണ്ടായ കാരണം എന്താണു്?

ശ്രീ. എ. ജെ. ജോൺ: ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ചാണു് ൧൨ പേരെ തെരഞ്ഞെടുത്തതു്.

ശ്രീ. എ. താണുപിള്ള: ൧൨ പേരെതന്നെ തെരഞ്ഞെടുക്കണമെന്നുള്ളതിനു് ഹൈക്കോടതി എന്തു കാരണമാണു് പറഞ്ഞിട്ടുള്ളതു്? അതിനെന്തെങ്കിലും കാരണം ഹൈക്കോടതി പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കാരണം പറഞ്ഞിട്ടുണ്ടായിരിക്കും. അതു് ഫയൽ നോക്കാതെ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. എ. താണുപിള്ള: ഈ ൧൨ പേർക്കും ജോലി കൊടുക്കേണ്ടതു ഇത്ര കാലത്തിനകത്തു വേണമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ജോലി കൊടുക്കുന്നതു ഒഴിവുകൾ വരുന്നതിനെ അനുസരിച്ചായിരിക്കും.

ശ്രീ. എ. താണുപിള്ള: ഈ ൧൨ പേർക്കും ഉദ്യോഗം കൊടുക്കുന്നതിനുമുമ്പു മററാരെയെങ്കിലും ഗവമ്മെണ്ടു് നിയമിക്കുമോ?

ശ്രീ. എ. ജെ. ജോൺ: ഗവമ്മെണ്ടല്ല നിയമിക്കുന്നതു്. രാജപ്രമുഖന്റെ അനുവാദത്തോടുകൂടി ഹൈക്കോടതിയുടെ ശുപാർശ പ്രകാരം പബ്ലിക്കു് സർവ്വീസ് കമ്മീഷനാണു് ആളുകളെ തെരഞ്ഞെടുക്കുന്നതു്. രാജപ്രമുഖനാണു് നിയമനങ്ങൾ നടത്തുന്നതു്.

ശ്രീ. എ. താണുപിള്ള: നിയമനാധികാരി ആരായിരുന്നാലും ഈ ൧൨ പേരെ നിയമിക്കുന്നതിനുമുമ്പു മററാരെയെങ്കിലും നിയമിക്കുമൊ എന്നാണു് എനിക്കറിയേണ്ടതു്?

ശ്രീ. എ. ജെ. ജോൺ: ഈ ൧൨ പേരേയും നിയമിക്കുന്നതിനുമുമ്പു മററാരേയും നിയമിക്കരുതെന്നാണു് ഉദ്ദേശം.

ശ്രീ. എ. താണുപിള്ള: ഈ ൧൨ പേർക്കു് നിയമനം കിട്ടുന്നതിനു എത്ര കാലം വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതു് ഒഴിവുകൾ ഉണ്ടാകുന്നതിനെ ആശ്രയിച്ചാണിരിക്കുന്നതു്.

ശ്രീ. സി. വി. ഇയ്യു: ഹൈക്കോടതി ജഡ്ജിമാരിൽ ആരുടെയെങ്കിലും സാന്നിദ്ധ്യത്തിലാണൊ ഈ തെരഞ്ഞെടുപ്പു നടത്തിയിട്ടുള്ളതു്?

ശ്രീ. എ. ജെ. ജോൺ: ജഡ്ജി മി. ശങ്കരൻകൂടി ഉണ്ടായിരുന്നു.

ചീഫ് സെക്രട്ടറിയുടെ നിയമനം

*൪൪൧. (൭) ശ്രീ. വി. കെ. വറ്ഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ചീഫ് സെക്രട്ടറിയുടെ നിയമനത്തിൽ ഇൻഡ്യാ ഗവമ്മെണ്ടിനു് എന്തെങ്കിലും അധികാരമൊ നിയന്ത്രണമൊ ഉണ്ടോ;

(ബി) ചീഫ് സെക്രട്ടറിക്കു ഇപ്പോൾ രണ്ടുവർഷം കാലാവധി നീട്ടികൊടുത്തിട്ടുണ്ടോ;

(സി) അതു് ആരുടെ ആവശ്യപ്രകാരമാണു്;

(ഡി) ചീഫ് സെക്രട്ടറിക്കു ൧൯൫൦-ൽ സഞ്ചാരപ്പടിയായി എത്ര രൂപാ ഗവമ്മെണ്ടിനു് ചെലവായി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഈ ഗവൺമെന്റിന്റെ ആവശ്യപ്രകാരം.

(ഡി) ൪,൪൭൫ രൂപ ൪ അണ.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ നാട്ടുകാരെ ആരേയും ചീഫ് സെക്രട്ടറിയായി വച്ചുകൊണ്ടിരിക്കാൻ പാടില്ലെന്നു ഇൻഡ്യാ ഗവൺമെന്റിൽനിന്നും നിർദ്ദേശമുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങിനെയുള്ള യാതൊരു നിർദ്ദേശവുമില്ല.

ശ്രീ. സി. വി. ഇയ്യു: ചീഫ് സെക്രട്ടറി ഈ നാട്ടുകാരനല്ലേ?

ശ്രീ. സി. കേശവൻ: അതെനിക്കറിവില്ല. അന്വേഷിച്ചു പറയാം.

ശ്രീ. സി. വി. ഇയ്യു: എന്നാൽ ചീഫ് സെക്രട്ടറി കൊച്ചിക്കാരനാണെന്നുള്ള വിവരം ഞാൻ ഗവൺമെന്റിനെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. താണുപിള്ള: ചീഫ് സെക്രട്ടറിയുടെ നിയമനത്തെ സംബന്ധിച്ചിടത്തോളം ഇൻഡ്യാ ഗവൺമെന്റിനു് എന്തെല്ലാം നിയന്ത്രണങ്ങളും അധികാരങ്ങളുമാണുള്ളതു്?

ശ്രീ. സി. കേശവൻ: പാർട്ട് ബി സംസ്ഥാനങ്ങളും ഇൻഡ്യാ ഗവൺമെന്റും തമ്മിൽ ഇതുസംബന്ധിച്ചു് ചില ധാരണകൾ ഉണ്ട്. അവ ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്. അതനുസരിച്ചു് ചില കാര്യങ്ങളിൽ, അതായതു് സംസ്ഥാനത്തിലെ ചീഫ് സെക്രട്ടറി തുടങ്ങിയുള്ള ചില ഉദ്യോഗങ്ങളിൽ നിയമനങ്ങൾ നടത്തുന്നതിനു ഇൻഡ്യാ ഗവൺമെന്റിന്റെ അനുമതികൂടി ആവശ്യമുള്ളതുകൊണ്ട് അതനുസരിച്ചാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: അതു് ഏതെല്ലാം ഉദ്യോഗങ്ങളെ സംബന്ധിച്ചാണെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതു ചീഫ് സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി റവന്യൂ ബോർഡിലെ പ്രഥമാംഗം, ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസ് എന്നീ ഉദ്യോഗങ്ങളെ സംബന്ധിച്ചാണ്.

ശ്രീ. എ. താണുപിള്ള: ഈ ഉദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യാ ഗവൺമെന്റ് പറയുന്ന ആളുകളെ നിയമിച്ചുകൊള്ളണമെന്നാണൊ അതല്ല നിയമിക്കുന്നതിനുമുമ്പ് അവരുടെ അനുവാദം വാങ്ങിയിരിക്കണമെന്നാണൊ കരാറ്?

ശ്രീ. സി. കേശവൻ: അതു പറയാം.

"Their appointments will continue to be made with the prior approval of the Government of India." എന്നാണ് പറഞ്ഞിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള: ഭരണഘടനയിലെ ഏതു വ്യവസ്ഥകൾ അനുസരിച്ചാണ് ഈമാതിരി ഒരു ഉടമ്പടി രണ്ടു ഗവൺമെന്റുകളും തമ്മിൽ ഉണ്ടാക്കിയിരിക്കുന്നതു്?

Mr. Speaker: It is equally open to the member to find it out.

Sri. A. Thanu Pillai: But I have not been able to find that out and so I put the question.

Mr. Speaker: Anyway that is not a question of ;fact exclusively within the dministrative responsibility of the Minister.

ശ്രീ. എ. താണുപിള്ള : ഇങ്ങനെ ഒരു ഉടമ്പടി ഉണ്ടാക്കിയതു ഈ ഗവമ്മെണ്ടിന്റെ ആവശ്യപ്രകാരമാണോ ഇൻഡ്യാ ഗവമ്മെണ്ടിന്റെ ആവശ്യപ്രകാരമാണോ ?

ശ്രീ. സി. കേശവൻ : ഇൻഡ്യാ ഗവമ്മെണ്ടിന്റെ ആവശ്യപ്രകാരമായിരിക്കണം. ഈ കരാറ് എല്ലാ പാർട്ട് ബി സംസ്ഥാനങ്ങളേയും ബാധിക്കുന്നതാണ്. ഇവിടത്തേക്ക് മാത്രമായിട്ടുള്ളതല്ല.

ശ്രീ. എ. താണുപിള്ള : ഈ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം നിശ്ചയിക്കുന്നതു് ഈ ഗവമ്മെണ്ടാണൊ ഇൻഡ്യാ ഗവമ്മെണ്ടാണോ ?

ശ്രീ. സി. കേശവൻ : അതു് ഈ ഗവമ്മെണ്ടുതന്നെയാണ്.

ശ്രീ. എ. താണുപിള്ള : ഇന്നതുക ശമ്പളമായി കൊടുക്കണമെന്നു ഇൻഡ്യാ ഗവമ്മെണ്ടിൽനിന്നും പറയാറുണ്ടോ ? പറയുന്ന തുക കൊടുക്കണമെന്നു നിർബ്ബന്ധമുണ്ടോ ?

ശ്രീ. സി. കേശവൻ : നമുക്കിഷ്ടമില്ലെങ്കിൽ ആ ശമ്പളം കൊടുക്കണമെന്നില്ല. പക്ഷെ നമുക്കിഷ്ടമുള്ള ആളെ വേണമെങ്കിൽ പറയുന്ന ശമ്പളം കൊടുക്കേണ്ടിവരും. അല്ലെങ്കിൽ ആ ആളെ കിട്ടുകയില്ലെന്നേ ഉള്ളു.

Sri. P. S. Nataraja Pillai : May I know whether it is under Section 376 of the Constitution these powers are exercised by the Government of India ?

Mr. Speaker : It is a matter for interpretation.

Sri. P. S. Nataraja Pillai: May I know, has the agreement been entered into ?

Mr. Speaker : The fact is there. You may find out the Article yourself, and learn which is applicable.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : സഞ്ചാരപ്പടി എന്താവശ്യത്തിനാണ് ?

ശ്രീ. സി. കേശവൻ : സഞ്ചാരത്തിനു തന്നെയാണ്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : എന്തു കാര്യത്തിനു പോയിട്ടുള്ളതിനാണ് ഈ സഞ്ചാരപ്പടി കൊടുത്തിട്ടുള്ളതു് ?

ശ്രീ. സി. കേശവൻ : പല കാര്യങ്ങൾക്കും പോയിട്ടുള്ളതിനാണ്. ഈ ഗവമ്മെണ്ടിന്റെ ബിസിനസ്സ് ഫേംസിന്റെ പല കാരണങ്ങൾക്കുംവേണ്ടി ചീഫ് സെക്രട്ടറിക്കു യാത്ര ചെയ്യേണ്ടിവന്നിട്ടുണ്ട്. അതിനെല്ലാംകൂടി വന്നിട്ടുള്ളതാണ് ഈ സഞ്ചാരപ്പടി.

ശ്രീ. എ. കെ. പാച്ചുപിള്ള : ചീഫ് സെക്രട്ടറി അവധിക്കപേക്ഷിച്ചിരിക്കുന്നതു് ഇൻഡ്യാ ഗവമ്മെണ്ടിനോടൊ ഈ ഗവമ്മെണ്ടിനോടോ ?

ശ്രീ. സി. കേശവൻ : ഈ ഗവമ്മെണ്ടിനോടാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള : എത്ര നാളത്തേക്കാണ് അവധിക്കപേക്ഷിച്ചിട്ടുള്ളതു് ?

ശ്രീ. സി. കേശവൻ : രണ്ടോ മൂന്നോ മാസത്തേക്കാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള : അവധി അനുവദിച്ചുവോ ?

ശ്രീ. സി. കേശവൻ : ഇൻഡ്യാ ഗവമ്മെണ്ടിനോട് ആലോചിച്ചതിനു ശേഷമെ അവധി അനുവദിക്കുവാൻ നിവൃത്തിയുള്ളു.

ശ്രീ. കെ. ആർ. ഇലങ്കത്തു് : ഇന്നത്തെ ചീഫ് സെക്രട്ടറിയെ ഇവിടത്തെ ഗവമ്മെണ്ടിന്റെ ആവശ്യം അനുസരിച്ചു നിയമിച്ചിട്ടുള്ളതൊ അതോ ഇൻഡ്യാ ഗവമ്മെണ്ടിന്റെ ആവശ്യമനുസരിച്ചു നിയമിച്ചിട്ടുള്ളതോ ?

ശ്രീ. സി കേശവൻ: ഈ ഗവമ്മെണ്ടിന്റെ ആവശ്യപ്രകാരം നിയമിച്ചിട്ടുള്ളതാണ്.

ശ്രീ. ഏ. താണുപിള്ള: രണ്ടുവർഷം നീട്ടിക്കൊടുത്തതു് ഇൻഡ്യാ ഗവമ്മെണ്ടോ ഈ ഗവമ്മെണ്ടോ?

ശ്രീ. സി. കേശവൻ: ഇവിടത്തെ ഗവമ്മെണ്ടു് ആവശ്യപ്പെട്ടു. ഇൻഡ്യാ ഗവമ്മെണ്ടു് അനുവദിച്ചു.

ശ്രീ. സി. സി. പ്രസാദു്: അവധിക്കപേക്ഷിക്കുവാൻ ചീഫ് സെക്രട്ടറിയോടു് മന്ത്രിമാരിലാരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ലീവിനു് അപേക്ഷിക്കുന്നതു് അവരവരുടെ ഇഷ്ടപ്രകാരമാണ്.

Sri. D. Gnanasigamoni: May I know who takes the initiative in these appointments; is it the Government of India or this Government?

Sri. C. Kesavan: The Government of Travancore-Cochin.

നിരാഹാരസത്യാഗ്രഹം

*൪൪൨. (൮) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ ജനുവരി ൧-ാംനു-ക്കുശേഷം തിരുവിതാംകൂർ കൊച്ചി ജയിലുകളിൽ തടവുകാർ നിരാഹാരസത്യാഗ്രഹം തുടങ്ങിയിട്ടുണ്ടോ;

(ബി) എത്ര പ്രാവശ്യം;

(സി) ആരെല്ലാം; കാരണമെന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഒരു പ്രാവശ്യവും വിയ്യൂർ സെൻട്രൽ ജയിലിൽ രണ്ടു പ്രാവശ്യവും.

(സി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ശ്രീ. എൻ. ശ്രീകണ്ഠൻ നായരും വിയ്യൂർ ജയിലിൽ താഴെ പറയുന്ന ൧൪ പേരും.

൧. ശ്രീ. നാരായണൻനായർ, ൨. ആര്യൻനമ്പൂതിരി, ൩. അബ്ബു, ൪. മത്തായി മാഞ്ഞൂരാൻ, ൫. ചാത്തുക്കുട്ടി, ൬. ദേവസ്സിക്കുട്ടി, ൭. കെ. കെ. വാര്യർ, ൮. ശ്രീ. കോരപ്പൻ, ൯. ശ്രീ. ആറംബെട്ട്, ൧൦. പ്രഭാകരൻ, ൧൧. രവിവമ്മ, ൧൨. ശ്രീമതി പങ്കി, ൧൩. ശ്രീമതി കാളി, ൧൪. ശ്രീമതി പിലോമിന.

ശ്രീ. സി. വി. ഇയ്യു: ജയിലിൽ സമുദായപ്രാതിനിധ്യം ശരിയായി അനുഷ്ഠിക്കണമെന്നു നിയമമുണ്ടോ? (ചിരി).

Mr. Speaker: Next question.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചോദ്യം ൮-ൽ (സി) യുടെ ആൻസർ പൂർത്തിയായിട്ടില്ല. അതിന്റെ കാരണം എന്താണെന്നു പറഞ്ഞാൽ കൊള്ളാം?

Mr. Speaker: But we are now at question No. 9.

കാളറാ

*൪൪൩. (൯) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുട്ടനാട്ടിൽ കോളറാബാധിതപ്രദേശമായി ഏതെങ്കിലും സ്ഥലം ഗവമെന്റ് പ്രഖ്യാപനം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങൾ ;

(സി) കുട്ടനാട്ടിൽ കോളറാമൂലം എത്ര മരണം ഉണ്ടായി എന്നും എത്രപേ ക്ക് ആകെ കോളറാ ബാധിച്ചു എന്നും പറയുമോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം എന്നി താലൂക്കുകൾ.

(സി) ൧൭ പേർക്ക് കോളറാ ബാധിക്കുകയും ൯ പേർ മരിക്കുകയും ചെയ്തിട്ടുണ്ട്.

കോളറാ

*൪൪൪. (൧൦) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കുട്ടനാട്ടിൽ കോളറാ എവിടെനിന്നു കൊണ്ടുവന്നതാണെന്നോ എവിടെ നിന്നു പകർന്നതാണെന്നോ ഗവമെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): കുട്ടനാട്ടിൽ കോളറാ ആദ്യമായി വന്നതു ൧൧—൧൨—൧൧൨൭-ൽ ചമ്പക്കുളം കരയിലാണ്. അതിൻെറ ഉത്ഭവത്തെപ്പററി പ്രത്യേകമായ ചരിത്രമൊന്നുമില്ല.

ശ്രീമതി ദേവകീഗോപിദാസ് : അതു എങ്ങിനെയാണ് ബാധിച്ചതു എന്നു ഗവമെന്റ് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതു പകർച്ചവ്യാധിയായി വ്യാപിച്ചതായിരിക്കാം.

ശ്രീ. വി. ഗംഗാധരൻനായർ : ഈ മസ്റററിൽ എവിടെയെങ്കിലും ഹെൽത്തു സർവ്വെ നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഇല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കോളറാ എവിടെനിന്നെങ്കിലും കൊണ്ടു വരാവുന്നതാണോ ?

ശ്രീ. എ. ജെ. ജോൺ : കോളറാ ബാധിച്ച പ്രദേശങ്ങളിൽനിന്നു വല്ല ആഹാരമൊ മററൊ കഴിച്ചാൽ കോളറാ ബാധിക്കാൻ ഇടയുണ്ട്. ആ അർത്ഥത്തിലാണെങ്കിൽ കൊണ്ടുവന്നതായി കണക്കാക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള : അവിടെ കോളറാ ബാധിച്ചതു പട്ടിണിയുടെ ആധിക്യംകൊണ്ടാണെന്നു റിപ്പോർട്ടു ചെയ്തിട്ടുള്ളതു ശരിയാണോ ?

Mr. Speaker : Who reported it ?

Sri. A. K. Patchu Pillai : It was a paper report.

Mr. Speaker: Paper reports cannot be brought in here to have their truth or otherwise verified.

കോളറാ

*൪൪൫. (൧൧) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പട്ടിണികൊണ്ടും അനർഹവും അനിഷ്ടവുമായ ആഹാരംകൊണ്ടും കോളറാ ഉണ്ടാകുമോ എന്നു ഗവമെന്റ് വിദഗ്ദ്ധാഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇല്ല.

ലെവിസിസ്റ്റം

*൪ ൪ന്നു. (൧൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെല്ലുവില കൂട്ടുന്നതിനെ സംബന്ധിച്ചു തിരുവിതാംകൂർ-കൊച്ചി സ്റ്റേററിലെ പൊതുജനാഭിപ്രായം എന്താണെന്നു ഗവമെ്മണ്ടു് അന്വേഷിച്ചിട്ടുണ്ടോ;

(ബി) നെല്ലുവില കൂട്ടുന്നതു സാധാരണക്കാരനും സ്വന്തഭൂമിയില്ലാത്തവനും, തൊഴിലാളികൾക്കും സങ്കടകരമാണെന്നു ഗവമെ്മണ്ടിനറിയാമോ;

(സി) ൧൧൨൭-ൽ ഈ സ്റ്റേററിൽനിന്നും ഒരേക്കറിൽ കുറഞ്ഞ നിലമുടമസ്ഥന്മാരുടെ പക്കൽനിന്നു എത്ര നെല്ലെടുത്തു;

(ഡി) ഒരേക്കറിൽ കുറഞ്ഞ നിലമുടമസ്ഥന്മാരുടെ വകയായി എത്ര ഏക്കർ സ്ഥലം ഈ സ്റ്റേററിലുണ്ടെന്നു പറയാമോ;

(ഇ) ഒരേക്കറിൽ കൂടുതൽ നിലമുള്ളവരിൽനിന്നു ലെവിസിസ്റ്റംവെച്ചു നെല്ലെടുത്താൽ ഒരാണ്ടിൽ ഈ സ്റ്റേററിൽനിന്നു എത്ര പറ നെല്ലെടുക്കുവാൻ സാധിക്കും?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) വില്പനവിലയ്ക്കു് വ്യത്യാസം വരാത്തവിധത്തിൽ നെല്ലിന്റെ വാങ്ങുന്ന വില കൂട്ടുന്നതായാൽ അങ്ങനെ ഒരു സങ്കടത്തിനവകാശമില്ല.

(സി) പ്രത്യേകം കണക്കു് എടുത്തിട്ടില്ല. വളരെ കുറച്ചുമാത്രമെ എടുത്തിരിക്കുവാൻ തരമുള്ളു.

(ഡി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. കണക്കെടുത്തുവരുന്നുണ്ടു്.

(ഇ) കണക്കുകളെല്ലാം തിട്ടപ്പെടുത്തുന്നതുവരെ ക്ലിപ്തമായി പറയുവാൻ സാദ്ധ്യമല്ല. എന്നാൽ ഇതുവരെയും എടുത്തിരിക്കുന്നതിനേക്കാൾ അല്പമെങ്കിലും കൂടുതൽ എടുക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. മാന്നാർ ഗോപാലൻനായർ: പൊതുജനാഭിപ്രായം അന്വേഷിച്ചു എന്നു പറഞ്ഞു. അതു് എങ്ങനെയാണു് അന്വേഷിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതു രീതിയിലാണൊ പൊതുജനാഭിപ്രായം അറിയുന്നതു് ആ രീതിയിൽ ആണു് അറിഞ്ഞതു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഇപ്പോൾ നെല്ലെടുക്കുന്നതു് ലെവിസിസ്റ്റം അനുസരിച്ചാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ലെവിസിസ്റ്റം അനുസരിച്ചാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കൂടുതൽ നെല്ലെടുക്കുവാൻ സാധിക്കുമെന്നു് പ്രതീക്ഷയുള്ളതു് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതേവരെയുള്ള കണക്കിനെ അടിസ്ഥാനപ്പെടുത്തിയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതേവരെ നെല്ലെടുത്തിട്ടുള്ളതിന്റെ കണക്കുകൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇന്നലെ ൧൧ മണിവരെയുള്ള കണക്കുകൾ കിട്ടിയിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കഴിഞ്ഞകൊല്ലം ഈ കാലത്തു് എത്ര പറ നെല്ലു് കിട്ടി, ഈ സിസ്റ്റം അനുസരിച്ചു് ഇപ്പോൾ എത്ര പറ നെല്ലു് കിട്ടിയെന്നു പറയുവാൻ സാധിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞ കൊല്ലത്തിൽ കിട്ടിയതിലും കൂടുതലായി കിട്ടിയിട്ടുണ്ടു്.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: കുടിയാന്മാർ പാട്ടം പണമായി കൊടുക്കേണ്ട അവസരം വരാറില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: ആ അവസരം വരുമ്പോൾ നെല്ലുവില കൂട്ടുന്നതായാൽ കുടിയാന്മാർ കൂടുതൽ വില കൊടുക്കേണ്ടതായി വരികയില്ലേ?

(മറുപടിയില്ല)

ശ്രീ. സി. സി. പ്രസാദ്: സർ, ഇപ്പോഴത്തെ പുതിയ സിസ്റ്റം അനുസരിച്ചു് ഇനിമേലിൽ കൃഷിക്കാർക്കു് ഒരേക്കറിൽ കുറഞ്ഞ സ്ഥലം മാത്രമെ ഉണ്ടായിരിക്കുകയുള്ള എന്നു് ഗവമ്മെണ്ടു് പ്രതീക്ഷിച്ചിട്ടുണ്ടോ?

(മറുപടിയില്ല)

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ ആണ്ടിൽ കിട്ടിയിട്ടുള്ള നെല്ലു് കഴിഞ്ഞ ആണ്ടിൽ കിട്ടിയിട്ടുള്ളതിനേക്കാൾ കൂടുതലോ കുറവോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയിൽ ലെവിസിസ്റ്റത്തിനു് പൊതുവെ എതിർപ്പാണുള്ളതെന്നും അതു് സാധുകർഷകന്മാക്കു ദോഷമായി പരിണമിക്കുന്നുവെന്നും ഗവമ്മെണ്ടിനു് അറിയാമോ?

Mr. Speaker: It is an inference. The question cannot be allowed.

ശ്രീ. പി. നാണു: ഒരേക്കർ സ്ഥലമുള്ള കൃഷിക്കാരെ ലെവിസിസ്റ്റത്തിൽനിന്നു ഒഴിവാക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. ടി. വി. തേവൻ: ഒരേക്കറിൽ കൂടുതൽ ഇല്ലാത്ത കൃഷിക്കാരെ ലെവിസിസ്റ്റത്തിൽനിന്നും ഒഴിവാക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരേക്കറിൽ കുറവാണെങ്കിൽ റൂൾസു് അനുസരിച്ചേ നെല്ലു് എടുക്കുകയുള്ളു.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഒരേക്കർ നിലത്തിൽ എത്ര നെല്ലുണ്ടാകുമെന്നു ഗവമ്മെണ്ടിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നെല്ലുണ്ടാകുന്നതു് ഓരോ സ്ഥലത്തേയും സ്ഥിതിയനുസരിച്ചിരിക്കും.

എം. എൽ. എ.മാരുടെ മെമ്മോറാണ്ടം

*൪൪൭. (൧൩) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൩—൧൦—൧൯൪൯-ൽ ഈ നിയമസഭയിലെ ൧൨ സാമാജികന്മാർ ഒപ്പിട്ട ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി മുമ്പാകെ സമപ്പിച്ചിട്ടുണ്ടോ;

(ബി) അതിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ എന്തെല്ലാം;

(സി) അവയെപ്പററി ഗവമ്മെണ്ടു് എന്തു നടപടി എടുത്തു ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ഉണ്ടു്.

(ബി) മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ താഴെ പറയുന്നവയാണു്.

(൧) വെസ്റ്റ്കോസ്റ്റ് ഫിഷറീസ് കമ്പനിവക കപ്പലുകളുടെ പ്രവർത്തനം മൂലം കരക്കടുത്തുള്ള മത്സ്യംപിടുത്തക്കാർക്കുണ്ടാകുന്ന വൈഷമ്യത്തെ ഇല്ലാതാക്കുക.

(൨) മത്സ്യം പിടിക്കുന്നതിനു് ആവശ്യമായ തടികൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

(൩) മത്സ്യചാപ്പകളിൽ സൗജന്യനിരക്കിൽ ഉപ്പു് ശേഖരിക്കുക.

(൪) പുറംകടലിലേക്കു് വള്ളങ്ങൾ വലിച്ചുകൊണ്ടുപോകുന്നതിനു് ആവശ്യമായ ടഗ്ഗുകൾ കൊടുക്കുക

(൫) ബർമ്മായിലോട്ടുള്ള ചെമ്മീൻ കയററുമതി നിയന്ത്രണം നിമിത്തം ഈ സംസ്ഥാനത്തെ ചെമ്മീൻവ്യവസായികൾ അനുഭവിക്കുന്ന വിഷമതകൾക്കു പരിഹാരം കണ്ടുപിടിക്കുക.

(൬) മത്സ്യവില്പനയിലും മററും മത്സ്യതൊഴിലാളികളെ അമിതചൂഷണം ചെയ്തുവരുന്ന മദ്ധ്യവത്തികളെ ഇല്ലാതാക്കുവാൻ മത്സ്യതൊഴിലാളികളെ സംഘടിപ്പിച്ചു് പരസ്പരസഹായസംഘങ്ങൾ രൂപീകരിക്കുക.

(൭) പുറമ്പോക്കു് ജലാശയങ്ങൾ കുത്തകപാട്ടത്തിനു് കൺട്രാക്ടുമാർക്കു് കൊടുക്കാതെ ഗവമ്മെണ്ടിൽനിന്നുതന്നെ ലൈസൻസ് കൊടുത്തു് നടത്താനായി നടപടി എടുക്കുക.

(൮) മത്സ്യതൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു് സൗകര്യമുണ്ടാക്കികൊടുക്കുക.

(൯) മത്സ്യവ്യവസായം സംബന്ധിച്ചു് ഗവമ്മെണ്ടിനുവേണ്ട ഉപദേശം നൽകുന്നതിനായി ഒരു ഉദ്യോഗസ്ഥാനുദ്യോഗസ്ഥക്കമ്മററിയെ നിയമിക്കുക.

(സി) മെമ്മോറാണ്ടത്തിൽ ഉന്നയിക്കുന്ന കാര്യങ്ങൾ ഗവമ്മെണ്ടിന്റെ സത്വരശ്രദ്ധയിൽപ്പെടുകയും അതിനുവേണ്ട നിവാരണമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനായി മെമ്മോറാണ്ടത്തിലെ നിർദ്ദേശമനുസരിച്ചു് ഒരു കോസ്റ്റൽ ഫിഷറീസ് ഡവലപ്പുമെണ്ടു് കമ്മററിയെ നിയമിക്കുകയും ടി കമ്മററി ഗവമ്മെണ്ടിലേക്കു് ഒരു റിപ്പോർട്ടു് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഈ റിപ്പോർട്ടു് ഗവമ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുകയാണു്. മത്സ്യചാപ്പകളിൽ വേണ്ടത്ര ഉപ്പു് ശേഖരിക്കുന്നതിനു് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടു്. മദ്ധ്യവത്തികളെ ഒഴിവാക്കി മത്സ്യതൊഴിലാളികൾക്കു സൗജന്യനിരക്കിൽ തടി വിതരണം ചെയ്യുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിയും ഗവമ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുന്നുണ്ടു്. ചെമ്മീൻവ്യവസായികൾ അനുഭവിച്ചുവരുന്നവിഷമതകൾ യഥാകാലം ഇൻഡ്യാ ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. പുറമ്പോക്കു് ജലാശയങ്ങൾ കുത്തകപ്പാട്ടത്തിനു കൊടുത്തതുകൊണ്ടു് മത്സ്യം പിടിക്കുന്നവക്കു് നേരിടുന്ന വിഷമതകൾ ഡിപ്പാർട്ടുമെണ്ടിൽനിന്നും അന്വേഷിച്ചു് യഥാകാലം പരിഹരിക്കുന്നുണ്ടു്. മത്സ്യതൊഴിലാളികളെ സംഘടിപ്പിച്ചു് സഹകരണസംഘങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിലും ഗവമ്മെണ്ടു് വേണ്ടതു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : പുറമ്പോക്കു ജലാശയങ്ങൾ കൺട്രാക്ടു് ബേസിസിൽ കൊടുക്കുന്നതു് നിറുത്തൽചെയ്തു് ഗവമ്മെണ്ടിൽനിന്നുതന്നെ നേരിട്ടു് ലൈസൻസ് കൊടുത്തു നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനെ സംബന്ധിച്ചു് ഒരു തീരുമാനം ചെയ്തിട്ടില്ല. മത്സ്യത്തൊഴിലാളികൾക്കു് അതുമൂലമുള്ള വിഷമതകൾക്കു് വേണ്ട പരിഹാരം ചെയ്തുകൊടുത്തിരിക്കുകയാണു് ചെയ്തിരിക്കുന്നതു്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : പരാതി തീരണമെങ്കിൽ അതു് ഗവണ്മെണ്ടു് ഏറെറടുത്തു നടത്തുകയാണു് വേണ്ടതു്.

ശ്രീ. ടി. കെ. നാരായണപിള്ള : അതു പെട്ടെന്നു് ഗവണ്മെണ്ടിനു് ഏറെറടുത്തു നടത്തുവാൻ സാധിക്കുകയില്ല.

Sri. P. Balakrishnan Tampi: May I know whether Government have received any memorandum from the fish-eating members of this House complaining that the price of fish is mounting up very high and that it should be controlled.

(No answer)

പുതുവൽ ഭൂമി

*൪൪൮. (൧൪) ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

†(എ) നെയ്യാററിൻകര താലൂക്കിൽ, വിളപ്പിൽ പകുതിയിൽ പിന്നോക്കവർഗ്ഗക്കാർക്കു് സൗജന്യവ്യവസ്ഥയിൽ പതിച്ചു നൽകിയ പുതുവൽ ഭൂമികളിൽ ഏതെങ്കിലും ഭാഗം കരക്കടിസ്ഥികക്കു ലേലം ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി സ്ഥലങ്ങൾ ഏതെല്ലാം സർവ്വെ നമ്പരുകളിൽ;

(സി) എത്ര ഏക്കർ സ്ഥലം;

(ഡി) ഗവണ്മെണ്ടു തിരിയെ എടുത്തു തരിശിൽ ചേർത്തിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാം സർവ്വെ നമ്പരുകളിൽ;

(ഇ) ആകെ എത്ര ഏക്കർ സ്ഥലം?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. ഏ. ജെ. ജോൺ): (എ) ചിലസ്ഥലങ്ങൾ ലേലത്തിൽ പോയിട്ടുണ്ടു്.

(ബി) നെയ്യാററിൻകര താലൂക്കിൽ വിളപ്പിൽ പകുതിയിൽ സർവ്വെ ൪൨൱-ൽ ൧൫൦, ൪൨൱–ൽ ൫൨, ൪൨൱–ൽ ൧൫൩, ൪൨൱-ൽ ൧൫൮ എന്നീ സ്ഥലങ്ങളാണു് ലേലത്തിൽ പോയതു്.

(സി) ൨ ഏക്കർ ൯ ൧ സെൻറ്.

(ഡി) ഇതിൽ ഒന്നുംതന്നെ ഗവണ്മെണ്ടു തിരിയെ എടുത്തു തരിശിൽ ചേർത്തിട്ടില്ല.

(ഇ) ഡിയുടെ ഉത്തരത്തിൽനിന്നു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: ലേലത്തിൽ വിററുപോയ സ്ഥലം അപേക്ഷകന്മാർ ഉണ്ടെങ്കിൽ അവർക്കു പതിച്ചു കൊടുക്കുന്ന കാര്യത്തെപ്പററി ഗവണ്മെണ്ടു ആലോചിക്കുമോ?

ശ്രീ. ഏ. ജെ. ജോൺ: ലേലത്തിൽ വിററിട്ടുള്ള സ്ഥലം പതിച്ചുകൊടുക്കുന്ന കാര്യം വളരെ പ്രയാസമാണു്.

മലേറിയാ ഡിസ്പെൻസറി

*൪൪൯. (൧൫) ശ്രീ. റ്റി. റ്റി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ,—

(എ) വിളപ്പിൽ മലേറിയ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയൎത്തുവാൻ പൊതുജനങ്ങൾ അഭ്യൎത്ഥിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

നിയമവും, ധനകാൎയ്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): (എ) അങ്ങിനെ പൊതുജനങ്ങൾ അഭ്യൎത്ഥിച്ചിട്ടുണ്ട്.

(ബി.) അതേപ്പററി ഗവൺമെണ്ട് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ: ററി. ററി. കേശവൻശാസ്ത്രി: ഈ ഡിസ്പെൻസറി എന്നു തുടങ്ങി?

ശ്രീ. എ. ജെ. ജോൺ: എന്നു തുടങ്ങിയെന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: ഉദ്ദേശം എത്ര വർഷമായി എന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതിനും നിവൃത്തിയില്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ഈ ഡിസ്പെൻസറിക്കു് പ്രത്യേകമായി ഡാക്ടരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ബി. സി. ജി. കുത്തിവയ്പു്

*൪൫൦. (൧൬) ശ്രീ. പീലിപ്പോസു് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി മറുപടി നൽകുമോ.—

(എ) ൧൯൫൦ അവസാനംവരെ എത്ര കേന്ദ്രങ്ങളിൽ ബി. സി. ജി. കുത്തിവയ്പു് നടത്തിയിട്ടുണ്ടു്;

(ബി) ൧൯൫൧-ൽ എത്ര കേന്ദ്രങ്ങളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു; എവിടെയെല്ലാം?

കുത്തിവയ്പു് നടത്തിയിട്ടുള്ള കേന്ദ്രങ്ങളിൽ എത്രശതമാനം ആളുകൾക്കു രോഗലക്ഷണങ്ങൾ ഉള്ളതായി വെളിപ്പെട്ടിട്ടുണ്ടു്?

നിയമവും, ധനകാൎയ്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജാൺ): (എ) ൧൯൫൦ അവസാനംവരെ ൯ കേന്ദ്രങ്ങളിൽ ബി. ജി. വാക്സിനേഷൻ നടത്തിയിട്ടുണ്ടു്.

(ബി) ൧൯൫൧-ൽ പുളിങ്കുന്നു്, തിരുവല്ലാ, ആലപ്പുഴ, ചേൎത്തല, ചാലക്കുടി, തൃശ്ശൂർ, കൽക്കുളം വിളവംകോടു്, നെയ്യാററിങ്കര, പറവൂർ എന്നീ ൧൦ സ്ഥലങ്ങളിൽ ബി. സി. ജി. വാക്സിനേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

(സി) കുത്തിവയ്പു് നടത്തിയിട്ടുള്ള കേന്ദ്രത്തിൽ എത്ര പേൎക്കു രോഗലക്ഷണം ഉണ്ടെന്നു് അറിയാൻ സാദ്ധ്യമല്ല.

ശ്രീ. പീലിപ്പോസു് മുതലാളി: രോഗം കണ്ടതിനു ശേഷമാണോ കുത്തിവയ്പു നടത്തുന്നതു്, അതോ പ്രിവൻഷൻ നടപടി ആയിട്ടാണോ?

ശ്രീ. എ. ജെ. ജാൺ: പ്രിവൻഷൻ നടപടി ആയിട്ടാണു്.

PLACES OF PUBLIC WORSHIP

*451. [17] **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Government have any intention to remove the existing restrictions on the construction of places of public worship and cemeteries;

(*b*) whether it is a fact that no such restrictions exist in any of the other States of India; and

(*c*) if the answer to (*b*) is in the affirmative, the reasons for continuing certain restrictions here?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Government have received a memorial regarding this matter.

(*b*) No definite information is available.

(*c*) Does not arise.

ശ്രീ. പോൾ തളിയത്ത്: ഈ മെമ്മോറിയൽ ഗവണ്മെണ്ടിന് കിട്ടിയിട്ട് എത്രകാലമായി?

ശ്രീ. ററി. കെ. നാരായണപിള്ള: രണ്ടുമൂന്നു മാസമായിരിക്കും.

ശ്രീ. പോൾ തളിയത്ത്: അതിനെ സംബന്ധിച്ച് ഗവണ്മെണ്ട് എന്തു നടപടി നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. ററി. കെ. നാരായണപിള്ള: വേണ്ട അന്വേഷണം നടത്തുന്നു. വിവരങ്ങൾ മുഴുവൻ ലഭിച്ചു കഴിഞ്ഞിട്ടില്ല.

KOTTAYAM MARKET COMMITTEE

***452.** [18] **Sri. Paul Thaliath:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) whether it is a fact that money was allotted by the Kottayam Market Committee when it was functioning for the improvement of the Varapuzha and Koonammavoo markets in Parur taluk;

(*b*) whether it is a fact that estimates and plans were prepared to carry out certain improvement works to these markets; and

(*c*) if so, whether any work has been carried out for the improvement of these markets?

Minister for Law, Finance and Revenue **(Sri. A. J. John):** (*a*) Yes.

(*b*) Yes.

(*c*) Government have accorded administrative sanction to an estimate for Rs. 5,800 for effecting improvements to the market at Koonammavu. Orders have also been issued to take up and complete the work during this financial year. Government have also accorded sanction to an estimate for Rs. 8,070 for effecting improvements to the Chettibhagom Market (Varapuzha). Necessary provision has been made in the budget for the ensuing year.

ശ്രീ. പോൾ തളിയത്ത്: ഇതിന് കാൺട്രാക്റ്റ് കൊടുത്തിട്ട് എത്രകാലമായി.

ശ്രീ. എ. ജെ. ജോൺ: രണ്ടുമാസമായി.

ശ്രീ. പോൾ തളിയത്ത്: ഇതിന്റെ പണി എന്ന് അവസാനിക്കും?

ശ്രീ. എ. ജെ. ജോൺ: ഈ വർഷം അവസാനിക്കുന്നതിനുമുമ്പ് പണിപൂർത്തിയാക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LOANS TO INDUSTRIAL CONCERNS

***453.** [19] **Sri. Paul Thaliath:** Will the Hon'ble Minister for Finance and Revenue be pleased to State;

(*a*) whether loans have been given to industrial concerns in 1950;

(*b*) if so, the names of the concerns with the amount in each case and the terms for repayment;

(*c*) whether all the industrial concerns which have received loans from the Government are repaying the same according to the terms of the loan; and

(*d*) if the answer to (*c*) is in the negative the names of those companies which have violated the terms?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) A statement is laid on the table.

(*c*) No.

(*d*) A statement is placed on the table.

Vide Answer to question 453. Statements in Answer to arts (b) and (d) of the Question

B

Sl. No.	Name of Concern	Amount of loan
1	Cochin Malleables Limited, Trichur ..	Rs. 50,000
2	Alagappa Textiles (Cochin) Limited ..	Rs. 10 lakhs
3	Travancore Rayons Limited ..	Rs. 30 lakhs
4	Fertilisers and Chemicals (Travancore) Limited ..	Rs. 10 lakhs

D

Companies which have violated the terms of repayment, etc.

1. Sivarama Rural Development Company Ltd., Chittur
2. Leather workers' Co-operative Society Ltd., Trichur
3. All Cochin Khadi Co-operative Soeiety, Ltd.
4. Messrs. Saw Mills and Industries Ltd., Trichur
5. Travancore Enamel Industries Ltd., Kundara
6. Messrs. Cochin Malleables Ltd., Trichur
7. Aluminium Industries Ltd., Kundara
8. Travancore Rayons Ltd., Perumbavoor
9. Travancore Cements Ltd., Kottayam.

Main terms of loan

[1]The present loan along with the previous loans amounting to Rs. 1½ lakhs to be repaid at the rate of Rs. 2,500 per mensem. Interest on this loan fixed at 5 per cent. All the assets mortgaged to Government.

[2]Interest fixed as 5 per cent. Repayment at the rate of Rs. 15,000 and interest per month after 6 months from date of disbursement of loan—Two Government nominees appointed to the Board of Director of the Company. All assets mortgaged to Government.

[3]Interest at 4 per cent. To be secured by debentures to be floated by the company.

[4]Interest at 4½ per cent. To be treated as loan until participation in caustic soda plant scheme is decided.

ശ്രീ. പോൾ തളിയത്ത്: ഏതു് കമ്പനിയാണ് ഈ വ്യവസ്ഥ അനുസരിച്ചു പ്രവർത്തിക്കാത്തതു്?

ശ്രീ. ററി. കെ. നാരായണപിള്ള: അങ്ങനെ രണ്ടുമൂന്നു കമ്പനികൾ ഉണ്ടു്. എൻ ഒ ൧-ൽ ലോൺ കൊടുത്തിട്ടുള്ള കമ്പനികളുടെ ലിസ്റ്റ് ആണ് മേശപ്പുറത്തു വച്ചിരിക്കുന്നതു്. ചോദ്യം അങ്ങനെയുള്ള കമ്പനികളെപ്പററിയുള്ളതാണ്. എൻ ഒ ൧ന് മുമ്പും ലോൺ കൊടുത്തിട്ടുണ്ടു്. ചോദ്യം ഏതിനെപ്പററിയുള്ളതാണെന്നു് എനിക്കു മനസ്സിലായില്ല.

ശ്രീ. പോൾ തളിയത്ത്: ഏററവും കൂടുതൽ കാലം പണം അടക്കാതെയിരുന്നിട്ടുള്ള കമ്പനികൾ ഏതെല്ലാം?

ശ്രീ. ററി. കെ. നാരായണപിള്ള: ഞാൻ ഈ പറഞ്ഞ രണ്ടു കമ്പനികളും പണം അടച്ചുകൊണ്ടിരിക്കുകയാണ്. അളകപ്പാ ടെക്സ്റ്റയിൽസ് ഖരാറിലെ വ്യവസ്ഥകൾ നോക്കാതെ തന്നെ പത്തുലക്ഷം രൂപായിൽ രണ്ടുലക്ഷം രൂപാ ഉടനെ തരാമെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. പോൾ തളിയത്ത്: ഈ കമ്പനികളിൽ കൂടുതൽ കുടിശ്ശിഖ വരുത്തിയിട്ടുള്ള കമ്പനികൾ ഏതെല്ലാമാണ്?

ശ്രീ. ററി. കെ. നാരായണപിള്ള: അതു് സ്റ്റേററമെൻറു നോക്കിയാലറിയാം.

ശ്രീ. ആർ. ശങ്കർ: ഗവമ്മെണ്ടു് ആകെ എത്ര കമ്പനികൾക്കു ഇങ്ങനെ ലോൺ കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ററി. കെ. നാരായണപിള്ള: എൻ ഒ ൧-നെപ്പററിയാണ് ചോദ്യം. ആകെ എത്ര കമ്പനികൾക്കു് ലോൺ കൊടുത്തിട്ടുണ്ടെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ശങ്കർ: വെസ്റ്റു കോസ്റ്റ് ഫിഷറീസിനു് ലോൺ കൊടുത്തിട്ടുണ്ടോ?

ശ്രീ. ററി. കെ. നാരായണപിള്ള: ലോൺ കൊടുത്തിട്ടില്ല.

ശ്രീ. എം. താണുപിള്ള: അളകപ്പാ ടെക്സ്റ്റയിൽസിനു ലോൺ കൊടുത്തപ്പോൾ അവിടെയുണ്ടാകുന്ന നൂലിൻെറ വിതരണത്തെപ്പററി വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

ശ്രീ. ററി. കെ. നാരായണപിള്ള: അതിനു് ഇവിടെ യാതൊരു അധികാരവും ഇല്ല. ഇൻഡ്യാഗവമ്മെണ്ടിനു് ആണ് അധികാരം ഉള്ളതു്. അതിനെപ്പററി ഈ ഗവമ്മെണ്ടു് ഇൻഡ്യാഗവമ്മെണ്ടുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഉണ്ടാക്കുന്ന നൂൽ ഇവിടെതന്നെ വിതരണം ചെയ്യത്തക്കവണ്ണം വേണ്ട വ്യവസ്ഥകൾ ചെയ്യണമെന്നു് ഇൻഡ്യാഗവമ്മെണ്ടിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ഇട്ടീരാ അയ്യൂക്കൻ: അളകപ്പാ കമ്പനിയല്ലാതെ കൊച്ചിയിൽ വേറെ ഒരു കമ്പനി ഉണ്ടല്ലോ. അതിൻെറ പേരെന്താണ്?

ശ്രീ. ററി. കെ. നാരാണപിള്ള: കൊച്ചിൻ മാലിബ്ബിൾസ് കമ്പനി.

ശ്രീ. ഇട്ടീരാ അയ്യൂക്കൻ: അവിടെ എന്തെല്ലാം സാമാനങ്ങൾ ഉണ്ടാക്കുന്നുണ്ടു്?

ശ്രീ. ററി. കെ. നാരായണപിള്ള: പലതും ഉണ്ടാക്കുന്നുണ്ടു്.

ശ്രീ. ഇട്ടീരാ അയ്യൂക്കൻ: ആ കമ്പനിയുടെ ഉടമസ്ഥൻെറ പേർ എന്താണ്?

ശ്രീ. ററി. കെ. നാരായണപിള്ള: അതു് ഒരു മേനോൻ ആണ്.

ഗ്രോ മോർ ഫുഡ് കാംപെയിൻ

*൪൫൪. (൨൦) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഗ്രോ മോർ ഫുഡ് ഇനത്തിൽ കേന്ദ്രഗവമെന്റിൽനിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിനകം അതിൽ എത്ര തുക ചെലവായി?

(സി) ഗ്രോ മോർ ഫുഡ് കാംപെയിൻസിന്റെ ഫലമായി ൧൯൫൧-ൽ എത്രമാത്രം ഭക്ഷ്യധാന്യങ്ങൾ കൂടുതൽ വിളയിക്കാം എന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ററി. കെ. നാരായണപിള്ള): (എ) ൧൯൪൯—൫൦-ൽ ൪൧.൭൨ ലക്ഷംരൂപാ സഹായധനമായും ൧൦ ലക്ഷംരൂപാ കടമായും ഇൻഡ്യാ ഗവമെണ്ട് തന്നിട്ടുണ്ട്. ൧൯൫൦—൫൧-ൽ ൪൩.൩൪ ലക്ഷംരൂപാ സഹായധനം ആയും ൧൩.൨൫ ലക്ഷം രൂപാ കടമായും തന്നിട്ടുണ്ട്.

(ബി) ൧൯൪൯—൫൦-ൽ ഉദ്ദേശം ൨൩.൦൧ ലക്ഷം രൂപായും ൧൯൫൦—൫൧-ൽ ൨൦ ലക്ഷം രൂപായും ചിലവായിട്ടുണ്ട്.

(സി) ഉദ്ദേശം ൫൦൦൦൦ ടൺ.

ശ്രീ. ഇട്ടീര അയ്യൂക്കൻ: ൪൩ ലക്ഷംരൂപാ മാത്രമേ ഇതിനകം ഗവമെണ്ടിനു് ചിലവാക്കാൻ സാധിച്ചിട്ടുള്ളു എന്നു കാണുന്നു. ബാക്കിയുള്ള തുക ചിലവാകാഞ്ഞതു് അതിനുള്ള സ്കീം ഗവമെണ്ട് കണ്ടെത്താഞ്ഞതുകൊണ്ടാണോ?

ശ്രീ. ററി. കെ. നാരായണപിള്ള: അല്ല. പണം ഏററവും ഇഫകറീവായിട്ടു് ചെലവാക്കണമെന്നു് ഗവമെണ്ടിനു് ഉദ്ദേശം ഉള്ളതുകൊണ്ടാണു് ബാക്കി പണം ചെലവാക്കാതെയിരുന്നിട്ടുള്ളതു്.

ശ്രീ. ഇട്ടീരാ അന്യൂക്കൻ. ൩൨ ലക്ഷംരൂപാ ഇൻഡ്യാ ഗവമെണ്ടിൽനിന്നും ഈ ഗവമെണ്ടിനു് കിട്ടി എങ്കിലും ൪൩ ലക്ഷം രൂപാ മാത്രമേ ചിലവാക്കിയിട്ടുള്ളു എന്നു പറഞ്ഞു. ബാക്കിയുള്ള സംഖ്യ ചിലവാക്കാൻ സാധിക്കാതെ വന്നതു് എന്തുകൊണ്ടാണെന്നാണു് ചോദ്യം. അതിനു് ശരിയായ ഒരു ഉത്തരം ആണു് ഞാൻ ആവശ്യപ്പെടുന്നതു്.

Mr. Speaker: Answer to that question has already been given.

ശ്രീ. പി. എം. വർഗ്ഗീസ്: ഇൻഡ്യാ ഗവമെണ്ട് അനുവദിച്ചിട്ടുള്ള തുക ചെലവാക്കാതെയിരുന്നാൽ അതു് നമുക്കു നഷ്ടപ്പെടുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൯൫൧ ജൂൺമാസത്തിനകം ഈ തുക ചിലവാക്കിയാൽ മതിയാകുന്നതാണു്.

മി. ഇട്ടീര അയ്യൂക്കൻ: ഭക്ഷ്യോല്പാദനത്തെ ത്വരിതപ്പെടുത്തുക എന്നുള്ളതല്ലേ ഗവമെണ്ടിന്റെ നയം.

Mr. Speaker: That is a matter of inference.

ആലുവാ ഫീൽഡ് ആഫീസർ

*൪൫൫. (൨൧) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഓരോ താലൂക്കിലും എത്ര ഫീൽഡാഫീസറന്മാർ ഉണ്ട്;

(ബി) കുന്നത്തുനാട്ട താലൂക്കിൽ ആലുവായിലുള്ള ഫിൽഡാഫീസർ ആരാണ്;

(സി) അദ്ദേഹത്തിന്റെ പേരിൽ വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്ത്;

(ഇ) പഞ്ചസാരയ്ക്ക് കാർഡു കിട്ടുവാൻ ഒരു രൂപാ ഫിൽഡാഫീസർക്കു കൊടുക്കണമെന്ന ചട്ടമുണ്ടോ;

(എഫ്) ആഫീസിൽനിന്നും പരിശോധനയ്ക്കായി അദ്ദേഹം പുറത്തുപോകാറുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൊച്ചികണയന്നൂർ താലൂക്കിൽ ൧൧-ം, തൃശ്ശിവപേരൂർ, മുകുന്ദപുരം എന്നീ താലൂക്കുകളിൽ ൭ വീതവും, തലപ്പിള്ളി താലൂക്കിൽ ൬-ം, ബാക്കിയുള്ള താലൂക്കുകളിൽ ൪ വീതവും ഫിൽഡാഫീസറന്മാരുണ്ട്.

(ബി) ശ്രീ. എൻ. ലക്ഷ്മണഅയ്യർ.

(സി) ഇല്ല.

(ഡി) 'സി' ക്കുള്ള ഉത്തരംകൊണ്ട് ഇതു ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

ജഡ്ജിമാരും മുൻസിഫന്മാരും

* ൪൭. (൨൨) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലെ ഡിസ്ട്രിക്ട് ജഡ്ജിമാരുടേയും മുൻസിഫന്മാരുടേയും നിയമനങ്ങൾ നടത്തുന്നതു് ആരാണ്;

(ബി) അങ്ങനെ നിയമിക്കുന്നതിനു് വല്ല തത്വവും ഉണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): (എ, ബി) ഭരണഘടനാ ൨൩൩, ൨൩൪, ൨൩൫ ഈ വകുപ്പുകൾ അനുസരിച്ചു രാജപ്രമുഖൻ ആണ് നിയമനങ്ങൾ നടത്തുന്നതു്.

സ്റ്റേററ ഗസ്റ്റ്സ്

* ൪൮. (൨൩) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലേക്കു ൧൧൨൫, ൧൧൨൬ എന്നീ കൊല്ലങ്ങളിൽ എത്ര സ്റ്റേററ ഗസ്റ്റ്സ് വന്നിട്ടുണ്ട്;

(ബി) ഇവർ എന്തെല്ലാം ആവശ്യത്തിനാണ് വന്നിട്ടുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ).

(എ) ൧൧൨൫-ൽ ൮൫ പേർ. ൧൧൨൬-ൽ ൭൩ പേർ.

(ബി) ഇവർ എന്തെല്ലാം ആവശ്യങ്ങൾക്കാണ് വന്നിട്ടുള്ളതെന്നു് വെളിവാക്കുക ആശാസ്യമാണെന്നു് തോന്നുന്നില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇവർ ഇൻഡ്യാഗവമെന്റിൽനിന്നും ടി. എ. വാങ്ങിക്കുന്നുണ്ടെന്നുള്ള വിവരം ഗവമെന്റിനറിയാമോ?

Sri. C. Kesavan: That is a matter which has to be enquired into.

പൊളിററിക്കൽ ഫണ്ടു്

* ൪൬൭. (൨൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ പൊളിററിക്കൽ ഫണ്ടിൽ ആകെ എത്ര രൂപാ ഉണ്ടായിരുന്നു.

(ബി) ൧൯൫൦ അവസാനംവരെ എത്ര സംഖ്യ അതിൽനിന്നും ചിലവായി;

(സി) എന്തെല്ലാം ഇനത്തിലാണു് അതു് ചിലവാക്കിയതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പൊളിററിക്കൽ ഫണ്ടു എന്നു ഒന്നു രൂപീകരിച്ചിട്ടില്ല. എന്നാൽ പൊളിററിക്കലായിട്ടുള്ള ചിലവുകൾക്കുവേണ്ടി ൧, ൦൬, ൧൦൦ രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്

(ബി) ൧൯൫൦ അവസാനംവരെ ൨൧,൭൧൧ രൂപാ ൩ അണ, ൬ പൈസാ ചിലവായിട്ടുണ്ടു്.

(സി) പൊതുതാല്പര്യങ്ങളെ പരിഗണിച്ചു ഈ ചിലവിന്റെ വിശദവിവരങ്ങൾ പുറത്തുപറയാൻ നിവൃത്തിയില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: ഏതെങ്കിലും പൊളിററിക്കൽ പാർട്ടിക്കു് എന്തെങ്കിലും വേതനം ഈ തുകയിൽനിന്നും മാസംതോറും കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ജഡ്ജിമാർ

* ൪൬൮. (൨൬) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ ഹൈക്കോടതിയിൽ ആകെ എത്ര ജഡ്ജിമാരുണ്ടു്; അവരുടെ പേരുകൾ എന്തു്;

(ബി) പ്രസ്തുത കോടതിയുടെ ആരംഭത്തിൽ എത്ര ജഡ്ജിമാരുണ്ടായിരുന്നു;

(സി) കൂടുതൽ ജഡ്ജിമാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആരുടെ എങ്കിലും പേരുകൾ നിർദ്ദേശിച്ചിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ൩. അവരുടെ പേരുകൾ താഴെ പറയുന്നു.—

സി. കുഞ്ഞുരാമൻ	കെ. എസ്സ്. ഗോവിന്ദപിള്ള
കെ. ടി. കോശി	കെ. ഏ. ഗംഗാധരമേനോൻ
കെ. ശങ്കരൻ	പി. കെ. സുബ്രഹ്മണ്യയ്യർ

(ബി) ൭.

(സി) ഉണ്ടു്.

(ഡി) ഈ സംഗതി വെളിപ്പെടുത്തുന്നതു് പൊതുതാല്പര്യങ്ങൾക്കു് വിരോധമായിരിക്കും.

ആശുപത്രിയിലെ ആണററി സന്ദർശകന്മാർ

* ൪൩൦. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഏതെല്ലാം ആശുപത്രികളിൽ ആണററി സന്ദർശകന്മാരെ നിയമിച്ചിട്ടുണ്ട്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ആകെ ൨൮ ആശുപത്രികളിൽ ആണററി സന്ദർശകരെ നിയമിച്ചിട്ടുണ്ട്. അതിന്റെ ലിസ്റ്റ മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. എ. താണുപിള്ള: ഈ സന്ദർശകരുടെ ജോലി എന്താണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ആശുപത്രികളിലെ പ്രവർത്തനങ്ങളെപ്പററി പരിശോധിക്കയും ഉപദേശിക്കയും ഓരോ ആശുപത്രികളുടെ നടത്തിപ്പിനെപ്പററിയുമുള്ള അഭിപ്രായങ്ങൾ ഡയറിയിൽ രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നതു്.

ശ്രീ. സി. സി. പ്രസാദ്: ഈ ആശുപത്രികളിൽ പല മരുന്നുകളും ഇല്ലെന്നുള്ളതു് അവർ രേഖപ്പെടുത്തിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ആ സംഗതിയെപ്പററി വേണ്ട നടപടികൾ നടത്തിവരികയാണ്.

Statement placed on the table in answer to the question No. 460

1. Maharaja's Hospital, Palluruthy.
2. Government Hospital, Cranganur.
3. Do. Chalakudy.
4. Do. Irinjalakuda.
5. Maternity Hospital, Trichur.
6. Government Hospital, Trichur.
7. Do. Chittur,
8. Do. Nemmara.
9. General Hospital, Ernakulam.
10. Government Hospital, Vadakkancheri.
11. Ophthalmic Hospital, Ernakulam.
12. Women's Hospital, Mattancheri.
13. Mental Hospital, Trichur.
14. Government Hospital, Kunnamkulam.
15. Government Dispensary, Narakkal.
16. Do. Anthikad.
17. Do. Kattur.
18. Do. Ayyampilly.
19. Do. Mulanthuruthy.
20. Do. Mala.
21. Do. Chowara.
22. Do. Kozhinjampara.
23. Do. Palayannur.
24. Do. Elenjipara.
25. Do. Nanniode.
26. Do. Pudukad.
27. Do. Trippunithura.
28. Do. Kandakadavu.

ഫുഡ് അഡൈ്വസറി കമ്മിററി

*൪൬൧. (൨൭) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

കൊച്ചി കണയന്നൂർ താലൂക്ക് ഫുഡ് അഡൈ്വസറി കമ്മിററിയിൽനിന്നും ൧൯൫൦-ൽ ആകെ എത്ര പ്രമേയങ്ങളും നിർദ്ദേശങ്ങളും അയച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം അംഗീകരിച്ചു നടപ്പിൽ വരുത്തീട്ടുണ്ടെന്നും ദയവായി പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

കൊച്ചി കണയന്നൂർ താലൂക്ക ഫുഡ് അഡൈ്വസറി കമ്മിററിയിൽനിന്നും ൧൯൫൦-ൽ ൪൧ പ്രമേയങ്ങളും നിർദ്ദേശങ്ങളും കിട്ടിയിട്ടുണ്ട്. അതിൽ ൧൮ എണ്ണം അംഗീകരിച്ചു നടപ്പിൽ വരുത്തിയിട്ടുണ്ട്.

APPEALS

***462.** (28) **Sri. Eapen Arakal:** Will the Hon'ble the Chief Minister be pleased to state.—

(*a*) what is the number of original suits and appeals pending in the District Courts and Munsiffs Courts at Alleppey; and

(*b*) do the Government propose to establish a III Bench attached to the District Court at Alleppey?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി
(ശ്രീ. എ. ജെ. ജോൺ):

(എ) ആലപ്പുഴ ഡിസ്ട്രിക്ട് കോടതി ഒന്നാം ബെഞ്ചിൽ ഒ. എസ്സ്. ൨൬൮ അപ്പീൽ ൨൧൫.

രണ്ടാം ബെഞ്ചിൽ ഒ. എസ്. ൬൮൨
അപ്പീൽ .൪൦൫
ആലപ്പുഴ പ്രിൻസിപ്പാൾ മുൻസിഫ് കോർട്ടിൽ
ഒ. എസ്. ൬൭൮
സ്മാൾകാസ് ൫൧
അഡിഷനൽ മുൻസിഫ് കോർട്ടിൽ
ഒ. എസ്. ൧൦൦൮
സ്മാൾകാസ് ൫൯

(ബി) അതേപ്പററി ഗവമ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. ഈപ്പൻ അറക്കൽ: എത്രകാലത്തിനകം അവിടെ കൂടുതൽ ബെഞ്ച് ഏർപ്പെടുത്തുമെന്നു് പറയാമോ;

ശ്രീ. എ. ജെ. ജോൺ: ആ കാര്യം ഇപ്പോൾ ആലോചനയിൽ ഇരിക്കുന്നുവെന്നേ പറയാൻ നിവൃത്തിയുള്ളു.

CHEQUES

***463.** [29] **Sri. Eapen Arakkal :** Will the hon'ble Chief Minister be pleased to state.—

(*a*) how many applications for cheques and refund bills are pending in (1) District Court (2) Munsiff's Court at Alleppey at present;

(*b*) what is the date of the earliest application thus pending; and

(c) do the presiding officers at any time check or ascertain these applications and direct the speedy disposal of the same?

Minister for Law, Finance and Revenue **(Sri. A. J. John):**
(*a, b* & *c*) A statement is placed on the table.

Sri. Eapen Arakkal: May I know the date of the earliest application made?

Sri. A. J. John: 27th January 1951.

Sri. Eapen Arakkal: May I know the date of the earliest application made in the Additional Munsiff's Court?

Sri. A. J. John: 6th October 1950.

Sri. Eapen Arakkal: May I know the date of earliest application pending?

Sri. A. J. John: 27th January 1951.

Sri. Eapen Arakkal: Will the Government be pleased to check such cases?

Sri. A. J. John: Government will issue the necessary instructions.

Statement placed on the table in answer to question No. 463

Name of court	District Court	2nd Judge's Court	Principal Munsiff's Court	Additional Munsiff's Court
1. Number of applications for issue of cheques	7	18	9	20 (including cheqces & refund bills)
2. Number of applications for refund bills	Nil	Nil	7	
3. Date of the earliest application	24 7 50	21 4 25	27 1 51 (for cheques) 29 1 51 (for bills)	6 10 50

The presiding officers are checking the registers daily and every step for speedy disposal is taken.

PADDY CULTIVATION

***464.** (30) **Sri. M. I. Paul;** Will the Hon'ble the Chief Minister be pleased to state. whether the Government intend to lease out to parties the accretion lands lying on the coastal areas in the Elamkunnapuzha Village for paddy cultivation; if so when, to whom and on what conditions?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** The matter is under consideration of Government.

ശ്രീ. എം. ഐ. പാൾ: കൊടുക്കാൻ ഉദ്ദേശിച്ചിരിക്കുന്ന സ്ഥലം കൃഷിക്കു പററിയതാണെന്നു ഗവൺമെൻറിനു ബോദ്ധ്യമായിട്ടുണ്ടോ;

ശ്രീ. ടി. കെ. നാരായണപിള്ള: കൃഷിക്ക് പററിയതാണെന്ന് ആ നാട്ടുകാർ അഭിപ്രായപ്പെടുന്നതുകൊണ്ടാണ് ഗവമ്മെൻറ് അതേപ്പററി ആലോചിക്കാമെന്ന് പറഞ്ഞത്.

ശ്രീ. എം. ഐ. പാൾ: സർ, ഗവമ്മെൻറിൽനിന്നും എനിക്ക് ഈയിടെ ഒരു കടലാസ് അയച്ചുതരുകയുണ്ടായി. ആ കടലാസിൽ ഈ സംഗതിയെപ്പററി പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.

"As most of the accretion lands in Elankunnapuzha are reported to be unfit for paddy cultivation there is no proposal for the reclamation of shallow lands in the backwaters of the coastal areas of the Vypeen land."

സർ, അങ്ങനെയൊരു കടലാസ് അയച്ചതിനെപ്പററി നോക്കുകയാണെങ്കിൽ നെൽകൃഷിക്ക് സ്ഥലം പതിച്ചുകൊടുക്കുന്നതിനെപ്പററി ഗവമ്മെൻറിന്റെ അധീനതയിൽ ഒരു എൻക്വയറി സെക്ഷൻ ഉണ്ടെന്ന് വിചാരിക്കുന്നതിൽ തെററുണ്ടോ?

Mr. Speaker: The member cannot ask questions based on a letter in his possession.

Sri. M. I. Paul: Sir, I am not making my letter the subject matter of my question.

Mr. Speaker: The basis must be the main question.

ശ്രീ. എം. ഐ. പാൾ: ഇങ്ങനെയുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്താൽ നെല്ല് ഉണ്ടാകുമെന്ന് ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. എം. ഐ. പാൾ: പത്ത് അഞ്ഞൂറ ഏക്കർ വിസ്തീർണ്ണമുള്ള ഈ സ്ഥലത്ത് കൃഷിചെയ്യുന്നത് നന്നായിരിക്കുമെന്ന് ഗവമ്മെൻറിനു ബോദ്ധ്യമുണ്ടായിരിക്കെ എന്താണ് പെട്ടെന്ന് അത് നടപ്പിൽ വരുത്താത്തത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണല്ലോ ഞാൻ പറഞ്ഞത് അതിനെപ്പററി ആലോചിക്കാമെന്ന്.

ശ്രീ. ഇട്ടീര അയ്യൂക്കൻ: കൃഷി കാര്യങ്ങൾക്കായിട്ട് ഗവമ്മെൻറിനെ ഉപദേശിക്കുന്നത് ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഉപദേശിക്കാൻ അർഹതയുള്ളവരാണ്.

ശ്രീ. ഇട്ടീര അയ്യൂക്കൻ: ഞാൻ ചോദിച്ചത് ഏതു ഉദ്യോഗസ്ഥനാണ് ഗവമ്മെൻറിനെ ഉപദേശിക്കുന്നതെന്നാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: ആ കാര്യത്തിൽ വൈദഗ്ദ്ധ്യമുള്ള ഒരു ഉദ്യോഗസ്ഥനാണ്; അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരാണ്.

ശ്രീ. ഇട്ടീര അയ്യൂക്കൻ: ഒരു ഉദ്യോഗസ്ഥനോ അതോ പല ഉദ്യോഗസ്ഥന്മാരോ;

ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരും ഉണ്ടായിരിക്കും.

ശ്രീ. ഇട്ടീര അയ്യൂക്കൻ: എന്നാൽ ആ ഉപദേശസമിതിയുടെ അദ്ധ്യക്ഷനാരാണെന്ന് പറയാമോ;

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ധ്യക്ഷന്മാർ പലപ്പോഴും പലരായിരിക്കും.

ശ്രീ. എം. ഐ. പാൾ: ആ ഉപദേശകക്കമ്മിററി മേൽപറഞ്ഞ സ്ഥലം കൃഷിക്കു പററിയതാണെന്ന് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലേ?

Sri. Ittiera Ambookkan Sir, if such answers are given it is impossible to understand.

Mr. Speaker: The member may ask for further information.

ശ്രീ. എം. ഐ. പാൾ: സർ, എൻെറ ചോദ്യത്തിനു ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. നാരായണപിള്ള: റിപ്പോർട്ടിനെപ്പററി ഇപ്പോൾ ഒന്നും പറയാൻ നിവൃത്തിയില്ല.

Mr. Speaker: That is not a matter for discussion. Is the member putting the next quesion?.

Sri. M. I. Paul: Yes. Question number 31.

FOOD PRODUCTION SCHEMES

***465.** [31] Sri. **M. I. Paul:** Will the Hon'ble Chief Minister be pleased to state what are the schemes in view for the food production in the State other than hose that are under operation now ?

Minister for Education, Food and Labour, **(Sri. T. K. Narayana Pillai):** Besides the schemes already undertaken the following schemes and works have been proposed for 1951—52.

1. Dams and weirs in rivers and channels.
2. Sreemoolaperi Reservoir.
3. Fish culture.
4. Vembanad Scheme.
5. Neyyar Scheme.
6. Protective works in Kuttanad.
7. Feeder roads in Nanjanad.
8. Feeder roads in Onattukara.
9. Repairs and improvements to the Irrigation System in Chittur.
10. Kari Reclamation Scheme.

ശ്രീ. എം. ഐ. പാൾ: ഞാൻ മുമ്പു പറഞ്ഞ ൫൦൦ ഏക്കർ ഭൂമി ഈ കരി റിക്ലമേഷൻ സ്കീമിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൫൦൦ ഏക്കർ ഭൂമി ഈ സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ എനിക്കു വിരോധമില്ല. അതിനെപ്പററി ആലോചിക്കാം.

ശ്രീ. എം. ഐ. പാൾ: കൊച്ചിയിൽ ഏതെല്ലാം സ്ഥലങ്ങളാണ് റിക്ലമേഷൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

ശ്രീ ടി. കെ. നാരായണപിള്ള: ഏതെല്ലാം സ്ഥലങ്ങളാണുള്ളതെന്നു അറിയണമെങ്കിൽ അതിനു നോട്ടീസ് വേണം.

PRESS ADVISORY BOARD

***466** [32] **Sri. Sree V. Das:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the Tamil Press is represented on the Press Advisory Board ?

(*b*) if not, why ;

(*c*) what is the basis by which elections to the Board are conducted, and

(*d*) whether the representatives of Tamil Press are enabled to participate in the election to the Board ?

Chief Minister **(Sri. C. Kesavan):**

(*a*) The Press Advisory Board stands for the entire Press in the State.

(*b*) In view of the answer to (*a*) this question does not arise.

(c) Non-official organisations claiming to represent the daily newspapers and the weekly newspapers in the State conducted the elections.

(*d*) In view of the answer to (c) this question does not arise.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: വർക്കിംഗ് ജേർണലിസ്റ്റിന്റെ ഒരു പ്രതിനിധിയെക്കൂടി ഈ അഡൈ്വസറി ബോർഡിൽ ഉൾപ്പെടുത്തണമെന്നു കാണിച്ച് വല്ല അപേക്ഷയും കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതേപ്പററി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ രൂപവൽക്കരിച്ചിരിക്കുന്ന ബോർഡിൽ ഉൾപ്പെടുത്തണമെന്നു ആലോചനയില്ല.

വെഹിക്കിൾ ടാക്സ്

*൪൱൧. (൩൩) ശ്രീ. ഏ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൃഷിയാവശ്യത്തിനു ഉപയോഗിക്കുന്ന വണ്ടികൾ ടാക്സ് പിരിവിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ അത്തരം വാഹനങ്ങളിൽനിന്നും ഒരാണ്ടത്തെ വരുമാനം എത്ര;

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി
(ശ്രീ. എ. ജെ. ജോൺ)

(എ) ഇല്ല.

(ബി) ൯൦൦൦൦ രൂപ.

ശ്രീ. ഇട്ടീര അച്യുതൻ: ഈ വരവ് കൊച്ചിയിൽനിന്നു മാത്രമാണോ?

ശ്രീ. എ. ജെ. ജോൺ: അല്ല. തിരുവിതാംകൂർ കൊച്ചിയിൽ നിന്നുമാണ്.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരത്തിനുള്ള സമയം അവസാനിച്ചിരിക്കുന്നു

Written answers

എൻ. ജി. ഒ. മെമ്മോറാണ്ടം

*൪൱൨. (൩൪) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) എൻ. ജി. ഒ. അസോസിയേഷനിൽനിന്നും പി. ഡബ്ലിയു ഡി. വർക്ക് എസ്റ്റാബ്ളിഷ്മെൻറുകാരുടെ ഒരു മെമ്മോറാണ്ടം ഗവമ്മെണ്ടിലേക്കു അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ചു എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പി. ഡബ്ളിയു. ഡി. വർക്കുഷോപ്പിലേയ്ക്ക് എസ്റ്റാബ്ളിഷ്മെൻറുകാരുടെ ഒരു മെമ്മോറാണ്ടം കിട്ടിയിട്ടുണ്ട്.

(ബി) മെമ്മോറാണ്ടത്തിലെ അപേക്ഷയനുസരിച്ചു വർക്കുഷോപ്പിലെ വർക്ക് എസ്റ്റാബ്ളിഷ്മെൻറുകാരുടെ അടിസ്ഥാനശമ്പളം പ്രതിമാസം ൨൦ രൂപായും ക്ഷാമബത്ത പ്രതിമാസം ൨൦ രൂപായും ആയിവർദ്ധിപ്പിച്ചു. മെമ്മോറാ

ണത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന ബോണസ്സ്, അവധി, പ്രോവിഡന്റ ഫണ്ട മുതലായ സംഗതികളെക്കുറിച്ചു ഗവമ്മെന്റ ആലോചിച്ചുവരുന്നു.

വില കൂടുതൽ അലവൻസ്

*൪൩൮. (൩൫) ശ്രീ. കെ. എൻ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ. —

(എ) ഉദ്യോഗസ്ഥന്മാരുടെ വില കൂടുതൽ അലവൻസു വർദ്ധിപ്പിക്കണമെന്നു എൻ. ജി. ഒ. അസോസിയേഷനിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഇതിനെ സംബന്ധിച്ച് ഗവമ്മെന്റിൽനിന്നും എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) പ്രസ്തുത സംഗതി ഗവമ്മെന്റിന്റെ അവഗാഢമായ പരിഗണനയിലിരിക്കുകയാണ്.

വെററിനറി ഡയറക്ടർ

*൪൯൦. (൩൭) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചി വെററിനറി ഡയറക്ടർ ഇൻറർമെഡിയററ പരീക്ഷ പാസ്സായിട്ടുള്ള ആളാണോ? പാസ്സായിട്ടുണ്ടെങ്കിൽ എതു കാളേജിൽനിന്നും, ഏതുകൊല്ലം?

(ബി) ഇന്നത്തെ വെററിനറി ഡയറക്ടർ വെററിനറി മെഡിസനു് അംഗീകാരമുള്ള പോസ്റ്റ്ഗ്രാഡ്യൂവേററ ഡിപ്ലോമ എവിടെ നിന്നെങ്കിലും എടുത്തിട്ടുണ്ടോ? ഏതു യൂണിവേഴ്സിററിയിൽ നിന്നാണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ ടി. കെ. നാരായണപിള്ള):

(എ) അതേ. മദ്രാസ് ക്രിസ്ത്യൻ കാളേജിൽനിന്നും ൧൯൨൨ സെപ്ററമ്പർ മാസത്തിൽ ഇൻഡർമീഡിയററ് പരീക്ഷ പാസായിട്ടുണ്ട്.

(ബി) പോസ്റ്റ് ഗ്രാഡ്യുവേററ ഡിപ്ലോമ എടുത്തിട്ടില്ല.

വെററിനറി ഡിപ്പാർട്ടുമെണ്ട്

*൪൯൧. (൩൮) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ—

(എ) ഗവമ്മെണ്ട് അംഗീകരിച്ച Retrenchment Scheme അനുസരിച്ച് തിരുവിതാംകൂർ-കൊച്ചി വെററിനറി ഡിപ്പാർട്ടുമെൻറിൻനിന്നും എത്ര ഉദ്യോഗങ്ങൾ കുറവു ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൫ ൦.

(ബി) ആരെയും പിരിച്ചുവിട്ടിട്ടില്ല.

<u>നാണയക്കുഴപ്പം</u>

*൪൭൨. (൪൦) <u>ശ്രീമതി ദേവകി ഗോപിദാസ്</u>: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ൧൯൫൦ ഒക്ടോബർ ൪-ാംനു-യിൽ ആലപ്പുഴ ട്രഷറിയിൽ ൨൭-ാം നമ്പർ റേഷൻ ഡിപ്പോയ്ക്കുവേണ്ടി പുന്നപ്ര കെ. പി. ജാൺ തിരുവിതാംകൂർ നാണയങ്ങൾ ഒടുക്കിയ അവസരത്തിൽ ട്രഷറി ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിയതിനെ സംബന്ധിച്ച് ഗവമെണ്ടിലേക്ക് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പ് <u>മന്ത്രി (ശ്രീ. എ. ജെ. ജാൺ)</u>:

(എ) ഉണ്ട്.

(ബി) ഡിപ്പാർട്ടുമെണ്ടുമുഖാന്തിരം ഒരു അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>വിഴിഞ്ഞം ഡിസ്പെൻസറി</u>

*൪൭൩. (൪൧) <u>ശ്രീ. എസ്സ്. കുട്ടൻ</u>: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാററിൻകര താലൂക്കിൽ വിഴിഞ്ഞം എന്ന സ്ഥലത്തു നടത്തിവരുന്ന ഡിസ്പെൻസറി വാടകകെട്ടിടത്തിലാണോ നടത്തിവരുന്നതു്?

(ബി) വിഴിഞ്ഞം ഡിസ്പെൻസറി നടത്തിവരുന്ന കെട്ടിടം ജീർണ്ണിച്ചിരിക്കുന്നു എന്ന വിവരം ബഹു. മെഡിക്കൽവകുപ്പുമന്ത്രി അറിയുകയും നേരിട്ടു സ്ഥലത്തുപോയി കാണുകയും ചെയ്തിട്ടുണ്ടോ?

(സി) വിഴിഞ്ഞം ഡിസ്പെൻസറി നടത്തുന്നതിനുള്ള പുതിയ കെട്ടിടത്തിന്റെ അസ്ഥിവാരം ഇട്ടിട്ടുണ്ടോ?

(ഡി) ഇട്ടിട്ടുണ്ടെങ്കിൽ അതു എപ്പോഴാണ്?

(ഇ) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനു് ഗവമെണ്ടിൽനിന്നും എന്തെങ്കിലും സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (<u>ശ്രീ. എ. ജെ. ജാൺ</u>):

(എ) അതേ.

(ബി) കണ്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ൧൯൪൦-ൽ.

(ഇ) കെട്ടിടം പണി ഗവമെണ്ടുതന്നെ നടത്തുവാനാണുദ്ദേശം.

LAND REVENUE

***474.** [42] **Sri. P. K. Krishnankutty Menon:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) the Land Revenue now payable per acre of wet and dry lands in the Travancore-Cochin portions of this State;

(*b*) whether the Government have received complaints from the landlords of the Cochin area in respect of the difference in this matter;

(*c*) what steps if any have the Government taken to make the taxation uniform?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) The attention of the Hon'ble Member is invited to answer to part (*a*) of interpellation No. *1207.

(*b*) Yes.

(*c*) It has already been decided that the taxation should be made uniform. The neceesary legislation will be issued immediately.

TAPIOCA CULTIVATION IN FOREST LANDS

***475.** [45] **Sri. N. P. Varghese:** Will the Hon'ble Chief Minister be pleased to state.—

Whether there is any ban for cultivating tapioca in forest lands leased out for cultivation ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

There is no ban on cultivation of tapioca in forest lands leased out, provided proper anti-erosion measures are taken before such cultivation is started.

SALES TAX FOR MEDICINES

***476.** [47] **Sri. N. V. Chacko:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) whether dispensing medical practitioners are levied sales tax for the medicines they sell to their patients under their prescriptions ;

(*b*) if the answer to (*a*) is in the affirmative, whether such levy is on each item sold to a person or all the items sold together at a time or is it lump levy calculated on the amount of money they realise by sale of medicines to their patients per month or year; and

(*c*) whether there is any other place in India where sales tax is imposed on medicines thus sold ?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) No.

(*b*) Does not arise in view of answer to (*a*).

(*c*) Does not arise in view of answer to (*a*).

ഭക്ഷ്യോല്പാദനവികസനം

*൪൭൭. (൪൮) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) മദ്രാസിൽവച്ച് ൧൯൫൧-ൽ ഫെബ്രുവരി ൧-ാംനു-യിൽ ആരംഭിച്ചു നടത്തപ്പെട്ട ഇൻഡൊ പസഫിക് ഫിഷറീസ് കൗൺസിൽ യോഗത്തിൽ നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിച്ചു ആരെങ്കിലും ഹാജരാകയുണ്ടായോ;

(ബി) അവിടെ സ്വീകരിക്കപ്പെട്ട തീരുമാനങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം മത്സ്യോല്പാദനവികസനത്തിനു എന്തു സാദ്ധ്യതയുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) അവിടെ സ്വീകരിച്ച തീരുമാനങ്ങൾ എന്തെല്ലാമാണെന്നു് അറിഞ്ഞതിനുശേഷമെ ഇതേപ്പറ്റി എന്തെങ്കിലും പറയുവാൻ നിവൃത്തിയുള്ളു.

മത്സ്യം പിടിക്കാനുള്ള കുത്തക

*൪൧൮. (൪൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൪൯ ഡിസമ്പർ ൧൫-ാംതിയ്യതിക്കുശേഷം ആർക്കെങ്കിലും പുതുതായി പുറംപോക്കു ജലാശയങ്ങളിൽനിന്നും മത്സ്യം പിടിക്കാനുള്ള കുത്തക കൊടുത്തിട്ടുണ്ടോ;

(ബി) (എ)-യ്ക്കു് ഉത്തരം "അതേ" എന്നാണെങ്കിൽ, ആർക്കെല്ലാം ഏതേതു ജലാശയങ്ങളാണ് കൊടുത്തിട്ടുള്ളതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) ചേർത്തല എഴുപുന്ന കമ്പോളത്തുപറമ്പിൽ ശ്രീ. അന്തോണി ജോർജ്ജിനു് തുറവൂർ വടക്കുപകുതിയിൽ സർവ്വെ ൩൩/൨, ൩൯/൨-ൽ കരയത്തോടിനും വല്ലയിൽതോടിനും ഇടക്കുള്ള ൨ ഏക്കർ ൧൨ സെൻറ് പുറമ്പോക്കു ജലാശയം മൂന്നുകൊല്ലത്തേക്കു് സെൻറു് ഒന്നിനു് ൪ അണവച്ചു് അനുവദിച്ചിട്ടുണ്ടു്.

കുത്തകപ്പാട്ടം

*൪൧൯. (൫൩) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുള്ള ഭൂമികൾക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കൊല്ലത്തേക്കാണു്?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കുത്തകപ്പാട്ടവ്യവസ്ഥയിൽ കാലാവധിവെച്ചും കാലാവധി കൂടാതെയും ഭൂമി കൊടുത്തിട്ടുണ്ടു്.

(ബി) സാധാരണ കാലാവധിവെച്ചു കൊടുക്കുന്നതു് ൧൨ കൊല്ലത്തേക്കാണു്.

നിയമവിരുദ്ധമാക്കപ്പെട്ട സംഘടനകൾ

*൪൧൯. (എ) (൬൬) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

മദ്രാസിലും കൽക്കട്ടയിലും മററും നിയമവിരുദ്ധസംഘടനകളെ നിയമവിധേയമാക്കിക്കൊണ്ടുള്ള കോടതി തീരുമാനങ്ങൾ ഈ ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ സി. കേശവൻ): ഉണ്ടു്.

Unstarred Questions and Answers

ഡിറെറൻഷൻ ആക്ട്

൨൯. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഡിറെറൻഷൻ ആർഡർ അനുസരിച്ചു് എത്രപേരെ തടങ്കലിൽ വച്ചിട്ടുണ്ടു്;

(ബി) എത്രപേരെ വിമോചിപ്പിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഇപ്പോഴും ൨൧ പേർ തടങ്കലിൽ ഉണ്ട്.

(ബി) ൧൩.

പബ്ലിക്ക് സർവ്വീസ്

൩൦. (ന) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജററവർഷത്തിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തപ്പെട്ടിട്ടുള്ള പബ്ലിക്ക് സർവ്വീസ് നിയമനങ്ങളുടെ ജാതി തിരിച്ചുള്ള പട്ടിക തയ്യാർ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരിൽ പുലയവിഭാഗക്കാർ എത്ര ;

(സി) പറയർ എത്ര ;

(ഡി) കുറവർ എത്ര ;

(ഇ) യഥാക്രമം എതെല്ലാം സർവ്വീസുകളിൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ, ബി, സി, ഡി, ഇ) ആവശ്യപ്പെട്ടിട്ടുള്ള വിവരത്തിന് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപ്പോഴപ്പോൾ ഗവമെൻറ് ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുള്ള നിയമനലിസ്റ്റുകളിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മുണ്ടാർ എസ്റ്റേററിലെ കൃഷി സ്ഥലം

൩൧. (ത) ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) വൈക്കം താലൂക്കിൽ തലയാഴം പകുതിയിലുള്ള മുണ്ടാർ എസ്റ്റേററിന് ആകെ എത്ര വിസ്തീർണ്ണം ഉണ്ട് ;

(ബി) ആകെയുള്ള വിസ്തീർണ്ണത്തിൽ എത്രമാത്രം ഭാഗം ഇപ്പോൾ കൃഷിയിറക്കിയിട്ടുണ്ട് ;

(സി) കൃഷിയിറക്കിയിട്ടുള്ള സ്ഥലത്തു ഏക്കറിന് ശരാശരി എത്ര വിളവു ഉണ്ടായിട്ടുണ്ട് ;

(ഡി) കൃഷിയിറക്കിയിട്ടുള്ള സ്ഥലത്തു ഈ കൊല്ലം പുത്തനായി കൃഷിയിറക്കിയിട്ടുള്ള സ്ഥലത്തിൻെറ വിസ്തീർണ്ണം എന്താണ് ;

(ഇ) തരിശായി ഇട്ടിരിക്കുന്ന സ്ഥലം അടുത്ത കൊല്ലമെങ്കിലും കൃഷിചെയ്യിപ്പിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടികൾ ഗവമെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്താണ്?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൨,൧൩൪ ഏക്കർ ൧൭ സെൻറ്.

(ബി) ഉദ്ദേശം ൭൦൦ ഏക്കർ.

(സി) ഉദ്ദേശം ഒരേക്കറിന് ൩൫ പറവീതം.

(ഡി) ൩൦൦ ഏക്കർ.

(ഇ) ഉണ്ട്.

(എഫ്) ജലസേചനസൌകര്യാർത്ഥം ഈ എസ്റ്റേറ്റിൽക്കൂടി ഒരു പുതിയ തോടുവെട്ടിവരുന്നു.

കാരക്കോണം ഡിസ്പെൻസറി

൩൨. (൬൩) ശ്രീ. എസ്സ്. കുട്ടൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രി സദയം മറുപടി നല്കുമോ.—

(എ) നെയ്യാറ്റിൻകര താലൂക്കിൽ മൂന്നാം നിയോജകമണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പുകാലത്തു കാരക്കോണം എന്ന സ്ഥലത്തു ഒരു ഡിസ്പെൻസറി സ്ഥാപിച്ചിട്ടുണ്ടായിരുന്നോ;

(ബി) ആ ഡിസ്പെൻസറിയിൽ ഇപ്പോൾ ഡാക്ടരോ, മിഡ്വൈഫോ ഉണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

കാർഷികാദായ നികുതി

൩൩. (൬൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

൧൨൨, ൧൨൩, ൧൨൪, ൧൨൫, ഈ ആണ്ടുകളിൽ ചേർത്തല താലൂക്കിൽനിന്നും കാർഷികാദായ നികുതിയിനത്തിൽ ഈടാക്കിയിട്ടുള്ള തുക എത്ര വീതം?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

൧൧൨൨, ൧൧൨൩, ൧൧൨൪ ഈ വർഷങ്ങളിൽ കാർഷികാദായ നികുതിക്ക് പ്രത്യേകമായി കണക്കുകൾ സൂക്ഷിച്ചു വന്നിരുന്നില്ല. ൧൧൨൫-ൽ ആകട്ടെ കാർഷികാദായ നികുതി ഒരു പ്രത്യേക പട്ടികയുടെ അടിസ്ഥാനത്തിലാണു് ചുമത്തപ്പെട്ടിരുന്നതെങ്കിലും, ഇതു സംബന്ധിച്ച മുൻപുള്ള കുത്തിടപാടുകളും, സംഗതങ്ങളായ റിക്കാർഡുകളും സാമ്പത്തിക സംയോജനസമയത്തു കേന്ദ്രത്തിലേക്കു മാറ്റിയിട്ടുള്ളതിനാൽ ആവശ്യമായ വിവരങ്ങൾ നൽകുവാൻ നിവൃത്തിയില്ല.

APPENDIX

Questions and Answers laid on the table†

Number within brackets indicates the serial numbers in the lists of admitted questions for the respective days to which the questions were posted.

Questions posted for answer on 13th March 1951

EX-SERVICE MEN

***480.** [2] **Sri. K. Ramachandran :** Will the Hon'ble Minister for Education Food and Labour be pleased to state the number of Ex-service personnel absorbed in Government services during 1950 and their number absorbed in private employment through the Resettlement Exchange ?

† The answers herein published are in respect of questions which were included in the lists for previous days of the session for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table of this day.

LA VII—3

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** Two hundred and ten Ex-servicemen have been advised from the Office of the Public Service Commission for recruitment to Government Service in 1950 and the number of Ex-servicemen absorbed in private employment through the Employment Exchange at Trivandrum and Ernakulam during 1950 is 82.

പ്രാഥമിക വിദ്യാഭ്യാസം

* ൪൱൧. (൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പ്രാഥമിക വിദ്യാഭ്യാസം തിരുവിതാംകൂർ വിഭാഗത്തു ദേശവൽക്കരിക്കുവാൻ തുടങ്ങിയിട്ട് എത്രകൊല്ലമായിയെന്നു പറയാമോ;

(ബി) കൊച്ചിയിൽ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) നാലുകൊല്ലം കഴിഞ്ഞു.

(ബി) ഇല്ല.

(സി) മുകളിൽ ബി യുടെ ഉത്തരമനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

പുതിയ വിദ്യാഭ്യാസ പദ്ധതി

* ൪൱൨. (൮) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വിദ്യാഭ്യാസ പദ്ധതി അംഗീകരിച്ചു പ്രവർത്തിക്കാത്ത സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എവിടെയെല്ലാം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ൧. നേമം.
൨. ഇരവേഴ.
൩. നെല്ലിമൂട്.
൪. മണപ്പള്ളി.
൫. അരുമാനൂർ.

പ്രാഥമിക വിദ്യാഭ്യാസം

* ൪൱൩. (൯) ശ്രീ. ദേവകീ ഗോപീദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ടവിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

നാളതുവരെ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിക്കുന്നതു സംബന്ധിച്ച് ഗവൺമെണ്ടിനു എന്തു ചിലവു വന്നിട്ടുണ്ടെന്നു പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണ പിള്ള):

ഏകദേശം ൪൨ ലക്ഷം രൂപ നാളതുവരെ കൂടുതൽ ചിലവു വന്നിട്ടുണ്ടു്.

പ്രാഥമിക വിദ്യാഭ്യാസം

*൪൮൪. (൮) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിക്കുന്നതിനു എന്തു ചിലവു വരുമെന്നാണു് ഗവമ്മെണ്ടിന്റെ പ്രതീക്ഷ.

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

വർഷംതോറും ആവർത്തിച്ചുണ്ടാകാവുന്ന ചെലവിനു പുറമെ ഒരുകോടി അമ്പതുലക്ഷം രൂപ ഉടനടി വേണ്ടിവരും എന്നാണു് ഏകദേശമായി കണക്കാക്കിയിട്ടുള്ളതു്.

പ്രാഥമിക വിദ്യാഭ്യാസവും സെക്കണ്ടറി വിദ്യാഭ്യാസവും

* ൪൮൫. (൯) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമൊ.—

തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിലെ പ്രാഥമിക വിദ്യാഭ്യാസവും സെക്കണ്ടറി വിദ്യാഭ്യാസവും ദേശവൽക്കരിച്ചു് ഗവമ്മെണ്ടു് ഏറ്റെടുത്തു നടത്തുന്ന കാര്യം ഗവമ്മെണ്ടു് ആലോചിച്ചിട്ടുണ്ടോ? ആലോചിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി ആലോചിച്ചിട്ടുണ്ടു്; സെക്കണ്ടറി വിദ്യാഭ്യാസത്തെപ്പററി ആലോചിച്ചിട്ടില്ല.

விற்பனைவரி.

*486 [11] ஸ்ரீ. ஸ்ரீ. வி. தாஸ்: கீழ்கண்ட வினாக்களுக்கு கனம் நிதி மந்திரி விடை பகர்வார்களாக.

(a) புகையிலையின்மேலும் அது சம்பந்தப்பட்ட வேறு பொருள்கள் மீதும் விதிக்கப்பட்டிருக்கிற விற்பனை வரியை ரத்து செய்ய வேண்டுமென்று நாகர்கோவில் நகரவாசிகள் 23-1-51 ம் தியதி பொதுக்கூட்டம் கூடி தீர்மானம் அனுப்பியதுண்டா?

(b) மேற்படி வரியை ரத்துசெய்ய அரசாங்கத்திற்கு நடவடிக்கை எடுக்க உத்தேசமுண்டா?

Minister for Land, Finance and Revenue **(Sri. A. J. John):** *(a)* Yes.

(b) No.

നൽ മൊത്തവ്യാപാരികൾ

* ൪൮൭. (൧൨) ശ്രീ. റാഫൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്നചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നൂൽ മൊത്തവ്യാപാര ലൈസൻസികളെ തെരഞ്ഞെടുക്കുന്നതു ഏതു തത്വം അടിസ്ഥാനമാക്കിയാണു്;

(ബി) നമ്മുടെ സ്റ്റേറ്റിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്ര നൂൽ മൊത്തവ്യാപാരികൾ ഉണ്ടു്;

(സി) ഓരോഡിസ്ട്രിക്റ്റിലും ഒരു മാസത്തിൽ ശരാശരി എന്തുമാത്രം നൂൽ വിതരണം ചെയ്യപ്പെടുന്നുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ധനസ്ഥിതി, വ്യാപാരത്തിലുള്ള പൂർവ്വപരിചയം, സ്വഭാവം തുടങ്ങിയ അടിസ്ഥാനത്തിന്മേൽ.

(ബി) തൃശ്ശൂർ ഡിസ്ട്രിക്റ്റ്	൨
കോട്ടയം	൧൧
കൊല്ലം	൧
തിരുവനന്തപുരം	൩

(സി) അപ്പോഴപ്പോൾ വരുന്ന ക്വോട്ടായുടെ അടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിനാൽ ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

ദുരിത നിവാരണം

*൪ ൱ ൱. (൧൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ദുരിതനിവാരണവും പുനഃസംവിധാനവും സംബന്ധിച്ചു് കഴിഞ്ഞ ബഡ്ജററ് വർഷത്തിൽ പ്രത്യേക പരിപാടികൾ അംഗീകരിച്ചു പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരിപാടികൾ ഏതെല്ലാം;

(സി) ഇതിൽ ഏതെല്ലാം പരിപാടികൾ വിജയത്തിലായി;

(ഡി) ഏതെല്ലാം പരിപാടികൾ പരാജയത്തിലായി?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) കഴിഞ്ഞ ബഡ്ജററ് വർഷത്തിൽ യുദ്ധാനന്തര പുനഃസംവിധാനം സംബന്ധിച്ചു് ചില പരിപാടികൾ ഉണ്ടായിരുന്നു.

(ബി) ഭവനനിർമ്മാണ പദ്ധതി, കയർ സഹകരണസംഘങ്ങൾ, പട്ടുനൂൽ കൃഷി, പാൽപൊടി വിതരണം മുതലായവയും, മരാമത്തു ഇനത്തിൽ പെരിഞ്ചാണി സ്കീം, കനാൽ പരിഷ്കരണം ദേവികുളം, പീരിമേട്ട് റോഡുപണി മുതലായവയും മേൽപറഞ്ഞ പരിപാടികളിൽ ഉൾപ്പെട്ട പദ്ധതികളാണു്. കൂടാതെ പല പുതിയ മരാമത്തു പദ്ധതികളെപ്പററിയുള്ള അന്വേഷണങ്ങളും വിജയകരമായി പുരോഗമിച്ചിട്ടുണ്ടു്.

(സി-ഡി) പരിപാടികൾ എല്ലാംതന്നെ ഏറെക്കുറെ വിജയിച്ചിട്ടുണ്ടു്.

ഭൂമി പതിവു്

*൪ ൱ ൯. (൧൪) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വിളവങ്കോട്ട താലൂക്കിൽ കളിയിൽ പകുതിയിൽ സർവ്വേ ൨൦൦൦ ഇൽപെട്ട സൗജന്യപ്പതിവുഭൂമി പേരിൽ പതിവുകാരിൽനിന്നും അന്യാധീനത്തിലാകാൻ ഇടയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനിടയായ വസ്തുതകൾ എന്താണ്;

(സി) ടി സ്ഥലം തിരിയെ കിട്ടുന്നതിലേക്ക് ആരെങ്കിലും അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) ൪ ഏക്കർ ൧ സെൻറ് വിസ്തീർണ്ണമുള്ള സർവ്വേ ൨൮൫ൻ ൭ ബി നമ്പർ ഏഴ് ബ്ലോക്കുകളായി തിരിച്ച് സൗജന്യ വ്യവസ്ഥയിൽ പതിച്ചു കൊടുത്തിട്ടുള്ളതാണ്. ഇതിൽ അഞ്ചു ബ്ലോക്കുകളിൽ പെട്ട ൨ ഏക്കർ ൩൨ സെൻറ സർക്കാർ കരം ഈടാക്കുന്നതിനുവേണ്ടി ലേലംചെയ്തു പോയിട്ടുണ്ട്. മററു രണ്ടു ബ്ലോക്കുകളിൽപെട്ട ൧ ഏക്കർ ൪൪ സെൻറ് സഹകരണസംഘത്തിലെ കടത്തിനായും ലേലം ചെയ്തിട്ടുണ്ട്.

(സി) ഉടമസ്ഥന്മാരുടെ അവകാശികൾ അപ്പീൽ കൊടുത്തു, ഒടുവിൽ പറഞ്ഞ ലേലം അസ്ഥിരപ്പെടുത്തിയിട്ടുണ്ട്. അഞ്ചുബ്ലോക്കുകളിലെ ലേലത്തെ സംബന്ധിച്ച് ആരും അപേക്ഷ ബോധിപ്പിച്ചിട്ടില്ല.

സൗജന്യ പതിവുഭൂമി

*൪൯൦. (൧൭) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാററിങ്കര താലൂക്കിൽ വിളപ്പിൽ പകുതിയിൽ പിന്നോക്ക സമുദായക്കാർക്ക് സൗജന്യ വ്യവസ്ഥയിൽ പതിച്ചു നൽകിയിട്ടുള്ള പുതുവൽ ഭൂമികളിൽ ഏതെങ്കിലും ഭാഗങ്ങൾ കൈവശാവകാശം മുൻനിറുത്തി ഇതരവർഗ്ഗസ്ഥരിൽനിന്നും കരം ഈടാക്കിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു്, യഥാക്രമം എതെല്ലാം സർവ്വേ നമ്പരുകളിൽ;

(സി) യഥാക്രമം എത്രയെത്ര ഏക്കർ വീതം?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി & സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ഷിഫ്ററ് സിസ്റ്റം

*൪൯൧. (൧൮) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിദ്യാലയങ്ങളിൽ ഷിഫ്ററ് സിസ്റ്റം നിറുത്തൽചെയ്യാൻ ഗവമ്മെണ്ട് നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് എന്തു നിർദ്ദേശമാണ് കൊടുത്തിട്ടുള്ളതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) പ്രൈമറി ക്ലാസുകളിൽ നിലവിലിരിക്കുന്ന ഷിഫ്ററ് സമ്പ്രദായം നിറുത്തണമെന്നാണ്.

പുതിയ വിദ്യാഭ്യാസപദ്ധതി

* ൪൯൨. (൧൭) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതിയ വിദ്യാഭ്യാസപദ്ധതിക്കു കൂടുതൽ ധനവ്യയമുണ്ടാകുന്നതിന് എന്തു പരിഹാരമാണ് ഗവമെൻറ് കണ്ടിരിക്കുന്നതു്;

(ബി) അതിന്റെ പ്രായോഗികതയെപ്പററി അന്വേഷിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പരിഹാരമാർഗ്ഗങ്ങൾ ഇതുവരെ ആരായേണ്ട ആവശ്യമുണ്ടായിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ഡിസ്പെൻസറി

* ൪൯൩. (൧൮) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിലെ ഗ്രാൻറ് ഇൻ എയിഡഡ് ഡിസ്പെൻസറികളിലേക്ക് മരുന്നുകൾ കൊടുത്തതു ഏതു വർഷത്തിലാണു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി
(ശ്രീ. എ. ജെ. ജോൺ):

തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിലെ ഗ്രാൻറ് ഇൻ എയിഡഡ് ഡിസ്പെൻസറികളിലേക്കുള്ള മരുന്നുകൾ, ൧൯൫൧ മാർച്ച് മാസാവസാനം വരെയ്ക്കുള്ളതു് അയച്ചുകൊടുത്തിട്ടുണ്ട്.

LEAKAGE OF QUESTION PAPERS

*494. [19] **Sri. Paul Thaliath:** Will the Hon'ble Minister for Education, Food and Labour be pleased to state.—

(*a*) Whether the Committee appointed to enquire into the leakage of the question papers of the University Examinations has submitted its report ;

(*b*) If so the nature of the important findings of the Committee with the nature of the action taken on the same ; and

(*c*) if the answer to (*a*) is in the negative the date in which this Committee was appointed ?

Minister for Education, Food and Labour, **(Si. T. K. Narayana Pillai):**

(*a*) Yes.

(*b*) The report is under the consideration of Government and it will not be in public interest to reveal its contents.

(*c*) Does not arise in view of the answer to part (*a*).

TIMBER FROM ANDAMANS

*495. [20] **Sri. Paul Thaliath:** Will the Hon'ble Minister for Education Food and Labour be pleased to state.—

(*a*) whether it is a fact that the Government have entered into a contract with the Government of India to cut and transfer timber from Andamans;

(*b*) If the answer to (*a*) is in the affirmative the terms of the contract?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) This question does not arise in view of answer to (*a*).

AMENITIES FOR HOSPITALS

***496.** [21] **Sri. Paul Thaliath** : Will the Hon'ble Minister for Law, Finance and Revenue be pleased to state.—

(*a*) whether any amount has been spent from the lump sum provision of Rs. 10,00,000 provided for better amenities for Hospitals, etc., in the Budget for 1950—51;

(*b*) if so, the amount spent up to 30th January 1951 from this provision; and

(*c*) the purposes for which this has been spent?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) Yes.

(*b*) Rs. 3,12,210.

(*c*) *i.* Rs. 6,760 for providing Sanitary installation in the quarters for Nursing Sisters attached to the General Hospital, Trivandrum.

ii. Rs. 1,950 for construction of bath rooms and wash rooms in the General Hospital, Trivandrum.

iii. Rs. 50,000 for purchase of furniture for Hospitals and Dispensaries.

iv. Rs. 3,500 for payment of rents to certain institutions.

v. Rs. 2,50,000 for maintenance and repairs to Medical Buildings.

അലൂമിനിയം കമ്പനി

* ൪൯൭. (൨൨) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

എഫ്. എ. സി. ററി., ഇൻഡ്യൻ അലൂമിനിയം എന്നീ കമ്പനികൾ തിരുവനന്തപുരത്തുകൂടി ഓരോ ആഫീസുകൾ നടത്തുന്നതായി അറിയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണ പിള്ള):

ഇല്ല. എന്നാൽ ഫർട്ടിലൈസർ കമ്പനിയുടെ മാനേജിങ് ഏജൻറസ് ആയ ശേഷാശായി ബ്രദേഴ്സിന് തിരുവനന്തപുരത്ത് ഒരാഫീസുണ്ട്.

അടിസ്ഥാന വിദ്യാഭ്യാസകേന്ദ്രം

ശ്രീ. ആർ. ശങ്കർ: സർ, കാർഷികാദായനികുതി ഇനത്തിൽ ഈ നടപ്പു വർഷത്തിൽ പ്രതീക്ഷിച്ചിരുന്നതു് അറുപത്തിരണ്ടര ലക്ഷം രൂപയാണ്. എന്നാൽ ഇപ്പോഴത്തെ റിവൈസ്ഡ് എസ്റ്റിമേററ് അനുസരിച്ചു് അതു കേവലം ൩൦ ലക്ഷം രൂപയായിത്തീർന്നിരിക്കുന്നു. അതിന്റെ അർത്ഥം മുപ്പത്തിരണ്ടരലക്ഷം രൂപ ഒരു ഇനത്തിൽ ഈ ആണ്ടിൽ കുടിശ്ശിക വരും എന്നാണ്. ഈ കുടിശ്ശിക ഉൾപ്പെടെ അടുത്ത കൊല്ലത്തേക്കു പ്രതീക്ഷിക്കുന്നതു് ൬൦ ലക്ഷം രൂപാ മാത്രവുമാണ്. അതിന്റെ അർത്ഥം കുടിശ്ശിക കഴിച്ചു അടുത്ത വർഷം ൩൧½ ലക്ഷം രൂപാ മാത്രമേ കളക്ട്ചെയ്യുവാൻ സാധിക്കയുള്ളൂ എന്നു ഗവമ്മെണ്ടു വിചാരിക്കുന്നു എന്നാണ്.

സർ, ഈ കാർഷികാദായനികുതി ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ അധികം ആദായംവരുന്ന—ഇലാസ്റ്റിക്കായിട്ടുള്ള ഒരു വരവിനം ആണ്. ഈ ആണ്ടത്തെ ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണം തീരെ കാര്യക്ഷമമായിരുന്നില്ലെന്നു ഞാൻ ഈ പറഞ്ഞ കണക്കുകൾ തെളിയിക്കുന്നുണ്ടു്. വരുന്ന വർഷവും അതുവേണ്ടവണ്ണം കാര്യക്ഷമമാക്കി ഈ ഇനത്തിൽ നല്ല ഒരു തുക വരവുണ്ടാക്കണമെന്നു ഗവമ്മെണ്ടിനു പ്രതീക്ഷയില്ലെന്നു എനിക്കു തോന്നുന്നു. സർ, ഇതു് നയസംബന്ധമായും ഗവമ്മെണ്ടിന്റെ ചില വശത്തെ സാരമായി സ്പർശിക്കുന്നതാണ്. കാർഷികാദായ നികുതിയെ സംബന്ധിച്ചു ഈ നാട്ടിലെ ധനികന്മാർക്കു എതിർപ്പുള്ളതാണ്. അവരുടെ എതിർപ്പിനു വിധേയമായി ഗവമ്മെൻറു ഇപ്പോൾ കിട്ടിയ സൗകര്യം ഉപയോഗപ്പെടുത്തി അലസമായ ഒരു നയമാണ് കൈക്കൊണ്ടിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഈ കൊല്ലംതന്നെ ൫൦ ശതമാനത്തിലധികം കുടിശ്ശികവരുത്തിയിരിക്കയാണ്. അടുത്ത കൊല്ലവും ഏതാണ്ടു അതുപോലെതന്നെ കുടിശ്ശിക വരുത്തുവാനുള്ള ഭാവവുമാണു കാണുന്നതു്. കാർഷികോൽപന്നങ്ങൾക്കു ഏററവും വില വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു ധനികന്മാരായ കർഷകന്മാരിൽനിന്നു ഗവമ്മെൻറിനു വമ്പിച്ച ഒരു തുക ന്യായമായിത്തന്നെ ഉണ്ടാക്കാവുന്നതു് ഗവമ്മെൻറു അനാസ്ഥയോടെ തള്ളിക്കളയുന്ന ലക്ഷണമാണ് കാണുന്നതു്. ഇങ്ങനെയായാൽ ഈ ബഡ്ജററിന്റെ പൊതുവിലുള്ള സ്വഭാവംതന്നെ അവസാനം മാറുന്നതായിരിക്കും. ൨൧ ലക്ഷം രൂപാ അധികമായി ഫാറസ്റ്റ്ഡിപ്പാർട്ടുമെണ്ടിൽനിന്നു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. എന്തടിസ്ഥാനത്തിലാണ് അതു പ്രതീക്ഷിക്കുന്നതെന്നു ഒന്നും വ്യക്തമല്ല. ഫൈനാൻസുമിനിസ്റ്ററുടെ പ്രസംഗത്തിൽ ഇൻഡ്യാഗവമ്മെണ്ടുമായുള്ള കോൺട്രാക്ട് അനുസരിച്ചു് ഇൻഡ്യാഗവമ്മെണ്ടിനു കൊടുക്കാനുള്ളതിൽ കൂടുതൽ തടികൾ കൊടുക്കുവാൻ കഴിയുമെങ്കിൽ ൨൧ ലക്ഷം രൂപാ ലഭിക്കുമെന്നാണു പറഞ്ഞിരിക്കുന്നതു്. ഈ ൨൧ ലക്ഷത്തിൽ എങ്ങനെ എത്തിയെന്നു ഉള്ളതു് വ്യക്തമല്ല.

സെയിൽസ് ടാക്സ് വിശേഷിച്ചും സാധുക്കളെ വല്ലാതെ ബാധിക്കുന്ന പുകയിലയുടെ സെയിൽസ് ടാക്സ്, വളരെ അമിതമായി വർദ്ധിപ്പിച്ചതി

ന്റെ ഫലമായിട്ടാണ് സെയിൽസ് ടാക്സ് ഇനത്തിൽ വലിയ തുക വരുന്നത്. ഇതും നയപരമായി വേറെ ഒന്നിനോട് തട്ടിച്ചുനോക്കേണ്ടതാണ്. ക്രമപ്രവൃദ്ധമായ ഒരു പദ്ധതി അനുസരിച്ചു ഈ രാജ്യത്തു മുഴുവൻ മദ്യനിരോധനം നടപ്പിലാക്കുന്നതാണ്; അതുമൂലം വരുന്ന നഷ്ടപരിഹാരത്തിനാണ് ഇത്തരത്തിലുള്ള ഒരു നികുതി ഏർപ്പെടുത്തുന്നത് എന്നായിരുന്നു ഈ നികുതി ഏർപ്പെടുത്തിയപ്പോൾ ഉണ്ടായിരുന്ന ഒരു വാദം. ഇപ്പോഴാകട്ടെ മദ്യനിരോധനം വികസിപ്പിക്കുന്ന ലക്ഷണമേ ഇല്ല. പല സംഗതികളെപ്പററിയും പറഞ്ഞിട്ടുള്ള ഫൈനാൻസ് മിനിസ്റ്ററുടെ ആ പ്രസംഗത്തിൽ മദ്യനിരോധനത്തെപ്പററി ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. ഒരു നയമെന്നുള്ള നിലയിൽ അതു ഉപേക്ഷിച്ചോ അതോ അതിൽ എന്താണ് ചെയ്യുവാൻ പോകുന്നത് എന്ന് ഒന്നും വ്യക്തമാക്കിട്ടില്ല. ഏതായാലും സെയിൽസ് ടാക്സ് വരുമാനത്തിന്റെ രീതി നോക്കുമ്പോൾ മദ്യനിരോധനനയം ഉപേക്ഷിക്കുന്നത് ഒട്ടും ശരിയല്ല. മദ്യനിരോധനം ഏതാനും താലൂക്കുകളിലെങ്കിലും വ്യാപിപ്പിക്കാതിരുന്നതു ഗവമ്മെൻറ് അവരുടെ നയത്തിന് വലിയ ഒരു മാററം വരുത്തിയിരിക്കുന്നു എന്നുള്ളതിനു തെളിവാണ്. മദ്യനിരോധനം നിശ്ചയമായും ഇവിടത്തെ ജനങ്ങൾക്കു ഹിതമുള്ള ഒരു കാര്യമല്ല. ഇവിടത്തെ സാമാന്യജനങ്ങൾക്കു ഇതുകൊണ്ട് വലിയ പ്രയോജനമുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഇനി ചിലവിനങ്ങൾ നോക്കിയാലും കണക്കുകളിൽ കാണുന്നതുപോലെയല്ല സംഗതികൾ ഇരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഫുഡ് സബ്സിഡി ഇനത്തിൽ ൧൨൫ ലക്ഷം രൂപാ ഇവിടെ ഗവമ്മെൻറ മാററിവെച്ചിട്ടുണ്ട്. ആകപ്പാടെ ആ ഇനത്തിൽ വരുന്ന നഷ്ടം ൫ കോടി രൂപയായിരിക്കുമെന്നും അതിൽ ഇൻഡ്യാഗവമ്മെണ്ടു സബ്സിഡി ഇനത്തിലേക്കു തരാമെന്നു സമ്മതിച്ചിരിക്കുന്ന ൧½ കോടി രൂപ കഴിച്ചാൽ വരുന്ന നഷ്ടം ൩½ കോടി രൂപയാണെന്നും ഇൻഡ്യാഗവമ്മെൻറിൽ സമർപ്പിച്ചിരിക്കുന്ന നിവേദനങ്ങളുടെ ഫലമായി സബ്സിഡിക്കായ്‌ും പരിഗണനയിൽ വെച്ചിരിക്കുന്നതുകൊണ്ട് കണക്കിൽ ൧൨൫ ലക്ഷം രൂപാ ഈ ഗവമ്മെണ്ടു സബ്സിഡി ഇനത്തിൽ കൊള്ളിച്ചിരിക്കുന്നതെന്നും ആണ് ഫൈനാൻസ് മിനിസ്റ്ററുടെ പ്രസംഗത്തിൽ കാണുന്നത്. ൧൨൫ ലക്ഷം എന്നു പറയുന്ന കണക്കുതന്നെ തെററാണെന്നു ഞാൻ ആദ്യമെ പ്രസ്താവിച്ചുകൊള്ളട്ടെ.

കഴിഞ്ഞ കൊല്ലം ഇവിടെ ഈ ഗവമ്മെണ്ടു ൩ ലക്ഷം ടൺ അരിയാണ് വിദേശത്തുനിന്നും വരുത്തിയത്. അതിന്റെ വിൽപ്പനമൂലം ഉണ്ടായ നഷ്ടത്തിന്റെ ൨൫ ശതമാനം ൧൩൦ ലക്ഷം രൂപയാണെന്നു ഈ ബഡ്ജററുകൊണ്ടു കാണാം.

<u>ശ്രീ. എ. ജെ. ജോൺ:</u> അതു ശരിയല്ലെന്നു ബഹു. മെമ്പറെ അറിയിച്ചുകൊള്ളുന്നു. യു. പി. യിൽനിന്നും ൩൦൦൦൦ ടൺ അരി വരുത്തി. അതിനു സബ്സിഡി കിട്ടിയില്ല. അതിൽ ൬൨ ലക്ഷം രൂപ നഷ്ടം വന്നിട്ടുണ്ട്.

<u>ശ്രീ. ആർ. ശങ്കർ:</u> ഏതായാലും ഇൻഡ്യാഗവമ്മെൻറിന്റെ ഔദാര്യത്തെ അവലംബിച്ചാണ് ഇവിടത്തെ സ്ഥിതിയിരിക്കുന്നത്. ഇക്കൊല്ലവും വേറെ ഏതെങ്കിലു പ്രവിശ്യയിൽനിന്നു അരി വാങ്ങേണ്ടിവന്നാൽ, ഇക്കൊല്ലവും മുഴുവൻ അരിയും വെളിയിൽനിന്നു തന്നുകൊള്ളാമെന്നു ഇൻഡ്യാഗവമ്മെണ്ടു യാതൊരു വാഗ്ദാനവും തന്നിട്ടില്ല.

<u>ശ്രീ. എ. ജെ. ജോൺ:</u> വെളിയിൽനിന്നു കിട്ടിയാലും ഇൻഡ്യയിൽനിന്നു വാങ്ങിയാലും ഒന്നര കോടി രൂപാ തരാമെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: അമേരിക്കയിൽനിന്നു വെറുതെ അരി കിട്ടിയാലോ?

ശ്രീ. എ. ജെ. ജോൺ: യു. പി. യിലെ അരിക്കു അവർ ഇപ്പോൾ വില കുറെ കൂടിയിട്ടുണ്ടു്. മന്നിനു ൧൫ ണ. വെച്ചു് കൂട്ടിയിട്ടുണ്ടു്. അമേരിക്കയിൽനിന്നു വെറുതെ കിട്ടിയാൽ നമുക്കും ഒരു വലിയ സംഖ്യ ലാഭം കിട്ടും.

ശ്രീ. ആർ. ശങ്കർ: എതായാലും ഈ കണക്കു പോകുന്നതിന്റെ അടിസ്ഥാനം ഇൻഡ്യ ഗവൺമെന്റിന്റെ ഔദാര്യത്തെ ആശ്രയിച്ചാണെന്നുള്ളതിനു സംശയമില്ല. ൨ $\frac{1}{4}$ കോടി രൂപാ ഇൻഡ്യാഗവൺമെന്റ് സബ്സിഡി ഇനത്തിൽ നൽകും എന്ന അടിസ്ഥാനത്തിലാണ് ബഡ്ജറ്റുതന്നെ ഉണ്ടാക്കിയിരിക്കുന്നതു്. ഞാൻ പറയുന്നതു കഴിഞ്ഞ കൊല്ലത്തെ സാഹചര്യത്തിൽ ഒരു ഭാഗം ഇൻഡ്യയിലെ മറ്റു പല പ്രവിശ്യകളിൽനിന്നും വാങ്ങുകയും അടുത്ത കൊല്ലവും അതു തുടരുകയും ചെയ്യുന്നപക്ഷം ൧൨൫ ലക്ഷം രൂപാ വെച്ചിരിക്കുന്നതു തന്നെ തികയാതെ വരുമെന്നാണ് കഴിഞ്ഞ കൊല്ലം ൩ ലക്ഷം ടൺ അരിമാത്രം വരുത്തിയിട്ടു ൧൩൦ ലക്ഷം രൂപാ നഷ്ടം വന്നുവെങ്കിൽ ൩൨൫൦൦൦ ടൺ അരി വരുത്തിയാൽ ൧൪൧ ലക്ഷം രൂപാ നഷ്ടം വരുമെന്നു കേവലം കണക്കുകൂട്ടി നോക്കിയാൽ കാണാം. സംസ്ഥാനത്തുനിന്നു എടുക്കുന്ന നെല്ലിന്റെ വില കൂടികഴിഞ്ഞു. ആ നിലക്കു ൨൫ ലക്ഷം രൂപാ ആദായം ഉണ്ടാകും എന്നു പ്രതീക്ഷിക്കുന്നതു ശരിയല്ല. അതുകൊണ്ടു് ഈ ഇനത്തിൽ നഷ്ടം കൂടിവരുവാനാണ് ഇടയുള്ളതു്.

Sri. K: Sivarama Pillai: Is there any increase in the procurement price from last year?

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ ബോണസ് കൊടുക്കുന്നതും എല്ലാംകൂടി ചേർത്താൽ ഈ പറഞ്ഞമാതിരി ആദായം കിട്ടുകയില്ല. കാണുന്ന കണക്കുകൊണ്ടു ഈ കൊല്ലം വളരെ കൂടുതൽ അരി എടുക്കാമെന്നു ഗവൺമെന്റു പ്രതീക്ഷിക്കുന്നതുപോലെ തോന്നുന്നു. ആ പ്രതീക്ഷകൾ മുഴുവിൽ സഫലമാകുമെന്നു തോന്നുന്നില്ല. ചിലവു അങ്ങിനെ കൂടിവരുവാനാണു ഇടയുള്ളതു്. വരവിനം കുറഞ്ഞിരിക്കുന്നതിനാൽ പ്രതീക്ഷകളെ അതു സാരമായി ബാധിക്കുമെന്നു കാണിക്കുവാനാണ് ഞാൻ മേല്പറഞ്ഞ സംഖ്യ ഉദ്ധരിച്ചതു്.

സർ, നയപരമായി ഈ ബഡ്ജറ്റു നോക്കിയാൽ ഈ ഗവൺമെണ്ടു വളരെ പരാജയമടഞ്ഞിരിക്കുന്നു എന്നു കാണുവാൻ കഴിയും. മദ്യനിരോധനം ഒരു നയമായി അധികാരത്തിൽ ഇരിക്കുന്ന പാർട്ടി സ്വീകരിച്ചതാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ തടസ്ഥങ്ങളൊക്കെയുണ്ടായിരുന്നിട്ടും ബോംബെ ഗവൺമെന്റു ആ സംസ്ഥാനം മുഴുവൻ മദ്യനിരോധനം നടപ്പാക്കി. മിക്ക സ്റ്റേറ്റുകളിലും മദ്യനിരോധനം മിക്കവാറും ഭാഗങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടു്. എന്നാൽ ഈ ഗവൺമെണ്ടു മുമ്പുതന്നെ മനസ്സില്ലാമനസ്സോടെയാണെങ്കിലും മദ്യനിരോധനം ഒരു നയമായി സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ അവക്ക് ഇപ്പോൾ കിട്ടിയ സൗകര്യം ഉപയോഗപ്പെടുത്തി അതു് നാടു മുഴുവൻ വ്യാപിപ്പിക്കുന്നതിനു പകരം അതു അശേഷവും വ്യാപിപ്പിക്കാതിരിക്കുകയാണു ചെയ്യുന്നതു്. ഈ രാജ്യത്തെ കോൺഗ്രസ്തന്നെ കൊല്ലത്തെ ഡി. സി. സി.യൊ മണ്ഡലമോ മദ്യനിരോധനം അങ്ങോട്ടു വ്യാപിപ്പിക്കണമെന്നു ആവശ്യപ്പെടുകയുണ്ടായിട്ടുണ്ടു്. രാജ്യത്തിലെ കാൺഗ്രസ്സുകാർ മദ്യനിരോധനം അങ്ങോട്ടു വ്യാപിപ്പിക്കണമെന്നു പറയുകയും അധികാരത്തിലിരിക്കുന്ന കാൺഗ്രസ്സുകാർ അതു വ്യാപിപ്പിക്കാതിരിക്കുകയും ചെയ്യുന്ന ഒരുരീതിയാണ് ഇപ്പോൾ ഇവിടെ കാണുന്നതു്.

അതുപോലെ തന്നെ വിദ്യാഭ്യാസവിഷയത്തിലും എന്തെങ്കിലും പരിഷ്കാരം വരുത്തുന്ന ലക്ഷണം കാണുന്നില്ല. ഈ രാജ്യത്തെ ജനങ്ങൾ വളരെക്കാലമായി ആവശ്യപ്പെടുന്നതു് ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ സാരമായ മാററംവരുത്തി തൊഴിൽപരമായ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകി അതു് ഈ രാജ്യത്തെ ജനങ്ങൾക്കു ഉപയോഗപ്പെടത്തക്ക രീതിയിൽ ആക്കിത്തീർക്കണമെന്നാണു്. വിദ്യാഭ്യാസസംബന്ധമായി ഗവമ്മെണ്ടു തുടന്നുകൊണ്ടിരിക്കുന്ന നയംതന്നെ മേല്പറഞ്ഞിട്ടുള്ളതിലും കുറേക്കൂടി അയഞ്ഞതാണെന്നു പറയുവാൻ ഒരു പ്രയാസവും ഇല്ല. പ്രൈമറി വിദ്യാഭ്യാസവും വികസിപ്പിക്കുന്ന കാര്യത്തിൽ ഗവമ്മെണ്ടിനു് യാതൊരാഗ്രഹവുമില്ല. വരുന്ന കൊല്ലത്തിൽ രണ്ടു താലൂക്കുകളിലേക്കു പ്രൈമറി വിദ്യാഭ്യാസം വ്യാപിപ്പിക്കുവാൻ പോകുന്നുവെന്നാണു് കാണുന്നതു്. ഒന്നു് ചെങ്കോട്ട താലൂക്കും മറെറാന്നു ചിററൂർ താലൂക്കുമാണു്. തിരുവിതാംകൂറിലെ ഏററവും ചെറുതും ജനസംഖ്യ കുറഞ്ഞതുമായ ഒരു താലൂക്കാണു് ചെങ്കോട്ട. അതുപോലെ കൊച്ചിയിലെ ഏററവും ജനസംഖ്യ കുറഞ്ഞതായ ഒരു താലൂക്കാണു് ചിററൂർ താലൂക്കു്. ഏതായാലും ഈ താലൂക്കുകളിൽ രണ്ടിലുംകൂടി ഒന്നരലക്ഷത്തോളമേ ജനസംഖ്യയുള്ളു. പത്തുകൊല്ലംകൊണ്ടു് പ്രൈമറി വിദ്യാഭ്യാസം രാജ്യം മുഴവൻ വ്യാപിപ്പിക്കണമെങ്കിൽ കൊല്ലംതോറും ഏഴരലക്ഷം ജനങ്ങൾ നിവസിക്കുന്ന പ്രദേശങ്ങളിലേക്കു പ്രൈമറി വിദ്യാഭ്യാസം വ്യാപിപ്പിക്കാതെ നിവൃത്തിയില്ല. അതിനു് നേരെമറിച്ചു ഒന്നര ലക്ഷത്തോളം ജനങ്ങളുള്ള സ്ഥലത്തേക്കു മാത്രമാണു് അതു് വ്യാപിപ്പിക്കുന്നതു്. വിദ്യാഭ്യാസവിഷയത്തിൽ എതിർപ്പുള്ള ആളുകൾ ഇല്ലാത്ത രണ്ടു താലൂക്കുകളാണു് ഗവമ്മെണ്ടു എടുത്തിരിക്കുന്നതു്. അതുപോലെ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി പുതിയ സ്കീം അനുസരിച്ചു കൊണ്ടുപോകുന്നതിനു് പണം കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. അതു് ചെറിയ ഒരു റിലീഫ് ആണു്. ആകപ്പാടെ എഡ്യൂക്കേഷൻ കാര്യത്തിൽ ഗുണപ്രദമായി ഗവമ്മെണ്ടു ചെയ്തിട്ടുള്ള ഒരു കാര്യം സംസ്ഥാനത്തു് ഒരു പോളി ടെക്‌നിക്കു് തുടങ്ങുന്നതിനു് ൫ ലക്ഷംരൂപാ നീക്കിവച്ചിരിക്കുന്നുവെന്നുള്ളതാണു്. ഈ ൫ ലക്ഷം രൂപാ ലംപ്‌സം ആയി അനുവദിച്ചിട്ടുള്ളതു് ഇതു സംബന്ധിച്ചു് ഒരു പദ്ധതിയും ഗവമ്മെണ്ടു തയ്യാറാക്കിയിട്ടില്ലെന്നുള്ളതിനു തെളിവാണു്. ആണ്ടവസാനത്തിൽ ഈ അഞ്ചു ലക്ഷവും ലാപ്സായി എന്നു വരാനാണു് എളുപ്പം.

കാളേജ് വിദ്യാഭ്യാസത്തെ സംബന്ധിച്ചും ഗവമ്മെണ്ടിന്റെ നയം വളരെ അനാസ്ഥ നിറഞ്ഞതാണു്. യൂണിവേഴ്‌സിററിയുടെ ഗ്രാൻറു കഴിഞ്ഞ ആണ്ടിൽ കുറച്ചതുകൊണ്ടു കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ നിവൃത്തിയില്ലാതെ യൂണിവേഴ്‌സിററി അധികൃതന്മാർ വിഷമിക്കുകയാണു് ചെയ്യുന്നതു്. ഇക്കൊല്ലം ൨ ൫ ലക്ഷംരൂപായാണു് ഗ്രാൻറു കൊടുക്കുന്നതു്. ഗവമ്മെണ്ടു പ്രൈവററു കാളേജുകൾക്കു യാതൊരു സഹായവും ചെയ്യുന്നില്ല. മദ്രാസ് സ്റ്റേററിലാണെങ്കിൽ അവിടത്തെ കാളേജുകളുടെ ആവശ്യത്തിലേക്കുള്ള കെട്ടിടങ്ങളുടേയും ഉപകരണങ്ങളുടേയും ചിലവിൽ ൫൦ ശതമാനം ഗ്രാൻറു എല്ലാ കാളേജുകൾക്കും കൊടുക്കണമെന്നുള്ളതാണു് അവരുടെ പ്രഖ്യാപിതനയം. ഇപ്പോൾ അവർ അതിനെപ്പററി പുനരാലോചന ചെയ്തു ൫൦ ശതമാനം എന്നുള്ളതു് മാററി അതു ൬൭ ശതമാനമാക്കുവാൻ ശ്രമിക്കുമ്പോൾ ഇവിടെ പഴയ നയത്തിന്നു് യാതൊരു വ്യത്യാസവും വരുത്തുന്നില്ല. ആകപ്പാടെ പറഞ്ഞാൽ വിദ്യാഭ്യാസസംബന്ധമായി ഗവമ്മെണ്ടിന്റെ നയത്തിലാകട്ടെ പരിപാടിയിലാകട്ടെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലാ എന്നു സമ്മതിച്ചേ തീരൂ.

ஸ்ரீ. பி. தாணுலிங்க நாடார்: ஸர், திருவிதாங்கூர் சமஸ்தானத்தில் ஜனநாயக அரசாட்சி ஆரம்பித்து மூன்று வருடங்களுக்கு மேலாகிறது. முதல் மந்திரிசபை அதிகாரத்திற்கு வந்தபொழுது அக்காலத்து நிதி மந்திரியவர்கள் தனது பட்ஜெட்டிலிருந்த குறைகளுக்கு, அதற்கு முன்னாலிருந்த திவான் ஆட்சியைக் குறை கூறிப்போனார்கள். அந்த மந்திரிசபை மாறி அடுத்த மந்திரிசபை வந்தபோது அப்பொழுது வந்த நிதி மந்திரி அவர்கள் அதற்கு முன்னாலிருந்த மந்திரி சபையை குறை கூறி அவர்களும் சாக்குப் போக்குகள் பல கூறிச் சென்றார்கள். ஆனால் இன்றைக்கு அதிகாரத்திலிருக்கும் மந்திரிசபை வேறு யார் பேரிலும் சுமதலையைப் போட்டுவிட்டுச் செல்லமுடியாதென்று முதன்முதலாக நான் கூற ஆசைப்படுகிறேன். நிதி மந்திரியவர்கள் அவர்களுடைய பிரசங்கத்தில் குறிப்பிட்டிருக்கிறார்கள், இது நான் கொண்டுவரும் மூன்றாவது பட்ஜெட் என்று. ஆக, இம்மந்திரி சபை கொண்டுவந்த இரண்டு 'பட்ஜெட்'களை நாம் இதற்கு முன்னால் நடைமுறையில் பார்த்திருக்கிறோம். அந்த இரண்டுவருட அனுபவத்திலிருந்து இந்த பட்ஜெட்களுக்கு என்ன மதிப்பு உண்டு என்று அறிந்திருக்கிறோம். ஒரு மந்திரிசபை ஒரு பட்ஜெட்டைப் பற்றி கௌரவப் பட்டுக்கொள்ள வேண்டுமானால் அவர்கள் கொண்டுவந்த, அவர்கள் எதிர்பார்த்த கணக்கு, அவர்கள் திட்டப்படி செய்த செயல்கள் இந்த இரண்டும் எவ்வாறு ஒன்றோடொன்று பொருத்தமாயிருந்ததென்று பார்க்கவேண்டும். அதாவது அடுத்த வருடத்திற்குள்ள வருமானம் என்னவென்று திட்டப்படுத்துவது. அந்த வருமானத்தை இன்னென்ன முறைப்படி செலவு செய்வது என்பதே 'பட்ஜெ'ட்டாகும். இதிலே ஒரு மந்திரிசபை மிகவும் நுட்பமானது என்று கருதவேண்டுமானால் முதலாவதாக, அவர்கள் எதிர்பார்த்த வருமானம் இருக்கவேண்டும். இரண்டாவதாக அவர்கள் போட்ட திட்டப்பிரகாரம் அவர்கள் காரியங்களைச் செய்திருக்கவேண்டும். நாம் கழிந்த இரண்டு வருடக் கணக்குகளிலிருந்து என்ன காண்கிறோம். பல டிப்பார்ட்டுமென்டுகளிலிருந்தும் பல லட்சம் ரூபாய்கள், இவர்கள் எதிர்பார்த்ததை விடக்கூடுதலாக வருமானம் வந்திருக்கிறது. பல டிப்பார்ட்மென்டுகளிலும் இவர்கள் செலவு செய்வதாகத் திட்டமிட்டதைவிட லட்சக் கணக்கில் குறைவாகவே செலவு செய்திருக்கிறார்கள். இப்படி, வரவிற்கும் செலவிற்கும் இருக்கும் வித்தியாசமே, இந்த மந்திரிசபையின் திறமைக்குறைவை மிகவும் தெளிவாக எடுத்துக் காட்டுகிறது. திட்டப்படி இவர்கள் ஒரு வேலையையுமே செய்வதில்லை. ஒரு டிப்பார்ட்மென்டிலும் இவர்கள் திட்டப்படி ஒன்றும் இயங்கவில்லை. அது மாத்திரமல்ல. சிலமுக்கியமான டிப்பார்ட்மென்டுகளிலும் கூட இவர்கள் திட்டப்படி. வேலைகள் செய்யவில்லை என்பதை மந்திரியவர்களே ஒப்புக்கொண்டிருக்கிறார்கள். Grow more Food compaign, Irrigation போன்ற முக்கியமான டிப்பார்ட்மென்ட்களிலும்கூட இவர்கள் எதிர்பார்த்தபடி செலவை ஒழுங்காகச் செய்ய முடியவில்லை என்றால் இவர்கள் சாமர்த்தியத்தை நாம் யாரிடம் போய் சொல்வது. எதற்கெடுத்தாலும் பணம் இல்லையென்று சொல்லும் இந்த சர்க்கார் பணத்தை ஒதுக்கிவிட்டு எங்களால் செலவுசெய்ய முடியவில்லை என்று சொன்னால், அவர்கள் வெட்கப்படவேண்டும். பணமில்லாத இந்தக் காலத்தில் பணத்தை ஒதுக்கிவிட்டு அதைச் செலவு செய்யத் திறமை இல்லாமல் அடுத்த வருடத்திற்கு மிச்சப்படுத்தி வைத்திருக்கிறோம் என்று சொன்னால் இதை

விட அவமானகரமான நிலை வேறு என்ன வேண்டும். ஆக, இந்த சர்க்கார் தனது இரண்டு வருட அனுபவத்திலிருந்து தன்னால் சரியாக திட்டம் வகுக்க முடியாது, திட்டப்படி நடக்கவும் முடியாதென்று எடுத்துக்காட்டியிருக்கிறதே ஒழிய வேறு ஒன்றும் செய்யவில்லை. கௌரவத்திற்காகவோ அல்லது உலகத்திற்கு எடுத்துக் காட்டுவதற்காகவோ, இந்த வருடத்தில் புதிதாக ஏதாவது திட்டங்கள் உண்டா என்றால் அதுவுமில்லை. கடந்த வருடத்திலுள்ள பட்ஜெட் கணக்குகளை, ஐந்தும் ஆறும் கூட்டிக் கழித்து வாசிக்கிறார்களே தவிர காரியத்தில் யாரும் ஒன்றும் செய்யவில்லை. ஜனநாயக ஆட்சி வந்து நம்முடைய பிரதிநிதிகள் என்று சொல்லக்கூடிய மந்திரிகள் வந்து இந்நாட்டில் திவான் ஆட்சியைவிடக் கூடுதலாக என்ன செய்திருக்கிறார்கள் என்று கேட்கிறேன். நம் நாட்டின் முதல் பிரச்னை, ஆகாரப் பிரச்னை என்பதை எல்லோரும் ஒப்புக்கொண்டிருக்கிறார்கள். இப்பிரச்னைக்கு வேண்டி இம்மந்திரி சபை செய்தது என்ன? **Grow more Food Compaign** க்கு என்றும், அதற்கென்றும் இதற்கென்றும், உரத்திற்கென்றும் பல லட்சக்கணக்கான ரூபாய்கள் செலவு செய்ததாகக் கணக்கு இருக்கிறதே ஒழிய நாட்டில் கூடுதலாக நெல் விளைய ஏதாவது செய்திருக்கிறார்களா என்று நான் கேட்கிறேன். போன வருடம் கிணறுகள் வெட்டுவதற்கென்று 4 லட்சம் ரூபாய் செலவு செய்தார்கள். இந்நாட்டில் கிணறுகள் வெட்ட வேண்டியதற்குள்ள அவசியம் ஒரு சில பகுதிகளிலேதானிருக்கிறது. சென்னை சர்க்கார் கிணறுகள் வெட்டுகிறது என்றால் அதற்கு அர்த்தமுண்டு. ஆனால் திருவிதாங்கூரில் கிணறுகள் வெட்டுவதென்றால் இந்த ரூபாயை கிணற்றில் போடுவது என்றுதான் அர்த்தம். பெருஞ்சாணிபோன்ற பெரிய திட்டங்களுக்கு, பணமில்லாமலிருக்க வருடத்திற்கு நாலு லட்சம் ரூபாய் கிணறுகள் வெட்டுவதற்கென்றால், நான் கேட்கிறேன் இவைகளினால் எத்தனை ஏக்கர்கள் நெல் பயிரிட முடியுமென்று. இதுவரை எத்தனை கிணறுகள் வெட்டியிருக்கிறீர்கள், அதற்குத் தகுந்தபடி எவ்வளவு கூடுதல் நெற்பயிர் செய்திருக்கிறீர்கள் என்று நான் கேட்கிறேன். எனக்குத் தெரியும், நாஞ்சில் நாட்டில் அருகிலிருக்கும் திருநெல்வேலி ஜில்லாவிலுள்ள சில தாலுகாக்களில் மட்டுமே இக் கிணறுகளின் அவசியம் இருக்கிறது. இங்கு அதற்கு அவசியமேயில்லை. கிணறுகள் வெட்டுவதற்கென்று நாலு லட்சம் ரூபாயைக் கொட்டிச் செலவு செய்யப்படுகிறதேயொழிய ஆகார உற்பத்திக்காகவேண்டி யாதொன்றும் செய்யப்படுவதில்லை. ஏதாவது செய்வதாயிருந்தால் நீர்பாய்சன வசதிகளுக்கு கூடுதல் செலவு செய்ய வேண்டுமேயொழிய இம்மாதிரி அனாவசியமாக ரூபாய்களை செலவு செய்வதில் யாதொரு அர்த்தமுமில்லை. பேச்சிப்பாறையில் வெள்ளம் இருந்தாலுங்கூட, அங்குள்ள சானல்கள் இருக்கிற நிலையில் பலயிடங்களிலும் பயிர்கள் கரிந்துபோய்கொண்டிருப்பதை நான் இந்த சபையில் தெரிவிக்கிறேன். பல்லாண்டுகளுக்கு முன்னால் வெட்டப்பட்ட சானல்கள் தூர்ந்து இடிந்து நிறைய வெள்ளம் விட முடியாமல், அணையில் 40 அடி தண்ணீர் இருந்தாலும் கூட பயிர்கள் கரிந்துபோகிறது. அதற்குக் காரணம், அந்தச் சானல்களை வருடாவருடம் பணம் செலவுசெய்து பழுது பார்க்காததுதான். அடுத்தபடியாக, உரத்தைப்பற்றி இரண்டு வார்த்தைகள் சொல்ல நான் ஆசைப்படுகிறேன். எனது சொந்த அபிப்பிராயம் என்னவென்றால், உரத்திற்கென்று சர்க்காரிலிருந்து பணம் செலவு செய்வது அனாவசியம். கிரு

[Sri. P. Thanulinga Nadar]

ஷிக்காரர்களுக்கு தண்ணீர்வசதி மாத்திரம் செய்துகொடுத்தால் போதும், இந்த Agricultural Director யை விட நாஞ்சில் நாட்டிலும், குட்டநாட்டிலும் உள்ள விவசாயி குறைந்தவனல்ல. இந்த Agricultural Department லிருந்து கிருஷிக்காரர்களுக்கு ஒருபடி நெல் கூட்ட முடியுமா? 'அந்த டிப்பார்ட்மெண்ட்'க்கென்று பணம் செலவு செய்வது வெறும் பாழ் என்று சொல்ல நான் ஆசைப்படுகிறேன். பெரிய பெரிய திட்டங்களைப் பூர்த்தி செய்வதே இந்த மந்திரி சபையின் நோக்கமாய் இருக்கவேண்டுமேயொழிய, Grow More Food Compaign அப்படி, இப்படியென்று, விளம்பரம் செய்வதற்கு மாத்திரம் ரூபாய் செலவு செய்வதில் யாதொரு பயனுமில்லையென்று சொல்லிக்கொண்டு எனது பேச்சை முடித்துக்கொள்கிறேன்.

Sri. P. S. Nataraja Pillai: Sir, the general discussion of the budget is the opportunity generally availed of to review the activities of the Government and to take note of the conditions prevailing in the country. But, Sir, the general review of such a nature is not much liked by my friend Mr, Tampi who has drawn the attention of the House to the fact that we are functioning in Trivandrum and not in Delhi. Therefore perforce I have to confine my remarks to the activities of the Travancore-Cochin Government which today is a popular Government responsible to the people, a Government by the people and for the people—that is what we have to believe as it is said so very often by the party in power. Sir, in the face of the frequent matamorphosis of the treasury benches and the frequent clashes that occur in the party that is in power, we can believe it only after testing it. That test is that a popular Government can function only when it can function as a welfare state government looking to the welfare of the citizens under their care.

Sir, the primary necessities of man are food and clothing, and I think that I may not be contradicted on that point. To look at our food position I have only to read to the the House a few sentenes from the hon'ble Finance Minister's speech:

This is what he says —

"The food situation in the coming year is expected to be very difficult. For the year 1951 we have been allotted 3,25,000 tons of food grains as against our over-all requirement of about 4,78,000 tons. On account of the difficult food position in the country as a whole, the over-all ration throughout the Union has been reduced by 25 per cent and fixed at 9 oz. per adult. Accordingly the composition of the ration in the State has been fixed at .7 oz. rice and 2 oz. wheat and other grains. We have made strong representations to the Center to allot more foodgrains to the State, but there is no immediate prospect of securing additional supplies."

Sir, this country and its people were under statutory ration for the last 7 or 8 years. For the whole period ration has never exceeded 12 ounces. In actuality regular ration was somewhere near 6 ounces per adult. I will only bring to the notice of this House the condition of this country as it was in January last. In January rationing failed in most of the taluks. People were not getting the so-called 7 ounces but only 50 percent or 30 of this was issued in some parts of the State especially in taluks of the Trivandrum district. I think I will not be contradicted in making this statement. For the 2nd and 3rd week of January last, in the taluks of Nedumangad, Neyyattinkara, Chirayinkil and Trivandrum only less than 50 per cent of the allotted quantity was distributed as ration.

That is the way in which we, the people of this country are treated. The ordinary diet of a man living on cereals is somewhere near 16 ounces per day. On the other hand, we have been living on the 50 per cent of the requirement, so long. The Finance Minister has very plainly told us that there is no immediate prospect

of getting additional supplies. We are given starvation allowance and this popular Government comes and says that we will have to continue with the starvation allowance for the next year as well. That is achievement No. 1 of this popular Government.

Now, I will point out another fact. The Finance Minister, in his speech says that the expected food subsidy is not going to be paid by the Government of India. "The Government of India have now decided to revise the scheme of food subsidy and to limit their commitments to subsidising the sale of foodgrains in a few selected urban and industrial centres in each State. If this scheme is strictly applied, we would not be eligible for any subsidy." However, the loss is to be made good by raising the price of paddy from Rs. 17/12 to 20 rupees per maund. The whole burden is put on the poor consumer. He is to suffer for no fault of his. The Finance Minister is not bold enough to include the loss of 2·25 crores on the possible expenditure on Food Account. He has two grounds for that. He says he is anticipating an amount from the Government of India. The other is an intimation to the public of Travancore-Cochin that we have reached a state where this Government will be forced to increase the sale price of paddy if the Government of India are not going to give us the subsidy. Mention ought to have been made in the Budget about this. We can legitimately infer that the Government are thinking that the subsidy may not be given by the Government of India, and they will have to enhance the price of food grains and the extent to which the price will be enhanced has already been intimated to us. The cost of living, even for the primary necessities of man is considerably high.

I have to say a few words about the clothing problem. I carefully read the 26 pages of the printed matter distributed here. I did not find a single line about that. We are not only in a scarcity condition but rather in a famine condition. I do not know whether the Treasury Benches have realised the situation. What they are pleased to mention is that the price is abnormal and that the commodity is very scarce. Look at the cost of living. Mr. Balakrishna Menon has brought the matter to the attention of Government today. I may say that Mr. Menon did not refer to the index price of Delhi, or Cawnpore, but that of Ernakulam which is published by our own Government. I just take the liberty to refer to some other articles as well. I have got a Gazette Notification with me which shows that each and every necessary article such as cocoanut, cocoanut oil, fuel, etc., has become considerably costly. We are now in famine conditions as far as our food and clothing are concerned. Yet we are living under a popular Government. What is the benefit of having a popular Government? The ordinary man is under-nourished and he is facing starvation.

The Finance Minister, presenting the Budget expressed his great satisfaction in having an encouraging cash position. The bank balance at the disposal is very comfortable so as to meet all his requirements. But the way in which this balance has been secured has to be enquired into. If you do so, you will see that the Government were realising the amount by imposing heavy taxation. I am just referring to the principal heads of revenue for 1951-52. The principal heads of revenue come to 8 crores and 88 lakhs of rupees. Out of this, 1½ crores come from direct taxation and the remaining portion comes from indirect taxation. From Sales Tax and Income Tax the sum derived is nearly 3 crores. Nearly 2¼ crores come under Excise duty. Ours is a popular Government which exists for peace, progress and prosperity of the people and is said to follow the great precepts of the greatest man of the age, the father of the Indian nation, Mahatma Gandhi. Such a Government bases its taxation policy on the foundation of Excise, Revenue and Sales Tax, if I may be permitted to say Sir, the revenue derived from drinks and on necessaries of life. Earlier the drinking is wiped out of this State the sooner is the

[Sri. P. S. Natarajan Pillai]

betterment of the people. Great is the horror and misery caused by the Demon of Drink. It is a crime against our country, even though it will contribute to the revenue, to make and encourage the people to drink.

So far as Sales Tax is concerned, we have reached a multiple point tax. In this connection I beg leave of the House to quote one or two sentences of an authority on this taxation.

> "It is a well known fact that the normal incidence of a sales-tax is on the consumer. The tax therefore affects people in proportion to their expenditure on the taxed goods. It is common experience that expenditure does not increase in proportion to one's income. The poorest man spends all his income on goods and even more, as when he runs into debt for buying food and cloth. The poorest man is taxed more than hundred per cent of his income whereas the richest man may be taxed on less than one per cent of his income. As the tax is the same for all the burden of the tax lies much heavily on the poor man's back. A tax which is proportionate to expenditure is very regressive in character and a tax which is proportionate to expenditure on goods alone is still more regressive."

The poorest man is taxed on more than one hundred per cent of his income. The richest man is taxed less than one per cent of his income. The burden of this tax lies much more heavily on the poor man.

Sahib Bahadur V. A. Abdul Aziz: May I know who says and where?

Sri. P. S. Nataraja Pillai: The Professor of Economics in the Calcutta University says so. The book is available in our legislative library. I have not got the volume in my hand. If my friend is so very interested I will try to get it for him. The fabric of taxation here is based on Excise and Sales Tax which hits hard on the poor.

Sir, along with this I have only to refer to what Mr. Sankar was saying. Income-tax collected fell short of anticipation and the explanation given for that is very curious. The Hon'ble Finance Minister said. "It was due to the delay in bifurcating the composite files dealing with both income-tax and agricultural income-tax between the Central Income Tax Authorities and State Departments." But in the official memorandum of the Finance Department you find another explanation. The explanation is that the Staff was not appointed in time and therefore the collection has fallen. Between the two there must be some truth. The fact is that sufficient care was not taken to collect income-tax. There was not earnestness in that work. It is, in fact, a serious dereliction of duty on the part of Government in not having enforced the collection from the rich who can bear it. They preferred to tax the poor and to leave the rich free.

Then Sir, if this Government should claim the right to function for the people and if they are to take the credit of having done their duty to the State, the first step they should do is to revise the taxation policy. I am not touching the expenditure side as the time allotted is over. I would only impress upon the Government that they should revise the taxation policy, and relieve the poor from the heavy burden of taxation.

ശ്രീ. റാഫേൽ ജെ. റൊഡ്രീഗ്സ്: സർ, ധനകാര്യമന്ത്രി മൂന്നാംപ്രാവശ്യമായി അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെ സംബന്ധിച്ച് അദ്ദേഹത്തെ അനുമോദിക്കാൻ ഞാൻ അതിൽ ഒന്നും കാണുന്നില്ല. ഇതു് ഒരു ലുബ്ധന്റെ ബഡ്ജററായിട്ടാണ് ഞാൻ കാണുന്നതു്. മുൻപതിവനുസരിച്ച് ഈ രാജ്യത്തിനുണ്ടാകുന്ന മുതലെടുപ്പ് ഏററവും ചുരുങ്ങിയ വിധത്തിൽ ചെലവു ചെയ്യാനുള്ള ഒരു ശ്രമം മാത്രമാണ് കാണുന്നതു്. ൪·൧ ലക്ഷത്തിന്റെ ഒരു കമ്മിബഡ്ജ

റായിട്ടാണ് കാണിച്ചിരിക്കുന്നതെങ്കിലും അനുഭവം വച്ചുനോക്കുകയാണെങ്കിൽ, അതു ഒരു മിച്ചബഡ്ജററായി പരിണമിക്കുമെന്നതിൽ സംശയമില്ല. ൨൬·൦൪ ലക്ഷത്തിന്റെ കമ്മിയായി അവതരിപ്പിച്ച ഇയ്യാണ്ടത്തെ ബഡ്ജററ ൩൬·൭ ലക്ഷത്തിന്റെ മിച്ചമുള്ള ബഡ്ജററായി തീരുമെന്നു പുതുക്കിയ കണക്കുകളിൽ നിന്നും കാണുന്നു. കോവാപ്പറേററീവ് ഡവലപ്പ്മെണ്ടു പദ്ധതികൾക്കായും, പ്രൈവററ സ്കൂൾ അദ്ധ്യാപകന്മാരുടെ അവശതകൾ പരിഹരിക്കുന്നതിനായും, മെഡിക്കൽവകുപ്പിന്റെ ആവശ്യത്തിനായും മററും നീക്കിവച്ചിരുന്ന തുകകൾ ചിലവാക്കാതെയാണ് ഈ മിച്ചം ഉണ്ടാക്കിയിരിക്കുന്നതു്. വാസ്തവത്തിൽ മിച്ചമുണ്ടാകുമെന്നുവരികിലും തല്ക്കാലം കമ്മിയുണ്ടെന്നു കാണിക്കുന്നതു് ലുബ്ധന്റെ രീതിക്കു യോജിച്ചതുതന്നെയാണല്ലോ. എന്നാൽ ലുബ്ധനു പററാറുള്ളതുപോലെ Penny-wise and pound-foolish എന്ന സ്വഭാവവും ഈ ഗവമ്മെണ്ടിന്റെ നയത്തിൽ അന്തർഭവിച്ചിട്ടുള്ളതായി കാണുന്നു. അനാവശ്യമായ അനേകം ഉദ്യോഗങ്ങൾക്കായി വളരെ അധികം ചെലവാക്കുമെന്നാണ് കാണുന്നതു്.

മൂലധന ചിലവുകൾക്കായി സാധാരണ മുതലെടുപ്പിൽനിന്നും തുകകൾ വിനിയോഗിക്കുന്നു എന്നാണ് ഞാൻ ഈ ബഡ്ജററിൽ കാണുന്ന പ്രധാന ദൂഷ്യം. രാജ്യത്തു് ആഹാരം, വസ്ത്രം, തൊഴിലില്ലായ്മ, ആശുപത്രികളിൽ വേണ്ടുവോളം മരുന്നില്ലാതിരിക്കുക എന്നീ വിഷയങ്ങളിൽ ജനങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിനായി പ്രയോജനപ്പെടുത്തേണ്ട തുകകൾ മൂലധനച്ചിലവുകൾക്കായി വിനിയോഗിക്കുന്നതു ശരിയല്ല. പതിനൊന്നു വർഷങ്ങൾക്കുമുമ്പു ഈ രാജ്യങ്ങൾക്കുണ്ടായിരുന്ന ചിലവു നാലുകോടി രൂപായായിരുന്നു. അടുത്തയാണ്ടത്തെ ചിലവിനായി കണ്ടിരിക്കുന്നതു് ഏകദേശം പതിനഞ്ചുകോടി രൂപയാണല്ലോ. ഇപ്പോഴത്തെ സാമാനങ്ങളുടെ വിലവദ്ധനവും കൂലികൂടുതലും മററും പരിഗണിക്കുകയാണെങ്കിൽ അടുത്തയാണ്ടത്തെ ചിലവു ൨൦ കോടിരൂപായിൽ കുറയാൻ പാടില്ലാത്തതാണ്. ഒരു കോവാപ്പറേററീവ്കാമൺവെൽത്തു ലക്ഷ്യമാക്കിയിരിക്കുന്ന ഇൻഡ്യയുടെ ഒരു വിഭാഗമായിരിക്കുന്ന ഈ രാജ്യം സഹകരണപ്രസ്ഥാനത്തിനു വേണ്ടുവോളം പ്രോത്സാഹനം നൾകുന്നില്ല. കോവാപ്പറേറീവു ഡെവലപ്പ്മെണ്ടുപദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്ന തുക ചിലവുചെയ്തില്ല. ഭക്ഷ്യവദ്ധനവിനായി പതിച്ചു കൊടുത്തിട്ടുള്ള പുറമ്പോക്കു ഭൂമികൾ സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനു വ്യവസ്ഥചെയ്തിരുന്നുവെങ്കിൽ കൂടുതൽ സ്ഥലങ്ങൾ ആ കൃഷിക്കായി ഉപയോഗപ്പെടുത്തുകയും അനേകം ജനങ്ങൾക്കു ഉപകാരപ്രദമാകയും ചെയ്യുമായിരുന്നു. അനുഭവത്തിൽ ദ്രവക ഭൂമിയിൽ അധികവും മണിക്രാപ്പ് കൃഷിചെയ്യുന്നതിനായി ഉപയോഗിക്കപ്പെടാൻ ഇടയുള്ളതായിട്ടാണ് കിണുന്നതു്. ഇന്നു ചോദ്യോത്തരസമയത്തു മത്സ്യവ്യവസായികൾക്ക് നൂൽവിതരണം ചെയ്യുന്നതു് സഹകരണസംഘങ്ങൾ വഴിയാണെന്നു ബഹു. മന്ത്രി പറയുകയുണ്ടായി. എന്നാൽ കൊല്ലം പരവൂരിൽ ഒരു സഹകരണസംഘം നൂൽവിതരണം ചെയ്തിരുന്നതു ഇപ്പോൾ ഒരു വ്യക്തിയെ ഏല്പിച്ചിരിക്കുന്നു. ആ സംഘത്തിൽനിന്നും ഒരു സ്ഥലത്തെ വിതരണം എടുത്തുകളഞ്ഞപ്പോൾ അതിനുപകരം പുതിയ രണ്ടുമൂന്നു സ്ഥലങ്ങളിൽ വിതരണത്തിന്റെ ചുമതല നൾകി എന്നുള്ളതിൽനിന്നും ആ സംഘത്തിന്റെ പ്രവൃത്തിയിൽ ക്രമക്കേടുണ്ടായതായി വിചാരിക്കാൻ ന്യായമില്ല. ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന ഒരു സംഘത്തിനു സക്കാരിൽനിന്നും അളന്നു കെട്ടി കൊടുക്കുന്ന രീതിമൂലം സ്റ്റോക്കിൽ കുറവു കണ്ടു എന്ന കാരണത്തിന്മേൽ ഒരു വലിയ സംഖ്യ പിഴ നിശ്ചയിച്ചിരിക്കുന്നു. ഇതെല്ലാം ഈ ഗവമ്മെണ്ടിനു സഹകരണസംഘങ്ങളോടുള്ള പുച്ഛമായ മനോഭാവത്തെയാണു് പ്രത്യക്ഷപ്പെടുത്തുന്നതു്. ഗവമ്മെണ്ടിന്റെ ഗൃഹനിർമ്മാണ

[Sri. Raphael J. Rodrigs]

പദ്ധതിയെപ്പററി പറയുകയാണെങ്കിൽ ഇതിനകം ൧൮൭൧ വീടുകൾ പണികഴിപ്പിച്ചിട്ടുണ്ടു എന്നു കാണുന്നു. അതു രണ്ടുവർഷത്തെ ബഡ്ജററുകയിൽനിന്നാണു് എന്നോക്കുമ്പോൾ ഒരാണ്ടിൽ ൯൦ വീടുകൾ മാത്രമാണു് നൽകിയിരിക്കുന്നതു്. ഈ ൧൮൭൧ വീടുകൾക്കായി ഒരു രണ്ടേമുക്കാൽ ലക്ഷം രൂപയിൽ കൂടുതൽ ചിലവായി കാണാൻ ഇടയില്ല. ഇക്കൊല്ലത്തെ ബഡ്ജററിൽ ഗൃഹനിർമ്മാണത്തിനായി ൪.൩൪ ലക്ഷം രൂപാ കൊള്ളിച്ചിരിക്കുന്നു. ആ തുക കൊണ്ടു് ഒരിടൊന്നിനു ശരാശരി ൧൦൦൦ രൂപവച്ചു് ൪൦൦ വീടെങ്കിലും പണികഴിക്കേണ്ടതായിവരുന്നു. ചില വീടുകൾക്കു് കൂടുതൽ തുക ചിലവാക്കേണ്ടിവന്നാൽ പോലും ൨൦൦ വീടുകൾ എങ്കിലും കൊടുക്കാമായിരുന്നു. എന്നാൽ ഇതുവരേയും അതിൽനിന്നും ൯൦ വീടുകൾ മാത്രമേ നിർമ്മിച്ചുകാണാൻ ഇടയുള്ളു. കൊല്ലത്തു കഴിഞ്ഞയാണ്ടിൽ ൧൫ വീടുകൾ തീരുമെന്നു പറഞ്ഞു. ആണ്ടവസാനമായപ്പോൾ ഒരു മാസത്തിനുള്ളിൽ പണിതീർക്കുന്നതിനായി ൧൦ വീടുകൾ മാത്രം അനുവദിച്ചു. ഇക്കൊല്ലാണ്ടിൽ ൧൫ വീടുകൾ തരാമെന്നു പറഞ്ഞിരുന്നു. ആണ്ടവസാനമായിട്ടും ഒരു വീടുപോലും തീരുന്ന ലക്ഷണമില്ല. നമ്മുടെ രാജ്യത്തെ ഭവനരഹിതരായ ജനങ്ങളുടെ എണ്ണം നോക്കുകയാണെങ്കിൽ ലക്ഷകണക്കിനാണു് ഭവനങ്ങൾ ഉണ്ടാകേണ്ടതു്. ഭവനനിർമ്മാണകാര്യത്തിൽ ഒരു പദ്ധതി ഉണ്ടെന്നു പറയുന്നു. ആ പദ്ധതിയനുസരിച്ചു എത്ര വീടുകൾ എത്ര വർഷംകൊണ്ടു നിർമ്മിക്കുമെന്നു പറഞ്ഞുകാണുന്നില്ല. കൺട്രോൾ സാധനങ്ങളുടെ വിതരണകാര്യത്തിലും ഈ ഗവമെണ്ടു ന്യായം പരിപാലിക്കുന്നില്ല. സാധാരണ ജനങ്ങൾക്കു തുണിയും നൂലും വേണ്ടുവോളം കിട്ടുന്നില്ല. ഇരുമ്പും സിമൻറും സ്വാധീനശക്തിയുള്ളവർക്കു മാത്രമാണു് കൊടുക്കുന്നതു്. സ്വാധീനശക്തിയുള്ള പല ആളുകളും പുതിയ കെട്ടിടങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ടെന്നും അതിൻെറപേരിൽ ആവശ്യത്തിലധികം സാമാനങ്ങൾ വാങ്ങി കരിച്ചന്ത കച്ചവടം നടത്തുന്നുവെന്നും പരാതിയുണ്ടു്. ഇങ്ങനെയുള്ള കെട്ടിടങ്ങൾക്കായി അനുവദിച്ചിട്ടുള്ള സാമാനങ്ങളുടെ അളവും വാസ്തവത്തിൽ ഉപയോഗിച്ചിട്ടുള്ളവയുടെ അളവും പരിശോധിക്കുന്നതിനായി ഒരന്വേഷണം നടത്തിയാൽ കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. കൊല്ലം താലൂക്കിലേക്കുള്ള പി. ഡബ്ലിയു. ഡി. വർക്കിനെപ്പററി ഒന്നു പറഞ്ഞുകൊള്ളട്ടെ. ഈ ബഡ്ജററിൽ കൊള്ളിക്കേണ്ട വർക്കിനെപ്പററി ബഹു. ചീഫ്മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മിററി യോഗത്തിൽ ഉദ്ദേശം ൨൧ ജോലികൾ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ബഡ്ജററിൽ അവയിൽ മൂന്നുനാലെണ്ണം മാത്രമേ ഉള്ളു എന്നാണു് തോന്നുന്നതു്. മയ്യനാട്ടേയും പരവൂരേയും പണികൾ അതിൽ ഉണ്ടെന്നുള്ളതു ആശ്വാസകരംതന്നെ. പള്ളിമുക്കു് ഇരവിപുരം റോഡു് മെററൽചെയ്യണമെന്നുള്ള നിർദ്ദേശം സ്വീകരിച്ചു കാണുന്നില്ല. ആ റോഡു് ദിവസവും അനേകംപ്രാവശ്യം ടൗൺ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നതും വളരെയധികം മോശമായികിടക്കുന്നതും യാത്രക്കാർക്കു അസുഖമുണ്ടാക്കുന്നതും ആയ ഒരു റോഡായിട്ടാണു് കിടക്കുന്നതു്. അവസാനമായി എനിക്കു ഒന്നു പറയുവാനുള്ളതു് അനാവശ്യമായ ഉദ്യോഗങ്ങൾ കുറച്ചു് ഗവമെണ്ടു ജീവനക്കാർക്കു അവരുടെ ജീവിതക്ലേശം കുറയ്ക്കുമാറു് ശമ്പളം വർദ്ധിപ്പിക്കണമെന്നാണു്.

<u>ശ്രീ. എ. കെ. പാച്ചുപിള്ള:</u> സർ, സഭയുടെ അംഗീകാരത്തിനായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നതായ ബഡ്ജററിൻെറ ഉള്ളടക്കത്തിലേക്കു കടക്കുന്നതിനു മുമ്പായി ലോകത്തിലെ ധനതത്വശാസ്ത്ര വിദഗ്ദ്ധന്മാരായിരിക്കുന്ന ആളുകൾ ഒരു ബഡ്ജററിൽ യഥാർത്ഥമായി അടങ്ങിയിരി

ക്കേണ്ട സംഗതികൾ എന്തെല്ലാമാണെന്നും ബഡ്ജററിന്റെ അടിസ്ഥാനത്തിൽ എങ്ങനെയാണ് അധികാരത്തിലിരിക്കുന്ന ഗവൺമെണ്ട് പ്രവർത്തനം നടത്തേണ്ടതെന്നുമുള്ള സാമാന്യതത്വത്തിലേക്ക് കടക്കാമെന്നു വിചാരിക്കുന്നു. കൊളമ്പിയാ യൂണിവേഴ്സിററിയിലെ ധനതത്വശാസ്ത്ര വിദഗ്ദ്ധനായ പ്രൊഫസർ എ. ഇ. ബക്ക് പറയുന്നതു് ഇപ്രകാരമാണ്. ഭരിക്കപ്പെടുന്നതായ ആളുകളുടെ സാമ്പത്തികമായ നിലയും അവരുടെ വ്യവസ്ഥിതിയും അനുസരിച്ച് അവരുടെ യോഗക്ഷേമത്തിനായി ഉണ്ടാക്കുന്നതായിരിക്കണം ഒരു ബഡ്ജററ് എന്നും ഒരു ജനകീയ ഗവൺമെണ്ട് ഭരിക്കുമ്പോൾ ആ ഭരണഭാരം കയ്യേററിരിക്കുന്നതായ ക്യാബിനററ് അല്ലെങ്കിൽ മന്ത്രിസഭ അവരുടെ സഹായത്തിനായി എടുത്തിരിക്കുന്ന ഉദ്യോഗസ്ഥവൃന്ദങ്ങളുടെ ശമ്പളം ശരിയായി കൊടുത്തു കഴിഞ്ഞതിനുശേഷം യോഗക്ഷേമപരമായിരിക്കുന്ന പല പരിപാടികളും ആ ഗവൺമെണ്ട് ഉൽഘാടനം ചെയ്തുകൊണ്ട് അതിന്റെ പരിപൂർണ്ണ വിജയപ്രാപ്തിക്കുവേണ്ടി ആവശ്യമുള്ളത്ര ഫണ്ടുകൾ നീക്കിവയ്ക്കുകയും ആ ഫണ്ടുകൾ ഉണ്ടാക്കുന്നതിന് നിലവിലിരിക്കുന്ന ഗവൺമെണ്ട് സ്വയമേവ സംവിധാനം ചെയ്തിരിക്കുന്ന സാമ്പത്തിക പദ്ധതികളുടെ വിസ്തൃതിക്കുവേണ്ടി പരിപാടികൾ ഉന്നയിച്ചുകൊണ്ടും, എങ്ങനെയാണു കഴിഞ്ഞ വർഷം ഫണ്ടുകൾ ഉപയോഗിച്ചതെന്നും എന്തെല്ലാം കാരണവശാൽ അവരുടെ പദ്ധതിയനുസരിച്ച് വിജയമായി പ്രവർത്തനം നടത്തുന്നതിന് സാധിച്ചില്ലെന്നും ആ കുറവുകൾ ഈ വർഷം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നവീനങ്ങളായി ഉന്നയിച്ചിട്ടുണ്ടെന്നും ഉള്ള സംഗതികളെല്ലാം ശരിയായി അപഗ്രഥിച്ചുകൊണ്ട് ഒരു ജനവിഭാഗത്തിന്റെ ഭാഗധേയത്തെ പരിപൂർണ്ണമാക്കുന്നതിന് ഉണ്ടാക്കിയിരിക്കുന്നതായ ഒരു ഗ്രന്ഥമാണ് ബഡ്ജററ്. പ്രൊഫസർ ലാസ്കിയുടെ അഭിപ്രായത്തിൽ ഇന്നത്തെ ലോകത്തിന്റെ സ്ഥിതി മുഴവൻ ക്യാപ്പിററലിസ്റ്റിക് ഡെമോക്രാസിയിൽ നിന്നും സോഷ്യലിസ്റ്റിക് ഡെമോക്രാസിയിലേക്കുള്ള ഒരു യാത്രയാണെന്നും ക്യാപ്പിററലിസ്റ്റക് ഡെമോക്രാസി ദൈനംദിനം അധഃപതിച്ചുകൊണ്ടു വരികയാണെന്നും ലോകത്തിലുള്ള വൻകിട മുതലാളി രാഷ്ട്രങ്ങൾപോലും അറിഞ്ഞോ അറിയാതെയോ ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുയാണെന്നും പറയുന്നു. ആ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഇന്നിവിടെ ഹാജരാക്കപ്പെട്ടിരിക്കുന്ന ബഡ്ജററിനെ പരിശോധിച്ചു നോക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ ഇവിടത്തെ വ്യവസ്ഥിതി സാമ്പത്തികമായി എന്താണ്? സാമ്പത്തികമായി ഒന്നുമില്ലാതിരിക്കുന്ന ഒരു ജനവിഭാഗത്തെ ഉയർത്തുന്നതിനും ഉദ്ധരിക്കുന്നതിനുംവേണ്ടി ഈ ബഡ്ജററിൽ എന്തെല്ലാം സംഗതികൾ ഉൾപ്പെടുത്തിയിരിക്കുന്നു എന്നു നോക്കണം. അങ്ങനെ നോക്കുകയാണെങ്കിൽ കഴിഞ്ഞ വർഷം ഇവിടെ അവതരിപ്പിച്ചതായ ബഡ്ജററിലുള്ള പദ്ധതികൾ അനുസരിച്ചു വോട്ടു ചെയ്ത സംഖ്യകളിൽ വലിയ ഒരുഭാഗം അതിലേക്കുവേണ്ടി ഉപയോഗിക്കാതെ ലാപ്സാക്കി കളഞ്ഞു എന്നുള്ളതു് കണക്കുകൾ പരിശോധിച്ചാൽ കാണാൻ കഴിയും. കൂടാതെ കഴിഞ്ഞ വർഷത്തിൽതന്നെ അവർ സ്വയമേവ വിഭാവനംചെയ്തിരുന്നതായ വരവിനങ്ങൾ ഈടാക്കുന്നതിനു സാധിച്ചിട്ടില്ലെന്നും നമുക്കു കാണാൻ സാധിക്കും. ഉദാഹരണമായി ശ്രീ. ആർ. ശങ്കർ ചൂണ്ടിക്കാണിച്ചതായ കാർഷികാദായ നികുതി ഈടാക്കുന്നതിന് വന്നിട്ടുള്ള അനാസ്ഥതന്നെ നോക്കുക. ഇവിടത്തെ മന്ത്രിമാർ പല തൊഴിലാളി യോഗങ്ങളിലും പോയി പ്രസംഗിക്കാറുണ്ട്. ധനവാന്മാരെ കറവപ്പശുക്കളായിട്ടാണ് അവർ കരുതുന്നതെന്നും കഴിയുന്നത്ര പാൽ ഊററി എടുക്കുന്ന ഒരു പദ്ധതി മാത്രമാണു അവരെ സംബന്ധിച്ചിടത്തോളം സ്വീകരിച്ചിട്ടുള്ളതെന്നും. അതിന്റെ വെളിച്ചത്തിൽ നോക്കുകയാണെങ്കിൽ കാണാം മുപ്പത്തെട്ടരലക്ഷം രൂപാവരുന്ന കാർഷികാദായ

[Sri. A. K. Patchu Pillai]
നികുതി ഈടാക്കാതെ അതുകളുടെ ഉൾപ്പെടുത്തി ൩൦ ലക്ഷത്തോളംമാത്രം ഈടാക്കുന്നതിനു് ഒരു പദ്ധതി അവതരിപ്പിച്ചുകൊണ്ടു.....

മിസ്റ്റർ സ്പീക്കർ: അതെല്ലാം പറഞ്ഞുകഴിഞ്ഞ കാര്യങ്ങളാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഞാൻ പറഞ്ഞുകഴിഞ്ഞ കാര്യങ്ങളിലേക്കു കടക്കുന്നില്ല. അതിലടിസ്ഥാനമായിരിക്കുന്ന തത്വം ഈ സമ്പന്നന്മാരായ കറവപ്പശുക്കളുടെ അകടിൽ ഇഷ്ടമുള്ളപ്പോൾ കറന്നെടുക്കുന്നതിനായി ഈ മുപ്പത്തെട്ടുലക്ഷം രൂപാ കരുതി നിറുത്തിയിരിക്കുന്നു എന്നു വ്യക്തമായി കാണാൻ കഴിയും.

ഇവിടെ ഭക്ഷ്യോല്പാദനത്തിനുവേണ്ടി പല വിപുലമായ പദ്ധതികളും ആസൂത്രണം ചെയ്തിട്ടുള്ളതും ഏതാനും ചില പദ്ധതികളുടെ പ്രവൎത്തനം നടന്നിട്ടുള്ളതുമാണു്. അതു പൂൎണ്ണമായിട്ടില്ല. ഇന്നു രാവിലെ ഇവിടെ നല്കിയതായ ഒരു ഉത്തരത്തിൽനിന്നും ൫൦,൦൦൦ ടണ്ണോളം ഭക്ഷ്യസാധനങ്ങൾ ഈ പദ്ധതിയുടെ പ്രവൎത്തനംകൊണ്ടു് ഉണ്ടായിട്ടുണ്ടെന്നു കാണാൻ കഴിഞ്ഞു. എന്നാൽ ഈ ൫൦,൦൦൦ ടൺ ഭക്ഷണസാധനം ശരിയായിട്ടു് ഉല്പാദിപ്പിച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ചു് ഏറെക്കുറെ ഇവിടത്തെ ഭക്ഷ്യക്ഷാമവും കുറയേണ്ടിയിരുന്നു. കഴിഞ്ഞതിനു മുമ്പിലത്തെ വൎഷത്തെ ഭക്ഷ്യസാധനങ്ങളുടെ ക്ഷാമം കഴിഞ്ഞ വർഷം വൎദ്ധിച്ചതായിട്ടാണു് കണ്ടതു്. അതിനെക്കാൾ കൂടുതൽ ഈ വർഷം ക്ഷാമം വൎദ്ധിച്ചിരിക്കുന്നു. ആ സ്ഥിതിക്കു് ഈ പദ്ധതികളിൽനിന്നൊന്നും ശരിയായിട്ടുള്ള ഉല്പാദനം ഉണ്ടായിട്ടില്ലെന്നു വ്യക്തമായി കാണാൻ കഴിയും. ഇതു കൂടാതെ മററു ചില വശങ്ങളിലേക്കു് കടക്കുന്ന പക്ഷം വണ്ടൻമേടു് സ്കീം, വേമ്പനാട്ടു സ്കീം എന്നു പല സ്കീമുകളും ഉള്ളതായി കാണുന്നു. വണ്ടൻമേടു് സ്കീമിനെപ്പററി പറയുകയാണെങ്കിൽ ആ സ്കീമിലേക്കു് ഇതിനകംതന്നെ കുറെയധികം ലക്ഷം രൂപാ ചിലവാക്കിയിട്ടുണ്ടെങ്കിലും പറയത്തക്കവിധത്തിൽ ആ സ്കീം കൊണ്ടു് ഉല്പാദനം ഉണ്ടായിട്ടില്ലെന്നു ആ സ്ഥലത്തു് നിത്യമെന്നോണം സഞ്ചരിക്കുന്ന എനിക്കു സ്വാനുഭവത്തിൽനിന്നും പറയാൻ കഴിയും. ആ സ്കീമിനു് വെളിക്കായി അവിടത്തെ നാട്ടുകാർ പല പ്രവൎത്തനങ്ങളും നടത്തുന്നുണ്ടു്. ൧൫,൦൦൦ പറ നെല്ലോളം പീരുമേടു താലൂക്കിൽനിന്നു സംഭരിച്ചു. അങ്ങനെ നാട്ടുകാരുടെ പ്രവൎത്തനഫലമായിട്ടു് അങ്ങുമിങ്ങും ഉല്പാദനം കൂടുതലുണ്ടാകുന്നുണ്ടു്. ഗവൎമ്മെണ്ടു് സ്വീകരിച്ചിരിക്കുന്നതായ പദ്ധതിയനുസരിച്ചു വണ്ടൻമേടു് വേമ്പനാടു് മുതലായ പദ്ധതികളിൽ അനേകലക്ഷം രൂപാ ചിലവു ചെയ്തതിനുശേഷവും പറയത്തക്ക വിധത്തിൽ ഉല്പാദനം വൎദ്ധിപ്പിക്കുന്നില്ലെന്നുള്ളതു് വ്യസനകരമായ ഒരു സംഗതിയാണെന്നു കാണാൻ കഴിയും. വനമഹോത്സവമെന്നു പറഞ്ഞു കഴിഞ്ഞ വർഷം അനേകലക്ഷം രൂപ ഇവിടെ ചിലവാക്കി റോഡുകളുടെ പാർശ്വങ്ങളിലും പബ്ലിക്കു് കെട്ടിടങ്ങളുടെ അടുത്തും രാജവീഥികളിലും വളരെയധികം മരങ്ങൾ നട്ടു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: എത്ര ലക്ഷം രൂപ ചിലവാക്കിയെന്നാണു മെമ്പർ പറയുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: മൂന്നു ലക്ഷം രൂപ ചിലവാക്കി എന്നാണു ഞാൻ ധരിച്ചിരിക്കുന്നതു്. അതു തെററാണെങ്കിൽ തിരുത്താം.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കണക്കു എവിടെനിന്നു ലഭിച്ചതാണെന്നു പറയാമോ?

ശ്രീ. എ. കെ. പാച്ചുപിള്ള: പലസ്ഥലത്തുനിന്നും ഞാൻ ശേഖരിച്ചതാണു്. ചില താലൂക്കുകളിലെ കണക്കു് എനിക്കുകിട്ടിയിട്ടുണ്ടു്. ആ താലൂക്കുകളിലെ

കണക്കനുസരിച്ച് ഞാൻ പറഞ്ഞ തുക വരുമെന്നു ഉദ്ദേശിക്കുന്നു. ഇന്നു റോഡിൽകൂടി യാത്രചെയ്യുന്നവർക്ക് കാണാൻ സാധിക്കുന്നതു് തലയില്ലാതെ ഉണങ്ങിവരണ്ടു നില്ക്കുന്ന ഈ ചെടികളുടെ പ്രേതങ്ങൾ മന്ത്രിമാരേയും പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരേയും കൊഞ്ഞനം കാണിക്കുന്നതായിട്ടാണ്.

മിസ്റ്റർ സ്പീക്കർ: തലയില്ലാത്ത സ്ഥിതിക്കു് കൊഞ്ഞനം കാണിക്കുന്നതിനു് സാദ്ധ്യമല്ലല്ലൊ.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങനെ വെറും പരസ്യത്തിനു മാത്രം ഓരോ പദ്ധതികൾ ഉണ്ടാക്കി പ്രവർത്തിക്കുന്നതുകൊണ്ടു് രാജ്യത്തിനു യാതൊരു ഗുണവും ഉണ്ടാകുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. ഈ അവസരത്തിൽ ഇന്നു ഭരണഭാരം കയ്യേററിരിക്കുന്ന മന്ത്രിസഭയും ഇവരുടെ മുൻഗാമികളായിരുന്ന മന്ത്രിസഭയും കൂടി ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലം ഇന്നു എങ്ങിനെയിരിക്കുന്നു, അതു സംബന്ധിച്ചു പൊതുജനങ്ങളുടെ മനസ്സിലുണ്ടായിട്ടുള്ള അസംതൃപ്തി എത്രമാത്രമാണ് എന്നുള്ളതിലേക്കു് കടക്കേണ്ടിയിരിക്കുന്നു. ഇന്നു ഏതൊരു ഗവൺമെണ്ടുദ്യോഗസ്ഥനോടു ചോദിച്ചാലും തിരുവിതാംകൂർ-കൊച്ചിയിൽ അവർ ഏററവും വലിയ അസംതൃപ്തിയോടുകൂടിയാണ് ജീവിക്കുന്നതെന്നു അറിയാൻ കഴിയും. അവർക്കു് വേണ്ട ശമ്പളസ്കെയിൽ കിട്ടിയിട്ടില്ലെന്നും വർദ്ധിച്ചുവരുന്ന ജീവിത ചിലവിനു അനുസരിച്ചു് അവരുടെ ജോലിക്കു് പ്രതിഫലം കിട്ടുന്നില്ലെന്നും സർവ്വീസ് സംയോജനം ഇതുവരെ നടത്തിയിട്ടില്ലെന്നും ഉള്ളതു് അവർക്കു് അസംതൃപ്തിക്കുള്ള കാരണങ്ങളാണ്. ആ നിലയിൽ അവർ വളരെ അതൃപ്തിയോടുകൂടിയാണ് കഴിഞ്ഞുകൂടുന്നതു്.

എനിക്കു് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയോടു് ഒരു അപേക്ഷയുണ്ടു്. അദ്ദേഹത്തിന്റെ സന്തത സഹചാരികളായിരുന്ന ഏതാനും സഖാക്കളെ ജയലിൽനിന്നും വിമോചിപ്പിക്കാതിരുന്നപ്പോൾ ജയിലിനു മുമ്പിൽ നിരാഹാരസത്യാഗ്രഹമനുഷ്ഠിച്ചു് അവരെ വിടുവിക്കുന്നതിനു് അദ്ദേഹം ഒരു ശക്തിയായ പ്രക്ഷോഭണം തുടങ്ങുക ഉണ്ടായിട്ടുണ്ടു്. ഇന്നദ്ദേഹം അലങ്കരിക്കുന്ന പദവി അസൂയാർഹമായ ഒന്നല്ലെങ്കിലും ഏററവും വലിയ മൂമതലയേറിയ ഒരു സ്ഥാനത്താണ് അദ്ദേഹം വന്നു ചേർന്നിരിക്കുന്നതു്. ഇപ്പോഴാണെങ്കിൽ തെരഞ്ഞെടുപ്പു് അടുത്തുവന്നിരിക്കുകയാണ്. എല്ലാ പാർട്ടികൾക്കും ആവശ്യമുള്ളതു പ്രചരണം നടത്തുന്നതിനുള്ള സൌകര്യം കിട്ടണം. എനിക്കു് അദ്ദേഹത്തിനോടു് പറയാനുള്ളതു് എല്ലാ കക്ഷികൾക്കും ഒരു പോലെ സൌകര്യം കൊടുക്കത്തക്കതരത്തിൽ ഇന്നു വിസ്തരിക്കപ്പെടാതേയും അഥവാ വിസ്തരിക്കപ്പെട്ടും സാങ്കേതികമായ കുററങ്ങൾക്കായി ഇരുമ്പഴികൾക്കുള്ളിൽ ദീർഘകാലമായി അടക്കപ്പെട്ടിരിക്കുന്ന രാഷ്ട്രീയപ്പാർട്ടികളിലെ എല്ലാ അംഗങ്ങൾക്കും സ്വൈര്യമുണ്ടാക്കി കൊടുക്കുന്നതിനു് എല്ലാ പാർട്ടികളുടേയും നിരോധനം നീക്കി ഏതു പാർട്ടിയിൽ പെട്ടവർക്കും അവരുടെ മൌലികമായ വോട്ടുകൾ നല്കുന്നതിനും തെരഞ്ഞെടുപ്പിനു നില്ക്കുന്നതിനും അവകാശമുണ്ടാക്കി കൊടുക്കണമെന്നാണ്. ഇപ്പോഴുള്ള നിരോധനങ്ങൾ പിൻവലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. സി. വി. ഇയ്യു: സർ, ഞാൻ ഈ ബഡ്ജററ് ഈ സഭയുടെ അവസാനത്തെ ബഡ്ജററായി വിഭാവനചെയ്യുന്നില്ല. ഇതു അവസാനത്തെ ബഡ്ജററാണെന്നൊക്കെ ഭരണാധികാരത്തിലിരിക്കുന്നവർ പറയാറുണ്ടു്. ഇപ്പോൾ രണ്ടു മൂന്നു കൊല്ലത്തോളം ഞാൻ ഇതു കേൾക്കുകയാണ്. ഞാൻ ൧൧൧൬-ാമാണ്ടു മുതൽ ൧൧൨൦-ാമാണ്ടുവരെയും എന്റെ ഏററവും മൂത്ത സ്നേഹിതൻ ബഹുമാനപ്പെട്ട ഈച്ചരമേനോനും ഞാനും മററു ചില സ്നേഹിതന്മാരും ഉൾപ്പെടെ ഈ മാതിരി ബഡ്ജററ് പഴയ കൊച്ചിയിൽ അവതരിപ്പി

[Sri C. V. Iyyu]

കുമ്പോഴൊക്കെ ഇതവസാനത്തെ ബഡ്ജറ്റാണ് എന്നു പറയുന്നതു് കേൾക്കാറുണ്ടു്. അതുകൊണ്ടു് ഇതു് അവസാനത്തെ ബഡ്ജറ്റായി ഞാൻ കരുതുന്നില്ല. ഇതൊരു അവസാനത്തെ ബഡ്ജറ്റായാൽ കൊള്ളാമെന്നാണെൻെറയും ഞാൻ ഉൾപ്പെട്ട അധികാരത്തിലില്ലാത്ത കക്ഷികളുടേയും വിചാരം. എന്തുകൊണ്ടെന്നാൽ ഇനിയും ഈ മാതിരിയുള്ള ഒരു ബഡ്ജററ് ഉണ്ടാകുന്നതായാൽ അതു അധികാരത്തിലിരിക്കുന്ന കക്ഷിയുടെ ശവക്കുഴി തോണ്ടുന്നതായിരിക്കുമെന്നു ഞാൻ അവരെ താക്കീതു ചെയ്തുകൊള്ളുന്നു.

ഈ ബഡ്ജററ് അവതരിപ്പിച്ചതിനെക്കുറിച്ചു് വിമർശിക്കുമ്പോൾ എൻെറ മാന്യ സ്നേഹിതൻ ഈ സഭയിലെ ഡെപ്യൂട്ടി പ്രസിഡണ്ടായ ശ്രീ. കൊച്ചുകുട്ടനവർകൾ പ്രസ്താവിച്ചതു് ഔപചാരികമായി ഈ ബഡ്ജററ് ഞാൻ ഉൽഘാടനം ചെയ്യുന്നുവെന്നു മാത്രമാണ്. അങ്ങിനെ പ്രസ്താവിച്ചതു് വളരെ അർത്ഥവത്തായ ഒരു കാര്യമായിട്ടാണ് ഞാൻ കരുതുന്നതു്.

മിസ്റ്റർ സ്പീക്കർ: അതേപ്പററി വിമർശനം തുടരുവാൻ അനുവദിക്കുന്നില്ല.

Mr. C. V. Iyyu: I am not speaking on that.

അദ്ദേഹത്തിനു ഇപ്പോൾ ശബ്ദം പൊങ്ങാതിരിക്കുന്നതെന്തുകൊണ്ടെന്നു അത്ഭുതം തോന്നിയേക്കാം. കഴിഞ്ഞ ഡിസമ്പർ മാസത്തിൽകൂടി പഴയ കൊച്ചിയെ സംബന്ധിച്ചു ഞാൻ പറഞ്ഞിട്ടുള്ള ആശയത്തോടു അദ്ദേഹം യോജിച്ചുവരുന്നു എന്നുള്ളതുകൊണ്ടാണ്. ഇന്നാണെങ്കിൽ പഴയ കൊച്ചിയെ പ്രതിനിധീകരിക്കുന്ന ഒരു മന്ത്രി ട്രഷറി ബെഞ്ചിൽ ഇരിക്കുന്നില്ല എന്ന സംഗതി അദ്ദേഹം മനസ്സിലാക്കിയതുകൊണ്ടാണ് വളരെ ഗൽഗദത്തോടും വേദനയോടും കൂടി ഇപ്രകാരം പ്രസ്താവിക്കാനിടയായതു്. അന്നു് എന്നെപ്പോലെയുള്ള പഴയ കൊച്ചിക്കാരുടെ പ്രസ്താവന വെറും വനരോദനമായി കരുതി സംസാരിച്ചിരുന്നവർ ഇന്നു അതു വനരോദനമല്ല സത്യമായ അനുഭവമാണ് എന്നു മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. അവർ ഞങ്ങളുടെ എതിർപക്ഷത്തുള്ളവരായതുകൊണ്ടു് അവർ അതനുഭവിക്കേണ്ടതാണ്. എന്നാൽ ഞാൻ പറഞ്ഞിട്ടുള്ളതായ സംഗതികൾ ഇന്നു അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നതുകൊണ്ടു് ഞാൻ എന്നെത്തന്നെ അനുമോദിക്കുകയും ചെയ്യുന്നു.

ഇന്നു കൊച്ചിയെ പ്രതിനിധീകരിക്കുന്നതിനായിട്ടാണത്രെ ഇപ്പോഴത്തെ മന്ത്രിസഭയിൽ ഒരിക്കൽ രാജിവെച്ച മന്ത്രി ശ്രീ. ടി. കെ. സന്നിഹിതനായിരിക്കുന്നതു്. പഴയ മരുമക്കത്തായം മരിച്ചിരിക്കയാലും ഇന്നത്തെ പറവൂർ കുന്നത്തുനാടു് കൂട്ടിച്ചേർക്കൽ സമ്പ്രദായമനുസരിച്ചോ അദ്ദേഹത്തെ കൊച്ചിക്കാരൻ എന്നു പറയുന്നവർ ഉണ്ടെന്നു എനിക്കറിയാം. പക്ഷെ ഞാൻ അദ്ദേഹത്തെ കൊച്ചിക്കാരൻ എന്നു കരുതുന്നില്ല.

ഒരു മെമ്പർ: അതാരെ സംബന്ധിച്ചാണ് പറയുന്നതു്?

ശ്രീ. സി. വി. ഇയ്യു: ഇപ്പോഴത്തെ ഭക്ഷ്യവിദ്യാഭ്യാസമന്ത്രിയെപ്പററിയാണ്. അദ്ദേഹം ഒരു തിരുവിതാംകൂറുകാരൻ തന്നെയാണ്. തിരുവിതാംകൂറിലെ ദിവാനായിരുന്ന രാമയ്യൻ ദളവായുടെ കാലശേഷം തിരുവിതാംകൂറിൽ അവതരിച്ചിട്ടുള്ളതായ ഒരു അവതാര മൂർത്തിയാണ്. തിരുവിതാംകൂർകാരായ യാതൊരാളും അദ്ദേഹത്തെ മറക്കുകയില്ല. ചരിത്രത്തിൽ രാമയ്യൻമന്ത്രിയുടെ കൂടെ ഇദ്ദേഹത്തിൻെറ പേരും ചേർക്കേണ്ടതാണ്. ചരിത്രം രേഖപ്പെടുത്തേണ്ടതായ വലിയ സംഭവങ്ങളാണ് ഇദ്ദേഹം രണ്ടു കൊല്ലത്തിനകം ചെയ്തിട്ടുള്ളതെന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. മന്നത്തു പത്മനാഭൻ: ഞാൻ ആ അഭിപ്രായത്തെ എതിർക്കുന്നു.

ശ്രീ സി. വി. ഇയ്യു: നിങ്ങൾ എതിർത്തതുകൊണ്ടു് കാര്യമായില്ല. ഇന്നു കാലത്തു എന്റെ സ്നേഹിതൻ ശ്രീ. അമ്പുക്കൻ എം. എൽ. എ. "ശല്യം" എന്ന ഒരു വാർത്ത പത്രത്തിൽ കണ്ടതായി ഇവിടെ പ്രസ്താവിച്ചു. അതേ പത്രത്തിൽ ഒരു വാർത്ത ഞാൻ വായിച്ചു. ഒരാൾ അമ്മയെ വിഷംകൊടുത്തു കൊല്ലാൻ ശ്രമിച്ചു എന്ന കുററത്തിനു വധശിക്ഷ വിധിച്ചു എന്നു്. അമ്മയെ കൊല്ലാൻ ശ്രമിക്കുന്നതത്രെ കഷ്ടമാണു്. അതാർക്കും ഇഷ്ടപ്പെടുകയുമില്ല. പക്ഷെ കൊച്ചി കോൺഗ്രസ് എം. എൽ. എ. മാർ അമ്മയെ കൊന്നവരാണു്. പഴയ കൊച്ചിയെ തിരുവിതാംകൂറിനോടു് ചേർക്കുകയുണ്ടായതു് മാതൃഹത്യക്കു് തുല്യമാണു്. അമ്മയെ കൊന്നതിനു ശേഷം അതു തെററായിപ്പോയല്ലൊ എന്നു വിചാരിക്കുന്നതുപോലെ ഇന്നു ഇതു ചെയ്തതു് തെററിപ്പോയല്ലൊ എന്നാണു് അവർ സംശയിക്കുന്നതു്.

മിസ്റ്റർ സ്പീക്കർ: പ്രസംഗവും ബഡ്ജററും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടായിരിക്കേണ്ടതു് ആവശ്യമാണു്.

ശ്രീ. സി. വി. ഇയ്യു: ഞാൻ പറയുന്നതുമായി ബന്ധമുണ്ടു്. ഇപ്പോൾ ഈ രാജ്യത്തെ മന്ത്രിസഭയിൽ മൂന്നു മന്ത്രിമാർ മാത്രം ഉള്ളതു ധനകാര്യസംബന്ധമായി വളരെ ആദായമുള്ള ഒരു സംഗതിയാണു്. അതിൽ അവരെ അഭിനന്ദിക്കേണ്ടതുമാണു്. മൂന്നു മന്ത്രിമാർക്കു പകരം ഒരു മന്ത്രിയാണെങ്കിലും രാജ്യഭാരം നടത്താൻ കഴിയും ആ ആൾ ഒരു പഴയ കൊച്ചിക്കാരൻതന്നെയായിരുന്നാൽ കൊള്ളാമെന്നെനിക്കൊരു മോഹമുണ്ടു്.

പൊതു ബഡ്ജററിനെ സംബന്ധിച്ചു പറയുമ്പോൾ എനിക്കാദ്യമായി പറയാനുള്ളതു് ഈ ബഡ്ജററ് നിയമസഭ പാസ്സാക്കുന്നതിനായി ധനകാര്യമന്ത്രി അവതരിപ്പിക്കുന്നതിനുമുമ്പ് അധികാരത്തിലിരിക്കുന്ന കക്ഷിയിൽ, കഴിഞ്ഞ ചില മാസങ്ങളായി ഉണ്ടായിട്ടുള്ള ഡിഫ്ളക്ഷൻസും Deflections (പിരിഞ്ഞുപോകലും) മററും മൂലം ഭരണകക്ഷികൾ സഹകരിക്കുന്നുണ്ടോ എന്നു ഞങ്ങൾക്കൊരു സംശയമുണ്ടെന്നാണു്. കൂടാതെ മുഖ്യമന്ത്രിയുടെ പേരിൽ ഒരു അവിശ്വാസപ്രമേയം ഉണ്ടായിട്ടുള്ളതായും ഞങ്ങൾക്കറിയാനിടയായി. പഴയ കൊച്ചിയിലാണെങ്കിൽ തിരുവിതാംകൂറിൽ നടന്നിരുന്ന മാതിരി കിരാത ഭരണമല്ല നടന്നിരുന്നതു്. അക്കാലങ്ങളിൽ അവിടെ നല്ല ഭരണമാണു് നടന്നിരുന്നതു്.

ശ്രീ. എ. താണുപിള്ള: അങ്ങിനെ പറയുന്നതു് ശരിയാണോ? അവിടെ നല്ല ഭരണമായിരുന്നു, ഇവിടെ കിരാത ഭരണമായിരുന്നു എന്നു പറയാമോ?

ശ്രീ. സി. വി. ഇയ്യു: അവിടെ നല്ലഭരണമായിരുന്നു നടന്നിരുന്നതു്. അവിടെ ഒരു മന്ത്രിയെ അക്കാലത്തു ഉണ്ടായിരുന്നുള്ളു. അന്നു ശ്രീ. ടി. കെ. നായർ ഒരു വിശ്വാസപ്രമേയം സഭയിൽ ഹാജരാക്കുകയുണ്ടായി. അദ്ദേഹം ഇപ്പോൾ ഇവിടെ ഇല്ലാത്തതുകൊണ്ടു് ഞാൻ അതു വായിക്കുന്നു. ൧൯൪൪ ഫെബ്രുവരി ൧൪-ാം തിയതി ഒരു വിശ്വാസപ്രമേയം സഭയിൽ അവതരിപ്പിച്ചു. അതായതു് മന്ത്രിയുടെ പേരിൽ സഭയ്ക്കു് വിശ്വാസമുണ്ടെന്നുള്ളതിലേക്കു് ഒരു വിശ്വാസപ്രമേയം അവതരിപ്പിക്കുകയായിരുന്നു. അദ്ദേഹം അന്നവതരിപ്പിച്ച പ്രമേയം ഇവിടത്തെ ഇപ്പോഴത്തെ മന്ത്രിസഭയുടെ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. ഇതാണു് ആ ഭാഗം.

I read from the Proceedings of the Cochin Legislative Council dated 14th February, 1944:

[Sri. C. V. Iyyu]

"Mr. President, before I proceed to the business of the day which has prolonged the life of this meeting beyond its usual span, allow me to offer you, Mr. President, and the honourable members of this House, my sincere apologies for having put you to all this inconvenience and upsetting your normal programme. I am deeply thankful to you, Sir, for the great consideration you have shown me in consenting to stay today cancelling your other engagements, to transact a piece of business for which in the eyes of some of my friends both inside and outside the House, there is no imperative need. That may be so; but I have got to be honest with myself, and considerations of personal and political morality prompt me to make this motion."

രാഷ്ട്രീയതത്വപ്രകാരം ഇങ്ങനെയൊരു ഘട്ടത്തിൽ ഇത്തരത്തിലൊരു വിശ്വാസപ്രമേയം ആവശ്യമാണ്.

"If the House thinks that in spite of the reduced strength of my party I deserve and continue to enioy your general confidence, I am willing to continue to discharge my duties to the best of my power. If, on the other hand, the House thinks otherwise, I have no intention of clinging to office. In a spirit, therefore, not of challenge or of despair, but of humility and good faith, I request my honourable friends, the members of this House, for a vote of their confidence in me........"

ഇവിടെയാണെങ്കിൽ ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ൨൧-ാം തീയതി കഴിഞ്ഞു് അധികാരത്തിൽ വരുമോ എന്നുള്ള കാര്യം കണ്ടറിയേണ്ടിയിരിക്കുന്നു. ഈ സഭയിലെ എല്ലാ അംഗങ്ങളുടേയും പ്രത്യേകിച്ചു ബഹുമാനപ്പെട്ട മന്ത്രിയുടെ കക്ഷിയിൽപ്പെട്ടവരുടേയും അഭിപ്രായമാണ്, എന്റെ അഭിപ്രായപ്രകാരമല്ല ഞാൻ ഈ കാര്യങ്ങൾ വിശദമാക്കിയതു്. പഴയകൊച്ചിയും തിരുവിതാംകൂറും ചേർത്തുണ്ടാക്കിയ ഒരു മന്ത്രിസഭയാണ് ൧൯൪൯ ജൂലായി ഒന്നാം തീയതി മുതൽ ഇവിടെ ഭരണം നടത്തിവന്നിരുന്നതു്. ഇത്രയും കാലം ഭരണം നടത്തിയ ഈ സഭയിൽ ഞങ്ങൾക്കു വിശ്വാസം ഉണ്ടോ ഇല്ലയോ എന്നുള്ളതു് രേഖപ്പെടുത്താനുള്ള ഒരവസരം ഉണ്ടാക്കിത്തരുവാൻ ഞാൻ മുഖ്യമന്ത്രിയോടപേക്ഷിക്കുന്നു. അതിനുശേഷം ഈ ബഡ്ജററു് ഇവിടെ അവതരിപ്പിക്കേണ്ടതായിരുന്നു.

ഈ രാജ്യത്തെ ബഡ്ജററിനെക്കുറിച്ചു പൊതുവെ പറയുകയാണെങ്കിൽ കേന്ദ്രഗവമ്മെണ്ടു് തട്ടിക്കൊണ്ടുപോകുവാനുള്ള വരവിനങ്ങൾ എല്ലാം തട്ടിക്കൊണ്ടുപോയതിനുശേഷം ഈ രാജ്യത്തെ ലാൻറു് കസ്റ്റംസും എടുത്തുകളഞ്ഞു. തന്മൂലം തിരുവിതാംകൂർ പ്രദേശത്തുനിന്നും കിട്ടേണ്ടതായ വരവിനങ്ങൾ വളരെ കുറയുകയും ചെയ്തു് ഇപ്പോഴത്തെ നിലയിൽ പഴയ കൊച്ചിയിൽനിന്നും കിട്ടിയിരുന്ന വരുമാനത്തിന്റെ ഇരട്ടിയിൽ അല്പം കൂടുതലാണ് ഈ ഗവമ്മെണ്ടിലേക്കു കിട്ടുന്നതു്. അപ്പോൾ പഴയ തിരുവിതാംകൂറിൽനിന്നും കിട്ടിയിരുന്ന ആദായത്തോളം ഇപ്പോൾ ചെലവാക്കുന്നതിനും സാധിക്കുന്നു. എന്നാൽ പഴയകൊച്ചിയിലെ ജനങ്ങളുടെ പ്രാഥമികമായ ആവശ്യങ്ങൾക്കുപോലും ഗവമ്മെണ്ടു് ചെലവാക്കുന്ന തുക വളരെ കുറവാണ്. വളരെ മിതമാണ്. ഏതാണ്ടു വരവിന്റെ നാലിലൊന്നു മാത്രമാണ് അവിടത്തേയ്ക്കുവേണ്ടി ചെലവാക്കുന്നതു്. എന്നാൽ ഇന്നത്തെ സ്ഥിതിയനുസരിച്ചു നോക്കുന്നപക്ഷം പകുതിക്കു് ഞങ്ങൾക്കർഹതയുണ്ടു്.

ഈ ബഡ്ജററു് സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം ഞാൻ പറഞ്ഞതായ സംഗതികൾ ശരിയായി മനസ്സിലാക്കാവുന്നതാണ്. ഇന്നു കൊച്ചിക്കാരുടെ എല്ലാ അവകാശങ്ങളും അവഗണിച്ചിരിക്കുകയാണ്. ഇന്നു അവിടെ ഉള്ള മിക്ക

ആശുപത്രികളിലും മരുന്നുകളില്ലാതായിട്ടു രണ്ടുമാസത്തിലധികമായിരിക്കുന്നു. അവിടത്തെ ആശുപത്രികളിൽനിന്നും കുറെ മരുന്നുകൾ തിരുവിതാംകൂറിലേയ്ക്കു കൊണ്ടുപോകുന്നു എന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രി അവർകൾ കുന്നംകുളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തെ ഞാൻ ധരിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞതു് ഇവിടെനിന്നും മരുന്നുകൾ അയച്ചുതരാമെന്നാണ്. എന്നാൽ രണ്ടുമാസംകഴിയും വരെയും മരുന്നുകൾ കിട്ടിയിട്ടില്ല.

അതുപോലെതന്നെ മുളങ്കുന്നത്തുകാവിൽ ഉള്ളതായ ക്ഷയരോഗാശുപത്രിയിൽ ആകെ ൧൨൫ കട്ടിലുകൾ ഉള്ളതിൽ ൧൨൦ കട്ടിലുകളും തിരുവിതാംകൂറുകാരായ രോഗികൾക്കാണ് കൊടുത്തിട്ടുള്ളതു്. ശേഷിച്ചിരിക്കുന്ന ൫ കിടക്കകളാണ് കൊച്ചിക്കാർക്ക് ലഭിച്ചിട്ടുള്ളതു്. കൂടാതെ ഇതിനകം ൨൦൦-ൽ പരം ആളുകളുടെ പേരും രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. കൊച്ചിയെ സംബന്ധിച്ചിടത്തോളം ഇതു വളരെ ഗൗരവമായ ഒരു കാര്യമാണ്. അതുകൊണ്ടു് അമ്മയെകൊന്ന കൊച്ചീക്കാരായ എന്റെ സ്നേഹിതന്മാർ ഇതു് ധരിക്കേണ്ടതാണ്. ഈ സംഗതികൾ ഞാൻ പറയുമ്പോൾ പ്രാദേശികമനസ്ഥിതികൊണ്ടും സങ്കുചിതമനോഭാവംകൊണ്ടും ഇപ്രകാരം പരാതി പറയുന്നതാണ് എന്നു ആക്ഷേപിച്ചിട്ടുള്ളവരാണിവർ.

വയസു കളവുപറഞ്ഞു എന്നു പറഞ്ഞു പിരിച്ചയക്കൽ, കാരണം പറയാതെ പിരിച്ചയക്കൽ ഈ മാതിരിയുള്ള നടപടികൾ മൂലം കൊച്ചിയിലും തിരുവിതാംകൂറിലും ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വളരെ അസംതൃപ്തി ഉണ്ടായിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ ഗവമ്മെണ്ടിന്റെ ആയുധങ്ങൾ മാത്രമാണ്. ഗവമ്മെണ്ടിന്റെ ഉത്തരവുകൾ നടപ്പിൽ വരുത്തുക എന്നുള്ളതല്ലാതെ അവക്കു സ്വന്തമായിട്ടു ഒരു നയമില്ല. കൊലപാതകിക്കുപോലും നീതിന്യായക്കോടതിയിൽ സമാധാനം ബോധിപ്പിക്കുന്നതിനുള്ള പ്രാഥമികമായ അവകാശം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെ പിരിച്ചയക്കുന്ന ഉദ്യോഗസ്ഥന്മാക്കാകട്ടെ അവക്കു സമാധാനം പറയാനുള്ള ഒരു അവസരംപോലും നൽകിയിട്ടില്ല. ആരോടും സാമാധാനം ചോദിച്ചിട്ടുമില്ല. ഈയിടെ കേട്ട സമുദായ പ്രാതിനിധ്യതത്വമനുസരിച്ചാണ് ഉദ്യോഗസ്ഥന്മാരെ പിരിച്ചയച്ചിട്ടുള്ളതെന്നു. ജയിലിൽ നിരാഹാരസത്യാഗ്രഹം നടത്തുന്നതിനുപോലും സമുദായപ്രാതിനിധ്യം ഉണ്ടെന്നാണ് കേൾക്കുന്നതു്. കൊച്ചിക്കാരനായ ശ്രീ. മാധവപണിക്കർ എന്നൊരു ഉദ്യോഗസ്ഥനുണ്ടായിരുന്നു. അദ്ദേഹത്തെ പിരിച്ചയച്ചതിന്റെ കാരണം എന്താണെന്നു് ആക്കും അറിഞ്ഞുകൂടാ. നിയമസഭയിൽ ചോദ്യം ചോദിച്ചാൽ ഉത്തരം തയ്യാറായിട്ടില്ലെന്നു മറുപടി പറയും. കൊച്ചീക്കാരനായ വേറൊരു ബാലകൃഷ്ണമേനോനെ പിരിച്ചയച്ചു. അതിനും കാരണം എന്താണെന്നു നിശ്ചയമില്ല. സ്കൂൾ ഫൈനൽ സർട്ടിഫിക്കറ്റാണ് വയസ്സിനെ സംബന്ധിച്ചിടത്തോളം പ്രമാണമായി എല്ലാഗവമ്മെണ്ടുകളും സ്വീകരിച്ചിട്ടുള്ളതു്. കുമാരി ആനിമസ്ക്രീനിന്റെ സുപ്രസിദ്ധമായ പ്രസംഗത്തിൽ തിരുവിതാംകൂറിലെ ഒരു ഉദ്യോഗസ്ഥനായിരുന്ന കെ. ദാമോദരൻപിള്ളയെ പിരിച്ചയച്ചു എന്നു് പറഞ്ഞിട്ടുണ്ടു്. ഞാൻ ഇയ്യിടെ അദ്ദേഹത്തെ കണ്ടു്. അടുത്ത മേടമാസത്തിലേ അദ്ദേഹത്തിനു് ൫൫ വയസ്സു തികയുകയുള്ളു. എന്നിട്ടും ഒരു ഏഴെട്ടുമാസം മുമ്പുതന്നെ അദ്ദേഹത്തെ സർവ്വീസിൽനിന്നും പിരിച്ചയച്ചു്. അദ്ദേഹത്തിന്റെ സ്കൂൾ ഫൈനൽ സർട്ടിഫിക്കററു ഞാൻതന്നെ കണ്ടു് സാമാധാനംപോലും ചോദിച്ചിട്ടില്ലെന്നാണ് അറിയുന്നതു്. ഇതിനെല്ലാം കാരണം എന്താണെന്നു ചോദിച്ചാൽ അതാക്കും നിശ്ചയമില്ല. പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാക്കും അറിഞ്ഞുകൂടാ. ഗവമ്മെണ്ടിനും അറിഞ്ഞുകൂടാ. ഒരിക്കൽ കോളേജിലെ വയസ്സാണ് ഇവിടെ

[Sri. C. V. Iyyu]

സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്ന് അറിയാൻ ഇടയായി. മുമ്പൊരിക്കൽ ഇതിനെപ്പററി ഇവിടെ ചോദ്യമുണ്ടായപ്പോൾ സ്കൂൾഫൈനൽ സർട്ടിഫിക്കററാണ് വയസിന്റെ മാനദണ്ഡമായി സ്വീകരിക്കുന്നതെന്ന് അന്നത്തെ മുഖ്യമന്ത്രി വ്യക്തമായി മറുപടി പറഞ്ഞതു ഞാൻ ഓർമ്മിക്കുന്നുണ്ട്. അതു ന്യായമായ ഒന്നാണെന്നു എനിക്കും തോന്നി. എല്ലാഗവർമ്മെണ്ടുകളും സ്വീകരിച്ചിട്ടുള്ളതും അതുതന്നെയാണ്. എന്നാൽ ഈയിടെ കോളേജിലെ വയസ്സിനെ അടിസ്ഥാനമാക്കിയാണ് തീരുമാനിക്കുന്നതെന്ന് പറയുന്നു. ഏതായാലും ഈ മാതിരി നടപടികൾകൊണ്ട് ഉദ്യോഗസ്ഥന്മാരുടെയിടയിൽ വളരെ അസംതൃപ്തി ഉണ്ടായിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. താഴ്ന്ന ഉദ്യോഗസ്ഥന്മാരായാലും ശരി അവർക്കു ജോലിചെയ്യുന്നതിന് താല്പര്യമൊ ഉത്സാഹമൊ ഇല്ല. കാരണം അവർ ഏതുസമയത്താണ് പിരിഞ്ഞുപോകേണ്ടിവരുന്നതെന്ന് അവർക്കുതന്നെ നിശ്ചയമില്ലാതിരിക്കയാണ്. അതുകൊണ്ട് ജോർജ്ജ് മാത്യുവിന്റെ കാര്യവും ഇതുപോലെയാണ്. കൈക്കൂലി കുററം ഇല്ലാത്ത ഇത്തരംകേസുകൾ പരിശോധന കഴിച്ചു തീരുമാനിക്കുന്നതിന് ഒരു പ്രത്യേക ട്രിബ്യൂണലിനെ വയ്ക്കുന്നതു നന്നായിരിക്കും എന്നാണ് എനിക്കു തോന്നുന്നതു്. ഏതുവിധത്തിലായാലും അതിനൊരു പരിഹാരമുണ്ടാകേണ്ടതാണെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിനെപ്പററി വളരെ ഒന്നും പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം, ആരും ഒന്നും പറയാതെതന്നെ ഇതു ഒരു പരാജയപ്പെട്ട ബഡ്ജററാണെന്നു വളരെ വ്യക്തമാകുന്നുണ്ട്. ഇവിടെ ഭരണംനടത്തുന്ന ഭൂരിപക്ഷകക്ഷിയിൽനിന്നു തയ്യാറാക്കി അവതരിപ്പിച്ചിരിക്കുന്ന ഒരു ബഡ്ജററാണിതു്. ഇതിനെസംബന്ധിച്ചു ഇന്നു രാവിലെ മുതൽ ഈ സഭയിൽ പൊതുവിമർശനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനിടക്കു ഈ അസംബ്ലിയിൽ ഈ ബഡ്ജററിനെ അനുകൂലിക്കുവാൻ ഒരൊററ മെമ്പർപോലും ഉണ്ടായിട്ടില്ലെന്ന പരമാർത്ഥം ഓർമ്മിച്ചാൽമതി ഈ ബഡ്ജററിന്റെ യോഗ്യത സ്പഷ്ടമാകുന്നതാണ്. അങ്ങിനെ നിർജ്ജീവമായ ഈ ബഡ്ജററിനെ വിമർശിച്ചു വീണ്ടും ശവത്തിൽ കുത്തുന്ന ഒരു സമ്പ്രദായം സ്വീകരിക്കുന്നതു ശരിയായിരിക്കുകയില്ലെന്ന വിചാരമാണ് ഇതിനെക്കുറിച്ചു ഒരു വിമർശനം നടത്താതിരിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നതു്. ഈ ബഡ്ജററിന്റെ അവതാരകന്മാർതന്നെ സമ്മതിച്ചുകഴിഞ്ഞ കാര്യത്തെപ്പററി ഞാൻ വീണ്ടും പറയുന്നതുകൊണ്ട് എന്താണ് പ്രയോജനം? ഏതായാലും ഈ രാജ്യത്തിന്റെ ഭാഗധേയം കയ്യിൽവച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ മുമ്പിൽ ചില കാര്യങ്ങൾ വ്യക്തമാക്കുന്നതു ഒരുപക്ഷേ പ്രയോജനപ്രദമായിരിക്കുമെന്നു കരുതി ചുരുക്കത്തിൽ ഒന്നുരണ്ടു സംഗതികൾ പറയാമെന്നു വിചാരിക്കുന്നു.

ഒരു ബഡ്ജററിനെപ്പററി അഭിപ്രായം പറയുമ്പോൾ രാജ്യത്തെ പ്രധാന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അവയെ നേരിടുന്നതിനും അവയുടെ പരിഹാരത്തിനുമായി ബഡ്ജററിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നതു് എന്നു് നോക്കിയിട്ടാണ് അതിനെ അഭിനന്ദിക്കുകയൊ അപലപിക്കുകയൊ ചെയ്യേണ്ടതു് എന്നുള്ളതത്വം എല്ലാവർക്കും അറിയാവുന്നതാണ്. ആ നിലയിൽ ഈ ബഡ്ജററിന്റെ പേജുകൾ പരിശോധിക്കുന്ന ഒരാളിന് വളരെ നിരാശയോടുകൂടി മാത്രമേ മടങ്ങാൻ സാധിക്കുകയുള്ളു. രാജ്യത്തെ ദൈനംദിനഭരണകാര്യങ്ങളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും മാററം വരുത്തുന്ന യാതൊരു വ്യവസ്ഥയും പദ്ധതിയും ഈ ബഡ്ജററിലില്ലെന്നുള്ളതു വെറും പരമാർത്ഥമാണ്. എന്നാൽ ഇന്നു നിലവിലിരിക്കുന്ന സ്ഥിതി ആർക്കെങ്കിലും

ആശ്വാസകരമാണോ എന്നു ചോദിച്ചാൽ അല്ലെന്നേ പറയാൻ നിവൃത്തിയുള്ളു. ആ സ്ഥിതിക്ക് യാതൊരു വ്യത്യാസവും ഈ ബഡ്ജററുകൊണ്ടുവരുത്തുവാൻ ഉദ്ദേശിക്കുന്നില്ലെന്നു മാത്രമല്ല, പുതുതായ യാതൊരു പ്ലാനും ഗവമ്മെണ്ടിനില്ലെന്നും ഈ ബഡ്ജററുകൊണ്ടു സ്പഷ്ടമാകുന്നുണ്ട്. ഈ തത്വം മനസ്സിൽവച്ചുകൊണ്ട് ഞാൻ ഈ ബഡ്ജററ പരിശോധിച്ചപ്പോൾ ഈ രാജ്യത്തെ അഭിമുഖീകരിച്ചിട്ടുള്ള ഏററവും വലിയ പ്രശ്നമായി ഗവമ്മെണ്ടു മനസ്സിലാക്കിയിരിക്കുന്നതു ഗ്രാമങ്ങളിലെ ആളുകൾക്ക് മൂത്രം ഒഴിക്കാൻ സ്ഥലമില്ലെന്നുള്ളതാണ് ഒരു മഹാപ്രശ്നമായുള്ളതെന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. അതിനേക്കാൾ വലിയ ഒരു പ്രശ്നം ഈ രാജ്യത്തില്ലെന്നു ഗവമ്മെണ്ട് വിചാരിക്കുന്നപോലെ തോന്നിപ്പോകുന്നു. ഗ്രാമങ്ങൾതോറും ലട്രീനുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ രാജ്യത്തെ മറെറാരു വലിയ പ്രശ്നം മച്ചിപശുക്കൾ പ്രസവിക്കുന്നില്ലെന്നുള്ളതാണ്. അതിനും ഈ ബഡ്ജററിൽ ഒരു പദ്ധതിയുണ്ട്. രാജ്യമീമാംസയെപ്പററി അല്പമെങ്കിലും അറിവുള്ളവർ അതിന്റെ പ്രാഥമിക തത്വങ്ങളെപ്പോലും വിസ്മരിച്ചിട്ടാണ് ഈ ബഡ്ജററ തയ്യാറാക്കിയിരിക്കുന്നതെന്നു നിസ്സംശയം പറയും. ഈ രാജ്യത്തെ രണ്ടു വലിയ പ്രശ്നങ്ങൾ തൊഴിലില്ലായ്മയും തൊഴിലുള്ളവക്കുതന്നെ ജീവിക്കാൻ തക്ക സാഹചയ്യങ്ങളില്ലായ്മയുമാണ്. ഈ രണ്ടു പ്രശ്നങ്ങളുടേയും പരിഹാരത്തിനായി ഈ ബഡ്ജററിൽ യാതൊരു പദ്ധതിയും ഉൾക്കൊള്ളിച്ചിട്ടില്ല. ഇങ്ങനെ രാജ്യത്തെ അഭിമുഖീകരിക്കുന്ന ജീവൽപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജററ പരിപൂണ്ണമായി മൗനം അവലംബിച്ചിരിക്കയാണ്. ഡെമാക്രസിയാണ് ഇവിടെ നടക്കുന്നതെന്ന് ഇവിടത്തെ ഭരണകത്താക്കളും അവരുടെ കക്ഷിക്കാരും പറയാറുണ്ട്. ഡെമാക്രസിയുടെ പുണ്യസ്ഥലങ്ങളെന്നു പറയുന്ന അമേരിക്കയിലേയും ഇംഗ്ലണ്ടിലേയും മാതൃകകളുടെ പകപ്പാണ് ഇൻഡ്യാ ഗവമ്മെണ്ടിലും തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ടിലും ഉള്ളതെന്നും പറയാറുണ്ട്. അമേരിക്കയിലും മററുമുള്ള മുതലാളിത്തഗവമ്മെണ്ടുകളുടെ പകപ്പുതന്നെ ഈ രാജ്യത്തു നിലനിവത്തിക്കൊണ്ടുപോകുവാൻ ഇവിടത്തെ ഗവമ്മെണ്ടുകൾക്കു സാധിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. അതും സാദ്ധ്യമല്ലെന്നാണ് ഇവിടത്തെയും ഇൻഡ്യാ ഒട്ടുക്കുമുള്ള സ്ഥിതിഗതികൾകൊണ്ട് മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. ഡെമാക്രസി നിലവിലിരിക്കുന്ന ഇംഗ്ലണ്ടിനേയും അമേരിക്കയേയും അനുകരിച്ചുണ്ടാക്കിയിട്ടുള്ള ജനാധിപത്യഗവമ്മെണ്ടുകളാണ് ഇവിടെ ഉള്ളതെന്നു പറയുന്നുണ്ട്. എന്നാൽ ജനാധിപത്യത്തെ ഒരു മഹാസൗധമായി കണക്കുകൂട്ടാമെങ്കിൽ അതിന്റെ കക്കൂസുമാത്രമാണ് ഇവിടെ പകത്തിയിരിക്കുന്നതു്. എന്നിട്ടാണ് ഇവിടത്തെ ഡെമാക്രസിയേയും ഒരു മഹാസൗധമായി നാം കൊട്ടിഘോഷിക്കുന്നതു്. മുതലാളിത്തഗവമ്മെണ്ട് നടപ്പിലിരിക്കുന്ന അമേരിക്കയിലും ഡെമാക്രസിയുടെ ഉത്ഭവകേന്ദ്രം എന്നു പറയപ്പെടുന്ന ഇംഗ്ലണ്ടിലും തൊഴിലാളികൾക്ക് തൊഴിലില്ലായ്മവേതനം നൽകുന്നുണ്ടെന്നുള്ളകായ്യം പത്രങ്ങളിൽനിന്നെങ്കിലും നമ്മുടെ ഗവമ്മെണ്ട് മനസ്സിലാക്കിയിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. അങ്ങിനെ ഇവിടത്തെ തൊഴിലാളികൾക്കും തൊഴിലില്ലാത്തകാലത്തു തൊഴിലില്ലായ്മവേതനം നൾകുന്നതിനും തൊഴിലുള്ളവക്കുതന്നെ ജീവിക്കുന്നതിനുവേണ്ട സാഹചയ്യങ്ങൾ സൃഷ്ടിക്കുന്നതിനും നമുക്കു സാധിച്ചിട്ടില്ല. ജനങ്ങളുടെ മററുജീവിതാവശ്യങ്ങൾ നിവ്വഹിച്ചുകൊടുക്കുന്ന കായ്യത്തിൽ ഇവിടത്തെ ഗവമ്മെണ്ട് പരിപൂണ്ണമായി പരാജയപ്പെട്ടിരിക്കയാണ്. അവയുടെ ഉള്ളിലേക്കുകടന്നു പരിശോധിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഉദ്ദേശിക്കുന്നില്ല. എന്തുപറഞ്ഞാലും അതിനെ എതിക്കുന്ന ഒരാളാണ്. ഞാനെന്നു

[Sahib Bahadur T. A. Moideen Kunju]

എന്റെ പല സ്നേഹിതന്മാർക്കും ഒരു തെററിദ്ധാരണയുണ്ടു്. അതുകൊണ്ടു് യാതൊരു കാര്യവുമില്ലെങ്കിലും മനഃപൂർവ്വമായിത്തന്നെ ഗവമ്മെണ്ടിനെ അഭിനന്ദിക്കാൻ എന്തെങ്കിലും മാർഗ്ഗം കണ്ടുകിട്ടുമോ എന്നുള്ള ആഗ്രഹത്തോടുകൂടി ഞാൻ ഈ ബഡ്ജററ മുഴുവൻ പരിശോധിച്ചുനോക്കി. എന്നിട്ടോ, യാതൊന്നും കണ്ടില്ല. ഒന്നും കണ്ടില്ലെന്നു പറഞ്ഞുകൂടാ—അവസാനം ഒന്നു കണ്ടുകിട്ടി. അതിനുവേണ്ടി ഗവമ്മെണ്ടിനെ അഭിനന്ദിക്കാൻതന്നെ ഞാൻ തീർച്ചയാക്കി. അതായതു കാൺഗ്രസ്സു് ഗവമ്മെണ്ടിന്റെ അവസാന ബഡ്ജററാണു് ഇതെന്നു പറഞ്ഞുകൊണ്ടു് ഇലക്ഷൻ അടുത്തിരിക്കുന്ന ഈ സന്ദർഭത്തിൽ ഇങ്ങനെ ഒരു ബഡ്ജററുണ്ടാക്കി ഈ നിയമസഭയിൽ അവതരിപ്പിക്കുവാൻ ധൈര്യപ്പെട്ട ആളുകളുടെ തൊലിക്കട്ടിയെ അഭിനന്ദിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഇങ്ങനെ ഒരു ബഡ്ജററ അവതരിപ്പിച്ചു് തിരുവിതാംകൂർ-കൊച്ചിക്കു മാത്രമല്ല, ഇൻഡ്യക്കു മുഴുവൻ അപകടമുണ്ടാക്കി വച്ചിരിക്കയാണെന്നാണു് ഞാൻ പറയുന്നതു്.

അടുത്തകാലത്തു ഇവിടെ ഒരു മന്ത്രിസഭ രൂപമെടുക്കയും അതിനെ തുടർന്നുണ്ടായിട്ടുള്ള ചില പ്രശ്നങ്ങൾ ഇന്നും പരിഹാരം കാണാതെ കിടക്കുകയും ചെയ്യുന്നു എന്നു പത്രങ്ങളിൽനിന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നുണ്ടു്. ഇന്നു കൊച്ചിക്കാർക്കു പൊതുവെ മന്ത്രിസഭയിൽ വിശ്വാസമില്ലെന്നും ഈ മന്ത്രിസഭയുടെ നേരെ അവർ ഒരു അവിശ്വാസപ്രമേയം അവതരിപ്പിച്ചിട്ടുണ്ടെന്നും അടുത്ത ൨൮-ാം൹ ആ അവിശ്വാസമാകുന്ന വാൾ പ്രധാനമന്ത്രിയുടെ തലയിൽ വീഴുമെന്നും മററും രാജ്യമൊട്ടുക്കു പറഞ്ഞുപരത്തി ആളുകളുടെ ശ്രദ്ധയെ രാജ്യത്തെ പ്രധാന പ്രശ്നങ്ങളിൽനിന്നും തിരിച്ചുകൊണ്ടുപോകുന്നതിനുള്ള ഒരു തന്ത്രമാണു് ഇതെന്നാണു് എന്റെ വിശ്വാസം. വാസ്തവത്തിൽ ഇതൊരു തന്ത്രമല്ലാതെ മറെറാന്നുമല്ല. ഈ മന്ത്രിസഭയിൽ കൊച്ചിക്കാർക്കു് യാതൊരു അവിശ്വാസവുമില്ല. ഈ മന്ത്രിസഭ തുടരുന്നതുകൊണ്ടു് അവർക്കും പരാതിയുമില്ല. അവർക്കെല്ലാം എങ്ങിനെയെങ്കിലും അവരവരുടെ കാര്യം കാണണമെന്നല്ലാതെ മററു യാതൊരു ഉദ്ദേശവുമില്ല. കൊച്ചിക്കാർ തിരുവിതാംകൂറിനോടു ചേർന്നതു തിരുവിതാംകൂറിനെ നന്നാക്കാൻവേണ്ടിയാണെന്നുള്ള ഭാവത്തിൽ കൊച്ചിയിലെ ചില സ്നേഹിതന്മാർ സംസാരിക്കുന്നതു കേട്ടിട്ടുണ്ടു്. ഞാൻ അവരെ എതിർക്കുകയോ കുററം പറയുകയോ അല്ല ചെയ്യുന്നതു്. എങ്കിലും എനിക്കൊരു കാര്യം പറയുവാനുണ്ടു്. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടിയതോടുകൂടി, ഇന്ത്യൻ ഭരണഘടന നടപ്പിൽ വന്നതോടുകൂടി കൊച്ചിക്കു് നിലയില്ലെന്നായി. ചാകാതെ നിവൃത്തിയില്ലെന്നുവന്നതിനുശേഷം പിന്നെ ശേഷിച്ച പ്രശ്നം തൂങ്ങിമരിക്കേണ്ടതു് പറങ്കിമാവിൽ വേണോ, ചന്ദനമരത്തിൽ വേണോ എന്നുള്ളതു മാത്രമായിരുന്നു. ഈ ഒരേ ഒരു പ്രശ്നമാണു് കൊച്ചിക്കാരുടെ മുമ്പിൽ ഉണ്ടായിരുന്നതു്. ചാകുന്നതിനുമുമ്പു് ചന്ദനത്തിന്റെ വാസന ഏററുകൊണ്ടെങ്കിലും ചാകാമല്ലോ എന്നുകരുതി സ്വന്തം ഭാഷ സംസാരിക്കുന്നവരും സ്വന്തം ആചാരമര്യാദകൾ അനുസരിക്കുന്നവരുമായ തിരുവിതാംകൂറുകാരുമായി ചേരാമെന്നു അവർ തീർച്ചപ്പെടുത്തി. അങ്ങിനെ പറങ്കിമാവിൽ തൂങ്ങാതെ അവർ ചന്ദനമരത്തിൽതന്നെ തൂങ്ങി. അതിന്റെ ഗുണം ഇന്നവരനുഭവിക്കുന്നുമുണ്ടു്. മദ്രാസിൽ ലയിച്ചിരുന്നുവെങ്കിൽ അവർക്കു അവരുടെ ഒരു മന്ത്രിയുടെ പൊടിപോലും കാണാൻ സാധിക്കുകയില്ലായിരുന്നു. കൊച്ചി മെമ്പറന്മാരിൽ കാണുന്ന ഈ പ്രാദേശിക മനോഭാവം അവരുടെ ഉദ്യോഗസ്ഥന്മാരിലും കാണാൻ കഴിയുന്നതാണു്. ഇത്തരത്തിലുള്ള സങ്കുചിതമനോഭാവം ഇവിടത്തെ കൊച്ചിക്കാരായ ഉദ്യോഗസ്ഥന്മാരിലും ഉണ്ടെന്നുള്ളതു് വളരെ വ്യക്തമാണു്. പബ്ലിക്കു് സർവ്വീസിൽ വളരെ അമിതമാ

യ പ്രാതിനിധ്യമാണ് അവക്കു കൊടുത്തിരിക്കുന്നതു്. പബ്ളിക്ക് സവ്വീസിലെ സകലനിയമങ്ങളേയും മര്യാദകളേയും അതിലംഘിച്ചു് അവക്കു കൂടുതൽ ശമ്പളവും മററു സൗകര്യങ്ങളും കൊടുത്തിട്ടുണ്ടു്. അതൊന്നും മദ്രാസിൽ ലയിച്ചെങ്കിൽ കിട്ടുമായിരുന്നില്ല. തിരുവിതാംകൂറിനോടു ചേർന്നതു നല്ലതാണോ ചീത്തയാണോ എന്നുള്ള കാര്യത്തെപ്പററി ഞാനൊന്നും പറയുന്നില്ല. ഇങ്ങിനെ എന്തെങ്കിലും കുറെ ഒച്ചപ്പാടുണ്ടാക്കി രാജ്യത്തെ ജനങ്ങളുടെ ശ്രദ്ധയെ പ്രധാന പ്രശ്നങ്ങളിൽനിന്നു പിന്തിരിപ്പിച്ചു് മററു മാർഗ്ഗങ്ങളിലേക്കു് എന്നന്നേക്കും തിരിച്ചുവിടാമെന്നു വ്യാമോഹിക്കുന്നതു തെററാണെന്നാണ് ഞാൻ പറയുന്നതു്. ചാകണമെന്നു തീരുമാനിച്ചതിനുശേഷമാണ് തിരുവിതാംകൂറിനോടു ചേരണമോ മദ്രാസിൽ ലയിക്കണമോ എന്ന പ്രശ്നം ഉദിച്ചതു്. അതുകൊണ്ടു് തിരുവിതാംകൂറിൽ ചേർന്നില്ലെങ്കിൽ കൊച്ചിയുടെ നില എന്തായിരിക്കുമായിരുന്നു എന്നുകൂടി ഓർമ്മിക്കണമെന്നേ ഞാൻ പറയുന്നുള്ളൂ.

ഇനി ഒരു കാര്യം എനിക്കു് പറയുവാനുള്ളതു് എന്റെ സ്നേഹിതൻ ശ്രീ. താണുലിംഗനാടാർ പറഞ്ഞതുപോലെ പൊതുവേ പറഞ്ഞാൽ ഇതിന്റെ ഒക്കെ ആവശ്യംതന്നെ ഇല്ലെന്നാണ്. എന്തിനാണ് ഇവിടെ ഒരു ബഡ്ജററ്? എന്തിനാണ് മററു നിയമനിർമ്മാണപ്രവൃത്തികൾ? ഇവിടെ ഒരു ബഡ്ജററുണ്ടു്. ബഡ്ജററിൽ വരവു് പ്രതീക്ഷിച്ചാൽ ഒന്നുകിൽ കൂടും അല്ലെങ്കിൽ കുറയും. ചിലവു പ്രതീക്ഷിച്ചാലും ഒന്നുകിൽ കൂടും അല്ലെങ്കിൽ കുറയും. നിയമമാണെങ്കിലോ, തിരുവനന്തപുരത്തു ഒരു നിയമം, തൃശ്ശിവപേരൂർ വേറൊരു നിയമം. ഒരു നിയമം ആലപ്പുഴ നടപ്പാക്കുന്നതു ഒരുവിധത്തിൽ, കന്യാകുമാരിയിൽ നടപ്പിലാക്കുന്നതു വേറൊരുവിധത്തിൽ. ഇങ്ങനെ ഒന്നിനും ഒരു സ്ഥിരതയും ക്ലിപ്തവുമില്ലാതെയാണ് ഇവിടത്തെ പോക്കു്. ഇങ്ങനെയാണെങ്കിൽ ഇതൊന്നുമില്ലാതിരിക്കയല്ലേ നല്ലതു്. എന്തിനാണ് ബഡ്ജററ്? എന്തിനാണ് നിയമം? വോട്ടിനിടുകതന്നെ വേണ്ടല്ലോ. ഭൂരിപക്ഷം ഉണ്ടെന്നു പറഞ്ഞാൽ ധാരാളം മതിയാകും. ഇങ്ങനെ വിസ്തരിച്ചു് പറഞ്ഞതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ഏതായാലും ഈ നാട്ടിലെ ജീവൽപ്രശ്നങ്ങൾക്കു് പരിഹാരം കണ്ടു്, ജനങ്ങൾക്കു് ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുക്കണമെന്നുള്ള ഒരു ഉദ്ദേശവും ലക്ഷ്യവും മനസ്സിൽ വെച്ചുകൊണ്ടു് ഭരണാധികാരം കൈകാര്യം ചെയ്യുന്നവർ മേലാലെങ്കിലും വല്ലതും പ്രവർത്തിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എ. പി. നമ്പ്യാർ: സർ, അടുത്ത രണ്ടാഴ്ച മുമ്പുവരെ വിദ്യാഭ്യാസമന്ത്രിയും ഇന്നു കേവലം ചാലക്കുടി മെമ്പറുമായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ ഭാഷയിൽ പറഞ്ഞാൽ, ഒരു "സോഷ്യലിസ്ററ് പുത്തൻകൃസ്ത്യാനി" യായ എനിക്കു് ഈ ബഡ്ജററ് വിമർശനത്തിന്റെ ആദ്യ ദിവസംതന്നെ ബഡ്ജററിനെക്കുറിച്ചു നിരൂപണം ചെയ്യുവാനുള്ള അവസരം കിട്ടിയതിൽ ഞാൻ സന്തോഷിക്കുന്നു.

ശ്രീ. സി. വി. ഇട്ട്യ: സർ, ഒരു പുത്തൻകൃസ്ത്യാനി എന്നു പറയുവാൻ പാടില്ല. ഞാൻ ഒരു പുത്തൻകൃസ്ത്യാനിയാണ്. ക്രിസ്ത്യാനികളിൽ പുത്തൻകൃസ്ത്യാനി, പഴയ കൃസ്ത്യാനി എന്നു രണ്ടുതരമില്ല. എല്ലാവരും പുത്തൻകൃസ്ത്യാനികളാണ്. മാർഗ്ഗം കൂടിയതു് ഇന്നോ ഇന്നലെയോ എന്ന വ്യത്യാസമേയുള്ളൂ.

മി. സ്പീക്കർ: എന്താണു വാദവിഷയമെന്നു വ്യക്തമാക്കണം.

ശ്രീ. സി. വി. ഇട്ട്യ: അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പുത്തൻകൃസ്ത്യാനിയെന്നു പറഞ്ഞു.

മി. സ്പീക്കർ: ആരെപ്പറ്റി പറഞ്ഞു?

ശ്രീ. സി. വി ഇട്ടി: ആരേപ്പറ്റിയൊ പറഞ്ഞു. പുത്തുകൃസ്ത്യാനി എന്നു പറയുവാൻ പാടില്ല.

Mr. Speaker: Does the Hon'ble Member object to being called പുത്തുകൃസ്ത്യാനി?

ശ്രീ. സി. വി. ഇട്ടി: എന്നെ ഒരു പുത്തുകൃസ്ത്യാനി എന്നു വിളിച്ചാൽ എനിക്കു യാതൊരു വിരോധവുമില്ല.

ശ്രീ. എ. പി. നമ്പ്യാർ: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ ഭാഷയിൽ പറഞ്ഞാൽ ഞാൻ "സോഷ്യലിസ്റ്റ് പാർട്ടിയിലെ ഒരു പുത്തുകൃസ്ത്യാനി" യാണെന്നേ പറഞ്ഞുള്ളൂ. ഏതായാലും ഈ ബഡ്ജറ്റ് വിമർശനത്തിന്റെ ആദ്യദിവസംതന്നെ ഒരു "സോഷ്യലിസ്റ്റ് പുത്തുകൃസ്ത്യാനി"യായ എനിക്ക് ബഡ്ജറ്റിനെക്കുറിച്ചു വിമർശിക്കുന്നതിന് ഒരവസരം തന്നതിൽ ഞാൻ സന്തോഷിക്കുന്നു. രാജപ്രമുഖൻ ഈ സഭയിൽ ചെയ്ത പ്രസംഗത്തിന് കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ട് ഗവമ്മെണ്ടുഭാഗത്തുനിന്നു അവതരിപ്പിച്ച ഔദ്യോഗികപ്രമേയത്തിന് സോഷ്യലിസ്റ്റ് പാർട്ടിക്കുവേണ്ടി സഖാവ് ബാലകൃഷ്ണമേനോൻ ഒരു ഭേദഗതി അവതരിപ്പിച്ചു; അത് എല്ലാവർക്കും അറിയാവുന്നതാണ്. ആ ഭേദഗതിയെക്കുറിച്ചുള്ള പ്രസംഗത്തിനിടയിൽ ഈ നാട്ടിലെ സാധാരണക്കാരുടെ ദയനീയമായ ജീവിതത്തോതിനെ സംബന്ധിച്ചും ആ ജീവിതത്തോതിനെ ഉയർത്തുന്ന വിഷയത്തിൽ ഇന്നത്തെ ഗവമ്മെണ്ട് അങ്ങെ അറ്റംവരെ പരാജയപ്പെട്ടിരിക്കുന്നതിനെ സംബന്ധിച്ചും സഖാവ് ബാലകൃഷ്ണമേനോൻ പറയുകയുണ്ടായി. എന്നാൽ അന്നു ട്രഷറി ബെഞ്ചിൽനിന്നു ഗവമ്മെണ്ടിനുവേണ്ടി മറുപടി പറഞ്ഞ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന് സഖാവ് ബാലകൃഷ്ണമേനോൻ ഉന്നയിച്ച വാദമുഖങ്ങൾക്കു യാതൊരു മറുപടിയും പറയുവാനുണ്ടായിരുന്നില്ല. എന്നു മാത്രമല്ല അദ്ദേഹം ചെയ്ത മറുപടിപ്രസംഗത്തിൽ സോഷ്യലിസ്റ്റ് പാർട്ടിയെയും സഖാവ് ബാലകൃഷ്ണമേനോനെ വ്യക്തിപരമായും ആക്ഷേപിച്ചിരുന്നു. വടക്കാഞ്ചേരി സോഷ്യലിസം തിരുവനന്തപുരം സോഷ്യലിസം എന്നെല്ലാം അദ്ദേഹം പറയുകയുണ്ടായി. എന്റെ പാർട്ടിക്കുവേണ്ടി സഖാവ് ബാലകൃഷ്ണമേനോൻ ഗവമ്മെണ്ടിനോടും മന്ത്രിസഭയോടും പറഞ്ഞതു് "ദൽഹിയിലെ നിങ്ങളുടെ യജമാനന്മാർ പാടിക്കൊണ്ടിരിക്കുന്ന പല്ലവി ഏറ്റുപാടുവാനല്ലാതെ മറ്റൊന്നും നിങ്ങൾക്ക് ചെയ്യുവാൻ കഴിയുകയില്ലെങ്കിൽ മന്ത്രിസ്ഥാനം രാജിവെച്ചുപോകണ"മെന്നായിരുന്നു. അതിന് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞു "ശ്രീ. ബാലകൃഷ്ണമേനോൻ രാജിവെക്കുവാൻ പറഞ്ഞാൽ അതിന് ഞങ്ങൾ തയ്യാറില്ല" എന്ന്. അദ്ദേഹം പറഞ്ഞു:—ഒരു പ്രാവശ്യം ശ്രീ. ബാലകൃഷ്ണമേനോൻ പറഞ്ഞതുപോലെ രാജിവെച്ചിട്ട് ഞങ്ങൾ പുലിവാൽ പിടിച്ചു" എന്ന്. എന്നാൽ അറിഞ്ഞോ അറിയാതെയോ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇപ്പോൾ പുലിവാൽ പിടിച്ചിരിക്കുകയാണ്. "തിരുവനന്തപുരം സോഷ്യലിസവും", "തൃശ്ശിവപേരൂർ സോഷ്യലിസ"വും, "വടക്കാഞ്ചേരി സോഷ്യലിസ"വും തമ്മിൽ വ്യത്യാസമുണ്ടെന്നു പറഞ്ഞു സോഷ്യലിസ്റ്റ് പാർട്ടിയിൽ പിളർപ്പുണ്ടെന്നു കാണിക്കാനാണ് അദ്ദേഹം ഉദ്യമിച്ചതു്. എന്നാൽ ഇപ്പോൾ "ചെമ്പുക്കാവുകോൺഗ്രസ്സും, അടൂർ കോൺഗ്രസ്സും, എറണാകുളം കോൺഗ്രസ്സും, കൊല്ലം കോൺഗ്രസ്സും, മയ്യനാട്ട് കോൺഗ്രസ്സും, തിരുവനന്തപുരം കോൺഗ്രസ്സും തമ്മിൽ കെട്ടിമറിഞ്ഞു് അദ്ദേഹം പുലിവാൽ പിടിച്ചിരിക്കുകയാണ്. അദ്ദേഹത്തിനോട്ട് എനിക്ക് സഹതാപമുണ്ട്.

ഞാൻ ഈ സംഭവം സൂചിപ്പിച്ചതു് മറ്റൊന്നിനും വേണ്ടിയല്ല—ഒരു തുള്ളി മരുന്നിനുവേണ്ടിയും, ഒരുകയിൽ കഞ്ഞിവെള്ളത്തിനുവേണ്ടിയും, ഒരു കഷണം തുണിക്കുവേണ്ടിയും സാധാരണക്കാർ നട്ടംതിരിയുന്ന ഈയവസരത്തിൽ അതിന്നു് ഒരു പരിഹാരം ഉണ്ടാക്കിക്കൊടുക്കണമെന്നു പറഞ്ഞപ്പോൾ, അതിനെപ്പററി സംസാരിക്കുവാൻ ട്രഷറി ബെഞ്ചിന്നു് യാതൊന്നും ഉണ്ടായിരുന്നില്ല, എന്നു കാണിക്കുവാനാണു് ഞാൻ ഇതു് സൂചിപ്പിച്ചതു്. അദ്ദേഹത്തിന്റെ ഗവമ്മെണ്ടിനു്, കോൺഗ്രസ്സ് ഗവമ്മെണ്ടിനു്, ആ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനു് കഴിവില്ലെന്നാണു് ഞാൻ പറയുന്നതു്. അതിനുള്ള തെളിവു് നമ്മുടെ മുമ്പിലിരിക്കുന്ന ബഡ്ജററുതന്നെയാണു്.

യശശ്ശരീരനായ സഞ്ജയൻ കൊച്ചിയിലെ ഒരു ബഡ്ജററിനെക്കുറിച്ചു് ഒരിക്കൽ സരസമായ ഒരു കുറിപ്പു് എഴുതുകയുണ്ടായി. സർ, ആർ. കെ. ഷൺമുഖം ചെട്ടി കൊച്ചി ദിവാനായിരുന്ന കാലത്തു് തയ്യാറാക്കിയ ബഡ്ജററിനെ ആക്ഷേപിച്ചുകൊണ്ടാണു് സഞ്ജയൻ ആ കുറിപ്പെഴുതിയതു്. അതിതായിരുന്നു:—ബഡ്ജററു് എസ്റ്റിമേററിൽ വരവുകൾക്കു കുറെ സംഖ്യയും ചിലവുകൾക്കു കുറെ സംഖ്യയും കൊള്ളിക്കും. എന്നാൽ റിവൈസ്ഡ് എസ്റ്റിമേററു് വരുമ്പോൾ പതിനായിരം രൂപാ വരവു പ്രതീക്ഷിച്ചതു് നൂറായിരമായും ഇരുപത്തയ്യായിരം രൂപാ ചിലവു് പ്രതീക്ഷിച്ചതു് രണ്ടു ലക്ഷവുമായി വദ്ധിച്ചുകാണും. അതുകൊണ്ടു് ബഡ്ജററു് ഒരു ചെപ്പടി വിദ്യയാണു് എന്നാണു് സഞ്ജയൻ എഴുതിയിട്ടുള്ളതു്. ആ ചെപ്പടിവിദ്യതന്നെയാണു് ഈ ബഡ്ജററിലും ഉള്ളതു്.

സർ, ഈ ബഡ്ജററിൽ എത്ര രൂപാ ലാപ്സാക്കിക്കളഞ്ഞിട്ടുണ്ടു്. ഇന്നു് ജനങ്ങൾക്കു് അത്യാവശ്യമായിട്ടുള്ള എത്രയോ കായ്യങ്ങളുണ്ടു്. ആ കായ്യങ്ങൾക്കു എത്രയോ മുറവിളി കൂട്ടിയിട്ടും ഈ സംഖ്യ ചെലവഴിക്കുവാൻ ഗവമ്മെണ്ടിനു് സാദ്ധ്യമായില്ല. അനുഭവത്തിൽ പിശുക്കന്മാരുടെ രാജാക്കന്മാരിൽ അഗ്രഗണ്യനായി ഈ സംഖ്യകളെ അടക്കിവെച്ചുകൊണ്ടാണു് ധനകായ്യമന്ത്രി ഈ ബഡ്ജററു് തയ്യാറാക്കിയിരിക്കുന്നതു്. നാട്ടുകാക്കു് ശരിക്കുള്ള മരുന്നു കൊടുക്കുവാൻവേണ്ടി ചെലവുചെയ്യുന്നതിന്നുള്ള പതിന്നാലേമുക്കാൽ ലക്ഷം രൂപാ പൊതുജനാരോഗ്യവകുപ്പിലും മെഡിക്കൽ വകുപ്പിലും വകയിരുത്തിയിരുന്നതു് അതിനുവേണ്ടി ചെലവുചെയ്യാതെ ലാപ്സാക്കിക്കളഞ്ഞു. അതുപോലെ ചൊവ്വിന്നു നടക്കാവുന്ന ഒരു മൈൽ റോഡുപോലും ഇവിടെ പലേടത്തും ഇല്ലാതിരുന്നിട്ടും പഞ്ചായത്തുവകുപ്പിലും പി. ഡബ്ലിയു. ഡി.-യിലുമുള്ള ഒട്ടധികം പണം ചിലവു ചെയ്യുവാൻ അനുവദിക്കാതെ അദ്ദേഹം ലാപ്സാക്കിയിട്ടുണ്ടു്. ഞാൻ അതിനെപ്പററിനീട്ടിപറയുന്നില്ല. ഇന്നത്തെ ഭരണസമ്പ്രദായത്തിലും ഭരണകൂടത്തിലും ജനങ്ങൾക്കു് വിശ്വാസമില്ല. ഡെൽഹി മുതൽ തിരുവനന്തപുരം വരെയുള്ള കോൺഗ്രസ്സ് ഭരണകൂടങ്ങളുടെ ഗതി ഇങ്ങനെതന്നെയാണു്. ജനങ്ങൾക്കു് ആരുടെ ഭരണം വന്നാലും വിരോധമില്ല. കൊച്ചികോൺഗ്രസ്സുകാരുടെ ഭരണം വന്നാലും വിരോധമില്ല; തിരുവനന്തപുരം കോൺഗ്രസ്സുകാരുടെ ഭരണം വന്നാലും വിരോധമില്ല; ഞങ്ങൾക്കു് ഉടുക്കുവാൻ തുണി കിട്ടണം. വിശപ്പടക്കുവാൻ ഭക്ഷണം കിട്ടണം—സാധാരണക്കാരന്റെ ആവശ്യം അതാണു്. ഡൽഹിയിലുള്ള ആളുകൾ ഭരിച്ചാലും ശരി, ഇങ്ങേ അററത്തെ "ചോട്ട നേതാ"ക്കന്മാർ ഭരിച്ചാലും ശരി, സാധാരണക്കാരനു് അവന്റെ നിത്യജീവിതത്തിലെ ആവശ്യങ്ങൾ സാധിച്ചുകിട്ടണം എന്നു മാത്രമേയുള്ളു.

ധനകായ്യമന്ത്രി ഞങ്ങളെ സമാശ്വസിപ്പിക്കുന്നുണ്ടു്, പുതിയ നികുതികളൊന്നും അടുത്ത കൊല്ലം ചുമത്തുന്നില്ലെന്നു്. അദ്ദേഹം നേട്ടമായി എണ്ണുന്നതിനെ ഞാൻ കോട്ടമായിട്ടാണു് കണക്കാക്കുന്നതു്. എന്തുകൊണ്ടു് അദ്ദേഹം പുതിയ നികുതി ചുമത്തിയില്ല എന്നു ഞാൻ ചോദിക്കുന്നു? സാധാരണക്കാരെ

[Sri. A. P. Nambiar]

സംബന്ധിച്ചിടത്തോളം ഇനിയും രണ്ടുമൂന്നു സംഗതികൾക്കുമാത്രമെ നികുതി ചുമത്തേണ്ടതുള്ളു—ഗർഭധാരണ നികുതിയോ ശ്വാസോച്ഛ്വാസ നികുതിയൊ മറ്റൊ മാത്രമെ ഇനി ബാക്കിയുള്ളു! എന്തുകൊണ്ടദ്ദേഹം അതുകൂടി ചെയ്തില്ല? ഗവമ്മെണ്ടിനു് പണത്തിനു് ബുദ്ധിമുട്ടുണ്ടെങ്കിൽ കോൺഗ്രസ്സുകാരുടെ താങ്ങും തണലുമായ മുതലാളിമാരിൽനിന്നും ജന്മികളിൽനിന്നും പണം ഉണ്ടാക്കുന്നതിന്നായി അവക്കു് എന്തുകൊണ്ടു് കൂടുതൽ നികുതി ചുമത്തിയില്ല എന്നു് ഞാൻ ചോദിക്കുന്നു. എന്തുകൊണ്ടു് അദ്ദേഹത്തിനു് മരണനികുതി ഏർപ്പെടുത്തിക്കൂടാ? മററുള്ളവരുടെ മുതൽ തട്ടിത്തിന്നു തടിച്ചുകൊഴുത്തു് മദിച്ചുപുളച്ചുനടക്കുന്ന, ഈ രാജ്യത്തിൽ അനാവശ്യമായ വർഗ്ഗീയച്ചേരികളും വർഗ്ഗീയകലാപങ്ങളും ഉണ്ടാക്കിത്തീർക്കുന്ന, ഈ മുഴമടിയന്മാരുടെ പേരിൽ മരണനികുതി ഏർപ്പെടുത്തുവാൻ എന്തായിരുന്നു അദ്ദേഹത്തിനു് വിരോധം? ഇതിൽനിന്നു കോൺഗ്രസ്സിന്റെ വർഗ്ഗസ്വഭാവം വെളിപ്പെടുകയാണു് ചെയ്യുന്നതു്. ഈ രാജ്യത്തു മനുഷ്യനു് ആത്മഹത്യ ചെയ്യുവാനുള്ള സ്വാതന്ത്ര്യംപോലും ഇല്ല. മനുഷ്യനു് ആവശ്യമായ പൌരസ്വാതന്ത്ര്യം യാതൊന്നുമില്ല. ഈ നാട്ടിൽ പൌരസ്വാതന്ത്ര്യമുണ്ടെന്നു ഖദർകുപ്പായക്കാർ പ്രസംഗിച്ചു നടക്കുന്നുണ്ടു്. എത്രയെത്ര ട്രെയിഡു് യൂണിയൻ സംഘടനകൾ ഈ രാജ്യത്തു് നിരോധിക്കപ്പെട്ടിട്ടുണ്ടു്? എത്രയെത്ര ആളുകൾ അങ്ങിങ്ങായി ഗവമ്മെണ്ടിന്റെ പലവിധത്തിലുള്ള മർദ്ദനമേററു് മരിച്ചുകൊണ്ടിരിക്കുന്നു. ഏതെങ്കിലും ഒരു ചോട്ടാ കോൺഗ്രസ്സു് നേതാവുമായി വഴക്കുണ്ടെങ്കിൽ അവനെ കമ്മ്യൂണിസ്ററു് മുദ്രകുത്തി അവന്റെ പേരിൽ കേസെടുക്കുകയായി. രണ്ടുമൂന്നു കൊല്ലം കഴിഞ്ഞാലും ആ കേസ്സു് കഴിയുകയുമില്ല. ഇതുപോലെ പല കേസ്സിലുംപെട്ടു കഷ്ടപ്പെടുന്ന അനവധി ആളുകൾ, അനവധി ചെറുപ്പക്കാർ നാട്ടിൽ ഉടനീളം ഉണ്ടു്. ൧൯൪൨-ൽ ബ്രിട്ടീഷ് ഗവമ്മെണ്ടു് ചെയ്തിരുന്ന ദ്രോഹങ്ങൾപോലും ഇന്നത്തെ ദ്രോഹങ്ങളുടെ മുമ്പിൽ നിഷ്പ്രഭങ്ങളാണു്. അന്നു ബ്രിട്ടീഷ് ഗവമ്മെണ്ടുപോലും ഇത്ര ഭീകരത കാട്ടിയിട്ടില്ല. വഴിയിൽക്കൂടി നടന്നുപോകുന്ന ആളുകൾ ഒരു കാര്യവുമില്ലാതെ ലാക്കപ്പിൽ കിടക്കേണ്ടതായിട്ടുവരുന്നു. ഓരോ ലോക്കപ്പും ഓരോ ബെൽസൻ ക്യാമ്പാണു്. ലാക്കപ്പിൽ പോകുന്ന ആളുകൾ ലാക്കപ്പിൽനിന്നു പുറത്തുവന്നേക്കുകയില്ല. പക്ഷെ അവരെല്ലാം "മഞ്ഞപ്പിത്തംപിടിച്ചും" 'രക്തക്ഷയം ബാധിച്ചു'മായിരിക്കും മരണമടയുന്നതു്. ഗവമ്മെണ്ടു് ഇന്നു കാലത്തുപോലും ഒരു പ്രസ്സ്നോട്ടു് പുറപ്പെടുവിച്ചിട്ടുണ്ടു്. ഇത്തരം ലോക്കപ്പനുഭവങ്ങളിൽ പലതും ആ പ്രസ്സ്നോട്ടിൽ സമ്മതിക്കുന്നുണ്ടു്. ഹരിപ്പാട്ടു് സംഭവം, ഇരിഞ്ഞാലക്കുട സംഭവം ഇങ്ങനെ ആയിരം സംഭവങ്ങൾ ആവർത്തിച്ചാവർത്തിച്ചു ഈ നാട്ടിൽ നടക്കുന്നുണ്ടു്. ഇതൊക്കെ കണ്ടാലും ഇവിടത്തെ കോഗ്രഗ്രസ്സിനു് ഒരനക്കവും ഇല്ല. സാസാരം നിർത്തേണ്ടിയിരിക്കുന്നതിനാൽ ഞാനിതാ നിർത്തുന്നു.

Sri. D. Gnanasigamoni: Sir, in considering the budget proposals for the coming financial year, one is unconsciously tempted to go back two years immediately preceding this budget, and try to institute a comparison of things now and then. Then one fact that stands foremost is that while the former deficit budgets were presented to this house as well-balanced budgets, there is an attempt made this year to present it as it is without any embellishments whatever. For the first time we are squarely told that it is a deficit budget, though a smsll deficit, and to that extent, it is an advance, and we are spared a great strain in trying to show that it is a deficit budget.

Yet another fact of equal importance in considering the budget is the humiliation attached to it. The sanctity attached to the budget of presenting or making it

known first to this House considering it is set at naught by its 'flight' to Delhi to present itself before somebody there. In fact Budget flights to new Delhi is of recent origin and is now becoming a regular feature. I do not know whether the Hon'ble Finance Minister feels humiliated about this process but now I could very well imagine his position to be that of the prince in 'Hamlet' 'to be or not to be' and so perhaps he cares very little about it. But to me it has always appeared a scandal, and early steps must be taken to end this obnoxious practice before it comes to stay.

Evidently Government of India is anxious to know how we are getting on after having relieved us of our major sources of income. In fact the legislative control which this House ought to exercise over this budget is practically exercised by Government of India, and we are here only to play the second fiddle. Tied thus effectively to the chariot wheels of New Delhi, we cannot as a consequence, pursue any independent policy of our own but constantly look to Delhi for inspiration. This necessarily has its repercussions in all spheres of Governmental activity, and the food policy pursued by this Government is an instance in point.

Consequent on its 1951 self-sufficiency food policy with which this Government also should fall in line, this Government is unable to evolve a food policy best suited to this country, and it looks as if this Government is groping in the dark.

Nevertheless great emphasis is made and that rightly on the food cricis and we are given a glimpse of the efforts undertaken by the Government and the amounts spent and to be spent to tide over this crisis. But it has always appeared to me that the Government's approach to this problem is fundamentally wrong. This is a national crisis not only for this State but for the whole of India and must be given a national approach. This is a situation which calls for the co-operation of all parties and wherein all can take part without sacrificing any of their political ideologies. And naturally people look to the Government to take the lead and take the people into their confidence. But unfortunately Government's approach to this problem has always been that of a partisan and consequently there is no incentive or enthusiasm to goad the people to a large scale or intensive-production, but has merely resulted in considerable wastage.

I said there is no incentive to large scale production in consequence of the partisan policy of this Government in the matter of food production. One is the arbitrary fixing of the price of paddy at 1 Re. 13 As. 6 ps. I ask, can the Government produce a para of paddy for Rs. 3 or even Rs. 5? Is it fair therefore to fix the price of paddy thus? It is the primary duty of Government to see that the price of paddy does not fall down considerably which it is uneconomical for the farmer to produce and see that the agriculturists are not reduced to poverty in this enterprise. Unless assurances are forthcoming, it will not be easy to expect the co-operation of agriculturists and other associations to take to this work with any amount of zeal or enthusiasm.

The first thing therefore the Government must do is to increase the price of paddy say to Rs. 3 per para and thus give the much needed drive to agricultural progress.

I said that there is no indication from Government to take the people into their confidence in this all important matter. It seems to me that the Government fights shy of this problem and that they are not prepared to place all the cards on the table. Even though a food crisis was looming large all these months, they have not placed this matter before this House and initiate a debate on this all important question as in other legislatures in India which had their debates long ago. Such an occasion presents the Government with an opportunity to take this House and through it the people into their confidence and inform them of the seriousness of the

[Sri. D. Gnanasigamoni]

situation and invite them to put forth a joint effort to tide over this crisis. No doubt there may be unpalatable criticisms but that is no reason to avoid it. These are great opportunities afforded by a democratic form of Government which this Government has missed and I very much wish this Government must take time by the forelock and make amends.

I am saying this because I strongly believe that no Government in this state with 50 per cent deficit can fight this food menace single handed without the active support and co-operation of all concerned. If with 10 per cent deficit in the Indian Dominion self sufficiency in food is practically impossible of achievement how much more difficult it is for this State to attain self sufficiency with 50 per cent deficit? Added to this difficulty is our slender financial resources and the non availability of land that could be brought under cultivation. So food production on any great scale is impossible here and so Government must chalk out their schemes before wasting on it funds as they now propose to do. Therefore it is I said that the Government approach to this problem is fundamentally wrong as no Government in this State can fight this menace single handed as this Government is attempting to be doing.

So what should be our method of approach is a matter to be seriously thought out and carefully planned. Now the position is that the Government of India is unable to meet the requirements of the people nor will it allow people to help themseves, and this Government is merely echoing its masters voice and consequently this kind of total control is causing untold hardship and unrest. In these circumstances it appears to me that the best way to get out of the impasse is to revive the old rule permitting free transport of 10 edangalis of paddy or its equivalent in rice. We had such a rule before and when that for-sighted rule was in force, it is said paddy from south Travancore flowed far beyond Quilon, and people never felt such a crisis even though such a crisis was said to be threatening. Similarly paddy from Kuttanad diffused far into the interior. A similar crisis which threatened was thus successfully averted. By this people are given a chance without breaking control to supplement their own meagre ration. This kind of control has a demoralising effects and it has indeed demoralised the people. The ration that is now supplied is not enough even for 4 days. How is he to spend the remaining 3 days? I ask, who is the man that is subsisting entirely on the quality and quantity of rice supplied through ration cards and whether he is not supplementing the same by rice obtained through other means. This necessarily leads to dishonesty and corruption on a colossal scale and every person is needlessly turned into a blackmarketteer by a law which for all practical purposes is a dead letter. Therefore it appears to me to be the height of unwisdom for any Government, let alone this Government, to take the entire charge of feeding the people. That will be tremendous responsibility, the effective fulfilment of which is no easy joke. The people have as much responsibility as the Government, if not more, to shift for themselves in an emergency and be ever on the alert to feed themselves. Why should the Government therefore take the entire charge. Therefore I would strongly plead that this Government should revive the old rule permitting free transport of 10 edangalis of paddy or its equivalent in rice. Then I will pass on to the political upheaval and the communal bickering going on in this country. At the time when the Congress assumed the reins of Government under the leadership of Mr. Pattom Thanu Pillai, it looked as if we had grown out of these communal considerations and there was actually more communal harmony then than at any time before. But now the cat which was all the time in the hiding is out of the bag and is now at large with nobody to control them.

And we are told that the remedy for all these and other evils is the rule by the administrator. However much we may dislike the present administration, we cannot help thinking that this spasmodic move for an administrator rule is nothing but the exhibition of the 18th century Indian slavish mentality with which we must entirely disapprove. Miss Anne Mascarene who came forward with such a move through the press is credited to have said in support of such a demand that the administrator rule alone will resolve the Sabarimalai tangle. The reasoning is as funny as the demand for administrator rule. One funny thing noticed in this country is that everybody wants to be in the Ministry. If a person is not in the Ministry, to that extent, of course, the country's administration is bad, because the wisdom of that member is lost both to the Cabinet and the Country. And the recent Cabinet crisis showed the number of men now available for service in the Cabinet and the pressure was so great that it even led to the breakdown of the leader himself. I do not want to say more but merely content with saying, "May God save the leader and the country from such self-seekers"!

If all are donkeys here, let us choose the best of the donkeys to rule over us, but let us not lend our hand for the importation of a donkey from outside for this purpose. It is the undoubted right of the sons of the soil and on this issue we must close up our ranks and bury 100 fathoms deep in the Ashtamudi lake all such insidious move to sell this country, its people and their birthright for a mess of pottage.

One other matter I wish to refer to is the integration problems. This Government has practically left the integration problems where it was and has now allowed the matter to drift. No doubt this is a matter directly flowing from a hasty and thoughtless integration for which this Government, the integration committee as well as the States Ministry are equally responsible. I do not want to speak at length on these problems but wish only to make a passing reference. We know integration of services is not complete, and if what we hear is true, it has presented a problem of a stupendous magnitude an effective solution of which is now next to impossible. This is a matter to which the Government should have given top priority immediately after integration and should have been finalised within a few months after integration. No doubt it is an irksome problem but the Government is to blame for allowing the matter to drag on with the result there is great discontent among the services and uncertainty everywhere, valuable time has been lost, and it looks as if the matter has to be dealt with by a successive Government. The problem of integration whether in the matter of services or laws is said to be unique here and the integration committee, said that it requires careful planning and thought, and yet it does not appear to have received the attention it deserves. This House is entitled to know how far it has progressed with this problem and what time it will take to complete the same. There is no purpose in Government playing hide and seek in this matter. They must be prepared to place all the cards on the table.

All the trouble in respect of this matter is brought about by the integration committee. We asked repeatedly for the report and it won't be forthcoming. It was all the time in the hiding and when it at last came out, it was no answer to the various problems arising out of this integration of the States. Sir, a photo of the Integration Committee appears in the 1949 July Number of the Travancore Information and Listener and underneath the photo is written that the Integration Committee had finished their labours in record time and that they were enjoying a spell of sunshine and it is this sunshine which has led to all the trouble between Travancore and Cochin. These are the people who are the authors of this mischief leading to needless fight and conflict between Travancore and Cochin and very early action should be taken to end this conflict.

ஸ்ரீ. டி. பொன்னையா: ஸர், நமது நிதி மந்திரியவர்கள் 51–52-ம் வருடத்திய வரவு செலவு கணக்கை மிகவும் திறமையுடன் நம் முன் சமர்ப்பித்திருக்கிறார்கள். அதை டிப்புடி ஸ்பீக்கர் அவர்கள் ஒரேயடியாய் ஆமோதித்தார்கள். இதுவரையில் எவ்வளவோ மெம்பர்கள் இந்த பட்ஜெட்டைப் பற்றிப் பேசினார்கள். ஒருவராவது இதை ஆமோதித்துப் பேசினதாகக் காணவில்லை. ஆனால் நான் அதை சந்தோஷமாக ஒப்புக்கொள்கிறேன். ஆனால் majority கட்சியார் இந்த பட்ஜெட்டை ஆமோதித்துத்தான் பேசுவார்கள். தாங்கள் majority கட்சியைச் சேர்ந்தவர்கள். தாம் அரசாங்கத்தை நடத்துவதாகச் சொல்லிக்கொண்டு, தங்கள் இஷ்டம்போல் ஒரு வரவு செலவு திட்டத்தை தயாரிப்பது என்பதில் அர்த்தமில்லை. நாங்கள் தயாரித்துள்ள திட்டத்தினால் இந் நாட்டிலுள்ள மக்கள் நல்வழிப்படவும், இந்நாட்டிலுள்ள மக்களின் பசி, பிணியைப் போக்கவும், இங்குள்ள மக்கள் ஒற்றுமையாக வாழவும், முன்னேற்றமடையவும் ஆவன இருக்கின்றனவா என்று பார்த்தால், யாதொன்றும் காணவில்லை. இந்நாட்டிலுள்ள மக்களின் முன்னேற்றத்தைத் தடுப்பதற்காக இப்பட்ஜெட் தயாரிக்கப்பட்டிருப்பதுபோல் காணப்படுகிறதேயொழிய, மக்களின் பொது நன்மைக்காக, தயாரிக்கப்பட்டதாகக் காணவில்லை. ஸர், ஒரு அரசாட்சி சரிவர நடக்க வேண்டுமானால், அந்த அரசாட்சியிலுள்ள குற்றம்குறைகளை அவ்வப்போது எடுத்துரைக்க மெம்பர்கள் தயங்கக்கூடாது. மேலும் ஒருவேளை அரசியல் சபையிலேயே majority கட்சிக்கு எதிர்கட்சி இருக்கலாம். கட்சி என்ற காரணத்திற்காக மெம்பர்கள் பிரிந்திருப்பார்களே ஒழிய, உண்மையில் இவர்களது நோக்கம் நாட்டின் நன்மைக்காகவே. ஏதோ எதிர் கட்சியைச் சார்ந்தவர் என்ற காரணத்திற்காக, அவர்கள் சொல்வதை தங்களது majority பலத்தினால் நிராகரிப்பது என்பதும் அர்த்தமில்லை. Majority கட்சியின் தத்துவங்கள் சரியானவையென்று தோன்றினால் அவைகளையும் ஒப்புக்கொள்ளவேண்டும். எதிர் கட்சி என்ற காரணத்திற்காக எதிர்த்தால் நாம் அரசியலில் முன்னேற்றமடைவோம் என்று சொல்லமுடியாது.

ஸர், நம் அரசியல் சபையில் மூன்று கட்சிகளிருந்தன. இப்போது எங்கு பார்த்தாலும் கட்சிகள் தான். இந்தக் கட்சிகள் எங்கிருந்துண்டானது என்பது எல்லோருக்கும் தெரிந்த விஷயம். யாதாவதொரு அங்கத்தினர் சில குற்றத்திற்காக பதவியிலிருந்து தள்ளப்பட்டால் இவர்கள் சில அங்கத்தினர்களை சேர்த்துக்கொண்டு தாங்களும் ஒரு கட்சி என்று சொல்லிப் பிரிந்து நிற்கிறார்கள். ஆனால் இவர்கள் பதவி மோகம்கொண்டு பதவிக்காகப் பிரிந்திருக்கிறார்களேயொழிய நாட்டிற்கு நன்மை செய்ய வேண்டுமென்ற நோக்கத்தோடல்ல. இந்த சபையிலே ஆறு, ஏழு கட்சிகளிருக்கின்றன. நாமெல்லோரும் இந்நாட்டிலே பிறந்தவர்கள், நமக்கு நமது நாடு பெரிது. நமது ஜனங்களால் நாம் தேர்ந்தெடுக்கப்பட்டவர்கள், நாட்டின் க்ஷேமத்திற்காக நாம் ஒன்றுபட்டு வேலை செய்யவேண்டுமென்ற எண்ணமிருக்கவேண்டும். நாம் எந்தக் கட்சியைச் சார்ந்தவரானாலும்சரி, பொது நலத்துக்காகப் பாடுபடும்போது கட்சிவேற்றுமைக்கு இடமில்லை. இந்திய அரசியல் பிதாவான மகாத்மா காந்தியடிகளின் சிஷ்யர்களென்று சொல்லி, கதர் குல்லா, ஜுப்பாவை அணிந்து நாங்கள் காந்தியடிகளைப் பின்பற்றுகிறோம், ஹரிஜனங்களின் முன்னேற்றத்திற்காகப் பாடுபடுகிறோம், மக்களிடையிலுள்ள பசி பிணியை போக்க வேலை செய்கிறோம்

என்று முதலைக் கண்ணீர் வடிக்கிறார்களே யொழிய, உண்மையில் ஒன்றுமே நடத்துவதில்லை. சர், அதிகாரத்தை கையிலெடுப்பதற்குமுன் நான் முன் கூறியவைகளைச் சொல்லி, அதிகாரத்தைக் கைப்பற்றினார்கள். அதிகாரத்தைக் கையிலெடுத்த பிறகு அவர்கள் செய்தது என்ன? அவர்கள் குடும்பத்தினருக்கும், சொந்தக்காரர்களுக்கும், இனத்தவர்களுக்கும் நன்மைகள் செய்தனர். நாட்டிற்கு ஒரு நன்மையும் செய்யவில்லை. தற்போது நாட்டில் அரசியல் சங்கடந்தான் தாண்டவமாடுகிறது. அவர்கள் நியாயமாக நடந்திருப்பார்களானால் இந்த அரசியல் சங்கடம் ஏற்பட்டிருக்காது. இந்த அரசியல் குழப்பத்தால் நாட்டில் என்ன ஏற்பட்டிருக்கிறது? எங்கு பார்த்தாலும் பகல்கொள்ளை, பதுக்கல், துணிப்பஞ்சம், வஞ்சகம் தாண்டவமாடுகிறது. இதைக்கண்கொண்டு காணலாம். ஸார், இந்த லஞ்ச ஊழலைத் தடுக்க நாம் ஏதாவது நடவடிக்கை எடுத்தோமா? இல்லை. நம் நாட்டில் மாத்திரமல்ல, கொச்சியில் மாத்திரமல்ல, இந்தியாவில் இது தாராளமாக நடக்கிறது. அதனால் ஏழை மக்கள் பகற்கொள்ளை அடிக்கப்படுகிறார்கள். இவைகள் எவ்வளவு காலம் நடக்கும் என்று தெரியாது. நாட்டில் எங்கு பார்த்தாலும் கருஞ்சந்தை. ஒரு பக்கம் பதுக்கல். மற்றொரு பக்கம் மக்களின் உணவு தானியம் பறிக்கப்படுகிறது. இவைகள் இங்கு மாத்திரமல்ல, உலகத்தில் எங்கும் நடக்கின்றன. இவைகள் மாற வேண்டுமானால் உலகமே அணுகுண்டால் அழிந்தாலொழிய, இந்தமாதிரி அக்கிரமங்கள் நிற்காது.

ஸார், பின்னேக்க சமுதாயத்திற்கு இவ்வரசாங்கம் என்னசெய்திருக்கின்றது என்று கூற விரும்புகிறேன். ஸார், பின்னேக்க சமுதாயத்தின் முன்னேற்றத்திற்காக 12 1|2 லக்ஷம் ரூபாய் இந்த வருஷ பட்ஜெற்றில் சேர்க்கப்பட்டிருக்கிறது. இந்த இலாகாவை வகித்துக்கொண்டிருந்த மந்திரியிடம் எங்கள் குறைகளைப் பற்றி பல தடவைகள் சொல்லியும் அவைகள் ஒன்றும் அவர் காதில் விழவில்லை. தற்போது கனம் கேசவன் அவர்கள் மந்திரியாய் வந்திருக்கிறார்கள். எங்களது குறைகள் கவனிக்கப்படுவதில்லை என்று அவர்களிடமும் ஊக்கமாய் சொல்லிக்கொள்கிறேன். ஸார், போன வருஷம் ஏராளமான பணம் பின்னேக்க சமுதாயத்தினருக்கு கல்விக்காகச் செலவு செய்திருக்கிறார்கள். இந்தப் பணத்தில் கொஞ்சம் பின்னேக்கச் சமுதாயத்தைச் சார்ந்த கிறிஸ்தவர்களின் கல்வி வசதிக்குச் செலவு செய்திருக்கிறதை நான் வரவேற்கிறேன். ஏன் என்றால் அவர்களின் இவ்வளவு முன்னேற்றத்திற்குக் காரணம் கிறிஸ்தவப் பாதிரிமார்கள் அயல் நாட்டிலிருந்து பணங்களை கொண்டுவந்து இவர்களுடைய கல்வி விஷயத்திற்குச் செலவிட்டு அவர்களை முன்னேற்றத்திற்கு கொண்டுவந்திருக்கிறார்கள். ஆகையால் நான் கிறிஸ்து மதத்திற்கு நன்றியுள்ளவனாய் இருக்கிறேன். பின்னேக்க சமுதாயத்தைச் சார்ந்த கிருஸ்துவர்கள் முன்னேற்றமடைந்திருப்பதைப்போல் பின்னேக்க சமுதாயத்தினருக்கு உதவி செய்யவும், அவர்களது இடுக்கண்களை அரசாங்கத்திற்கு எடுத்துரைக்க ஒரு டிப்பார்ட்டுமென்று ஏற்படுத்தப்பட்டிருக்கிறது. இந்த டிப்பார்ட்டுமென்றார் பின்னேக்க சமுதாயத்தினரை அடக்கி ஆள்வதற்காகத்தானிருக்கிறார்களே யொழிய அவர்களுக்கு உதவிசெய்வதற்காகவல்ல. இந்த டிப்பார்ட்மென்றுபின்னேக்க சமுதாயத்தாரின் கஷ்டங்களை கவனிப்பதில்லை. அவர்களின் கல்விநிலை, பொருளாதார நிலை முதலியவைகளை கவனிப்பதாகயில்லை. அவைகளை

[Sri. D. Ponniah]

அறியக்கூடிய சக்தியும் அவர்களுக்கில்லை. எங்களின் முன்னேற்றத்திற்காக ஏற்படுத்தப்பட்டிருக்கும் டிப்பார்ட்மென்று சரியாக வேலை செய்யாததினால் தான் பின்னோக்க சமுதாயத்தினர் முன்னேற்றமடையவில்லை. ஸர், காரணமென்னவென்றால் பின்னோக்க சமுதாயத்தைச் சேர்ந்த அங்கங்கள் அந்த டிப்பார்ட்மென்றில் உத்தியோகத்தில் நியமிக்கப்படாததால் அவர்களுக்கு அந்த கஷ்டம் தெரியவில்லை. ஆகையால் இந்த டிப்பார்ட்மென்றில் பின்னோக்க சமுதாயத்தைச் சேர்ந்தவர்களை நியமித்தால் பின்னோக்க சமுதாயத்தின் முன்னேற்றத்திற்கு நலமாயிருக்கும். ஸர், மன்னம் சங்கர் தேவஸ்வம் போர்டில் மெம்பர்களாயிருக்கும்போது, பின்னோக்க சமுதாயத்தினர்களின் கஷ்டங்களை உணர்ந்து, பொருளுதவியும் செய்தார்கள். அது பின்னோக்க சமுதாய ஹிந்துக்களுக்கு சற்று உற்சாகத்தைக் கொடுத்தது. இப்போதிருக்கிற தேவஸ்வம் போர்டு பின்னோக்க சமுதாயத்தினருக்கு இடைஞ்சல் தான் செய்துகொண்டிருக்கிறது. பொதுவாக இவைகளையெல்லாம் பார்க்கும்போது மந்திரி பின்னோக்க சமுதாயத்தினருக்காக இல்லை, ஆதலால், முதல் மந்திரியவர்களே! தாங்கள் பின்னோக்க சமுதாயத்தினர்களின் நிலைமையை சற்று கவனித்து அவர்களுக்கு வேண்டுவனச் செய்யக் கேட்டுக்கொள்கிறேன். ஸர், தாங்கள் ஒரு 10 வருட திட்டத்தை ஏற்படுத்தி பின்னோக்க சமுதாயத்தினருக்கு வேண்டுவன செய்தால் அவர்கள் முன்னேற்றமடைவார்கள்.

Sri. A. L. Jacob: I must congratulate the Finance Minister on one thing for the shortness of his speech. "Brevity is the soul of wit" says the proverb. Apparently this has been the guiding principle of our Finance Minister who is noted for his silence. But when the affairs of a country with about nine million people are discussed in the annual Budget, one would expect much fuller and more explanati on especially regarding the economic welfare of the people.

No doubt, something was said about food but if we had an adequacy of food, many would starve if they have not got the wherewithal for purchasing it, in other words the employment needed for earning income. Has employment in this State been maintained or has it gone down as some people think? Is production being kept up or has it also gone down? The Budget speech, I fear, contains very little regarding this important matter and as one who is engaged in business, I feel greatly disturbed by this.

Sir, in the Budget speech last year, the announcement was made with some gusto that a Planning Board has been set up for this State. This gladdened the heart of people like me and it created much expectations but Sir, Iam at a loss to see nothing in the Budget speech regarding this great venture. Has it not worked? Really, one wonders whether it is even alive for while we have received elaborate reports from Land Policy Committee and from the Cottage Industries Committee, not a line has come to us regarding the operations of this apparently superior body. Sir, this fills me with bewilderment and consternation because as I undertand it, there is no part of India where planning is more urgent than in this thickly populated land where owing to lack of emplyment and scarcity of food, communism has spread like wild fire and has caused much bloodshed and violence as all of us know. Sir, there is no indication that this Government has given any serious thought to this most vital matter. Of course, many communists have been imprisoned and that is very well but Sir, this is not the way of curing the disease.

I find that the Finance Minister like the former Education Minister has expressed great satisfaction and has even boasted about our grand achievements in education but what, may I ask, Sir, has been the result of that education on our economic progress? Practically nothing, I am bold to say. Our schools and colleges send out year after year thousands of job hunters who like beggars go about the whole country pestering people for posts. And so low has the market value of our graduates fallen today that even first class graduates can only get Rs. 50 a month which is less than their monthly expenses in college. Similarly all our secondry schools cater for literary training and hardly any of them give technical training worth the name. It is a shame to boast of such education. We want to see our young men devoting themselves to the increase of our production—industrial and agricultural, so that the standard of living of the common people in this country may be raised. As the Cottage Industry report has said, we want well equipped poly-technics in the country and planned arrangements for employing those trained there in industry. We must also provide cottage industries in their own homes. It is in this way that many countries in Europe have established economic prosperity. We can also do this. I find that Rs. 5,00,000 has been sanctioned for opening a polytechnic. I do hope that the Government are serious about this and that this is not mere window-dressing. In my opinion, a Central Polytechnic must be near our main Industrial area between Alwaye aud Ernakulam.

But, Sir, more important and more urgent than this, we must immediately have a plan for establishing throughout the country such small scale industries as will enable the cottager to earn at least Rs. 5 a day and that is only possible by pursuing technically efficient methods and using electric power. This, Sir, is the most urgent need today. And in spite of our present troubles, I hope that the Government will be energetic enough to device and carry out a master plan for this purpose. I fear that Ministers have little time for such planning. It is for them, therefore, to set up a competent advisory body for this purpose. For such work however Ministers in any country have little time. With these words I close.

The House adjourned at 4-30 p.m. to meet again at 11 a.m. on Friday the 16th March 1951

V. KRISHNAMOORTHY AIYAR,

Secretary, Legislative Assembly.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION 1951

Friday, *the 16th March 1951*

Vol. III] OFFICIAL REPORT [No. 8

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Friday, the 16th March 1951 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(Oral Answers)

(The numbers within brackets indicate the serial numbers in the list of admitted questions for the day.)

VEMBANAD LAKE BOAT TRAGEDY

***574. (1) Sri. D. Gnanasigamoni:** Will the Hon'ble Minister for Transport be pleased to state:—

(*a*) whether Government have ordered an enquiry into the recent Vembanad Lake boat tragedy; and

(*b*) if so, whether any report has been submitted on the same?

Chief Minister **(Sri. C. Kesavan:)**

(*a*) Yes.

(*b*) No.

Sri. D. Gnanasigamoni: May I know whether any time-limit has been fixed for the submission of the report?

Sri. C. Kesavan: Instruction has been given to submit as early as possible.

Sri. C. V. Iyyu: May I know whether the boat had been insured just as motor cars?

Sri. C. Kesavan: I have no information.

Sri. C. V. Iyyu: Is there not a rule that service boats also should be insured?

Sri. C. Kesavan: I claim notice.

ശ്രീ. എ. താണുപിള്ള: ഈ ട്രാജഡി നടന്നിട്ട് എത്രകാലമായി?

Sri. C. Kesavan: It took place on the 19th December 1950.

ശ്രീ. ആർ. ശങ്കർ: റിപ്പോർട്ട് സമർപ്പിച്ചതായി പത്രങ്ങളിൽ കണ്ടതു് ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കണ്ടു. പക്ഷെ അതു ശരിയല്ല.

Sri. C. V. Iyyu: Is the Government aware that even now boats run on kerosene oil are plying?

Sri. C. Kesavan: That question does not arise.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എൻക്വയറി നടത്തിയതു് ആരാണ്?

ശ്രീ. സി. കേശവൻ: കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട്.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ഈ ട്രാജഡിയിൽ എത്രപേർ മരിച്ചു?

ശ്രീ. സി. കേശവൻ: ഏഴ പേരെന്നാണ് അറിവ്.

ട്രാൻസ്പോർട്ട് കാപ്പറേഷൻ

*൩൰൩. (ഡ) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഈ സ്റ്റേററിൽ ട്രാൻസ്പോർട്ട് കാപ്പറേഷൻ തുടങ്ങുന്നതിനെപ്പററി ആലോചിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, സിവിൽസപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ യാതൊരു ആലോചനയും ഇല്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഏതെങ്കിലും സ്റ്റേററിൽ ഇതു നടപ്പിൽ വന്നിരിക്കുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിവില്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇതു ആലോചിക്കേണ്ട ഒരു വിഷയമാണെന്ന് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിക്കാവുന്ന ഒരു വിഷയമാണ്.

പുതിയ ബസ്സ് ലൈനുകൾ

*൩൰൪. (ന) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് അതാറിട്ടി പുതിയ ബസ്സ്ലൈൻ അനുവദിച്ചതിനെപ്പററി വല്ല പരാതികളും ഗവമ്മെണ്ടിന് കിട്ടിയിട്ടുണ്ടോ;

(ബി) ട്രാൻസ്പോർട്ട് അതാറിട്ടിനിയമനത്തിനുശേഷം എത്ര പുതിയ ലൈനുകൾ അനുവദിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഗവമ്മെണ്ടിന് ട്രാൻസ്പോർട്ട് അതാറിട്ടിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലുകൾ കിട്ടുന്നുണ്ട്.

(ബി) ൧൨൬.

ശ്രീ. വി. കെ. വർഗ്ഗീസ്: അതാറിട്ടി ഈ ലൈനുകൾ നൽകുന്നതിനെ സംബന്ധിച്ച് റൂളുകൾ വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മോട്ടോർ വെഹിക്കിൾസ് റൂൾസിൽ തന്നെ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ട്.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതാരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഡി. എസ്സ്. പി.യും സ്ഥലം എം. എൽ. എ. മാരുമാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: അവരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഏതെങ്കിലും ലൈനുകൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ധാരാളം ഉണ്ട്. ഈ ൧൨൬ ലൈനുകളും നല്കിയതു് ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: കൊല്ലം ടൗണിൽ അങ്ങനെ ഉണ്ടായിട്ടില്ലെന്നു പറഞ്ഞാൽ വിശ്വസിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ധാരാളം വിശ്വസിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ട്രാൻസ്പോർട്ട് അതോറിട്ടിയിൽ ഡയറക്ടറെ കൂടാതെ ആരെല്ലാം ഉൾപ്പെടും?

ശ്രീ. ടി. കെ. നാരായണപിള്ള: നിയമസഭയിലെ രണ്ടു മെമ്പറന്മാർ, അതായത് ശ്രീ. കുഞ്ഞുകൃഷ്ണനും, അലക്സാണ്ടർ പറമ്പിത്തറയും ഐ. ജി.യും ഉൾപ്പെടും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവരെ നാമിനേററ ചെയ്തവരാണോ, അവക്ക് അലവൻസു വല്ലതും ഉണ്ടോ എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവക്ക് ഡെയിലി അലവൻസ് ഉണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. ഇ. പി. പൗലോസ്: ലൈൻ തുടങ്ങണമെന്ന് ആഗ്രഹമുള്ളവക്കെല്ലാം അതു് അനുവദിച്ചു കൊടുക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമുള്ള സ്ഥലങ്ങളിൽ റൂൾസ് അനുസരിച്ച് അനുവദിക്കുന്നതാണ്. അല്ലെങ്കിൽ കാമ്പെററീഷൻ ഉണ്ടാവും.

Sri. D. Gnanasigamoni: May I know whether Government have consulted any member from South Travancore so far as roads in South Travancore are concerned?

Sri. T. K. Narayana Pillai: I claim notice.

ശ്രീ. എ. താണുപിള്ള: അസംബ്ലിയിൽനിന്നും ഈമാതിരി ആവശ്യങ്ങൾക്ക് മെമ്പറന്മാരെ നാമിനേററ ചെയ്യുന്നതിൽ കുഴപ്പമുണ്ടെന്നു കണ്ടിട്ടു പിന്നെയും അതു തുടന്നു കൊണ്ടുപോകുന്നതെന്തിന്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് വളരെ മുമ്പു ചെയ്തതാണ്.

ശ്രീ. പി. നാണു: സ്ഥലം എം. എൽ. എ.മാർ ശുപാർശചെയ്യുന്നു എന്നു പറഞ്ഞതു് റൂളനുസരിച്ചാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. പക്ഷെ, അങ്ങനെയാണു നടപടി

ശ്രീ. പി. നാണു: എല്ലാ താലൂക്കിലും ഇതു പതിവുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടെന്നാണ് അറിവ്, എനിക്ക് സൂക്ഷ്മമായിട്ടറിഞ്ഞുകൂടാ.

ശ്രീ. പി. നാണു: പല സ്ഥലങ്ങളിലും അങ്ങനെ അല്ലെന്ന് ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീച്ചയായും വിശ്വസിക്കാം. അതു ഞാൻ മുമ്പ പറഞ്ഞതാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: ഗവമെണ്ടു ലൈനുകളെ സംബന്ധിച്ചിടത്തോളം കാമ്പെററീഷന് വഴി നല്കാതിരിക്കുകയും മററ ലൈനുകളെ സംബന്ധിച്ചിടത്തോളം അതിനു സൗകര്യമുണ്ടാക്കുകയും ചെയ്യുന്നതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമെണ്ടു ലൈനുകളെ സംബന്ധിച്ചിടത്തോളവും അങ്ങിനെ വരികയാണെങ്കിൽ അതു് നാഷനലൈസേഷൻ പ്രിൻസിപ്പിളിന് വിപരീതമായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അപ്പീലിന് അഡ്വക്കേറ്റന്മാർ ഹാജരാകാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. അവർക്ക് പാടില്ലെന്നു വ്യവസ്ഥയില്ല.

ശ്രീ. സി. വി. ഇയ്യു: ഇപ്പോൾ ഉള്ള ലൈസൻസുകൾ അവരുടെ പൃവ്വികന്മാർക്കായി കൊടുത്തതാണോ?

Sri. T. K. Narayana Pillai: I claim notice.

ശ്രീ. റ്റി. എ. അച്യുതൻ: ഈ നോമിനേറ്റഡ് മെമ്പറന്മാർക്ക് ട്രാൻസ്പോർട്ട് അധികാരികളെപ്പോലെ അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. അധികാരം ഡിപ്പാർട്ടുമെണ്ടിനാണ്.

റോഡ്

ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനും ഭൂമിയെപ്പററിയുള്ള മററു കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുമായിട്ട് ഗവമ്മെണ്ട് ഒരു ഭൂനയക്കമ്മിററിയെ നിയമിച്ചതായിട്ട് അറിയാം. ആ കമ്മിററി വെറും മുതലാളിമാരുടെ പ്രതിനിധികൾ മാത്രമടങ്ങിയ ഒരു കമ്മിററി ആയിരുന്നു. ആ കമ്മിററിയിൽ ഭൂമിയില്ലാത്തവരുടേയോ ഹരിജനങ്ങളുടേയോ ഒരു പ്രതിനിധിപോലും ഇല്ലായിരുന്നു. ആ കമ്മിററി വളരെക്കാലം അന്വേഷണം നടത്തി ഒരു റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഇപ്പോൾ ഏകദേശം അഞ്ചാറുമാസം കഴിഞ്ഞു. ആ റിപ്പോർട്ട് ഗവമ്മെണ്ടിൽനിന്നു പരിശോധിച്ച് അതിൽ ഇന്നയിന്ന ഭാഗം സ്വീകരിക്കാമെന്നോ അല്ലെങ്കിൽ ഇന്നയിന്ന ഭാഗം സ്വീകരിക്കാൻ പാടില്ലെന്നോ മുഴുവൻ സ്വീകരിക്കണമെന്നോ തള്ളണമെന്നോ തീർച്ചചെയ്യുന്നതിനു് ഇതുവരെ ഗവമ്മെണ്ടിന് കഴിവുണ്ടായിട്ടില്ല. അതുസംബന്ധിച്ച് ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുമെന്നു പറഞ്ഞിരുന്നു. എന്നാൽ അടുത്തകാലത്തു ധനകാര്യമന്ത്രി ഈ നിയമസഭയിൽ ബിൽ അവതരിപ്പിക്കുവാൻ സാധിക്കുമോ എന്നു സംശയം പ്രകടിപ്പിക്കുകയുണ്ടായി. ഗവമ്മെണ്ടിന് ഭൂമി സംബന്ധിച്ച് ഒരു നയമുണ്ടെന്നും അതിലേക്ക് ഒരു ബില്ലവതരിപ്പിച്ച് പാസാക്കുമെന്നെല്ലാം പറയുന്നതു് ഒരു ഇലക്ഷൻ സ്റ്റണ്ടാണ്. അടുത്ത ഇലക്ഷൻ കഴിയുന്നതുവരെ നിയമസഭയിൽ ഇതിലേക്ക് ഒരു ബിൽ അവതരിപ്പിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. കോൺഗ്രസ് പ്രകടനപത്രികയിൽ ഭൂനയം സംബന്ധിച്ച് വേണ്ടതെല്ലാം നടത്തുമെന്നു പറഞ്ഞിട്ടുണ്ട്. യൂണൈറേറഡ് പ്രോവിൻസിലും സെൻട്രൽ പ്രോവിൻസിലും

മററും സെമിന്ദാരി സമ്പ്രദായം നിറുത്തലാക്കുന്നതിനു് നിയമമുണ്ടാക്കിയിട്ടുണ്ടു്. സെമിന്ദാരി വസ്തുക്കൾ ഗവമ്മെണ്ടു് എടുത്തു. അതെല്ലാം പ്രതിഫലം കൊടുത്താണു് എടുക്കുന്നതു്. അതുപോലെ അധികം വസ്തുക്കൾ പ്രതിഫലംകൊടുത്തു് എടുക്കുക നമുക്കു് എളുപ്പത്തിൽ സാദ്ധ്യമല്ല, ബിൽ അവതരിപ്പിക്കുവാനും അതു പാസ്സാക്കുവാനും നടപ്പിൽ വരുത്തുവാനും എളുപ്പമല്ല. അടുത്ത കാലത്തു അതു സാധിക്കാൻ പോകുന്നുമില്ല. എന്നാൽ അതു സാധിക്കത്തക്ക ഒരു കാര്യം ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. അതായതു സംയോജനത്തിനുശേഷം കവനന്റു് നടപ്പിൽ വന്നതോടുകൂടി മഹാരാജാവിന്റെ വകയായി കുറെ അധികം സ്ഥലം ഗവമ്മെണ്ടിന്റെ കയ്യിൽ വന്നിട്ടുണ്ടു്. അതിന്റെ ഏക്കറേജു നോക്കുകയാണെങ്കിൽ ൧൯൩൧൧ ഏക്കർ ൭൧ സെന്റാണു്. ആ സ്ഥലം ആണു് കണ്ടുകൃഷിസ്ഥലം എന്നറിയപ്പെടുന്നതു്. ആ സ്ഥലത്തിനു് യാതൊരുത്തർക്കും അവകാശംപറയാൻ നിവൃത്തിയില്ല. ഇപ്പോൾ ആ സ്ഥലം കുറെ ജന്മിമാരുടേയും മുതലാളിമാരുടേയും കയ്യിലാണു് ഇരിക്കുന്നതു്. അവക്കു് അതിൽ ഒരവകാശവും പറയാൻ നിവൃത്തിയില്ലാത്തവിധം ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടു്. ആ വിധിയിൽ ഇങ്ങനെയാണു് പറയുന്നതു്. VII. T. L. J. 24 ആണു്. "Kandukrishi lands cannot be taken into execution as the holders of these lands are mere tenants-at-will and have no saleable interest in the property."

ഈ വസ്തുക്കൾ ജന്മികളും പണക്കാരുമാണു് ഇന്നു കൈവശംവച്ചുകൊണ്ടിരിക്കുന്നതു്. ഹൈക്കോടതി വിധികൊണ്ടു് അവക്കു് ആ വസ്തുവിന്മേൽ യാതൊരു അധികാരവും അവകാശവും ഇല്ലെന്നു സ്പഷ്ടമാണു്.

ആ വസ്തുക്കളിൽ അവക്കു് യാതൊരു അവകാശവും അധികാരവും ഇല്ല. അവർ നാമമാത്രമായ പാട്ടം മാത്രമാണു് കൊടുത്തുകൊണ്ടിരിക്കുന്നതു്. അതു് ഗവമ്മെണ്ടിൽനിന്നും എടുത്തു് സാധുക്കളായ ജനങ്ങൾക്കു് നാല്പതു് സെന്റു് വീതം വീതിച്ചുകൊടുക്കുകയാണെങ്കിൽ ൪൮൨൭൬ കുടുംബങ്ങൾക്കു് കൊടുക്കുവാനുണ്ടു്. അവക്കു് അതിൽ താമസിക്കുന്നതിനും കൃഷിചെയ്യുന്നതിനും സാധിക്കുന്നതാണു്. അതു് അന്യാധീനപ്പെടുത്തരുതെന്നുള്ള വ്യവസ്ഥയിൽ സ്ഥിരമായി പാട്ടത്തിനു് കൊടുക്കുന്നപക്ഷം വലിയ പ്രയോജനം അതുകൊണ്ടുണ്ടാകുന്നതാണു്. ഈ ൪൮൨൭൬ കുടുംബങ്ങളിൽ ആകെ കൂടി ഉദ്ദേശം രണ്ടരലക്ഷത്തിൽ അധികം ജനങ്ങൾ ഉണ്ടായിരിക്കുകയും അത്രയും ആളുകൾക്കു് ഭൂമി കൊടുക്കുന്നതിനു് സാധിക്കുകയുംചെയ്യുമെന്നുള്ളതാണു് അതിനകത്തുള്ള കാര്യം. തൻമൂലം പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യം അല്പമായിട്ടെങ്കിലും നടപ്പിൽ വരുത്തുകയും ചെയ്യാം. ഇതുസംബന്ധിച്ചുള്ള ബില്ലും മററും പാസ്സാക്കാൻ സാധിക്കാത്ത സ്ഥിതിക്കു് ഗവമ്മെണ്ടു് ഉടനെ ചെയ്യേണ്ടതു ഇതാണു്.

ശ്രീ. ടി. വി. തേവൻ: ഈ സ്ഥലങ്ങൾ ആക്കു് കൊടുക്കണമെന്നാണു് മെമ്പർ വിചാരിക്കുന്നതു്?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു് സാധുക്കൾക്കുതന്നെ—ഒരു സെന്റു് ഭൂമിപോലുമില്ലാത്ത സാധുക്കൾക്കുതന്നെ കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. ഇപ്പോൾ ആ സ്ഥലങ്ങൾ പണക്കാരുടെ കൈവശത്തിലും സ്വാധീനത്തിലുമാണിരിക്കുന്നതു്. ഗവമ്മെണ്ടു് ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് പണച്ചെലവും ബുദ്ധിമുട്ടും ഉണ്ടാകുന്നതുമല്ല. ഗവമ്മെണ്ടു് ഇപ്പോൾ ൩൭൦൦൦ ഏക്കർ സ്ഥലം കൃഷിചെയ്യുന്നതിനായി സാധുക്കൾക്കു് കൊടുത്തു എന്നാണു് പറയുന്നതു്. എന്നാൽ സാധുക്കൾക്കു് അവിടെ പോയി കൃഷി ചെയ്യുന്നതിനോ

[Sri Kannara Gopala Panicker]

പുരവച്ചു താമസിക്കുന്നതിനോ സാദ്ധ്യമല്ല. ഉദാഹരണമായി വണ്ടൻമേട്ടിൽ സ്ഥലം കൃഷിക്ക് കൊടുത്തിട്ടുള്ളതിനെപ്പററിതന്നെ നോക്കുക. അവിടെ കൃഷിക്ക് കൊടുത്തിട്ടുള്ള ഭൂമിയിൽ സാധുക്കൾക്ക് അവിടെ ചെന്നു കൃഷിചെയ്യാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് അവ പണക്കാർക്ക് കൊടുത്തുവരികയാണ് പതിവ്. ഇങ്ങിനെ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതുകൊണ്ട് സാധുക്കൾക്കു യാതൊരു ഗുണവും ഉണ്ടാകാൻപോകുന്നില്ല. നേരെമറിച്ച് അന്യകരണം ചെയ്യാൻ അനുവദിക്കാതെ നാല്പതു സെൻറ് സ്ഥലംവീതം അവർക്ക് പാട്ടത്തിന് പതിച്ചുകൊടുക്കുന്നപക്ഷം അതു വളരെ പ്രയോജനകരമായിരിക്കും.

രണ്ടാമതായി പറയാനുള്ളത് മദ്യവർജ്ജനത്തെ സംബന്ധിച്ചാണ്. അത് നിവൃത്തിയുള്ളിടത്തോളം ഈ രാജ്യത്തു മുഴുവൻ നടപ്പിലാക്കണമെന്നാണെനിക്കു പറയുവാനുള്ളത്. ഒന്നാമത്തെ മന്ത്രിസഭയുടെ കാലത്തു ൩ താലൂക്കുകളിൽ മദ്യവർജ്ജനം ഏർപ്പെടുത്തുകയുണ്ടായി. രണ്ടാമത്തെ ബഡ്ജററ് അവതരിപ്പിച്ചതോടുകൂടി മൂന്നു താലൂക്കുകൾ കൂട്ടിച്ചേർത്തു ഒരു പരിപാടി അവർ നടപ്പാക്കി. എന്നാൽ കഴിഞ്ഞ കൊല്ലത്തിൽ തിരുവിതാംകൂറിലെ ഏററവും ചെറിയ താലൂക്കായ പത്തനാപുരം താലൂക്കിലും കൊച്ചിയിലെ ഏററവും ചെറിയ താലൂക്കായ കൊടുങ്ങല്ലൂർ താലൂക്കിലും മാത്രം മദ്യവർജ്ജനം നടപ്പാക്കി. ഈ ആണ്ടത്തെ ബഡ്ജററിൽ ഒരു താലൂക്കിലും നടപ്പാക്കാൻ പോകുന്നതായി കാണുന്നില്ല. ഇതിൻെറ അർത്ഥമെന്താണെന്നു മനസ്സിലാകുന്നില്ല. ഇവിടെ കോൺഗ്രസ്സ് ഉത്തരവാദഭരണം സംബന്ധിച്ച് പ്രചരണവും പ്രക്ഷോഭണവും എല്ലാം നടത്തിയ അവസരത്തിൽ മദ്യവർജ്ജനം ഏർപ്പെടുത്തുന്നതാണെന്നു പറഞ്ഞു. ജനങ്ങൾ അതെല്ലാം വിശ്വസിച്ചു. അതു മററു താലൂക്കുകളിലും വ്യാപിക്കുമെന്നു അവർ വിശ്വസിച്ചു. ഇന്നു മദ്യവർജ്ജനം നടപ്പാക്കിയ സ്ഥലങ്ങളിലെ ജനങ്ങൾ വളരെ സുഖമായും സ്വൈരമായും കഴിഞ്ഞുകൂടുകയാണ്. അവിടെ മററുള്ള സ്ഥലങ്ങളിലെപ്പോലെ കുത്തും കൊലയും ഉണ്ടാകുന്നില്ലെന്നു നമുക്കറിയാൻ കഴിഞ്ഞിട്ടുള്ള സംഗതിയാണ്. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ഈ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം മുഴുവൻ മദ്യവർജ്ജനം ഏർപ്പെടുത്തേണ്ടതാണെന്നാണ്. അതുകൊണ്ട് ഈ ഗവണ്മെണ്ടിനുണ്ടാകുന്ന നഷ്ടം മൂന്നു കോടി രൂപാ മാത്രമാണെന്നു ഇവിടെ പറയുകയുണ്ടായി. ഞാൻ നിർദ്ദേശിക്കുന്നത് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം മുഴുവൻ ഈ കൊല്ലത്തിൽതന്നെ മദ്യവർജ്ജനം ഏർപ്പെടുത്തണമെന്നാണ്. അത് തല്ക്കാലം സാദ്ധ്യമല്ലെങ്കിൽ ഒരു ഡിവിഷനിലെങ്കിലും ഏർപ്പെടുത്തേണ്ടതാണ്. കൊല്ലം ഡി. സി. സി. തന്നെ ആ ഡിവിഷനിൽ കൊല്ലത്തും കൊട്ടാരക്കരയും ഈ ആണ്ടിൽ മദ്യവർജ്ജനം നടപ്പാക്കണമെന്നു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. എന്നാൽ കൊല്ലം ഡിവിഷൻ മുഴുവനും ഈ വർഷത്തിൽ മദ്യവർജ്ജനം ഏർപ്പെടുത്തണമെന്നുള്ളതിലേയ്ക്ക് ഗവണ്മെണ്ടിൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഈ മദ്യവർജ്ജനം ഏർപ്പെടുത്തിയപ്പോൾ അതിൽനിന്നും ഉണ്ടാകുന്ന നഷ്ടത്തെ പരിഹരിക്കുന്നതിനായിട്ടാണ് സെയിൽസ് ടാക്സ് ഏർപ്പെടുത്തിയതെന്നു ആ അവസരത്തിൽ പറയുകയുണ്ടായി. എന്നാൽ ഇപ്പോൾ എല്ലാ സ്ഥലത്തുനിന്നും സെയിൽസ് ടാക്സ് ഈടാക്കിവരികയാണ്. അങ്ങിനെ മദ്യവർജ്ജനം ഏർപ്പെടുത്താത്ത സ്ഥലങ്ങളിൽനിന്നുപോലും സെയിൽസ് ടാക്സ് ഈടാക്കിവരുന്നതു നീതികേടാണ്. ഇന്നത്തെ ജീവിതച്ചെലവും നികുതിഭാരവുംകൂടി നോക്കുന്നപക്ഷം ഇപ്രകാരം മദ്യവർജ്ജനം ഏർപ്പെടുത്താത്ത സ്ഥലങ്ങളിനിന്നും സെയിൽസ് ടാക്സ് ഈടാക്കുന്നതു നീതികേടാണ്. അതുകൊണ്ട് എല്ലാ സ്ഥലത്തും മദ്യവർജ്ജനം ഏർപ്പെടുത്തണം.

ഇനിയും എനിക്കു് പറയുവാനുള്ളതു് ഉദ്യോഗസ്ഥന്മാരുടെ കാര്യമാണു്. ഇന്നു ഇവിടത്തെ കോൺഗ്രസ്സാണെങ്കിൽ മഹാത്മാഗാന്ധിയുടെ ആദർശങ്ങളിൽനിന്നും കുറെയൊക്കെ വ്യതിചലിച്ചുപോന്നിരിക്കുന്നു. ഒന്നാമത്തു് മഹാത്മാഗാന്ധിയുടെ ആദർശങ്ങൾ മദ്യവർജ്ജനം, കുടിൽ വ്യവസായം, ഖദർ പ്രചരണം ഇവകയൊക്കെയാണു്. ഈവക കാര്യങ്ങളിൽ ഉദ്യോഗസ്ഥന്മാർ വലിയ പ്രതിപത്തി കാണിക്കുന്നതായി കാണുന്നില്ല. ഇന്നു ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കൈക്കൂലി, കൊള്ളരുതായ്മ, ഇവ നടമാടിക്കൊണ്ടിരിക്കുകയാണു്. അതിലും പ്രത്യേകിച്ചു് പോലീസുകാരുടെ ഇടയിൽ ജനങ്ങളുടെ ജീവനേയും വസ്തുവകകളേയും മാനത്തേയും ധനത്തേയും അവർ കാക്കേണ്ടവരാണു്. ഇന്നു അതെല്ലാം അവർ മറന്നിരിക്കുകയാണു്. പോലീസുകാർ മർദ്ദനഭരണം നടത്തുകയാണു്. അതുമൂലം അവരോടു് ജനങ്ങൾക്കു് ഭയം ഉണ്ടായിത്തുടങ്ങിയിരിക്കയാണു്. പോലീസുഭരണം എത്രമാത്രം മർദ്ദനപരമാണെന്നു അവരുടെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാതികൾ പരിശോധിച്ചുനോക്കിയാൽ മനസ്സിലാകുന്നതാണു്. എത്രമാത്രം മർദ്ദനമാണു് അവരിൽനിന്നും ദൈനംദിനം ജനങ്ങൾക്കു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അതു സംബന്ധിച്ചു ധാരാളം പരാതികളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അടുത്തകാലത്തു ചെങ്ങന്നൂരിൽ പോലീസു് ലാക്കപ്പിൽ നടന്ന ഒരു സംഭവംതന്നെ ഞാൻ പറയാം. അവിടെ രണ്ടു കക്ഷികളിൽപ്പെട്ടവർ തമ്മിൽ വഴക്കുണ്ടാകുകയും അതിൽപ്പെട്ട ഒരു കൂട്ടരെ വർഗ്ഗവൈരാഗ്യം നിമിത്തം മർദ്ദിക്കുകയും ഉണ്ടായി. അതേപ്പററി പരാതി കൊടുത്തിട്ടു ഇപ്പോൾ എന്തു് ചെയ്യുവെന്നുള്ളതിനു് കേൾപ്പോരും കേൾവിയും ഇല്ല. ഇന്നു ഇവിടെ നടക്കുന്നതെന്താണെന്നുവച്ചാൽ ഏതെങ്കിലും ഒരു പോലീസുദ്യോഗസ്ഥനെപ്പററി പരാതിപ്പെടുകയാണെങ്കിൽ അതന്വേഷിക്കുന്നതിനു് ഏൽപ്പെടുത്തുന്നതു് അയാളുടെ ഇമ്മീഡിയേററു് സുപ്പീരിയറെയാണു്. ആ ഉദ്യോഗസ്ഥൻ തന്റെ താഴ്ന്ന ഉദ്യോഗസ്ഥനോടുള്ള സ്നേഹംകൊണ്ടും മററും അന്വേഷണത്തിൽ ഇപ്രകാരം കുററം നടത്തിയിട്ടില്ല എന്നഭിപ്രായപ്പെടുകയും ചെയ്യുന്നതു് സാധാരണയായിത്തീർന്നിട്ടുണ്ടു്.

ഫൈനാൻസു് മനിസ്റ്ററെ ഒരു കാര്യത്തിൽ അഭിനന്ദിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അതായതു് ഇവിടെ നിയമംമൂലം കണ്ടിൻജൻസി ഫണ്ടു് എന്നൊരു ഫണ്ടു് ഏർപ്പെടുത്തിയിട്ടുണ്ടു്. അതു് പാസ്സാക്കുന്നിനുമുമ്പു് പത്രങ്ങളിലും പരസ്യപ്പെടുത്തിയിട്ടുണ്ടതായിരുന്നു. ആ അവസരത്തിൽ അതു് കുറെ അവസരസേവകന്മാർക്കും ചൂഷണവിദഗ്ദ്ധന്മാർക്കും മററും ഗവമ്മെണ്ടിൽനിന്നും പണം കൊടുക്കുന്നതിലേക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു ഫണ്ടാണെന്നുള്ള അഭ്യൂഹങ്ങളും ആക്ഷേപങ്ങളും ഉണ്ടായി. അതു് ജനങ്ങളുടെ മനസ്സിൽനിന്നും ഇതുവരെ മാറിയിട്ടില്ല. മാത്രമല്ല, ഈ ഗവമ്മെണ്ടിന്റെ ചില മന്ത്രിമാരെപ്പററിതന്നെ ഉത്തരവാദിത്വമുള്ള ആളുകൾ പരസ്യമായി ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതുമാണു്. എന്നാൽ ഈ കണ്ടിജൻസി ഫണ്ടിലേയ്ക്കു് ഈ ബഡ്ജററിൽ യാതൊരു സംഖ്യയും നീക്കിവയ്ക്കാതിരുന്നതു് വളരെ നന്നായി. ജനങ്ങളുടെ ഈ വിശ്വാസം മാറുന്നതിനു് മുമ്പേ പല തെററിദ്ധാരണകൾക്കും ഇടയാക്കുന്ന ഈ ഫണ്ടിലേയ്ക്കു് പണം നീക്കിവയ്ക്കാതിരുന്നതിൽ ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണു് ചെയ്യുന്നതു്.

അടുത്തതായി ഈ ഗവമ്മെണ്ടിനെ സംബന്ധിച്ചു ജനങ്ങളുടെ ഇടയിൽ ശരിയായ ആദരവോ വിശ്വാസമോ ഇല്ലാതെയാണു് വന്നിരിക്കുന്നതു് എന്ന സംഗതി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു രാജ്യത്തു് സൽഭരണമാണു്

[Sri Kannara Gopala Panicker]

നടക്കുന്നതെങ്കിൽ അവിടത്തെ ജനങ്ങൾക്ക് ഈ ഗവമ്മെണ്ടിനോട് ആദരവും വിശ്വാസവും ഉണ്ടായിരിക്കും. എന്നാൽ ഇന്നു ഇവിടെ ഒരു ഗവമ്മെൻറുണ്ടോ എന്നതന്നെയാണ് ആളുകൾ സംശയിക്കുന്നതു്. ഈ കഴിഞ്ഞ കുറെ നാളുകളായി അനേകം അനേകം ദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു. അതുമൂലം ജനങ്ങൾക്ക് ഗവമ്മെണ്ടിനോടുള്ള ആദരവിനും വിശ്വാസത്തിനും വളരെ കുറവുതോന്നിയിട്ടുണ്ട്. ഇതു് എത്രയും വ്യസനകരമായ ഒരു കാര്യമാണ്. ഒരു സൽഭരണം നടക്കുന്ന ഒരു രാജ്യത്തു് നടക്കുന്നതായ കാര്യങ്ങൾ അല്ല ഇതൊന്നും. (ബെൽ)

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇരുപതുമാസത്തെ അഭാവത്തിനുശേഷം ആദ്യമായിട്ടാണ് ഇപ്പോൾ ഈ സഭയിൽ പങ്കെടുക്കാൻ ഒരു സന്ദർഭം കിട്ടിയതു്.

സർ, എന്നെ ഈ സഭയിൽനിന്നും അകററിനിറുത്തുന്നതിനുവേണ്ടി ഈ ഗവമ്മെണ്ട് കഴിഞ്ഞ ൨൦ മാസക്കാലമായി വേണ്ടിടത്തോളം പരിശ്രമിക്കുകയായിരുന്നു. സംയോജനം കഴിഞ്ഞു് ആദ്യത്തെ സമ്മേളനത്തിൽതന്നെ ഞാൻ പങ്കെടുക്കാതിരിക്കുന്നതിനുവേണ്ടി അന്നു എൻെറ പേരിൽ യാതൊരു വാറണ്ടും ഇല്ലാതിരുന്നിട്ടും ഞാൻ ഈ അസംബ്ലിയിൽ ഹാജരാകും എന്നുദ്ദേശിച്ചു പോലീസ് സൈന്യത്തെ ഈ അസംബ്ലിഹാളിനു് ചുററും നിറുത്തിയിരുന്നതായി എനിക്കറിയാൻ കഴിഞ്ഞു. കൊച്ചിയിൽനിന്നും അനേകം പോലീസുകാരെ എന്നെ പിടിക്കുന്നതിലേക്കായി ഇവിടെ വരുത്തിയിരുന്നതായി പിന്നീടെനിക്കറിയാൻ കഴിഞ്ഞു. അവസാനം എട്ടൊൻപതു മാസങ്ങൾക്കു ശേഷം എന്നെ അറസ്ററുചെയ്തു അവിടെനിന്നും ഞാൻ ജാമ്യത്തിൽ വരാൻ ശ്രമിച്ചു. എന്നാൽ എനിക്കു് ജാമ്യം തരാതെ തുടച്ചയായി എനിക്കിവിടെ പങ്കെടുക്കാൻ അവസരം നിഷേധിക്കപ്പെട്ടു. ഇപ്പോൾ എൻെറ ശിക്ഷ അവസാനിക്കാറായി. ഹൈക്കോടതിയിൽനിന്നും അവരുടെ ദാക്ഷിണ്യംകൊണ്ടു് ജാമ്യം ലഭിച്ചു ഈ അവസരത്തിൽ എങ്കിലും ഈ സഭാനടപടികളിൽ പങ്കെടുക്കാൻ എനിക്കു കഴിഞ്ഞു. ഈ അവസരത്തിൽ അറുപതു ദിവസത്തിലധികം തുടച്ചയായി സഭാനടപടികളിൽ പങ്കുകൊള്ളാതിരുന്നാൽ മെമ്പർസ്ഥാനം പോകുമെന്നുള്ള സാങ്കേതികമായ കാരണംകൊണ്ടു് എൻെറ മെമ്പർസ്ഥാനം ഇല്ലാതാക്കാൻ അധികാരം ഉണ്ടായിരുന്നിട്ടും അതു് ചെയ്യാതെ എൻെറ സ്ഥാനം തുടരാൻ അനുവദിച്ച ഈ സഭയുടെ ജനാധിപത്യമര്യാദയ്ക്കു് ഞാൻ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

സർ, ഇനി ഈ ബഡ്ജററിനെക്കുറിച്ചും അതിനടിസ്ഥാനമായ ഗവമ്മെണ്ട് നയത്തെക്കുറിച്ചും എൻെറ അഭിപ്രായം ഞാൻ വ്യക്തമാക്കാം. ഈ ബഡ്ജററ് കോൺഗ്രസ്സ് സക്കാരിൻെറ വർഗ്ഗസ്വഭാവത്തിൻെറ ഒരു പ്രതിഫലനം മാത്രമാണ്. ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുമാത്രമല്ല, ഇൻഡ്യ ഒട്ടാകെ ഇപ്പോൾ ഒരു ബഡ്ജററ് ബഹളമാണ് നടക്കുന്നതു്. ഇതെല്ലാം മിക്കവാറും ഒരുതരത്തിലുള്ളവയാണെന്നു നമുക്കറിയാം. ഈ ബഡ്ജററ് ഇന്നത്തെ ജന്മിമുതലാളിത്തതാല്പര്യത്തെ സഹായിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. സാധാരണക്കാരായ ജനങ്ങളെ അടിച്ചമത്തുന്നതിനും തൊഴിൽരഹിതരാക്കുന്നതിനും സഹായിക്കുന്ന ഒരു ബഡ്ജററാണിതു്. ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ രക്ഷയ്ക്കായിട്ടുള്ള യാതൊരു വ്യവസ്ഥയും ഈ ബഡ്ജററിൽ ഞാൻ കാണുന്നില്ല. സർ, എന്താണ് ഈ നാട്ടിലെ സ്ഥിതി. ഓരോ വർഷം കഴിയും

തോറും നാട്ടിലെ സ്ഥിതി കൂടുതൽ കൂടുതൽ വഷളായിക്കൊണ്ടുപോവുകതന്നെയാണ്.

ഇന്നത്തെപ്പോലെ ഒരു നിസ്സഹായാവസ്ഥ ഇതിനുമുമ്പൊരിക്കലും ഈ രാജ്യത്തു ഉണ്ടായിട്ടില്ല. നാട്ടിൽ അരിയില്ല, തുണിയില്ല, നെയിത്തുതൊഴിലാളികൾക്ക് നൂലില്ല, ബീഡിതെറുപ്പുകാർക്ക് ജോലിയില്ല ഇങ്ങനെ എവിടെ നോക്കിയാലും കുഴപ്പം, അരാജകത്വം, തൊഴിലില്ലായ്മ, പട്ടിണിയും ദാരിദ്ര്യവും. ഇതിൽനിന്നും എന്തു രക്ഷാമാർഗ്ഗമാണ് ഈ ബഡ്ജററ് നിർദ്ദേശിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. ഈ രാജ്യത്തെ ഓരോ വിഭാഗം ജനങ്ങളുടേയും സ്ഥിതി പ്രത്യേകം എടുത്തു പരിശോധിക്കാം. ആദ്യമായി തൊഴിലാളികളുടെ കാര്യംതന്നെ എടുക്കുക. ഇവിടത്തെ മാത്രമല്ല, ഇന്ന് ഇൻഡ്യ ഒട്ടുക്കുള്ള തൊഴിലാളികളുടെ സ്ഥിതി എന്താണ്? തൊഴിലില്ലായ്മ സാർവ്വത്രികമായി തീർന്നിട്ടുണ്ട്. ജോലിയില്ല, ജോലിയുള്ളവർക്കുതന്നെ ബോണസ്സില്ല, ജീവിതച്ചിലവിന്റെ വർദ്ധനവിനനുസരിച്ച് കൂലി കൂടുതൽ കിട്ടുന്നില്ല. എന്നിട്ടും നമ്മുടെ ധനകാര്യമന്ത്രി പറയുന്നുണ്ട് ഇയ്യാണ്ടിൽ തൊഴിലാളികളുടെ കാര്യം ഒരുവിധം തൃപ്തികരമായിരുന്നുവെന്ന്. സർ, ഇതു പുണ്ണിന്മേൽ കൊള്ളിവെയ്ക്കുന്ന ഒരേർപ്പാടാണ്. ഈ നാട്ടിലെ ൩൦-ൽപരം തൊഴിലാളിസംഘടനകളെ നിരോധിച്ചിട്ട്, തൊഴിലാളികളെ മുതലാളിമാരുടെ കയ്യിൽ എറിഞ്ഞുകൊടുത്തിട്ട്, ധനകാര്യമന്ത്രി പറയുകയാണ് തൊഴിലാളികളുടെ കാര്യം ഭദ്രമാണ്, അവർക്കു ക്ഷേമമാണ്, അവർക്കു സുഖവും സമാധാനവുമുണ്ട് എന്ന്. തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യസമരത്തിൽ അനിഷേദ്ധ്യമായ ഒരു പങ്കു വഹിച്ചിട്ടുള്ള ആലപ്പുഴയിലെ തൊഴിലാളികളുടെ സ്ഥിതി എന്താണെന്നു ഇന്നത്തെ മന്ത്രിസഭക്ക് അറിവുണ്ടോ എന്ന് ഞാൻ ചോദിക്കുന്നു. അവിടത്തെ തൊഴിലാളികൾക്ക് ൧൧൨൨-ശേഷം ഇതുവരെ ബോണസ് കിട്ടിയിട്ടില്ല. ഭയങ്കരമായ ദുരിതമാണ് അവിടത്തെ തൊഴിലാളികൾ ഇന്നനുഭവിച്ചുവരുന്നത്. കൊച്ചിയിലെ സീതാറാം, അഴകപ്പമിൽസ് തുടങ്ങിയ തൊഴിൽശാലകളിലെ തൊഴിലാളികളുടെ സ്ഥിതിയും ഇതുതന്നെയാണ്. ഇതിനേയാണ് സുഖവും, സമാധാനവും, ശാന്തിയുമെന്നു ധനകാര്യമന്ത്രി പറയുന്നതെങ്കിൽ അതിനെ ഒരു ശ്മശാനത്തിലെ ശാന്തി എന്നുവേണം പറയുവാൻ. അല്ലാതെ തൊഴിലാളികൾക്കോ ജനങ്ങൾക്കോ ഇവിടെ സുഖവും ക്ഷേമവും ശാന്തിയുമുണ്ടെന്നു പറഞ്ഞാൽ കാര്യവിവരമുള്ളവരാരും സമ്മതിക്കുകയില്ല. തൊഴിലാളികളുടെ സ്ഥിതി ഇതാണെങ്കിൽ കൃഷിക്കാരുടെ സ്ഥിതി ഒട്ടും മെച്ചമല്ല. അക്രമപാട്ടംകൊണ്ടും താങ്ങാൻവയ്യാത്ത കടംകൊണ്ടും അവർ ഇന്നു ഞെങ്ങി ഞെരുങ്ങുകയാണ്. അവരുടെ ദുരിതത്തിനു ഒരു പരിഹാരമുണ്ടാക്കുവാൻ ഈ ഗവർമ്മെണ്ടിനു യാതൊരു പദ്ധതിയുമില്ല. കൃഷിക്കാരുടെ രക്ഷക്കെന്ന പേരിൽ ഇവിടെ ഒരു ഭൂനയക്കമ്മിററിയെ ഏർപ്പെടുത്തുകയുണ്ടായി. പരമാർത്ഥം പറഞ്ഞാൽ ആ ഭൂനയകമ്മിററിയുടെ റിപ്പോർട്ട് ഈ നാട്ടിലെ കൃഷിക്കാരോടുള്ള ഒരു വെല്ലുവിളിയാണ്. ഇന്നത്തെ ഭൂവുടമസമ്പ്രദായത്തിൽ അണുവും വ്യത്യാസം വരുത്താത്ത ഒരു റിപ്പോർട്ടാണ് ആ കമ്മിററി പടച്ചുവച്ചിട്ടുള്ളത്. ഇരുപത്തയ്യായിരമോ മുപ്പതിനായിരമോ രൂപ അതിലേക്കുവേണ്ടി ചിലവാക്കിയിട്ടുണ്ടെന്നു അറിയുന്നു. ഈ നാട്ടിലെ ജനങ്ങളോട് ഇതിലും വലിയ ഒരു അവഹേളനം സാദ്ധ്യമാണോ എന്ന് ഞാൻ ചോദിക്കുന്നു. ഇനി ഈ നാട്ടിലെ സാധാരണക്കാരായ താഴ്ന്നതരം ശമ്പളക്കാരുടെ സ്ഥിതി എന്താണെന്നു ആലോചിക്കാം. അവരുടെ സ്ഥിതി വളരെ കഷ്ടമാണ്. സാധനങ്ങളുടെ വിലക്കൂടുതലിന്റെ തോതനുസരിച്ചു വരുമാനത്തിൽ വർദ്ധനവില്ലാത്തതുകൊണ്ട് അവർ ഇന്നു വളരെ കഷ്ടപ്പെടുകയാണ്.

[Sri. E. Gapalakrishna Menon]

അതിൽനിന്നും എങ്ങിനെയാണ് ഗവമ്മെണ്ട് അവരെ രക്ഷിക്കുവാൻപോകുന്നത്? ഇങ്ങനെ ഏതുവിഭാഗം ജനങ്ങളെ എടുത്തുനോക്കിയാലും അവർ ഇന്നു പലവിധത്തിലുള്ള ദുരിതങ്ങൾകൊണ്ട് ഞെങ്ങി ഞെരുങ്ങുകയാണ്. അവരുടെ മുമ്പിൽ ലാത്തിയും തോക്കും നീട്ടിയാണോ അവരെ രക്ഷിക്കാൻപോകുന്നതെന്നു ഞാൻ ചോദിക്കുന്നു. കമ്മ്യൂണിസ്ററ് പാർട്ടിയെ ഒരു കൊല്ലത്തിനുമുമ്പ് ഗവമ്മെണ്ട് നിരോധിക്കുകയുണ്ടായി. അതുപോലെതന്നെ എത്രയോ ട്രേഡ് യൂണിയനുകളേയും വിദ്യാർത്ഥിസംഘടനയേയും ഗവമ്മെണ്ട് നിരോധിച്ചു. എന്നിട്ട് കമ്യൂണിസ്ററപാർട്ടി ഒരു അക്രമപാർട്ടിയാണെന്നു ഗവമ്മെണ്ട് നാടുനീളെ പ്രചരണംനടത്തി. എന്നാൽ ഈ പ്രചരണങ്ങൾകൊണ്ടൊന്നും വഴിതെററിപ്പോകുന്നവരല്ല ഈ നാട്ടിലെ ജനങ്ങളെന്നു ഗവമ്മെണ്ട് മനസ്സിലാക്കിയാൽ കൊള്ളാമെന്നു ഞാൻ അവരോട് അപേക്ഷിക്കുന്നു. ഈ നാട്ടിലെ ജനങ്ങൾതന്നെ തീരുമാനിക്കട്ടെ കമ്മ്യൂണിസ്ററപാർട്ടി അക്രമപാർട്ടിയാണൊ എന്ന്. ഈ നിയമസഭ പരിച്ചുവിട്ടിട്ട് ഈ പ്രശ്നത്തിന്റെ പേരിൽ ഇന്നത്തെ ഭരണാധികാരികളോട് ഒരു പുതിയ തിരഞ്ഞെടുപ്പിന് നില്ക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. ഏതുപാർട്ടിയാണ് അക്രമപാർട്ടിയെന്ന് അപ്പോൾ ജനങ്ങൾ മനസ്സിലാക്കിത്തരും.

ഇക്കഴിഞ്ഞ ഒരു കൊല്ലത്തിനിടയ്ക്ക് ഈ രാജ്യത്ത് എന്തെല്ലാമാണു നടന്നിട്ടുള്ളതെന്ന് ഈ സഭയിലെബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. നിയമത്തിന്റേയും സമാധാനത്തിന്റേയും പേരിൽ ഇവിടെ പലതും നടന്നിട്ടുണ്ട്. നിയമത്തിന്റേയും സമാധാനത്തിന്റേയും കാര്യം പ്രത്യേകംഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്യോഗം സ്വീകരിച്ച അവസരത്തിൽ പറയുകയുണ്ടായി, നിയമസമാധാനങ്ങൾ പാലിക്കുന്ന കാര്യത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമെന്ന്. എന്നാൽ അതോടൊപ്പംതന്നെ രാജ്യത്തിന്റെ ആഭ്യന്തര സുസ്ഥിതിക്കു വേണ്ടി പോലീസിന്റെ ശക്തിവദ്ധിപ്പിക്കുന്നതിനു ബഡ്ജററിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ളതായും കാണുന്നു. പോലീസുകാക്കു ശമ്പളം കൂട്ടിക്കൊടുക്കണമെന്നാണെങ്കിൽ ഞാൻ അതിനെ ശക്തിയായി പിന്താങ്ങുന്നു. ൨൭-ം, ൩൦-ംരൂപ ശമ്പളം കിട്ടുന്ന ഈ നാട്ടിലെ പോലീസുകാർ വളരെ ഞെങ്ങി ഞെരുങ്ങിയാണ് കഴിഞ്ഞുപോരുന്നത്. എന്നാൽ അവക്കു ശമ്പളം കൂട്ടിക്കൊടുക്കുകയല്ല ഗവമ്മെണ്ടിന്റെ ഉദ്ദേശം. നിയമസമാധാനങ്ങളുടെ പേരിൽ നാട്ടുകാക്കെതിരായി യുദ്ധം പ്രഖ്യാപിക്കുന്ന ഒരു നയമാണ് ഇവിടത്തെ ഗവമ്മെണ്ടു സ്വീകരിച്ചിരിക്കുന്നത്. അതു മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കൊല്ലത്തെ ചരിത്രം ഒന്നു പരിശോധിച്ചാൽ മതി. ഈ കാൺഗ്രസ് സക്കാർ നിയമസമാധാന പ്രവത്തനങ്ങളുടെ മറപിടിച്ചുകൊണ്ട് കഴിഞ്ഞ ഒരു കൊല്ലത്തിനിടക്കു വളരെയധികം മർദ്ദനപ്രവത്തനങ്ങൾ ഈ രാജ്യത്തു നടത്തിയിട്ടുണ്ടെന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. എന്നെ അറസ്റ്റുചെയ്തതിനെത്തുടന്നു ലാക്കപ്പിലിട്ടു മൂന്നുദിവസം തുടച്ചയായി മർദ്ദിക്കുകയുണ്ടായി. ശിക്ഷിക്കപ്പെട്ട ദിവസംപോലും സ്പെഷ്യൽ ബ്രാഞ്ചുകാർ എന്നു പറയപ്പെടുന്ന ഒരു സംഘം പോലീസുകാർ ലാക്കപ്പിൽ തള്ളിക്കയറി ഇടിക്കുട്ടംകൊണ്ട് ബോധം കെടുന്നതുവരെ എന്നെ മർദ്ദിക്കുകയുണ്ടായി. എന്നെ മർദ്ദിച്ചതിൽ എനിക്കു സങ്കടമില്ല. എന്നാൽ അതിലും എത്രയോ ദാരുണമായ പലതിനും എനിക്ക് സാക്ഷ്യം വഹിക്കേണ്ടിവന്നിട്ടുണ്ട്. ഇരിങ്ങാലക്കുടയിലേയും കൊടുങ്ങല്ലൂരിലേയും എത്രയോ തൊഴിലാളികളെ സ്ത്രീ പുരുഷഭേദമെന്യേ നിർദ്ദയം

മർദ്ദിക്കുകയുണ്ടായി. അടിച്ചുടിച്ച് ബോധം കെടുത്തുക, ബോധംവന്നതിനു ശേഷം വീണ്ടും അടിക്കുക ഇതു ഒരു സാധാരണ ഏർപ്പാടായിരുന്നു. എൻെറ ഒരു സഹപ്രവർത്തകൻ തൃശ്ശൂർ സെൻട്രൽ ജയിലിലുണ്ട്. മർദ്ദനമേററ മൂന്നുമാസം അദ്ദേഹം ആശുപത്രി ചികിത്സയിലായിരുന്നു. ഇപ്പോൾ അദ്ദേഹത്തിൻെറ കാലിൻെറ ഒരു കഷണം എല്ല് എടുത്തുകളഞ്ഞിരിക്കുന്നു. ഇനിയും ഒടിഞ്ഞ എല്ലുകൾ അദ്ദേഹത്തിൻെറ കാലിൽ ഉണ്ടായിരിക്കാമെന്നു ഡാക്ടർ നാരായണ മേനോൻ പറയുകയുണ്ടായി. ഇങ്ങനെയാണ് നിയമസമാധാനം പാലിക്കുന്നത്. ചോരയും നീരുമുള്ള പത്തു ചെറുപ്പക്കാരെ കോൺഗ്രസ്സിൻെറ പോലീസ് ലോക്കപ്പിലിട്ടു അടിച്ചുകൊന്നിട്ടുണ്ട്. ഇതെല്ലാം കഴിഞ്ഞിട്ടും രക്തസമ്മർദ്ദംകൊണ്ടും, മഞ്ഞപ്പിത്തംകൊണ്ടും പുഴക്കടികൊണ്ടും ആണ് അവർ മരണമടഞ്ഞതെന്ന് അഹിംസയുടേയും അക്രമരാഹിത്യത്തിൻേറയും പ്രവാചകന്മാരായ കോൺഗ്രസ് സ്നേഹിതന്മാർ പ്രസംഗിച്ചുനടക്കുകയാണ്. ഇതൊന്നും കേട്ടാൽ വിശ്വസിക്കുന്നവരല്ല ഇന്നാട്ടിലെ ആളുകളെന്നു അവർ മനസ്സിലാക്കേണ്ടതാണ്. ഈ നാട്ടിലെ ജനങ്ങളുടെ പ്രതിഷേധത്തിൻെറ ശബ്ദം ഇന്നു സർവ്വത്ര ഉയർന്നു പൊങ്ങാൻ തുടങ്ങിയിരിക്കുന്നു. ഈ രാജ്യത്തെ ലാക്കപ്പുകളിലെ കല്ലിനും മണ്ണിനും സംസാരിക്കുവാൻ സാധിക്കുമെങ്കിൽ മർദ്ദനത്തിൻേറയും, പീഡനത്തിൻേറയും, ദുരിതത്തിൻേറയും, കണ്ണീരിൻേറയും എത്രയോ കഥകൾ അവയ്ക്കു പറയുവാനുണ്ടാകും. ഈയവസരത്തിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ സംസ്കാരത്തിൻെറ മുമ്പിൽ, മനസ്സാക്ഷിയുടെ മുമ്പിൽ, മനുഷ്യത്വത്തിൻെറ മുമ്പിൽ ഞാൻ ഒരു അഭ്യർത്ഥന നടത്തുന്നു. പുരുഷന്മാരേയും സ്ത്രീകളേയും, അമ്മയേയും മകനേയും നഗ്നമാക്കി നിറുത്തിക്കൊണ്ട് അവരുടെ ഗുഹ്യസ്ഥാനത്തു പരസ്പരം മുഖംകൊണ്ടു സ്പർശിക്കുവാൻ നിർബന്ധിച്ച ദാരുണ രംഗങ്ങൾ എറണാകുളത്തേയും ഇരിഞ്ഞാലക്കുടയിലേയും ലോക്കപ്പുകളിൽ നടന്നതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്.

മിസ്റ്റർ സ്പീക്കർ: ബഡ്ജററിൻെറ വാദപ്രതിവാദവുമായി ബന്ധമില്ലാത്തതും അതിനു അനുയോജ്യമല്ലാത്തതുമായ പ്രസ്താവനകൾ തുടരാൻ അനുവദിക്കുന്നതല്ല. പ്രസ്താവനകളിൽ അടങ്ങിയ സംഗതികൾ പരമാർത്ഥങ്ങളായിരുന്നാൽ തന്നെയും ബഡ്ജററിൻെറ പൊതുവിമർശനവേളയിൽ അവ സംഗതമല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഗവൺമെണ്ടിൻെറ നയത്തെ സംബന്ധിച്ചും നിയമസമാധാനപരിപാലന സമ്പ്രദായത്തെക്കുറിച്ചും പറയുന്നതു സംഗതമായിരിക്കുമെന്നു കരുതി പറഞ്ഞതാണ്.

മിസ്റ്റർ സ്പീക്കർ: ആ സംഗതികളെ സ്പർശിച്ചു പൊതുവെ സംസാരിക്കുന്നതിൽ തരക്കേടില്ല. എന്നാൽ അവയുടെ വിശദാംശങ്ങളിലേക്ക് കടക്കുന്നതു് ഈയവസരത്തിൽ ശരിയല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഞാൻ ആ ഭാഗം അവസാനിപ്പിക്കുന്നു. ഇങ്ങിനെ ഈ നാട്ടിൽ ക്രമസമാധാനങ്ങളുടെ പേരിൽ കഴിഞ്ഞ ഒരു കൊല്ലക്കാലത്തു ഭയങ്കരമായ പലതും നടന്നിട്ടുണ്ട്. മറെറാന്നുമില്ലെങ്കിൽ തന്നെയും ഈ രാജ്യത്തു ഒരുവനു സൈ്വരമായി ഒരു സ്ഥലത്തു കഴിഞ്ഞുകൂടുവാൻപോലും കഴിയുന്നില്ലല്ലോ എന്നുള്ള പരിതാപകരമായ ഒരവസ്ഥയിലേക്കാണ് ജനങ്ങൾ എത്തിയിരിക്കുന്നതു്. ഇപ്പോൾ കൊച്ചിക്കാരും തിരുവിതാംകൂറുകാരും ചേരിതിരിഞ്ഞുനിന്നു ഏതിനോക്കെ വേണ്ടി കലഹിച്ചുകൊണ്ടിരിക്കയാണ്. കൊച്ചിയിലെ കാൺഗ്രസ് മെമ്പറന്മാർ തങ്ങളുടെ ഒരു പ്രതിനിധി മന്ത്രിസഭയിൽ

[Sri. E. Gopalakrishna Menon]

ഉണ്ടായിരിക്കണമെന്നു് വാദിക്കുന്നതായി കേട്ടു. അതു് ഒരു സങ്കുചിത മനോഭാവമാണെന്നു പറഞ്ഞു അതിനെ എതിർക്കുന്ന ഒരു വിഭാഗക്കാരും ഇതിനകത്തുണ്ടു്. ഇതിലൊന്നും വലിയ അർത്ഥമുള്ളതായി ഞാൻ കാണുന്നില്ല. എങ്കിലും തിരുവിതാംകൂറും കൊച്ചിയും വളരെക്കാലമായി രണ്ടു വ്യത്യസ്തരാജ്യങ്ങളായി നിലനിന്ന ഒരു പാരമ്പര്യമുണ്ടു്. പ്രത്യേകം പ്രത്യേകം തീരുമാനിക്കേണ്ടതായ പല പ്രശ്നങ്ങളും ഇന്നും നിലവിലുണ്ടു്. ആ സ്ഥിതിക്കു് കൊച്ചിയെ പ്രതിനിധീകരിക്കുന്ന ഒരു മന്ത്രി മന്ത്രിസഭയിൽ വേണമെന്നു് ഒരു കൂട്ടർ പറയുന്നുണ്ടെങ്കിൽ അതു തെററാണെന്നു് ഞാൻ കരുതുന്നില്ല. എന്നാൽ എന്റെ കൊച്ചി സുഹൃത്തുക്കൾ കൊച്ചിക്കാരുടെ നന്മക്കുവേണ്ടിയാണോ, ഇങ്ങനെ ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി വാദിക്കുന്നതെന്നു എനിക്കു വളരെ സംശയമുണ്ടു്. രാജ്യത്തെ ജനങ്ങളെ സാരമായി സ്പർശിക്കുന്ന പ്രധാനപ്പെട്ട പലപ്രശ്നങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ടു്. ഭൂനയപ്രശ്നം, ലെവിസിസ്റ്റം, പൌരസ്വാതന്ത്ര്യമർദ്ദനം ഇങ്ങനെ പല പല പ്രശ്നങ്ങൾ ഇവിടെ ഉണ്ടു്. അതിനൊന്നിനും ഒച്ചപ്പാടുണ്ടാക്കാനോ രാജിവെക്കാനോ പ്രതിഷേധം പുറപ്പെടുവിക്കാനോ തയ്യാറാകാത്ത എന്റെ കൊച്ചിയിലെ കാൺഗ്രസ് സ്നേഹിതന്മാർ ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി ഇപ്പോൾ രാജിവയ്ക്കാൻ തയ്യാറായിരിക്കുന്നതുകണ്ടാൽ ഇതിൽ എന്തോ കള്ളമുണ്ടെന്നു എന്നെപ്പോലുള്ളവർക്കു് മനസ്സിലാക്കാൻ വിഷമമില്ല. മുൻമന്ത്രിസഭയിലെ ഒരു അംഗമായിരുന്ന ശ്രീ. ജാൺഫിലിപ്പോസിനെപ്പററി മിസ്. മസ്ക്രീൻ ഗൌരവാവഹമായ ചില ആരോപണങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്. അതിനെപ്പററി നാട്ടുകാരുടെയിടയിൽ വളരെ ഉൽക്കണ്ഠയുണ്ടു്. ഇങ്ങനെയുള്ള പ്രധാന പ്രശ്നങ്ങളിൽനിന്നും ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു വഴിതെററിക്കാൻ വേണ്ടി ആലോചിച്ചുറച്ചു് കൊണ്ടുവന്നിരിക്കുന്ന ഒരു തന്ത്രമാണു് ഇതെന്നാണു് നാട്ടുകാർ മനസ്സിലാക്കുന്നതു്. ഞാൻ അവസാനമായി വീണ്ടും പറയുന്നു, ഈ മന്ത്രിസഭയിൽ ജനങ്ങൾക്കു് അശേഷം വിശ്വാസമില്ലെന്നു്. ഇവിടത്തെ ജനങ്ങളെ ഭരിക്കുവാൻ ഈ ഗവമെന്റിനു ഒരു നിമിഷംപോലും അവകാശമില്ല. പൊതുജനാഭിപ്രായമാകുന്ന വിശാലമായ കോടതിയുടെ മുമ്പിൽ കാൺഗ്രസ്സു് സക്കാർ ഇന്നു പ്രതിക്കൂട്ടിൽ നില്ക്കുകയാണെന്നു അവർ മനസ്സിലാക്കട്ടെ. ജനാധിപത്യ സിദ്ധാന്തങ്ങളോടു അല്പമെങ്കിലും ബഹുമാനമുണ്ടെങ്കിൽ, ഈ മന്ത്രിസഭക്കു് ലേശമെങ്കിലും ലജ്ജയുണ്ടെങ്കിൽ,...............

Mr. Speaker: The member will withdraw that expression, that is, "ലജ്ജയുണ്ടെങ്കിൽ"

Sri. E. Gopalakrishna Menon: I withdraw that word. ജനാധിപത്യതത്വങ്ങളോടു അല്പമെങ്കിലും ആദരവുണ്ടെങ്കിൽ ഈ മന്ത്രിസഭ ഉടനെ രാജിവച്ചിട്ടു ഒരു പുതിയ തെരഞ്ഞെടുപ്പിനു നിൽക്കുവാൻ ഞാൻ അവരെ വെല്ലുവിളിക്കുന്നു.

ஸ்ரீ. கெ. ராமகிருஷ்ண ஆசாரி: ஸர், தர்ம நாட்டை கற்பனையில் கொண்டு வினையாற்றிய அண்ணல் காந்தி மகானால் போற்றி பேணிவளர்த்த காங்கிரஸ் மகா சபையின் தேர்தல் காலத்தில் வீடில்லாதவர்களுக்கு

வீடு, உணவு இல்லாதவர்களுக்கு உணவு, உடை இல்லாதவர்களுக்கு உடை, பூமி இல்லாதவர்களுக்கு பூமி என்றெல்லாம் பறைசாற்றி வந்த மக்கள் சர்க்காரின் நிதி மந்திரியவர்கள் அவர்களது மூன்றாவது வருட பட்ஜெட்டை இந்த சபையின் அங்கீகாரத்திற்காக வெளிப்படுத்தியுள்ளார்கள். ஆனால் இந்த வரவு செலவு திட்டம் சாதாரண மக்களுக்குள்ளதா அல்லது பணக்காரர்களுக்குள்ளதா, என்பதுதான் நமது முன்னிலையிலிருக்கும் பிரச்னை. ஆனால் இதைப்பற்றி ஒன்றும் சொல்வதற்கில்லை. இதற்கு முன் மேன்மை தங்கிய ராஜப் பிரமுக் அவர்கள் அட்ரஸ்க்கு திருத்தங்கள் வந்த சமயத்தில் கவர்ன்மென்ட் பெஞ்சில் இருந்து பதில் சொல்லும் பொழுது அன்று, கல்வி மந்திரியாயிருந்த கனம் பனம்பிள்ளி கோவிந்த மேனன் அவர்கள், இதுகளெல்லாம் ஒரு சடங்கு என்று சொன்னார்கள். அதுபோல் இந்த பட்ஜெட்டை இந்த சபையின் அங்கீகாரத்திற்காக கொண்டுவந்திருக்கிறதும் ஒரு சடங்கு என்றே சொல்லவேண்டும். ஆனால் இந்த பட்ஜெட் ஒரு கம்மி பட்ஜெட்டாக இருந்தாலும், பாவப்பட்ட தொழிலாளி, விவசாயி மக்களுக்குச் செய்யவேண்டிய நன்மையான காரியங்களை செய்து கொடுக்காமல் வருடக் கடைசியில் நமது நிதி மந்திரி எவ்வளவு வேண்டுமானாலும் மிச்சம் வைத்துவிடுவார். அது மிச்ச பட்ஜெட்டாகியும் விடும். அல்லாது சாதாரண மக்களது வாழ்க்கைக்கோ அல்லது நேர்மையையும் நீதியையும் நிலைநாட்டுவதற்கோ அல்லவென்பதை இந்த சபையில் சொல்லிக்கொள்கிறேன். ஏழைத் தொழிலாளி விவசாயிகளது கஷ்டங்களை உணராது, அவர்களுக்கு ஒருவித நன்மையும் செய்துகொடுக்க இந்த சர்க்கார் முன்வராததால், இந்த சர்க்கார் மீது பொது ஜனங்களுக்கு வெறுப்பு தோன்றியது என்பதை நிரூபித்துக் காட்டினார்கள். இவர்கள் நாட்டிலிருந்து தரித்திரத்தைப் போக்க முயற்சிக்கவில்லை. அதற்குப் பதிலாக, தரித்திரர்களை நாட்டிலிருந்து ஓட்டப் பார்க்கிறார்கள். இதன் பலன் வரப்போகும்பொதுத் தேர்தலில் கண்டுகொள்ளலாம். அதன் முன்னடியாக சர்க்காரின் எதிர் கட்சியிலும் சிறிய கட்சியாக ஆரம்பித்த நாங்கள் இன்று நடந்த இடைத் தேர்தல்களில் அரசாளும் கட்சியை மண்ணைக் கப்பச் செய்து காட்டினதுமல்லாமல் இன்றைய எதிர் கட்சிகளில் பெரும் கட்சியாக வளர்ந்து வருகிறோம். ஸர், மேலும் நாஞ்சில் நாட்டின் விளைவால் வயிறு பேணும் இச்சர்க்கார் மக்களை வாட்டுகிறது. ஏராளமான நெல்லை கொண்டுவருவதற்குப் பதிலாக என்ன நன்மையைச் செய்தார்கள். பெரும் துரோகம் செய்தார்கள். தொழில்கள் நாடெங்கும் வியாபித்து இருக்கும் இந்த சமயத்தில் பெரும்பாலும் தமிழர்கள் வசிக்கும் தெக்கன் திருவிதாங்கூரிலிருக்கும் தொழிற்சாலையை, அதாவது குளச்சலுக்கு அருகாமையில் இருக்கும் மணவாளக்குறிச்சியிலுள்ள மணல் கம்பெனியில், வேலை நிறுத்தம் செய்தார்கள். இதனால், சுமார் பதினாயிரம் குடும்பங்கள் இன்று தொழிலில்லாமல் வாடுகிறது. இந்த நகரை ஒரு தொழில் நகரமாக்குவதற்குப் பதிலாக அழிவு வேலையில் முனைந்துவிட்டார்கள். இதோடுள்ள கம்பெனி சவறையில் நடக்கிறது. அடுத்தபடி

[Sri K. Ramakrishnan Achari]

யாக, தக்கலையில் இருக்கும் "சுகர்" பாக்டரியை மூடச்செய்து அதிலும் சுமார் ஐநூறு குடும்பங்கள் பட்டினியால் வாடுகிறது. இதோடும் நின்றுவிடவில்லை. நாகர்கோவிலில் இருக்கும் டிஸ்டிலரிக்கும் நெருக்கடி விரைந்து வந்துகொண்டிருக்கிறது. இந்த டிஸ்டிலரியை திருவல்லாவுக்கு கொண்டுபோகப் போவதாக, நம்பத் தகுந்த வட்டாரங்களிலிருந்து செய்திகள் வந்துகொண்டிருக்கிறது. சர், கட்டாயக் கல்வியைப் பற்றி இரண்டொரு வார்த்தைகள் சொல்ல ஆசைப்படுகிறேன். இந்தத் திட்டம் என்ன நோக்கத்தோடு ஆரம்பிக்கப்பட்டதோ அந்த முறையில் நடந்துவருகிறதா என்று இந்த சர்க்காரை கேட்கிறேன். பள்ளிக்கு அனுப்பாத மாணவர்களின் கார்டியன்கள் பேரில் இதுவரையிலும் ஏதாவது ஒரு நடவடிக்கை எடுத்ததுண்டா? அதோடு ஷிப்டு முறையில் படிக்க மாணவன் கதி என்ன தெரியுமா. முன்னுள்ள மூன்றாவது வகுப்பு மாணவனுக்குள்ள ஸ்டான்டேர்டு இப்போதுள்ள ஐந்தாவது வகுப்பு மாணவனுக்கு இல்லை. இது தமிழ்ப் பிரதேசத்தில் வியாபித்திருப்பதால் எப்படியும் கெட்டுப்போகட்டுமென்று இச்சர்க்கார் இருக்கிறார்கள். மேலும் தமிழர்களை கெட வேண்டுமென்று எண்ணி நன்மை செய்வதுபோல் பாவித்து செங்கோட்டையிலும் சிற்றாரிலும் கொண்டு போகிறார்கள். போகட்டும். ஆனால் இது நல்ல முறையில் நடைபெறவேண்டுமானால் ஷிப்டு முறையை மாற்றவோ அல்லது கூடுதல் ஆசிரியரை நியமித்து அவர்களுக்கு வேலைகொடுப்பதோ உதவியாகஇருக்கும். இந்த வருடமே சம்பள உயர்வு வருமென்று எதிர்பார்த்து இருந்தார்கள். கிடைத்தபாடில்லை. மேலானாவது அவர்களுக்கு கொச்சி ஆரம்ப ஆசிரியர்களை போலவோ அதற்குகூடுதலாகவோ ஒரு சம்பள பரிஷ்காரம் செய்து அவர்களை ஊக்கப்படுத்தினால் நமது நோக்கம் கைகூடும். நன்மை அடையலாம். சர், இந்த வர்க்கிய சர்க்காருக்கு ஒன்று சொல்லவேண்டியிருக்கிறது. பெரும்பாலும் அதிக தொழிலாளிகளைக் கொண்ட விஸ்வகர்மா சமூகம் இன்று பின்னோக்க சமுதாயத்தை விட பன்மடங்கு பின்னோக்கமாக இருந்துவருகிறதென்பது உண்மை. சமீபகாலத்திலும் அதற்கு முன்னடியாகவும் இரண்டு மூன்று தடவையாக இச்சமுதாயத்தின் பிரதிநிதிகள் சேர்ந்து இன்றைய இச்சமுதாய நிலையையும், அதன் முன்னேற்றத்திற்கு சர்க்கார் செய்யவேண்டிய உதவியையும் பல முறை தெரிவித்தும் அதற்கொன்றும் இச்சர்க்கார் செவி சாய்க்கவில்லை. சமீபத்தில் முன் முக்கிய மந்திரியாக இருந்த ஸ்ரீ. டி. கெ. நாராயணபிள்ளை அவர்களிடம் இச்சமுதாயம் கல்வித் துறையிலும் பொருளாதாரத்திலும் தொழிலிலும் இருக்கிற நிலைக்கு ஒரு சர்வே நடத்தவேண்டுமென்றும் முதலில் கல்வி அபிவிருத்திக்காக விஸ்வகர்ம சமுதாய மாணவர்களுக்குப் பள்ளிக்கூடங்களிலும் காலேஜ்களிலும் முழுவன் ஃபீஸும் குறைவு செய்து தரவேண்டுமென்று கேட்டதற்குப் பதிலாக சென்ற டிசம்பர் மாதத்தில் கெஜட்டில் பிரசுரம் செய்தது என்னவென்றால் இந்த வகுப்பாருக்கு ஃபீஸ் குறைவே இல்லை என்று. சர், வரப்பு உயர நீர் உயரும், நீர் உயர நெல் உயரும், நெல் உயர குடி உயரும். குடி உயர கோன் உயரும் என்றார் ஒரு பெரியார். அதுபோல் இந்த சுதந்திர நாட்டிலுள்ள தொழிலாளி வர்க்கங்கள் படும் கஷ்டங்கள் தீர்ந்து எவ்வளவு உயர்ந்த நிலையை அடைவார்களோ அதுபோல் இந்த அரசாங்கமும் உயர் நிலையை அடையும் அல்லாது நிலைத்து

வாழாது. இவ்வளவு தீமைகள் செய்ததற்காக இந்த சர்க்காருக்கு நன்றி சொல்லிக்கொண்டு நிறுத்திக்கொள்கிறேன்.

Sri. A. P. Udayabhanu: Sir, I have been listening to a variety of speeches that have gone under the name of Budget discussion. Naturally those speeches show the various tastes of the members who have spoken on the floor of the House. The discussion has ranged from the surplus in the Central Budget to many things which have happened in and around here. One hon'ble Member was complaining that the Central Budget showing a surplus was not in keeping with the professions of the Congress that is at the helm of affairs. While another hon'ble Member was angry at the prospects of introducing artificial insemination for cows.

Sri. K. Balakrishna Menon: I think these references are about me. But I may tell the member that I have not said so.

Sri. A. P. Udayabhanu: I thank the member for that information. Anyway he was referring to the surplus budget and our budget is not a surplus one.

Then the discussion went on another direction. Old Scores were paid by some members. They took this as an occasion for reeking their vengeance. My submission is that, in the speeches about the budget, one thing is very patent. Most of the members who were contributing to the discussion were not constructive in their criticism. Their object ought to have been to see how this budget could be mended or bettered and how it could be conceived so as to make this a welfare State. There was no positive suggestion in that line from those who criticised the budget. But there were destructive criticisms very often without any bearing on the Budget. The speakers indulged in invectives. Some hon'ble friends have found mistakes in the forecastes of the budget. Some have pointed out even mathematical mistakes. But on the whole very little discussion centred around the Budget as such. There was no alternatives offered by the gentlemen who criticised the Budget. After all, at this stage when the Budget is criticised, it is the general election that is looming large before the opposition members. In criticising the Budget, the opposition stressed the point that the Congress as such is not fit to be entrusted with the destiny of this State. But I ask, should they not themselves be fit to take up such responsibility. Should they not show themselves to be fit by pointing out something positive in that line. My submission is that the destiny of a nation cannot be built upon negative attitudes, on abuses, or on invectives. There must be something positive. Such criticisms were never offered on the floor of the House as far as I can recollect. We expected some constructive suggestion from the opposition during the course of the day's discussion but in vain. Evidently it may be coming in the next few days. But nothing positive has happened so far.

Sir, when this Budget is taken into consideration we have to consider the particular set up under which this Budget has been introduced. The Congress Government cannot be blamed for the particular set-up in which this country is placed. I say, Congress cannot be blamed for the world set-up in which India is placed. The Congress cannot be made responsible for conditions existing in the world today. There is world tension; there is the talk and the open preparation for a Third World War. Every country is stock-piling essential goods and war materials for the coming war. There is inflation. There is scarcity of commodities. I do not think any fair minded man can point his acusing finger at the Congress for such a state of affairs. There is world shortage of rice. It is not a story that in connected by the Congress. That fact has been announced by the E. C. A. F. E. authorities at Lahore some time last month. The World is facing rice shortage. I do not know how the Congress can be held responsible for that. Then there is shortage of textiles. For that also, can the Congress be blamed. We have to consider all these. There has been dearth of cotton. For dearth of cotton, how can Congress be blamed?

ADJOURNMENT MOTION REGARDING SCARCITY OF YARN

Mr. Speaker: Order. Order. Now the Adjournment Motion moved by Mr. Nataraja Pillai will be taken up for discussion. This is the motion.

"I move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, *viz.*, the serious situation of the handloom industry caused by the scarcity of yarn and the method of its distribution."

Two other members Mr. P. Kunjukrishnan and Mr. K. K. Chellappan Pillai have also sent up adjournment motions almost of a similar nature. So, those hon'ble Members can also speak on Mr. Nataraja Pillai's motion.

Sri. P. S. Nataraja Pillai: Sir, I move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, *viz.*, the serious situation of the handloom industry caused by the scarcity of yarn and the method of its distribution.

Mr. Speaker: I hear that the information on the subject which the Member wanted has been supplied to him.

Sri. P. S. Nataraja Pillai: Unofficially the Member in charge was kind enough to give some figures to me. But my short notice question was not answered.

Mr. Speaker: The Member in charge has definitely informed me that the information asked for by the member will be supplied before the motion is taken up for discussion.

Sri. P. S. Nataraja Pillai: As already stated by me I am in possession of some information supplied by the Minister in charge.

Sir, it is a generally admitted fact that there is scarcity of yarn and the price of handloom products has gone up very high. I don't think that position will be seriously contested by any one in this House. Even the hon. Gentlemen who support the Government will find it hard to deny these facts, that is, scarcity of yarn, unemployment among weavers and the high and abnormal prices of handloom products. The situation is this. Having that situation before us, I would beg leave of this House to go back and view the conditions we were in just prior to this scarcity. Sir, the control of cotton textiles was enforced by the Government of India somewhere during 1945. In 1945 when control was introduced by the Government of India, certainly, our State had also to fall in line and the existing looms were estimated at that time by the Fact Finding Committee as 47,505 looms working in 1945. Then for the benefit of the weavers looms were re-enumerated in 1947 and cards were issued by the Textile Commissioner for 65,000 and odd loom owners. Out of that 65,000 looms forty per cent were working under co-operative societies and others as individual concerns, and a basic quota of 1,600 bales for Travancore and 300 bales for Cochin was fixed by the Government of India. These figures were arrived at on the basis that out of 10 yards of cloth per head of population undertaken to be supplied by the Government of India 4·2 per cent will be in yarn and rest in cloth. For that it was found necessary to fix up a quota of 1,600 bales for Travancoae and 300 for Cochin, and thus Travancore and Cochin got together 1,900 bales per month. Sir, I need not go into the importance of handloom industry, the number of persons and families sustained by that industry. I leave it apart. In this connection I would state it was computed by one of the most efficient Co-operative Registrar, Mr. Madhava Kurup who took much interest in the working of the Industry, that if all the weavers in the country were employed full time they will be able to make 84·71 lakhs of yarn and that would achieve self-sufficiency as far as this particular commodity is concerned, if

the Government and the people are able to get sufficient quantity of yarn for manufacturing handloom cloth. That is the kind of arrangement under which we were in 1948. I would refer in this connection to another aspect.

Travancore is a State which has some spinning mills. It is also a State where handloom industry is one of the most important cottage industries second, I think, only to coir industry. In Travancore, we have four mills now functioning, namely, the Alagappa Mills which produce 800 bales according to their spindle capacity, the Vijaya Mohini Mills which produces 350 to 400 bales, the Balarama Varma Textiles which produces 250 to 300 bales and the Mahalekshmi Mills, Cochin, which produces 100 to 150 bales. Another Spinning Mill has been installed with the name the Asoka Mills. Thus we are producing yarn here and we have a number of people making these yarns into cloths. That is the condition as it exists today. From 1945 to 1948 we were importing yarn and controlling the yarn produced in the State and distributing it to weavers. It was distributed under the authority of the Textile Commissioner. He had a non-official agency in the form of a Committee in all the taluks to do this work of distribution. That was the condition in 1949. In 1949, because of the prohibition in the export of textiles and yarn from India there was a period of slump. We had too much of yarn in the country which resulted in the reduction of the price of yarn. I remember, when my friend Mr. E. K. Madhavan was in charge of this branch of Government he came before the Government for a supplementary grant. At that time the Government did not think it worthwhile to import the quantity of yarn allotted to us by the Textile Commissioner of India because of the difference in the price existing then and the future months. In spite of my efforts to bring to the notice of the then Minister that unless steps were taken immediately, we would have to face a difficult situation and if we did not take the allotted quantity then it would stand in the way of the State getting the full quota, the Government did not pay any heed to my warning. But some how or other though assurances were given, during that slump period we did not take that allotted quota. Then our Government thought that they would de-control along with the Government of India and the right of sale was given to the Mills, and the basis of distribution was left indefinite. The Mills distributed their yarn at their own discretion. That brought about a variation in the price level. When re-control was enforced by the Government of India they had fixed the price level for ex-Mill and for consumers' price. Today the Vijaya Mohini Mills is allowed to distribute their own production with a 10½ per cent more than ex-mill rates fixed by the Government of India. In all the other mills they have allowed ex-mill rates plus 6½ per cent. That is how the price differs. At the present moment, Government have appointed 9 importers to take delivery of the quantity that is allotted by the Government of India and they are asked to distribute at the rate of 6 per cent Commission over ex-mill rates. The present situation arose on account of the scarcity of yarn. The control price of yarn for 20 counts is Rs. 17—4—0 while the black market price till the last week was Rs. 61 to 62. For 60 counts, the control rate is Rs. 61 and the black-market rate is Rs. 110. In spite of the distribution being handed over to the Spinning Mills this is the rate at which yarn is sold so far as I could gather.

(At this stage Mr. Speaker vacated the chair, which was then occupied by Mr. Deputy Speaker.)

In January 1951, the number of bales distributed was only 508. This figure I took from page 27 of the February issue of Travancore-Cochin Information: Today, I have information from Government that 946 bales were taken delivery by the Department and distributed. Whatever it may be, in the February issue of the

[Sri. P. S. Nataraja Pillai]

Travancore Cochin Information, the Government have published that the bales available with them for distribution was only 508. Today the figure is given as 946. How that disparity has come in? I am not in a position to know. Perhaps the official member may explain that. But even if it is taken that this 508 bales are imported bales and it does not include the local production how can we accept the new figure 946. According to the statement published by the Government, nearly 600 bales are available as local quota from the existing mills. Then the figure must be 1108. The figure now given is only 946. In the same way, for February also, 471 bales have been imported from outside. Of the quantity that was made available from the local mills I am not aware. Somehow or other we are not getting even the allotted quota for distribution. The difficulty arose, because the Government did not take early steps to secure the quota which they are entitled to get.

I would like to know the time allowed for my speech. Being an adjournment motion, I will have to bring the whole situation to the notice of this House. There is 20 minutes in the Standing Order.

Mr. Dy. Speaker: Only 15 minutes are available. The hon'ble member has already taken 20 minutes.

Sri. P. S. Nataraja Pillai: I have explained only the conditions in which the Industry is at present. I have to explain how the people are working the industry and some suggestions on it. I shall try to close my speech in a few minutes.

Mr. Dy. Speaker: The Member is given five minutes more.

Sri. P. S. Nataraja Pillai: As some hon'ble Members pointed out, only members who are in the party in power can place concrete proposals. Facilities are available only to such members. So stand the Rules of this House. But the party in power does not care for this kind of things. I shall point out an instance how the Government is indifferent in this matter. I will take the case of Azhakappa Textiles. The production of this mill does not go under the All India pool. In February 1950 they got an exemption from the Government of India that their production may be handled direct by the Azhakappa Corporation. The Azhakappa Corporation is to distribute its production. The quantity exported from Travancore to Madras will not form part of the Madras quota, and the Azhakappa Textiles have 900 bales as their production. Our Government went out of its way to grant this Azhakappa Textiles a loan of Rs. 10 lakhs as loan. The Madras Government did not come to help the Azhakappa Textiles. The Government of India was not kind enough to grant a loan. On the other hand, the Travancore Government went out of its way in granting a loan. They were not careful enough to enforce a condition that the yarn produced in the Textiles should be supplied for consumption in this State. Now what is the condition Sir? The Azhakappa Mill is allowed to distribute their yarn through their own agent in Trivandrum. Has he got a licence to do it, I ask? Has the Azhakappa Corporation got a wholesale licence to collect and distribute the yarn? It is said that they are giving a quota to the Travancore Government to be controlled and distributed. They have their own stock in the town too, which is not controlled. I am sorry to say, Sir, that they are paving the way for black-marketing. The quantity that come to the Textile Commissioner does not come out for equitable distribution. I ask the Government to be kind enough to look into the matter. They ought to have paid some attention to this matter when they were prepared to advance such a loan. The Mill is working with the money advanced by our Government,

The cards issued by the Textile Commissioner are not treated as valid. Why? should they appoint new agents for distribution? Why should not the Government enforce some rules for the distribution of the yarn produced in the Mill? Then this difficulty would not have arisen. At present there are eight importers apppointed by the Government. Why should they be appointed? What is the harm in entrusting the import of yarn to the central Co-operative Society for distribution? The Co-operative Societies alone now function as retail dealers. Sir, there are merchants and capitalists who have influence with the Government. Government are on their side. It is these influential people who get into trade as importers and cause scarcity of yarn. Sir, since the time allowed is only five minutes and I have to close my speech and I do so.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: സർ, മി. നടരാജപിള്ളയുടെ അടിയന്തിരപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഒന്നു രണ്ടു സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നു് ഉദ്ദേശിക്കുന്നു. ഈ രാജ്യത്തു നെയ്ത്തുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ അനുഭവിക്കുന്ന കഷ്ടപ്പാടിനേയും ദുരിതങ്ങളേയും പററി ചിന്തിക്കുമ്പോൾ എനിക്കു വളരെ വ്യസനമുണ്ടാകുന്നു. എന്നാൽ നെയ്ത്തു തൊഴിലിന്റെ വിവിധ വശങ്ങളേയുംപ്പററി നല്ലപരിജ്ഞാനവും അവരുടെ ദുരിതങ്ങളെക്കുറിച്ചു നേരിട്ടറിവും ഉള്ള ഒരാൾ ചീഫ്മന്ത്രിസ്ഥാനത്തിരിക്കുന്നതുകൊണ്ടു് അദ്ദേഹം മുഖേന പെട്ടെന്നു ഇതിനൊരു പരിഹാരം ഉണ്ടാകുമെന്നു്, എനിക്കും നെയ്ത്തു തൊഴിലാളികൾക്കും നല്ല വിശ്വാസമുണ്ടു്. നെയ്ത്തു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കാര്യത്തിൽ ഈ സഭ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നു് ഞാൻ ആദ്യമെ പ്രസ്താവിച്ചുകൊള്ളട്ടെ. നെയ്ത്തുതൊഴിലും ആ തൊഴിലിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളും, രാജ്യത്തിനു എത്രത്തോളം അത്യാവശ്യമാണെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണു്. മനുഷ്യനു് ഏററവും പ്രധാനമായിട്ടുള്ളതു ആഹാരവും രണ്ടാമത്തേതു വസ്ത്രവുമാണു്. വസ്ത്രം നെയ്ത്തിനു് ആവശ്യമായ നൂലുകിട്ടാതെ പല അവസരങ്ങളിലും തൊഴിൽ നിറുത്തിവയ്ക്കുകയും തന്മൂലം ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ പട്ടിണിക്കു വിധേയരാകുകയും ചെയ്തിട്ടുണ്ടു്. അടുത്തകാലത്തു് ഈ നാട്ടിലുണ്ടായ ഭയങ്കരമായ ദാരിദ്ര്യത്തിനും കഷ്ടപ്പാടിനും മുഖ്യകാരണം ഈ നെയ്ത്തു തൊഴിലാളികൾക്കു തൊഴിലില്ലാതെവന്നതുകൊണ്ടാണു്. ഈ നാട്ടിലെ ഒരു മുഖ്യതൊഴിലാണു് നെയ്ത്തു്. അല്ലാതെ ഒരു അപ്രധാന തൊഴിലല്ല. ആ സ്ഥിതിക്കു് ആവശ്യമുള്ളത്ര നൂൽ വിതരണം ചെയ്തില്ലെങ്കിൽ തൊഴിലില്ലായ്മ വർദ്ധിക്കുന്നതിനും പുറമെ നാട്ടിൽ പട്ടിണിയും ദാരിദ്ര്യവും ഉണ്ടാകും. ഈ രാജ്യത്തു ഒരു വലിയ വിഭാഗം ജനങ്ങൾ ഈ തൊഴിൽ കൊണ്ടു ഉപജീവിക്കുന്നു. അതായതു്, കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി, തിരുവനന്തപുരം, ബാലരാമപുരം, നെയ്യാററിൻകര, നാഗർകോവിൽ ഇങ്ങിനെ പല സ്ഥലങ്ങളിലും ഈ തൊഴിൽകൊണ്ടു ധാരാളം ആളുകൾ ഉപജീവിക്കുന്നുണ്ടു്. എന്റെ നിയോജകമണ്ഡലമായ ചാത്തന്നൂരിൽ ഏകദേശം ൪000 ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ അത്രത്തോളമൊ അതിനേക്കാൾ കൂടുതലൊ ആളുകൾ ആണു് മയ്യനാടു എന്ന സ്ഥലത്തു് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതു്. പൊതുവെ ഇക്കൂട്ടർ കുറെക്കാലമായി വളരെ കഷ്ടപ്പാടുകൾ അനുഭവിക്കുന്നുവെന്നു അതിനെക്കുറിച്ചു് നേരിട്ടറിവുള്ള ഞാൻ പറയുന്നതു് ഈ സഭ വിശ്വസിക്കുമെന്നു വിചാരിക്കുന്നു. സർ, ഒരു നെയ്ത്തു തൊഴിലാളിക്കു ഒരു മാതിരിയെങ്കിലും തൊഴിൽനടത്തിക്കൊണ്ടു പോകണമെങ്കിൽ ഒരു മാസത്തിൽ ൫ കെട്ടു നൂൽ കിട്ടാതെ തരമില്ല. എ

[Sri. P. Kunjukrishnan]

ന്നാൽ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതു് വെറും അരക്കെട്ട നൂൽമാത്രമാണു്. ഈ അടുത്തകാലത്തെ കണക്കനുസരിച്ചു് ഏകദേശം മുപ്പതിനായിരത്തിനും അൻപതിനായിരത്തിനും മദ്ധ്യേയുള്ള തറികളും അതിൽ വേലചെയ്യുന്ന ഒരു വൻ തൊഴിലാളി സംഘവുമുണ്ടു്. ഇവർക്കു തൊഴിൽചെയ്തു ഉപജീവിക്കുന്നതിനെങ്കിലും നൂൽ കിട്ടാതിരുന്നാൽ അവരുടെ അവസ്ഥ എന്തായിരിക്കുമെന്നു് ബഹു. ഗവർമ്മെണ്ടു് ഒന്നു ചിന്തിച്ചുനോക്കേണ്ടതാണു്. എന്നാൽ, അതിനുള്ള പരിഹാരമാർഗ്ഗമെന്താണെന്നുനോക്കാം.

എനിക്കാദ്യമായി ഇതിനെക്കുറിച്ചു പറയുമ്പോൾ, അറിയിക്കുവാനുള്ളതു് ഇതിന്റെ പരിഹാരം കണ്ടുപിടിക്കേണ്ടതു് ഗവർമ്മെണ്ടും ജനപ്രതിനിധികളും ചേർന്നാണു് എന്നാണു്. അതിനു് ഈ സന്ദർഭം ഏററവും പററിയ ഒന്നാണെന്നു് എനിക്കു തോന്നുന്നു. ഇപ്പോൾ നടക്കുന്ന ഇൻഡ്യൻ പാർലിമെണ്ടു് സമ്മേളനത്തി[ൽ] മദ്രാസിൽനിന്നും മററുംപോയ മെമ്പറന്മാർ നാലു ഷോർട്ട് നോട്ടീസ് കൊസ്റ്റ്യൻസ് മുഖാന്തിരം നൂലില്ലായ്മയുടെ കാര്യം ഗവർമ്മെണ്ടു ശ്രദ്ധയിൽകൊണ്ടുവന്നപ്പോൾ അവിടത്തെ ഇൻഡസ്ട്രീസ് മന്ത്രി പറഞ്ഞ മറുപടി നമുക്കു ആശാജനകമായ ഒന്നാണു്. അദ്ദേഹം പറഞ്ഞു, നൂലു് പുറരാജ്യങ്ങളിൽ കയററി അയക്കാൻ പാടില്ലെന്നു് ഉത്തരവിട്ടുണ്ടു് എന്നും അതേ സമയം പുറരാജ്യങ്ങളിൽനിന്നും സിൽക്കു നൂലുകളും മററും നമ്മുടെ രാജ്യത്തു് അതായതു് ഇൻഡ്യക്കു് ലഭിക്കുന്നതിനു് വേണ്ട ഏർപ്പാടു ചെയ്തുകഴിഞ്ഞു എന്നുമാണു്. ഏപ്രിൽ ഒന്നാംതിയതിയോടുകൂടി നമ്മുടെ ആവശ്യത്തിനു് ചുരുങ്ങിയ തോതിലെങ്കിലും മതിയാകത്തക്കവിധത്തിൽ നൂലു കിട്ടുന്നതിനു് വേണ്ട സൗകര്യം ഉണ്ടാക്കിക്കഴിഞ്ഞു എന്നു് അദ്ദേഹം പ്രസ്താവിച്ചു. അങ്ങനെയുള്ള ഈ സന്ദർഭത്തിൽ ഈ അവസരം ഉപയോഗിച്ചു് നമ്മുടെ ഗവർമ്മെണ്ടു് ഉണർന്നു സജീവമായി പ്രവർത്തിക്കുകയാണെന്നുവരുകിൽ സാമാന്യമായ ഒരു പരിഹാരം ഈ വിഷയത്തിൽ ഉണ്ടാക്കാൻ സാധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഇതിനുള്ള പരിഹാരമായി എനിക്കു് തോന്നുന്ന മാർഗ്ഗങ്ങളിൽ ഒന്നു് നൂലു് കൂടുതൽ കിട്ടുന്നതിനു ശ്രമിക്കുക. നമുക്കു തന്നെ അറുപതിനായിരം തറികൾ —അതായതു് തിരുവിതാംകൂറിൽ—അറുപതിനായിരം തറികൾ ഉണ്ടെന്നു് സാമാന്യമായി കാണാവുന്നതാണു്. കൊച്ചിയും കൂടെ ചേർന്നു് ഏകദേശം എൺപതിനായിരം തറികളോളം വരുമെന്നാണു് എന്റെ വിശ്വാസം. മദ്രാസിലെ റിപ്പോർട്ടനുസരിച്ചു അവിടെ രണ്ടുലക്ഷം തറികൾ ഉള്ളതായിട്ടാണു് അറിവു്. അതനുസരിച്ചു മദ്രാസിലേക്കു ഇരുപത്താറായിരം ബെയിൽ നൂലു് അനുവദിച്ചിട്ടുണ്ടു്. ആ കണക്കിനു് ഒരു എൺപതിനായിരത്തോളം തറികളുള്ള നമ്മുടെ സംസ്ഥാനത്തിനു് അനുവദിച്ചിട്ടുള്ളതു് ആയിരത്തി ഇരുനൂറു് ബെയിൽ നൂൽ മാത്രമാണു്. എന്നാൽ നമുക്കു് വാസ്തവത്തിൽ കിട്ടുന്നതു് എഴുനൂററി അൻപതു ബെയിൽ നൂലാണു്. അറുപതിനായിരം തറികളുള്ള നമുക്കു മദ്രാസിലെ കണക്കനുസരിച്ചു് നോക്കുകയാണെങ്കിൽ ആയിരത്തി ഇരുനൂറു് ബെയിൽ നൂലു കിട്ടിയാൽ പോരാ. വാസ്തവത്തിൽ ൭,൦൦൦ ബെയിൽ നൂലു കിട്ടാൻ നമുക്കർഹതയുണ്ടു്. അതു കിട്ടുന്നതിനുവേണ്ടി സകല വിധത്തിലുമുള്ള പ്രവർത്തനങ്ങളും ഈ സന്ദർഭത്തിൽ നടത്തേണ്ടതാണു്. ഈയവസരത്തിൽ ശ്രീമാൻ നടരാജപിള്ള അവർകൾ പറഞ്ഞ ഒരു കാര്യത്തെക്കുറിച്ചു് ഒന്നു അനുസ്മരിപ്പിക്കുവാനുണ്ടു്. ഇവിടെയുള്ള മില്ലുകളിൽ വളരെ നൂൽ ഉണ്ടാക്കുന്നു. എന്നാൽ ആ മില്ലുകൾക്കു് നമ്മുടെ ഗവർമ്മെണ്ടു് ചെയ്തിട്ടുള്ള ധനസഹായം നോക്കുമ്പോൾ നമ്മുടെ ആവശ്യത്തിനു് നൂലുതരാതെ മററു രാജ്യങ്ങളിലേക്കു് അയ

ക്കുന്നതിനു് സമ്മതിച്ചുകൂടാ. ആ കാര്യത്തിൽ ഇൻഡ്യാ ഗവൺമെണ്ടിന്റെ സഹായം ലഭിക്കാൻ നോക്കണം. ഇന്നു് ൧൫൦ ബെയിൽ നൂലു് കിട്ടുന്നുണ്ടെന്നു പ്രസ്താവിച്ചു. ഇതു് ശരിയായി നെയ്ത്തുകാർക്കു് കിട്ടുകയാണെങ്കിൽ ൩൦,൦൦൦ തറികളുള്ള ഈ രാജ്യത്തു് ഓരോ തറിക്കും അരക്കെട്ടു നൂലുവീതം ലഭിക്കും. എന്നാൽ ഈ ൧൫൦ ബെയിൽതന്നെ കഴിഞ്ഞ ഡിസംബർ, ജാനുവരി, ഫെബ്റുവരി ഈ മാസങ്ങളിലായി കിട്ടുന്നില്ല. അതു് എവിടെ പോകുന്നു എന്നുള്ളതു് ഗവൺമെണ്ടു് അന്വേഷിക്കേണ്ടതാണു്. ൧൫൦ ബെയിൽ എങ്കിലും ശരിക്കു് കിട്ടുകയാണെങ്കിൽ അരക്കെട്ടു നൂൽ വീതം ഒരു തറിക്കു് തുടർന്നു കിട്ടുവാൻ സാധിക്കും. എന്നാൽ അതു കിട്ടുന്നില്ല. ഈ ചോർച്ച എവിടെനിന്നാണെന്നു് അന്വേഷിക്കണം. സർ, ഈ രാജ്യത്തു് തറികളുടേയും നെയ്ത്തുകാരുടേയും കണക്കുകൾ എടുത്തിട്ടുണ്ടെന്നു പറയുന്നു. ഈ രാജ്യത്തു് പ്രധാനമായ രണ്ടുതരം കൈത്തൊഴിലുകളാണുള്ളതു്. അതിൽ ഒന്നു് ഇതാണു്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉണ്ണാനും ഉടുക്കാനും ഇല്ലാതെ വഴിയാധാരമായി പോകാതിരിക്കാൻ ഗവൺമെണ്ടു് ശ്രമിക്കേണ്ടതാണു്. തറികളുടേയും നെയ്ത്തുകാരുടേയും ഒരു കണക്കു് എടുത്തിട്ടുണ്ടെന്നു പറഞ്ഞു. എന്നാൽ അതുകൊണ്ടു് യാതൊരു ഫലവും ഉണ്ടായിട്ടില്ല. ഇതിൽ നാട്ടുകാർക്കു് വലിയ വിശ്വാസം വന്നിട്ടില്ല. ഈ രാജ്യത്തു് ഇതു സംബന്ധിച്ചു് പ്രധാനമായ വേറൊരു കുഴപ്പം നടക്കുന്നുണ്ടു്. അതായതു് ഇല്ലാത്ത തറികളുടെ പേരുകളൊക്കെ കൊടുത്തിട്ടു് അതിനു നൂലു വാങ്ങിച്ചു് ബ്ളാക്കുമാർക്കറ്റിൽ വില്ക്കുന്നുണ്ടു്. അൻപതു തറികളുടെ പേരെഴുതികൊടുത്തു് നൂലു് കരിഞ്ചന്തയിൽ വ്യാപാരം നടത്തുന്നതായി എനിക്കറിയാം. ഇങ്ങനെ ധാരാളം ബോഗസു് തറികൾ തിരുവനന്തപുരത്തു് ഉള്ളതായി എനിക്കു നേരിട്ടറിയാം. ഇതു് വൻകിടമുതലാളികളാണു് നടത്തുന്നതു്. അതിനു് അനുവദിച്ചുകൂടാ. നൂൽനൂല്പും നെയ്ത്തും കുടിൽവ്യവസായമാണു്. ഇതിൽ വൻകിട മുതലാളികൾ തൊഴിൽ നടത്താൻ അനുവദിച്ചുകൂടാത്തതാകുന്നു. ഒരു കാര്യത്തിൽ ഗവൺമെണ്ടിനെ അനുമോദിക്കേണ്ടിയിരിക്കുന്നു. കോ-ഓപ്പറേറ്റീവു് സൊസൈററിയുടെ കീഴിൽ നൂൽവിതരണം ഒരുമാതിരി ശരിക്കു നടക്കുന്നുണ്ടെന്നാണു് എന്റെ അറിവു്. എന്നാൽ എനിക്കു് അതേ അവസരത്തിൽതന്നെ വേറൊരു സംഗതി പറയുവാനുള്ളതു് സൊസൈററി കൊടുക്കുന്ന നൂലിന്റെ കണക്കു് അതാതു് അവസരത്തിൽ പബ്ളിഷ്ചെയ്യണമെന്നും വാസ്തവത്തിൽ നെയ്ത്തുകാർക്കു് കിട്ടുന്ന നൂലു് എത്രയാണെന്നും മററും ഒരു ശരിയായ കണക്കു് സൂക്ഷിക്കണമെന്നും നിർദ്ദേശം നൽകേണ്ടതാണു്. അങ്ങനെ ചെയ്താൽ ഈ കൈത്തറി നെയ്ത്തുകാർക്കു് വളരെ സൌകര്യമായിരിക്കും. അതുപോലെതന്നെ സ്പെഷ്യൽചിററു് നൂലിനു് നൽകുന്ന ഏർപ്പാടു് നിറുത്തണം. അതു് വളരെ കുഴപ്പത്തിനു കാരണമാകും. അതുപോലെതന്നെ ഇത്ര പ്രധാനമായ ഈ കാര്യത്തിൽ ഏതെല്ലാം വിധത്തിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നു എന്നുള്ളതു് ശരിയായി കണ്ടുപിടിക്കണം. കഴിഞ്ഞ പതിനാലു വർഷങ്ങളായി ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ പട്ടിണിയിലാണു്. ഇങ്ങനെ ഈ കുഴഞ്ഞ പ്രശ്നത്തിനു് ഒരു പരിഹാരം ഉണ്ടാക്കത്തക്കവണ്ണം ഗവൺമെണ്ടിനെ അതാതവസരത്തിൽ ഉപദേശിക്കുന്നതിനായി ഒരു സെൻട്രൽ അഡ്വൈസറി കമ്മിററി ഉണ്ടാക്കണം. മുമ്പു് ഇവിടെ ഒരു സെൻട്രൽ അഡ്വൈസറി കമ്മററി ഉണ്ടായിരുന്നു, അതു് കാര്യക്ഷമമായി പ്രവർത്തനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ അതിന്റെ കാര്യം എങ്ങനെയിരിക്കുന്നു എന്നറിഞ്ഞുകൂടാ. ഈ കമ്മററിയുടെ താഴെ വേറെ ഒരു സബ്കമ്മററിയും താലൂക്കുതോറും ഉണ്ടായിരിക്കേണ്ടതാണു്. ഉദ്യോഗസ്ഥന്മാർ ഈ

[Sri. P. Kunjukrishnan]

കമ്മററികളോടാലോചിച്ച് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അതാതു സമയത്ത് ഉണ്ടാകുന്ന വൈഷമ്യങ്ങളെ മനസ്സിലാക്കുകയും ആ വൈഷമ്യങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുകയും ചെയ്യേണ്ടതാണ്. ഇനി ഞാൻ വേറൊരു കാര്യംകൂടി പറയാം. ഇവിടെ ഒരഭിപ്രായം ഉണ്ട്, ഈ നെയ്ത്തു തൊഴിലാളികൾക്ക് വെളിയിലുള്ള തുണിക്കച്ചവടക്കാരുമായി മത്സരിക്കുവാൻ സാധിക്കുകയില്ലായെന്ന്, എന്നാൽ അങ്ങനെയല്ല. ശാസ്ത്രീയമായി ഈ തൊഴിലിനെ അഭിവൃദ്ധിയിൽ കൊണ്ടുവരുവാൻ സാധിക്കുമെന്ന് പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. ഏതായാലും ഈ കാര്യങ്ങളിലെല്ലാം ഗവമ്മെണ്ട് നല്ലവണ്ണം ശ്രദ്ധ പതിപ്പിക്കുകയും ആ വിധത്തിൽ നെയ്ത്തുതൊഴിലാളികളുടെ അവശതക്ക് ഒരു പരിഹാരം കണ്ടുപിടിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു

Sri. K. Balakrishna Menon: May I know whether the Government are aware of a system of cash storing adopted in the Madras Presidency?

Sri. T. K. Narayana Pillai: I am not aware.

Sri. K. Balakrishna Menon: May I request Government to make enquiries and adopt the cash storing system here?

Sri. T. K. Narayana Pillai: Government are prepared to make enquiries and to examine the system on its merits.

ശ്രീ. എസ്സ്. കുട്ടൻ. സർ, അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് അതിൻെറ അവതാരകൻ ഈ അടിയന്തിരപ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന കാര്യങ്ങൾ ഗവമ്മെണ്ടിൻെറയും ഈ ഹൌസിൻെറയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. മനുഷ്യന് ആഹാരംപോലെതന്നെ വസ്ത്രവും വളരെ പ്രധാനമാണ് എന്നു പറഞ്ഞാൽ അതിൽ അഭിപ്രായവ്യത്യാസമൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ ഈ കാര്യത്തിലും ആഹാരകാര്യത്തിലെന്നപോലെതന്നെ ധാരാളം കുഴപ്പങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് കാണാവുന്നതാണ്. ഈ രാജ്യത്തിനകത്ത് ആകെ എത്ര കൈത്തറികളുണ്ടെന്ന് ഏതാനും ദിവസത്തിനുമുമ്പ് ഒരു ചോദ്യം ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചപ്പോൾ അതിൻെറ ചാർജ് വഹിച്ചിരുന്ന ബഹുമാനപ്പെട്ട മന്ത്രി ൭൦,൦൦൦ തറികൾ ഉണ്ടെന്നു മറുപടി പറഞ്ഞു. ഇതു് ഏതു കണക്കുവെച്ചുകൊണ്ടാണ് പ്രസ്താവിച്ചതെന്ന് എനിക്കു നിശ്ചയമില്ല. ഇന്ന് തിരുവിതാംകൂർ ഭാഗത്തും അതുപോലെ കൊച്ചിഭാഗത്തും ആകെ എത്ര തറികളുണ്ടെന്ന് ശരിയായ വിധത്തിലുള്ള ഒരു കണക്ക് എടുത്ത് ഈ ഹൌസിനെ ധരിപ്പിക്കുവാൻ ഈ ഗവമ്മെണ്ട് തയ്യാറായിട്ടുണ്ടോ എന്ന് സംശയമാണ്. ഈ പ്രശ്നം തൊഴിലാളികളെ ആകമാനം ബാധിക്കുന്ന ഒരു പ്രശ്നമാണ്; പ്രത്യേകിച്ചും നെയ്ത്തുതൊഴിലാളികളെ ആണെന്ന് പറയേണ്ടതില്ലല്ലോ. നെയ്ത്തുതൊഴിലാളികൾക്ക് അവരുടെ തൊഴിൽ ശരിയായ വിധത്തിൽ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കാത്തത് നൂലിൻെറ കുറവുകൊണ്ടുമാത്രമാണോ എന്ന് നാം ചിന്തിക്കണം. ഇന്ന് അധികാരത്തിലിരിക്കുന്ന കോൺഗ്രസ്സ് അധികാരികൾ ഞാൻ ഉദ്ദേശിക്കുന്നത് ഇന്നത്തെ മുഖ്യമന്ത്രിയെയാണ്, അദ്ദേഹം ഒരുപക്ഷെ ഈ കാര്യത്തിൽ വിശദമായ വിവരങ്ങൾ പറഞ്ഞേക്കും, എന്നാൽ അതിനുമുമ്പുള്ള മന്ത്രിയോ സിവിൽ സപ്ലൈസ് കമ്മീഷണരോ അദ്ദേഹത്തിൻെറ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ഈ കാര്യത്തിൽ ഒരു ശരിയായ ഉത്തരം നൽകുമെന്നു തോന്നുന്നില്ല. അസിസ്റ്റൻറ് സിവിൽ സപ്ലൈസ് കമ്മീഷണർക്ക് ഒരുപക്ഷെ ചില വിവരങ്ങൾ തരുവാൻ സാധിച്ചേക്കും. ഞാൻ അദ്ദേഹത്തെ [illegible]

തിരുവിതാംകൂർ നെയ്ത്തുതൊഴിലാളിയൂണിയന്റെ പ്രസിഡണ്ട് എന്ന നിലയിൽ പല പ്രാവശ്യവും സന്ദർശിച്ചിട്ടുള്ളതുകൊണ്ട് എനിക്കു ആ വിവരം അറിയാം.

ഇവിടെ ലഭിക്കുന്ന നൂൽ ശരിയായ വിധത്തിൽ വിതരണം ചെയ്യുന്നില്ലെന്നുള്ളതു് വളരെക്കാലമായി കേട്ടുതുടങ്ങിയിട്ടുള്ള ഒരു പരാതിയാണ്. ഇവിടെ ഞാൻ പ്രസ്താവിച്ചതുപോലെ ൪൦,൦൦൦ തറികൾ ശരിയായ വിധത്തിൽ പ്രവർത്തനം നടത്തുന്നു എന്നു അധികാരത്തിലിരുന്ന മന്ത്രി പറഞ്ഞതു് ശരിയല്ലെന്നു വരികിൽ അതിലേക്കു ശരിയായ ഒരു കണക്കു് എടുക്കേണ്ടതാണ്. അടുത്തകാലത്തു ഉണ്ടായ ഗവമ്മെണ്ടിന്റെ ഒരു വിജ്ഞാപനമനുസരിച്ചു് തറിയുടമസ്ഥന്മാരെല്ലാം രജിസ്റ്റർചെയ്യണമെന്നുള്ള തീരുമാനത്തിന്റെ പേരിൽ എല്ലാവരും അപേക്ഷ അയച്ചുതുടങ്ങി. യഥാർത്ഥ നെയ്ത്തുതൊഴിലാളികളല്ലാത്ത പലരും ബ്ളാക്കുമാക്കററിനു വളരെ സൗകര്യമുള്ള ഒരു കാര്യമാണതെന്നു മനസ്സിലാക്കി അപേക്ഷകൾ അയച്ചിട്ടുണ്ട്. അവരുടെ അപേക്ഷകളെല്ലാം സ്വീകരിച്ചുകൊണ്ടാണ് ഈ കണക്കുകൾ പറഞ്ഞിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. മിസ്റ്റർ കുഞ്ഞുകൃഷ്ണൻ പ്രസ്താവിച്ചതുപോലെ നെയ്യാററിൻകര, കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി എന്നീ സ്ഥലങ്ങളിലാണ് തിരുവിതാംകൂർ ഭാഗത്തു് അധികം നെയ്ത്തുതൊഴിലാളികളുള്ളതു്. നെയ്യാററിൻകര ൨൦,൦൦൦-ൽ ശിഷ്ടം നെയ്ത്തുതൊഴിലാളികൾ ഉണ്ടെന്നു ഒരു കണക്കെടുത്തിട്ടുണ്ടായിരുന്നു. എന്നാൽ പല ബോഗസ്സ് കാർഡുകൾ വെച്ചുകൊണ്ടു്, പലരും ബ്ളാക്കുമാക്കററു ചെയ്യുന്നു. നെയ്യാററിൻകര കോ-ഓപ്പറേറീവ് സൊസൈററി നെയ്ത്തു തൊഴിലാളികളുടെ പ്രതിനിധികളും സഹകരണസംഘം പ്രവർത്തകരും ചേർന്നു ഒരു കണക്കെടുത്തിട്ടുണ്ട്. ആ കണക്കനുസരിച്ചു് പന്തീരായിരത്തിൽ ശിഷ്ടം തൊഴിലാളികളിൽ കൂടുതലുള്ളതായി തോന്നുന്നില്ല. ബാക്കിയുള്ള ൪,൦൦൦ത്തോളം തറികളും വെറും ബോഗസ് കാർഡ്വെച്ചുകൊണ്ടു് നൂൽ വാങ്ങുകയാണു എന്നുള്ളതു് ഇന്നു അധികാരത്തിലിരിക്കുന്ന മന്ത്രി ധരിച്ചാൽ കൊള്ളാം. ൪,൦൦൦ത്തോളം ബോഗസ് കാർഡ് എന്റെ താലൂക്കിലുണ്ടെന്നു വന്നപ്പോൾ വളരെ വളരെ ഉന്നതമായ നിലയിൽ ജീവിതം കഴിച്ചുവരുന്ന പലരും സാധുക്കളായ തൊഴിലാളികൾക്കു കിട്ടേണ്ട നൂൽ വാങ്ങി ബ്ളാക്കുമാക്കററിൽ വ്യാപാരം നടത്തിവരുന്നു എന്നുള്ളതു് പരസ്യമായ ഒരു രഹസ്യമാണ്. ഇവിടെ നെയ്ത്തുതൊഴിലാളികൾക്കു റേഷൻ വിലയ്ക്കു് നൂൽ ലഭിക്കാൻ പ്രയാസമാണെങ്കിലും ബ്ളാക്കുമാക്കററിൽ നൂൽ സുലഭമായി ലഭിക്കുന്നുണ്ട്. ഈ നൂൽ എവിടെനിന്നും കിട്ടുന്നു എന്നു നാം ചിന്തിക്കേണ്ടതാണ്. ഇന്നു മേലപ്പാളയം, മധുര മുതലായ സ്ഥലങ്ങളിൽ ഇവിടെനിന്നും നൂൽ കൊണ്ടുപോയി വില്ക്കുന്നുണ്ട്. ഏകദേശം ഒന്നരമാസം മുമ്പ് അമ്പതിൽ ശിഷ്ടം ബെയിൽ നൂൽ മധുരയിലേക്കു കൊണ്ടുപോയതു് നെയ്യാററിൻകര കഴിഞ്ഞപ്പോൾ ലോറിയുടെ ടയർ പഞ്ചറായതിനാൽ പോലീസ് അതു കണ്ടുപിടിക്കാനും കേസ് എടുക്കാനും ഇടയായിട്ടുണ്ട്. കോടിക്കണക്കിനുള്ള ബെയിൽ നൂൽ കോടതികളിൽ കേസിൽ ഉൾപ്പെട്ടു കിടക്കുന്നുണ്ട്. ഇപ്പോൾ റേഷൻവില ൨൦-ാം നമ്പർ നൂലിന്നു ൫൭ രൂപയിൽ ചിലവാനമാണെന്നു പ്രസ്താവിച്ചുകേട്ടു. ൫൮ രൂപയിൽ ചിലവാനമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ബ്ളാക്കുമാക്കററിലാണെങ്കിൽ അതിന്റെ നാലഞ്ചിരട്ടി വില കിട്ടും. ഇതിനു മുഴുവനും ഉത്തരവാദി ഗവമ്മെണ്ടാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നെയ്ത്തുതൊഴിലാളികളും ഇതിനുത്തരവാദികളായിരിക്കും. എന്റെ സ്നേഹിതൻ ശ്രീ. കുഞ്ഞുകൃഷ്ണൻ പ്രസ്താവിച്ചതു

[Sri. S. Kuttan]

പോലെ ൫ കെട്ടു നൂൽ കിട്ടിയില്ലെങ്കിലും ഒരു നാലുകെട്ടു നൂലെങ്കിലും ഒരു തറിക്കുവേണം. ൨൦-ാംനമ്പർ നൂൽ ഒരു പാവിടുന്നതിനു് ഒന്നരക്കെട്ടിനു മുകളിൽ രണ്ടു കെട്ടുവരെ വേണ്ടിവരും. ആ നിലയിൽ നോക്കുമ്പോൾ ഏകദേശം നാലു കെട്ടു നൂൽ ഉണ്ടെങ്കിൽ ഒരു തൊഴിലാളിക്കു് അയാളുടെ പ്രവൎത്തനം നടത്തിക്കൊണ്ടു പോകുന്നതിനും തൊഴിൽ മന്ദീഭവിക്കാതെ ഒരുവിധം ജീവിതമാൎഗ്ഗം നിൎവ്വഹിച്ചുകൊണ്ടുപോകുന്നതിനും സാധിക്കും. കഴിഞ്ഞ മൂന്നുമാസമായി അരകെട്ടു നൂൽപോലും ലഭിക്കുന്നില്ലെന്നുള്ളതു് അതിശയോക്തിയല്ല. ഉല്പാദകനെത്തന്നെ വിതരണത്തിനുകൂടി നിയമിച്ചിരിക്കുന്ന ഒരു നടപടിയല്ലേ ഇന്നത്തെ ഗവൺമെന്റു് എടുത്തിരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. വിജയമോഹിനി മിൽസിൽ ഉല്പാദിപ്പിക്കുന്ന നൂൽ വിതരണം ചെയ്യുന്നതിനു് അവരെത്തന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണു് ചെയ്തിരിക്കുന്നതു്. തൊഴിലാളിവൎഗ്ഗത്തിന്റെ അവശത പരിഹരിക്കുന്നതിനുവേണ്ടിയും തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടിയും ധനാഗമമാൎഗ്ഗങ്ങളന്വേഷിച്ചു് ബഡ്ജറ്റുണ്ടാക്കിയിട്ടുള്ള മന്ത്രിയും ഈ വകുപ്പിന്റെ ചാൎജ്ജ് വഹിക്കുന്ന മന്ത്രിയും ഈ കാൎയ്യങ്ങളെപ്പററി ശരിയായി അന്വേഷിക്കേണ്ടതാണു്. യഥാൎത്ഥ നെയ്ത്തുതൊഴിലാളികൾ എത്രയുണ്ടെന്നു മനസ്സിലാക്കിയാൽ വലിയ വിഷമം കൂടാതെ ഈ രാജ്യത്തെ മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന നൂൽ ശരിയായി വിതരണം നടത്തുന്നതിനു പ്രയാസമുണ്ടാകയില്ല. അതിലേക്കു് ശരിയായ ഒരു സെൻസസ് എടുക്കേണ്ട ആവശ്യമുണ്ടു് രണ്ടുമൂന്നുദിവസത്തിനുമുമ്പു ഒരു വിജ്ഞാപനം കാണുകയുണ്ടായി. അതായതു് ജി. പി. തഹശീൽദാരന്മാരേയും ടെക്സ്റ്റയിൽ ഇൻസ്പെക്ടരന്മാരേയും ഈവക കാൎയ്യങ്ങളിൽ ചുമതലപ്പെടുത്തുന്ന ഒന്നാണു് അതു്. ഒരു തറി നടത്തുന്ന ആൾ പുതുതായി തറി സ്ഥാപിക്കുന്നതിനായി മറെറാരു സ്ഥലത്തേക്കു് നെയ്ത്തു മാററുകയാണെങ്കിൽ ഈ ഉദ്യോഗസ്ഥന്റെ മുമ്പിൽ പോയി പുതിയ മുദ്ര അടിച്ചാൽ മാത്രമേ തൊഴിൽ നടത്താൻ സാധിക്കുകയുള്ളു. ഈ ഉദ്യോഗസ്ഥന്മാൎക്കു് ഇതിനെപ്പററി എന്താണു് അറിവുള്ളതു്. എത്ര ടെക്സ്റ്റയിൽ ഇൻസ്പെക്ടരന്മാൎക്കു് ഈവക കാൎയ്യങ്ങളെപ്പററി അറിവുണ്ടു്. ശമ്പളത്തിനുപുറമെ അലവൻസും കൊടുത്തു ടെക്സ്റ്റയിൽ വകുപ്പിലേക്കു തള്ളി സ്പെഷ്യൽ ചിററു് എഴുതുന്നതിനുള്ള ഒരു സുഗമമായ മാൎഗ്ഗം സൃഷ്ടിച്ചിരിക്കുന്നു എന്നല്ലാതെ ഈ സാധുക്കളായ തൊഴിലാളികളുടെ കാൎയ്യത്തെപ്പററി അവൎക്കു് യാതൊരു അറിവുമില്ല. ഞാൻ വ്യക്തിവൈരാഗ്യംകൊണ്ടു് ഇതൊന്നും പറയുന്നതല്ല. ചില ടെക്സ്റ്റയിൽ ഇൻസ്പെക്ടരന്മാരെ പററിനില്ക്കുന്ന ആളുകൾക്കു് നൂൽ കൊടുക്കുന്നുണ്ടു്. അവർ അതു വാങ്ങി ബ്ളാക്കുമാൎക്കററിൽ വില്ക്കുന്നുമുണ്ടു്.

ഒരു സംഗതികൂടി ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. മദ്രാസ് ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേററീവ് സൊസൈററി അവിടെ നടത്തുന്ന പ്രവൎത്തനങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കുന്നതിനു് ഇന്നു അധികാരത്തിലിരിക്കുന്ന ഗവൺമെന്റു് ഒരു സ്പെഷ്യലാഫീസറെ അങ്ങോട്ടു് നിയോഗിക്കേണ്ടതാണു്. അവിടെ ഒരു ഡെപ്യൂട്ടി സെക്രട്ടറിയും ൮൫ അസിസ്റ്റന്റന്മാരും ഈ സൊസൈററിയുടെ പ്രവൎത്തനം നടത്തുന്നതിനു് സൊസൈററിയെ സഹായിക്കുന്നുണ്ടു്. അതുപോലെതന്നെ ഏകദേശം ഒരു കോടി രൂപ മൂന്നുശതമാനം പലിശക്കു് സൊസൈററിക്കു് കടമായി കൊടുത്തിട്ടുമുണ്ടു്. കൂടാതെ ഒരു ലക്ഷം രൂപാ ഗ്രാൻറായും കൊടുക്കുന്നുണ്ടു്. ഇത്തരത്തിൽ അവിടത്തെ ഗവൺമെന്റു് എല്ലാ വിധത്തിലും ആ സൊസൈററിയെ സഹായിച്ചു

കൊണ്ടിരിക്കുന്നു. ഈ കാര്യങ്ങൾ ഈ ഡിപ്പാർട്ടുമെൻറ് സാരഥ്യം വഹിക്കുന്ന ആളുകളുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിയിട്ടുണ്ട്. വളരെ സുഖമായി ജീവിച്ചു പോരുന്ന ആളുകൾക്കു ഈ സാധുക്കളുടെ കാര്യത്തെപ്പററി ചിന്തിക്കാൻ കഴിയുന്നില്ല. മദ്രാസിൽ തൊഴിലാളികളുടെ കണക്കെടുത്ത് ന്യായമായി നൂൽ കൊടുത്ത് അവർ ഉണ്ടാക്കുന്ന വസ്ത്രങ്ങൾക്കു ന്യായമായ കൂലി നൽകി കാര്യങ്ങൾ ഭംഗിയായി മുന്നോട്ടു കൊണ്ടുപോവുകയാണു ചെയ്യുന്നത്. ഇവിടെ അതിനെ അനുകരിച്ചു പ്രവർത്തിക്കുന്നതിനു തിരുവനന്തപുരം [illegible]-ാംനമ്പർ കോ-ഓപ്പറേററീവ് സൊസൈററി ശ്രമിച്ചുനോക്കി. എന്നാൽ മൂലധനക്കുറവുകൊണ്ടു് അവർക്ക് സാധിച്ചില്ല.

സർ, സൃഷ്ടിപരമായ മററുചില കാര്യങ്ങൾകൂടി ഇന്നത്തെ ഗവൺമെൻറിൻെറ മുമ്പിൽ സമർപ്പിച്ചുകൊണ്ടു ഞാൻ ഉപസംഹരിച്ചുകൊള്ളാം. എൻെറ സ്നേഹിതൻ ശ്രീ. കുഞ്ഞുകൃഷ്ണൻ പ്രസ്താവിച്ചതുപോലെ അനൗദ്യോഗസ്ഥന്മാരടങ്ങിയ ഒരു അഡൈ്വസറിബോർഡ് കഴിഞ്ഞ കാലങ്ങളിൽ ഇക്കാര്യത്തെപ്പററി ഗവൺമെൻറിനു വേണ്ട ഉപദേശങ്ങൾ കൊടുത്തുകൊണ്ടിരുന്നു. ഇന്നത്തെ ജനകീയസർക്കാർ സാധുക്കളായ തൊഴിലാളികളുടെ അവശത പരിഹരിക്കാൻ കടലാസ് സ്ഥാപനങ്ങളുമായിപ്പോകുന്ന ഈ ഗവൺമെൻറ് ആവിധമുള്ള അഡൈ്വസറിബോർഡ് രൂപീകരിക്കാനൊന്നും തയാറില്ല. കിരാതനായ സർ സി. പി. രാമസ്വാമിഅയ്യരുടെ കാലത്തുപോലും അങ്ങനെ ഒരു ബോർഡ് നിലവിലിരുന്നു. ആ കാലത്ത് നെയ്ത്തുതൊഴിലാളികൾക്ക് യാതൊരു വിഷമവും അനുഭവിക്കാതെ നൂൽ കിട്ടുകയും അവർ ജീവിതം കഴിച്ചുവരികയും ചെയ്തിരുന്നു. ഇന്നു ജനകീയ ഗവൺമെൻറ് പ്രവർത്തനം നടത്തുന്ന ഈ അവസരത്തിൽ ആവക കാര്യങ്ങളെപ്പററി ചിന്തിക്കാൻ ആരുമില്ല. ശരിയായ വിധത്തിൽ ഒരഡൈ്വസറി ബോർഡു് രൂപീകരിക്കുകയും തറികളുടെ ഒരു സെൻസസ് എടുക്കുകയും ചെയ്യണം. അതുപോലെതന്നെ സഹകരണസംഘങ്ങളുമായി സഹകരിച്ചു് ഈ തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി ആ സംഘങ്ങൾ വഴി നൂൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി സ്വീകരിക്കണം. സഹകരണസംഘങ്ങൾവഴി ഈ പ്രസ്ഥാനം ശരിപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെന്നു ഓർമ്മിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ അല്പമായി ശ്രമിച്ചിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു.

(ബെൽ)

<u>ശ്രീ. ആർ. ശങ്കർ:</u> സർ, ഈ പ്രശ്നത്തിൻെറ പല വശങ്ങളെയുംപററി ബഹുമാനപ്പെട്ട അംഗങ്ങൾ പലരും സംസാരിച്ചുകഴിഞ്ഞു. അതൊക്കെത്തന്നെ ആവർത്തിക്കണമെന്നു എനിക്കു വിചാരമില്ല. ഞാൻ വളരെ ചുരുങ്ങിയ സമയംകൊണ്ടു് ഗവൺമെൻറിൻെറ ശ്രദ്ധയിൽ ഒരു സംഗതി കൊണ്ടുവരണമെന്നു വിചാരിക്കുന്നു. ഈ പ്രശ്നത്തിൻെറ ഗൗരവം ഇപ്പോഴത്തെ ഗവൺമെൻറ് ഇതുവരെ മനസ്സിലാക്കിയിട്ടില്ലെന്നുള്ളതാണ് ആ വസ്തുത. പല പ്രാവശ്യവും ഈ നിയമസഭയിൽ പല അവസരങ്ങളിലായി പല സംഘങ്ങളും ഈ വിഷയം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കലും ഈ പ്രശ്നത്തെപ്പററി ശരിയായി പഠിക്കുന്നതിനുപോലും അധികാരത്തിലിരിക്കുന്നവർ തുനിഞ്ഞിട്ടില്ലെന്നു തോന്നത്തക്ക വിധത്തിലാണ് അവരുടെ മറുപടികളുടെ സ്വഭാവം. ഒരു ബഹുമാനപ്പെട്ട മന്ത്രിയോട് അടുത്ത ഒരു ദിവസം ചോദിച്ചപ്പോൾ എത്ര കഴി നൂലു കൂടുന്നതാണ് ഒരു കെട്ടെന്നും എത്ര കെട്ട് കൂടുന്നതാണ് ഒരു ബെയിലെന്നും അറിഞ്ഞുകൂടാ എന്നു മറുപടി പറയുകയുണ്ടായി. വളരെ ലജ്ജാകരമായ ഒരു സ്ഥിതിയാണ് അതെന്നു പറയാതെ നിവൃ

[Sri. R. Sankar]

തിയില്ല. അധികാരത്തിൽ വന്നിട്ട് ഒന്നോ രണ്ടോ ദിവസംമാത്രം കഴിഞ്ഞ ഒരു മന്ത്രിയാണ് അപ്രകാരം മറുപടി പറഞ്ഞതെങ്കിൽ സഹിക്കാമായിരുന്നു. വളരെക്കാലം ഈ ഡിപ്പാർട്ടുമെൻ്റിൻ്റെ ഭരണത്തിലിരുന്നിട്ട് ഈ വക കാര്യങ്ങൾ അറിഞ്ഞുകൂടാ എന്നു പറയുന്നതു് വളരെ ലജ്ജാകരമാണ്. ആ പ്രശ്നത്തെപ്പററി മന്ത്രിസഭയിലുള്ളവരും ഡിപ്പാർട്ടുമെൻ്റ മേധാവികളും വേണ്ടവണ്ണം ശരിയായി പഠിച്ചിട്ടില്ലെന്നു തോന്നിപ്പോകുന്നു. മൂന്നുകൊല്ലമായി ഇപ്പോഴത്തെ ഗവമ്മെൻ്റ് അധികാരത്തിൽ വന്നിട്ട്. ഈ മൂന്നു കൊല്ലത്തിനിടക്ക് എത്ര തറികൾ ഈ സംസ്ഥാനത്തുണ്ടെന്നു പറയാൻ അവക്കു സാധിക്കുന്നില്ല. ഓരോ അവസരത്തിലും ഓരോ കണക്കുകളാണ് പറയുന്നതു്. ശ്രീമാൻ നടരാജപിള്ള പറഞ്ഞതനുസരിച്ച് തിരുവിതാംകൂർ വിഭാഗത്തിൽ ൩൫,൦൦൦ തറികളുണ്ടെന്നു വിചാരിക്കുന്നു. ഏകദേശം ൧൫,൦൦൦ കൊച്ചിയിലും കാണുമെന്നുദ്ദേശിച്ച് ആകെ ൫൦,൦൦൦ തറികൾ ഉണ്ടെന്നാണു പറയുന്നതു്. യഥാത്ഥത്തിൽ നെയ്ത്തു നടത്തുന്ന ൫൦,൦൦൦ തറികളില്ലെന്നുള്ളതാണു പരമാത്ഥം.

ശ്രീ. കുട്ടൻ പറഞ്ഞതുപോലെ ബോക്കസ് തറികൾ ഉണ്ട്. അതു ശരിയായി കണ്ടുപിടിക്കാൻ ഗവമ്മെൻ്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഓരോ പ്രാവശ്യവും ആക്ഷേപം ഉണ്ടാകുമ്പോൾ ഒരു പുതിയ ബേസിസിൽ എന്യൂമറേഷൻ നടത്തുകയാണു ചെയ്യുന്നതു്. പുതിയ എന്യൂമറേഷൻ നടക്കുമ്പോൾ പഴയ കാർഡുകൾ ക്യാൻസൽ ചെയ്യുകയും ചെയ്യും.

എല്ലാത്തരത്തിലും ഇവിടത്തെ നൂൽ വിതരണം അനാശാസ്യമാണ്. നൂൽ ഉണ്ടാക്കുന്ന മില്ലുകളെത്തന്നെ വിതരണം ഏല്പിച്ചതു് അശേഷം ബുദ്ധിപൂവ്വകമല്ല. അതിനെപ്പററി പരാതികൾ ഉണ്ടായിട്ടുള്ളതു തിരുത്തുന്നതിന് ഗവമ്മെൻ്റ് യാതൊന്നും ചെയ്തിട്ടില്ല. നൂൽ കൂടുതൽ ഉണ്ടാക്കുന്നതിലേക്ക് പറയത്തക്ക യാതൊരു യത്നവും ചെയ്തിട്ടില്ല. ഇൻഡ്യയിൽ കൈത്തറി നെയ്ത്തുള്ള ഏതു സ്റ്റേററ എടുത്തുനോക്കിയാലും അതാതു സ്ഥലത്തുള്ള തറികളുടെ കണക്കനുസരിച്ച് കിട്ടേണ്ടതിൽ ചുരുങ്ങിയ തോതിൽ മാത്രമേ ഇവിടെ നൂൽ ലഭിച്ചിട്ടുള്ളു.

ഇന്നു ഈ സംസ്ഥാനത്തിലെ ആവശ്യത്തിനായി ലഭിക്കുന്ന നൂല് ഒട്ടുംതന്നെ പോരാതെയാണിരിക്കുന്നതു്. അതു നിശ്ചയമായും ഇവിടത്തെ ഗവമ്മെൻ്റിൻ്റെ അനാസ്ഥകൊണ്ടാണെന്നുള്ളതു് ഒട്ടും സംശയിക്കേണ്ടതില്ല. ഇവിടത്തെ മിൽ ഉണ്ടാക്കുന്നതായ നൂൽ ആൾ ഇൻഡ്യ പൂളിൻ്റെ നിർദ്ദേശമനുസരിച്ചു വിതരണം നടത്തണമെന്നാണു പറയുന്നതു്. ഇവിടത്തെ മില്ലിൽ കുറെ നൂൽ ഉണ്ടാക്കിയാൽ അതുപോലും ശരിയായി വിതരണം നടത്തുന്നില്ല. ൫൦൦ ബെയിൽ നൂൽ ഇവിടെ കിട്ടിക്കൊണ്ടിരുന്നു എന്നു പറയുകയുണ്ടായി. അതെല്ലാമാസങ്ങളിലും കിട്ടാറില്ല. നാലു മാസത്തോളം ഇവിടെ വിതരണമേ നടന്നിട്ടില്ല. ബാക്കിയുള്ള എട്ടുമാസത്തിൽ കാൽകെട്ടു നൂൽ വീതമാണ് ഇവിടെ വിതരണം നടത്തിയിട്ടുള്ളതു്. അപ്പോൾ ആകെ ഒരാണ്ടിൽ രണ്ടുകെട്ടു നൂൽമാത്രമാണ് ഒരു തറിക്കിവിടെ വിതരണം ചെയ്തിട്ടുള്ളതു്. അപ്പോൾ എത്ര അനാസ്ഥയോടുകൂടിയാണു ഇവിടെ വിതരണം നടത്തിയിട്ടുള്ളതെന്നു നമുക്കു കാണാൻ കഴിയും. ഇങ്ങനെയുള്ള വിഷമങ്ങൾക്കു കാരണം ഈ നൂൽ അത്രയും ബ്ളാക്കു മാക്കററിൽ വില്പന നടത്തുന്നതുകൊണ്ടാണ്. ഇവിടെ ബ്ളാക്കു മാക്കററല്ലാതെ വൈററ മാക്കററ് നടക്കുന്നില്ലാ എന്നുള്ള സംഗതി ഗവമ്മെൻ്റ അറിയുന്നുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. ഈ നാട്ടിൽ ൨൦-ാംനമ്പർ നൂലാണു നെയ്ത്തുകാക്കു ധാരാളമായി ആവശ്യമുള്ളതു്. അതിനു കെട്ടിനു

൪൭-ൽ ശിഷ്ടം രൂപാ ഫെയർ പ്രൈസ് ഉള്ളപ്പോൾ ഇപ്പോഴത്തെ ബ്ലാക്ക മാർക്കറ്റിൽ അതിൽ നാല്പത്തിയേഴോ നാല്പത്തിയെട്ടോ രൂപയാണെന്നാണ് ഞാൻ അറിയുന്നതു്. അതു് ആവശ്യത്തിന ലഭിക്കുകയും ചെയ്യുന്നു. അപ്പോൾ ൩൦ രൂപായിൽ അധികം ബ്ലാക്ക മാർക്കറ്റുകാർക്ക് ഒരു കെട്ട നൂലിൽനിന്നും ആദായം ലഭിക്കുന്നു. തന്മൂലം നെയ്ത്തുകാർക്ക് കിട്ടുന്നതായ കാൽകെട്ടോ രണ്ട കഴിയോ നൂലു് ബ്ലാക്ക മാർക്കറ്റിൽ കൊടുക്കാൻ താല്പര്യപ്പെടുന്നു. അങ്ങിനെ കാൽ കെട്ട നൂലു് ബ്ലാക്ക മാർക്കറ്റിൽ കൊടുക്കുന്നവന് ഏഴര രൂപാ കൈയ്യിൽകിട്ടും. ഈ സമ്പ്രദായം തുടൎന്നുവരുന്നതുമൂലം നെയ്ത്തു വ്യവസായം തന്നെ അധഃപ്പതിച്ചുപോകുന്നു. തറികൾ ഉള്ളവൎക്കുതന്നെ ആ വ്യവസായം തുടൎന്നുകൊണ്ടുപോകുന്നതിനുള്ള സാഹചര്യങ്ങളും ഇല്ല. ബ്ലാക്ക മാർക്കറ്റിൽ നാല്പതുകെട്ടുള്ള ഒരു ബെയിലിന ൫,൨൦൦ രൂപയാണ അധികവില കിട്ടുന്നതു്. ഇതു ചെറിയ കാൎയ്യമൊന്നുമല്ല. ഇങ്ങിനെ ഇവിടെ കിട്ടുന്ന ൧൦൦-ാം ൨൦൦-ാം ബെയിൽ നൂലു് ബ്ലാക്ക മാർക്കറ്റിൽ വില്ക്കുന്നപക്ഷം ഏകദേശം നാലു ലക്ഷത്തി എൺപതിനായിരം രൂപാ ഉണ്ടാകുന്നതാണ്. ചെറിയ ഉദ്യോഗസ്ഥന്മാരായി ഇതിലേയ്ക്കു് നിയമിച്ചിട്ടുള്ളവർ പൊതുവേ അഴിമതിക്കാരാണ്. എല്ലാവരും അങ്ങനെ ആണെന്നു പറയുന്നില്ല. തറികളുടെ കണക്കെടുക്കുന്നതിലേയ്ക്കു് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർതന്നെ തറികൾ ഇല്ലാത്തവരുടെ കണക്കുകൂടി ഉൾപ്പെടുത്തുകയും തറികൾ ഉള്ളവരുടെ കണക്ക പാവപ്പെട്ടവരാണെങ്കിൽ ഉൾപ്പെടുത്താതെയും ഇരിക്കുന്നുണ്ട്. തന്മൂലം സാധുക്കളായിട്ടുള്ളവൎക്ക് വളരെ ക്ലേശം അനുഭവമാകുന്നു. ഈ വക കാൎയ്യങ്ങൾ ഗവമ്മെണ്ടു വളരെ ഗൗരവമായിട്ടു ചിന്തിക്കേണ്ടതാണ്. ഇതിലേക്ക് വളരെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക മേൽനോട്ടത്തിൽ തറികളുടെ കണക്ക എടുക്കുകയും ഇവിടെ നിന്നും ലഭിക്കുന്ന നൂലു് യാതൊരു നീക്കുപോക്കും കൂടാതെ കാർഡിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്തുള്ളവൎക്ക് വിതരണം ചെയ്യുകയും ചെയ്തിരുന്നുവെങ്കിൽ ഇത്ര പരിതാപകരമായ ഒരവസ്ഥ ഈ നാട്ടിൽ ഉണ്ടാകുന്നതല്ലായിരുന്നു. ഈ രാജ്യത്തിലെ നെയ്ത്തുകാരുടെ ആവശ്യത്തിന ഇപ്പോൾ കിട്ടിവരുന്ന നൂലു് വളരെ കുറവാണ്. ഈ വ്യവസായത്തെ സംബന്ധിച്ചു് എനിക്കുള്ള അറിവു വളരെ പരിമിതമല്ല. എന്റെ അറിവു വച്ചുകൊണ്ടു പറയുകയാണെങ്കിൽ ഇന്നു ഓരോ തറിക്കും കുറഞ്ഞതു നാലുകെട്ടും നൂൽ ആവശ്യമുണ്ട്. എത്ര കുറഞ്ഞാലും ഒരു നെയ്ത്തുകാരന രണ്ടുകെട്ട നൂൽ വീതമെങ്കിലും ഇവിടെ കിട്ടുന്നതിന ഇപ്പോഴത്തെ സെൻസസ്സ് അനുസരിച്ചു ൭൦,൦൦൦ തറികൾ ഉണ്ടെന്നു പറയുന്ന സ്ഥിതിക്ക് ഏകദേശം ൩,൦൦൦ ബെയിൽ നൂൽ ഇവിടെ മാസംതോറും കിട്ടണം. ഇന്നത്തെ രീതിയിൽ മാത്രം ഇവിടെ നൂൽ കിട്ടുന്നപക്ഷം ഈ വ്യവസായം കാലക്രമത്തിൽ അധഃപ്പതിച്ചുപോകുന്നതാണ്. അങ്ങിനെ ഒരു സ്ഥിതി ഉണ്ടാകാതെ നോക്കേണ്ടതാണ്. ഇവിടെ കിട്ടുന്ന നൂലു് ഇവിടെയുള്ള നെയ്ത്തുകാൎക്കുതന്നെ കിട്ടത്തക്കവണ്ണം ഒരു വ്യവസ്ഥ ഉണ്ടാക്കണം. സർ സി. പി. രാമസ്വാമി അയ്യർ ഇവിടത്തെ നൂൽ ശരിയായി വിതരണം നടത്തുന്നതിലേയ്ക്കു് ചില വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനെപ്പററി ഇവിടെ മി. കുട്ടൻ പറയുകയുണ്ടായി. അന്നു് ഇത്രയും അനാസ്ഥ കാണിച്ചിരുന്നില്ല. അന്നു താലൂക്ക കമ്മിററികൾ മുഖേന നൂൽ വിതരണം നടത്തണമെന്നുള്ള ഒരു വ്യവസ്ഥയുണ്ടായിരുന്നതായി പറഞ്ഞു. ആ വ്യവസ്ഥ അനുസരിച്ചു അവർ ഒരു വിധം ഉത്തരവാദിത്വത്തോടുകൂടി പ്രവൎത്തിച്ചിരുന്നുവെന്നു അനുഭവപ്പെട്ടിട്ടുണ്ട്. അന്നു കുറഞ്ഞതു് ഒരു മാസത്തിൽ ഒരുകെട്ട നൂൽ എന്ന കണക്കിന കിട്ടിക്കൊണ്ടിരുന്നു.

[Sri. R. Sankar]

ഇന്നു് ഈ രാജ്യത്തുണ്ടായിരിക്കുന്ന നൂൽക്ഷാമം ഇല്ലാതാക്കുന്നതിനു്, തറികൾ ഇല്ലാത്തവർക്കു് നൂൽവിതരണം നടത്തി ബ്ലാക്കു മാർക്കററു ചെയ്യുന്നതിനുള്ള സൗകര്യം കൊടുക്കാതെ സൂക്ഷിക്കുകയും, നെയ്ത്തു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പാവപ്പെട്ടവരായ നെയ്ത്തുകാർക്കു് ആവശ്യത്തിനുള്ള നൂൽ കാർഡിൻെറ അടിസ്ഥാനത്തിൽ വിതരണം ചെയ്കയും ആണു വേണ്ടതു്. ഇന്നു ഈ രാജ്യത്തു പത്തൻപതിനായിരം കുടുംബങ്ങൾ ഏററവും പുരാതനമായ ഈ വ്യവസായത്തിൽ ഏർപ്പെട്ടു ജീവിതം കഴിച്ചു കൂട്ടുന്നുണ്ടെന്നുള്ള വസ്തുത ഗവമ്മെണ്ടു മറക്കരുതു്. കയർ വ്യവസായം കഴിഞ്ഞാൽ സാമ്പത്തികമായ ഏററവും പ്രധാനമായ കുടിൽ വ്യവസായം ഇതാണു്. അതുകൊണ്ടു് ഗവമ്മെണ്ടു ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ തൊഴിൽ രഹിതരാക്കിത്തീർക്കാതെ രക്ഷിക്കേണ്ടതുമാണു്.

നൂലിൻെറ ക്ഷാമത്തെപ്പററി ഇൻഡ്യാ ഗവമ്മെണ്ടിൽ നിവേദനം നടത്തിയതിൻെറ ഫലമായി അടുത്തുതന്നെ ഇവിടത്തേയ്ക്കുള്ള ക്വോട്ടാ വർദ്ധിപ്പിക്കുന്നതാണെന്നു ഇൻഡ്യാ ഗവമ്മെണ്ടിൽനിന്നും മറുപടി കിട്ടിയതായും ഇവിടെ പറയുകയുണ്ടായി. അതു കേട്ടുകൊണ്ടു നാം ഇരുന്നാൽ കാര്യം ഇനിയും കുഴപ്പമായിരിക്കും. ഇൻഡ്യാ ഗവമ്മെണ്ടിൻെറ അടുത്തു വളരെ കാര്യമായി പ്രക്ഷോഭണങ്ങളും സമ്മർദ്ദവും കൊണ്ടു ചെല്ലുന്നവർക്കുമാത്രമേ കാര്യം സാധിക്കുന്നുള്ളു. മദ്രാസിൽ ഇതുപോലെ നൂൽക്ഷാമം ഉണ്ടായപ്പോൾ അവിടത്തെ എം. പി. മാർ മുഴുവൻ ഡൽഹിയിൽ കേന്ദ്രഗവമ്മെണ്ടു മുമ്പാകെ നിവേദനം നടത്തിയതിൻെറ ഫലമായി അവരുടെ ക്വോട്ടാ ഇപ്പോൾ വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ ഇവിടത്തെ എം. പി. മാർ അവിടെയുണ്ടെങ്കിലും അവർക്കു് ഈ കാര്യങ്ങൾ ശ്രദ്ധിക്കാൻ സൗകര്യമില്ല. അവർ ഇപ്പോഴത്തെ മന്ത്രിസഭാമാററത്തിലും മററുമാണു് കൂടുതലായി ശ്രദ്ധിക്കുന്നതു്. ചിലർ അതുസംബന്ധിച്ചു ഇങ്ങോട്ടു പോരുകയാണെന്നും അറിയുന്നതിനിടയായി. ഈ ഡൽഹിയിൽ താമസിക്കുന്ന നമ്മുടെ എം. പി. മാർ പ്രത്യേകം ശ്രമിച്ചിരുന്നെങ്കിൽ എന്തെങ്കിലും ഇതിലേയ്ക്കുവേണ്ടി അവർക്കു ചെയ്യുവാൻ സാധിക്കുമായിരുന്നു. അടുത്ത മാസത്തേയ്ക്കെങ്കിലും ഈ വിഷമാവസ്ഥയ്ക്കു് ഒരു പരിഹാരം ഉണ്ടാക്കുവാൻ വേണ്ടതൊക്കെ ഈ ഗവമ്മെണ്ടു ചെയ്യുമെന്നു വിശ്വസിക്കുന്നു.

Sri. K. Sivarama Pillai: Sir, this question has to be viewed from two aspects; one is that of the weavers and the other that of the consumers. So far as the weavers are concerned, I heard different views as regards the quantity that is required. From a personal knowledge and also from news supplied by people who were professional weavers by generation for the last 150 years, I can say that so far as 20's are concerned, 5 bundles is the minimum required for work, and that gives work for fifteen days. So far as 40's are concerned, it is two bundles, and for 60's, it is one and a half bundles. These are the minimum required to work and that will give work only for 15 days in a month. The latest distribution done in Nagercoil is two 'catches' that is, one pound of 20's for a loom. For a worker with one loom, this quantity would last, in respect of 50 pounds, four and a half years to complete the quota, so that he may put them in his loom. Therefore, necessarily he has to sell it to another. The first thing that the Government has to do is to put an end to their selling in the black market. If you give a person less than what is required to put in the loom, necessarily a poor man has no other go but to sell it, and he sells it in the black market. So, the Government is only an abettor so far as that is concerned. What the Government has, therefore, to do is to see that whatever be the quantity that is obtained, that quantity is used properly.

Now, they are distributing it to the co-operative societies. The co-operative societies have to insist that whatever quantity is given, the cloth has to be returned. If that is insisted upon, many of the looms in Central Travancore could not be in the record. My friend was saying that in Neyyattinkara, there were 40 to 50 looms. I asked him what the number was before 1944, and how much of it was purchased. The entire yarn given in Neyyattinkara and the south of Trivandrum finds its way the very night to Nagercoil. And there, because there are professional weavers, they have to buy it. It is true that as Mr. P. S. Nataraja Pillai said, last week Rs. 61 was the price for 20's. It is selling at four times the previous price. But the latest price is Rs. 35 only. In Madras they issue one bundle per loom. There is no demand at Vadasseri, and so, the black market price rests upon Vadasseri. If they can export the cloth immediately, the price rises. If they cannot do it, it falls down. Instead of per capita distribution so that all must get it, a better method must be devised. The per capita system is of no use.

I say Government is an abettor. Last time, one of the Ministers, when answering a question, was saying that from 1945 to 1950, the quota was 1,900 bales but the demand is only for 1,100 bales. It was a deliberate act on the part of the Government, in consulation with the merchants, to create artificial scarcity here so that there may be black market. There was demand in our place for more than 2,000 bales even then, but the Government could not get that quantity. Whatever be the quantity which the Government gets, you must see that it is distributed and is worked in the loom and purchased by the co-operative society. Or, as some other member said, give each loom the quantity required, and see that the loom-holder works. If he does not work, cancel the quota. That is the only possible thing to do.

As regards the consumers, it is better that control is taken away. It is a waste of the consumers' money. For the last four and a half years, we have got this control. In spite of a thousand and odd bales being brought down, in spite of a large expenditure on the Control Departments and in spite of it being given at controlled rates, can the Textile Department supply one yard of cloth manufactured in our State at the controlled rate? The rate is calculated as if the whole yarn is purchased at the black market rate and one 20's cloth—two yards—is worth Rs. 4½ now. That means, even at the rate of Rs. 60, it is less. I submit that so far as consumers are concerned, it is better the department is abolished and no yarn is supplied to anybody, because it is immaterial for them. Whatever the Department gets and whatever it gives, the consumers are not benefited. If the weavers are to be benefited, it is to be seen that proper distribution has to be effected and each loom is supplied the full quantity. If they cannot be numbered serially, give them at so much quantity for so many looms. Otherwise, per capita distribution only enables them to sell it to other loom-holders and make a profit.

ശ്രീ. ടി. കെ. കുഞ്ഞപ്പൻ: ഒരു നെയ്ത്തുകാരനു ശരാശരി ൩ മുതൽ ൫ കെട്ടുവരെ നൂൽകൊണ്ടു വേലചെയ്യുവാൻ കഴിയുമെന്നിരിക്കെ ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നതു് അരക്കെട്ടു നൂൽ മാത്രമാണെന്നു ഇവിടെ പലരും പറഞ്ഞു കഴിഞ്ഞു. അതു സഹിക്കാം. എന്നാൽ അരക്കെട്ടു നൂൽതന്നെ കിട്ടാതിരിക്കുന്നു എന്നതാണു പരമാർത്ഥം. നാലോ അഞ്ചോ കഴിമാത്രം കിട്ടുന്ന മാസങ്ങളുണ്ടു്. അതുതന്നെ കിട്ടുന്നതിനുവേണ്ടി പതിനഞ്ചും ഇരുപതും മൈൽ ദൂരം വഴിനടന്നു തലസ്ഥാന നഗരിയിൽവന്നു വൈകുന്നേരം ആകുമ്പോഴും നൂൽ കിട്ടാതെ നിരാശയോടെ മടങ്ങിപ്പോകേണ്ടിവരുന്നു എന്നു വന്നാലത്തെ കഥയെന്താണു്. അതുതന്നെ നാലും അഞ്ചും തവണ ആവർത്തിക്കുക എന്നുവന്നാലോ?

[Sri. T. K. Kunhayyappan]

തിരുവിതാംകൂർ ഭാഗത്തു നൂൽ വിതരണത്തിന്റെ ഒരു പ്രധാനഭാഗം നടത്തിവരുന്നതു് ഇവിടെ നൂലുണ്ടാക്കുന്ന മില്ലുതന്നെയാണു്. ആ മിൽ തന്നെയാണു് തറികളുടെ സെൻസസ്സ് തിട്ടപ്പെടുത്തിയിരിക്കുന്നതു്. നൂലുണ്ടാക്കുന്ന മില്ലിനെ തന്നെ തറികളുടെ കണക്കെടുപ്പാനും നൂൽ വിതരണം ചെയ്യാനും ഏല്പിച്ചാൽ ഒക്കുമോ? ഇവിടത്തെ ബുദ്ധിമുട്ടുകൾക്കെല്ലാം ഒരു പ്രധാന കാരണം മേല്പറഞ്ഞ ചുമതലകൾ നൂലുണ്ടാക്കുന്ന മില്ലിനെതന്നെ ഏല്പിച്ചതാണു്. ഏതെങ്കിലും ദിവസത്തിൽ നൂൽ വിതരണമുണ്ടെന്നു മില്ലുടമ പരസ്യപ്പെടുത്തും. അതുകേട്ടു ആശയോടുകൂടി നെയ്ത്തുകാർ ബഹുദൂരം സഞ്ചരിച്ചു തലസ്ഥാന നഗരിയിൽ എത്തി നാലോ അഞ്ചോ മണിവരെ കാത്തിരുന്നതിനുശേഷം നൂൽ ഇല്ലെന്നുള്ള മറുപടിയും കേട്ടു നിരാശയോടെ മടങ്ങിപ്പോകുന്ന ഒരു അനുഭവമാണു് ഉണ്ടാകുന്നതു്. നൂലെല്ലാം ഇല്ലാത്ത തറികൾക്കു വിതരണം ചെയ്തുകഴിഞ്ഞിരിക്കും.

നൂൽ വിതരണം സഹകരണസംഘങ്ങളെ ഏല്പിക്കുന്നതിനെ സംബന്ധിച്ചു് ഇവിടെ പറയുകയുണ്ടായി. തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ നൂൽ വിതരണം ചെയ്യുന്നതു് അവിടത്തെ സെൻട്രൽ കോട്ടേജ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയാണു്. യാതൊരു ആക്ഷേപവുമില്ലാതെ അവിടെ നൂൽവിതരണം ചെയ്യാൻ ആ സംഘത്തിനു കഴിയുന്നുണ്ടു്. വേറെ യാതൊരു ഏജൻസിക്കും അവിടെ നൂൽ വിതരണം അനുവദിച്ചിട്ടില്ല. ഏഴെട്ടു ശാഖകൾ വഴിയും പ്രാഥമിക സംഘങ്ങൾ വഴിയുമായിട്ടാണു് മാർക്കറ്റിംഗ് സൊസൈറ്റി ഈ ജോലി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. അങ്ങിനെ യാതൊരു കുഴപ്പവുമില്ലാതെ അവിടെ സഹകരണത്തിനു നൂൽ വിതരണം നടത്താമെങ്കിൽ ഇവിടെയും അതു സാദ്ധ്യമാണു്. പക്ഷെ ഈയിടെ അവിടെ ഒരു ആപത്തു സംഭവിച്ചു. ൧൧൨൬-ൽ രണ്ടാമത്തു നൂലിനു നിയന്ത്രണം ഏർപ്പെടുത്തിയ കാലത്തു അവിടെ ൩,൦൦൦ തറികളാണു് പ്രവർത്തിച്ചുകൊണ്ടിരുന്നതു്. ഈ ൩,൦൦൦ തറികൾക്കുമായി മുന്നൂറ്റിഎൺപതുമുതൽ മുന്നൂറ്റതൊണ്ണൂറുവരെ ബെയിൽ നൂലു് അവിടെ ലഭിച്ചിരുന്നു. അതിൽ ൩൦൦ ബെയിൽ കൊച്ചി അഴകപ്പാ ടെക്സ്റ്റയിൽസിൽനിന്നും ബാക്കി മുളകുന്നത്തുകാവിലുള്ള മഹാലക്ഷ്മി ടെക്സ്റ്റയിൽസിൽനിന്നുമാണു് കിട്ടിവന്നതു്. അഴകപ്പാമില്ലിൽനിന്നുള്ള ക്വാട്ട ൧൫൦ ബെയിലാക്കി കുറച്ചു. അപ്പോൾ അത്രയും നൂലു് പുറത്തുനിന്നും കിട്ടുന്നതിനും ഏർപ്പാട് ചെയ്തിരുന്നു. അങ്ങിനെ യാതൊരു കുഴപ്പവുംകൂടാതെ നടന്നുവരവേയാണു് സംയോജനം വന്നതു്. കൊച്ചി വിഭാഗത്തോടുകൂടി തിരുവിതാംകൂറിലെ കുന്നത്തുനാടും പറവൂരും താലൂക്കുകൾകൂടി കൂട്ടിച്ചേർത്തു തൃശ്ശൂർ ഡിസ്ട്രിക്റ്റ് ഉണ്ടാക്കി. ആ രണ്ടു താലൂക്കുകളിലേയും നൂൽ വിതരണംകൂടി മാർക്കറ്റിംഗ് സൊസൈറ്റിയെ ഏല്പിച്ചു. ഈ രണ്ടു താലൂക്കുകളിലുംകൂടി ൧,൫൦൫ തറികൾ ഉണ്ടു്. അങ്ങനെ ഡിസ്ട്രിക്റ്റിലെ തറികളുടെ എണ്ണം ൩,൦൦൦-ൽ നിന്നും ൪,൫൦൫ ആയി വർദ്ധിച്ചു. എങ്കിലും നൂലിന്റെ ക്വാട്ടാ കൂടുതലായില്ല. ആദ്യമേ അനുവദിച്ചിരുന്ന ക്വാട്ടാകൊണ്ടുതന്നെ ഈ രണ്ടു താലൂക്കുകളിലുംകൂടി വിതരണംചെയ്യേണ്ടിവന്നു. അങ്ങിനെ കൊച്ചിവിഭാഗത്തിനുമുമ്പു കിട്ടിയിരുന്ന നൂലു് വളരെ ഗണ്യമായ തോതിൽ കുറയാൻ ഇടയായി. ൩൦൦ ബെയിൽ വീതം കിട്ടിക്കൊണ്ടിരുന്ന അഴകപ്പാ ടെക്സ്റ്റയിൽസിൽനിന്നും കഴിഞ്ഞ ജനുവരിമാസത്തിൽ കേവലം ൧൦൦ ബെയിൽ മാത്രമാണു് കിട്ടിയതു്. കഴിഞ്ഞ ജൂലൈമാസത്തിൽ അതുപോലും കിട്ടിയില്ല. ഫെബ്രുവരിമാസത്തിൽ വെറും ൪൫ ബെയിൽ നൂലുമാത്രമാണു് അഴകപ്പാ ടെക്സ്റ്റയിൽസിൽനിന്നു കിട്ടിയതു് എന്നറിയുന്നു, പുറമേനിന്നു ൩൫ ബെയിലും. ഇങ്ങനെ ൧൨൦ ബെ

യിൽ നൂല് മാത്രമാണ് ഫെബ്രുവരി മാസത്തിൽ വിതരണത്തിനു ലഭിച്ചതു്. തിരുവിതാംകൂർ വിഭാഗവുമായി പൂളിങ്ങ് നടത്തിയതുമൂലം കൊച്ചി വിഭാഗത്തിനു ക്രമമായി ലഭിച്ചുകൊണ്ടിരുന്ന നൂലുപോലും ഇപ്പോൾ കിട്ടാതായിരിക്കുന്നു. അവിടത്തെ നെയ്ത്തു തൊഴിലാളികൾക്കും ജനങ്ങൾക്കു പൊതുവേയും ഇതുമൂലം വളരെ അസംതൃപ്തി ഉണ്ടായിട്ടുണ്ട്. അതു വളർന്നുവരികയുമാണ്. മദ്രാസ് സംസ്ഥാനത്തിൽ നെയ്ത്തുകാർ നൂലിനുവേണ്ടി പ്രക്ഷോഭണങ്ങളും സത്യാഗ്രഹങ്ങളും നടത്തുന്നതായിട്ടും ജയിലിൽ പോകുന്നതായിട്ടും പത്രങ്ങളിൽ റിപ്പോർട്ടു ചെയ്യുകാണുന്നു. തിരു-കൊച്ചിയിലെ നെയ്ത്തുതൊഴിലാളികൾ മദ്രാസിലെ നെയ്ത്തുതൊഴിലാളികളെക്കാൾ എത്രയോ കൂടുതൽ അവശതകളെനുഭവിച്ചുകൊണ്ടിരുന്നിട്ടും പ്രക്ഷോഭണത്തിനും സത്യാഗ്രഹത്തിനുംമററും മുതിർന്നിട്ടില്ലെങ്കിൽ ആ നില എന്നും നില്ക്കുമെന്നു കരുതരുതു്. ഈയിടെ നമ്മുടെ നാട്ടിലും സമരശബ്ദം ഉയർന്നുവരുന്നതു കേൾക്കാൻ കഴിയുന്നുണ്ട്. കഴിഞ്ഞമാസത്തിൽ തൃശ്ശൂരിലെ നെയ്ത്തു സംഘടനകളുടെ പ്രതിനിധികളുടെ ഒരു സമ്മേളനം നടക്കുകയുണ്ടായി. അതിൽ നൂല് കിട്ടാത്തതുകൊണ്ടുള്ള വിഷമതകളെപ്പററിയും അതിനു പരിഹാരമുണ്ടാക്കുന്നതിനു സ്വീകരിക്കേണ്ട നടപടികളെപ്പററിയും ആലോചിച്ചു. ആ സമ്മേളനത്തിൽ നെയ്ത്തുതൊഴിലാളി പ്രതിനിധികളുടെ കഠിനമായ പ്രതിഷേധത്തിൻേറയും അസംതൃപ്തിയുടേയും ശബ്ദം ഉയർന്നുകേട്ടു. അവർ ഉറച്ച സ്വരത്തിൽതന്നെ പറയുകയുണ്ടായി അവക്കു നൂലു നൽകുവാൻ മാർക്കററിംഗ് സൊസൈററിക്കു സാദ്ധ്യമല്ലെങ്കിൽ സത്യാഗ്രഹം നടത്താനോ ജയിലിൽ പോകാനോ അവർ തയ്യാറാണെന്ന്. പത്രങ്ങളിലെല്ലാം ഈ വിവരം റിപ്പോർട്ടു ചെയ്തിരുന്നു. ഗവമ്മെണ്ടു ഈവക കാര്യങ്ങളിൽ വേണ്ടത്ര മനസ്സുവയ്ക്കുന്നില്ലെന്ന് പലരും ആക്ഷേപം പുറപ്പെടുവിച്ചിട്ടുണ്ട്. ആ ആക്ഷേപങ്ങളോടു യോജിക്കാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ല. ജനുവരി ൨൭-ാംനു നാലു വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി പാർട്ടി തീരുമാനമെടുത്തു. ഫെബ്രുവരി ഒന്നാം തീയതിമുതൽ തന്നെ ഇവിടെ ഡിവിസിസ്റ്റം നടപ്പാക്കാൻ ഇവിടത്തെ ഗവമ്മെണ്ടിനു കഴിയുമെങ്കിൽ, നെയ്യുന്ന തറികളുടെ കണക്കെടുപ്പാനും, കിട്ടുന്ന നൂൽ ക്രമമായി വിതരണം ചെയ്യാനും കഴിയില്ല എന്നു വരുമോ? ഈ നാട്ടിലെ ഏററവും പ്രധാനപ്പെട്ട-വ്യവസായങ്ങളിൽ ഒന്നായ ഈ കൈത്തറി നെയ്ത്തിനെയും, ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പാവപ്പെട്ടവരെയും അവഗണിച്ചുകൂടാ. ഈയിടെ സ്റ്റോക്ക് ഹാമിൽവെച്ചു നടന്ന ഒരു പ്രദർശനത്തിൽ തിരുവിതാംകൂർ-കൊച്ചിയിലെ കൈത്തറി നെയ്ത്തു സാരികൾ പ്രദർശിപ്പിക്കുകയുണ്ടായി. നേർത്ത നൂൽകൊണ്ടു നെയ്യെടുത്ത പ്രസ്തുത സാരികൾ കൈകൊണ്ടു നെയ്യെടുത്തവയെന്നു ആ നാട്ടുകാർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല പോലും. നാടിനു വിദേശങ്ങളിൽപോലും പേരുണ്ടാക്കിത്തരുന്ന ഈ വ്യവസായത്തെ ഇങ്ങനെ നശിക്കാൻ വിടാമോ? ആ വ്യവസായത്തെ കൊല്ലുകയും അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പട്ടിണിക്കിടുകയും ചെയ്യുന്നതു ആപത്താണ്. ഈ പ്രശ്നത്തിനു പരിഹാരം കാണാതിരിക്കുന്നതു വളരെ അനീതിയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: കഴിഞ്ഞ കുറെ അധികം സമയമായി എന്റെ പല സ്നേഹിതന്മാരും ഇവിടെ സംസാരിച്ചതു് നൂൽ ആവശ്യമുള്ളിടത്തോളം കിട്ടുന്നില്ലെന്നുള്ള കാര്യത്തെപ്പററിമാത്രമാണ്. ആ വസ്തുതയെ സംബന്ധിച്ചു കൂടുതലായി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. കൈത്തറി നെയ്ത്തിനെപ്പററി പറയുമ്പോൾ കൈത്തറികളിൽ നെയ്യുണ്ടാകുന്ന സാധന

[Sri. Ponnara G. Sreedhar]

ങ്ങൾക്ക് ഈ നാട്ടിൽ മാത്രമേ മാർക്കറ്റുള്ളു എന്നും, വിദേശങ്ങളിൽ അവയ്ക്കു ഒരു മാർക്കറ്റില്ല എന്നുമുള്ള ഒരു തെറ്റിദ്ധാരണ ഇവിടെ സംസാരിച്ച പലർക്കും ഉള്ളതുപോലെ കണ്ടു. ആ വിഷയത്തെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ ഗവൺമെണ്ടിനുതന്നെ അറിയാൻ പാടില്ലാത്ത ചില കാര്യങ്ങൾ എനിക്ക് അറിയിക്കുവാനുണ്ട്. കൈത്തറികൾ ഉപയോഗിച്ചു തിരുവിതാംകൂറിലുണ്ടാക്കുന്ന പലസാധനങ്ങൾക്കും ഇൻഡ്യക്കു പുറമെ പ്രത്യേകിച്ചു കാനഡാ, ആസ്ട്രേലിയ മുതലായ സ്ഥലങ്ങളിൽ നല്ല മാർക്കറ്റുണ്ട്. ഇന്നു കാനഡായിലും അമേരിക്കയുടെ മറ്റു ചിലഭാഗങ്ങളിലും, ആസ്ട്രേലിയായിലും മറ്റും ധാരാളമായി ഉപയോഗിച്ചുവരുന്ന ടർക്കിഷ് ടൗവ്വലുകളും, വിൻഡോകർട്ടനുകളും തിരുവിതാംകൂറിൽനിന്നും പോകുന്നതാണ്. അതുപോലെ മലയാ മുതലായ സ്ഥലങ്ങളിൽ ധാരാളമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ലുംഗീസും തെക്കൻ തിരുവിതാംകൂറിൽനിന്നും മദ്രാസ് സംസ്ഥാനത്തിലെ തിരുനൽവേലിയിൽനിന്നും നെയ്തുണ്ടാക്കിപ്പോകുന്നതാണ്. ഈ നിലയിൽ ഇൻഡ്യാഗവൺമെണ്ടിന് വളരെ അധികം ഡാളർ സമ്പാദിച്ചുകൊടുക്കുന്ന ഒരു വ്യവസായമാണ് ഈ കൈത്തറി നെയ്ത്തുവ്യവസായം.

Facts Finding Committeeയുടെ റിപ്പോർട്ടനുസരിച്ചു ൧൯൪൮-ൽ തിരുവിതാംകൂറിൽ മുപ്പതിനായിരത്തോളം തറികൾമാത്രമേ ഉണ്ടായിരുന്നുള്ളു. മുപ്പതിനായിരം തറികൾ പ്രവർത്തിക്കുന്നു എന്നു പറഞ്ഞാൽ ഏകദേശം ഒരു ലക്ഷത്തി അൻപതിനായിരം ആളുകൾ അതുകൊണ്ടു ഉപജീവിക്കുന്നു എന്ന് അർത്ഥമാണ്. ഇന്നത്തെ സ്ഥിതി പറയുകയാണെങ്കിൽ തിരുവിതാംകൂറിൽ എത്ര തറികൾ പ്രവർത്തനത്തിലിരിക്കുന്നു എന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെണ്ടിന്റെ കയ്യിൽ യാതൊരു കണക്കുകളുമില്ല. ൧൯൪൮-ലെക്കാൾ വളരെ വർദ്ധിച്ചിട്ടുണ്ടെന്നു നിശ്ചയമാണ്. Facts Finding Committee റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി കണക്കാക്കുകയാണെങ്കിൽതന്നെയും ഒരു ലക്ഷത്തി അൻപതിനായിരത്തിൽ കുറയാത്ത ആളുകൾ കൈത്തറിനെയിത്തുകൊണ്ട് ഉപജീവിക്കുന്നുണ്ടെന്നു കാണാവുന്നതാണ്. എന്റെ സ്നേഹിതൻ ശ്രീ. ശങ്കർ ഇവിടെ പറയുകയുണ്ടായി നൂലിന്റെ വില മൂന്നിരട്ടിവരെ മാർക്കറ്റിൽ വർദ്ധിച്ചിട്ടുണ്ടെന്ന്. എന്നാൽ മൂന്നിരട്ടിയും നാലിരട്ടിയുമൊന്നുമല്ല വർദ്ധിച്ചിട്ടുള്ളത്. തിരുവനന്തപുരം മാർക്കറ്റിലെ ഇന്നത്തെ വില എന്താണെന്നു സൂക്ഷ്മമായി അറിയുന്നതിനുവേണ്ടി ലഞ്ചുസമയത്തു ഞാൻ ഒരാളെ അയച്ചു അന്വേഷിപ്പിക്കുകയുണ്ടായി.

൧൯൪൮-ൽ ചിലപ്പാനം രൂപ വിലനിശ്ചയിച്ചിട്ടുള്ള ൨൦-ാംനമ്പർ നൂലിന്റെ ഇന്നത്തെവില ൮൨ രൂപയാണ്. ൨൧ രൂപ ൪ണ. നിശ്ചയിച്ചിട്ടുള്ള ൪൦-ാംനമ്പർ നൂലിന്റെ വില ൭൦ രൂപയാണ്. ൧൯ രൂപ നിശ്ചയിച്ചിട്ടുള്ള ൮൦-ാംനമ്പർ നൂലിന്റെവില ൮൫ രൂപയാണ്. ടർക്കിഷ് ടൗവ്വലിനും മറ്റു ഉപയോഗിക്കുന്ന ൨൦-ാംനമ്പർ മുറുക്കുനൂലിനു നിശ്ചയിച്ചിട്ടുള്ള വില ൧൯ രൂപയാണ്. അതിന് ഇന്ന് തിരുവനന്തപുരം മാർക്കറ്റിലെവില ൫൫ രൂപയിൽ കൂടുതലാണ്. ഈ വിലക്കൂടുതൽ കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയ്ക്കു ഉണ്ടായതാണ്. ൮ മാസത്തിനുമുമ്പ് നമുക്കു കിട്ടിക്കൊണ്ടിരുന്ന നൂലു ഇപ്പോഴും കിട്ടുന്നുണ്ട്. വലിയ വ്യത്യാസം ഒന്നുമില്ല. എന്നാൽ ഇത്രപെട്ടെന്നു നൂലിനു ക്ഷാമം വരുന്നതിനും ബ്ലാക്കുമാർക്കറ്റു ഉണ്ടാകുന്നതിനും കാരണം എന്താണെന്നും നാം ഒന്ന് അന്വേഷിക്കേണ്ടതാണ്. ൮ മാസങ്ങൾക്കുമുമ്പു വന്നുകൊണ്ടിരുന്ന നൂലുകൊണ്ടു നെയ്ത്തുകാർക്കു കഷ്ടിച്ചു നൂൽ ലഭിച്ചുകൊണ്ടിരു

ന്നു. അത്രയും നൂൽ ഇപ്പോഴും ലഭിക്കുന്നുണ്ടെങ്കിലും നെയ്ത്തുകാർക്കു നൂൽ ലഭിക്കുന്നില്ല. ഇതിന്റെ കാരണം അന്വേഷിക്കുകയാണെങ്കിൽ ഇന്നത്തെ ഗവമ്മെണ്ടിന്റെ മനഃപൂർവ്വമായ ക്ഷന്തവ്യമല്ലാത്ത കൊള്ളരുതായ്മകൊണ്ടാണു് ഇവിടെ ഈ വിധം ഒരു നില വന്നുചേർന്നിട്ടുള്ളതെന്നു മനസ്സിലാകുന്നതാണു്. കുറെമാസങ്ങൾക്കുമുമ്പു നെയ്യാററിൻകരയിൽ ഒരു തെരഞ്ഞെടുപ്പു നടന്നു. അവിടെ എലക്ഷൻ ജയിക്കുന്നതിനു ബാലരാമപുരം മുതലായ ചില സ്ഥലങ്ങളിലുള്ളവർക്കു കുറെ നൂലു കൊടുക്കുന്നതു പററിയ മാർഗ്ഗമാണെന്നു കണ്ടു് ഗവമ്മെണ്ടു് വിജയമോഹിനി മില്ലിന്റെ നൂലു മുഴുവൻ ബാലരാമപുരത്തു കൊണ്ടിട്ടു ബെയിലു പൊട്ടിച്ചു് ഒരു ഇൻസ്പെക്ടറെ നിറുത്തി നെയ്ത്തുകാരോ അല്ലാത്തവരോ എന്നൊന്നും നോക്കാതെ വിതരണം ചെയ്യുകയാണുണ്ടായതു്. വരുന്നവർക്കെല്ലാം ചിററുകൊടുക്കുന്നതിനു മുദ്രയടിച്ചു കടലാസ്സും കൊടുത്തു മററൊരു ഉദ്യോഗസ്ഥനേയും അവിടെ നിറുത്തി. Facts Finding Committee റിപ്പോർട്ടനുസരിച്ചു തിരുവിതാംകൂറിൽ ആകെപ്പാടെ ൩൦,൦൦൦ തറികളേ ഉണ്ടായിരുന്നുവെങ്കിൽ എലക്ഷൻ കഴിഞ്ഞപ്പോൾ നെയ്യാററിൻകരമാത്രംതന്നെ ൩൦,൦൦൦-ൽ അധികം തറികൾ ഉണ്ടായി. അങ്ങിനെ ഗവമ്മെണ്ടുതന്നെ കൊടുത്ത കള്ളക്കാർഡുകൾക്കു് പിന്നീടു നൂലു കൊടുക്കാതിരിക്കുവാൻ നിവൃത്തിയില്ലാതെവന്നു. നൂലു വാങ്ങുന്നതു മുഴുവൻ തറിയില്ലാത്ത ആളുകളാണു്. അവരിൽനിന്നും ബ്ളാക്കു മാക്കററിൽ വാങ്ങിവേണം യഥാർത്ഥ നെയ്ത്തുകാരനു് തൊഴിൽ നടത്താൻ. ആദ്യം നെയ്ത്തുകാർക്കു് അരകെട്ടു കൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ അതു് ഒ കഴിയായി കുറഞ്ഞിരിക്കുകയാണു്. അതും തറിയില്ലാത്തവനാണു് കൊടുക്കുന്നതു്. ഇന്നത്തെ അന്യായവില കൊടുത്തു ബ്ളാക്കു മാക്കററിൽ നൂലു വാങ്ങി നെയ്താൽ നെയ്ത്തുകാരനു അവന്റെ ചരക്കു വിററു ലാഭമുണ്ടാക്കുവാൻ സാദ്ധ്യമല്ല. ൨൦-ാംനമ്പർ നൂലിലുള്ള ഒരു രണ്ടുയാർഡു മുണ്ടിനു് ഇന്നു നാലര രൂപയാണു് വില. പക്ഷെ ൩൫ രൂപയ്ക്കു നൂലു ബ്ളാക്കുമാക്കററിൽ വാങ്ങി നെയ്താൽ നാലര രൂപയ്ക്കും വില്ക്കുവാൻ സാദ്ധ്യമല്ല.

ഈ അവസരത്തിൽ എനിക്കു് മററൊരുകാര്യം കൂടി പറയുവാനുണ്ടു്. അതു തുണിയുടെ കാര്യമാണു്. ഇവിടെ ഇന്നു തുണിക്കുണ്ടായിട്ടുള്ളതുപോലെയുള്ള ക്ഷാമം ഇതിനുമുമ്പു ഒരിക്കലും ഉണ്ടായിട്ടില്ല. മുമ്പു് നമുക്കു കിട്ടിക്കൊണ്ടിരുന്ന തുണി കപ്പാട്ടാ ഇപ്പോഴും കിട്ടിവരുന്നുണ്ടു്. കൺട്രോൾ തുടങ്ങുന്നതിനുമുമ്പു ൫൦ പീസു വീതമുള്ള രണ്ടായിരമോ മൂവായിരമോ ബെയിൽ ഇൻഡ്യൻ തുണിത്തരങ്ങളും യൂറോപ്പിൽനിന്നും നൂറുപീസു വീതമുള്ള ൫൦൦ തുണിത്തരങ്ങളും ഈ നാട്ടിൽ ശരാശരി വന്നു വിററഴിയുന്നുണ്ടായിരുന്നു. ഇത്രയും തിരുവിതാംകൂറിൽമാത്രം ചിലവായിക്കൊണ്ടിരുന്നതാണു്. അന്നു കൊച്ചിയിൽ ചിലവായിക്കൊണ്ടിരുന്നതു് വെറും ൬൦൦ ബെയിൽ മാത്രമാണു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: കൈത്തറിനെയ്ത്തു വ്യവസായത്തെപ്പററിയാണു് പ്രമേയം. അതിനെപ്പററി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതു് മനസ്സിലാക്കിക്കൊണ്ടുതന്നെയാണു ഞാൻ പറയുന്നതു്. നൂലും തുണിയും പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണു അല്പംകൂടി സംസാരിച്ചുകഴിയുമ്പോൾ ഞാൻ അതിനെപ്പററിയല്ലാതെ മററൊന്നിനെപ്പററിയും പറയുന്നില്ലെന്നു അങ്ങേയ്ക്കു മനസ്സിലാകുമെന്നു വിശ്വസിക്കുന്നു. ഇപ്പോൾ ഈ സ്റ്റേററിലേക്കു ആകെ ശരാശരി ൧,൮൦൦ ബെയിൽ മാത്രമേ കിട്ടിവരുന്നുള്ളു. തിരുവിതാംകൂറിൽ ൯ ഇറക്കുമതിക്കാരും കൊച്ചിയിൽ ൩ ഇറക്കുമതിക്കാരുമാണു് ഉള്ളതു്.

[Sri. Ponnara G. Sreedhar]

ഈ വിധം വരുന്ന തുണിയെ എല്ലാ ഇംപോർട്ടേഴ്സിനുമായി സമമായി വീതിച്ചു നൽകുവാനുള്ള മര്യാദ ഇന്നത്തെ ഗവർമ്മെണ്ടിനില്ലാ. ഓരോമാസത്തിലും ലഭിക്കുന്ന ആകെ മൊത്തം ൭ ബെയിലിൽ പകുതിയിൽ കൂടുതൽ കൊച്ചിയിലുള്ള ഒരു വ്യക്തിക്കും ബാക്കിയുള്ളവ തിരുവിതാംകൂറിലുള്ള ഒരു കച്ചവടക്കാരനും നൽകുന്നു. തിരുവിതാംകൂറിലുള്ള ഒരു ഇംപോർട്ടർക്ക് ൨൦ മാസത്തിലൊരിക്കലെ തുണി കച്ചവടത്തിന് ലഭിക്കുന്നുള്ളു. കൊച്ചിയിലുള്ള ഒരു വ്യക്തിയെ സഹായിക്കാൻ മാത്രമാണ് ഈ നടപടി സ്വീകരിച്ചിരിക്കുന്നതു്. നൂലിന് വിലകൂടിയതുകൊണ്ട് തുണിയുടെ വില വല്ലാതെ വർദ്ധിച്ചിരിക്കുന്നു. ഇവിടെ ഇപ്പോൾ വരുന്ന തുണികൾപോലും ശരിയായി വില്പന നടത്താറില്ല. കഴിഞ്ഞ അലോട്ടുമെണ്ടിൽ കോഹിനൂർ മില്ലിൽനിന്നും ൪൦-ാം നമ്പർ നൂലിന്റെ ൨൭൫ ബെയിൽ തുണിവന്നു. അതു് റീട്ടെയിൽകാർക്ക് കൊടുത്തുവോ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഇവിടെ വരുന്ന നല്ല തുണികൾ എല്ലാം സ്പെഷ്യൽ ചീററപ്രകാരം കൊടുക്കുകയാണ് ചെയ്യുന്നതു്. തിരുവനന്തപുരത്തുള്ള ആരുടെയെല്ലാം പേരിലാണ് സ്പെഷ്യൽ ചീററ എഴുതിയിട്ടുള്ളതെന്ന് ആ ചീററകൾ നോക്കിയാൽ അറിയുവാൻ കഴിയും. നാട്ടിലുള്ള സാധാരണക്കാർക്ക് തുണി ആവശ്യമില്ലേ? അവർക്കും മുണ്ട് ഉടുക്കേണ്ടേ? ഈ മാതിരി ടെക്സ്റ്റയിൽസ് ഡിപ്പാർട്ടുമെണ്ടിൽനിന്ന അവർതന്നെ നേരിട്ടും അല്ലാതെയും, അല്ലെങ്കിൽ അവരുടെ അറിവോടുകൂടി, നടത്തുന്ന കൊള്ളരുതായ്മകളാണ് നാട്ടിൽ ഈ കുഴപ്പങ്ങളെല്ലാമുണ്ടാക്കുന്നതു്. സ്പെഷ്യൽ ചീററിനു വരുന്ന തുണികൾ കൊടുക്കുന്നതുകൊണ്ട് മിൽതുണി വില്പനയ്ക്കു ഇല്ലാതെവരുന്നു. എം. എൽ. എ.മാർക്കും മററും ചെന്നാൽ തുണി കിട്ടിയെന്നുവരാം. എല്ലാവരും എം. എൽ. എ.മാരായി എന്നു വരികയില്ല. എല്ലാവർക്കും സ്വാധീനശക്തി ഉണ്ടാകയില്ല. എം. എൽ. എ. ആയിരുന്നാലും എന്നെപ്പോലെയുള്ള ആളുകൾക്കു കിട്ടിയുള്ളു എന്നു വന്നേക്കും. എന്നെ നല്ല മുഖപരിചയമുള്ളതുകൊണ്ട് എനിക്കുതരും. ടെക്സ്റ്റയിൽ ഡിപ്പാർട്ടുമെണ്ടിന്റെ നടപടിദൂഷ്യംകൊണ്ട് സാധാരണക്കാരനു കൈത്തറി വസ്ത്രത്തെതന്നെ ആശ്രയിക്കേണ്ടിവന്നിരിക്കുകയാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞയ്യപ്പൻ ഇതിനെപ്പററി വിസ്തരിച്ച് ഇവിടെ പറയുകയുണ്ടായി. ൨൪൦ ബെയിൽ നൂലു കിട്ടിയിരുന്ന സ്ഥലത്തു ഇപ്പോൾ ൨൦൦ ബെയിലേ കിട്ടുന്നുള്ളു. കൂടുതൽ നൂൽ ഇവിടേക്കു കിട്ടിയില്ലെങ്കിൽ വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്. അതുകൊണ്ട് എനിക്കു് ഗവർമ്മെണ്ടിനോടു് പറയുവാനുള്ളതു് എങ്ങനെയെങ്കിലും കൂടുതൽ നൂലു ഇവിടെ കിട്ടുവാനുള്ള മാർഗ്ഗം തേടണമെന്നാണ്. ഈ നാട്ടിലെ മില്ലുകളിൽ ഉണ്ടാക്കുന്ന നൂലു ഗവർമ്മെണ്ടിനു എടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അതു് അറിഞ്ഞാൽ കൊള്ളാം. തുണിവിതരണത്തെ സംബന്ധിച്ചു എനിക്കു മറെറാന്നു പറയുവാനുണ്ട്. കൊച്ചിയിലെ മില്ലുകാരെല്ലാം തുണി ഇവിടെ കൊണ്ടുവന്നു വില്ക്കുന്നു. സീതാറാം മില്ലുകാരും അളകപ്പാമില്ലുകാരും ഇങ്ങനെ ഓരോ മില്ലുകാരും തിരുവനന്തപുരം പട്ടണത്തിൽ കടതുറന്നു അവരുടെ തുണി വിററുവരുന്നു. അതിന്റെ ആവശ്യം ഇവിടെയില്ല. ഈ നാട്ടിൽ ആവശ്യമുള്ള നൂൽ ഈ നാട്ടിൽതന്നെയുണ്ട്. അതെടുക്കുന്നതിനു ഗവർമ്മെണ്ടിന് കഴിയുന്നതാണ്. അളകപ്പാ ടെക്സ്റ്റയിൽസ് ആറുമാസക്കാലമായിട്ടു ഇവിടെയുണ്ടാക്കുന്ന നൂൽ ബ്ലാക്കുമാർക്കററിൽ വിററതുകൊണ്ടാണ് നൂലിന് ഇത്രയും ക്ഷാമം നേരിട്ടതു്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവർമ്മെണ്ടു് കൂടുതൽ ശ്രദ്ധവച്ചു കാര്യത്തിന്റെ ഗൗരവം ശരിയായി മനസ്സിലാക്കി പ്രവർത്തിക്കണമെന്നു മാത്രമെ എനിക്കു പറയുവാനുള്ളു.

വിദ്യാഭ്യാസവും, സിവിൽസപ്ലൈസും, തൊഴിലുംവകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): സർ, ഈ പ്രമേയത്തിന് രണ്ടു ഭാഗങ്ങളാണുള്ളത്. നൂലിന്റെ വിതരണത്തെ സ്പർശിക്കുന്നത് ആദ്യഭാഗമായും സംഭരണത്തെ സ്പർശിക്കുന്നത് രണ്ടാം ഭാഗമായും ആണ് ഈ പ്രമേയത്തിൽ കൊള്ളിച്ചിരിക്കുന്നത്. ഇതിൽ ആദ്യത്തെ ഭാഗം കേന്ദ്ര ഗവൺമെന്റിന്റെ പരിപൂർണ്ണമായ നിയന്ത്രണത്തിലും അധീനതയിലും ഇരിക്കുന്ന ഒരു സംഗതിയാണ്. ൧൯൪൬ മുതൽ ൧൯൪൭ ൻ ആദ്യമാസങ്ങൾവരെ നിയന്ത്രണം ഇൻഡ്യ ഒട്ടുക്കുമുണ്ടായിരുന്നു. ൧൯൪൯ ൻ ആദ്യകാലങ്ങളിൽ നൂൽ സുലഭമായി ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലും കിട്ടിക്കൊണ്ടുവന്നിരുന്നതിന്റെ ഫലമായിട്ടാണ് നിയന്ത്രണം നീക്കുവാൻ ഇടയായത്. ൧൯൪൯ ൻന്റെ ഏകദേശം മദ്ധ്യകാലത്തുകൂടി ഇവിടെ ഉല്പാദിപ്പിക്കുന്നതായ നൂൽ ഇവിടെനിന്നും കയററുമതി ചെയ്യുന്നതിനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം മിൽ ഉടമസ്ഥന്മാർക്ക് കൊടുക്കുകയുണ്ടായി. അമിതമായി ലാഭമുണ്ടാക്കുന്നതിനെ സംബന്ധിച്ചു പ്രത്യേകം നിഷ്കർഷയും ചെയ്തിരുന്നു. ചില മില്ലുടമസ്ഥന്മാർ അവരുടെ മില്ലുകളിൽ ഉണ്ടാക്കിയിരുന്നതായ എല്ലാത്തരം നൂലും അന്യദിക്കുകളിലേക്കു കയററുമതിചെയ്തു അയച്ചതിന്റെ ഫലമായിട്ടാണ് നൂലിനെ സംബന്ധിച്ച് ഒരു ദൗർലഭ്യം ഭാരതത്തിന്റെ എല്ലാ പ്രവിശ്യകളിലും നേരിടുവാൻ ഇടയായിട്ടുള്ളത്. അതിന്റെ ഫലമായിട്ടുതന്നെയാണ് ൧൯൫൦ ആദ്യമാസത്തിൽതന്നെ നിയന്ത്രണം പിന്നെയും ഏർപ്പെടുത്തുവാൻ കേന്ദ്രഗവൺമെന്റ് നിർബന്ധിതമായിട്ടുള്ളതും.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, അതല്ല കാരണം. ഇൻഡ്യയുടെ മില്ലുടമസ്ഥന്മാർക്ക് തെക്കെ ഇൻഡ്യയിൽനിന്നു നൂലു കിട്ടണം. തെക്കെ ഇൻഡ്യയിലാണ് നൂൽ അധികവും ഉണ്ടാക്കുന്നത്.

Mr. Deputy Speaker: The member can only put questions. He cannot make any explanations.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഇവിടെ ഉല്പാദിപ്പിച്ചിരുന്നതിൽ നല്ലൊരു ഭാഗം നൂൽ അന്യദിക്കുകളിലേക്ക് കയററുമതി ചെയ്യുവാൻ ഇടയായതിന്റെ ഫലമായിട്ടാണ് നിയന്ത്രണം ഏർപ്പെടുത്തുവാൻ കേന്ദ്ര ഗവൺമെന്റ് നിർബന്ധിതമായിത്തീർന്നത്. അതോടുകൂടി വേറെ ചില സാഹചര്യങ്ങൾ പ്രത്യക്ഷമായിക്കാണുവാൻ ഇടയായി. ഇവിടെനിന്നും മില്ലുകളിലുണ്ടാക്കുന്നതായ തുണിത്തരങ്ങൾ കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി വിദേശരാജ്യങ്ങളിലേയ്ക്കു കയററുമതി ചെയ്യുക എന്നുള്ള നയവും കേന്ദ്രഗവൺമെന്റ് ൧൯൪൯-ൽ അവലംബിക്കുകയുണ്ടായി. സ്ഥിതിവിവരകണക്കുകളെ ആസ്പദമാക്കി പറയുകയാണെങ്കിൽ ഇങ്ങനെ ഭാരതത്തിലെ മില്ലുകളിൽ ഉണ്ടാക്കുന്നതായ തുണിത്തരങ്ങളിൽ ഏകദേശം ൧൦൦൦ മില്യൻ യാർഡുകളാണ് ൧൯൫൦, ൧൯൫൧ ഈ കാലങ്ങളിൽ വിദേശങ്ങളിലേയ്ക്കു കയററുമതി ചെയ്തത്. ൧൯൫൧, ൧൯൫൨ ഈ വർഷങ്ങളിൽ ൨൦൦ മില്യൻ യാർഡ് തുണിത്തരങ്ങൾ കയററുമതി ചെയ്യുന്നതിനു അനുവാദവും കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ മില്ലുകളിൽ ഉണ്ടാക്കുന്ന തുണിത്തരങ്ങളുടെ ഉല്പാദനം ൧൯൫൦-നേക്കാൾ ൧൯൫൧-ൽ കുറച്ചു കുറവായിട്ടാണ് കാണുന്നത്. അതിന്റെ ഫലമായിട്ട് അതായത് മില്ലുകളിൽ ഉണ്ടാക്കുന്നതായ തുണിത്തരങ്ങൾ വിദേശങ്ങളിലേയ്ക്കു കയററുമതി ചെയ്യപ്പെടുവാൻ ഇടയായതിന്റെ ഫലമായി ഇവിടെ വസ്ത്രക്ഷാമംതന്നെ നേരിടുന്നതിന് ഇടയായി. അങ്ങിനെ ഒരു വസ്ത്രക്ഷാമം നേരിട്ടപ്പോഴാണ് ഇവിടെ നൂലിനു കൂടുതൽ ആവശ്യം നേരിടുവാൻ ഇടയായത്. അങ്ങനെ ഇവിടെ ഉണ്ടാക്കിവന്നതായ നൂൽ അന്യദിക്കുകളിലേയ്ക്ക് ക

[Sri. T. K. Narayana Pillai]

യററുമതി ചെയ്യപ്പെടുക, മില്ലുകളിൽ ഉണ്ടാക്കുന്നതായ തുണിച്ചരക്കുകൾ അന്യദിക്കുകളിലേക്ക് കയററുമതി ചെയ്യപ്പെടുക ഈ രണ്ടു കാരണങ്ങളുടേയും ഫലമായിട്ടാണ് ഇവിടെ നൂലിന് താരതമ്യേന കൂടുതൽ ആവശ്യം നേരിടുന്നതിന് ഇടയായതു്. മിൽവസ്ത്രങ്ങൾ സുലഭമായി കിട്ടാതെവന്ന അവസരത്തിലെല്ലാംതന്നെ കൈത്തറി വസ്ത്രങ്ങളെ ആശ്രയിക്കുക എന്നുള്ളതായിരുന്നു അന്നു സാധാരണ ജനങ്ങൾക്ക് അവലംബമായി ഉണ്ടായിരുന്നതു്. അതുകൊണ്ടു് അതിനുമുമ്പ് ഉപയോഗയോഗ്യമല്ലാതിരുന്ന കൈത്തറി വസ്ത്രം ഉപയോഗയോഗ്യമാക്കിത്തീർക്കുന്നതിന് സാധാരണ ജനങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ ഇടയായി. അങ്ങനെ നൂൽ ധാരാളമായി കിട്ടുന്നതിനുള്ള പരിതസ്ഥിതികൾ അല്ല അക്കാലങ്ങളിൽ, ൧൯൪൯-ലും, ൧൯൫൦-ം ഈ രാജ്യത്തുണ്ടായിരുന്നതു്. ഈ നൂലിന്റെ കയററുമതി ഇപ്പോൾ നിറുത്തലാക്കിയിട്ടുണ്ടെങ്കിലും ഫോർവേഡ് കാൺട്രാക്റ്റപ്രകാരം കുറേ നൂൽ ഭാരതത്തിൽനിന്ന് കയററുമതി ചെയ്യുന്നതിനുള്ള അനുവാദം നിലനിറുത്തിക്കൊണ്ടാണ് ഈ കയററുമതി ഇപ്പോൾ നിറുത്തൽ ചെയ്തിട്ടുള്ളതു്. അങ്ങനെയുള്ള ഫോർവേഡ് കാൺട്രാക്റ്റിനെ ബഹുമാനിക്കുന്നതിനും അതിലെ വ്യവസ്ഥയനുസരിച്ചു പ്രവർത്തിക്കുന്നതിനുമാണ് കയററി അയച്ചതു്. അതിലെ വ്യവസ്ഥയനുസരിച്ചു വലുതായ തുകക്കുള്ള നൂൽ ഇൻഡ്യയിൽനിന്നു കയററുമതി ചെയ്തു അയക്കേണ്ടതായി വരും. എന്നാൽ മില്ലുകളിൽനിന്നു ഉണ്ടാകുന്ന തുണിച്ചരക്കുകളുടെ കയററുമതി നിരോധനം ചെയ്തിട്ടില്ല എന്നുള്ള ഒരു പരമാർത്ഥം അതോടുകൂടി ആലോചിക്കേണ്ടതുണ്ട്. നൂലിന്റെ ദൌർല്ലഭ്യത്തിനുള്ള കാരണം പഞ്ഞിയുടെ ദൌർല്ലഭ്യമാണ്. ഭാരതത്തിൽ എത്രമാത്രമാണ് പഞ്ഞി ഉല്പാദിപ്പിക്കുന്നതു എന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാം. പാകിസ്ഥാനിൽനിന്നു പഞ്ഞി വാങ്ങാമായിരുന്നുവെന്നും അതിനു സമീപകാലത്തു് ചില അഭിപ്രായങ്ങൾ ഉണ്ടായി എന്നും അങ്ങനെ പഞ്ഞിയില്ലാത്ത കാരണം പഞ്ഞിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിനു ഇടയായി എന്നും ഉള്ളതു് വെറും ഒരു പരമാർത്ഥമാണ്. സമീപകാലത്തു പഞ്ഞിയെ സംബന്ധിച്ചു കേന്ദ്ര ഗവമ്മെണ്ടും പാകിസ്ഥാൻ ഗവമ്മെണ്ടും ഒരു ഉടമ്പടിയിൽ ഏർപ്പെട്ടെങ്കിലും ആ ഉടമ്പടിയിലെ ഗുണഭാഗങ്ങൾ അനുഭവിക്കുന്നതിന് സമീപകാലത്തു്, മൂന്നോ നാലോ മാസത്തിനകം നമുക്കു സാധിക്കുമെന്നു വിചാരിക്കുന്നതിനും കാരണങ്ങളില്ല. പാകിസ്ഥാനിൽ ഉണ്ടായിരുന്ന പഞ്ഞി മിക്കവാറും വിററഴിച്ചിട്ടുണ്ട്. ഇനി പഞ്ഞിയുണ്ടാകുന്ന അവസരത്തിൽ മാത്രമേ പഞ്ഞി അവിടെനിന്നും ഇങ്ങോട്ടു അയക്കുവാൻ സാധ്യമുള്ളൂ എന്നാണ് പാകിസ്ഥാൻ ഗവമ്മെണ്ട് കേന്ദ്ര ഗവമ്മെണ്ടിനെ അറിയിച്ചിട്ടുള്ളതു്. ഇങ്ങനെയുള്ള പല കാരണങ്ങളാലും ഇപ്പോൾ നൂൽ നാം അഭിലഷിക്കുന്ന രീതിയിൽ നെയ്ത്തുകാരുടെ ആവശ്യമനുസരിച്ചു സംഭരിക്കാൻ കേന്ദ്രഗവമ്മെണ്ടിനു സാധിക്കാതെയാണ് വന്നിട്ടുള്ളതു്. കേന്ദ്രഗവമ്മെണ്ട് അവലംബിച്ച പരിപാടികളെ ന്യായീകരിക്കണമെന്നല്ലാ ഞാൻ പറയുന്നതു്. ആ പരിപാടികളിൽ പല വൈകല്യങ്ങളും ഉണ്ടായിരിക്കാം. കാരണം എന്തൊക്കെയായാലും ഇതാണ് നിലവിലിരിക്കുന്ന യഥാർത്ഥ സ്ഥിതിഗതികൾ.

ഈ ഗവമ്മെണ്ടിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇവിടത്തെ ആവശ്യം അനുസരിച്ചു നാലായിരം ബെയിൽ നൂലെങ്കിലും തരണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഇതിന്റെ നിയന്ത്രണം ഏതു മാസത്തിൽ ചുമത്തിയോ ആ കാലം മുതൽതന്നെ കേന്ദ്രഗവമ്മെണ്ടിന്റെ മുമ്പാകെ നിവേദനം നടത്തിക്കൊണ്ടിരിക്കുകയാണ്.

സർ, ഇവിടെ ഒരു ആക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. ഇവിടെത്തന്നെ നാലു മില്ലുകൾ ഉണ്ടു്. അതിൽ അഴകപ്പാ ടെക്സ്റ്റയിൽസ് ആകെ ൮൦൦ ബെയിൽ ഉല്പാദിപ്പിക്കുന്നുണ്ടു്. അതിൽ ൨൦൦ ബെയിലാണു് ഈ ഗവമ്മെണ്ടിനു് അനുവദിച്ചിട്ടുള്ളതും. വാങ്ങിക്കുന്നതും നൂൽ സംഭരണ വിഷയത്തിൽ ഈ ഗവമ്മെണ്ടിനു് പ്രത്യേക അധികാരമൊന്നും ഇല്ല. അരിയെ സംബന്ധിച്ചും ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ചും കേന്ദ്ര ഗവമ്മെണ്ടു് ഏതു നയമാണോ അവലംബിച്ചിരിക്കുന്നതു്, ആ നയം തന്നെയാണു് നൂലിനെ സംബന്ധിച്ചും തുണിയെ സംബന്ധിച്ചും കേന്ദ്ര ഗവമ്മെണ്ടു് അംഗീകരിച്ചിട്ടുള്ളതും നടപ്പിൽ വരുത്തിയിട്ടുള്ളതും.

ശ്രീ. എസ്സ്. കുട്ടൻ: അങ്ങനെയാണെങ്കിൽ കേന്ദ്രഗവമ്മെണ്ടിൽനിന്നും നമുക്കു് ഫുഡ് സബ്സിഡി തരുന്നതുപോലെ തുണിക്കും സബ്സിഡി തരേണ്ടതല്ലയോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യത്തിനു് ഇവിടെ അത്ര വലിയ സാംഗത്യം ഇല്ലാത്തതുകൊണ്ടു് അതിനു് ഞാൻ മറുപടി പറയുവാൻ ഉദ്ദേശിക്കുന്നില്ല.

Sri. P. S. Nataraja Pillai: Is not foodgrains secured from the Central Pool on excess basis?

Sri. T. K. Narayana Pillai: Yes.

Sri, P. S. Nataraja Pillai: Is it on excess basis that yarn is obtained?

Sri. T. K. Narayana Pillai: So far as yarn is concerned, it is not so.

പൂൾ സിസ്റ്റം എന്നു പറയുന്നതു് ഭക്ഷണധാന്യങ്ങളെ സംബന്ധിച്ചിടത്തോളം തന്നെ നൂലിനെ സംബന്ധിച്ചും ഉണ്ടു്. ഓരോ പ്രവിശ്യകളിലേക്കും ഘടകങ്ങളിലേക്കും ആവശ്യമുള്ള നൂൽ തരണമെന്നു് കേന്ദ്രഗവമ്മെണ്ടിനെ അറിയിച്ചതിനുശേഷം കേന്ദ്രഗവമ്മെണ്ടു് മൊത്തത്തിൽ കിട്ടുന്ന നൂലിനെ ആശ്രയിച്ചു ഓരോ പ്രവിശ്യകളിലേക്കും ഘടകങ്ങളിലേക്കും നൂൽ അലാട്ടു ചെയ്യുകയാണു് ചെയ്യുന്നതു്. ഇവിടെ പറയുകയുണ്ടായി അഴകപ്പാ ടെക്സ്റ്റയിൽസ് ഈ പൂളിൽ ഉൾപ്പെട്ടിട്ടില്ലായെന്നു്. അതു് സത്യത്തിനു് വിരുദ്ധമാണെന്നാണു് വളരെ ബഹുമാനത്തോടുകൂടി ഈ സഭയെ അറിയിക്കാനുള്ളതു്. ഇവിടെയുള്ള എല്ലാ മില്ലുകളും തന്നെ ടെക്സ്റ്റയിൽ അധികാരികളുടെ പരിപൂർണ്ണമായ നിയന്ത്രണത്തിനു് വിധേയമാണു്. അവരുടെ ആവശ്യം അനുസരിച്ചും ആജ്ഞ അനുസരിച്ചും വിതരണം ചെയ്യുകയല്ലാതെ ഇവക്കു് ഗത്യന്തരമില്ല.

Sri. P. S. Natataja Pillai: Is it the position that there is no exemption for the Alagappa Mills granted by the Government of India?

Sri. T. K. Narayana Pillai: I am not aware of that. I know definitely that the productions of the Algappa Mills is merged with the Indian pool.

Sri. P. S. Nataraja Pillai: Will the Government enquire whether there is an exemption or not by the Government of India?

Sri. T. K. Narayana Pillai: I shall certainly enquire. I am prepared to make enquiries on the basis of the information just now obtained.

ഞാൻ പറഞ്ഞുവന്നതു് ഇവിടെ നാലു മില്ലുകൾ ഉണ്ടെങ്കിലും ആ മില്ലുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന നൂലിനെ സംബന്ധിച്ചു ഈ ഗവമ്മെണ്ടിന്റെ ഹിതം അനുസരിച്ചോ ആവശ്യമനുസരിച്ചോ വിനിയോഗിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഈ ഗവമ്മെണ്ടിനു് ഇല്ലെന്നുമാണു്. അഴകപ്പാ ടെക്സ്റ്റയിൽ

[Sri T. K. Narayana Pillai,]

സിനെപ്പററി മറെറാരു ആക്ഷേപംകൂടി ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. ൻ മാസം മിക്കവാറും അലസമായി പൂട്ടി ഇട്ടിരുന്ന ഈ മില്ലിനു് ജീവൻ കൊടുത്തതു് ഈ ഗവമ്മെണ്ടു് ആണെന്നും അതിനു് പ്രതിഫലമായി ഈ മില്ലിൽ ഉല്പാദിപ്പിക്കുന്ന നൂൽ എത്ര ബെയിലായാലും കൊള്ളാം മുഴവൻ നിരുപാധികമായി ഈ ഗവമ്മെണ്ടിന്റെ ആവശ്യത്തിനു് വിട്ടുതരണമെന്നും ആദ്യമെതന്നെ വ്യവസ്ഥ ചെയ്യേണ്ടതായിരുന്നില്ലേ എന്നാണു് ചോദിക്കുന്നതു്. അതിനു് ഞാൻ സമാധാനം പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അങ്ങനെ ഒരു മില്ലുമായി ഈ ഗവമ്മെണ്ടു് പ്രത്യേകം വ്യവസ്ഥകളിലോ ഉടമ്പടികളിലോ ഏർപ്പെടുന്നതിനു് നിയമപ്രകാരം അധികാരം ഉണ്ടെങ്കിൽതന്നെ ആ അധികാരം വിനിയോഗിക്കുന്നതിനു് ഗവമ്മെണ്ടിനു് സാദ്ധ്യമല്ലാതെയാണു് ഇരിക്കുന്നതു്. അങ്ങനെ ഒരു വ്യവസ്ഥ ഉണ്ടെങ്കിൽതന്നെ അതിനു് കേന്ദ്രഗവമ്മെണ്ടിന്റെ അംഗീകാരം സിദ്ധിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ ഒരു വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനും കേന്ദ്രഗവമ്മെണ്ടിന്റെ അനുമതി ആവശ്യമാണു്. ഈ പത്തുലക്ഷം രൂപാ കടം കൊടുത്ത അവസരത്തിൽ ഈ സംഗതി വാദവിഷയമായിരുന്നു. കേന്ദ്രഗവമ്മെണ്ടിനെ മിക്ക അവസരങ്ങളിലും അറിയിച്ചിട്ടുണ്ടു് ഇവിടെയുള്ള മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന നൂൽ എത്രയായാലും കൊള്ളാം ആ നൂൽ മുഴവൻതന്നെ ഇവിടെ ഈ ഗവമ്മെണ്ടിന്റെ ആവശ്യത്തിനായി വിട്ടുതരേണ്ടതു് വെറും ന്യായവും നീതിയും മാത്രമാണെന്നു്. അങ്ങനെ പലതരത്തിൽ ഈ ഗവമ്മെണ്ടു് കേന്ദ്രഗവമ്മെണ്ടിനെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. അതുകൊണ്ടു് ഈ വിഷയത്തിൽ ഈ ഗവമ്മെണ്ടു് അശ്രദ്ധയാണു് കാണിച്ചിട്ടുള്ളതെന്നു ആരെങ്കിലും പറഞ്ഞാൽ അതിനു് അടിസ്ഥാനമില്ലെന്നു ബഹു. അംഗങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, സംഭരണ വിഷയത്തിൽ ഗവമ്മെണ്ടിന്റെ നടപടികളെപ്പററി ഇവിടെ പല വിമർശനങ്ങളും ഉണ്ടായി. സമീപകാലത്തുപോലും, അതായതു് ഫെബ്രുവരിമാസത്തിൽപോലും ഇതിനെപ്പററി കേന്ദ്രഗവമ്മെണ്ടിന്റെ അടുക്കൽ നിവേദനം നടത്തിയിട്ടുണ്ടു്. ഈ ഗവമ്മെണ്ടിന്റെ ഇവിടുത്തെ കണക്കുകൾ അനുസരിച്ചു്, പ്രവത്തിച്ചുകൊണ്ടിരിക്കുന്ന എന്നു വിചാരിക്കാവുന്ന കൈത്തറികളെ അടിസ്ഥാനമാക്കി നൂലിന്റെ ആകെ തുക നിർണ്ണയിക്കപ്പെടുന്ന പക്ഷം നാലായിരം ബെയിൽ നൂൽ ഇവിടുത്തെ ആവശ്യത്തിനു് വേണമെന്നും അതുകൊണ്ടു് നാലായിരം ബെയിൽ എങ്കിലും ഉടൻതന്നെ അനുവദിച്ചു തരേണ്ടതാണെന്നും ഏകദേശം അറുപതിനായിരത്തോളം കുടുംബങ്ങൾ ഈ തൊഴിൽകൊണ്ടാണു് ജീവിച്ചുവരുന്നതെന്നും അവരുടെ സ്ഥിതി ദൈനംദിനം മോശമായിവരുകയാണെന്നും കേന്ദ്രഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. മദ്രാസ് ഗവമ്മെണ്ടിലുള്ള ഈ വ്യവസായത്തിലുൾപ്പെട്ട ആളുകളുടേയും ഈ സംസ്ഥാനത്തുള്ള ഈ വ്യവസായത്തിലുൾപ്പെട്ട ആളുകളുടേയും നിലകളെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ മദ്രാസിനോടു് ഏതാണ്ടൊരു പക്ഷപാതം കേന്ദ്രഗവമ്മെണ്ടു് കാണിച്ചുവരുന്നുണ്ടെന്നും അതു് ഒരുവിധത്തിലും ന്യായീകരിക്കത്തക്കതല്ലെന്നും ഈ ഗവമ്മെണ്ടു് അറിയിക്കുകയുണ്ടായി. ഇവിടെ ഒരവസരത്തിൽ അലാട്ടു ചെയ്ത നൂലിന്റെ ഏതാനും ഭാഗം മദ്രാസിലേക്കു് ഡൈവർട്ടു് ചെയ്തതു് തെററാണെന്നും അതുകൊണ്ടു് ഡൈവെർട്ടു് ചെയ്ത നൂൽ യാതൊരു വ്യവസ്ഥയും കൂടാതെതന്നെ ഈ ഗമ്മെണ്ടിലേക്കു് തരേണ്ടതു് കേന്ദ്രഗവമ്മെണ്ടിന്റെ ചുമതലയാണെന്നുള്ള വസ്തുതയും ആ ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. എതെല്ലാം വിധത്തിൽ ഈ പ്രശ്നത്തിന്റെ രൂക്ഷസ്വഭാവം കേന്ദ്രഗവമ്മെണ്ടിനെ അറി

യിക്കുവാൻ സാധിക്കുമോ ആ വിധത്തിൽ അറിയിച്ചിട്ടുണ്ടെന്നുള്ള സമാധാനം ഗവൺമെണ്ടിനുണ്ട്. സമീപകാലത്ത് ധനകാര്യമന്ത്രി ഡൽഹിയിൽപോയ അവസരത്തിൽ അധികാരസ്ഥാനങ്ങളിൽ ഇവിടുത്തെ ആവശ്യങ്ങളെ ആവർത്തിക്കുകയുണ്ടായി. അന്നു നടന്ന വാദപ്രതിവാദങ്ങളുടേയും ചർച്ചകളുടേയും ഫലമായി ഇവിടേക്കുള്ള ക്വോട്ടാ വർദ്ധിപ്പിക്കാമെന്നു അധികാരികൾ സമ്മതിച്ചുവെങ്കിലും കാരണം എന്തായാലും കൊള്ളാം, ഇതുവരെ അതു് പ്രവൃത്തിയിൽ കൊണ്ടുവരാൻ സാധിക്കാതെയാണ് ഇരിക്കുന്നതു്.

സർ, എനിക്കു് ഇനി സംഭരണ കാര്യത്തെപ്പററിയാണ് പറയുവാനുള്ളതു്. ൧൯൫൦ ഡിസംബറിൽ ഇവിടെ ൧൦൬൮ ബെയിൽ നൂലാണ് ഇറക്കുമതി ചെയ്തിട്ടുള്ളതു്. ൧൯൫൧ ജനുവരിയിൽ ൯൪൩ ബെയിലും ഫെബ്രുവരിയിൽ ൧൦൬൩ ബെയിലും ആണ് ഇംപോർട്ടു് ചെയ്തിട്ടുള്ളതു്. ശ്രീ. നടരാജപിള്ള അവർകൾ ഇതിനിടക്കു് വേറൊരു സംഗതികൂടി പറയുകയുണ്ടായി. അതിനു് എന്നിൽനിന്നു് ഒരു സമാധാനവും ആവശ്യപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ വാദത്തിന്റെ അടിസ്ഥാനം തിരുവിതാംകൂർ–കൊച്ചി ഇൻഫർമേഷനിൽ കൊടുത്ത ഒരു കണക്കാണ്. അതിൽ ഉള്ള കണക്കും ഔപചാരികമായി ഞാൻ അദ്ദേഹത്തിനു് നൽകിയ കണക്കും തമ്മിൽ വ്യത്യാസം ഉണ്ടെന്നും അതിനു് എന്താണ് സമാധാനമെന്നു അറിഞ്ഞാൽ കൊള്ളാമെന്നും അദ്ദേഹം പറഞ്ഞു. തിരുവിതാംകൂർ-കൊച്ചിൻ ഇൻഫർമേഷനിൽ പ്രസിദ്ധപ്പെടുത്തുന്ന കണക്കു് ആ മാസത്തിലെ ഒരു അർദ്ധമാസത്തെ കണക്കാണ്. ഓരോ മാസത്തിലും രണ്ടു അർദ്ധമാസങ്ങളാണല്ലോ ഉള്ളതു്. അതിൽ ഒന്നിന്റെമാത്രം കണക്കു് ട്രാവൻകൂർ-കൊച്ചിൻ ഇൻഫർമേഷനിൽ കൊടുത്തുവെന്നേയുള്ളു. രണ്ടു കണക്കും ശരിയാണെന്നു ഇപ്പോൾ അദ്ദേഹത്തിനു് ബോദ്ധ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

സംഭരണവിഷയത്തിൽ എനിക്കു് പറയുവാനുള്ളതു് ഇതാണ്. വിജയമോഹനിമില്ലിൽ ആകെ ൬൫൦ ബെയിലാണ് ഉണ്ടാക്കുന്നതു്. അതു മുഴുവൻ നമുക്കു് തരാമെന്നു കേന്ദ്രഗവണ്മെണ്ടു് സമ്മതിച്ചിട്ടുണ്ടു്, ബാലരാമവർമ്മ ടെക്സ്റ്റയിൽസിൽനിന്നും ൧൦൦ ബെയിൽ ഉണ്ടാക്കുന്നു. അതു് മുഴുവൻ നമുക്കു് അനുവദിച്ചിട്ടുണ്ടു്. കൊച്ചി മഹാലക്ഷ്മി ടെക്സ്റ്റയിൽസിൽ ഉണ്ടാക്കുന്ന ൩൦ ബെയിലും നമുക്കു് തരുന്നുണ്ടു്. അഴകപ്പാ ടെക്സ്റ്റയിൽസിൽ ൮൦൦ ബെയിൽ നൂൽ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും ൩൦൦ ബെയിൽ നൂൽ മാത്രമെ നമുക്കു് അനുവദിച്ചു തരുന്നുള്ളു.

അഴകപ്പാ ടെക്സ്റ്റയിൽസിനെ സംബന്ധിച്ച ചില ആരോപണങ്ങൾ ഇവിടെ പറയുകയുണ്ടായി. ഗവണ്മെണ്ടിന്റെ തന്റേടക്കുറവുകൊണ്ടാണ് അവർ ചില ക്രമക്കേടുകൾ കാണിക്കുന്നതെന്നു ഏതോ ഒരു ബഹുമാനപ്പെട്ട അംഗം പ്രസ്താവിച്ചു. ഈ ഗവണ്മെണ്ടിനു് തന്റേടം ഉണ്ടെങ്കിലും കൊള്ളാം, ഇല്ലെങ്കിലും കൊള്ളാം, അഴകപ്പാ ടെക്സ്റ്റയിൽസിനെ സംബന്ധിച്ചു് ഈ ഗവണ്മെണ്ടിനു് എന്തെല്ലാം ചെയ്യാമോ, നിയമപരമായി എന്തെല്ലാം നിർബന്ധനടപടികൾ സ്വീകരിക്കാമോ, ആ നടപടികൾ എല്ലാംതന്നെ സ്വീകരിച്ചിട്ടുണ്ടു്. സമീപകാലത്തുപോലും ആ നടപടികൾ നടത്തികൊണ്ടിരിക്കുകയാണ്. എന്നാൽ എല്ലാ നടപടികൾക്കും അനുവാദം ഇല്ലെന്നുള്ളതും വിസ്മരിക്കത്തക്ക ഒരു സംഗതിയല്ല. കേന്ദ്രഗവണ്മെണ്ടിന്റെ അനുമതി ഇല്ലാതെ ആ മിൽ പൂട്ടുന്നതിനും ഈ ഗവണ്മെണ്ടിനു് അനുവാദം ഇല്ലാതെയാണിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: അഴകപ്പാ ടെക്സ്റ്റയിൽസിലെ ക്വോട്ടാ നിശ്ചയിച്ചതു് കടം കൊടുക്കുന്നതിനു് മുൻപാണോ, അതിനുശേഷമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: കടം കൊടുത്തതിനുശേഷമാണു്.

വിതരണം സംബന്ധിച്ചു് പറയുകയാണെങ്കിൽ, ചില ക്രമക്കേടുകൾ വിതരണസമ്പ്രദായത്തിൽ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അക്കാര്യത്തിൽ ഗവമ്മെണ്ടു് പ്രത്യേകം ശ്രദ്ധിച്ചുവരുന്നുണ്ടു്. ശ്രീ. നടരാജപിള്ളയുടെ നിർദ്ദേശം തീർച്ചയായും ആലോചനാവിഷയമാക്കാവുന്നതാണു്. അദ്ദേഹത്തിന്റെ നിർദ്ദേശം ഇതായിരുന്നു. ഇവിടെ ഒരു സെൻട്രൽ കോഓപ്പറേറ്റീവ് സൊസൈററി ഉണ്ടു്. ഇവിടുത്തെ ഇംപോർട്ടേഴ്സിനെക്കൊണ്ടു് നൂൽ ഇറക്കുമതി ചെയ്യിക്കുന്നതിനുപകരം അതിനുള്ള സർവ്വാധികാരങ്ങളും ആ സൊസൈററിക്കു് കൊടുക്കരുതോ എന്നാണു് അദ്ദേഹം ചോദിക്കുന്നതു്. ഇതിനെപ്പററി ആലോചിക്കുവാൻ ഗവമ്മെണ്ടു് തീർച്ചയായും സന്നദ്ധമാണു്. നമുക്കു് അനുവദിച്ചിട്ടുള്ള ബെയിൽ മുഴുവൻ വാങ്ങുന്നതിനു് ഏകദേശം ൧൨—൧൫ ലക്ഷം രൂപയോളം വേണ്ടിവരും. സെൻട്രൽ സൊസൈററിക്കു് ഇതു് നിർവ്വഹിക്കത്തക്കവണ്ണമുള്ള സാമ്പത്തിക സാദ്ധ്യതയുണ്ടെന്നു ഗവമ്മെണ്ടിനു് ബോദ്ധ്യപ്പെടുന്ന പക്ഷം ശ്രീ. നടരാജപിള്ളയുടെ നിർദ്ദേശത്തെപ്പററി പര്യാലോചിക്കുവാൻ ഗവമ്മെണ്ടു് സന്നദ്ധമാണു്.

ഇവിടുത്തെ തറികളെ സംബന്ധിച്ചു് ശരിയായ സ്ഥിതിവിവരക്കണക്കുകൾ ഇല്ലെന്നുള്ള ആക്ഷേപം ഉണ്ടായി. അതു ശരിയാണു്. അതിനുത്തരവാദികൾ ആരായാലുംകൊള്ളാം അതു പരമാർത്ഥമാണു്. അതിന്റെ പരിഹാരമായിട്ടാണു് ഗ്രയിൻസ് പർച്ചയിസിംഗ് തഹശിൽദാരന്മാരുടെ മേൽനോട്ടത്തിലും നേതൃത്വത്തിലും തറികളുടെ ഒരു സെൻസസ് എടുക്കുവാൻ ഇപ്പോൾ ഏർപ്പാടു് ചെയ്തിരിക്കുന്നതു്. ഇതിനകംതന്നെ ഏതാനും താലൂക്കുകളിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുകഴിഞ്ഞിട്ടുണ്ടു്. മാർച്ചു് ൩൧-ാംനുക്കകം എല്ലാ താലൂക്കുകളിലേയും സ്ഥിതിവിവരക്കണക്കുകൾ മുഴുവൻ ശേഖരിച്ചു കേന്ദ്രഗവമ്മെണ്ടിനു് അയക്കണമെന്നാണു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നതു്. ഈ കണക്കുകളെ അടിസ്ഥാനമാക്കി നൂൽ വിതരണം ചെയ്യണമെന്നും ഉദ്ദേശിക്കുന്നു.

ഇപ്പോൾ തിരുവിതാംകൂർ വിഭാഗത്തിൽതന്നെ ൩൯൧ കോഓപ്പറേറ്റീവ് സൊസൈററികൾ മുഖാന്തിരം നൂൽ വിതരണം നടത്തിക്കൊണ്ടുപോകുന്നു. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണു് അങ്ങനെ ചെയ്യുന്നതു്. കൈത്തറി വ്യവസായത്തിലുൾപ്പെട്ട എല്ലാ തൊഴിലാളികളും ഏതെങ്കിലും സഹകരണസംഘത്തിൽ അംഗങ്ങളായിരിക്കേണ്ടതു് ആവശ്യമായിത്തീർന്നിട്ടുണ്ടു്.

Sri. A. Thanu Pillai: It is 6 o' clock. Shall we not adjourn now?

Mr. Deputy Speaker: Yes. The House is now adjourned to meet again at 11 a.m. tomorrow.

The Assembly adjourned at 6 p.m. to meet again at 11 a.m. on the 17th March 1951.

V. KRISHNAMOORTHY AIYAR,

Secretary to the Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Saturday, *the 17th March 1951*

VOL. III] OFFICIAL REPORT [No. 9

The House met at Eleven of the Clock on Saturday, the 17th March 1951 with Mr. Speaker in the Chair.

QUESTIONS AND ANSWERS

[The numbers within brackets indicate the serial numbers in the list of admitted questions for the day.]

Oral Answers

CO-OPERATIVE SOCIETIES

*627. [1] **Sri. D. Gnanasigamoni:** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state:

(a) whether there are co-operative societies exclusively for the backward commnnities alone;

(b) if so, their number and the localities where they are organised?

Minister for Education, Labour and Civil Supplies **(Sri. T. K. Narayana Pillai):**

(a) Yes.

(b) 195.

Thovala	Taluk	2	Shertalai	Taluk	23
Agasteeswaram	,,	12	Thiruvalla	,,	6
Kalkulam	,,	7	Pathanamthitta	,,	5
Vilavancode	,,	5	Changanacherry	,,	7
Neyyattinkara	,,	13	Kottayam	,,	8
Trivandrum	,,	8	Vaikom	,,	10
Nedumangad	;,	5	Parur	,,	5
Chirayinkil	,,	1	Cochin-Kanayannur	,,	26
Quilon	,,	2	Trichur	,,	9
Kottarakara	,,	3	Mukundapuram	,,	7
Shencottah	,,	1	Cranganur	,,	4
Karunagapally	,,	9			
Karthigapally	,,	4			195
Kunnathur	,,	2			
Ambalapuzha	,,	11			

Sri. D. Gnanasigamoni: Sir, may I know whether there is any Society solely engaged in the production of food crops?

Sri. T. K. Narayana Pillai: There are some Societies working under the ns tructions of the Officer for Grow More Food Compaign.

Sri. D. Gnanasigamoni: Are the Government aware that some of the Societies are deteriorating? Do they propose to encourage them?

Sri. T. K. Narayana Pillai: Yes.

ஸ்ரீ. ஸ்ரீ. வி. தாஸ். குறிப்பிட்ட சமுதாயங்களுக்கென ஏதாவது Societies இருக்கின்றதா?

Sri. T. K. Narayana Pillai: There are Co-operative Societies intended for the exclusive use of the Harijans.

ശ്രീ. ഇട്ടീര അമ്മുക്കൻ: സാമുദായികാടിസ്ഥാനത്തിലുള്ള ഏതെങ്കിലും co-operative സൊസൈററികൾ ഗവർമ്മെണ്ടിൽനിന്നും പ്രോത്സാഹനം നൽകുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: തത്വപരമായിട്ടു പറയുകയാണെങ്കിൽ ഇല്ല.

Sri. R. K. Ram: Is there any Society for the use of any particular community?

Sri. T. K. Narayana Pillai: No; only for Harijans.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ്

*൬൨൮. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറു വകയായി ഇപ്പോൾ എത്ര ബസ്സുകൾ സർവ്വീസിൽ ഉണ്ടെന്നു പറയാമോ;

(ബി) കേടായി കിടക്കുന്നവ എത്രയെന്നു പറയാമോ;

(സി) ഇപ്പോൾ സർവ്വീസിൽ എത്ര ഡ്രൈവറന്മാരും എത്ര കണ്ടക്ടറന്മാരും ഉണ്ടെന്നു പറയാമോ;

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) വിവിധലൈനുകളിലായി ഇപ്പോൾ ൨൫൪ ബസ്സുകൾ ഓടുന്നുണ്ട്. കൂടാതെ ബ്രേക്കഡൌണും മററും നിമിത്തം അപ്പോഴപ്പോൾ ഉണ്ടാകുന്ന ആവശ്യങ്ങൾക്ക ഉപയോഗിക്കാൻ വേണ്ടി ൬൨ റിസർവ്വ ബസ്സുകളും ഉണ്ട്.

(ബി) ഇപ്പോൾ എല്ലാ ഗ്യാരേജുകളിലുംകൂടി ൪൨ ബസുകൾ കിടപ്പുണ്ട്. ഇവ വളരെ പഴക്കമുള്ളതും ബുക്കുവാല്യം ഇല്ലാത്തതും സ്ക്രാപ്പു ചെയ്യേണ്ടവയുമാണ്.

(സി)	ഡ്രൈവർമാർ	സ്ഥിരം	൫൯൬
	,,	പ്രൊബേഷണറി	൬
	,,	റിസർവ്	൧൮൫
		ആകെ	൭൮൭
	കണ്ടക്ടർമാർ	സ്ഥിരം	൪൧൦
	,,	പ്രൊബേഷണറി	൧
	,,	പകരം	൧൨൭
	,,	റിസർവ്	൨൭൨
		ആകെ	൮൧൦

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇവരെയെല്ലാം ഉദ്യോഗം പെൻഷനബിൾ സർവ്വീസായി പരിഗണിച്ചിട്ടുണ്ടോ;

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ സർവ്വീസു തുടങ്ങിയപ്പോൾ ഉണ്ടായിരുന്ന ഡ്രൈവർമാരുടെ സർവ്വീസും പെൻഷനബിൾ അല്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: അവരുടെ സർവ്വീസു പെൻഷനബിൾ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈപ്പൻ അറക്കൽ: റിസർവ്വിൽ ൩൩ ബസ്സുകൾ ഉണ്ടെന്നു പറയുന്നു. ഇവ എവിടെയെല്ലാമാണു കിടക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രധാനപ്പെട്ട കേന്ദ്രങ്ങളിലാണു്.

ശ്രീ. എം. ഐ. പോൾ: ബസ്സ് ഓടിക്കൊണ്ടിരിക്കുമ്പോൾ വഴിക്കുവച്ചു് വല്ല തകരാറും പററിയാൽ അതിലെ ഡ്രൈവർക്കു ബസ്സിൻെറ കേടുപാടുതീർക്കാൻ പാടില്ലെന്നു നിബന്ധനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. അങ്ങിനെ തകരാറുകൾ ഉണ്ടായാൽ വിവരം ഹെഡ്ക്വാർട്ടേഴ്സിൽ അറിയിക്കയും അവിടെനിന്നും ആളുകൾവന്നു നന്നാക്കുകയും വേണമെന്നാണു് നിർദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: യാത്രക്കാർക്കു അതുമൂലം പല അസൗകര്യങ്ങളുമുണ്ടാകുമെന്നു ഗവമ്മെൻറിനറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയും വരാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ചിലപ്പോൾ ബസ്സുകൾക്കു കേടുപററുകയും തൻമൂലം യാത്രക്കാർ കാൽനടയായി പോകേണ്ടിവരികയുംചെയ്യുന്നു എന്നു് ഗവമ്മെൻറിനു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. എം. ഐ. പോൾ: വഴിക്കുവച്ചു് ബസ്സിനു കേടുപററിയാൽ നന്നാക്കുന്നതിനുള്ള അധികാരം അതിലെ ഡ്രൈവർക്കു കൊടുക്കുന്നതിനു വല്ല തടസ്സവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ബസ്സുകളിൽ ഓവർലോഡില്ലാതെ ഓടിക്കുന്നതിനു ഇന്നത്തെ കണക്കനുസരിച്ചു് എത്ര ബസ്സു കൂടുതൽ വേണമെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉദ്ദേശം ൧൦൦ ബസ്സുകൾ കൂടുതലായി വേണ്ടിവരും.

ശ്രീ. എ. താണുപിള്ള: അതു വാങ്ങിക്കാൻ ഗവമ്മെൻറു് വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ കുറെ എണ്ണം വാങ്ങിക്കുന്നതിനു ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. അതായതു് ൪൫ ബസ്സുകൾകൂടി വാങ്ങിക്കുന്നതിനു ഓർഡർ കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള : ഇപ്പോഴത്തന്നെ ബസ്സുകൾ വളരെ കുറവാണെന്നുള്ള ബോദ്ധ്യം ഗവമ്മെൻറിനില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്. അതിൻെറ ഫലമായിട്ടാണെല്ലോ കൂടുതൽ വാങ്ങിക്കണമെന്നു ഉദ്ദേശിക്കുന്നതു്.

ശ്രീ. എ. താണുപിള്ള : ആവശ്യമുള്ള ൨ ൦ ൦ ബസ്സിനും ബഡ്ജററിൽ പ്രൊവിഷനുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ൨ ൦ ൦ ബസ്സിനും പ്രൊവിഷൻ ഇല്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : തിരുവനന്തപുരം സിററിക്കു അകത്തു പ്രൈവററ ബസ്സുകൾ സവ്വീസ് നടത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. പി. കെ. കൃഷ്ണശാസ്ത്രി : ഇന്നലെ മുതൽ സിററിക്കകത്തു പ്രൈവററ ബസ്സ് സവ്വീസു നടത്തുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കുമൊ?

ശ്രീ. ടി. കെ. നാരായണപിള്ള : വിശ്വസിക്കാൻതക്കവണ്ണം ശരിയായ അറിവുകൾ എനിക്കില്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ : ൪ ൫ ബസ്സുകൾക്കു ഓർഡർ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഏതു കമ്പനിക്കാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ : പൊതുജനങ്ങളുടെ സൗകര്യത്തിനെ ഉദ്ദേശിച്ചു് ട്രാൻസ്പോർട്ടു ലൈനിൽ പ്രൈവററ കമ്പനിക്കാൎക്കുകൂടി സർവ്വീസ് നടത്താൻ അനുവദിക്കുന്ന കാൎയ്യത്തിൽ വല്ല അഭിപ്രായവ്യത്യാസവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനു ചില സാങ്കേതിക തടസ്സങ്ങളുണ്ട്.

അഞ്ചൽ ജീവനക്കാർ

*൩ ൨ ൻ. (൩) ശ്രീമതി ദേവകീ ഗോപീദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനെ സംബന്ധിച്ചു് തിരുവിതാംകൂർ–കൊച്ചി ഗവമ്മെൻറിൽനിന്നും കേന്ദ്രഗവമ്മെൻറിൻെറ അടുക്കൽ വല്ല നിവേദനവും നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ നിവേദനത്തിൻെറ സ്വഭാവം എന്തായിരുന്നു;

(സി) കേന്ദ്രഗവമ്മെൻറിൻെറ മറുപടി എന്തായിരുന്നു എന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈയും വകുപ്പുമന്ത്രി :
(ശ്രീ. ടി. ടി. കെ. നാരായണപിള്ള) :

(എ) രണ്ടു ഗവമ്മെൻറുകളുമായി ഇതേപ്പററി കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്.

(ബി) ഈ വിവരങ്ങൾ ൨ ൩ — ൨ — ൨ ൻ ൫ ൨-ലെ ഗവമ്മെൻറ പ്രസ്സ് നോട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) മറുപടി ലഭിച്ചിട്ടില്ല.

ശ്രീമതി ദേവകി ഗോപിദാസ്: അഞ്ചൽ ഡിപ്പാർട്ടുമെൻറിന്റെ സംയോജനക്കാര്യം പുറത്തായിട്ടുണ്ടോ?

ശ്രീ. ടി കെ. നാരായണപിള്ള: ഇല്ല.

ശ്രീമതി ദേവകി ഗോപിദാസ്: അഞ്ചൽ ജീവനക്കാരെ ഇൻഡ്യാഗവമ്മെൻറ് ഏറെറടുക്കുമ്പോൾ അവരുടെ ശമ്പളം തപാൽ ജീവനക്കാർക്ക് തുല്യമാക്കാൻ ഈ ഗവമ്മെൻറിൽനിന്നും വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അഞ്ചൽ ജീവനക്കാരുടെ ശമ്പളം മററവർക്കൊപ്പം വർദ്ധിപ്പിക്കണമെന്നു്. ഇൻഡ്യാ ഗവമ്മെൻറിനോട്ട് അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറക്കൽ: ടെലിഫോൺ ജോലിക്കാരെ മദ്രാസ് ഗവമ്മെൻറിലേക്ക് എടുക്കുന്നതായി കേട്ടു. ഈ ഗവമ്മെൻറിനു വല്ല ആർഡറം അതിനെപ്പററി കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് വേറൊരു പ്രശ്നമാണ്. പ്രതിപാദ്യവിഷയം അതല്ല.

ബസ്സ് സവ്വീസ്

*നമ്പ്ര. (൧) ശ്രീമതി. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) പല ബസ്സ് ലൈനുകളും ദേശവൽക്കരിക്കണമെന്നും സ്റ്റേററ് ട്രാൻസ്പോർട്ട്ബസ്സ് സവ്വീസ് ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ-കൊച്ചി സ്റ്റേററിന്റെ പല ഭാഗങ്ങളുംനിന്നു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) അവയെ സംബന്ധിച്ചു ഗവമ്മെൻറ് എന്തു ചെയ്യണമെന്നു വിചാരിക്കുന്നു?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി:
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) സ്റ്റേററ് ട്രാൻസ്പോർട്ട് ലയിൻ ദീർഘിപ്പിക്കുന്നതിനെപ്പററി ഗവമ്മെൻറിന്റെ അവസാനതീരുമാനത്തെ ആശ്രയിച്ചായിരിക്കും അവയുടെ നടപടി എടുക്കുന്നതു്.

ശ്രീമതി ദേവകി ഗോപിദാസ്: ട്രാൻസ്പോർട്ട് ബസ്സിലേയും പ്രൈവററ ബസ്സിലേയും കൂലിനിരക്ക് വ്യത്യാസമുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്വല്പം വ്യത്യാസമുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: ഏതാണ് കൂടുതൽ എന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയായ ഒരു കണക്ക് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: ഇപ്പോഴത്തെ ഓവർലോഡിംഗ് ഇല്ലാതാക്കിയതിൽ പിന്നീടല്ലേ പുതിയ ലയിനുകൾ നീട്ടാനുദ്ദേശിക്കുന്നതു്.?

ശ്രീ. ടി. കെ. നാരായണപിള്ള: മിക്കവാറും അങ്ങനെ തന്നെയായിരിക്കും.

ശ്രീ. ഇട്ടീര അന്തുക്കൻ: ട്രാൻസ്പോർട്ട് ദേശവൽക്കരണം പാടില്ലെന്നു് കാണിച്ചു് ഗവമ്മെൻറിലേക്കു് വല്ല മെമ്മോറിയലും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ട്രാൻസ്പോർട്ട് ദേശവൽക്കരിക്കാൻ ഗവമ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ആലോചനാവിഷയമായിരിക്കുകയാണു്.

ശക്കര കയററമതി

*൩൪൧. (വ്യ) ശ്രീമതി ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽനിന്നു ശക്കര കയററമതി ചെയ്യുന്നതിനെ ഗവമ്മെൻറു നിരോധിച്ചിട്ടുണ്ടോ;

(ബി) ഇപ്പോഴും ശക്കരയുടെ വില ക്ലിപ്തപ്പെടുത്തിയിരിക്കുന്നതെത്രയാണു്;

(സി) ശക്കരയുടെ വില കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഇൻഡ്യാഗവമ്മെൻറിന്റെ അനുവാദമോ അധികാരമോ ആവശ്യമാണോ;

(ഡി) വെളിയിൽനിന്നു ശക്കര ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള);

(എ) ഇല്ല.

(ബി) മന്നിനു ൮൨ ൨/൧ (റാത്തൽ) ൨൨ രൂപ in Producing centres. അല്ലാത്ത സ്ഥലങ്ങളിൽ മന്നിനു് ൨൩ രൂപയായി വർദ്ധിച്ചിട്ടുണ്ടു്.

(സി) അനുവാദവും അധികാരവും ആവശ്യമാണു്.

(ഡി) ഉണ്ടു്.

ശ്രീമതി ദേവകീ ഗോപിദാസ്: ൧൯൫൧-ൽ എന്തുമാത്രം ശക്കര ഇവിടെ ഇറക്കുമതി ചെയ്തിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് നോട്ടീസ് വേണം.

ജനസംഖ്യ വർദ്ധനവു്

*൩൪൨. (ൻ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ഓരോ കൊല്ലവും എത്ര ശതമാനക്കണക്കിനാണു് ജനസംഖ്യവർദ്ധിച്ചുകൊണ്ടിരിക്കുന്നതു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള):

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ ജനസംഖ്യ വർദ്ധനവു് താഴെ പറയുന്ന കണക്കനുസരിച്ചാണു്.

൧൯൦൧—൯൧൧	൧൩ ശതമാനം
൧൯൧൧—൯൨൧	൧൦ ,,

൧൯൨൧—൯൩൧	൨൭	ശതമാനം
൧൯൩൧—൯൪൧	൧൭	,,

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആണ്ടുതോറും ജനസംഖ്യ അമിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെ തടയുന്നതിനായി വല്ല മാർഗ്ഗവും ഗവമെൻറിനുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിലേക്ക് ജനങ്ങളെല്ലാവരുംകൂടി സഹകരിച്ച് പ്രവത്തിച്ചാൽ മതിയാകും.

ഭവനനിമ്മാണം

*൬൩൩. (൧൦) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായസംരക്ഷണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുശേഷം ഭവനനിമ്മാണപദ്ധതിയനുസരിച്ച് പിന്നോക്കസമുദായക്കാക്ക് വീടുപണി കഴിപ്പിച്ചു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വീടുകൾ യഥാക്രമം ഏതെല്ലാം താലൂക്കകളിൽ;

(സി) ഓരോ താലൂക്കിലും യഥാക്രമം എത്ര വീടുകൾ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പിന്നോക്കസമുദായോദ്ധാരണവകുപ്പ് മുഖേന നേരിട്ട് വീടുകൾ പണികഴിപ്പിച്ച് കൊടുത്തിട്ടില്ല. പക്ഷെ കാളണികളിൽ വീടുകൾ പണിയുന്നതിന് ഗ്രാൻറ കൊടുത്തുവരുന്നുണ്ട്. അങ്ങനെ ഗ്രാൻറ കൊടുത്ത് ൨൦൫ വീടുകൾ പണി കഴിപ്പിച്ചിട്ടുണ്ട്.

(ബി), (സി) ആവശ്യമുള്ള വിവരങ്ങൾ താഴെപ്പട്ടികയിൽ പറയുന്ന പ്രകാരമാണ്

സചിവോത്തമപുരം, ചങ്ങനാശേരി	൨൦
വെങ്ങാന്നൂർ, നെയ്യാററിൻകര	൨൦
പുത്തൻചിറ, പറവൂർ	൪൦
എലത്തൂർ, പത്തനംതിട്ട	൩൦
വെളിയം, കൊട്ടാരക്കര	൫൦.
പരങ്ങോടു, നെടുമങ്ങാട്	൨൫
വക്കലെ, ചിറയിൻകീഴ്	൨൦
ആകെ	൨൦൫

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഒരു വീട്ടിന് ഉദ്ദേശം എത്രരൂപാ ചെലവായിരിക്കുമെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഓരോ വീടിനും ൩൫൦ രൂപാവീതം അനുവദിച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഈ വീടുകൾ വാസയോഗ്യമാണെന്ന് സട്ടിഫൈ ചെയ്യുന്നതാരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിലേയ്ക്കു നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കൊട്ടാരക്കര താലൂക്കിൽ പണികഴിച്ചിട്ടുള്ള വീടുകൾ വളരെ ദുർബ്ബലമായതാണെന്ന് ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. അങ്ങനെയുണ്ടെങ്കിൽ അവയെപ്പററി ആലോചിക്കാം.

ശ്രീ. പി. സി. ആദിച്ചൻ: ഗവമ്മെണ്ടിൽനിന്നും ഈ ൩൫൦ രൂപാ കൊടുക്കുന്നതുകൂടാതെ വേറെ വിധത്തിൽ ഈ ഭവനനിമ്മാണത്തിനായി സഹായിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ൩൫൦ രൂപയിൽ ൧൯൫ രൂപാ ആദ്യം അഡ്വാൻസായിട്ടും പിന്നെ ബാക്കിയുള്ളതു് ഒടുവിൽ കൊടുക്കുകയുമാണ് ചെയ്യുന്നതു്.

ശ്രീ. പി. സി. ആദിച്ചൻ: എൻെറ ചോദ്യം അതല്ല. ഈ ൩൫൦ രൂപാ കൊടുക്കുന്നതുകൂടാതെ ഗവമ്മെണ്ടിന് വേറെ വല്ല പദ്ധതിയും ഭവനനിമ്മാണത്തിനായി ഉണ്ടോ എന്നാണ് എൻെറ ചോദ്യം.

ശ്രീ. ടി. കെ. നാരായണപിള്ള: ഹരിജനങ്ങൾക്ക് വേറെയും ഒരു ഭവനനിമ്മാണ പദ്ധതിയുണ്ട്.

ശ്രീ. പി. സി. ആദിച്ചൻ: മനുഷ്യന് മനുഷ്യനുമായി വ്യത്യാസം വരത്തക്ക വിധത്തിൽ രണ്ടു വിധത്തിൽ വീടു ഉണ്ടാക്കുന്നതു് എന്തുകൊണ്ടാണ്?

Mr. Speaker: That is a dicussion on which no answer is required.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഭവനരഹിതരായി ഇരിക്കുന്ന ആളുകൾ പുറമ്പോക്കു സ്ഥലങ്ങളിൽ കുടിപാക്കുമ്പോൾ അവരെ ഇറക്കിവിടുന്നതായി ഗവമ്മെണ്ടു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഭവനരഹിതന്മാക്ക് വേണ്ട സൗജന്യം നൽകണമെന്നാണ് ഗവമ്മെണ്ടിൻെറ ആഗ്രഹം. എന്നാൽ ചില മനുഷ്യന്മാർ ബലപ്രയോഗം നടത്തി പുറമ്പോക്കു സ്ഥലങ്ങളിൽ പ്രവേശിക്കുകയാണെങ്കിൽ അതിൽനിന്നും അവരെ തടയുന്നതു് ഗവമ്മെണ്ടിൻെറ കത്തവ്യമാണ്.

വിദ്യാഭ്യാസ ധനസഹായം

* നമ്പർ ൩൮. (൧൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ സംരക്ഷണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജററു വഷത്തിൽ പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ലംപ്സം ഗ്രാൻറുകളായി വിതരണം നടത്തുകയായിരുന്നുവോ;

(ബി) മൊത്തം ഈയിനത്തിൽ എത്ര രൂപാ ചെലവായി?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അതെ.

(ബി) ൧൧൨൪—൨—൧ൻ ൫ ൧-വരെ ഈ ഇനത്തിൽ ൨,൫൧,൧൦൨ രൂപാ ചിലവായിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കാളേജ് വിദ്യാഭ്യാസത്തിന് എത്ര രൂപാ ചെലവായിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു കാളേജ് വിദ്യാർത്ഥിക്ക് ൫൦ മുതൽ ൧൦ രൂപാവരെ കൊടുത്തുവരുന്നു. മിഡിൽസ്കൂൾ വിദ്യാർത്ഥിക്ക് ൨൫ രൂപയും ഹൈസ്കൂൾ വിദ്യാർത്ഥിക്ക് ൪൦ രൂപയും നൽകുന്നു. എന്നാൽ ഈ ഇനത്തിൽ ഓരോന്നിനും എത്ര രൂപ വീതം ചെലവായി എന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പ്രൈമറി വിദ്യാഭ്യാസ വിഷയത്തിൽ ധനപരമായി കഴിഞ്ഞ ബഡ്ജററ് വർഷത്തിൽ സഹായം വല്ലതും നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പുസ്തകം വാങ്ങുന്ന വിഷയത്തിൽ സഹായം നൽകിയിട്ടുണ്ട്.

അവശസമുദായ സംരക്ഷണം

* ൩൨൫. (൯൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പിന്നോക്ക-സമുദായ സംരക്ഷണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജററ് വർഷത്തിൽ അവശസമുദായോദ്ധാരണ പരമായി തിരുവനന്തപുരം ഡിവിഷൻ മുഖേന പ്രത്യേക പ്രവർത്തനങ്ങൾ എതെങ്കിലും നടത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തന പരിപാടികൾ എന്തെല്ലാം?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ഈ ഡിപ്പാർട്ടുമെണ്ടിന്റെ ഗൃഹനിർമ്മാണ പദ്ധതിയിൽ നെയ്യാററിൻകര താലൂക്കിൽ വെങ്ങാനൂരിൽ ൨൦ ഭവനങ്ങളും ചിറയിൻകീഴ് താലൂക്കിൽ വക്കലയിൽ ൨൦-ം നെടുമങ്ങാട്ട് ൨൫-ം ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം താലൂക്കിൽ ബാർട്ടൺ ഹില്ലിൽ ഒരു കോളനി തീർക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തു് കടകംപള്ളി പകുതിയിൽ സർവ്വേ ൨൩൨൩-ൽ ൩൯ ഏക്കർ ഭൂമി ഈ ആവശ്യത്തിലേക്കു് കൈമാററം ചെയ്യുവാൻ നടപടി നടത്തിവരുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്തു് ഒരു ഹരിജന ഹോസ്റ്റൽ നടത്തിവരുന്നുണ്ട്. എട്ടു നിശാപാഠശാലകളും രണ്ടു ഗ്രന്ഥശാലകളും നടപ്പാക്കിയിട്ടുണ്ട്. ഒരു ആയുർവേദ വൈദ്യനെ നിയമിച്ചു പേട്ടയിലും പരിസരങ്ങളിലും ഉള്ള ആളുകൾക്കു് വൈദ്യസഹായം നൽകുവാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. ടി. വി. ദേവൻ: ഈ വൈദ്യൻ പിന്നോക്ക സമുദായത്തിൽ പെട്ട ആളാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആണെന്നാണു തോന്നുന്നതു്. പേരു് വേലായുധൻ എന്നാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ബാർട്ടൺ ഹില്ലിൽനിന്നു മുനിസിപ്പാലിററിക്കാർ ഹരിജനങ്ങളെ ഇറക്കിവിടുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ നടപടി നിറുത്തിവെക്കുവാൻ ഗവൺമെണ്ടിൽനിന്നും ഉത്തരവു നൽകിയിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഹരിജനങ്ങളുടെ കാര്യത്തിൽ ശരിയായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു എൻക്വയറി കമ്മററിയെ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ആവശ്യം ഇല്ല. അവശസമുദായ സംരക്ഷകൻ ഈ കാര്യത്തിലേക്ക് നിയമിച്ചിട്ടുള്ള അഡ്വൈസറി കമ്മിററിയുമായി ആലോചിച്ച് ഇതുമാതിരി പദ്ധതികൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണു ചെയ്യുന്നത്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അപ്പോൾ ഈ കാര്യത്തിലേക്ക് ഒരു എൻക്വയറി കമ്മിററി ഇല്ലെന്നാണോ പറയുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. ഇട്ടീര അയ്യൂക്കൻ: പിന്നോക്കസമുദായക്കാർ എന്നുള്ള പദപ്രയോഗം അവർക്ക് സുന്ദരമായി തോന്നാത്തതിനാൽ മേലാൽ ഹരിജനങ്ങൾ എന്ന് ഉപയോഗിക്കാമോ?

Mr. Speaker: It is a suggestion.

വ്യവസായശാല

*൩൩൩. (൧൩) സാഹിബ് ബഹദൂർ ററി. എ. മൊയ്ദീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) കൊല്ലത്തു സ്റ്റീൽ ട്രങ്കുകളും ബക്കററുകളും മററും നിർമ്മിക്കുന്ന ഒരു വ്യവസായശാലയുള്ളതായി ഗവൺമെണ്ടിനറിയാമോ;

(ബി) അവിടെ എത്ര ആളുകൾ തൊഴിൽചെയ്യുന്നുവെന്നറിയാമോ;

(സി) അവർക്കാവശ്യമുള്ള മെററീരിയൽസ് സപ്ലൈ ചെയ്യണമെന്ന് ഇൻഡ്യാഗവൺമെണ്ട് വ്യവസായ വകുപ്പിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

(ഡി) നിർദ്ദേശമനുസരിച്ചോ അല്ലാതെയോ അവർക്കാവശ്യമുള്ള സാധനങ്ങൾ നൽകി വരുന്നുണ്ടോ?

(ഇ) ഇതുപോലെയുള്ള എതെല്ലാം സ്ഥാപനങ്ങൾക്ക് എത്രവീതം മെററീരിയൽസ് ക്വോട്ടാ പ്രകാരം നൽകിവരുന്നുണ്ട്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള) (എ) അറിയാം.

(ബി) ൧൪ പേർ.

(സി) ഇല്ല. എന്നാൽ ഈ വ്യവസായശാല ഫാക്ടറി ആക്ടിൻപ്രകാരം രജിസ്റ്റർചെയ്തിട്ടുള്ളതല്ലെന്നും വിദ്യുച്ഛക്തി ഉപയോഗിച്ചു പ്രവർത്തനം നടത്താൻ സാദ്ധ്യമല്ലെന്നും അതുകൊണ്ട് ഇൻഡ്യാ ഗവൺമെണ്ടിന് ഇതിനു സഹായിക്കാൻ നിവൃത്തിയില്ലെന്നും അതിനാൽ സഹായത്തിന് സംസ്ഥാനഗവൺമെണ്ടിനെ സമീപിക്കണമെന്നും അവരെ അറിയിച്ചിട്ടുണ്ട്.

(ഡി) കഴിവുള്ളിടത്തോളമുള്ള എല്ലാ സഹായങ്ങളും നൽകിവരുന്നുണ്ട്.

(ഇ) ഒരു ക്ലിപ്തക്വോട്ടാ അനുവദിച്ചിട്ടില്ല. എന്നാൽ ഇൻഡ്യാഗവൺമെണ്ടിൽനിന്നും കിട്ടുന്ന ക്വോട്ടയുടെ അടിസ്ഥാനത്തിൽ അപ്പോഴപ്പോൾ ലഭിക്കുന്ന സാധനങ്ങളിൽ അവരുടെ അപേക്ഷപ്രകാരം മെററീരിയൽസ് നൽകിവരുന്നുണ്ട്.

ശ്രീ. പി. കെ. ഡീവർ: ഈ ക്വോട്ടാ കൊടുക്കുന്ന സാധനങ്ങൾ ഉപയോഗിച്ച് അവർ മാന്യുഫാക്ചർ ചെയ്യുന്നുണ്ടോ എന്നന്വേഷിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതന്വേഷിക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: അതു് അപ്പോഴപ്പോഴ് റിപ്പോർട്ടുചെയ്യാൻ ഏർപ്പാടുചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറുമുഖാന്തിരം. ഇൻഡസ്ട്രീസ് ഡയറക്ടർ അപ്പോഴപ്പോഴ് നേരിട്ടു് അന്വേഷണം നടത്തുകയും ചിലപ്പോഴ് അദ്ദേഹത്തിൻെറ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു അന്വേഷിപ്പിച്ചു് റിപ്പോർട്ടു വരുത്തുകയും ചെയ്യുന്നുണ്ടു്.

കയർ സഹകരണ സംഘങ്ങൾ

*൩൯൧. (൫൪) ശ്രീ.കെ.കെ. വിശ്വനാഥൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ആകെ എത്ര കയർ സഹകരണസംഘങ്ങൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ടു്; എവിടെയൊക്കെ;

(ബി) അവിടെ പ്രവർത്തനം വല്ലതും നടക്കുന്നുണ്ടോ;

(സി) സംഘങ്ങൾ സ്ഥാപിച്ചതിനുശേഷം കയർപിരി തൊഴിലാളികൾക്കു് വല്ല മെച്ചവും ഉണ്ടായിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൭൪. വിശദവിവരങ്ങളടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്തുവച്ചിരിക്കുന്നു.

(ബി) ഉണ്ടു്. തിരുവനന്തപുരത്തു സ്ഥാപിച്ചിട്ടുള്ള ൩൦൧൭-ാംനമ്പർ സംഘം തൊണ്ടുവാങ്ങിക്കുകയും വിൽക്കുകയും ചെയ്യുന്ന പ്രവർത്തനവും മററു ൭൭ സംഘങ്ങൾ അംഗങ്ങളെ ചേർക്കുകയും ഓഹരികൾ വിററു് പ്രവർത്തനമൂലധനം ശേഖരിക്കുകയും ചെയ്യുന്ന പ്രാരംഭപ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ടു്. ഒരു സംഘംമാത്രം പ്രവർത്തനം തുടങ്ങിയിട്ടില്ല.

(സി) മൂന്നുമാസക്കാലമായി തൊണ്ടിൻെറ വില ക്രമാതീതമായി വർദ്ധിച്ചതുകൊണ്ടു് പ്രവർത്തനം തുടങ്ങുന്നതിനു് പററിയ സന്ദർഭം ലഭിച്ചില്ല. അങ്ങനെ പ്രവർത്തനം തുടങ്ങാത്തതുകൊണ്ടു തൊഴിലാളികൾക്കു് മെച്ചമുണ്ടാകാൻ ഇടയില്ല. എന്നാൽ പ്രവർത്തനം തുടങ്ങുന്നതോടുകൂടി മെച്ചമുണ്ടാകുമെന്നു് ന്യായമായി പ്രതീക്ഷിക്കുന്നു.

ശ്രീ. എം. ഐ. പോൾ: ഈ സംഘങ്ങൾക്കു് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കാര്യത്തിലേക്കു് ൫൦ ലക്ഷം രൂപ ബഡ്ജററിൽ നീക്കിവെച്ചിട്ടുണ്ടു്. ഓരോ സംഘത്തിനും രണ്ടായിരം രൂപ കൊടുക്കണമെന്നുദ്ദേശിക്കുന്നു.

ശ്രീ. എം. ഐ. പോൾ; ഈ രണ്ടായിരം രൂപാകൊണ്ടു് ഈ സംഘങ്ങളുടെ ഈ വിവധപ്രവർത്തനങ്ങൾ ശരിക്കു നടത്താൻ സാധിക്കുമെന്നു ഗവമ്മേണ്ടിനു് വിചാരമുണ്ടോ?

ശ്രീ. ടി. കെ. നാരാരണപിള്ള: ഗവമ്മേണ്ടിൽനിന്നു ലഭിക്കുന്ന സഹായം കൊണ്ടുമാത്രം സംഘം നടത്തിക്കൊണ്ടുപോകണമെന്നാണു് വിചാരിക്കുന്നതെങ്കിൽ അതു സാധിച്ചു എന്നു വരുന്നതല്ല. സംഘം പ്രവർത്തനങ്ങൾ നടത്തി ധനശേഖരണം നടത്തുകയും ഗവമ്മെണ്ടു് ആവുന്ന സഹായങ്ങൾ ചെയ്യുകയും ആണെങ്കിൽ എളുപ്പമുണ്ടു്. അല്ലാതെ ഗവമ്മേണ്ടിൻെറ സഹായം ഒന്നുകൊണ്ടുമാത്രം സംഘം നടത്താമെന്നാണെങ്കിൽ അതു് സാദ്ധ്യമല്ല.

ശ്രീ. എം. എം. പോൾ: ഓരോ സംഘത്തിനും ഷെയർ ക്യാപ്പിററലായി എന്തു ലഭിക്കുവാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് പ്രവർത്തകന്മാരുടെ ആത്മാർത്ഥതയും കർമ്മനൈപുണിയും ആശ്രയിച്ചിരിക്കും.

ശ്രീ. എം. ഐ. പോൾ: ഗവർമ്മെണ്ടു് സംഖ്യമാത്രംകൊണ്ടു് "സംഘം നടത്തണമെന്നല്ല ഞാൻ പറഞ്ഞതു്. എന്നാൽ ഉദ്ദേശിച്ചപോലെ ധനശേഖരം നടത്തുവാൻ എല്ലാ സംഘങ്ങൾക്കും സാധിക്കുമെന്നു് വിചാരമുണ്ടോ?

Mr. Speaker: That is a matter of discussion.

ശ്രീ. കെ. രാമകൃഷ്ണപിള്ള. ഈ സംഘങ്ങളെ നിയന്ത്രിക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. എം. ഐ. പോൾ: കൊച്ചിയിലെയും തിരുവിതാംകൂറിലെയും കൂലിക്കു അതായതു തൊണ്ടിന്റെ വിലക്കു തമ്മിൽ വ്യത്യാസമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: താരതമ്യേന തിരുവിതാംകൂറിൽ കുറവാണെന്നാണു് തോന്നുന്നതു്.

ശ്രീ. എം. ഐ. പോൾ: അതിനു പരിഹാരം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുതന്നെയാണു് സഹകരണതത്വത്തിന്റെ അടിസ്ഥാനത്തിൽ ഈ വ്യവസായത്തെ പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതു്.

ശ്രീ. എം. ഐ. പാൾ: കൂടുതൽ സംഖ്യ ലഭിക്കുവാൻ ഈ സംഘങ്ങൾക്കു് സാധിക്കുകയില്ലെന്നറിയാമോ?

Mr. Speaker: It is not a request for information.

ശ്രീ. പട്ടം എ. താണുപിള്ള: ഇതു് തൊഴിലാളികളും മുതലാളികളും കൂടിച്ചേർന്നുള്ള സംഘമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പച്ചത്തൊണ്ടു് വ്യവസായികളും തൊണ്ടു് ചീയ്ക്കുന്ന മുതലാളികളും പിന്നെ സാധാരണ തൊഴിലാളികളും ഇങ്ങനെ മൂന്നുതരം ആളുകൾ ചേർന്നാണു് സംഘം രൂപീകരിച്ചിരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: ഇതിനു് മിനിമം വേജസ് ഫിക്സ് ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനു എന്നല്ല എല്ലാററിനുംതന്നെ ഒരു മിനിമം വേജസ് വേണമെന്നാണു് ഗവർമ്മെണ്ടു് വിചാരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: ഈ മിനിമം വേജസ് കമ്മററിയുടെ അദ്ധ്യക്ഷനായിരുന്ന മി. സി. കേശവൻ അതുപേക്ഷിച്ചു പോയതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ധ്യക്ഷനായിരുന്ന മി. സി. കേശവൻ രാജിവച്ചിട്ടുപോയി പകരം വേറൊരാളെ അദ്ധ്യക്ഷനായി നിയമിച്ചുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: ഈ കമ്മററിയുടെ പ്രവർത്തനത്തിന്റെ ഒരു ചുരുങ്ങിയ ചരിത്രം പറയാമോ?

Mr. Speaker: That question need not be answered.

ശ്രീ. പി. ബാലകൃഷ്ണൻ തമ്പി: ആറന്മുള കണ്ണാടി വിലക്കു കിട്ടുമോ?

Mr. Speaker: That question cannot be answered.

ശ്രീ. പി. കെ. ഡീവർ: മിസ്റ്റർ സി. കേശവനു പകരം അദ്ധ്യക്ഷനായി വന്ന ആൾ ആരാണു്?

Mr. Speaker: That question cannot be allowed.

Statement referred to in answer to part (a)

List of Coir Co-operative Societies sanctioned, registered and working under the scheme for the development of the Coir Industry on a Co-operative basis

Serial No.	Name of Society	Area of operation	Head-quarters
	I. Cochin area (Societies functioning)		
1	The Kandasamkadavu Coir Co-operative Society Ltd., No. 821	Whole of Trichur taluk	Kandassankadavu
2	The Karuppadanna Coir Co-operative Society Ltd., No. 822	Whole of Mukundapuram taluk	Karuppadanna
3	The Kumbalanghi Coir Co-operative Society Ltd., No. 823	Andikkadavu, Chellanam, Manacheray and Kumbalanghi	Kumbalanghi
4	The Niarackal Coir Co-operative Society Ltd., No. 833	Nayarambalam, Ochanthuruthu, Perumpally, Narackal and Elankunnapuzha	Niarackal
	II. Travancore area (Societies functioning)		
5	The Thiruvallam Patchalloor Coir Vyavasaya Co-operative Society Ltd., No. 3061	Thiruvellam, Patchalloor, Kovalam and Panamthura	Patchalloor
6	The Perumathura Coir Co-operative Society Ltd., No. 3060	Puthukurichi and Perumathura	Perumathura
7	The Murukkumpuzha-Kaniyapuram Coir Co-operative Society Ltd., No. 3063	Murukkumpuzha and Kaniyapuram	Murukkumpuzha
8	The Perumkuzhy Coir Co-operative Society No. 3053	Azhoor and Perumkuzhi	Perumkuzhi
9	The Vakkom Coir Co-operative Society No. 3054	Vakkom	Vakkom
10	The Kadakkavoor Coir Co-operative Society Ltd., No. 3055	Kadakkavoor, Anchengo and Anathalavattam	Kadakkavoor
11	The Sarkara Coir Co-operative Society Ltd., No. 3052	Chirayinkil and Kadakam	Sarkara
12	The Mahadevikad Coir Co-operative Society Ltd., No. 3065	Kumarapuram, Mahadevikad, Thottappally, Karuvatta and Thrikkunnapuzha	Mahadevikad

List—*(cont.)*

Serial No.	Name of Society	Area of operation	Head-quarters
	II. Travancore area (Societies functioning)—*(cont.)*		
13	The Chingoli Coir Co-operative Society Ltd., No. 3066	Arattupuzha, Muthukulam, Chingoli and Choolatheruvu	Chingoli
14	The Shertalai Coir Co-operative Society Ltd., No. 3057	Thuravoor North and South and Arur Pakuthies	Kuthiathodu
15	The Vaikom Coir Co-operative Society Ltd., No. 3056	Chempu in Vaikom taluk	Chempu
16	The Vadakkekara Coir Co-operative Society Ltd., No. 3068	Chennamangalam, Muthakunnam, Gothuruthy, Munambham, Parur and Vadakkekara	Vadakkekara
17	The Trivandrum Thondu Vyavasaya Co-operative Society Ltd,, No. 3071	Trivandrum and Neyyattinkara	Trivandrum
18	The Kayikkara Nedunganda Coir Co-operative Society Ltd., No. 3062	Kayikkara and Nedumganda	Kayikkara
19	The Karunagapally Coir Co-operative Society Ltd., No. 3067	Perinad, Kulasekarapuram, Athanad, Panmana, Kozhikode and Chavara	Karunagapally
20	The Puthupally Coir Co-operative Society Ltd., No. 3075	Kandalloor, Keerikad, Puthupally, Govindamuttam and Puthiavila	Puthupally
21	The Thrikkadavoor Coir Co-operative Society Ltd., No. 3084	Perinad and Mangad	Thrikkadavoor
22	The Kappil Coir Co-operative Society Ltd., No. 3085	Edava and Kappil	Kappil
23	The Paravoor Coir Co-operative Society Ltd., No. 3087	Paravoor	Paravoor
	III. Travancore area (Societies organised but not started work)		
24	The Mannamcherry Coir Co-operative Society Ltd., No. 3092	Mannamcherry and Alleppey	Mannamcherry

വില്ലേജ് റോഡ് പദ്ധതി

*൬൩൮. (൧൫) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) എൻ. ഇ. എസ്.-ൽ ഓരോ താലൂക്കിലുംനിന്ന് എത്ര മൈൽ റോഡുവീതമാണ് വില്ലേജ് റോഡുപദ്ധതിയിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്നത്;

(ബി) ഏതേതു റോഡുകളാണ് ഓരോ കൊല്ലത്തിലും ഉൾപ്പെടുത്തേണ്ടത് എന്നു നിശ്ചയിക്കുന്നത് എങ്ങനെയാണ്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) പ്രസ്തുത പദ്ധതിക്കായി എൻ. ഇ. എസ്.-ൽ ബഡ്ജറ്റിൽ പത്തു ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. ഏതേതു റോഡുകളുടെ പണി ആണ് തുടങ്ങേണ്ടതെന്ന് ബഡ്ജററനുവാദത്തിനുശേഷം തീർച്ചപ്പെടുത്തുന്നതാണ്.

(ബി) റോഡുകളുടെ ആവശ്യകതയെയും ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുകയെയും അടിസ്ഥാനപ്പെടുത്തി ഇതു നിശ്ചയിക്കുന്നതാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: ഇതിന് ഒരു മുൻഗണനാലിസ്റ്റ് തയാറാക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ തയാറാക്കിയതിനുശേഷമാണ് ജോലി തുടങ്ങുന്നത്.

ശ്രീ. റാഫേൽ ജെ. റൊഡ്രീഗ്സ്: ആ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമെന്നുകണ്ടാൽ പ്രസിദ്ധീകരിക്കും.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ആവശ്യമെന്ന് നിശ്ചയിക്കുന്നത് അതായത് ഇന്ന റോഡു വേണമെന്ന് നിശ്ചയിക്കുന്നത് ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെൻറാണ്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇതു് ആരുടെയെങ്കിലും റെക്കമെൻറേഷൻ അനുസരിച്ചാണോ ഗവമ്മെൻറു സാങ്ഷൻ ചെയ്യുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനായിട്ട് ഒരു പ്രാത്യേക സബ്ഡിവിഷ്യൻ ഉണ്ടാക്കിയിട്ടുണ്ട്. ആ സബ്ഡിവിഷ്യൻ ആഫീസറുടെ പ്രൊപ്പോസൽ പരിഗണിച്ചാണ് ഇതു് അനുവദിക്കുന്നതു്.

ശ്രീ. ഈപ്പൻ അറക്കൽ: അദ്ദേഹം രാജ്യത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചിട്ടാണോ ഇങ്ങനെ റിപ്പോർട്ടു ചെയ്യുന്നത്.

ശ്രീ. ടി. കെ. നാരായണപിള്ള: അതെ. അദ്ദേഹം സഞ്ചരിച്ചുകഴിഞ്ഞിട്ട് ആവശ്യമുള്ളിടത്തോളം വിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞിട്ടുണ്ട്. മ്യാപ്പും തയാറാക്കിക്കഴിഞ്ഞിട്ടുണ്ട്.

JOINT STOCK COMPANIES

*639. [16] **Sri. Paul Thaliath:** Will the Hon'ble Minister for Joint Stock Companies be pleased to state.—

(*a*) the names of the Joint Stack Companies in which the Government have taken shares, the audit of which were conducted in 1950 by Government Auditors;

Questions Nos. 639, 640 and 641 were put by Sri. P. K. Dewer with the permission of the Chair.

(*b*) whether instances of misappropriation or mismanagement were pointed out by the Auditors; and

(*c*) if so, the nature of the action taken in each case?

Minister for Education, Labour and Civil Supplies
(Sri. T. K. Narayana Pillai):

(*a*) The Central Banking Corporation of Travancore, Ltd.
The Aluminium Industries, Ltd.

(*b*) and (c) The Reports are confidential and are being considered by Government.

Sri. P. K. Dewer: May I know whether the Govrnment have received any report regarding the West Coast Fisheries?

Sri. T. K. Narayana Pillai: Yes.

Sri. P. K. Dewer: May I know whether the Company is still working?

Sri. T. K. Narayana Pillai: The Company is supposed to be working now.

Sri. P. K. Dewer: I heard the hon'ble Minister saying that the company is suppossed to be working. May I know whether it is really working?

Sri. T. K. Narayana Pillai: It is not effectively working.

WAITING SHED AT PARUR

***640.** [17] **Sri. Paul Thaliath:** Will the Hon'ble Minister for Public Works be pleased to state.—

(*a*) Whether the Government have decided to construct a waiting shed at Parur;

(*b*) if so, the locality selected for the same; and

(*c*) when the work of the shed will be started?

Minister for Education, and Labour Civil Supplies
(Sri. T. K. Narayan Pillai):

(*a*) Yes.

(*b*) No decision has been made in regard to the site. The question of acquiring a suitable site for putting up the shed is under consideration.

(*c*) The construction work will be started as soon as the site is selected.

Sri. P. K. Dewer: How long will it take?

Sri. T. K. Narayana Pillai: It will not take much time. The site has been suggested by the authorities concerned and in all probability that site may be ordered to be selecrted.

AUDITING CHITTY ACCOUNTS

***641.** [18] **Sri. Paul Thaliath:** Will the Hon'ble Minister for Registration be pleased to state.—

(*a*) whether Government auditors are auditing the Chitty accounts in the Travancore area, as per the Chitty Act:

(*b*) if so, the number of auditors deputed for this work;

(*c*) the number of existing registered chitties as on 31st January 1951; and

(*d*) whether the Auditors carry on the audit by going to the respective chitty offices or whether the records are taken to their office at specified places?

Minister for Education, Labour and Civil Supplies
(Sri. T. K. Narayana Pillai):

(*a*) There are at present no Government Auditors as such for auditing Chitty accounts. The District Registrars and their inspection staff are now attending to the work.

(*b*) Does not arise,

(c) 2874 in Travancore area.

(d) The Foremen are instructed to produce the chitty accounts for audit in the respective Ex-officio Chitty Registrar's offices, *viz.*, the Sub-Registry office.

ശ്രീ. എം. ഐ. പോൾ: രജിസ്റ്റർ ചെയ്യാതെ നൻ ക്രപാ സല വെച്ച് ചിട്ടി നടത്തി സാധുക്കളെ കഷ്ടപ്പെടുത്തുന്നതായി ഗവമ്മെൻറിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഉണ്ടായിരിക്കാം.

ശ്രീ. എം. ഐ. പോൾ: ഗവമ്മെൻറ് അതിനെ നിയന്ത്രിക്കേണ്ടതല്ലേ?

Mr. Speaker: It is a matter of opinion.

ഉണ്ടനൂൽക്കമ്പനി

*൩൪൨. (൧൩൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കൊരട്ടിയിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന ഉണ്ടനൂൽക്കമ്പനി പ്രവർത്തനം ആരംഭിച്ചോ;

(ബി) ആ കമ്പനി ആരാണു് നടത്തുന്നതു്;

(സി) ബഹുമാനപ്പെട്ട ഗവമ്മെൻറിൽനിന്നും ആ കമ്പനിക്ക് എന്തു സഹായധനം കൊടുത്തിട്ടുണ്ടു്?

വിദ്യാഭ്യാസവും, തൊഴിലും ,സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

(ബി) ബാംബെ ജെംനാ മിൽസ് കമ്പനിക്കാർ.

(സി) സഹായധനം കൊടുത്തിട്ടില്ല.

ശ്രീ. എ. വി. ജോസഫ്: ആ കമ്പനിയുടെ പണി ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പണി ആരംഭിക്കുന്നുണ്ടു്.

ശ്രീ. എ. വി. ജോസഫ്: എന്നാണു് ആരംഭിക്കുന്നതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കെട്ടിടം പണിയാണു് ഇപ്പോൾ തുടങ്ങുന്നതു്.

ശ്രീ. ഇട്ടിര അമ്പൂക്കൻ: അവർ സഹായധനം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സഹായധനം ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും കൊടുക്കണമെന്നുദ്ദേശിക്കുന്നില്ല.

ശ്രീ. ഇട്ടിര അമ്പൂക്കൻ: സഹായധനം ആവശ്യപ്പെട്ടിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. മാത്യു: കൊരട്ടി എന്ന സ്ഥലം പ്രത്യേകം തെരഞ്ഞെടുത്തതിനു കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ആ സ്ഥലത്തുള്ള പല സൗകര്യങ്ങളേയും ആസ്പദമാക്കിയാണു്.

ശ്രീ. പി. കെ. ഡീവർ. സഹായധനമല്ലാതെ വേറെ തരത്തിൽ വല്ല സഹായവും ഈ കമ്പനിക്കു നൽകിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൭൫ ഏക്കറിൽ ചില ഭാഗം സ്ഥലം ഈ കമ്പനിയുടെ ആവശ്യത്തിനുവേണ്ടി ചില വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി പാട്ടത്തിനു കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: സഹായം നൽകുമ്പോൾ കമ്പനിയുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം വല്ല പ്രത്യേകനിബന്ധനകളും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ ഏർപ്പെടുത്താറുണ്ട്.

ശ്രീ. പി. കെ. ഡീവർ: ഈ കമ്പനിയുടെ കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കമ്പനിയുടെ കാര്യത്തിലും ഏർപ്പെടുത്തിയിട്ടുണ്ട്.

ഷാർക്ക്‌ലിവർ ഓയിൽ കമ്പനി

*൩൪൩. (൨൦) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരത്ത് ഒരു ഷാർക്ക്‌ലിവർ ഓയിൽ കമ്പനി പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) ആ കമ്പനി ഗവമ്മെൻറിൽനിന്നും നേരിട്ടാണോ നടത്തുന്നത്;

(സി) അതിൻെറ പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) അതെ.

(സി) ഉണ്ട്.

ശ്രീ. എം. ഐ. പോൾ: വെസ്റ്റ്കോസ്റ്റ് ഫിഷറീസും ഈ കമ്പനിയുമായി വല്ല ബന്ധവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കമ്പനി ഗവമ്മെൻറ നടത്തുന്ന ഒന്നാണ്.

ശ്രീ. പി. കെ. ഡീവർ: ഇതൊരു കമ്പനിയാണോ ഒരു ഗവമ്മെൻറ ഡിപ്പാർട്ട്മെൻറാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെൻറ് ഒരു ബോർഡ് ഓഫ് മാനേജ്മെൻറ് വെച്ചു ഈ വ്യവസായം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. ഡീവർ: ഇതിൽ എത്ര മൂലധനം മുടക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. ഡീവർ: ഇപ്പോൾ പ്രൊഡക്ഷൻ ആ കമ്പനിയിൽ തുടങ്ങിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തുടങ്ങിയിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിലെ പ്രൊഡക്ഷൻ മുഴുവൻ ചെലവായിക്കൊണ്ടിരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചിലവാകുന്നുണ്ടു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ ഓയിൽ എക്സ്പോർട്ട് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എക്സ്പോർട്ട് ചെയ്യുന്നുണ്ടു്.

ശ്രീ. എം. ഐ. പോൾ: ഈ കമ്പനിക്കുവേണ്ട ഓയിൽ സപ്ലൈ ചെയ്യുന്നതു വെസ്റ്റ്കോസ്റ്റ് ഫിഷറീസാണോ?

ശ്രീ ടി. കെ. നാരായണപിള്ള: അല്ല.

ശ്രീ. പി. കെ. ഢീവർ: ഷാർക്ക് ലിവർ ഓയിൽ പ്രൊഡ്യൂസ് ചെയ്തുകൊണ്ടിരുന്നതു് ഈ കമ്പനി വരുന്നതിനു മുമ്പാണോ അതോ അതിനുശേഷമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കമ്പനി വരുന്നതിനു മുമ്പുതന്നെ പ്രൊഡ്യൂസ് ചെയ്തുകൊണ്ടിരുന്നു. പ്രൊഡക്ഷൻ ആദായകരമാക്കുന്നതിനാണു പുതിയ മാനേജ്മെൻറിൽ തുടങ്ങിയതു്.

ശ്രീ. പി. കെ. ഢീവർ: ഇതു വില്ക്കുന്നതിനു ആക്കെങ്കിലും ഏജൻസി കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ചിന്താവിഷയമായിരിക്കുകയാണു്.

ശ്രീ. പി. കെ. ഢീവർ: മുമ്പു് ആക്കെങ്കിലും ഏജൻസി ഉണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Sri. D. Gnanasigamoni: Do the Government propose to allow private parties to engage in this business?

Sri. T. K. Narayana Pillai: No. Government have no such proposal.

ശ്രീ. എം. ഐ. പോൾ: ഈ കമ്പനി ഡയറക്ടേഴ്സ് നടത്തുന്നതോ അതോ ഗവമ്മെൻറാണോ നടത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെൻറിൽനിന്നും നടത്തുന്നതാണെന്നു ഞാൻ നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണു്.

ശ്രീ. പി. കെ. ഢീവർ: ഈ കമ്പനിയുടെ ആവശ്യത്തിലേക്കു് പരിഷ്കൃത രീതിയിലുള്ള യന്ത്രസാമഗ്രികൾ വല്ലതും വരുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വരുത്തണമെന്നു വിചാരിച്ചുകൊണ്ടിരിക്കുകയാണു്. മിക്കവാറും അടുത്ത വർഷം വരുത്തും.

ആലുവാ—എറണാകുളം ബസ്സ്‌ലൈൻ

*൩൪൮. (൨൧) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ആലുവാ—എറണാകുളം ബസ്സ്‌ലൈൻ ഗവമ്മെണ്ടിൽനിന്നും ഏറെറടുക്കുമെന്നു കാണിച്ചു്, ബസ്സുടമസ്ഥന്മാക്കു നോട്ടീസ്സു കൊടുത്തിരുന്നോ; അതിനുശേഷം അതു മാററാൻ കാരണമെന്തു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല. രണ്ടാംഭാഗം ചോദ്യം ഉദിക്കുന്നില്ല.

ശ്രീ എൻ. വി. ചാക്കൊ: ഈ ലൈൻ ഡബ്ൾഡക്കു് ബസ്സുകൾ ഓടിക്കുന്നതിനു പററിയതാണെന്നു അറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അഭിപ്രായവ്യത്യാസമുള്ള കാര്യമാണു്. അവിടെ ധാരാളം വളവുകളുണ്ടു്. റോഡിന്റെ അരികിൽ മരങ്ങളുടെ കമ്പു് ധാരാളമായി തൂങ്ങിക്കിടക്കുകയും ചെയ്യുന്നുണ്ടു്.

ശ്രീ. എൻ. വി. ചാക്കൊ: മരങ്ങളുടെ കമ്പു വെട്ടിനീക്കുന്നതിനു തടസ്സം വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു നിയമതടസ്സമൊന്നുമില്ല.

ബുൾഡോസറുകൾ

*൩൮൬. (൨൨) ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിൽ സംയോജനത്തിനു മുൻപു എത്ര ബുൾഡോസറുകൾ ഓരോ ഗവമെണ്ടും മേടിച്ചു;

(ബി) ആ ബുൾഡോസറുകൾ ലേലത്തിൽ വില്ക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ സംയോജനത്തിനു ശേഷമാണോ;

(ഡി) ലേലത്തിൽ കൊടുത്തുവെങ്കിൽ എത്ര സംഖ്യയ്ക്കാണു കൊടുത്തതു്;

(ഇ) മേടിച്ച വില എന്തായിരുന്നു?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഒരു ബുൾഡോസർ തിരുവിതാംകൂർ ഗവമെണ്ടും ബുൾഡോസറം ട്രാക്ടറും ചേർത്തു് എട്ടെണ്ണം കൊച്ചി ഗവമെണ്ടും വാങ്ങിച്ചിരുന്നു.

(ബി) ഇല്ല.

(സി), (ഡി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഇ) ൨൩,൪൨,൧൨ൻ രൂപാ ൧൧ണ.

ശ്രീ. ഇട്ടീര അമ്പുക്കൻ: കൊച്ചിയിൽ ൧ ബുൾഡോസർ വാങ്ങിച്ചതു് ഏതു ഗവമെണ്ടിന്റെ കാലത്താണു്.

ശ്രീ. ടി. കെ. നാരായണപിള്ള: ൧ ബുൾഡോസർ വാങ്ങിച്ചു എന്നു ഞാൻ പറഞ്ഞില്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ: കൊച്ചിയിൽ എത്ര ബുൾഡോസർ വാങ്ങിച്ചു എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: മറുപടി ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ അതിൽ എത്രയെണ്ണം പ്രവൎത്തനത്തിൽ ഇരിക്കുന്നുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാം പ്രവൎത്തനത്തിൽതന്നെ ഇരിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള. എവിടെയാണു് അതു പ്രവൎത്തനത്തിലിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പല സ്ഥലങ്ങളിലും അതു പ്രവൎത്തിക്കുന്നുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രധാനമായി എവിടെയാണു് പ്രവൎത്തിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു പ്രത്യേകം ഒരു ചോദ്യം അയച്ചാൽ മറുപടി പറയാം.

ശ്രീ. ഇട്ടീര അമ്പൃക്കൻ: കൊച്ചിയിൽ വാങ്ങിയ ബുൾഡോസറിന്റെ വില എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേകമായി അതിന്റെ കണക്ക പറയാൻ നിവൃത്തിയില്ല. എല്ലാംകൂടി ചേർത്തുള്ള വില ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഇട്ടീര അമ്പൃക്കൻ. തിരുവിതാംകൂറിൽ വാങ്ങിയ ബുൾഡോസറിന്റെ വില എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വിവരം ഇപ്പോൾ എന്റെ കൈവശം ഇല്ല.

Sri. P. Balakrishnan Tampi: Are these bull-dozers the only assets of Cochin? Are there not other equipments?

Sri. T. K. Narayana Pillai: Not only the bull-dozers but many other items.

വിദ്യുച്ഛക്തി വിതരണം

*൩൪൩. (൨൩) ശ്രീ. കോന്നനാത്ത് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്റ്റിൽ ഇലക്ട്രിക്ക് സപ്ലൈ പുതിയതായി വല്ല വില്ലേജുകളിലേക്കും നീട്ടുവാൻ പദ്ധതികളുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടേക്കാണ്; എന്നത്തേക്ക്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് താഴെ കൊടുത്തിട്ടുണ്ട്.

DISTRIBUTION OF ELECTRICITY

For the Current year

1. Pullanikad Angady
2. Olarikara
3. Kandassankadavu
4. Cherpu
5. Oorakam
6. Chovar
7. Kurkancherry
8. Kanimangalam
9. Pullur
10. Karuvannur
11. Kattur
12. Karanchira
13. Manjummel
14. Kalady
15. Keezhmad
16. Kurumali
17. Pazhanji
18. Kattukampal
19. Malayattur
20. Moorkanikara
21. Cherur
22. Annapuzha
23. Eruthempathy
24. Pudur
25. Nedupunni

For the year 1951—52

1. Chelakara
2. Mullurkara
3. Cheruthuruthy
4. Ollurkara
5. Muringoor
6. Nadavarambu
7. Mundoor
8. Ottupara
9. Mala
10. Poyya
11. Azhikode
12. Eriad
13. Cherai
14. Pallipuram
15. Ankamali
16. Varapuzha
17. Kottuvalli

സഹകരണസംഘങ്ങൾ

*൩൪൧. (൨൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി എന്നീ വിഭാഗങ്ങളിൽ യഥാക്രമം എത്ര സഹകരണസംഘങ്ങൾ പ്രവർത്തനം ചെയ്യുന്നുണ്ട്;

(ബി) ൧൱൨൰൪, ൧൱൨൰൫ എന്നീ കൊല്ലങ്ങളിൽ എത്ര സംഘങ്ങൾ സമാപ്തീകരിക്കുകയുണ്ടായി;

(സി) ഏതെല്ലാം സംഘങ്ങളുടെ പ്രവർത്തകന്മാരുടെ പേരിൽ അഴിമതി കുററത്തിന് ശിക്ഷണനടപടി എടുത്തിട്ടുണ്ട്;

(ഡി) പല സംഘങ്ങളും ക്രമക്കേടായി നടക്കുന്നുണ്ടെന്നുള്ള സംഗതി ഗവമെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) തിരുവിതാംകൂറിൽ ൧൩൩൩ കൊച്ചിയിൽ ൬൩൬.

(ബി) തിരുവിതാംകൂറിൽ ൧൱൨൰൪-ൽ ൨൩൰, ൧൱൨൰൫-ൽ ൨൧൰.
കൊച്ചിയിൽ ൧൱൨൰൪-ൽ ൧൩൰, ൧൱൨൰൫-ൽ ൩൰.

(സി) തൃശ്ശിവപേരൂർ താലൂക്കിൽ ൫൭൬-ാംനമ്പർ, നെയ്യാററിൻകരയിൽ ൨൩൮൭-ാംനമ്പർ, പറവൂരിൽ ൨൩൮൫-ാം നമ്പർ. ഈ സംഘങ്ങളുടെ പ്രവർത്തകന്മാരുടെ പേരിൽ ശിക്ഷണനടപടി എടുത്തിട്ടുണ്ട്.

(ഡി) ചില സംഘങ്ങൾ ക്രമക്കേടായി നടന്നുവരുന്നുണ്ടെന്നുള്ളതു് ഗവമെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: കൊച്ചിയിലുള്ള എക്സ് സർവ്വീസ്മെൻസ് കോഓപ്പറേററീവ് സൊസൈററിയുടെ ക്രമക്കേടുകളെപ്പററി രജിസ്ട്രാറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി പരാതികൾ കിട്ടിയിട്ടുണ്ട്. റജിസ്ട്രാറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ എന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ആരെയെങ്കിലും പ്രാസിക്യൂട്ട് ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ട്രാൻസ്പോർട്ട് വകുപ്പ്

*൩൪൨. (൨൬) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൱൨൰൪, ൧൱൨൰൫ എന്നീ വർഷങ്ങളിൽ യഥാക്രമം ട്രാൻസ്പോർട്ടു വകുപ്പിൽനിന്നും എന്തു ലാഭം ഉണ്ടായി;

(ബി) ഈ ഓരോ കൊല്ലവും ഈ വകുപ്പിലെ ജീവനക്കാർക്ക് എന്തു ബോണസ്സാണ് കൊടുത്തതു്;

(സി) കണക്ക് ഓരോ കൊല്ലവും ആഡിററു ചെയ്യുകയുണ്ടായോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): മുഴവൻ കണക്കുകളും തിട്ടപ്പെടുത്തി ക്കഴിഞ്ഞിട്ടില്ല. കണക്കുകൾ തിട്ടപ്പെടുത്തിക്കഴിഞ്ഞതിനുശേഷമേ ബോണസ്സ് കൊടുക്കുകയുള്ളു. കണക്കുകൾ ഉടനെതന്നെ തിട്ടപ്പെടുത്തും.

ശ്രീ. അലക്സാണ്ടർ വാകയിൽ: കണക്കുകൾ തിട്ടപ്പെടുത്താൻ എന്താണിത്ര താമസമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്കുകൾ പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ ഒരു ആഡിററുകൂടി ചെയ്യേണ്ടതുണ്ട്. അതുകൂടി കഴിഞ്ഞാലേ ബോണസ് കൊടുക്കാൻ സാധിക്കുകയുള്ളു.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആഡിററിംഗ് എന്നു നടക്കും.

ശ്രീ. ടി. കെ. നാരായണപിള്ള: വലിയ താമസംകൂടാതെതന്നെ ആഡിററിംഗ് പൂർത്തിയാകും.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ആഡിററ ചെയ്യാത്ത കണക്കുകൾ അനുസരിച്ചാണോ ബഡ്ജററിൽ ലാഭം കൊള്ളിച്ചിട്ടുള്ളതു്.

Sri. T. K. Narayana Pillai: That is a matter of inference.

ശ്രീ. അലക്സാണ്ടർ വാകയിൽ: മേലാൽ ആണ്ടുതോറും കണക്കു തിട്ടപ്പെടുത്തി ആഡിററ ചെയ്യാൻ ഏർപ്പാട ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോഴും അതിലേക്കു ഏർപ്പാടുകൾ ഉണ്ട്. ആ നിലക്ക് ഈ ചോദ്യത്തിനുതന്നെ വലിയ സാംഗത്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ കുറച്ചു താമസം വന്നുപോയി എന്നുമാത്രമേയുള്ളു.

ശ്രീ. ഏ. കെ. പാച്ചുപിള്ള: എത്ര മാസത്തെ താമസം ഈ കാര്യത്തിൽ കൂടുതലായി ഉണ്ടായിട്ടുണ്ട്.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

കുമ്പളങ്ങി—എഴുപുന്ന റോഡു്

* ൩൪൯. (൫൩) ശ്രീ അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ—

(എ) കുമ്പളങ്ങി എഴുപുന്ന റോഡുപണിക്ക് എത്ര സംഖ്യയാണ് എസ്റ്റിമേററ ചെയ്തിട്ടുള്ളതു്.

(ബി) ഇതിൽ എത്ര സംഖ്യ ചിലവാക്കി; പണി എത്രകണ്ടു പുരോഗമിച്ചു;

(സി) ൻ ൦ സെൻറ സ്ഥലം പൊതുജനങ്ങൾക്കു യാതൊരു പ്രതിഫലവും കൂടാതെ ഗവമെണ്ടിലേക്കു വിട്ടുകൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൾ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൪൩,൦൦൦ രൂപാ.

(ബി) ഇതുവരെ ൨൮൭൩ ൭ ൭ രൂപാ ചെലവാക്കിയിട്ടുണ്ട്. ൨ മൈൽ ൩ ഫർലോംഗ് റോഡു പണി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) റോഡിനുവേണ്ട സ്ഥലം പ്രതിഫലംകൂടാതെ തരുന്നതിനു കക്ഷികളിൽനിന്നും രേഖാമൂലമുള്ള സമ്മതം കിട്ടിയിട്ടുണ്ട്. സ്ഥലം ഇതുവരെ വിട്ടുകിട്ടിയിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: റോഡിന്റെ പണി എന്നു പൂർത്തിയാകുമെന്നാണു പ്രതീക്ഷിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗം പൂർത്തിയാക്കണമെന്നാണു വിചാരിക്കുന്നതു്.

ശ്രീ ഈപ്പൻ അറയ്ക്കൽ: സ്ഥലം തരുന്നതിനു സമ്മതം കിട്ടിയിരിക്കുന്ന സ്ഥിതിക്കു് ഇനി വിട്ടു കിട്ടുന്നതിനു കാത്തിരിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതൊരു നിയമവശമാണു്. സ്ഥലം വിട്ടുതരാതെ നിവൃത്തിയില്ല. സമ്മതമുണ്ടെങ്കിൽതന്നെ അതൊരു കച്ചീട്ടിൻ പ്രകാരം വിട്ടുതരാതെ നിവൃത്തിയില്ല.

പെരിങ്ങൽകുത്തു പദ്ധതി

* ൩൫൦. (൨൭) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരിങ്ങൽകുത്തു പദ്ധതി എന്നു പൂർത്തിയാകുമെന്നും അതിൽനിന്നും എത്ര പവ്വർ കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു് എന്നും ദയവായി പറയാമോ;

(ബി) ചെങ്കുളം പദ്ധതി എന്നു പൂർത്തിയാകുമെന്നും അതിൽനിന്നും എത്ര പവ്വർ കിട്ടുമെന്നും ദയവായി പറയാമോ;

(സി) ഈ രണ്ടു പദ്ധതികളും തുടങ്ങിയതു് എന്നാണെന്നും ഓരോന്നിനും ഇതുവരെ എത്ര സംഖ്യ ചെലവു വന്നിട്ടുണ്ടെന്നും ആകെ എന്തു ചെലവു വീതം വരുമെന്നും പറയാമോ;

(ഡി) പെരിങ്ങൽകുത്തിന്റെ മുകൾഭാഗത്തു വേറെ ഒരു ഡാം കെട്ടുന്നതിനുള്ള പദ്ധതി ആലോചിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതു എവിടെയാണെന്നും അതിനു എന്തു ചെലവു് വരുമെന്നും എത്ര പവ്വർ കിട്ടുമെന്നാണുദ്ദേശിക്കുന്നതെന്നും ദയവായി പറയാമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും, വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൩-ാം ൧൯൫൪-ം ഇടയ്ക്കു, ൧൩,൦൦൦ കിലോവാട്ട്സു ആദ്യത്തെ സ്റ്റേജിലും,

(ബി) ൧൯൫൨-ാം ൧൯൫൩-ാം ഇടയ്ക്കു, ൧൨,൦൦൦ കിലോവാട്ട്സും,

(സി) പെരിങ്ങൽകുത്തു പദ്ധതിക്കു് ൧൯൪൩-ൽ ജനുവരി ൧൯൫൧ വരെ ൧൨൩ ലക്ഷം രൂപാ ചെലവാക്കിക്കഴിഞ്ഞിട്ടുണ്ടു്. ആകെ ൨൩൦ ലക്ഷം രൂപയാണു ആദ്യത്തെ സ്റ്റേജിലേക്കു ഉദ്ദേശിക്കുന്നതു്. ചെങ്കുളം പദ്ധതി ൧൯൪൮-ൽ ൧൩൦ ലക്ഷം രൂപാ ചെലവാക്കിക്കഴിഞ്ഞിട്ടുണ്ടു്. ആകെ ൨൩൯ ലക്ഷംരൂപാ ചെലവുണ്ടെന്നാണു കണക്കാക്കിയിരിക്കുന്നതു്.

(ഡി) ഉണ്ടു്. പെരിങ്ങൽകുത്തിൽനിന്നും ഉദ്ദേശം ൩൪ മൈൽ മുകളിലേക്കു മാറിയാണു്. ഏകദേശം ൧൦ കോടി രൂപാ ചെലവു വരുമെന്നും ൧,൩൦,൦൦൦ കിലോവാട്ട്സു പവ്വർ കിട്ടുമെന്നുമാണു വിശ്വാസം

ശ്രീ. പി. എം. വർഗ്ഗീസു്. ഈ വലിയ പദ്ധതികൾ തിരഞ്ഞെടുത്തു പ്രവർത്തനം നടത്താതെ ചെറിയ പദ്ധതികൾ എടുത്തു പ്രവർത്തനം നടത്തുന്നതെന്താണു്?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. ഇട്ടീര അയ്യൂക്കൻ: പെരിങ്ങൽകുത്തു പദ്ധതിയുടെ പണി ആരംഭിച്ചപ്പോൾ എത്രകൊല്ലംകൊണ്ടു അതു പൂർത്തിയാക്കാമെന്നാണുദ്ദേശിച്ചിരുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതുംവേഗം പൂർത്തിയാക്കാമെന്നു വിചാരിച്ചിരുന്നു. അതിലേക്കാവശ്യമായ മെഷ്യനറിയും മററും എത്തിച്ചേരുന്നതിനു താമസം നേരിട്ടതുകൊണ്ടു ഉദ്ദേശിച്ചതിൽ കൂടുതൽ താമസം നേരിടുകയാണുണ്ടായതു്.

ശ്രീ. പി. എം. വർഗ്ഗീസ്: ഇടുക്കിപദ്ധതിയുടെ കാര്യം ഇവിടെ പറഞ്ഞില്ലല്ലോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പററി ചോദിച്ചിട്ടില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: പെരിങ്ങൽകുത്തു പദ്ധതിയുടെ പണി ആരംഭിച്ചപ്പോൾ അതിന്റെ എൻജിനീയറന്മാർ ഈ പണി എന്നു പൂർത്തിയാകുമെന്നാണു പറഞ്ഞതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പററി എനിക്കു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

DREDGERS

*651. [28] **Sri. Eapen Arackal:** Will the Hon'ble Minister for Communications be pleased to state:

(*a*) the maximum and minimum hire charges per diem at which the Government owned dredgers used to be lent out to private persons;

(*b*) have these hire charges been raised of late; if so what is the maximum hire charge at present;

(*c*) when and why were these hire charges raised; and

(*d*) how many hours a day are these dredgers scheduled to work?

Minister for Education, Labour and Civil Supplies **(Sri. T. K. Narayana Pillai):**

(*a*) The previous rates for bigger size dredgers, were Rs. 300 and those for smaller-size dredgers, Rs. 275 per diem.

applicable to higher incomes. That was the policy pursued by the Dewan at that time. It is better to tax really rich people. It appears that Government nowadays has gone behind that principle. In Travancore double taxation is to be introduced as it were whereas in Cochin, not a pie more than what was previously levied. I should say, the principle of taxation has been thrown to the winds. This year the Finance Minister has told us that no new taxes have been imposed. What about last year? There was enhancement of taxes; and he was responsible for that. He raised a lot of money by additional taxation as well as by fresh taxes. In fact he did not know how to spend that money. Money should be put to use for real purposes. One should not raise money and say that he was not able to spend it. My friend referred to elections in the coming year. There we are going to defeat the Congress.

Sri. P. Balakrishnan Tampi: Really!

Sri. A. Thanu Pillai: Yes, of course. Congress also is faced with elections Probably that is one reason why they have not gone in for fresh taxation. But then high taxes were introduced last year and to that extent it is a thing to be condemned. I should say there is absolutely nothing in this Budget to improve the condition of the really suffering humanity, the working class labourer, the poor ryot. After all, large amounts are provided here and there for this and that: we do not know how Government propose to spend them and even if that is spent whether it would be for proper items. At this rate conditions in the country are not going to improve. (Bell.)

Sri. P. Balakrishnan Tampi: Mr. Speaker, I have to begin with the traditional old manner of congratulating the Hon'ble Minister for the way in which this Budget has been received in different parts of the House. As far as I could see the tone was generally one of appreciation. I should think this excellent budget was the result of not only efficiency but also prayerful working of the piotus Mr. John. When the year began he had many apprehensions of how the estimates could be at the end of the year. But luckily he has presented a budget of which to speak the least he need not be ashamed. Then about the reflections on the Congress and the Congress Government, I do not think I am called upon to answer those things except generally to say that when different people speak about the potentialities of the Congress, that it has fallen short of the high expectations of the people, and about what the Congress could have done, psychologically it is a sign that the Congress is not dead; that it is quite alive and kicking. Only there is some neglect somewhere and nothing else. When people talk of what the Congress did, what the Congress has done, conjugating the word 'do', what it was expected to do, what it will do, and so forth, that shows that the mind of every man is exercising on the working of the organisation. As I said, what the Congress is doing or what it will be doing is not the question. The fact is, that the sub-conscious mind of India whatever it be, the small leaders make it appear to be a reality. The one dominating fact engaging the sub-conscious mind is about the Congress party. This Government or the Congress party of this House does not take credit for the great things that Congress had in mind today. Admittedly it is a party with some defects. It may be that it could not do many things anticipated by them as well as others. There may be defects in the leadership; there may be errors too. But one thing is certain; as the great leader of the Congress has said, there is nothing to hide for the party. If they have made a mistake they come to the forum and say that such and such is a mistake and steps would be taken to rectify it.

Sri. R. K. Ram: May I know what the member has to say on that?

Mr. Speaker : The hon'ble Member has not yielded.

Sri. R. K. Ram : Does the Member really believe in that organisation?

Mr. Speaker : The hon'ble Member has not yielded.

Sri. P. Balakrishnan Tampi : I am prepared to answer the question of that hon'ble Member provided I am allowed to.

Mr. Speaker : The hon'ble Member will go on.

Speaking on what Congress is, I do not wish to indulge in any propaganda stuff, except to say that Congress is not a hide-bound body. From the speeches delivered here, by the angry Kumaries, or the thundering orators from the back benches, you can see that there are different shades of opinion within the Congress fold. It shows that this political party encourages independent thinking. Only we are unanimous in the aims and ideals of the Congress. It is not a totalitarian party; even as regards the work of Government, we view from different angles. But all of us are unanimous in the aims and ideals of our great party. And we are grateful to the opposition leaders for pointing out our defects and shortcomings.

I wish I were old enough to remember the good old days referred to by Mr. Achuthan and the leader of the Socilist party—the good old days when Mr. Thanu Pillai wove and Mr. Achuthan span. In those days there was scarcity of food-grains, there was scarcity of clothing and there were not even so many houses put up for the vote-giving poor as now. I can remember those things. It is a survival of the dark days of subjection—this uncontrolled and vituperative attack on the Government. But it comes from venerable old men. And we have to respect old age. So if Mr. Thanu Pillai and Mr. Nataraja Pillai transgress the line and begin to attack the Government, we may be indulgent and put it down to the infirmities of old age, because getting old, we cannot adjust ourselves to new conditions. Now public men and representatives are not expected to come here and merely shower attacks on Government. The condition at present is that every man should put his shoulder to the wheel. If there is a mistake he should point it out and try as far as possible to bring good to the country. In the old days when we were ruled by the Whites, all that we had to do was to hurl epithets on the Government. So something like an apostolic succession of policies and ideas came through. That is why very many hon'ble Members content themselves with merely hurling epithets here. They think that their virtues are beyond doubt. But it only shows that there has not been time for political education to spread not only among the common people but among the members of this House.

Mr. Speaker: Now the budget........ (Laughter)

Sri. P. Balakrishnan Tampi: In no modern legislature—although it is ironical—do we talk on the budget without commenting on the administration. The old 'watch-and-ward' model is getting archaic. I have to give some hints regarding the food situation. Now we find that there is scarcity of rice. All over India, especially in this season, in every Legislature, Central and Provincial—there is the same complaint about the lack of food. But which is that wizard in India today that could bring rains overnight? Therefore the only possible way to make our country self-sufficient, is to start propaganda for using reduced quantities of cereals, by supplementing rice with other foodstuffs available in the country. We must start propaganda, the members of the legislature, the party leaders, and the men who guide public opinion in this country, should all start that work. For that I think the Congress Government will spare no pains, so that by revising our food habits, we can make our country self-sufficient in the matter of cereals. I would also suggest it as a patriotic hint to Mr. Thanu Pillai and members of his party that they should go round and do propaganda in the line so that people may appreciate

[Sri. P. Balakrishnan Tampi]

their work and perhaps give them better results at the next elections. As a member of the Congress party, I have always been anxious that somebody with real efficiency and capacity forms a strong opposition. For opposition, Sir, is the very lifeblood of a parliamentary Government. Therefore, I, for one, would really wish that greater numbers—I hope my party will not be offended—will accept the leadership of Mr. Thanu Pillai. I may also give a hint to him by saying that people like him should go to the country and plan some constructive work and do something creative, instead of coming here and saying that things are all wrong, because such talks will not take us anywhere.

There is another thing to which I wish to draw the attention of the Government. That is regarding the services. There is no denying the fact that there is great discontent—rightly or wrongly—among the services. By integrating, or attempting to integrate, or hoping to integrate the personnel in Cochin and Travancore, this discontent is becoming keener. I would suggest that it would be a good thing if an impartial man—very hard to get in these days, I realise—be got from outside.

That drags me on to an unpleasant thing to which I cannot but attract the attention of Government. I feel that all was not well in sending away high officers of the Government en masse lastyear. Many high officers of undoubted integrity and ability were turned out one fine morning saying that there was some mistake in some public record or horoscope about their date of birth. It was very hard to have taken that step. I do not want to make any reflections, but the Ministers were probably young to their job. I remember the days when I was a young lawyer and I was dubbed 'little' and led by my more elder and powerful colleagues at the bar. In the same way, the Ministers must have been overmuch influenced by the secretarial decisions in this matter. Anyway for a Congress Government it is never too late to mend the mistake and do the right thing. The proper thing for the Government is to say "We have done a mistake, but we are making things right". I was told that an officer of undoubted character and ability was sent away and I was also told—I am speaking subject to correction—that when he was allowed to be reinstated, he was not willing to accept. Similarly Secretaries to Government, High Court Judges and other high officers were sent out. I wish that each one of those cases is considered on its merits and where the Government are impressed that wrong has been done, that officer is reinsated in office. That would be a sincere gesture on the part of Government, than vainly hesitating on grounds of prestige. Prestige! that again is a survival of the days of bureaucracy. Then it was the presumption that the white man made no mistake. In these days of democracy, no man believes in the theory of infallibility or impeccability of Governments. Governments, like human beings, are liable to make mistakes. That is recognised. So without any apology, things can be set right, when they are found to be wrong.

Before I sit down, Sir, I wish to appeal to all sections of the House to vie with each other in their attempt to tide over the difficult times ahead. There have been complaints that the police force has been strengthened.......................

Sri. A. Chidambaranatha Nadar: What does the Member............

Mr. Speaker: No question, unless the Member yields.

Sri. P. Balakrishnan Tampi: Everybody knows who are the people who are inconvenienced when the police force is increased or strengthened. When hon'ble Members of the House get up and complain that for internal security, police forces need not be strengthened, it becomes very obvious that lawlessness is no longer considered as a thing not to be encouraged. On the other

hand, there are political groups in the country who believe that it is very commendable and patriotic thing to be lawless. Socalists, or Congressmen, our objectives are common, however much we may differ in the way in which those ideals have to be achieved. There is almost unanimity of ideals between Mr. Nehru and Mr. Narain. When they meet there is unanimity in the ideals. It is only when the followers come, that trouble begins.—when the followers of Narain coalesce with the followers of the Kremlin have we the communists, those who are declared to a set of people not desirable to be kept company with. The only people who complain are such people or their first cousins, the socialists of some brand or other—I do not remember names—they change their names as often as they change their leadership. Therefore it is the duty of all those who believe in law and order, whatever their differences with the Government—to co-operate with the State in putting down lawlessness, so that we may have free elections before next December.

ശ്രീ. വി. ഗംഗാധരൻ നായർ: സർ, കാൺഗ്രസ്സ് പവ്വർ പോളിററിക്സിന്റെ പശ്ചാത്തലമായിരിക്കുന്ന ഈ കാലത്തു് കോൺഗ്രസ്സ് ഗവൺമെണ്ടിനുവേണ്ടി ധനകാര്യമന്ത്രി തയ്യാറാക്കി അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ വളരെ പുരോഗമനപരമായി ഒന്നുംതന്നെ ഇല്ലെങ്കിൽ, അതിൽ എന്നെപ്പോലെയുള്ളവർക്കു യാതൊരു അതിശയവും ഉണ്ടാകുന്നതല്ല. ഈ ബഡ്ജററ രൂപീകരിച്ച സന്ദർഭത്തിൽ കാൺഗ്രസ്സിന്റെ കക്ഷിയ്ക്കകത്തു ഉണ്ടായിക്കൊണ്ടിരുന്ന കുഴപ്പങ്ങളും, വടംവലികളും, അസ്ഥിരതകളും, വഴക്കുകളും നിശ്ചയമായും ഒരു മന്ത്രിയേയും ശരിയായി ചിന്തിക്കുന്നതിന് അനുവദിച്ചിരിക്കുകയില്ലെന്നുള്ളതു നിശ്ചയമാണ്. എന്തായാലും കാൺഗ്രസ്സിന്റെ കുററംപറഞ്ഞു സമയം മുഴുവൻ കളയണമെന്നു എനിക്കാഗ്രഹമില്ല. മി. ബാലകൃഷ്ണൻതമ്പിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ, ഒരു 'hired assassin' എന്ന നിലയിൽ ഈ ഭാഗത്തേക്കുനോക്കി അദ്ദേഹം പ്രസ്താവിച്ചിട്ടുള്ള ചില കാര്യങ്ങൾ വിഗണിച്ചുകൊണ്ടുതന്നെ ബഡ്ജററിനെ സംബന്ധിച്ചു ഒന്നുരണ്ടു കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു.

ആദ്യമായി ഇവിടത്തെ റേഷൻകാര്യത്തെപ്പററി പ്രസ്താവിച്ചുകൊള്ളട്ടെ. ഈ രാജ്യത്തെ റേഷൻകാർഡുകൾ വിതരണംചെയ്ത കാലത്തെ സെൻസസ്സും, ഇന്നത്തെ അവസ്ഥയും തമ്മിൽ വല്ല പൊരുത്തവുമുണ്ടോ എന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്. ഈ റേഷൻകാർഡു വിതരണത്തിനു അടിസ്ഥാനമായ കണക്കുകൾ പഴഞ്ചനായിക്കഴിഞ്ഞിരിക്കുന്നു. ഓരോ കുഡുംബത്തിലും പുതിയ ആളുകൾ ജനിച്ചിട്ടുണ്ട്. മൈനർമാർ, മേജർമാരായിത്തീർന്നിട്ടുണ്ട്, യുവാക്കന്മാർ വിവാഹിതരായിത്തീർന്നിട്ടുണ്ട്; യുവതികൾ പ്രസവിച്ചിട്ടുണ്ട്. ഇങ്ങനെ പല പരിവർത്തനങ്ങളും ഓരോ കുഡുംബത്തിലും ഉണ്ടായിട്ടുണ്ടെങ്കിലും പഴയ റേഷൻകാർഡും പഴയ കണക്കുകളുമാണ് ഇന്നും ഗവൺമെണ്ട് കൈവശമുള്ളതു്. അതിനെല്ലാം പുറമെ, മാനുവൽ ലേബറേഴ്സിന്റെ റേഷൻകാര്യത്തിൽ ഇൻഡ്യാഗവൺമെണ്ടുതന്നെ അനുവദിച്ചിട്ടുള്ള പ്രത്യേക പരിഗണന ഈ ഗവൺമെണ്ട് ഇവിടെയുള്ള തൊഴിലാളികൾക്ക് ഇതുവരെ അനുവദിച്ചിട്ടില്ല. തൊഴിലാളികളോടു ഇവിടത്തെ ഗവൺമെണ്ടിനുള്ള മനോഭാവത്തെ കാണിക്കുവാൻ ഇതിനേക്കാൾ നല്ല ഒരു തെളിവു ആവശ്യമില്ല. ഗവൺമെണ്ടിന്റെ ഈ തൊഴിലാളിവിരുദ്ധമനോഭാവത്തെപ്പററിയാണ് എനിക്കു എന്റെ ഈ പ്രസംഗത്തിൽ പ്രധാനമായി പ്രസംഗിക്കുവാനുള്ളതു്.

സർ, ഈ ഗവൺമെണ്ടിനു പുരോഗമനപരമായ ഒരു തൊഴിൽനയമില്ല. ഇവിടത്തെ ലാഭക്കൊതിയന്മാരായ മുതലാളിമാർക്കു യഥേഷ്ടം ചൂഷണം ചെയ്യുവാനായി തൊഴിലാളികളെ ഇന്നു അവരുടെ മുൻപിൽ പിടിച്ചുകെട്ടി

[Sri. V. Gangadharan Nair]

വരിഞ്ഞുനിറുത്തിയിരിക്കുന്ന ഒരവസ്ഥയാണ് ഈ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിലുള്ളത്. ഉല്പാദനം വർദ്ധിപ്പിക്കണമെന്നു പറയുന്ന ഈ ഗവമ്മെണ്ടിന്റെ ആത്മാർത്ഥതയ്ക്ക് ഒന്നാംതരം തെളിവാണ്, എ. ഡി. കോട്ടൺമില്ലിന്റെ സ്തംഭനാവസ്ഥയും ഇവിടെ ഒരു ലക്ഷത്തോളം വരുന്ന കൈത്തറി നെയ്ത്തുകാരുടെ തൊഴിലില്ലാത്ത അവസ്ഥയുമെന്നു ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. നൂലിന്റെ കാര്യം ഇന്നലെ ഇവിടെ വാദപ്രതിവാദം ചെയ്തപ്പോൾ, നൂലിന്റെ ദൗർല്ലഭ്യത്തെക്കുറിച്ചു പലരും ഇവിടെ പ്രസ്താവിച്ചു; അതിന്റെ വിതരണത്തിലുള്ള ക്രമക്കേടുകളെപ്പററിയും പ്രതിപാദിച്ചു. എന്നാൽ അടുത്തകാലത്തു നാട്ടിന്റെ പല ഭാഗങ്ങളിലും നൂലും തുണിയുമില്ലാതെ ആളുകൾ വിഷമിച്ചുകൊണ്ടിരുന്നപ്പോൾ അഹമ്മദാബാദിലും മററു ചില വടക്കെ ഇൻഡ്യൻ പ്രദേശങ്ങളിലുമുള്ള മില്ലുകളിലുള്ള വളരെയധികം നൂൽ ബെയിലുകളും തുണി ബെയിലുകളും കെട്ടിയിട്ടുകൊണ്ട്, വിലകൂട്ടുവാൻ അനുവദിച്ചില്ലെങ്കിൽ ഞങ്ങൾ ബെയിൽ പുറത്തേക്കു അയയ്ക്കുകയില്ലെന്നു വാദിച്ചുകൊണ്ടു മിൽ മുതലാളിമാർനിന്ന അവസ്ഥ പത്രങ്ങളിൽനിന്നു നമുക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യയിലെ മില്ലുടമസ്ഥന്മാരുടെ അടിമകളായി നിൽക്കുന്ന ഒരു മനോഭാവമാണ് ഇക്കാര്യത്തിൽ ഇൻഡ്യാ ഗവമ്മെണ്ടു പ്രകടിപ്പിച്ചതെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. ഒരു പ്രാവശ്യമല്ല, രണ്ടുപ്രാവശ്യമാണ് ഇൻഡ്യയിലെ മില്ലുടമകളുടെ ആവശ്യപ്രകാരം ഇൻഡ്യാ ഗവമ്മെണ്ടു നൂലിന്റെയും തുണിയുടെയും വില വർദ്ധിപ്പിച്ചതു്. ഇങ്ങനെ മുതലാളിത്വമനോഭാവത്തോടുകൂടിയും അവർക്കു അടിമപ്പെട്ടും പോരുന്ന ഒരു നയംകൊണ്ട് ഇൻഡ്യാഗവമ്മെണ്ടിന് ഇവിടത്തെ ഉല്പാദനം വർദ്ധിപ്പിക്കുവാനോ, ഇവിടത്തെ വിതരണം ക്രമപ്പെടുത്തുവാനോ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇൻഡ്യാരാജ്യത്തെ ഉല്പാദനവിതരണങ്ങളെ ഒരു സോഷ്യലിസ്റ്റ് ഔട്ട്ലുക്കോടുകൂടി പുനഃസംഘടിപ്പിക്കുവാനുള്ള യാതൊരു പദ്ധതിയും നെഹ്റു ഗവമ്മെണ്ടിനില്ല. മുതലാളിത്വതാല്പര്യങ്ങൾക്കു വിധേയമായി പ്രവർത്തിക്കുന്ന ഇൻഡ്യാഗവമ്മെണ്ടിനു വിധേയമായിരിക്കുന്ന സംസ്ഥാനിക ഗവമ്മെണ്ടുകൾക്കെല്ലാം ഈ വിഷയത്തിലുള്ള പരിമിതികളും പരാധീനതകളും നമുക്കെല്ലാവർക്കും മനസ്സിലാക്കാവുന്നതാണ്. ഏതായാലും ഇൻഡ്യയിലെ ഉല്പാദനവിതരണങ്ങളെ ഒരു സോഷ്യലിസ്റ്റടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുവാനുള്ള പ്ലാനോ അതിനുള്ള ധൈര്യമൊ ഇൻഡ്യാഗവമ്മെണ്ടിനും സംസ്ഥാനികഗവമ്മെണ്ടുകൾക്കും ഇല്ല. ഇൻഡ്യൻ മുതലാളിത്വത്തെ നിലനിറുത്തുവാൻവേണ്ടി, മുതലാളികൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ലാഭത്തെ നിലനിറുത്തുവാൻവേണ്ടി ഇവിടെ ഉല്പാദനം നടത്തുന്നതിനും, വിതരണം നടത്തുന്നതിനും ഗവമ്മെണ്ടനുവദിക്കുന്നിടത്തോളം കാലം ഇവിടത്തെ സാധനദൗർലഭ്യങ്ങളൊന്നുംതന്നെ പരിഹരിക്കാൻ പോകുന്നില്ല. തൊഴിലാളികളെ സംബന്ധിച്ചു തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ടനുവർത്തിച്ചുപോരുന്ന നയം വളരെ പരിതാപകരമായി പരാജയപ്പെട്ടിട്ടുണ്ടെന്ന്, ഇന്നു എ. ഡി. കോട്ടൺ മില്ലിൽ ഏകദേശം ഒരുമാസക്കാലമായി നിലനിന്നുപോരുന്ന തൊഴിൽമുടക്കിൽനിന്നു കാണാവുന്നതാണ്. സർ, അവിടെ ഒരു അവാർഡുണ്ടായി. അതിൽ ഒരു തൊഴിലാളിക്കു ഏററവും കുറഞ്ഞകൂലി പതിനാലണ ആയിരിക്കണമെന്നു ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അതുപോലും കൊടുക്കുവാൻ തയ്യാറില്ലാതെ അവിടത്തെ മുതലാളി കുഴപ്പങ്ങൾക്കുമേൽ കുഴപ്പങ്ങൾ ഉണ്ടാക്കി, ഒടുവിൽ ഈ മിൽ അവിടെ നടത്താൻ സാദ്ധ്യമല്ലെന്നു പ്രചരണം നടത്തുകയും ചെയ്തു. ഇപ്പോൾ ആ മിൽ അവിടെനിന്നും സൗരാഷ്ട്രത്തിലേക്കു കൊണ്ടുപോകുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

കൊല്ലം പട്ടണത്തിലും പരിസരങ്ങളിലുമുള്ള പന്ത്രണ്ട് ടയിൽ ഫാക്ടറികൾ ഇപ്പോൾ പണി മുടക്കിയിരിക്കുകയാണ്. അവരുടെ കൂലികൂടുതൽ ഉൾപ്പെടെയുള്ള അവകാശവാദങ്ങൾക്കു കുറെക്കാലം അഡ്ജൂഡിക്കേഷൻ നടത്തിയതിനുശേഷം ഒടുവിൽ ഗത്യന്തരമില്ലാതെ മൂവായിരത്തോളം വരുന്ന തൊഴിലാളികൾ പണി മുടക്കിക്കൊണ്ടിരിക്കുന്ന വിവരം ഞാൻ ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. സർ, ഈ രാജ്യത്തു ഗവണ്മെണ്ട് നടത്തുന്ന വ്യവസായശാലകളിൽപോലും തൊഴിലാളികൾക്ക് ട്രെയിഡ്യൂണിയൻ അടിസ്ഥാനത്തിൽ സ്വതന്ത്രമായി സംഘടിക്കുവാനുള്ള സ്വാതന്ത്ര്യം ഇന്നില്ല. അവിടെയുള്ള തൊഴിലാളികൾ സംഘടിച്ചുപോയാൽ, കൂലികൂടുതൽ ചോദിച്ചാൽ, ക്ഷാമബത്ത വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടാൽ, ബോണസ്സു ചോദിച്ചാൽ, ഉടനെ തൊഴിലാളിപ്രവർത്തകരെ പുറത്തയയ്ക്കുകയായി; പുറകെ പോലീസിനെ കൊണ്ടുവന്നു മർദ്ദിക്കുകയായി. ലാക്കപ്പിലിട്ടും മർദ്ദിക്കുന്നുണ്ട്. ഇവയെല്ലാം അതിജീവിച്ചും നിൽക്കുന്ന തൊഴിലാളികളെ പിന്നെയും പരാജയപ്പെടുത്തുവാൻ അഡ്ജൂഡിക്കേഷനിലേക്കു തള്ളിവിടുന്ന ഒരു സമ്പ്രദായമാണ് ഇന്നുള്ളതു്. അഡ്ജൂഡിക്കേഷനെപ്പോലെ തൊഴിലാളികൾ വെറുക്കുന്ന മററു യാതൊന്നുംതന്നെയില്ല. അവരുടെ അവകാശങ്ങളെ നശിപ്പിക്കുന്നതും, അവരുടെ യാതനകളെ രൂക്ഷതരമാക്കിത്തീർക്കുന്നതും ഒരു ഒരു സമ്പ്രദായമാണ് അഡ്ജൂഡിക്കേഷനെന്നു തൊഴിലാളികൾ വിശ്വസിക്കുന്നു.

ഞാൻ കൊല്ലത്തെ ടയിൽ ഫാക്ടറി വർക്കേഴ്സിന്റെ പണിമുടക്കിനെപ്പററി പറഞ്ഞുവല്ലൊ. ഒരു കൊല്ലമായി അവർ നടത്തിയ സമരങ്ങളും അതിനുശേഷം സുദീർഘമായ അഡ്ജൂഡിക്കേഷനും കഴിഞ്ഞതിനുശേഷം ഉണ്ടായ പരിതഃസ്ഥിതികളാണ് ഇന്നു അവരെ ഒരു പണിമുടക്കിലേക്കു തള്ളിവിട്ടിരിക്കുന്നതു്. അഡ്ജൂഡിക്കേഷനിൽകൂടി തൊഴിലാളികൾക്കു ന്യായമായ, വളരെ മിതമായ, അവകാശങ്ങൾപോലും സമ്പാദിക്കുവാൻ സാദ്ധ്യമല്ലെന്നാണ് വന്നിരിക്കുന്നതു്. തൊഴിലാളിമുതലാളിബന്ധം നിലനിറുത്തുന്നതിൽ മാതൃകാസ്ഥാപനങ്ങളായി ഗണിക്കേണ്ട ഗവണ്മെണ്ട് വ്യവസായങ്ങളിൽതന്നെയുള്ള തൊഴിലാളികളുടെ സംഘടനകളെത്തന്നെ അനുവദിക്കാതിരിക്കുകയും, അവരുടെ അവകാശങ്ങൾ അംഗീകരിക്കാതിരിക്കുകയും, തൊഴിലാളികൾക്ക് ന്യായമായ കൂലിയും ബോണസും കൊടുക്കാതിരിക്കുകയും മററും ചെയ്യുന്നു എന്നുള്ള വസ്തുത ഏററവും ശക്തിയായ ആക്ഷേപത്തിനു വിധേയമായിട്ടുള്ളതാണ്.

സർ, മിനിമം വേജസ് ആക്ട് എന്നു പറയുന്ന ഒരാക്ട് വളരെ നേരത്തെ പാസ്സാക്കിയിട്ടുണ്ട്. ഈ നിയമം പാസ്സായശേഷം അതു പ്രയോഗത്തിൽ വരുത്തുന്നതിനുവേണ്ടി യാതൊന്നും ഗവണ്മെണ്ട് ചെയ്തിട്ടില്ല. മറെറല്ലാ സംസ്ഥാനങ്ങളിലും പല വ്യവസായശാലകളിലും ഇന്നു മിനിമം വേജസ് നിശ്ചയിക്കുകയും പലയിടത്തും അതു നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്. മദ്രാസ്സിൽ പ്ലാന്റേഴ്സൻ ലേബറിന്റെ കാര്യത്തിൽ മിനിമം വേജസ് നിശ്ചയിക്കുവാൻ ഇപ്പോൾ ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. വളരെ വേഗത്തിൽ അവർ അതു നടപ്പിൽ വരുത്തുമെന്നും വിശ്വസിക്കാം.

ലേബർ ഡിപ്പാർട്ടുമെണ്ട് ഇവിടെ ഒരു മൈനർ ഡിപ്പാർട്ടുമെണ്ടാണ്. ഇൻഡ്യാഗവണ്മെണ്ടിന്റെ കണക്കനുസരിച്ചു നൂററി അൻപതു ഫാക്ടറികൾക്കു ഒരു ഇൻസ്പെക്ടർ വേണമെന്നുണ്ട്. ഇവിടെ വേണ്ടത്ര ഇൻസ്പെക്ടർമാർ ഇല്ല. വേണ്ടത്ര കൺസിലിയേഷൻ ആഫീസറന്മാർ പോലുമില്ല. ഒരു ലേബർ അസിസ്റ്റൻറ് കമ്മീഷണറെ കൊല്ലത്തു പോസ്റ്റ് ചെയ്യേണ്ടതു അവിടത്തെ

[Sri V. Gangadharan Nair]

സ്ഥായികസ്ഥിതിവച്ചു നോക്കുമ്പോൾ വളരെ ആവശ്യമാണ്. വേണ്ടത്ര ബോയിലർ ആഫീസർമാർ ഇവിടെ ഇല്ല. ഇൻഡസ്ത്രിയൽ ഹൈജീൻ ആഫീസർ എന്ന പേരിൽ വലിയ ശമ്പളത്തിൽ ഒരു ഉദ്യോഗസ്ഥൻ ഇവിടെ നിയമിതനായിട്ടുണ്ട്. അദ്ദേഹത്തിന്റെ ജോലി എന്താണെന്നും, അദ്ദേഹം എവിടെയാണെന്നും ആർക്കും അറിഞ്ഞുകൂടാ. അങ്ങനെ ഒരാൾ ഇപ്പോൾ ഉണ്ടോ എന്നുപോലും നിശ്ചയമില്ല.

ഇവിടെ ഒരു ഫാക്ടറി മെഡിക്കൽ ഇൻസ്പെക്ടറുണ്ടായിരുന്നു. അദ്ദേഹം സർവ്വീസിൽനിന്ന് പിരിഞ്ഞതിനുശേഷം അങ്ങനെയൊരു ഉദ്യോഗസ്ഥനെ ഗവമ്മെണ്ട് ഇതുവരെ നിയമിച്ചിട്ടില്ല. ഇങ്ങനെ തൊഴിലാളികളോട് ഗവമ്മെണ്ട് കാണിക്കുന്ന മനോഭാവം അല്ലെങ്കിൽ നയം ഇതാണെങ്കിൽ, കർഷകരോടുള്ളത് ഇതിലും ഭയങ്കരമായ ഒരുവിധത്തിലാണ്. സർ, ഭൂമിയുടെ പുതിയ അടിസ്ഥാനത്തിലുള്ള വിതരണമാണ് സോഷ്യലിസത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ ഒരു പരിപാടി. അക്കാര്യം നടപ്പിൽ വരുത്തുന്നതിലേക്കു ചില കമ്മിററികളും റിപ്പോർട്ടുകളും മററും ഉണ്ടാക്കി സമയം നീട്ടിക്കൊണ്ടുപോകുന്നതല്ലാതെ ശരിയായ ഒരു ഭൂനയം സ്വീകരിക്കുന്നതിനു ഈ ഗവമ്മെണ്ടിനു കഴിവില്ലെന്ന് തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. തന്മൂലം ഈ രാജ്യത്തുള്ള കർഷകർക്ക് ഗവമ്മെണ്ടിനെ തീരെ വിശ്വാസമില്ലാതായിത്തീർന്നിരിക്കുന്നുവെന്നു പറയാൻ ഞാൻ നിർബ്ബന്ധിതനായിരിക്കുന്നു. ഇതുപോലെ പല കാര്യങ്ങളും എടുത്തുപറയാൻ എനിക്കുണ്ട്. സമയച്ചുരുക്കത്താൽ സംക്ഷേപിക്കാമെന്നു വിചാരിക്കുന്നു. സർ, താഴ്ന്ന ജീവനക്കാർക്കുവേണ്ടി ൫ രൂപാ ശമ്പളം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഒരു വ്യവസ്ഥ ഈ ബഡ്ജററിൽ കാണുന്നു. അതു് ആശാവഹം തന്നെ. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം ഈ വ്യവസ്ഥ ഒട്ടും പര്യാപ്തമല്ല. സർ, കുറഞ്ഞ ശമ്പളം ൫൦ രൂപയും കൂടിയ ശമ്പളം ൫൦൦ രൂപയുമാക്കി, ആ നിലയിൽ നമ്മുടെ സാമ്പത്തിക സംവിധാനത്തെ നവീകരിക്കണം. (ബെൽ)

ശ്രീ. സി. നാരായണപിള്ള: സർ, കാൺഗ്രസ്സ് ഗവമ്മെണ്ടിന്റെ അവസാനത്തെ ബഡ്ജററാണിതെന്നുള്ള മി. ബാലകൃഷ്ണമേനോന്റെ ശാപം ഫലിച്ചാലും ഫലിച്ചില്ലെങ്കിലും ഈ നിയമസഭയുടെ അവസാനബഡ്ജററാണിതെന്നു ഞാനും വിശ്വസിക്കുന്നു. കാൺഗ്രസ്സിന്റെ നഷ്ടം സോഷ്യലിസ്റ്റ് പാർട്ടിയുടെ നേട്ടമായിരിക്കുമെന്നുള്ള പ്രത്യാശയാണ് മി. മേനവനെ അദ്ദേഹത്തിന്റെ ശാപത്തിനു പ്രേരിപ്പിച്ചതെങ്കിൽ ആ പ്രത്യാശയെ നിരുത്സാഹപ്പെടുത്തുന്ന യാതൊന്നുംതന്നെ പ്രസ്താവിക്കണമെന്നു എനിക്കുദ്ദേശമില്ല. ശിശുക്കളുടെ കളിപ്പാട്ടം പിടിച്ചെടുത്ത് അവരെ കരയിക്കുന്നതു് വിഹിതമല്ലല്ലോ.

ഈ നിയമസഭയുടെ അവസാന ബഡ്ജറെറന്നു മാത്രമല്ല, എന്റേതെന്നപോലെ തന്നെ ഈ സഭയിലെ മററുപല അംഗങ്ങളുടേയും ഈ ജീവിതത്തിലെ അവസാനത്തെ ബഡ്ജററ് പ്രസംഗങ്ങളും ഇവിടെ നടക്കുന്നവയായിരിക്കാനിടയുണ്ട്. സർ, അതുകൊണ്ടുതന്നെയാണ് ഈ അവസരം പാഴാക്കുന്നതു് ഒരു കൃത്യവിലോപമായിരിക്കുമെന്നു കരുതി ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നതു്.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു കമ്മി ബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. എങ്കിലും ഈ ബഡ്ജററ് പല ആവർത്തി വായിച്ചിട്ടും

ഇതു് ഒരു കമ്മിബഡ്ജററാണെന്നു വിശ്വസിക്കുവാൻ വിഷമമായിരിക്കുന്നു. ധനകാര്യമന്ത്രി കഴിഞ്ഞ വർഷത്തിൽ കല്പിച്ചു രണ്ടുലക്ഷം രൂപായുടെ ഒരു മിച്ച ബഡ്ജററ് അവതരിപ്പിച്ചു. ആ ബഡ്ജററിലെ അക്കങ്ങളും ഇനങ്ങളും വ്യവച്ഛേദിച്ചു് വിശകലനം ചെയ്തു മി. ശിവരാമപിള്ള ഒരു കമ്മിബഡ്ജററാണെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുകയുണ്ടായി. ബുദ്ധിമാനായ ധനകാര്യമന്ത്രി ഈ വർഷത്തിൽ ഒരു കമ്മിബഡ്ജററ് അവതരിപ്പിച്ചാൽ പ്രതിപക്ഷം അതൊരു മിച്ച ബഡ്ജററാണെന്നു സ്ഥാപിച്ചുകൊള്ളുമെന്ന വിശ്വാസത്തിലായിരിക്കണം ഇങ്ങിനെ ഒരു കമ്മിബഡ്ജററവതരിപ്പിച്ചതെന്നു ഞാൻ വിശ്വസിക്കുന്നു. അല്ലെങ്കിൽ ഈ ബഡ്ജററിൻെറ ഓരോ പുറങ്ങളും ഈ രാജ്യത്തിൻെറ സാമ്പത്തിക ഭദ്രതയേയും സുസ്ഥിരതയേയും വിളിച്ചറിയിക്കുന്നുണ്ടു്.

ഈ ധനകാര്യമന്ത്രിതന്നെ കഴിഞ്ഞ വർഷത്തിൽ രണ്ടുലക്ഷം രൂപാ മാത്രം മിച്ചം പ്രതീക്ഷിക്കുന്ന ഒരു ബഡ്ജററവതരിപ്പിക്കുകയും വർഷാവസാനത്തിൽ ഇതു് ൩൦ ലക്ഷത്തിലധികമായി വർദ്ധിപ്പിക്കയും ചെയ്തു. ഈ വർഷത്തിലെ നാലുലക്ഷം കമ്മിബഡ്ജററ് വർഷാവസാനത്തിൽ ൪൦ ലക്ഷം മിച്ചബഡ്ജററായി രൂപഭേദപ്പെട്ടുമെങ്കിൽ ഞാൻ ആശ്ചര്യപ്പെടുകയില്ല. സർ, ധനകാര്യമന്ത്രി ഒരു ലുബ്ധനെപ്പോലെ അദ്ദേഹത്തിൻെറ പ്രതീക്ഷകൾ കുറച്ചുകാണിക്കയും ധാരാളിയെപ്പോലെ ആവശ്യമുള്ള തുകകൾ ചിലവഴിക്കയും ഒരു മിത വ്യയശീലനെപ്പോലെ വർഷാവസാനത്തിൽ നല്ല സംഖ്യകൾ മിച്ചംവെയ്ക്കുകയും ചെയ്യുന്നു. ആ നിലയിൽ ഇതൊരു ലുബ്ധൻെറ ബഡ്ജററാണെങ്കിൽ അതേസമയത്തുതന്നെ ഒരു ധാരാളിയുടേയും മിതവ്യയശീലൻേറയും ബഡ്ജററായി ചിത്രീകരിക്കുന്നതിലും തെററില്ല. ഒരൊററ വർഷംകൊണ്ടു് രാജ്യം പണയപ്പെടുത്താതെയും സ്വർണ്ണവും വെള്ളിയും വില്ക്കാതേയും കോടിക്കണക്കിനുള്ള കടങ്ങൾ വീട്ടുകയും ശേഷിക്കുന്ന കടങ്ങൾക്കു് കോടിക്കണക്കിന് തുകകൾ വകകൊള്ളിക്കയും ചെയ്തിട്ടുള്ള ഈ ബഡ്ജററ് നിർമ്മിച്ചതിൽ ധനകാര്യമന്ത്രി അനുമോദനാർഹനാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈ രാജ്യത്തെ ഭരണഭാരം താങ്ങുവാൻ വന്നുചേരുന്ന ഏതൊരു ഗവമ്മെണ്ടിനും അതിൻെറ സാമ്പത്തിക സ്ഥിതിയെപ്പററി ആശങ്കക്കൊ ഉൽകണ്ഠക്കോ വകയില്ലാത്ത പരിതഃസ്ഥിതികൾ സൃഷ്ടിച്ചതിൽ ഞാൻ അദ്ദേഹത്തെ വീണ്ടും അഭിനന്ദിക്കുന്നു.

സർ, ഈ ബഡ്ജററിലെ സംഖ്യകളും ഇനങ്ങളും വ്യവച്ഛേദിച്ചു് വിമശിക്കുവാനുള്ള കർത്തവ്യം പ്രതിപക്ഷങ്ങൾക്കു് വിട്ടിട്ടു് ഈ ഗവമ്മെണ്ടിൻെറ ഭരണനയത്തെപ്പററി ഇവിടെ ഉണ്ടായിട്ടുള്ള ചില വിമശനങ്ങൾക്കു് മറുപടി പറയുവാനെ ഞാൻ തുനിയുന്നുള്ളു. സോഷ്യലിസ്റ്റ് പാർട്ടിയിലെ ഒരു പ്രമുഖാംഗമായ മി. ബാലകൃഷ്ണമേനോൻ ഇതൊരു ക്ഷേമരാഷ്ട്രത്തിൻെറ ബഡ്ജററല്ലെന്നു പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം ക്ഷേമരാഷ്ട്രം എന്ന പദംകൊണ്ടു് വ്യവഹരിക്കുന്നതെന്താണെന്നു എനിക്കു വിശദമല്ല. സർ, ഇതൊരു ക്ഷേമരാഷ്ട്ര ബഡ്ജററല്ലെങ്കിൽ മറെറ യാതൊന്നുമാകയില്ലെന്നാണു് എനിക്കു അദ്ദേഹത്തോടു പറയുവാനുള്ള മറുപടി. ഇന്നു് നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയെ തകിടംമറിക്കുവാനുള്ള പദ്ധതികളൊന്നുംതന്നെ ഈ ബഡ്ജററിലില്ലെന്നാണു് അദ്ദേഹം അർത്ഥമാക്കുന്നതെങ്കിൽ അതു് ശരിയാണു്. ബഡ്ജററുകൾകൊണ്ടുമാത്രം സാമൂഹ്യവ്യവസ്ഥിതി തകിടംമറിക്കുവാൻ സാദ്ധ്യമല്ല. മൊാസ്ലാക്കളേയും അപഹൻതാക്കളേയുംപോലെ ധനാഢ്യന്മാരുടെ പണം പിടിച്ചുപററുവാനുള്ള നിദ്ദേശങ്ങളും ഇതിലില്ലെന്നാണു് അദ്ദേഹത്തിൻെറ വാദമെങ്കിൽ അതും ശരിയാണു്. വ്യവസ്ഥാപിത ഭരണം നടത്തുന്ന ഒരു ഗവമ്മെണ്ടിനു നിയമാനുസരണ

[Sri C. Narayana Pillai]

മല്ലാത്ത ആരുടേയും വസ്തുവകകൾ അപഹരിക്കുവാനോ കവർച്ചചെയ്യുവാനൊ സാദ്ധ്യമല്ല. പുസ്തകങ്ങളിലെ അച്ചടികളിൽ കാണുന്ന രീതിയിലും മാൎഗ്ഗങ്ങളിലും കൂടിയും ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി സംവിധാനം ചെയ്യുവാനും ഈ ബഡ്ജററുകൊണ്ടു് ഉദ്ദേശിച്ചിട്ടില്ല. എന്നാൽ ഇന്നു നിലവിലുള്ള സാമുദായിക വ്യവസ്ഥിതികളുടേയും ഭരണഘടനാ നിയമങ്ങളുടേയും പരിധിയിൽ നിന്നുകൊണ്ടുതന്നെ ഈ രാജ്യത്തിലെ സാമാന്യജനങ്ങളുടെ ജീവിതത്തോത്തുയൎത്തുവാനും അവനു് ക്ഷേമകരമായിട്ടുള്ള എല്ലാ സുഖസൌകൎയ്യങ്ങളും ഉണ്ടാക്കികൊടുക്കുവാനും ഈ ബഡ്ജററ് ശ്രമംചെയ്തിട്ടില്ലെന്നു പറയുന്നതു് യാഥാൎത്ഥ്യങ്ങളെ മറച്ചുവയ്ക്കുകയാണു്. സർ, ഞാൻ ചില കണക്കുകളുദ്ധരിക്കാം. വിദ്യാഭ്യാസച്ചിലവുകൾക്കായി മൂന്നരക്കോടി രൂപയും, മെഡിക്കൽവകുപ്പിലേക്കു് ൧൩൧ ലക്ഷം രൂപയും, കുടിൽ വ്യവസായത്തിനു ൧൦ ലക്ഷം രൂപയും, ഗ്രാമോദ്ധാരണത്തിനു ൪൩ ലക്ഷം രൂപയും, ഗൃഹനിൎമ്മാണപദ്ധതിക്കു് ൩ ലക്ഷം രൂപയും, കാളനൈസേഷൻ പദ്ധതിക്കു് ൪ ലക്ഷം രൂപയും നീക്കിവെച്ചിട്ടുള്ള ഈ ബഡ്ജററ് ഒരു ക്ഷേമരാഷ്ട്രബഡ്ജററല്ലെങ്കിൽ മറെറന്താണെന്നറിയുവാൻ എനിക്കു് കൗതുകമുണ്ടു്. സർ, ഇന്നു എല്ലാരാഷ്ട്രങ്ങളും ക്ഷേമതൽപര രാഷ്ട്രങ്ങളായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കയാണു്. റഷ്യയും അമേരിക്കയും സ്വീകരിച്ചിട്ടുള്ള, മി. ബാലകൃഷ്ണമേനോൻപറയുന്ന പദ്ധതികളെ, ഇൻഡ്യ കണ്ണടച്ചനുസരിക്കുന്നില്ല. ഇൻഡ്യാ നൂതനമായ രാഷ്ട്രസംവിധാനത്തിനുള്ള പദ്ധതികളെ ആരാഞ്ഞുകൊണ്ടിരിക്കുകയാണു്. സർ, ഇൻഡ്യയുടെ സാമ്പത്തികമെന്നുമാത്രമല്ല നാനാമുഖമായ ജീവിതവശങ്ങളെപ്പററി ചൎച്ചചെയ്തു ഒരു റിപ്പോർട്ടു സമൎപ്പിക്കുവാൻ ഇൻഡ്യ ഗവമ്മെണ്ടു് ഒരു പ്ലാനിംഗ് കമ്മീഷനെ നിയമിച്ചിട്ടുണ്ടു്. രണ്ടു ദിവസങ്ങൾക്കുമുമ്പു് ഇൻഡ്യയുടെ പ്രധാനമന്ത്രി പാർലിമെൻറിൽ പ്രസംഗിച്ചതു ഈ കമ്മീഷൻ രണ്ടുമാസങ്ങൾക്കകം അവരുടെ റിപ്പോർട്ടു് സമൎപ്പിക്കുമെന്നാണു്. ഈ രാജ്യത്തെ വിഭവങ്ങൾ സംഭരിച്ചു് ജനക്ഷേമകരങ്ങളായ മാൎഗ്ഗങ്ങളിൽ അവ വിതരണം ചെയ്തു ഭാരതീയരുടെ നാനാവിധമായ ജീവിതവശങ്ങളെ പരിപോഷിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഒരു ക്ഷേമതൽപരരാഷ്ട്രം സൃഷ്ടിക്കുവാനല്ലെങ്കിൽ മറെറന്തിനാണെന്നു വിശദമല്ല. കഴിഞ്ഞ മൂന്നുവൎഷങ്ങളായി ഈ ഗവമ്മെണ്ടു് എന്തുചെയ്തു എന്നു് ശ്രീ. പട്ടം താണുപിള്ള ചോദിക്കയുണ്ടായി. സർ, ഈ ഗവമ്മെണ്ടു് കണ്ണുകൊണ്ടു കാണുവാനും കൈകൾകൊണ്ടു് സ്പൎശിക്കുവാനും കഴിവുള്ള പല പദ്ധതികളും നടപ്പിൽ വരുത്തിയിട്ടുണ്ടു്. അവയൊന്നും ഇവിടെ വിശദീകരിക്കുവാൻ സമയമില്ലാതെപോയതിൽ ഖേദിക്കുന്നു. ഈ സഭയിലെ ഒരംഗമെങ്കിലും ഇതൊരു പോലീസ് ബഡ്ജററാണെന്നു പറയുകയുണ്ടായി. കള്ളനും, കവൎച്ചക്കാരനും കൊലപാതകിക്കും, കൊള്ളക്കാരനും ഇതൊരു പോലീസ് ബഡ്ജററുതന്നെയാണു്. സമാധാനകാംക്ഷികളായ സാധാരണജനങ്ങൾക്കിതു ഒരു ദേശീയ പുനഃസംവിധാന ബഡ്ജററാണു്.

സർ, ഈ ഗവമ്മെണ്ടിൻെറ ഭക്ഷണനയത്തെപ്പററിയും മദ്യനിരോധനനയത്തെപ്പററിയും വിദ്യാഭ്യാസനയത്തെപ്പററിയും ഇവിടെ വിമൎശനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇന്നു് ഇൻഡ്യയിലെ കേന്ദ്രഗവമ്മെണ്ടിനേയും സംസ്ഥാനഗവമ്മെണ്ടുകളേയും ഒന്നുപോലെ അലട്ടിക്കൊണ്ടിരിക്കുന്ന ഏകപ്രശ്നം ആഹാരപ്രശ്നമാണു്. ഇൻഡ്യയിലെന്നപോലെ ഈ ആഹാരപ്രശ്നം ഭരണാധികാരികളെ കുഴക്കിയിട്ടുള്ളതിനു മറവുദാഹരണമുണ്ടോ എന്നു് സംശയമാണു്. എൻെറ അറിവ് ശരിയാണെങ്കിൽ ഇംഗ്ലണ്ടിൽ ൩൦ ശതമാനം ആഹാരസാധനങ്ങൾ

പുറരാജ്യങ്ങളിൽ നിന്നു വരേണ്ടതായിട്ടാണിരിപ്പ്. ഇൻഡ്യയിൽ ആവശ്യമുള്ള ആഹാരസാധനത്തിൽ ൯൦ ശതമാനവും ഇവിടെത്തന്നെ ഉണ്ടാകുന്നുണ്ടെന്നു കണക്കുകൾകൊണ്ടു കാണുന്നു. ബാക്കി ൧൦ ശതമാനത്തിനുവേണ്ടി ഈ രാജ്യത്തു നടക്കുന്ന ജീവിതമരണക്കളി മറ്റേതൊരു വിദേശരാജ്യങ്ങളിലും കേട്ടുകേൾവിപോലുമില്ലാത്തതാണ്. ഈ രാജ്യത്ത് ഈ വിഷയത്തെപ്പറ്റിയുള്ള പിടപ്പും ഒച്ചപ്പാടുകളും മററു രാജ്യങ്ങളിൽനിന്നു കേൾക്കാത്തതെന്തുകൊണ്ടാണെന്നും പട്ടിണിമരണങ്ങൾ ഈ രാജ്യത്തിലെന്നപോലെ ഇംഗ്ലണ്ടുപോലുള്ള കമ്മി രാജ്യങ്ങളിൽ സംഭവിക്കാത്തതെന്താണെന്നും ഞാനാലോചിച്ചുപോകാറുണ്ട്. സ്വന്തം മക്കളുടേയും മരുമക്കളുടേയും കല്യാണത്തിനും മററടിയന്തിരങ്ങൾക്കും സഹസ്രക്കണക്കിനു പറ അരി വെച്ചു സദ്യനടത്തിയതിനുശേഷം മൈതാനത്തുവന്ന് നിന്നുകൊണ്ടു ഭക്ഷണക്ഷാമത്തെപ്പററി മുറവിളികൂട്ടി പ്രസംഗിക്കുന്ന നിരുത്തരവാദികളായ പൊതുകാര്യ പ്രസക്തന്മാർ ഈ രാജ്യത്ത് മാത്രമേ കാണുകയുള്ളു. അവരുടെ ഗംഭീരനാട്യങ്ങളും അഭിനയങ്ങളും സഹിഷ്ണുതയോടെ വീക്ഷിക്കുന്ന പൊതുജനങ്ങളേയും ഈ രാജ്യത്തുമാത്രമേ കാണുകയുള്ളു. അച്ചടക്കവും നിയന്ത്രണവും ത്യാഗശീലവും കൊണ്ടുമാത്രമേ ഈ ഭക്ഷണ പ്രശ്നത്തെ നേരിടുവാൻ നമുക്ക് കഴിയുകയുള്ളു.

ജനങ്ങളെ ഉൽബുദ്ധരാക്കി കള്ളക്കച്ചവടക്കാരനെ, സമുദായത്തിൽനിന്ന് ബഹിഷ്കരിക്കുവാനുള്ള പൊതുജനാഭിപ്രായം സൃഷ്ടിക്കുകയാണ് ഗവൺമെണ്ടിനെ വിമർശിക്കുന്നതിൽ കൂടുതൽ ഇന്നാവശ്യമായിട്ടുള്ളത്.

ഇൻഡ്യാ ഗവൺമെണ്ടിന്റെ സാഹിത്യരസികനായ ഭക്ഷണകാര്യമന്ത്രി കാവ്യരസം തുളുമ്പുന്ന ഭാഷയിൽ സ്വയം പര്യാപ്തതയെപ്പററിയും മററും പ്രസംഗിക്കാറുള്ളത് നാം വായിക്കാറുണ്ടു്. ഭക്ഷണപ്രശ്നത്തിനു വേണ്ട എല്ലാ പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറയാറുണ്ട്. എങ്കിലും ഈ രാജ്യം ഒരാൾക്ക് കഷ്ടിച്ച് ൧൦ ഔൺസ് ആഹാരസാധനങ്ങൾ വീഴ്ചകൂടാതെ കൊടുക്കുവാൻ നാലരലക്ഷം ടൺ ആഹാരസാധനങ്ങൾ ആവശ്യപ്പെട്ടപ്പോൾ അതു മൂന്നുലക്ഷമായി കുറക്കുന്നതിന്റെ ഔചിത്യം ആർക്കും മനസ്സിലാകുന്നില്ല. ഒരു മനുഷ്യന് ൧൦ ഔൺസ് ആഹാരസാധനങ്ങൾകൊണ്ടു് എന്നും ജീവിക്കുവാൻ സാധ്യമല്ല. എങ്കിലും അതുപോലും നൽകുവാനുള്ള സഹായകനില ഇൻഡ്യാഗവൺമെണ്ടു സ്വീകരിക്കാത്തതെന്തുകൊണ്ടാണ്. ആഹാരസാധനങ്ങൾ ലോകത്തെവിടെയെങ്കിലുമുണ്ടെങ്കിൽ അതു എത്ര പണം ചിലവുചെയ്തു വരുത്തിയും ജനങ്ങളെ പട്ടിണിയിൽനിന്ന് രക്ഷിക്കാതെ കലാരസം തുളുമ്പുന്ന പ്രസംഗങ്ങൾകൊണ്ടു് ഭക്ഷണപ്രശ്നം പരിഹരിക്കുവാൻ സാദ്ധ്യമല്ലെന്ന് ഈ ഗവൺമെണ്ടു് ഭക്ഷണമന്ത്രിയോട് തുറന്നു പറയേണ്ടതാണ്. ആവശ്യമുള്ള ആഹാരസാധനങ്ങൾ യഥാകാലം എത്തിച്ചുതരുവാൻ സാദ്ധ്യമല്ലെങ്കിൽ പണ്ടു്, സർ സി. പി. ഇൻഡ്യാ ഗവൺമെണ്ടിനോട് കരുത്തേറിയ ഭാഷയിൽ പറഞ്ഞ വാചകങ്ങൾതന്നെ ഈ ഗവൺമെണ്ടും ആവർത്തിക്കണമെന്ന് എനിക്കു അപേക്ഷയുണ്ടു്. ഭക്ഷണസാധനങ്ങൾ തരുവാൻ സാദ്ധ്യമല്ലെങ്കിൽ ഈ രാജ്യത്തെ നിയമസമാധാനസംരക്ഷണവും ഇൻഡ്യഗവൺമെണ്ടു് ഏറെറടുക്കേണ്ടിവരുമെന്നു ഒരിക്കലദ്ദേഹം പറയുകയുണ്ടായി. ഒരുവശത്തു ആഹാരസാധനങ്ങൾ കുറവുചെയ്യുന്നു. മറെറാരുവശത്ത് സബ്സിഡി ഇനത്തിൽ പണം കുറവുചെയ്തു ഈ രാജ്യത്തെ പാപ്പരാക്കാൻ ശ്രമിക്കുന്നു.

സർ, പുഴക്കൾപോലും ഒന്നുപിടക്കാതെ മരിക്കുന്നില്ല. ഈ രാജ്യത്തെ ജനങ്ങൾ മരിക്കുന്നതിനു മുമ്പ് ഒന്നു പിടക്കയാണെങ്കിൽ അത് തടയുവാൻ

[Sri. C. Narayana Pillai]

ഇൻഡ്യാഗവമ്മെണ്ടിന്റെ പോലീസിനും കഴികയില്ലെന്നു് ഉറച്ചസ്വരത്തിൽ ഗവമ്മെണ്ടിനെ അറിയിക്കണമെന്നു് ഞാനപേക്ഷിക്കുന്നു.

മദ്യനിരോധനം ഒരു താലൂക്കിലും ഈ വർഷത്തിൽ നടപ്പിൽ വരുത്തുവാൻ ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നില്ലെന്നാണു് മറെറാരാക്ഷേപം. മദ്യനിരോധനം നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യത്തെപ്പററി കാൺഗ്രസ് ഗവമ്മെണ്ടുകളെ ആരും ഉൽബോധിപ്പിക്കേണ്ടതില്ല. ഇന്നധികാരത്തിലിരിക്കുന്ന രാഷ്ട്രീയകക്ഷിയുടെ പ്രഖ്യാപിത നയമാണിതു്. എന്നാൽ ഈ ഘട്ടത്തിൽ ഒന്നുരണ്ടു സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. സർ, ഈ രാജ്യത്തെ ൪൦ ശതമാനം ജനങ്ങൾ ക്ഷയരോഗബാധിതരാണെന്നു് കണക്കുകൾകൊണ്ടു കാണുന്നു. ഹൃദ്രോഗബാധിതരുടെ സംഖ്യ ൨൩ ശതമാനമാണു്. എന്നാൽ ഇൻഡ്യാ ഒട്ടുക്കു മദ്യപാനം ചെയ്യുന്നവരുടെ ശതമാനം കേവലം അഞ്ചുമാത്രമാണു്. ഈ അഞ്ചുശതമാനം ജനങ്ങളെ രോഗത്തിൽനിന്നും സദാചാരരാഹിത്യത്തിൽനിന്നും രക്ഷിക്കുവാൻ വെമ്പുന്നവർ ഈ ൪൦ ശതമാനത്തിന്റേയും ൨൩ ശതമാനത്തിന്റേയും രക്ഷയെപ്പററി ആവേശം പ്രകടിപ്പിക്കാത്തതെന്തുകൊണ്ടാണെന്നു് ഞാൻ ചോദിക്കുന്നു. മദ്യപാനം ചെയ്യുന്നവർ മനഃപൂർവ്വം ആത്മഹത്യചെയ്യുകയാണു്. ക്ഷയബാധിതർ അവരുടെ നിയന്ത്രണത്തിലല്ലാത്ത പരിതഃസ്ഥിതികളുടെ അടിമകളാണു്. സർ, ഈ ആത്മഹത്യക്കാരന്റെ കാര്യം തല്ക്കാലം ഒന്നു മാററിവച്ചിട്ടു ഗവമ്മെണ്ടു് അതിന്റെ സാമ്പത്തികമായ സകല കഴിവുകളും ഈ രാജ്യത്തു് നടമാടുന്ന രോഗങ്ങളും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്യുവാൻ വിനിയോഗിക്കണമെന്നു് ബുദ്ധിയും യുക്തിയും രാജ്യസ്നേഹവും ഉള്ളവർ പറയുന്നു. ഇവയിലൊന്നും തന്നെയില്ലാത്തവർക്കു് ഏതു വിമർശനങ്ങളും തട്ടിമൂളിക്കുവാൻ വിഷമമില്ല. ഇൻഡ്യാഗവമ്മെണ്ടുപോലും മദ്യനിരോധന കാര്യത്തിൽ സാവധാനം പുരോഗമിക്കണമെന്നു് സംസ്ഥാന ഗവമ്മെണ്ടുകളെ അനുശാസിക്കുന്നുണ്ടെങ്കിൽ അതു് അവർ മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുവാനോ, ആ നികൃഷ്ടദിനചര്യയുടെ ദോഷഫലങ്ങൾ മനസ്സിലാക്കാതെയോ അല്ല. പിന്നെയോ പ്രാധാന്യമുള്ള കാര്യങ്ങൾക്കു് മുൻഗണന നൽകുകമാത്രമാണു് ചെയ്യുന്നതു്. ഇവിടെ വിമർശനം നടത്തിയവർക്കു് ഗവമ്മെണ്ടു പള്ളിക്കൂടങ്ങൾ ഏറെറടുത്തു് നടത്തണം. ആശുപത്രികൾ കൂടുതൽ ഉണ്ടാക്കണം. കാളേജിനു ഗ്രാൻറു വേണം. ജലസേചന പദ്ധതികൾ ധാരാളം ഏർപ്പെടുത്തണം. പക്ഷേ കരം പിരിക്കുവാൻ പാടില്ല. ഭക്ഷണനികുതിയും എക്സൈസ് വരവും ചീത്തപ്പണമാണെന്നുപോലും മി. നടരാജപിള്ള പറയും. എങ്കിലും ഭരണത്തിന്റേയും രാജ്യത്തിന്റേയും നിലനില്പിന്നു് ഇതാവശ്യവുമാണു്. ഈ ഗവമ്മെണ്ടു് ഈ വർഷത്തിൽ മദ്യനിരോധനം നടപ്പിൽ വരുത്തിയില്ലെങ്കിൽ അതു് നിത്യയഥാർത്ഥങ്ങളെ നേരിടുവാൻവേണ്ടി മാത്രമാണു്. എങ്കിലും മദ്യനിരോധനനയത്തിൽനിന്നും ഗവമ്മെണ്ടു് പുറകോട്ടു പോയിട്ടില്ല.

സർ, വിദ്യാഭ്യാസമാണു് ഇവിടെ വിമർശനവിഷയമായ മറെറാന്നു്. ഈ ഗവമ്മെണ്ടിന്റെ വിദ്യാഭ്യാസനയം മുഴുവൻ തൃപ്തികരമല്ല. എങ്കിലും കഴിഞ്ഞ കൊല്ലങ്ങളെ അപേക്ഷിച്ചു വിദ്യാഭ്യാസകാര്യങ്ങളിൽ നാം വളരെ മുന്നോട്ടുപോയിട്ടുണ്ടു്. പാളിടെക്കനിക്കൽ ഇൻസ്റ്റിട്യൂട്ടിനു് ൫ ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ടെങ്കിലും പദ്ധതികളൊന്നുമില്ലെന്നു മി. ശങ്കർ പറയുകയുണ്ടായി. 'പാപ്പ്‌വർത്ത്'' റിപ്പോർട്ടിലേയും 'സാർജൻറ്'' റിപ്പോർട്ടിലേയും പദ്ധതികൾ ഈ ഗവമ്മെണ്ടിന്റെ മുമ്പിലുണ്ടു്. ഏതാനും സെക്കണ്ടറി സ്കൂളുകളിലെങ്കിലും സാങ്കേതിക വിദ്യാഭ്യാസമേർപ്പെടുത്തിയാൽ അവിടെ നിന്നും പഠിത്തം പൂർത്തി

യാകുമ്പോൾ ഉപജീവനമാർഗ്ഗം തേടുവാനുള്ള സാങ്കേതിക പരിജ്ഞാനം കൈവശമാക്കുവാനോ കാളേജുകളിൽ ചേരുവാനോ ഉള്ള സാഹചര്യങ്ങൾ വിദ്യാർത്ഥികൾക്കു സിദ്ധിക്കുവാൻ ഈ പദ്ധതി സഹായിക്കുന്നതാണ്. സർ, ധീരമായും പുരോഗമനപരമായും ഇങ്ങിനെ ഒരു വിദ്യാഭ്യാസപദ്ധതി സ്വീകരിച്ചതിൽ ഞാൻ ഗവമ്മെണ്ടിനെ അഭിനന്ദിക്കുന്നു.

എന്റെ മാന്യസ്നേഹിതൻ മി. അച്ചുതൻ നാലുപാടും നിരാശ കാണുന്നു. സർ, നിരാശ ഒരു തരം സാംക്രമിക രോഗമാണ്. നിരാശയെപ്പററി സംസാരിക്കുന്നവർ ഒരു തരം നിരാശയ്ക്കു വിധേയരാണ്. അവരുടെ നിരാശ അവർ മററുള്ളവരിൽ കാണുന്നു. ആ നിരാശതന്നെ മററുള്ളവരിലേക്കു സംക്രമിപ്പിക്കുവാൻ ശ്രമിക്കയും ചെയ്യുന്നു. (ബെൽ)

<u>സാഹിബ് ബഹദൂർ പി. കെ. മക്കാർപിള്ള:</u> ഈ നിയമസഭയുടെ ചർച്ചക്കു വിഷയമാകുന്ന അവസാനത്തെ ബഡ്ജററാണ് ബഹു. ധനകാര്യമന്ത്രി സഭയിൽ അവതരിപ്പിച്ചിട്ടുള്ളതു്. അധികാരത്തിലിരിക്കുന്ന ഭരണകക്ഷിയുടെ പ്രഖ്യാപിത നയമനുസരിച്ചുള്ള പരിപാടികൾ നടപ്പിൽ വരുത്തുന്നതിനും രാജ്യത്തിന്റെ അഭിവൃദ്ധിക്കും ജനങ്ങളുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ഗവമ്മെണ്ടു ചെയ്തിട്ടുണ്ടെന്നുള്ളതു് ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ വ്യക്തമായി കാണാവുന്നതാണ്.

എനിക്കു പ്രധാനമായി പറയുവാനുള്ളതു് ഭക്ഷ്യസാധനത്തെക്കുറിച്ചാണ്. ഒരു കൃഷികരാജ്യമാണ് നമ്മുടേതു്. ഞാൻ ഒരു കൃഷിക പ്രതിനിധിയുമാണ്. അനേക കൊല്ലങ്ങളായി അവഗണിക്കപ്പെട്ടിരുന്ന ജനവിഭാഗമാണ് ഇന്നാട്ടിലെ കൃഷകർ. ജനകീയ ഗവമ്മെണ്ടു അധികാരം ഏറെറടുത്തപ്പോൾ ഇന്നാട്ടിലെ കൃഷകർ അത്യന്തം ആഹ്ലാദിക്കുകയുണ്ടായി. എന്നാൽ കഴിഞ്ഞ മൂന്നു കൊല്ലത്തെ ഭരണത്തിനുശേഷം കൃഷകരുടെ ആശകൾ ഓരോന്നായി തകരുകയും ഭാവിയേസംബന്ധിച്ചുള്ള ആശങ്കകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

അവ്യക്ത നെല്ലെടുപ്പു ചട്ടങ്ങൾ എന്നും കർഷകരെ നെല്ലെടുപ്പുദ്യോഗസ്ഥന്മാരുടെ കാരുണ്യത്തെ ആശ്രയിച്ചു ജീവിക്കുന്നതിനു നിർബന്ധിതരാക്കുന്നു. പുതിയ 'ലെവിസമ്പ്രദായം' അധികവ്യവസ്ഥ പ്രോത്സാഹിപ്പിച്ചിരുന്ന അഴിമതികൾ തുടരുന്നതിന് അനുവദിക്കുകയും ലെവിപദ്ധതിയുടെ ആശ്വാസങ്ങൾ നൽകാതിരിക്കുകയുമാണ് ചെയ്തിട്ടുള്ളതു്.

കൃഷിച്ചിലവിനു ഏക്കറൊന്നിനു ൨ ൦ പറ എന്ന നിരക്കിന് നെല്ല് അനുവദിച്ചിരിക്കുന്നതു് തീരെ കുറവാണ്. ഉത്തരതിരുവിതാംകൂറിൽ പ്രത്യേകിച്ച് മൂവാററുപുഴ, കുന്നത്തുനാട്ട്, തൊടുപുഴ ഈ താലൂക്കുകളിൽ ഒരുപറ വിത്തു വിതയ്ക്കുന്നതിനു നാലുപറ നെല്ലുവീതം കണക്കാക്കി ഏക്കറൊന്നിന് ൨ ൮ പറ നെല്ലുവീതം കൃഷിച്ചെലവിനായി അനുവദിക്കേണ്ടതത്രെ. കർഷകരുമായി ആലോചിച്ച് നെല്ലെടുപ്പു നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്തി കൃഷിക്കാരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുവാൻ ഈയവസരം ഞാൻ വിനിയോഗിക്കുന്നു.

തുടർച്ചയായ നിവേദനങ്ങളുടെ ഫലമായി നെല്ലിനു പറയ്ക്കു് നാലണ എന്ന നിരക്കിൽ ബോണസ് നൽകുന്നതാണെന്നുള്ള തീരുമാനം കർഷകന് തെല്ലൊരാശ്വാസം നൽകിയിട്ടുണ്ട്. എന്നാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് ഇതു തികച്ചും അപര്യാപ്തമാണെന്നും നെല്ലിനു കുറഞ്ഞതു് ൨ രൂ. ൮ ണ. എങ്കിലും വില നൽകാതെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രേരണ

[Sahib Bahadur P. K. Makkar Pillai]

നൽകുന്നതല്ലെന്നു ഈ അവസരത്തിൽ ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. പൊതുവേ രാഷ്ട്രീയരംഗങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന അധികാരമോഹത്തെപ്പററിയും, സാമുദായിക മത്സരത്തെപ്പററിയും ഒരുവാക്കു പറയുന്നതിനു ആഗ്രഹിക്കുന്നു. വർഗ്ഗീയവും പ്രാദേശികവുമായ ചിന്തകൾ ഇന്നു നമ്മുടെ പൊതുജീവിതത്തെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ജനവിഭാഗങ്ങൾ പരസ്പരം വിശ്വസിച്ചും സഹകരിച്ചും ജനായത്ത വ്യവസ്ഥിതിയിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കാതെ ജനകീയ ഗവമ്മെണ്ടിനു വിജയിക്കുവാൻ സാദ്ധ്യമല്ലെന്നു പ്രത്യേകം പറയേണ്ടതില്ല. ഈ സഹകരണബുദ്ധി ഈ സഭയിലും രാജ്യത്താകെയും ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ശ്രീ. ടി. വി. ദേവൻ: സർ, ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിനെ ഞാൻ അനുമോദിക്കുകയാണു ചെയ്യുന്നതു്. അദ്ദേഹം വളരെ മനഃക്ലേശം ചെയ്താണ് ഒരു കമ്മി ബഡ്ജററായിട്ടെങ്കിലും ഇവിടെ അവതരിപ്പിക്കുന്നതിനു് ധൈര്യമുണ്ടായിട്ടുള്ളതു്. ഇത്തവണത്തെ ബഡ്ജററിൽ കഴിഞ്ഞ ആണ്ടത്തേക്കാൾ കൂടുതൽ ൫ കോടി രൂപാ കൊള്ളിച്ചിട്ടുമുണ്ട്. അങ്ങനെ നോക്കുമ്പോൾ എല്ലാ ഡിപ്പാർട്ടുമെൻറിനും കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ തുക കൊള്ളിച്ചിട്ടുണ്ടെന്നു് നമുക്കു് ബഡ്ജററുകൊണ്ടു് കാണാവുന്നതാണ്. ഒരുകണ്ണും നോക്കിയാൽ അദ്ദേഹത്തിനു് ഇതിൽ യാതൊരു പ്രയാസവും ഉണ്ടാവുകയില്ല. ൧൧൨൫-ലെ പഞ്ചാംഗം എഴുതിയ ഒരാളിനു് ൧൧൨൬-ലെ പഞ്ചാംഗം എഴുതുവാൻ യാതൊരു പ്രയാസവും ഉണ്ടായിരിക്കുന്നതല്ല. എൻെറ മററു സ്നേഹിതന്മാർ മററു ഡിപ്പാർട്ടുമെൻറുകൾക്കു് അനുവദിച്ചിട്ടുള്ള ചെലവുകളേയും അതിലുള്ള വരുമാനത്തെയും അതിൻെറ ഗുണഗണങ്ങളേയും പററി പ്രസംഗിച്ചു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇതിനെക്കുറിച്ചു് ഇതിലധികം വിമർശിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എനിക്കു് ഒരു കാര്യംമാത്രം ചൂണ്ടിക്കാണിച്ചാൽ കൊള്ളാമെന്നുണ്ട്. ഇൻഡ്യൻ നാഷനൽ കോൺഗ്രസിൻെറ നേതാക്കന്മാർ, ഇവിടത്തെ തിരുവിതാംകൂർ സ്റേററ് കാൺഗ്രസിലെ നേതാക്കന്മാർ, ഇവർ സമത്വത്തെയും മററും കുറിച്ചു് പ്രസംഗിച്ചിട്ടുള്ളതു് ഞാൻ ധാരാളം കേട്ടിട്ടുണ്ട്. ഇവിടെ കോൺഗ്രസ്സ് പാർട്ടിക്കാരും സോഷ്യലിസ്റ്റ് പാർട്ടിക്കാരും മററു രണ്ടുമൂന്നു പാർട്ടിക്കാരും അതേക്കുറിച്ചു് പ്രസംഗിച്ചതായി കേട്ടു. പക്ഷെ അവർക്കാർക്കെങ്കിലുംതന്നെ ഈ രാജ്യത്തെ അത്യാവശ്യവസാധനങ്ങളുടെ ഉല്പാദകരും രാജ്യത്തിൻെറ ഒരു പ്രധാനഘടകവും ആയിരിക്കുന്ന പിന്നോക്ക സമുദായക്കാരുടെ കാര്യം എന്തെങ്കിലും പറയണമെന്നു് തോന്നിയില്ല. കമ്മ്യൂണിസ്റ്റ് മെമ്പറായ മി. ഗോപാലകൃഷ്ണമേനോനും ഈ പിന്നോക്കസമുദായക്കാരുടെ കാര്യം എന്തെങ്കിലും പറയണമെന്നു തോന്നിയില്ല. തുണിയില്ലെന്നും ആഹാരം ഇല്ലെന്നും മററും പ്രസംഗിച്ചതല്ലാതെ കിടക്കുവാൻ സ്ഥലമില്ലാതെ വിഷമിക്കുന്ന പിന്നോക്ക സമുദായക്കാരുടെ കാര്യം അവരിൽ ആക്കും പറയുവാൻ തോന്നിയില്ല. മി. നമ്പ്യാർ അദ്ദേഹംതന്നെ കുഞ്ചൻ നമ്പ്യാരുടെ ഭാഷയിൽ പലതും പറഞ്ഞു എങ്കിലും ഈ സാധുക്കളുടെ കാര്യം അദ്ദേഹവും പറഞ്ഞില്ല. ഇപ്പോഴത്തെ ബഡ്ജററു നോക്കിയാൽ പിന്നോക്ക സമുദായ ഡിപ്പാർട്ടുമെൻറിനു് കഴിഞ്ഞ ആണ്ടത്തേക്കാൾ ൩ ലക്ഷം രൂപാ കൂടുതൽ നീക്കിവെച്ചിട്ടുണ്ടെന്നു് കാണാവുന്നതാണ്. പക്ഷെ ഞങ്ങളുടെ അനുഭവം ഞങ്ങളെ പഠിപ്പിക്കുന്നതു് അതുകൊണ്ടൊന്നും വലിയ

ആശക്കു വകയില്ലെന്നാണ്. പതിനഞ്ചു ലക്ഷം രൂപാ കൊള്ളിച്ചുകൊണ്ട് പത്തു ലക്ഷം രൂപാ ലാപ്സാക്കുകയും ബാക്കി തുകകൊണ്ട് പൊതു മന്ദിരങ്ങളും ഭവനങ്ങളും വായനശാലകളും നിർവ്വഹിക്കണമെന്നു പറഞ്ഞാൽ എങ്ങനെ കാര്യം മുമ്പോട്ടുപോകുമെന്ന് പറയുവാൻ നിവൃത്തിയില്ല. കൊള്ളിച്ചിരിക്കുന്ന തുകയെങ്കിലും മുഴുവൻ ചെലവാക്കിയാൽ മാത്രമേ എന്തെങ്കിലും ചെയ്തു എന്നു പറയുവാൻ സാധിക്കുകയുള്ളൂ. ൩ ലക്ഷം രൂപാ ചെലവാക്കി മിഡിൽ സ്കൂളിലെ വിദ്യാർത്ഥിക്ക് ൨൫ രൂപാ വീതവും ഹൈസ്കൂളിലെ വിദ്യാർത്ഥിക്ക് ൪൦ രൂപാ വീതവും അവരുടെ വീടുകളിൽ എത്തിച്ചിരുന്നു എന്നു് എനിക്ക് അറിയാം. അതു് സന്തോഷവുമാണ്. തിരുവിതാംകൂറിലെ ഏകാധിപത്യം നടന്നുകൊണ്ടിരുന്ന ഒരു കാലത്തു് ഹരിജനങ്ങൾക്ക് ധാരാളം സഹായ സൗജന്യങ്ങൾ കിട്ടിക്കൊണ്ടിരുന്നു. അതായതു് അന്നു് ഹരിജനഹോസ്റ്റലുകൾ ഇവിടെ ധാരാളം ഉണ്ടായിരുന്നു. അതെല്ലാം ഇന്നു നിറുത്തിയിരിക്കുകയാണ്. പാവപ്പെട്ടവരുടെ ഓരോ കുട്ടിക്കും ൩൦ രൂപാ കൊടുക്കണമെന്ന് ആ ഹോസ്റ്റൽ അധികാരികൾക്ക് ആഗ്രഹമുണ്ടായിരുന്നു. അതു് ഒടുവിൽ മൂന്നു രൂപയായിട്ടാണ് തീന്നതു്. ഞാൻ ചോദിക്കുന്നു ഈ ധനസഹായം ഞങ്ങൾക്കു മാത്രമാണോ ഗവമെണ്ടു ചെയ്യുന്നതെന്ന്. പല ഉദ്യോഗസ്ഥന്മാരുടെ കുട്ടികളും ഗവമെണ്ടു ചിലവു കൊണ്ടാണ് പഠിക്കുന്നതു്. അവർ ചെയ്യുന്നതും ഗവമെണ്ടു ജോലിയാണ്. ഞങ്ങൾ ചെയ്യുന്നതും ഗവമെണ്ടു ജോലിയാണ്. രണ്ടും നാട്ടിനെ നന്നാക്കാനുമാണ്. കഴിഞ്ഞ ആണ്ടിൽ ബഡ്ജററിൽ കൂടുതൽ തുക കൊള്ളിച്ചിരുന്നു. പൊതു മന്ദിരങ്ങൾക്കും കിണറുകൾ, കുളങ്ങൾ മുതലായവ കഴിപ്പിക്കുന്നതിനുമായി തുക കൂടുതൽ കൊള്ളിച്ചിരുന്നു എങ്കിലും അതൊന്നും ചെയ്യാൻ ഇടയായിട്ടില്ല. മാവേലിക്കര രണ്ടു വർഷത്തിനുമുൻപു് മരിച്ച ഒരു പുലയനെ ഒരു പുരയിടത്തിൽ കുഴിച്ചിടുകയും വിവരമറിഞ്ഞു് പുരയിടത്തിലെ ഉടമസ്ഥർ പോലീസുകാരെ കൂട്ടിച്ചുകൊണ്ടുവന്നു് ആ പ്രേതം എടുത്തുമാററാൻ ശ്രമിക്കുകയും ചെയ്തു. ഉടനെ മരിച്ചുപോയ പുലയന്റെ ആൾക്കാരും മററു കുറെ പുലയരും എല്ലാവരുമായി അവിടേക്കുപോയി... ഞാനും അവിടെ ഉണ്ടായിരുന്നു. എല്ലാവരും എന്നോടു ചോദിച്ചു, എന്തു ചെയ്യണമെന്ന്. ഞാൻ പറഞ്ഞു, നാം കുഴിച്ചിട്ടു, ആവശ്യമുള്ളവർ വേണമെങ്കിൽ എടുത്തു കൊണ്ടുപൊയ്ക്കൊള്ളട്ടെ എന്നു്. ഇങ്ങനെയാണ് ഈ സാധുക്കളുടെ കാര്യം ഇരിക്കുന്നതു്. അവക്കു് കിടന്നു ചാകാനുള്ള സ്ഥലംപോലും കൊടുത്തില്ലെങ്കിൽവളരെ കഷ്ടമാണ്. ആഹാരത്തെയും വസ്ത്രത്തെയും അപേക്ഷിച്ചു് ഇതാണ് കൂടുതൽ ആവശ്യം. ഇവിടെ സർ, സി. പി. രാമസ്വാമി അയ്യർ ഭരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തോടു് ഞങ്ങളുടെ സങ്കടം എന്തുവേണമെങ്കിലും പറയാമായിരുന്നു. ഞാൻ ഒരു ദിവസം അദ്ദേഹത്തെ ഇതിനായി കാണാൻചെന്നു. അദ്ദേഹം ചോദിച്ചു "എന്താ മി. ദേവൻ, ശവംകുഴിച്ചിടാൻ സ്ഥലമില്ലാതെ വിഷമിക്കുകയാണോ എന്നു്." ഞാൻ പറഞ്ഞു കുഴിച്ചിടാൻ സ്ഥലം തരുന്നതിനു മുമ്പു് കിടന്നു ചാകാൻ സ്ഥലം തരണമെന്നു്. ചത്തതിൽ പിന്നീടുവേണമല്ലോ കുഴിച്ചിടാൻ. അതുകൊണ്ടു് കിടന്നു ചാകാനുള്ള സ്ഥലം ജനകീയ ഭരണകാലത്തു് ഇവിടെ ഉണ്ടാക്കിക്കൊടുക്കണം. ഇവിടെ ഒരു ഭൂനയ കമ്മിററി റിപ്പോർട്ടു വന്നിട്ടുണ്ടെന്നു അറിയുന്നു. അതിൽ എനിക്കുള്ള അഭിപ്രായവും എഴുതിക്കൊടുക്കണമെന്നു എഴുതി വന്നിരുന്നു. ഭൂനയക്കമ്മിററിതന്നെ മുക്കാലും ജന്മിമാർ അടങ്ങിയതാണ്. അവർ പാവപ്പെട്ടവക്കു് ഭൂമി കൊടുക്കത്തക്കവിധത്തിൽ ഒരു റിപ്പോർട്ടു് ഉണ്ടാക്കിവരാൻ പ്രയാസമാണ്. ഇവിടെ എല്ലാവരും ഗവമെണ്ടിനെ കുററം പറയുന്നുണ്ടു്. ഈ കുററം പറയുന്നവരിലും അധികം ജന്മിമാരാണ്. പ്രസംഗങ്ങളെല്ലാം വളരെ ഭംഗിയായി നടത്തുന്നുണ്ടെങ്കിലും

[Sri. T. V. Devan]

കാര്യത്തിൽ എല്ലാവരും ഒന്നുപോലെതന്നെയാണ പ്രവർത്തിക്കുന്നതു്. പ്രസംഗങ്ങളല്ല കാര്യം. നാം എല്ലാം നന്നായാൽ എല്ലാവരും നന്നായിക്കൊള്ളും. ഇവിടെ കൊടി തൂക്കിയതോ പ്ലാററഫാറമിട്ടതോ പാവങ്ങളാരുമറിയുന്നില്ല. പിന്നോക്ക സമുദായക്കാരെ പിടിച്ചുകൊണ്ടാണ എല്ലാ ഇസങ്ങളും വരുന്നതു്. കോൺഗ്രസ്സ് ഏകാധിപത്യത്തിനെതിരായി പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോഴും പ്രസംഗിച്ചതു് ഇവിടെയുള്ള പറയനും പുലയനുമെല്ലാം വളരെ കഷ്ടപ്പെടുന്നു എന്നായിരുന്നു. കോൺഗ്രസ്സ് അധികാരത്തിൽ വന്നപ്പോഴും പിന്നെയും അതേ മാതിരി പ്രസംഗങ്ങൾ ചിലർ നടത്തുന്നുണ്ടു്. മഹാത്മാഗാന്ധി വിഭാവനം ചെയ്തതും നാഷനൽ കോൺഗ്രസിന്റെ കാര്യപരിപാടിയിൽ കൊള്ളിച്ചിട്ടുള്ളതുമാണു് ഹരിജനോദ്ധാരണം. ക്രമപ്രവൃദ്ധമായി ഹരിജനങ്ങളെ ഉദ്ധരിച്ചാൽ പുതിയതായി ഒരു പാർട്ടിയും ഉണ്ടാകാൻ പോകുന്നില്ല. ഇവിടെ പട്ടിണികിടക്കുന്നവരുടെ കാര്യവും കിടപ്പിടമില്ലാത്തവരുടെ കാര്യവും വസ്ത്രമില്ലാത്തവരുടെ കാര്യവുമെല്ലാം ഗവമ്മെണ്ടിനോടു പറഞ്ഞാൽ എന്താണ ഗവമ്മെണ്ടു ചെയ്യുക. ഉള്ളവർ അവരവരുടെ വേലക്കാർക്കു് ഓരോ ഏക്കർ സ്ഥലം വീതം കൊടുക്കാമെന്നു എല്ലാവരും വിചാരിച്ചാൽ കാര്യമെല്ലാം ഭംഗിയാകും. ശ്രീമാൻ കുഞ്ഞിത്തൊമ്മൻ പറയുന്നതു് ൨൦൦ ഏക്കർ സ്ഥലം ഉണ്ടായിരുന്നുവെന്നും ഇപ്പോഴും അതെല്ലാം വീതിച്ചുപോയി എന്നുമാണു്.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: എല്ലാവരും ൩൫ സെൻറവീതം കൊടുത്താൽ ഞാനും സ്ഥലം വീതിച്ചുകൊടുക്കാം.

ശ്രീ. ടി. വി. തേവൻ: ഇല്ലാത്ത ഞാൻ എവിടെ നിന്നാണു് ൩൫ സെൻറ കൊടുക്കുന്നതു്.

ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യനല്ലെന്നുള്ളതു് ദേവനെന്നുള്ള എന്റെ പേരിൽനിന്നുതന്നെ വ്യക്തമാണു്. അങ്ങനെ ഈ സഭയിലെ ഏക ദേവനായ എനിക്കു് ബഹുമാനപ്പെട്ട മെമ്പറന്മാരോടു ഒരു അപേക്ഷയുണ്ടു്. ഇവിടെയുള്ള മെമ്പറന്മാരെല്ലാവരുംകൂടി യോജിച്ചു് ഉള്ള ആളുകളെല്ലാം ഇല്ലാത്തവർക്കുകൂടി കൊടുക്കത്തക്കവണ്ണമുള്ള ഒരു കാര്യപരിപാടി തയ്യാറാക്കി മുന്നോട്ടുപോയാൽ ഇവിടെ പുതുതായി പാർട്ടിയൊന്നുമുണ്ടാകാൻ പോകുന്നില്ല. ഈ മണ്ണിൽ സോഷ്യലിസമോ കമ്മ്യൂണിസമോ വളരുകയില്ലെന്നു പറഞ്ഞ ബഹുമാന്യദേഹമാണു് ഇപ്പോഴത്തെ സോഷ്യലിസ്ററ പാർട്ടി നേതാവു്.

'മന്ത്രിമാർ ഗുണപൂർണ്ണരായ്‌വന്നാൽ
രാജ്യനീതിയെ പിന്തിരിക്കുവതില്ല സന്ദേഹം'

അതായതു്, മന്ത്രിമാർ ശരിയായി കാര്യങ്ങൾ നിർവ്വഹിക്കുകയാണെങ്കിൽ അതിൽനിന്നും അവരെ പിന്തിരിപ്പിക്കാൻ ആളുണ്ടാവുകയില്ല. അപ്രകാരമുള്ള ഒരു വ്യവസ്ഥയിലേക്കു് ഈ രാജ്യത്തെ നയിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): സർ, ബഡ്ജററിനെപ്പററിയുള്ള പൊതുവിമർശനം ആരംഭിച്ചതു് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ഔദ്യോഗികമായ ഉൽഘാടനത്തോടുകൂടിയാണു്. അപ്രകാരം അദ്ദേഹം ഉൽഘാടനകർമ്മം നിർവ്വഹിച്ചതിൽ എനിക്കുള്ള കൃതജ്ഞതയെ ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു. പൊതുവിമർശനവേളയിൽ ബഡ്ജററിലുള്ള ന്യൂനതകൾ ചൂണ്ടിക്കാണിക്കുകയും സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുമെന്നാണ ഞാൻ പ്രതീക്ഷിച്ചിരുന്നതു്.

എന്നാൽ അതിൽ എനിക്കു നിരാശയാണുണ്ടായിട്ടുള്ളതു്. അടുത്ത കൊല്ലത്തേക്കു തയ്യാറാക്കിയിട്ടുള്ള ബഡ്ജററിനെപ്പററി ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ അഭിപ്രായം പുറപ്പെടുവിച്ചതു് സാധാരണക്കാരന്റെ ജീവിതത്തോതു് ഉയർത്തുന്നതിലേക്കു് ഈ ബഡ്ജററിൽ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലെന്നും ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്കു് വേണ്ടത്ര തുകകൾ കൊള്ളിച്ചിട്ടില്ലെന്നുമാണു്. ഈ ചർച്ചകളെല്ലാം ഞാൻ വളരെ സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട ചില മെമ്പറന്മാർ ഉന്നയിച്ചിട്ടുള്ള പ്രധാന സംഗതികളെപ്പററി ഒരു വിവരണം നൽകാമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ആദ്യമായി ഇവിടെ ബഡ്ജററിനെ വിമർശിച്ചതു് ശ്രീമാൻ ബാലകൃഷ്ണമേനവനാണു്. ഇൻഡ്യൻ നാഷനൽ കാൺഗ്രസിന്റെ വെൽഫയർ സ്റ്റേററിനു് അനുയോജ്യമായ ഒരു ബഡ്ജററല്ല ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അതിലേക്കു് അദ്ദേഹം ചൂണ്ടിക്കാണിച്ചതു് ഇൻഡ്യാ ഗവമ്മെണ്ടു് തുടങ്ങിയിരിക്കുന്ന ടാക്സേഷൻ പോളിസിയാണു്. പെട്രോളിനും പുകയിലക്കും നിലക്കടലക്കും നികുതി ഏർപ്പെടുത്തിയിരിക്കുന്നതു് സാധാരണ ജനങ്ങളെ ഉപദ്രവിക്കുന്നതാണെന്നാണു് അദ്ദേഹമഭിപ്രായപ്പെട്ടതു്. പെട്രോളിനും പുകയിലക്കും മററും ഉണ്ടാകുന്ന നികുതി എങ്ങനെയാണു സാധാരണ ജനങ്ങളെ സാരമായി ബാധിക്കുന്നതെന്നു എനിക്കു മനസിലാകുന്നില്ല. നിലക്കടലയാണെങ്കിൽ ഇൻഡ്യയിൽനിന്നും ധാരാളം കയററുമതി ചെയ്യുന്ന ഒരു സാധനമല്ല. അതിനുംപുറമേ നിലക്കടല ഇവിടെ ധാരാളമായി ആവശ്യമുള്ള ഒന്നുമാണു്. അതിനു് കയററുമതിച്ചുങ്കം ഏർപ്പെടുത്തി എന്നു വരികിൽ അതിനെ ആക്ഷേപിക്കുന്നതു് എങ്ങനെയാണു്. പൈത്രികമായ സ്വത്തു് അനുഭവിക്കുകയോ മററുള്ളവരുടെ പ്രയത്നഫലംകൊണ്ടു ഉപജീവനം നയിക്കുകയോ ചെയ്യുന്ന ഒരാളെങ്കിലും ഒരു രാജ്യത്തുണ്ടെന്നു വരുകിൽ ആ രാജ്യത്തെ വെൽഫെയർ സ്റ്റേറെറന്നു വിളിക്കാൻ സാദ്ധ്യമല്ലെന്നു അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ആ അഭിപ്രായത്തിനു് അനുയോജ്യമായ ഒരു സ്റ്റേററു് ഈ ഭൂമുഖത്തെവിടെയെങ്കിലും ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അദ്ദേഹത്തിന്റെ ആദർശരാജ്യമായ റഷ്യയിൽപോലും സ്വകാര്യസ്വത്തുടമ കുറെയല്ലാം അനുവദിച്ചിട്ടുണ്ടു്. മാർഷൽ സ്റ്റാലിനു് ധാരാളം ഭൃത്യന്മാരും അനുചരന്മാരുമുണ്ടെന്നാണു് ഞാൻ മനസിലാക്കുന്നതു്. ആ നിലയിൽ ഒരു കമ്മ്യൂണിസ്ററു രാജ്യമായ റഷ്യപോലും അദ്ദേഹത്തിന്റെ ആദർശത്തിനു് അനുയോജ്യമായ ഒരു രാജ്യമല്ലെന്നു കാണാൻ കഴിയും.

പല ബഹു. മെമ്പറന്മാരും കൺട്രോൾ വ്യവസ്ഥകളെപ്പററി പ്രതിപാദിക്കുകയുണ്ടായി. തിരു.-കൊച്ചി സംസ്ഥാനം ഇൻഡ്യയിലെ ഒരു ചെറിയ വിഭാഗമായതുകൊണ്ടു് ഇൻഡ്യയിലെ പൊതുവിലുള്ള നയങ്ങൾക്കു് അനുസരണമായി പ്രവർത്തിക്കുന്നതിനു മാത്രമേ സാധിക്കുകയുള്ളു. ഇൻഡ്യയിൽ കൺട്രോൾ ഏർപ്പെടുത്തിയിരിക്കുന്നതു് സാധാരണ ജനങ്ങളുടെ ക്ഷേമത്തിനാണെന്നു് നമുക്കു് വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണു്. കൺട്രോൾ ഇല്ലാതെ വരികയാണെങ്കിൽ നിത്യോപയോഗ സാധനങ്ങൾക്കു് അമിതമായി വില കൂടുകയും സാധാരണ ജനങ്ങൾക്കു് അതു വാങ്ങിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നതാണു്. ആ ഉദ്ദേശത്തോടുകൂടി മാത്രമാണു് കൺട്രോൾ ഏർപ്പെടുത്തിയിട്ടുള്ളതു്.

അടുത്തതായി ബഡ്ജററിനെപ്പററി പ്രസംഗിച്ചതു എന്റെ മാന്യ സ്നേഹിതൻ ശ്രീ. ശിവരാമപിള്ളയാണു്. ഈ ബഡ്ജററു് ഒരു മാനേജിംഗ് ഡയറക്ടർ അവതരിപ്പിക്കുന്നതായ ബാലൻസ് ഷീററുപോലെ ഇരിക്കുന്നു എന്നു് അദ്ദേഹം

[Sri. A. J. John]

പറയുകയുണ്ടായി. ബഡ്ജററ എന്നു പറയുന്നതു് കഴിഞ്ഞ കൊല്ലത്തെ വരവിനേയും ചെലവിനേയും കാണിക്കുന്നതും അടുത്ത കൊല്ലത്തേക്കു് ഉദ്ദേശിക്കുന്നതായ വരവിനങ്ങളേയും ചെലവിനങ്ങളേയും കാണിക്കുന്നതുമായ ഒരു പ്രമാണം മാത്രമാണു്. ബഡ്ജററു് മെമ്മോറാണ്ഡത്തിൽ കൊടുത്തിരിക്കുന്ന ഒരു നിർവ്വചനത്തിൽ നിന്നും ഇതു കാണാൻ കഴിയും. സാധാരണയായി ബാലൻസു് ഷീററിൽ അടുത്ത കൊല്ലത്തേക്കുള്ള വരവിനങ്ങളോ ചെലവിനങ്ങളോ കാണിക്കാറില്ലെന്നാണു് ഞാൻ മനസിലാക്കുന്നതു്. ഇൻഡ്യൻ ഭരണഘടനയിൽ ഓരോ കൊല്ലത്തിലും വരുംകൊല്ലത്തേക്കുള്ള ഫൈനാൻഷ്യൽ സ്റ്റേററമെൻറു് അസംബ്ളിയുടെ മുമ്പാകെ വക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ശ്രീ. ശിവരാമപിള്ള ഒരു ബാലൻസു് ഷീററാണെന്നു പറഞ്ഞാൽതന്നെയും ഇതുപോലെയുള്ള ബഡ്ജററുകൾ ഓരോ കൊല്ലവും തയ്യാറാക്കി അസംബ്ളിയുടെ മുമ്പാകെ സമർപ്പിക്കുകതന്നെ ചെയ്യും. സൂക്ഷ്മദൃക്കായ അദ്ദേഹം ബഡ്ജററിലെ ചില തെററുകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഡ്ജററു് ൨൮൨-ാം വശത്തു് bonus for procurement of food grains paid by the Government of India എന്നുള്ള ൨൩ കോടി ൭൫ ലക്ഷം രൂപാ യിൽനിന്നും ൧ കോടി ൬൫ ലക്ഷം രൂപാ ആദായം കിട്ടുന്നതാണെന്നു് അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ ഈ ബഡ്ജിനോടുകൂടിതന്നെ ഡെററഹെഡ്, ഡിപ്പാസിററു് ഹെഡ് എന്നു വേറൊരു പ്രമാണവും ഹാജരാക്കിയിട്ടുണ്ടായിരുന്നു. അതിൻെറ ൧ ൫-ാം വശത്തു് ഫുഡ് അഡ്വാൻസു് വകയിൽ ൩ കോടി രൂപാ ബഡ്ജററു് എസ്റ്റിമേററിൽ ൧൯ ൫ ൧ — ൫ ൨-ലേക്കു് ചേർത്തിരിക്കുന്നതു അദ്ദേഹം നോക്കിയില്ലെന്നാണു് ഞാൻ മനസിലാക്കുന്നതു്. അതിൽതന്നെ ൧ ൪-ാം പേജിൽ ഫുഡ് അഡ്വാൻസ് എന്നു കാണിച്ചിരിക്കുന്നിടത്തു് യാതൊരു തുകയും കാണിച്ചിട്ടില്ല. അപ്പോൾ ൩ കോടി രൂപാ കൂടി ചേർക്കുകയാണെങ്കിൽ ആകെ ൨൭ കോടി രൂപാ ആകുമെന്നും എന്നാൽ അതിൽ വരവു് ൨൩൭൫ കോടി രൂപാ മാത്രമായിരിക്കുമെന്നും അങ്ങനെ ഒന്നേകാൽകോടി രൂപാ നഷ്ടമാണെന്നും കാണാവുന്നതാണു്. എൻെറ ബഡ്ജററ പ്രസംഗത്തിൽ ഈ ഇടപാടിൽ ഗവമ്മെണ്ടിനു് ൧൨൫ ലക്ഷം രൂപാ നഷ്ടം വരുമെന്നു ഞാൻ പ്രസ്താവിച്ചിരുന്ന സ്ഥിതിക്കു് എൻെറ മാന്യ സ്നേഹിതൻ ബഡ്ജററിലെ വിവരങ്ങളെല്ലാം നോക്കിയതിനുശേഷം തെററുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കേണ്ടതായിരുന്നു.

പിന്നീടു് അദ്ദേഹം ബഡ്ജററിൽ ഒരു തെററുണ്ടെന്നു പറയുകയുണ്ടായി. അതായതു് ൧൮൪-ാം വശത്തു കണക്കുകൾ കൂട്ടിയെഴുതിയിരിക്കുന്നതു ശരിയല്ലെന്നാണു് അദ്ദേഹം പറഞ്ഞതു്. അതേ സംബന്ധിച്ചു് എനിക്കു പറയാനുള്ളതു്, ആ വശത്തെഴുതിയിരിക്കുന്ന സംഖ്യകളിൽ ഒരു തെററുണ്ടായിരുന്നതിനെ സംബന്ധിച്ചു് ബഡ്ജററ് ഇവിടെ അവതരിപ്പിക്കുന്നതിനു മുമ്പായി അതിൻെറ ഒരു കറക്ഷൻസ്ലിപ്പു് ബഹു. മെംബറന്മാക്കു് കൊടുത്തിട്ടുണ്ടായിരുന്നു എന്നാണു്. ആ കറക്ഷൻ വച്ചുനോക്കിയാലും അതു ശരിയല്ലെന്നാണു് മി. ശിവരാമപിള്ള ഇവിടെ പ്രസ്താവിച്ചതു്. അതിനെനിക്കു പറയാനുള്ളതു് ആ കറക്ഷൻ സ്ലിപ്പനുസരിച്ചുള്ള കണക്കുകൾ ശരിയാണെന്നാണു്. അതു ഈ സഭയിലുള്ളവക്കു് പരിശോധിച്ചുനോക്കിയാൽ അറിയാവുന്നതുമാണു്. അത്രമാത്രമേ എനിക്കു് അതേപ്പററി പറയുവാനുള്ളു.

അടുത്തതായി അദ്ദേഹം പറഞ്ഞതു് സവ്വീസ് ഇൻറഗ്രേഷനായി നീക്കിവെച്ചിട്ടുള്ള തുകകൾ ലാപ്സായിപ്പോയി എന്നാണു്. അതു കുറെയെല്ലാം ശരിയാണു്. അദ്ദേഹം തന്നെയല്ലാ, ഇവിടെ വേറെ പല മെംബറന്മാരും അതേപ്പററി പ്രസ്താവിക്കുകയുണ്ടായി. ഇവിടെ യൂണിഫിക്കേഷൻ ആഫ് ഡിപ്പാർട്ട്

മെൻറ്സ് ആൻറ് സർവ്വീസസ് എന്ന ഇനത്തിലേയ്ക്കു് കഴിഞ്ഞകൊല്ലത്തിൽ മിക്ക ഡിപ്പാർട്ടുമെൻറിലേയ്ക്കും പ്രത്യേകം പ്രത്യേകം തുകകൾ ചേർത്തിട്ടുണ്ടായിരുന്നു. എന്നാൽ ഇതിനകം ചില ഡിപ്പാർട്ടുമെൻറുകളിൽ ഇൻറിഗ്രേഷൻ നടപ്പിലാക്കാൻ സാധിച്ചു. ചില ഡിപ്പാർട്ടുമെൻറുകളിൽ സാധിച്ചിട്ടില്ല. സർവ്വീസ് സംയോജനവും റിഓർഗനൈസേഷനും ഇതുവരെ എല്ലാ ഡിപ്പാർട്ടുമെൻറിലും ശരിപ്പെടുത്തി നടപ്പിലാക്കാതിരുന്നതുകൊണ്ടാണു ഇങ്ങനെ സംഭവിച്ചിട്ടുള്ളതു്. അതു അത്ര എളുപ്പത്തിൽ ചെയ്തു തീർക്കാവുന്ന ഒരു സംഗതിയല്ലെന്നു ബഹു. മെമ്പറന്മാർക്കെല്ലാവർക്കും അറിയാവുന്നതാണ്. അതു കഴിയുന്നതും വേഗം നടപ്പിലാക്കുന്നതിനു സത്വര നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതു സംബന്ധിച്ചു മി. ഉദയഭാനു അവർകൾ, പുറത്തുനിന്നും വല്ലരെ മാന്യനും സത്യസന്ധനും ആയ ഒരാളെ വരുത്തി ഈ കാര്യം തീരുമാനം ചെയ്യാൽ കൊള്ളാമെന്നു നിർദ്ദേശിക്കുകയുണ്ടായി. അതേപ്പറ്റി വളരെ കാര്യമായി ഗവൺമെൻറ് ആലോചിക്കുന്നതാണ്.

പിന്നീട് അദ്ദേഹം പറഞ്ഞതു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലേയ്ക്കു കഴിഞ്ഞയാണ്ടിൽ കൊള്ളിച്ചിരുന്ന തുകയിൽ ൨൦ ലക്ഷം രൂപാ ലാപ്സായിപ്പോയി എന്നാണ്. അതു് Capital worksനു് ചേർത്തിട്ടുള്ള എല്ലാ തുകകളും കൂട്ടിച്ചേർത്താണ് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. ഈ ലാപ്സായ തുകകളുടെ ഒരു വിവരണം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുദ്ദേശിക്കുന്നു. അതായതു് പീച്ചി പദ്ധതിക്കു വച്ചിരുന്ന തുകയിൽ ൨൫ ലക്ഷം രൂപായും ചാലക്കുടി പദ്ധതിക്കുവേണ്ടി കൊള്ളിച്ചിരുന്ന തുകയിൽ മുഴുവൻ ചെലവാകാതെ വന്നതുകൊണ്ടുള്ള ഇരുപത്തിയഞ്ചുലക്ഷം രൂപായും പിന്നെ ക്യാപ്പിററൽ എക്സ്പെൻറിച്ചർ എന്ന ഇനത്തിൽ വച്ചിരിക്കുന്നതിൽ ഒരു പത്തുലക്ഷം രൂപായുമാണ് ലാപ്സായിട്ടുള്ള തുകകൾ. ഇതു് ലാപ്സാകുന്നതിനുള്ള കാരണം ആ പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ സാധനസാമഗ്രികൾ യഥാകാലം കിട്ടാതിരുന്നതുകൊണ്ടു മാത്രമാണ്.

പിന്നീടദ്ദേഹം വാദിച്ചതു് ഈ മൂലധനച്ചെലവുകൾ സാധാരണ വരവിനത്തിൽനിന്നും എടുത്തു ചെലവാക്കരുതെന്നും അതു കടംവാങ്ങിയാണു ചെലവാക്കേണ്ടതെന്നുമാണ്. അതു അത്ര സ്വീകാര്യമായി എനിക്കുതോന്നുന്നില്ല. എന്തായാലും തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറ് ഇതുവരെ അനുവർത്തിച്ചുവന്നതു് സാധാരണ റവന്യൂവിൽ നിന്നാണ് മൂലധനച്ചെലവുകൾക്കുവേണ്ടി ധനം എടുത്തുകൊണ്ടിരുന്നതു്. തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറ് മൂലധനച്ചെലവുകൾക്കായി കടം എടുത്തിട്ടില്ല. അതിലേയ്ക്കു ഒരു കാരണവും ഉണ്ടു്. അതു് ഈ പ്രാവശ്യത്തെ ഇൻഡ്യയിലെ ബഹു. ധനകാര്യമന്ത്രിയുടെ ബഡ്ജററ പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്. അതു ഞാൻ വായിക്കാം.

"At a time when inflationary conditions exist it must be the aim of Government to adjust the money supply to the available supply of goods and services by drawing off as much as possible of the purchasing power in the hands of the community, either by taxation or by borrowing, the exact proportion between the two being determined with reference to the prevailing circumstances. In other words, Government ought to aim at a surplus budget, taking the revenue and capital budget together. Conversely, at a time of deflation, the effect on the community of the fall in the purchasing power should be mitigated by Government increasing the money supply by increasing public expenditure. The effect of a budgetary deficit on the economic life of the country is precisely the same, whether it is a deficit on revenue account or a deficit on capital account.

Such a deficit, other things remaining equal, increases the available money supply in the hands of the community and at a time of inflation adds to the inflationary spiral. The effect is in no way altered even if the deficit in a particular year is met from the accumulated balances of the past."

ഈ തത്വം അനുസരിച്ചുതന്നെയാണ് ഈ ബഡ്ജററ തയാറാക്കിയിരിക്കുന്നതു്.

അടുത്തതായി ഇവിടെ പ്രസംഗിച്ചതു് ബഹു. മി. ശങ്കറാണ്. അദ്ദേഹവും പ്രധാനമായി കൺട്രോളിനെ സംബന്ധിച്ചും പ്രത്യേകിച്ച് ഭക്ഷണസാധനങ്ങളുടേയും തുണിത്തരങ്ങളുടേയും കൺട്രോൾ സംബന്ധിച്ചും ഇവിടെ പ്രസംഗിക്കുകയുണ്ടായി. അതു കൂടാതെ വേറെ ഒരു പായിൻറുകൂടി അദ്ദേഹം ഇവിടെ ഉന്നയിക്കുകയുണ്ടായി. അതായതു് കാർഷികാദായനികുതി കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ ൬൨½ ലക്ഷം രൂപാ ഇടാക്കണമെന്നാണുദ്ദേശിച്ചിരുന്നതെന്നും അതു് ഈ കൊല്ലത്തിൽ ൩൦ ലക്ഷം മാത്രമേ പിരിയുകയുള്ളു എന്നും വാദിച്ചു. അതിനു അദ്ദേഹം ചില വസ്തുതകൾ കൂട്ടി നൽകുന്നുണ്ടു്. കഴിഞ്ഞ കൊല്ലം അറുപത്തിരണ്ടര ലക്ഷം രൂപാ കാർഷികാദായ നികുതിയിനത്തിൽ പിരിയുമെന്നുദ്ദേശിച്ചിരുന്നതു്, ഇക്കൊല്ലം ൩൦ ലക്ഷം മാത്രമേ പിരിയുകയുള്ളു എന്നു കാണിച്ചിരുന്നതു് ചില മുതലാളിമാരേയും ചില ധനവാന്മാരേയും സഹായിക്കുന്നതിനുവേണ്ടിയാണെന്നു അദ്ദേഹം ഇവിടെ പറയുകയുണ്ടായി. അതിൽ എനിക്കു കുറച്ചു ഖേദവുമുണ്ടു്. ഇതിനു മുമ്പ് ഫൈനാൻഷ്യൽ ഇയർ തുടങ്ങുന്നതു ചിങ്ങം മുതൽ ചിങ്ങംവരെയായിരുന്നു. എന്നാൽ ഇൻറിഗ്രേഷനുശേഷം ഏപ്രിൽ മുതൽ ഏപ്രിൽവരെ എന്നാക്കി. അപ്പോൾ കഴിഞ്ഞ ചിങ്ങം മുതൽ ഏപ്രിൽവരെയുള്ള ഏഴരമാസത്തെ കാർഷികാദായനികുതി ഈടാക്കുന്നതിനു ചില പ്രതിബന്ധങ്ങൾ നേരിട്ടു. ഇൻഡ്യാഗവമ്മെൻറു തന്നെയും ഈ ഏഴരമാസത്തെ നികുതി ഉപേക്ഷിച്ചിരിക്കുകയാണു ചെയ്തിരിക്കുന്നതു്. എന്നാൽ തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറാകട്ടെ ആ തുക ഈടാക്കണമെന്നുകരുതിതന്നെയാണ് ഇവിടെ ഒരു അഗ്രികൾച്ചറൽ ഇൻകംടാക്സ് ഭേദഗതിബിൽ ഈ അടുത്തദിവസം പാസ്സാക്കിയതു്. അതു സംബന്ധിച്ചു യാതൊരു കുഴപ്പങ്ങളും ഉണ്ടാകാതിരിക്കാനാണു ഇങ്ങിനെയൊരു ബിൽ പാസ്സാക്കിയതു്. കഴിഞ്ഞ പ്രാവശ്യം തിരുവിതാംകൂർ-കൊച്ചി കർഷകാദായനികുതി പാസ്സാക്കി ഒരാക്കാക്കിയിരിക്കുന്നതു മി. ശങ്കറിനും മി. പി. എസ്സ്. നടരാജപിള്ളയ്ക്കും ഓർമ്മയില്ലാതെപോയതിൽ ഞാൻ ഖേദിക്കുന്നു. ആ ആക്ട് അനുസരിച്ച് ഏററവും കുറഞ്ഞ ആദായം ൨൦൦൦ രൂപാ എന്നതു് മൂവായിരം രൂപാ എന്നാക്കുകയും അതുമാത്രമല്ല മററു ചില ഭേദഗതികളുംകൂടി ഈ ആക്ടിൽ വരുത്തിയതുകൊണ്ടുമാണ് ഈ തുകകൾ കുറച്ചു അടുത്തകൊല്ലത്തേക്കു ചേർത്തിട്ടുള്ളതു്. അതു് ഈ സഭ പാസ്സാക്കിയ ബില്ലിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി ഈ തുകകൾ കുറയ്ക്കാമെന്നാണ്, ഞാൻ ഉദ്ദേശിച്ചതു്. എന്നാൽ മി. ശങ്കറിന്റെ പ്രസംഗത്തിൽ നിന്നും ചില വ്യക്തികളേയും മുതലാളിമാരേയും പ്രത്യേകമായി സഹായിക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നു പറയുന്നതു് അടിസ്ഥാനരഹിതമാണെന്നു വ്യക്തമാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഒരു സംഗതികൂടി വ്യക്തമാക്കുവാൻ ഞാനുദ്ദേശിക്കുന്നു. അതായതു് കാർഷികാദായനികുതി വളരെ ആപൽകരമായ ഒരു നടപടിയാണെന്നും ഏതെങ്കിലും ജനവിഭാഗത്തെ ഉപദ്രവിക്കണമെന്നുണ്ടെങ്കിൽ അതിനുപററിയ വളരെ ശക്തിയായ ഒരായുധമാണെന്നും ഇവിടെ പറയുകയുണ്ടായി. എന്നാൽ ഈ ആക്ടിൽ ഉള്ള വ്യവസ്ഥകൾ അനുസരിച്ച് ആദായനികുതിയോ മററു നികുതികളോ ചുമത്തുകമാത്രമേ ഈ ഗവമ്മെൻറു ചെയ്യുകയുള്ളു എന്നും അതല്ലാതെ

ഈ ആയുധം വച്ചു് ഏതെങ്കിലും വ്യക്തികളേയൊ വ്യക്തിസമൂഹങ്ങളേയോ ദ്രോഹിക്കാനല്ലെന്നും ഉള്ള സംഗതി വളരെ വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു.

അടുത്തതായി ഇവിടെ പ്രസംഗിച്ചതു് മി. നടരാജപിള്ളയാണു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രധാനമായി പറഞ്ഞതു് ഫുഡ്ഡ് സബ്ബ്സിഡിയെ സംബന്ധിച്ചും അതിന്റെ വിലയെ സംബന്ധിച്ചുമാണു്. അതു സംബന്ധിച്ച അൽപം ചില സംഗതികൾ ഇവിടെ പ്രസ്താവിക്കാനുണ്ടു്. നമുക്കിപ്പോൾ ഇതേവരെ കിട്ടിക്കൊണ്ടിരുന്നതു് രണ്ടാംതരം അരിയാണു്. അതിനു ൨൨ രൂപാ ൧൧ണ. എന്ന കണക്കനുസരിച്ചാണു് വില നിശ്ചയിച്ചിരിക്കുന്നതു്. അതായതു് ജനവരി ഒന്നാം തിയ്യതി മുതൽ ചാക്കിനു ൨൨ ണ. (൧ രൂ. ൬ണ.) വില കൂട്ടിയിരിക്കുകയാണു്. ഇതു രണ്ടാംതരം അരിയുടെ വിലയാണു്. ഒന്നാംതരം അരിയുടെ വില ൨൬ രൂപാ ൭ണ. ൩ണ് ഇട്ടിരിക്കുന്നതു്. ഇങ്ങിനെ രണ്ടാംതരം അരി നമുക്കു ലഭിക്കുന്നതുകൊണ്ടു് നമുക്കു അഞ്ചുകോടി രൂപായുടെ നഷ്ടം നേരിടുന്നതാണു്. എന്നാൽ ഇപ്പോൾ കുറെ ദിവസങ്ങളായി നമുക്കു കിട്ടുന്ന അരി ഒന്നാംതരം അരിയാണു്. ഒന്നാംതരം അരിക്കു് ചാക്കൊന്നിനു രണ്ടാംതരം അരിയുടെ വിലയുമായി ൩ രൂപയുടെ വ്യത്യാസം വരുന്നതാണു്. രണ്ടാംതരം അരിതന്നെ ഇവിടെ വിൽപന നടത്തുന്നപക്ഷം ഗവമ്മെന്റിനുണ്ടാകുന്ന നഷ്ടം ൧ ൻ രൂപയാണു്. ഇപ്പോഴത്തെ കണക്കനുസരിച്ചു് ഏഴു് ഔൺസ് അരിവീതം കൊടുക്കണമെങ്കിൽ ദിവസമൊന്നിനു് ൭ ൦ ൦ ൦ ചാക്കരിയാണു് നമുക്കാവശ്യമായിട്ടുള്ളതു്. അപ്പോൾ ആ ഇനത്തിൽ ഒന്നേകാൽ ലക്ഷം രൂപയിൽ കൂടുതൽ ദിവസംപ്രതി ഈ ഗവമ്മെൻറു് നഷ്ടം സഹിച്ചുകൊണ്ടാണിരിക്കുന്നതു്. അതല്ലാ ഒന്നാംതരം അരിയാണെന്നുണ്ടെങ്കിൽ ഒരു ലക്ഷത്തി എൺപതിനായിരം രൂപായുടെ നഷ്ടം സഹിച്ചുകൊണ്ടാണിരിക്കുന്നതു്. ഇങ്ങിനെയുള്ള ഒരു അവസ്ഥയിലാണു് ഇൻഡ്യാ ഗവമ്മെൻറു് ഒന്നരകോട്ടി രൂപാ നമുക്കു് ഫുഡ് സബ്ബ്സിഡിയായി തരാമെന്നു പറഞ്ഞിട്ടുള്ളതു്. ഈ ഗവമ്മെൻറു് ൧൯൫൯-ൽ ൧ ൫ എന്ന ക്രമത്തിൽ നമുക്കു സബ്ബ്സിഡി തരണമെന്നും ഒന്നരകോടി രൂപാ വളരെ കുറവാണെന്നും വളരെ ശക്തിയായി ഇൻഡ്യാഗവമ്മെൻറിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: അപ്പോൾ നല്ല അരി നമുക്കു വേണമെന്നുണ്ടെങ്കിൽ നമുക്കാകെ സഹിക്കേണ്ടിവരുന്ന നഷ്ടം എത്ര രൂപയാണു്?

ശ്രീ. എ. ജെ. ജോൺ: ഒന്നാംതരം അരി കിട്ടുകയാണെങ്കിൽ നമുക്കു ൭ കോടി രൂപാ നഷ്ടം ഉണ്ടാകുന്നതാണു്. നാം സമർപ്പിച്ചിട്ടുള്ള നിവേദനത്തിനു ഗവമ്മെൻറ് ഓഫ് ഇൻഡ്യാ അവസാനതീരുമാനം ഇതുവരെ ഒന്നും ചെയ്തിട്ടില്ല. വളരെ അനുകമ്പയോടുകൂടി ഈ സ്റ്റേററിനെ സംബന്ധിച്ചിടത്തോളം ആലോചിക്കാമെന്നു ഇൻഡ്യാ ഗവമ്മെൻറു് പറഞ്ഞിട്ടുണ്ടു്. മിക്ക സ്റ്റേററുകളിലും സബ്ബ്സിഡി കൂടുതലായി കൊടുക്കുന്നില്ല. എന്നാൽ ഈ സ്റ്റേററിന്റെ കാര്യം വളരെ അനുകമ്പാപൂർവ്വം ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ടു്.

Sri. P. Balakrishnan Tampi: May I ask the Hon'ble Finance Minister whether it is not the common fault of the Government of India with every State?

ശ്രീ. എ. ജെ. ജോൺ: അല്ലല്ല, മററു സംസ്ഥാനങ്ങളിൽ വ്യാവസായിക പ്രദേശങ്ങളിൽ മാത്രമാണു് സബ്സിഡി അനുവദിച്ചിട്ടുള്ളതു്. എന്നാൽ തിരു-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കന്യാകുമാരി മുതൽ ചിററൂർ വരെ ഒരു വില്ലേജായിരിക്കുന്നതുകൊണ്ടു് അതിനെപ്പററി പ്രത്യേകം

[Sri. A. J. John]

പരിഗണിക്കണമെന്നു ഇൻഡ്യാഗവമ്മെണ്ടിനോട്ട് ശക്തിയായ നിവേദനം നടത്തിയിട്ടുണ്ട്.

ശ്രീമതി ആനിമസ്ക്രീൻ: ഈ ഗവമ്മെണ്ടിൽനിന്നും സെൻട്രൽ ഗവമ്മെണ്ടിലേക്കുള്ള വരവ് എത്രയാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ കണക്കുകളെല്ലാം ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. മൂന്നുകോടി ഏഴുലക്ഷം രൂപവരെ വരും.

ശ്രീമതി ആനിമസ്ക്രീൻ: അതു് കണക്കാക്കുമ്പോഠം നമുക്കുതരുന്ന തുക അത്ര വലുതാണോ?

ശ്രീ. എ. ജെ. ജോൺ: ആ ഇനങ്ങളിൽ നമുക്കു് തരേണ്ടതു് തരുന്നുണ്ട്. ഫുഡ് സബ്സിഡി പ്രത്യേകമാണു്. സബ്സിഡി ഇനത്തിലാണു് നമുക്കു് കൂടുതൽ തരണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതു്.

Sahib Bahadur T. A. Abdulla: May I know whether the Federal Financial Integration Agreement is enforceable in a corurt of law as a contract between two parties?

ശ്രീ. എ. ജെ. ജോൺ: അതു് ഒരു കോടതിയിൽ കൊണ്ടുപോയി ഡിക്രി സമ്പാദിക്കാൻ സാധിക്കുമോ എന്നു് എനിക്കു് നിശ്ചയമില്ല.

ശ്രീ. എ. താണുപിള്ള: ബഹു. മന്ത്രിയുടെ അഭിപ്രായംതന്നെയാണോ സെൻട്രൽഗവമ്മെണ്ടിലെ മന്ത്രിമാരുടേയും അഭിപ്രായം?

ശ്രീ. എ. ജെ. ജോൺ: അതിനു് ഒരു വിദഗ്ദ്ധാഭിപ്രായം പറയാൻ സാദ്ധ്യമല്ലെന്നാണു് ഞാൻ പറഞ്ഞതു്.

ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ൧൫ ശതമാനം സബ്സിഡി തരാതിരിക്കുകയാണെങ്കിൽ ഈ ഗവമ്മെണ്ടിനു് അരിവില കൂട്ടേണ്ടിവരുമെന്നു് ശ്രീ. നടരാജപിള്ള പ്രസ്താവിക്കുകയുണ്ടായി. ഇൻഡ്യാഗവമ്മെണ്ട് അതു് തരാതിരിക്കുകയാണെങ്കിൽ അരിവിലയെപ്പററി ചിലപ്പോഠം ആലോചിക്കേണ്ടിവന്നേക്കുമെന്നാണു് എനിക്കും തോന്നുന്നതു്. കാരണം അത്രയും വലിയ ഒരു നഷ്ടം സഹിക്കുന്നതിനുള്ള ശക്തി ഈ ഗവമ്മെണ്ടിനു് ഇല്ല. ഏതായാലും ൧൫ ശതമാനം സബ്സിഡി തരേണ്ടതാണെന്നു ഈ ഗവമ്മെണ്ട് ശക്തിയായ നിവേദനങ്ങഠം നടത്തിയിട്ടുണ്ട്.

Sri. P. S. Nataraja Pillai: May I know whether the ordinary citizen of the State can bear the additional cost on food?

ശ്രീ. എ. ജെ. ജോൺ: ൧൧൨൪ മുതൽക്കാണു് നമുക്കു് സബ്സിഡി കിട്ടിത്തുടങ്ങിയതു്. അതിനുമുമ്പ് ഇവിടെ ഒരു മന്നു് അരിയുടെ വില ൨൭ രൂപയായിരുന്നു. സബ്സിഡി കിട്ടിയതിനനുസരിച്ചു് അതു കുറച്ചു് ഇപ്പോഠം ൧൭ രൂപ ഒൻപതര അണ ആക്കിയിരിക്കുകയാണു്. നമ്മുടെ കയററുമതി സാധനങ്ങഠംക്കു് അത്ര വിലയില്ലാതിരുന്ന അക്കാലത്തു ൨൭ രൂപവച്ചു് വിററുകൊണ്ടിരുന്ന സ്ഥിതിക്കു് കയററുമതിസാധനങ്ങഠംക്കെല്ലാം വിലകൂടിയിരിക്കുന്ന ഇക്കാലത്തു ൨൦ രൂപയെങ്കിലും വയ്ക്കണമെന്നാണു് ഇപ്പോഠം ഇൻഡ്യാഗവമ്മെണ്ട് വാദിക്കുന്നതു്. എങ്കിലും നാം ഇതുവരെ വില കൂട്ടിയിട്ടില്ല.

ശ്രീ. എ. താണുപിള്ള: കയററുമതിസാധനങ്ങളുടെ വിലക്കയററംകൊണ്ടുള്ള ഗുണം ഇൻഡ്യാഗവമ്മെണ്ടിനല്ലേ കിട്ടുന്നതു്? എക്സൈസായാലും ഇൻകംടാക്സായാലും ഇൻഡ്യാഗവമ്മെണ്ടിനാണല്ലോ കിട്ടുന്നതു്.

ശ്രീ. എ. ജെ. ജോൺ: കയററുമതിസാധനങ്ങളുടെ വിലകൂടുതൽകൊണ്ടുള്ള ഗുണം നമുക്കുതന്നെയാണു് കിട്ടുന്നതു്. നികുതിയിനത്തിലുള്ള ഗുണം മാത്രമെ ഇൻഡ്യാഗവമ്മെണ്ടിനു് പോകുന്നുള്ളു. നമ്മുടെ കയററുമതിസാധനങ്ങളിൽ കുരുമുളകിനും തേയിലക്കും മാത്രമെ ഇപ്പോൾ ഇൻഡ്യാഗവമ്മെണ്ടു് ഡ്യൂട്ടി ഈടാക്കുന്നുള്ളു.

Sri. P. S. Nataraja Pillai: May I know the percentage of increase in the cost of living index for the years 1949—51?

ശ്രീ. എ. ജെ. ജോൺ: കുറെക്കെ കൂടിയിട്ടുണ്ടു്.

Sri. P. Balakrishnan Tampi: Are we not patriotically getting good rice from the province of the Premier of India?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പററി ഞാൻ എന്റെ ബഡ്ജററു് പ്രസംഗത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. കഴിഞ്ഞകൊല്ലം ൨൫ ലക്ഷം രൂപയാണു് ഫുഡ് സബ്സിഡിയിനത്തിൽ ബഡ്ജററിൽ കൊള്ളിച്ചിരുന്നതു്. ഇൻഡ്യയിലെ സർപ്ലസ് പ്രോവിൻസുകളിൽനിന്നുതന്നെ നമുക്കു് ആവശ്യമുള്ള അരി കിട്ടുമെന്നും അങ്ങിനെയായാൽ വാങ്ങുന്നവിലക്കും വില്ക്കുന്നവിലക്കും തമ്മിൽ വളരെ വലിയ വ്യത്യാസം വരികയില്ലെന്നും തൻമൂലം ആയിനത്തിൽ നമുക്കു് നഷ്ടമൊന്നും ഉണ്ടാകാൻ ഇടയില്ലെന്നുമാണു് അന്നു പ്രതീക്ഷിച്ചിരുന്നതു്. പിന്നെ വല്ല കാരണവശാലും അല്പം നഷ്ടം വരികയാണെങ്കിൽ അതിലേക്കുവേണ്ടി ഒരു ൨൫ ലക്ഷം രൂപ ഇരുന്നുകൊള്ളട്ടെ എന്നു് കരുതിയാണു് അത്രയും ബഡ്ജററിൽ കൊള്ളിച്ചിരുന്നതു്.

Sahib Bahadur T. A. Abdulla: May I know the rate charged by the U. P Government for a maund of rice?

ശ്രീ. എ. ജെ. ജോൺ: അമേരിക്കയിൽനിന്നും ആസ്ട്രേലിയായിൽനിന്നും വരുത്തുന്ന അരിക്കു കൊടുക്കുന്ന വിലയേക്കാൾ വളരെ കൂടുതൽ വില കൊടുത്താണു് യു. പി. യിൽനിന്നും നമുക്കു് അരി വാങ്ങേണ്ടിവന്നതു്. പുറമെനിന്നും ഇറക്കുമതിചെയ്യുന്ന അരിക്കാണു് സബ്സിഡി തരാമെന്നു ആദ്യമെ കരാറുള്ളതു്.

Sahib Bahadur T. A. Abdulla: Is not more than Rs. 10 a bag, higher than the imported rice?

ശ്രീ. എ. ജെ. ജോൺ: വില എത്രയാണെന്നു എനിക്കിപ്പോൾ നിശ്ചയമില്ല. ഏതായാലും സാധാരണ പുറത്തുനിന്നും കിട്ടുന്ന അരിയേക്കാൾ വളരെ കൂടിയ ഒരു വിലക്കാണു് നമുക്കു് യു. പി.യിൽനിന്നും അരി കിട്ടിയതു്. അതുകൊണ്ടു് അതിലുണ്ടായിട്ടുള്ള നഷ്ടത്തിന്റേയും ൭൫ ശതമാനം സബ്സിഡിയായി കിട്ടണമെന്നു ഇൻഡ്യാഗവമ്മെണ്ടിനോടു് നിവേദനം നടത്തിയിട്ടുണ്ടു്.

ശ്രീ. നടരാജപിള്ള പിന്നീടു് പറഞ്ഞതു് ധനകാര്യമന്ത്രി ഒരു കോടീശ്വരനെപ്പോലെ അദ്ദേഹത്തിന്റെ ബാങ്കുബാലൻസിൽ അഭിമാനംകൊള്ളുന്നു എന്നാണു്. അതു് കുറെക്കെ ശരിയുമായിരിക്കാം. എങ്കിലും ശ്രീ. ആർ. ശങ്കർ ഇവിടെ പ്രസ്താവിച്ചപോലെ ലുബ്ധനായ ഒരു കാരണവർ അനന്തിരവരെ എല്ലാം പട്ടിണിക്കിട്ടിട്ടു് സ്വത്തുണ്ടാക്കുന്നമാതിരി സ്വത്തുണ്ടാക്കാൻ ഈ ധന

[Sri. A. J. John]

കാര്യമന്ത്രി ശ്രമിച്ചിട്ടില്ല. നേഷൻ ബിൽഡിംഗ് പ്രവർത്തനങ്ങൾക്കായി ഒരു നല്ല തുക ബഡ്ജററിൽ നീക്കിവച്ചിട്ടുണ്ടെന്നു എനിക്കു് അഭിമാനിക്കാൻ കഴിയും. എന്നാൽ അതേസമയം ധൂർത്തനായ ഒരു കാരണവരെപ്പോലെ തറവാട്ടു് കുളംകഴിക്കാനും ഈ ധനകാര്യമന്ത്രി ഉദ്ദേശിച്ചിട്ടില്ല.

എന്റെ സ്നേഹിതൻ ശ്രീ. എ. കെ. പാച്ചുപിള്ള ബഡ്ജററു് തയ്യാറാക്കുന്ന വിധത്തെസംബന്ധിച്ചു് ഒരു അഭിപ്രായം പറയുന്നതിനായി കൊളമ്പിയാ യൂണിവേഴ്സിററിവരെ പോകുകയുണ്ടായി. അദ്ദേഹം ഒരു പ്രൊഫസർ ബെക്കിനെപ്പററി പറയുകയുണ്ടായി. എനിക്കു് ആ സായിപ്പിനെ വലിയ പരിചയമില്ല. പഠിക്കുന്നകാലത്തും അതിൽപിന്നീടും ഞാൻ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിച്ചതായി ഓർമ്മിക്കുന്നില്ല. എങ്കിലും ഇപ്പോൾ ഇവിടെ ഹാജരാക്കിയിരിക്കുന്ന ബഡ്ജററിൽ അദ്ദേഹത്തിന്റെ ആദർശങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അനുസരണമായ പല വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണു് എനിക്കു് ശ്രീ. പാച്ചുപിള്ളയെ അറിയിക്കുവാനുള്ളതു്.

ഇവിടെ വനമഹോത്സവം ആഘോഷിക്കുന്നതിനുവേണ്ടി ൧൩ ലക്ഷം രൂപ ചെലവാക്കിയെന്നു അദ്ദേഹം പറയുകയുണ്ടായി. വാസ്തവത്തിൽ അതുകേട്ടപ്പോൾ ഞാൻ സ്തംഭിച്ചുപോയി. അദ്ദേഹത്തിനു് പല താലൂക്കുകളിൽനിന്നും കണക്കുകൾ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. ആ താലൂക്കുകളിലെ ഉദ്യോഗസ്ഥന്മാരുടെ എല്ലാം ശമ്പളം കണക്കാക്കിയാൽ ഒരുപക്ഷെ ഇത്രയും തുക കണ്ടേക്കും. ൧൩ ലക്ഷം രൂപ ഈ വകക്കു് ചെലവാക്കി എന്നു് പറയുവാൻ അദ്ദേഹത്തിനു് ധൈര്യംവന്നതിൽ ഞാൻ വിസ്മയിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: എന്നാൽ പിന്നെ അതിലേക്കുവേണ്ടി എത്ര ലക്ഷം അല്ലെങ്കിൽ എത്ര ആയിരം രൂപ ചെലവായി എന്നൊന്നു പറയുവാൻ ദയവുണ്ടാകുമോ? അതിന്റെ ശരിയായ കണക്കു് ഒന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജോൺ: കണക്കുവയ്ക്കത്തക്ക യാതൊരു തുകയും അതിനു് ചെലവായിട്ടില്ല. രണ്ടോ മൂന്നോ രൂപ വീതം ചെലവായിട്ടുണ്ടാകും. അതു് കണ്ടിജൻസിയിൽനിന്നും കൊടുത്തിട്ടുമുണ്ടു്.

Sri. A. K. Patchu Pillai: I want to put one question only for information.
തിരുവിതാംകൂറിന്റെ ഒരററംമുതൽ മറേറഅററംവരെ റോഡിന്റെ ഇരുവശങ്ങളിലും വനമഹോത്സവകാലത്തു വൃക്ഷങ്ങൾ വയ്ക്കുന്നതിനു് കണക്കുവയ്ക്കത്തക്ക യാതൊരു തുകയും ചിലവായിട്ടില്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: എങ്ങിനെ വിശ്വസിച്ചാലും വസ്തുതകൾ ഞാൻ പറഞ്ഞതാണു്.

ശ്രീ. മൈതീൻകുഞ്ഞിന്റെ അഭിപ്രായത്തെപ്പററിയാണു് അടുത്തതായി എനിക്കു പറയാനുള്ളതു്. ൧൦ ലക്ഷത്തിലധികം രൂപ നേഷൻ ബിൽഡിംഗ് പ്രവർത്തനങ്ങൾക്കായി ബഡ്ജററിൽ കൊള്ളിച്ചിരുന്നിട്ടും അതിലേക്കൊന്നും അദ്ദേഹത്തിന്റെ ശ്രദ്ധപോകാതെ എഴുപതിനായിരം രൂപാമാത്രം നീക്കിവച്ചിട്ടുള്ള കക്കൂസുകളിലേക്കാണു് അദ്ദേഹത്തിന്റെ ശ്രദ്ധ പോയതു്. അതിൽ എനിക്കു് അശേഷം അത്ഭുതമില്ല ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിൽ കക്കൂസുകൾ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ടെന്നുള്ളതു ഒരുപക്ഷേ അദ്ദേഹത്തിനു നിശ്ചയമില്ലായിരിക്കാം.

ഇവിടെ ഉടനെതന്നെ മരണനികുതി ഏർപ്പെടുത്തണമെന്നാണ് ശ്രീ. എ. പി. നമ്പ്യാരുടെ അഭിപ്രായം. ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഇതുവരെ മരണനികുതി ഏർപ്പെടുത്തിയിട്ടില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: അതുകൊണ്ട് ഇവിടെ ഏർപ്പെടുത്തിക്കൂടന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഏർപ്പെടുത്തുന്നതിന് വലിയ തടസ്സമൊന്നുമില്ല. എന്നാൽ എന്റെ കയ്യിൽ ചില കണക്കുകളുണ്ട്. ഇൻഡ്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളേയും അപേക്ഷിച്ച് ആളൊന്നുക്ക് ഏററവും കൂടുതൽ നികുതി പിരിക്കുന്നതു തിരു-കൊച്ചി സംസ്ഥാനത്താണ്.

ശ്രീ. എ. അച്ചുതൻ ചില സംഗതികൾ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഏററവും മുഴച്ചുനിൽക്കുന്നതു നിരാശയാണ്. ആ നിരാശയിൽനിന്നും അദ്ദേഹത്തെ വിമുക്തനാക്കുന്നതിനു ഇപ്പോഴത്തെ സാഹചര്യങ്ങൾ അനുവദിക്കുമോ എന്ന് എനിക്ക് വളരെ സംശയമുണ്ട്. അദ്ദേഹത്തിന്റെ നിരാശക്കുള്ള ഒരു കാരണം ആശുപത്രിയുമായി ബന്ധമുള്ള ധനകാര്യമന്ത്രി ആശുപത്രിക്കായി നീക്കിവച്ചിരുന്ന പല തുകകളും ലാപ്സാക്കി കളഞ്ഞു എന്നുള്ളതാണ്. ബഡ്ജററ മുഴവൻ പഠിക്കാത്തതുകൊണ്ടാണ് അദ്ദേഹം അങ്ങിനെ പറയാനിടയായതെന്നു ഞാൻ വിചാരിക്കുന്നു. കണക്കുകൾ കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ നിരാശക്ക് വല്ല കുറവും ഉണ്ടാകുമെങ്കിൽ ഞാൻ കൃതാർത്ഥനാകുന്നതാണ്. ആശുപത്രികൾക്കായി വച്ചിരുന്ന തുകയിൽ ഏകദേശം ൧൫ ലക്ഷം രൂപയാണ് ലാപ്സായി പോകുമെന്നു ഉദ്ദേശിക്കുന്നതു. അതിൽ ൧൦ ലക്ഷം രൂപ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി മൊത്തമായി നീക്കിവച്ചിരുന്ന ഒരു തുകയാണ്. രണ്ടുലക്ഷം രൂപ അവിട്ടംതിരുനാൾ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങാൻ വച്ചിരുന്നതാണ്. ആശുപത്രി പണി പൂർത്തിയാകാത്തതുകൊണ്ടാണ് അതു ചിലവാക്കാൻ സാധിക്കാതെ പോയതു്. വേറൊരു രണ്ടുലക്ഷം രൂപാ ശമ്പളസ്കെയിലുകൾ ഏകോപിക്കുന്നതിനുവേണ്ടി വച്ചിരുന്നതാണ്. ബാക്കി മൂന്നുലക്ഷം രൂപ മുളകുന്നത്തുകാവിലെ ടി. ബി. സാനിട്ടോറിയത്തിനുവേണ്ടി കൊള്ളിച്ചിരുന്നതാണ്. അതു തുറക്കുന്നതിനുണ്ടായ താമസംകൊണ്ടാണ് അതു ചിലവാക്കാൻ സാധിക്കാതെ പോയതു്. അതു ഈ കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ് ആരംഭിച്ചതു്. അതിനു ഇക്കൊല്ലത്തെ ബഡ്ജററിൽ തുക ചേർത്തിട്ടുമുണ്ട്. അല്ലാതെ മനഃപൂർവ്വമായി യാതൊരു തുകയും ആശുപത്രികളുമായി ബന്ധമുള്ള ധനകാര്യമന്ത്രി ലാപ്സാക്കിയിട്ടില്ല.

ശ്രീ. എ. അച്ചുതൻ: പബ്ളിക്ക് ഹെൽത്തിനു വച്ചിരുന്ന ഏഴുലക്ഷം രൂപാ ലാപ്സാക്കിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: അതിലും ൫ ലക്ഷം രൂപ കൂടുതൽ സുഖസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയും, രണ്ടുലക്ഷംരൂപ ശമ്പളസ്കെയിലുകൾ ഏകോപിപ്പിക്കുന്നതിനുവേണ്ടിയും കൊള്ളിച്ചിരുന്നതാണ്.

പെരുഞ്ചാണി സ്കീമിനെക്കുറിച്ച് എന്റെ ബഡ്ജററപ്രസംഗത്തിൽ യാതൊന്നും പറഞ്ഞിട്ടില്ലെന്നും അതിനുവേണ്ടി ബഡ്ജററിൽ തുക നീക്കിവച്ചിട്ടില്ലെന്നുമാണ് ശ്രീ. ചിതംബരനാഥനാടാരുടെ പരാതി. എല്ലാതവണയും ഞാൻ പെരുഞ്ചാണി സ്കീമിനെപ്പററി പ്രസംഗിക്കുന്നു എന്ന് കഴിഞ്ഞ പ്രാവശ്യം അദ്ദേഹം ആക്ഷേപിക്കുകയുണ്ടായി. അതുകൊണ്ട് മനഃപൂർവ്വം ഇത്തവണ

[Sri. A. J. John]

പെരുഞ്ചാണി സ്കീമിനെപ്പററി ഒന്നും പറയേണ്ടെന്നും അതിന്റെ പണി തീക്കുന്നതിലേക്കുവേണ്ടി ൧൪ ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിച്ചാൽമാത്രം മതിയെന്നുമാണ് നിശ്ചയിച്ചതു്. ൧൯൫൧ അവസാനത്തിനുമുമ്പുതന്നെ അതിന്റെ പണി പൂത്തിയാകുന്നതാണ്.

Sri. R. K. Ram: Is the member aware that 23 lakhs have been allotted for the Perunchani Scheme?

__ശ്രീ. എ. ജെ. ജോൺ:__ അതു് ഈ കൊല്ലത്തേതുംകൂടി ചേത്താണ്. ശ്രീ കണ്ണാറെ ഗോപാലപണിക്കരും, ശ്രീ. പട്ടം താണുപിള്ളയും മദ്യനിരോധനത്തെപ്പററി പ്രസംഗിക്കുകയുണ്ടായി. അതിനു ശ്രീ. സി. നാരായണപിള്ള വേണ്ടവിധത്തിൽ മറുപടി പറഞ്ഞിട്ടുള്ളതുകൊണ്ടു് കൂടുതലായി ഒന്നും പറയണമെന്ന് വിചാരിക്കുന്നില്ല. മദ്യനിരോധനം ഈ ഗവമ്മെണ്ടു് ഒരു നയമായി സ്വീകരിച്ചിട്ടുള്ളതാണ്. ഗവമ്മെണ്ടിന്റെ സാമ്പത്തികകഴിവുകൾക്കു് അനുസരണമായി അതു വികസിപ്പിക്കണമെന്നും ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടു്. എന്നാൽ ഓരോ ദിവസവും ഓരോ താലൂക്കിലും എട്ടും പത്തും ആശുപത്രികളും പള്ളിക്കൂടങ്ങളും പാലങ്ങളും റോഡുകളും വേണമെന്നും അതേസമയം ഗവമ്മെണ്ടിന്റെ ധനാഗമമാർഗ്ഗങ്ങളെല്ലാം അടയ്ക്കണമെന്നും പറഞ്ഞാൽ ഒരു ഗവമ്മെണ്ടിനെക്കൊണ്ടും ഈവക സംഗതികൾ നടത്താൻ സാദ്ധ്യമല്ലാതെ വരും.

ഇനി സമയം അധികമില്ലാത്തതുകൊണ്ടു ഒന്നു രണ്ടു സംഗതികൾകൂടി പറഞ്ഞു പ്രസംഗം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു. മിസ്സ് ആനിമസ്ക്രീൻ ചെയ്ത പ്രസംഗത്തിൽ ഈ പ്രാവശ്യം ഫിഷറീസിലേയ്ക്കു് യാതൊരു തുകയും ഈ ബഡ്ജററിൽ ചേത്തിട്ടില്ലെന്നു പറയുകയുണ്ടായി. ഇങ്ങിനെ പ്രസ്താവിക്കുന്നതിനു മുമ്പായിട്ടു ഈ ബഡ്ജററ് ഒന്നു പരിശോധിച്ചിരുന്നെങ്കിൽ ഇപ്രകാരമുള്ള ഒരബദ്ധം ആ മഹതിക്കു പ്രസ്താവിക്കുവാൻ ഇടവരികയില്ലായിരുന്നു.

__ശ്രീമതി ആനിമസ്ക്രീൻ:__ പരിശോധിച്ചശേഷമാണ് പറഞ്ഞതു്.

__ശ്രീ. എ. ജെ. ജോൺ:__ എന്നാൽ ഈ ബഡ്ജററിന്റെ ൧൯൫-ാം പേജിൽ ൨,൫൪,൦൦൦ രൂപ ഫിഷറീസിനു വേണ്ടി കൊള്ളിച്ചിട്ടുണ്ടു്. അതു നോക്കാതെയാണ് ആ മഹതി ഫിഷറീസിലേക്ക് ഒരു സംഖ്യയും ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല എന്നു പറഞ്ഞതു്. ബഹുമാനപ്പെട്ട മെമ്പർമാരുടെ കൈയ്യിലേക്കു ബഡ്ജററ് നേരത്തെ എത്തിച്ചുതരുന്നതു ബഡ്ജററ് പഠിക്കുന്നതിനു വേണ്ടിയാണ്.

Mr. Speaker: There need be no attempt on either side to correct the other. There is only a short time left for the reply.

__ശ്രീ. എ. ജെ. ജോൺ:__ പിന്നീട് എവിടെയോ ൫൦൦ ഏക്കർ സ്ഥലം വീതം ആക്കോ കൊടുത്തുവെന്നു ആ മഹതി ഇവിടെ പ്രസ്താവിച്ചു. ഏതായാലും ആ സംഗതിയെപ്പററി ഈ ഗവമ്മെണ്ടിനു യാതൊരു അറിവും ഇല്ല. ഈ ഗവമ്മെണ്ടു് ആക്കും ഇപ്രകാരം ഭൂമി കൊടുത്തിട്ടില്ല. ആ മഹതിക്കു ഇതു എങ്ങിനെ കിട്ടിയ അറിവാണെന്നുള്ളതു എത്ര ഊഹിച്ചിട്ടുപോലും എനിക്കു അറിയുവാൻ സാധിക്കുന്നില്ല.

ഇവിടെ ഒരു ലാൻറ് പോളിസി കമ്മിററി ഉണ്ടായിരുന്നു എന്നും ആ കമ്മിററി ഒരു റിപ്പോർട്ടു് സമപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ആ റിപ്പോർട്ടിന്മേൽ

എന്തെങ്കിലും നടപടി നടത്തുകയോ അതിനെ സംബന്ധിച്ചു ഒരു ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കുകയൊ ചെയ്തിട്ടില്ലെന്നു ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ താണുപിള്ള ഇവിടെ പ്രസ്താവിച്ചു. എന്നാൽ സോഷ്യലിസ്റ്റ് പാർട്ടി അധികാരത്തിൽ വരികയാണ് എന്നുണ്ടെങ്കിൽ അവർ ചെയ്യുന്ന ആദ്യത്തെ നിയമനിർമ്മാണം ഇതായിരിക്കുമെന്ന അദ്ദേഹം പറയുകയുണ്ടായി. സോഷ്യലിസ്റ്റ്പാർട്ടി അധികാരത്തിൽ വരികയില്ലെന്ന ബോദ്ധ്യമുള്ളതുകൊണ്ട് അദ്ദേഹത്തിനു അങ്ങിനെ പ്രസ്താവിക്കാം.

ശ്രീ. എ. താണുപിള്ള: എട്ടുമാസം താമസിച്ചാൽ മതി.

ശ്രീ. എ. ജെ. ജോൺ: കണ്ടറിയേണ്ട സംഗതിയാണ്.

Mr. Speaker : Both may be good prophets.

Sri. A. Thanu Pillai: Then let neither side assert.

ശ്രീ. എ. ജെ. ജോൺ: സോഷ്യലിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നാൽ ഇന്ന വിധത്തിലാണ് ഭൂനയം രൂപീകരിക്കുവാൻ പോകുന്നതെന്നുകൂടി പ്രസ്താവിച്ചിരുന്നെങ്കിൽ അതു് മനസ്സിലാക്കാമായിരുന്നു. അതു തന്നെയുമല്ല ലാൻഡ് കമ്മിററി റിപ്പോർട്ട് ഈ സഭയിലുള്ള മിക്ക അംഗങ്ങൾക്കും അയച്ചു കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട താണുപിള്ളക്കും അയച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ ഇതേവരെയും അദ്ദേഹത്തിന്റെ അഭിപ്രായം അയച്ചു തന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള: അതു ഉപയോഗശൂന്യമാണ്. അതുകൊണ്ട് അഭിപ്രായം പറയാത്തതാണ്.

Mr. Speaker: It is a wholesome rule that no member should interrupt another unless that member yields.

Sri. A. Thanu Pillai: But such unmeaning references are better avoided.

ശ്രീ. എ. ജെ. ജോൺ: പിന്നെ ഈ ഗ്രോമോർഫുഡ് കാമ്പെയിൻ അനുസരിച്ച് പീരുമേട്ടിൽനിന്നും ദേവികുളത്തുനിന്നും നെല്ല് എടുത്തിട്ടില്ലെന്ന പറഞ്ഞു. പീരുമേട്ടിൽനിന്നു ൧൩൦൦൦ പറനെല്ല് എടുത്തിട്ടുള്ളതായി ഗവമ്മെണ്ടിനറിയാം.

പിന്നെ പൊതുജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ഈ ബഡ്ജററിൽ ഒരു തുകയും ചെലവിട്ടില്ലെന്നു പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ പ്രസംഗിക്കുന്നതു കേട്ടു. ബഡ്ജററ് ശരിയായി പഠിക്കാതെ ഇങ്ങനെ പ്രസംഗിക്കുന്നതു കേട്ടാൽ അതു ഒരു രസമാണെന്നമട്ടിൽ പ്രസംഗിക്കുകയാണെന്നു തോന്നിപ്പോകുന്നു. ഏകദേശം ൧൫൦ ലക്ഷം രൂപയാണു നേഷൻ ബിൽഡിംഗ് ആക്റ്റിവിററീസിനു ഈ ബഡ്ജററിൽ നീക്കിവച്ചിട്ടുള്ളതു്. ഇതൊന്നും നോക്കാതെ ഏതിനൊക്കെയാണ് സംഖ്യ നീക്കിവെച്ചിട്ടുള്ളതു എന്നു ബഡ്ജററ് പരിശോധിച്ചു പഠിക്കാതെ ഇങ്ങിനെയൊക്കെ പ്രസംഗിക്കുന്നതു പത്രക്കാർ കേട്ട് പത്രങ്ങളിൽ എഴുതുന്നതിനും, ഇന്ന ഇന്ന ആളുകൾ ഇന്നയിന്നവിധത്തിൽ പ്രസംഗിച്ചു എന്നു വലിയ വെണ്ടക്കാ അക്ഷരത്തിൽ എഴുതുന്നതിനും അല്ലേ എന്നു ഞാൻ ചോദിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ൫ കോടി രൂപ സബ്സിഡി സാധാരണക്കാർക്കുള്ളതല്ലെ?

ശ്രീ. ഏ. ജെ. ജോൺ: അതെ.

വിദ്യാഭ്യാസത്തിനുവേണ്ടി ൬൪൦ ലക്ഷം രൂപയാണു നീക്കിവച്ചിരിക്കുന്നതു്. ഇതു് ആർക്കുവേണ്ടിയാണെന്നു് ഞാൻ ചോദിക്കുന്നു. സാധാരണക്കാരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനു ഈ തുകയിൽനിന്നു ഒന്നും ചിലവാകുന്നില്ലേ എന്നു ഞാൻ ചോദിക്കുന്നു.

പിന്നെ മെഡിക്കൽ ആൻറു് ആയുർവ്വേദ എന്ന ഇനങ്ങളിലേക്കു ൧൬൧ ലക്ഷം രൂപയാണു് കൊള്ളിച്ചിരിക്കുന്നതു്. അതുപോലെ തന്നെ പബ്ളിക്കു് ഹെൽത്തിലേക്കു ൮൭ ലക്ഷം രൂപ, വെറററനറിയിലേക്കു് ൧,൧൪,൦൦൦ രൂപ, കോ-ഓപ്പറേഷനിലേക്കു് ൪,൮൩,൦൦൦ രൂപ, കുടിൽ വ്യവസായത്തിന്നു ൯൬,൦൦൦ രൂപ, പിന്നോക്കസമുദായോദ്ധാരണത്തിലേക്കു് ൧൮,൩൦,൦൦൦ രൂപ ഇങ്ങനെ ഓരോ തുകകൾ കൊള്ളിച്ചിട്ടുണ്ടു്. ഈ തുകകളെല്ലാം ധനവാന്മാർക്കു വീതിച്ചു കൊടുക്കുന്നതിനാണെന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ മനസ്സിലാക്കിയിരിക്കുന്നതുപോലെ എനിക്കു തോന്നുന്നു. അതിനല്ലാ ഈ തുകകൾ നീക്കിവച്ചിരിക്കുന്നതു. തിരുവിതാംകൂർ-കൊച്ചിരാജ്യത്തിലുള്ള ആളുകൾക്കു വേണ്ട ക്ഷേമകരമായ സംഗതികൾ നടത്തുവാനാണു ഈ തുകകൾ വെച്ചിരിക്കുന്നതു്. ഇതെല്ലാം കണ്ടതിനുശേഷം ഇതൊന്നും കണ്ടില്ലെന്നമട്ടിൽ സാധാരണക്കാരനുവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നു ഗവൺമെണ്ടിനു വിപ്ലവാത്മകമായ യാതൊരു പരിപാടിയും ഇല്ലെന്നു, ഇവിടെ വന്നു പ്രസംഗിക്കുമ്പോൾ എനിക്കു അതിശയം തോന്നുന്നു എന്നു മാത്രമേ ഈ ബഡ്ജററിനെപ്പററി മറുപടിയായി എനിക്കു പ്രസ്താവിക്കുവാനുള്ളതു്.

Mr. Speaker: I understand that copies of Supplementary Demands have been circulated. A. suggestion has been made by Government that they may be taken up on the 20th. I will look into the matter and fix a day later.

The Assembly adjourned at 4.52 p.m. to meet again at 11 a.m. on Monday the 19th March 1951.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

THIRD SESSION—1951

Monday, *the 19th March 1951*

Vol. III] OFFICIAL REPORT [No. 10

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Monday, the 19th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the number in the list of admitted questions for the day).

Oral Answers

PLACES OF PUBLIC WORSHIP

*672. [1] **Sri. D. Gnanasigamoni**: Will the Hon'ble the Chief Minister be pleased to state.—

(*a*) the number of cases wherein notices were issued in 1950 to persons to show cause why they should not be prosecuted for alleged creation of new places of public worship;

(*b*) whether any of these notices were issued merely on the basis of anonymous petitions; and

(*c*) if so; in how many such cases it was so done?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Six cases.

(*b*) No.

(*c*) Does not arise in view of answer to (*b*).

Sri. D. Gnanasigamoni: May I know whether prosecution has been ordered in respeet of the six cases where notice has been issued?

Sri. T. K. Narayana Pillai: Yes.

Sri. D. Gnanasigamoni: May I know whether Government are aware that some of the notices issued have been on frivolous grounds?

Sri. T. K. Narayana Pillai: No.

CO-OPERATIVE HOUSING

*673. [2] **Sri. D. Gnanasigamoni**: Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) the number of places in the State where the co-operative housing scheme is put into operation in 1950;

(*b*) whether this measure is intended only to benefit the fisher-folk; and

(*c*) the expenditure incurred on this scheme in 1950?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**:

(*a*) 9 centres.

(*b*) No. The housing scheme now being worked in the State is mainly for poor people, of the labouring classes like Agricultural labourers, Industrial labourers, Municipal menials and fisher-folk.

(*c*) About Rs. 1,90,000. Correct figures will be available only after all the bills of cost relating to the various centres are finalised.

Sri. D. Gnanasigamoni: May I know whether the Minister is in a position to say whether all the poromboke lands have been acquired for the purpose?

Sri. T. K. Narayana Pillai: In the majority of cases lands have been acquired.

Sri. D. Gnanasigamoni: Has it come to the notice of Government that, even in places where poromboke lands are available, private lands were acquired?

Sri. T. K. Narayana Pillai: No.

ശ്രീ. കെ. രാമകൃഷ്ണപിള്ള: കർഷകത്തൊഴിലാളികൾക്കു വേണ്ടി എത്ര കെട്ടിടങ്ങൾ വെച്ചിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേകിച്ചു അറിവില്ല. ചില സ്ഥലങ്ങളിലുണ്ട്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: എവിടെയെല്ലാമാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: [illegible] ചേർത്തല, തിരുവനന്തപുരത്ത് ഉള്ളൂർ എന്നിങ്ങനെ മൂന്നുനാലു സ്ഥലത്തു വച്ചിട്ടുണ്ട്.

TREATMENT FOR RABY DOG BITES

***674.** [4] ‡**Sri. K. Ramachandran:** Will the Hon'ble Minister for Finance and Revenue be pleased to state the number of hospitals where treatment is accorded for raby dog bites.—

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): ൨൩.

ശ്രീ. എം. ഐ. പോൾ: എറണാകുളം ജനറൽ ആസ്പത്രിയിലേക്ക് പേപ്പട്ടി ചികിത്സക്കുള്ള മരുന്നു ഇപ്പോഴും തിരുവനന്തപുരത്തുനിന്നുതന്നെയാണോ അയക്കുന്നത്.

ശ്രീ. എ. ജെ. ജോൺ: അതെ.

ശ്രീ. എം. ഐ. പോൾ: മുൻപു എറണാകുളത്ത് ജനറൽ ആസ്പത്രിയിൽ തന്നെ മരുന്നു ഉണ്ടാക്കി സൂക്ഷിക്കയല്ലയോ പതിവ്?

ശ്രീ. എ. ജെ. ജോൺ: മരുന്നു കുറെ ദിവസം മാത്രമെ സൂക്ഷിക്കാൻ ഒക്കുകയുള്ളു.

ശ്രീ. ഇട്ടീര അയ്യൂക്കൻ: സർ, പേപ്പട്ടി എന്നു പ്രയോഗിക്കുന്നതു പാർലിമെൻററി ആണോ?

മി. സ്പീക്കർ: പേപ്പട്ടിയെന്ന വാക്കിൽ ആക്ഷേപാർഹമായി ഒന്നുമില്ല.

ശ്രീ. എം. ഐ. പോൾ: പേപ്പട്ടികടിച്ചാൽ ഇപ്പോൾ എറണാകുളം ജനറൽ ആസ്പത്രിയിൽ മരുന്നു കിട്ടുന്നില്ലെന്നു ഗവമ്മെണ്ടിനു പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ പരാതി ലഭിച്ചിട്ടില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: തിരുവനന്തപുരം സിററിയിൽ പേപ്പട്ടി ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടോ എന്നു നിശ്ചയമില്ല. പേപ്പട്ടി കടിച്ചു ചികിത്സയ്ക്കു ഇവിടെ ആളുകൾ വരാറുണ്ട്.

---

‡ The question was put by Sri. M. I. Paul, with the permission of the Chair.

ശ്രീ. എം. ഐ. ചേറി: എറണാകുളത്തു് ഇപ്പോൾ മരുന്നില്ലെന്നു ഗവമ്മെണ്ടിനു് അറിവുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അറിവില്ല.

കൃഷിചെലവും ഉല്പാദനവും

*൩൧൫. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ ഒരേക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നതിനു് സാധാരണയായി എന്തു ചെലവാകും;

(ബി) തിരുവിതാംകൂറിൽ ഒരേക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നതിനു് എന്തു ചെലവാകും;

(സി) കൊച്ചിയിൽ ൧൯൫൦-ൽ മൊത്തം എത്ര പറ നെല്ലു് ഉല്പാദിപ്പിച്ചിട്ടുണ്ടു്;

(ഡി) തിരുവിതാംകൂറിൽ ൧൯൫൦-ൽ മൊത്തം എത്ര പറ നെല്ലു് ഉല്പാദിപ്പിച്ചിട്ടുണ്ടു്;

(ഇ) ഡിസംബറിൽ ബോംബെയിൽ കൂടിയ ഭക്ഷ്യസമ്മേളനത്തിൽ വെച്ചു് തിരുവിതാംകൂർ-കൊച്ചിക്കു് അരികോട്ടാ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുമാത്രം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൊച്ചിയിൽ ഒരേക്കർ സ്ഥലത്തു് നെൽകൃഷി ചെയ്യുന്നതിനു് ൭൦—൧൦൦ രൂപാ വരെ ചെലവാകും.

(ബി) തിരുവിതാംകൂറിൽ ഒരേക്കറിനു് ൧൦൦—൧൨൫ രൂപാ വരെ ചിലവുവരും.

(സി) ഏകദേശം ൨,൩൨,൦൦൦൦൦ പറ നെല്ലു്.

(ഡി) ഏകദേശം ൩,൨൨,൦൦൦൦൦ പറ നെല്ലു്.

(ഇ) ഉണ്ടു്. ൩,൨൫൦൦൦ ടൺ ഭക്ഷ്യധാന്യകോട്ടാ അനുവദിച്ചിട്ടുണ്ടു്. ഇതു് ൧൯൫൦-ലെ കോട്ടയേക്കാൾ ൨൫൦൦൦ ടൺ കൂടുതലാണു്.

നെല്ലിന്റെ വില

*൩൧൩. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെല്ലിന്റെ വില വർദ്ധിപ്പിക്കുന്നതിനെപ്പററി തിരുവിതാംകൂർ-കൊച്ചി കേന്ദ്രഗവമ്മെണ്ടിനു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) അതനുസരിച്ചു് വില വർദ്ധിപ്പിക്കാൻ അനുവാദം കിട്ടിയോ;

(സി) ഇൻഡ്യാഗവമ്മെണ്ടിന്റെ അനുവാദം കൂടാതെ നെല്ലിന്റെ വില തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ടിനു് കൂട്ടാൻ അധികാരമില്ലേ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) പുഞ്ചകൃഷിക്കാർക്കുമാത്രം രണ്ടണ കൂടുതൽ കൊടുക്കാൻ സമ്മതിച്ചിട്ടുണ്ട്.

(സി) ഇല്ല.

ഗൃഹനിർമ്മാണപദ്ധതി

*൩൧൧. (വ്യ) ശ്രീ കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗൃഹനിർമ്മാണപദ്ധതിക്ക് ൧൯൫൦–ലെ ബഡ്ജററിൽ കൊള്ളിച്ചിരുന്ന സംഖ്യ എത്ര;

(ബി) അതിൽ നാളിതുവരെ എന്തു സംഖ്യ ചെലവായി;

(സി) ആ പദ്ധതിയനുസരിച്ച് ആകെ എത്ര വീടുകൾ പണിതു;

(ഡി) അവയിൽ എത്രയെണ്ണം താമസത്തിനായി കൊടുത്തു;

(ഇ) എന്തു് വ്യവസ്ഥയിന്മേലാണ്;

(എഫ്) ബാക്കി വീടുകൾ കൊടുക്കാത്തതു എന്തുകൊണ്ടാണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൪,൩൪൦൦൦ രൂപാ.

(ബി) ഇതിനുമുമ്പുതന്നെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

(സി) ൧൩൯ വീടുകൾ പണിതുകഴിഞ്ഞു. ൧൪ വീടുകൾ പണി പൂർത്തിയായിവരുന്നു. അങ്ങനെ ആകെ ൧൫൧ വീടുകൾ പണിതുകഴിഞ്ഞിട്ടുണ്ട്.

(ഡി) ൧൨൧.

(ഇ) കന്യാകുമാരി, കൊല്ലം, കുമരകം, തേവര എന്നീ കേന്ദ്രങ്ങളിൽ കെട്ടിയിട്ടുള്ള വീടുകളുടെ വില മുഴവൻ ൨൫ കൊല്ലത്തിനകം പലിശകൂടാതെ ഗവർമ്മെണ്ടിനു് അടച്ചുതീർക്കുന്നതോടുകൂടി, വീടുകളുടെ ഉടമസ്ഥാവകാശം തൊഴിലാളികൾക്കു സിദ്ധിക്കുന്നതാണ്. ഇതിൽ, കന്യാകുമാരി ഒഴികെയുള്ള സെൻററുകളിൽ ഈ പദ്ധതി നടപ്പിലാക്കിയതു് സഹകരണസംഘങ്ങൾ മുഖാന്തിരം ആയതുകൊണ്ടു്, തുകകൾ അടച്ചുതീർക്കേണ്ടതും, വീടുകളുടെ ഉടമസ്ഥാവകാശം തൊഴിലാളികൾക്ക് കൈമാററം ചെയ്യേണ്ടതും ടി സഹകരണസംഘങ്ങളാണ്.

തിരുവനന്തപുരം, ആലപ്പുഴ, ഇരിങ്ങാലക്കുട, ആലുവാ എന്നീ സ്ഥലങ്ങളിൽ മുനിസിപ്പൽ തൊഴിലാളികൾക്കും, പുനലൂർ വ്യവസായതൊഴിലാളികൾക്കും വിട്ടുകൊടുത്തിട്ടുള്ളതു് ഇവരിൽനിന്നും പ്രതിവർഷം വാടകയായി ഈടാക്കാവുന്നതു് വീടുകളുടെ വിലയുടെ ൨ൽ ശതമാനത്തിൽ കവിയാൻ പാടില്ല എന്നുള്ള വ്യവസ്ഥയിലാണ്. വീടുകളുടെ വില മുഴവൻ ൨൫ കൊല്ലത്തിനകം പലിശകൂടാതെ മുനിസിപ്പാലിററികൾ അടച്ചുതീർക്കുന്നതോടുകൂടി ഉടമസ്ഥാവകാശം അവയ്ക്കു സിദ്ധിക്കുന്നതാണ്. വ്യവസായിക ഭവനനിർമ്മാണപദ്ധതിയനുസരിച്ച് ഗവർമ്മെണ്ടിനു് അടച്ചുതീർക്കുവാനുള്ള തുക അടക്കുന്നതോടുകൂടി പുനലൂരിലെ വീടുകളുടെ ഉടമസ്ഥാവകാശം മാനേജുമെൻറിനു് സിദ്ധിക്കുന്നതാണ്.

(എഫ്) ബാക്കിയുള്ള രണ്ടു് സെൻററുകളിൽ, ആലപ്പുഴയിൽ, കക്കൂസ് മുതലായ പണികൾ തീരുന്ന മുറക്ക് വീടുകൾ താമസത്തിനു് ഏല്പിക്കുന്നതാണ്. തിരുവനന്തപുരത്തു് ഇനിയും ൧൨ വീടുകൾകൂടി കെട്ടുവാനുണ്ട്.

ശ്രീ. പി. കെ. കുഞ്ഞുശാസ്ത്രി: ഒരു വീടിനു് ശരാശരി എന്തു തുക ചെലവാകും?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് പലതരത്തിലാണ്. ഏററവും കൂടുതൽ ചെലവുവന്നിട്ടുള്ളതു് ൧,൪൦൦ രൂപയാണ്.

ശ്രീ. പി. കെ. ഡീവർ: വീടിരിക്കുന്ന സ്ഥലത്തിൻെറ വിലകൂടി ഇതിൽ ഉൾപ്പെടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ഡാക്ടറന്മാർ

*൩൬൮ (ൻ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ആശുപത്രികളിൽ ആവശ്യമുള്ളത്ര ഡാക്ടറന്മാർ ഉണ്ടോ;

(ബി) മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൽനിന്നും സ്വയം പെൻഷൻ പററിയും നിർബന്ധിച്ചു പെൻഷൻ കൊടുത്തും ൧൰൫൦-ൽ എത്രപേർ പിരിഞ്ഞുപോയിട്ടുണ്ടു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ആവശ്യമുള്ളിടത്തോളം ഡാക്ടർമാർ ഇല്ല.

(ബി) ൧൩.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഡാക്ടർമാരില്ലാത്ത ആശുപത്രികളുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീമതി ദേവകീഗോപിദാസ്: ചില ആശുപത്രികളിൽ ലേഡീഡാക്ടർമാരില്ലാത്തതുകൊണ്ടു് ആ സ്ഥലത്തുള്ള സ്ത്രീകൾ വളരെ വിഷമിക്കുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: എല്ലാ ആശുപത്രികളിലും ലേഡി ഡാക്ടർമാരില്ല. ചില ആശുപത്രികളിൽ മാത്രമെയുള്ളു.

ശ്രീമതി ദേവകീഗോപിദാസ്: ഇതിനു പരിഹാരം എന്തെങ്കിലും ചെയ്യുവാൻ ഗവമ്മെണ്ടുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആവശ്യത്തിനുമാത്രം ഡാക്ടർമാരില്ലാത്ത ആശുപത്രികൾ ഏകദേശം ൨൭-ഓളം വരും. അടുത്തകാലത്തു ൨൧ പേരെ എടുക്കുന്നതിലേക്കു് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടു്. പബ്ലിക്ക സർവ്വീസ കമ്മീഷൻ ൯ പേരെ നിയമിച്ചുകഴിഞ്ഞിട്ടുമുണ്ടു്.

ശ്രീ. എം. ഐ. പോൾ: ഇത്രയും പേരെ എടുക്കുന്നതുകൊണ്ടു് നമ്മുടെ ആവശ്യത്തിനു മതിയാകുമോ?

ശ്രീ. എ. ജെ. ജോൺ: മിക്കവാറും മതിയാകും

ശ്രീ. എം. ഐ. പോൾ: ചില ആശുപത്രികളിൽ ലേഡീഡാക്ടർമാർ ഇല്ലാതിരിക്കാനുള്ള പ്രധാനകാരണമെന്താണു്?

ശ്രീ. എ. ജെ. ജോൺ: ആവശ്യമുള്ളിടത്തോളം ലേഡീഡാക്ടർമാരെ ലഭിക്കാത്തതുകൊണ്ടു്.

ശ്രീ. എം. ഐ. പോൾ: അവിടെ ലേഡീഡാക്ടർമാർ വേണ്ടാ എന്നു് ഗവമ്മെണ്ടു് വിചാരിച്ചിട്ടാണോ ?

Mr. Speaker: That is an inference drawn by the hon'ble Member.

ശ്രീമതി ദേവകീഗോപീദാസ്: കഴിയുന്നതും വേഗത്തിൽ ആവശ്യമുള്ളതു ലേഡീഡാക്ടർമാരെ നിയമിക്കുവാൻ ഗവമ്മെണ്ടു് ശ്രദ്ധിക്കുമോ?

ശ്രീ. എ. ജെ. ജോൺ: എല്ലാ ആശുപത്രികളിലും സ്ത്രീ ഡാക്ടർമാരെ നിയമിക്കുക തൽക്കാലം സാദ്ധ്യമല്ല. സൗകര്യംപോലെയും ആളുകളുടെ ആവശ്യം അനുസരിച്ചും ലേഡീഡാക്ടർമാരെ നിയമിക്കാവുണ്ടു്.

ശ്രീ. എം. ഐ. പോൾ: തൽക്കാലം എന്നു പറഞ്ഞതു എന്താണു്?

ശ്രീ. എ. ജെ. ജോൺ: ഒന്നാമതു് ലേഡീഡാക്ടർമാരെ ആവശ്യത്തിനു കിട്ടുന്നില്ല. കൂടാതെ, ലേഡീഡാക്ടർമാരെ വളരെ കൂടുതൽ നിയമിക്കുന്നതു് ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിക്കു അനുയോജ്യവുമല്ല.

ശ്രീ. എം. ഐ. പോൾ: ലേഡീഡാക്ടർമാർ അപേക്ഷകൾ അയയ്ക്കാത്തതു കൊണ്ടാണോ, നിയമിക്കാത്തതു്?

ശ്രീ. എ. ജെ. ജോൺ: അതേപ്പറ്റി എനിക്കു് നിശ്ചയമില്ല.

ശ്രീ. എം. ഐ. പോൾ: ആരെങ്കിലും അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: വന്നിട്ടുള്ള അപേക്ഷകൾ എല്ലാം പരിഗണിച്ചിട്ടുണ്ടു്. കിട്ടുന്നിടത്തോളം ലേഡീഡാക്ടർമാരെ നിയമിച്ചിട്ടുമുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അതിലേക്കുള്ള അപേക്ഷകൾ പരസ്യംമൂലം ക്ഷണിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പലപ്രാവശ്യം ക്ഷണിച്ചിട്ടുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: എന്നിട്ടു ആവശ്യമുള്ളിടത്തോളം ഡാക്ടർമാരെ ലഭിച്ചില്ലേ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അവർക്കു് തുച്ഛമായ ശമ്പളം വച്ചിരിക്കുന്നതുകൊണ്ടല്ലേ, വേണ്ടിടത്തോളം അപേക്ഷകർ ലഭിക്കാത്തതു്?

ശ്രീ. എ. ജെ. ജോൺ: അതുകൊണ്ടാണു് അടുത്തകാലത്തു ഡാക്ടർമാരുടെ ശമ്പളപരിഷ്കരണം നടത്തിയതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അവരുടെ ശമ്പളം വർദ്ധിപ്പിച്ചതിനുശേഷം അപേക്ഷകൾ അഡ്വർടൈസ് ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഡാക്ടർമാർ പെൻഷൻപറ്റി പിരിയുന്നതിന്റെ വയസ്സു ഉയർത്തണമെന്നു ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: തൽക്കാലമില്ല.

ശ്രീ. കെ. എ. മാത്യു: അടുത്തകാലത്തു എതെങ്കിലും ലേഡീഡാക്ടർ അപേക്ഷ അയച്ചിട്ടു വേക്കൻസിയില്ല എന്നു ഗവമ്മെണ്ടു് മറുപടി കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: നിശ്ചയമില്ല.

ശ്രീ. എം. ഐ. പോൾ: മേലാൽ ലേഡീഡാക്ടർമാർ ആരെങ്കിലും അപേക്ഷ അയയ്ക്കുകയാണെങ്കിൽ അവരെ നിയമിക്കുവാൻ ഗവമ്മെണ്ടു് തയാറാണോ?

Mr. Speaker: We go to the next question.

ഡാക്കുറന്മാർ

*൱൬൯. (൧൦) ശ്രീമതി ദേവകീഗോപീദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽനിന്നും, മെഡിക്കൽ പരീക്ഷ പാസ്സായ അനേകം പുരുഷന്മാരും സ്ത്രീകളും സ്റ്റേറ്റിനു വെളിയിൽ ജോലിയിൽ ഇരിക്കുന്നതിന്റെയും ഇപ്പോഴും പാസ്സാകുന്നവർ വെളിയിൽ ജോലിക്കു പോകുന്നതിന്റെയും കാരണം എന്താണെന്നു പറയാമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇതിനുള്ള കാരണമെന്താണെന്നു ഗവമ്മെണ്ടിനു അറിയാൻ നിവൃത്തിയില്ല.

ശ്രീമതി ദേവകീഗോപീദാസ്: തിരുവിതാംകൂറിനു വെളിയിൽ കൂടുതൽ ശമ്പളം കൊടുക്കുന്നുണ്ടെന്ന് ഗവമ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതും ഒരു കാരണമായിരിക്കും.

ശ്രീമതി ദേവകീഗോപീദാസ്: അതു് പരിഹരിക്കാൻ ഗവമ്മെണ്ടിന് ആലോചനയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതുകൊണ്ടാണ് അടുത്തകാലത്തു ശമ്പളപരിഷ്കരണം നടത്തിയതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇവരെല്ലാം വെളിയിൽ പോയതു് ഇവിടെ ഉദ്യോഗം കിട്ടാത്തതുകൊണ്ടുകൂടിയല്ലേ?

Mr. Speaker: That is an inference.

ശ്രീ. ഈപ്പൻ അറയ്ക്കൽ: എം. ബി. ബി. എസ്സ്., പാസ്സായ ഒരാളിന് ഇവിടെ എന്തു ശമ്പളമാണ് കൊടുക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: ഏററവും താഴ്ന്ന ഗ്രേഡിന് ൧൨൫—൨൨൫ രൂപയാണ് സ്കെയിൽ.

ശ്രീ. പി. കെ. ഡീവർ: പുറമെ പോയിരിക്കുന്ന ഡാക്ടർമാക്കുള്ള ശമ്പളവും ഈ സംസ്ഥാനത്തെ ശമ്പളവും തമ്മിൽ എന്തുവ്യത്യാസമാണുള്ളതു്?

ശ്രീ. എ. ജെ. ജോൺ: കുറെ വ്യത്യാസമുണ്ടു്.

Mr. Speaker: Information has been conveyed to the House through the previous answer about the salary prevailing here. The question of the scales of pay prevailing elsewhere is not a matter with which the Minister is officially connected.

Sri. P. K. Dewer: Are the Government aware that it is the higher grade of pay that attracts the qualified candidates outside ?

Mr. Speaker: That question is disallowed.

ശ്രീ. എം. ഐ. പോൾ: അവർ ആണററിയായിട്ടു ഈ സ്റ്റേററിൽ ജോലി ചെയ്യാമെന്നു സമ്മതിച്ചാൽ ഗവമ്മെണ്ടു് അങ്ങനെ ചെയ്യാൻ അനുവദിക്കുമോ?

Mr. Speaker: It is a hypothetical question.

മിഡ്വൈഫറി ക്ലാസ്സ്

*൱൭൦. (൧൧) ശ്രീമതി ദേവകീഗോപീദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇപ്പോൾ മിഡ്‌വൈഫറി പരീക്ഷ പാസ്സായവരെക്കൊണ്ട് ആശുപത്രികളിലെ വേക്കൻസി ഫില്ലപ്പ് ചെയ്യുന്നതിനും ഓരോ വില്ലേജുയൂണിയനിൽ ഓരോ മിഡ്‌വൈഫിനെ ഏർപ്പെടുത്തുന്നതിനും മതിയാകുമോ;

(ബി) തിരുവിതാംകൂർ-കൊച്ചി ഗവമെന്റ് ഇനിയും മിഡ്‌വൈഫറി ക്ലാസ്സ് നടത്തണമെന്ന് വിചാരിക്കുന്നുണ്ടോ;

(സി) മിഡ്‌വൈഫറിക്ലാസിൽ പുരുഷന്മാരെ ചേർത്തു പഠിപ്പിക്കാറുണ്ടോ;

(ഡി) മിഡ്‌വൈഫറി പരീക്ഷ പാസ്സായ പുരുഷന്മാരുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) മിഡ്‌വൈഫറി ക്ലാസ്സ് നടത്തുന്ന കാര്യം ഗവമെന്റിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

(സി) ഇല്ല.

(ഡി) ഒരാൾ പാസ്സായതായി അറിയാം.

ശ്രീ. പി. കെ. ഡീവർ: ഈ വർഷം എത്ര പേരെ മിഡ്‌വൈഫറി ട്രെയിനിംഗിന് എടുത്തുവെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പററിയുള്ള അവസാനതീരുമാനം ആയിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: മിഡ്‌വൈഫറി ട്രെയിനിംഗ് ഇനി തുടങ്ങുന്ന പക്ഷം സെൻറർ എവിടെയായിരിക്കും?

ശ്രീ. എ. ജെ. ജോൺ: മിക്കവാറും തിരുവനന്തപുരത്തായിരിക്കും. എറണാകുളത്തും ഒരു സെൻറർ തുടങ്ങണമെന്നുള്ള ഉദ്ദേശം ഗവമെന്റിനു് ഉണ്ട്. എന്നാൽ അതേപ്പററി അവസാനമായി തീരുമാനിച്ചിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: ഇപ്പോൾ എത്രപേരെ ട്രെയിനിംഗിന് എടുത്തിട്ടുണ്ട്?

ശ്രീ. എ. ജെ. ജോൺ: എടുത്തിട്ടുള്ളവരുടെ ട്രെയിനിംഗ് പീരിയഡ് കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ൩൦ പേർ പാസ്സായിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: ൧൯൫൦-൫൧-ൽ ആരെയെങ്കിലും ട്രെയിനിംഗിന് എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആരെയും എടുത്തിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: ഏകദേശം ൩൦ പേരോളം പാസ്സായിട്ട് ജോലിയില്ലാതിരിക്കയാണെന്ന് അറിയാമോ?

Mr. Speaker: When a member seeks confirmation of certain facts assumed by him as correct, he must be sure of his ground.

ശ്രീ. സി. സി. പ്രസാദ്: മിഡ്‌വൈഫറി പരീക്ഷയിൽ പാസ്സായിട്ടുള്ളവരും ജോലി ഇല്ലാത്തവരുമായി ഇപ്പോൾ ൫-ൽ കൂടുതലും ൩൦-ന് താഴെയും ആളുകൾ ഉണ്ട്.

Sri. Kalathil Velayudhan Nayar: Sir, is it in order to elicit information not strictly pertaining to the subject during the question hour?

Mr. Speaker: The right to elicit information is limited by the rule of relevancy.

Sri. A. K. Patchu Pillai: In such cases cannot the Member also claim notice?

Mr. Speaker: There is and there can be no occasion for a member who has put a question to claim notice.

Sri. A. K. Patchu Pillai : In the case of supplementary questions, where no such additional expenditure is involved, cannot a Member ask for information ?

Mr. Speaker : Information can be asked for provided it is relevant to the matter in issue.

ട്രെയിഡ് യൂണിയൻ നിരോധനം

*൩൨൭. (൭൨)† ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ട്രെയിഡ് യൂണിയനുകളുടെ നിരോധനം നീക്കണമെന്നു കാണിച്ച് നിവേദനങ്ങളും നിശ്ചയങ്ങളും കിട്ടിയിട്ടുണ്ടോ; നിരോധനം ഏർപ്പെടുത്തിയതു് എന്നാണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഉണ്ട്. നിരോധനം ഏർപ്പെടുത്തിയതു് ൧൯൫൦ ജനുവരി ൨–ാംനു ആണ്.

നെല്ലുവിളവ്

*൩൨൮ (൭൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടിനൽകുമോ.—

(എ) സംസ്ഥാനത്തെ വനഭൂഭാഗങ്ങളിലെ നെൽകൃഷിനടത്തിപ്പുകൊണ്ട് വിളഞ്ഞിട്ടുള്ള നെല്ലിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ ബഡ്ജററവർഷത്തിൽ ആകെ എത്ര പറ നെല്ല് വിളവുണ്ടായി;

(സി) ഇതിൽ ഗവൺമെണ്ടിലേക്ക് എടുത്തിട്ടുള്ള നെല്ല് എത്ര പറയായിരുന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) ൧൧൨൫-ൽ ഏകദേശം ൧,൫൦,൦൦൦ പറ നെല്ല് വിളവുണ്ടായിട്ടുണ്ട്.

(സി) ഏകദേശം രണ്ടരലക്ഷം പറ നെല്ല് ഗവൺമെണ്ടിലേക്ക് കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. ടി കേശവൻശാസ്ത്രി: വനംകൃഷി ചെയ്യുന്നതിൽ ശരാശരി എത്ര മേനിവീതം കിട്ടുമെന്നു് ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്ക് ശരിയായി പറയാൻ നിവൃത്തിയില്ല. എങ്കിലും ആദ്യകൊല്ലത്തെ കൃഷിയും രണ്ടാമത്തെ കൊല്ലത്തെ കൃഷിയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ രണ്ടാമത്തെ കൃഷിയിലാണ് കൂടുതൽ വിളവു കാണുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: നാഞ്ചിനാട്ടിലെ കൃഷിയിൽ ഒരു പൂവിന് ശരാശരി എത്ര മേനി കിട്ടുമെന്നറിയാമോ?

---

† Answer to this question laid on the table, the questioner having exhausted his quota.

ശ്രീ. ടി. കെ. നാരായണപിള്ള: ശരാശരി ൧൦൦ മേനി കിട്ടുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുട്ടനാട്ടിൽ എത്ര മേനി വിളയും?

ശ്രീ. ടി. കെ. നാരായണപിള്ള: അവിടെ ൪൦ മുതൽ ൮൦ മേനി വരെ കിട്ടുന്നതാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുട്ടനാട്ടിലും നാഞ്ചിനാട്ടിലും ഉണ്ടാകുന്ന വിളവിനേക്കാൾ കൂടുതൽ വിളവ് വനത്തിൽനിന്നും കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില അവസരങ്ങളിൽ കുട്ടനാട്ടിലും നാഞ്ചിനാട്ടിലും ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ വനം കൃഷിയിൽനിന്നും കിട്ടുന്നതാണ്.

ആശുപത്രിയിൽ സ്ഥലസൗകര്യം

*൩൮൩. (൧൪) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പാറശ്ശാല സർക്കാർ ആശുപത്രിയിലെ സ്ഥലസൗകര്യക്കുറവ് നിമിത്തം രോഗികൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ഗവമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ

(എ) ഉണ്ട്.

(ബി) കൂടുതൽ സ്ഥലസൗകര്യമുണ്ടാക്കാൻ വേണ്ട നടപടികൾ എടുക്കുന്നതാണ്.

സൗജന്യപ്പതിവ് ഭൂമി

*൩൮൪. (൧൫) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെടുമങ്ങാട്ട താലൂക്കിൽ ഉഴമലയ്ക്കൽ പകുതിയിൽ പിന്നോക്കസമുദായക്കാർക്ക് സൗജന്യവ്യവസ്ഥയിൽ പതിച്ചു നൽകിയ പുതുവൽ ഭൂമികളിൽ എതെങ്കിലും കരക്കടിസ്ഥികൾക്കു ലേലം ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി സ്ഥലങ്ങൾ എതെല്ലാം സർവ്വെ നമ്പരുകളിൽ;

(സി) എത്ര ഏക്കർ;

(ഡി) ഗവമെന്റ് തിരിയെ എടുത്തു തരിശിൽ ചേർത്തിട്ടുള്ള സ്ഥലങ്ങൾ എതെല്ലാം സർവ്വെനമ്പരുകളിൽ; എത്ര ഏക്കർ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബ) സർവ്വെ നമ്പർ വിസ്തീർണ്ണം ഇവ കാണിക്കുന്ന ഒരു ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി) ൧൦൩ ഏക്കർ ൯൯ സെൻറ്.

(ഡി) ൯ ഏക്കർ ൩൫ സെൻറ്.

Statement placed on the table in answer to question No. 684 (15) part (b)

അധഃകൃതവർഗ്ഗക്കാർക്ക് സൌജന്യ വ്യവസ്ഥയിൽ പതിച്ചു് കൊടു ത്തിട്ടുള്ളതിൽനിന്നും കരക്കടിശികക്ക് ലേലംചെയ്ത വസ്തുക്കൾക്ക് വിവരം ലിസ്റ്റ്

റീസർവ്വേ നമ്പർ	ലററർ	ഏര്യാ ഏ.	സെന്റ്	റീസർവ്വേ നമ്പർ	ലററർ	ഏര്യാ ഏ.	സെന്റ്
3711	1	1	26	2456	4	0	24
2164		0	57	2470	8	0	48
3710		2	58	2469	5	0	28
3210		1	86		6	1	0
3281	2	0	50	2474	1	0	8
2184	2	1	9	2473	1	0	33
3687	2	0	22	2474	4	0	59
3691	1	0	11	2471	4	1	0
3687	3	2	9	2023	1	0	52
3685		2	67	2165	2	2	30
3629		1	34	2407	2	1	14
3634	1	0	11	2478	2	1	92
3664		0	49	1026	3	1	20
2157	2	0	58	406	1	1	23
3565	4	1	3	3540	7	0	8
3194		2	20	2228		2	21
3187	1	0	9	2466	3	1	0
2049	1	1	11	2448	3	1	0
3711		2	82	2483	4	0	71
3414		2	19	2484	6	0	85
3614	2	0	22	2492	1	1	98
3697	2	1	71		2	0	65
3697	1	0	40	2494	2	1	3
3588	2	0	85	2497	4	0	18
3599	1	0	8		6	0	14
3599	3	0	3		7	0	13
3589	1	1	74	2505	1	1	16
3589	3	0	2		3	1	13
3604	1	2	73	2506	1	1	70
	2	0	6		2	1	97
3212	1	0	32	2508	3	0	70
2486	4	1	0		10	1	41
2454	1	0	68		11	0	72
2456	1	0	85	2509	6	0	52
2455	4	0	15		8	1	54
	3	1	0	2515	3	0	60

Statement—(*cont.*)

റിസർവ്വേ		ഏഴ്യാ		റിസർവ്വേ		ഏഴ്യാ	
നമ്പർ	ലററർ	എ.	സെൻറ്	നമ്പർ	ലററർ	എ.	സെൻറ്
2467	4	1	0	2525	2	1	76
2464	1	1	0	2567	1	0	37
2467	1	1	0	2568	1	0	43
2479	7	1	0		2	1	0
2467	3	1	0	2569	1	0	34
2478	3	1	0		5	0	62
2467	5	1	0		6	0	50
2479	6	1	0	2570	1	1	86
2478	4	0	31		2	1	97
2479	1	0	69	2572	2	1	73
2485	1	0	12	2574	2	1	50
2467	6	0	88	2616	7	2	30
2455	1	1	0	2633	9	0	32
2454	4	0	57	3684	1	1	8
2458	1	0	43	3204	4	0	63
2465	3	1	0	2329	33	0	12
	5	0	46				
2466	5	0	31				
2463	1	0	23			103	99
2464	4	1	0				
2456	3	1	0				
2463	2	1	0				
2466	4	1	0				
2486	2	1	0				

ഗവമ്മെൻറിൽ തിരിച്ചെ എടുത്തു് തരിശിൽ ചേർത്തിട്ടുള്ള നമ്പർകൾ

റിസർവ്വേ നമ്പർ	ലററർ	എ.	സെൻറ്
2164		0	57
3681	2	0	50
3687	2	0	22
3691	1	0	11
3685		2	67
3565	4	1	3
2049	1	1	11
3212	1	0	32
2454	1	0	68
2407	2	1	14
2448	3	1	0
		9	35

CATCH-MORE—EAT-MORE—FISH CAMPAIGN

* ൯൮൫. (൧൬) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കേന്ദ്രഗവൺമെണ്ടിന്റെ Catch more eat more fish Campaign-ൽ മദ്രാസും ബോംബെയും സ്റ്റേറ്റുകൾ ചേർന്നിട്ടുള്ളതുപോലെ നമ്മുടെ സ്റ്റേറ്റ് ചേർന്നിട്ടുണ്ടോ;

(ബി) 'എ'ക്കുത്തരം 'ഉണ്ട്' എന്നാണെങ്കിൽ അതനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്;

(സി) 'എ'ക്കുത്തരം 'ഇല്ല' എന്നാണെങ്കിൽ അതിനു കാരണമെന്താണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.
(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.
(സി) ഇങ്ങനെയൊരു പ്രസ്ഥാനം ഉള്ളതായി ഗവൺമെണ്ടിനെ അറിയിച്ചിട്ടില്ല.

*൯൮൬ & ൯൮൭ * * *

വളം

* ൯൮൮. (൨൦) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കൃഷിക്കു ആവശ്യമായ വളം ആരാണു കൂട്ടിച്ചേർത്തു വിതരണം ചെയ്യുന്നതു്;

(ബി) ആ വിതരണക്കുത്തക ഒരു വ്യക്തിക്കൊ കമ്പനിക്കൊ കൊടുക്കുവാൻ കാരണമെന്തു്?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൃഷി ഡിപ്പാർട്ടുമെണ്ടിന്റെ മേൽനോട്ടത്തിൽ, "ദി മലബാർ ഫെർട്ടിലൈസേഴ്സ് ആൻഡ് ഇൻഡസ്ട്രീസ്"വക ഫാക്ടറിയിലും, കൊച്ചിൻ പ്രദേശത്തെ ഡിപ്പാർട്ടുമെന്റു ഡിപ്പോകളിലും വളം കൂട്ടിച്ചേർക്കുന്നു. വിതരണം നടത്തുന്നതു കൃഷി ഡിപ്പാർട്ടുമെന്റാണ്.

(ബി) ഈ വളത്തിന്റെ വിതരണക്കുത്തക ഒരു കമ്പനിക്കോ വ്യക്തിക്കോ കൊടുത്തിട്ടില്ല. കൃഷി ഡിപ്പാർട്ടുമെണ്ടുവക ഡിപ്പോകൾ, ഏജൻസി ഡിപ്പോകൾ മുഖാന്തിരമാണ് വിതരണം നടത്തുന്നതു്.

ശ്രീ. എൻ. പി. വർഗ്ഗീസ്. കൂട്ടുവളം വിതരണം ചെയ്യുന്നതു് ഏതു രീതിയെ അടിസ്ഥാനപ്പെടുത്തിയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പല രീതിയിലും വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഓരോ സ്ഥലങ്ങളിലുമുള്ള മണ്ണിന്റെ ഗുണമനുസരിച്ചാണോ ഈ വളം വിതരണം ചെയ്യുന്നതു്?.

ശ്രീ. ടി. കെ. നാരായണപിള്ള: മിക്കവാറും അങ്ങനെതന്നെ.

ശ്രീ. എൻ. പി. വർഗ്ഗീസ്: എല്ലാ താലൂക്കുകളിലുമുള്ള മണ്ണിന്റെ ഗുണദോഷങ്ങളെപ്പററി പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മിക്ക സ്ഥലങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: വളം കൂട്ടുചേർക്കുന്നതിനു് എന്തു ചിലവു വരുമെന്നു് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്തു ചിലവു വരുമെന്നുള്ള കണക്ക എന്റെ കൈവശമില്ല. പക്ഷെ ഒരു തുക അതിനുവേണ്ടി ചിലവാകുന്നുണ്ട്.

ശ്രീ. പി. കെ. ഡീവർ: മേല്പറഞ്ഞ കമ്പനികളിൽ നിന്നും വിതരണം ചെയ്യുന്ന വളവും ഇവിടത്തെ പ്രൈവററ ഏജൻസികളിൽനിന്നും വില്ക്കുന്ന വളവും തമ്മിൽ എന്തു വില വ്യത്യാസം വരുമെന്നു നോക്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വില വ്യത്യാസം ഉണ്ടായാലും ഇല്ലെങ്കിലും ആ വിവരങ്ങളും എന്റെ കൈവശമില്ല.

ശ്രീ. എ. താണുപിള്ള: കൃഷിക്കാവശ്യമുള്ള ഈ വളങ്ങൾ കൂട്ടുചേർക്കാതെ കൊടുക്കുന്നതിനു എന്തു തടസ്സമാണു് ഉള്ളതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ കൊടുക്കുന്നതിനു ഗവമെണ്ടു ആലോചിച്ചുവരികയാണു്.

ശ്രീ. കെ. അയ്യപ്പൻ: വളം കൂട്ടുചേർക്കാതെ കൊടുക്കുകയാണെങ്കിൽ അതിൽ പല ദോഷങ്ങളും ഉണ്ടാകാനിടയുണ്ടെന്നു് മുൻപു ഒരവസരത്തിൽ ഗവമെണ്ടു പറഞ്ഞിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: കൂട്ടുചെയ്തു് കൊടുക്കാൻ എന്താണു് കാരണം?

ശ്രീ. ടി. കെ. നാരായണപിള്ള: കൂട്ടുചേർക്കാതെ പ്രത്യേകം പ്രത്യേകമായി ഓരോ ഇനം വളങ്ങളും വിതരണം ചെയ്യുകയാണെങ്കിൽ കരിഞ്ചന്തവ്യാപാരം വർദ്ധിക്കാൻ ഇടയുണ്ടു്. അതുകൊണ്ടാണു് കൂട്ടുചേർത്തുകൊടുക്കുന്നതു്.

ശ്രീ. പി. നാണു: ഈ വളം കൂട്ടുചെയ്തു വില്ക്കണമെന്നു് ഗവമെണ്ടിനെ ഉപദേശിച്ചതാരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: കൃഷി ഡിപ്പാർട്ടുമെന്റു് ഡയറക്ടറാണു്.

ശ്രീ. പി. നാണു: ഈ ഉദ്യോഗസ്ഥൻ ഇപ്പോഴും സർവ്വീസിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. എം. ഐ. പോൾ: കൂട്ടുചേർത്തു് വളം വിതരണം ചെയ്യുന്നതു് പ്രയോജനകരമല്ലെന്നു് ഗവമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ബോദ്ധ്യമായിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: മുൻപു ഈ മാതിരി വളം കൂട്ടുചേർത്തു് വിതരണം ചെയ്യുന്ന പതിവു് തിരുവിതാംകൂറിലുണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: മുൻപു ഇല്ലായിരുന്നു.

കാളറായും മസൂരിയും

*ന്യൂവൻ (വ.എ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സമയം മറുപടി നൽകുമോ.—

(എ) ഇക്കഴിഞ്ഞ ആറുമാസത്തിനകം ഈ സംസ്ഥാനത്തു കാളറാ, മസൂരി മുതലായ രോഗങ്ങൾ പിടിപെട്ടു എത്രപേർ മരിച്ചിട്ടുണ്ടു്;

(ബി) അത്തരം സുഖക്കേടു ബാധിച്ചിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാം?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ)

(എ) കാളറ മുഖാന്തിരം ൩൩൬ പേരും മസൂരിയിൽ ൪൯ പേരും മരിച്ചിട്ടുണ്ട്.

(ബി) കാളറയും മസൂരിയും ബാധിച്ചിട്ടുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഇപ്പോൾ മസൂരിയും കാളറയും ബാധിച്ച രോഗികൾ എത്രയാണെന്ന് പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ കണക്ക് എന്റെ കൈവശമില്ല.

STATEMENT

See answer to question No. 689 (21) part (b)

Name of places mainly affected by Cholera

1. Thovala—Thazhakudy, Thiruppathisaram, Azhakiyapandipuram Esanthimangalam, Thovala and Darsanamcope
2. Agasteeswaram,—Suchindram, Marungoor, Theroor, Thamarakulam, Agasteeswaram, Kulasekharapuram, Neendakara, A. Dharmapuram, Thengamputhoor, Parakkai.
3. Kalkulam—Aloor, Thiruvithancode, Eraniel.
4. Nedumangad—Karakulam.
5. Shenkottah—Aikudy, Klangad, Achenputhoor, Samboorvadakarai Shenkottah, Elathoor, Puthoor, Karkudi.
6. Pathanapuram—Punaloor, Anchal.
7. Mavelikkara—Thamarakulam.
8. Changanacherry—Ramankari, Velianad, Chennankari, Chirakkadavu, Madapalli, Kurichi, Erumeli.
9. Ambalapuzha—Kainakari, Pulinkunnoo, Nedumudi, Chempakulam.
10. Kottayam—Thiruvarpu, Panickikad, Nattakom, Kottayam, Vijayapuram Aymanom, Kurumannur, Kaipuzha.
25	Muvattupuzha	150000	101152	220000	198705	200000	119047	225000	177590
26	Thodupuzha	60000	43181	80000	50760	80000	35517	60000	51312
27	Kunnathunad	220000	74203	350000	339106	246000	75426	350000	296065
28	Parur	240000	187787	100000	117083	218000	132125	125000	179828
29	Devicolam	6000	6457	10000	10575	12000	30916	17000	10269
30	Peermade	12000	16288	5000	..	50000	38212	1000	..

Statement showing the Crop-war Targets fixed and quantities procured during 1124 and 1125 from the Travancore-Cochin State—(cont.)

PART II COCHIN AREA

Serial No.	Name of taluk	1124 Kanni crop		1124 Kumbham crop		1125 Kanni crop		1125 Kumbham crop		1124 Puncha crop		1125 Puncha crop	
		Target fixed	Quantity purchased	Target fixed	Quantity purchased	Target fixed	Quantity purchased	Target fixed	Quantity purchased	Target fixed	Quantity purchased	Quantity fixed	Quantity purchased
1	Cochin-Kanayannur	280000	190652	113000	87982	219700	225773	80000	93206	..	..	..	..
2	Mukundapuram	180000	147101	370000	360844	180000	158914	35000	400069	100000	114954	140000	169010
3	Cranganur	400	111	10300	7582	300	545	8000	11888	..	..	..	..
4	Trichur	200000	191715	354000	373198	200000	221933	372000	476987	170000	194234	400000	424847
5	Talappilli	1200000	1182382	870000	785540	1200000	1167725	670000	780979	60000	68358	90000	64633
6	Chittur	1138000	1030909	1335000	1043297	1200000	1298755	800000	569474	..	..	..	..

	1124		1125		Kumbham 1125
	Kanni	Kumbham	Kanni	Kumbham	(Present crop)
Target fixed for Agastheewaram taluk ..	700,000	500,000	613,000	550,000	650,000

FINANCIAL BUSINESS

Voting of Demands for Grants

Demand I—Agricultural Income-tax and Sales Tax

Minister for Law, Finance and Revenue **(Sri. A. J. John):** Sir, I move for a grant of Rs. 5,77,100 under Demand I—Agricultural Income-tax and Sales Tax.

Sri. T. K. Narayana Pillai: I second it.

Sahib Bahadur K. A. Mohammed: Sir, on a point of information.

൧൧൨൮-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടാണ് ഞങ്ങൾക്കെല്ലാം കിട്ടിയിരിക്കുന്നതു്. ൧൧൨൯-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് ഇതുവരെയും കിട്ടിയിട്ടില്ല. അങ്ങിനെ കിട്ടാത്തിടത്തോളം കഴിഞ്ഞയാണ്ടിൽ ഈ ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അതിനുത്തരവാദപ്പെട്ടവരുടെ ഭരണം ഏതുതരത്തിലായിരുന്നുവെന്നും ഞങ്ങൾക്കറിയാൻ സാധിക്കുന്നില്ല. അതുകൊണ്ടു് ഓരോ ഡിപ്പാർട്ടുമെൻറിലേക്കുമുള്ള ഡിമാൻറുകൾ മൂവു ചെയ്യുമ്പോൾ അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഭരണത്തെ സംബന്ധിച്ചും ചുരുക്കത്തിലെങ്കിലും അതാതു സിപ്പാർട്ടുമെൻറുകളുടെ ചുമതല വഹിക്കുന്ന മന്ത്രിമാർ ഒരു വിശദീകരണം നൽകുന്നതായാൽ അതു ഞങ്ങൾക്കു് വാദപ്രതിവാദാവസരത്തിൽ ഉപകാരപ്രദമായിരിക്കും. അതിനാൽ ഈ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആൻറ് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിലേക്കു് ഇത്ര രൂപാ വേണമെന്നു ഡിമാൻറു മൂവുചെയ്തിരിക്കുന്നതു് ഇന്നവിധത്തിലുള്ള പ്രവർത്തനങ്ങൾക്കുവേണ്ടിയാണെന്നും കഴിഞ്ഞയാണ്ടിൽ ഇന്നയിന്ന പ്രവർത്തനങ്ങൾ ചെയ്തുവെന്നും മന്ത്രി അവർകൾ സ്ഥൂലമായി പ്രസ്താവിച്ചാൽ കൊള്ളാമായിരുന്നു. ൧൧൨൯-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുണ്ടായിരുന്നെങ്കിൽ അതു ഞങ്ങൾക്കു വളരെ ഉപകാരമായിരുന്നു. എന്നാൽ ൧൧൨൮-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടാണു ഇപ്പോൾ ഞങ്ങൾക്കു കിട്ടിയിരിക്കുന്നതു്. അതുകൊണ്ടു് ഓരോ ഡിപ്പാർട്ടുമെൻറിലെയും ഡിമാൻറുകൾ മൂവുചെയ്യുമ്പോൾ ഒരു വിശദീകരണം നൽകേണ്ടതാണ്.

ശ്രീ. എ. ജെ. ജോൺ: ൧൧൨൮-ലെ ഘടനയനുസരിച്ചുതന്നെയാണ് ൧൧൨൯-ലെയും അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആൻറ് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറ് പ്രവർത്തനം നടത്തിക്കൊണ്ടിരുന്നതു്. അതിനെക്കാൾ പറയത്തക്ക വ്യത്യാസങ്ങൾ ഒന്നുംതന്നെ ൧൧൨൯-ൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടു് ബഹു. മെമ്പർക്കു് ഏതെങ്കിലും സംഗതികൾ അറിയണമെന്നുണ്ടെങ്കിൽ അതു ഞാൻ മറുപടി പറയുന്ന സമയത്തു ചോദിച്ചാൽ പറയുന്നതാണ്.

Mr. Speaker: The first in the list of motions for reduction of Total allotment stands in the name of Mr. Kalathil Velayudhan Nayar. It is intended to discuss the general policy of the department. It may be moved.

Sri. K. Velayudhan Nayar: Sir, I move:—

"To reduce the allotment of Rs. 1,92,400 for Taxes on Income other than Corporation tax by Re. 1."

(to discuss the general policy of the department).

ഈ ഡിപ്പാർട്ടുമെൻറ് ശരിയായി കഴിഞ്ഞ വർഷത്തിൽ പ്രവർത്തനം നടത്തിയിട്ടില്ലയെന്നുള്ള ഒരു സമ്മതം ഫൈനാൻസ് മിനിസ്റ്ററുടെ പ്രസംഗത്തിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കഴിഞ്ഞവർഷം

[Sri. Kalathil Velayudhan Nayar]

ഈ ഇനത്തിൽ നിന്നും പ്രതീക്ഷിച്ചിരുന്നതായ തുക അറുപത്തിരണ്ടരലക്ഷം രൂപയായിരുന്നുവെന്നും എന്നാൽ റിവൈസ്ഡ് എസ്റ്റിമേററു പ്രകാരം പിരിച്ചിട്ടുള്ളതു ൩൦ ലക്ഷം രൂപാ മാത്രമാണെന്നും അപ്രകാരം കുറവുവരാനുള്ള കാരണം ഇന്നതാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഈ കുടിശ്ശിക ഉൾപ്പെടെ അടുത്തകൊല്ലം പ്രതീക്ഷ എഴുപതുലക്ഷം രൂപാ മാത്രമാണെന്നും അതിൽ വിവരിച്ചിട്ടുണ്ട്. ആദായനികുതി കുറവായി പിരിക്കുവാനുള്ള കാരണം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നതു് - "Rs. 30 lakhs only will be actually collected, due to the delay in bifurcating the composite files dealing with both incometax and agricutural incometax between the Central Incometax authorities and State Department." എന്നാണ്. അതായതു് അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് സംബന്ധിച്ചുള്ള ഫയലുകളും മററു ഫയലുകളും തമ്മിൽ വേർതിരിക്കുന്നതിനുള്ള കാലതാമസംകൊണ്ടാണ് ഈ കുറവുവരാൻ കാരണമായിട്ടുള്ളതെന്നു അദ്ദേഹം പറയുന്നു. അടുത്തകൊല്ലത്തെ പ്രതീക്ഷ എഴുപതു ലക്ഷം രൂപമാത്രമാണെങ്കിൽ ഇനിയും ഈ വേർതിരിവു പൂർത്തിയാകുന്ന ലക്ഷണങ്ങൾ കാണുന്നില്ല. ബഡ്ജററ് മെമ്മോറാണ്ടത്തിൽ ഈ കുറവു വന്നതിനുള്ള സമാധാനമായി പറയുന്നതു് തക്ക സമയത്തു അതിലേയ്ക്കാവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കാതിരുന്നതുകൊണ്ടാണെന്നാണ്. ഇതിനെല്ലാം കാരണമായി എനിക്കു പറയാനുള്ളതു് ഈ കുറവു വന്നിട്ടുള്ളതു് ഗവമെന്റിന്റെ അലസതയും അനാസ്ഥയും കൊണ്ടാണെന്നാണ്. ഈ ആദായനികുതി ഈടാക്കൽ കുറഞ്ഞുപോയതുകൊണ്ട് ഡിപ്പാർട്ടുമെന്റു പ്രവർത്തനം കഴിഞ്ഞവർഷം വിജയകരമായിരുന്നില്ല. വളരെ പരാജയം അടഞ്ഞു എന്നുള്ളതു് വ്യക്തമാണ്. ഈ കുറവു വരുമ്പോൾ ഒരു സംഗതി നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഈ അസംബ്ളിയിൽ ഈ നിയമം അവതരിപ്പിച്ചപ്പോൾ അതിനെ വളരെ ശക്തിയായി എതിർക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ അതു് അവഗണിച്ചു് ഈ നിയമം പാസ്സാക്കുകയും കാർഷികാദായനികുതി ശരിയായി ഈടാക്കാമെന്നു പ്രതീക്ഷിക്കുകയും ചെയ്തു. നിയമം പാസ്സാക്കിയെങ്കിലും ആദായനികുതി പിരിക്കുന്നതിലും മററും വളരെ അനാസ്ഥകാണിച്ചിട്ടുള്ളതായി കാണുന്നു. അതുകൊണ്ടു് ഈ അസംബ്ലി ഈ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് നിയമം പാസ്സാക്കിയതുതന്നെ ഈ കുറവു വരുന്നതിനു കാരണമായിരുന്നോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

തക്ക സമയത്തു ഉദ്യോഗസ്ഥന്മാരെ നിയമിച്ചില്ല എന്നു പറയുന്നു. അപ്രകാരം നിയമിക്കാതിരുന്നതിനു ആരാണുത്തരവാദി, സാർ. തക്കസമയത്തു ഉദ്യോഗസ്ഥന്മാരെ നിയമിച്ചില്ല അതുകൊണ്ടു് കുറവുവന്നു എന്നു പറയുന്നതു് ഒരു സമാധാനമാണോ എന്നാണു ഞാൻ ചോദിക്കുന്നതു്. തീർച്ചയായും ഇതിനെല്ലാം കാരണം ഗവമെന്റു ഒരു അലസമനോഭാവം കൈക്കൊണ്ടിട്ടുള്ളതാണ്. തൻമൂലം നമുക്കു വളരെ ആദായം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈനംദിനഭരണം നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ ആദായം ഉണ്ടാക്കേണ്ടതായും ഇരിക്കുന്നു.

മറെറാരു സംഗതി എനിക്കു പറയാനുള്ളതു് ഈ ആദായനികുതി സംബന്ധിച്ചുള്ള ഫയലുകൾ തീരുമാനിക്കുന്നതിനുള്ള കാലതാമസത്തെപ്പററിയാണ്. ഒരു ഇൻകംടാക്സ് ഫയൽ തീരുമാനം ചെയ്യുന്നതിനു ഇപ്പോൾ അഞ്ചാറു കൊല്ലംവരെ ആകുന്നുണ്ടു്. എന്താണു സാർ, ഇങ്ങനെ ഈ ഫയലുകൾ കിടന്നുപോകുന്നതു്. ഉദ്യോഗസ്ഥന്മാരുടെ കുറവുകൊണ്ടാണോ? ഉദ്യോഗസ്ഥന്മാരുടെ കുറവു പരിഹരിക്കാൻ കാലതാമസം ഉണ്ടാവുകയും കേസുകൾ തീരുമാനിക്കാൻ താമസം

നേരിടുകയും ചെയ്യുന്നതുകൊണ്ട് ന്യായമായി ഗവൺമെൻറിനു കിട്ടേണ്ടതായ ആദായം കിട്ടാതെ പോവുകയല്ലേ ചെയ്യുന്നതു്. ഈ നികുതി അതാതു കാലത്തു പിരിക്കാതെയിരിക്കുന്നതുകൊണ്ടുള്ള ഭവിഷ്യത്തുകൾ എന്താണെന്നു നാം ആലോചിക്കണം. ഉദാഹരണമായി കുരുമുളകിനെ സംബന്ധിച്ചുള്ള ആദായനികുതിയിലെ കാര്യംതന്നെ എടുക്കാം. കുരുമുളകിനു ഇപ്പോൾ കൂടുതൽ വിലയുള്ളതുകൊണ്ട് ആദായനികുതി ചുമത്തുന്നപക്ഷം അതു കർഷകനു പ്രയാസംകൂടാതെ കൊടുക്കാൻ കഴിയും. എന്നാൽ ഇക്കൊല്ലത്തെ ആദായനികുതി ഒരു അഞ്ചുകൊല്ലം കഴിഞ്ഞിട്ടാണു തീരുമാനിക്കുന്നതെങ്കിൽ അന്നു കുരുമുളകിനു ഈ വില ഇല്ലാതാകുന്നപക്ഷം സാധുക്കളായ കൃഷിക്കാർക്ക് അതു് വലുതായ ഭാരമായിത്തീരും. ഇങ്ങനെ കാലതാമസം നേരിടുന്നതുകൊണ്ട് രാജ്യത്തിനും ജനങ്ങൾക്കും വളരെ ദോഷങ്ങൾക്കു കാരണമാകുന്നു. ഈവക കാര്യങ്ങളിൽ ഗവൺമെൻറ് വളരെ അനാസ്ഥയാണു കാണിക്കുന്നതു്.

മറെറാരു കാര്യം എനിക്കു പറയാനുള്ളതു് ഈ ഡിപ്പാർട്ടുമെൻറിൻെറ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു ഈ സഭയിൽ അവതരിപ്പിക്കുന്നതിനും ജനങ്ങളെ അറിയിക്കുന്നതിനും മുമ്പായി ഈ ഗവൺമെൻേറാ അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരോ വായിച്ചുനോക്കിയിട്ടില്ല എന്നുള്ളതാണ്. അതു വായിച്ചുനോക്കിയാൽ വളരെ അധികം പിശകുകൾ നമുക്കു കാണാൻ കഴിയും. ൧൧൨൮-ാമാണ്ടത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു എന്നു പറയുന്ന പുസ്തകത്തിൻെറ ൨൩-ാംപേജത്തു അപ്പെൻറിക്സ് സി. ഡി. എന്നു പറയുന്ന ഒരു പറിക കൊടുത്തിട്ടുണ്ട്. അതിൽ ഈ രാജ്യത്തെ ജനങ്ങളെ വിവിധസമുദായത്തിൽപ്പെട്ടവരായി വേർതിരിച്ചിരിക്കുന്നു. അതിൽ ആദ്യമായി വരുന്ന കുറേപ്പേരുടെ കൂട്ടത്തിൽ നായർ, ഈഴവർ, തമിഴൻ എന്നും പിന്നീടു വരുന്നതു് അദർ ഹിൻഡൂസ് എന്ന തലക്കെട്ടിൽ കുറുപ്പ്, നമ്പ്യാർ, വാര്യർ എന്നിങ്ങനെയും ചേർത്തിരിക്കുന്നു. ഈ കുറുപ്പ്, നമ്പ്യാർ എന്നെല്ലാം പറയുന്നതു് ഏതു ജാതിയിൽപ്പെട്ടവരാണ്. എന്തുകൊണ്ട് അതിൻെറ കൂടെ പിള്ള എന്നുകൂടി ചേർത്തില്ല. പിന്നെ ബാക്കവേർഡ് ഓർ ഡിപ്രെസ്ഡ് ക്ലാസ്സ് എന്ന ലിസ്റ്റിൽ ക്രിസ്ത്യൻസ്, മുസ്ലീംസ് മുതലായ ജാതികളേയാണു ഉൾപ്പെടുത്തിയിരിക്കുന്നതു്. വിശ്വകർമ്മ, വേലൻ, അദർ ക്രിസ്ത്യൻസ് എന്നീ ജാതിക്കാരെയെല്ലാം അദർ ഹിൻഡു ഡിപ്രെസ്ഡ് ക്ലാസസ്സ് എന്നാണു ചേർത്തിരിക്കുന്നതു്. ആരെങ്കിലും ചുമതലപ്പെട്ട ആളുകൾ ഇതു് വായിച്ചിരുന്നെങ്കിൽ ഇപ്രകാരം അബദ്ധങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുകയില്ലായിരുന്നു. ഇതിലേയ്ക്കുവേണ്ടി ചക്രം ചെലവാക്കുന്നതല്ലേ? ഇതു ഗവൺമെൻറിൻെറ അനാസ്ഥകൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ്? ഇതു ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ വായിച്ചതിനുശേഷം അയച്ചുതരുന്നതാണ് എന്നാണു പ്രതീക്ഷ. ഇത്തരത്തിലാണ് ഈ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നതെങ്കിൽ ഇതുകൊണ്ട് എന്തു പ്രയോജനമാണുള്ളതു്. ഇതു ആദ്യമേ വന്നതായ ഖണ്ഡനോപക്ഷേപമായതുകൊണ്ട് ഈ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിനുവേണ്ടി ചെലവാക്കിയിട്ടുള്ള തുക ഇതിനുത്തരവാദപ്പെട്ട ആളുകളിൽ നിന്നും ഇടാക്കേണ്ടതാണെന്നു് അഭിപ്രായപ്പെട്ടുകൊണ്ട് എൻെറ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

Sri. P. S. Nataraja Pillai: I move an identical motion.—

"To reduce the total allotment of Rs. 1,92,400 for Taxes on income other than Corporation tax by Re. 1."

(To discuss the inefficient assessment and collection).

[Sri. P. S. Nataraja Pillai :]

Sir, by the accounts and the budget, it is clear that during the last year the amount realised by income-tax did not come up to the anticipation and the fall was to an extent of Rs. 35 lakhs. This year also the anticipation is not for a higher amount, but only for Rs. 70 lakhs. Income-tax is realized from the net income and when you consider the passage in the statement of the Finance Minister: "This State was earning about Rs. 30 to 40 crores worth of dollar and sterling annually by the export of valuable commercial crops like tea, rubber, cardamom, cashew, and products like coir and coir mattings, and minerals." The receipts of this year and the anticipation for next year under this head are very low indeed. Sir, the value of primary commercial crops of this State has been computed authoritatively by the Finance Minister to be somewhere near Rs. 30 to 40 crores worth of dollars. That is the definite statement made in his speech. So, that value may be the selling price at port of export—I go even to that extent. It is the value put upon the articles produced in Travancore and exported outside India and the value is computed on the selling price at the Indian Port. Even if that be so, Sir, this price must bear a practical relation to the production price here. These articles, when produced in the State, must have a value, and that value must now be so high and it must bear some relation to the income-tax that is realized in this country. As you know, the Income-tax Act is after all an index of the prosperity of the nation and according to the Finance Minister we are earning 30 to 40 crores of dollars now every year. The one peculiarity about income-tax assessment is that it is on net income and on incomes above Rs. 3,000. Income-tax is in proportion to the income of an individual. So it is the most legitimate progressive tax that can be levied. Such incomes reflect the agricultural and industrial prosperity of a State. When we say that our country is so rich as to export 30 to 40 crores dollars worth of agricultural produce, to a certain extent that must reflect in the tax collection as well. I must say that if proper steps were taken the receipts would not have been so poor, and if it will be taken in future agricultural income tax will pay a very good revenue in future. At the present time when our commercial crops are fetching abnormal prices,—I mean prices are very high for commodities like ginger, pepper, cardamom—we should be earning a higher income by way of agricultural income-tax. The prevailing prices for cocoanut and coir yarn are also high. The income from cocoanut gardens when computed and even after reasonable deductions are made for maintenance and all that will yet be so large as to yield a good amount by way of Income-tax. There has not been that diligence in this department to see that assessment is done to the maximum extent possible, without of course giving any hardship to any individual. Officers in charge of assessment in each taluk should discharge their duties properly. They are not doing it. There is wide talk in the country that they are not discharging their functions corectly and are not above suspicion. They are not even utilising all the available sources of Government information to arrive at proper assessment I would even go to the extent of saying that in the peculiar conditions of the country, income from paddy cultivation may be exempted if necessary. But leaving that apart, I learn that Assistant Income Tax Officers do not get returns from the Purchasing Officers in respect of this. In no taluk has assessment been made on such information till now. That goes to show that assessments are faulty. That is due to want of care and proper administration of the department. I do not think it is necessary now to justify the imposition of income-tax. We have passed that stage. Nobody is going to controvert the position that income-tax is the most just and the best tax. Especially in the present economic condition when inflation is high, it is necessary, in the interests of the people, Government should take steps to control inflation and enforce income-tax as far as possible on all primary produces, so that surplus money may be

controlled to a certain extent. After all, from the Administration reports supplied to us, the number of people who were assessed in 1124 is nearly twenty thousand. It is not a large number. Incidence of this tax does not fall on the general public but is confined only to a particular section. I would rather say it is confined to twenty thousad rich individuals or institutions. I was surprised to hear the Finance Minister saying during his reply on the Budget speech that the agricultural income tax is a dangerous weapon that could be used against certain persons or communities and so on. He also said that it could be used as a dangerous weapon against a community. How is that possible I want to know. Community in our country means a religious community; is it possible to subject a religious community.

Sri. A J. John: I never said so.

Sri. P. S. Nataraja Pillai: I accept that. Even if he did not say so, I think income-tax is not a dangerous weapon at all. It will be dangerous like any other weapon in the armoury of Government, laws like the Penal law. When the provisons of a law are misused the effect will be dangerous. That being so, income-tax law cannot be a dangerous weapon at all. Misuse of law will be dangerous, this is something like that. For the preservation of peace and protection of people who have the Police Act and if the provisions are misused, it becomes dangerous to the peace and people. In the same way, the application of income-tax law is very necessary when it is used properly for finance of the State. It is only by the method of use a law can become a dangerous weapon. In spite of the statement of the Finance Minister that he never meant religious community, it is wrong to characterise Income-tax law as dangerous weapon; it is a wrong method of approach. I think the Income-tax Act is a very necessary Act which ought to be made the best use of and should not at all be misused. I want to impress on the House that if this Act is properly used it will bring a decent return to the treasury in the present condition of inflation, when high prices are ruling for our primary products. I go a step further. The estimated income of 70 lakhs is very low. It must necessarily be very much more. Evidently there are leakages in the levy of income-tax for which the officers of Government are responsible. A lot of income of the State is lost on that account. After all, this income-tax incidence in Travancore bears only on 20 thousand people or so out of a population of 8 million. This 20 thousand may go up to 30 or 40 thousand people. In other words people who get more than Rs. 3,000 a year as income is very much more than now assessed. It is only equity such people should also be taxed. It is only in proportion to the income earned by them, taxation is effected. There is no injustice at all. That is the policy of taxation and that is the modern method. People who are rich are to be taxed. They can bear it. Taking all things into consideration I should think that the department has grossly failed in their assessment work and thereby collection of income has dwindled. It appears the department propose to perpetuate this system for the coming year as well. That will tell upon the receipt of the department. Sufficient attention has to be bestowed on the working of this department from now on and stop all possible leakages in revenue.

Mr. Speaker: I propose reserving the voting of cut motions at a later stage. Many Members have given motions to discuss various items arising in this department. Explanations given along with cut motions reveal that. So I would allow all the motions to be moved in the order in which they appear in the list and then allow other members to speak; and finally the Minister concerned can reply, to all the motions in one reply. Then the motions will be put to the vote of the House.

Sri. P. K. Raman: Sir, I move to reduce the allotment of Rs. 1,92,400 for Taxes on Income other than Corporation tax by Re. 1.

ഈ ധനാഭ്യർത്ഥന കാർഷികാദായനികുതിയേയും സെയിൽസ്ടാക്സിനേയും സംബന്ധിച്ചുള്ളതാണ്. കാർഷികാദായനികുതി വളരെ ന്യായീകരിക്കത്തക്ക ഒരു നികുതി സമ്പ്രദായമാണ്. സെയിൽസ്ടാക്സ് ഒരു ആപൽധർമ്മം എന്ന നിലക്കുമാത്രം ഗവമ്മെൻറ സ്വീകരിച്ചിട്ടുള്ളതാണ്. സെയിൽസ്ടാക്സിൽ ഗവമ്മെൻറിന്റെ പരിചയക്കുറവുമൂലമോ ഇതുവരെ നടന്നുവന്നിട്ടുള്ള നടപടികൾ യഥാകാലം പുന:പരിശോധനചെയ്തു ക്രമപ്പെടുത്താത്തതുമൂലമൊ ന്യായമായി കിട്ടേണ്ട ആദായം ഗവമ്മെൻറിനു കിട്ടുന്നില്ലെന്നുള്ള കാര്യം ഗവമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ ഖണ്ഡനോപക്ഷേപംകൊണ്ടു പ്രധാനമായി ഞാൻ ഉദ്ദേശിക്കുന്നതു്. ഇവിടെനിന്നും കയററുമതി ചെയ്യുന്ന നമ്മുടെ കാർഷികോൽപ്പന്നങ്ങളെ സംബന്ധിച്ചും പുറമേനിന്നും നമ്മുടെ ആവശ്യങ്ങൾക്കായി ഇറക്കുമതി ചെയ്യുന്ന സാധനങ്ങളെ സംബന്ധിച്ചും ഗവമ്മെൻറിന്റെ കയ്യിൽ ശരിയായ സ്ഥിതിവിവരകണക്കുകൾ ഉണ്ടെന്നു തോന്നുന്നില്ല. അങ്ങിനെ ശരിയായ സ്ഥിതിവിവരകണക്കുകൾ ഗവമ്മെൻറിന്റെ കയ്യിലുണ്ടായിരുന്നുവെങ്കിൽ എത്രമാത്രം ആദായം ന്യായമായി കിട്ടേണ്ടതു കിട്ടാതെപോകുന്നുണ്ടു് എന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകുമായിരുന്നില്ല. ഏററുമതിയെ സംബന്ധിച്ചും ഇറക്കുമതിയെ സംബന്ധിച്ചും വേണ്ട സ്ഥിതിവിവരകണക്കുകൾ സൂക്ഷിക്കാൻ ഗവമ്മെൻറിനു സൗകര്യമുണ്ടായിരുന്നിട്ടും അതു ചെയ്തിട്ടില്ലെന്നാണ് എന്റെ പരാതി. മുഴവൻ വിവരങ്ങളും ശേഖരിക്കുന്നതിനു പക്ഷെ സാധിച്ചില്ലെന്നു വന്നേക്കാം. എങ്കിലും പല കാര്യങ്ങളിലും ശരിയായ കണക്കുകൾ ഗവമ്മെൻറ വിചാരിച്ചാൽ സൂക്ഷിക്കാൻ പ്രയാസമുണ്ടായിരുന്നില്ല. ഏതായാലും കിട്ടാവുന്ന കണക്കുകൾവച്ചുകൊണ്ടു് നോക്കുന്നപക്ഷവും ഇപ്പോൾ സെയിൽസ്ടാക്സിനത്തിൽ ഗവമ്മെൻറിനു വളരെ കുറവായ ഒരു തുകയേ ഈടാകുന്നുള്ളുവെന്നുള്ളതു പരമാർത്ഥം മാത്രമാണ്. കയറ്, നാളികേരം, വെളിച്ചെണ്ണ മുതലായ സാധനങ്ങൾ ഈ രാജ്യത്തുനിന്നും എത്രമാത്രം കയററി അയക്കുന്നുണ്ടെന്ന് അറിയുവാൻ നമുക്ക് പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ അതിനെ സംബന്ധിച്ചും ശരിയായ സ്ഥിതിവിവരക്കണക്കുകൾ ഗവമ്മെൻറിന്റെ കൈവശമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ സാധനങ്ങളുടെമേൽ ഒരു പായിൻറിൽ നികുതി ഏപ്പെടുത്തിയാൽ എത്രമാത്രം നികുതി ഈടാകുമോ അത്രമാത്രം നികുതി ഇപ്പോൾ ഗവമ്മെൻറിനു ഈടാകുന്നുണ്ടോ എന്നുള്ളതു പരിശോധിക്കേണ്ട ഒരു സംഗതിയാണെന്നു ഞാൻ ബഹു: ധനകാര്യമന്ത്രിയെ അറിയിച്ചുകൊള്ളുന്നു. കച്ചവടക്കാർ ടാക്സ് പിരിക്കുന്നതുതന്നെ ഇന്നൊരു കച്ചവടമാക്കിതീർത്തിട്ടുണ്ടു്. യഥാകാലം കടകളിൽപോയി പരിശോധിക്കുന്നതിന് ഡിപ്പാർട്ടുമെൻറിൽ വേണ്ടവോളം സ്റ്റാഫുണ്ടെന്നു തോന്നുന്നില്ല. വളരെ അത്യാവശ്യമുള്ള പല നിത്യാവശ്യസാധനങ്ങളും അനേകം കൈമറിഞ്ഞാണ് അവസാനം ഉപഭോക്താവിനു കിട്ടുന്നതു്. കയർ, കൊപ്ര മുതലായ സാധനങ്ങൾ കൃഷി"പ്രോഡക്ട്സ്" ആണ്. അവ പല കൈമറിഞ്ഞുപോകുമ്പോൾ ഓരോ പായിൻറിലും ടാക്സ് ഈടാക്കിയാൽ ഉൽപ്പാദകനു് വളരെ ദോഷമുണ്ടാകുന്നതാണ്. കുടിൽവ്യവസായോൽപ്പന്നങ്ങൾക്കും പല പായിൻറുകളിൽ ടാക്സ് ഏപ്പെടുത്തുന്നതായി കാണാം. അതുകൊണ്ടു ഉൽപ്പാദകന്മാർക്കാണ് ദോഷമുണ്ടാകുന്നതു്. ബാർഗയിനിംഗ് കപ്പാസിററി സംരക്ഷിക്കുവാൻ കഴിയാത്ത കൂലിക്കാർക്കാണ് ഇതുകൊണ്ടുള്ള ദോഷം മുഴവൻ വന്നുചേരുന്നതു്. ഉൽപ്പന്നങ്ങളുടെ ഉടമസ്ഥന്മാർക്കാണെങ്കിൽ ഓരോ സാധുവിനേയും ചൂഷണം ചെയ്യത്തക്ക

വിധത്തിൽ കമ്പോളത്തിലെ നിലയനുസരിച്ചു് പരിതസ്ഥിതികളെ ചൂഷണം ചെയ്യത്തക്കവിധത്തിൽ പിടിച്ചുനില്ക്കുന്നതിനുള്ള കഴിവുണ്ടായിരിക്കും.

ചൂഷണത്തിനു് വിധേയനായിക്കൊടുക്കാതെ തൊഴിലാളിക്കു് നില്ക്കുവാൻ നിവൃത്തിയില്ലാത്ത പരിതഃസ്ഥിതി വരും. അതുകൊണ്ടു് കയറിന്റെ പേരിൽ പല പായിന്റിലും നികുതിവന്നാൽ അതു് ദരിദ്രന്റെ ചുമലിൽ പെടുത്തേണ്ടതായി വരും. കയറിനു് എക്സ്പോർട്ട്സ് പായിന്റിൽ നികുതിവച്ചാൽ പോരെ എന്നുള്ളതു് ഇനിയും തീരുമാനിക്കാതെ അവശേഷിക്കുകയാണു്.

കഴിഞ്ഞ തവണത്തെ ബഡ്ജററു പ്രസംഗത്തിൽ ഫൈനാൻസ് മിനിസ്റ്റർ ഇതിനെ സംബന്ധിച്ചു സൂചിപ്പിച്ചു പ്രസംഗിച്ചു. അതിനു ചില നടപടികൾ എടുക്കുവാൻ പോകുന്നുണ്ടെന്നു് അദ്ദേഹം പറയുകയുണ്ടായി. ഇൻഡ്യൻ കൺസ്റ്റിറ്റ്യൂഷന്റെ ഏതോ ഒരു വകുപ്പിനെ ആശ്രയിച്ചു കയററുമതിക്കാർ ചിലർ Export point-ൽ കയറിനു് Sales-tax കൊടുക്കാതെ ഒഴിഞ്ഞുനില്പുണ്ടു്. ചിലർ കൊടുക്കുന്നതായും അറിയുന്നു. ചില ആളുകൾ മിടുക്കന്മാരും ചില ആളുകൾ അത്രയും മിടുക്കു് ഇല്ലാത്തവരും ആയിരിക്കുന്നതുകൊണ്ടു സംഭവിക്കുന്നതാണെന്നു വന്നുകൂടും. അതുകൊണ്ടു് ഒരു നിഷ്പക്ഷനില ഗവമ്മെൻറു് എടുത്തില്ലെങ്കിൽ ഗവമ്മെൻറിനു് നഷ്ടവും സാധുക്കൾക്കു് വലിയ കഷ്ടവുമായിത്തീരുന്നതാണു്.

Sri. A. Thanu Pillai : We are now discussing Agricultural Income-tax. But the Member is speaking on Sales-tax.

Mr. Speaker : The hon. Member will confine himself to the subject of the motion.

ശ്രീ. പി. കെ. രാമൻ: ഏതായിരുന്നാലും ഈ ടാക്സു് പിരിക്കുന്ന കാര്യത്തിൽ ചില ഊഹാപോഹങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് അതു് ചെയ്യുന്നതു്. ആ മാറ്റം വളരെ അപകടകരമാണെന്നും അതു് ഗവമ്മെൻറിനെപ്പററി പല വിധത്തിലുള്ള ദുർവ്യാഖ്യാനങ്ങൾക്കും ഇടയാക്കും എന്നും അതുകൊണ്ടു് ഈ കാര്യത്തിൽ കുറേക്കൂടി ശുഷ്കാന്തി ഗവമ്മെൻറു് കാണിക്കണമെന്നും അപേക്ഷിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Sri. K. A. Mohamed: Sir, I want to know whether I may speak now on the subject of motion No. 13.

Mr. Speaker : Does the hon. Member want to speak on Motion No: 2 now before the House?

Sri. K. A. Mohamed : No.

Mr. Speaker : Then he can speak later when the other motion comes up.

Sri. V. Madhavan : I move to reduce the total allotment of Rs. 1,92,400 for Taxes on income other than Corporation tax by Rs. 5, (to discuss the defects in levying the taxes on agricultural income).

സർ, ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിരിക്കുന്നതു് കാർഷികാദായനികുതി ചുമത്തുന്ന രീതിയിലുള്ള ചില തരക്കേടുകൾ ചൂണ്ടിക്കാണിക്കുന്നതിനു വേണ്ടിയാണു്. കാർഷികാദായത്തിൽ നികുതി ചുമത്തുന്ന സമ്പ്രദായത്തെപ്പററിയും അതിനുള്ള നിയമത്തെപ്പററിയും യാതൊരു തരത്തിലുള്ള യാതൊരാക്ഷേപവും പുറപ്പെടുവിക്കുന്നുവെന്നു ഇതിന്നർത്ഥമില്ല. എന്നാൽ ഇതു് നമ്മുടെ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക നികുതിയാണു്. എല്ലാ രാജ്യങ്ങളിലും, ഇൻഡ്യയിൽതന്നെയും പല സ്ഥലങ്ങളിലും ഏർപ്പെടുത്താത്ത ഒരു

[Sri. V. Madhavan]

നികുതിയാണിതു്. ഈ നികുതി പിരിക്കുന്ന സമ്പ്രദായത്തിൽ ചില തരക്കേടുകൾ കാണുന്നതുകൊണ്ടു് നികുതി കൊടുക്കുന്ന ജനങ്ങൾക്കു പല പ്രയാസങ്ങളും നേരിടുന്നുണ്ടെന്നാണു് എനിക്കു് ഇവിടെ പ്രസ്താവിക്കുവാനുള്ളതു്. ചില ഊഹാപോഹങ്ങളെ അടിസ്ഥാനപ്പെടുത്തി മിക്കവാറും ഒരു കർഷകന്റെ ആദായത്തെ തിട്ടപ്പെടുത്തി അതിന്നു് നികുതി ചുമത്തുന്നതായിട്ടാണു് അനുഭവത്തിൽ കാണുന്നതു്. ഒരു കർഷകന്റെ ആദായം എന്താണെന്നു് കണ്ടുപിടിക്കുന്നതിനു ഒരു മിഷ്യനറി ഇന്നു ഡിപ്പാർട്ടുമെന്റിൽ ഉണ്ടെന്നു് എനിക്കു് തോന്നുന്നില്ല. ഏതെങ്കിലും ഒരു ദിക്കിൽ, പുരയിടങ്ങളെ സംബന്ധിച്ചാണെങ്കിൽ ഒരേക്കർ പുരയിടമുണ്ടെങ്കിൽ നാളികേരം ആണെങ്കിൽ ഒരേക്കർ പുരയിടത്തിൽ നിന്നു ഇത്ര നാളികേരം കിട്ടും എന്നു് സാമാന്യമായ ഒരു കണക്കു് അധികാരികൾ വച്ചിട്ടുണ്ടു്. ആ കണക്കു് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു് ആർക്കുംതന്നെ നിശ്ചയമില്ല. ഏതാണ്ടു് ഒരു ഊഹത്തെ മാത്രം ആസ്പദമാക്കിയാണു് അങ്ങനെ നിശ്ചയിക്കുന്നതു്. അല്ലാതെ ഓരോ പുരയിടങ്ങളെപ്പററിയും പ്രത്യേകം അന്വേഷണം നടത്തി അതിന്നു് ഒരു റിക്കാർഡു സൂക്ഷിക്കുന്നതല്ല. പലക്കും യഥാർത്ഥത്തിൽ അവർ കൊടുക്കേണ്ട ആദായത്തിൽ കവിഞ്ഞുള്ള തുകയ്ക്കു നികുതി ചുമത്തുന്നതായി പരാതിയുണ്ടു്. ഇന്നത്തെ കൂലിനിരക്കു് മുതലായവ നോക്കുന്നപക്ഷം കിട്ടുന്ന ആദായത്തിന്റെ ഒരു വലിയ ഭാഗം ഈ കൂലിച്ചിലവുകൾക്കും, പുരയിടങ്ങൾക്കു് വളം ഇട്ടു ആദായം ക്രമത്തിൽ സൂക്ഷിക്കുന്നതിനുംവേണ്ടി കൃഷിക്കാർ ചെലവാക്കുന്നുണ്ടു് എന്നാൽ അതുകളെപ്പററി ഒന്നും ശരിയായ ഒരു പരിഗണന അധികൃതന്മാർ ചെയ്യുന്നുണ്ടെന്നു് തോന്നുന്നില്ല. ആദ്യംതന്നെ ഡിപ്പാർട്ടുമെന്റുകാർ ഒരു നോട്ടീസ്സു് കർഷകനു് കൊടുക്കുന്നുണ്ടു്. ആ നോട്ടീസനുസരിച്ചു് അവർ റിട്ടേൺ ഹാജരാക്കിക്കഴിഞ്ഞാൽ അവരുടെ കണക്കുകൾ ഹാജരാക്കുവാൻ അവധിവച്ചു് ഒരു നോട്ടീസ്സു് കൊടുക്കുന്നുണ്ടു്. കണക്കുകൾ ഹാജരാക്കിയാൽ അതുതന്നെ അവരുടെ ആദായം ഇന്നതെന്നു് തിട്ടപ്പെടുത്തുന്നതിന്നു് ഒരു തെളിവാണു്. ആ തെളിവനുസരിച്ചല്ലാ ഡിപ്പാർട്ടുമെന്റുകാർ നികുതി ചുമത്തുന്നതു്. കണക്കു് ചോദിക്കുന്നതു് മിക്കവാറും ഒരു ചടങ്ങായിട്ടു മാത്രമാണു്. ആ കണക്കുകളെ വിശ്വസിക്കാതെ വെറും ഊഹത്തെ മാത്രം അടിസ്ഥാനമാക്കിക്കൊണ്ടാണു് ഈ നികുതി ചുമത്തുന്നതായി കാണുന്നതു്. ഇങ്ങനെ അമിതമായ നികുതി ചുമത്തുന്നതായാൽ അതിന്നു് ഒരു പരിഹാരം ഉള്ളതു് അപ്പീൽ കൊടുക്കുക എന്നുള്ളതാണു്. നാട്ടിൻപുറത്തുള്ള ഒരാൾക്കു് ഈ നികുതി ചുമത്തിക്കഴിഞ്ഞാൽ അതിന്നു് അയാൾ അപ്പീൽകൊടുക്കുകയാണെങ്കിൽ അതിന്റെ ന്യായാന്യായങ്ങൾ കേട്ടു തീരുമാനിക്കുന്നതിനു നാലഞ്ചു കൊല്ലം കാത്തിരിക്കേണ്ടിവരും. എന്നുതന്നെയല്ലാ അപ്പീൽ കൊടുക്കുന്നതിനു് വേറെ ഒരു സ്ഥലത്തുപോകണം; അഭിഭാഷകന്മാക്കു് ഫീസു് കൊടുക്കണം, യാത്രച്ചിലവുകൾ ചെയ്യണം. ഇങ്ങനെയെല്ലാം ചെയ്യുന്നതിനുള്ള പ്രയാസംകൊണ്ടു് മിക്കവരും അതങ്ങനെ തന്നെ അനുസരിക്കുകയാണു് ചെയ്യുന്നതു്. എന്നാൽ പുരയിടങ്ങളാണെങ്കിലും നിലങ്ങളാണെങ്കിലും ഓരോ പകുതിയിലും ഓരോ മുറിയിൽതന്നേയും അതിനുള്ള പിരിവു നടത്തുന്നതിനു് ഓരോ താലൂക്കിലും ഓരോ പ്രാദേശിക യൂണിററുകളുണ്ടു്. അതായതു് പിരിവുകൾ നടത്തുന്നതിന്നു് താലൂക്കുകളിൽ ഓരോ പ്രദേശത്തും പകുതി, മുറി ഇങ്ങനെ പ്രദേശിക യൂണിററുകളുണ്ടു്. ഒരേക്കർ സ്ഥലത്തുനിന്നു് ഗവമ്മെന്റിനു് കിട്ടേണ്ടതായ നികുതി ഇന്നതാണു്, ആ സ്ഥലത്തിനു് ഗവമ്മെന്റിൽനിന്നു് ക്ലിപ്തപ്പെടുത്തിട്ടുള്ള ആദായം ഇന്നതാണു്, ആദായം ക്ലിപ്തപ്പെടുത്തുന്നതിനുള്ള രീ

തിയിരുന്നതാണ് എന്നു ഓരോ യൂണിററിലും സൂക്ഷിക്കുന്നതായ റിക്കാർഡ് പൊതുജനങ്ങൾക്കറിയത്തക്കവണ്ണം പരസ്യം ചെയ്യുന്നപക്ഷം ക്ലിപ്തപ്പെടുത്തിയിട്ടുള്ള ആദായത്തിലും നികുതിയിലും വല്ല ആക്ഷേപങ്ങളുമുണ്ടെങ്കിൽ അധികാരികളെ സ്ഥലത്തുകൊണ്ടുവന്ന് അതു് കൂടുതലോ കുറവോ എന്ന് സ്ഥാപിക്കുന്നതിന് ജനങ്ങൾക്ക് സൌകര്യമുണ്ട്. ഇപ്പോൾ ഗവമെൻറ് ക്ലിപ്തപ്പെടുത്തിയിട്ടുള്ള കണക്ക് എന്താണെന്നുള്ളതു് കർഷകന്മാർക്കറിഞ്ഞുകൂടാ. അതുകൊണ്ട് ഓരോ താലൂക്കിലും ഓരോ പ്രദേശത്തും ഒരേക്കർ സ്ഥലത്തിന് അതിൻെറ സ്വഭാവം അനുസരിച്ച് ഇന്ന ആദായമാണ് ഗവമെൻറ് കണക്കാക്കിയിരിക്കുന്നതെന്ന് പൊതുജനങ്ങൾ അറിയത്തക്കവണ്ണം ആ റിക്കാർഡു പരസ്യപ്പെടുത്തണം എന്നുള്ള ഒരു നിർദ്ദേശമാണ് എനിക്ക് ഗവമെൻറിൻെറ മുമ്പിൽ സമർപ്പിക്കുവാനുള്ളതു്. ഇന്നത്തെ ഈ നികുതി ചുമത്തുന്ന സമ്പ്രദായം തുടർന്നുപോകുന്നതിൽ ജനങ്ങൾക്ക് വളരെ സങ്കടങ്ങൾ ഉണ്ട്. അതിന്നു് പരിഹാരമായി ഒരു നടപടി ഗവമെൻറ് കൈക്കൊള്ളണം എന്ന് ഉൽബോധിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു്.

Sri. E. P. Poulose: I move to reduce the total allotment of Rs. 1,92,400 for Taxes on Income other than Corporation tax by Re. 1 (to discuss the necessity of preventing the trend towards steep rise in the price of certain articles as a result of the introduction of Sales Tax.)

സർ, കാർഷികാദായനികുതിയെ സംബന്ധിച്ച് ഈ നിയമസഭയിലും നിയമസഭയ്ക്കുപുറത്തും കുറെയെല്ലാം എതിർപ്പുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോൾ അതു നീക്കം ചെയ്യുവാൻ നിവൃത്തിയില്ലാത്ത ഒരു നികുതിയായി തീർന്നിട്ടുണ്ട്. ഇന്ന് അതിനെപ്പററിയുള്ള ആക്ഷേപങ്ങൾ അതു ഈടാക്കുന്ന സമ്പ്രദായത്തെപ്പററി മാത്രമാണ്. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം ഈ നികുതി ഈടാക്കുന്ന സമ്പ്രദായത്തെപ്പററി പല ഭേദഗതികൾ വരുത്തുകയുണ്ടായി. എന്നാൽ ഇന്നും ഈ നികുതി കൊടുക്കേണ്ട ആവശ്യമില്ലാത്ത ആളുകളിൽനിന്ന് ഈടാക്കുകയും കൊടുക്കേണ്ടതായ പല ആളുകളും ഇതിൽനിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുന്നുണ്ട്. ഇന്ന് പ്രത്യേകമായി കാർഷികാദായനികുതി ചുമത്തിയിട്ടുള്ള ആളുകളുടെ സംഖ്യയും അതു ചുമത്താത്ത ആളുകളുടെ സംഖ്യയും താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം വളരെ ആളുകൾ ഈ നികുതി കൊടുക്കാതെ ഇതിൽനിന്നും ഒഴിഞ്ഞുമാറീട്ടുണ്ടെന്ന് കാണുവാൻ കഴിയും. ഇന്നത്തെ അടിസ്ഥാനത്തിൽ ഈ നികുതി ഈടാക്കുന്നപക്ഷം ഒഴിഞ്ഞുപോകുന്ന ആളുകളിൽനിന്നെല്ലാം ഈടാക്കുന്ന ഒരു പദ്ധതി ഉണ്ടാക്കുവാൻ നിയമംമൂലം സാധ്യമല്ല. ഈ സഭയുടെ ആലോചനക്ക് അടുത്തുതന്നെ വരുവാൻപോകുന്ന ലാൻറ കമ്മിററി റിപ്പോർട്ടു അനുസരിച്ച് ഭൂമിയുടെ പരിധി ഏതെങ്കിലും ഒന്നു ക്ലിപ്തപ്പെടുത്തുവാൻ മാർഗ്ഗമുണ്ട്. സർ, അങ്ങനെ ക്ലിപ്തപ്പെടുത്തുന്നപക്ഷം ഇന്നത്തെ നിരക്കിൽ കാർഷികാദായനികുതി ഈടാക്കുന്നതിന് സാധ്യമല്ല. ഭൂമിയുടെ പരിധി കുറയുന്നതോടുകൂടി കാർഷികാദായനികുതി ചുമത്തുന്ന ആളുകളുടെ സംഖ്യയും വളരെ കുറയുവാൻ ഇടയുണ്ട്. അതുകൊണ്ട് ഇപ്പോൾ കാർഷികാദായനികുതി ഈടാക്കുന്ന സമ്പ്രദായത്തിലുള്ള കുറവുകൾ പരിഹരിക്കുന്നതിനും ഈ ഇനത്തിൽ ഗവമെൻറിലേയ്ക്കുള്ള ആദായത്തിൽ കുറവു വരാതിരിക്കുന്നതിനുംവേണ്ടി ബേസിക്ക് ടാക്സിന്നു പുറമെയുള്ള ഒരു ടാക്സായി ഈ നികുതിയുംകൂടി ചുമത്തത്തക്കവണ്ണം ആ നിയമത്തിൽ ആവശ്യമായ ഭേദഗതി ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

[Sri E. P. Poulose]

സർ, ഇന്നു് പച്ചില വളത്തിനുവേണ്ടി പല സ്ഥലങ്ങളും വെറുതെ ഇട്ടിട്ടുണ്ടു്. അങ്ങിനെ അനേകം ഏക്കർ സ്ഥലങ്ങളുണ്ടു്. ഈ സ്ഥലങ്ങളും ആദായം നൽകുമെന്നുള്ള ഗണനയിൽ ആദായനികുതി ഈടാക്കുന്നതു അന്യായമാണു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള : ആദായം ഇല്ലാത്ത സ്ഥലങ്ങൾ കൈവശം വെച്ചുകൊണ്ടിരിക്കണമെന്നു് വല്ലവരും നിർബന്ധിക്കുന്നുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ഗവമ്മെൻറു് ഈ നയം തുടരുകയാണെങ്കിൽ ഇങ്ങനെയുള്ള സ്ഥലങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. എന്നാൽ പച്ചിലവളം കർഷകർക്കു് അത്യാവശ്യം ആയതുകൊണ്ടു് അതിലേക്കു് ഈ സ്ഥലം വച്ചുകൊണ്ടു് ഇരിക്കുന്നുവെന്നേയുള്ളു. അതിന്മേൽ ആദായനികുതി ഈടാക്കുന്നപക്ഷം ആ സ്ഥലം വേണ്ടെന്നുവയ്ക്കാനാണു് എളുപ്പം.

ആദായനികുതി ഈടാക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ചുമതലബോധം വളരെ വളരെ വദ്ധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. കാർഷികാദായനികുതി സ്റ്റേറ്റിനു് കിട്ടുന്ന വരുമാനത്തെ കുറക്കാതെയിരിക്കുന്നതിനും അതേ അവസരത്തിൽ കർഷകർക്കു് വിഷമങ്ങൾ ഉണ്ടാകാതെയിരിക്കുന്നതിനും പര്യാപ്തമായവിധത്തിൽ ബേസിക്കു് ടാക്സു് വദ്ധിപ്പിക്കുന്നതു കുറച്ചുകൂടി നന്നായിരിക്കുമെന്നാണു് എൻെറ അഭിപ്രായം.

മിസ്റ്റർ സ്പീക്കർ : ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തെതന്നെ മാററണമെന്നു് ഈ ഘട്ടത്തിൽ പറയാവുന്നതല്ല. നിലവിലിരിക്കുന്ന സമ്പ്രദായത്തെയും നടപടികളെയും അതു പരിഷ്കരിക്കേണ്ട വിധത്തെയും പററി സംസാരിക്കാം. ഇന്നത്തെ നടപടികളിലും പ്രവത്തനങ്ങളിലും വല്ല പിശകുകളും ഉണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണു് ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. ഇ. പി. പൗലോസ് : ഇതുവരെ ഈടാക്കി വന്നിരുന്ന സമ്പ്രദായത്തെ പരിഷ്കരിക്കണമെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളു. ഇപ്പോഴത്തെ സമ്പ്രദായം പ്രയോജനപ്രദമല്ലെന്നു കണ്ടതുകൊണ്ടാണു് വേണ്ടിവന്നാൽ നിയമംകൂടി മാററണമെന്നു് ഞാൻ പറഞ്ഞതു്.

സർ, ഈ ഘട്ടത്തിൽ ഒരു കാര്യംകൂടി ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ഭൂവിതരണസമ്പ്രദായത്തെപ്പററി പരാമർശിച്ചപ്പോൾ ഒരാളിൻെറ കൈവശം വച്ചുകൊണ്ടിരിക്കാവുന്ന ഭൂമിയുടെ പരിധി ക്ലിപ്തപ്പെടുത്തണമെന്നു് പറഞ്ഞു. ഒരാളിൻെറ കൈവശം പരമാവധി ൫൦ ഏക്കറിൽ കൂടുതൽ വച്ചുകൊണ്ടു ഇരിക്കുവാൻ പാടില്ലെന്നു് ഒരു നിയമം ഉണ്ടായിയെന്നു് വിചാരിക്കുക. ആദായം ലഭിക്കുന്നതു് മിക്കവാറും ഏക്കറേജു് അനുസരിച്ചായിരിക്കും. കൂടുതൽ ഏക്കർ ഭൂമി കൈവശം ഉള്ളവനിൽനിന്നും കൂടിയ നിരക്കിൽ ആദായനികുതി ഈടാക്കുവാൻ കഴിയും. മാത്രമല്ല കാർഷികാദായനികുതിയുടെ പരിമാണത്തിനു് ഒരു ക്ലിപ്തമായ തോതും ഉണ്ടാകും. അതായതു് ൫൦ ഏക്കറിൽ കൂടുതൽ ആരുടെ കൈവശവും ഉണ്ടായിരിക്കുന്നതല്ലല്ലോ. ആ നിലക്കു നോക്കുമ്പോൾ ഏക്കറേജു് അനുസരിച്ചു ആദായനികുതി ഈടാക്കുന്ന സമ്പ്രദായം നടപ്പിൽ വരുത്തുന്നതായിരിക്കും കുറെക്കൂടി ഉത്തമമായിട്ടുള്ളതു്. അതുവേണം എന്നു് ഞാൻ പറയുകയല്ല. ഒന്നുകിൽ ശരിയായ നിലയിൽ കാർഷികാദായനികുതി പിരിക്കണം. അതു സാദ്ധ്യമല്ലെന്നുകണ്ടാൽ നിയമം ഭേദപ്പെടുത്തിയെങ്കിലും കർഷകരെ രക്ഷിക്കേണ്ടതാണു്.

Sri. P. M. Varghese: Sir, I move. To reduce the total allotment of Rs. 1,92,400 for Taxes on income other than Corporation tax by Re 1.
(To discuss on the general policy).

സർ, കാർഷികാദായനികുതി ഈടാക്കുന്ന രീതിയെ സംബന്ധിച്ചും നടപടികളെ സംബന്ധിച്ചും ധാരാളം ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. ഈ ആക്ഷേപങ്ങൾ യഥാർത്ഥങ്ങളുമാണ്. ഗവമ്മെൻറിന് നികുതി ഇനത്തിൽ കിട്ടുന്ന പണമല്ലാതെ മററു വരവില്ലെന്നുള്ളതും പരമാർത്ഥമാണ്. ഇപ്പോൾ നികുതി പിരിച്ചുകൊണ്ടിരിക്കുന്ന രീതിക്കു എന്തെങ്കിലും ഭേദഗതി ചെയ്യണമെന്ന് പൊതുജനങ്ങൾ ആവശ്യപ്പെട്ടാൽ തീർച്ചയായും അതു ചെയ്യേണ്ടതു ഗവമ്മെൻറിൻെറ കടമയാണെന്നാണ് എനിക്കു പറവാനുള്ളതു്. കാർഷികാദായനികുതി, ഭൂമിയിൽനിന്നും ഉണ്ടാകുന്ന കാർഷികവിഭവങ്ങളെ അടിസ്ഥാനമാക്കിവേണം ഈടാക്കുവാൻ. ഭൂമി ചിലപ്പോൾ കൂടുതൽ വിളവുള്ളതും ചിലപ്പോൾ വിളവു കുറവുള്ളതുമായിരിക്കും. ഓരോ ഭൂമിയിൽനിന്നും എത്രമാത്രം ആദായമുണ്ടാകുന്നു എന്നുള്ളതിനെ അടിസ്ഥാനമാക്കിയാണ് നികുതി തിട്ടപ്പെടുത്തുന്നതു്. ഒരേ കാലത്തു് രണ്ടു കർഷകർ അടുത്തടുത്തു കൃഷി ചെയ്യുകയും സമമായ വിസ്തീർണ്ണമുള്ള ഭൂമിയിൽ കൃഷി ചെയ്യുകയും ചെയ്യുന്നുവെന്നിരിക്കട്ടെ. ഒരു കർഷകന് അവൻെറ സാമർത്ഥ്യംകൊണ്ടും ഉത്സാഹംകൊണ്ടും കൂടുതൽ വിളവുണ്ടാകുകയും മറെറ കർഷകന് അവൻെറ അലസതകൊണ്ടു് വിളവു കുറഞ്ഞുപോകുകയും ചെയ്യുകയാണെങ്കിൽ ഉത്സാഹിയായ കർഷകൻ കൂടുതൽ നികുതി കൊടുക്കേണ്ടി വരുന്നുവെന്നുള്ളതാണ് നിലവിലിരിക്കുന്ന ആദായനികുതി ഈടാക്കൽ സമ്പ്രദായംകൊണ്ടു് ഭവിക്കുന്നതു്. ഈ ഏർപ്പാടു് നീതീകരിക്കാവുന്ന ഒന്നല്ല. ഭൂമിയുടെ വിസ്തീർണ്ണം അനുസരിച്ചു തുല്യവിളവുണ്ടാകുന്ന ഭൂമിക്കു ഒരേ രീതിയിൽ നികുതി ഈടാക്കുന്ന സമ്പ്രദായമാണ് ആശാസ്യമായിട്ടുള്ളതു്. അതുകൊണ്ടു് കാർഷികാദായനികുതി പിരിക്കുന്ന ഇന്നത്തെ രീതിതന്നെ ഒന്നു മാററി ഭൂമിയുടെ നൽപ്പതിൽപ്പ തിട്ടപ്പെടുത്തി വിസ്തീർണ്ണമനുസരിച്ചു നികുതി ഈടാക്കുകയാണ് വേണ്ടതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെയാണോ ആദായനികുതി എന്നു പറയുന്നതു്?

ശ്രീ. പി. എം. വർഗ്ഗീസ്: ആദായനികുതി എന്നപേർ മാററുന്നതിലും വിരോധമില്ല. നികുതി ചുമത്തുന്നതു് നീതീകരിക്കത്തക്കവണ്ണം വേണമെന്നാണ് ഞാൻ പറയുന്നതു്. ഭൂമിക്കു് നാം നികുതി ചുമത്തുമ്പോൾ ഈ രാജ്യത്തു് കർഷകരെയാണ് അതു ബാധിക്കുന്നതു്. ഈ രാജ്യത്തുള്ള കർഷകരിൽ അധികംപേരും ശരിയായി കണക്കു സൂക്ഷിക്കുന്നവരല്ല. അതിനുള്ള പരിചയവും അവർക്കില്ല. ഇന്നത്തെ ആദായനികുതി ഫാറങ്ങൾ സർ. സി. പി.യുടെ കാലത്തു് തയ്യാറാക്കിയിട്ടുള്ളവയാണ്. ഇംഗ്ലീഷിലാണ് അതു അച്ചടിച്ചിരിക്കുന്നതു്.

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ നിലവിലിരിക്കുന്ന നിയമങ്ങളെ മാററുന്നതിനോ അതിലേക്കുള്ള വാദപ്രതിവാദങ്ങൾ പറപ്പെടുവിക്കുന്നതിനോ ഈ അവസരം ഉപയോഗപ്പെടുത്താവുന്നതല്ല.

ശ്രീ. പി. എം. വർഗ്ഗീസ്: ഇപ്പോൾ നിലവിലിരിക്കുന്ന വ്യവസ്ഥ കർഷകർക്കു് ദോഷകരമാണെന്നാണ് ഞാൻ പറഞ്ഞതു്. അതിൻെറ ദൃഷ്ടാന്തത്തെപ്പററി എനിക്കു ബോദ്ധ്യമുള്ളതുകൊണ്ടു് ആ രീതി മാറേറണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടതാണ്.

മിസ്റ്റർ സ്പീക്കർ: അതിലല്ല ആക്ഷേപം. നിലവിലുള്ള നടപടികളെ നിരൂപണം ചെയ്യുകയല്ലാതെ നിയമത്തെ നിരൂപണം ചെയ്യുകയല്ല വേണ്ടതു്.

ശ്രീ. പി. എം. വർഗ്ഗീസ്: നിലവിലുള്ള നടപടികളെ പററിയുള്ള ആക്ഷേപമാണു് ഞാൻ പറയുന്നതു്. അല്ലാതെ നിയമത്തെപ്പററിയല്ല. ആദായനികുതി ഫാറങ്ങൾ ഇംഗ്ലീഷിലാണു്. പാവപ്പെട്ട കർഷകനു് ഇംഗ്ലീഷ് അറിഞ്ഞുകൂടാ. അവൻ അതുംകൊണ്ടു ഇംഗ്ലീഷു അറിയാവുന്ന ആളുകളുടെ അടുക്കൽ പോകണം. അതിനു് നല്ല ഒരു സംഖ്യ പ്രതിഫലം കൊടുക്കുകയുംവേണം. ഇതു വലിയ അസൗകര്യമായിട്ടാണിരിക്കുന്നതു്.

നമ്മുടെ ഈ നാട്ടിൽ ക്രമക്കേടുകളെപ്പററിയും ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററിയും ധാരാളം ആക്ഷേപങ്ങൾ ഉള്ള സ്ഥിതിക്കു് ഈ ആദായം തിട്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാർ വല്ലവരും അഴിമതിക്കാർ ആണെങ്കിൽ അവരുടെ ചൂഷണത്തിനും ഈ കർഷകർ വിധേയരാകും. ഇന്നും അങ്ങനെയുള്ള ആക്ഷേപങ്ങൾ ധാരാളം ഉണ്ടു്. ഗവമ്മെൻറിനു് നിയമപ്രകാരം ഈടാക്കേണ്ട ആദായനികുതി മുഴവൻ ഈടാക്കണമെന്നല്ലാതെ ജനങ്ങളെ പീഡിപ്പിക്കണമെന്നോ ഉപദ്രവിക്കണമെന്നോ വിചാരമില്ലല്ലോ. എങ്കിൽ എന്തുകൊണ്ടു ഈ ആദായം കിട്ടുന്നതിനു് നിരുപദ്രവങ്ങളായ മററു മാർഗ്ഗങ്ങൾ സ്വീകരിച്ചുകൂടായെന്നു ഞാൻ ചോദിക്കുന്നു. ചിലവുതള്ളി മിച്ചംവരുന്ന ആദായത്തിനു് നികുതി ഇടാക്കുന്നതിൽ യാതൊരു തെററും ഇല്ല. ഇന്നു് യഥാർത്ഥത്തിൽ നടക്കുന്നതു് അങ്ങനെയൊന്നുമല്ല. കഷ്ടിച്ചു ആയിരമോ ആയിരത്തിയഞ്ഞൂറോ രൂപാ വരവുള്ള ഒരാളെ ഈ ഉദ്യോഗസ്ഥന്മാർ ആദായനികുതിക്കു് പിടിച്ചു എന്നു വരാം. ഈ വക കുഴപ്പങ്ങൾ ഉണ്ടാകാതെയിരിക്കത്തക്കവിധത്തിൽ ഇന്നത്തെ ആദായനികുതി ഇടാക്കുന്ന സമ്പ്രദായംതന്നെ മാറേറണ്ടതാണു്. ശ്രീ. പൗലോസ് പറഞ്ഞതുപോലെ ലാൻറു കമ്മിററിയുടെ തീരുമാനമനുസരിച്ചു ഇവിടുത്തെ ഭൂവുടമക്കുതന്നെ ഒരുപക്ഷെ വ്യത്യാസം വന്നേക്കാവുന്നതാണു്. അപ്പോൾ വിസ്തീർണ്ണമനുസരിച്ചു് നികുതി ഈടാക്കുന്ന സമ്പ്രദായമായിരിക്കും നന്നായിരിക്കുന്നതു്. അതിനാൽ കർഷകനു് ഒരു തരത്തിലും ഉപദ്രവം ഉണ്ടാകാത്ത നിലയിൽ കാർഷികാദായ നികുതിയെ രൂപാന്തരപ്പെടുത്തി ഈടാക്കുന്നതായിരിക്കും നല്ലതെന്നാണു് എനിക്കു പറയുവാനുള്ളതു്.

Sri. P. K. Krishnan Sastri: Sir, I move: To reduce the total allotment of Rs. 1,92,400 for Taxes on income other than Corporation tax by Re. 1.

തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറിൻെറ വരുമാനങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണു് കാർഷികാദായനികുതി എന്നുള്ളതിൽ സംശയമില്ല. എന്നാൽ ഗവമ്മെൻറു് ഇതു ഈടാക്കുന്ന കാര്യത്തിൽ വളരെ ഉദാസീനതയാണു് കാണിച്ചുവരുന്നതു്. ഈ ആദായനികുതി ഈടാക്കേണ്ടതു് പ്രസ്തുത ഉടമസ്ഥന്മാരിൽനിന്നാണു്. ആദായനികുതി ബില്ലു് നിയമസഭയിൽ വന്നപ്പോൾ അതിനെ എതിർത്തു ഇവിടത്തെ ജന്മിമാരുടെയും മുതലാളിമാരുടെയും പ്രതിനിധികൾ മാത്രമാണെന്നുള്ളതും ഒരു പരമാർത്ഥമാണു്. ജന്മിമാക്കും മുതലാളിമാക്കും വഴങ്ങി കൊടുക്കുന്ന ഇന്നത്തെ ഗവമ്മെൻറു് അവരുടെ കഠിനമായ അപ്രീതിക്കു പാത്രമാകാതെയിരിക്കുന്നതിനു ഈ നിലയിൽ അത്ര ഉദാസീനനയം നികുതി ഈടാക്കുന്ന വിഷയത്തിൽ തുടന്നുവരുമെന്നുള്ളതിനു ബഡ്ജററുതന്നെ സാക്ഷ്യം വഹിക്കുന്നു. ഇപ്രകാരം മുതലാളിമാക്കുവേണ്ടി വഴങ്ങിക്കൊടുത്തു സാധുക്കളിൽനിന്നും കരം ഈടാക്കുന്ന വിഷയത്തിൽ നിർബ്ബന്ധം കാണിച്ചുവരുന്നു. ഈ ഒരു ഏർപ്പാടു് വച്ചുപുലത്തുന്നതു് സാധുക്കളെ സംബന്ധിച്ചിടത്തോളം സങ്കടകരമായ ഒരവസ്ഥയാണു്. എത്രയും വേഗത്തിൽ ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നു് ഞാൻ ഗവമ്മെണ്ടിനോടപേക്ഷിക്കുന്നു.

The House rose for lunch at 1 p.m. and reassembled at 2 p.m. with Mr. Deputy Speaker in the Chair.

<u>ശ്രീ. പി. കെ. കൃഷ്ണശാസ്ത്രി:</u> സർ, ഇന്നു് ഈടാക്കിവരുന്ന ആദായനികുതിതന്നെ വളരെ കുറവാണു്. ഒരാണ്ടിൽ ൩,൦൦൦ രൂപാക്കുമേൽ ആദായം ഉള്ളവരിൽ നിന്നുമാണു് നികുതി ഈടാക്കുന്നതു്. മുൻപു് സൂപ്പർ ടാക്സ് എന്നൊരു നികുതി ഈടാക്കിക്കൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ ആ നികുതിയും നിറുത്തിക്കളഞ്ഞിട്ടാണു് ഈ കാർഷികാദായനികുതി നടപ്പിൽ വരുത്തിയിരിക്കുന്നതു്. അതുകൊണ്ടു് എനിക്കു് പറയുവാനുള്ളതു് ൩,൦൦൦ രൂപാക്കുമേൽ എന്നുള്ളതു മാററി ൫,൦൦൦ രൂപക്കുമേൽ കാർഷികാദായം ഉള്ളവരിൽനിന്നും നികുതി പിരിക്കണമെന്നാണു്. അങ്ങനെയായാൽ കാർഷികാദായ നികുതി ഇനത്തിൽ ഒരു ഭീമമായ സംഖ്യ ഗവമ്മെൻറിനു ആണ്ടുതോറും ലഭിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് വളരെ വർഷങ്ങളായി സാധുക്കളായ കർഷകർ ദേഹണ്ഡിച്ചു് തുണ്ടുതുണ്ടു സ്ഥലങ്ങൾ അവരുടെ കൈവശം വച്ചു് അനുഭവിച്ചുവരുന്നു. എന്നാൽ ഈവക വസ്തുക്കൾ ആ സാധുക്കൾക്കുതന്നെ പതിച്ചുകൊടുക്കുന്നതിനു് ചില വ്യവസ്ഥകളും നിയമങ്ങളും ഉണ്ടെങ്കിലും അതു് അർഹിക്കുന്ന തരത്തിൽ നടപ്പിൽ വരുത്താൻ ഗവമ്മെൻറു് അമാന്തിക്കുകയാണു് ചെയ്യുന്നതു്. ആ കാര്യത്തിൽ ഗവമ്മെൻറു് വേണ്ട നടപടി എടുക്കണമെന്നുകൂടി ഞാൻ അപേക്ഷിക്കുന്നു. അതോടൊപ്പംതന്നെ കാർഷികാദായനികുതി കൊടുക്കാതെ ഒളിവിൽ കാലംകഴിച്ചുകൂട്ടുന്ന ആളുകളിൽനിന്നും ഒരു കർശനമായ വ്യവസ്ഥയിൽ നികുതി പിരിക്കുകയും മേലാൽ ഈ രീതിയിലുള്ള ഒരവസ്ഥ ഉണ്ടാകാതെ ശ്രദ്ധിക്കുയും ചെയ്യണമെന്നു് ഞാൻ ഗവമ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Sri. G. Chandrasekhara Pillai: Sir, I move: To reduce the total allotment of Rs. 1,92,400 for Taxes on income other than Corporation tax by Rs. 100.
(To discuss the general policy and working of the Department).

ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് രണ്ടുവാക്കു് പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. സർ, കാർഷികാദായനികുതി ഈടാക്കിവരുന്ന സമ്പ്രദായം തികച്ചും തൃപ്തികരമാണെന്നു് പറയാൻ നിവൃത്തിയില്ല. ധനവാന്മാരും വൻതരം കച്ചവടക്കാരും ആയ ആളുകളിൽനിന്നും ശരിയായ വിധത്തിൽ ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ നികുതി പിരിക്കുന്നില്ല. തന്മൂലം ആ ഇനത്തിൽ ഗവമ്മെൻറിനു് ഒരു വലിയ തുക നഷ്ടപ്പെട്ടുകൊണ്ടുതന്നെയാണിരിക്കുന്നതു്. അതുകൊണ്ടു് ഈ കാര്യത്തിൽ മേലാലെങ്കിലും വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്നു് ഞാൻ ഗവമ്മെൻറിനെ ഉൽബോധിപ്പിക്കുന്നു. മറെറാരു സംഗതി സെയിൽസ് ടാക്സിനെപ്പററിയാണു്. ൧൧൨൪-ൽ ആണെന്നു് തോന്നുന്നു സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറു് ആദ്യമായി രൂപീകരിച്ചതു്. ഡിപ്പാർട്ടുമെൻറു് രൂപം എടുത്തതോടുകൂടി അതിലേക്കു് ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കാനും തുടങ്ങി. ൩൦—൪൫, ൪൫—൬൫, ൭൦—൧൦൦ ഇങ്ങനെയുള്ള സ്കെയിലനുസരിച്ചു് നിയമനങ്ങളും നടത്തി.

<u>ശ്രീ. എ. താണുപിള്ള:</u> സർ, ഒരു പോയിൻറു് ഓഫ് ഓർഡർ. കാർഷികാദായനികുതിയാണു് ഇവിടത്തെ ചർച്ചാവിഷയം. അതിൽ സെയിൽസ് ടാക്സിൻെറ കാര്യം വരുന്നില്ല.

<u>ശ്രീ. ജി. ചന്ദ്രശേഖരപിള്ള:</u> ഇവിടത്തെ സബ്ജെക്ട് കാർഷികാദായനികുതിയെ സംബന്ധിച്ചുള്ളതാണെങ്കിലും ആ ഡിപ്പാർട്ടുമെൻറിലാണു് സെയിൽസ് ടാക്സിനെപ്പററിയുള്ള ജോലികളും നടത്തുന്നതു്. അതുകൊണ്ടാണു്

[Sri. G. Chandrasekhara Pillai:]

ആ കാര്യംകൂടി ഇപ്പോൾ പറയാനിടയായതു്. സർ, ഇങ്ങനെ ആദ്യമേ നിയമിച്ചവരുടെ മുകളിൽ പിന്നെയും ഓരോരുത്തരെയായിട്ടു് നിയമനം നടത്തിക്കൊണ്ടിരിക്കുന്നു. ഇതു് താഴെയുള്ളവക്കു് അവരുടെ പ്രമോഷനു ബാധകമായിത്തന്നെ തീരുന്നു. അതായതു് ൩൦—൪൫ സ്കെയിലുള്ള ഒരു ക്ലാർക്കിനു് ഒരു വിധത്തിലും പ്രമോഷനു വകയില്ലാതെ വിഷമിക്കുന്നു. ഇക്കാര്യം പറയുമ്പോൾ സ്റ്റേററു് ട്രാൻസ്പോർട്ടു് ബസ്സിലെ യാത്രക്കാരുടെ ക്യൂ സിസ്റ്റത്തെപ്പററി ഓർമ്മ വരുന്നു. എങ്ങനെ എന്നാൽ ട്രാൻസ്പോർട്ടു ബസ്സിനു ടിക്കററു വാങ്ങിക്കാൻ ക്യൂ സിസ്റ്റം അനുസരിച്ചു് ആളുകൾ ഒന്നിനു പുറകെ ഒന്നായി നില്ക്കുമ്പോൾ പുത്തനായിട്ടു വരുന്നവർ ടിക്കററു വാങ്ങുവാനായി അവരുടെ എല്ലാവരുടെയും മുമ്പിൽ കയറി നിൽക്കുന്നു. തന്മൂലം പിറകിൽ നില്ക്കുന്നവർ ടിക്കററു കിട്ടാതെ അവിടെത്തന്നെ നിൽക്കുകയും പിന്നീടു് വന്നവർ ടിക്കററു വാങ്ങിക്കൊണ്ടു പോകുകയും ചെയ്യുന്നു. അതുപോലെയാണു് ഈ ഡിപ്പാർട്ടുമെൻറുകളിലെ ക്ലാർക്കന്മാരുടെ അവസ്ഥ. മുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വേക്കൻസികൾക്കു സീനിയോറിട്ടി മുറക്കു് ഉദ്യോഗകയററം കൊടുത്താൽ താഴെയുള്ളവനും അതുകൊണ്ടു് ഗുണമുണ്ടാകും. അങ്ങനെ ചെയ്യില്ലെങ്കിൽ അവക്കു് തങ്ങളുടെ ഔദ്യോഗികജീവിതത്തിൽ നൈരാശ്യവും നിരുത്സാഹവും ഉണ്ടാകും. അതുകൊണ്ടു് ഈ കാര്യംകൂടി ഗവമ്മെൻറു് ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: താഴെയുള്ളവരുടെ മുകളിൽ പിന്നെയും ആളുകളെ കൂടുതലായിട്ടു് നിയമിക്കുന്നുവെന്നു് പറയുന്നു. ഈ നിയമനം നടത്തുന്നതാരാണു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നിയമനം നടത്തുന്നതു് പബ്ളിക്കു് സർവീസ് കമ്മീഷണരാണു്. പക്ഷെ ഗവമ്മെൻറു് ആവശ്യപ്പെടുന്നതനുസരിച്ചാണു് നിയമനം നടത്തുന്നതു്. അപ്രകാരം നിയമനം നടത്തുന്നതുകൊണ്ടുണ്ടാവുന്ന അനന്തരഫലങ്ങളെപ്പററിയുള്ള ദോഷവശങ്ങളെയാണു് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതു്.

Sri. A. Thanu Pillai: Sir, the speeches made by the hon. Members who have spoken on these cut motions, particularly the speeches of members of the Congress party, to me it seems call for some clarification. We are at the question of Agricultural Income Tax. Certainly, facts are clear that the Income Tax levy during the current year has fallen far short of the estimate. The reasons given for that are conflicting. The Finance Minister yesterday made an observation which goes to show that there is some tenderness on his part for those that are liable to pay the Agricultural Income Tax, which tenderness we do not find even in respect of the tax-payers who are really very poor and not capable of paying their taxes. We heard from the members of the Congress party that the party is distinctly half-hearted in respect of the imposition and levy of these taxes. The observations of the Finance Minister have to be taken into consideration along with the observations that have been made by the members of the Congress party, particularly the speeches of both the Vargheses. Sir, I fail to see why the Finance Minister should be so very tender towards the people who have to pay the Agricultural Income Tax more than in respect of any other assessee. The position has to be made very clear. We must accept certain principles of taxation. The foremost of them must be this. The taxes should be levied in accordance with the capacity of the person paying the tax. That was the reason why the land tax was abolished, and in its place the basic tax at a low rate was introduced. The Agricultural Income Tax was

imposed on people who have a much larger income. This was done a few years ago. The party in power seems to be very anxious about the matter. Now the basic tax was almost doubled. We do not find any compunction on the part of the Finance Minister. Though the Agricultural Income Tax is assessed on high incomes we find this reluctance to levy it. Of course, explanations may be forthcoming. But no explanation given so far seems satisfactory. The Minister may say there was some difficulty in respect of the law. There is the Finance Secretary's statement that the officers were not appointed in time. Even about officers who have been appointed, there are complaints. As far as possible, the poorer man should be taxed less. We must follow the basic principle. That was why we have all along been complaining that there must be the equitable distribution of holdings. If lands are equitably distributed we may not get any income-tax. Then we will have other sources of income. Nobody need worry about it. As things stand at present, the ruling party is against the levy of Agricultural Income Tax though it comes to a large amount. Anyway, this tax is to be levied as exhaustively as possible. I was really surprised at the statement of the Finance Minister. Every alw is being strictly enforced. Why is it that in this case alone there should be a deviation from the rule?

Some members of the Congress party accuse us of not having a definite programme. I ask them what basis they have for their taxation programme. The plea that we should go back on what we have done and convert this into a tax on land seems to have been put forward by more than one member of the Congress party. I do not understand what they mean by that. Do they want to go back upok what has been done? The Finance Minister may say that it is not their idea. But the speeches of members of his party are to that effect. Their opinion will certainly colour all that the Congress party will do and is capable of doing. And evidently this opinion of the influential members of the Congress party was reflected yesterday in the observation of the Finance Minister. This House has to protest against that attitude. We must see that the poor are not taxed and that the rich are taxed to the full. We find as a result of this that the cultivator who works hard and produces the income will be liable to pay more than the indolent land owner. My opinion is that the indolent land owner should have no place in the State. Every bit of land should be cultivated. Particularly in view of our shortage of food and over-population, no bit of land should be allowed to lie fallow. That should be our aim. Let us eliminate the indolent man. Let us see to it that every man or woman in the Travancore-Cochin State contributes his or her share to the cultivation of land. If land is not cultivated, it should be taken over by the State. We should not allow hundreds of acres to be owned by the people and allow that to lie uncultivated. With these observations, I support the motion moved by Sri. Nataraja Pillai.

Sri. Paul Thaliath: I move the following motion:

To reduce the allotment of Rs. 5,300 for pay of officers by Re. 1.

Sri. A. Thanu Pillai: May I suggest one thing — that we discuss the motions up to 12, dispose them off and then come to motion No. 13. The motions from 1 to 12 fall under one head.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഡിസ്കൂഷൻ എല്ലാം കഴിഞ്ഞിട്ട് ഒരുമിച്ച് വോട്ടിനിടാം.

ശ്രീ. എ. താണുപിള്ള: ശരിതന്നെ. പക്ഷെ ഇതുരണ്ടും രണ്ടുകാര്യങ്ങളെ ഉദ്ദേശിച്ചുകൊണ്ട്, പ്രത്യേകം പ്രത്യേകം ഡിസ്കസ് ചെയ്യുന്നതാണ് സൌകര്യം.

[Sri A. Thanu Pillai]

You will find from page 1 of the Detailed Budget Estimate that the first major head is "4-Taxes on Income other than Corporation Tax". We have dealt with that in motions Nos. 1 to 12. The next head is "13-Other taxes and duties". Motion No. 13 comes under the latter head.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഒരുമിച്ച് വോട്ടിനിട്ടാൽ മതി എന്നാണ് വിചാരിക്കുന്നത്.

Sri. Paul Thaliath: Sir, I move: To reduce the allotment of Rs. 5,300 for Pay of Officers by Re. 1.

(To point out the unsatisfactory working of the department)

ഞാൻ ഈ ഭേദഗതി മൂവുചെയ്യുന്നതു് ഈ ഡിപ്പാർട്ടുമെന്റിൽ നടക്കുന്ന ചില അഴിമതികളെ ചൂണ്ടിക്കാണിക്കാനാണ്. നിർഭാഗ്യവശാൽ ഈ ഡിപ്പാർട്ടുമെന്റിൽ യാതൊരു പരിചയവുമില്ലാത്ത ചില ഉദ്യോഗസ്ഥന്മാർ കടന്നുകൂടിട്ടുണ്ട്. ഞാൻ അങ്ങനെ പറയാനുള്ള കാരണം ഈ ഡിപ്പാർട്ടുമെന്റിലെ ചില ഉദ്യോഗസ്ഥന്മാർ സെയിൽസ് ടാക്സ് ആക്ടിലെ വ്യവസ്ഥകൾ യാതൊന്നും പാലിക്കാതെ അസ്സസ്സ്മെന്റ് നടത്തികാണുന്നതുകൊണ്ടാണ്. ഇതു് ഞാൻ എന്റെ അനുഭവം കൊണ്ടുകൂടി പറയുകയാണ്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: മെമ്പറിന്റെ അനുഭവം എങ്ങനെയാണെന്നു പറയാമോ?

ശ്രീ. പോൾ തളിയത്ത്: അതുതന്നെയാണ് പറയുന്നതു്. നിയമത്തിലെ വ്യവസ്ഥപ്രകാരം ഡിമാൻഡ്നോട്ടീസുപോലും തരാതെ എന്നെതന്നെ അസ്സസ്സ് ചെയ്തിട്ടുണ്ട്.

Sri. P. S. Nataraja Pillai: Sir, I rise to a point of order. The present motion is to reduce the allotment of Rs. 5,300 for the Pay of Officers to point out the unsatisfactory working of the department. My hon'ble friend is discussing the policy of the department as a whole and the working of Sales Tax Department and the Act. Such discussion would legitimately come under policy discussion under a motion for total reduction. Motions nos. 19 onwards are specifically intended for policy discussion. My point of order is that under the present motion for cut in the pay of the officers a general discussion on the policy of the working of the department cannot be raised.

Mr. Deputy Speaker: His attempt is to point out the unsatisfactory working of the Deputy Commissioner.

ശ്രീ. പോൾ തളിയത്ത്: അങ്ങനെ നിയമപ്രകാരം അവർ പ്രവർത്തിക്കാത്തതുകൊണ്ട് എത്ര അപ്പീൽകേസ്സുകൾ ഇന്ന് നിലവിൽ വന്നിട്ടുണ്ടെന്നു ഗവർമ്മെന്റ് അന്വേഷിച്ചാൽ മനസ്സിലാകുന്നതാണ്.

വേറൊന്ന് എനിക്ക് പറയുവാനുള്ളതു് ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ തെറ്റായ ഒരു ധാരണയുണ്ടെന്നാണ്. വളരെ കൂടുതൽ ടാക്സ് പിരിക്കുവാൻ സാധിക്കുന്ന ഉദ്യോഗസ്ഥന് അയാൾ ആരായിരുന്നാലും ഗവർമ്മെന്റിന്റെ കണ്ണിലുണ്ണിയായിത്തീരാമെന്ന ഒരു വിശ്വാസമുണ്ട്. അങ്ങനെ ഒരു ധാരണ മുമ്പ് ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ ഇല്ലെന്നാണ് വിചാരിച്ചിരുന്നതു്. എന്നാൽ അതു് പണ്ടത്തേക്കാൾ ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ് ചെയ്യുന്നതു്. ഈ ധാരണ ശരിയല്ലെന്നു അവരെ ഗവർമ്മെന്റ് അനുസ്മരിപ്പിക്കേണ്ടതു് ആവശ്യമാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റ്, മുമ്പിലത്തെ

ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറ്, ഇവയിലെല്ലാം ധാരാളം കൈക്കൂലിക്കാർ ഉണ്ടായിരുന്നു. ആ ഡിപ്പാർട്ടുമെൻറുകളിലെ ആളുകളെത്തന്നെയാണ് ഇന്നു് ഇതിൽ നിയമിച്ചിരിക്കുന്നതു്. പുതിയആളുകളെയും ഡിപ്പാർട്ടുമെൻറിലെ നിയമങ്ങൾ ശരിയായി മനസ്സിലാക്കിയിട്ടുള്ള ആളുകളേയുംമാത്രം ഇതിൽ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഈ കുഴപ്പം ഉണ്ടാകുകയില്ലായിരുന്നു. ഏതായാലും നിയമപ്രകാരം വേണ്ട എല്ലാ വ്യവസ്ഥകളും ഈ ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാർ സെയിൽസ് ടാക്സ് പിരിക്കുമ്പോൾ കർശനമായി പാലിക്കണമെന്നു പ്രത്യേകം ഏർപ്പാടു ചെയ്യണം. അതുപോലെതന്നെ ചെറിയ കച്ചവടക്കാരുടെ നേരെ കുറച്ചുകൂടി ദയവായി പെരുമാറുന്നതിനും എന്നാൽ വലിയ കച്ചവടക്കാരുടെ കയ്യിൽനിന്നും ടാക്സ് കർശനമായി ഈടാക്കേണ്ടതിനുമാണു നിർദ്ദേശിക്കേണ്ടതു്.

മറ്റൊന്നുകൂടി എനിക്കു പറയുവാനുണ്ടു്. അതായതു് സെയിൽസ് ടാക്സ് ചെക്കിൻപ്രകാരം കൊടുക്കാമെന്നു ഇപ്പോൾ വ്യവസ്ഥയുണ്ടു്. എന്നാൽ ചില ബാങ്കുകളുടെ ചെക്കു മാത്രമേ അക്സപ്റ്റു ചെയ്യാൻ പാടുള്ളു എന്നു് ഗവമെ്മൻറു ഇപ്പോൾ സക്കുലർ അയച്ചിട്ടുള്ളതായി മനസ്സിലാകുന്നു. ഞാൻ പറയുന്നതു് ഏതു ബാങ്കിലെ ചെക്കു് ആയാലും അക്സപ്റ്റു ചെയ്യേണ്ടതാണെന്നാണു്. ചെക്കെഴുതി തരുന്ന ആളിനു ബാങ്കിൽ പണം ഉണ്ടെങ്കിൽ ചെക്കു മാറികിട്ടും. അല്ലാതെ ബാങ്കിൻെറ വലിപ്പവും ചെറുപ്പവും അനുസരിച്ചല്ല ചെക്കു മാറികിട്ടുന്നതു്. അതുകൊണ്ടു് ഇൻഡ്യൻബാങ്കു്, ഇംപീരിയൽബാങ്കു് മുതലായ വലിയ ബാങ്കുകളുടെ ചെക്കു് എന്നുംമററും നോക്കാതെ എല്ലാ ബാങ്കുകളുടെയും ചെക്കുകൾ സ്വീകരിക്കണമെന്നു വ്യവസ്ഥ ചെയ്യണം. അഥവാ ചെക്കുകൾ മാറികിട്ടാത്തപക്ഷം മററു വിധത്തിൽ ഗവമെ്മൻറിനു കക്ഷികളിൽനിന്നും സംഖ്യ ഈടാക്കാവുന്നതാണല്ലോ. ഇത്രയും കാര്യങ്ങൾ ഗവമെ്മൻറിൻെറ ശ്രദ്ധയിൽ പെടുത്തികൊള്ളുന്നു.

Sri. P. S. Nataraja Pillai: Sir, I move,—

To reduce the allotment of Rs. 5,16,900 for District Officers by Re. 1.

This motion is intended to discuss the system of recruiting the officers. Sir, a complaint was made by a member of the Government party that the system of recruitment in this department is working hardship and there are widespread complaints about that. The Budget provides for Assistant Commissioners of Income-tax and Municipal Sales-tax Officers also. The grades are Rs. 275-325, Rs. 225-275 and Rs. Rs. 175-225. It can legitimately be expected that whoever comes into the lowest grade can naturally get promotion to the highest grade by seniority. But the system of promotion adopted is by asking the Public Service Commission to recruit officers with different qualifications at different times for the various grades. I will explain. When the first recruitment was made, they fixed the qualification as graduates in arts and graduates in commerce.

Later on, they advertised for the posts saying that law qualification is a necessity for recruitment to the place of Assistant Commissioner of Agricultural Income Tax. Naturally Sir, the people who got into the department as Municipal Sales Tax Officers, were graduates or graduates in Commerce. Now their promotion to the higher grades is blocked by the change of qualification introduced by the department at their descretion. This will cause discontentment and demoralisation in the department and the Services as a whole. This want of principle on the part of the Government in enforcing their orders and particularly acting up to it, has caused discontentment in the Public Service. It will be admitted by the Government Benches as well, that a man who throws in his lot with a particular department

[Sri. P. S. Nataraja Pillai]

must take his chance in the department and he should not be allowed to change the department at his own descretion by the Government varying the qualifications fixed for the posts. Otherwise, he will get opportunities to avail himself of short cuts and there will be short-circuiting through backstairs. Particular individuals reach the highest posts without putting in adequate period of service. I will just illustrate, Sir, even, for that matter, if I am correctly informed, the Deputy Commissioner himself is a graduate and is not a graduate in law and with comparitively short period of service. Where is the necessity to fix law qualification for Assistant Commissioners in this Department at this particular juncture? There are Officers who are non law-graduates in the department. Evidently, this is done with an eye to put in people whe are not in the department. That kind of varying the principle of recuitment to suit the convenience of persons interested at a particular moment, not of Government as a whole, but of particular sections, or particular individuals, is definitely bad. In this department, junior officers who have put in lesser period of service than their colleagues in the Excise department have come to the top of the service but they would not have had this rise if they had continued in the Excise department. Certainly, when new recruitment is made for a new department, certain officers may get a higher place but that should stop with the first stage. Later on, the departmental officers must get their chance to work up. I want to bring this to the notice of the House and I do so.

Sir, I move the next motion also. "To omit the allotment of Rs. 35,000 for lump sum provision, for unification of scales of pay".

Sir, this is a fundamental mistake in a Budget. In the last year's Budget there was an item in most of the Departments. "Lump sum provision for the unification of scales and the integration of services. That was the wording in the 1950 Budget. When we come to 1951, that wording is changed and we find that a lump sum provision is made for unification of scales and the word "integration" is omitted. This House and the public cannot forget that integration of the two services which was thought of as one of the primary or the first duty of the new State by the Committee which went into that question has not yet been finished. Though the Government issued a G. O. or proceedings on that matter, nothing has yet been done. Even now, this year, they are providing a lump sum provision in the name of "Unification of scales of pay". Certainly, by the integration of services, additional expenditure may or may not arise. My ground is that this Government is not in a position even now to settle the question of integration or define the principle under which integration should be done. When this is so, there is no meaning in making this provision, and asking the House to sanction it. The procedure should be that the Government must evolve a definite plan and there should be details before them and then by means of a supplementary grant they must get the amount sanctioned. They must give the House full details of the scheme. And then they can say 'these are the details we have worked out; we want so much money to carry out the scheme'. That ought to be the method which they should have adopted. But instead of that, they have provided a lump sum provision and they are asking this House to commist themselves to a scheme of which neither the Government benches nor the Members of this House know anything. Is there any necessity for such a commitment? Is there any necessity to tie down our hands and give Government a free charter or free power? That will not fit in with the legislative control which this House has over the expenditure of Government. Therefore, unless specific details are furnished, I request the House not to sanction any lump sum provision for the unification of scales of pay. In the Budget, we get details of the items of expenditure. And it will be presumed that the House has gone into those details when it

sanctions any amount. Without giving details, and that too in a matter like the Public Service, where is the necessity to provide for a lump sum? Therefore, I say that this House ought not to sanction this amount and it must be voted down. I may even go to the extent of saying that the Treasury Benches will agree with me that they do not want this sum to be sanctioned at present because they themselves have no scheme before them, nor do they know what the cost of the new scheme will be.

Then, if you go into the Budget, you will find surprising differences in the figures provided under this head for the different departments. For example, under Land Revenue, they have provided a lakh and fifty thousand. Last year it was a lakh of rupees. In the Excise department for 1950 they wanted a lakh and fifty thousand rupees under unification of scales. Now, they come forward with a lakh of rupees. Therefore, it is plain from the figures which the Government have placed before us that they have no definite idea as to the extent of the cost that they will have to bear on account of the integration and unification of scales. Let them put the whole scheme before us and get the amount sanctioned as a supplementary grant. Before that, any sanction will be illegitimate, and I may even say illegal, and this House should not sanction it. With these words I move the motion.

ശ്രീ. ഏ. ജെ. ജോൺ: സർ, ഉപക്ഷേപങ്ങളവതരിപ്പിച്ചുകൊണ്ട് ഇവിടെ പല വാദങ്ങളുമുന്നയിക്കയുണ്ടായി. ഒന്നുരണ്ടു സംഗതികളെപ്പററി എനിക്കു പറയാനുള്ള സമാധാനം പറയാമെന്നാണു ഞാൻ വിചാരിക്കുന്നതു്. അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ ൧൯൫൦ – ൫൧-ലേക്കു് അമ്പത്തിരണ്ടുലക്ഷം രൂപാ പ്രതീക്ഷിച്ചിരുന്നുവെന്നും എന്നാൽ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ചു് ൩൦ ലക്ഷം രൂപാ മാത്രമേ പിരിച്ചിട്ടുള്ളു എന്നും അതു് ഗവമ്മെൻറിൻേറയും ഡിപ്പാർട്ടുമെൻറിൻേറയും അലസതകൊണ്ടും മററുമാണെന്നും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഡ്ജററിന്റെ പൊതു വിമർശനവേളയിലും ഇതുപോലെ പ്രസ്താവനകളുണ്ടായി. അതിനു ഞാൻ ഉള്ള വാസ്തവ വിവരങ്ങൾ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുള്ളതാണു്. അന്നു ശ്രീ. വേലായുധൻനായർ ഇവിടെ ഉണ്ടായിരുന്നോ എന്നു ഞാൻ സംശയിക്കുന്നു. ഇവിടെ ഉണ്ടായിരുന്നുവെന്നുവരികിൽ ഇപ്പോൾ അദ്ദേഹം ഇതുപോലെയുള്ള പ്രസ്താവനകൾ ചെയ്യുമായിരുന്നില്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അന്നു ഞാൻ പ്രസ്താവിച്ച സംഗതികൾ വീണ്ടും പ്രസ്താവിക്കണമെന്നു ഇപ്പോൾ വിചാരിക്കുന്നില്ല. അന്നു വിസ്തരിച്ചുപറയാതിരുന്ന ഒന്നുരണ്ടു കാര്യങ്ങളെപ്പററി ഇപ്പോൾ പറയാം. എന്റെ ബഡ്ജററു പ്രസംഗത്തിൽ ൫൨ ലക്ഷം രൂപ ൩൦ ലക്ഷമായി കുറഞ്ഞതിനു് ഒരു പ്രത്യേക കാരണം പറഞ്ഞിരുന്നു. അതായതു് ൧൯൫൦-വരെ ബിസിനസ് ഇൻകം ടാക്സും അഗ്രികൾച്ചറൽ ഇൻകം ടാക്സും ഒന്നായിട്ടാണു് അസസ് ചെയ്തുകൊണ്ടിരുന്നതു്. അതിനുള്ള അസസ്മെൻറു ഫയലും എല്ലാം ഒന്നായിരുന്നു. ഇൻകംടാക്സ് മുഴുവൻ സെൻട്രൽ ഗവമ്മെൻറ് എടുത്തപ്പോൾ ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിലുള്ള മിക്കവാറും എല്ലാ ഉദ്യോഗസ്ഥന്മാരേയും അവക്കു തന്നെ വിട്ടുകൊടുക്കുകയുണ്ടായി. അതോടുകൂടി അഗ്രിക്കൾച്ചറൽ ഇൻകം ടാക്സും ബിസിനസ് ഇൻകം ടാക്സും കൂടിയുള്ള സകല ഫയലുകളും സെൻട്രൽ ഗവമ്മെൻറ് ഉദ്യോഗസ്ഥന്മാരുടെ കൈവശത്തിൽ ആയിത്തീൎന്നു. ആ ഫയലുകൾ തിരിയെ കിട്ടാതെ ൧൯൫൧-ലെ ആദായനികുതി പിരിക്കുന്നതിനുള്ള നടപടികൾ നടത്താൻ സാദ്ധ്യമല്ലാതെവന്നു. ആ ഫയലുകൾ തിരിഞ്ഞെടുക്കുന്നതിനു വളരെയധികം സമയം ചെലവിടേണ്ടിവന്നു. ഇതുസംബന്ധിച്ചു് പല പ്രാവശ്യവും ഇൻഡ്യാ ഗവമ്മെൻറ് ഉദ്യോഗസ്ഥന്മാരുമായി എഴുത്തുകുത്തുകൾ നട

[Sri. ·A J. John]

ത്തുകയും അതുകൊണ്ട് വലിയ ഫലം ഉണ്ടാകുന്നില്ലെന്നു കണ്ടപ്പോൾ റവന്യൂ ബോർഡ് സെക്കൻഡ് മെമ്പറെ അയച്ച് വാദം നടത്തുകയുമുണ്ടായി. അതിനുശേഷമാണ് ഫയലുകളെല്ലാം കിട്ടിയത്. അന്നു ഞാൻ പ്രസ്താവിച്ചതുപോലെ ഫിനാൻഷ്യൽ ഇയർ ഇൻകംടാക്സ് വ്യവസ്ഥയനുസരിച്ച് ഏപ്രിൽ മുതൽ ഏപ്രിൽവരെയാക്കിയതുകൊണ്ട് ഇൻഡ്യാഗവമ്മെൻറ് ചിങ്ങംമുതൽ ഏപ്രിൽവരെയുള്ള ആദായനികുതി പിരിക്കൽ ഉപേക്ഷിക്കുകയാണു ചെയ്തത്. ആ വിധത്തിൽ നോക്കിയാൽ നാമും ഉപേക്ഷിക്കേണ്ടതായിരുന്നു. എന്നാൽ അതു സംബന്ധിച്ച് വിദഗ്ദ്ധന്മാരായ അഡ്വക്കേററന്മാരുമായി ആലോചിച്ചതിനുശേഷം ഫിനാൻഷ്യലിയറിനു വ്യത്യാസം വരുത്താതെതന്നെ ഒരു ഭേദഗതി നിയമം അവതരിപ്പിച്ചാൽ മതിയാകുമെന്നു കണ്ടതനുസരിച്ചാണു കഴിഞ്ഞ ദിവസം ഇവിടെ ഒരു ഭേദഗതി നിയമം അവതരിപ്പിച്ചത്. ഇതുകൂടാതെയുള്ള കാരണങ്ങളെല്ലാം മിനിഞ്ഞാന്നു ഞാൻ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ശ്രീ. വേലായുധൻ നായരുടേയും ശ്രീ. നടരാജപിള്ളയുടേയും ആശയങ്ങൾ എന്തെല്ലാമാണെന്നു മുഴുവനും എനിക്കു മനസ്സിലായിട്ടില്ല. എനിക്കു മനസ്സിലായ കാര്യങ്ങളെക്കുറിച്ചാണു ഞാൻ ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. ആദായനികുതി ഒരാപല്ക്കരമായ ആയുധമാണെന്നു ഞാൻ ഇവിടെ പ്രസ്താവിച്ചതിനെപ്പററി ശ്രീ. നടരാജപിള്ള എന്തെല്ലാമോ പറയുകയുണ്ടായി. കാർഷികാദായനികുതി സെൻട്രൽ ഗവമ്മെൻറുതന്നെ നടപ്പിൽ വരുത്തുന്നതിനു രണ്ടുമൂന്നു പ്രാവശ്യം ആരംഭിച്ചപ്പോഴും എതിർപ്പുകൊണ്ട് അതു നിറുത്തുകയുണ്ടായി. മദ്രാസ് ഗവമ്മെൻറ് മൂന്നു പ്രാവശ്യമായി കാർഷികാദായനികുതി നടപ്പിൽ വരുത്തുന്നതിനുവേണ്ട ബില്ലുകൾ അവതരിപ്പിച്ച് ശ്രമം തുടങ്ങിയിട്ടുണ്ട്. ഇതുവരെ നടപ്പിൽ വരുത്താൻ അവർക്കു സാധിച്ചിട്ടില്ല. ബാംബെ ഗവമ്മെൻറും കാർഷികാദായനികുതി നടപ്പിൽ വരുത്തുന്നതിന് ശ്രമിച്ചിട്ട് സാധിച്ചിട്ടില്ല. ഇങ്ങനെ സാധിക്കാതെയിരിക്കുന്നത് കാർഷികാദായനികുതി എന്നു പറയുന്നത് ഒരു ക്ലിഷ്ടമായ തോതുവച്ച് കണക്കാക്കാൻ സാധിക്കാത്തതുകൊണ്ടാണെന്നു മദ്രാസ്, ബോംബെ, സെൻട്രൽ ഗവമ്മെൻറ് മുതലായ ഗവമ്മെണ്ടുകളിലെ പ്രതിനിധികൾ പ്രസ്താവിച്ചിട്ടുണ്ട്. അതനുസരിച്ച് ഞാൻ പറഞ്ഞു എന്നു മാത്രമേയുള്ളു.

ഇവിടെ എന്തെല്ലാം പറഞ്ഞാലും കാർഷികാദായനികുതി ബില്ലിലെ വ്യവസ്ഥ അനുസരിച്ചല്ലാതെ നിയമത്തിനു വിപരീതമായി ഒരു പൈപോലും കൂടുതലായോ കുറവായോ ഈടാക്കത്തക്ക നടപടികൾ നടത്തുന്നതല്ല.

Sri. P. S. Nataraja Pillai: Who demanded that?

ശ്രീ. എ. ജെ. ജോൺ: അതിനാണു ഞാൻ മറുപടി പറഞ്ഞത്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ന്യായമായി പിരിക്കാനുള്ളതു് മുഴുവൻ പിരിക്കുന്നില്ലെന്നുള്ളതറിയാമോ?

ശ്രീ. എ. ജെ. ജോൺ: ആദായനികുതി ഈടാക്കാനുള്ളിടത്തോളം ഈടാക്കുന്നതിലേക്കുള്ള നടപടി നടത്തുന്നുണ്ട്. ബാക്കിയുള്ള തുക മുഴുവൻ ഈ കൊല്ലത്തിൽ പിരിച്ചെടുക്കുമെന്നാണു ഞാൻ പറഞ്ഞത്.

ശ്രീ. കളത്തിൽ വേലായുധൻ നായർ. ബാക്കി ഈടാക്കാനുള്ള തുക മുഴുവൻ പിരിച്ചാൽ അടുത്ത കൊല്ലത്തിൽ എഴുപതു ലക്ഷം രൂപാമാത്രമേ വരികയുള്ളോ?

ശ്രീ. എ. ജെ. ജോൺ: കഴിഞ്ഞ ദിവസം ഇവിടെ ഞാൻ പറഞ്ഞ കാര്യങ്ങൾ മുഴുവൻ ശ്രീ. വേലായുധൻ നായർ ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഇപ്രകാരം

ചോദിക്കുകയില്ലായിരുന്നു. ആ ആദായനികുതി ബില്ലിലെ ഭേദഗതിയനുസരിച്ച് ആദായനികുതി ചുമത്തുന്നതു് മിനിമം രണ്ടായിരം രൂപാ എന്നുള്ളതു് മൂവായിരം രൂപയാക്കി. അതുകൂടാതെ ടീ (Tea) എസ്റ്റേറ്റുകളിൽ നിന്നുള്ള ആദായം എഴുപത്തിയഞ്ചു ശതമാനം കാർഷികാദായം എന്നുള്ളതു് അറുപതു ശതമാനമാക്കുകയും മരുമക്കത്തായ തറവാടുകളിലും കൃസ്ത്യൻ മുസ്ലീം കൂട്ടുകുടുംബങ്ങളിലും ആളോഹരിക്രമത്തിനു ആദായനികുതി ഈടാക്കണമെന്നു വ്യവസ്ഥ ചെയ്യുകയും ചെയ്തു. ഈ കാരണങ്ങൾകൊണ്ടു് നികുതിപിരിക്കുന്നതു കുറഞ്ഞുപോകും. അതു അലസമനോഭാവത്തോടുകൂടി ആദായനികുതി പിരിക്കുകയായിരുന്നു എന്നു പറയുന്നതു് ഖേദകരമായ പ്രസ്താവനയാണെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ബഡ്ജറ്റു് മെമ്മോറാണ്ടത്തിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കാത്തതുകൊണ്ടു് ഇപ്രകാരം സംഭവിച്ചുവെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജോൺ: അതും വാസ്തവമാണു്. ചില സന്ദർഭങ്ങളിൽ ചില താമസങ്ങൾ ഉണ്ടായേക്കാം. സാധാരണ നിയമനങ്ങൾ നടത്തുമ്പോൾ അതിനു പണമുണ്ടോ എന്നു ബഡ്ജറ്റിൽ നോക്കണം. ബഡ്ജറ്റിൽ പണമില്ലെങ്കിൽ അതു ഏതു തരത്തിൽ നിവർത്തിക്കാമെന്നു നോക്കണം. ഇങ്ങിനെയുള്ള വിഷമങ്ങൾ എല്ലാം ഉണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ആവശ്യമില്ലാത്ത ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഗവമ്മെൻറിനു് യാതൊരു വിഷമവുമില്ലല്ലോ.

Mr. Deputy Speaker: If the hon. Member does not yield, the other hon. Member cannot put him a question.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഇതെല്ലാംകൂടി കഴിഞ്ഞാൽ ബാക്കി പിരിക്കാൻ വല്ലതും ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ വിവരങ്ങളാണു് ഞാൻ പ്രസ്താവിച്ചതു്.

പിന്നീടു ഇവിടെ ഉദ്യോഗസ്ഥന്മാരുടെ നിയമനത്തെ സംബന്ധിച്ചു് ചില പ്രസ്താവനകളെല്ലാം ചെയ്യുകയുണ്ടായി. അഗ്രിക്കൾച്ചറൽ ഇൻകംടാക്സും സെയിൽസ് ടാക്സും ഡിപ്പാർട്ടുമെൻറുകളിലേക്കു് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു് സംബന്ധിച്ചു് ചില പരാതികൾ ഉണ്ടായിട്ടുള്ളതായി മി. ചന്ദ്രശേഖരപിള്ളയും മററും ഇവിടെ പറയുകയുണ്ടായി. സെയിൽസ് ടാക്സിലേയ്ക്കു് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാക്കു് വളരെ പരിചയമില്ലായിരുന്നു. സെയിൽസ് ടാക്സു് ഉണ്ടായിട്ടു രണ്ടുകൊല്ലമെ ആയിട്ടുള്ളു. അതു വളരെ കുഴപ്പമുള്ള ഒരാക്ടാണു്. അതു നിലവിലുള്ള രാജ്യങ്ങളിൽ ഒരോ നിയമസഭയിലും രണ്ടും നാലും അഞ്ചും ഭേദഗതികൾവീതം അവതരിപ്പിച്ചു പാസാക്കുന്നതു് അതിന്റെ കാംപ്ലിക്കേഷൻ അത്ര വലുതായതുകൊണ്ടാണു്. അതനുസരിച്ചു് നമുക്കിപ്പോൾ പരിചയമില്ലാതിരിക്കുന്ന സ്ഥിതിക്കു കുറെയെല്ലാം മനഃപൂർവ്വമല്ലാത്ത കുഴപ്പങ്ങൾ വന്നേക്കാം. അതു കാലക്രമത്തിൽ പരിഹരിക്കാമെന്നാണു് വിശ്വസിക്കുന്നതു്. എന്നാൽ ഉയന്ന നിലയിലുള്ള ഉദ്യോഗസ്ഥന്മാരെല്ലാം തന്നെ അവരുടെ ജോലി വളരെ കണിശമായും സമർത്ഥമായും ചെയ്യുന്നുണ്ടെന്നും ഇപ്പോൾ അവരുടെ പരിശോധന നല്ലനിലയിൽ എത്തിയിരിക്കുന്നതായിട്ടും കാണാവുന്നതാണു്. സെയിൽസ്ടാക്സു് ഇനത്തിൽനിന്നും ഈ കൊല്ലത്തേക്കു അതായതു് ൧൧൨൭-൧൨൮-ലേക്കു ൧൭൫ ലക്ഷം രൂപായാണു് പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ ഈ ജനുവരി

[Sri. A. J. John]

അവസാനംവരെ ൧൪ ലക്ഷം രൂപാ പിരിച്ചിട്ടുണ്ടു്. അതായതു് പത്തു മാസംകൊണ്ടു് ൨ ലക്ഷം രൂപാ കൂടുതൽ പിരിച്ചിരിക്കുകയാണു്. ബാക്കിയുള്ളതും.........

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த இரண்டு மாதமும், பிரிக்காமல் நிறுத்திவிட்டாலோ?

ശ്രീ. എ. ജെ. ജോൺ: അതു സാധിക്കുകയില്ല.

പിന്നീടു ബഹുമാന്യസ്നേഹിതൻ ശ്രീ. താണുപിള്ള ഇവിടെ നികുതി ഈടാക്കുന്നതിനെ സംബന്ധിച്ചു് ഗവൺമെണ്ടു സ്വീകരിക്കേണ്ടതായ നയത്തെക്കുറിച്ചു പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായം വളരെ ആദരണീയമായിട്ടുള്ളതുതാണെന്നു ഞാനും സമ്മതിക്കുന്നു. അതായതു് നികുതി കൊടുക്കാൻ സാദ്ധ്യതയുള്ള ആളുകളിൽ നിന്നു മാത്രമേ നികുതി ഈടാക്കാവൂ. അല്ലാത്തവരെ നികുതിയിൽനിന്നും ഒഴിവാക്കണമെന്നാണു്. ഈ കാര്യം വളരെ മുമ്പുതന്നെ ഈ ഗവൺമെന്റു സ്വീകരിച്ചിട്ടുള്ള നയമാണു്. അതുകൊണ്ടുമാത്രമാണു് ഈ ബേസിക്കു് ടാക്സു് വളരെ കുറച്ചുവെച്ചിട്ടുള്ളതു്. അതു വളരെ നിസ്സാരമായ ഒരു തുകയാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബേസിക്ടാക്സു് ഈയിടെ വർദ്ധിപ്പിച്ചതായി ഓർക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്. പതിനാലണയിൽനിന്നും ഒരു രൂപാ ഒമ്പതണയാക്കി. എന്നിരുന്നാൽതന്നെ രണ്ടുസെൻറും, നാലുസെൻറും, അഞ്ചുസെൻറും, പത്തുസെൻറും ഉള്ളവർപോലും ഒരു കൊല്ലത്തിൽ കൊടുക്കേണ്ടിവരുന്നതു് രണ്ടണയോ, മൂന്നണയോ ആയിരിക്കും.

ശ്രീ. എ. താണുപിള്ള: ഇപ്പോൾ വർദ്ധിച്ചിരിക്കുന്ന നിരക്കനുസരിച്ചു് കിട്ടുന്ന വരവു് മുമ്പുണ്ടായിരുന്ന സെൻറിൽമെണ്ടു ടാക്സനുസരിച്ചു് കിട്ടിയിരുന്ന വരവിനേക്കാൾ കൂടുതലാണോ? കുറവാണോ?

ശ്രീ. എ. ജെ. ജോൺ: വളരെ കൂടുതലല്ല. ഇപ്പോഴത്തെ നിരക്കനുസരിച്ചു് കൊച്ചിയിൽ മൂന്നുലക്ഷം രൂപാ കുറയും. തിരുവിതാംകൂറിൽ നാല്പത്തിരണ്ടുലക്ഷം രൂപയാണു കിട്ടിക്കൊണ്ടിരുന്നതു്. ഇപ്പോൾ അതു നാല്പതുലക്ഷം രൂപയാണു്. ഈ ബേസിക് ടാക്സു് പതിനാലണയിൽനിന്നും ഇരുപത്തിയഞ്ചു് അണ ആക്കിയതിൽ ഇത്രവളരെ പരിഭ്രമജനകമായ ഒരു സ്ഥിതി ഉണ്ടായതു് എങ്ങിനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ പത്തു സെൻറും അഞ്ചു സെൻറും മററും ഉള്ളവക്കു് ആണ്ടിൽരണ്ടര അണയോ മറെറാ ആണു് കൊടുക്കേണ്ടിവരുന്നതു്. അതിനു് ഇത്ര പ്രയാസം വരുന്നതു് എങ്ങിനെയാണെന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. പി. എസ്സു്. നടരാജപിള്ള വേറെ ചില സംഗതികൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതായതു് ഉദ്യോഗസ്ഥന്മാരുടെ റിക്രൂട്ടുമെണ്ടിനെ സംബന്ധിച്ചാണു്. അതു സംബന്ധിച്ച അവസാനമായ ഒരു തീരുമാനം ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ആദ്യകാലത്തുണ്ടാക്കിയ റിക്രൂട്ടുമെൻറു ചട്ടങ്ങളിൽ ബി. എൽ. ക്വാളിഫിക്കേഷൻ വേണമെന്നു് വെച്ചതു മൂലം ഡിപ്പാർട്ടുമെൻറിൽ വളരെ അതൃപ്തി ഉണ്ടെന്നാണു് അദ്ദേഹം പ്രസ്താവിച്ചതു്. ഈ ആക്ടു് വ്യാഖ്യാനിക്കുന്നതിലേക്കു് ബി. എൽ കാരെ വയ്ക്കുന്നതാണു് നല്ലതെന്നുള്ള ഉത്തമവിശ്വാസം കൊണ്ടു മാത്രമാണു് അങ്ങനെ വച്ചിട്ടുള്ളതു്. അല്ലാതെ യാതൊന്നുംകൊണ്ടുമല്ല. മാത്രമല്ല ആ ഡിപ്പാർട്ടുമെൻറിലേക്കു് റിക്രൂട്ടു നടത്തുന്ന

തിനുള്ള അധികാരം പബ്ലിക്ക് സർവ്വീസ് കമ്മീഷനാണു കൊടുത്തിട്ടുള്ളതും. അന്യ ഡിപ്പാർട്ടുമെന്റുകളിൽനിന്നും ൪൰ — ൧൱ വരെ ശമ്പളമുള്ളവരെ ൧൱ മുതൽ ൨൦൦ വരെ ശമ്പളത്തിൽ എടുത്തു ൨൦൦ — ൨൫൱ വരെ ഉടൻ പ്രമോട്ടു ചെയ്യുകയാണെങ്കിൽ അതു അവരെ എടുത്ത ഡിപ്പാർട്ടുമെന്റിൽ താഴെയുള്ള സീനിയോഴ്സിനു പരാതിക്കും സങ്കടത്തിനും കാരണമായേക്കാവുന്നതാണ്. അതുകൊണ്ടാണ് സ്ഥിരം ജോലിയിൽ ഇരിക്കുന്നവരെ ഗ്രേഡ്‌വെച്ച് എടുക്കണമെന്നു പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടാണ് അന്യ ഡിപ്പാർട്ടുമെന്റിൽ ൪൰ മുതൽ ൧൱ വരെയും. ൧൦൦ — ൨൦൦ വരെയും ഉള്ളവരെ എടുക്കാതെ ഗവമ്മെന്റിൽനിന്നും ചില രൂളുകളെല്ലാം ഇതിലേക്കു പാസാക്കിയിട്ടുള്ളതു്.

പിന്നെ യൂണിഫിക്കേഷൻ ആഫ് സർവ്വീസസ് ആൻറ് പേയെപ്പററി എന്റെ ബഡ്ജററ് പ്രസംഗത്തിൽ തന്നെ ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. ഈ സർവ്വീസ് സംയോജനം കഴിയുന്നതും വേഗത്തിൽ നടത്തുന്നതിനു ഗവമ്മെന്റ് കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ടു്. ഇതു അത്ര എളുപ്പമുള്ള സംഗതിയല്ല എന്നുള്ള സംഗതി ബഹുമാനപ്പെട്ട മെമ്പറന്മാക്കും അറിയാവുന്നതാണ്; അതിനെക്കുറിച്ച് മി. ഉദയഭാനു പ്രസ്താവിച്ചതു് പുറത്തുനിന്നും വളരെ മാന്യനും സത്യസന്ധനും ആയ ഒരാളെ വരുത്തി ഈ കാര്യങ്ങൾ ശരിപ്പെടുത്തണമെന്നാണ്. അതേപ്പററി കാര്യമായി ഗവമ്മെന്റ ആലോചിക്കുന്നതാണ്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: അതു മന്ത്രിസഭയുടെ അഭിപ്രായമാണോ?

ശ്രീ. എ. ജെ. ജോൺ. അതിനു് ഉത്തരം പറയേണ്ട ആവശ്യമില്ല. ഏതായാലും ഞാൻ ഒന്നും മി. ഉദയഭാനുവിനു് പറഞ്ഞു കൊടുത്തില്ല. മി. ഉദയഭാനുവിന്റെ അഭിപ്രായത്തെപ്പററി ഗവമ്മെന്റ് കാര്യമായി ആലോചിക്കുന്നതാണെന്നാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള: ഈ സ്റ്റേററിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനു കാൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് ഈ സ്റ്റേററിനെപ്പററി അറിയാവുന്ന ഈ സ്റ്റേററിനു അകത്തുള്ള ഒരാളെക്കൊണ്ടുതന്നെ നടത്തണമെന്നുള്ള നയം ഗവമ്മെന്റ് സ്വീകരിക്കുന്നുണ്ടോ ഇല്ലയോ എന്നറിഞ്ഞാൽകൊള്ളാം.

ശ്രീ. എ. ജെ. ജോൺ: ഏററവും അത്യാവശ്യമെന്നു കണ്ടാൽ വെളിയിൽനിന്നും ആളുകളെ കൊണ്ടുവരാവുന്നതാണ്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഈ കുറപ്പ് ഏതു ജാതിയിൽപെട്ട ആളാണെന്നു പറഞ്ഞാൽ കൊള്ളാം, (ഉത്തരമില്ല.)

ശ്രീ. എ. ജെ. ജോൺ: അതിനാൽ ഈ ഉപക്ഷേപങ്ങൾ എല്ലാം പിൻവലിച്ച് എന്റെ ഈ ഡിമാൻറ് പാസ്സാക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Mr. Deputy Speaker: Now I put the cut motions to the vote.

The Motion moved by Sri. Kalathil Velayudhan Nair was put and lost.

The Motions moved by Sri. P. K. Raman, Sri. V. Madhavan, Sri. E. P. Poulose, Sri. P. M. Verghese, Sri. G. Chandrasekhara Pillai and Sri. Paul Thaliath were, by leave of the House, withdrawn.

The Motion moved by Sri. P. K. Krishnan Sastri was put and lost.

The three motions moved by Sri. P. S. Nataraja Pillai were put one by one and lost. When the last motion was declared lost Sri. P. S. Nataraja Pillai demanded a poll.

A poll was taken when the House divided as follows.—

Ayes—25

1. Sri. A. Thanu Pillai
2. ,, K. P. Nilakanta Pillai
3. , R. Sankar
4. ,, Kalathil Velayudhan Nair
5. ,, K. Sivarama Pillai
6. ,, R. Chellaswami Nadar
7. ,, Elias (Mary Antony)
8. ,, A. Chidambaranatha Nadar
9. ,, Mannathu Padmanabhan
10. ,, N. Nilakantaru Pandarathil
11. ,, P. K. Kumaran Asari
12. ,, P. K. Krishan Sastri
13. ,, P. C. Adichan
14. Sri. M. Govindan
15. ,, Kannara Gopala Panicker
16. ,, V. Gangadharan Nair
17. ,, P. S. Nataraja Pillai
18. ,, A. Achuthan
19. ,, K. K. Kannan
20. ,, A. K. Patchu Pillai
21. ,, K. Ramakrishnan Achari
22. ,, Ponnara G. Sreedhar
23. ,, D. Ponniah
24. Sahib Bahadur T. A. Moideenkunju and
25. Sri. E. Gopalakrishna Menon

Noes—54

1. Sahib Bahadur T. A. Abdulla
2. Sahib Bahadur V. A. Abdul Aziz
3. Miss Accamma Cheriyan
4. Sri. K. T. Atchuthan
5. ,, V. K. Atchutha Menon
6. ,, Krishnan Ayyappan
7. ,, T. S. Bandhu
8. ,, N. V. Chacko
9. ,, K. M. Chandy
10. ,, Cheriyan J. Kappan
11. Mrs. Devaki Gopidas
12. Sri. T. V. Devan
13. ,, Ambat Eachara Menon
14. ,, Eapen Arakkal
15. ,, K. R. Elankath
16. ,, P. Gopalan
17. Hon'ble Sri. A. J. John
18. Sri. K. S. Joseph
19. ,, Joseph Malieckal
20. ,, Joseph Mathen
21. ,, Joseph (Thumbasseri)
22. ,, V. K. Joseph
23. ,, K. Karunakaran
24. Hon'ble Sri. C. Kesavan
25. Sri. A. K. Kunhimoidheen
26. ,, Konnanathu Kunjirama Menon
27. ,, Thariathu Kunjithomman
28. ,, P. Kunjukrishnan
29. Sri. S. Kuttan
30. ,, V. Madhavan
31. ,, K. A. Mathew
32. Sahib Bahadur K. C. Mayankutty Mether
33. Sahib Bahadur K. A. Muhammed
34. Sri. P. Nanoo
35. Hon'ble Sri. T. K. Narayana Pillai
37. Sri. G. P. Nilakanta Pillai
36. ,, M. I. Paul
38. ,, Paul Thaliath
39. ,, Paulose Pylee
40. ,, K. Ramakrishna Pillai
41. ,, P. K. Raman
42. ,, M. Raman Pillai
43. ,, Sankaran Nadar
44. ,, T. M. Sannalan
45. ,, Sebastian Thoppil
46. ,, K. Sekhara Panicker
47. ,, S. Sivaraman Asari
48. ,, A. M. Thomas
49. ,, A. P. Udayabhanu
50. ,, P. M. Varghese
51. ,, N. P. Varghese
52. ,, V. K. Varghese
53. ,, K. K. Vasu Panicker
54. ,, K. I. Velayudhan

Neutral—1

Sri. Ittiera Ambookan.

The motion was declared lost

25 voting for, 54 against, and 1 neutral.

The question that a sum of Rs. 5,77,100 be granted under Demand I—Agricultural Income-tax and Sales Tax—was put and carried.
The grant was made.

Demand II—Land Revenue

Minister for Law, Finance and Revenue **(Sri. A. J. John):** I move that a sum of Rs. 20,76,900 be granted under Demand II—Land Revenue.

Sri. T. K. Narayana Pllai: I second it.

Sri. P. S. Nataraja Pillai: I move:

"To reduce the allotment of Rs. 51,600 for Management of Government estates by Re. 1."

Sir, the Kandukrishi lands which are crown lands have now come under Government control. These lands are taxed under the old system and even now the tax or rent is being collected in kind from these lands and as far as these cultivators of the land are concerned, they are put to great hardship, under the existing circumstances. Since the crown lands have now been legally transferred to Government management, and since Government have full rights to deal with those lands as they like, I would suggest that the Government should enforce basic tax on those lands immediately. Some kind of settlement must be made with the holders of such land and they should not be subject to excessive taxation.

The same is the case, Sir, with the Sripandaravaga lands too. The Sripandaravaga lands come under another category. They, to a certain extent, can be taken as temple lands and the temple itself is holding that land as trustee. Under the prevailing circumstances, the temple is the trustee holding those lands and it has a right to realize a particular rate of rent from these Sripandaravaga lands. Whatever may be the conditions or evolution of tenure or their rights, the effect is there. The cultivator is put to the greatest difficulty possible. The Sripandaravaga lands, especially in South Travancore and in certain parts of Southern Division are so excessively taxed that the cultivators find it difficult to cultivate them. The tax realised is so oppressive. When there is an oppressive taxation of that kind, the Government in their residuary powers will have to tackle it and give redress. They cannot shirk that responsibility. At any rate, that is a matter that will have to be looked into, and the Government will have to look into it sympathetically and settle the matter as early as possible. If not, discontent and misery are bound to grow more and more and affect the interests of the country to a very large extent. The purpose, therefore, of this motion is to plead that the tenures of all lands in Travancore should be made the same. The basic tax system must be enforced. Crown land has come to the Government and there is no difficulty in solving it. As far as Sripandaravaga land is concerned, some scheme must be evolved by Government. It is not beyond human ingenuity to find out an equitable scheme for it. Find out a scheme by which the holders will be charged only the basic tax. With this proposition, Sir, I place my amendment before the House. The basic tax should be enforced on Sripandaravaka land also. For that some scheme must be evolved. That must be done as early as possible by Government themselves. As far as the Kandukrishi land is concerned, basic tax should be enforced immediately.

Sri. K. Sivarama Pillai: I wish to second this motion. My friend has under this motion, covered the two tenures—kandukrishi and Sripandaravaga lands, which are exempted under the Basic Tax Act. As for the Sripandaravaga lands which are classified as such in the settlement, my friend has said that it must be brought under the basic tax and some compensation must be paid.

Sri. P. S. Nataraja Pillai: I never used the word 'compensation'.

Sri. K. Sivarama Pillai: Some other adjustment must be made, he said. But this Government has committed a mistake in classifying lands. According to the settlement, only in the Trivandrum District some 20 thousand and odd acres are classified under Sripandaravaga lands. But tax is being realized from 36,000 acres. That is over and above the 27,000 acres which are Sripandaravaga lands, from 9,000 acres which are sircar lands or pandaravaga lands, this 'thorathukaram' or 'maniankaram' is realized. These 9,000 acres come under the purview of basic tax, and basic tax also is realised from that. It is only to bring home to the Government that they must enquire into the question since under the basic tax Act, from the pandaravaga lands only basic tax should be realized and no other tax excepting water cess alone could be realized, that I second this motion. Over and above the basic tax from sircar lands, 'thorathukaram' merely for an acreage of 9,000 acres in Trivandrum District is realized. That is against law and illegal and this Government has to enquire into that and give redress to the people.

Sri. G. Chandrasekhara Pillai: Sir, I move:

To reduce the allotment of Rs. 51,600 for Management of Government Estates by Re. 1

(To discuss the condition of Kandukrishi lands and their management)

കണ്ടുകൃഷി ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി പറയുവാനാണ് ഞാൻ ഖണ്ഡനോപക്ഷേപം അയച്ചിട്ടുള്ളതു്. വളരെ കുറഞ്ഞ ശമ്പളമാണ് ഇന്ന് ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാക്ക് കിട്ടിവരുന്നതു്. ഒരു അക്കൌണ്ടൻറിൻെറ ശമ്പളം വെറും ൨൦ രൂപയാണ്. പ്യൂണിനുപോലും ഇന്ന് ൨൦ രൂപ ശമ്പളം കൊടുത്തുവരുന്നുണ്ടു്. കണ്ടുകൃഷി തഹശീൽദാരെന്നും മററും പറഞ്ഞാൽ സാധാരണ ആളുകൾ മനസ്സിലാക്കുന്നതു മററു തഹശിൽദാരന്മാരെപ്പോലുള്ള ശമ്പളം പററുന്ന ഉദ്യോഗസ്ഥന്മാരാണെന്നാണ്. സാധാരണ ൫൦ മുതൽ ൨൨൫ വരെയാണ് തഹശീൽദാരന്മാരുടെ ശമ്പളം. പക്ഷെ കണ്ടുകൃഷി തഹശീൽദാരന്മാരുടെ ശമ്പളം വളരെ തുച്ഛമാണ്. ഇതിനു ഗവമ്മെൻറ് ഉടനെ ഒരു പരിഹാരമുണ്ടാക്കാൻ ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

Sri. P. S. Nataraja Pillai: I formally move this motion; but I do not think that I need make a long speech. I move.

"To omit the allotment of Rs. 50,000 for lump sum provision for unification of scales of pay".

I have only to say this much, Sir. It has been announced that according to the suggestion of my friend, Mr. Udayabhanu, the Government are thinking of importing somebody from outside, to settle the question of integration of services. I do not think there is any paucity of honest and efficient men in this country. Our service, with all its defects, is comparable to any service outside, and I am proud to say that even the Imperial service is, I do not think, far superior. Our experience of the so-called Union Service men has also not been very happy. So, in the circumstances, I do not agree—however much I like Mr. Udayabhanu myself—with the suggestion made by him to the effect that somebody from outside should be imported to integrate the services. It is only a question of honesty towards the task, and if the Government are able to devote their attention and depute somebody who is recognized to be one of the ablest and honest men of our country, that would solve the problem.

Apart from that, Sir, I am tempted to raise another point. Our Public Service Commission is functioning under the Indian Constitution. Have the Government lost their confidence in it, or are they nervous of placing reliance on that body—a

statutory body recognized by the Constitution? Where is the defficulty in asking them to do this job? What is the defect about this? Why should the Government show nervousness about the Public Service Commission being asked to do it? Have they anything in their mind against it? If that is so, an immediate change is absolutely necessary, because the Public Service Commission is constituted under the terms of the Indian Constitution itself which gives wide powers to it. The Commission is an independent body which cannot be removed except by the order of the President. Such a high statutory body, vested with so much of rights and privileges, should be able to do it. They should be able to do so. The Commission is bound to apply all reasonable canons of law on the matter of service integration. In the conduct of that operation if any defect is found, it will be time to find out what is defective in the rules or personnel. I am not now going to enter into that question. It is no doubt a statutory expert body. Therefore I would request the House to seriously consider this aspect of the matter. I do not purpose to make any comment on the Public Service Commission as such. Hence I move that the lump sum provision should be omitted.

Sri. D. Gnanasigamoni: Sir, I want to move my motions Nos. 7 and 44 in the list. No. 7 reads.

> "To reduce the allotment of Rs. 14,82,200 for charges on account of land revenue collections by Re. 1".

I want to bring to the notice of the House two matters involved in this cut motion. I want to discuss the general policy with particular reference to the land acquisition proceedings. I asked a question this morning in respect of the policy to be adopted in the acquisition of lands. It was replied by the Minister that necessary lands are acquired and handed over to the Co-operative Department for purposes of construction of houses and so forth. Sir, I asked the Minister to enlighten me further on this matter whether in such cases Government lands wherever available have been utilised. He said that he was not definite about it. There are many cases in which it is now known to be otherwise. Even in cases where Government lands are available, Government as a rule take up properties belonging to private individuals, acquire them and hand them over to Co-operative Societies for putting up houses. I would say that this is a policy which ought not to be followed. In this connection I want to place a particular case which has now arisen before the High Court of Madras in respect of acquisition of land in Dindugal Municipality. For the purpose of constructing houses to the poor people private lands were acquired from that Municipality and handed over to the Co-operative Society for the purpose. The question that has arisen before the High Court is whether such acquisition will come under the purview of the provisions of the Land Acquisition Act. Land which is requisitioned for purposes said to be public and which is as a matter of fact used for putting up houses for private individuals—whether that would come within the purview of the Land Acquisition Act is a moot question. The question now is whether that could be characterised as a 'public purpose'. That is a doubtful point. If it were Government land it is a different matter. The land belongs to a private individual and a Government acquires it as if it is for public purposes under the terms of the Act. That is somewhat extraordinary, and ought to be discouraged. This practice must be given up. Especially the case is hard where the lands belonging to a private party and where considerable improvements have been effected by him are acquired for a song by the provisions of the Land Acquisition Act by Government. Such ought not to be the policy of this Government. Another matter is as regards the acquisition of properties under the Land Acquisition Act for the use of a single individual. This is to say the least illegal.

Mr. Deputy Speaker: That cannot be allowed at this stage.

Sri. D. Gnanasigamoni: That is why I said I want permission to move both the motions together. You were pleased to allow that. That has been the practice as well in this House.

Mr. Deputy Speaker: I am sorry I cannot allow that.

Sri. D. Gnanasigamoni: The usual practice in this House has been so far to move the cut motions by members who have given them. Each member may have his own points to advert to. But all his comments will be on a particular cut motion. In the same way my point is to discuss about the land acquisition policy of Government in relation to the acquisition in favour of a private individual. That is why I started by saying I want to move both the motions together. But if it is not now permissible, I do not propose to proceed.

Sri. Eapen Arackal: Sir, I move: To reduce the allotment of Rs. 14,80,022 for Charges on accouut of Land Revenue Collections by Rs 5

(To point out certain defecsts in the system of levying and recovering taxes and the sale of land for arrears of Land Revenue in public auction, etc.)

ഭൂനികുതി പിരിക്കുന്നതിനെ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ചില ന്യൂനതകൾ ചൂണ്ടിക്കാണിക്കണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചത്. ഒരു കാര്യം പ്രധാനമായിട്ട ഗവമെൻറിൻെറ മുമ്പിൽ സമപ്പിക്കുവാൻ ഉദ്ദേശിക്കുന്നതു കരം പിരിക്കുമ്പോൾ അല്ലെങ്കിൽ കരക്കുടിശ്ശിക വരുമ്പോൾ അതിനു സ്വീകരിക്കുന്ന നടപടികൾ പലപ്പോഴും സാധുക്കളായ ഭൂമി ഉടമസ്ഥന്മാക്ക ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്നുള്ളതു് അനുഭവംകൊണ്ടു് മനസ്സിലായിട്ടുണ്ടു് എന്നുള്ളതാണു. ഇന്നത്തെ സ്ഥിതിഗതികൾ, അതായതു് സാമ്പത്തികാധ:പതനം മാറി ഉൽപന്നങ്ങൾക്കും നാളികേരത്തിനും ധാരാളം വിലയുണ്ടായിട്ടുള്ള ഈ അവസരത്തിൽ ഒരു പക്ഷെ അത്രമാത്രം വിഷമതകൾ വന്നിട്ടില്ലെന്നു പറഞ്ഞാൽ അതു ശരിയായിരിക്കാം. എന്നാൽ എനിക്കു പറയുവാനുള്ളതു് സാമ്പത്തികാധ:പതനം വളരെ രൂക്ഷമായിനിന്ന അവസരത്തിൽ, അതായതു് ൧൯൪൮ മുതൽ ൧൯൪൯ അവസാനംവരെ നാളികേരത്തിനു വില വളരെ താഴ്ന്നിരുന്ന അവസരത്തിൽ, ഭൂമി ഉടമസ്ഥന്മാരുടെ ഭൂമി പലപ്പോഴും കരക്കുടിശ്ശികക്കു് വിററുപോയിട്ടുണ്ടെന്നുള്ളതു് ഒരു പരമാത്ഥമാണു്. അതു് അൽപംകൂടി പരിശോധിക്കുന്നതായാൽ ചെറിയ ഭൂമിഉടമസ്ഥന്മാരുടെ ൧൦-ം, ൧൫-ം സെൻറ അല്ലെങ്കിൽ ഒരേക്കറിൽ താഴെ വിസ്തീണ്ണമുള്ള ഭൂമി കൈവശംവെച്ചുകൊണ്ടിരുന്ന സാധാരണക്കാരുടെ ഭൂമി അവക്കു ഒരുതരത്തിലും കരം കൊടുക്കുന്നതിനു നിവൃത്തിയില്ലാതെ വന്ന അവസരത്തിൽ കരക്കുടിശ്ശികക്കു വിററുപോയിട്ടുണ്ടു് എന്നുള്ളതു് ഒരു പരമാത്ഥമാണു്. എന്നാൽ ഇപ്പോൾ കരക്കുടിശ്ശികക്കുവേണ്ടി വിററുപോയിട്ടുള്ള ആ വസ്തുക്കൾ എല്ലാം തിരിച്ചു തരണമെന്നു പറഞ്ഞാൽ അതു് ഒരിക്കലും ശരിയല്ല. ൧൯൪൯, ൧൯൫൦ ഈ കാലങ്ങളിൽ കരക്കുടിശ്ശികക്കുവേണ്ടി വസ്തുക്കൾ വളരെ ചെറിയ സംഖ്യക്കു രണ്ടും, മൂന്നും അല്ലെങ്കിൽ പത്തുരൂപായിൽ താഴ്ന്ന ഒരു സംഖ്യക്കു് വളരെ വിസ്തീണ്ണമുള്ള ഭൂമി വില്ക്കപ്പെട്ടിട്ടുണ്ടു് എന്നുള്ളതു ഒരു പരമാർത്ഥമാണു്. അതു് ഒന്നുകൂടി പരിശോധിക്കുന്നതായാൽ കരക്കുടിശ്ശികക്കു വില്പനക്കു വക്കുന്ന ഭൂമികൾ എതെല്ലാമെന്നുനോക്കി അതൊരു വ്യാപാരമായി സ്വീകരിച്ചു്; സ്വത്തുസമ്പാദനമാഗ്ഗമായി സ്വീകരിച്ചു, ആ ഭൂമികൾ എല്ലാം ലേലത്തിൽ പിടിക്കുന്ന ചില പ്രത്യേക വ്യക്തികൾ ഉണ്ടായിരുന്നു എന്നുള്ളതും വാസ്തവമാണു്. ഗസററുനോക്കി എതെല്ലാം പകുതിയിലാണു് വസ്തുക്കൾ വില്ക്കുവാൻ പോകുന്നതു് എന്നു നോക്കി പത്തും നാല്പതും സെൻറ ഭൂമി, തെങ്ങിൻ

ത്തോപ്പുകളും, നെൽപ്പാടങ്ങളും വളരെ ലാഭമായ തരത്തിൻ പിടിച്ചെടുക്കുന്നതിന്ന് തക്കം നോക്കിയിരുന്ന് അങ്ങിനെയുള്ള ഭൂമികൾ കരക്കടിശ്ശികക്ക വില്ലുകയും അവർ ലേലത്തിൽ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ലേലങ്ങൾ അസ്ഥിരപ്പെടുത്തി കിട്ടുന്നതിന്ന് അവർ അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിലും ഏതെങ്കിലും കാരണം പറഞ്ഞു ഡിമാൻറ് നോട്ടീസ് കൊടുത്തിട്ടുണ്ട്, ജപ്തിനോട്ടീസ് കൊടുത്തിട്ടുണ്ട് എന്നും മററുമുള്ള സാങ്കേതികമായ വാദങ്ങൾ ഉന്നയിച്ച് ആ പെററിഷൻ എല്ലാം തള്ളുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ലേലം അസ്ഥിരപ്പെടുത്തി കിട്ടുന്നതിനുള്ള പെററിഷൻ പകർതികച്ചേരിയിലാണോ കൊടുക്കുന്നത്?

ശ്രീ. ഈപ്പൻ അറക്കൽ: ഡിസ്ട്രിക്റ്റ് കലക്ടർക്കാണ് കൊടുക്കുന്നത്. ഡിസ്ട്രിക്ട് കലക്ടരുടെ മുമ്പാകെ കൊടുത്തിരുന്ന അപേക്ഷകൾ പലതും സാങ്കേതികമായ തടസ്സങ്ങൾ പറഞ്ഞു തള്ളിപ്പോയിട്ടുണ്ട്. അങ്ങനെ അനവധി പെററിഷൻസ് തള്ളിപ്പോയിട്ടുണ്ട്. ഇന്നും അതിനെ സംബന്ധിച്ച് അനവധി കേസ്സുകൾ ഒന്നുകിൽ ഡിസ്ട്രിക്ട് കലക്ടരുടെ മുമ്പിലോ അല്ലെങ്കിൽ റവന്യൂ ബോർഡിൻെറ മുമ്പിലോ ഗവമ്മെൻറിൻെറ മുമ്പിലോ ഉണ്ട്. എല്ലാ ഭൂമികളും ലേലത്തിൽ വില്ക്കപ്പെട്ടിട്ടുണ്ട് എന്നോ ആ ലേലങ്ങളെല്ലാം അസ്ഥിരപ്പെടുത്തണമെന്നോ അല്ലാ ഞാൻ പറയുന്നത്. ഒരു കാര്യം പ്രത്യേകം നോക്കണം. ലേലത്തിൽ വിററുപോയിട്ടുള്ള വസ്തുവിൻെറ വിലയും കരക്കടിശികക്ക ലേലത്തിൽ വിററതായ സംഖ്യയും തമ്മിൽ ഒന്നു താരതമ്യപ്പെടുത്തിനോക്കണം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കരക്കടിശികക്ക വസ്തു ലേലത്തിൽ വിററാൽ ആ ലേലം അസ്ഥിരപ്പെടുത്തുന്നതിന് ഒരു നിയമം ഉള്ളതായിട്ട് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ഈപ്പൻ അറയ്ക്കൽ: നിയമം വച്ചുകൊണ്ട് സാങ്കേതികമായ തടസ്സങ്ങൾ ഉന്നയിച്ച് ചെയ്യേണ്ടതല്ല എന്നാണ് പറയുന്നത്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: നിയമപ്രകാരം നടക്കാതെ നിയമരഹിതമായി പ്രവർത്തിക്കുവാനാണോ പറയുന്നത്?

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഞാൻ പറയുന്നത് അതല്ലാ. നിയമത്തിൻെറ ഉള്ളിൽനിന്നു യഥാർത്ഥത്തിൽ ചെയ്യാവുന്ന ഒരു ഔദാര്യം ചെയ്യണമെന്നാണ്. ഒരു കാര്യം ഈ സഭയെ അനുസ്മരിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു. കരക്കടിശികയുടെ നോട്ടീസ് പട്ടേദാരന്മാരുടെ പേരിലാണ് കൊടുക്കുന്നത്. വസ്തു അനുഭവിക്കുന്നവനു ചിലപ്പോൾ പട്ടയം കിട്ടിയിട്ടുണ്ടായിരിക്കയില്ല. പട്ടയമാററത്തിന് അപേക്ഷിച്ചിട്ട് പട്ടയം കിട്ടിയിട്ടുണ്ടായിരിക്കയില്ല. സാമ്പത്തികാധഃപതനം വളരെ രൂക്ഷമായി മനുഷ്യരെ ബാധിച്ചിരുന്ന കാലങ്ങളിൽ, ൧൧൧൮-നും ൧൧൧൯-നും മദ്ധ്യയുള്ള കാലങ്ങളിൽ ഒരു കൊല്ലത്തെ കരക്കടിശികയുണ്ടെങ്കിൽ മാത്രമെ ഈ നോട്ടീസ് എഴുതി അയക്കുകയുള്ളു. ഈ നോട്ടീസ് അയച്ചതിനുശേഷം അതു് മടങ്ങിയെന്നോ, വസ്തു അനുഭവക്കാരൻെറ കയ്യിൽ കൊടുത്തുവെന്നോ, പട്ടേദാരുടെ കയ്യിൽ കൊടുത്തുവെന്നോ, വസ്തുവിൽ പതിച്ചുവെന്നോ പറഞ്ഞു ആ ലേലങ്ങൾ നടന്നുപോയിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഇന്നു ഗവമ്മെൻറിൻെറ മുമ്പിൽ കേസ്സ് നിലവിലിരിക്കുന്നുണ്ടെങ്കിൽ, അതിൽ ഏററവും കുറഞ്ഞ വിലയ്ക്കു് വസ്തു ലേലംചെയ്തുപോയിട്ടുണ്ടെങ്കിൽ, അതു് അസ്ഥിരപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നതു്. ഇറഗുലാരിററീസ് ഉണ്ടായിട്ടുള്ളതും സാമ്പത്തികാധഃപതനകാലത്തുണ്ടായിട്ടുള്ളതുമായ

[Sri. Eapen Arackal]

ലേലത്തെസംബന്ധിച്ച് പ്രത്യേകം ഒരു ദയാദൃഷ്ടി ഉണ്ടാകണമെന്നാണ് ഞാൻ പറയുന്നതു്. അല്പമായ ഇറഗുലാരിററിയുടെ പേരിൽ മൂന്നോ നാലോ രൂപായ്ക്കു് പത്തോ ഇരുപതോ സെൻറ് ഭൂമി വിററുപോയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള കാര്യങ്ങളിൽ വളരെ അനുഭാവപൂർവ്വം, നിയമത്തിൻെറ ഉള്ളിൽ നിന്നുകൊണ്ടു് തന്നെ സാധുക്കളായ ആളുകളുടെ ഭൂമി അവർക്കുതന്നെ തിരിച്ചുകൊടുക്കണമെന്നു ഉൽബോധിപ്പിക്കുകയാണ് ഞാൻ ചെയ്യുന്നതു്. അതുപോലെ ഇന്നു നിലവിലിരിക്കുന്ന കേസുകൾ ഗവൺമെൻറിൻേറയോ റവന്യൂ ബോർഡിൻേറയോ മുമ്പിൽ വരുമ്പോൾ അങ്ങനെയുള്ള കേസുകളിൽ അനുഭാവപൂർവ്വം വേണ്ടതു ചെയ്യണമെന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: എൻെറ സ്നേഹിതൻ ശ്രീ. ഈപ്പൻ അറയ്ക്കൽ ഹാജരാക്കിയ ഈ ഉപക്ഷേപത്തോടു് അനുകൂലിച്ചു രണ്ടുവാക്കു പറയണമെന്നു ഞാനാഗ്രഹിക്കുന്നു. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽ ഇതിനുമുൻപു് പലതവണ കൊണ്ടുവന്നിട്ടുള്ളതാണ്. അദ്ദേഹം പറഞ്ഞതിൽ ഒട്ടും പിശകില്ല. എൻെറ ബഹു. സ്നേഹിതൻ ശ്രീ. വേലായുധൻനായർക്കു് ഇതിൽ ചില കാര്യങ്ങൾ അറിയാൻ പാടില്ലെന്നാണ് എനിക്കു് തോന്നുന്നതു്. ഹൈക്കോടതിയിൽ പെരുമാറുന്ന ആളുകൾക്കു് സാധാരണക്കാർക്കു് നേരിടുന്ന വൈഷമ്യങ്ങളെപ്പററി നല്ല അറിവില്ലായിരിക്കാം. ഒററശേഖരമംഗലത്തു കരം കൊടുക്കാൻ നിവൃത്തിയില്ലാതെ കരക്കുടിശിഖ വരുത്തിയെന്നു പറഞ്ഞു വസ്തുക്കൾ ലേലത്തിൽ വിററപ്പോൾ സെക്രട്ടറിയേററിലെ ഒരു സൂപ്രണ്ടായിരുന്ന ആൾ ഏകദേശം ൨ ലക്ഷം രൂപാ, ഇതു് അന്നത്തെ വിലയാണ്, വിലവരുന്ന വസ്തുക്കൾ നാനൂററിചില്വാനം രൂപക്കു് ലേലത്തിൽ പിടിച്ചു. ആ ലേലം അസ്ഥിരപ്പെടുത്തുവാൻവേണ്ടി പല പണികളും ചെയ്തുവെങ്കിലും മുകളിലേക്കു് വരുമ്പോൾ കാര്യങ്ങളൊന്നും നടപ്പില്ലാതെവരികയാണ് ചെയ്തതു്. അതിൽ പല കേസുകളും എൻെറ സ്നേഹിതൻ ശ്രീ. പി. ബാലകൃഷ്ണൻതമ്പിയാണ് വക്കാലത്തുപിടിച്ചു വാദിച്ചതു്. അദ്ദേഹത്തിനു് ഇപ്പോൾ അതു് ഓർമ്മയില്ലെങ്കിൽ ഞാൻ പറഞ്ഞുകൊടുക്കാം.

സർ, ഇങ്ങനെയുള്ള പല കൊള്ളരുതായ്മകളും ഈ രാജ്യത്തു നടക്കുന്നുണ്ടു്. എൻെറ അച്ഛൻ മരിച്ചു പതിനാലുവർഷം കഴിഞ്ഞതിനുശേഷം അച്ഛൻെറ പേരിൽ വന്ന ഒരു നോട്ടീസ് പതിച്ചുനടത്തി. അങ്ങനെ ഇരുപതുപറ നിലം ലേലത്തിൽ പോയി. ബനാമിയാണ് പിടിച്ചതു്. അവരുടെ അറിവോടുകൂടിയാണ് നോട്ടീസു് പതിച്ചതും. ഈ വിധത്തിൽ പലതരത്തിലുള്ള കൊള്ളരുതായ്മകൾ ഉണ്ടാകുന്നുണ്ടു്. ആദ്യം ഞാൻ പ്രസ്താവിച്ച വസ്തുക്കളെല്ലാംതന്നെ വെറും സാധുക്കളുടെ വസ്തുക്കളായിരുന്നു. ഇവിടെ ജനകീയഭരണം വന്നപ്പോൾ നാട്ടുകാർക്കു് എന്തോ ഗുണം ഉണ്ടാകുമെന്നു കരുതി ഇതിനെപ്പററി ആവശ്യമായ നടപടികൾ നടത്തണമെന്നു് അവർ എന്നോടു് ആവശ്യപ്പെട്ടു. അതിൻെറ സകല റിക്കാർഡുകളും വരുത്തി ഞാൻ കഴിവനുസരിച്ചു പരിശ്രമിച്ചു, പക്ഷെ യാതൊരു ഫലവും ഉണ്ടായില്ല. ചില സ്ഥലങ്ങളിൽ കരക്കുടിശിഖയ്ക്കു് ലേലത്തിൽ പോകുന്ന വസ്തുക്കൾ പിടിക്കണമെന്ന വ്രതത്തോടെ ഇരിക്കുന്ന പ്രവൃത്തിയാരൻമാരുണ്ടു്. കൊല്ലത്തുകാരൻ ഒരു പ്രവൃത്തിയാർ ഞങ്ങളുടെ നാട്ടിൽ ഏകദേശം ൩ ലക്ഷം രൂപാ വിലവരുന്ന വസ്തുക്കൾ ഇങ്ങനെ സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. എവിടെയെല്ലാം ആ പ്രവൃത്തിയാരെ സ്ഥലം മാററിയാലും ആ മനുഷ്യൻ നിഷ്പ്രയാസം നെടുമങ്ങാട്ടു് തിരിച്ചുവരും. ആ മാന്യൻെറ ബന്ധുക്കളുടെ പേരിൽ കരക്കുടിശിഖയ്ക്കു് ലേലത്തിൽ പോകുന്ന വസ്തുക്കൾ ലേലത്തിൽ പിടിക്കയാണ് അയ്യാളുടെ പതിവു്. ഇങ്ങനെയുള്ള കാര്യങ്ങൾ

അസംബ്ലിയിൽ പറയേണ്ടതല്ലെന്നു എനിക്കറിയാം. അധികാരികളുടെ അടുക്കൽ പറഞ്ഞാൽ ഒരു പ്രയോജനവുമില്ല. അതിനാൽ ഗവമ്മെൻറ് കരകുടിശ്ശികക്ക് വസ്തുക്കൾ വിററുപോകുന്നതിനെ സംബന്ധിച്ചുവരുന്ന കേസുകളെ സൂക്ഷിച്ചു തീരുമാനിക്കണമെന്നു എനിക്ക് ഒരപേക്ഷയുണ്ടു്.

Sri. P. S. Nataraja Pillai: Sir, I move.

To omit the allotment of Rs. 25,000 for Lump sum provision for unification of scales of pay

Sri. Kalathil Velayudhan Nair: Sir, I move.

To reduce the total allotment of Rs. 20,76,900 under Demand II by Re. 1
(To discuss the general policy)

സർ, റവന്യൂ ഡിപ്പാർട്ടുമെൻറ് ജോലികളിൽ പ്രധാനമായ ഒന്നു സക്കാർ വക പുറമ്പോക്കു വസ്തുക്കളിൽ അന്യർ കൈവശപ്പെടുത്താതെ സൂക്ഷിക്കുക, കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിൽ തക്കസമയത്തു് നടപടികൾ നടത്തി അവയെ ഒഴിപ്പിക്കുക എന്നുള്ളതാണു്. പ്രത്യേകിച്ചും, ബേസിക്ക്ടാക്സ് ഏപ്പെടുത്തിയതിനുശേഷവും, റവന്യൂദേവസ്വം വിഭജനം വന്നതിനുശേഷവും, റവന്യൂ അധികാരികളുടെ പ്രധാനജോലി ഇതായിട്ടാണിരിക്കുന്നതു്. എന്നാൽ ഇന്നത്തെ റവന്യൂ അധികാരികൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഈ രാജ്യത്തു മിക്ക പുറമ്പോക്കുകളും, ടൗണിൽതന്നെയുള്ള പല പുറമ്പോക്കുകളും ആളുകൾ കൈവശപ്പെടുത്തിയിരിക്കുകയാണു്. മാത്രമല്ല, അതിൽ കൃഷിചെയ്തു തെങ്ങുവെച്ചു കായ്ഫലമായാൽപോലും ആ വക ഭൂമികൾ അന്യർ കൈവശപ്പെടുത്തിയതായി സക്കാർ അറിയുകപോലുമില്ല. ആണ്ടിൽ ഒരു പ്രാവശ്യമെങ്കിലും ഈ സക്കാർ വസ്തുക്കളുടെ അതിരുകൾ പരിശോധിച്ചു അതിൽ വല്ലവരുടേയും പ്രവേശനം ഉണ്ടായിട്ടുണ്ടോയെന്നു നിർണ്ണയിക്കേണ്ടതുണ്ടു്. ഇപ്പോൾ അനേകം വർഷങ്ങളായി റവന്യൂ ഡിപ്പാർട്ടുമെൻറുകാർ അങ്ങനെയുള്ള പരിശോധനകൾ നടത്താറില്ല. നിയമപ്രകാരം നടപടി നടത്തി ഒഴിപ്പിക്കാൻപോകുന്ന പല സക്കാർ വസ്തുക്കളും കെട്ടിടങ്ങൾവെച്ചു താമസിക്കുന്നതായും പത്തിരുപതു കൊല്ലമായി ദേഹണ്ഡങ്ങൾ ചെയ്തുവരുന്നതായും കാണുന്നു. ഇതു് എന്തുകൊണ്ടാണെന്നു ഗവമ്മെൻറ് ആലോചിച്ചിട്ടുണ്ടോ? അതുപോലെ പല സക്കാർ പുറമ്പോക്കുതോടുകളും ഉണ്ടു്. ആളുകളുടെ സൗകര്യം അനുസരിച്ചു ഈ തോടുകൾ വളച്ചുതിരിച്ചു സക്കാർ വസ്തുക്കൾ കൈവശപ്പെടുത്തി വച്ചിട്ടുണ്ടു്. ആവക ഭൂമികൾ കൈവശപ്പെടുത്തുന്നതിനു് സക്കാർ യാതൊരു നടപടികളും നടത്തുന്നില്ല. മറെറാരു സംഗതി റവന്യൂ പുറമ്പോക്കു വസ്തുക്കൾ കുത്തകപ്പാട്ടത്തിനു കൊടുക്കുന്ന കാര്യമാണു്. വില്ലേജ് പഞ്ചായത്തുകൾ രാജ്യത്തിൻെറ നാനാഭാഗത്തും ഏർപ്പെടുത്തുവാൻപോകുന്ന ഈ ഘട്ടത്തിൽ കാലാവധി കൂടാതെയൊ, ദിർഘകാലത്തെ കാലാവധിവച്ചോ, യാതൊരു പുറമ്പോക്കു ഭൂമിയും കുത്തകപ്പാട്ടത്തിനു് കൊടുക്കുന്നതു് ശരിയായിരിക്കുകയില്ലെന്നാണു് എൻെറ അഭിപ്രായം. പ്രത്യേകിച്ചും, ടൗണിൽ ഒരിക്കലും കുത്തകപ്പാട്ടത്തിനു് സ്ഥലംകൊടുക്കരുതു്. കാരണം അവിടെ പൊതുപയോഗത്തിനു് ധാരാളം സ്ഥലം ഗവമ്മെൻറിനുതന്നെ ആവശ്യം ഉണ്ടു്. കുത്തകപ്പാട്ടത്തിനു് സ്ഥലം കൊടുക്കുന്ന അവസരത്തിൽതന്നെ അതു് ശരിയായവിധം കൊടുത്തിട്ടില്ലായെന്നുള്ളതിനും ദൃഷ്ടാന്തങ്ങൾ ഉണ്ടു്. പീരുമേടു്, ദേവികുളം മുതലായ സ്ഥലങ്ങളിൽ കുത്തകപ്പാട്ടത്തിനു് സ്ഥലം പതിച്ചുകൊടുത്ത അവസരത്തിൽ അതു് ശരിയായി അളന്നു തിട്ടപ്പെടുത്താതേയും സക്കാർ കൈവശപ്പെടുത്താതേയും കുത്തകപ്പാട്ടത്തിനു് കൊടുത്തതുകാരണം പതിച്ചുകിട്ടിയ ആളുകൾക്കു്

[Sri. Kalathil Velayudhan Nair]

വസ്തുക്കൾ കൈവശം കിട്ടാതെയും കിട്ടേണ്ട വസ്തുക്കൾതന്നെ മുഴവൻ കിട്ടാതെയും വന്നിട്ടുണ്ട്. ഈ ഡിപ്പാർട്ടുമെന്റിന്റെ അശ്രദ്ധകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു്. സർക്കാർ വസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള ബാദ്ധ്യതയും ചുമതലയും ഈ ഡിപ്പാർട്ടുമെന്റുകാർ മറക്കുന്നു. അതുകൊണ്ട് ഈക്കാര്യത്തിൽ ഡിപ്പാർട്ടുമെണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മറ്റൊന്നു എനിക്കു പറയുവാനുള്ളതു് ജ്യൂഡിഷ്യറിയേയും എക്സിക്യൂട്ടീവിനേയും വേർതിരിക്കുന്നതിനെപ്പറ്റിയാണ്. ലാൻഡറവന്യൂ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പല തഹശീൽദാരന്മാരും മജിസ്ട്രേട്ടന്മാർ കൂടിയാണ്. അതു് പലതരത്തിൽ ദോഷം ചെയ്യുന്നുണ്ട്. തത്വത്തിന്മേൽ നോക്കുകയാണെങ്കിലും ഇതു് ശരിയല്ല. അതുകൊണ്ട് ഇതു് രണ്ടും വേർതിരിക്കേണ്ടതാണ്.

ശ്രീ. ഈപ്പൻ അറയ്ക്കൽ പറഞ്ഞ സംഗതിയെ സംബന്ധിച്ച ഒരു തെറ്റിധാരണ അദ്ദേഹത്തിനോ, അദ്ദേഹത്തെ പിൻതാങ്ങി സംസാരിച്ച ശ്രീ. പൊന്നറ ശ്രീധറിനോ ഉണ്ടെന്നു തോന്നുന്നു. ശ്രീ. ശ്രീധർ ഹൈക്കോടതിയിൽ ജോലിനോക്കുന്ന എന്നെപ്പോലുള്ളവർക്കു് സാധാരണക്കാരുടെ കാര്യം അറിഞ്ഞുകൂടായിരിക്കുമെന്നു പറയുന്നു. അദ്ദേഹം അങ്ങനെ പറയുമെന്നു ഞാൻ വിചാരിച്ചില്ല. ശ്രീ. ഈപ്പൻ അറയ്ക്കൽ പറഞ്ഞുവന്ന അവസരത്തിൽ ഈ നിയമങ്ങളും റൂളുകളും അത്ര കാര്യമായി ഗണിക്കാതെ വളരെ തുച്ഛമായ തുകക്കു് ലേലത്തിൽ വിറ്റുപോകുന്ന വസ്തുക്കളെ അങ്ങനെ വിറ്റതായി കണക്കാക്കാൻ പാടില്ലെന്നു പറഞ്ഞതായോ, നിയമപ്രകാരമുള്ള ആ സ്വാതന്ത്ര്യംപോലും ഡിപ്പാർട്ടുമെന്റിനു് കൊടുക്കാൻ പാടില്ലെന്നു പറഞ്ഞതായോ ഞാൻ ധരിച്ചു. അങ്ങനെ ഒരു നില ഒരിക്കലും എടുക്കാൻ പാടില്ലെന്നു എനിക്കു ശക്തിയായി അഭിപ്രായം ഉള്ളതുകൊണ്ട് ആ വസ്തുത ഞാൻ ചൂണ്ടികാണിച്ചു എന്നേയുള്ളു. ലേലത്തിൽ വിറ്റുപോകുന്ന വസ്തുക്കൾ അസ്ഥിരപ്പെടുത്തുന്നതിനെ സംബന്ധിച്ച ചില നിയമങ്ങൾ ഉണ്ട്. ആ നിയമത്തിനകത്തു നിന്നുകൊണ്ട് ഡിപ്പാർട്ടുമെന്റധികാരികൾക്കു ആവശ്യമുള്ള ഡിസ്ക്രീഷൻ ഉപയോഗിക്കാമെന്നല്ലാതെ ആ നിയമത്തെ അവഗണിച്ചു നടപടി നടത്തുന്നതു ശരിയല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഞാൻ പറഞ്ഞതു എന്താണെന്നു് ബഹുമാനിപ്പെട്ട മെമ്പർ മനസ്സിലാക്കിയോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: എന്നാണു ഞാനെങ്കിലും ധരിച്ചിരിക്കുന്നതു്.

വടക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം കരക്കുടിശികക്കു് വസ്തു ലേലത്തിൽ വില്ക്കുമ്പോൾ ഒരു തത്വം ഗവമ്മെന്റു അംഗീകരിച്ചിട്ടുള്ളതായി കണ്ടിട്ടുണ്ട്. വളരെ തുച്ഛമായ ഒരു തുകക്കാണു് വസ്തു ലേലത്തിൽ പോകുന്നതെങ്കിൽ അതുതന്നെ ക്രമമായ നടപടി നടത്തിയല്ല വസ്തു ലേലത്തിൽ വിറ്റിരിക്കുന്നതെന്നതിനു് ഒരു തെളിവായി ഗവമ്മെന്റു കണക്കാക്കിയിരുന്നു. കൊച്ചിവിഭാഗത്തിലിരിക്കുന്ന ഒരാളാണു് ഇന്നു ഈവക കാര്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതു്. കൊച്ചിയിലെ നടപടി എന്തായിരുന്നുവെന്നു് എനിക്കു നിശ്ചയമില്ല. ഏതായാലും ഏതെങ്കിലും ഡിമാൻഡുനോട്ടീസോ മറ്റോ നടത്തിയിട്ടുണ്ടെന്നു കണ്ടാൽ നിയമപ്രകാരമുള്ള നടപടികൾ എല്ലാം നടത്തുന്നു എന്നു വിശ്വാസത്തിലാണു് അദ്ദേഹം മുമ്പോട്ടു പോകുന്നതു്. എന്നാൽ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം നോട്ടീസു നടത്തിയതു കൊണ്ടുമാത്രം നടപടി പൂർത്തിയായതായി വിചാരിക്കാൻ പാടില്ല.

ശ്രീ. ഇട്ടീരാ അമ്പുക്കൻ: അദ്ദേഹത്തിനു വീട്ടിൽ പോയിനോക്കാൻ സാധിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: സാധിക്കുമെങ്കിൽ പോകട്ടെ. വീട്ടിൽപോയാലും ഈ റിക്കാർഡുകളൊന്നും അവിടെ കാണുകയില്ല.

ഇവിടെ പലേ അവസരങ്ങളിലും വില വളരെ കുറഞ്ഞാണു ലേലത്തിൽ പോയിട്ടുള്ളതെന്നു കണ്ടാൽ നടപടിപ്പിശകുണ്ടെന്നു ഗവൺമെൻറു കണക്കാക്കിയിരുന്നു. എതായാലും പല കുഴപ്പങ്ങളും ലേലക്കാര്യത്തിൽ ഉണ്ടാകുന്നുണ്ടെന്നുള്ളതിനു സംശയമില്ല. അപ്പോഴെല്ലാം ഡിഷ്ക്രീഷൻ ഉപയോഗിക്കുന്നതു് ന്യായം നടത്തുന്നതിനും നീതി നടത്തുന്നതിനും ഉപകാരപ്രദമായിരിക്കുമെന്നുള്ളതിനോടു ഞാനും യോജിക്കുന്നു.

Sri. P. Nanoo: Sir, I move.

To reduce the total allotment of Rs. 20,76,900 under Demand II by Re. 1.
(To discuss general policy and details)

ഈ ഖണ്ഡനോപക്ഷേപം സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊണ്ടു് ഒന്നു രണ്ടു സംഗതികൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാമെന്നുദ്ദേശിക്കുന്നു. സർ, നമ്മുടെ നാട്ടിൽ ധാരാളം ഇനത്തിലുള്ള പുറമ്പോക്കുസ്ഥലങ്ങൾ കിടപ്പുണ്ടു്. അതായതു് കുളംപുറമ്പോക്കു്, തോട്ടുപുറമ്പോക്കു്, ആററുപുറമ്പോക്കു് ഇങ്ങനെ പലവിധത്തിലുമുണ്ടു്. ഈ പുറമ്പോക്കുകളിൽ അധികവും കൃഷിക്കാർക്കു് സൗകര്യപ്രദമായിട്ടല്ലാ കിടക്കുന്നതു്. ഈ മാതിരിയുള്ള പുറമ്പോക്കുസ്ഥലങ്ങൾകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു് നിലത്തിൽ വെള്ളം പെരുകുമ്പോൾ അവയെ പുറത്തുകളയാനും വെള്ളം ഇല്ലാതിരിക്കുമ്പോൾ വെള്ളം കൊണ്ടുവരുന്നതിനും മററുമാണു്. ആ വക സംഗതികൾക്കു് ഈ പുറമ്പോക്കുഭൂമികൾ വളരെ ഉപകാരപ്രദവുമാണു്. എന്നാൽ സംസ്ഥാനത്തുകിടക്കുന്ന മിക്ക പുറമ്പോക്കുസ്ഥലങ്ങളും സ്വകാര്യ വ്യക്തികളുടെ കൈവശമാണു്. ഗവൺമെൻറിൽനിന്നു് കുത്തകപ്പാട്ടം കൊടുക്കുന്നതായാലും അല്ലാതെ ആയാലും ഓരോരുത്തർ ഈ വസ്തുക്കളെ കൈവശപ്പെടുത്തി അനുഭവം എടുത്തുവരുന്നു. എന്നാൽ ഇത്തരം പ്രദേശങ്ങളെ തെരഞ്ഞെടുത്തു് കൃഷിക്കാർക്കു് ഉപയോഗമാകുന്ന വിധത്തിൽ ഒഴിപ്പിച്ചിടേണ്ടതു് ഏററവും അത്യാവശ്യമാണു്. നിലങ്ങളുടെ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന തോടുപുറമ്പോക്കുകൾ തൊട്ടുകിടക്കുന്ന നിലം ഉടമസ്ഥന്മാർ അവയെ വെട്ടി നിലത്തിനോടു ചേർക്കുന്നതുകൊണ്ടു് മഴക്കാലങ്ങളിൽ വെള്ളം ഒലിച്ചുപോകാൻ സൗകര്യമില്ലെന്നു മാത്രമല്ല, നിലത്തിൽ കരമാറി വന്നു് നിലം നികത്തിക്കളയുകയും ചെയ്യും. അതുകൊണ്ടു് ഇത്തരത്തിലുള്ള സ്ഥലങ്ങൾ ഗവൺമെൻറിൽനിന്നും സർവ്വേ ചെയ്യിച്ചു് ഒഴിപ്പിച്ചു് വയ്ക്കണമെന്നു് എനിക്കൊരപേക്ഷയുണ്ടു്. സർ, ആഹാരസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഭീമമായ സംഖ്യ ഗവൺമെൻറു് ചിലവാക്കുന്നു. ഇന്നത്തെ ഗവൺമെണ്ടിന്റെ പ്രധാന ശ്രദ്ധയും അതുതന്നെയാണു്. അതുകൊണ്ടു് ഈ പുറമ്പോക്കുസ്ഥലങ്ങൾ ഒഴിപ്പിച്ചിടുകയാണെങ്കിൽ കൃഷിക്കാർക്കു് കൂടുതൽ ഉപയോഗമാകുന്നതിനും പുറമെ ഗവൺമെൻറിനു അതിൽനിന്നും സാരമായ ആദായവും കിട്ടുന്നതാണു്. ഇതിനു വലിയ ചക്രച്ചിലവില്ല, ഗവൺമെൻറിൽനിന്നും ഒരു ആർഡർ അയച്ചാൽമതി. എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചുകൊള്ളും. ഈ സംഗതി പല അവസരങ്ങളിലും ഞാൻ ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. അപ്പോഴൊക്കെയും വേണ്ട നടപടികൾ എടുത്തുകൊള്ളാമെന്നു് പറയുന്നതല്ലാതെ യാതൊന്നും ഇതേവരെ നടന്നിട്ടില്ല. മുൻപു പുറമ്പോക്കുസ്ഥലങ്ങളെപ്പററി അന്വേഷിക്കുന്നതി

[Sri. P. Nanoo]

നം സർവ്വേചെയ്തു ഒഴിപ്പിച്ചെടുക്കുന്നതിനും മററും ഇടപെട്ടുകൊണ്ടിരുന്നതു് റവ
ന്യൂ ഉദ്യോഗസ്ഥന്മാരാണു്. എന്നാൽ ഇപ്പോഴാകട്ടെ ജി. എം. എഫ്. വർക്കി
നു വേണ്ടി രണ്ടു തഹശീൽദാരന്മാരെ നിയമിക്കുകയും അവർക്കു് പുറമ്പോക്കു സ്ഥ
ലങ്ങളുടെ ചുമതലകൂടി കൊടുക്കുകയുമാണു് ചെയ്തിട്ടുള്ളതു്. എന്നാൽ ജി. എം.
എഫ്. വർക്കു കാർക്കു് ഈ വക പുറമ്പോക്കുകളെപ്പററി യാതൊരു അറിവും
ഇല്ലാതാണിരിക്കുന്നതു്. അതായതു് പുറമ്പോക്കുമായിട്ടു് പരിജ്ഞാനമുള്ളവ
രെ നിയമിക്കാതെ യാതൊരു വിവരങ്ങളും അറിയാത്ത കുറെ ആളുകളെയാണു്
നിയമിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഒന്നുകിൽ ജി. എം. എഫ് വർക്കിൽ റവ
ന്യൂ തഹസിൽദാരന്മാരെ നിയമിക്കുകയോ അല്ലെങ്കിൽ പുറമ്പോക്കു സ്ഥലങ്ങളെ
പ്പററി അറിവുള്ള ഉദ്യോഗസ്ഥന്മാരെ ജി. എം. എഫ്-നു വേണ്ടി നിയമിക്കുക
യോ ചെയ്യേണ്ടതാണു്. മറെറാരു സംഗതി സംസ്ഥാനത്തെ കുത്തകപ്പാട്ടം സം
ബന്ധിച്ച ചട്ടങ്ങളെപ്പററിയാണു്. പിന്നോക്കസമുദായങ്ങൾ അനേകവർഷ
മായി ദേഹണ്ഡിച്ചു് അനുഭവിച്ചുവരുന്ന സ്ഥലങ്ങൾ അവർക്കുതന്നെ പതിച്ചു
കൊടുക്കണമെന്നും മററും നിയമം ഉണ്ടു്. ഈ ചട്ടങ്ങൾ കടലാസിൽ അല്ലാതെ
കാര്യത്തിൽ അത്ര ശരിയായി കാണുന്നില്ല. മററു സ്ഥലങ്ങൾ കിട്ടാൻ വിഷമമു
ള്ളതുകൊണ്ടാണു് പിന്നോക്കസമുദായക്കാർ പുറമ്പോക്കുസ്ഥലങ്ങളിൽ പ്രവേശി
ച്ചു് ദേഹണ്ഡിച്ചു് അനുഭവിച്ചുവരുന്നതു്. ഇങ്ങനെയുള്ള വസ്തുക്കൾ സ്വാധീ
നശക്തിയും പണവും ഉള്ളവർ കൈവശപ്പെടുത്താൻ പല വഴികളിലും ശ്രമി
ച്ചു് വസ്തു കൈവശപ്പെടുത്തി കുറെനാൾ കഴിയുമ്പോഴാണു് പാവപ്പെട്ട ഈ
കൈവശക്കാരൻ അറിയാനിടവരുന്നതു്. നിരാധാരമായി പുറത്തെറങ്ങേണ്ടി
വന്ന ഈ പാവപ്പെട്ടവനു് ഗവമ്മെൻറിനെസമീപിച്ചു് പരാതികൊടുക്കാൻ ഒര
വസരം ഉണ്ടാക്കികൊടുക്കുകയും അവൻെറ പരാതിയെപ്പററി ഗവമ്മെൻറു് കാ
ര്യമായി പരിഗണിക്കയും ചെയ്യണമെന്നു് എനിക്കു് ഒരു അപേക്ഷയുണ്ടു്. സർ,
ഏതു ഉദ്ദേശത്തോടുകൂടി ഒരു നിയമം ഉണ്ടാക്കുന്നോ ആ ഉദ്ദേശത്തെ ഹനിക്കുന്ന
അല്ലെങ്കിൽ ആ നിയമത്തെ ലംഘിക്കുന്ന ഏതു പ്രവൃത്തികളേയും ഗവമ്മെൻറി
ൻെറ പരമാധികാരം ഉപയോഗിച്ചു് കശനമായി തടുക്കുകയും കുററക്കാരനെ
ശിക്ഷിക്കുകയും ചെയ്യേണ്ടതാണു്. ദേഹണ്ഡക്കാരനെ ഞാൻ മുൻപു പറഞ്ഞ
വിധത്തിൽ പുറത്തെറക്കിവിട്ടിട്ടുള്ള അനവധി കേസുകൾ ഉണ്ടായിട്ടുണ്ടു്. അ
തുകൊണ്ടു് മേലാലെങ്കിലും ഇത്തരം പ്രവൃത്തികൾ ഉണ്ടാകാതിരിക്കാൻ ഗവമ്മെ
ൻറു് സത്വരനടപടി കൈക്കൊള്ളണമെന്നു് എനിക്കൊരഭിപ്രായമുണ്ടു്. മ
റെറാരു കാര്യം പറയാനുള്ളതു് സിവിൽകോടതിയിൽ പണം അടക്കുന്ന സംഗ
തിയെപ്പററിയാണു്. സർ, മുൻസിഫ്കോടതിയിൽ ഒരു കക്ഷിക്കു് പണം
കെട്ടിവക്കണമെന്നുണ്ടായിരുന്നാൽ ആ വക പണം താലൂക്കുകച്ചേരിയിൽ ആണു്
അടച്ചുവരുന്നതു്. ഇങ്ങനെ താലൂക്കുകച്ചേരിയിൽ അടക്കുന്ന പണം ഒരാഴ്ചക്ക
കം മുൻസിഫ്കോടതിയിലേക്കു് അയക്കണമെന്നു് നിർദ്ദേശവും ഉണ്ടു്. എ
ന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ഒരു കക്ഷി മുൻസിഫ്കോടതിയിലേക്കുള്ള
പണം താലൂക്കുകച്ചേരിയിൽ അടച്ചാൽ ആ വക പണം മുൻസിഫ്കോടതിയി
ലേക്കു വരണമെങ്കിൽ ഏകദേശം ആറുമാസത്തെ കാലതാമസം നേരിടുന്നു. ഒന്നു
കൂടി പറയുകയാണെങ്കിൽ വളരെ അജാഗ്രതയോടുകൂടിയാണു് താലൂക്കു കച്ചേ
രിക്കാർ ഈ വക കാര്യങ്ങൾ നടത്തുന്നതു്. ഇത്രത്തോളം കാലതാമസം നേരി
ടുമ്പോൾ പണം വാങ്ങാൻ അവകാശമുള്ള കക്ഷികൾ വിചാരിക്കുന്നതു് ഗവമ്മെ
ൻറിൽ പണം ഇല്ലാത്തതുകൊണ്ടാണു് ഇങ്ങനെ കാലവിളംബം ഉണ്ടാകുന്നതെ
ന്നാണു്. അതുകൊണ്ടു് മേലാലെങ്കിലും ഈ വക തെററിദ്ധാരണകളെ നീക്കു
ന്നതിനായി ഫിനാൻസു മന്ത്രി ശ്രദ്ധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. സർ,

മറെറാരുസംഗതി ബേസിക്ക് നികുതി സംപ്രദായം ഈ നാട്ടിലുള്ള എല്ലാ വസ്തുക്കൾക്കും ഒരു പോലെ ബാധിക്കുമെന്നാണ് നിയമം. കൊച്ചിരാജ്യത്ത് ഈ സംപ്രദായം ഇല്ലാതിരുന്ന സ്ഥലങ്ങളിൽപോലും നടപ്പിൽ വരുത്താൻ നിശ്ചയിച്ചുകഴിഞ്ഞു. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ബേസിക്ക് നികുതി സംപ്രദായം ഏർപ്പെടുത്താത്ത പല വസ്തുക്കളുമുണ്ട്. ആ വസ്തുക്കൾക്കുകൂടി ഈ ഇനത്തിൽ കരം ക്ലിപ്തപ്പെടുത്തേണ്ടതാണെന്ന് കാണിച്ച് ഈ നിയമസഭയിൽതന്നെ ഒരു നിവേദനം ഉണ്ടായിരുന്നു. എന്നാൽ ഇതുവരെയായിട്ടും അതിന് അവസാന തീരുമാനമൊന്നും ഉണ്ടായിട്ടില്ല. ആ കാര്യംകൂടി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. കിളിമാനൂർ എന്ന സ്ഥലത്ത് ഇടവകയായി കുറെ ഭൂമികളുണ്ട്. ഈ ഭൂമികളിൽ മുൻപുണ്ടായിരുന്ന കരം വ്യത്യാസപ്പെടുത്താൻ പോകുന്നുയെന്നറിഞ്ഞു ആ സ്ഥലങ്ങളെ കിളിമാനൂർ കൊട്ടാരത്തിൽ ഉള്ളവർ അവരുടെ പേരിൽപതിച്ചു........ (ബെൽ)

ശ്രീ. ടി. വി. ദേവൻ: സർ, പിന്നോക്കസമുദായക്കാർക്ക് പതിച്ചുകൊടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കരക്കുടിശിഖ ഇല്ലാതിരുന്നിട്ടും വസ്തു ലേലത്തിൽ കൊണ്ടുവന്നു അന്യർ കരസ്ഥമാക്കിയെടുക്കുന്ന ഒരു പതിവ് ഇപ്പോൾ ധാരാളമായി നടന്നുകൊണ്ടിരിക്കുകയാണ്. ഉദാഹരണമായി ഒരു കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. പത്തനംതിട്ട താലൂക്കിൽ ഒരു പിന്നോക്കസമുദായസാധു ൧ ൨ സെൻറ സ്ഥലം മൂന്നു വർഷത്തെ കുത്തകപ്പാട്ട വ്യവസ്ഥയിൽ ദേഹണ്ഡിച്ചു അനുഭവിച്ചുകൊണ്ടുവന്നിരുന്നു.

ശ്രീ. കെ. കെ. കണ്ണൻ. സർ, ഏതു മോഷനെക്കുറിച്ചാണ് അദ്ദേഹം സംസാരിക്കുന്നതു് എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. വി. ദേവൻ: ഏതായാലും മി. കണ്ണൻെറ മോഷനെപ്പററിയല്ല ഞാൻ സംസാരിക്കുന്നതു്.

മി. ഡിപ്യൂട്ടി സ്പീക്കർ: ശ്രീ. പി. നാണു അവതരിപ്പിച്ച മോഷനെപ്പററിയാണ് സംസാരിക്കുന്നതു്.

ശ്രീ. ടി. വി. ദേവൻ: സർ, അങ്ങനെയിരിക്കുമ്പോൾ ആ സാധുവിൻെറ തമ്പുരാനായ ഒരു മാന്യൻ അയാളോടു പറഞ്ഞു നിൻെറ സ്ഥലം നിനക്ക് പതിച്ചുകിട്ടാൻ പോകുന്നു, അതുകൊണ്ട് കരത്തിനുള്ള ചക്രവും മുൻപു കരംകൊടുത്തിട്ടുള്ള രസീതുകളും മററും എൻെറ കയ്യിൽ തരണമെന്നും വസ്തുവിനെ നിൻെറ പേരിൽ പതിച്ചുതരാമെന്ന് അധികാരികൾ ഏററിട്ടുണ്ടെന്നും മററും പറഞ്ഞു ആ സാധുവിൻെറ കയ്യിലുള്ള ചക്രവും വസ്തുവിൻെറ റിക്കാർഡുകളും ആ തമ്പുരാൻ തട്ടികൊണ്ടുപോകുകയുണ്ടായി. കുത്തകപ്പാട്ടം പിടിച്ചു ഏകദേശം ഒരു മാസം കാലാവധി കഴിഞ്ഞപ്പോൾ പോലീസിലേക്ക് ആ ഭൂമിഉടമസ്ഥൻ ഒരു ഹർജികൊടുത്തു. ആ ഹർജിയിൽ കുത്തകപ്പാട്ടം അയാൾക്കാണെന്നും എന്നാൽ ഈ ആൾ അവിടെ പ്രവേശിച്ചിരിക്കുകയാണെന്നും ആയിരുന്നു ഹർജി. പോലീസുകാർ വന്നയുടൻ അയാൾ എന്നോടുവന്നു കാര്യങ്ങൾ എല്ലാംപറഞ്ഞു. ഞാൻ ചെന്നു ആ ഭൂമി ഉടമസ്ഥനോടു പറഞ്ഞു ഏതായാലും കാര്യം റവന്യൂ ഡിപ്പാർട്ട്മെൻറുമുഖാന്തിരം തീർക്കാൻ നോക്കണം, അല്ലാതെ പോലീസുകാർ മുഖാന്തിരം പാടില്ലെന്നു്. ഇതു നടന്നതു് പത്തനാപുരം താലൂക്കിലാണ്. ഞാൻ പത്തനാപുരം താലൂക്കിലെ തഹശീൽദാരെ ചെന്നുകണ്ടു ഒരു സാധുവിൻെറ ൧ ൨ സെൻറ സ്ഥലം ഇങ്ങനെയൊരു ഭൂമിഉടമസ്ഥൻ കൈക്കലാക്കാൻ ശ്രമിക്കയാണെന്നു പറഞ്ഞു് അദ്ദേഹം എന്നോടു പറഞ്ഞതു് സർവ്വ റിക്കാർഡുകളും ഈ

[Sri. T. V. Devan]

സാധുവിനു എതിരാണെന്നാണ്. ഒടുവിൽ അദ്ദേഹം എന്നെ അവിടത്തെ ഡിസ്ട്രിക്റ്റ് കളക്ടറെ ചെന്നുകണ്ടു് തഹശീൽദാർ തന്നെ നേരിട്ടു സ്ഥലത്തു ചെന്നു അന്വേഷിച്ചു റിപ്പോർട്ട് ചെയ്യാനായി ആർഡർ വാങ്ങിച്ചുകൊണ്ടുവരാമെങ്കിൽ ഒന്നു് ശ്രമിച്ചുനോക്കാമെന്നു പറഞ്ഞു. ഞാൻ അതുപോലെതന്നെ ഡിസ്ട്രിക്റ്റ് കളക്ടറെ ചെന്നുകണ്ടു് അപേക്ഷ കൊടുത്തു ഉടൻതന്നെ ആർഡർ വാങ്ങിച്ചുകൊണ്ടുകൊടുത്തു. തഹശീൽദാർ സ്ഥലത്തുവന്നന്വേഷിക്കുകയും അയൽവാസികളെ വരുത്തി ചോദിക്കുകയും ചെയ്തതിൽ ൨൫ വർഷത്തിനുമുമ്പ് ഈ സ്ഥലം കുത്തകപ്പാട്ടത്തിനു് റിസർവിൽനിന്നും ഈ സാധുവിനു കൊടുത്തിരുന്നതാണെന്നും മറ്റും വിവരമായി അറിയുകയും അതനുസരിച്ചു് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഈ വിവരം അറിഞ്ഞ ആ ഭൂമിഉടമസ്ഥൻ ഈ സാധുവിനോടു വന്നു അയാൾ കൊടുത്ത രൂപാ തിരിയെ തരാമെന്നും കേസിനൊന്നും പോകേണ്ടെന്നും മറ്റും പറഞ്ഞു. പാവം അതു വിശ്വസിച്ചു. മാത്രമല്ല അയാൾ മുമ്പ് അതായതു് ൧൨ വർഷത്തിനുമുമ്പ് ൫൫ രൂപക്കു് വാങ്ങിച്ചതു് ആ രൂപ കൊടുക്കാമെങ്കിൽ തിരിയെ തരാമെന്നും മറ്റും പറഞ്ഞു. ഞാൻ പറയുന്നതു് ഇങ്ങനെയൊക്കെ ധാരാളം വിഷമങ്ങൾ പിന്നോക്കസമുദായക്കാർക്കു് ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നാണു്. ഇന്നു നടക്കുന്ന ലേലത്തെപ്പറ്റി പറയുകയാണെങ്കിൽ അവർക്കു കുത്തകപ്പാട്ടം കൊടുക്കേണ്ട എന്നു മനഃപൂർവ്വം ഇല്ല. എന്നാൽ ഇപ്രകാരമുള്ള പല ബുദ്ധിമുട്ടുകളുംകൊണ്ടു് പലപ്പോഴും കുടിയിളക്കി വന്നുചേരുകയും മറ്റും ചെയ്യാറുണ്ടു്. ഇങ്ങനെ ഉദാഹരണങ്ങൾ പലതുമുണ്ടു്. കണ്ടമംഗലത്തു ഒരാളിന്റെ വസ്തു അയാളുടെ ഭാര്യയിൽനിന്നും അവകാശം വാങ്ങിച്ചുകൊണ്ടു് ഒടുവിൽ അവരെയെല്ലാം ഇറക്കിവിടുന്നതിനു് ശ്രമിച്ചതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഈ വിഷയത്തിലെല്ലാം അധികാരികൾ ശ്രദ്ധപതിപ്പിക്കേണ്ടതാണെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. കണ്ണൻ: സർ, ഓരോ കട് മോഷനേയുംപറ്റി പ്രത്യേകിപ്രത്യേകം സംസാരിക്കുന്നതിനേക്കാൾ എല്ലാറ്റിനേയും കൂടി ഒരുമിച്ചു് അതായതു് ജനറൽ പാളിസിയെ സംബന്ധിച്ചു ഒരുമിച്ചു സംസാരിക്കാൻ അനുവദിച്ചാൽ സൗകര്യമായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതെല്ലാം ജനറൽപാളിസിയെ സംബന്ധിച്ചു തന്നെ.

Sri. P. S. Nataraja Pillai: On a question of precedent. During the course of the debate on the Budget last time, opportunities were granted to the opposition benches to have the cut motions moved early. That was accepted as convention; because the Government benches represented the Government Party members, they have other form to represent their views. But the opposition party members do not have that opportunity. If you look at the cut motions, you will find that there are 44 motions under Demand II, of which 20 are by the opposition members and 24 by the Government party members. Therefore, precedence may be given to the opposition benches and they may be called early so that they may be able to speak on them.

Mr. Deputy Speaker: Mr. Kunhirama Menon.

ശ്രീ. കെ. കെ. കണ്ണൻ: സർ, ഞാൻ ആദ്യം പറഞ്ഞതുപോലെ ജനറൽ പാളിസിയെപ്പറ്റി സംസാരിക്കാൻ മാത്രം അനുവദിച്ചാൽ നന്നായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതു് അതുതന്നെയാണു്.

Sri. M. I. Paul: Sir, was it a point of order or a request to the Chair?

Mr. Deputy Speaker: Mr. Kunhirama Menon.

Sri. Konnanath Kunhirama Menon: Sir, There are 3 cut motions standing in my name. 13, 14, & 15 in the list. I may be kindly permitted to move those 3 together. Cut Motion No. 13 I move: "To reduce the total allotment of Rs: 20,76,900 under demand No. II by Re. 1"

(To point out the undue delay in land acquisition payment).

സർ, ഗവമ്മെൻറാവശ്യത്തിനു സ്ഥലം അക്വയർ ചെയ്യുതിനു് പൊന്നുംവില കൊടുക്കുന്ന കാര്യത്തിൽ ഗവമ്മെൻറ് കാണിക്കുന്ന അനാസ്ഥയെയും കാലതാമസത്തിനേയും ചൂണ്ടിക്കാണിച്ചു പരിഹാരമുണ്ടാക്കുവാനാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്.

ഗവമ്മെൻറിൻെറ കഴിവുകൾ ഇല്ലായ്കയല്ല മനഃപൂർവ്വമായ ഉപേക്ഷയും ചുമതലാബോധമില്ലാത്ത ഉദ്യോഗപാരമ്പര്യവുമാണു് ഈ കാലതാമസത്തിനു് കാരണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ നിയമസഭയിൽതന്നെ നമ്മുടെ ചീഫ്മിനിസ്റ്റർ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞതിൽ ൧൯൫൩-ൽ പണി നടത്തിയ വകക്കു കൊടുക്കേണ്ട പൊന്നുംവില ഈ ൧൯൫൪-ൽ കൊടുക്കാനായി മാർച്ചുമാസം ൨൦-ാംനു ടേപമെൻറിനു വെച്ചിരിക്കുന്നതായി പറഞ്ഞുകാണുന്നതിൽനിന്നുതന്നെ മനസ്സിലാക്കുവാൻ സാധിക്കുന്നതാണു് നമ്മുടെ ഗവമ്മെൻറിൻെറ കാലതാമസം. സർ, ഇതിലും കൂടുതൽ ഒരു കാലതാമസം വേണ്ടതാണോ ഈ ഉപക്ഷേപത്തിനു പ്രാധാന്യം കൊടുക്കുവാൻ എന്നു ഞാൻ ചോദിക്കുന്നു. ഇതുമാത്രമല്ല വേറെ ഒരു നയം കൂടി നമ്മുടെ ഗവമ്മെൻറിനു് ഉണ്ടു്. അതായതു് പൊതുജനോപകാരമായ കാര്യങ്ങൾക്കു് ഗവമ്മെൻറ് ബഡ്ജററിൽ ലാൻറ് അക്വസിഷനു വക കൊള്ളിക്കുകയും ആ പരിപാടി ഒന്നും നടക്കാതെ സംഖ്യ കൊല്ലാവസാനത്തിൽ ലാപ്സാക്കി കളയുകയും ചെയ്യുക എന്ന സമ്പ്രദായമാണു്. ഇതിനു ഉദാഹരണമായി സംയോജനത്തിനുമുമ്പു് ഒടുവിലത്തെ കൊച്ചി ബഡ്ജററിൽ തലപ്പിള്ളി താലൂക്കിൽ പൈങ്കുളം മലയാളം സ്കൂളിനു് ൧൭൦൦ ക. പൊന്നുംവില കൊടുക്കുവാൻ വക കൊള്ളിച്ചിരുന്നു. എന്നാൽ ആ വകകൊള്ളിക്കൽ മാത്രമല്ലാതെ പിന്നെ യാതൊന്നും നടന്നില്ല. സംയോജനത്തിനുശേഷം ആ സംഗതിതന്നെ തീരെ ഗവമ്മെൻറ് ഉപേക്ഷിച്ചു. ഈ പ്രകാരമുള്ള നടപടി ജനകീയ ഗവമ്മെൻറിനു് ഒത്തതാണോ എന്നു ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നിപ്പോഴും ആ സ്കൂൾ കെട്ടിടത്തിൻെറ സ്ഥിതി വളരെ ശോചനീയാവസ്ഥയിലാണു് നിലകൊള്ളുന്നതു് എന്ന സംഗതി പരമാർത്ഥമാണു്. ഇതിന്നു കാരണം നമ്മുടെ ഗവമ്മെൻറ് ലാൻറ് അക്വസിഷൻ കാര്യത്തിൽ കാണിക്കുന്ന അനാസ്ഥയും, കാലതാമസവും ആണു് എന്നതിനു സംശയമില്ല. അതിനാൽ ഞാൻ ഗവമ്മെൻറിനോടു അപേക്ഷിക്കുന്നതു് പൊതുജനോപകാരമായ കാര്യങ്ങൾ നടക്കണമെന്നും, നടത്തണമെന്നും സദുദ്ദേശം ഗവമ്മെൻറിനു് ഉണ്ടെങ്കിൽ എമർജൻസി പവ്വർ വെച്ചു അക്വസിഷൻ നടത്തേണ്ടതും ആക്ഷേപം കേട്ടു പൊന്നുംവില ഒരു ൬ മാസത്തിനകമെങ്കിലും ഉടമസ്ഥനു ലഭിക്കത്തക്ക നടപടികൾക്കു പദ്ധതി ഉണ്ടാക്കണമെന്നും അപേക്ഷിക്കുന്നു.

സർ, കട്ട്മോഷൻ നമ്പർ, ൧൪-നെക്കുറിച്ചു പറയാനുണ്ടു്. ഈ ഉപക്ഷേപം തിരുവിതാംകൂർ-കൊച്ചിയിലെ നികുതി സമീകരണത്തിൽ അടിയന്തിരശ്രദ്ധ പതിപ്പിക്കുന്നതിലേക്കാണു്. ഈ സംഗതി ഇപ്പോൾ ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിരിക്കുന്നു എന്നു കാണുന്നതിനാൽ വിശേഷിച്ചൊന്നുംതന്നെ പറയുന്നില്ല.

സർ, കട്ട്മോഷൻ നമ്പർ ൧൫-ം ഞാൻ അയച്ചിട്ടുണ്ടായിരുന്നു. അതിനെക്കുറിച്ചും ഒന്നുരണ്ടു് വാക്കു പറയാനുണ്ടു്. ഈ ഉപക്ഷേപം ഒരു കുടിയാൻ

[Sri. Konnanath Kunjirama Menon]

നിയമത്തിന്റെ അത്യാവശ്യകതയെ അറിയിക്കുവാനാണ് അവതരിപ്പിക്കുന്നതു്. ഇവിടെ ഉണ്ടായിരുന്ന ലാന്റ് കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ട് മാസങ്ങൾ കുറച്ചായി. അതിന് ൧൨,൦ ൦ ൦ കയിൽ കുറവല്ലാത്ത ഒരു സംഖ്യ ചിലവു ചെയ്തതായി കാണുന്നുണ്ട്. അതിന്റെ പ്രാധാന്യതയെ കരുതി ചിലവ് ചെയ്തതിനെ ന്യായീകരിക്കണമെങ്കിൽ നിയമം നടപ്പിലാക്കണം. അതു ഉടനടി നടപ്പിലാക്കണം. കാലതാമസം വരുത്തുന്നതു് സംശയങ്ങൾക്കും ഊഹാപോഹങ്ങൾക്കും ഇടയാക്കുന്നു. അതിനാൽ കുടിയാന്മാർക്ക് ഏററവും ഗുണകരമായ രീതിയിൽ ഒരു നിയമം ഉടനടി ഉണ്ടാക്കണമെന്നു ഞാനപേക്ഷിക്കുന്നു.

Sri. P. K. Krishnan Sastri: I move,

To reduce the total allotment of Rs. 20,76,900 under Demand II by Re 1.

സർ, ജനകീയ ഗവമ്മെൻറ് നിലവിൽ വന്നതു് വളരെ അധികം പ്രതീക്ഷകളോടുകൂടിയാണ്. വളരെ അധികം പ്രതിജ്ഞകളാണ് സാധാരണ ജനങ്ങളുടെ ഇടയിൽ ജനകീയ സംഘടന വച്ചിരുന്നതു്. അതിൽ പ്രധാനമായവ കേറിക്കിടക്കുവാൻ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകും എന്നതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. എന്നാൽ ഇന്നു ആ പ്രതിജ്ഞ അവർ നിറവേററീട്ടുണ്ടോ എന്ന് ചോദിച്ചാൽ അതില്ലെന്ന് പറയാതിരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. എനിക്കൊന്നപേക്ഷിക്കുവാനുള്ളതു് പുറമ്പോക്കു ഭൂമികൾ തിരുവിതാംകൂറിന്റെ പല ഭാഗത്തുമായി ധാരാളമുണ്ട്, ആ പുറമ്പോക്കു ഭൂമികൾ അവശസമുദായക്കാർക്കു പതിച്ചുകൊടുക്കുവാൻ വേണ്ട വ്യവസ്ഥ ചെയ്യണമെന്നാണ്. ഭൂമി പതിച്ചുകൊടുക്കുവാൻ പാടില്ലെന്ന് ഒരു വ്യവസ്ഥ ജനകീയ ഗവമ്മെൻറ് വരുന്നതിനുമുമ്പു തന്നെ ഉണ്ടായിരുന്നു എങ്കിലും അവശസമുദായക്കാരുടെ വിഷയത്തിൽ ആ നിയമം ഒന്ന് വ്യത്യസ്തപ്പെടുത്തി പിന്നോക്കസമുദായക്കാർക്കു ഭൂമി പതിച്ചുകൊടുക്കുവാൻ വേണ്ട വ്യവസ്ഥ അന്നുണ്ടായിരുന്നു. ഇന്നാണെങ്കിൽ ഈ പുറമ്പോക്കു ഭൂമിയിൽ പത്തും പന്ത്രണ്ടും വർഷങ്ങൾ താമസിച്ചശേഷംപോലും അവരെ അവിടെ നിന്നു ഇറക്കിവിട്ടിട്ടു ആ സ്ഥലം മററു സമുദായക്കാർ കൈവശപ്പെടുത്തിവരുന്നതായി ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. ഈ കാര്യങ്ങൾ പലപ്രാവശ്യവും ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. മററുപലരും കൊണ്ടുവന്നിട്ടുമുണ്ട്. ഭൂമിയില്ലാത്ത ആളുകൾക്കു് അതായതു് കേറിക്കിടക്കുന്നതിന് ഭൂമിയില്ലാത്ത ആളുകൾക്കു് ഭൂമി കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഗവമ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. അതു് വണ്ടൻമേട്ട് മുതലായ വനപ്രദേശങ്ങളിലാണ്. ആ പ്രദേശങ്ങളിലാണെങ്കിൽ അവർക്കു കുടിയായി താമസിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ നൽകുന്നതിന് സന്നദ്ധമാണെന്നു ഗവമ്മെൻറ് പറഞ്ഞിട്ടുണ്ടെങ്കിലും ഈ സ്ഥലങ്ങൾ മിക്കതും ഇപ്പോൾ മററു സമുദായക്കാരുടെ കൈവശമാണ്. കുടിയായി താമസിക്കുന്നതിന് പ്രത്യേകമായ ചില വിഷമങ്ങൾ ഇല്ലാതില്ല. അതായതു് മററുള്ളവരെ ആശ്രയിച്ചുമാത്രമാണ് ചിലർ മററു സ്ഥലങ്ങളിൽ താമസിച്ചുവരുന്നതു്. എന്നാൽ ഇവിടെ വനങ്ങളിലാണെങ്കിൽ വളരെയേറെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. കാടും മേടുമെല്ലാം വെട്ടിത്തെളിച്ചു താമസിക്കുന്നതിനും അന്നന്നുള്ള ആഹാരത്തിനു വകയുണ്ടാക്കുന്നതിനും നിവൃത്തിയില്ലാതെ വിഷമിക്കുന്നുണ്ട്. പിന്നോക്കസമുദായക്കാർക്ക് കൊടുക്കുകയാണെങ്കിൽ അവർക്കു ഉപജീവനാർത്ഥം ജോലി ചെയ്യാൻ കൂടി സൗകര്യമായിരിക്കണം. ഇതിനുപുറമെ പുറമ്പോക്കു ഭൂമികളും മററും ലേലത്തിനു വിററുവരുന്നു. ഈ പബ്ളിക്കു ലേലം വരുന്ന അവസരത്തിൽ മററുള്ളവരോടൊപ്പം മത്സരിച്ച് ലേലത്തിൽ പങ്കുകൊള്ളുവാൻ ഉള്ള സാഹചര്യം ഇന്നു് ഇവർക്കില്ല. ലേലം വിളിക്കുന്ന തുകതന്നെ ഒന്നായി കൊടുക്കുവാൻ ഇവർക്ക് സാദ്ധ്യമല്ല. അതിനാൽ ആ

കാര്യത്തിലും ഗവൺമെന്റ് ഇവരെ സഹായിക്കേണ്ടതായിട്ടാണിരിക്കുന്നത്. കുത്തകപ്പാട്ട വ്യവസ്ഥയിൽ സ്ഥലമെടുത്ത് താമസിക്കുന്നതിനിടയിൽ ചിലപ്പോൾ എട്ടുംപത്തും കൊല്ലത്തെ കുടിശ്ശികയൊക്കെ വരാറുണ്ട്. ഈ കുടിശ്ശിക ഒന്നായിതന്നെ കൊടുക്കുവാൻ അവർക്കു സാധിക്കാതെ വരുന്നതുകൊണ്ട് അവരിൽനിന്നും കുറേശ്ശെ കുറേശ്ശയായി ഈടാക്കുവാൻ വ്യവസ്ഥ ചെയ്യേണ്ടതാണ്. ഈ കാര്യവും മുമ്പുതന്നെ ഞങ്ങൾ ഗവൺമെന്റ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിനൊരു ശരിയായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. ഞാൻ പറയുന്നത് അവർ കുത്തകപ്പാട്ടത്തിന് സ്ഥലം വാങ്ങിച്ച് വളരെക്കാലം ദേഹണ്ഡിച്ച് അഭിവൃദ്ധിപ്പെടുത്തിയ സ്ഥലങ്ങൾ ഒരു പ്രഭാതത്തിൽ ഇരുന്നൂറും മുന്നൂറും രൂപാ ഒന്നായി ഒടുക്കണമെന്ന നോട്ടീസുമായി ഫോറസ്റ്റധികാരികൾ ചെന്നാൽ പാവപ്പെട്ടവർ വിഷമിക്കയേയുള്ളു. ഇങ്ങനെ വിഷമിച്ചിരിക്കുമ്പോൾ ലേലനോട്ടീസുമായിട്ടാണ് അധികാരികൾ അവരെ സമീപിക്കുന്നത്. ലേലത്തിൽ പിടിക്കുവാൻ ആ സാധുവിനു സാധിക്കാതെ വരുന്നു. അങ്ങനെ വരുമ്പോൾ അതു ലേലത്തിൽ വില്ക്കുകയാണു ഗവൺമെന്റ ചെയ്തുവരുന്നത്. അതുകൊണ്ടും, അവശസമുദായക്കാർക്ക് വളരെക്കാലമായി അവർ ദേഹണ്ഡിച്ചിട്ടുള്ള സ്ഥലം കിട്ടാനിടയില്ലാതെ വന്നിട്ടുണ്ട്. ഈ സംഗതി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അതിനു ഒരു തീരുമാനവും ഉണ്ടായിട്ടില്ലെന്നാണു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. വളരെക്കാലം കുത്തകപ്പാട്ടം കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നു ആളുകളെ ഇറക്കിവിടുന്നതിനു ചില വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടെന്നു ഗവൺമെന്റ ഭാഗത്തുനിന്നും ഇതിനുമുമ്പ് ഈ സഭയിൽതന്നെ പറഞ്ഞിട്ടുണ്ട്. ഈ കാര്യം ഗവൺമെന്റ് ദയാപൂർവ്വം പരിഗണിക്കണം എന്നു അപേക്ഷിക്കുന്നു. അതുപോലതന്നെ സ്വന്ത ഭൂമിയില്ലാത്തവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു ഗവൺമെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഭൂവുടമയുടെ പരിധി നിർണ്ണയിക്കുമെന്നുള്ള വസ്തുത ഗവൺമെന്റ വളരെക്കാലമായി പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു സംഗതിയാണ്. ഒരാളിന് പരമാവധി എത്രത്തോളം ഭൂമി ഉപയോഗിക്കാമെന്നു വ്യവസ്ഥ ചെയ്യുന്നതിനു ഒരു കമ്മിറ്റി നിയമിക്കുകയും ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതായും അറിയുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഏതുതരത്തിലാണു ഈ നാട്ടിലെ ഭൂമിയില്ലാത്തവർക്ക് പ്രയോജനപ്പെടുന്നതു എന്നുള്ള കാര്യം ആലോചിക്കേണ്ടതാണ്. ഈ കമ്മിറ്റി എന്നല്ല, ഏതു കമ്മിറ്റി രൂപീകരിക്കുമ്പോഴും ഇതിനു മുൻ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നയം ഏറ്റവും ലജ്ജാകരമായ ഒന്നാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ചില ആളുകളെ പ്രീണിപ്പിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് കമ്മിറ്റികൾ രൂപീകരിക്കാറുള്ളതെന്നുള്ളത് ഒരു തുറന്ന പരമാർത്ഥം മാത്രമാണ്. ഇവിടെ പല കമ്മിറ്റി റിപ്പോർട്ടുകളും ഉണ്ടായിട്ടുണ്ട്. അതൊന്നും ഗവൺമെന്റിന്റെ ചർച്ചക്കു വിഷയമാകുകയോ ഉപയോഗപ്രദമായിത്തീരുകയോ ചെയ്തിട്ടില്ല. ഇത്തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിക്കുന്നതിൽനിന്നും ഇന്നത്തെ ഗവൺമെന്റ വിരമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ലാൻഡ് കമ്മിറ്റി കൊണ്ടുവന്നിട്ടുള്ള റിപ്പോർട്ട് മുതലാളിമാരുടേയും ജന്മിമാരുടേയും താല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ ഒരു റിപ്പോർട്ടാണെന്നു എല്ലാവർക്കുമറിയാം. സാധുക്കളുടെ പ്രതിനിധികളായി ഒരൊറ്റ വ്യക്തിയെപ്പോലും ആ കമ്മിറ്റിയിലേക്കു തിരഞ്ഞെടുക്കാൻ അന്നത്തെ ഗവൺമെന്റിനു സന്മനസ്സ് ഉണ്ടായിട്ടില്ല. ഇതുപോലെയുള്ള കമ്മിറ്റി റിപ്പോർട്ടുകൾ ഈ രാജ്യത്തെ സാധുക്കൾക്കു പ്രയോജനകരമായിരിക്കുകയില്ല. സാധുക്കളെ

[Sri. P. K. Krishnan Sastri]

അല്ലെങ്കിലും സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കേണ്ടതും ഭൂമിയില്ലാത്തവർക്കു ഭൂമി കൊടുക്കേണ്ടതും ജനകീയ ഗവൺമെന്റിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കടമയായി ഗവൺമെന്റ് കരുതേണ്ടതാണ്. ഈ വസ്തുത ഗവൺമെണ്ട് ദയാപൂർവ്വം ചിന്തിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. കണ്ണൻ: സർ, എന്റെ ഉപക്ഷേപം ഇതാണ്.

To reduce the total allotment of Rs. 20,76,900 under Demand II by Re. 1. (To speak about the loss sustained by the agriculturists at Chittoor last year on account of failure of crops.)

ഈ ഉപക്ഷേപത്തിൽ അടങ്ങിയിട്ടുള്ള സംഗതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പലപ്പോഴും കൊണ്ടുവന്നിട്ടുള്ള ഒന്നാണ്. കഴിഞ്ഞ കൊല്ലം മകരമാസത്തിൽ ചിററൂർ താലൂക്കിലുണ്ടായ കൃഷിനാശത്തെ സംബന്ധിച്ച് അവിടത്തെ കർഷകർ ഗവൺമെന്റ് അധികൃതന്മാരെ നേരിട്ടു സമീപിച്ചു നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയെ ഒരു ഡെപ്യൂട്ടേഷനായി സമീപിച്ച് നിവേദനം നടത്തിയ സമയത്ത് ഞാനും അവരൊന്നിച്ചുണ്ടായിരുന്നു. ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്ന സാധു കൃഷിക്കാർ നൽകിയ നിവേദനങ്ങളുടെ ഫലമായി അവർക്കു നേരിട്ടിട്ടുള്ള നഷ്ടം മുഴുവനും പരിഹരിച്ചുകൊടുക്കുന്നതാണെന്നു ഒരു പ്രസ്സ്നോട്ടു പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതുവരെ ഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് യാതൊന്നുംതന്നെ പ്രവർത്തിച്ചിട്ടില്ലെന്നുള്ളതു് വളരെ വ്യസനസമേതം അറിയിക്കുന്നു.

ശ്രീ. എ. ജെ. ജോൺ: കൃഷിയിലുണ്ടായിട്ടുള്ള നഷ്ടം മുഴുവനും പരിഹരിക്കാമെന്നു പ്രസ്സ്നോട്ട് ഇറക്കിയിട്ടുണ്ടെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്.

ശ്രീ. കെ. കെ. കണ്ണൻ: അങ്ങനെതന്നെയാണു പറയുന്നതു്. അതു ഒരു വസ്തുത തന്നെയാണെന്നു ഞാൻ ഇപ്പോഴും ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. വളരെ വിഷമങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കൃഷിക്കാർക്ക് ഗവൺമെന്റ് വാഗ്ദാനം ചെയ്തിട്ടുള്ളതായ യാതൊന്നും കൊടുത്തിട്ടില്ല. തൻമൂലം അവർ വളരെയധികം വിഷമങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. പാട്ടം കൊടുക്കാൻ നിവൃത്തിയില്ലാതെ വിഷമിച്ചുകൊണ്ടിരുന്ന കൃഷിക്കാരുടെ പേരിൽ ആ കാരണത്തിന്മേൽ ജന്മിമാർ വസ്തു ഒഴിപ്പിക്കുന്നതിനുള്ള അന്യായങ്ങൾ കൊടുത്തിട്ടുള്ളതായും അറിയുന്നു. ഗവൺമെന്റിലേക്കു കിട്ടേണ്ടതായ കരം ഈടാക്കുന്നതിലേക്ക് ഗവൺമെന്റ് നടപടികൾ എടുക്കുകയും പലരോടും കരം ഈടാക്കി വരികയും ചെയ്യുന്നു. ഗവൺമെന്റ് ചെയ്തിട്ടുള്ള വാഗ്ദാനമനുസരിച്ചാണെങ്കിൽ ഈടാക്കിയിട്ടുള്ള കരംതന്നെ കൃഷിക്കാർക്ക് മടക്കിക്കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: ചിററൂരിൽ കൃഷി നടത്തുന്ന ആളുകൾ നികുതി കൊടുത്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. ഇതുവരെ കൊടുത്തിട്ടില്ല.

ശ്രീ കെ. കെ. കണ്ണൻ: ജന്മികളൊഴിച്ചുള്ള ചിററൂരിലെ മററു കൃഷിക്കാർ സാധാരണക്കാരാണെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. കൃഷിപ്പിഴമൂലം ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ കർഷകർ ഗവൺമെന്റിലേക്ക് കരംകൊടുക്കേണ്ടതായി വന്നിരിക്കുന്നു. പലരും കരം കൊടുത്തുകഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ അറിവു്. ഇങ്ങനെ പലവിധത്തിലും ചിററൂരിലെ കർഷകജനവിഭാഗം വളരെ ക്ലേശങ്ങൾ അനുഭവിക്കുകയാണെന്നുള്ള വിവരം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവരുടെ ഏററവും ന്യായമായിട്ടുള്ള അ

വകാശങ്ങൾ അനുവദിച്ചുകൊടുക്കണമെന്നാണ് ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നതു്. ഇൻറിഗ്രേഷനുമുമ്പ് കൊച്ചിയിൽ കരിക്കൽ കൃഷിനാശം സംഭവിക്കുകയുണ്ടായി. അന്നു നിലവിലുണ്ടായിരുന്ന ഗവൺമെൻറ പാട്ടസംഖ്യയുടെ പകുതി ഇളവു ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ എടുത്തിരുന്നു എന്നുള്ള വിവരം ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിനെ അറിയിച്ചുകൊള്ളുന്നു. അതുപോലെ ഇന്നത്തെ ഗവൺമെൻറും ഈ കാര്യത്തിൽ തക്ക നടപടികൾ എടുക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

സർ, അടുത്തതായി ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണ്.

To reduce the total allotment of Rs. 20,76,900 under Demand No. II by Re. 1. (To speak about the policy of the Government in evicting poor agriculturists from lands given to them in the name of intensive cultivation.)

ഈ ഉപക്ഷേപവും വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇതിനെക്കുറിച്ച് ഒരു മെമ്പർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതായതു്, കുത്തകപ്പാട്ടവ്യവസ്ഥയനുസരിച്ച് ഭൂമി പലർക്കും പതിച്ചുകൊടുത്തിട്ടുണ്ടെങ്കിലും സാധുക്കളായിട്ടുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ വിഷയത്തിൽ അനാശാസ്യമായ ഒരു നയമാണ് ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ളതെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സാധാരണയായി ഈ നാട്ടിൽ പണവും സ്വാധീനവും ശുപാർശയും ഉള്ളവർക്കുമാത്രമേ കൃഷികാര്യങ്ങൾ ശരിക്കു നടത്തിക്കൊണ്ടുപോകാനും തന്മൂലം ആദായമുണ്ടാക്കാനും സാധിക്കുന്നുള്ളു. ഇന്നത്തെ പരിതഃസ്ഥിതിയിൽ ചെറിയ കൃഷിക്കാർ വളരെ വിഷമിക്കുന്നുണ്ടു്. രണ്ടോ മൂന്നോ ഏക്കർ സ്ഥലം ഒരു സാധുവായ കൃഷിക്കാരനു കൊടുക്കുകയാണെങ്കിൽപോലും ആ ഭൂമിയിൽ കൃഷി നടത്തുന്നതിനുള്ള കഴിവ് അവനില്ലെന്നുള്ളതു വളരെ വ്യക്തമാണ്. എന്തെന്നാൽ പണമോ അനുകൂലമായ സാഹചര്യങ്ങളോ അവനില്ല. അങ്ങനെയെല്ലാവിധത്തിലും വിഷമിച്ചുകൊണ്ടിരിക്കുന്ന സാധുകൃഷിക്കാരൻ ക്ലേശിച്ചിട്ടെങ്കിലും കുത്തകപ്പാട്ടവ്യവസ്ഥയനുസരിച്ചു ഗവൺമെൻറിൽനിന്നും വാങ്ങിക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്തുവരവെ കുത്തകപ്പാട്ടവ്യവസ്ഥയനുസരിച്ചുള്ള കാലാവധി അവസാനിക്കാറാവുന്നതോടുകൂടി വസ്തു ഒഴിഞ്ഞുകൊടുക്കേണ്ടതായിട്ടാണ് വരുന്നതു്. കുത്തകപ്പാട്ടവ്യവസ്ഥയിൽ കൃഷി നടത്തിക്കൊണ്ടിരിക്കുന്ന സാധുക്കളിൽനിന്ന് ആ വ്യവസ്ഥയുടെ കാലാവധിക്കുശേഷം വസ്തു ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ അധികൃതന്മാർ സ്വീകരിച്ചിട്ടുണ്ടെന്നു എൻെറ ദൃഷ്ടിയിൽതന്നെ പെട്ടിട്ടുണ്ടു്. ഈ അടുത്തകാലത്തു മണിമലറേഞ്ചിൽ കുറെ പാവപ്പെട്ട പിന്നാക്കസമുദായക്കാർക്കും അതുപോലെയുള്ള കുറെ സാധുകൃഷിക്കാർക്കും ഭൂമി കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുണ്ടു്. ആ സ്ഥലങ്ങളിൽനിന്നും അതിൻെറ കാലാവധിക്കുശേഷം ഭൂമി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഫോറസ്റ്റ് അധികൃതന്മാരോ റവന്യൂ ഉദ്യോഗസ്ഥന്മാരോ എടുത്തിട്ടുള്ളതായി അറിയാൻ ഇടയായിരിക്കുന്നു.

മണിമല റേഞ്ചിലും അതുപോലുള്ള മററു പല സ്ഥലങ്ങളിലും ഫോറസ്റ്റ് ഏറിയാ കുത്തകപ്പാട്ട വ്യവസ്ഥയിൽ സാധുക്കൾക്ക് കൃഷി നടത്തുന്നതിനു പതിച്ചുകൊടുക്കുകയും അതു് ഒഴിപ്പിക്കുന്നതിനുള്ള നടപടി എടുക്കുന്നതിനെ തടയുകയും ചെയ്യേണ്ടതു് ഏററവും അടിയന്തിരമായ ഒരാവശ്യമാണ്. അതിനുള്ള കാരണം ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ ഭക്ഷ്യോൽപാദനത്തിനുവേണ്ടി ജനങ്ങളുടെ എല്ലാ സൗകര്യങ്ങളും കഴിവുകളും കേന്ദ്രീകരിക്കേണ്ട ഒരു ഘട്ടമാണ്. അതുകൊണ്ട് ഭക്ഷ്യോൽപാദനത്തിനു

[Sri. K. K. Kannan]

വേണ്ടി കൊടുത്തിട്ടുള്ള ഭൂമികൾ ഇപ്പോൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി എടുക്കുന്നതു ബുദ്ധിശൂന്യമായിരിക്കും. ഗവൺമെൻറിൻെറ അറിവോടുകൂടിയായാലും ശരി അല്ലാതായാലും ശരി ഭക്ഷ്യോൽപാദനത്തിനുവേണ്ടി കൊടുത്തിട്ടുള്ള ഭൂമി ഒഴിപ്പിക്കരുതെന്നാണ് എനിക്കു ഗവൺമെൻറിനെ വീണ്ടും ധരിപ്പിക്കാനുള്ളതു്.

മറെറാരു കാര്യം പക്ഷപാതപരമായ പ്രവൃത്തിയാണു ഗവൺമെൻറ് നടത്തുന്നതെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. വളരെ വലിയ വലിയ പണക്കാർക്കു് ഭൂമി പതിച്ചുകൊടുക്കുകയും അവരുടെ കുത്തകപ്പാട്ടം അനുസരിച്ചുള്ള കാലാവധി അവസാനിച്ചിട്ടും അവർക്കുതന്നെ കാലാവധി നീട്ടികൊടുക്കുകയും ചെയ്യുന്നു. അതേസമയം തന്നെ പാവപ്പെട്ട കൃഷിക്കാർക്കു്, രണ്ടും മൂന്നും കൊല്ലംമാത്രം കുത്തകപ്പാട്ടത്തിനു ഭൂമി കൊടുത്തിട്ടു, കാലാവധി അവസാനിക്കുന്നതിനു മുമ്പുതന്നെ ഭൂമി അവരിൽ നിന്നും ഒഴിവാക്കുന്നതിനു നടപടി എടുക്കുന്നു. അതു പരിതാപകരമാണു്. അതിൻെറ അർത്ഥം ഈ നാട്ടിൽ പണി എടുക്കുന്നവനു ജീവിക്കുന്നതിനുള്ള പരിതസ്ഥിതിയില്ല എന്നുള്ളതാണു്......

ശ്രീ. എ. ജെ. ജോൺ: ഈ പിന്നോക്ക സമുദായത്തിൽപ്പെട്ടവരിൽ നിന്നു കാലാവധിക്കു മുമ്പായി അവർക്കു കൊടുത്തിരുന്നതായ ഭൂമി എടുത്തതായ ഒരു ഉദാഹരണം പറയാൻ സാധിക്കുമോ?

ശ്രീ. കെ. കെ. കണ്ണൻ: പല ഉദാഹരണങ്ങളും ഉണ്ടു്. മണിമല റേഞ്ചിൽതന്നെ കാലാവധി തീരുമ്പോൾ ഒഴിപ്പിച്ചിട്ടുണ്ടു്. കാലാവധി അവസാനിക്കാതെയുള്ള ഭൂമികളും കാലാവധി കഴിഞ്ഞ ഭൂമികളും തിരിച്ചെടുത്തിട്ടുള്ളതായി എനിക്കറിയാൻ സാധിച്ചിട്ടുണ്ടു്. എങ്ങിനെ ആയാലും ശരി കാലാവധി രണ്ടോമൂന്നോ കൊല്ലത്തേക്കു വച്ചുകൊടുത്തിട്ടുള്ളതാണെങ്കിൽ ആ കാലാവധി അവസാനിക്കുന്നതോടുകൂടി വീണ്ടുംനീട്ടിക്കൊടുക്കേണ്ടതാവശ്യമാണു്. അതു നീതിമാത്രമാണു്, ഇത്രമാത്രമേ ഈ പ്രമേയത്തെക്കുറിച്ചു് എനിക്കു സംസാരിക്കുവാനുള്ളു.

മി. ഡെപ്യൂട്ടി സ്പീക്കർ: അടുത്ത ഉപക്ഷേപം മൂവു ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. കണ്ണൻ: മൂവു ചെയ്യുന്നുണ്ടു്. ഇതാണു് എൻെറ ഉപക്ഷേപം.

To reduce the total allotment of Rs. 20,76,900 under Demand II by Re. 1
(To speak about the policy of evicting poor men from poramboke lands).

ഇതിനെ സംബന്ധിച്ചു് ഇവിടെ എൻെറ ഒരു ബഹുമാന്യസ്നേഹിതൻ ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി സംസാരിക്കുകയുണ്ടായി. വളരെകാലമായി ആറും ഏഴുംകൊല്ലമായി കുടി താമസിച്ചുവരുന്ന സാധുക്കളെ വില്ലേജുദ്യോഗസ്ഥന്മാരും മററും ആവശ്യമില്ലാതെ കുടിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി സംസ്ഥാനത്തിൻെറ പലഭാഗങ്ങളിൽ നിന്നും എനിക്കറിയാൻ സാധിച്ചിട്ടുണ്ടു്. അതുകൊണ്ടാണു ഉപക്ഷേപം ഇവിടെ കൊണ്ടുവരാൻ ഇടയായതു്. ഇങ്ങിനെയുള്ള നടപടികൾ സർക്കാരിൽ നിന്നും എടുത്തിട്ടുണ്ടെങ്കിൽ സർക്കാരിൻെറ അനുമതിയോടുകൂടിയാണെങ്കിൽ ആ നടപടിപിൻവലിക്കേണ്ടതാണു്. കുന്നും കുഴിയും പാറയുംമററുമായി കിടക്കുന്ന ഭൂമി വെട്ടിക്കിളച്ചു് അഞ്ചാറു കൊല്ലംകൊണ്ടു് ഫലവൃക്ഷങ്ങളും മററും വെച്ചുപിടിപ്പിച്ചു അനുഭവയോഗ്യമായി വരുന്ന അവസരത്തിൽ അവരെ യാതൊന്നും കൊടുക്കാതെ കുടിയിറക്കിവിടുന്ന പതിവു് ഇന്നു പല സ്ഥലങ്ങളിലും നടന്നു വരുന്നുണ്ടു്. ഇന്നത്തെ

ജന്മി മുതലാളി സംപ്രദായമനുസരിച്ച് അവക്ക് താമസിക്കുവാൻ വീടുപോലും കിട്ടാതെയിരിക്കുന്ന സ്ഥിതിക്ക് ഇങ്ങിനെയുള്ള സ്ഥലങ്ങളിലെങ്കിലും കുഴിച്ചുകൂട്ടാമെന്നുവച്ചാൽ അവിടെയും അവക്ക് കിടക്കപ്പൊറുതിയില്ല. ഈ പരിതഃസ്ഥിതിക്ക് ഒരു മാററം ഉണ്ടാകാതെ തരമില്ല. അതുകൊണ്ട് തീർച്ചയായും കുടി താമസിച്ചുവരുന്ന സാധുക്കളെ അവിടെ നിന്നും ഇറക്കിവിടുവാൻ പാടില്ല. ഇതിൽ കൂടുതലയായി ഇതിനെക്കുറിച്ചൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല.

ஸ்ரீ. டி. பொன்னையா: ஸர், ஸ்ரீமான் கண்ணன் அவர்களுடைய வெட்டுப் பிரேரணையை நான் ஆதரிக்கிறேன், வட திருவிதாங்கூரிலும் கொச்சியிலும் ஏராளமான புறம்போக்குகள், மலைகளிலும் காடுகளிலும் இருக்கிறது. அது, தென் திருவிதாங்கூரிலிருக்கக் கூடிய ஏழை பாமர ஜனங்களுக்குப் பிரயோஜனகரமாக இல்லை. தென் திருவிதாங்கூரில், புறம்போக்குகளைப் பார்க்கவேண்டுமானால் ஆற்றங்கரைகளிலும், குளத்தங்கரைகளிலும் ஏதோ நாலோ அல்லது ஐந்தோ செண்ட் பூமிகளைத்தான் காணலாம். அந்த இடங்களிலே, ஹரிஜனங்களோ அல்லது வேறேதாவது பாவப்பட்ட மனிதனோ ஏதோ ஒன்றிரண்டு மரங்களை நட்டுப் பிடிப்பித்து, அது சரியான பலன் தரும் வேளையில் அந்த இடத்திற்கு அடுத்திருக்கும் பணக்காரன் அந்த இடத்தை எந்த விதத்திலாவது லேலத்தில் இடச் செய்து அதை லேலத்தில் பிடித்துக் கொள்கிறான். அம்மரங்களை நட்டுப் பிடிப்பித்தவன், அதனால் ஏற்படும் பலனை அனுபவிப்பதற்கு அவகாசம் கிடைக்காமல் வெறுங் கையுடன் போகிறான். ஆனால் அதைக் குத்தகைக்கு எடுத்தவன் அதன் பலனை நன்றாக அனுபவித்துவிட்டு அம்மரங்களையும் ஒன்றுமில்லாமலாக்கிவிட்டு வெளியேறுகிறான். அவன் அம்மரங்களிலிருந்து கிடைக்கும் வருமானத்தை எடுத்துக்கொள்கிறானேயல்லாது, அம்மரங்களின் பிற்கால வாழ்வைப்பற்றிக் கவனிப்பதில்லை. இதைப் பற்றி அந்த இடங்களிலுள்ள ரெவன்யூ அதிகாரிகளிடம், தாசில்தார் போன்றவர்களிடம் பராதி சொன்னால், அவர்கள் அதற்கு என்னென்ன சாக்குப்போக்குகள் சொல்கிறார்கள் தெரியுமா? நாங்கள் லேலம் போடத்தான் செய்வோம். வேண்டுமானால் நீங்களும் பிடியுங்கள் என்று சொல்கிறார்கள். போனவாரம், ஒரு இடத்திலே, ஒரு குளத்தங்கரையில் நான்கு பேர்கள் ஒவ்வொருவரும் நான்கு அல்லது ஐந்து செண்ட் பூமிகளில் தென்னை போன்ற சில மரங்களை வைத்து சென்ற இருபது இருபத்தைந்து வருடங்களாக அனுபவித்துக்கொண்டு வருகிறார்கள். இப்பொழுதிருக்கும் தாசில்தாருக்கு முந்தியிருந்த தாசில்தார் இந்த ஏழைகளுடைய கஷ்டங்களைக் கவனித்து ஒவ்வொரு தடவையும் லேலமிடாதபடி, தற்சமயம் அவர்கள் கையிலிருக்கும் குத்தகைப் பாட்டத்திற்குக் கூடுதலாக காலோ அல்லது அரை ரூபாயோ கூட்டிவைத்து லேலத்திற்கு விடாமல் அவர்களுக்கே கொடுத்து வந்தார்கள். அவ்வேழை மக்கள் நன்றாக உழைத்து வளர்த்த மரங்கள் நல்ல பலனைக் கொடுப்பதைக் கண்டால் மற்றவர்களுக்கு வயிற்றெரிச்சலும் ஆத்திரமும் சேர்ந்து, அவைகளை எப்படியாவது, அந்த மரங்களை நட்டு வளர்த்தவனிடமிருந்து அடித்தெடுத்து விடவேண்டுமென்று தான் ஆசைப்படுகிறார்கள். அந்தப் புண்ணியவான்கள் அப்ப

[Sri. D. Ponniah]

டியே செய்தும் வருகிறார்கள். ஆனால் இப்பொழுதிருக்கும் தாசில்தாரிடம், போன செவ்வாய்க்கிழமையன்று அவர்களை (மனுதாரர்களை) கூட்டிச் சென்று மனு கொடுத்து லேலம் போடாத முறையில் பழைய குத்தகையை அனுசரித்து கொஞ்சம் கூட்டிக்கொடுக்கும்படி நாங்கள் வேண்டியும் கடைசியில் அந்த அம்மையார் அதற்குக் கொஞ்சமும் செவி சாய்க்காது வேறு நான்குபேர்களுக்கு லேல குத்தகைக்கு விட்டுவிட்டார்கள். அதில் விண்ணப்பித்த இரண்டு ஆண்களும், இரண்டு பெண்களும் உண்டு. அந்த ஆண்கள் சரியானபடி அவைகளைக் கவனிக்காததால், அது லேலத்தில் விட்டபோது, எட்டுரூபாய்க்குள்ளது 8 1/2 ரூபாய்க்கு போய்விட்டது. ஆனால் இந்தப் பெண்களோ, தங்கள் மரங்களிலிருந்து சரியான பலன் எடுக்கவேண்டுமென்று நன்கு உழைத்துப் பாடுபட்டதால் அது சரியான பலனைக் கொடுத்திருக்கிறது. இந்த மார்ச்—ஏப்ரிலில் அம்மரங்களைப் பார்த்து பக்கத்திலுள்ள ஒரு பணக்காரன் ஆசை கொள்ளவே, எட்டு ரூபாய்க்குள்ளது, 45 ரூபாய்க்கு லேலம் போய்விட்டது.

Mr. Speaker: Your time is up.

ஸ்ரீ. டி. பொன்னையா: ஆகவே தயவு செய்து இம்மந்திரிமார்கள் இதற்கெல்லாம் ஒரு நிவாரணம் தேடி, ஏழை மக்களைப் பாதுகாக்க வேண்டுமென்று கேட்டுக்கொள்கிறேன்.

ശ്രീ. എ. ജെ. ജോൺ: സർ, ശ്രീമാൻ പി. എസ്സ് നടരാജപിള്ള ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ട് പ്രധാനമായി പ്രസ്താവിച്ചതു് കണ്ടുകൃഷി ഭൂമിയെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അവസാന തീരുമാനം ഇതേവരെ ആയിട്ടില്ലെന്നും കണ്ടുകൃഷി ഭൂമിക്ക് ബേസിക്ക്ടാക്സ് മാത്രം ചുമത്തണമെന്നുമാണ്. കണ്ടുകൃഷി ഭൂമി ഇപ്പോൾ ഗവൺമെന്റിന്റെ കൈവശം കിട്ടിയിട്ടുണ്ട്. അതിനു ബേസിക്ക്ടാക്സ് മാത്രം ചുമത്തിയാൽമതിയോ എന്നും അതിനു വേറെ ഏതെങ്കിലും ഒരു തുക നിശ്ചയിക്കുന്നതിനു സാധിക്കുമോ എന്നും ഗവൺമെന്റ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതു സംബന്ധിച്ചുള്ള തീരുമാനം കഴിയുന്നതും വേഗം ഗവൺമെന്റ് എടുക്കുന്നതാണ്.

പണ്ടാരവക ഭൂമികളെ സംബന്ധിച്ചും അദ്ദേഹം പറയുകയുണ്ടായി. പണ്ടാരവകഭൂമികൾ ശ്രീ. പത്മനാഭസ്വാമിക്ഷേത്രംവക ഭൂമികളാണ്. ആ ഭൂമികളിൽ ഗവൺമെന്റിനു എന്തുമാത്രം അവകാശമുണ്ടെന്നും അവയെ ഗവൺമെന്റ് ഏറ്റെടുത്താൽ ക്ഷേത്രത്തിലേക്ക് എന്തുമാത്രംസംഖ്യ കൊടുക്കേണ്ടിവരുമെന്നും മററുമുള്ളകാര്യങ്ങളെസംബന്ധിച്ച് ഇതുവരെ തീരുമാനം ഉണ്ടായിട്ടില്ല. തിരു-കൊച്ചിയിലെ എല്ലാഭൂമികൾക്കും അടിസ്ഥാനനികുതി ഏർപ്പെടുത്തണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. എന്നാൽ ഈ വകവസ്തുക്കളെസംബന്ധിച്ചിടത്തോളം നിയമപ്രകാരം അതിനെന്തെങ്കിലും തടസമോ പ്രതിബന്ധമോ ഉണ്ടോ എന്നന്വേഷിക്കാതെ ഒരു തീരുമാനമെടുക്കുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല.

Sri. K. Sivarama Pillai: Then what about those properties which are separate from temple properties?

ശ്രീ. എ. ജെ. ജോൺ: അതിനെസംബന്ധിച്ചും ഉടനെ ആലോചിക്കുന്നതാണ്.

സഹകരണസംഘങ്ങൾക്കുവേണ്ടി ഭൂമി എടുക്കുന്നതു ശരിയാണോ എന്നുള്ള പ്രശ്നം ശ്രീ. ഡി. ജ്ഞാനശിഖാമണി ഇവിടെ ഉന്നയിക്കുകയുണ്ടായി. അ

തു ഒരു പൊതു ആവശ്യം ആണോ അല്ലയോ എന്നുള്ളതു് നിയമപരമായ ഒരു പ്രശ്നമാണു്. പലവിധത്തിലും അതിനെസംബന്ധിച്ചു വിധികൾ ഉണ്ടായിട്ടുണ്ടു്. അവസാനമായ ഒരു തീരുമാനത്തിലെത്താൻ തൽക്കാലം നിവൃത്തിയില്ലെന്നുമാത്രമേ എനിക്കു് പറയുവാനുള്ളു.

ശ്രീ. ഈപ്പൻ അറയ്ക്കൽ റവന്യൂലേലങ്ങളെപ്പററി പലതും പറയുകയുണ്ടായി. റവന്യൂലേലം സ്ഥിരപ്പെടുത്തുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതുസംബന്ധിച്ചുള്ള വ്യവസ്ഥകൾ റവന്യൂറിക്കവറി ആക്ടിലും അതിന്റെ റൂളുകളിലും ഉണ്ടു്. സാരമായ ക്രമക്കേടുകൾ വല്ലതും നടന്നിട്ടുണ്ടെന്നും ഭൂമിയുടമസ്ഥനു അതുമൂലം നഷ്ടം ഉണ്ടായിട്ടുണ്ടെന്നും തെളിഞ്ഞാൽ അത്തരം ലേലങ്ങളെ അസ്ഥിരപ്പെടുത്തുന്നതിനു് ആക്ടിൽതന്നെ വ്യവസ്ഥയുണ്ടു്. അങ്ങിനെ ക്രമവിരുദ്ധമായ ലേലം അസ്ഥിരപ്പെടുത്തുന്നതിനു് ഏതെങ്കിലും തഹശീൽദാർ അമാന്തിക്കുകയാണെങ്കിൽ അതിന്മേൽ അപ്പീൽകൊടുക്കുന്നതിനും റിവിഷൻകൊടുക്കുന്നതിനും കൂടി ആക്ടിൽതന്നെ വ്യവസ്ഥചെയ്തിട്ടുണ്ടു്. ഡിമാൻറുനോട്ടീസ്കൊടുക്കുന്ന രീതിയെപ്പററിയും അദ്ദേഹം ആക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. മരിച്ചു ആളിന്റെപേർക്കു് ഡിമാൻറുനോട്ടീസയച്ചാൽ വാങ്ങാൻ നിവൃത്തിയില്ലാതെ മടങ്ങിവരുമെന്നും ചിലപ്പോൾ ആളിനെ കണ്ടില്ലെന്നുപറഞ്ഞു പതിച്ചുനടത്തിക്കൊണ്ടു് പോരുമെന്നും ആണു് അദ്ദേഹം പറയുന്നതു്. അങ്ങിനെയുള്ളവയെ ശരിയായി പരിഗണിച്ചുകൂടെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. എന്നാൽ എനിക്കു് പറയുവാനുള്ളതു് പൊതുവേ അങ്ങിനെ തീരുമാനിക്കുന്നതു ശരിയായിരിക്കുകയില്ലെന്നാണു്. ആളു മരിച്ചുപോയിട്ടു മടക്കിക്കൊണ്ടുവരുന്നതോ, ആളിനെ കാണാഞ്ഞിട്ടു പതിച്ചുനടത്തുന്നതോ പലപ്പോഴും ശരിയായി നടപടിതന്നെ ആയിരിക്കും. മനഃപൂർവ്വം മടക്കിക്കൊണ്ടുപോയതാണെന്നു തെളിയിക്കാതെ മടക്കിക്കൊണ്ടുപോകുന്ന കേസുകളെല്ലാം അസാധുവാണെന്നു വിധിക്കുന്നതു ശരിയല്ല. ശരിയായി നോട്ടീസുനടത്താതെ ലേലം ചെയ്യുകയാണെങ്കിൽ കക്ഷിക്കു് അതിന്മേൽ പരാതിപ്പെടാനും ലേലം അസാധുവാക്കി വിധിസമ്പാദിക്കുവാനും വ്യവസ്ഥകളുണ്ടു്. അതുകൊണ്ടു് അങ്ങിനെയുള്ള കേസുകളിൽ കക്ഷികൾതന്നെ വേണ്ടതെളിവുകൾകൊടുത്തു പരിഹാരം സമ്പാദിച്ചു കൊള്ളുകയാണു് നല്ലതു്. ക്രമക്കേടുകൾ ഉണ്ടെന്നു പരാതിയുണ്ടായിട്ടുള്ള കേസുകളിൽ ഞാൻ മനസ്സിലാക്കുന്നിടത്തോളം റവന്യൂബോർഡിൽനിന്നും ൯൦ ശതമാനം കേസുകളും അസ്ഥിരപ്പെടുത്തിക്കൊടുത്തിട്ടുണ്ടു്. അതിന്മേലും പരാതിയുണ്ടെങ്കിൽ ഗവമ്മെൻറിന്റെമുമ്പിൽ റിവിഷൻബോധിപ്പിക്കുന്നതിനു അവകാശമുണ്ടു്. കുഴപ്പമുണ്ടെന്നുകണ്ടാൽ ആ അവസരത്തിലും ഗവമ്മെൻറു ലേലം അസ്ഥിരപ്പെടുത്തി കൊടുക്കയാണു് പതിവു്.

നെടുമങ്ങാട്ടുതാലൂക്കിൽ ഒരു പാർവ്വത്യകാരൻ ൫ ലക്ഷം രൂപ സമ്പാദിച്ചിരിക്കുന്നു എന്നു് ശ്രീ. പൊന്നറ ശ്രീധർ പറയുകയുണ്ടായി. അതിനെസംബന്ധിച്ചു വിവരങ്ങൾ രഹസ്യമായിട്ടു എന്നെ ധരിപ്പിക്കയാണെങ്കിൽ......

ശ്രീ. പൊന്നറ ജി. ശ്രീധർ: അതിനെസംബന്ധിച്ചു സകലവിവരങ്ങളും ഞാൻ എഴുതി തരാം.

ശ്രീ. എ. ജെ. ജോൺ: എന്നാൽ അതിനെസംബന്ധിച്ചു് ഉടനെ വേണ്ട നടപടി നടത്താമെന്നു് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

പുറംപോക്കുസ്ഥലങ്ങൾ പലരും കൈവശപ്പെടുത്തി പലവിധമായ കുഴപ്പങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നു ശ്രീ. കളത്തിൽ വേലായുധൻനായർ പറയുകയു

[Sri. A. J. John]

ണ്ടായി. അതു കുറെയൊക്കെ ശരിയാണെന്നു എനിക്കും തോന്നുന്നുണ്ടു്. പുറംപോക്കുഭൂമികൾ കുറെയെല്ലാം പലരും കൈവശപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ അവ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ധൃതഗതിയിൽ എടുത്തുകൊണ്ടിരിക്കയാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ വളരെ ദീർഘിച്ചുപോയാൽ അവ ഒഴിപ്പിച്ചെടുക്കുന്നതിനു എളുപ്പം സാധിക്കാതെ വരും. ടൗണിന്റെ നടുക്കുതന്നെ വളരെ ഫലപുഷ്ടിയുള്ളതും അത്യധികം വിലപിടിപ്പുള്ളതുമായ പലസ്ഥലങ്ങളും പലരും കയ്യേറിവച്ചിട്ടുണ്ടു്. അവ ഉടനെ ഒഴിപ്പിച്ചെടുത്തില്ലെങ്കിൽ ന്നു മാസമോ ഒരു കൊല്ലമോ കഴിഞ്ഞാൽ പിന്നെ ഒഴിപ്പിക്കാൻ സാദ്ധ്യമല്ലെന്നുവരും.

ശ്രീ. എ. ജെ. ജോൺ: കഴിയുന്നതും വേഗത്തിൽ അങ്ങിനെയുള്ള സകല സ്ഥലങ്ങളും ഒഴിപ്പിച്ചെടുക്കുന്നതിനു വേണ്ടനടപടികൾ ഇപ്പോൾ എടുത്തു കൊണ്ടിരിക്കയാണു്.

പുറംപോക്കുസ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനു കൊടുത്താൽ അതുകൊണ്ടു് പല കുഴപ്പങ്ങളും ഉണ്ടാകുമെന്നും, ഏതെങ്കിലും പൊതു ആവശ്യത്തിനു ആ സ്ഥലം എടുക്കേണ്ടിവരുമ്പോൾ എടുക്കാൻ സാദ്ധ്യമല്ലാതെവരുമെന്നും അദ്ദേഹം പറയുകയുണ്ടായി. അതു ശരിയല്ല. കുത്തകപ്പാട്ടറൂൾസിൽതന്നെ അതിനു പ്രത്യേക വ്യവസ്ഥകൾ ഉണ്ടു്. ഏതവസരത്തിലും പൊതു ആവശ്യത്തിനു ആ സ്ഥലം വേണമെന്നുവന്നാൽ തിരിച്ചെടുക്കത്തക്കവിധത്തിലാണു് കുത്തകപ്പാട്ടവ്യവസ്ഥകൾ ഉണ്ടാക്കിയിരിക്കുന്നതു്. എന്നു മാത്രവുമല്ല, ഏതവസരത്തിലും തിരിച്ചെടുക്കാവുന്നവിധത്തിലാണു് കുത്തകപ്പാട്ട കരാറു എഴുതി ഉണ്ടാക്കുന്നതു്.

ശ്രീ. കെ. കെ. കണ്ണൻ: കാലാവധി നീട്ടികൊടുക്കാൻ വല്ലതടസ്സവുമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം അധികമില്ലാത്തതുകൊണ്ടു് ചോദ്യങ്ങൾ അനുവദിക്കാൻ നിവൃത്തിയില്ല.

ശ്രീ. എ. ജെ. ജോൺ: തടസ്സമൊന്നുമില്ലെന്നുമാത്രമല്ല മററു കുഴപ്പങ്ങളൊന്നുമില്ലെങ്കിൽ സാധാരണ നീട്ടിക്കൊടുക്കുകയാണു് പതിവു്. ആദ്യം ഒരു പന്ത്രണ്ടുകൊല്ലത്തേക്കു കൊടുക്കും. അതുകഴിയുമ്പോൾ മററുകുഴപ്പങ്ങൾ ഒന്നുമില്ലെങ്കിൽ പിന്നേയും ഒരു പന്ത്രണ്ടുകൊല്ലത്തേക്കുകൂടി കൊടുക്കും. അങ്ങിനെയാണു് സാധാരണ ചെയ്തുവരുന്നതു്. ശ്രീ. കണ്ണൻ ഇതിനെക്കുറിച്ചു് ഇവിടെ വളരെ ദീർഘമായി സംസാരിക്കുന്നതുകേട്ടു. എതെല്ലാം സ്ഥലങ്ങളിലെ പിന്നോക്കസമുദായക്കാരുടെ കൈവശമിരിക്കുന്ന പുറംപോക്കു ഭൂമികളാണു് കാലാവധി കഴിയുന്നതിനുമുമ്പു് ഒഴിപ്പിച്ചെടുക്കാൻ നടപടി നടത്തിയിട്ടുള്ളതെന്നു അദ്ദേഹം എന്നെ അറിയിക്കുമെങ്കിൽ ഉടനെ അതിനുവേണ്ട നടപടികൾ നടത്താം എന്നു മാത്രമേ ഈ അവസരത്തിൽ എനിക്കു് അദ്ദേഹത്തോടു പറയാനുള്ളു.

താലൂക്കിലോ മുൻസിഫ്കോടതികളിലോ പണം കെട്ടിവച്ചാൽ അതിനു ചെക്കുകിട്ടുന്നതിനു് പലപ്പോഴും വളരെ കാലതാമസം ഉണ്ടാകുന്നു എന്നും വളരെ മാസങ്ങളോ ചിലപ്പോൾ കൊല്ലങ്ങളോതന്നെ അതിനു വേണ്ടിവരുന്നുവെന്നും ശ്രീ. പി. നാണു ഇവിടെ പറയുകയുണ്ടായി. ചിലപ്പോൾ കുറച്ചുതാമസം നേരിടുന്നുണ്ടായേക്കാം. എന്നാൽ അതു ഇല്ലാതാക്കുന്നതിനു ഗവമ്മെൻറിൽനിന്നും അടുത്തകാലത്തുതന്നെ പല സക്കുലറുകളും അയച്ചിട്ടുണ്ടു്. താലൂക്കിൽ പണം കെട്ടിവച്ചാൽ അതിന്റെ ഒരു പകപ്പു് കോടതിയിലേക്കു്

അയക്കുന്നതിനു് മററുതടസ്സങ്ങളൊന്നുമില്ലെങ്കിൽ എല്ലാംചെയ്യാമോ എന്നകാര്യത്തെപ്പററി ഗവമ്മെൻറ ആലോചിച്ചു കൊണ്ടിരിക്കയാണു്.

കിളിമാനൂർ ഇടവകയുടെ ഭൂമികളെ സംബന്ധിച്ചു് ഒരു ഹർജികൊടുത്തു എന്നും ആ ഹർജി ഇപ്പോഠം കാണാതായിരിക്കുന്നു എന്നുംകൂടി അദ്ദേഹം പറയുകയുണ്ടായി. ഹർജി വന്നിട്ടുള്ളതായി എനിക്കും അറിയാം. ആ ഹർജി റിപ്പോട്ടിനായി റവന്യൂബോർഡിനു് അയച്ചുകൊടുത്തിട്ടുണ്ടു്. റിപ്പോട്ടു് ഇതുവരെ കിട്ടിയിട്ടില്ല. കിളിമാനൂരിടവകയിലെ ഭൂമികളെസംബന്ധിച്ചുമാത്രമല്ല മററെല്ലാ ഇടവകകളിലെ ഭൂമികളെസംബന്ധിച്ചും ഗവമ്മെൻറ പര്യാലോചിച്ചുകൊണ്ടിരിക്കയാണു്. അവയുടെ നിയമപരമായ വശത്തെപ്പററി ഗവമ്മെൻറ സൂക്ഷ്മമായ പരിശോധനകഠം നടത്തിക്കൊണ്ടിരിക്കയാണു്. വിദഗ്ദ്ധാഭിപ്രായം കിട്ടിയാൽ ഉടൻതന്നെ അതിന്മേൽ ഒരു തീരുമാനം എടുക്കുന്നതാണു്.

ശ്രീ. പി. നാണു: ഹർജി ആദ്യം കാണാതെപോയി എന്നുള്ളതിനെ പററി അങ്ങയുടെ അറിവു് എന്താണെന്നു പറയുമോ?

ശ്രീ. എ. ജെ. ജോൺ: ഹർജി കാണാതെപോയി എന്നുള്ളതു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോഠംമാത്രമാണു് ഞാൻ അറിയുന്നതു്. എൻെറകയ്യിൽ കിട്ടിയ ഹർജിയെപ്പററിയാണു് പറയുന്നതെങ്കിൽ അതു കാണാതെ പോയിട്ടില്ല. അതു റിപ്പോർട്ടിനായി റവന്യൂബോർഡിനു് അയച്ചു കൊടുത്തിരിക്കയാണു്.

മി. ഡെപ്യൂട്ടി സ്പീക്കർ: മുമ്പു ഒരു മെമ്പർ ചോദ്യം ചോദിക്കാൻ ഭാവിച്ചപ്പോഠം സമയമില്ലെന്നുപറഞ്ഞു ഞാൻ തടയുകയുണ്ടായി. അതുകൊണ്ടു് ആരും ചോദ്യങ്ങഠം ചോദിക്കരുതെന്നു് ഞാൻ ഒന്നുകൂടി അറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. താണുപിള്ള: സർ, വളരെ അത്യാവശ്യമുള്ള ഒരു ചോദ്യം ചോദിച്ചാൽകൊള്ളാമെന്നുണ്ടു്. ഗവമ്മെൻറിൻെറ കയ്യിൽകിട്ടിയ ഒരു ഹർജികാണാതെപോയതു മെമ്പക്കറിയാമെന്നും ബഹുമാനപ്പെട്ട മിനിസ്റ്റർക്കു് അറിഞ്ഞുകൂടെന്നുമാണോ പറയുന്നതു്?

ശ്രീ. എം. ഐ. പോഠം: സർ, ഒരു പായിൻറ ആഫു് ആർഡർ. ഒരു മെമ്പർ ചോദ്യം ചോദിച്ചപ്പോഠം സമയമില്ലെന്നുപറഞ്ഞു തടയുകയും വേറൊരുമെമ്പർ ചോദിച്ചപ്പോഠം അനുവദിക്കയുംചെയ്യുന്നതു പാർലമെൻററിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഏതായാലും ആ ചോദ്യത്തിനു ഞാൻ അനുവാദം കൊടുത്തു.

ശ്രീ. എ. ജെ. ജോൺ: കിളിമാനൂർ ഇടവകയെസംബന്ധിച്ചു് എനിക്കു് കിട്ടിയ ഹർജി ഞാൻ റവന്യൂബോർഡിനു് റിപ്പോട്ടിനായി അയച്ചുകൊടുത്തിട്ടുണ്ടു്. കാണാതെപോയി എന്നു് ശ്രീ. നാണു പറയുന്ന ഹർജി ഏതാണെന്നു എനിക്കു് നിശ്ചയമില്ല.

ലാൻറ അക്വയറ ചെയ്യുമ്പോഠം ഭൂമിയുടെ വിലകൊടുക്കുന്നതിനു വളരെ കാലതാമസം ഉണ്ടാകുന്നുണ്ടെന്നും പറയുകയുണ്ടായി. അതിനു നിയമപ്രകാരം കാലതാമസം വരേണ്ട ആവശ്യമില്ല. ഭൂമി എടുക്കുമ്പോഠംതന്നെ അതിൻെറ വിലയും ക്ലിപ്തപ്പെടുത്തും. ആ തുക ഉടനെ കെട്ടിവയ്ക്കുകയും ചെയ്യും. എന്നാൽ തുകവാങ്ങുന്നതിനു വിസമ്മതിക്കുകയോ കക്ഷികഠംതമ്മിൽ തക്കമുണ്ടാകയോ ചെയ്താൽ കാലതാമസം വരുന്നതാണു്. ൧,൦൦൦ രൂപാക്കുള്ളതു് പതിനായിരം രൂപ വേണമെന്നു് വാദിച്ചുകൊണ്ടിരുന്നാൽ സ്വാഭാവികമായിത്തന്നെ

[Sri. A. J. John]

കാലതാമസംവരും. അതിന്മേൽ ഡിവിഷനിൽ ഒരു തീരുമാനമെടുത്തു് ചിലപ്പോൾ ഡിസ്ട്രിക്ടുകോടതിയിലേക്കു റഫർചെയ്യേണ്ടതായുംവരും. അങ്ങിനെ വരുമ്പോൾ കാലതാമസം ഉണ്ടാകുന്നതാണു്.

ചിറ്റൂർതാലൂക്കിൽ കൃഷിനഷ്ടംവന്നാൽ സകലനഷ്ടവും ഗവമ്മെൻറിൽനിന്നും കൃഷിക്കാർക്കു കൊടുത്തുകൊള്ളാമെന്നു് ഒരു പ്രസ്‌നോട്ടു ഇറക്കിയിട്ടുള്ളതായി ശ്രീ. കണ്ണൻ ഇവിടെ പ്രസ്താവിക്കയുണ്ടായി. ഗവമ്മെൻറു ഒരിക്കലും അങ്ങിനെ പറഞ്ഞിട്ടില്ല, പ്രസ്‌നോട്ടും ഇറക്കിയിട്ടില്ല. കൃഷിനഷ്ടംവന്നാൽ അതു മുഴുവൻ ഗവമ്മെൻറു കൊടുക്കുകയാണെങ്കിൽ കൃഷിനഷ്ടംവരാത്തയവസരത്തിൽ വിളവുമുഴുവൻ ഗവമ്മെണ്ടിലേക്കു കൊടുക്കേണ്ടിവരും. അതു നടപ്പുള്ളകാര്യമല്ല. കരം ഒരംശം കുറവുചെയ്തുകൊടുക്കാമെന്നു പറഞ്ഞിരുന്നു. നഷ്ടമുണ്ടായ സ്ഥലങ്ങളിൽ അതനുസരിച്ചു് ഇളവുചെയ്തുകൊടുത്തിട്ടുമുണ്ടു്. കൂടുതലായി ഇവിടെനടന്ന വിമർശനങ്ങൾക്കു മറുപടിയായി എനിക്കൊന്നും പറയാനില്ല.

ഖണ്ഡനോപക്ഷേപങ്ങളെല്ലാം പിൻവലിച്ചു് ഗ്രാൻറു അനുവദിച്ചുതരണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

The cut motions moved by Sri. G. Chandrasekhara Pillai, Sri. Eapen Arakkal and Sri. P. Nanoo were withdrawn with the leave of the House.

The cut motions moved by Sri. P. S. Nataraja Pillai, Sri. Kalathil Velayudhan Nair, Sri. Konnanathu Kunhirama Menon, Sri. P. K. Krishnan Sastri and Sri. K. K. Kannan were put and lost.

The question that Government be granted a sum of Rs. 20,76,900 under Demand II—Land Revenue was put and carried.

The grant was made.

The Assembly adjourned at 5 p.m. to meet again at 11 a.m. on Tuesday the 20th March 1951

V. KRISHNAMOORTHY AIYAR

Secretary to the Legislative Assembly

acc: 51577

Proceedings of the Travancore Cochin Legislative Assembly vol: 3

p1 Feb 21, 1951-Address by His Highness the Raj Pramukh
p7 Feb 21, 1951-Condolence on the Death of Sardar Vallabhai Patel
p10 Feb 21, 1951-Members Sworn in
p11 Feb 22, 1951-Motion on Address by His Highness the Raj Pramukh
p73 Feb 23, 1951-Questions and Answers
p112 Feb 23, 1951-Adjournment Motion
p118 Feb 23, 1951-Travancore Cochin Local Authorities Entertainment Tax Bill-Legislative Business
p120 Feb 23, 1951-Travancore Cochin Local Authorities Loans Bill-Legislative Business
p123 Feb 23, 1951-Travancore Cochin Places of Public Resort Bill-Legislative Business
p130 Feb 23, 1951-Travancore Cochin Suppression of Immoral Traffic Bill-Legislative Business
p133 Feb 23, 1951-Travancore Cochin Easements Bill-Legislative Business
p134 Feb 23, 1951-Travancore Cochin Treasure Trove Bill-Legislative Business
p141 Feb 24, 1951-Adjournment Motions
p145 Feb 24, 1951-Local Authorities Entertainment Tax Bill-Legislative Business
p145 Feb 24, 1951-Local Authorities Loans Bill-Legislative Business
p145 Feb 24, 1951-Places of Public Resorts Bill-Legislative Business
p146 Feb 24, 1951-Public Accountants Bill-Legislative Business
p147 Feb 24, 1951-Revenue Recovery Bill-Legislative Business
p165 Feb 26, 1951-Points of Order-Resignation of the Ministry
p166 Feb 26, 1951-Questions and Answers
p198 Feb 26, 1951-Leave of Absence-Sri E Gopalakrishna Menon
p202 Feb 26, 1951-Resignation of the Ministry
p208 Feb 26, 1951-Office of Profit-Statement
p213 Mar 12, 1951-Questions and Answers
p234 Mar 12, 1951-Adjournment Motion
p235 Mar 12, 1951-Resignation of the Ministry
p240 Mar 12, 1951-Revenue Recovery Bill-Legislative Business
p240 Mar 12, 1951-Holdings(Stay of Execution Proceedings)Act(Amendment)Bill-Legislative Business
p244 Mar 12, 1951-Reply to the Motion on the Address
p244 Mar 12, 1951-Revenue Recovery Bill-Legislative Business
p248 Mar 12, 1951-Agricultural Income Tax Act(Amendment)Bill
p251 Mar 12, 1951-Presentation of the Budget for 1951-52
p267 Mar 12, 1951-Yarn Supply-Adjournment Motion
p268 Appendix
p268 Mar 12, 1951-Questions and Answers Laid on the Table
p379 Mar 15, 1951-Questions and Answers
p453 Mar 15, 1951-Adjournment Motions
p455 Mar 15, 1951-Debate on the Budget
p455 Mar 15, 1951-General Discussion of the Budget
p495 Mar 16, 1957-Questions and Answers
p528 Mar 15, 1951-General Discussion of the Budget
p554 Mar 15, 1951-Scarcity of Yarn-Adjournment Motion
p579 Mar 17, 1951-Questions and Answers
p619 Mar 17, 1951-Malabar Special Police-Adjournment Motion
p624 Mar 17, 1951-General Discussion of the Budget
p667 Mar 19, 1951-Questions and Answers
p709 Mar 19, 1951-Agricultural Income Tax and Sales Tax-Voting of Demands for Grants
p733 Mar 19, 1951-Land Revenue-Voting of Demands for Grants